സംഗീതചന്ദ്രിക

സംഗീതശാസ്ത്രം

ശ്രീസ്വാതിതിരുനാൾ ശതാബ്ദസ്മാരകഗ്രന്ഥം

ഗ്രന്ഥകർത്താവ്
പണ്ഡിതരാജകവിരത്നം
ആററൂർ കൃഷ്ണപിഷാരടി

ഗീതാ ലിമിററഡ് പ്രസിദ്ധീകരണം

ഒന്നാം പതിപ്പ്
കോപ്പി 500

തൃശ്ശിവപേരൂർ
ഗീതാ പ്രസ്സിൽ അച്ചടിച്ചത്.
1129/1954

(പകർപ്പവകാശം ഗ്രന്ഥകർത്താവിന്)

സമർപ്പണം

ധർമ്മപ്രത്യക്ഷമൂർത്തിഃ പരകലിതമസാം ഭാസ്വരീശഃ കലാനാ-
മാപന്നാനാം ശരണ്യോ വിബുധപരിവൃഢഃ ശ്രീഗിരോരേകഭർത്താ
കർത്താ സംഗീതനാട്യക്രമവിധിസരണേയ്യോ ഹി വഞ്ചീശവംശ-
ക്ഷീരാബ്ധ്യാവിർഭവിഷ്ണുർല്ലോകാമരതരുരഭവൽ കൃത്തികാഭാഗ്യചന്ദ്രഃ. ൧

യോ വാ സംഗീതസാഹിത്യാദിഷു ഗരിമധുരാമാധുരീസാരപൂർണ്ണാൻ
മാർഗ്ഗാൻ നിർമ്മായ നവ്യാൻ സ്വകൃതിഷു കൃതിനോ രഞ്ജയൻ രാജമൌലിഃ
ദ്വാത്രിംശജ്ജീവിതോപി വ്യരചയദുരുമർത്ത്യായുഷൈരപ്യസാധ്യം
കൃത്വാ കൃത്യം മഹൽ സ്വാതിശയിതസുഗുണൈരക്ഷയം കീർത്തിചന്ദ്രം. ൨

യശ്ചാസീദ്ബാല്യ ഏവ പ്രഥിതകവിവരോ രുക്മിണീനാടകാദ്യൈ-
സ്സാരാദാവർജ്ജയൻ ദ്രാക് സഹൃദയനിവഹം ഗീതനാട്യപ്രബന്ധൈഃ
ശ്രീകേരളച്ഛാ ദേവവാണ്യാപ്യഹമഹമികയാ സാദരം സേവ്യമാനഃ
ശ്രീമാം കവ്യൻ പ്രതീക്ഷാവിധുരിതഹൃദയാമശ്വിനീപുണ്യഭൂമാ. ൩

തേഷാം വംശേ മഹാർഹേ കലശജലധിതുല്യേവതീർണ്ണസ്യ സാകം
ചാപല്യാപേതലക്ഷ്മീമനുജസുലഭകാരുണ്യരൂപാമൃതാഭ്യാം
നിത്യം ചിത്രോദയസ്യാമലഗുണവസതേശ്ച്ചാലരാമാവനീന്ദോഃ
പാദേ വിദ്വച്ചകോരപ്രണയിനി ഭവികായാർപ്പ്യതേ ചന്ദ്രികേയം. ൪

കലശേഖരബാലരാമവർമ്മ-
ക്ഷിതിചന്ദ്രസ്യനിരന്തരപ്രസാദാൽ
ജയതാദ്വിബുധവ്രജാദൃതാർഥാ
ജഗദാനന്ദകരീ ച ചന്ദ്രികൈഷാ. ൫

...ാലും ശാസ്ത്രഗ്രന്ഥങ്ങൾ
ജനസ് ... ന്ന സംസ്കൃതത്തിലാണ്
...ചംമുതല്ക്കേ നിർമ്മിച്ചുവന്നിട്ടുള്ളത്. സംസ്കൃതഭാഷാഭ്യസനത്തെ വി

A

ആമുഖം

സംഗീതശാസ്ത്രവിഷയമായ ഈ പുസ്തകം നിൎമ്മിച്ചിട്ടു ഇപ്പോൾ ഏഴു സംവത്സരത്തിലധികം കാലമായി. ഈ പുസ്തകനിൎമ്മാണത്തെപ്പററി ഇതിന്നിടയിൽ പല മിത്രങ്ങളും എഴുത്തുവഴിക്കും നേരിട്ടും എന്നോടു അന്വേഷിച്ചിട്ടുമുണ്ട്. എങ്കിലും ചില പ്രതിബന്ധങ്ങൾകാരണം—പ്രധാനമായി ഈ മഹാഗ്രന്ഥം അച്ചടിപ്പിക്കാൻ വേണ്ട ധനസ്ഥിതി അനുകൂലമല്ലെന്നുള്ളതുതന്നെ—ഇതച്ചടിപ്പിച്ചു പ്രസിദ്ധപ്പെടുത്താൻ ഇത്രത്തോളം താമസം വന്നുപോയതാണ്. ഇപ്പോഴും ആ പ്രതിബന്ധം തീൎന്നിട്ടില്ലെങ്കിലും തൃശ്ശിവപേരൂർ ഗീതാ പ്രസ്സുകാരുടെ സുജനതയും ആനുകൂല്യവും നിമിത്തമാണ് ഇപ്പോഴെങ്കിലും ഇതു അച്ചടിപ്പിച്ചു പ്രസിദ്ധംചെയ്യാൻ സാധിച്ചത്. ഭരതമഹൎഷി, മതംഗമഹൎഷി മുതലായ പ്രാചീനാചാൎയ്യന്മാരുടെ സംഗീതശാസ്ത്രഗ്രന്ഥങ്ങളും, സംഗീതരത്നാകരം രാഗവിബോധം മുതലായ മദ്ധ്യകാലസംഗീതശാസ്ത്രഗ്രന്ഥങ്ങളും രാമാമാത്യൻ, രഘുനാഥൻ, വെങ്കടമഖി, ഗോവിന്ദദീക്ഷിതർ മുതലായവരുടെ നവീനശാസ്ത്രഗ്രന്ഥങ്ങളും ആ മാതിരി പ്രാചീനമദ്ധ്യനവീനകാലങ്ങളിൽ ഉണ്ടായിട്ടുള്ള മററു പല ഗ്രന്ഥങ്ങളും കഴിയുന്നേടത്തോളം നിഷ്കൎഷയോടുകൂടി പരിശോധിച്ചും മാൎഗ്ഗദേശീസംഗീതങ്ങളുടെ വ്യത്യാസങ്ങളും കാലക്രമത്താൽ സംഗീതഗതിക്കുണ്ടായ പരിണാമങ്ങളും ആ വഴിക്ക് എന്റെ ജ്ഞാനസ്ഥിതിക്കനുസരിച്ചു കണ്ടുപിടിച്ചും വിഷയസംശയം വരുന്നേടത്തെല്ലാം വീണയിൽ പ്രയോഗിച്ചു നോക്കിയും ആറു സംവത്സരത്തോളം കാലം ഇടവിടാതെ വളരെ പ്രയത്നപ്പെട്ടിട്ടാണ് ഈ ഗ്രന്ഥം നിൎമ്മിച്ചിട്ടുള്ളത്. സ്വാതിതിരുനാൾ, ത്യാഗരാജസ്വാമികൾ, മുത്തുസ്വാമിദീക്ഷിതർ തുടങ്ങി കൎണ്ണാടകസംഗീതത്തിൽ പ്രത്യേകപ്രസ്ഥാനങ്ങൾ സ്ഥാപിച്ചിട്ടുള്ള സംഗീതാചാൎയ്യന്മാരുടെ കാലത്തിന്നുശേഷം പ്രയോഗത്തെപ്പററിയേടത്തോളമല്ലാതെ ശാസ്ത്രത്തെപ്പററിയേടത്തോളം സംഗീതവിഷയത്തിലുള്ള ജ്ഞാനവും പരിശ്രമവും വളരെക്കുറഞ്ഞുപോയിട്ടുണ്ടെന്നു പറയാതെ തരമില്ല. അതുനിമിത്തം സംഗീതത്തിൽപെട്ട ഓരോ വിഷയത്തിലുമുള്ള പ്രധാനതത്വങ്ങളും അറിയുന്നവർ ചുരുക്കമായിത്തീൎന്നു. ഏതാണ്ടു ശുകഭാഷണംപോലെ അനുകരണരീതി മാത്രമായിട്ടാണ് ഇപ്പോഴും സംഗീതപരിശ്രമം ഇരിക്കുന്നത്. അതിൽ ആരെയും കുററപ്പെടുത്തുന്നതിന്നും കാരണമില്ല. സംഗീതത്തിലെന്നല്ല ഏതു വിഷയത്തിലും ശാസ്ത്രഗ്രന്ഥങ്ങൾ മുഴുവനും ഭാരതത്തിലെ ജനസാമാന്യഭാഷയായിരുന്ന സംസ്കൃതത്തിലാണ് ആദികാലംമുതല്ക്കേ നിൎമ്മിച്ചുവന്നിട്ടുള്ളത്. സംസ്കൃതഭാഷാഭ്യസനത്തെ വി

ദ്യാഭ്യാസപരിധിയിൽനിന്നു തള്ളിമാററിയതോടുകൂടി അഭ്യസ്തവിദ്യന്മാരെന്നു പറയുന്നവൎക്കുപോലും ആ വക ഗ്രന്ഥങ്ങളെല്ലാം പൊതിക്കാത്ത നാളികേരംപോലെയായിത്തീൎന്നു. അതുകാരണം സംസ്കൃതം പഠിച്ചിട്ടുള്ള ദുൎല്ലഭം ചിലൎക്കു സംഗീതപ്രയോഗപരിചയവും പ്രയോഗം പരിചയിച്ചവൎക്കു് അതിന്റെ ശാസ്ത്രഭാഷയായ സംസ്കൃതവും അറിയുന്നതു് അതിക്ലേശസാദ്ധ്യമായി വന്നു. അതിന്നുംപുറമെ നല്ല ശാസ്ത്രവ്യുൽപത്തിയുള്ളവൎക്കല്ലാതെ കേവലം സംസ്കൃതഭാഷാപരിചയം മാത്രമുള്ളവൎക്കും ആ വക ശാസ്ത്രഗ്രന്ഥങ്ങൾ കടിച്ചു പൊട്ടിക്കാൻ സാധിക്കാത്ത കൽക്കണ്ടപ്രായമായി പൎയ്യവസിച്ചു. ഇങ്ങനെ ചുരുക്കത്തിൽ സംഗീതശാസ്ത്രം നമ്മുടെയിടയിൽനിന്നു മറഞ്ഞിട്ടു് ഏതാണ്ടു് ഒരു ശതാബ്ദത്തിൽ കുറയില്ലെന്നു പറയേണ്ടിയിരിക്കുന്നു. അങ്ങനെയുള്ള ന്യൂനത കുറച്ചെങ്കിലും പരിഹരിപ്പാൻ ചിലൎക്കെങ്കിലും ഉപയോഗപ്പെടുമെങ്കിൽ അതുതന്നെ എന്റെ പ്രയത്നത്തിന്നുള്ള പൂൎണ്ണഫലമായിട്ടാണു് ഞാൻ കരുതുന്നതു്. ഏതായാലും അങ്ങനെയുണ്ടായ ആഗ്രഹത്തിന്റെ ഫലമാണു് ഈ പുസ്തകം.

ഇതു് ഈ മാതിരിയിൽ അച്ചടിപ്പിക്കുന്നതിന്നു ഗീതാ പ്രസ്സുകാർ സാമാന്യത്തിലധികം ക്ലേശം സഹിക്കേണ്ടിവന്നിട്ടുണ്ടെന്നു മാത്രമല്ല താളങ്ങളുടെ വിവരണത്തിന്നും മററുമായി പലതരം ബ്ലോക്കുകളും പുതുതായി നിൎമ്മിക്കേണ്ടതായും വന്നിട്ടുണ്ടു്. അങ്ങനെ അവർ ചെയ്തുതന്നിട്ടുള്ള ഉപകാരത്തിന്നു് എത്രത്തോളം കൃതജ്ഞത പ്രകടിപ്പിച്ചാലും എനിക്കു മനസ്സമാധാനമാവില്ലെന്നു ഇവിടെ പ്രത്യേകം രേഖപ്പെടുത്തിക്കൊള്ളുന്നു. അതിന്നുംപുറമെ എഴുത്തിൽ അക്ഷരങ്ങൾ വിട്ടുപോകുന്നതും തെററിയെഴുതുന്നതും സ്വഭാവസിദ്ധമായിട്ടുള്ള എന്റെ കയ്യെഴുത്തുകോപ്പി പരിശോധിച്ചു ശരിപ്പെടുത്തിയും പ്രൂഫുനോക്കിയും വലിയ സഹായം ചെയ്തുതന്നിട്ടുള്ള എന്റെ ആത്മമിത്രം പണ്ഡിതർ ബ്രഹ്മശ്രീ പി. എസ്സ്. സുബ്ബരാമപട്ടരവർകളോടും ഞാൻ ഏററവും കൃതജ്ഞനാണു്. പിന്നെയും അച്ചടിക്കാൎയ്യത്തിലും മററും ചില പ്രമാദങ്ങൾ വന്നുപോയിട്ടുണ്ടെങ്കിൽ അതു മനുഷ്യസാധാരണമാണെന്നു കരുതി അഭിജ്ഞന്മാർ ക്ഷമിക്കുമെന്നാ കരുതുന്നു.

ഗ്രന്ഥകാരൻ.

വിഷയാനുക്രമണിക

൧ നാദപ്രകാശം.

	പേജ്
ശബ്ദസ്വരൂപവും വിഭാഗവും	2
ആഹതശബ്ദോൽപ്പത്തി	3
ശബ്ദസ്വരൂപത്തിൽ മതഭേദങ്ങൾ	4
ശബ്ദം കേൾക്കുന്ന സമ്പ്രദായം	5
സുശ്രവദുഃശ്രവത്വകാരണങ്ങൾ	6
ആഹതശബ്ദത്തിൻെറ വകഭേദങ്ങൾ	7
സ്ഫോടനാദങ്ങൾതമ്മിലുള്ള വ്യത്യാസം	8
മൂൎത്തപരിസ്പന്ദവും ശബ്ദതരംഗവും	9
സൂക്ഷ്മസ്ഥൂലനാദങ്ങൾ	12
സൂക്ഷ്മനാദാവസ്ഥാഭേദങ്ങൾ	,,
വീണാനാദവും ശാരീരനാദവും	14
നാദത്തിന്നുള്ള ശ്രവണയോഗ്യതായോഗ്യതകൾ	17
അതിന്നുള്ള കാരണവ്യവസ്ഥ	18
മൂൎത്തപരികമ്പസ്വഭാവം	,,
പരിസ്പന്ദസംഖ്യയും നാദസാജാത്യവും	19
പരികമ്പശൃംഖലാസന്ധികൾ	20
സ്ഥായിയും അന്തരനാദവും	22
സ്വയംഭൂനാദം	23
ശാരീരനാദത്തിൽ സ്ഥായിഭേദകാരണം	24
സംഗീതത്തിലുള്ള സ്ഥായികൾ	25
സ്ഥായികൾക്കുള്ള സംജ്ഞകൾ	26
സ്ഥായികൾക്കുള്ള ആരംഭസാപേക്ഷത്വം	,,
അനാഹതനാദസ്വരൂപം	28

൨ ശ്രുതിപ്രകാശം.

സംഗീതസ്വരൂപം	29
സംഗീതത്തിൻെറ വകഭേദം	,,
മാൎഗ്ഗസംഗീതസ്വരൂപം	30
ദേശീയസ്വരൂപം	,,
ദേശീയത്തിൻെറ വകഭേദങ്ങൾ	,,
ദക്ഷിണോത്തരസംഗീതസ്വരൂപഭേദം	31
സാമാന്യദേശവ്യവസ്ഥ	,,
സംഗീതലക്ഷണം	32
സ്വരസ്വരൂപം	,,
ശ്രുതിസ്വരൂപം	33
ശ്രുതിമാനം	,,
സംഗീതമൂലം ശ്രുതി	35
ശ്രുതിയെപ്പററി മതഭേദങ്ങൾ	,,
മാൎഗ്ഗത്തിലെ ശ്രുതിവിഭാഗം	39
മാൎഗ്ഗസ്വരങ്ങൾക്കുള്ള ശ്രുതിസംഖ്യ	,,
മതഭേദം	43
ശ്രുതികൾക്കുള്ള ജാതിഭേദം	44
ശാരീരത്തിലെ ശ്രുതികൾ	47
ദക്ഷിണത്തിലെ ശ്രുതിസംഖ്യ	50
ദക്ഷിണത്തിൽ ശ്രുതിമാനസാമ്യം	53
ആ ശ്രുതികളിലെ ജാതിഭേദം	54
വീണയിൽ ശ്രുതിസംഖ്യാപരീക്ഷ	,,
അമാത്യാദിമതഖണ്ഡനം	57
ചിത്രവീണയിൽ ശ്രുതിസംഖ്യാപരീക്ഷ	58
അമാത്യാദിമതം ഭ്രമമൂലകം	62
നിഷ്കൃഷ്ടശ്രുതിവിഭാഗം	70
സ്വരങ്ങളുടെ ശ്രുത്യധികാരം	72
ശ്രുതികൾക്കു സ്വരാഭിവ്യഞ്ജകത്വം	,,
ശ്രുതിസ്വരഭേദം	73
സ്വരാപസ്വരനിൎണ്ണയം	74

൩ സ്വരപ്രകാശം.

സ്വരലക്ഷണം	77
ഒരു സ്ഥായിയിലെ ഏഴു സ്വരങ്ങൾ	78
ശുദ്ധവികൃതമിശ്രഭേദങ്ങൾ	79
മാൎഗ്ഗശുദ്ധസ്വരങ്ങൾ	,,
ദക്ഷിണശുദ്ധസ്വരങ്ങൾ	80
വികൃതസ്വരലക്ഷണം	,,
സപ്തസ്വരലഘുസംജ്ഞ	82
മാൎഗ്ഗവികൃതസ്വരലക്ഷണം	83
വികൃതസ്വരവിഷയത്തിൽ മതഭേദങ്ങൾ	,,
മാൎഗ്ഗസ്വരപ്രയോഗം	90
സ്വരങ്ങളുടെ ശ്രുതിസംഖ്യയിൽ മതഭേദങ്ങൾ	,,
മതഭേദഖണ്ഡനം	96
നവീനസിദ്ധാന്തം	99
ദക്ഷിണത്തിൽ ഷൾജഗ്രാമം മാത്രം	103

അന്തരശ്രുതികളിൽ സ്വരവ്യവസ്ഥ 108
ഒരു സ്ഥായിയിൽ പന്ത്രണ്ടു സ്വരങ്ങൾ 110
സപ്തസ്വരയുക്തി ,,
വാദിസംവാദ്യാദിഭേദം 113
വാദിസ്വരലക്ഷണം ,,
സംവാദിസ്വരലക്ഷണം ,,
അനുവാദിസ്വരലക്ഷണം 114
വിവാദിസ്വരലക്ഷണം ,,
പ്രാചീനമതഭേദം 117
മാർഗ്ഗത്തിലെ അനുവാദിസ്വരങ്ങൾ 119
ദക്ഷിണത്തിലെ അനുവാദിസ്വരങ്ങൾ 120
മാർഗ്ഗദക്ഷിണങ്ങളിലെ വിവാദികൾ 122
മാർഗ്ഗവാദ്യാദിമണ്ഡലം 124
ദക്ഷിണവാദ്യാദിമണ്ഡലം 125

൪ വീണാപ്രകാശം.

വീണാവർണ്ണനം 127
വീണക്കുള്ള മരങ്ങൾ ,,
കിന്നരിവീണയുടെ അളവ് ,,
അംഗുലാദിമാനവ്യവസ്ഥ 128
വീണാകുംഭാദിനിർമ്മാണപ്രകാരം ,,
നാഭിരന്ധ്രം 129
ശങ്കുരന്ധ്രങ്ങൾ ,,
തുംബരന്ധ്രം ,,
മേരുപ്രമാണം 130
കകുഭപ്രമാണം ,,
ശങ്കുപ്രമാണം ,,
മേരുപത്രിക ,,
ശ്രുതിതന്ത്രീപത്രിക ,,
ദോരകപത്രിക 131
ദോരകസ്വരൂപം ,,
ഊർദ്ധ്വതന്ത്രികൾ ,,
പാർശ്വതന്ത്രികൾ ,,
മട്ടിന്നുള്ള മെഴുകിന്റെ കണക്ക് ,,
മട്ടുകളുടെ സ്വരൂപം 132
ചന്ദ്രവീണക്കുള്ള വിശേഷം ,,
ഇടത്തരം വീണകൾ 133
നിഷ്കളാദിവീണകൾ 134
നിഷ്കളവീണാലക്ഷണം ,,
സകളവീണാലക്ഷണം ,,
സകലനിഷ്കളാവീണാലക്ഷണം ,,
പലതരം വീണകൾ 135
ഏകമേളസർവ്വമേളാഭേദം 136
കിന്നരിയിലെ തന്ത്രീയോജനം ,,
ശുദ്ധമേളമധ്യമേളാഭേദം 137
ഊർദ്ധ്വതന്ത്രീയോജനപ്രകാരം ,,
തന്ത്രിസ്ഥൌല്യക്രമം ,,
പാർശ്വതന്ത്രീയോജനക്രമം 138
തന്ത്രികളുടെ പ്രത്യേകനാമങ്ങൾ ,,
മധ്യമേളാതന്ത്രീയോജനക്രമം 139
തന്ത്രീയോജനത്തിൽ മതഭേദം ,,
മതഭേദഖണ്ഡനം 141
ഭരതമുനിസിദ്ധാന്തം 144
വെങ്കടമഖിമതഖണ്ഡനം 145
മട്ടുകൾ സ്ഥാപിക്കേണ്ട ക്രമം 147
വീണാസ്വരങ്ങൾ സ്വയംഭൂക്കൾ ,,
അനുഭാവപരികമ്പം 148
ശുദ്ധമേളയിൽ സ്വരസ്ഥാനങ്ങൾ കണ്ടുപിടിക്കാനുള്ള വഴി 149
മാർഗ്ഗവീണയിൽ മട്ടുവെക്കേണ്ട ക്രമം ,,
ഓരോ മട്ടിലും നാലു തന്ത്രികളിൽ വരുന്ന സ്വരങ്ങൾ 150
താരസ്ഥായിമട്ടുകൾ വെക്കാൻ മാർഗ്ഗാന്തരം 153
മധ്യമേളയിൽ മട്ടുവെക്കേണ്ട ക്രമം 154
ദക്ഷിണവീണയിൽ മട്ടുവെക്കേണ്ട ക്രമം 157
ഓരോ തന്ത്രിയിലും സ്വീകരിക്കാറുള്ള സ്വരങ്ങൾ 160
ഇരുപത്തിനാലു മട്ടുകൾ ,,
ചന്ദ്രവീണയിൽ വിശേഷം 161
മാർഗ്ഗദക്ഷിണങ്ങളിലെ വിശേഷം 163
അമാത്യാദിമതഭേദങ്ങൾ 164
മതഭേദഖണ്ഡനം 167

൫ ഗ്രാമമൂർച്ഛനാദിപ്രകാശം.

ഗ്രാമലക്ഷണം 173
ഗ്രാമവിഭാഗം ,,
ഷഡ്ജഗ്രാമവിഭാഗം ,,
മധ്യമഗ്രാമലക്ഷണം 174
ഷൾജമധ്യമങ്ങൾക്കു ഗ്രാമസ്ഥാപകത്വം ,,
ഷൾജഗ്രാമപ്രാധാന്യം 175
അപ്രസിദ്ധഗാന്ധാരഗ്രാമം ,,
ദക്ഷിണത്തിൽ ഷൾജഗ്രാമം മാത്രം 177
ഇതിൽ ത്രിശ്രുതിപഞ്ചമമില്ല ,,
വെങ്കടമഖിമതം 178
തന്മതഖണ്ഡനം 179
മൂർച്ഛനാസ്വഭാവം 181

സപ്തവിധമൂർച്ഛനകൾ	182
മാർഗ്ഗത്തിലെ ഷൾജഗ്രാമമൂർച്ഛനകൾ	,,
മൂർച്ഛനാസംജ്ഞകൾ	183
രത്നാകരമതം	184
മൂർച്ഛനാവിഭാഗം	185
ഭരതമുനിമതം	186
മദ്ധ്യമഗ്രാമമൂർച്ഛനകൾ	,,
മദ്ധ്യമഗ്രാമമൂർച്ഛനാസംജ്ഞകൾ	,,
അയ്മ്പത്താറു മൂർച്ഛനകൾ	189
ദ്വാദശസ്വരമൂർച്ഛനാമതം	,,
പൂർണ്ണഷാഡവിതൌഡവിതമൂർച്ഛനകൾ	190
നൂററുപത്തെട്ടു മൂർച്ഛനകൾ	,,
താനമൂർച്ഛനാസ്വഭാവം	191
താനക്രിയാസ്വരൂപം	,,
താനമൂർച്ഛനാനിയമം	192
നാല്പത്തിരമ്പതു ഷാഡവിതമൂർച്ഛനകൾ	193
മുപ്പത്തഞ്ചു ഔഡവിതമൂർച്ഛനകൾ	,,
ശാർങ്ഗദേവമതം	195
മൂർച്ഛനയാകാത്ത സ്വരയോഗങ്ങൾ	196
ദക്ഷിണത്തിൽ അഷ്ടസ്വരമൂർച്ഛനകൾ	197
മൂർച്ഛനാവിഭാഗം	199
ദക്ഷിണത്തിൽ 224 പൂർണ്ണമൂർച്ഛനകൾ	200
൧൦൨ മൂർച്ഛനകൾ	,,
വെങ്കടമഖിമതം	201
താനലക്ഷണം	203
ശുദ്ധതാനവും കൂടതാനവും	204
മാർഗ്ഗശുദ്ധതാനമൂർച്ഛനകൾ	,,
ഔഡവിതതാനമൂർച്ഛനകൾ	,,
മതഭേദം	205
കൂടതാനലക്ഷണം	206
മൂർച്ഛനാതാനഭേദം	207
കൂടതാനസംഖ്യകൾ	209
നിശ്ശങ്കമതം	211
ദക്ഷിണശുദ്ധതാനങ്ങൾ	213
ദക്ഷിണശുദ്ധതാനസംഖ്യ	215
കൂടതാനസംഖ്യ	217
വെങ്കടമഖിമതം	218
തന്മതഖണ്ഡനം	,,

൩ മേളപ്രകാശ .

മേളലക്ഷണം	220
മാർഗ്ഗമേളങ്ങൾ	,,
ശുദ്ധസങ്കീർണ്ണമേളലക്ഷണം	,,
മാർഗ്ഗമേളലക്ഷ്യങ്ങൾ	221
ദക്ഷിണമേളഭേദം	,,
മുഖ്യമേളലക്ഷണം	,,
സങ്കീർണ്ണമേളലക്ഷണം	222
മേളങ്ങളുടെ ഉത്തമമദ്ധ്യമാധമഭേദം	,,
മുപ്പത്തിരണ്ടു മുഖ്യമേളങ്ങൾ	223
സർവ്വശുദ്ധമേളം	224
ഏകവികൃതമേളം	,,
ദ്വിവികൃതമേളം	,,
ത്രിവികൃതമേളം	225
ചതുർവ്വികൃതമേളം	,,
പഞ്ചവികൃതമേളം	,,
മേളപ്രസ്താരം	226
രാഗങ്ങളുടെ ജന്യജനകഭാവമതം	227
തൽഖണ്ഡനം	,,
൬൨ ഷാഡവിതമുഖ്യമേളങ്ങൾ	229
൪൦൦ ഔഡവിതമുഖ്യമേളങ്ങൾ	,,
ആകെ ൪൬൨ മുഖ്യമേളങ്ങൾ	,,
മേളങ്ങൾ രാഗാധിഷ്ഠാനം	230
മേളം അറിവാനുള്ള സംഖ്യാക്ഷരക്രമം	,,
൩൨ മുഖ്യമേളങ്ങൾക്ക് ജ്ഞാനാദിസംജ്ഞകൾ	231
ഓരോ മേളത്തിലും വരുന്ന പ്രധാനരാഗങ്ങൾ	233
സങ്കീർണ്ണമേളങ്ങൾ	237
സങ്കരലക്ഷണം	,,
സങ്കീർണ്ണസ്വരങ്ങൾ	239
അയ്മ്പത്തിരണ്ടു സങ്കീർണ്ണമേളങ്ങൾ	,,
നാലുതരം ധൈവതനിഷാദയോഗങ്ങൾ	240
എട്ടുതരം രിഗമയോഗങ്ങൾ	,,
ഏകസങ്കീർണ്ണദ്വിസങ്കീർണ്ണമേളങ്ങൾ	241
സങ്കീർണ്ണമേളമണ്ഡലം	242
സങ്കീർണ്ണമേളസംഖ്യകൾ	245
സങ്കീർണ്ണസ്വരാക്ഷരനിയമം	,,
സങ്കീർണ്ണമേളങ്ങൾക്ക് പ്രജ്ഞാദി സംജ്ഞകളും അവയിലെ പ്രധാനരാഗങ്ങളും	248
൪൦൦ മുഖ്യസങ്കീർണ്ണമേളങ്ങൾ	254
൧൪൦൦ സങ്കീർണ്ണമേളങ്ങൾ	,,
മേളസംഗ്രഹകാരിക	255
അംശന്യാസാദിഭേദത്താൽ രാഗങ്ങൾ അനന്തങ്ങൾ	257
വെങ്കടമഖിമുതലായവരുടെ മതഭേദം	258
ആ മതത്തിലെ അനുപപത്തി	261
സോമനാഥമതം	263
അഹോബിലമതം	265

ആ മതങ്ങൾക്ക അനുപപത്തി 266
നാലു സ്വരങ്ങൾ അടുത്താൽ രഞ്ജന വരില്ല 268
മുഖ്യമേളരാഗാംഗരാഗസ്വരമണ്ഡലം 269
സങ്കീൎണ്ണമേളരാഗാംഗരാഗസ്വരമണ്ഡലം 270

൭ താളപ്രകാശം.

താളലക്ഷണം 271
മാത്രാംഗലക്ഷണം 272
മാൎഗ്ഗമാത്രാലക്ഷണം 273
മാൎഗ്ഗഗുരുപ്ളുതലക്ഷണം „
വിലംബാദിസങ്കേതങ്ങൾ „
മാത്രാപ്രചാരം „
ധ്രുവാദിസശബ്ദക്രിയ „
ആവാപാദിനിശ്ശബ്ദക്രിയ „
ധ്രുവാദിക്രിയാലക്ഷണം 274
ധ്രുവാദികൾ താളകലകൾ „
ധ്രുവാദികളായ നാലു മാൎഗ്ഗങ്ങൾ „
താളകലാംശമാത്രാസംജ്ഞകൾ 275
ധ്രുവാസൎപ്പിണ്യാദിക്രിയാഭേദങ്ങൾ „
ചിത്രാദിമാൎഗ്ഗത്തിലെ താളകലകൾ 276
ചഞ്ചൽപുടചാചപുടതാളങ്ങൾ „
ആ താളങ്ങളുടെ വകഭേദം 277
യഥാക്ഷരതാളം „
യഥാക്ഷരചഞ്ചൽപുടം 278
യഥാക്ഷരചാചപുടം „
ദ്വികലചഞ്ചൽപുടം 279
ദ്വികലചാചപുടം „
ചതുഷ്കലചഞ്ചൽപുടം 280
ചതുഷ്കലചാചപുടം 281
ഉൽഘട്ടതാളം „
ഷൾപിതാപുത്രകതാളം „
ഏകകലോൽഘട്ടം 282
യഥാക്ഷരഷൾപിതാപുത്രകം 283
ദ്വികലഷൾപിതാപുത്രകം 284
ചതുഷ്കലഷൾപിതാപുത്രകം 285
സമ്പക്വേഷ്ടാകതാളം „
ആകെ ഥർ താളങ്ങൾ 286
സങ്കീൎണ്ണതാളങ്ങൾ „
ഖണ്ഡതാളങ്ങൾ 287
ദക്ഷിണത്തിൽ നാലു വിലംബമാത്രം „
മാത്രാൎദ്ധം ദ്രുതം 288
തദൎദ്ധംവി ദ്രുതം „
ദ്രുതവിദ്രുതാങ്കങ്ങൾ „
അഞ്ചു താളാംഗങ്ങൾ „
മാത്രതാളകല 289
നാലു ഹസ്തക്രിയകൾ „
ത്ര്യശ്രാദിതാളജാതികൾ „
ഏകപുടാദിതാളങ്ങൾ 290
ദ്വിപുടാദിതാളങ്ങളുടെ വകഭേദങ്ങൾ „
അഞ്ചു ജാതിയിൽ നാല്പതു താളങ്ങൾ 290
താളമണ്ഡലങ്ങൾ 291
രത്നാകരമതം 300
വെങ്കടദീക്ഷിതാദിമതം „
ലയസ്വഭാവം 302
ലയങ്ങളുടെ വകഭേദം „
മാൎഗ്ഗഭേദത്താൽ ലയഭേദം 303
യതിസ്വരൂപം 304
യതികളുടെ വകഭേദങ്ങൾ „
മതഭേദം 305
ഗ്രഹലക്ഷണം 306
മൂന്നുതരം ഗ്രഹങ്ങൾ „
ലയയതിഗ്രഹങ്ങൾ താളാന്തരംഗങ്ങൾ 307

൮ വൎണ്ണാലങ്കാരപ്രകാശം.

വൎണ്ണലക്ഷണം 308
മാൎഗ്ഗവൎണ്ണവിഭാഗം „
സ്ഥായിവൎണ്ണസ്വരൂപം „
ആരോഹിവൎണ്ണസ്വരൂപം „
അവരോഹിവൎണ്ണസ്വരൂപം 309
സഞ്ചാരിസ്വരൂപം „
സരളീസ്വരൂപം „
അലങ്കാരലക്ഷണം „
മാൎഗ്ഗാലങ്കാരവിഭാഗം „
സ്ഥായിഗതാലങ്കാരങ്ങൾ 310
സ്ഥായ്യലങ്കാരലക്ഷണം „
പ്രസന്നാദ്യലങ്കാരം 311
പ്രസന്നാന്താലങ്കാരം „
പ്രസന്നാദ്യന്താലങ്കാരം „
പ്രസന്നമദ്ധ്യം „
ക്രമരേചിതം „
പ്രസ്താരം 312
പ്രസാദം „
ആരോഹിവൎണ്ണാലങ്കാരങ്ങൾ 313
അവരോഹിവൎണ്ണാലങ്കാരങ്ങൾ „
നിഷ്കൎഷം „
ബിന്ദു „

അഭ്യുച്ചയം	314
പ്രേംഖിതം	,,
ആക്ഷിപ്തം	,,
സന്ധിപ്രച്ഛാദനം	,,
ഉപലോലം	315
ഉദ്ഗീതാദി	,,
വിധൂതം	316
സഞ്ചാരിവർണ്ണാലങ്കാരങ്ങൾ	,,
ദക്ഷിണാലങ്കാരങ്ങൾ	325
പരിചയം	,,
പരിചയവിഭാഗം	,,
സംസൃഷ്ടം	326
വലിതം	,,
കല്ലോലം	,,
കൂജിതം	,,
സംഗതം	,,
വിഗതം	327
വിപ്ളുതം	,,
കഞ്ചിതം	,,
നിവൃത്തം	,,
മിളിതം	328
ഝമ്പടാലങ്കാരങ്ങൾ	329
ത്ര്യശ്രഝമ്പടാലങ്കാരങ്ങൾ	336
രൂപകാലങ്കാരങ്ങൾ	337
ചാപാലങ്കാരങ്ങൾ	341
ഝമ്പാലങ്കാരങ്ങൾ	,,
മണ്ഠാലങ്കാരങ്ങൾ	342
അട്ടാലങ്കാരങ്ങൾ	343
ധ്രുവാലങ്കാരങ്ങൾ	344
ഏകതാളാലങ്കാരങ്ങൾ	,,
അലങ്കാരാനന്ത്യം	346

൯ ഗമകസ്ഥായാദിപ്രകാശം.

ഗമകലക്ഷണം	347
ഷോഡശഗമകങ്ങൾ	,,
ത്രിരൂപാദിലക്ഷണം	,,
വീണയിൽ ഗമകപ്രകാശോപായം	350
ദക്ഷിണഹസ്തവ്യാപാരങ്ങൾ	,,
പാതാദിക്രിയാസ്വരൂപം	,,
ദക്ഷിണത്തിലെ ദക്ഷിണഹസ്തവ്യാപാരങ്ങൾ	351
വാമഹസ്തവ്യാപാരങ്ങൾ	352
സ്ഥായസാമാന്യസ്വരൂപം	356
ശബ്ദാദിസ്ഥായങ്ങൾ	357
ശാർങ്ഗദേവമതം	364
വെങ്കടമഖിമതം	,,
രാഗാലപ്തിലക്ഷണം	365
ആലപ്തിഭേദങ്ങൾ	,,
നാലു സ്വസ്ഥാനങ്ങൾ	,,
മുഖചാലാദിലക്ഷണം	,,
രാഗസ്ഥാപനാസ്വരൂപം	367
രൂപകാലപ്തി	,,
കടകാലപ്തി	368
രാഗാലാപലക്ഷണം	369
ഗ്രഹലക്ഷണം	370
അംശലക്ഷണം	,,
ന്യാസലക്ഷണം	373
അപന്യാസലക്ഷണം	,,
സന്ന്യാസലക്ഷണം	,,
വിന്യാസലക്ഷണം	,,
അല്പത്വലക്ഷണം	374
ബഹുത്വലക്ഷണം	375
രാഗാലാപാംഗങ്ങൾ	376
ആയാതലക്ഷണം	,,
കരണലക്ഷണം	377
മുക്തലക്ഷണം	,,
അഭികരണലക്ഷണം	,,
സ്ഥായിലക്ഷണം	378
വെങ്കടമഖിമതം	379
തൽഖണ്ഡനം	380
വർത്തനീലക്ഷണം	,,
ആലാപന്യാസലക്ഷണം	381
ആലാപവിശേഷങ്ങൾ	,,
കടകാലാപസ്വരൂപം	,,

൧൦ പ്രബന്ധപ്രകാശം.

ഗീതദ്വൈവിധ്യം	383
പ്രബന്ധസ്വരൂപം	,,
അനിർയ്യുക്താദിപ്രബന്ധങ്ങൾ	384
ഉൽഗ്രാഹാദ്യംഗങ്ങൾ	,,
സ്വരാദ്യംഗങ്ങൾ	,,
ദ്വിധാതുകാദിഭേദം	385
ദ്വ്യംഗകാദിഭേദം	,,
ദ്വ്യംഗകാദിസംജ്ഞകൾ	,,
താരാവല്യാദിസംജ്ഞകൾ	386
സൂഡാദിപ്രബന്ധങ്ങൾ	,,
സൂഡദ്വൈവിധ്യം	387
ശുദ്ധസൂഡലക്ഷണം	,,
ആളിപ്രബന്ധങ്ങൾ	,,

പ്രകീർണ്ണകലക്ഷണം	,,
ഏലാപ്രബന്ധലക്ഷണം	388
ഏലാപദനിയമം	,,
ഏലാപാദവിഭാഗം	379
ഏലാപ്രബന്ധതാളങ്ങൾ	390
ഏലാപ്രബന്ധവിഷയങ്ങൾ	391
ഏലാപ്രബന്ധവിഭാഗം	,,
ഗണൈലാസ്വരൂപം	,,
ഗണലക്ഷണം	,,
ലഘുഗുരുലക്ഷണം	,,
അക്ഷരഗണമാത്രാഗണങ്ങൾ	392
എട്ടുതരം അക്ഷരഗണങ്ങൾ	,,
മാത്രാഗണസ്വരൂപം	393
നേത്രാദിമാത്രാഗണങ്ങൾ	,,
ഗണൈലാമാത്രൈലകളുടെ സ്വരൂപം	394
ശുദ്ധൈലാസ്വരൂപം	,,
ശുദ്ധൈലാവിഭാഗം	,,
നാദാവതീലക്ഷണം	,,
ഹംസാവതീലക്ഷണം	396
നന്ദാവതീലക്ഷണം	,,
ഭദ്രാവതീലക്ഷണം	,,
വികൃതൈലാസ്വരൂപം	398
മാത്രൈലാസ്വരൂപം	401
രതികാമാദിഗണസ്വരൂപം	,,
രതിലേഖാദിമാത്രൈലകൾ	402
നന്ദിശാദിമതഭേദങ്ങൾ	403
വർണ്ണൈലാസ്വരൂപം	406
ദേശൈലാസ്വരൂപം	,,
കരണപ്രബന്ധസ്വരൂപം	,,
കരണപ്രബന്ധവിഭാഗം	407
സ്വരകരണാദിസ്വരൂപം	,,
ഢേങ്കീപ്രബന്ധലക്ഷണം	409
ഢേങ്കീവകഭേദങ്ങൾ	,,
വർത്തനീപ്രബന്ധലക്ഷണം	410
ഝോമ്പടപ്രബന്ധലക്ഷണം	,,
ലംഭകലക്ഷണം	412
രാസലക്ഷണം	,,
ആളിപ്രബന്ധസ്വരൂപം	413
വർണ്ണപ്രബന്ധലക്ഷണം	,,
വർണ്ണസരപ്രബന്ധം	,,
വർണ്ണസരഭേദങ്ങൾ	414
ചൂർണ്ണകാദിലക്ഷണം	,,
കൈവാടപ്രബന്ധലക്ഷണം	415
അങ്കചാരിണീലക്ഷണം	,,
കന്ദപ്രബന്ധലക്ഷണം	416
ഹയലീലാലക്ഷണം	417
ഗജലീലാലക്ഷണം	,,
ദ്വിപദീപ്രബന്ധങ്ങൾ	,,
ചക്രവാളപ്രബന്ധം	418
ക്രൗഞ്ചപദപ്രബന്ധം	,,
സ്വരാർത്ഥപ്രബന്ധം	419
ധ്വനികുട്ടനീപ്രബന്ധം	,,
ആര്യ്യാപ്രബന്ധം	420
ഗാഥാപ്രബന്ധം	,,
ദ്വിപഥപ്രബന്ധം	,,
കളഹംസപ്രബന്ധം	421
തോടകപ്രബന്ധം	,,
ഘടപ്രബന്ധം	,,
മാതൃകാപ്രബന്ധം	422
രാഗകദംബപ്രബന്ധം	,,
പഞ്ചതാളേശ്വരപ്രബന്ധം	424
താളാർണ്ണവം	,,
പ്രകീർണ്ണകപ്രബന്ധങ്ങൾ	,,
ശ്രീരംഗാപ്രബന്ധങ്ങൾ	425
സാലഗസൂഡലക്ഷണം	435
ധ്രുവാദിസാലഗസൂഡങ്ങൾ	,,
ധ്രുവലക്ഷണം	,,
മണ്ഠപ്രബന്ധലക്ഷണം	439
മണ്ഠപ്രബന്ധഭേദങ്ങൾ	,,
പ്രതിമണ്ഠലക്ഷണം	440
പ്രതിമണ്ഠഭേദങ്ങൾ	,,
നിസ്സാരുകലക്ഷണം	442
നിസ്സാരുകഭേദങ്ങൾ	,,
അട്ടപ്രബന്ധലക്ഷണം	443
അട്ടപ്രബന്ധഭേദങ്ങൾ	,,
രാസപ്രബന്ധലക്ഷണം	444
രാസഭേദങ്ങൾ	,,
ഏകതാളീലക്ഷണം	,,
ദക്ഷിണപ്രബന്ധങ്ങൾ	445
സവൃത്തനിർവൃത്തഭേദം	,,
സവൃത്തലക്ഷണം	446
നിർവൃത്തലക്ഷണം	,,
ഗീതഗീതകാദിഭേദങ്ങൾ	,,
ഗീതലക്ഷണം	447
ഗീതകലക്ഷണം	,,
ജാതിസ്വരലക്ഷണം	448

സ്വരയതിലക്ഷണം ,,
നാട്യവർണ്ണലക്ഷണം 449
താനവർണ്ണലക്ഷണം ,,
കീർത്തനലക്ഷണം 450
പദലക്ഷണം ,,
ജ്യാവലീലക്ഷണം 451
ദരുലക്ഷണം ,,
ഝല്ലിലക്ഷണം 452
തില്ലാനലക്ഷണം ,,
പ്രബന്ധനവത ,,
പരിവൃത്തലക്ഷണം 453
പദാന്തരലക്ഷണം 454
ഭഞ്ജനീലക്ഷണം ,,
ശ്രീതലക്ഷണം ,,
ഖല്ലോട്ടാരലക്ഷണം ,,
അനുസാരലക്ഷണം ,,

൧൯ രാഗപ്രകാശം.

രാഗസാമാന്യലക്ഷണം 455
രാഗങ്ങൾ അനന്തങ്ങൾ ,,
രാഗത്രൈവിധ്യം 456
ശുദ്ധഗീതിലക്ഷണം ,,
ഭിന്നഗീതിലക്ഷണം ,,
ഗൌഡിഗീതിലക്ഷണം ,,
വേസരാഗീതിലക്ഷണം ,,
സാധാരണീഗീതിലക്ഷണം ,,
ഗ്രാമരാഗാദിഷഡ്വിധമാർഗ്ഗരാഗങ്ങൾ 457
ഗ്രാമരാഗസ്വരൂപം ,,
ഉപരാഗസ്വരൂപം 458
സൂരാഗസ്വരൂപം ,,
ഭാഷാവിഭാഷാന്തരഭാഷാരാഗങ്ങൾ ,,
ദേശീരാഗസ്വരൂപം 459
ദേശീരാഗഭേദങ്ങൾ ,,
രാഗാംഗരാഗലക്ഷണം ,,
ഉപാംഗരാഗലക്ഷണം 460
ഭാഷാംഗരാഗലക്ഷണം ,,
ക്രിയാംഗരാഗലക്ഷണം ,,
ശുദ്ധമേളരാഗങ്ങൾ ,,
ജ്ഞാനഗണരാഗങ്ങൾ ,,
രത്നഗണരാഗങ്ങൾ 462
ഗാനഗണരാഗങ്ങൾ 465
ഘനഗണരാഗങ്ങൾ 466
താനഗണരാഗങ്ങൾ 467
ഛന്നഗണരാഗങ്ങൾ ,,
രംഗഗണരാഗങ്ങൾ 468
രംഭാഗണരാഗങ്ങൾ ,,
രക്തിഗണരാഗങ്ങൾ 469
രസഗണരാഗങ്ങൾ 476
ഗർഭഗണരാഗങ്ങൾ 477
ഗീതഗണരാഗങ്ങൾ 478
ഗാഥാഗണരാഗങ്ങൾ 479
വർഷഗണരാഗങ്ങൾ 485
വത്സഗണരാഗങ്ങൾ ,,
തിഥിഗണരാഗങ്ങൾ ,,
പ്രഗത്ഭഗണരാഗങ്ങൾ 486
ശ്രീഗതഗണരാഗങ്ങൾ ,,
ഫലാർത്ഥഗണരാഗങ്ങൾ 492
പ്രഭാതഗണരാഗങ്ങൾ 493
ശ്രീവത്സഗണരാഗങ്ങൾ ,,
ശ്രിതാർത്ഥഗണരാഗങ്ങൾ 494
ഗവാക്ഷഗണരാഗങ്ങൾ ,,
ലംഭാർത്ഥഗണരാഗങ്ങൾ 495
ഗതാർത്ഥഗണരാഗങ്ങൾ ,,
ഭൃതാർത്ഥഗണരാഗങ്ങൾ 496
രാഗവൃത്തിഗണരാഗങ്ങൾ 497
രംഗവാസിഗണരാഗങ്ങൾ 498
രാഗോത്തംസഗണരാഗങ്ങൾ ,,
രവിതീർത്ഥഗണരാഗങ്ങൾ 502
ശ്ലാഘിതാർത്ഥഗണരാഗങ്ങൾ 503
രാഗാവതംസഗണരാഗങ്ങൾ ,,
സങ്കീർണ്ണമേളരാഗങ്ങൾ 504

രിസങ്കരം.

പ്രജ്ഞാഗണരാഗങ്ങൾ 505
പ്രഥാഗണരാഗങ്ങൾ ,,
പ്രീതിഗണരാഗങ്ങൾ 506
രതാർത്ഥഗണരാഗങ്ങൾ 507
പ്രഭാഗണരാഗങ്ങൾ ,,
പ്രവാസഗണരാഗങ്ങൾ ,,
പ്രേംഖിതഗണരാഗങ്ങൾ 508
പ്രാവൃതാംസഗണരാഗങ്ങൾ ,,

ഗസങ്കരം.

ലീനഗണരാഗങ്ങൾ 509
ലസൽഗണരാഗങ്ങൾ ,,
ലതാഗണരാഗങ്ങൾ ,,
ഗതിസ്ഥഗണരാഗങ്ങൾ 510

ഫല്ഗുഗണരാഗങ്ങൾ	511
ഫലോത്ഥഗണരാഗങ്ങൾ	,,
ലംഘിതഗണരാഗങ്ങൾ	,,
ലംഭിതാർത്ഥഗണരാഗങ്ങൾ	512

മസങ്കരം.

വനഗണരാഗങ്ങൾ	,,
വാസഗണരാഗങ്ങൾ	,,
വൃതഗണരാഗങ്ങൾ	513
വേതസഗണരാഗങ്ങൾ	,,
വരഗണരാഗങ്ങൾ	,,
ദ്വിരസഗണരാഗങ്ങൾ	514
വാരിതഗണരാഗങ്ങൾ	,,
ഭരിതാർത്ഥഗണരാഗങ്ങൾ	,,

ധസങ്കരം.

തന്വഗണരാഗങ്ങൾ	515
സ്തവഗണരാഗങ്ങൾ	,,
തിലഗണരാഗങ്ങൾ	516
തുലാഭഗണരാഗങ്ങൾ	517
തീരഗണരാഗങ്ങൾ	,,
താരവഗണരാഗങ്ങൾ	518
തരംഗഗണരാഗങ്ങൾ	,,
തരലാഭഗണരാഗങ്ങൾ	519

നിസങ്കരം.

സ്ഥാനഗണരാഗങ്ങൾ	520
സവഗണരാഗങ്ങൾ	,,
സ്ഥൂലഗണരാഗങ്ങൾ	521
സുലഭഗണരാഗങ്ങൾ	,,
സാരഗണരാഗങ്ങൾ	522
സുരഭിഗണരാഗങ്ങൾ	,,
സുരാഗഗണരാഗങ്ങൾ	523
സിരാഗുംഭഗണരാഗങ്ങൾ	,,

രിധസങ്കരം.

പ്രതിജ്ഞാഗണരാഗങ്ങൾ	524
പ്രതിഭാഗണരാഗങ്ങൾ	,,

രിനിസങ്കരം.

പ്രസന്നഗണരാഗങ്ങൾ	525
പ്രസവഗണരാഗങ്ങൾ	526

ഗധസങ്കരം.

ഗതിജ്ഞമേളരാഗങ്ങൾ	,,
ഗതാംശുമേളരാഗങ്ങൾ	527

ഗനിസങ്കരം

ലാഞ്ഛനമേളരാഗങ്ങൾ	527
ഗുച്ഛാഭമേളരാഗങ്ങൾ	528

മധസങ്കരം.

ഭൂതാന്നഗണരാഗങ്ങൾ	,,
ഭൂചരഗണരാഗങ്ങൾ	,,

മനിസങ്കരം.

വസനമേളരാഗങ്ങൾ	529
വാസരമേളരാഗങ്ങൾ	,,
രാഗസംഗ്രഹകാരികാ	530

൧൨ ഗീതപ്രകാശം.

ജ്ഞാനമേളഗീതങ്ങൾ	541
രത്നമേളഗീതങ്ങൾ	543
ഗാനമേളഗീതങ്ങൾ	546
ഫലനമേളഗീതങ്ങൾ	548
താനമേളഗീതങ്ങൾ	,,
ഛന്നമേളഗീതങ്ങൾ	549
രംഗമേളഗീതങ്ങൾ	550
രംഭാമേളഗീതങ്ങൾ	,,
രക്തിമേളഗീതങ്ങൾ	551
രസമേളഗീതങ്ങൾ	561
ഗർഭമേളഗീതങ്ങൾ	563
ഗീതമേളഗീതങ്ങൾ	564
ഗാഥാമേളഗീതങ്ങൾ	565
വഷ്മേളഗീതങ്ങൾ	573
വത്സമേളഗീതങ്ങൾ	,,
തിഥിമേളഗീതങ്ങൾ	574
പ്രഗല്ഭമേളഗീതങ്ങൾ	575
ശ്രീഗതമേളഗീതങ്ങൾ	,,
ഫലാർത്ഥമേളഗീതങ്ങൾ	584
പ്രഭാതമേളഗീതങ്ങൾ	585
ശ്രീവത്സമേളഗീതങ്ങൾ	,,
ശ്രിതാർത്ഥമേളഗീതങ്ങൾ	587
ഗവാക്ഷമേളഗീതങ്ങൾ	,,
ഫലാർത്ഥമേളഗീതങ്ങൾ	,,
ഗതാർത്ഥമേളഗീതങ്ങൾ	588
ഭൃതാർത്ഥമേളഗീതങ്ങൾ	589
രാഗവൃത്തിമേളഗീതങ്ങൾ	590
രംഗവാസിമേളഗീതങ്ങൾ	591
രാഗോത്തംസമേളഗീതങ്ങൾ	592
രവിതീർത്ഥമേളഗീതങ്ങൾ	598

ശ്ലാഘിതാൎത്ഥമേളഗീതങ്ങൾ 599
രാഗാവതംസമേളഗീതങ്ങൾ ,,

സങ്കീൎണ്ണമേളഗിതങ്ങൾ.

രിസങ്കരമേളഗീതങ്ങൾ 600
ഗസങ്കരമേളഗീതങ്ങൾ 606
മസങ്കരമേളഗിതങ്ങൾ 611
ധസങ്കരമേളഗീതങ്ങൾ 615
നിസങ്കരമേളഗീതങ്ങൾ 622
രിധസങ്കരമേളഗീതങ്ങൾ 628
രിനിസങ്കരമേളഗീതങ്ങൾ 630
ഗധസങ്കരമേളഗീതങ്ങൾ 632
ഗനിസങ്കരമേളഗീതങ്ങൾ 634
മധസങ്കരമേളഗീതങ്ങൾ 635
മനിസങ്കരമേളഗീതങ്ങൾ 636

സംഗീതചന്ദ്രിക

നാദപ്രകാശം

മംഗളം

ഓംനാദബിന്ദുശക്ത്യാഖ്യശാന്തഭേദേന ഭാസതേ
നമശ്ചിദാനന്ദമയബ്രഹ്മണേ ജഗദാത്മനേ.

ഭാഷ്യം—അനുഗൃഹ്ണന്തു വിജ്ഞാനകുമുദോദ്ബോധനേന്ദവഃ
ഗുരുദേവഹൃദംഭോജകരുണാമൃതബിന്ദവഃ.

ഓം എന്നതിനാൽ അകാരം ഉകാരം മകാരം ഇവയെ കാണിച്ചിരിക്കുന്നു. പ്രണവമന്ത്രത്തിന്ന് അകാരം, ഉകാരം, മകാരം, നാദം, ബിന്ദു, ശക്തി, ശാന്തം ഇങ്ങനെ ഏഴംശങ്ങളുണ്ടെന്നു മന്ത്രശാസ്ത്രപ്രസിദ്ധമാണ്. അങ്ങനെയുള്ള പ്രണവം ബ്രഹ്മരൂപവും ബ്രഹ്മവാചകവുമാണ്. ബ്രഹ്മം അദ്വിതീയമാകയാൽ വാച്യവാചകഭേദവും അതിലില്ല. സകലചരാചരപ്രപഞ്ചത്തിന്റേയും പ്രാണനായ ആത്മാവും ചൈതന്യസ്വരൂപവും ദുഃഖസ്പർശമില്ലാത്ത ആനന്ദമയവുമാണ് ആ ശബ്ദബ്രഹ്മം.

"ചൈതന്യം സർവ്വഭൂതാനാം നിവൃത്തം ജഗദാത്മനാ
നാദബ്രഹ്മ തദാനന്ദമദ്വിതീയമുപാസ്മഹേ."

എന്ന ശ്രീ നാരദമുനിവചനം. സൃഷ്ടീച്ഛാരൂപമായാസന്നിധാനംവഴിക്കു ബ്രഹ്മം നാദാത്മകമായ പ്രണവമായും പിന്നെ മഹത്തത്വാദിക്രമത്തിൽ ഭൂതസൂക്ഷ്മങ്ങൾ വഴിയായി സകലജഗത്സ്വരൂപമായും വിവർത്തിക്കുന്നതിനാൽ ലോകം മുഴുവനും ആ നാദബ്രഹ്മത്തിന്റെ രൂപഭേദങ്ങളായിട്ടാണിരിക്കുന്നത്.

"സാ തത്വസംജ്ഞാ ചിന്മാത്രജ്യോതിഷസ്സന്നിധേസ്തദാ
വിചികീർഷുർഘനീഭൂത്വാ ക്വചിദഭ്യേതി ബിന്ദുതാം."
"ബിന്ദോസ്തസ്മാദ്ഭിദ്യമാനാദ്രവോവ്യക്താത്മകോ ഭവേൽ
സ രവശ്ശ്രുതിസമ്പന്നൈശ്ശബ്ദബ്രഹ്മേതി കഥ്യതേ.
തദിസ്താരപ്രകാരോയം യഥാ വക്ഷ്യാമി സാമ്പ്രതം
അവ്യക്താദന്തരുദിതവിഭേദഗഹനാത്മകം
മഹന്നാമ ഭവേത്തത്വം മഹതോഹംകൃതിസ്തഥാ."
അകാരശ്ചാപ്യുകാരശ്ച മകാരോ ബിന്ദുരേവ ച
നാദശ്ശക്തിശ്ച ശാന്തശ്ച താരഭേദാസ്സമീരിതാഃ."

എന്നീവക ശ്രീശങ്കരഭഗവൽപാദരുടെ പ്രപഞ്ചസാരവചനങ്ങളും കണ്ടുകൊൾക. ഇവിടെ പ്രണവത്തിനുള്ള ഏഴംശങ്ങൾ കാണിച്ചതിനാൽ സംഗീതത്തിന്നു മൂലമായ സപ്തസ്വരങ്ങളുടെ ഉൽപത്തിയും അനാഹതനാദരൂപമായി വ്യാപിച്ചിട്ടുള്ള പ്രണവാംശങ്ങളിൽനിന്നാണെന്നും സൂചിപ്പിച്ചിരിക്കുന്നു.

പ്രതിജ്ഞ

സമീക്ഷ്യ പൂർവ്വശാസ്ത്രാണി പ്രയോഗാൻ പരിവീക്ഷ്യ ച
തന്യതേ കൃഷ്ണചന്ദ്രേണ ലഘുസംഗീതചന്ദ്രികാ.

ഭാഷ്യം—സംഗീതവിഷയത്തിൽ ആദികാലംമുതൽത്തന്നെ പലരും ശാസ്ത്രഗ്രന്ഥങ്ങാം നിർമ്മിച്ചിട്ടുണ്ട്.

സദാശിവശ്ശിവാ ബ്രഹ്മാ ഭരതഃ കശ്യപോ മുനിഃ
മതംഗോ യാഷ്ടികോ ദുർഗ്ഗാ ശക്തിശ്ശാർദ്ദൂലകോഹലൌ
വിശാഖിലോ ദത്തിലശ്ച കംബളോശ്വതരസ്തഥാ
വായുർവ്വിശ്വാവസൂ രംഭാർജ്ജുനനാരദതുംബരാഃ
ആഞ്ജനേയോ മാതൃഗുപ്തോ രാവണോ നന്ദികേശ്വരഃ
സ്വാതിർഗ്ഗണോ ബിന്ദുരാജഃ ക്ഷേത്രരാജശ്ച രാഹുലഃ
രുദ്രടോ നാന്യഭൂപാലോ ഭോജഭൂവല്ലഭസ്തഥാ
പരമർദീ ച സോമേശോ ജഗദേകമഹീപതിഃ
വ്യാഖ്യാതാരോ ഭാരതീയേ ലോല്ലടോൽഭടശംകുകാഃ
ഭട്ടാഭിനവഗുപ്തശ്ച ശ്രീമാൻ കീർത്തിധരാഭിധഃ
ശാർങ്ഗദേവസ്സോമനാഥോ രഘുനാഥമഹീപതിഃ
പാർശ്വദേവഃ കല്ലിനാഥോകളങ്കശ്ചാപ്യഹോബിലഃ
പുരന്ദരഗുരു രാമാമാത്യോ വേങ്കടദീക്ഷിതഃ
ഗോവിന്ദദീക്ഷിതോ ബാലരാമാഖ്യധരണീപതിഃ
സംഗീതഗ്രന്ഥകർത്താരോ ബഹവോന്യേ ച വിശ്രുതാഃ.

എന്നിങ്ങനെ നിർദ്ദേശിച്ചിട്ടുള്ള പൂർവ്വാചാര്യന്മാരിൽ ഭരതമുനി മതംഗമുനി മുതലായവർ നിർമ്മിച്ചിട്ടുള്ളവയും ഇപ്പോഴും പ്രസിദ്ധങ്ങളുമായ പല സംഗീതശാസ്ത്രഗ്രന്ഥങ്ങളും നിഷ്കർഷിച്ചു നോക്കി പഠിച്ചിട്ടും പ്രയോഗരീതികാം പരിക്ഷിച്ചു നോക്കീട്ടും കൃഷ്ണചന്ദ്രൻ എന്നു പേരായ പ്രകൃതഗ്രന്ഥകാരൻ സംഗീതതത്വങ്ങാം എളുപ്പത്തിലറിയത്തക്കവിധം സംഗീതചന്ദ്രിക എന്നു പേരായ ശാസ്ത്രഗ്രന്ഥം നിർമ്മിപ്പാൻ തുടങ്ങുന്നു. ഇവിടെ ചന്ദ്രേണ, ചന്ദ്രികാ ലഘു, തന്യതേ എന്നീ ശബ്ദങ്ങളാൽ ചന്ദ്രൻ ചന്ദ്രികയെപ്പരത്തുന്നതുപോലെ ആഹ്ലാദകമായ വിധത്തിലും പ്രയാസംകൂടാതെയും സംഗീതതത്വം ഗ്രഹിക്കത്തക്കവണ്ണമാണ് പ്രകൃതഗ്രന്ഥനിർമ്മാണമെന്നും അതിനാൽ പൂർവ്വഗ്രന്ഥങ്ങളെ അപേക്ഷിച്ച് ഇതിനുള്ള പ്രയോജനവിശേഷവും സൂചിപ്പിച്ചിരിക്കുന്നു.

സംഗീതം ശബ്ദവിശേഷമാണ്. ധ്വനിസ്വരൂപം അക്ഷരസ്വരൂപം മുതലായി പല തരത്തിലും ശബ്ദങ്ങളുള്ളതിൽ അക്ഷരപ്രധാനമായ സാഹിത്യത്തിലെപ്പോലെ അർത്ഥജ്ഞാനാപേക്ഷയില്ലാതെതന്നെ ഹൃദയത്തെ ആനന്ദിപ്പിക്കുന്ന ശബ്ദവിശേഷത്തിന്നാണ് സംഗീതമെന്നു പറയുന്നത്. ആ വിധത്തിലുള്ള വാദ്യമേളങ്ങളും സംഗീതത്തിൻെറ അംശങ്ങളാണ്. ആകയാൽ ആ ശബ്ദവിശേഷത്തിൻെറ പ്രത്യേകകാരണം വിവരിപ്പാൻവേണ്ടി ആദ്യമായി ശബ്ദത്തിൻെറ സാമാന്യസ്വഭാവവും പൊതുവായ വകഭേദവും കാണിക്കുന്നു—

സൂത്രം—ശ്രോത്രഗ്രഹണയോഗ്യശ്ശബ്ദഃ. സ ദ്വിവിധഃ ആഹതോനാഹതശ്ച. ൧

ഭാഷ്യം— രൂപം രസം ഗന്ധം സ്പർശം എന്നീ ഗുണങ്ങളും അവസ്ഥാശ്രയങ്ങളായ വസ്ത്രാദിവസ്തുക്കളും എങ്ങനെ നേത്രേന്ദ്രിയം, രസനേന്ദ്രിയം, ഘ്രാണേന്ദ്രിയം, ത്വഗിന്ദ്രിയം ഇവയാൽ ഗ്രഹിപ്പാൻ യോഗ്യമായിരിക്കുന്നുവോ അതുപോലെ ശ്രോത്രേന്ദ്രിയത്താൽ ഗ്രഹിപ്പാൻ യോഗ്യമായ വസ്തുവാണ് ശബ്ദം. അങ്ങനെയുള്ള ശബ്ദം ആഹതമെന്നും അനാഹതമെന്നും പൊതുവേ രണ്ടു തരത്തിലുണ്ട്. ജലപൃഥിവ്യാദിപരമാണുക്കളും അവയിലെ രൂപരസാദികളും നേത്രേന്ദ്രിയംകൊണ്ടും മററും ഗ്രഹിപ്പാൻ സാധിക്കുന്നില്ലെങ്കിലും അവയിലും അതാതിന്ദ്രിയങ്ങളാൽ ഗ്രഹിപ്പാൻ വേണ്ട സ്വരൂപയോഗ്യതയുണ്ടെന്നും ആവക പരമാണുക്കൾ കൂടിച്ചേർന്നു വലിയ വസ്തുവാകാത്തതുകൊണ്ടാണ് ഗ്രഹിക്കാത്തതെന്നും ഉള്ളതുപോലെ അനാഹതശബ്ദത്തെ നാം ഗ്രഹിക്കുന്നില്ലെങ്കിലും അതിലും ശ്രോത്രേന്ദ്രിയഗ്രഹണത്തിന്നു വേണ്ട സ്വരൂപയോഗ്യതയുണ്ടെന്നറിഞ്ഞുകൊൾക. അനാഹതശബ്ദത്തെപ്പററി അടുത്തുതന്നെ പറയും.

ആഹതശബ്ദമാണ് നാം കേൾക്കുന്നത്. ആ ആഹതശബ്ദത്തിന്നുള്ള കാരണം കാണിക്കുന്നു:—

സൂ—മൂർത്താഭിഘാതാദാഹതഃ. ൨

ഭാ— രണ്ടു മൂർത്തവസ്തുക്കൾ തമ്മിലുള്ള അഭിഘാതരൂപസംയോഗംനിമിത്തമായിട്ടാണ് ഏതു തരം ആഹതശബ്ദവും ഉണ്ടാകുന്നത്. രണ്ടു വസ്തുക്കൾ തമ്മിലുണ്ടാകുന്ന സംയോഗം അഭിഘാതമെന്നും നോദനമെന്നും രണ്ടു തരത്തിലുണ്ടാകാം. വളരെ വേഗത്തിൽ പെട്ടെന്നു തമ്മിൽ മുട്ടുന്നത് ഒരു തരം. പതുക്കെ അടുത്തടുത്തു തമ്മിൽ ചേരുന്നതു മററൊരു തരം. അതിൽ പെട്ടെന്നു മുട്ടുന്നതിന്ന് അഭിഘാതമെന്നും മററതിന്നു നോദനമെന്നും പേർ. അതിൽ അഭിഘാതാത്മകമായ മൂർത്തവസ്തുസംയോഗമാണ് നാം കേൾക്കുന്ന എല്ലാത്തരം ശബ്ദത്തിന്നും നിമിത്തകാരണമെന്നർത്ഥം.

മൂർത്തവസ്തുക്കൾ എന്തെല്ലാമെന്നു ചുരുക്കത്തിൽ പറയുന്നു.—

സൂ—പൃഥിവീജലതേജോവായവശ്ശബ്ദശ്ച മൂർത്താനി. ൩

ഭാ—പൃഥിവി, ജലം, തേജസ്സ്, വായു ഇവയും ശബ്ദവുമെന്നിങ്ങനെ ചുരുക്കത്തിൽ അഞ്ചുവകയിലുൾപ്പെടുന്നവയെല്ലാം മൂർത്തവസ്തുക്കളാണ്. അതിൽ പൃഥിവിയിൽ ഇരുമ്പ്, ചെമ്പ്, ഓടു മുതലായ ലോഹങ്ങളും കല്ല്, മരം, മണ്ണ്, തോൽ, അസ്ഥി, കയർ തുടങ്ങിയവയുമെല്ലാം അന്തർഭവിക്കുന്നു. ജലത്തിൽ നീരാവി, മഞ്ഞിൻകട്ട, മേഘം തുടങ്ങിയവയും തേജസ്സിൽ, അഗ്നി, വിദ്യുത്ത്, സൂര്യൻ മുതലായതും വായുവിൽ പ്രാണാപാനാദിവായുക്കളും പുറമെയുള്ള വായുവും അന്തർഭവിക്കുന്നു. ശബ്ദമെന്നതുകൊണ്ടു മാററൊലിക്കും അനുകമ്പനശബ്ദത്തിന്നും മററും കാരണമായ ആഹതശബ്ദത്തെയാണ് പ്രകൃതത്തിൽ ഗ്രഹിക്കേണ്ടത്. ഇവയിലേതെങ്കിലും ഒരേ വർഗ്ഗത്തിൽച്ചേർന്ന രണ്ടു വസ്തുക്കൾ തമ്മിലോ ഭിന്നവർഗ്ഗത്തിലുള്ളവ തമ്മിലോ ഉണ്ടാകുന്ന അഭിഘാതമാണ് ആഹതശബ്ദോൽപത്തിക്കു കാരണം.

സംയോഗവിശേഷംപോലെ വിഭാഗവിശേഷവും ആഹതശബ്ദത്തിന്നു കാരണമാണെന്നു വിഷയപൂർത്തിക്കുവേണ്ടിപ്പറയുന്നു.—

സൂ—വിഭാഗവിശേഷാച്ച. ൪

ഭാ—മൂർത്താനാം എന്നു ചേർക്കണം. ആഹതഃ എന്നതനുവർത്തിക്കണം. പൃഥിവി മുതലായി മേൽപ്പറഞ്ഞ മൂർത്തവസ്തുക്കൾ തമ്മിൽ പെട്ടെന്നുണ്ടാകുന്ന വിഭാഗവും ആഹതശബ്ദത്തിന്നു നിമിത്തമാകുന്നതാണ്. അവയുടെ വിഭാഗവും രണ്ടു തരത്തിലുണ്ട്. വളരെ

വേഗത്തിൽ പൊട്ടി വേർവിടുന്നത് ഒരു തരം. ക്രമത്തിൽ പതുക്കെപ്പതുക്കെ വേർവിടുന്നതു മറെറാരു തരം. ആദ്യത്തേതിനു വിദരണമെന്നും രണ്ടാമത്തേതിന്നു വിശകലനമെന്നും പറയുന്നു. അതിൽ വിദരണാത്മകമായ മൂർത്തവിഭാഗവും ആഹതശബ്ദമുണ്ടാകാൻ കാരണമാണ്. പാറ പിളരുക, മുള പൊളിയുക, ലോഹപാത്രങ്ങൾ പൊട്ടുക, വിരൽകൊണ്ടു മുടിക്കുക മുതലായതുകൊണ്ടുണ്ടാകുന്ന ശബ്ദങ്ങൾ, ഇടി, വെടി തുടങ്ങിയവയെല്ലാം ആ മാതിരി വിഭാഗത്താലുണ്ടാകുന്നവയാണ്. സംഗീതമെന്ന പ്രകൃതവിഷയത്തിൽ സംയോഗജശബ്ദങ്ങളെപ്പോലെ വിഭാഗജന്യശബ്ദങ്ങൾക്കുപയോഗമില്ലാത്തതുകൊണ്ടാണ് വിഭാഗവിശേഷജത്തെ വേറെപ്പറഞ്ഞത്. ശബ്ദകാരണത്തെപ്പററി പ്രസ്താവിക്കുമ്പോൾ വിഭാഗവും അതിലുൾപ്പെടുന്നതുകൊണ്ടാണ് അതിനെയും ഗണിച്ചതും. വിഭാഗസ്ഥലങ്ങളിലും വിഭജിക്കുന്ന മൂർത്താവയവങ്ങളും അവിടെയുള്ള വായുവും തമ്മിൽ പെട്ടെന്നുണ്ടാകുന്ന അഭിഘാതാത്മകസംയോഗംതന്നെയാണ് ശബ്ദത്തിന്നു കാരണമെന്നു പറയുന്ന പക്ഷത്തിൽ ശിഷ്യജ്ഞാനവിശദതയ്ക്കുവേണ്ടി ആ വിശേഷം കാണിപ്പാനാണ് വിഭാഗത്തെ വേറെഗ്ഗണിച്ചതെന്നു കരുതിക്കൊൾക.

അങ്ങനെയുള്ള ആഹതശബ്ദത്തിൻെറ സ്വരൂപത്തെപ്പററിപ്പറയുന്നു—

സൂ—സ ച വായുതരംഗവിശേഷ ഇതി കേചിൽ. അശ്മാഭിഘാതാദിവാഗ്നിസ്ഫുലിംഗോ വായുതരംഗാഘാതാജ്ജായമാനോ ഗഗനഗതഗുണവിശേഷ ഇത്യേകേ. വായുനന്തരീക്ഷതരംഗ ഇത്യന്യേ. വിദ്യുത്തരംഗ ഇതി പരേ. ൭

ഭാ—ആ ആഹതശബ്ദമെന്നതു വായുവിലുണ്ടാകുന്ന ഒരു തരം തരംഗമാണെന്നാണ് ചിലരുടെ മതം. വെള്ളത്തിലുണ്ടാകുന്ന തിരപോലെ മൂർത്താഭിഘാതംനിമിത്തം വായുവിൽ ഒരു തരംഗവിശേഷമുണ്ടാകയും അതു തരംഗരൂപത്തിലുള്ള വായുവിൻെറ രൂപത്തിൽത്തന്നെ അടുത്ത ഭാഗങ്ങളിലേയ്ക്കു വീചീതരംഗന്യായത്തിൽ വ്യാപിക്കയും ചെയ്യുന്നുവെന്നാണവർ പറയുന്നത്. രണ്ടു കല്ലുകൾ തമ്മിൽ കൂട്ടിമുട്ടുമ്പോൾ തീപ്പൊരിയുണ്ടാകുന്നതുപോലെ മൂർത്താഭിഘാതത്താൽ വായുതരംഗം അടുത്തുള്ള വായുവിൽ തട്ടി ആ അംശത്തേയും തരംഗമാക്കുമ്പോൾ അതിൽനിന്ന് ആകാശത്തിലുണ്ടാകുന്നതും തീപ്പൊരിയുടെ പ്രകാശം നേത്രേന്ദ്രിയത്താലെന്നപോലെ ശ്രോത്രേന്ദ്രിയത്താൽ ഗ്രഹിക്കാവുന്നതും കദംബമുകുളന്യായത്തിൽ വായുതരംഗബലമനുസരിച്ച ക്രമത്തിൽ ഒന്നിന്നു പിന്നെയൊന്നായുണ്ടായിവരുന്നതുമായ ഒരാകാശഗുണവിശേഷമാണ് ആഹതശബ്ദമെന്നു മററു ചിലർ പറയുന്നു. സർവ്വത്ര വ്യാപിച്ചിരിക്കുന്നതും എപ്പോഴും ചലിച്ചുകൊണ്ടിരിക്കുന്നതും സൂര്യരശ്മി, വെളിച്ചം മുതലായതിൻെറ വ്യാപ്തിക്കാസ്പദവുമായിപ്പറയുന്ന അന്തരീക്ഷം എന്നു പേരായ ദ്രവ്യത്തിൽ മേൽ പ്രകാരം വായുതരംഗം വഴിക്കുണ്ടാകുന്ന തരംഗവിശേഷമാണ് ശബ്ദമെന്നും ചിലർ പറയുന്നുണ്ട്. ആകാശത്തിലും മററും എപ്പോഴും അതിവേഗത്തിൽ ചലിച്ചുകൊണ്ടിരിക്കുന്ന ഒരു തരം വിദ്യുത്തിൽ മൂർത്താഭിഘാതംനിമിത്തമുണ്ടായിത്തീരുന്ന തരംഗവിശേഷമാണ് ആഹതശബ്ദമെന്നാണ് വേറെച്ചിലരുടെ പക്ഷം.

ഈ വിഷയത്തിലുള്ള സിദ്ധാന്തമതം പറയുന്നു—

സൂ—മൂർത്താഭിഹതോ വായുസഹകൃതോനാഹതസ്തരംഗാകൃതിർവ്വിദ്യുതാ പ്രസരതീത്യാചാര്യാഃ ൮

KOTTAYAM PUB... KOTTAYAM

ഭാ—ശബ്ദവും പൃഥിവി, ജലം, തേജസ്സ്, വായു ഇവയെപ്പോലെ ഒരു മൂലദ്രവ്യമാണ്. പൃഥിവീജലാദികളുടെ സൂക്ഷ്മാംശങ്ങളായ പരമാണുക്കൾ സർവ്വത്ര വ്യാപിച്ചിരിക്കുന്നതുപോലെ ശബ്ദദ്രവ്യത്തിന്റെ പരമാണുക്കളും സർവ്വവ്യാപ്തങ്ങളുമാണ്. അങ്ങനെ സർവ്വത്ര വ്യാപിച്ചുകിടക്കുന്ന ശബ്ദാണുസമൂഹത്തിന്നാണ് അനാഹതശബ്ദമെന്നു പറയുന്നത്. പഞ്ചഭൂതങ്ങളിലൊന്നായ ആകാശമെന്നു പറയുന്നതും ആ ശബ്ദാണുസമൂഹംതന്നെയാണ്. മൂർത്താഭിഘാതംനിമിത്തം അവിടെയുള്ള ശബ്ദാണുസമൂഹം വായുവിന്റെ സഹായത്തോടുകൂടി തമ്മിൽച്ചേർന്നു തരംഗാകൃതിയായിത്തീരുമ്പോൾ അതിന്ന് ആഹതശബ്ദമെന്നു പറഞ്ഞുവരുന്നു. അപ്പോൾ അതു നമുക്കു കേൾക്കത്തക്കതാകയും ചെയ്യുന്നു. പൃഥിവ്യാദിപരമാണുക്കൾ കൂടിച്ചേർന്നു വലുതാകുമ്പോൾ കാണത്തക്കതാകുന്നതുപോലെയെന്നു താൽപര്യം. അങ്ങനെയുള്ള ശബ്ദതരംഗം സർവ്വത്ര നിറഞ്ഞു വേഗത്തിൽ ചലിച്ചുകൊണ്ടിരിക്കുന്ന വിദ്യുത്തിൽക്കൂടിയാണ് വ്യാപിക്കുന്നതെങ്കിലും വായുസംയോഗവുംകൂടി ആഹതശബ്ദമായിത്തീരാൻ സഹകാരികാരണമാണ്. ഇങ്ങനെയെല്ലാമാണ് സംഗീതശാസ്ത്രാചാര്യന്മാരുടെ മതം. ഈ വിഷയത്തിൽ ശ്രീനാരദമുനി ഇങ്ങനെ പറഞ്ഞിട്ടുണ്ട്. "അനാഹതാദാഹതോ മരുതാ നുന്നസ്സരതി വിദ്യുതാ." ഇതിന്റെ അർത്ഥം—അനാഹതശബ്ദത്തിൽനിന്നും വായുവിനാൽ പ്രേരിതമായിട്ടാണ് ആഹതശബ്ദമുണ്ടായിത്തീരുന്നത്. അതായത് അനാഹതശബ്ദമാണ് ആഹതശബ്ദത്തിന്നുപാദാനകാരണം. വായുപ്രേരണം നിമിത്തകാരണവുമാണ്. ആ ആഹതശബ്ദം വായുപ്രേരിതമായി വിദ്യുത്തിൽക്കൂടിഗ്ഗമിക്കുന്നു. മരുതാ നുന്നഃ എന്നതിനാൽത്തന്നെ മൂർത്താഭിഘാതംകൊണ്ട് എന്ന അംശം അർത്ഥസിദ്ധമാണ്. വായുപ്രേരണം നിമിത്തകാരണമാണെന്നു കാണിച്ചതുകൊണ്ട് അനാഹതശബ്ദം തരംഗാകൃതിയിലായതിന്നുശേഷവും വായുപ്രേരിതമായാലേ ആഹതശബ്ദമായി നമുക്കു കേൾക്കാൻ സാധിക്കുന്ന മട്ടിലാകയുള്ളൂ എന്നു സൂചിപ്പിച്ചിരിക്കുന്നു. തേജസ്തരംഗങ്ങളേക്കാൾപോലും അതിലാഘവമുള്ള ശബ്ദതരംഗങ്ങളിൽ വായുവും കൂടിച്ചേരുമ്പോഴേ ശ്രോത്രേന്ദ്രിയസിരകളെച്ചലിപ്പിക്കാൻവേണ്ട ഘനം ആ തരംഗത്തിന്നു സിദ്ധിക്കയുള്ളൂ എന്നും അങ്ങനെയുള്ള ശബ്ദതരംഗത്തിന്നേ ആഹതശബ്ദമെന്നു പറയുള്ളൂ എന്നും താൽപര്യം. അപ്രകാരം വായു സഹകാരികാരണമായതുകൊണ്ടുതന്നെയാണ് ദൂരത്തുണ്ടാകുന്ന ഇടി, വെടി മുതലായ ശബ്ദം നമുക്കു കേൾപ്പാൻ ആ ശബ്ദതരംഗം വായുസംയുക്തമായി ആഹതനിലയിൽ നമ്മുടെ ശ്രവണേന്ദ്രിയത്തിലെത്തുന്നതിന്നു വേണ്ടിവരുന്ന അല്പം വിളംബം ആവശ്യമായിത്തീരുന്നതും.

അങ്ങനെയുള്ള ആഹതശബ്ദം നമ്മൾ ഗ്രഹിക്കുന്നതിന്റെ ക്രമം വിവരിക്കുന്നു—

സൂ—സ പുനശ്ശ്രോത്രം പ്രവിശൻ മനസ്സംയോഗേന ശ്രാവണബുദ്ധിഗോചരോ ഭവതി. ൭

ഭാ—ആ ശബ്ദതരംഗം നമ്മുടെ ചെവിയിലെത്തുമ്പോൾ അതിലുള്ള ശ്രോത്രേന്ദ്രിയസിരകളെച്ചലിപ്പിക്കുന്നു. അപ്പോൾ മനസ്സ് അവിടെ എത്തുകയും ആ ചലനവിശേഷത്തെ ഗ്രഹണശക്തിയെന്നു പറയുന്നതും ഭ്രൂമധ്യത്തിന്നു നേരെ തലച്ചോറിന്നകത്തുള്ളതുമായ ബുദ്ധിയിലേക്കു സിരകൾവഴി പ്രവർത്തിപ്പിക്കുകയും ചെയ്യുന്നു. അതിന്നാണ് ശബ്ദം കേൾക്കുകയെന്നു പറയുന്നത്. വേറെ വല്ല വിഷയത്തിലും മനസ്സിരുത്തിക്കൊണ്ടിരിക്കുമ്പോൾ ശബ്ദതരംഗം ചെവിയിലെത്തി ഇന്ദ്രിയസിരകളെച്ചലിപ്പിച്ചാലും അവിടെ മനസ്സംയോഗമില്ലാത്തതിനാൽ അതു ബുദ്ധിയിലേക്കു പ്രേരിപ്പിക്കാത്തതുകൊണ്ടാണ് ആ ശബ്ദം ഗ്രഹിക്കാതിരിക്കുന്നത്. ആ സംഗതി കാണിപ്പാനാണ് സൂത്രത്തിൽ മനസ്സംയോഗേന എന്നു പറ

ഞ്ഞിരിക്കുന്നതും. ഇന്ദ്രിയസിരകളിൽനിന്നു ബുദ്ധിസ്ഥാനത്തേക്കുള്ള സിരാമാൎഗ്ഗത്തിന്നു കേടുണ്ടായാലും ശബ്ദം കേൾക്കില്ല. അതുകൊണ്ടാണ് മനസ്സംയോഗമുണ്ടായാലും ബധിരന്മാർ ശബ്ദം തീരെ കേൾക്കാതിരിക്കുന്നതും ചിലർ ആ കേടിന്റെ താരതമ്യമനുസരിച്ചുമാത്രം കേൾക്കുന്നതും. വിദ്യുത്തിൽക്കൂടി വ്യാപിക്കുന്ന ശബ്ദതരംഗത്തിൽ ദൂരെപ്പോകുംതോറും വായുസംയോഗം ക്രമത്തിൽ ചുരുങ്ങിവരുന്നതിനാലാണ് ദൂരം കൂടുംതോറും ശബ്ദം ക്രമത്തിൽ കേൾക്കാതായി വരുന്നതെന്നും ഗ്രഹിച്ചുകൊൾക.

ശബ്ദങ്ങളിൽ ചിലതു കേൾക്കാൻ സുഖമുള്ളതായിട്ടും മററു ചിലതു കേൾക്കാനുപദ്രവമുള്ളതായിട്ടും തീരുവാനുള്ള കാരണങ്ങൾ കാണിക്കുന്നു—

സൂ—മധുരാദീനാം രസനാദ്യാനുഗുണ്യവൽ ശ്രോത്രസിരാനുഗുണപരിസ്പന്ദകതേ സുശ്രവഃ. തിക്താദീനാമിവ വൈഗുണ്യേ ദുശ്ശ്രവഃ. വ്യ

ഭാ—മധുരരസം രസനേന്ദ്രിയസിരകൾക്കും സുഗന്ധം ഘ്രാണേന്ദ്രിയസിരകൾക്കും മററും അതാതിന്ദ്രിയസിരകളുടെ ഘടനാസ്വഭാവത്തിന്നനുസരിച്ച വിധത്തിലുള്ള പരിസ്പന്ദനമുണ്ടാക്കുന്നതിനാലാണ് അതാതിന്ദ്രിയങ്ങൾവഴിക്കുള്ള സുഖമുണ്ടാക്കാൻ കാരണമായിത്തീരുന്നത്. അതുപോലെ ശ്രവണേന്ദ്രിയസിരകളുടെ സൃഷ്ടിസ്വഭാവസ്ഥിതിക്കു യോജിച്ചവിധത്തിൽ മൃദുലമായ പരിസ്പന്ദമുണ്ടാക്കുന്ന ശബ്ദതരംഗങ്ങളാണെങ്കിൽ അതുകൊണ്ട് ആ ഇന്ദ്രിയംവഴിക്കുള്ള സുഖമുണ്ടാകും. നേരെമറിച്ച്, കയ്പ്, എരുവ്, പുളി മുതലായതു രസനേന്ദ്രിയസിരകളുടെ ഘടനാസ്വഭാവസ്ഥിതിക്കും ദുൎഗ്ഗന്ധം ഘ്രാണേന്ദ്രിയസിരാസ്വഭാവസ്ഥിതിക്കും മററും അനനുഗുണമല്ലാത്തതിനാൽ അവ തട്ടുമ്പോൾ ആവക സിരകൾക്കു വലിയ ക്ഷോഭത്തോടുകൂടിയ ചലനമുണ്ടാകുന്നതുകൊണ്ടാണ് അവ അതാതിന്ദ്രിയങ്ങൾവഴിക്കുപദ്രവമുണ്ടാക്കുന്നത്. അതുപോലെ ശ്രോത്രേന്ദ്രിയസിരകളുടെ സ്വഭാവസ്ഥിതിക്കു യോജിക്കാത്ത വിധത്തിലുള്ള ശബ്ദതരംഗമാണെങ്കിൽ അതു തട്ടുമ്പോൾ ആ സിരകൾ പെട്ടെന്നു ക്ഷോഭത്തോടുകൂടി വികൃതമായിച്ചലിക്കുന്നതിനാൽ ആ ഇന്ദ്രിയംവഴിക്കുള്ള ഉപദ്രവവുമുണ്ടാകുന്നു. സാമാന്യമായി എല്ലാവരുടെയും ഓരോരോ ഇന്ദ്രിയസിരകളുടെ സൃഷ്ടിഘടനാസ്വഭാവം ഓരേ മാതിരിയിലായിരിക്കുമെങ്കിലും ദുല്ലഭം ചിലരുടേതിന്നു വൈജാത്യമുണ്ടാകുന്നതാണ്. അതുകൊണ്ടാണ് ചിലൎക്കു മധുരം ഇഷ്ടമല്ലാതെയും എരുവും പുളിയും മററും ഇഷ്ടമായും വരുന്നത്. ഈ പ്രകൃതിവിശേഷത്തെപ്പററിത്തന്നെയാണ് ശ്രീഭഗവദ്ഗീതയിൽ,—

"ആയുസ്സത്വബലാരോഗ്യസുഖപ്രീതിവിവൎദ്ധനാഃ
രസ്യാഃ സ്നിഗ്ധാഃ സ്ഥിരാ ഹൃദ്യാ ആഹാരാസ്സാത്വികപ്രിയാഃ
കട്വമ്ലലവണാത്യുഷ്ണതീക്ഷ്ണരൂക്ഷവിദാഹിനഃ
ആഹാരാ രാജസസ്യേഷ്ടാ ദുഃഖശോകാമയപ്രദാഃ.
യാതയാമം ഗതരസം പൂതി പൎയ്യുഷിതം ച യൽ
ഉച്ഛിഷ്ടമപി ചാമേദ്ധ്യം ഭോജനം താമസപ്രിയം."

എന്നിങ്ങനെ പ്രസ്താവിച്ചിട്ടുള്ളത്. അതുപോലെതന്നെയാണ് ശ്രോത്രേന്ദ്രിയത്തിന്റെ സംഗതിയും. സംഗീതം മണിനാദം മുതലായതിൽ രസമില്ലാതെയും കുട്ടവെടി, അവിലിടി, തകിലടി, പാണ്ടിമേളം മുതലായതു പ്രിയമായും ചിലരുണ്ടാകാവുന്നതാണ്. പരിചയാധിക്യംകൊണ്ടും ഓരോ ഇന്ദ്രിയത്തിന്റെ സിരകൾക്കും കുറെയൊക്കെ ഘടനാവൈജാത്യം വരുത്താവുന്നതുമാണ്. ആ വഴിക്കാണ് എരിവിഷ്ടമല്ലാത്തവനു പരിചയംകൊണ്ട് അതിഷ്ടമാകുന്നതുപോലെ ദുഃശ്രവശബ്ദങ്ങളും ദുൎഗ്ഗന്ധങ്ങളും കേട്ടുകേട്ടും ഏററെററും പരിചയിച്ചാൽ ഉപദ്രവങ്ങളല്ലാതായിത്തീരുന്നത്. അതാതുവിഷയങ്ങളുടെ സ്പൎശനിമിത്തം അതാ

തിന്ദ്രിയസിരകൾക്കുണ്ടാകുന്ന പരിസ്പന്ദനംകൊണ്ടുള്ള വ്യായാമം കണക്കിലധികമാകുമ്പോ ഴാണ് മധുരാദിരസങ്ങളിലെന്നപോലെ സംഗീതാദിസുശ്രവശബ്ദങ്ങളിലും കുറെക്കഴിയു മ്പോൾ മടുപ്പുതോന്നിത്തുടങ്ങുന്നതെന്നും ഗ്രഹിച്ചുകൊൾക.

ശബ്ദത്തിന്ന് അപ്രകാരം ശ്രവണേന്ദ്രിയസിരകളെ ക്ഷോഭിപ്പിച്ചുകൊണ്ടു ചലിപ്പി ക്കയെന്ന ഇന്ദ്രിയവൈഗുണ്യം രണ്ടു തരത്തിലുണ്ടാകാമെന്നു കാണിക്കുന്നു—

സൂ—വൈഗുണ്യം രൂപകാലവൈഷമ്യാഭ്യാം. ൻ

ഭാ—ശബ്ദങ്ങൾക്കു ശ്രോത്രേന്ദ്രിയപ്രാതികൂല്യംവരുന്നതാകട്ടേ ശബ്ദത്തിന്റെ സ്വ രൂപവൈഷമ്യംകൊണ്ടുമാകാം, ശബ്ദതരംഗങ്ങൾക്കുണ്ടാകുന്ന കാലക്രമത്തിന്റെ വൈഷമ്യം കൊണ്ടുമാകാം. അതിൽ സ്വരൂപവൈഷമ്യമെന്നതു പാറമേൽ ചിരട്ട ഉരയ്ക്കുന്നതുകൊണ്ടു ണ്ടാകുന്ന ശബ്ദം, മൂരിയുടെ മുക്കറപോലെയുള്ള ശബ്ദം മുതലായതിലാണ്. സംഗീത ത്തിൽ ഓരോ രാഗത്തിന്നു യോജിക്കാത്ത ശബ്ദം വരികയെന്ന അപസ്വരത്തിന്നും സ്വരൂപ വൈഷമ്യംതന്നെയാണുള്ളത്. അതും ഇന്ദ്രിയസിരകളെ രാഗവ്യവസ്ഥിതിവിരോധംനിമി ത്തം ക്ഷോഭിപ്പിക്കുന്നതാണ്. പക്ഷേ അതിൽ ശ്രോതാക്കളുടെ തരഭേദവുംകൂടി ഉണ്ടായിരി ക്കണമെന്നൊരു വിശേഷംകൂടിയുണ്ട്. കാലക്രമത്തിന്നു യോജിക്കാത്ത വിധത്തിലിരിക്ക യെന്നതാണ് കാലവൈഷമ്യം. എട്ടു ലഘ്വക്ഷരങ്ങളുച്ചരിപ്പാൻ വേണ്ടിവരുന്ന കാലം ഒരു മാത്ര എന്ന മാതിരിയിൽ ഏതെങ്കിലും കാലവ്യവസ്ഥയനുസരിച്ചുള്ള ഗീതം, വാദ്യം മു തലായതിൽ അതിന്റെ ഇരട്ടിയായ പതിനാറക്ഷരകാലം, പകുതിയായ നാലക്ഷരകാലം, അതിന്റെ പകുതിയായ രണ്ടക്ഷരകാലം എന്നീ വകയെല്ലാമാണ് ആ കാലക്രമത്തിന്നു യോ ജിച്ചിരിക്കുന്നത്. ആ വിധത്തിലല്ലാതെ വരുന്ന മുക്തായി, എടുപ്പു മുതലായതു കാലവൈ ഷമ്യരൂപമായ അവതാളമാണ്. പദ്യത്തിൽ വൃത്തം തെറ്റി പ്രയോഗിക്കുന്നതും കാലവൈ ഷമ്യമാണ്. അങ്ങനെയുള്ള കാലവൈഷമ്യവും ശ്രോത്രേന്ദ്രിയത്തെ ക്ഷോഭിപ്പിക്കും. രൂപ വൈഷമ്യം നേരെത്തന്നെയും കാലവൈഷമ്യം ബുദ്ധിശക്തിയിലെത്തിയതിന്നുശേഷവുമാ ണ് ക്ഷോഭിപ്പിക്കുന്നതെന്നുമാത്രം വ്യത്യാസമുണ്ട്.

ആഹതശബ്ദത്തിന്റെ ഉൽപത്തിയും സ്വരൂപവും കാണിച്ചതിന്നുശേഷം ആ ശ ബ്ദങ്ങളെ സാമാന്യമായി രണ്ടു തരത്തിൽ തിരിക്കാമെന്നു കാണിക്കുന്നു—

സൂ—ദ്വിവിധശ്ശബ്ദപ്രപഞ്ചഃ; സ്ഫോടോ നാദശ്ച. ൧൦

ഭാ—എല്ലാത്തരം ആഹതശബ്ദങ്ങളും ചുരുക്കത്തിൽ സ്ഫോടം, നാദം എന്നിങ്ങ നെ രണ്ടു വകയിലുൾപ്പെടുന്നവയാണ്. നമ്മുടെ സംഭാഷണസ്വരൂപവും മറവുമായ വർണ്ണാ ത്മകശബ്ദങ്ങളും മുള പൊളിക്ക, വിറകു വെട്ടുക മുതലായതിലുണ്ടാകുന്ന ശബ്ദങ്ങളും എല്ലാം തുടൎന്നു നില്ക്കാതെ ഒരു പൊട്ടൽ മാത്രമായതിനാൽ സ്ഫോടമെന്ന വൎഗ്ഗത്തിൽ ചേരുന്നു. വീണക്കമ്പി മീട്ടുക, മണിയടിക്കുക, പാട്ടു പാടുക തുടങ്ങിയവയിലുള്ള ശബ്ദങ്ങൾ തുടൎന്നു കൊണ്ടു നില്ക്കുന്നതിനാൽ നാദവൎഗ്ഗത്തിലും ചേരുന്നു. തുടൎന്നു നില്ക്കാതെ ഒരു പൊട്ടൽ മാ ത്രമായ ആഹതശബ്ദങ്ങളെല്ലാം സ്ഫോടം. തുടൎന്നു നില്ക്കുന്ന ആവക ശബ്ദങ്ങൾ നാദം എന്നു ചുരുക്കം. ബാലരാമഭരതകൎത്താവാകട്ടേ സ്ഫോടത്തിന്നു സഖണ്ഡശബ്ദമെന്നും നാദത്തിന്ന് അഖണ്ഡശബ്ദമെന്നും പേരുകളാണ് കൊടുത്തിട്ടുള്ളത്.

ഇവയിൽ സ്ഫോടമുള്ളേടത്തെല്ലാം നാദമുണ്ടാവില്ലെന്നല്ലാതെ നാദമുള്ളേടത്തു സ്ഫോടമില്ലാതെ വരില്ലെന്നും അതിനാൽ സ്ഫോടം വ്യാപകവും നാദം വ്യാപ്യവുമാണെ ന്നും പറയുന്നു—

സൂ—പ്രഥമവിശേഷോ ദ്വിതീയഹേതുഃ. ൧൧

ഭാ—പ്രത്യേകതരത്തിലുള്ള സ്ഫോടംനിമിത്തമായിട്ടാണ് നാദാത്മകശബ്ദമുണ്ടാകുന്നത്. സ്ഫോടവിശേഷം നാദകാരണമായ ബിന്ദുഭേദനശബ്ദവും നാദം അതിൻെറ കാൎയ്യവുമാണെന്നൎത്ഥം. അതിനാൽ സ്ഫോടം രണനാത്മകവും നാദം അനുരണനാത്മകവുമാണെന്നും സിദ്ധിക്കുന്നു.

സ്ഫോടത്തിൽ നാദമുണ്ടാക്കത്തക്ക വിശേഷധൎമ്മമുണ്ടാവാനുള്ള കാരണം കാണിക്കുന്നു—

സൂ—തദ്വിശേഷേ ച മൂൎത്താവയവദാർഢ്യാദിനിമിത്തപരീഷ്ടിഃ. ൧൨

ഭാ—ചില സ്ഫോടങ്ങളിൽമാത്രം നാദമുണ്ടാക്കത്തക്ക വിശേഷധൎമ്മമുണ്ടാകുന്നതിന്നാകട്ടേ ഏതൊരു മൂൎത്തവസ്തുവിലുള്ള അഭിഘാതംകൊണ്ടു സ്ഫോടാത്മകശബ്ദമുണ്ടാകുന്നുവോ ആ മൂൎത്തവസ്തുവിൻെറ അവയവങ്ങൾക്കുള്ള പരസ്പരബന്ധത്തിൻെറ ദാർഢ്യവിശേഷമാണ് കാരണം. പഞ്ഞിയുടെ അവയവബന്ധത്തേക്കാൾ ദൃഢമാണ് ഒരു മരത്തിൻെറ അവയവബന്ധം. അതിനേക്കാൾ ദൃഢമാണ് കരിങ്കല്ലിൻെറ അവയവബന്ധം. അതിനേക്കാളും ദൃഢമാണ് ലോഹങ്ങളുടേത്. അങ്ങനെ അവയവബന്ധത്തിനുള്ള ദൃഢത കൂടുംതോറും ആവക മൂൎത്തങ്ങളിലുള്ള അഭിഘാതത്താലുണ്ടാകുന്ന സ്ഫോടശബ്ദങ്ങൾക്കു നാദകാരണത്വമെന്ന വിശേഷധൎമ്മവും അധികമധികമാകയും ചെയ്യും. അതാണ് നിമിത്തപരീഷ്ടിഃ എന്നു പറഞ്ഞിരിക്കുന്നത്. പരീഷ്ടി താരതമ്യപരിശോധനം.

സ്ഫോടം മാത്രമായുണ്ടാകുന്നതിൻെറയും സ്ഫോടവും നാദവുമുണ്ടാകുന്നതിൻെറയും സമ്പ്രദായങ്ങൾ ദൃഷ്ടാന്തസഹിതം വിവരിക്കുന്നു—

സൂ—യത്രൈകാഭിഘാതേനൈക ഏവ മൂൎത്തപരിസ്പന്ദസ്തജ്ജന്യശബ്ദതരംഗശ്ചാശ്മഖണ്ഡപാതാദിവ ജലതരംഗസ്തത്ര സ്ഫോടമാത്രം. യത്ര പുനരേകേനൈവ തേന മൂൎത്തപരിസ്പന്ദധാരാ തരംഗപരമ്പരാ ച ദാരുഖണ്ഡപാതജപാരിപ്ലവാജ്ജലതരംഗപരമ്പരാവത്തത്ര സ്ഫോടനാദൌ. ൧൩

ഭാ—മൂൎത്താഭിഘാതംകൊണ്ടാണ് ശബ്ദമുണ്ടാകുന്നതെന്നു പറഞ്ഞിട്ടുണ്ടല്ലോ. അതിൽ ഒരഭിഘാതംകൊണ്ട് ആ മൂൎത്താവയവങ്ങളിൽ ഒരു പരികമ്പം മാത്രവും ആ പരികമ്പംകൊണ്ട് ഒരു ശബ്ദതരംഗം മാത്രവും എവിടെയുണ്ടാകുന്നുവോ അവിടെയെല്ലാം സ്ഫോടം മാത്രമാണുള്ളത്. ഒരു കല്ലു വെള്ളത്തിലിട്ടാൽ ഒരു തരംഗം മാത്രമുണ്ടാകുന്നതുപോലെയാണ് സ്ഫോടം മാത്രമുണ്ടാകുന്നതിൻെറ മാതിരിയെന്നൎത്ഥം. വൎണ്ണോച്ചാരണങ്ങളിലും മററും ആ വിധത്തിൽ ഒരു ശബ്ദതരംഗം മാത്രമാണ് ഒരഭിഘാതംകൊണ്ടുണ്ടാകുന്നത്. അങ്ങനെയല്ലാതെ പൊങ്ങിക്കിടക്കുന്ന ഒരു മരക്കഷണം വെള്ളത്തിലിട്ടാൽ അതു വീണ്ടും വീണ്ടും താണും പൊങ്ങിയും ക്രമത്തിൽ അനേകം തരംഗങ്ങൾ തുടൎന്നുണ്ടാക്കുന്നതുപോലെ ഒരു മൂൎത്താഭിഘാതത്താൽത്തന്നെ ആ മൂൎത്തവസ്തുവിൽ ഒന്നിനൊന്നു തുടൎന്ന് അനേകം പരികമ്പങ്ങളും ആ വക ഓരോ പരികമ്പംകൊണ്ടും ഓരോരോ ശബ്ദതരംഗങ്ങളും എവിടെയെല്ലാം അവിച്ഛിന്നമായ നിലയിൽ ഉണ്ടായിത്തീരുന്നുവോ അവിടെയെല്ലാം സ്ഫോടവും നാദവും ഉണ്ടാകുന്നു. അതിൽ ആദ്യത്തെ പരികമ്പംകൊണ്ടുണ്ടാകുന്ന ഒന്നാമത്തെ ശബ്ദതരംഗം സ്ഫോടം. തുടൎന്നുള്ള പരികമ്പങ്ങളാലുണ്ടാകുന്ന ശബ്ദതരംഗപരമ്പര നാദം എന്നു വിവേകം. മൂൎത്താവയവദാർഢ്യം കൂടിക്കൂടി വരുന്നതാണ് തരംഗപരമ്പരയും അധികമധികമായുണ്ടാകാനുള്ള കാരണമെന്നു മുമ്പുതന്നെ കാണിച്ചിട്ടുണ്ട്. വീണക്കമ്പി മീട്ടുക, മണിയ

ടിക്കുക മുതലായതുകൊണ്ട് ആ മാതിരി സ്ഫോടവും നാദവുമുണ്ടാകുന്നു. അവയിലെ നാദതരംഗപരമ്പര മൃദംഗം, മദ്ദളം മുതലായതു കൊട്ടുമ്പോഴുണ്ടാകുന്ന നാദതരംഗങ്ങളേക്കാൾ അധികമായും ഇരിക്കുന്നു. ഇങ്ങനെയാണ് സ്ഫോടവിശേഷം നാദത്തിന്നു കാരണമായി വരുന്നത്.

സ്ഫോടവിശേഷവും നാദപരമ്പരയും തമ്മിലും മൂൎത്തപരിസ്പന്ദങ്ങളും ശബ്ദതരംഗങ്ങളും തമ്മിലുമുള്ള കാൎയ്യകാരണഭാവത്തിന്റെ സ്വഭാവം വിവരിക്കുന്നു—

സൂ—തത്ര പ്രഥമപരിസ്പന്ദതരംഗൌ ദ്വിതീയാദിപരിസ്പന്ദതരംഗാണാം നിമിത്തീഭവതഃ. ൧൪

ഭാ — അവയിൽ മൂൎത്താഭിഘാതംകൊണ്ടുണ്ടാകുന്ന ആദ്യത്തെ മൂൎത്തപരികമ്പം പിന്നെയുണ്ടാകുന്ന പരികമ്പത്തെക്കുറിച്ചും അതു പിന്നത്തെ പരികമ്പത്തെക്കുറിച്ചും എന്ന ക്രമത്തിൽ കാരണമാകുന്നതാണ്. അതുപോലെ ആദ്യപരികമ്പംകൊണ്ടുണ്ടാകുന്നതും സ്ഫോടവിശേഷാത്മകവുമായ ആദ്യതരംഗം പിന്നത്തെ തരംഗത്തെക്കുറിച്ചും അതു പിന്നത്തെ തരംഗത്തെക്കുറിച്ചും എന്ന ക്രമത്തിൽ ശബ്ദതരംഗങ്ങൾ തമ്മിലും ഒന്നിനൊന്നു കാരണമായിരിക്കുന്നതാണ്. അങ്ങനെ മുമ്പുമുമ്പുണ്ടാകുന്ന പരികമ്പങ്ങൾ പിന്നെപ്പിന്നെയുണ്ടാകുന്ന പരികമ്പങ്ങൾക്കും അതാതുകൊണ്ടുണ്ടാകുന്ന ശബ്ദതരംഗങ്ങൾക്കും അപ്രകാരം മുമ്പുമുമ്പുണ്ടാകുന്ന തരംഗങ്ങൾ പിന്നെപ്പിന്നെയുണ്ടാകുന്ന തരംഗങ്ങൾക്കും ക്രമത്തിൽ കാരണങ്ങളാണെന്നു താൽപൎയ്യം. ആദ്യത്തെ പരികമ്പമില്ലാതെ പിന്നെയുള്ള പരികമ്പങ്ങളും ആദ്യത്തെ ത്തരംഗമില്ലാതെ പിന്നെയുള്ള തരംഗങ്ങളും ഉണ്ടാവില്ലെന്നു മാത്രമല്ല, ആദ്യപരികമ്പത്തിന്റെ ബലസ്ഥിതിയനുസരിച്ചാണ് പിന്നെയുണ്ടാകുന്ന പരികമ്പങ്ങളുടെ ബലതാരതമ്യവുമിരിക്കുന്നത്. അതുപോലെ ആദ്യതരംഗത്തിന്റെ പരിമാണസ്ഥിതിയനുസരിച്ചാണ് പിന്നെയുണ്ടാകുന്ന തരംഗങ്ങളുടെ പരിമാണതാരതമ്യവുമിരിക്കുന്നത്. അതുകൊണ്ട് ഇന്നവിധം ബലത്തിലുള്ള പരികമ്പം ഇന്ന ബലത്തിലുള്ള പരികമ്പത്തിന്നും ഇന്ന പരിമാണത്തിലുള്ള തരംഗം ഇന്ന പരിമാണത്തിലുള്ള ഉത്തരതരംഗത്തിന്നും കാരണമാകുന്നുവെന്നിങ്ങനെ പ്രത്യേകംതന്നെ ക്രമത്തിൽ ഓരോ പരികമ്പങ്ങൾക്കും ഓരോ തരംഗങ്ങൾക്കും കാൎയ്യകാരണഭാവമുണ്ടെന്നു സാരം.

പ്രകൃതവിഷയത്തിലുള്ള പക്ഷാന്തരം പറയുന്നു—

സൂ—പരിസ്പന്ദസ്യൈവ തരംഗം പ്രതി ഹേതുതാ, ന പ്രഥമാദിതരംഗസ്യാപീത്യേകേ. ൧൫.

ഭാ—ചിലർ പറയുന്നു—അഭിഘാതത്താലുണ്ടാകുന്ന ഒന്നാമത്തെ മൂൎത്തപരികമ്പം ഒന്നാമത്തെ ശബ്ദതരംഗത്തിന്നും രണ്ടാമത്തെ പരികമ്പം രണ്ടാമത്തെ തരംഗത്തിന്നും കാരണം എന്നീ ക്രമത്തിൽ ഓരോരോ പരികമ്പത്തിന്നും ഓരോരോ തരംഗത്തെക്കുറിച്ചു കാരണതയുണ്ട്. അതുപോലെ അഭിഘാതവിശേഷവും മൂൎത്തവസ്തുവിശേഷവും പരികമ്പങ്ങൾക്കുണ്ടാകുന്ന ബലാബലതാരതമ്യത്തിന്നു പ്രയോജകമായതിനാൽ പ്രഥമപരികമ്പം ദ്വിതീയപരികമ്പത്തെക്കുറിച്ചും അതു തൃതീയപരികമ്പത്തെക്കുറിച്ചും കാരണമെന്ന ക്രമത്തിൽ പരികമ്പങ്ങൾ തമ്മിലും കാൎയ്യകാരണഭാവമുണ്ട്. ഇങ്ങനെ മാത്രമല്ലാതെ പ്രഥമതരംഗം ദ്വിതീയതരംഗത്തെക്കുറിച്ചും അതു തൃതീയതരംഗത്തെക്കുറിച്ചും കാരണമെന്ന ക്രമത്തിൽ തരംഗങ്ങൾ തമ്മിലും കാൎയ്യകാരണഭാവം സ്വീകരിക്കേണ്ടതില്ല. അങ്ങനെയായാൽ പ്രഥമതരംഗ

മായ സ്ഫോടത്തിന്നും ദ്വിതീയാദിതരംഗപരമ്പരയായ നാദത്തിന്നും എല്ലാം മൂൎത്തപരികമ്പ വിശേഷങ്ങൾമാത്രം കാരണമെന്നിങ്ങനെ കാരണാംശത്തിൽ വിശേഷമൊന്നുമില്ലാത്തതു കൊണ്ടു സ്ഫോടവും നാദത്തിൻെറ അംശമാണെന്നു സ്വീകരിക്കേണ്ടിവരും. തരംഗങ്ങൾക്കും ഉത്തരോത്തരതരംഗങ്ങളെക്കുറിച്ചു കാരണതയുണ്ടെന്നു സ്വീകരിച്ചാലാകട്ടേ സ്ഫോടത്തിന്നു പൂൎവ്വതരംഗം കാരണമല്ലാത്തതുകൊണ്ടും നാദതരംഗങ്ങൾക്കെല്ലാം അതും കാരണമാണെന്നുള്ള വിശേഷംകൊണ്ടും സ്ഫോടതരംഗം നാദാംശമാണെന്നു വരുന്നതല്ല എന്നാണെങ്കിൽ സ്ഫോടവും നാദത്തിൽച്ചേൎന്ന അംശംതന്നെയാണെന്നു സ്വീകരിക്കുന്നതിന്നു വിരോധമൊന്നുമില്ല. ഇങ്ങനെയാണവരുടെ പക്ഷം.

ആ അഭിപ്രായം നല്ല യുക്തമല്ലെന്നു കാണിക്കുന്നു—

സൂ—സാമാന്യഹേതോരവ്യഭിചരിതത്വാൽ പ്രഥമതരംഗസ്യ സ്ഫോടതാ. പരിമാണതാരതമ്യാന്നുരോധാദന്യേഷു പൂൎവ്വപൂൎവ്വസ്യോത്തരോത്തരഹേതുതാ ചേത്യന്യേ. ഹന്ത.

ഭാ—മൂൎത്താഭിഘാതമില്ലാതെ മൂൎത്തപരികമ്പവും മൂൎത്തപരികമ്പമില്ലാതെ ശബ്ദസ്വരൂപമായ തരംഗവും ഉണ്ടാകയില്ല. മൂൎത്തത്തിൻെറ ഒരു പരികമ്പമുള്ളേടത്തും സ്ഫോടം കാണുന്നതുമുണ്ട്. അതുകൊണ്ടു പൊതുവായിത്തന്നെ മൂൎത്തപരികമ്പവും സ്ഫോടതരംഗവും തമ്മിൽ കാൎയ്യകാരണഭാവം സിദ്ധമാകയാൽ മൂൎത്താഭിഘാതമുള്ള ചിലേടത്ത് ഒന്നിലധികം പരികമ്പതരംഗങ്ങളുണ്ടെന്നുള്ളതുകൊണ്ട് ആദ്യത്തെ തരംഗം സ്ഫോടമല്ലെന്നോ മററു സ്ഥലങ്ങളിലില്ലാത്ത നാദത്തിൻെറ അംശമാണെന്നോ പറയുന്നതു ശരിയല്ല. സാമാന്യകാരണമായ പ്രഥമപരികമ്പം സാമാന്യകാൎയ്യമായ സ്ഫോടത്തെയാണുണ്ടാക്കുന്നതെന്നുതന്നെ സ്വീകരിക്കുന്നതേ യുക്തിയുക്തമാവുള്ളൂ. പാറപ്പുറത്തു ചിരട്ടയുരച്ചാലുണ്ടാകുന്ന ശബ്ദവും സംഭാഷണത്തിലും മററുമുള്ള വൎണ്ണാത്മകശബ്ദവും തമ്മിൽ വൈജാത്യം കാണുന്നതുകൊണ്ട് അഭിഘാതവിശേഷം പരികമ്പവിശേഷത്തിന്നും അതു സ്ഫോടവിശേഷത്തിന്നും കാരണമാണെന്നുള്ള വിശേഷകാൎയ്യകാരണഭാവം സ്വീകരിക്കേണ്ടതുണ്ടെങ്കിലും സ്ഫോടത്തിന്നും പ്രഥമപരികമ്പത്തിന്നുമുള്ള സാമാന്യകാൎയ്യകാരണഭാവം എവിടെയും അവ്യഭിചരിതമാണ്. അതിനാൽ നാദമുണ്ടാകുന്ന സ്ഥലങ്ങളിലും ആദ്യത്തെത്തരംഗം സ്ഫോടംതന്നെ. ഇനി പ്രഥമതരംഗമായ ആ സ്ഫോടവിശേഷത്തിന്നു ദ്വിതീയാദിതരംഗങ്ങളെക്കുറിച്ചു കാരണത്വം സ്വീകരിക്കുന്നതായാൽ തുല്യയുക്തികൊണ്ടു ദ്വിതീയാദിതരംഗങ്ങൾ തൃതീയാദിതരംഗങ്ങളെക്കുറിച്ചും ക്രമത്തിൽ കാരണങ്ങളാണെന്നു പറയേണ്ടിവരുമല്ലോ എന്നാണെങ്കിൽ അതും വേണ്ടതുതന്നെയാണ്. തരംഗങ്ങളുടെ പരിമാണം ക്രമത്തിൽ കുറഞ്ഞുകുറഞ്ഞുവരുന്നതിൻെറ ഉപപത്തിക്കുവേണ്ടി ഓരോ തരംഗവും പിന്നെയുണ്ടാകുന്ന തരംഗത്തെക്കുറിച്ചു കാരണമാണെന്നു സ്വീകരിക്കാതെ നിവൃത്തിയില്ല. അതുപോലെ സംഭാഷണത്തിലെ വൎണ്ണാത്മകശബ്ദങ്ങളായ സ്ഫോടങ്ങളിൽനിന്നു തരംഗപരമ്പരാരൂപമായ നാദമുണ്ടാകാത്തതിനാൽ അതുണ്ടാകുന്ന സ്ഥലത്തെ പ്രഥമതരംഗമായ സ്ഫോടവിശേഷത്തിന്നു പിന്നെയുണ്ടാകുന്ന ക്രമികതരംഗപരമ്പരയെക്കുറിച്ചു പ്രത്യേകമായും കാരണത്വമുണ്ടെന്നും സ്വീകരിക്കണം. അപ്പോൾ നാദമുള്ള സ്ഥലത്തെ പ്രഥമതരംഗം സ്ഫോടംതന്നെയും അതു നാദത്തിൻെറ അംശമല്ലാത്തതുമാണെന്നും പിന്നെയുള്ള തരംഗധാരാരൂപനാദത്തിന്നു കാരണമാണെന്നും സ്വീകരിക്കുന്നതാണ് യുക്തം. ഇങ്ങനെയാണ് മററു ചിലരുടെ മതം.

യുക്തമായ സിദ്ധാന്തം കാണിക്കുന്നു:—

സൂ—ക്രമാന്മൂൎത്തപരിസ്പന്ദാനാം സ്ഫോടവിശേഷനാദയോശ്ച പ്രത്യേകഹേതുഹേതുമദ്ഭാവോ യുക്തഃ. ൧൦

ഭാ—മൂൎത്തപരികമ്പവും ശബ്ദതരംഗവും തമ്മിൽ വൎണ്ണാദിശബ്ദസാധാരണമായ സാമാന്യകാൎയ്യകാരണഭാവം ഉള്ളതുകൊണ്ട് അതനുസരിച്ചുതന്നെ നാദസ്ഥലത്തും ഓരോ പരികമ്പവും ഓരോ തരംഗമുണ്ടാക്കുമെന്നുള്ളതു സിദ്ധമാണ്. ഒരഭിഘാതത്താൽത്തന്നെ അനേകം പരികമ്പങ്ങളുണ്ടാകുമ്പോൾ ആ പരികമ്പങ്ങൾക്കു ക്രമത്തിൽ ബലം കുറവായിവരുന്നതിന്റെ ഉപപത്തിക്കുവേണ്ടി ഇത്രബലത്തിലുള്ള പൂൎവ്വപരികമ്പം ഇത്രബലത്തിലുള്ള ഉത്തരപരികമ്പത്തിന്നു കാരണമെന്നിങ്ങനെ നാദസ്ഥലത്തു പൂൎവ്വപൂൎവ്വപരികമ്പങ്ങൾക്ക് ഉത്തരോത്തരപരികമ്പങ്ങളെക്കുറിച്ചു പ്രത്യേകകാൎയ്യകാരണഭാവമുണ്ടെന്നു മാത്രമേ വിശേഷാൽ സ്വീകരിക്കേണ്ടതുള്ളൂ. അതുപോലെ പരികമ്പത്തിന്റെ ബലസ്ഥിതിക്കും തരംഗത്തിന്റെ പരിമാണസ്ഥിതിക്കും സാമാന്യമായിത്തന്നെ കാൎയ്യകാരണഭാവമുള്ളതിനാൽ അതനുസരിച്ചുതന്നെ തരംഗങ്ങൾക്കുണ്ടാകുന്ന പരിമാണതാരതമ്യം നാദസ്ഥലത്തും സംഭവിക്കുന്നതുകൊണ്ടു തരംഗപരിമാണതാരതമ്യത്തിന്റെ ഉപപത്തിക്കുവേണ്ടി ഓരോ തരംഗത്തിനും ഉത്തരോത്തര തരംഗത്തെക്കുറിച്ചു കാരണതയുണ്ടെന്നും സ്വീകരിക്കേണ്ടതില്ല. സ്ഫോടവിശേഷം തരംഗപരമ്പരാസ്വരൂപമായ നാദത്തെക്കുറിച്ചു കാരണമെന്നുള്ള വിശേഷകാൎയ്യകാരണഭാവം മാത്രം സ്വീകരിച്ചാൽ മതി. കാൎയ്യവും കാരണവും ഒന്നായി വരാത്തതിനാൽത്തന്നെ കാരണമായ സ്ഫോടവിശേഷം കാൎയ്യമായ നാദത്തിന്റെ അംശമാകുന്നതല്ലെന്നു സിദ്ധിക്കയും ചെയ്യും. ഇങ്ങനെയെല്ലാമാണ് യുക്തിയുക്തമായ സിദ്ധാന്തമതം.

വീണ, മണി മുതലായ മൂൎത്തദ്രവ്യങ്ങളിൽ അവയുടെ അവയവസംയോഗദാൎഢ്യം നിമിത്തമാണ് അഭിഘാതത്താൽ പരികമ്പധാരവഴിക്കു സ്ഫോടവും നാദവുമുണ്ടാകുന്നതെങ്കിലും ശാരീരശബ്ദങ്ങളിൽ സംഭാഷണത്തിൽ നാദമില്ലാതെയും ഗാനത്തിൽ നാദമുണ്ടായും വരുന്നതെങ്ങനെയെന്നുള്ള ശങ്കക്കു സമാധാനം പറയുന്നു—

സൂ—ശാരീരേ ശബ്ദവാഹിനീനാം സിരാണാം ശൈഥില്യേന ദാൎഢ്യേന ച ചോഭയം ൧൧.

ഭാ—സംഭാഷണങ്ങളിൽ ശരീരത്തിലെ ശബ്ദവാഹിനികളായ സിരകൾ അധികം ബലപ്പെടാതെ സാമാന്യം അയഞ്ഞുകൊണ്ടിരിക്കുന്നതാണ്. അതിനാൽ അവയിലുള്ള പ്രാണവായുസംയോഗരൂപമായ അഭിഘാതം ഒരു പരികമ്പം മാത്രമേ ഉണ്ടാക്കുന്നുള്ളൂ. അതുകൊണ്ടാണ് സംഭാഷണങ്ങളിൽ നാദമുണ്ടാകാതെ സ്ഫോടംമാത്രമുണ്ടാകുന്നത്. ഗാനത്തിലാകട്ടെ ആ സിരകളുടെ അവയവങ്ങൾ തമ്മിൽ മുറുകിച്ചേൎന്നു ദൃഢങ്ങളായിരിക്കും. അപ്പോൾ അവയിലുണ്ടാകുന്ന പ്രാണവായ്വഭിഘാതം പരികമ്പധാരയെ ഉണ്ടാക്കുകയും ആ വഴിക്കു സ്ഫോടവിശേഷവും നാദവുമുണ്ടാകയും ചെയ്യും. ശബ്ദവാഹിനികളായ സിരകളിൽ പ്രാണവായുവിനെത്തട്ടിച്ചിട്ടാണ് ശരീരത്തിൽനിന്നു ശബ്ദം പുറപ്പെടുവിക്കുന്നതെന്നു ശരീരശാസ്ത്രസിദ്ധം. ആ വക സിരകളുടെ അവയവസംയോഗത്തിന്നു ദൃഢത കൂടുംതോറും അവയുടെ പരികമ്പസംഖ്യയും കൂടിവരുമെന്നും ആവഴിക്കാണ് നാദത്തിന്നു മന്ദ്രമധ്യതാരാദിഭേദങ്ങളുണ്ടാകുന്നതെന്നും മേലിൽ സ്പഷ്ടമാവും.

മേൽപ്രകാരം അഭിഘാതത്താലുണ്ടാകുന്ന നാദത്തിന്റെ ചില വകഭേദങ്ങൾ വിവരിക്കുന്നു —

സൂ—സൂക്ഷ്മസ്ഥൂലഭേദാദ്ദ്വിവിധോ നാദഃ. ആദ്യോവ്യക്തഃ. ദ്വിതീയോ വ്യക്തഃ. ൧൯.

ഭാ—സൂക്ഷ്മനാദം, സ്ഥൂലനാദം എന്നിങ്ങനെ അഭിഘാതജന്യമായ ആഹതനാദം രണ്ടു തരത്തിലുണ്ട്. അതിൽ സൂക്ഷ്മനാദം അവ്യക്തമാണ്. ശ്രോത്രേന്ദ്രിയം വഴിക്കു നമുക്കു ഗ്രഹിക്കാൻ സാധിക്കാത്തതരത്തിലിരിക്കുന്നതാണെന്നർത്ഥം. സ്ഥൂലനാദമാകട്ടെ വ്യക്തമാണ്. സാധാരണയായി ശ്രോത്രേന്ദ്രിയം വഴിക്കു ഗ്രഹിപ്പാൻ കഴിയുന്നതാണെന്നർത്ഥം. അഭിഘാതജന്യമായ ആഹതനാദത്തിന്റെതന്നെ വകഭേദങ്ങളാണിവയെന്നും അനാഹതനാദം ഇതിലുൾപ്പെടുന്നതല്ലെന്നും അഭിഘാതജന്യശബ്ദവിശേഷങ്ങളെപ്പററി പ്രതിപാദിക്കുന്ന പ്രകൃതമായതിനാൽ സിദ്ധിക്കുന്നുവെന്നറിഞ്ഞുകൊൾക.

സൂക്ഷ്മനാദത്തിൽനിന്നാണ് സ്ഥൂലനാദമുണ്ടായിത്തീരുന്നതെന്നു കാണിപ്പാനായി സൂക്ഷ്മനാദത്തിന്നുണ്ടാകുന്ന അവസ്ഥാഭേദങ്ങളെപ്പറയുന്നു—

സൂ—താരതമ്യാദാദ്യസ്യ ത്ര്യവസ്ഥഃ. ൨൦

സൂക്ഷ്മതായാഃ എന്നു ചേർക്കണം. സൂക്ഷ്മനാദം സ്ഥൂലനാദമായിപ്പരിണമിക്കുന്നതിന്നു മുമ്പിൽ അതിന്നു സൂക്ഷ്മതയുടെ ഏററക്കുറവനുസരിച്ച് സൂക്ഷ്മതമം, സൂക്ഷ്മതരം, സൂക്ഷ്മം ഇങ്ങനെ ക്രമത്തിൽ മൂന്നവസ്ഥകളുണ്ട്.

അവയിൽ ആദ്യത്തേതായ സൂക്ഷ്മതമാവസ്ഥയുടെ സ്വഭാവം വേദാന്താദിശാസ്ത്രപ്രതിപാദിതമായ സൃഷ്ടിക്രമസ്വഭാവത്തെ ഉദാഹരണമായിക്കാണിച്ചുകൊണ്ടു വിവരിക്കുന്നു—

സൂ—തത്ര നാദോൽപാദനേച്ഛായാം മധ്യാഭിധാനചക്രസ്ഥിതാന്തരഗ്ന്യാഹതേ ബ്രഹ്മഗ്രന്ഥിജവായൌ തേന തത്രത്യാന്തരിക്ഷേ വാ സൃഷ്ട്യുന്മുഖപ്രകൃതൌ ബിന്ദുസമ്പാദകമിവാതിസൂക്ഷ്മം യദനാഹതനാദസ്യ ചലനം ജായതേ, പരാശക്തിരൂപതാദൃശപ്രകൃതിസാമ്യാത്തദംശത്വാദ്വാ പരാസംജ്ഞാ തച്ചലനാവസ്ഥാ സൂക്ഷ്മതമേത്യുച്യതേ. ൨൧.

ഭാ—മേൽപറഞ്ഞ മൂന്നു സൂക്ഷ്മനാദാവസ്ഥകളിൽ ആദ്യത്തേതിന്റെ സ്വഭാവം ഇപ്രകാരമാണ്—നാദം പുറപ്പെടുവിക്കണമെന്ന ഇച്ഛയുണ്ടാകുമ്പോൾ നാഭിയുടെ താഴെ മധ്യചക്രം എന്നു പേരായ സ്ഥലത്തുള്ള അന്തരഗ്നി, ബ്രഹ്മഗ്രന്ഥി എന്നു പേരായ നാഭിചക്രത്തിലുള്ള വായുവിൽ തട്ടുന്നു. അതിനാൽ ആ വായുവിൽ, അല്ലെങ്കിൽ സിദ്ധാന്തപക്ഷമനുസരിച്ച് അപ്രകാരം അഭിഹതമായ വായുവിലുണ്ടായ അതിസൂക്ഷ്മപരികമ്പത്താൽ അവിടെയുള്ള അന്തരീക്ഷത്തിലെ അനാഹതനാദാണുക്കളിൽ അതിസൂക്ഷ്മമായ ഒരു ചലനമുണ്ടായിത്തീരുന്നു. എങ്ങനെയെന്നാൽ, വേദാന്തശാസ്ത്രപ്രകാരം ഈശ്വരന്റെ സൃഷ്ടീച്ഛ പ്രവൃത്തിക്കുമ്പോൾ മായാരൂപിണിയായ പ്രകൃതിയിൽ നാദസൃഷ്ടിക്കടിസ്ഥാനമായി ഒരു ബിന്ദു ഉണ്ടാകാൻ ആ പ്രകൃതിയിൽ എപ്രകാരം വളരെ സൂക്ഷ്മമായ ചലനമുണ്ടാകുന്നുവോ അതുപോലെയാണ് പ്രസ്തുതചലനമുണ്ടായി അനാഹതനാദാണുക്കൾക്കു ഘനീഭാവം വരുന്നത്. സൃഷ്ടിയിൽ ഉന്മുഖിയും പരാശക്തിസ്വരൂപിണിയുമായ ആ പ്രകൃതിയുടെ സ്ഥിതിയോടുള്ള സാദൃശ്യത്താലും നാദാരംഭരൂപമായ സൃഷ്ടിവിശേഷോദ്യമമായതിനാലും പര എന്നുതന്നെ പേരുള്ള ആ നാദാവസ്ഥയാണ് ആദ്യത്തേതും സൂക്ഷ്മതമവുമായിട്ടുള്ള അവസ്ഥ. പ്രകൃതിയെന്ന മായയിൽ ബിന്ദു, നാദതത്വം, മഹത്തത്വം, അഹങ്കാരം, ശബ്ദതന്മാ

ത്രം, അന്തരീക്ഷം, സ്പർശതന്മാത്രം, വായു, രൂപതന്മാത്രം, തേജസ്സ്, രസതന്മാത്രം, ജലം, ഗന്ധതന്മാത്രം, പൃഥിവി ഇങ്ങനെയുള്ള പഞ്ചഭൂതാന്തസൃഷ്ടിക്രമങ്ങളും സൃഷ്ടിതൽപരയായ പ്രകൃതിക്കാണ് പരാശക്തിയെന്നു പറയുന്നതെന്ന സംഗതിയും സാംഖ്യവേദാന്താദിശാസ്ത്രങ്ങളാൽ സിദ്ധമാണ്.

രണ്ടാമത്തേതായ സൂക്ഷ്മതരനാദാവസ്ഥയുടെ സ്വഭാവം വിവരിക്കുന്നു—

സൂ—തതഃ കിഞ്ചിദൂർധ്വം ഗതേ തരംഗരൂപതാമാപദ്യമാനേ തസ്മിൻ ബിന്ദ്വാത്മനാ പരിണതായാം നാദോന്മുഖ്യാമിവ പ്രകൃതൗ യോവസ്ഥാവിശേഷഃ സ്വവിശേഷരൂപോന്മുഖതയാ പശ്യന്തീസംജ്ഞാ സാ ദ്വിതീയാ സൂക്ഷ്മതരാവസ്ഥാ. ൨.൨.

ഭാ—അതിന്നുശേഷം ചലനവിശേഷംകൊണ്ടു ഘനീഭാവത്തെ അവലംബിച്ച ആ നാദാണുക്കൾ പ്രാണവായുവഴിക്കുതന്നെ അല്പം മേൽപ്പോട്ടു കയറി ഹൃദയത്തിലേക്കു വ്യാപിക്കാൻ തുടങ്ങുന്നു. അങ്ങനെ വ്യാപിക്കാൻ തുടങ്ങുന്നതു തരംഗാകൃതിയെ പ്രാപിക്കാൻ തുടങ്ങിക്കൊണ്ടും മന്ദ്രം, മധ്യം, താരം മുതലായ നാദവിശേഷരൂപങ്ങളുണ്ടാവാൻ കാരണമായ തരംഗവേഗക്രമങ്ങളെ യുക്തംപോലെ അവലംബിക്കാൻ അനുഗുണമായ വിധത്തിലുമാണ്. നാഭിചക്രത്തിൽനിന്നു കുറച്ചു മുകളിലേക്കു വ്യാപിക്കുന്നതും തരംഗാകൃതിയെ പ്രാപിക്കാൻ തുടങ്ങുന്നതുമായ ആ അണുചലനവിശേഷത്തിന്റെ സ്ഥിതിയാകട്ടെ ബിന്ദുരൂപത്തിലായിപ്പരിണമിച്ചതും നാദരൂപമായിപ്പരിണമിക്കാൻ തുടങ്ങുന്നതുമായ പ്രകൃതിയിൽ ഏതൊരു പ്രത്യേകസ്ഥിതിയുണ്ടാകുന്നുവോ അതിനോടു തുല്യമാണ്. ഓരോരോ തരത്തിലുള്ള തരംഗാകൃതിയിലേക്കുന്മുഖമായതിനാൽ 'പശ്യന്തി' എന്നു പ്രാചീനാചാര്യന്മാർ പേർ കൊടുത്തിട്ടുള്ള ആ നാദസ്ഥിതിയാണ് രണ്ടാമത്തേതായ സൂക്ഷ്മതരാവസ്ഥ. മന്ദ്രമധ്യതാരാദികളായ തരംഗവേഗവിശേഷങ്ങളെ നോക്കിക്കൊണ്ടിരിക്കുന്ന സ്ഥിതിയിലുള്ളതെന്നു ചുരുക്കം.

മൂന്നാമത്തെതായ സൂക്ഷ്മാവസ്ഥയുടെ സ്വഭാവം വിവരിക്കുന്നു.

സൂ—അഥ ഹൃദയഗതേ തസ്മിൻ, മന്ദ്രാദിഹേതുഭൂതതരംഗക്രമവൈജാത്യമാപന്നേ യോഗിനാം ശ്രവണഗോചരഃ പരേഷാം ധ്യാനഗോചരശ്ച മധ്യമാസംജ്ഞസ്സൂക്ഷ്മാവസ്ഥാവിശേഷഃ. ൨.൩

ഭാ—അതിൽപിന്നെ ആ ചലനവിശേഷം ഹൃദയത്തിലേക്കു തരംഗാകൃതിയെ പ്രാപിച്ചുകൊണ്ടു വ്യാപിക്കുന്നു. അങ്ങനെ വ്യാപിക്കുന്നതു മന്ദ്രം, മധ്യം, താരം; ഉദാത്തം, അനുദാത്തം, സ്വരിതം എന്നീവക നാദവിശേഷരൂപങ്ങളും സ്ഫോടവിശേഷരൂപങ്ങളും ഉണ്ടാവാൻ കാരണമായ തരംഗവേഗക്രമത്തെ അവലംബിച്ചുകൊണ്ടുമാണ്. ഹൃദയത്തിലെത്തിയ ആ നാദം അകത്തുനിന്നു പുറപ്പെടുന്നതു യോഗാഭ്യാസം ശീലിച്ചിട്ടുള്ള യോഗികൾക്കു ശ്രോത്രേന്ദ്രിയംകൊണ്ടുതന്നെ കേൾപ്പാൻ സാധിക്കുന്നതാണ്. പ്രണവം ശരിയായിജ്ജപിച്ചുകൊണ്ടു പ്രാണായാമംചെയ്തു ശീലിച്ചാൽ ആ പ്രണവനാദം തന്നെത്താൻ കേൾക്കാറായിത്തീരുമെന്നും മററും യോഗശാസ്ത്രപ്രസിദ്ധവുമാണ്. സാധാരണജനങ്ങൾക്കാകട്ടേ ആ നിലയിൽ അതു ശ്രോത്രേന്ദ്രിയംകൊണ്ടു കേൾപ്പാൻ സാധിക്കില്ല. എങ്കിലും അതിന്റെ മന്ദ്രമധ്യതാരാദിസ്വരൂപവിശേഷങ്ങൾ വേർതിരിച്ചു ധ്യാനിക്കാവുന്നതാണ്. അപ്രകാരം ധ്യാനിച്ചാലേ ഓരോന്നും അതാതു രൂപത്തിൽ പുറത്തേക്കു പ്രകാശിപ്പിക്കാൻ ശാരീരഗാനം,

വേദാദ്യുച്ചാരണം തുടങ്ങിയവയിലെന്നല്ല വീണാഗാനാദികളിൽപോലും സാധിക്കയുമുള്ളു. മേൽപ്രകാരം വ്യക്തവ്യക്തനാദങ്ങളുടെ മദ്ധ്യസ്ഥിതിയിലുള്ളതാകയാൽ 'മദ്ധ്യമ' എന്നു പ്രാചീനാചാര്യന്മാർ പേർ കൊടുത്തിട്ടുള്ള ആ നാദസ്ഥിതിയാണ് മൂന്നാമത്തേതായ സൂക്ഷ്മാവസ്ഥ.

സൂക്ഷ്മനാദത്തിന്റെ അവസ്ഥാത്രയത്തെ വിവരിച്ചതിനുശേഷം സ്ഥൂലനാദത്തിന്റെ ഉൽപത്തിസ്വഭാവം സാമാന്യമായി വിവരിക്കുന്നു—

സൂ—പുനശ്ശബ്ദവാഹിനീപരികമ്പപൂർവ്വകം കണ്ഠഗതേ തസ്മിൻ വൈഖരീസംജ്ഞോ വ്യക്തോ നാദ ഇതി. ൨൪

ഭാ—മേൽപ്രകാരമുള്ള സൂക്ഷ്മനാദം പിന്നെ ഹൃദയത്തിൽനിന്നു മേൽപ്പോട്ടും വ്യാപിച്ചു കണ്ഠത്തിന്റെ സമീപത്തിലെത്തി അവിടെ ശബ്ദവാഹിനികളായുള്ള നാഡികളെ അതാതു തരംഗവേഗത്തിന്നനുസരിച്ചു പരികമ്പനംചെയ്യിച്ചു കണ്ഠത്തിൽക്കൂടി പുറത്തേക്കു പ്രവഹിക്കുന്നു. അപ്പോഠം അതെല്ലാവൎക്കും കേഠക്കത്തക്ക വിധത്തിലുള്ളതും വ്യക്തവുമായ സ്ഥൂലനാദമായിത്തീരുകയും ചെയ്യുന്നു. അപ്രകാരം കണ്ഠത്തിലെത്തി വ്യക്തമായിപ്പരിണമിക്കുന്ന അവസ്ഥക്കു പ്രാചീനാചാര്യന്മാർ വൈഖരി എന്നു പേരും കൊടുത്തിട്ടുണ്ട്. ഇങ്ങനെ നാദത്തിന്നു പര, പശ്യന്തി, മദ്ധ്യമ, വൈഖരി എന്നു നാലു പരിണാമാവസ്ഥകളുണ്ടെന്നു ചുരുക്കം. ഈ വിഷയത്തിൽ,

"മൂലാധാരാൽ പ്രഥമമുദിതോ യസ്തു ഭാവഃ പരാഖ്യഃ
പശ്ചാൽ പശ്യന്ത്യഥ ഹൃദയഗോ ബുദ്ധിയുങ്മദ്ധ്യമാഖ്യഃ
വക്ത്രേ വൈഖര്യഥ രുരുദിഷോരസ്യ ജന്തോസ്സുഷുമ്നാ-
ബദ്ധസ്തസ്മാദ്ഭവതി പവനപ്രേരിതോ വൎണ്ണസംഘഃ."

എന്നുള്ള ഭഗവൽപാദാചാര്യവചനവും കണ്ടുകൊഠക. സൂത്രത്തിലെ 'ഇതി' എന്നതു സൂക്ഷ്മസ്ഥൂലനാദങ്ങളുടെ സ്വഭാവം വിവരിച്ചുകഴിഞ്ഞുവെന്നു കാണിപ്പാനാണ്.

ശാരീരനാദത്തിന്റെ ഉൽപത്തിയിൽ മേൽപ്രകാരം സൂക്ഷ്മസ്ഥൂലക്രമമുണ്ടെങ്കിലും വീണാദിനാദോൽപത്തിയെപ്പററിയേടത്തോളം ആ ക്രമമെങ്ങനെ ശരിയാകുമെന്നുള്ള ശങ്കയെപ്പരിഹരിപ്പാൻ പറയുന്നു—

സൂ—വീണാദാവപ്യേവമേവ നാദോൽപത്തിക്രമഃ. തദജ്ഞാനമപി വേഗാതിശയാൽ. ൨൫

ഭാ—വീണ, തുംബുരു മുതലായതിലും ഈ വിധത്തിൽ ആദ്യം ഒരു ചലനം പിന്നെ തരംഗസഞ്ചരപോന്മുഖത, തരംഗാകൃതിപ്രാപ്തി എന്ന ക്രമത്തിൽ സൂക്ഷ്മനാദം ഉണ്ടായതിന്നു ശേഷംതന്നെയാണ് കേഠക്കത്തക്ക സ്ഥൂലനാദമുണ്ടാകുന്നത്. വീണക്കമ്പി മീട്ടിയാൽ ഉടൻതന്നെ സ്ഥൂലനാദം ഉണ്ടാകുന്നതായിട്ടാണല്ലോ തോന്നുന്നത്. അവിടെ മേൽപ്പറഞ്ഞ ക്രമമൊന്നും അനുഭവപ്പെടുന്നില്ല. അപ്രകാരം സൂക്ഷ്മതമാദിനാദാവസ്ഥകളുണ്ടായിട്ടാണ് സ്ഥൂലനാദോൽപത്തിയെങ്കിൽ മീട്ടിട്ടു കുറച്ചുനേരം കഴിഞ്ഞിട്ടേ സ്ഥൂലനാദം കേഠക്കാൻ സാധിക്കയുള്ളുവല്ലോ എന്ന ആക്ഷേപത്തിന്നുള്ള സമാധാനമാണ് 'തദജ്ഞാനമപി' എന്നു മുതൽക്കുള്ളത്. മേൽപ്രകാരം സൂക്ഷ്മനാദം ഉണ്ടായിട്ടാണ് സ്ഥൂലനാദമുണ്ടാകുന്നതെന്നറിവാൻ സാധിക്കാത്തതു നാദോൽപത്തിക്രമത്തിന്നുള്ള വേഗാധിക്യം നിമിത്തമാണ്. ശാരീരനാദവിഷയത്തിലും നാദം പുറപ്പെടുവിക്കാൻ തുടങ്ങിയാലുടൻത

ന്നെ സ്ഥൂലനാദമുണ്ടായിട്ടാണ് നമുക്ക തോന്നുന്നത്. അതുപോലെ ശാരീരനാദമോ വീണാനാദമോ മററു ശബ്ദങ്ങളോ ഒരിടത്തുണ്ടായാലുടൻതന്നെ അതു കേറംക്കുന്നതായിട്ടാണ് സാധാരണയായി നമുക്ക തോന്നുന്നത്. ആ ശബ്ദതരംഗം ശ്രവണേന്ദ്രിയത്തിലെത്താനുള്ള കാലക്രമം അറിയുന്നില്ല. അതെല്ലാം എങ്ങനെ അവയുടെ ക്രമത്തിന്റെ വേഗാതിശയം മൂലമായിസ്സംഭവിക്കുന്നുവോ അതുപോലെതന്നെ വീണാദിനാദോൽപത്തിസ്ഥലത്തുള്ള സൂക്ഷ്മസ്ഥൂലക്രമങ്ങളും വേഗാധിക്യത്താലാണ് അറിവാൻ സാധിക്കാത്തതെന്നു താൽപര്യം. ശാരീരനാദസ്ഥലത്തെ ദൃഷ്ടാന്തമായിക്കാണിക്കുന്നതിന്നാണ് 'തദജ്ഞാനമപി' എന്നതിലെ അപിശബ്ദം.

ഈ നാദവിഭാഗവിഷയത്തിൽ ചില പ്രാചീനാചാര്യന്മാരുടെ അഭിപ്രായങ്ങറം കാണിക്കുന്നു—

സൂ—അതിസൂക്ഷ്മസൂക്ഷ്മപുഷ്ടാപുഷ്ടകൃത്രിമഭേദാൽ പഞ്ചവിധോ നാദ ഇതി നിശ്ശങ്കാദയഃ. ൨൩

ഭാ—അതിസൂക്ഷ്മം, സൂക്ഷ്മം, പുഷ്ടം, അപുഷ്ടം, കൃത്രിമം ഇങ്ങനെ നാദം അഞ്ചു വിധത്തിലാണെന്നു രത്നാകരകാരനായ നിശ്ശങ്കശാർങ്ഗദേവൻ മുതലായ പ്രാചീനഗ്രന്ഥകാരന്മാർ പറയുന്നു. "അതിസൂക്ഷ്മശ്ച സൂക്ഷ്മശ്ച പുഷ്ടോപുഷ്ടശ്ച കൃത്രിമഃ ഇതി പഞ്ചാഭിധാം ധത്തേ" എന്നു ശാർങ്ഗദേവനും അപ്രകാരംതന്നെ സമയസാരകത്താവായ പാൎശ്വദേവനും പറഞ്ഞിട്ടുണ്ട്. മതംഗമുനിയാകട്ടേ പുഷ്ടാപുഷ്ടശബ്ദങ്ങറംക്കു പകരം വ്യക്താവ്യക്തശബ്ദങ്ങളെയാണ് അതേ അൎത്ഥത്തിൽത്തന്നെ പ്രയോഗിച്ചിരിക്കുന്നതെന്നുമാത്രം വ്യത്യാസം.

ആ അഞ്ചുവിധം നാദങ്ങളുടെയും സ്വഭാവം പറയുന്നു—

സൂ—അതിസൂക്ഷ്മോ നാഭിഗഃ. സൂക്ഷ്മോ ഹൃദയഗഃ. പുഷ്ടഃ കണ്ഠഗഃ. അപുഷ്ടശ്ശിരോഗഃ. കൃത്രിമസ്ത്വാസ്യസ്ഥാനവികാരജഃ. ൨൪

ഭാ—അവയിൽ നാഭിസ്ഥാനത്തെ പ്രാപിച്ച നാദമാണ് അതിസൂക്ഷ്മമെന്നത്. ഹൃദയത്തെ പ്രാപിച്ചതു സൂക്ഷ്മം. കണ്ഠത്തിലെത്തിയതു പുഷ്ടം. ശിരസ്സിന്റെ പ്രയത്നത്തോടുകൂടി ധ്വനിപ്പിക്കേണ്ട താരനാദം അപുഷ്ടം. വായിലെ താലു, ഗണ്ഡം, ജിഹ്വ, ഓഷ്ഠം മുതലായ അവയവങ്ങറം ചുരുക്കിയും വിടൎത്തിയും കോട്ടിയും മററും വികാരപ്പെടുത്തിയോ അനുനാസികപ്രധാനമാക്കിയോ ധ്വനിപ്പിക്കുന്ന നാദം കൃത്രിമം. ഈ കൃത്രിമനാദം ഉത്തരദേശീയസംഗീതത്തിലാണ് അധികമുണ്ടായിരിക്കുക. ദക്ഷിണദേശീയത്തിൽ കുറവാണ്. "നാഭിഹൃൽകണ്ഠമൂൎദ്ധാസ്യേഷ്വാവിൎഭാവയതി ധ്വനിം" എന്നും "ഇതി പഞ്ചാഭിധാം ധത്തേ പഞ്ചസ്ഥാനസ്ഥിതഃ ക്രമാൽ." എന്നുമുള്ള രത്നാകരവചനം നോക്കുക.

പ്രകൃതവിഷയത്തിൽ ഈ ഓരോ നാദവിശേഷത്തിന്റെയും സ്വഭാവം മററുചിലർ വിവരിച്ചിട്ടുള്ളതു ശരിയല്ലെന്നു ശിഷ്യജ്ഞാനവിശേഷത്തിന്നുവേണ്ടിപ്പറയുന്നു—

സൂ—സൂക്ഷ്മപുഷ്ടാപുഷ്ടാഃ ക്രമാന്മന്ദ്രമധ്യതാരാ ഏവേതി കേചിൽ. തദയുക്തം. കൃത്രിമസ്യാപി തഥാഭാവേന വിഭാഗവ്യാഘാതാൽ. ൨൫

ഭാ—മന്ദ്രനാദം ഹൃദയത്തിൽനിന്നും മധ്യനാദം കണ്ഠത്തിൽനിന്നും താരനാദം ശിരസ്സിൽനിന്നും പുറപ്പെടുന്നുവെന്നാണ് പ്രാചീനന്മാർ പറയുന്നത്. അതിനാൽ സൂക്ഷ്മം ഹൃദയസ്ഥാനത്തെ പ്രാപിച്ച നാദമാണെന്നും മററുമുള്ള വിവരണംകൊണ്ടു സൂക്ഷ്മമെന്നതു മന്ദ്ര

സ്ഥായിനാദവും പുഷ്ടമെന്നതു മധ്യസ്ഥായിനാദവും അപുഷ്ടമെന്നതു താരസ്ഥായിനാദവു മാണെന്നാണ് മേൽക്കാണിച്ച ആചാര്യന്മാരുടെ അഭിപ്രായം എന്നു ചിലർ വിവരിക്കുന്നുണ്ട്. അതു ശരിയല്ല. ഒന്നാമത് മന്ദ്രമധ്യതാരങ്ങൾക്ക ഹൃദയകണ്ഠശിരസ്സുകളാണ് ക്രമത്തിൽ സ്ഥാനങ്ങളെന്നു പറഞ്ഞിട്ടുള്ളതിന്നുതന്നെ അതാതു സ്ഥാനങ്ങളിലാണ് ഓരോന്നും പുറപ്പെടുവിക്കാൻ പ്രയത്നാധിക്യം വേണ്ടിവരുന്നതെന്നു മാത്രമേ അർത്ഥമുള്ളൂ. അല്ലാതെ ഓരോന്നും അതാതു സ്ഥാനങ്ങളിൽനിന്നാണ് പുറപ്പെടുന്നതെന്നർത്ഥമില്ല. ഓരോന്നിന്നും മററുള്ള സ്ഥാനങ്ങളിൽ പ്രയത്നം തീരെ ആവശ്യമില്ലെന്നു താൽപര്യവുമില്ല. എല്ലാത്തരം നാദങ്ങളും മുമ്പു കാണിച്ച പ്രകാരം ബ്രഹ്മഗ്രന്ഥിയിൽനിന്നു പുറപ്പെടുന്നവയാകയാൽ അപ്രകാരം അർത്ഥം കല്പിക്കുന്നതു ശാസ്ത്രത്തിന്നോ അനുഭവത്തിന്നോ യോജിക്കുന്നതുമല്ല. എന്നുതന്നെയല്ല മന്ദ്രാദികളായ ഏതു സ്ഥായിയിലുള്ള നാദങ്ങളും കണ്ഠസമീപത്തുള്ള ശബ്ദവാഹിനീസിരകളുടെ പരികമ്പംകൂടാതെ പുറത്തു കേൾക്കത്തക്കവിധം പുറപ്പെടാത്തതിനാൽ മന്ദ്രാദിസ്ഥായിനാദങ്ങൾക്ക ഹൃദയാദിസ്ഥാനങ്ങളിലാണ് പ്രയത്നാധിക്യം വേണ്ടതെന്ന അർത്ഥം മാത്രമേ ആവുക സ്ഥാനഭേദത്തെപ്പററിപ്പറഞ്ഞിട്ടുള്ള പ്രാചീനഗ്രന്ഥത്തിന്നു കല്പിക്കാനും തരമുള്ളൂ. രണ്ടാമത് സൂക്ഷ്മപുഷ്ടാപുഷ്ടശബ്ദങ്ങൾക്ക ക്രമത്തിൽ മന്ദ്രമധ്യതാരങ്ങൾ എന്നാണ് അർത്ഥമെങ്കിൽ കൃത്രിമനാദത്തിലും മന്ദ്രം, മധ്യം, താരം എന്ന വകഭേദങ്ങൾ വരുന്നതിനാൽ കൃത്രിമനാദത്തെ പ്രത്യേകം ഒരു വർഗ്ഗമായിഗ്ഗണിച്ചുകൊണ്ടുള്ള അതിസൂക്ഷ്മം, സൂക്ഷ്മം, പുഷ്ടം, അപുഷ്ടം, കൃത്രിമം എന്ന പ്രകൃതവിഭാഗംതന്നെ ശരിയാകയുമില്ല. അതു മനുഷ്യർ നാലുവിധം; പുരുഷൻ, സ്ത്രീ, ബ്രാഹ്മണൻ, ക്ഷത്രിയൻ എന്ന മാതിരിയിൽ അസംബന്ധമായിത്തീരുന്നേക്കും. അതുകൊണ്ടു സ്ഥായി ഏതായാലും ഹൃദയത്തിലെത്തിയ നാദത്തിന്നു സൂക്ഷ്മമെന്നും കണ്ഠത്തിലെത്തിയതിന്നു പുഷ്ടമെന്നും ശിരസ്സിലെത്തിയതിന്നു പുഷ്ടി കുറയുന്നതിനാൽ അപുഷ്ടമെന്നും വികാരം വരുത്തിയ വായിലെത്തിയതിന്നു കൃത്രിമമെന്നും പറഞ്ഞുവരുന്നുവെന്നുതന്നെയാണ് ആ പ്രാചീനവിഭാഗത്തിന്നു താൽപര്യം. നാദങ്ങളെ മന്ദ്രം, മധ്യം, താരമെന്ന നിലയിൽ പ്രകൃതവിഭാഗത്തിൽ ഗണിച്ചിട്ടില്ലെന്ന സംഗതി രത്നാകരത്തിലെ "വ്യവഹാരേ ത്വസൌ ത്രേധാ ഹൃദി മന്ദ്രോഭിധീയതേ കണ്ഠേ മധ്യോ മൂർധ്നി താരഃ—." എന്ന ഉത്തരഗ്രന്ഥംകൊണ്ടു സൂചിപ്പിച്ചിട്ടുമുണ്ട്.

സൂക്ഷ്മം, സ്ഥൂലം എന്ന രണ്ടു വർഗ്ഗത്തിൽത്തന്നെ മേൽപറഞ്ഞ അഞ്ചു തരങ്ങളും ഉൾപ്പെടുന്നതിനാൽ പ്രാചീനാചാര്യന്മാരുടെ ആ വിഭാഗം ശിഷ്യബുദ്ധിക്കുള്ള മാർഗ്ഗദർശനം മാത്രമാണെന്നും നാദഭേദങ്ങൾ അസംഖ്യേയങ്ങളാണെന്നും സൂചിപ്പിച്ചുകൊണ്ട് ആ രണ്ടു വർഗ്ഗത്തിലുൾപ്പെടുന്നതെങ്ങനെയെന്നു കാണിക്കുന്നു—

സൂ—പരാപശ്യന്തീഭ്യാമാദ്യസ്യ മധ്യമയാ ദ്വിതീയസ്യ വൈഖര്യാ തൃതീയാദേശ്ച സംഗ്രഹഃ. ൨൯

ഭാ—മേൽക്കാണിച്ചവയിലെ അതിസൂക്ഷ്മനാദമെന്നതു പര, പശ്യന്തി എന്ന രണ്ടവസ്ഥകളിലുള്ള നാദംതന്നെയാണ്. രണ്ടവസ്ഥയേയും കൂട്ടിച്ചേർത്തു പറഞ്ഞിരിക്കുന്നുവെന്നേ ഉള്ളൂ. സൂക്ഷ്മനാദമെന്നതു മധ്യമാവസ്ഥയിലെത്തിയ നാദവുമാണ്. പുഷ്ടം, അപുഷ്ടം, കൃത്രിമം ഇവ മൂന്നും വൈഖര്യവസ്ഥയിലെത്തിയ നാദത്തിന്റെ ഉൾപ്പിരിവുകൾ മാത്രമാകയാൽ വ്യക്തമായ സ്ഥൂലനാദത്തിലും ചേരുന്നു: വ്യക്തനാദത്തിന്ന് ആ മാതിരി വകഭേദങ്ങൾ പിന്നെയും അനേകമുണ്ട്. വാതപിത്തകഫങ്ങളിലേതെങ്കിലും ഒന്നു പ്രധാനമായും രണ്ടെണ്ണം പ്രധാനമായും മൂന്നും ഒരേ നിലയിലും വരുന്ന ശരീരപ്രകൃതിഭേദങ്ങളനു

സരിച്ച വ്യക്തശാരീരനാദത്തിന്നു പലവകഭേദങ്ങളുമുണ്ടാകുന്നതാണ്. അതുപോലെ സഹജമോ ആഗന്തുകമോ ആയ കണ്ഠാദിസ്ഥാനവൈഗുണ്യംകൊണ്ടും വ്യക്തനാദത്തിന്നു പല വകഭേദങ്ങളുമുണ്ട്. സ്ത്രീപുരുഷഭേദത്താലും ബാല്യകൌമാരാദിവയോഭേദത്താലും അതിന്നു വകഭേദങ്ങളുണ്ട്. വീണ, വേണു മുതലായ ഗാനയന്ത്രങ്ങളുടെ ഭേദമനുസരിച്ചും അവയിൽത്തന്നെയും ഓരോന്നിന്റെ അവയവസന്നിവേശവിശേഷമനുസരിച്ചും എത്രയോ വകഭേദങ്ങളുണ്ട്. ഈ സംഗതിയെപ്പററി ചില പ്രാചീനാചാൎയ്യന്മാർ "ഉച്ചൈസ്തരോ ധ്വനീ രൂക്ഷോ വിജ്ഞേയോ വാതജോ ബുധൈഃ ഗംഭീരോ ഘനലീനശ്ച ജ്ഞാതവ്യഃ പിത്തജോ ധ്വനിഃ" എന്നും മററും പ്രസ്താവിച്ചിട്ടുമുണ്ട്. അതിനാൽ സാമാന്യമായി അവയെല്ലാം സ്ഥൂലനാദം എന്ന ഒരു വൎഗ്ഗമായിഗ്ഗണിച്ച സൂക്ഷ്മം, സ്ഥൂലം എന്നു വേർതിരിച്ചുകൊണ്ടുതന്നെയാണ് നാദസാമാന്യവിഭാഗം അധികം യുക്തമെന്നു താൽപൎയ്യം.

വ്യക്തമെന്ന സ്ഥൂലനാദത്തിന്റെതന്നെ ജ്ഞാനമുണ്ടാകുന്നതിന്നു നാദതരംഗങ്ങളുടെ വേഗതാരതമ്യവും പരികമ്പബലതാരതമ്യവുംകൂടി സഹകാരികാരണങ്ങളാണെന്നുള്ളതിന്നു തെളിവു കാണിപ്പാനായി സാധാരണജനങ്ങളുടെ ശ്രവണേന്ദ്രിയശക്തിയെപ്പററിയേടത്തോളം സ്ഥൂലനാദത്തിന്നുതന്നെ രണ്ടുതരംപ്പിരിവുണ്ടെന്നു പറയുന്നു—

സൂ—സോയം നാദഃ പരികമ്പതരംഗയോർബ്ബലവേഗതാരതമ്യാച്ഛ്രോത്രയോഗ്യായോഗ്യശ്ച. ൨൦.

ഭാ—മേൽപ്രകാരമുണ്ടാകുന്ന സ്ഥൂലനാദം ആ നാദത്തിന്നു കാരണമായ മൂൎത്തപരികമ്പങ്ങളുടെ ബലാബലസ്ഥിതിയനുസരിച്ചും അതുകൊണ്ടുണ്ടാകുന്ന നാദതരംഗങ്ങളുടെ വേഗത്തിന്നുള്ള താരതമ്യമനുസരിച്ചും ശ്രവണയോഗ്യമെന്നും ശ്രവണായോഗ്യമെന്നും രണ്ടു വിധത്തിൽ വരുന്നതാണ്. ശ്രവണയോഗ്യം കേൾക്കാവുന്നത്. ശ്രവണായോഗ്യം കേൾക്കാൻ കഴിയാത്തത്. മൂൎത്താഭിഘാതം മുട്ടുവായവിധം നാക്കനക്കുക, വീണക്കമ്പി വളരെപ്പതുക്കെയൊന്നു തട്ടിയെന്നുവരുത്തുക എന്നീ വകയിൽ മൂൎത്തപരികമ്പം അല്പമൊന്നുണ്ടാകുമെങ്കിലും അതുകൊണ്ടു ചെറിയ നാദതരംഗവും ഉണ്ടാകുന്നതാണെങ്കിലും അവിടെ പരികമ്പത്തിന്നു വേണ്ടേടത്തോളം ബലമോ നാദതരംഗത്തിന്നു വേണ്ടേടത്തോളം പരിമാണമോ ഉണ്ടാകാത്തതിനാൽ ആ നാദം നമുക്കു കേൾക്കാൻ കഴിയുന്നതല്ല. നമ്മുടെ മററുള്ള ഇന്ദ്രിയങ്ങളുടെ ശക്തികൾക്കെന്നപോലെ ശ്രവണേന്ദ്രിയശക്തിക്കും സൃഷ്ടികൎത്താവ് ഒരു വ്യവസ്ഥിതി നിശ്ചയിച്ചേർപ്പെടുത്തീട്ടുണ്ട്. ആ വ്യവസ്ഥിതശക്തിക്കധീനമായ തരത്തിലുള്ള നാദമേ സ്ഥൂലനാദങ്ങളിലും നമുക്കു ഗ്രഹിപ്പാൻ സാധിക്കയുള്ളൂ. അതുപോലെ പരികമ്പബലമുള്ളേടത്തും നാദതരംഗങ്ങളുടെ വേഗവും ഇന്നിന്നതരത്തിലിരുന്നാലേ ശ്രവണേന്ദ്രിയംകൊണ്ടു ഗ്രഹിപ്പാൻ നമുക്കു കഴികയുള്ളൂ എന്ന വ്യവസ്ഥയോടുകൂടിയുമാണ് ആ ഇന്ദ്രിയം സൃഷ്ടിച്ചിട്ടുള്ളത്. ആ വ്യവസ്ഥിതവേഗത്തിൽനിന്നു കുറഞ്ഞ വേഗത്തിലുള്ള തരംഗമായാലും കൂടിയ വേഗത്തിലുള്ളതായാലും നമുക്കു കേൾക്കാൻ കഴികയില്ല. ഓരോ ജീവികളുടെയും ഇന്ദ്രിയശക്തിസൃഷ്ടിയിലുള്ള ഈ വ്യവസ്ഥിതിയുടെ വ്യത്യാസംകൊണ്ടാണ് മനുഷ്യൎക്കു കേൾക്കാൻ കഴിയാത്ത ശബ്ദവും മററു ചില ജന്തുക്കൾക്കു കേൾക്കാൻ കഴിയുന്നതെന്നും ധരിച്ചുകൊൾക.

മേൽപ്രകാരം ശ്രവണയോഗ്യതായോഗ്യതകളുണ്ടാക്കുന്ന നാദതരംഗവേഗതാരതമ്യത്തിന്റെ ഒരു സാമാന്യജ്ഞാനത്തിന്നുവേണ്ടി വേഗത്തിന്റെ ഏററക്കുറവു കാലപരിമാണമനുസരിച്ചാകയാൽ ആദ്യം ഈ ശാസ്ത്രപ്രകാരമുള്ള കാലപരിമാണവ്യവസ്ഥകൾ വിവരിക്കുന്നു—

സൂ—അവ്യവഹിതലഘ്വക്ഷരോച്ചാരണകാലോ നിമേഷഃ. തേഷ്ടൌ കാഷ്ഠാ. താസ്ത്രിംശൽ കലാ. തദഷ്ടകം ക്ഷണഃ. തേ ദ്വാദശ മുഹൂർത്തഃ. തേ ത്രിംശദഹോരാത്ര ഇത്യത്ര കാലപരിമിതിഃ. ൨൧.

ഭാ—ഒട്ടും ഇടവിടാതെ വേഗത്തിൽ കചടതപ എന്ന മാതിരി ചില ഹ്രസ്വാക്ഷരങ്ങളുച്ചരിക്കുമ്പോൾ അതിൽ ഒരക്ഷരം ഉച്ചരിപ്പാൻ വേണ്ടിവരുന്ന കാലത്തിന്നു നിമേഷമെന്നു പേർ. സൂത്രത്തിലെ ലഘ്വക്ഷരമെന്നതിന്നു മേൽകാണിച്ച കചടതപ മുതലായ ലഘ്വക്ഷരമാണ് വിവക്ഷിതം. അതിനാൽ അ അ അ അ അ എന്ന മാതിരി ഒരേ സ്വരാക്ഷരങ്ങൾ ചേർത്തുച്ചരിപ്പാൻ കാലം അധികം വേണ്ടിവരുമെങ്കിലും അതിലെ ഒരക്ഷരം ഉച്ചരിപ്പാൻ വേണ്ടിവരുന്ന കാലം നിമേഷമാവില്ല. അങ്ങനെയുള്ള എട്ടു നിമേഷങ്ങൾ ചേൎന്ന കാലത്തിന്നു കാഷ്ഠയെന്നു പേർ. മുപ്പതു കാഷ്ഠകൾ ചേൎന്ന കാലം ഒരു കല. എട്ടു കലകൾ ചേൎന്നത് ഒരു ക്ഷണം. പന്തിരണ്ടു ക്ഷണങ്ങൾ ചേൎന്നത് ഒരു മുഹൂർത്തം, അതായതു രണ്ടു നാഴിക. മുപ്പതു മുഹൂർത്തങ്ങൾ ചേൎന്നത് ഒരഹോരാത്രം, ഒരു ദിവസം. ഇങ്ങനെയാണ് ഈ ശാസ്ത്രത്തിലെ കാലമാനക്രമം. മററു ചില ശാസ്ത്രങ്ങളിൽ വേറെപ്പലതരത്തിലും കാലമാനത്തെപ്പററി പ്രതിപാദിച്ചിട്ടുണ്ടെങ്കിലും ഇവിടെ ഈ വിധത്തിലുള്ള കാലമാനഗണനമാണ് യുക്തവും ഉപയുക്തവുമായിട്ടുള്ളത് എന്നു ഹൃദയം. ഇതു പ്രകാരം ഒരു നിമേഷമെന്നതു നവീനകാലമാനപ്രകാരമുള്ള ഒരു സെക്കണ്ടിൻെറ എട്ടിൽ ഒരംശമാണെന്നറിഞ്ഞുകൊൾക.

ഇനി ഈ കാലമാനവ്യവസ്ഥയനുസരിച്ച മൂർത്തപരികമ്പങ്ങളുടെയും നാദതരംഗങ്ങളുടെയും വേഗവ്യവസ്ഥയും ആ വഴിക്കു നാദത്തിന്നുണ്ടാകുന്ന ശ്രവണയോഗ്യതായോഗ്യതകളും കാണിക്കുന്നു—

സൂ—തത്രൈകസ്മിൻ നിമേഷേ പരികമ്പതരംഗാണാം ചതുഷ്ടയാദാപഞ്ചസഹസ്രമുൽപത്തൌ ശ്രവണയോഗ്യതാ ന്യൂനതായാമാധിക്യേ ച ‌തദയോഗ്യതാ. മർത്ത്യേന്ദ്രിയാണാം പരിമിതബലത്വാൽ. ൨൨.

ഭാ—മേൽകാണിച്ച കാലമാനപ്രകാരമുള്ള ഒരു നിമേഷത്തിൽ നാലു മുതൽ അയ്യായിരംവരെയുള്ള സംഖ്യയിലുൾപ്പെട്ട ഏതെങ്കിലും സംഖ്യയാണ് മൂർത്തപരികമ്പങ്ങൾക്കും നാദതരംഗങ്ങൾക്കും ഉണ്ടാകുന്ന വേഗപ്രമാണമെങ്കിൽ ആ നാദങ്ങളെല്ലാം ശ്രവണയോഗ്യമായിരിക്കും. നാലിൽ കുറഞ്ഞ സംഖ്യയോ അയ്യായിരത്തിലധികമായ സംഖ്യയോ ആണ് ഒരു നിമേഷത്തിലുണ്ടാകുന്ന പരികമ്പതരംഗങ്ങളുടെ വേഗപ്രമാണമെങ്കിൽ നാദമുണ്ടാകുമെങ്കിലും നമ്മുടെ ഇന്ദ്രിയശക്തി പരിമിതമായതിനാൽ ആ നാദം ശ്രവണയോഗ്യമാകയില്ല.

ഇന്ദ്രിയബലത്തിന്നുള്ള വ്യവസ്ഥിതിക്കു പുറമെ സ്ഫോടനാദങ്ങളിൽ നാദം കേൾക്കാൻ മററുചില സാമഗ്രികൾകൂടിയുണ്ടെന്നും നിമേഷത്തിൽ മേൽപറഞ്ഞതിൽനിന്നു കുറഞ്ഞോ കൂടിയോ ഉള്ള വേഗമാകുമ്പോൾ ആ സാമഗ്രിയും ഇല്ലാതായിത്തീരുമെന്നും കാണിപ്പാനായി നാദതരംഗങ്ങളുണ്ടാക്കുന്ന മൂർത്തപരികമ്പത്തിൻെറ പ്രത്യേകസ്വഭാവം വിവരിക്കുന്നു—

സൂ—ശൃംഖലിതബന്ധോ യോഗ്യനാദപരികമ്പഃ. ൨൩.

ഭാ—നാദതരംഗങ്ങളുണ്ടാകത്തക്കവിധം മൂർത്തപരികമ്പങ്ങൾ തുടൎന്നുണ്ടാകണമെങ്കിൽ അഭിഹതമായ മൂർത്തവസ്തുവിൻെറ അവയവബന്ധം വളരെ ദൃഢമായിരിക്കണമെന്നു മുമ്പുതന്നെ പറഞ്ഞിട്ടുണ്ടല്ലോ. അങ്ങനെയുള്ള അവയവബന്ധദാർഢ്യം കാരണം ശ്രവണയോഗ്യനാദമുണ്ടാക്കുന്ന മൂർത്തപരികമ്പങ്ങൾ ചങ്ങലപോലെ അതിൻെറ അവയവങ്ങൾ

ഇടക്കിടക്ക തമ്മിൽ പിണഞ്ഞുകൊണ്ടു തന്തുക്കൾ തമ്മിൽ പിണഞ്ഞുചേൎന്നാലത്തെപ്പോലെയാണുണ്ടാകുന്നത്. അതിനാൽ നിമേഷത്തിലുണ്ടാകുന്ന പരികമ്പം നാലിൽ കുറയുമ്പോൾ ആ മൂൎത്തവസ്തുവായ വീണക്കമ്പി മുതലായതു ദൃഢമാകാതെ അയഞ്ഞിരിക്കുന്നതുകൊണ്ടും അയ്യായിരത്തിലധികമാകുമ്പോൾ മുറുക്കം അധികമാകുന്നതുകൊണ്ടും പരികമ്പങ്ങൾക്ക് ആ മാതിരി ശൃംഖലിതബന്ധമുണ്ടാകുന്നതല്ല. അപ്പോൾ ആ ശബ്ദത്തിന്നു ശ്രവണയോഗ്യതയും വരില്ല.

വിഷയസ്പഷ്ടതക്കുവേണ്ടി അങ്ങനെയുള്ള മൂൎത്തപരികമ്പശൃംഖലയുടെ സ്വഭാവം വിവരിക്കുന്നതിന്നായി പരികമ്പവേഗവും നാദസ്ഥിതിയും തമ്മിലുള്ള ബന്ധം കാണിക്കുന്നു—

സൂ—പരികമ്പവേഗതാരതമ്യാന്നാദോച്ചനീചഭാവഃ. ൩൪

ഭാ—നിമേഷമാനത്തിൽ പരികമ്പസംഖ്യ കൂടുന്തോറും നാദതരംഗങ്ങൾ അധികമധികം വേഗത്തിലായിത്തീരും. അങ്ങനെ തരംഗവേഗം കൂടുംതോറും നാദം അധികമധികം ഉച്ചത്തിലാകയും തരംഗവേഗം കുറയുംതോറും നാദവും നീചത്തിലായി വരികയും ചെയ്യുന്നതാണ്. പരികമ്പത്തിന്റെയും തരംഗത്തിന്റെയും വേഗതാരതമ്യമാണ് നാദത്തിന്നുച്ചനീചഭാവമുണ്ടാക്കുന്നതെന്നൎത്ഥം.

ആ ഉച്ചനീചഭാവക്രമത്തിൽതന്നെ നാദത്തിന്നു ചില സാജാത്യവൈജാത്യങ്ങളുമുണ്ടെന്നു പറയുന്നു—

സൂ—പരിസ്പന്ദതരംഗസംഖ്യാനാം ദ്വിദ്വിഗുണാനാം നാദസാജാത്യഹേതുതാ. ൩൫.

ഭാ—വീണക്കമ്പിയിലോ ശബ്ദവാഹിനീനാഡിയിലോ മേൽപ്രകാരം പരികമ്പസംഖ്യ കൂടുംതോറും ക്രമത്തിൽ നാദത്തിന്നുച്ചത കൂടിവരുന്ന സംഗതിയിൽ പ്രത്യേകം ഒരു വിശേഷവുംകൂടിയുണ്ട്. നിമേഷമാനത്തിലുള്ള ഒരു പരികമ്പസംഖ്യ മൂൎത്താവയവബന്ധദാൎഢ്യം കൂടുംതോറും കൂടിക്കൂടി മുമ്പുണ്ടായിരുന്ന സംഖ്യയുടെ ഇരട്ടിസ്സംഖ്യയായിത്തീരുമ്പോൾ ഉണ്ടാകുന്ന നാദവും ആദ്യത്തെപ്പരികമ്പസംഖ്യകൊണ്ടുണ്ടാകുന്ന നാദവും ഒരേ ജാതിയിൽ ചേൎന്നതായിരിക്കും. എന്നുവെച്ചാൽ നീചോച്ചഭാവങ്ങളെപ്പററിയേടത്തോളവും മററും ഓരോ നിലയിലുള്ള നാദങ്ങൾക്കും നമ്മുടെ ഹൃദയത്തിൽ അതിസൂക്ഷ്മങ്ങളായ ചില വികാരവിശേഷങ്ങളുണ്ടാക്കാൻ കഴിവുണ്ട്. നാദങ്ങൾക്ക മാത്രമല്ല, വൎണ്ണാത്മകശബ്ദങ്ങൾ, കരച്ചിൽ, അലച്ച തുടങ്ങിയവക്കുപോലും ഉച്ചനീചഭാവമനുസരിച്ചു വികാരവിശേഷമുണ്ടാക്കാനുള്ള ആനുകൂല്യമുണ്ട്. ശൃംഗിയെടുത്തു പറയുന്നതും മററും വളരെപ്പതുക്കെ മന്ദ്രധ്വനിയിലായാൽ വേണ്ടതുപോലെയാവില്ലല്ലോ. നാദഭേദങ്ങൾക്കുള്ള ആ വിശേഷസ്വഭാവം ആസ്പദമാക്കി അവയെ പൊതുവേ ദീപ്ത, കരുണ, ആയത, മൃദ്വി, മദ്ധ്യ എന്നീവക സംജ്ഞകളുള്ള ചില ജാതികളിൽച്ചേൎന്നവയായി പ്രാചീനാചാൎയ്യന്മാർ കല്പിച്ചിട്ടുണ്ട്. അതുപ്രകാരം നിമേഷമാനത്തിൽ ഏതെങ്കിലും ഒരു പരികമ്പസംഖ്യകൊണ്ടുണ്ടാകുന്ന നാദവും ആ സംഖ്യയുടെ ഇരട്ടിസ്സംഖ്യകൊണ്ടുണ്ടാകുന്ന നാദവും അവ തമ്മിലുച്ചനീചഭാവമുണ്ടെങ്കിലും സജാതീയവികാരങ്ങളെയാണ് ജനിപ്പിക്കുന്നതെന്ന അംശംകൊണ്ടു സജാതീയങ്ങളാണ് എന്നു താല്പൎയ്യം. അങ്ങനെ നിമേഷത്തിൽ അമ്പതു പരികമ്പങ്ങൾകൊണ്ടുണ്ടാകുന്ന നാദവും നൂറ പരികമ്പങ്ങൾകൊണ്ടുണ്ടാകുന്ന നാദവും ഇരുനൂറ പരികമ്പങ്ങൾ, നാനൂറ പരികമ്പങ്ങൾ, എണ്ണൂറ പരികമ്പങ്ങൾ ഇവകൊണ്ടുണ്ടാകുന്ന നാദങ്ങളും എല്ലാം സജാതീയ

ങ്ങളായിരിക്കും. ആ സംഖ്യകളല്ലാത്ത പരികമ്പസംഖ്യകൾകൊണ്ടുണ്ടാകുന്ന നാദങ്ങൾ അതിന്നു വിജാതീയങ്ങളാണ്. അതുപോലെ ൩൦, ൧൨൦, ൨൪൦, ൪൮൦ എന്നീ സംഖ്യകൾകൊണ്ടുണ്ടാകുന്ന നാദങ്ങൾ സജാതീയങ്ങൾ. അവയല്ലാത്ത സംഖ്യകൾകൊണ്ടുണ്ടാകുന്നവയെല്ലാം അവക്കു വിജാതീയങ്ങൾ. ഇങ്ങനെ ഏതു സംഖ്യയായാലും അതിൻെറ ഇരട്ടിസ്സംഖ്യ, അതിൻെറയും ഇരട്ടിസ്സംഖ്യ എന്നിവയാലുണ്ടാകുന്ന നാദങ്ങൾക്കു സാജാത്യവും മററു സംഖ്യകളാലുണ്ടാകുന്നവക്ക് അവയോടു വൈജാത്യവുമുണ്ടെന്നു ചുരുക്കം. അനന്തമായ ഉച്ചനീചനാദപ്രവാഹപരമ്പരയിൽ ഒരു സ്ഥായി എന്ന വിഭാഗത്തിന്നും അതുപ്രകാരം മന്ദ്രസ്ഥായി, മദ്ധ്യസ്ഥായി, താരസ്ഥായി എന്നീവക വ്യവസ്ഥകൾക്കും ആസ്പദമായിരിക്കുന്നതും നാദസാജാത്യമുണ്ടാക്കുന്ന പരികമ്പസംഖ്യകളുടെ ഈ ഇരട്ടിപ്പുകൾതന്നെയാണ്. അതിനാൽ ഒരു വീണയിലെ കമ്പി മട്ടുകളിലൊന്നിലും തൊടുവിക്കാതെ മേരുവും കകുഭവും അവലംബമാക്കി നിർത്തി മീട്ടിയാൽ എത്ര പരികമ്പംകൊണ്ടുണ്ടാകുന്ന നാദമാണോ പുറപ്പെടുന്നത് അതിൻെറ ഇരട്ടിവരേയുള്ള സംഖ്യകൾകൊണ്ടുണ്ടാകുന്ന നാദപരമ്പരക്കെല്ലാം കൂടി ഒരു സ്ഥായിയെന്നു പറയുന്നു. പിന്നെ ആ ഇരട്ടിയുടെ ഇരട്ടിവരേയുള്ള പരികമ്പസംഖ്യകൾകൊണ്ടുണ്ടാകുന്ന നാദങ്ങളെല്ലാം കൂടി രണ്ടാമത്തെ സ്ഥായി. പിന്നെ അതിൻെറയും ഇരട്ടിവരെയുള്ള സംഖ്യകളാലുണ്ടാകുന്ന നാദങ്ങളെല്ലാം കൂടി മൂന്നാമത്തെ സ്ഥായി. ഇങ്ങനെ ക്രമം. ശാരീരത്തിലും എത്ര സിരാപരികമ്പങ്ങൾകൊണ്ടുണ്ടാകുന്ന നാദത്തെ ഗീതാവലംബമാക്കുന്നുവോ അതിൻെറ ഇരട്ടിപ്പരികമ്പങ്ങൾകൊണ്ടുണ്ടാകുന്ന നാദത്തിന്നിടയിലുള്ള സിരാപരികമ്പസംഖ്യാജന്യനാദങ്ങളെല്ലാം ഒരേ സ്ഥായിയിലുൾപ്പെട്ടവയാണെന്നുതന്നെയാണ് നിയമം.

മേൽപ്രകാരം പരികമ്പദ്വിഗുണതയാണ് നാദസ്ഥായികൾക്കടിസ്ഥാനമെന്നു വീണയിൽ തെളിയിപ്പാനായി വീണക്കമ്പി മീട്ടിയാലുണ്ടാകുന്ന പരികമ്പശൃംഖലയുടെ സ്വഭാവം കാണിക്കുന്നു—

സൂ—ബഹുതരാംശസന്ധാനഘടിതാ പരികമ്പശൃംഖലാ. ൩൩

ഭാ—വീണയിലും മററും നാദമുണ്ടാക്കുന്ന മൂർത്തപരികമ്പശൃംഖല, പല ഭാഗങ്ങളിലും രണ്ടു തണ്ടുകൾ ചേരുംപോലെച്ചേർന്നു പിണഞ്ഞുകൊണ്ടും ആ ഓരോ ഭാഗങ്ങളുടെ വ്യവസ്ഥിതാംശങ്ങളിലും അതുപോലെ ഉൾപ്പിണച്ചിലോടുകൂടിയ അംശപരികമ്പങ്ങളുള്ള അനേകം ഭാഗങ്ങളടങ്ങിക്കൊണ്ടുള്ള വിധത്തിലുമാണുണ്ടാകുന്നത്. ആ ഭാഗങ്ങളെല്ലാം വലിയ ഭാഗത്തിന്നുള്ളിൽ ചെറിയത്, അതിന്നുള്ളിൽ അതിലും ചെറിയത് എന്ന ക്രമത്തിലുമാണ്.

ഇനി ആ പരികമ്പശൃംഖലാസന്ധികളിൽ പ്രധാനങ്ങളായ ചിലതിൻെറ സ്വരൂപങ്ങൾ ക്രമത്തിൽ പറയുന്നു—

സൂ—മദ്ധ്യേ മഹാസന്ധിർമ്മദ്ധ്യതാരസ്ഥായിഭേദകഃ. തസ്യ ച ഭാഗദ്വയം സർവ്വാംശപരികമ്പസംഖ്യാതോ ദ്വിഗുണം സ്വയം പൃഥക് പരികമ്പതേ ൩൪

ഭാ—പരികമ്പനം ചെയ്തുകൊണ്ടിരിക്കുന്ന വീണക്കമ്പിയുടെ കകുഭം മുതൽ മേരുവരെയുള്ള നീളത്തിൻെറ മദ്ധ്യത്തിലായി ആ നീളത്തെ രണ്ടു സമഭാഗങ്ങളാക്കിത്തിരിക്കുന്ന ഒരു വലിയ പരികമ്പശൃംഖലാസന്ധിയുണ്ട്. ആകെയുള്ള നീളത്തിൽ പരികമ്പമുണ്ടാകുമ്പോഴും ആ സന്ധിസ്ഥാനത്തിൻെറ രണ്ടു ഭാഗങ്ങളും ആകെയുള്ള നീളത്തിൻെറ പരികമ്പ

സംഖ്യയുടെ ഇരട്ടിസ്സംഖ്യയിൽ പ്രത്യേകം പരികമ്പിക്കയും ചെയ്യും. അതിനാൽ ആകെയുള്ള നീളത്തിൽ മദ്ധ്യസ്ഥായി ഷഡ്ജനാദമാണെങ്കിൽ ആ മഹാസന്ധിസ്ഥാനത്തു താരസ്ഥായി ഷഡ്ജനാദമായിരിക്കും പുറപ്പെടുന്നത്. അങ്ങനെ ആ മഹാസന്ധി മദ്ധ്യതാരസ്ഥായികളെ വേർതിരിച്ചു കാണിക്കുന്നതുമാണ്. മേൽപ്രകാരം നീളത്തെ രണ്ടു ഭാഗമാക്കിത്തിരിച്ചും ആ ഭാഗങ്ങളെ ഇരട്ടിപ്പരികമ്പിപ്പിച്ചും വരുന്നതിനാൽ ആകെയുള്ള നീളത്തിൻെറ പരികമ്പം തടയത്തക്കവിധം ആ സന്ധിസ്ഥാനത്തു വിരലോ മറേറാ വെച്ചടച്ചു കമ്പി മീട്ടിയാലും രണ്ടു ഭാഗങ്ങളും പ്രത്യേകം ഇരട്ടിപ്പരികമ്പിക്കുന്നതിന്നു പ്രതിബന്ധം നേരിടാത്തതിനാൽ അവിടെ അപ്പോഴും ആ താരഷഡ്ജനാദം ശുദ്ധമായി പുറപ്പെടുന്നതാണ്. അപ്രകാരം പുറപ്പെടുന്ന നാദത്തിന്നു സ്വയംഭൂനാദമെന്നു പ്രാചീനാചാര്യന്മാർ സംജ്ഞയും കൊടുത്തിട്ടുണ്ട്.

സൂ—തഥാ ത്രിചതുഷ്പഞ്ചഷഡാദ്യംശവിഭാജകാനി ച സന്ധാനാനി. തത്തദ്ഭാഗാനാം പൃഥക്തത്തദ്ഗുണപരികമ്പാശ്ച യഥായഥമന്തരന്തഭ്വന്തി. ന-വ

ഭാ—അപ്രകാരംതന്നെ ആ സാമാന്യപരികമ്പശൃംഖലയുടെ നീളത്തെ മൂന്നു സമഭാഗങ്ങളാക്കിത്തിരിക്കുന്ന രണ്ടു ശൃംഖലാസന്ധികളുണ്ടായിരിക്കുന്നതാണ്. സാമാന്യപരികമ്പത്തോടുകൂടി ആ മൂന്നു സമഭാഗങ്ങളും പ്രത്യേകം പരികമ്പിക്കയും ആ പ്രത്യേകപരികമ്പങ്ങൾ സാമാന്യപരികമ്പസംഖ്യയുടെ മൂന്നിരട്ടിയായിരിക്കയും ചെയ്യും. ആ രണ്ടു സന്ധികളിലും വിരൽവെച്ചടച്ചു മീട്ടിയാൽ സാമാന്യപരികമ്പത്തിന്നു പ്രതിബന്ധംവന്നാലും പ്രത്യേകഭാഗപരികമ്പങ്ങളുടെ ഫലമായി സ്വയംഭൂനാദം പുറപ്പെടുന്നതാണ്. ആ നാദം പരികമ്പശൃംഖലയെ രണ്ടായിത്തിരിക്കുന്നതും ആ ഭാഗങ്ങളെ സാമാന്യപരികമ്പത്തിൻെറ ഇരട്ടിപ്പരികമ്പിപ്പിക്കാൻ കഴിവുള്ളതുമായ ശൃംഖലാമദ്ധ്യസന്ധിയിൽ സ്വയംഭൂവായുണ്ടാകുന്ന താരഷഡ്ജനാദത്തേക്കാൾ ഉച്ചമായ താരപഞ്ചമനാദമായിരിക്കുന്നതുമാണ്. പരികമ്പസംഖ്യ കൂടുംതോറും നാദം ഉച്ചോച്ചമായിരിക്കുമെന്നുള്ളതുതന്നെ അതിന്നു കാരണം. അതുപോലെ പരികമ്പശൃംഖലയെ നാലു സമഭാഗങ്ങളാക്കിത്തിരിക്കുന്ന മൂന്നു സന്ധികളും സാമാന്യപരികമ്പത്തോടുകൂടി ഉണ്ടാകയും ആ നാലു ഭാഗങ്ങളും സാമാന്യപരികമ്പസംഖ്യയുടെ നാലിരട്ടിവിതം പ്രത്യേകം പരികമ്പിക്കയും ചെയ്യും. ആ മൂന്നു സന്ധികളിലും മേൽപ്രകാരമുണ്ടാകുന്ന സ്വയംഭൂനാദമാകട്ടേ ഭാഗങ്ങളുടെ പ്രത്യേകപരികമ്പസംഖ്യ സാമാന്യപരികമ്പസംഖ്യയുടെ നാലിരട്ടിയായതിനാൽ താരതരഷഡ്ജനാദമായിരിക്കുന്നതാണ്. എന്നാൽ ആ മൂന്നു സന്ധികളിൽ നടുക്കുള്ള സന്ധിയുടെ സ്ഥാനം പരികമ്പശൃംഖലയെ രണ്ടു ഭാഗങ്ങളാക്കിത്തിരിക്കുന്ന മഹാസന്ധിസ്ഥാനംതന്നെയായതിനാൽ അവിടെ താരഷഡ്ജനാദമാണ് സ്വയംഭൂനാദമായിക്കേൾക്കുക. താരതരഷഡ്ജനാദം അതിൽ ലയിച്ചുപോകും. എന്തുകൊണ്ടെന്നാൽ പരികമ്പശൃംഖലയിലുണ്ടാകുന്ന ഭാഗകമ്പനതത്തുക്കൾ ഭാഗങ്ങളുടെ പരിമാണതാരതമ്യമനുസരിച്ച് ഒന്നിനുള്ളിലൊന്നായിട്ടാണുണ്ടാകുന്നത്. രണ്ടു ഭാഗങ്ങളാക്കിത്തിരിക്കുന്ന പിണച്ചിലുള്ള കമ്പനതത്തുവിന്നുള്ളിലാണ് മൂന്നാക്കിത്തിരിക്കുന്ന സന്ധികളുണ്ടാകുന്ന കമ്പനതത്തു. അതിന്നും ഉള്ളിലാണ് നാലാക്കിത്തിരിക്കുന്ന സന്ധികളുള്ളത്. ഇങ്ങനെ ക്രമത്തിലാണെന്നത്ഥം. അപ്പോൾ രണ്ടു ഭാഗമാക്കിത്തിരിക്കുന്ന ശൃംഖലാതത്തുസന്ധിയുടെ ഉള്ളിലടങ്ങിയതാണ് നാലു ഭാഗമാക്കിത്തിരിക്കുന്ന സന്ധിയെന്നുള്ളതിനാലും രണ്ടാക്കിത്തിരിക്കുന്ന മഹാസന്ധിക്കു പ്രാധാന്യം പുറത്തേക്കധികമുള്ളതിനാലും താരഷഡ്ജനാദമേ

ആവിടെക്കോൾക്കയുള്ളു. അപ്രകാരംതന്നെ പരികമ്പശൃംഖലയെ അഞ്ചു സമഭാഗങ്ങളാക്കിത്തിരിച്ച സർവ്വാംശപരികമ്പസംഖ്യയുടെ അഞ്ചിരട്ടിവീതം പ്രത്യേകം പരികമ്പിപ്പിക്കുന്ന നാലു ശൃംഖലാസന്ധാനങ്ങളുണ്ട്. ആ സന്ധാനങ്ങളിലെല്ലാം താരതരസ്ഥായിയിലെ അന്തരഗാന്ധാരനാദം മേൽപ്രകാരം സ്വപ്രകാശമായിപ്പുറപ്പെടുന്നതാണ്. അങ്ങനെതന്നെ ആറു സമഭാഗങ്ങളായിത്തിരിക്കുന്നവയും ആറിരട്ടിവീതം പ്രത്യേകപരികമ്പങ്ങളുണ്ടാക്കുന്നവയും താരതരപഞ്ചമത്തെ സ്വപ്രകാശമായിക്കാണിക്കുന്നവയുമായ അഞ്ചു സന്ധാനങ്ങളും, ഏഴു സമഭാഗങ്ങളാക്കിത്തിരിച്ച് ഏഴിരട്ടിവീതം പ്രത്യേകം പരികമ്പിപ്പിക്കുന്നവയും താരതരകൈശികസ്വരനാദത്തെ സ്വപ്രകാശമായിക്കാണിക്കുന്നവയുമായ ആറു സന്ധാനങ്ങളുമുണ്ട്. എട്ടു ഭാഗങ്ങളായും ഒമ്പതു ഭാഗങ്ങളായും മററും തിരിക്കുന്ന ശൃംഖലാസന്ധാനങ്ങളും ഉണ്ടായിരിക്കുന്നതാണ്. സന്ധാനതത്തുക്കൾ ഒന്നിനുള്ളിലൊന്നായിരിക്കുന്നതിനാൽ ഭാഗങ്ങളധികമാകുംതോറും അതാതു സന്ധാനസ്ഥാനങ്ങളിൽ പുറപ്പെടുന്ന സ്വപ്രകാശനാദങ്ങൾ ക്രമത്തിൽ അധികമധികം സൂക്ഷ്മമായിരിക്കുന്നതുമാണ്.

സൂ—ഏതേന സ്ഥായിതദന്തരനാദഭേദോപി വ്യാഖ്യാതഃ. ൨൯

ഭാ—പരികമ്പശൃംഖലാസ്വഭാവത്തെപ്പററി ഇങ്ങനെ പ്രസ്താവിച്ചതുകൊണ്ടുതന്നെ ഒരു സ്ഥായിനാദത്തിൻെറ സ്വരൂപവും സ്ഥായിക്കുള്ളിൽ വരുന്ന നാദത്തിൻെറ സ്വരൂപവും സാമാന്യമായി വിവരിച്ചുകഴിഞ്ഞു. രണ്ടും നിമേഷമാനത്തിലുണ്ടാകുന്ന മൂൎത്തപരികമ്പങ്ങളുടെ സംഖ്യാഭേദങ്ങളെ അവലംബിച്ചാണിരിക്കുന്നത്. ഏതെങ്കിലും ഒരു പരികമ്പസംഖ്യകൊണ്ടുണ്ടാകുന്ന നാദം മുതൽ ആ സംഖ്യയുടെ ഇരട്ടിപ്പരികമ്പസംഖ്യകൊണ്ടുണ്ടാകുന്ന നാദംവരെയുമുള്ള നാദപരമ്പരയാണ് ഒരു സ്ഥായിയെന്നത്. ആ പരമ്പരയിലുൾപ്പെട്ട ഓരോ നാദവും ആ സ്ഥായിയിലെ അന്തരനാദമാണ്. ഏതു പരികമ്പസംഖ്യകൊണ്ടുള്ള നാദത്തെ ഒരു സ്ഥായിയുടെ ആരംഭമായിക്കണക്കാക്കുന്നുവോ ആ നാദത്തെ ഷഡ്ജസ്വരനാദമായി സ്വീകരിച്ചുകൊള്ളണമെന്നു വ്യവസ്ഥയുണ്ട്. അതിനാൽ എപ്പോഴും ഷഡ്ജനാദം മുതൽ അതിൻെറ സജാതീയമായ ഷഡ്ജനാദംവരെയുള്ള നാദപരമ്പരക്കേ ഒരു സ്ഥായിയെന്നു പറകയുള്ളൂ. അമ്പതു പരികമ്പങ്ങൾ കൊണ്ടുണ്ടാകുന്ന നാദത്തെയാണ് സ്ഥായ്യാരംഭമായിക്കണക്കാക്കുന്നതെങ്കിൽ അപ്പോൾ ആ നാദം ഷഡ്ജനാദമെന്നു വ്യവസ്ഥിതമായി. അതു മുതൽ നൂറു പരികമ്പങ്ങൾകൊണ്ടുണ്ടാകുന്ന സജാതീയഷഡ്ജനാദംവരെയുള്ള പരമ്പര ഒരു സ്ഥായിയുമായി. അമ്പതു മുതൽ തൊണ്ണൂററൊമ്പതു കൂടിയുള്ള പരികമ്പസംഖ്യകളാലുള്ള നാദങ്ങളെല്ലാം ആ സ്ഥായിയിലെ അന്തരനാദങ്ങളുമായി. അമ്പത്തിരണ്ടു പരികമ്പങ്ങളാലുണ്ടാകുന്ന നാദത്തെയാണ് സ്ഥായ്യാരംഭമായി സ്വീകരിക്കുന്നതെങ്കിൽ അതാണപ്പോൾ ഷഡ്ജനാദം. നൂററിനാലു പരികമ്പങ്ങളാലുള്ള നാദം സജാതീയഷഡ്ജനാദം. അവക്കിടയിലുള്ള നാദങ്ങൾ അന്തരനാദങ്ങൾ. ഇങ്ങനെ എപ്പോഴും ഷഡ്ജനാദം തുടങ്ങി സജാതീയഷഡ്ജനാദംവരെയാണ് ഒരു സ്ഥായിയെന്നു വ്യവസ്ഥയുണ്ടെന്നു ചുരുക്കം. അതിനാൽ ഒരു നാദത്തെ ഷഡ്ജമാക്കിക്കണക്കാക്കി അതനുസരിച്ചു വരുന്ന ഋഷഭനാദത്തെയോ ഗാന്ധാരനാദത്തെയോ സ്ഥായ്യാരംഭമാക്കി അവക്കുള്ള പരികമ്പസംഖ്യകളുടെ ഇരട്ടിസ്സംഖ്യകൾകൊണ്ടുണ്ടാകുന്ന സജാതീയഋഷഭംവരെയോ സജാതീയഗാന്ധാരംവരെയോ ഉള്ള നാദപരമ്പരയെ ഒരു സ്ഥായിയുടെ നിലയിൽ ഗണിക്കാവുന്നതല്ല. ഏതു നാദത്തെ ഷഡ്ജമാക്കിഗ്ഗണിക്കുന്നുവോ അതേ സ്ഥായ്യാരംഭനാദമാകയുള്ളൂ. ഏതു നാദത്തെ സ്ഥായ്യാരംഭമാക്കുന്നുവോ അതപ്പോൾ ഷഡ്ജനാദമായിത്തീരുന്നതാ

ണൊന്നു വ്യവസ്ഥയുണ്ടെന്നു സാരം. അപ്രകാരമുള്ള നിയമമനുസരിച്ച നിമേഷമാനത്തിൽ അയ്മ്പതു പരികമ്പങ്ങളാലുള്ള നാദത്തെ സ്ഥായ്യാരംഭഷഡ്ജനാദമാക്കി നൂറു പരികമ്പങ്ങളാലുള്ള നാദംവരെ മന്ദ്രസ്ഥായിയെന്നും അതുമുതൽ ഇരുനൂറു പരികമ്പങ്ങളാലുള്ള നാദം വരെ മധ്യസ്ഥായിയെന്നും പിന്നെ നാനൂറു പരികമ്പങ്ങളാലുള്ള നാദംവരെ താരസ്ഥായിയെന്നും പിന്നെ എണ്ണൂറു പരികമ്പങ്ങളാലുള്ള നാദംവരെ താരതരസ്ഥായിയെന്നും ഗണിക്കുക. വീണയിലെ കകുംഭം മുതൽ മേരുവരെയുള്ള കമ്പിയുടെ സർവ്വാംശപരികമ്പങ്ങൾ നിമേഷമാനത്തിൽ നൂറുവീതമാണെന്നും അതിനാൽ ആ സർവ്വാംശനാദം മധ്യസ്ഥായിഷഡ്ജനാദമാണെന്നും കരുതുക. എന്നാൽ പരികമ്പശൃംഖലയുടെ മധ്യത്തിലുള്ള മഹാസന്ധിയുടെ ഇരുഭാഗങ്ങളിലും ഉണ്ടാകുന്ന പ്രത്യേകപരികമ്പങ്ങൾ ശൃംഖലയെ രണ്ടായി ഭാഗിക്കുന്നതുകൊണ്ടു സർവ്വാംശപരികമ്പത്തിൻെറ ഇരട്ടിച്ച സംഖ്യയായ ഇരുനൂറായതിനാൽ ആ സന്ധിയിൽ സ്വപ്രകാശമായിപ്പുറപ്പെടുന്ന നാദം താരസ്ഥായിയുടെ ആരംഭമായ താരഷഡ്ജനാദമാണെന്നു സിദ്ധിക്കുന്നതാണല്ലോ. അതുപോലെ പരികമ്പശൃംഖലയെ മൂന്നാക്കിത്തിരിക്കുന്ന സന്ധികളുടെ ഇരുഭാഗങ്ങളിലുമുണ്ടാകുന്ന പ്രത്യേകപരികമ്പങ്ങൾ സർവ്വാംശപരികമ്പസംഖ്യയുടെ മൂന്നിരട്ടിയായ മുന്നൂറായതിനാൽ ആ സന്ധികളിലുണ്ടാകുന്ന സ്വപ്രകാശനാദം താരസ്ഥായിനാദപരമ്പരയായ ഇരുനൂറു മുതൽ നാനൂറുവരെയുള്ള പരികമ്പങ്ങളാലുണ്ടാകുന്ന നാദങ്ങളിൽ ചേർന്നതാണെന്നും ആ താരസ്ഥായിയിലെ ഒരന്തരനാദമാണെന്നും സിദ്ധിക്കുന്നു. ഈ രീതിയിൽ ശൃംഖലയെ നാലു ഭാഗങ്ങളായിത്തിരിക്കുന്ന സന്ധികളെപ്പററിയേടത്തോളവും എട്ടു ഭാഗങ്ങളായിത്തിരിക്കുന്ന സന്ധികളെപ്പററിയേടത്തോളവും ഭാഗപരികമ്പങ്ങൾ ക്രമത്തിൽ സർവ്വാംശപരികമ്പസംഖ്യയുടെ നാലിരട്ടിയായ നാനൂറും എട്ടിരട്ടിയായ എണ്ണൂറുമാകയാൽ ആ സന്ധികളിൽ പുറപ്പെടുന്ന സ്വയംഭൂനാദങ്ങൾ ക്രമത്തിൽ താരതരസ്ഥായ്യാരംഭഷഡ്ജനാദവും താരതമസ്ഥായ്യാരംഭഷഡ്ജനാദവുമായിരിക്കുന്നതാണെന്നും, ശൃംഖലയെ അഞ്ചും ആറും ഏഴും ഭാഗങ്ങളായിത്തിരിക്കുന്ന സന്ധികളെസ്സംബന്ധിച്ചേടത്തോളം ഭാഗപരികമ്പങ്ങൾ ക്രമത്തിൽ സർവ്വാംശപരികമ്പത്തിൻെറ അഞ്ചിരട്ടിയായ അഞ്ഞൂറും ആറിരട്ടിയായ അറുനൂറും ഏഴിരട്ടിയായ എഴുനൂറുമായതിനാലും ആ സംഖ്യകളെല്ലാം താരതരസ്ഥായിനാദപരമ്പരയെ ഉണ്ടാക്കുന്ന നാനൂറു മുതൽ എണ്ണൂറുവരെയുള്ള സംഖ്യകളിലുൾപ്പട്ടവയാകയാലും ആ സന്ധികളിൽ പുറപ്പടുന്ന സ്വയംഭൂനാദങ്ങൾ താതതരസ്ഥായിയിലെ അന്തരനാദങ്ങളായിരിക്കുന്നതാണെന്നും വിവേചിച്ചറിഞ്ഞുകൊൾക.

ഇനി പരികമ്പശൃംഖ മേൽപ്രകാരം ഇടയിലിടയിൽ പിണഞ്ഞ തന്തു സന്ധികളുണ്ടാക്കുന്ന വിധത്തിലാണ് വീണക്കമ്പിയും മററും പരികമ്പിക്കുന്നതെന്ന സംഗതി വ്യതിരേകദൃഷ്ടാന്തംകൊണ്ടും തെളിയിക്കുന്നു—

സൂ—നാസന്ധിസ്ഥാനേഷു സ്വയംഭൂനാദഃ. ൪൦

ഭാ—മേൽക്കാണിച്ച വിധത്തിലുള്ള ഓരോരോ ശൃംഖലാസന്ധിസ്ഥാനങ്ങളിലല്ലാതെ മററു സ്ഥാനങ്ങളിൽ വിരൽവെച്ചു കമ്പിയുടെ സർവ്വാംശപരികമ്പത്തെത്തടഞ്ഞുമീട്ടിയാൽ സ്വയംഭൂനാദമൊന്നും പുറപ്പടുകയില്ല. ആ സംഗതിയും സന്ധിപ്പിണച്ചിലോടുകൂടിയാണ് പരികമ്പശൃംഖലയുണ്ടാകുന്നതെന്നതിന്നും സന്ധികൾകൊണ്ടു വേർതിരിഞ്ഞ ഭാഗങ്ങൾ പ്രത്യേകം പരികമ്പിക്കുമെന്നതിന്നും ഭാഗങ്ങളുടെ സംഖ്യയനുസരിച്ച ഭാഗപരികമ്പസംഖ്യയും കൂടിവരുമെന്നതിന്നും തെളിവായിട്ടുണ്ട്.

ഇനി ശാരീരനാദത്തിൽ ശബ്ദവാഹിനീസിരകളുടെ പരികമ്പത്തിൽ മേൽപ്രകാരമുള്ള ശൃംഖലാസന്ധികളുണ്ടെന്നതിന്നു യുക്തിയും തെളിവുമില്ലാത്തതിനാൽ അതിൽ സ്ഥായിഭേദങ്ങളും സ്ഥായ്യന്തരനാദഭേദങ്ങളും ഉണ്ടാകുന്നതെങ്ങനെയെന്നുള്ള ശങ്കക്കു സമാധാനം കാണിക്കുന്നു—

സൂ—ശാരീരേ തു ഹൃൽകണ്ഠതാലപാദിപ്രയത്നവൈജാത്യേന പ്രാണചോദനാൽ സ്ഥായ്യാദിഭേദഃ. ൪൧

ഭാ—ശാരീരശബ്ദവും നാദസ്വരൂപമായിത്തീരുന്നതു ശബ്ദവാഹിനീനാഡികളിൽ തുടൎന്നുണ്ടാകുന്ന പരികമ്പനംകൊണ്ടാണെന്നും അങ്ങനെ പരികമ്പനമുണ്ടാവാൻ കാരണം ശബ്ദനാഡിയുടെ ദൃഢീകരണവും അതിൽ പ്രാണവായുപ്രേരണവുമാണെന്നും മുമ്പുതന്നെ പറഞ്ഞിട്ടുണ്ടല്ലോ. അപ്രകാരം ശബ്ദനാഡിയെ ദൃഢമാക്കിപ്പരികമ്പനമുണ്ടാക്കുന്നതും ആ പരികമ്പനങ്ങൾക്കു നിമേഷമാനത്തിൽ സംഖ്യാഭേദമുണ്ടാക്കുന്നതും ഹൃദയം, കണ്ഠം, താലു, ശിരസ്സ് എന്നീ സ്ഥാനങ്ങളിൽ സ്ഫോടരൂപശബ്ദത്തിന്നു വേണ്ടിവരുന്ന പ്രയത്നത്തിൽനിന്നു വിജാതീയപ്രയത്നങ്ങളോടുകൂടിയ പ്രാണവായുപ്രേരണമാണ്. അവിടെയും വീണക്കമ്പിയിലെന്നപോലെ മുറുക്കം കൂടിക്കൂടി വരുന്തോറുമാണ് ശബ്ദനാഡിയിലും നിമേഷമാനത്തിൽ പരികമ്പസംഖ്യയും കൂടിവരുന്നത്. അതിനാൽ ശബ്ദനാഡീപരികമ്പത്തിന്നു കാരണമായ പ്രാണവായുപ്രേരണത്തിന്നുള്ള വിജാതീയപ്രയത്നം ഹൃദയത്തിലാണ് അധികമുള്ളതെങ്കിൽ നാഡിക്കു മുറുക്കം കുറഞ്ഞിരിക്കും. അപ്പോൾ പരികമ്പസംഖ്യയും മററുള്ളവയേക്കാൾ കുറവായിരിക്കും. കണ്ഠസ്ഥാനത്താണ് ആ മാതിരി പ്രയത്നം അധികമുള്ളതെങ്കിൽ ഹൃദയപ്രയത്നംകൊണ്ടുണ്ടാകുന്നതിനേക്കാൾ നാഡിക്കു മുറുക്കം കൂടിവരും. അതിനാൽ പരികമ്പസംഖ്യയും കൂടിവരും. താലുവിലാണ് പ്രയത്നാധിക്യമെങ്കിൽ നാഡീദൃഢതയും പരികമ്പസംഖ്യയും കണ്ഠപ്രയത്നംകൊണ്ടുണ്ടാകുന്നതിനേക്കാളും അധികമുണ്ടാകും. വീണയിൽ പരികമ്പസംഖ്യ കൂട്ടുന്നതിന്നും കുറക്കുന്നതിന്നുമുള്ള സ്ഥാനങ്ങളും മററും യന്ത്രസ്വഭാവത്തിൽത്തന്നെ വ്യവസ്ഥിതങ്ങളാണ്. ശാരീരത്തിൽ അതു പ്രയത്നഭേദങ്ങൾകൊണ്ടു സമ്പാദിക്കേണ്ടതാണെന്നുള്ള വ്യത്യാസമുണ്ട്. അതുകൊണ്ടുതന്നെയാണ് ഓരോ സ്വരസ്ഥാനങ്ങളുറപ്പിക്കുന്നതിന്നും മററും ശാരീരഗാനത്തിൽ പ്രത്യേകം അഭ്യസിക്കേണ്ടിവരുന്നതും. മേൽകാണിച്ച കാരണങ്ങളാൽ ഹൃദയസ്ഥാനത്തുള്ള പ്രയത്നാധിക്യം മന്ദ്രസ്ഥായിനാദപരമ്പരക്കും, ആ പ്രയത്നങ്ങളിൽ വരുത്തുന്ന അവാന്തരഭേദങ്ങൾ അതിലെ അന്തരനാദങ്ങൾക്കും കണ്ഠസ്ഥാനത്തുള്ള പ്രയത്നാധിക്യം മദ്ധ്യസ്ഥായിനാദപരമ്പരക്കും ആ പ്രയത്നത്തിൽ വരുത്തുന്ന അവാന്തരഭേദങ്ങൾ അതിലുൾപ്പെട്ട അന്തരനാദങ്ങൾക്കും താലുസ്ഥാനപ്രയത്നാധിക്യം താരസ്ഥായിനാദപരമ്പരക്കും ആ പ്രയത്നങ്ങളിലെ അവാന്തരഭേദങ്ങൾ ആ സ്ഥായിയിലെ അന്തരനാദങ്ങൾക്കും അവലംബമായിത്തീരുന്നു. വീണയിലെന്നപോലെ ഹൃദയാദിസ്ഥാനങ്ങളിൽത്തന്നെ ഓരോന്നിലും മേന്മേലുള്ള ഭാഗങ്ങളിലായിട്ടുണ്ടാകുന്ന വിജാതീയപ്രയത്നാധിക്യമാണ് ഓരോരോ സ്ഥായ്യന്തരനാദങ്ങൾക്കവലംബമെന്നും ആ വക പ്രയത്നാധിക്യം നാഡീപരികമ്പസംഖ്യകളെ ക്രമത്തിൽ വൎദ്ധിപ്പിക്കുന്നതാണെന്നുമുള്ള സംഗതിയും ഗ്രഹിച്ചുകൊൾക. ശാരീരനാദങ്ങളിൽ ചിലതു സ്നിഗ്ദ്ധവും കോമളവും ചിലതു ഘോരവും പരുഷവും മററുമായി വരുന്നതാകട്ടേ വാതപിത്തകഫരൂപങ്ങളും ശരീരപ്രകൃതിവിശേഷത്തിന്നാസ്പദങ്ങളുമായ ത്രിദോഷങ്ങളുടെ സങ്കലനഭേദം നിമിത്തം ശബ്ദനാഡികൾക്കുണ്ടാകുന്ന സ്വഭാവഭേദംകൊണ്ടാകയാൽ പ്രകൃതിസിദ്ധമാണ്.

ഇനി മേൽപ്രകാരമുള്ള സ്ഥായിവ്യവസ്ഥയനുസരിച്ചു നോക്കുമ്പോൾ ശ്രവണ യോഗ്യനാദങ്ങളിൽ ആകെ എത്ര സ്ഥായികളുണ്ടാകാമെന്നും അവയിൽ സംഗീതോപയു ക്തസ്ഥായികൾ ഇത്രയാണെന്നും സയുക്തികം പ്രതിപാദിക്കുന്നു—

സൂ—നിമേഷമാനേന പരികമ്പാണ്ണാം ചതുഷ്ടയാദാപഞ്ചസഹസ്രം നാദസ്യ യോഗ്യതയാ സ്ഥായിദശകസംഭവേപി മധ്യഗപഞ്ചാനാമേവ സംഗീത പ്രസംഗഃ. പരേഷാമതിനീചോച്ചത്വാഭ്യാമരഞ്ജകത്വാൽ. ൪൨.

ഭാ—നിമേഷക്കണക്കിൽ നാലു മുതൽ അയ്യായിരംവരെപ്പരികമ്പങ്ങൾകൊണ്ടു ണ്ടാകുന്ന നാദവിശേഷങ്ങളെല്ലാം ശ്രവണയോഗ്യങ്ങളാണെന്നു മുമ്പു കാണിച്ചിട്ടുണ്ടല്ലോ. അതിനാൽ നാല്, അഞ്ച്, ആറ് എന്നു തുടങ്ങിയ പരികമ്പങ്ങളാൽ എത്രയോ വളരെ നാദഭേദങ്ങൾ ശ്രവണയോഗ്യങ്ങളായിട്ടുണ്ടാകാം. ആ വക ഓരോ നാദവും സ്ഥായി തുട ങ്ങുന്നതിന്നുള്ള ആരംഭനാദമാകയും ചെയ്യും. അങ്ങനെ സ്ഥായികൾ എത്രയോ അനവധി ഉണ്ടാകാവുന്നതാണ്. എങ്കിലും ഏതൊരു പരികമ്പസംഖ്യയാലുണ്ടാകുന്ന നാദത്തെയാ ണോ ആദ്യത്തെ സ്ഥായിയുടെ ആരംഭനാദമായി സ്വീകരിക്കുന്നത് ആ പരികമ്പസംഖ്യയു ടെ ഇരട്ടിസ്സംഖ്യക്കൊണ്ടുള്ള നാദമാണ് സ്ഥായി മാറുന്നതിന്നാസ്പദമെന്നുള്ളതിനാൽ ഏതു യോഗ്യനാദം സ്ഥായ്യാരംഭമായാലും പത്തിലധികം സ്ഥായികൾ ഒരു യോഗ്യനാദപരമ്പ രയിൽ വരുന്നതല്ല. എങ്ങനെയെന്നാൽ—നാലു മുതൽ എട്ടുവരെ (1) എട്ടു മുതൽ പതി നാറുവരെ (2) 16 മുതൽ 32 വരെ (3) 32 മുതൽ 64 വരെ (4) 64 മുതൽ 128 വരെ (5) 128 മുതൽ 256 വരെ (6) 256 മുതൽ 512 വരെ (7) 512 മുതൽ 1024 വരെ (8) 1024 മുതൽ 2048 വരെ (9) 2048 മുതൽ 4096 വരെ (10) ഇങ്ങനെ പത്തു സ്ഥാ യികളും കുറച്ചധികവുമുണ്ടാകാം. നിമേഷത്തിൽ അഞ്ചു പരികമ്പംകൊണ്ടുള്ള നാദമാണ് പ്രഥമ സ്ഥായിയുടെ ആരംഭമെങ്കിൽ 5—10 (1) 10—20 (2) 20—40 (3) 40—80 (4) 80—160 (5) 160—320 (6) 320—640 (7) 640—1280 (8) 1280—2560 (9) 2560—5120 (10) ഇങ്ങനെ പത്തു സ്ഥായികൾക്കു കുറച്ചു കുറയും. അപ്രകാരം 6—12, 12—24, 24—48, 48—96, 96—192, 192—384, 384—768, 768—1536, 1536—3072, 3072—6144. ഇങ്ങനെ പത്തു സ്ഥായികൾക്കു കുറെ ക്കൂടികുറയും. എങ്ങനെയായാലും പത്തിലധികം സ്ഥായികൾ ശ്രവണയോഗ്യങ്ങളായി ഏതൊരു ക്രമികനാദപരമ്പരയിലും നീചോച്ചഭാവത്തിലുണ്ടാകയില്ല. അങ്ങനെയുള്ള പ ത്തുസ്ഥായികളിൽത്തന്നെയും ഇടയിലുള്ള അഞ്ചു സ്ഥായികൾ മാത്രമേ സംഗീതയോഗ്യങ്ങ ളാകയുള്ളൂ. എന്തുകൊണ്ടെന്നാൽ, പരികമ്പസംഖ്യ വളരെക്കുറഞ്ഞ ആദ്യത്തെ മൂന്നു സ്ഥാ യികളിൽ സംഗീതരഞ്ജകങ്ങളായ സ്വരങ്ങളുടേയും ശ്രുതികളുടേയും മററം പരസ്പരവ്യത്യാ സങ്ങൾ മന്ദതാധിക്യംനിമിത്തവും ഒടുവിലത്തെ രണ്ടു സ്ഥായികളിൽ ഉച്ചതാധിക്യംനിമി ത്തവും തിരിച്ചറിവാൻ സാധിക്കാത്തതിനാൽ രഞ്ജകങ്ങളായ സ്ഥായ്യന്തരനാദങ്ങൾ വ്യ ക്തങ്ങളാവില്ല. അതിനാൽ അവ സംഗീതപ്രയോഗയോഗ്യങ്ങളുമല്ല. വീണയിൽമാത്രം ഇടയിലുള്ള അഞ്ചു സ്ഥായികൾ കഷ്ടിച്ചു പ്രയോഗയോഗ്യങ്ങളാകാം. അവിടെയും ആ അഞ്ചിൽ ആദ്യത്തെ സ്ഥായിയിലെ അവസാനഭാഗം അതായത് ഉത്തരഭാഗം മാത്രവും ഒടു വിലത്തെ സ്ഥായിയിലെ പൂർവ്വാദ്ധം മാത്രവുമേ സാമാന്യമായി പ്രയോഗാഹങ്ങളാവുള്ളൂ. മററു ഭാഗങ്ങൾക്കു മേൽകാണിച്ച കാരണങ്ങളാൽത്തന്നെ രഞ്ജകതാഗുണം വളരെക്കുറവായി രിക്കും. ശാരീരത്തിലാകട്ടേ മൂന്നു സ്ഥായികൾ മാത്രമേ സാമാന്യമായി വരികതന്നെയുള്ളൂ. ഈ വക വിശേഷാംശങ്ങളും ഗ്രഹിച്ചുകൊൾക.

സംഗീതസ്ഥായികൾക്കുള്ള സംജ്ഞകൾ പറയുന്നു—

സൂ—തേ ച ക്രമാദനുമന്ദ്രമന്ദ്രമദ്ധ്യതാരതാരതരസംജ്ഞാഃ. ൪൨.

ഭാ—സംഗീതപ്രയോഗാൎഹങ്ങളായ ആ അഞ്ചു സ്ഥായികൾക്ക ക്രമത്തിൽ അനുമന്ദ്രം, മന്ദ്രം, മദ്ധ്യം, താരം, താരതരം ഇങ്ങനെ പ്രത്യേകസംജ്ഞകളും പ്രസിദ്ധങ്ങളായിട്ടുണ്ട്. സ്ഥായികളുടെ ഉച്ചതാക്രമമനുസരിച്ചാണ' ഈ സംജ്ഞകളെന്നു കാണിപ്പാനാണ് ക്രമാൽ എന്നത്. അതിനാൽ ഏററവും താണസ്ഥായി അനുമന്ദ്രം. പിന്നത്തെ സ്ഥായി മന്ദ്രം. പിന്നത്തെതു മദ്ധ്യം എന്നീ ക്രമത്തിലെന്നൎത്ഥം.

സൂ—ആരബ്ധനാദസാപേക്ഷാശ്ച. ൪൮.

ഭാ—മൂൎത്തപരികമ്പസംഖ്യ ഇരട്ടിച്ചിരട്ടിച്ചു വരുന്നതാണ് നാദസ്ഥായികളുടെ അനുമന്ദ്രമന്ദ്രമദ്ധ്യതാരാദിഭേദങ്ങൾക്ക കാരണമെന്നതുകൊണ്ടുതന്നെ ഏതു പരികമ്പസംഖ്യകൊണ്ടുണ്ടാകുന്ന നാദത്തെ അനുമന്ദ്രസ്ഥായ്യാരംഭഷഡ്ജനാദമായി ഗ്രഹിക്കുന്നുവോ ആ സംഖ്യയുടെ ഇരട്ടിപ്പരികമ്പസംഖ്യകൊണ്ടുണ്ടാകുന്ന നാദം ആ സ്ഥായിയുടെ പിന്നത്തെ മന്ദ്രസ്ഥായ്യാരംഭനാദമെന്നു വരുന്നു. പരികമ്പസംഖ്യാഭേദംകൊണ്ട് ആരംഭനാദങ്ങൾക്ക വ്യത്യാസമുണ്ട്. അപ്പോൾ ആരംഭനാദത്തെ അടിസ്ഥാനപ്പെടുത്തിയാണ് സ്ഥായികളുടെ സ്ഥിതിയിരിക്കുന്നതെന്നും അതിനാൽ മന്ദ്രാദിസ്ഥായികളെല്ലാം സാപേക്ഷങ്ങളാണെന്നും അൎത്ഥസിദ്ധമായി. നിമേഷമാനത്താൽ മുപ്പത്തിരണ്ടു പരികമ്പംകൊണ്ടുണ്ടാകുന്ന നാദത്തെ അനുമന്ദ്രസ്ഥായ്യാരംഭനാദമായി ഗ്രഹിക്കുമ്പോൾ 64, 128, 256, 512 എന്നീ പരികമ്പസംഖ്യകൾകൊണ്ടുണ്ടാകുന്ന നാദങ്ങളാണ് ക്രമത്തിൽ മന്ദ്രം, മദ്ധ്യം താരം, താരതരം എന്ന സ്ഥായികളുടെ ആരംഭനാദങ്ങളായിത്തീരുന്നത്. നാല്പതു പരികമ്പംകൊണ്ടുള്ള നാദത്തെ അനുമന്ദ്രസ്ഥായ്യാരംഭഷഡ്ജനാദമായി ഗ്രഹിക്കുമ്പോൾ 80, 160, 320, 640 എന്നീ പരികമ്പസംഖ്യകൾകൊണ്ടുള്ള നാദങ്ങളായിരിക്കും ക്രമത്തിൽ മന്ദ്രമദ്ധ്യതാരതാരതരസ്ഥായികളുടെ ആരംഭങ്ങളാകുന്നത്. മുപ്പത്തഞ്ചു പരികമ്പങ്ങൾകൊണ്ടുള്ള നാദത്തെ അനുമന്ദ്രാരംഭമായി സ്വീകരിക്കുമ്പോൾ 70, 140, 280, 560 എന്നീ സംഖ്യകളാലുള്ള നാദങ്ങളാണ് ക്രമത്തിൽ മന്ദ്രാദിസ്ഥായ്യാരംഭങ്ങളായി വരിക എന്നു വിവേകം. ഇങ്ങനെ സ്ഥായികൾ അനുമന്ദ്രാരംഭനാദസ്വരൂപസാപേക്ഷങ്ങളായതിനാൽ ഒന്നിനൊന്നു വ്യത്യസ്തങ്ങളായി മേൽപറഞ്ഞ അഞ്ചു സ്ഥായികൾ അനേകം വരുന്നതാണെന്നു താല്പൎയ്യം.

നാദപ്രകരണം ഉപസംഹരിപ്പാൻ തുടങ്ങുന്നു—

സൂ—ആഹതസ്യായം സാമാന്യപ്രപഞ്ചഃ. ൪൯.

ഭാ—മൂൎത്താഭിഘാതമാണ' ആഹതശബ്ദകാരണമെന്നു തുടങ്ങി ഇതുവരെപ്പറഞ്ഞതെല്ലാം ആഹതശബ്ദത്തെപ്പററിയാണ്. അതും അതിൻെറ ചില സാമാന്യസ്വരൂപത്തെക്കുറിച്ച് ഈ ശാസ്ത്രത്തിൽ ചുരുക്കി പ്രതിപാദിച്ചിരിക്കേണ്ട വിഷയങ്ങൾ മാത്രവുമാണ'. ആഹതത്തിനുതന്നെ ഇവിടെപ്പറഞ്ഞ അനുമന്ദ്രമന്ദ്രമദ്ധ്യാദി വകഭേദങ്ങൾകൂടാതെ മൂൎത്തദ്രവ്യത്തിൻേറയും അഭിഘാതരീതിയുടേയും വ്യത്യാസമനുസരിച്ചു മററും പല മാതിരി ഭേദങ്ങളും വരുന്നതാണ്. സംഗീതതത്വപ്രസ്താവത്തിൽ അവശ്യം ഗണിച്ചിരിക്കേണ്ടവ മാത്രമേ ഈ പ്രകൃതത്തിൽ ഗണിച്ചിട്ടുള്ളവെന്നും അതിൻെറ തന്നെയും വിസ്താരം മേലിൽ പറയുമെന്നും സാരം.

മൂൎത്താഭിഘാതം ആഹതശബ്ദത്തിൻെറ നിമിത്തകാരണം മാത്രമാണ്. അതിൻെറ മൂലകാരണമായ സമവായികാരണത്തെപ്പററിപ്പറയുന്നു—

സൂ—തന്നിദാനമനാഹതനാദ ഇത്യുക്തപ്രായം. ൪൩

ഭാ—ആ ആഹതശബ്ദത്തിൻെറ അവയവമായ മൂലകാരണം അനാഹതനാദമാണെന്നു മുമ്പുതന്നെ 'മൂൎത്താഭിഹതോ വായുസഹകൃതോനാഹതഃ' എന്ന സൂത്രത്താൽ ഏതാണ്ടൊക്കപ്പറഞ്ഞുകഴിഞ്ഞിട്ടുണ്ട്. 'അനാഹതാദാഹതഃ' എന്നു തുടങ്ങിയ ശ്രീനാരദമുനിവചനം അതിന്നു പ്രമാണമായിട്ടുമുണ്ട് എന്നു ഭാവം.

അനാഹതത്തിൽനിന്നാണ് ആഹതശബ്ദമുണ്ടാകുന്നതെന്ന ശ്രീനാരദവചനത്തിന്നു ചില ഗ്രന്ഥകാരന്മാർ പറയുന്ന താൽപൎയ്യം നല്ല യുക്തമല്ലെന്നു സ്ഥാപിക്കാൻവേണ്ടി അവരുടെ അഭിപ്രായം കാണിക്കുന്നു—

സൂ — ഹൃദയസ്ഥാനാഹതചക്രഗതവായോരഗ്ന്യാഹനനസ്യാഹതനാദഹേതുത്വം മുനിനോക്തമിതി കശ്ചിൽ. ൪൪

ഭാ—ഹൃദയത്തിലുള്ളതും അനാഹതമെന്നു പേരുള്ളതുമായ ദ്വാദശദളപത്മരൂപചക്രത്തിലെത്തിയ പ്രാണവായുവിൽ അന്തരഗ്നിയുടെ അഭിഘാതമുണ്ടായിട്ടാണ് ആഹതനാദമുണ്ടാകുന്നത്. അതിനാൽ ഒരു കാൎയ്യമുണ്ടാകുന്ന സ്ഥലകാലങ്ങൾക്കും ആ കാൎയ്യത്തെക്കുറിച്ചു കാരണത്വമുണ്ടെന്നുള്ളതുകൊണ്ട് അനാഹതചക്രത്തിന്ന് ആഹതനാദകാരണത്വമുണ്ട് എന്നാണ് ആ നാരദമുനിവചനത്തിൻെറ താൽപൎയ്യം എന്ന് ഒരു ഗ്രന്ഥകാരൻ പറയുന്നു. "ഹൃദ്യനാഹതചക്രേസ്മിന്നനിലാനലയോഗതഃ ആഹതസ്തത്ര നാദസ്സ്യാദിതിശാസ്ത്രേ പ്രകീൎത്തിതം." എന്ന അഹോബിലഗ്രന്ഥം നോക്കുക. വസ്തുസ്ഥിതിയിലാകട്ടേ ആഹതത്തിൻെറ വകഭേദമായ സൂക്ഷ്മനാദത്തിന്നു പര, പശ്യന്തി, മധ്യമ എന്ന അവസ്ഥാഭേദങ്ങളുള്ളതിൽ ഹൃദയത്തിലെത്തുമ്പോഴുണ്ടാകുന്ന മധ്യമാവസ്ഥ മാത്രമാണ് അപ്പോൾ സംഭവിക്കുന്നതെന്നും ആഹതനാദം ഉണ്ടാവുകയല്ലെന്നും ഗ്രഹിച്ചുകൊൾക.

സൂ—തസ്മിന്നനാഹതചക്രേ ധ്യേയസ്യാനാഹതനാദാത്മകപ്രണവരൂപസ്യ ശിവസ്യ സകലാഹതനാദഹേതുത്വമുക്തമിത്യന്യേ. ൪൫

ഭാ—ഹൃദയത്തിലുള്ള ആ അനാഹതചക്രത്തിൽ അധിഷ്ഠാനം ചെയ്യുന്ന നിലയിലും അനാഹതനാദത്തിൻെറ ആകൃതിയായ ഓംകാരസ്വരൂപനായിട്ടുള്ള നിലയിലും ധ്യാനിക്കേണ്ട ശിവൻ എല്ലാ ആഹതനാദങ്ങൾക്കും കാരണമാണ്. അതിനാൽ അനാഹതപ്രണവരൂപനാദത്തിന്ന് ആഹതനാദഹേതുത്വം സിദ്ധവുമാണ്. എന്നിങ്ങനെ മററു ചിലർ ആ നാരദമുനിവചനത്തിന്നൎത്ഥം വ്യാഖ്യാനിക്കുന്നുണ്ട്. "ഹൃദയേനാഹതം ചക്രം ശിവസ്യ പ്രണവാകൃതേഃ പൂജാസ്ഥാനം തദിച്ഛന്തി ദളൈൎദ്വാദശഭിൎയ്യുതം" എന്നും "തസ്മാദനാഹതം നാദം മുനയസ്സമുപാസതേ." എന്നും മററുമുള്ള നിശ്ശങ്കശാൎങ്ഗദേവാദിഗ്രന്ഥങ്ങൾ നോക്കുക. ഈശ്വരനു പ്രണവരൂപത്വവും പ്രണവസ്വരൂപമായ അനാഹതനാദത്തിന്ന്, അതായതു നാദബ്രഹ്മത്തിന്നു സകലജഗൽകാരണത്വവും "ചൈതന്യം സൎവ്വഭൂതാനാം വിവൃത്തം ജഗദാത്മനാ നാദബ്രഹ്മതദാനന്ദമദ്വിതീയമുപാസ്മഹേ." എന്ന ശ്രീനാരദമുനിവചനം സ്ഥാപിക്കുന്നതിനാൽ സകലജഗത്തിന്നും അനാഹതനാദം കാരണമാണെന്നു വരുമ്പോൾ ആ കൂട്ടത്തിൽ ആഹതനാദത്തിന്നും കാരണമാണെന്നു സിദ്ധിക്കുമെങ്കിലും "അനാഹതാദാഹതോ മരുതാ നന്നസ്സരതി വിദ്ദ്യുതാ." എന്ന സൂത്രത്താൽ അനാഹതത്തിന്ന് ആഹ-

തശബ്ദത്തെക്കുറിച്ചു പ്രത്യേകം കാരണത പറഞ്ഞിട്ടുള്ളത് ആ ജഗത്സാമാന്യകാരണതയെ ക്കുറിച്ചുകൊണ്ടാണെന്നുള്ള വ്യാഖ്യാനം സ്വാരസ്യമായിട്ടുള്ളതല്ല. ഈവക അസ്വാരസ്യങ്ങൾ സൂചിപ്പിക്കാനാണ് കശ്ചിൽ എന്നു പൂർവ്വസൂത്രത്തിലും അന്യേ എന്നു പ്രസ്തുതസൂത്രത്തിലും പറഞ്ഞിട്ടുള്ളത്.

സ്വമതം കാണിക്കുന്നു—

സൂ—വസ്തുതോയമാഹതഹേതുരനാഹതോ വിഭുരന്തരീക്ഷാദിസംജ്ഞോ നിർവ്വാതജലധിമധ്യഗതജലാണുതേജോണുഭ്യോപി സൂക്ഷ്മസഹജചലനസ്വഭാവോ നാദബ്രഹ്മശബ്ദതന്മാത്രവിവർത്തോ ഭൂതവിശേഷ ഇതി. ൪൯

ഭാ—ആഹതശബ്ദത്തിന്റെ അവയവവും സമവായികാരണവുമാണെന്നു മുനി പറഞ്ഞിട്ടുള്ള അനാഹതനാദമാകട്ടെ സർവ്വത്ര വ്യാപിച്ചിരിക്കുന്നതും കാററില്ലാത്ത സമയത്തു സമുദ്രമദ്ധ്യത്തിൽ നിറഞ്ഞു കൂടിക്കിടക്കുന്ന ജലപരമാണുസമൂഹംപോലെയും സർവ്വവ്യാപിയായ തേജഃപരമാണുസമൂഹംപോലെയുമുള്ളതും എന്നാൽ അവയേക്കാൾ സൂക്ഷ്മവും സഹജമായ ചലനസ്വഭാവമുള്ളതുമാണ്. അതു നാദബ്രഹ്മജന്യമായ ശബ്ദതന്മാത്രമെന്ന സൂക്ഷ്മഭൂതത്തിന്റെ വിവർത്തവുമാണ്. ഗന്ധതന്മാത്രവിവർത്തമായ പൃഥിവീസൂക്ഷ്മഭൂതംപോലെയും രസതന്മാത്രവിവർത്തമായ ജലസൂക്ഷ്മഭൂതംപോലെയും രൂപതന്മാത്രവിവർത്തമായ തേജസ്സൂക്ഷ്മഭൂതംപോലെയും സ്പർശതന്മാത്രവിവർത്തമായ വായുസൂക്ഷ്മഭൂതംപോലെയും സർവ്വവ്യാപിയും പഞ്ചഭൂതങ്ങളിൽച്ചേർന്നുമായ ഒരു ഭൂതദ്രവ്യവിശേഷമാണത്. ആ സൂക്ഷ്മഭൂതപരമാണുക്കൾ തേജഃപരമാണുക്കളേക്കാളും ലഘുക്കളാണ്. അതുകൊണ്ടാണ് വിദ്യുത്ത് അവയെ വഹിച്ചുകൊണ്ടു നടക്കുന്നത്. ആ അനാഹതശബ്ദാത്മകഭൂതത്തിന്നാണ് അന്തരിക്ഷമെന്നും ആകാശമെന്നും ഉള്ള സംജ്ഞകൾ. അതു വ്യാപിച്ചിട്ടുള്ള പ്രദേശത്തെയും ആവക സംജ്ഞകൾകൊണ്ടു ലക്ഷണാവൃത്തിവഴിക്കു വ്യവഹരിച്ചുവരാറുണ്ടെന്നേ ഉള്ളു.

"ആകാശസംജ്ഞിതോ നാദോ യസ്സോനാഹത ഈരിതഃ
തസ്മിന്നനാഹതേ നാദേ വിലയം യാന്തി ദേവതാഃ
യോഗിനോപി മഹാത്മാനസ്തദനാഹതസംജ്ഞകേ
മനോ നിക്ഷിപ്യ സംയാന്തി മുക്തിം പ്രയതമാനസാഃ"

എന്നു മകരന്ദഗ്രന്ഥവുമുണ്ട്. മൂർത്താഭിഘാതം ഉണ്ടാകുമ്പോൾ ആ അനാഹതശബ്ദാണുക്കൾ വായുസഹായത്താൽ പ്രത്യേകാകൃതിയിൽ കൂടിച്ചേർന്നു തരംഗരൂപത്തിലുള്ള അവയവിയായിത്തീരുകയും ജലതരംഗങ്ങൾപോലെ ചുററും വ്യാപിച്ചു ക്രമത്തിൽ ചുരുങ്ങിച്ചുരുങ്ങി അവയവിഭാഗം വന്നു പൂർവ്വസ്ഥിതിയിലാകയുമാണ് ചെയ്യുന്നതെന്നു മുമ്പുതന്നെ വിവരിച്ചിട്ടുമുണ്ട്. മുനിവചനത്തിന്ന് ഇങ്ങനെയെല്ലാം താൽപര്യം കല്പിക്കുന്നതാണ് യുക്തം. സൂത്രത്തിലെ ഇതി എന്നതു നാദപ്രകാശസമാപ്തിയെക്കാണിക്കുന്നു.

ഇങ്ങനെ നാദപ്രകാശം കഴിഞ്ഞു.

അഥ ശ്രുതിപ്രകാശം

ശ്രുതിഗണസംസ്തുതചരിതാ സിതപത്മസ്ഥാ സുരാസുരൈൎമ്മഹിതാ
വീണാഗാനേ നിരതാ വാണി വരദാസ്തു ഭക്തകല്പലതാ.

ഇനി ശ്രുതിപ്രകാശം ആരംഭിക്കുന്നു. അതിൽ ശ്രുതിസ്വരങ്ങളുടെ വൈചിത്ര്യമാണ് പലതരം സംഗീതവൈചിത്ര്യങ്ങൾക്കടിസ്ഥാനമെന്നു കാണിപ്പാനായി ആദ്യം സംഗീതമെന്നു പറയുന്നതിന്നതാണെന്നു വിവരിക്കുന്നു—

സൂ—ഗീതവാദ്യനൃത്യാനി സമുദിതാനി സംഗീതമിത്യാചാൎയ്യാഃ. ൧

ഭാ—ഗീതം, വാദ്യം, നൃത്യം ഈ മൂന്നും ചേൎത്തു പ്രയോഗിക്കുന്നതിന്നാണ് പ്രാചീനാചാൎയ്യന്മാർ സംഗീതമെന്നുള്ള സംജ്ഞ പറഞ്ഞിരിക്കുന്നത്. സമ്യക്കായ, അതായത് അംഗങ്ങളെല്ലാം ചേൎന്നു പൂൎണ്ണവും ശോഭനവുമായ ഗീതം സംഗീതം എന്നിങ്ങനെ അവയവാൎത്ഥം. അല്ലെങ്കിൽ സംഗീതശബ്ദത്തിന്ന് അവ മൂന്നും ചേൎത്തു പ്രയോഗിക്കുന്നതിൽ പ്രാചീനന്മാരുടെ സങ്കേതം. കാലക്രിയാമാനരൂപമായ താളം അവയിലോരോന്നിന്നും അനിവാൎയ്യമായ അംഗമായതിനാൽ അൎത്ഥസിദ്ധമായതുകൊണ്ടു പ്രത്യേകം ഗണിക്കാഞ്ഞതാണ്. "ഗീതം വാദ്യം ച നൃത്യം ച ത്രയം സംഗീതമുച്യതേ." എന്ന ശ്രീനാരദവചനവും "ഗീതം വാദ്യം തഥാ നൃത്യം ത്രയം സംഗീതമുച്യതേ." എന്ന നിശ്ശങ്കവചനവും "ഗീതവാദിത്രനൃത്യാനാം ത്രയം സംഗീതമീരിതം." എന്ന അഹോബിലവചനവും മററും നോക്കുക. ശ്രീനാരദവചനത്തിലെ ച ശബ്ദങ്ങൾ അവ മൂന്നും ചേൎന്നു സമുദിതമായിരിക്കണമെന്നു കാണിച്ചിരിക്കുന്നു.

സൂ—പ്രഥമദ്വിതീയേ ച തഥാശ്രുതേ. ൨

ഭാ—ഒന്നാമതായിപ്പറഞ്ഞ ഗീതവും രണ്ടാമതായിപ്പറഞ്ഞ വാദ്യവും ചേൎന്നു സമുദിതമായി പ്രയോഗിക്കുന്നതിന്നും സംഗീതമെന്നു പറഞ്ഞുവരുന്നുണ്ട്. അതിനാൽ സംഗീതശബ്ദത്തിന്നു ഗീതവാദ്യങ്ങൾ മാത്രം ചേൎത്തു പ്രയോഗിക്കുന്നതെന്ന അൎത്ഥവും ലോകവ്യവഹാരസിദ്ധമാണെന്നു സാരം.

സൂ—പ്രാധാന്യാദ്ഗീതമാത്രമപി സംഗീതം. ൩

ഭാ—ഗീതവാദ്യനൃത്യങ്ങളിൽ നൃത്യത്തേക്കാൾ പ്രാധാന്യം ഗീതവാദ്യങ്ങൾക്കുള്ളതുകൊണ്ടാണ് ലോകവ്യവഹാരത്തിൽ അവ രണ്ടും ചേൎന്നതിന്നും സംഗീതമെന്നു പറഞ്ഞുവരാറുള്ളത്. അപ്രകാരംതന്നെ ഗീതവാദ്യങ്ങളിൽ പ്രാധാന്യം ഗീതത്തിന്നായതുകൊണ്ടു ഗീതത്തിന്നു മാത്രമായും സംഗീതമെന്നു പറഞ്ഞുവരാറുണ്ട്. 'പ്രാധാന്യേന വ്യവഹാരാസ്സംഭവന്തി' എന്നു ന്യായമുണ്ട്. അതനുസരിച്ചാണ് രഘുകുലത്തിലുണ്ടായവൎക്കെല്ലാം രാഘവനെന്നു പറയാമെങ്കിലും അധികവും ആ പദം ശ്രീരാമനെ നിൎദ്ദേശിക്കുന്നത്. "ഗാനസ്യാത്രപ്രധാനത്വാത്തത്സംഗീതമിതീരിതം." എന്ന സംഗീതപാരിജാതവചനവും നോക്കുക.

സംഗീതത്തിൻെറ പ്രധാനമായ വകഭേദം പറയുന്നു—

സൂ—തദ്ദ്വിവിധം. മാൎഗ്ഗം ദേശീയം ച. ൪

ഭാ—ആ സംഗീതത്തിന്നു മാൎഗ്ഗസംഗീതം, ദേശീയസംഗീതം എന്നിങ്ങനെ മുഖ്യമായിത്തന്നെ രണ്ടു വകഭേദങ്ങളുണ്ട്. ഇവിടെ തത് എന്നതിനാൽ പരാമൎശിച്ചിരിക്കുന്നതു വാദ്യനൃത്യങ്ങളും കൂടിച്ചേൎന്ന സംഗീതത്തെയാണ്. അതിനാൽ ഗീതം, വാദ്യം, നൃത്യം ഈ

മൂന്നിനും പ്രത്യേകം മാൎഗ്ഗം, ദേശീയം എന്ന രണ്ടുവക ഭേദങ്ങളുണ്ടെന്നു സിദ്ധിക്കുന്നു. മൂന്നിനും താളം പ്രധാനാംഗമായതിനാൽ താളത്തിനും ആവക ഭേദം അൎത്ഥസിദ്ധമായും വരുന്നു.

അതിൽ മാൎഗ്ഗസംഗീതം ഇന്നതാണെന്നു പറയുന്നു—

സൂ—തത്ര മാൎഗ്ഗസംഗീതമനാദി പൂൎവ്വഷിദൃഷ്ടം സൎവ്വദേശിയമൂലം സാമശ്രുത്യാദിവ്യവസ്ഥിതം ച. ൫

ഭാ—അതിൽ മാൎഗ്ഗസംഗീതമെന്നത് അതിപ്രാചീനവും ആരംഭകാലം അറിവാൻ സാധിക്കാത്തതും പ്രാചീനന്മാരായ മഹൎഷിമാർ യോഗദൃഷ്ടി മുതലായ ദിവ്യശക്തികൊണ്ടു കണ്ടുപിടിച്ചിട്ടുള്ളതും വേദംപോലെ വ്യവസ്ഥിതരീതിയിലുള്ളതുമാണ്. ആ അഭിപ്രായമനുസരിച്ചാണ് "മാൎഗ്ഗസ്സ ഉച്യതേ, യോ മാൎഗ്ഗിതോ വിരിഞ്ചാദ്യൈഃ പ്രയുക്തോ ഭരതാദിഭിഃ". എന്നും മററും രത്നാകരകാരൻ മുതലായവർ പ്രസ്താവിച്ചിട്ടുള്ളത്. അങ്ങനെയുള്ള മാൎഗ്ഗസംഗീതമാണ് എല്ലാ ദേശിയസംഗീതങ്ങൾക്കും മൂലഭൂതമായിരിക്കുന്നതും. ഓരോരോ ദേശീയങ്ങളിൽ രഞ്ജകതയും അഭിരുചിവിശേഷങ്ങളും അനുസരിച്ചു പല തരത്തിലുള്ള വൈചിത്ര്യങ്ങളും കാലക്രമത്തിലും ദേശഭേദം വഴിക്കും വന്നുകൂടീട്ടുണ്ടെന്നേ ഉള്ളൂ. സാമവേദം, കപാലപദം, രാഗമൂലം എന്നീവകയിലാണ് ഈ മാൎഗ്ഗസംഗീതരീതിയുള്ളത്. അതുകൊണ്ടാണ് "സാമവേദാദിദം സൎവ്വം സഞ്ജഗ്രാഹ പിതാമഹഃ" എന്നു ശാർങ്ഗദേവനും "ജഗ്രാഹ പാഠ്യമൃഗ്വേദാത്സാമഭ്യോ ഗീതമേവ ച." എന്നു ഭരതമഹൎഷിയും പ്രസ്താവിട്ടുള്ളതും.

ദേശീയസംഗീതം ഇന്നതാണെന്നു കാണിക്കുന്നു—

സൂ—ദേശീയം തു തദ്വികൃതം പ്രതിദേശം വിഭിന്നമനേകവിധം. ൬

ഭാ—ദേശീയസംഗീതമെന്നതാകട്ടേ മാൎഗ്ഗസംഗീതത്തിൽനിന്നു ശ്രുതിസ്വരാദികളായ പല അംശങ്ങളിലും ഓരോരോ മാതിരിവികാരങ്ങൾ വന്നിട്ടുള്ളതും ദേശംതോറും രുചിഭേദമനുസരിച്ചു പ്രത്യേകരീതികളെക്കൊണ്ട് ഒന്നോടൊന്നു വ്യത്യാസപ്പെട്ടിട്ടുള്ളതും അനേകവിധവുമാണ്. "ദേശേദേശേ പ്രവൃത്തോ ധ്വനിർദ്ദേശീതി സംജ്ഞിതഃ." എന്നും "അബലാബാലഗോപാലൈഃ ക്ഷിതിപാലൈൎന്നിജേച്ഛയാ ഗീയതേ സാനുരാഗേണ സ്വദേശേ ദേശിരുച്യതേ." എന്നുമുള്ള മതംഗമുനിവചനങ്ങളും "ദേശേദേശേ ജനാനാം യദ്രുച്യാ ഹൃദയരഞ്ജകം ഗാനം ച വാദനം നൃത്യം തദ്ദേശീത്യഭിധീയതേ." എന്നും "തദ്ദേശീയമിതി പ്രാഹുസ്സംഗീതം ദേശഭേദതഃ തദിദം സുസ്വരൈസ്താനൈരുപേതം സുഖസാധനം." എന്നുമുള്ള നിശ്ശങ്കാദിവചനങ്ങളും നോക്കുക. കേരളീയൎക്കു സ്വന്തമായ കഥകളിപ്പാട്ടിന്റെയും മററും രീതിയല്ല കൎണ്ണാടകരുടെ സംഗീതത്തിനുള്ളത്. ആ രീതിയുമല്ല തമിഴരുടെ നന്ദൻചരിത്രപദം രാമായണപ്പദം മുതലായതിനുള്ളത്. അതിൽനിന്നും വ്യത്യാസപ്പെട്ടതാണ് തെലുങ്കരുടെ സ്വന്തം പാട്ടുകളുടെ രീതി. ഇങ്ങനെ അടുത്തടുത്ത ദേശങ്ങളിലെ സംഗീതങ്ങൾ തമ്മിൽത്തന്നെ കുറെയൊക്കെ വ്യത്യാസങ്ങളുണ്ട്. വാദ്യനൃത്യങ്ങളുടെ സ്ഥിതിയും അപ്രകാരംതന്നെ. ഹിന്ദുസ്ഥാനി, മറാട്ടി മുതലായ ദേശീയസംഗീതങ്ങളിൽനിന്ന് ഇവക്കെല്ലാംതന്നെയും വളരെ വ്യത്യാസങ്ങളുമുണ്ട്. ഇങ്ങനെ ദേശീയസംഗീതങ്ങളെല്ലാം മാൎഗ്ഗവികൃതങ്ങളാണെങ്കിലും വികാരവൈചിത്ര്യംകൊണ്ട് അനേകവിധത്തിലാണെന്നു താൽപൎയ്യം.

അങ്ങനെയാണെങ്കിലും ഭാരതഭൂമിയിലെ ദേശീയത്തിനും സാമാന്യമായ ഒരു മഹാവിഭാഗമുണ്ടെന്നു കാണിക്കുന്നു—

സൂ—തദപി വൈജാത്യാതിശയതോ ഭാരതേ ദ്വിവിധം. ദക്ഷിണോത്തരഭേദാൽ. ൭

ഭാ—ആ ദേശീയസംഗീതം അനേകവിധമുണ്ടെങ്കിലും പരസ്പരവൈജാത്യത്തിന്റെ ആധിക്യം അടിസ്ഥാനമാക്കി ഭാരതഭൂമിയിലുൾപ്പെട്ട ദേശീയങ്ങളെ പൊതുവേ രണ്ടു ജാതിയായിത്തിരിക്കാം. ദക്ഷിണഭാരതത്തിലെ ദേശങ്ങളിലുദ്ഭവിച്ച ദേശീയങ്ങളെല്ലാം ദക്ഷിണജാതി. ഉത്തരഭാരതദേശങ്ങളിലുണ്ടായവയെല്ലാം ഉത്തരജാതി.

ആ രണ്ടു ജാതികൾ തമ്മിലുള്ള മുഖ്യവൈജാത്യം കാണിച്ച വിഭാജകധർമ്മങ്ങളെ, വിശദമാക്കുന്നു—

സൂ—നാദതരംഗസഞ്ചലനപ്രധാനം പ്രഥമം. തത്സങ്കലനപ്രധാനം ദ്വിതീയം. ൨൭

ഭാ—നാദതരംഗവിശേഷസ്വരൂപങ്ങളായ സ്വരങ്ങൾ പലതരത്തിലും ഓളംകൊള്ളുന്ന മാതിരിയിൽ സ്ഫുരിതം, ആന്ദോളിതം മുതലായ വകഭേദങ്ങളോടുകൂടിച്ചലിച്ചുകൊണ്ടു രഞ്ജനമുണ്ടാക്കുകയെന്നതാണ് ദക്ഷിണജാതിദേശീയസംഗീതത്തിൽ പ്രധാനമായിരിക്കുന്നത്. അതാണ് ആ വക ദേശീയങ്ങൾക്കെല്ലാം സാമാന്യമായ സ്വഭാവം. ആ വക സ്വരസഞ്ചലനങ്ങളുടെ രീതിവിശേഷങ്ങളെക്കൊണ്ടാണ് അവ തമ്മിലൊന്നോടൊന്നു വ്യത്യാസപ്പെട്ടിരിക്കുന്നതും. നാദതരംഗരൂപസ്വരങ്ങളെ പലതരത്തിലും കലർത്തി വൈജാത്യം വരുത്തി പ്രയോഗിച്ചു രഞ്ജനമുണ്ടാക്കുന്നതാണ് ഉത്തരജാതിദേശീയങ്ങളിൽ മറ്റേതിനേക്കാൾ അധികം പ്രധാനമായിരിക്കുന്നത്. അങ്ങനെ ഒന്നിൽ സ്വരസഞ്ചലനരീതിക്കുള്ള പ്രാധാന്യവും മററതിൽ സ്വരസങ്കലനരീതിക്കുള്ള പ്രാധാന്യവുമാണ് വിഭാജകധർമ്മങ്ങൾ എന്നർത്ഥം. ചില സ്വരങ്ങൾക്കു വരുന്ന സ്ഥാനഭേദങ്ങളും രണ്ടിന്റെയും വ്യത്യാസത്തിന്നു കാരണമായിട്ടുണ്ടെന്നു മേലിൽ സ്പഷ്ടമാകും. വാദ്യനൃത്യങ്ങളിലും ഇതുപോലെ രണ്ടു ജാതികൾക്കും വ്യത്യാസം കണ്ടുകൊൾക.

പ്രായേണ രണ്ടു ജാതികൾക്കുമുള്ള ദേശവ്യവസ്ഥകൾ നിർദ്ദേശിക്കുന്നു—

സൂ—കേരളകർണ്ണാടാന്ധ്രദ്രമിഡാദിദേശേഷു പ്രഥിതമേകം. ലക്ഷ്മണപുരവംഗഗുർജ്ജരാദിഷ്വപരം. ൨൮

ഭാ—കേരളം, കർണ്ണാടകം, ആന്ധ്രം, തമിഴ്നാടു മുതലായ ദേശങ്ങളിൽ നടപ്പുള്ള ദേശീയസംഗീതങ്ങളെല്ലാം ദക്ഷിണജാതിയിലുൾപ്പെട്ടവയാണ്. ദ്രമിഡാദി എന്നതിലെ ആദിശബ്ദംകൊണ്ടു തുളു മുതലായ ദേശങ്ങളെ ഗ്രഹിച്ചുകൊൾക. ലക്ഷ്മണപുരം, വംഗം, ഗുർജ്ജരം മുതലായ ദേശങ്ങളിൽ നടപ്പുള്ളവയെല്ലാം ഉത്തരജാതിദേശീയങ്ങളിൽ ചേരുന്നു. ഗുർജ്ജരാദി എന്ന ആദിശബ്ദംകൊണ്ടു സിന്ധുദേശം മുതലായതു ഗ്രഹിച്ചുകൊൾക. ഈ രണ്ടു ജാതികൾക്കും ക്രമത്തിൽ കർണ്ണാടകജാതി എന്നും ഹിന്ദുസ്ഥാനിജാതി എന്നും പേരുകൾ പറയാറുണ്ട്. കർണ്ണാടകദേശക്കാരനായ പുരന്ദരദാസൻ എന്ന ആചാര്യൻ പരിഷ്ക്കരിച്ചു ചില വ്യവസ്ഥകൾ വരുത്തീട്ടുള്ള രീതിയെ മിക്കതും അവലംബിച്ചാണ് ദക്ഷിണജാതിദേശീയങ്ങളെല്ലാം ഇരിക്കുന്നത്. അതുകൊണ്ടാണ് അവക്കെല്ലാം കർണ്ണാടകജാതിയെന്നു പറഞ്ഞു വരുന്നത്. ഹിന്ദുസ്ഥാനിജാതി എന്നതാകട്ടെ ദേശപ്രാധാന്യമനുസരിച്ചു പറഞ്ഞുവരുന്നതാണ്.

സൂ—തത്ര മാർഗ്ഗദക്ഷിണയോരത്ര പ്രാധാന്യേന പ്രസ്താവഃ. ൨൯

ഭാ—മേൽപ്രകാരം എല്ലാററിന്നും മൂലമായ മാർഗ്ഗസംഗീതവും, അനേകവിധത്തിലാണെങ്കിലും രണ്ടു സാമാന്യജാതിയിലുൾപ്പെടുന്ന ദേശീയസംഗീതങ്ങളുമുള്ളവയിൽ ദക്ഷിണ

ജാതിദേശീയത്തെപ്പററിയും മാഗ്ഗസംഗീതത്തിൽനിന്ന് ഏതെല്ലാം അംശങ്ങളിൽ ഏതെല്ലാം വിധത്തിലുള്ള വികാരങ്ങളാണ് ആ ജാതി ദേശീയത്തിൽ വന്നിട്ടുള്ളതെന്നു ചുരുക്കത്തിലെങ്കിലും അറിവാൻവേണ്ടി മാഗ്ഗസംഗീതത്തിൻെറ സാമാന്യസ്വഭാവത്തെപ്പററിയും മാത്രമാണ് വിസ്തരഭയംനിമിത്തം ഈ ഗ്രന്ഥത്തിൽ പ്രസ്താവിപ്പാൻ തുടങ്ങുന്നത്.

ഇനി സംഗീതത്തിൽ പ്രാധാന്യമുള്ള ഗീതത്തിൻെറ മാഗ്ഗദേശീയസാധാരണമായ ലക്ഷണം കാണിക്കുന്നു—

സൂ—രഞ്ജകം സ്വരമേളനം ഗീതം. ൧൧

ഭാ—ഹൃദയത്തിന്നു രഞ്ജനയുണ്ടാക്കുന്ന വിധത്തിൽ സ്വരങ്ങളെച്ചേത്ത് പ്രയോഗിക്കുന്നതിന്നാണ് ഗീതമെന്നു പറയുന്നത്. ഓരോ രാഗത്തിന്നു യോജിക്കാത്ത സ്വരത്തെച്ചേത്ത് പ്രയോഗിച്ചാലോ ഓരോ രാഗത്തിനുമുള്ള അംശസ്വരങ്ങളെയും മററും തിരിക്കാത്തവിധത്തിൽ എല്ലാം ഒരുപോലെ പ്രയോഗിച്ചാലോ മൂന്നിലധികം സ്വരങ്ങളെ ഒരേ കണക്കിലുള്ള ഉച്ചനീചഭാവത്തോടുകൂടി പ്രയോഗിച്ചാലോ ഗീതമാവില്ലെന്നു കാണിപ്പാനാണ് സ്വരമേളനത്തിന്നു രഞ്ജകമെന്ന വിശേഷണം ചേത്തിട്ടുള്ളത്. "രഞ്ജകഃ സ്വരസന്ദഭോ ഗീതമിത്യഭിധീയതേ." എന്നു രത്നാകരം.

സ്വരങ്ങളുടെ സ്വരൂപം പറയുന്നു—

സൂ—രഞ്ജകസ്ഥായ്യന്തരംഗനാദവിശേഷാഃ സ്വരാഃ. ൧൨

ഭാ—സ്വരങ്ങളെന്നത് ഒരു സ്ഥായിയുടെ ഉള്ളിലടങ്ങിയവയും അതിൻെറ അംഗങ്ങളും രഞ്ജകങ്ങളുമായ നാദവിശേഷങ്ങളാണ്. ഉച്ചനീചഭാവത്തെസ്സംബന്ധിച്ചേടത്തോളം ഏതെങ്കിലും ഒരു നിലയിലുള്ള നാദത്തിന്നു കാരണമായി നിമേഷക്കണക്കിൽ വരുന്ന മൂത്തപരികമ്പസംഖ്യയുടെ ഇരട്ടിപ്പരികമ്പസംഖ്യകൊണ്ടുണ്ടാകുന്ന നാദംവരെയും ഉച്ചോച്ചക്രമത്തിലുണ്ടാകുന്ന നാദപരമ്പരക്കാണ് ഒരു സ്ഥായിയെന്നു പറയുന്നതെന്നു നാദപ്രകാശത്തിൽ മുമ്പു കാണിച്ചിട്ടുണ്ടല്ലോ. അവിടെ നൂററിരുപതു പരികമ്പം മുതൽ ഇരുനൂററിനാല്പതു പരികമ്പംവരെയുള്ള പരികമ്പസംഖ്യകാംകൊണ്ടുണ്ടാകുന്ന നാദോച്ചതാക്രമം ഒരു സ്ഥായിയായി വരുമ്പോം ആ സംഖ്യകളുടെ ഉള്ളിൽ വരുന്ന സംഖ്യകളായ നൂററിരുപത്തഞ്ച്, നൂററിമുപ്പതു തുടങ്ങിയ സംഖ്യകളാലുണ്ടാകുന്ന നാദങ്ങളിൽ രഞ്ജകങ്ങളായി വരുന്ന ചില നാദവിശേഷങ്ങാംക്കാണ് സ്വരങ്ങളെന്നു പറയുന്നത്. അങ്ങനെയുള്ള സ്വരങ്ങാം ആ സ്ഥായിയുടെ പ്രധാനാംഗങ്ങളുമാണ് എന്നു താൽപയ്യം. ഇവിടെ രഞ്ജകങ്ങളെന്നും നാദവിശേഷങ്ങളെന്നുമുള്ള അംശങ്ങളാൽ ഒരു സ്ഥായിയിലെ നാദപരമ്പരയിലുംപ്പെട്ട എല്ലാ നാദങ്ങളും ഒരേ സമയത്തുതന്നെ സ്വരങ്ങളായി വരില്ലെന്നും കാണിച്ചിരിക്കുന്നു. സ്വഭാവത്താൽ രഞ്ജിപ്പിക്കുന്നത് എന്നാണ് സ്വരശബ്ദത്തിൻെറ നിരുക്തസിദ്ധമായ അത്ഥം. "സ്വതോ രഞ്ജയതി ശ്രോതൃചിത്തം സ സ്വര ഉച്യതേ." എന്നു പ്രമാണം. അങ്ങനെയുള്ള സ്വതോരഞ്ജകത്വം ഒരു സ്ഥായിയിലുംപ്പെട്ടവയിൽ ഏഴിലധികം നാദങ്ങാംക്ക് ഒരേ സമയത്തു വരുന്നതല്ല. ആ ഏഴു നാദങ്ങാം ഓരോരോ അവസരത്തിൽ മാറിമാറി വരാമെന്നേ ഉള്ളൂ. "തേഭ്യഃ കാംശ്ചിദുപാദായ ഗീയന്തേ സപ്ത ഗീതിഷു ആദ്രിയന്തേ ച യേ തേഷു സ്വരത്വമുപലഭ്യതേ." എന്നു ദത്തിലമുനിവചനവുമുണ്ട്. എന്നീവക സ്വരതത്വങ്ങളും ആ അംശങ്ങളാൽ സൂചിപ്പിച്ചിരിക്കുന്നു.

അങ്ങനെയുള്ള സ്വരനാദങ്ങാംക്കു കാരണങ്ങളായ മൂത്തപരികമ്പസംഖ്യകാം ഓരോന്നിൻെറയും ഇടയിൽ വരുന്ന പരികമ്പസംഖ്യകളാലുണ്ടാകുന്ന നാദങ്ങളുടെ വ്യവസ്ഥി

തിവിശേഷമാണ് സ്വരനാദവ്യവസ്ഥിതിക്കടിസ്ഥാനമെന്നു കാണിപ്പാനായി ഇടയിലുള്ള ആ നാദങ്ങൾക്കും മററം പൊതുവായുള്ള സംജ്ഞ കാണിക്കുന്നു—

സൂ—സ്വരാന്തരംഗനാദാഃ ശ്രുതയഃ. ൧൩

ഭാ—മേൽപ്രകാരമുള്ള ഓരോ സ്വരങ്ങളുടേയും ഇടയിൽ വരുന്നവയും ആ വക സ്വരങ്ങൾക്കംഗമായിട്ടുള്ളവയുമായ നാദങ്ങൾ ശ്രുതികൾ എന്നു പറയുന്നു. സ്ഥായ്യന്തരംഗനാദങ്ങളിൽ ഏതെങ്കിലും ഏഴു നാദങ്ങൾ ഒരു സമയത്തു സ്വരങ്ങളായിത്തീരുമ്പോൾ ആ സ്വരങ്ങൾക്കിടയിൽ വരുന്ന നാദങ്ങൾക്ക് അപ്പോൾ ശ്രുതിയെന്നു പേർ പറഞ്ഞുവരുന്നുവെന്നർത്ഥം. സാധാരണവ്യവഹാരത്തിലെ ശ്രുതിപിടിക്ക, ശ്രുതി ശരിയായില്ല എന്നീവക സ്ഥലങ്ങളിൽ ശ്രുതി എന്നതു മധ്യസ്ഥായിഷഡ്ജസ്വരത്തിലെ അവസാനത്തെ ശ്രുതിയെക്കുറിച്ചാണെങ്കിലും ആ വ്യവഹാരം ആൾ വരുന്നു എന്ന വ്യവഹാരത്തിലെ ആൾ എന്ന ശബ്ദപ്രയോഗംപോലെ സാമാന്യവാചകശബ്ദത്തെ വിശേഷാർത്ഥത്തിൽ പ്രയോഗിച്ചു വരുന്ന സമ്പ്രദായമനുസരിച്ചു വന്നുകൂടിയതാണ്. അല്ലെങ്കിൽ സംഗീതശാസ്ത്രത്തിൽ ശ്രുതിശബ്ദം സ്വരാന്തരംഗനാദങ്ങളിൽ പാരിഭാഷികമാണ്. മധ്യസ്ഥായിഷഡ്ജസ്വരനാദത്തിലാകട്ടേ ആ ശബ്ദത്തിന്നു ലോകവ്യവഹാരസിദ്ധമായ രൂഢിയുമാണ് എന്നു ഗ്രഹിച്ചുകൊൾക.

ഇതനുസരിച്ചു നോക്കുമ്പോൾ അടുത്ത രണ്ടു സ്വരങ്ങൾക്കിടയിൽ പത്തു മൂത്തപരികമ്പസംഖ്യാഭേദങ്ങൾകൊണ്ടുണ്ടാകുന്ന പത്തു നാദവിശേഷങ്ങൾ വാസ്തവത്തിലടങ്ങിട്ടുണ്ടെങ്കിൽ ആ രണ്ടു സ്വരങ്ങൾക്കിടയിൽ പത്തു ശ്രുതികളുണ്ടെന്നു വരുന്നു. എന്നു മാത്രമല്ല, സ്ഥായിഭേദത്തിന്നുള്ള കാരണം പരികമ്പസംഖ്യയുടെ ഇരട്ടിപ്പായതിനാൽ ഒരു സ്ഥായിയിലെ രണ്ടു സ്വരങ്ങൾക്കിടയിലുള്ള ശ്രുതികളേക്കാൾ ഇരട്ടിശ്രുതികൾ പിന്നത്തെ സ്ഥായിയിലെ ആ രണ്ടു സ്വരങ്ങൾക്കിടയിലുണ്ടെന്നും അതിൻെറ പിന്നത്തെ സ്ഥായിയിൽ ആ രണ്ടു സ്വരങ്ങൾക്കിടയിൽ അതിൻെറ ഇരട്ടി ശ്രുതികളുണ്ടെന്നും വന്നുകൂടുന്നു. അങ്ങനെ സ്ഥായി ഉച്ചമാകുംതോറും സ്വരാന്തരംഗശ്രുതിസംഖ്യകളും ഇരട്ടിക്കുന്നു. എന്നിങ്ങനെയുള്ള ശങ്കകളെപ്പരിഹരിപ്പാനായി പരികമ്പസംഖ്യയുടെ ഓരോ ഭേദംകൊണ്ടും വസ്തുസ്ഥിതിയിൽ അതിസൂക്ഷ്മങ്ങളായ നാദവ്യത്യാസങ്ങളുണ്ടാകുന്നുണ്ടെങ്കിലും ആ വക എല്ലാ നാദവിശേഷങ്ങളും ശ്രുതികളാവില്ലെന്നും മനുഷ്യരുടെ ഇന്ദ്രിയബലം പരിമിതമായതിനാൽ അതിനെക്കൂടി അനുസരിച്ചാണ് ആവക നാദവിശേഷങ്ങളിൽ ശ്രുതിസംജ്ഞയേപ്പെടുത്തിയിരിക്കുന്നതെന്നും കാണിക്കുന്നു—

സൂ—യേന സുശിക്ഷിതാനാം യൽകിഞ്ചിദുച്ചനീചതാന്തരാവഗമസ്തച്ഛ്രുതിമാനം. ൧൪

ഭാ—സ്ഥായികളെല്ലാംതന്നെയും ക്രമത്തിൽ ഉച്ചോച്ചമായി വരുന്ന വ്യവസ്ഥിത നാദപരമ്പകളാണല്ലോ. നാദങ്ങളുടെ ഉച്ചനീചഭാവഗ്രഹണത്തിൽ നല്ല പരിചയം സിദ്ധിച്ചിട്ടുള്ള അഭിജ്ഞന്മാൎക്ക് അങ്ങനെയുള്ള നാദപരമ്പരയിൽ ഏററവും ചുരുങ്ങിയ ഉച്ചനീചഭാവം ഗ്രഹിപ്പാൻ അവക്കു കാരണമായ പരികമ്പസംഖ്യകളിൽ എത്ര സംഖ്യകൊണ്ടുള്ള അന്തരം വേണ്ടിവരുന്നുണ്ടോ അത്രയും അന്തരമുള്ള സംഖ്യകൾകൊണ്ടുണ്ടാകുന്നതും ആ ഉച്ചനീചഭാവഗ്രഹണത്തിന്നു പ്രയോജകവുമായ നാദപരമ്പരാംശത്തിന്നാണ് ഒരു ശ്രുതി എന്നു പറയുന്നത്. അതാണ് ശ്രുതിക്കുള്ള മാനദണ്ഡം. അതിനാൽ അടുത്ത രണ്ടു സ്വരനാദങ്ങൾ തമ്മിൽ പത്തു പരികമ്പങ്ങൾകൊണ്ടുണ്ടാകുന്ന നാദാന്തരം വസ്തുസ്ഥിതിയിലുണ്ടായാലും അതിലെ ഓരോ പരികമ്പാധിക്യംകൊണ്ടുണ്ടാകുന്ന അന്തരവും ശ്രു

തിയായിത്തീരുന്നതല്ല. അത്രത്തോളം സൂക്ഷ്മമായ ഉച്ചനീചഭാവം എത്രതന്നെ സുശിക്ഷിതന്മാൎക്കും ഗ്രഹിപ്പാൻ സാധിക്കയില്ല. പത്തു പരികമ്പങ്ങളുടെ അന്തരംകൊണ്ടുള്ള നാദവ്യത്യാസം സ്വരങ്ങൾക്കുള്ളേടത്തു നാദത്തിന്റെ ഉച്ചനീചഭാവം ഗ്രഹിപ്പാൻ ചുരുങ്ങിയതു രണ്ടിലധികം പരികമ്പങ്ങൾകൊണ്ടുള്ള വ്യത്യാസമെങ്കിലും നാദങ്ങൾക്കുണ്ടായിരിക്കണം. എന്നാൽ തന്നെ മൂന്നോ നാലോ പരികമ്പങ്ങൾകൊണ്ടു വരുന്ന വ്യത്യാസം അതിപരിചയം സിദ്ധിച്ചവൎക്കേ അറിവാൻ സാധിക്കയുള്ളൂ. അപ്രകാരം അറിവാൻ സാധിക്കുന്ന നാദോച്ചനീചഭാവത്തിന്റെ അന്തരമേ ഒരു ശ്രുതിയുമാവുള്ളൂ. അതുകൊണ്ട് ആവക പരികമ്പസംഖ്യകളിൽ ഇടക്കുള്ള ചിലതു മാത്രമാണ് ശ്രുതിജനകമായി വരുന്നതെന്നു സാരം. "ശ്രുതിൎന്നാമ ശബ്ദസ്യ വൈലക്ഷണ്യമാത്രകാരി യദ്രൂപാന്തരം." എന്നു ഭരതശാസ്ത്രവ്യാഖ്യാതാവായ അഭിനവഗുപ്താചാൎയ്യർ ശ്രുതിലക്ഷണം വിവരിച്ചിട്ടുമുണ്ട്. അതിലെ വൈലക്ഷണ്യമാത്രകാരി എന്ന ഭാഗത്തിന്നു വൈലക്ഷണ്യത്തിന്റെ മാത്രം ജ്ഞാനമുണ്ടാക്കുന്നതെന്നൎത്ഥം.

സ്ഥായിഭേദത്താൽ ഒരോ സ്വരത്തിന്റേയും അന്തരംഗനാദങ്ങൾക്കുള്ള പരികമ്പസംഖ്യ ഇരട്ടിക്കുമെങ്കിലും ശ്രുതിസംഖ്യ വൎദ്ധിക്കില്ലെന്നുള്ളതിന്നുള്ള കാരണം സ്പഷ്ടമാക്കുന്നു—

സൂ—ഏതേന മന്ദ്രമധ്യതാരേഷു ക്രമേണ ദ്വിഗുണപരികമ്പസംഖ്യയൈവ നാദോച്ചനീചഭാവഗ്രഹ ഇതി ന മധ്യാദൌ ശ്രുത്യാധിക്യമിത്യപി സിദ്ധം. ൧൭

ഭാ—ഇത്രയും പറഞ്ഞതുകൊണ്ടുതന്നെ മന്ദ്രം, മധ്യം, താരം എന്നീ സ്ഥായികളിൽ നാദത്തിലെ ഉച്ചനീചഭാവങ്ങളുടെ അന്തരം ഗ്രഹിപ്പാൻ ക്രമത്തിൽ ഇരട്ടിച്ചിരട്ടിച്ചുള്ള പരികമ്പസംഖ്യകൾകൊണ്ടുള്ള വ്യത്യാസം ആവശ്യമാണെന്നും അതിനാൽ സ്ഥായിഭേദംകൊണ്ടു ശ്രുതിസംഖ്യയും ക്രമത്തിൽ അധികമായി വരുന്നതല്ലെന്നും അൎത്ഥസിദ്ധമായി. അതായതു മന്ദ്രസ്ഥായിയിൽ നാദത്തിന്റെ അല്പമായ ഉച്ചനീചതാന്തരം ഗ്രഹിപ്പാൻ നാലു പരികമ്പങ്ങൾകൊണ്ടുണ്ടാകുന്ന വ്യത്യാസം ആവശ്യമായിരിക്കുന്നേടത്തു മധ്യസ്ഥായിയിൽ അതു ഗ്രഹിപ്പാൻ എട്ടു പരികമ്പങ്ങൾകൊണ്ടുള്ള വ്യത്യാസവും താരസ്ഥായിയിൽ അതു ഗ്രഹിപ്പാൻ പതിനാറു പരികമ്പങ്ങൾകൊണ്ടുള്ള വ്യത്യാസവും ആവശ്യമാണ്. പരികമ്പവേഗം കൂടുംതോറും നാദതരംഗാവയവങ്ങൾക്കു സൂക്ഷ്മതയും കൂടിവരുമെന്നുള്ള വസ്തുസ്വഭാവം തന്നെയാണ് അതിന്നു കാരണം. അതിനാൽ മധ്യതാരസ്ഥായികളിൽ മന്ദ്രത്തിലേക്കാൾ ശ്രുതികൾ അധികമുണ്ടാകുന്നതല്ല. ഈ കാരണംകൊണ്ടുതന്നെയാണ് സ്ഥായിഭേദംകൊണ്ടു സ്വരസംഖ്യയും അവയിൽ അധികമാകാതിരിക്കുന്നതെന്നും മേൽകാണിച്ച ആക്ഷേപം സ്വരവിഷയത്തിലും ഉണ്ടാകാവുന്നതാണെന്നും ഗ്രഹിച്ചുകൊൾക.

സ്ഥായിയിലെ നാദപരമ്പരയിൽ ഏതെങ്കിലും ഏഴ് അംശനാദങ്ങളാണ് ഒരു സമയത്തു സ്വരങ്ങളായിത്തീരുന്നതെന്നു മുമ്പു പറഞ്ഞുവല്ലോ. ആ സ്വരങ്ങളുടെ അന്തരംഗങ്ങളായ അംശനാദങ്ങളാണ് ശ്രുതികളെന്നും പറഞ്ഞു. രാഗവിശേഷമനുസരിച്ച് ഓരോരോ സമയത്ത് ഓരോരോ അംശനാദങ്ങളാണ് സ്വരങ്ങളായിത്തീരുന്നതും. അങ്ങനെ എല്ലാ അംശനാദങ്ങളും സന്ദൎഭഭേദമനുസരിച്ചു സ്വരങ്ങളായി വരുന്നതിനാൽ സ്വരനാദങ്ങൾക്കും ശ്രുതിസംജ്ഞയുണ്ടെന്നു വന്നുകൂടുന്നുവല്ലോ എന്ന ആക്ഷേപത്തെസ്സമ്മതിച്ചു പരിഹരിക്കുന്നു—

സൂ—സ്വരനാദാഃ സ്ഥായ്യാരംഭനാദശ്ച. ൧൮

ഭാ—ശ്രുതയഃ എന്നനുവൎത്തിക്കണം. സ്വരങ്ങളായിത്തീരുന്ന അംശനാദങ്ങളും ശ്രുതിസംജ്ഞങ്ങൾതന്നെയാണ്. അതുകൊണ്ടാണ് "ശ്രവണേന്ദ്രിയഗ്രാഹ്യത്വാദ്ധ്വനിരേവ ശ്രുതിൎമ്മതഃ സാ ചൈകാ ദ്വിവിധാ ജ്ഞേയാ സ്വരാന്തരവിഭാഗതഃ. നിയതശ്രുതിസംസ്ഥാനാൽ ഗീയന്തേ സപ്ത ഗീതിഷു തസ്മാൽ സ്വരഗതാ ജ്ഞേയാ ശ്രുതയഃ ശ്രുതിവേദിഭിഃ. അന്തരശ്രുതിവൎത്തിന്യോ ഹ്യന്തരശ്രുതയോ മതാഃ താസാമപി സ്വരത്വം ച ക്രിയാഗ്രാമവിഭാഗതഃ". എന്ന വിശ്വാവസുഗ്രന്ഥം സംഗതമാകുന്നതും. അപ്രകാരം സ്ഥായ്യാരംഭമായ ഷഡ്ജസ്വരനാദത്തിന്നും ശ്രുതിസംജ്ഞയുണ്ട്. ആ നാദവിശേഷത്തെ അടിസ്ഥാനമാക്കിക്കൊണ്ടാണ് മററു ശ്രുതികളുടേയും സ്വരങ്ങളുടേയും വ്യവസ്ഥയിരിക്കുന്നതെന്ന സംഗതിതന്നെ അതിന്നവലംബം. വിശ്വാവസുഗ്രന്ഥത്തിലെ "സാ ചൈകാ" എന്ന ഭാഗംകൊണ്ടു കാണിച്ചിരിക്കുന്നതും ആ അവലംബശ്രുതിയെയാണ്. "ഏകൈവ ശ്രുതിഃ. പ്രതിശ്രുത്യാദിഭേദഭിന്നഃ പ്രതിഭാസഃ". എന്ന മതംഗമുനിവചനത്തിന്നും ആ ആധാരശ്രുതിയിലാണ് താൽപൎയ്യം. 'ശ്രൂയതേ വൈലക്ഷ്യണ്യേനേതി ശ്രുതിഃ' എന്നു പ്രകൃതത്തിൽ ശ്രുതിശബ്ദത്തിന്നുള്ള വിഗ്രഹവാക്യം.

ശ്രുതികൾക്കു ഗീതത്തിലുള്ള സ്ഥാനം കാണിക്കുന്നു—

സൂ—താ ഗിതസ്യ മൂലം വൎണ്ണാ ഇവ വാക്യസ്യ. ൧൭

ഭാ—അങ്ങനെയുള്ള ശ്രുതികളാണ് ഗീതത്തിന്റെ മൂലാവയവമായിരിക്കുന്നത്. സാഹിത്യത്തിൽ വാക്യം പദങ്ങളെക്കൊണ്ടും പദങ്ങൾ വൎണ്ണങ്ങളെക്കൊണ്ടും നിഷ്പന്നമാകുന്നതിനാൽ എപ്രകാരം വൎണ്ണങ്ങൾ വാക്യത്തിന്നടിസ്ഥാനമായ മൂലപദാൎത്ഥമായിരിക്കുന്നുവോ അപ്രകാരം സംഗീതത്തിൽ ഗീതം സ്വരങ്ങളെക്കൊണ്ടും സ്വരങ്ങൾ ശ്രുതികളെക്കൊണ്ടും നിഷ്പന്നമാകുന്നതിനാൽ ഗീതത്തിന്നടിസ്ഥാനമായ മൂലപദാൎത്ഥം ശ്രുതികളാണെന്നൎത്ഥം. ഇവിടെ ശ്രുതികൾ എന്നതുകൊണ്ടു സ്ഥായ്യാധാരശ്രുതിയുൾപ്പടെയുള്ള ശ്രുതികളെയെല്ലാം ഗ്രഹിക്കേണ്ടതാണ്.

ഇത്രയുംകൊണ്ടു സുശിക്ഷിതന്മാൎക്കു ഗ്രഹണാൎഹമായ ഉച്ചനീചഭാവാന്തരമാണ് ശ്രുതിയെന്നു സിദ്ധിച്ചുവല്ലോ. ഇനി അങ്ങനെയുള്ള ശ്രുതികൾ ഒരു സ്ഥായിയിൽ എത്രയുണ്ടെന്നുള്ള സംഗതി യുക്ത്യനുഭവപ്രമാണങ്ങളനുസരിച്ചു വ്യവസ്ഥപ്പെടുത്തുന്നതിന്നുവേണ്ടി ആദ്യം ആ വിഷയത്തിലുള്ള ചില മതഭേദങ്ങൾ കാണിക്കുന്നു—

സൂ—ശ്രുതിരേകൈവ സോപാനസരണിന്യായേന വാതോദ്ധതധൂമപടലന്യായേന വാവ്യവസ്ഥിതോത്തരോത്തരഭംഗ്യാ ശ്രൂയത ഇത്യേകേ. ൧൮

ഭാ—ശ്രുതി എന്നത് ഒന്നു മാത്രമാണ്. പല വ്യക്തികളായിട്ടില്ല. ഒരേ ശ്രുതി തന്നെ കല്പടകളുടെ രീതിയിൽ, അല്ലെങ്കിൽ തുടരെത്തുടരെക്കാററടിച്ചുയൎത്തുന്ന ധൂമപടലത്തിന്റെ രീതിയിൽ മേൽക്കുമേൽ പല പതനങ്ങളായിക്കേൾക്കയാണ് സ്ഥായികളിലുണ്ടാകുന്നത് എന്നിങ്ങനെ ചിലർ പറയുന്നു. അവരുടെ മതത്തിൽ ഷഡ്ജത്തിന്നു നാലു ശ്രുതികൾ ഋഷഭത്തിന്നു മൂന്നു ശ്രുതികൾ എന്നും മററുമുള്ള വ്യവഹാരം ഒരേ ശ്രുതിക്കുതന്നെയുള്ള നിലകളുടെ ഭേദത്തെക്കുറിക്കുക മാത്രമാണ് ചെയ്യുന്നതെന്നും ചതുശ്രുതി എന്നതിന്നു നാലാമതായി നിൽക്കുന്ന സ്ഥിതിയിലുള്ളത് എന്നും മററുമാണൎത്ഥമെന്നും താൽപൎയ്യം.

സൂ—തന്ന യുക്തം. ദൃഷ്ടാന്തയോരപി വ്യക്തിഭേദസ്യ സ്ഫുടത്വാൽ. സ്വരാണാം മിഥോ നാദഭേദസ്യാനുഭൂയമാനസ്യാപലാപപ്രസംഗാൽ. പരികമ്പസംഖ്യാഭേദേ നാദഭേദസ്യാനിഷേധ്യത്വാൽ. ൧൯

ഭാ—അവരുടെ മതം ശരിയാകുന്നതല്ല. എന്തുകൊണ്ടെന്നാൽ, ഒന്നാമത് അവർ കാണിച്ച ദൃഷ്ടാന്തങ്ങളായ കല്പടകളിലും ധൂമപടലത്തിലുംതന്നെ വ്യക്തികൾക്കു ഭേദമുണ്ട്. ഒന്നാമത്തെ കല്പടയും രണ്ടാമത്തെ കല്പടയും ഒരേ വ്യക്തിയല്ല. രണ്ടും രണ്ടു വ്യക്തികളാണ്. അതുപോലെ ആദ്യം കാററടിച്ചയന്ന ധൂമവും രണ്ടാമതുയന്ന ധൂമവും തമ്മിലും വ്യക്തിഭേദമുണ്ട്. അതിനാൽ ദൃഷ്ടാന്തംതന്നെ അസംഗതമാണ്. കല്പടകളുടേയും ധൂമപടലത്തിൻേറയും പരമ്പരയായ പംക്തി ഒന്നാണെന്നുള്ളതാകട്ടേ പ്രകൃതത്തിൽ സ്ഥായി ഒന്നാണെന്നുള്ളതിന്നേ ദൃഷ്ടാന്തമാവുള്ളൂ. അതിലുൾപ്പട്ട ശ്രുതികളും സ്വരങ്ങളും ഒന്നാണെന്നുള്ളതിലേക്കു ദൃഷ്ടാന്തമാവില്ല. രണ്ടാമത് ഷഡ്ജാദികളായ ഓരോ സ്വരങ്ങൾക്കും ഓരോ തരം വ്യത്യസ്തങ്ങളായ നാദങ്ങളാണ് കേൾക്കുന്നതെന്ന സംഗതി അനുഭവസിദ്ധമാണ്. എല്ലാ സ്വരങ്ങളും ഒരേ ശ്രുതിവ്യക്തി തന്നെയാണെങ്കിൽ കേൾക്കുന്ന നാദങ്ങൾക്കും വ്യത്യാസമില്ലാതിരിക്കണം. നാദങ്ങൾക്കുള്ള ജാതിവ്യത്യാസവും ഉണ്ടാകുന്നതല്ല. അതുകൊണ്ട് ഈ മതം അനുഭവത്തിന്നു വിരുദ്ധവുമാണ്. മൂന്നാമത്, ഷഡ്ജശ്രുതിക്കു കാരണമായ മൂൎത്തപരികമ്പസംഖ്യയും ഋഷഭശ്രുതിക്കു കാരണമായ മൂൎത്തപരികമ്പസംഖ്യയും ഒന്നാവില്ല. രണ്ടിൻേറയും ശ്രുതി ഒന്നാണെങ്കിൽ കാരണഭേദമുണ്ടാകുന്നതല്ല. കാരണങ്ങൾ വേറെ വേറെയാകുമ്പോൾ കാൎയ്യവ്യക്തികളും വേറെ വേറെത്തന്നെയായിരിക്കുന്നതാണ്. അതുകൊണ്ടു ശ്രുതികളും പല വ്യക്തികളാണെന്നു സ്വീകരിക്കേണ്ടതിനാൽ ഈ മതം അസംഗതമാണ്.

"ഏകൈവ ശ്രുതിഃ. ചതുശ്ശ്രുത്യാദിഭേദഭിന്നഃ പ്രതിഭാസതേ". എന്നു മതംഗമുനിയും "ധ്വനിരേവ ശ്രുതിർഭവേൽ സാ ചൈകാപിദ്വിധാ ജ്ഞേയാ സ്വരാന്തരവിഭാഗതഃ". എന്ന് ആചാൎയ്യവിശ്വാവസുവും ശ്രുതിയെല്ലാം ഒന്നുതന്നെയാണെന്നു പറഞ്ഞിട്ടുണ്ടല്ലോ. ശ്രുതികൾ പലതാണെങ്കിൽ ആ മതംഗാദിവചനം എങ്ങനെ ഉപപന്നമാകും എന്നുള്ള ശങ്കയെപ്പരിഹരിക്കുന്നു—

സൂ—മതംഗാദിഭിസ്തു സ്ഥായ്യാധാരപ്രഥമശ്രുതേൎമ്മന്ദ്രമധ്യതാരേഷു നിമിത്തകൃതവ്യക്തിഭേദേപ്യേകജാതീയതാം സ്ഥായിമധ്യഗതശ്രുതിസ്വരാണാം താമാധാരശ്രുതിമേകാമനുസൃത്യ വ്യവസ്ഥിതിം ച ദൎശയിതും തഥ ശ്രുതേരേവൈകത്വമുക്തം. ൨൦

ഭാ—മതംഗമുനി 'ഏകൈവ ശ്രുതിഃ' എന്നു പറഞ്ഞിട്ടുള്ളതിന്നു ശ്രുതി ഒന്നുതന്നെയാണ് എന്നാണൎത്ഥം. ശ്രുതി ഒന്നു മാത്രമേയുള്ളൂ എന്നല്ല. അങ്ങനെ പറഞ്ഞിട്ടുള്ളതു സ്ഥായ്യാധാരമായ ഷഡ്ജശ്രുതിയെക്കുറിച്ചാണെന്നു മുമ്പു പറഞ്ഞിട്ടുമുണ്ട്. മുനി അതു പറഞ്ഞിരിക്കുന്നതാകട്ടേ ഒരു സ്ഥായിയുടെ ആധാരമായ ആദ്യത്തെ ശ്രുതിക്കു മന്ദ്രമധ്യതാരസ്ഥായികളിൽ പരികമ്പസംഖ്യാഭേദരൂപമായ കാരണഭേദത്താൽ വ്യക്തിഭേദം വരാമെങ്കിലും ആ പരികമ്പസംഖ്യകൾ ഒന്നിനൊന്നിരട്ടിച്ച സംഖ്യകളാണെന്നുള്ള സാമാന്യധൎമ്മം വഴിക്കു കാൎയ്യങ്ങളായ ആ ആധാരശ്രുതിവ്യക്തികൾക്കും ഏകജാതീയത്വമുണ്ടെന്നും അതിനാൽ ഓരോ സ്ഥായിയിലും ഇടക്കുള്ള എല്ലാ ശ്രുതികളും സ്വരങ്ങളും ആ ആധാരശ്രുതിയെ അടിസ്ഥാനമാക്കിയാണ് വ്യവസ്ഥിതങ്ങളായിട്ടുള്ളതെന്നും കാണിപ്പാനാണ്. "ചതുശ്ശ്രുത്യാദിഭേദഭിന്നഃ പ്രതിഭാസതേ". എന്ന ഭാഗംകൊണ്ടു മുനിതന്നെ അതു വ്യക്തമാക്കീട്ടുമുണ്ട്. അവിടെ തതഃ എന്നു ചേൎക്കണം. ഓരോരോ ശ്രുതികളും സ്വരങ്ങളും വേർതിരിച്ചറിയുന്നത് അതായത് സ്ഥായിയിലുൾപ്പട്ട എല്ലാ ശ്രുതിസ്വരങ്ങളേയും വേർതിരിച്ചറിയുന്നത് ആ ഒരേ ശ്രുതിയെക്കൊണ്ടാണ് എന്നാണ് ആ ഭാഗത്തിന്നൎത്ഥം. അല്ലെങ്കിൽ മുൻകാ

ണിച്ച യുക്തികളാൽ ആ മുനിവചനം അസംഗതമായേക്കും. ആചാര്യവിശ്വാവസു "സാ ചൈകാപി" എന്നു പറഞ്ഞിട്ടുള്ളതാകട്ടേ ധ്വനിത്വധർമ്മംകൊണ്ടു ശ്രുതിയെല്ലാം ഒന്നാണെങ്കിലും അതായത് എല്ലാ ശ്രുതികളും ധ്വനിയാണെങ്കിലും ആ ധ്വനിക്കു സ്വരശ്രുതി എന്നും അന്തരശ്രുതി എന്നും രണ്ടുവക ഭേദമുണ്ടെന്നു മാത്രമാണ്. ആ സംഗതി 'തസ്മാൽ സ്വരഗതാ ജ്ഞേയാഃ ശ്രുതയഃ ശ്രുതിവേദിഭിഃ. അന്തരശ്രുതിവത്തിന്യോ ഹ്യന്തരശ്രുതയോ മതാഃ". എന്ന ഉത്തരഗ്രന്ഥത്താൽ ആചാര്യൻതന്നെ കാണിച്ചിട്ടുമുണ്ട്. സ്വരഗതശ്രുതികൾ എന്നതിന്നു ശുദ്ധസ്വരശ്രുതികൾ എന്നും അന്തരശ്രുതികൾ എന്നതിന്നു വികൃതസ്വരരൂപത്തിൽ വരുന്ന ശ്രുതികൾ എന്നുമാണ് താൽപര്യം. അതുകൊണ്ട് ആ ഗ്രന്ഥകാരൻ പറഞ്ഞിട്ടുള്ളത് ആധാരശ്രുതിയേയും സ്ഥായിയിലുൾപ്പട്ട മററു നാദാംശശ്രുതികളേയും എല്ലാം കൂട്ടിച്ചേർത്തു സാമാന്യമായിച്ചിലസംഗതികൾ മാത്രമായതിനാൽ മേൽപ്രകാരം ശ്രുതി ഒന്നേ ഉള്ളു എന്നുള്ള അഭിപ്രായത്തിന്ന് ആ ആചാര്യഗ്രന്ഥം പ്രമാണമാവില്ല.

മതാന്തരം കാണിക്കുന്നു—

സൂ—ഉത്താളസലിലതരംഗപരമ്പരാവദസംഖ്യേയത്വാദനന്താഃ ശ്രുതയ ഇത്യന്യേ. ൨൧

ഭാ—ഓളം തല്ലിക്കൊണ്ടിരിക്കുന്ന സമുദ്രജലത്തിലെത്തരംഗങ്ങളുടെ സംഖ്യപോലെ ശ്രുതിയുടെ സംഖ്യയും ഇത്രയെന്നു നിർണ്ണയിപ്പാൻ സാധിക്കില്ല. അതിനാൽ ശ്രുതികൾ അനന്തങ്ങളാണ്. എന്നു മററു ചിലർ പറയുന്നു. നിമേഷക്കണക്കിൽ മൂർത്തപരികമ്പസംഖ്യ ഓരോന്നു കൂട്ടുംതോറും ഓരോ ശ്രുതിയുമുണ്ടാകുന്നുണ്ടെന്നും പരികമ്പസംഖ്യകൾ ഇത്രയെന്നു ഗണിപ്പാൻ സാധിക്കാത്തതരത്തിൽ അത്ര വളരെയുള്ളതിനാൽ ശ്രുതികളും അസംഖ്യേയങ്ങളാണെന്നുമാണ് അവരുടെ അഭിപ്രായം. "ആനന്ത്യം ഹി ശ്രുതീനാം ച സൂചയന്തി വിപശ്ചിതഃ യഥാ ധ്വനിവിശേഷാണാമമാനം ഗഗനോദരേ. ഉത്താളപവനോദ്വേല്ലജ്ജലരാശിസമുദ്ഭവാഃ ഇയത്യഃ പ്രതിപദ്യന്തേ ന തരംഗപരമ്പരാഃ". എന്ന ഗ്രന്ഥത്താൽ കോഹലമുനി ഈ മതാന്തരത്തെക്കാണിച്ചിരിക്കുന്നതു നോക്കുക. ജലതരംഗത്തിലെജ്ജലപരമാണുക്കൾപോലെ തരംഗരൂപമായ ഓരോ നാദത്തിലും സൂക്ഷ്മങ്ങളായ അനവധി നാദാവയവങ്ങളടങ്ങിട്ടുണ്ടെന്നും അവയും ശ്രുതിയിലുൾപ്പടുന്നുവെന്നും അവരഭിപ്രായപ്പടുന്നു. ചുരുക്കത്തിൽ ഏതെങ്കിലും സ്വരത്തിൻെറ അവയവത്തിലോ ആ അവയവത്തിൻെറ അവയവപരമ്പരയിലോ ഉൾപ്പടുന്ന അംശങ്ങളോരോന്നും വേറെ വേറെ ശ്രുതികളാണെന്നാണ് അവരുടെ പക്ഷം.

സൂ—തദപി ന യുക്തം. ഉക്തലക്ഷണാനുരോധേന ശ്രവണായോഗ്യാനാം നാദതരംഗസൂക്ഷ്മാവയവരൂപമാത്രകാണാം ശ്രുതിത്വാഭാവാദേകദ്വിപരികമ്പഭേദകൃതഭേദാനാം വൈലക്ഷണ്യഗ്രഹാപ്രയോജകത്വാന്നിമേഷമാനേന സഹസ്രപഞ്ചകാധികസംഖ്യാജന്യാനാമശ്രാവ്യത്വേന സ്ഥായിന്യേകസ്മിന്നന്തതഃ പഞ്ചശതോത്തരദ്വിസഹസ്രപരികമ്പകൃതഭേദാനാമേവ സംഭവേന ച താസാം സംഖ്യേയത്വാച്ച. ൨൨

ഭാ—ആ മതവും യുക്തമല്ല. മുമ്പു കാണിച്ച ശ്രുതിലക്ഷണമനുസരിച്ചു നോക്കുമ്പോൾ ഗീതത്തിലെ സ്ഥായികളുടെ ശ്രവണയോഗ്യങ്ങളായ നാദാംശങ്ങളാണല്ലോ ശ്രുതികൾ. ആവക നാദതരംഗങ്ങളുടെ സൂക്ഷ്മാവയവങ്ങളും പരമാണുസ്ഥാനീയങ്ങളും മാത്രക

ങ്ങൾ എന്നു പേരുള്ളവയുമായ അംശങ്ങൾ പ്രത്യേകം ശ്രവണയോഗ്യങ്ങളല്ലാത്തതിനാൽ ശ്രുതികളിലുൾപ്പെടുകയില്ല. ശ്രുതിപ്രസ്താവത്തിൽ അതുകൊണ്ടുതന്നെ അവ അപ്രകൃതങ്ങളാകയാൽ അവയെക്കൂട്ടിച്ചേർത്തു ശ്രുതികൾ അനന്തങ്ങളാണെന്നു പറയാവുന്നതല്ല. അങ്ങനെയായാൽ അനാഹതനാദവും ശ്രുതിയാണെന്നു പറയേണ്ടിവരും. ഒന്നോ രണ്ടോ മൂത്തപരികമ്പസംഖ്യയുടെ വ്യത്യാസംകൊണ്ടു വസ്തുസ്ഥിതിയിൽ നാദഭേദമുണ്ടാകുമെങ്കിലും നാദങ്ങൾ തമ്മിലുള്ള വൈലക്ഷണ്യം ഗ്രഹിപ്പാൻ അത്രയും അല്പമായ വ്യത്യാസം മതിയാകാത്തതുകൊണ്ട് അതും നാദവൈലക്ഷണ്യഗ്രഹോപയോഗിയായ അന്തരമാകാത്തതിനാൽ ശ്രുതികളിലുൾപ്പെടുന്നതല്ല. അതുകൊണ്ട് ആ വക സൂക്ഷ്മഭേദങ്ങളെക്കൂടിച്ചേർത്തും ശ്രുതികൾ അനന്തങ്ങളാണെന്നു പറയാവുന്നതല്ല. അതിന്നുംപുറമെ നിമേഷക്കണക്കിൽ അയ്യായിരത്തിലധികം പരികമ്പങ്ങളുണ്ടായാൽ അതുകൊണ്ടുള്ള നാദം ശ്രവണയോഗ്യമാകുന്നതല്ലെന്നു മുമ്പു കാണിച്ചിട്ടുണ്ട്. അതിനാൽ ശ്രവണയോഗ്യമാണെന്നു പറയാവുന്ന അങ്ങേ അററത്തെ സ്ഥായിയിൽത്തന്നെ രണ്ടായിരത്തഞ്ഞൂറ പരികമ്പങ്ങൾകൊണ്ടുണ്ടാകുന്ന അത്രയും നാദഭേദങ്ങളേ വസ്തുസ്ഥിതിയിൽപോലും ഉണ്ടായിരിക്കയുള്ളൂ. അതിനാൽ വൈലക്ഷണ്യഗ്രഹമുണ്ടാക്കുന്ന നാദാന്തരം ശ്രുതി എന്നുള്ള സിദ്ധാന്തം സ്വീകരിക്കാതെ പരികമ്പസംഖ്യ ഒന്നു കൂടിയാൽ നാദത്തിൻെറ ശ്രുതിയും മാറിയെന്നുവെച്ചാൽത്തന്നെയും ഒരു സ്ഥായിയിൽ രണ്ടായിരത്തഞ്ഞൂറിലധികം ശ്രുതികൾ വരില്ല. അപ്പോൾ ശ്രുതികൾ ഇത്രയെന്നു കണക്കാക്കാവുന്നതാണെന്നും അനന്തങ്ങളല്ലെന്നും വരുന്നു. ഓരോരോ സ്ഥായിയിലും വേറെ വേറെ ശ്രുതികളാണെന്നുവെച്ചാലും ശ്രവണയോഗ്യസ്ഥായികളിലെല്ലാംകൂടി വരുന്ന ശ്രുതികൾ സംഖ്യേയങ്ങൾതന്നെയാണ്. ഗീതത്തെപ്പററിയേടത്തോളമാകട്ടെ ശ്രവണയോഗ്യങ്ങളിൽപോലും മധ്യത്തിൽ വരുന്ന അഞ്ചു സ്ഥായികളേ പരമാവധിയായിത്തന്നെ വരുള്ളൂ എന്ന സംഗതിയും ഇവിടെ ഓർക്കേണ്ടതാണ്. ശ്രുതിയെന്നതിന്നു സ്ഥായിയിലെ നാദാംശം എന്ന അർത്ഥത്തിലല്ലാതെ ധ്വനിഭേദം എന്ന അർത്ഥം മാത്രം വെച്ചുകൊണ്ടു സഹജം, ദോഷജം, അഭിഘാതജം എന്നു ശ്രുതി മൂന്നുവിധമെന്നും, വാതജം, പിത്തജം, കഫജം, സന്നിപാതജം, സംസർഗ്ഗജം എന്നു ശ്രുതി അഞ്ചുവിധമെന്നും മററും ചിലർ വിഭജിച്ചിട്ടുള്ളതു പ്രകൃതശ്രുതിയെപ്പററിയല്ലാത്തതിനാൽ അതിവിടെ പ്രസ്താവിക്കേണ്ടതില്ല. അതുപോലെ വേണുഗാനത്തിൽ ധ്വനിക്കു വരുത്തേണ്ട ബലതാരതമ്യത്തെ ശ്രുതിശബ്ദാർത്ഥമാക്കിക്കൊണ്ടു "ദ്വിശ്രുതിസ്ത്രിശ്രുതിശ്ചൈവ ചതുശ്ശ്രുതിക ഏവ ച സ്വരപ്രയോഗഃ കർത്തവ്യോ വംശച്ഛിദ്രഗതോ ബുധൈഃ" എന്നു വേണമുനി മുതലായവർ കാണിച്ചിട്ടുള്ള ശ്രുതികളും പ്രകൃതശ്രുതികളല്ല. ആ ശ്രുതികൾ, വേണുരന്ധ്രത്തിൽ വിരൽ വിറപ്പിച്ചുകൊണ്ടു പ്രയോഗിച്ചാൽ രണ്ടു ശ്രുതികളായിട്ടും രന്ധ്രം പകുതി തുറന്നു പ്രയോഗിച്ചാൽ മൂന്നു ശ്രുതികളായിട്ടും മുഴുവൻ തുറന്നു പ്രയോഗിച്ചാൽ നാലു ശ്രുതികളായിട്ടും പുറപ്പെടുമെന്നിങ്ങനെ നാദത്തിൻെറ ബലാബലതാരതമ്യത്തെ മാത്രമാണ് കാണിക്കുന്നതെന്ന സംഗതി,

"ദ്വികത്രികചതുഷ്കാസ്തു ജ്ഞേയാ വംശഗതാഃ സ്വരാഃ
കമ്പമാനാർദ്ധമുക്താശ്ച വ്യക്തമുക്താസ്തഥൈവ ച
ഇതി താവന്മയാ പ്രോക്താസ്സമീച്യഃ ശ്രുതയോ നവ".

എന്ന ഗ്രന്ഥത്താൽ ഭരതമുനി സ്പഷ്ടമാക്കീട്ടുമുണ്ട്. അതിനാൽ സ്ഥായ്യംശ ശ്രുതികളെപ്പററി പ്രസ്താവിക്കുമ്പോൾ ആ ശ്രുതികളെക്കുറിച്ചും നിരൂപിക്കേണ്ടതില്ല.

ഇനി ഭരതമുനി മുതലായവരുടെ മതമനുസരിച്ചുള്ള ശ്രുതിവിഭാഗം പറയുന്നു —

സൂ—തത്ര മാൎഗ്ഗസ്വരാനുരോധേന ദ്വാവിംശതിഃ ശ്രുതയ ഇതി ശ്രീഭരതാദ്യാചാൎയ്യാഃ. ൨൩

ഭാ—ശ്രീഭരതമുനി മുതലായ അതിപ്രാചീനാചാൎയ്യന്മാർ മാൎഗ്ഗസംഗീതത്തിലെ ഗ്രാമസ്വരങ്ങളുടെ വ്യവസ്ഥയനുസരിച്ച് ഒരു സ്ഥായിയിൽ ഇരുപത്തിരണ്ടു ശ്രുതികളാണ് അനുഭവിച്ചിട്ടുള്ളതെന്നു പറയുന്നു. "ഏവമനേന ശ്രുതിദൎശനവിധാനേന ദ്വൈഗ്രാമിക്യോദ്വാവിംശതിശ്രുതയഃ പ്രത്യവഗന്തവ്യാഃ". എന്നു ഭരതമുനിവചനം. ഇങ്ങനെ ശ്രുതികൾ കാണിച്ചതനുസരിച്ചു ഷഡ്ജഗ്രാമം, മധ്യമഗ്രാമം എന്ന രണ്ടു ഗ്രാമങ്ങളിലും ആകെ ഇരുപത്തിരണ്ടു ശ്രുതികളാണുള്ളതെന്നറിഞ്ഞുകൊൾക എന്ന് അതിന്റെ അൎത്ഥം.

സൂ—വീണാദ്വയേ തൽപരീക്ഷിരപി. ൨൪

ഭാ—ദൎശിതാ എന്നു ചേൎക്കണം. ഒരു സ്ഥായിയിൽ ഇരുപത്തിരണ്ടു ശ്രുതികളാണുള്ളതെന്ന സംഗതി രണ്ടു വീണ പരിശോധിച്ചറിയേണ്ട സമ്പ്രദായവും "ദ്വേ വീണേ തുല്യപ്രമാണതന്ത്ര്യുപപാദനദണ്ഡമൂൎച്ഛനേ ഷഡ്ജഗ്രാമാശ്രിതേ കാൎയ്യേ" എന്നു മുതൽക്കുള്ള ഗ്രന്ഥത്താൽ ഭരതമുനി കാണിച്ചിട്ടുണ്ട്. അതെങ്ങനെയെന്നാൽ—ഒരേ വലിപ്പത്തിലുള്ളവയും കമ്പി കെട്ടി മാൎഗ്ഗപ്രസ്ഥാനമനുസരിച്ച് ഒരേ മാതിരി സ്വരാരോഹണാവരോഹണക്രമങ്ങൾ വരുന്നവിധം മേളം ചേൎത്തു ശരിപ്പെടുത്തീട്ടുള്ളവയുമായ രണ്ടു വീണകൾ ഷഡ്ജം ആധാരസ്വരമായിട്ടുള്ള ഷഡ്ജഗ്രാമത്തിൽ ആധാരശ്രുതി ഒന്നാക്കിയൊപ്പിച്ചു നിൎത്തുക. അപ്പോൾ രണ്ടു വീണകളിലും എല്ലാ സ്വരങ്ങളും ഒരേ സ്ഥാനത്തായിരിക്കും. പിന്നെ അതിൽ ഒരു വീണയുടെ കമ്പി അയച്ചു മററതിലെ മധ്യമഗ്രാമത്തിന്റെ പഞ്ചമത്തോട് അതായത് ത്രിശ്രുതിപഞ്ചമത്തോട് ഒത്ത വിധത്തിൽ ഇതിലെ ഷഡ്ജഗ്രാമപഞ്ചമസ്വരം വരത്തക്കവണ്ണമാക്കുക. അപ്പോൾ ഈ കമ്പി അയച്ച ചലവീണയിൽ ഒരു ശ്രുതിയാണ് കുറഞ്ഞതെന്നു കിട്ടും. ഷഡ്ജഗ്രാമത്തിലെ പഞ്ചമത്തേക്കാൾ ഒരു ശ്രുതി കുറഞ്ഞതാണ് മധ്യമഗ്രാമപഞ്ചമം. അതാണ് ഒരു ശ്രുതിയുടെ മാനമായിക്കണക്കാക്കേണ്ടതും. ചലവീണയിലെ കമ്പി പിന്നെയും അയച്ചു സ്ഥിരവീണയിലെ ഋഷഭത്തോടൊത്ത് ഇതിലെ ഗാന്ധാരവും ധൈവതത്തോടൊത്തു നിഷാദവും വരുന്നവിധം നിൎത്തുക. ഋഷഭഗാന്ധാരങ്ങൾ തമ്മിലും ധൈവതനിഷാദങ്ങൾ തമ്മിലും രണ്ടു ശ്രുതികൾകൊണ്ടുള്ള അന്തരമാണുള്ളത്. അതിനാൽ മററതിനേക്കാൾ രണ്ടു ശ്രുതികൾ കുറഞ്ഞുവെന്നു കിട്ടും. പിന്നെയും ചലവീണയിലെ കമ്പി അയച്ചു സ്ഥിരവീണയിലെ ആധാരശ്രുതിസ്വരമായ ഷഡ്ജത്തോടൊത്ത് ഇതിലെ ഋഷഭവും അതിലെ പഞ്ചമത്തോടൊത്ത് ഇതിലെ ധൈവതവും വരുന്നവിധം നിൎത്തുക. ഷഡ്ജൎഷഭങ്ങൾ തമ്മിലും പഞ്ചമധൈവതങ്ങൾ തമ്മിലും മൂന്നു ശ്രുതികൾകൊണ്ടുള്ള അന്തരമായതിനാൽ അപ്പോൾ മൂന്നു ശ്രുതികളുടെ മാനവും നിശ്ചിതമാകും. പിന്നെയും ചലവീണയിലെ കമ്പി അയച്ചു ധ്രുവവീണയിലെ മധ്യമത്തോടൊത്ത് ഇതിലെ പഞ്ചമവും ഗാന്ധാരത്തോടൊത്തു മധ്യമവും നിഷാദത്തോടൊത്തു താരസ്ഥായിഷഡ്ജവും വരുന്ന വിധത്തിൽ നിൎത്തുക. മധ്യമപഞ്ചമങ്ങൾ തമ്മിലും ഗാന്ധാരമധ്യമങ്ങൾ തമ്മിലും നിഷാദഷഡ്ജങ്ങൾ തമ്മിലും നന്നാലു ശ്രുതികൾകൊണ്ടുള്ള അന്തരമായതിനാൽ അപ്പോൾ നാലു ശ്രുതികളുടെ മാനവും ലഭിച്ചു. ഇങ്ങനെ മധ്യമപഞ്ചമഷഡ്ജങ്ങൾക്കു നാലു വീതം പന്തിരണ്ടും ഋഷഭധൈവതങ്ങൾക്കു മൂന്നു വീതം ആറും ഗാന്ധാരനിഷാദങ്ങൾക്കു രണ്ടുവീതം നാലുമായി ഒരു സ്ഥായിയിൽ ആകെ ഇരുപത്തിരണ്ടു ശ്രുതികളാണെന്നും സിദ്ധിച്ചു. ഇങ്ങനെയാണ് ഭരതാദ്യാചാൎയ്യന്മാർ വീണകൊണ്ടുള്ള ശ്രുതിസംഖ്യാപരി-

ക്ഷണത്തിൻെറ സമ്പ്രദായം കാണിച്ചിട്ടുള്ളത്. നിശ്ശങ്കശാർങ്ഗദേവനാകട്ടേ വേറെ വിധത്തിലാണ് പറയുന്നത്. വലുപ്പം തുല്യമായ രണ്ടു വീണകളിൽ ഓരോന്നിലും ഇരുപത്തിരണ്ടു കമ്പികൾവീതം കെട്ടി ആദ്യത്തെക്കമ്പി ഏററവും മന്ദ്രമായ നാദത്തിൽ നിൎത്തുക. രണ്ടാമത്തേത് അതിനേക്കാൾ അല്പം ഉച്ചമായും എന്നാൽ രണ്ടിനും ഇടയിൽ മറെറാരു നാദം കേൾക്കാത്ത വിധത്തിൽ നാദങ്ങളുടെ ഇട തൂൎത്തും നിൎത്തുക. അപ്രകാരംതന്നെ മററു കമ്പികളും ക്രമത്തിൽ ഒന്നിനൊന്ന് അല്പാല്പം അധികം ഉച്ചമായി വരുന്നവിധത്തിലും രണ്ടിന്നും ഇടയിൽ മറെറാരു നാദം കേൾക്കാൻ തരമില്ലാത്ത വിധത്തിലും നിൎത്തണം. അങ്ങനെ രണ്ടു വീണയിലും ഒരേ നാദസ്ഥിതിയിൽ കമ്പികൾ യോജിപ്പിക്കുക. എന്നാൽ അവയിലെ ഓരോ കമ്പിയിൽനിന്നും പുറപ്പെടുന്ന നാദങ്ങൾക്കാണ് ശ്രുതികളെന്നു പറയുന്നത്. പിന്നെ രണ്ടു വീണയിലും സ്വരങ്ങൾ നിയമിക്കുക. അതിന്നു ഷഡ്ജത്തിന്നു നാലു ശ്രുതികൾ. നാലാമത്തെ കമ്പിയിൽ വരുന്ന നാദം ഷഡ്ജമെന്നൎത്ഥം. ഏഴാമത്തേതിൽ ഋഷഭം. ഒമ്പതാമത്തേതിൽ ഗാന്ധാരം. പതിമ്മൂന്നാമത്തേതിൽ മധ്യമം. പതിനേഴാമത്തേതിൽ പഞ്ചമം. ഇരുപതാമത്തേതിൽ ധൈവതം. ഇരുപത്തിരണ്ടാമത്തേതിൽ നിഷാദം. ഇങ്ങനെ സ്വരനിയമനം. പിന്നെ ഒരു വീണയിലെ സ്വരക്കമ്പികൾ ഓരോന്നും അയച്ച് ഓരോന്നിൻെറയും അടുത്ത കമ്പിയുടെ നാദത്തോടൊപ്പിക്കുക. എന്നാൽ സ്ഥിരവീണയിലെ സ്വരങ്ങളേക്കാൾ ഒരു ശ്രുതി കുറഞ്ഞ സ്വരങ്ങളായിരിക്കും ആ ചലവീണയിലുണ്ടാകുന്ന സ്വരങ്ങൾ. പിന്നെയും ചലവീണയിലെ സ്വരക്കമ്പികളയച്ച് അടുത്തതിൻെറ അടുത്ത കമ്പിയുടെ നാദത്തോടൊപ്പിക്കുക. അപ്പോൾ സ്ഥിരവീണയിലെ സ്വരങ്ങളേക്കാൾ രണ്ടു ശ്രുതികൾ കുറഞ്ഞ സ്വരങ്ങളായി. സ്ഥിരവീണയിലെ ഋഷഭക്കമ്പിയോട് ഇതിലെ ഗാന്ധാരക്കമ്പിയും ധൈവതക്കമ്പിയോടു നിഷാദക്കമ്പിയും തുല്യനാദങ്ങളായിരിക്കയും ചെയ്യും. പിന്നെയും ചലവീണയിലെ സ്വരക്കമ്പികളയച്ചു മൂന്നാമത്തെക്കമ്പിയിലെ നാദത്തോടൊപ്പിക്കുക. അപ്പോൾ സ്ഥിരവീണയിലെ സ്വരങ്ങളേക്കാൾ മൂന്നു ശ്രുതി കുറഞ്ഞ സ്വരങ്ങളായിത്തീരും ചലവീണയിൽ. സ്ഥിരവീണയിലെ ഷഡ്ജപഞ്ചമക്കമ്പികളുടെ നാദങ്ങളോടു ക്രമത്തിൽ ഇതിലെ ഋഷഭധൈവതക്കമ്പികളുടെ നാദങ്ങൾ ഒത്തിരിക്കയും ചെയ്യും. പിന്നെയും ചലവീണയിലെ സ്വരക്കമ്പികളയച്ചു നാലാമത്തെക്കമ്പിയുടെ നാദത്തോടൊപ്പിക്കുക. എന്നാൽ നാലു ശ്രുതികൾ കുറഞ്ഞ സ്വരങ്ങളായി. സ്ഥിരവീണയിലെ നിഷാദഗാന്ധാരമധ്യമക്കമ്പികളുടെ നാദങ്ങളോട് ഇതിലെ ഷഡ്ജമധ്യമപഞ്ചമക്കമ്പികളുടെ നാദങ്ങൾ ക്രമത്തിലൊത്തുവരികയും ചെയ്യും. ചലവീണയിലെ ഷഡ്ജസ്വരക്കമ്പി വീണ്ടും അയച്ചു കീഴിൽ മറെറാരു കമ്പിയുടെ നാദത്തോടൊപ്പിക്കാനില്ലാതെയും വരും. ഇത്രയുംകൊണ്ടു ഷഡ്ജമധ്യമപഞ്ചമങ്ങൾക്കു നാലു വീതവും ഋഷഭധൈവതങ്ങൾക്കു മൂന്നു വീതവും ഗാന്ധാരനിഷാദങ്ങൾക്കു രണ്ടു വീതവുമായി ഇരുപത്തിരണ്ടു ശ്രുതികളുണ്ടെന്നറിവാൻ കഴിയുന്നതാണല്ലോ. ഇങ്ങനെയാണ് ശാർങ്ഗദേവൻ കാണിച്ചിട്ടുള്ള ശ്രുതിസംഖ്യാപരീക്ഷണത്തിൻെറ സമ്പ്രദായം. എന്നാൽ ഈ പരീക്ഷണരീതിയേക്കാൾ ലഘുവും ഉചിതവുമായിട്ടുള്ളതു മുമ്പു കാണിച്ച ഭരതമുനിയുടെ പരീക്ഷണരീതിതന്നെയാണെന്നുള്ളതു സ്പഷ്ടമാണ്. വീണയിലെ മധ്യമപഞ്ചമസ്വരസ്ഥാനങ്ങൾ സ്വപ്രകാശനാദസ്ഥാനങ്ങളാകയാൽ ആ സ്വരങ്ങളെ ആസ്പദമാക്കിയുള്ള പരീക്ഷണമാണല്ലോ അധികം യുക്തം. അതിന്നും പുറമെ ഒരു സ്ഥായിയിൽ എത്ര ശ്രുതികളുണ്ടെന്നാണ് കാണിക്കേണ്ടതായിട്ടുള്ളത്. ശാർങ്ഗദേവൻെറ ശ്രുതിപരീക്ഷണരീതിയനുസരിച്ചു നോക്കുമ്പോൾ നിഷാദം മുതൽ പിന്നത്തെ നിഷാദംവരെ ഒരു സ്ഥായിയെ

നാം സ്ഥായ്യാരംഭനാദം നിഷാദമാണെന്നും വരുന്നു. അതു പ്രസിദ്ധിക്കും പ്രാചീനാചാര്യ്യസിദ്ധാന്തത്തിന്നും യോജിക്കാത്തതാണ്. ഷഡ്ജസ്വരനാദം മുതൽ പിന്നത്തെ ഷഡ്ജസ്വരനാദംവരെ ഒരു സ്ഥായിയെന്നും സ്ഥായ്യാരംഭനാദം ഷഡ്ജനാദമാത്രമാണെന്നുമാണ് പ്രസിദ്ധി. മൂർച്ഛനാതാനാലങ്കാരാദികളെല്ലാം മദ്ധ്യസ്ഥായിഷഡ്ജത്തിൽനിന്നാരംഭിക്കണമെന്നു ഭരതമുനി സ്പഷ്ടമായിപ്പറഞ്ഞിട്ടുള്ളതുകൊണ്ടും സ്വരാദിവിഷയകമായ സകലവിവരണവും ഷഡ്ജത്തെ ആസ്പദമാക്കിത്തുടങ്ങീട്ടുള്ളതുകൊണ്ടും സ്ഥായിയുടെ ആരംഭം ഷഡ്ജം മുതൽക്കാണെന്നാണ് പ്രാചീനാചാര്യ്യസിദ്ധാന്തമെന്നു നിശ്ചിതവുമാണ്. ഷഡ്ജത്തിന്നു നാലു ശ്രുതിയാണെന്നും മററും പറഞ്ഞിട്ടുള്ളതിന്നു നിഷാദവും ഷഡ്ജവും തമ്മിൽ നാലു ശ്രുതികൾകൊണ്ടുള്ള അന്തരമുണ്ടെന്നാണർത്ഥം. അല്ലാതെ നിഷാദത്തിൻെറ പിന്നത്തെ ശ്രുതി മുതൽ നാലു ശ്രുതികളും ഷഡ്ജസ്വരങ്ങളാണെന്നർത്ഥമല്ല. ഷഡ്ജസ്വരത്തിൽനിന്നു രണ്ടു ശ്രുതി കുറവായിട്ടുള്ള കാകളീസ്വരത്തെ നിഷാദത്തിൻെറ വകഭേദമായിട്ടും മദ്ധ്യമസ്വരത്തിൽനിന്നു രണ്ടു ശ്രുതി കുറവായ അന്തരസ്വരത്തെ ഗാന്ധാരത്തിൻെറ വകഭേദമായിട്ടുമല്ലാതെ ഷഡ്ജമദ്ധ്യമങ്ങളുടെ വകഭേദങ്ങളായിഗ്ഗണിക്കുന്നതുമില്ല. "തത്ര ദ്വിശ്രുതിപ്രകർഷാന്നിഷാദവാൻ കാകളീസംജ്ഞോ നിഷാദഃ. ന തു ഷഡ്ജഃ." എന്ന ഗ്രന്ഥംകൊണ്ടു ഭരതമുനി ഈ സംഗതി സ്പഷ്ടമായിപ്പറഞ്ഞിട്ടുണ്ട്. അതിനാൽ ഒരു വ്യവസ്ഥിതസ്വരത്തിൻെറ അടുത്ത പൂർവ്വശ്രുതിനാദവും ഉത്തരസ്വരത്തിൻെറ അടുത്ത പൂർവ്വശ്രുതിവരെയുള്ള ശ്രുതികളുടെ നാദങ്ങളും ആ സ്വരത്തിൻെറതന്നെ വകഭേദങ്ങളായ വികൃതരൂപങ്ങളാണെന്നാണ് ഭരതാദിസിദ്ധാന്തമെന്നു നിശ്ചിതമാണ്. അതനുസരിച്ചാണ് ഷഡ്ജത്തിൽനിന്ന് ഒരു ശ്രുതി കുറഞ്ഞ നാദത്തെ ച്യുതഷഡ്ജമെന്നും മദ്ധ്യമത്തിൽനിന്ന് ഒരു ശ്രുതി കുറഞ്ഞതിനെ ച്യുതമദ്ധ്യമമെന്നും പഞ്ചമത്തിൽനിന്നൊന്നു കുറഞ്ഞതിനെ ച്യുതപഞ്ചമമെന്നും ഉള്ള സംജ്ഞകളാൽ നിർദ്ദേശിക്കയും രണ്ടു ശ്രുതികൾ കുറഞ്ഞവയെ പൂർവ്വസ്വരങ്ങളായ നിഷാദഗന്ധാരങ്ങളായിഗ്ഗണിക്കയും ആ ആചാര്യ്യന്മാർ ചെയ്തിട്ടുള്ളതും. അതുകൊണ്ടു ശ്രുതിസംഖ്യാപരീക്ഷണവീണയിലെ നാലാമത്തെ കമ്പിയിൽ ഷഡ്ജസ്വരം സ്ഥാപിച്ചു സ്ഥായിയെ ശുദ്ധനിഷാദം മുതൽ തുടങ്ങുന്നതാക്കിക്കൊണ്ടുള്ള ശാർങ്ഗദേവൻെറ വിവരണം യുക്തമല്ലെന്നുതന്നെ കരുതേണ്ടിയിരിക്കുന്നു. എങ്ങനെയായാലും ഒരു സ്ഥായിയെ ഇരുപത്തിരണ്ടു ശ്രുതികളാക്കിക്കൊണ്ടുള്ള ഈ ശ്രുതിവിഭാഗം മാർഗ്ഗസംഗീതത്തിലെ സ്വരസ്ഥാനങ്ങളെയും ശുദ്ധവികൃതസ്വരങ്ങളെയും അടിസ്ഥാനമാക്കി അവയിലോരോന്നിന്നും ഇത്രയിത്ര ശ്രുത്യന്തരമാണുള്ളതെന്നു വ്യവസ്ഥപ്പെടുത്തിക്കാണിക്കാൻമാത്രം ചെയ്തിട്ടുള്ളതാണ്. അത്രമാത്രമല്ലാതെ മുമ്പു കാണിച്ചതും അഭിനവഗുപ്താചാര്യ്യാദികൾ വിവരിച്ചിട്ടുള്ളതുമായ വൈലക്ഷണ്യഗ്രാഹകനാദാന്തരമെന്ന യഥാർത്ഥശ്രുതിലക്ഷണമനുസരിച്ച് ഇരുപത്തിരണ്ടിലധികമായ ഏതെങ്കിലും സംഖ്യകൊണ്ട് ഒരു സ്ഥായിയിലെ നാദത്തെ സമാംശങ്ങളായി ഭാഗിപ്പാനോ അതനുസരിച്ചു സ്വരങ്ങളിൽ ശ്രുതിസംഖ്യകൾ വ്യവസ്ഥപ്പെടുത്താനോ സാധിക്കില്ലെന്നും കൂടി ഭരതാദ്യാചാര്യ്യന്മാർക്കഭിപ്രായമുണ്ടെന്നു കരുതേണ്ടതില്ല. രണ്ടു കമ്പികളുടെ നാദങ്ങൾക്കിടയിൽ മററൊരു നാദം കേൾക്കാൻ സാധിക്കാത്തവിധത്തിൽ പരീക്ഷണവീണയിലെ ശ്രുതിക്കമ്പികൾ ഉച്ചോച്ചക്രമത്തിൽ യോജിപ്പിക്കണമെന്നു ശാർങ്ഗദേവൻ പറയുന്നുണ്ടെങ്കിലും സുശിക്ഷിതന്മാർക്കു വൈലക്ഷണ്യം തിരിച്ചറിയത്തക്ക നാദം ഇടയിലുണ്ടാകാത്തവിധം കമ്പികളെ ഉച്ചോച്ചക്രമത്തിൽ യോജിപ്പിച്ചാൽ അതുപ്രകാരം നാലാമത്തെ കമ്പിയിൽ ഷഡ്ജമോ ഏഴാമത്തേതിൽ ഋഷഭസ്വരമോ ഒന്നും വരികയില്ല. അതിന്നു കുറെയധികം കമ്പികൾ കഴിയേണ്ടിവരുമെന്നും ഇരുപത്തിരണ്ടു കമ്പികൾകൊണ്ട് ഒരു സ്ഥായിയിലെ നാദപരമ്പര മുഴുവനാവില്ലെന്നും വിദഗ്ദ്ധന്മാർക്ക്

റിവാൻ കഴിയുന്നതാണ്. അതിനാൽ മാർഗ്ഗപ്രസ്ഥാനത്തിൽ സ്വരങ്ങളുടെ ശ്രുതിസംഖ്യാ വ്യവസ്ഥക്കായി ഇരുപത്തിരണ്ടു ഭാഗരൂപമായ ശ്രുതികളെങ്കിലും ഒരു സ്ഥായിയിൽ സ്വീകരിക്കേണ്ടതുണ്ടെന്ന വിഷയത്തിന്റെ പരീക്ഷണമാണ് വീണാദ്വയംകൊണ്ടു ഭരതാദികൾ കാണിച്ചിട്ടുള്ളതും. ദക്ഷിണാദിദേശീയസംഗീതങ്ങളിൽ സ്വരസ്ഥാനങ്ങൾക്കും അതനുസരിച്ച സ്ഥായിയിലെ ശ്രുതിസംഖ്യക്കും ഇതിൽനിന്നു വ്യത്യാസങ്ങൾ വരാവുന്നതാണെന്നും ഗ്രഹിച്ചുകൊൾക. ഈ സംഗതി ദേശീയസംഗീതശ്രുതിപ്രസ്താവത്തിൽ സ്പഷ്ടമാകും. ശ്രുതിതത്വമാകട്ടെ ഇപ്രകാരമാണ് — നിമേഷക്ഷണക്കിന്നു നൂറു പരികമ്പംകൊണ്ടു നൂറു നാദതരംഗങ്ങളുണ്ടാകുമ്പോൾ ആ നാദത്തിൽനിന്നു വൈലക്ഷണ്യം അഭിജ്ഞന്മാർക്കറിയണമെങ്കിൽ നിമേഷക്ഷണക്കിന്നു നൂററിനാലു പരികമ്പംകൊണ്ടുണ്ടാകുന്ന നൂററിനാലു നാദതരംഗങ്ങളുണ്ടായിരിക്കണമെന്നു കരുതുക. എന്നാൽ നിമേഷംതോറും നൂറുവീതം ഉണ്ടാകുന്ന തരംഗങ്ങളിൽ നൂറാമത്തെത്തരംഗനിരയും അപ്രകാരം നൂററിനാലും തരംഗങ്ങളുണ്ടാകുന്നതിൽ നൂററിനാലാമത്തെത്തരംഗനിരയും ശ്രുതികളാണ്. നിമേഷക്ഷണക്കിന്നു നൂറെറാന്നു വീതവും നൂററിരണ്ടു വീതവും നൂററിമൂന്നു വീതവും ഉണ്ടാകുന്ന നാദതരംഗങ്ങളിലൊന്നും ശ്രുതിയാവില്ല. അവയിലെ അവസാനത്തെത്തരംഗനിരകളെല്ലാം വൈലക്ഷണ്യഗ്രാഹകളല്ലാത്തതിനാൽ ശ്രുതികളുടെ അഗ്രാഹ്യമായ അന്തരം മാത്രമാണ്. ഇതുപോലെ സ്വരങ്ങളുടെ സ്വരൂപവും നിമേഷക്ഷണക്കിന്നുണ്ടാകുന്ന നാദതരംഗങ്ങളിൽ അവസാനത്തെത്തരംഗനിരയാണെന്നുള്ള വസ്തുതത്വം അറിഞ്ഞുകൊൾക. ഈ വിസ്താരം നിൽക്കട്ടെ.

ഇരുപത്തിരണ്ടു ശ്രുതികളെന്നവിഭാഗപ്രകാരം സ്ഥായിയിലെ ഓരോ സ്വരങ്ങൾക്കുമുള്ള ശ്രുത്യന്തരങ്ങളുടെ വ്യവസ്ഥകൾ ഭരതമുനി മുതലായവരുടെ മതമനുസരിച്ച വിവരിക്കുന്നു —

സൂ — തത്ര ഷഡ്ജസ്യഗ്രാമമൂർച്ഛനാദ്യാരംഭകത്വാത്തമപേക്ഷ്യാന്യസ്വരാണാം വ്യവസ്ഥിതേസ്സമ്പ്രദായസിദ്ധത്വാച്ച തത ആരഭ്യ ക്രമാദൃഷഭാദേസ്ത്രിദ്വിചതുശ്ചതുസ്ത്രിദ്വിശ്രുതയഃ സ്വരേഷ്വിതി ഭഗവാൻ ഭരതഃ. ൨൭

ഭാ — ആ ഇരുപത്തിരണ്ടു ശ്രുതികളുടെ ക്രമം സ്ഥായിയിൽകാണിക്കുന്നവിഷയത്തിൽ ഷഡ്ജത്തിന്റെ അവസാനത്തെ ശ്രുതിയെ ആസ്പദമാക്കി അതിൽനിന്നാരംഭിക്കുന്നതായി ഋഷഭത്തിന്റെ ഒന്നാമത്തെ ശ്രുതിമുതൽക്കാണ് കണക്കാക്കേണ്ടതെന്നു ഭരതമഹർഷി പറഞ്ഞിട്ടുണ്ട്. അങ്ങനെ ആ ഷഡ്ജാന്ത്യശ്രുതിയെ ആസ്പദമാക്കി സ്വീകരിപ്പാനാകട്ടെ, ഗ്രാമം, മൂർച്ഛന, താനം, അലങ്കാരം മുതലായതെല്ലാം മദ്ധ്യസ്ഥായിഷഡ്ജസ്വരത്തെ അവലംബിച്ചു തുടങ്ങുന്നവയായതിനാൽ ആ ഷഡ്ജാന്ത്യശ്രുതിയാണ് അവക്കാധാരമായിരിക്കുന്നതെന്ന സംഗതി ഒരു കാരണം. ഷഡ്ജസ്വരത്തെ ആസ്പദമാക്കിവെച്ച് അതിനെ അനുസരിച്ചു. മററു സ്വരങ്ങളുടെ സ്ഥാനം നിർണ്ണയിക്കയെന്ന സമ്പ്രദായമാണ് ഗീതാദികളിൽ സാധാരണയായി നടപ്പുള്ളതെന്ന സംഗതി മറെറാരു കാരണം. മദ്ധ്യസ്ഥായിഷഡ്ജാന്ത്യശ്രുതിക്കാണ് ഗീതത്തെപ്പററിയുള്ള ലോകവ്യവഹാരത്തിൽ ശ്രുതിയെന്നു പറഞ്ഞുവരാറുള്ളതെന്ന സംഗതിയും വേറെയൊരു പ്രധാനകാരണം. സപ്തസ്വരങ്ങളുടെ ക്രമം ഷഡ്ജം മുതൽ തുടങ്ങുന്നതായി സരിഗമപധനി എന്നിങ്ങനെയാണ് പ്രസിദ്ധമായിട്ടുള്ളത് അല്ലാതെ നിസരിഗമപധ എന്നോ രിഗമപധനിസ എന്നോ മറേറാ അല്ല എന്നുള്ളതും മുഖ്യകാരണംതന്നെ. അങ്ങനെ ആ ഷഡ്ജാന്ത്യശ്രുതിയെ ആരംഭാവധിയായി സ്വീകരിച്ചു പിന്നെ ക്രമത്തിൽ ഋഷഭത്തിന്നു മൂന്ന്, ഗാന്ധാരത്തിന്നു രണ്ട്, മദ്ധ്യമത്തിന്നു നാല്, പഞ്ചമത്തിന്നു നാ

ല്', ധൈവതത്തിന്ന മൂന്ന്', നിഷാദത്തിന്ന രണ്ട്, പിന്നെ പിന്നത്തെ സ്ഥായിയിലെ ആരംഭഷഡ്ജത്തിന്ന നാല് ഇങ്ങനെയാണ് സ്ഥായിയിലെ ശുദ്ധസ്വരങ്ങളെക്കാണിക്കുന്ന ശ്രുതികളുടെ ക്രമമെന്നു മഹർഷിയുടെ മതം.

"തിസ്രോ ദ്വേ ച ചതസ്രശ്ച ചതസ്രസ്തിസ്ര ഏവ ച
ദ്വേ ചതസ്രശ്ച ഷഡ്ജാഖ്യേ ഗ്രാമേ ശ്രുതിനിദർശനം".

എന്നു മഹർഷിഗ്രന്ഥം. അപ്പോൾ ഷഡ്ജാദിഷഡ്ജാന്തമാണ് ഒരു സ്ഥായിയെന്നും സിദ്ധമായല്ലോ. നാദജനകമായ പരികമ്പത്തിന്റെ സ്വഭാവം നോക്കുമ്പോഴും ഭരതമഹർഷിയുടെ ഈ മതംതന്നെയാണ് അധികം യുക്തമായിരിക്കുന്നത്'. പരികമ്പശൃംഖലയിലെ മദ്ധ്യസന്ധാനവും അതിന്റെ ഭാഗാർദ്ധസന്ധാനങ്ങളുമാണല്ലോ പരികമ്പസംഖ്യയെ ക്രമത്തിൽ ഇരട്ടിയിരട്ടിയാക്കിക്കൊണ്ടുള്ള പ്രത്യേകപരികമ്പങ്ങളുണ്ടാക്കി നാദത്തിലെ സ്ഥായിവിഭാഗങ്ങൾക്കു പ്രയോജകമായിരിക്കുന്നത്'. ആ വക സന്ധാനങ്ങളിൽ ഷഡ്ജസ്വരത്തിന്റെ അന്ത്യശ്രുതിയായ നാദമാണ്' സ്വയംഭൂവായിപ്പുറപ്പെടുന്നതെന്നു വീണാദൃഷ്ടാന്തം തെളിയിക്കുന്നതുമുണ്ട്. അതുകൊണ്ടു സ്ഥായികൾ അവസാനിക്കുന്നതു ഷഡ്ജാന്ത്യശ്രുതിയിലും ആരംഭിക്കുന്നതു പൂർവ്വഷഡ്ജത്തിന്റെ അന്ത്യശ്രുതിയെ അവധിയാക്കി ഋഷഭത്തിന്റെ ആദ്യശ്രുതി മുതൽക്കുമാണെന്നു സിദ്ധിക്കുന്നു. മന്ദ്രഷഡ്ജം, മദ്ധ്യഷഡ്ജം, താരഷഡ്ജം എന്നീവക വ്യവഹാരങ്ങളിൽ ആ വക ശബ്ദങ്ങൾക്കു മന്ദ്രസ്ഥായിയുടെ ആരംഭാവധിയായ ഷഡ്ജം എന്നും മററുമാണർത്ഥം. അല്ലാതെ മന്ദ്രസ്ഥായിയിലുൾപ്പെട്ട ഷഡ്ജം എന്നും മററുമല്ല. കാടിന്നവധിയായ പ്രദേശത്തിന്നും കാട്ടുപ്രദേശമെന്നു പറയാറുണ്ടല്ലോ, അതുപോലെ. അല്ലെങ്കിൽ ആരംഭത്തിലും അവസാനത്തിലുമുള്ള ഷഡ്ജാന്ത്യശ്രുതികൾ രണ്ടും ഓരോ സ്ഥായിയിലും ഉൾപ്പെടുത്തിക്കൊണ്ടാണ്' വ്യവഹരിച്ചു വരാറുള്ളതെന്നു കരുതിക്കൊൾക. അതനുസരിച്ചാണ് ആ രണ്ടു ഷഡ്ജങ്ങളേയും ചേർത്തുകൊണ്ടു സരിഗമപധനിസ എന്നു സ്ഥായിസ്വരപാഠം ഏർപ്പെട്ടിട്ടുള്ളതെന്നും ധരിച്ചുകൊൾക.

മതഭേദം കാണിക്കുന്നു—

സൂ—കേചിത്തു നിഷാദാന്ത്യശ്രുതിമാരംഭാവധിം കൃത്വാ ഷഡ്ജനിഷാദാന്തരശ്രുതിഷ്വാദ്യശ്രുതേരാരഭ്യ സ്ഥായിനി ദ്വാവിംശതിശ്രുതിക്രമമാഹുഃ. ൨൩

ഭാ—ശാർങ്ഗദേവാദികളായ മററു ചിലരാകട്ടേ, നിഷാദത്തിന്റെ അന്ത്യശ്രുതിയെ സ്ഥായ്യാരംഭാവധിയാക്കിക്കല്പിച്ചു ഷഡ്ജനിഷാദങ്ങളുടെ ഇടക്കുള്ള ശ്രുതികളിൽ ആദ്യത്തെ ശ്രുതി മുതൽ തുടങ്ങി ഇരുപത്തിരണ്ടു ശ്രുതികളാണ് ഒരു സ്ഥായിയിലുള്ളതെന്നു പറയുന്നു. ആദ്യം ഷഡ്ജത്തിന്നു നാലു ശ്രുതി. പിന്നെ ഋഷഭത്തിന്നു മൂന്നു ശ്രുതി എന്ന ക്രമത്തിലാണ് അവർ സ്ഥായിയിലെ ഇരുപത്തിരണ്ടു ശ്രുതികളെ "തിസ്രഃ ശ്രുതീരതിക്രമ്യ ദ്വേയഃ ഷഡ്ജശ്ചതുശ്ശ്രുതിഃ". ഇത്യാദി ഗ്രന്ഥത്താൽ പ്രതിപാദിച്ചിരിക്കുന്നതെന്നർത്ഥം. നിമേഷക്കണക്കിലുള്ള പരികമ്പസംഖ്യയും നാദതരംഗങ്ങളും ഇരട്ടിക്കുകയെന്നതാണ് സ്ഥായിഭേദത്തിന്നു കാരണമെന്നുള്ളത്' എല്ലാ സ്വരങ്ങളെപ്പററിയേടത്തോളവും ഭരതമുനിമതത്തിലെന്നപോലെ ഈ മതത്തിലും ശരിയാകുമെങ്കിലും നിഷാദത്തെ ആരംഭാവധിയാക്കി നിഷാദാന്ത്യശ്രുതിയോടുകൂടി അവസാനിക്കുന്നതാണ് ഒരു സ്ഥായിയെന്നു കല്പിക്കുന്നതു സ്ഥായിവിഭാഗയുക്തിക്കും തെളിവിന്നും യോജിക്കുന്നതല്ലെന്നു കാണിച്ചു കഴിഞ്ഞു. ഈ മാതിരിയിൽ ഋഷഭാന്ത്യശ്രുതിയെ ആരംഭാവധിയാക്കി ഋഷഭാന്ത്യശ്രുതിവരെയാണ് ഒരു സ്ഥായിയെന്നും മററും ഗണിക്കാവുന്നതാണെന്നും വരുന്നതുമാണ്'. ഷഡ്ജം ചതുശ്ശ്രുതി

യാണെന്നും മററും പറയുന്നതിന്നു നിഷാദത്തിനുശേഷം ഷഡ്ജസ്വരത്തിന്നു നാലു ശ്രുതികൾകൊണ്ടുള്ള അന്തരമുണ്ടെന്നേ അൎത്ഥമുള്ളുവെന്നും അങ്ങിനെയല്ലാതെ നിഷാദം കഴിഞ്ഞ പിന്നത്തെ ശ്രുതി ഷഡ്ജത്തിൻെറ ശ്രുതിയാണെന്നൎത്ഥം വരുന്നതല്ലെന്നുള്ളതിന്നു തെളിവും പ്രമാണവും മുമ്പു കാണിച്ചിട്ടുമുണ്ട്. അതിനാൽ ചതുശ്ശ്രുതി, ത്രിശ്രുതി എന്നിവക ശബ്ദങ്ങൾക്കു നാലു ശ്രുതികളുള്ളത്, മൂന്നു ശ്രുതികളുള്ളത് എന്നൊക്കയാണൎത്ഥമെന്നും നിഷാദത്തിന്നു ശേഷമുള്ള അടുത്ത ശ്രുതി ഷഡ്ജത്തിൻെറ ഒന്നാമത്തെ ശ്രുതിയാണെന്നും ധരിച്ചും, ആ വക ശ്രുതികൾ സ്വരങ്ങളാകുമ്പോൾ കൈശികനിഷാദം, കാകളിനിഷാദം, സാധാരണഗാന്ധാരം, അന്തരഗാന്ധാരം എന്നിങ്ങനെ നിഷാദത്തിൻേറയും ഗാന്ധാരത്തിൻേറയും വികൃതരൂപങ്ങളായിട്ടല്ലാതെ കൈശികഷഡ്ജം, കാകളിഷഡ്ജം, സാധാരണമദ്ധ്യമം, അന്തരമദ്ധ്യമം എന്നിങ്ങനെ ഷഡ്ജമദ്ധ്യമങ്ങളുടെ വികൃതരൂപങ്ങളായി വരുന്നില്ലെന്നു സംഗതി ഓൎക്കാതെയും സ്വരമെന്നതുതന്നെ ഒരു വ്യവസ്ഥിതനാദതരംഗം മാത്രമല്ലാത നിമേഷമാനത്തിൽ ആ തരംഗത്തിൻെറ സംഖ്യയേക്കാൾ കുറഞ്ഞ സംഖ്യയായ തരംഗങ്ങൾ ആ സ്വരത്തിൻെറ അംശമായി വരില്ലെന്ന സൂക്ഷ്മതത്വം ആലോചിക്കാതെയുമാണ് ശാൎങ്ഗദേവാദികൾ മേൽപ്രകാരം സ്ഥായിയുടെ ആരംഭാവസാനങ്ങളെ പ്രസ്താവിച്ചിട്ടുള്ളതെന്നു കരുതേണ്ടിയിരിക്കുന്നു.

ആ ഇരുപത്തിരണ്ടു ശ്രുതികൾക്കും പ്രാചീനന്മാർ കൊടുത്തിട്ടുള്ള ജാതിഭേദങ്ങൾ കാണിക്കുന്നു —

സൂ—താശ്ചോപചരിതഗുണാനുഗുണ്യേന ദീപ്തായതാ മൃദ്വീ മദ്ധ്യാ കരുണേതി പഞ്ചജാതീയാഃ. ൨൧

ഭാ—ആ ഇരുപത്തിരണ്ടു ശ്രുതികൾ ഓരോന്നിന്നുമുള്ള ഗുണവിശേഷമനുസരിച്ചു ദീപ്ത, ആയത, മൃദ്വി, മദ്ധ്യ, കരുണ ഇങ്ങനെ അഞ്ചു ജാതികളിലുൾപ്പെട്ടവയുമാണ്. അതായതു മധുരമായ ശബ്ദം എന്നും മററുമുള്ള വ്യവഹാരങ്ങളിൽ കേൾക്കുമ്പോൾ ശ്രവണേന്ദ്രിയംവഴിക്കു സുഖമുണ്ടാക്കുന്നതിനാൽ ഇന്ദ്രിയസുഖകാരിത്വമെന്ന ഗുണം ആസ്പദമാക്കി പഞ്ചസാര മുതലായി രസനേന്ദ്രിയം വഴിക്കു മാത്രം ആസ്വദിക്കാവുന്ന വസ്തുക്കളിലുള്ള മധുരരസത്തെ എങ്ങനെ ശബ്ദത്തിൽച്ചേൎത്തു പറയുന്നുവോ അതുപോലെ ഓരോ ശ്രുതികളും കേൾക്കുമ്പോൾ ഉണ്ടാകുന്ന ഹൃദയവികാരവിശേഷം ആസ്പദമാക്കി ആ വക വികാരവിശേഷമുണ്ടാക്കുന്ന മററു വസ്തുക്കളുടെ ഗുണങ്ങൾ ആരോപിച്ചും മററും ശ്രുതികളെ ദീപ്താജാതി ആയതാജാതി തുടങ്ങി അഞ്ചു ജാതികളായിത്തിരിച്ചിട്ടുണ്ടെന്നു താൽപൎയ്യം.

ശ്രുതികളിൽ ഓരോന്നും ഇന്നിന്ന ജാതിയിൽ ചേൎന്നവയാണെന്നു വിവരിക്കുന്നു—

സൂ—തത്ര സ്ഥായ്യാരംഭഷഡ്ജശ്രുതിഃ ഋഷഭാദ്യശ്രുതേരാരഭ്യ ഷഷ്ഠനവമൈകോനവിംശശ്രുതയശ്ച ദീപ്തായാമന്തൎഭവന്തി. ചതുൎത്ഥാഷ്ടമത്രയോദശസപ്തദശതമാസ്ത്വായതായാം. ദ്വിതീയൈകാദശപഞ്ചദശവിംശതിതമാ മൃദ്വ്യാം. തൃതീയാ ദശമീ ദ്വാദശീ ഷോഡശ്യഷ്ടാദശ്യേകവിംശതിതമാ ച മദ്ധ്യായാം, പ്രഥമ പഞ്ചമസപ്തമചതുൎദ്ദശ്യശ്ച കരുണായാം. ൨൨

ഭാ—ആശ്രുതികളിൽ സ്ഥായ്യാരംഭഷഡ്ജശ്രുതിയും ഷഷഭഷഡ്ജങ്ങളുടെ അന്തരശ്രുതികളിൽ ഒന്നാമത്തേതു മുതൽ ആറ, ഒമ്പത്, പത്തൊമ്പത് എന്നീ ശ്രുതികളുംകൂടി നാലു ശ്രുതികൾ ദീപ്താജാതിയിലും നാല്, എട്ട്, പതിമ്മൂന്ന്, പതിനേഴ് എന്നീ നാലു ശ്രുതികൾ ആയതാജാതിയിലും രണ്ട്, പതിനൊന്ന്, പതിനഞ്ച്, ഇരുപത് എന്നീ നാലു ശ്രുതി

കരം മൃദുജാതിയിലും മൂന്ന്, പത്ത്, പന്തിരണ്ട്, പതിനാറ്, പതിനെട്ട്, ഇരുപത്തൊന്ന് എന്നീ ആറു ശ്രുതികരം മധ്യജാതിയിലും ഒന്ന്, അഞ്ച്, ഏഴ്, പതിന്നാല് എന്നീ നാലു ശ്രുതികരം കരുണാജാതിയിലും ചേൎന്നവയാണ്. നിശ്ശങ്കശാൎങ്ഗദേവൻ മുതലായി ചില ആചാൎയ്യന്മാർ ഇരുപത്തിരണ്ടു ശ്രുതികളിൽ ഓരോന്നിന്നും പ്രത്യേകനാമങ്ങരം നിൎദ്ദേശിച്ചിട്ടുണ്ട്. ആ നാമങ്ങരം നിഷാദഷഡ്ജങ്ങളുടെ അന്തരശ്രുതികളിൽ ആദ്യത്തേതു മുതൽ നിഷാദാന്ത്യശ്രുതിവരെക്കും ക്രമത്തിൽ തീവ്ര, കുമുദ്വതി, മന്ദ, ഛന്ദോവതി, ദയാവതി, രഞ്ജനി, രതിക, രൌദ്രി, ക്രോധ, വജ്രിക, പ്രസാരിണി, പ്രീതി, മാൎജ്ജനി, ക്ഷിതി, രക്ത, സന്ദീപിനി, ആലാപിനി, മദന്തി, രോഹിണി, രമ്യ, ഉഗ്ര, ക്ഷോഭിണി ഇങ്ങനെയാണ്.

> "തീവ്രാകുമുദ്വതീമന്ദാച്ഛന്ദോവത്യസ്തുഷഡ്ജഗാഃ
> ദയാവതീരഞ്ജനീചരക്തികാചഋഷഭേസ്ഥിതാഃ
> രൌദ്രീക്രോധാചഗാന്ധാരേവജ്രികാഥപ്രസാരിണീ
> പ്രീതിശ്ചമാൎജനീത്യേതാഃ ശ്രുതയോമധ്യമസ്ഥിതാഃ.
> ക്ഷിതീരക്താചസന്ദീപിന്യാലാപിന്യപിപഞ്ചമേ.
> മദന്തീരോഹിണീരമ്യേത്യേതാസ്തിസ്രസ്തുധൈവതേ.
> ഉഗ്രാചക്ഷോഭിണീതിദ്വേനിഷാദേവസതഃ ശ്രുതീ".

എന്നു രത്നാകരം. വേറെച്ചില ആചാൎയ്യന്മാരാകട്ടെ മേൽപ്പറഞ്ഞ ക്രമത്തിൽതന്നെ സിദ്ധ, പ്രഭാവതി, കാന്ത, സുപ്രഭ, ശിഖ, ദീപ്തിമതി, ഉഗ്ര, ഹ്ലാദിനി, നിൎവ്വിരി, ദിര, സൎവ്വസഹ, ക്ഷാന്തി, വിഭൂതി, മാലിനി, ചപല, ബാല, സൎവ്വരത്ന, ശാന്ത, വികലിനി, ഉന്മീലിനി, വിസാരിണി, പ്രസൂന ഇങ്ങനെയാണ് ഇരുപത്തിരണ്ട് ശ്രുതികരംക്കും നാമനിൎദ്ദേശം ചെയ്തിട്ടുള്ളത്. "സിദ്ധാപ്രഭാവതീകാന്താ" ഇത്യാദി മകരന്ദഗ്രന്ഥം നോക്കുക. എന്നാൽ ഇങ്ങനെയുള്ള നാമനിൎദ്ദേശംകൊണ്ടു വലിയ പ്രയോജനമൊന്നുമില്ലാത്തിനാൽ ഇവിടെപ്പറയാഞ്ഞതാണ്. ശ്രുതികളുടെ ജാതിവിഭാഗത്തിന്റെ സ്ഥിതി അങ്ങനെയല്ല. സ്വരങ്ങരംക്കെന്നപോലെ ശ്രുതികരംക്കും നാദസ്വരൂപവിശേഷംകൊണ്ടു സംവാദാനുവാദവിവാദങ്ങരം ഉണ്ടാകുന്നതാണ്. അതിന്നു സാജാത്യവൈജാത്യാദികരം പ്രയോജകങ്ങളുമാണ്. ആ കാരണംകൊണ്ടാണ് ശാൎങ്ഗദേവാദികരം ശ്രുതികളെ ജാതി തിരിച്ചിട്ടുള്ളതിൽനിന്നു ചില വ്യത്യാസങ്ങരം ഇവിടെച്ചെയ്തിട്ടുള്ളതും.

മാൎഗ്ഗശ്രുതിജാതിമണ്ഡലം.

ശ്രുതി	1	2	3	4	5	6	7	8	9	10	11	12	13	14	15	16	17	18	19	20	21	22
ജാതി ദീപ്ത	കരുണ	മൃദു	മധ്യ	ആയത	കരുണ	ദീപ്ത	കരുണ	ആയത	ദീപ്ത	മധ്യ	മൃദു	മധ്യ	ആയത	കരുണ	മൃദു	മധ്യ	ആയത	മധ്യ	ദീപ്ത	മൃദു	മധ്യ	ദീപ്ത

സ രി ഗ മ പ ധ നി സ

സൂ—ഏതേനാന്തരശ്രുതീനാമപി തത്തത്സ്വരഹേതുത്വം കൈശ്ചിദുക്തമനാദേയം. വ്യവസ്ഥിതതത്തച്ഛ്രുതിനാം തദ്വ്യക്തിത്വേനൈവ സ്വരഹേതുത്വാൽ. ഉൻ

ഭാ— ഓരോ സ്വരത്തിന്നും അതിന്നു മുമ്പുള്ള അന്തരശ്രുതികളും കൂടി കാരണമാണ്. അതായതു നിഷാദസ്വരത്തിന്നുശേഷം നാലാമത്തെ ശ്രുതിയിലുള്ള ഷഡ്ജസ്വരത്തിന്ന് അതിൻെറ മുമ്പിലുള്ള മൂന്നു ശ്രുതികളുംകൂടിക്കാരണമാണ്. എന്തുകൊണ്ടെന്നാൽ നിഷാദത്തിന്നുശേഷം നാലാമത്തെ ശ്രുതിയായാലേ ഷഡ്ജമായിത്തീരുകയുള്ളൂ. നാലാമത്തേതാകുന്നതിന്ന് അതിന്നുമുമ്പു മൂന്നെണ്ണം ഉണ്ടായിരിക്കയും വേണം. അതുകൊണ്ടു നാലാമത്തെ ശ്രുതിയാകുന്നതു മുമ്പുള്ള മൂന്നു ശ്രുതികളുടെ അപേക്ഷയോടുകൂടിയാകയാൽ ഷഡ്ജസ്വരമായിത്തീരാൻ ആ മൂന്നു ശ്രുതികളുംകൂടിക്കാരണമാണെന്നു ചില ഗ്രന്ഥകാരന്മാർ പറഞ്ഞിട്ടുണ്ട്.

"നനു ശ്രുതിശ്ചതുർത്ഥ്യാദിരസ്ത്വേവം സ്വരകാരണം
ത്ര്യാദീനാം തത്ര പൂർവ്വാസാം ശ്രുതീനാം ഹേതുതാ കഥം.
ബ്രൂമസ്തസ്യാ തൃതീയാദിഃ ശ്രുതിഃ പൂർവ്വാഭികാംക്ഷയാ
നിർദ്ധാര്യതേതഃ ശ്രുതയഃ പൂർവ്വാ അപ്യത്ര ഹേതവഃ."

എന്നുള്ള ശാർങ്ഗദേവൻെറ ശങ്കാസമാധാനഗ്രന്ഥങ്ങൾ നോക്കുക. അവരുടെ ആ അഭിപ്രായം സ്വീകാര്യമല്ല. നിഷാദത്തിന്നുശേഷം വരുന്ന നാലാമത്തെ ശ്രുതി അങ്ങനെ നാലാമത്തെ ശ്രുതിയെന്ന നിലയിലല്ല ഷഡ്ജമായി വരുന്നത്. സ്വന്തം സ്വരൂപത്തിലാണ്. അതായത് അതിലുള്ള വ്യക്തിവിശേഷമാണ് അതിനെ സ്വരമാക്കുന്നത്. അതിലെ തദ്വ്യക്തിത്വമാണ് സ്വരമായിത്തീരാൻ പ്രയോജകമെന്നർത്ഥം. അങ്ങനെയാണെങ്കിൽ പൂർവ്വശ്രുതികളിലെ തദ്വ്യക്തിത്വങ്ങളും എന്തുകൊണ്ടു സ്വരത്വപ്രയോജകമാകുന്നില്ല എന്ന ആക്ഷേപം ചൈത്രനിലുള്ള സൌന്ദര്യം എന്തുകൊണ്ടു മൈത്രനിലില്ല എന്ന ആക്ഷേപംപോലെ അസംഗതമാണ്. അതു ചൈത്രനിലുള്ള തദ്വ്യക്തിത്വം മൈത്രനിൽ വരാത്തതുകൊണ്ടാണെങ്കിൽ ഇവിടെയും നാലാമത്തെ ശ്രുതിയിലുള്ള തദ്വ്യക്തിത്വത്തിന്നേ സ്വരപ്രയോജകതയുള്ളൂ. ആ തദ്വ്യക്തിത്വം പൂർവ്വശ്രുതികളിലില്ല. എന്നുതന്നെയല്ല, ആ ശ്രുതിയുടെ വ്യക്തിവിശേഷംതന്നെയാണ് ഷഡ്ജസ്വരത്വപ്രയോജകമെന്നു സ്വീകരിക്കയും വേണം. അല്ലാത്ത പക്ഷത്തിൽ മുമ്പുള്ള മൂന്നു ശ്രുതികളുടെയെന്നപോലെ നിഷാദത്തിന്നുശേഷമുള്ള നാലാമത്തെ ശ്രുതിയായിരിക്കണമെന്നതുകൊണ്ടു നിഷാദത്തിൻെറ അപേക്ഷയുണ്ടെന്നും അപ്രകാരംതന്നെ അതിൻെറ മുമ്പിലത്തെ ശ്രുതിയുടെയും അപേക്ഷയുണ്ടെന്നും പറയാവുന്നതിനാൽ തുല്യയുക്തിയനുസരിച്ചു ഷഡ്ജസ്വരത്തിന്നു മുമ്പുള്ള എല്ലാ ശ്രുതികളും ആ സ്വരത്തിന്നു കാരണമാണെന്നു സ്വീകരിക്കേണ്ടിവരും. മററു സ്വരങ്ങളെപ്പററിയേടത്തോളവും അപ്രകാരം വേണ്ടിവന്നേക്കും. അതെല്ലാം വേണ്ടാത്ത കാരണതാകല്പനമാണെന്നു പറയേണ്ടതുമില്ല. അഹോബിലപണ്ഡിതനാകട്ടേ, ഷഡ്ജത്തിൻെറ മൂന്നു പൂർവ്വശ്രുതികളിലുംകൂടി ഷഡ്ജസ്വരത്വമുണ്ടെന്നു പറയുന്നു. എന്നുവെച്ചാൽ ആ മൂന്നു ശ്രുതികളും പ്രത്യേകം പ്രത്യേകം ഷഡ്ജസ്വരംതന്നെയാണെന്നും അങ്ങനെയാണ് ഷഡ്ജസ്വരമായിത്തീരുവാൻ ആ ശ്രുതികൾക്കും കാരണത വരുന്നതെന്നും പറയുന്നു. ഓരോരോ ഷഡ്ജസ്വരമാകാൻ ഓരോരോ ശ്രുതി എന്നിങ്ങനെ തൃണാരണിമണിന്യായമനുസരിച്ചുള്ള കാരണതയാണവക്കുള്ളതെന്നും അഭിപ്രായപ്പെടുന്നു.

"ശ്രുതീർവ്വിനൈകയാ ശ്രുത്യാ യദി ഷഡ്ജഃ പ്രജായതേ
തദാ തയാന്യഥാസിദ്ധാഃ ശ്രുതയസ്താ ഭവന്തി ഹി.
ഏവമേവാന്യഥാസിദ്ധിസ്സർവ്വത്ര ശ്രുതിഷു സ്ഥിതാ
സ്വരാശ്ചേദിഹ ജായേരന്നേകശ്രുത്യാ പൃഥക് സ്വയം.

THE KOTTAYAM ... KOTTAYAM

സത്യം ഷഡ്ജശ്ചതുർദ്ധാ സ്യാൽ മൃദുത്വാദിവിശേഷതഃ
തത്തജ്ജാതിവിശിഷ്ടത്വാന്നാന്യഥാസിദ്ധിരന്യതഃ.
അവച്ഛേദകഭേദേന കാൎയ്യതായാഃ പൃഥക്ത്വതഃ
തൃണാരണിമണിന്യായാൽ കാരണത്വം ഭവേദിഹ.''

എന്ന അഹോബിലഗ്രന്ഥം നോക്കുക. ഇതിൻെറ അൎത്ഥം—മുമ്പുള്ള മൂന്നു ശ്രുതികളുടെ അപേക്ഷകൂടാതെ ഒരു ശ്രുതികൊണ്ടുതന്നെ ഷഡ്ജസ്വരം ഉണ്ടാകുന്നുണ്ടെങ്കിൽ ആ നാലാമത്തെ ശ്രുതികൊണ്ടു മുമ്പുള്ള ശ്രുതികൾ സ്വരരൂപകാൎയ്യത്തെക്കുറിച്ച് അന്യഥാസിദ്ധങ്ങളായിത്തീരും അതായത് അവയെക്കൂടാതെതന്നെ കാൎയ്യം സംഭവിക്കുമെന്ന നില വരുന്നതിനാൽ അവക്കു ഷഡ്ജസ്വരകാരണത്വമില്ലെന്നു വരും. മററു സ്വരങ്ങളുടെ സംഗതിയിലും ഒരു ശ്രുതികൊണ്ടുമാത്രമാണുണ്ടാകുന്നതെങ്കിൽ അപ്രകാരംതന്നെ പൂൎവ്വശ്രുതികൾക്ക് അന്യഥാസിദ്ധത്വം വരും. ശരി. സമാധാനം പറയാം. ഷഡ്ജസ്വരം നാലു വകയായിട്ടുണ്ട്. മൃദുഷഡ്ജം മദ്ധ്യഷഡ്ജം ആയതഷഡ്ജം, ദീപ്രഷഡ്ജം ഇങ്ങനെ. ഷഡ്ജത്തിൻെറ നാലു ശ്രുതികളിൽ ഓരോന്ന് ഓരോ ജാതി ഷഡ്ജത്തെക്കുറിച്ചാണ് കാരണമാകുന്നത്. അങ്ങനെ കാൎയ്യത്തിന്നു വിശേഷമുള്ളതുകൊണ്ട് ഒരു ശ്രുതിക്കും അന്യഥാസിദ്ധത്വമില്ല. അഗ്നിയുണ്ടാവാൻ തൃണഫൂൽകാരയോഗവും അരണിമഥനയോഗവും സൂൎയ്യകാന്തസൂൎയ്യരശ്മിയോഗവും കാരണമാകുമെങ്കിലും അവയിലോരോന്നും അഗ്നിവിശേഷത്തെക്കുറിച്ചാണ് കാരണമായിത്തീരുന്നതെന്നുള്ളതിനാൽ എങ്ങനെ ഒന്നുകൊണ്ടു മററത് അന്യഥാസിദ്ധമാകാതിരിക്കുന്നുവോ അതുപോലെയാണ് പ്രകൃതത്തിലുമെന്നു താൽപൎയ്യം. ഇങ്ങനെയെല്ലാമാണ്. അഹോബിലൻെറ ഈ അഭിപ്രായവും ഷഡ്ജം ചതുശ്ശ്രുതിയാണ് എന്നതിന്നു നാലു ശ്രുതികൾകൊണ്ടാണ് ഷഡ്ജസ്വരമുണ്ടാകുന്നതെന്നാണ് താൽപൎയ്യമെന്നു ധരിച്ച് അതു ശരിയാക്കാൻവേണ്ടിയുണ്ടായതു മാത്രമാണ്. ഒന്നാമതു ഷഡ്ജം ചതുശ്ശ്രുതി എന്നതിന്നു നിഷാദത്തിന്നുശേഷം നാലാമത്തെ ശ്രുതിയിലാണ് ഷഡ്ജം അതായത് രണ്ടിൻേറയും ഇടയിൽ മൂന്നു ശ്രുതികളുണ്ടെന്നേ താൽപൎയ്യമുള്ളൂ. അല്ലാതെ ആ നാലു ശ്രുതികളും ഷഡ്ജകാരണമാണെന്നും കൂടി താൽപൎയ്യമില്ലെന്നു മുമ്പുതന്നെ പറഞ്ഞിട്ടുണ്ടല്ലോ. ചൈത്രനിൽനിന്നു രണ്ടാമനാണ് മൈത്രനെന്നോ ചൈത്രമൈത്രന്മാൎക്കിടയിൽ ദേവദത്തനുണ്ടെന്നോ പറഞ്ഞാൽ ദേവദത്തൻ മൈത്രനു കാരണമാണെന്നു വരുന്നില്ല. ചതുശ്ശ്രുതിഃ എന്നതിന്നു ചതുൎത്ഥശ്രുതിനിഷ്ഠഃ എന്നാണൎത്ഥമെന്നു ചുരുക്കം. "തുരീയശ്രുതൌ ഷഡ്ജഃ" എന്നു ഭരതമുനിയും "തിസ്രഃ ശ്രുതീരതിക്രമ്യ ദേയഷ്ഷഡ്ജഃ" എന്നു മതംഗമുനിയും മററും പലേടത്തും പ്രസ്താവിച്ചിട്ടുമുണ്ട്. രണ്ടാമതു നിഷാദത്തിന്നുശേഷമുള്ള രണ്ടാമത്തെ ശ്രുതി നിഷാദത്തിൻെറ വകഭേദമായ കാകളിനിഷാദമായിട്ടല്ലാതെ ഷഡ്ജത്തിൻെറ വകഭേദമായി വരുന്നതല്ല. അങ്ങനെ കല്പിക്കുന്നതു പ്രാചീനാചാൎയ്യസിദ്ധാന്തത്തിന്നും വ്യവഹാരത്തിന്നും പ്രയോഗത്തിന്നും വിരുദ്ധമാകയാൽ അസംഗതവുമാണ്.

സൂ—താശ്ച ശ്രുതയോ ഹൃദയഗതദ്വാംവിംശതിനാഡീജന്യാ ഇതി കേചിദനുമന്യന്തേ. തദപ്യനാദേയം. കണ്ഠതാല്വാദാവപി തഥാപത്തേഃ. വീണായാമന്യഥൈവോപപത്തേഃ. മാൎഗ്ഗസ്വരസ്ഥിത്യനുരോധേനൈവ ദ്വാവിംശതിധാ വിഭാഗാദ്ദേശീയേഷു ശ്രുതിസംഖ്യാധിക്യസ്യ സിദ്ധത്വാച്ച. ൩൦

ഭാ—ആ ഇരുപത്തിരണ്ടു ശ്രുതികൾ ഹൃദയത്തിലുള്ളതും മേല്പോട്ടു ബന്ധമായി നിൽക്കുന്നതുമായ വലിയ നാഡിയോടു ചേൎന്ന ശാഖാനാഡികളായി ഇരുപത്തിരണ്ടു നാഡികളു

ണ്ട്. അവയിലോരോന്നിൽ പ്രാണവായു തട്ടുമ്പോൾ ഓരോ ശ്രുതിയുണ്ടാകുന്നു. ഇങ്ങനെയാണ് ശാരീരത്തിൽ സംഭവിക്കുന്നത്. അതായത് മേൽപ്പോട്ടുള്ള ശ്വാസനാഡിയോടു ബന്ധിച്ചുകൊണ്ടു ഹൃദയത്തിൽ വിലങ്ങനെ ഇരുപത്തിരണ്ടു ശാഖാനാഡികളുണ്ട്. ക്രമത്തിൽ ഓരോ നാഡിയിലും പ്രാണവായു വ്യാപിക്കുമ്പോൾ അതുകൊണ്ടുണ്ടാകുന്ന നാദങ്ങളും ക്രമത്തിൽ അധികമധികം ഉച്ചങ്ങളായിത്തീരുകയെന്നതാണ് ശാരീരത്തിൽ ശ്രുതികളുണ്ടാകുന്നതിന്റെ സമ്പ്രദായം. ഇങ്ങനെ ഓരോ നാഡികൾ ഓരോ ശ്രുതികളെജ്ജനിപ്പിക്കുന്നു എന്നു ചില ഗ്രന്ഥകാരന്മാർ ഊഹിച്ചു പറയുന്നുണ്ട്.

"ഹൃദ്യൂർദ്ധ്വനാഡിസംലഗ്നാ നാഡ്യോ ദ്വാവിംശതിർമ്മതാഃ
തിരശ്ച്യസ്താസു താവത്യഃ ശ്രുതയോ മാരുതാഹതാഃ
ഉച്ചോച്ചതരതായുക്താഃ പ്രഭവന്ത്യുത്തരോത്തരം".

എന്നു രത്നാകരകാരനും,

"ഹൃദ്യൂർദ്ധ്വനാഡികാസ്ഥദ്വാവിംശത്യന്തിരോജനാഡിഷു
താവന്തഃ ശ്രുതിസംജ്ഞാഃ സ്യുർന്നാദാഃ പരംപരോച്ചോച്ചാഃ".

എന്നു രാഗവിബോധകാരനും മററും പറഞ്ഞിരിക്കുന്നതു നോക്കുക. ആ അനുമാനം സ്വീകരിക്കേണ്ടതില്ല. എന്തുകൊണ്ടെന്നാൽ, അപ്രകാരമാണെങ്കിൽ സ്ഥായികളുടെ വ്യത്യാസമനുസരിച്ചു കണ്ഠത്തിലും താലു, ശിരസ്സ് എന്നിവയിലും അതുപോലെ ഇരുപത്തിരണ്ടു ശാഖാനാഡികളുണ്ടെന്നു കല്പിക്കേണ്ടിവരും. അതും ആ ഗ്രന്ഥകാരന്മാർക്കു സമ്മതംതന്നെയാണ് അതുകൊണ്ടാണ് "ഏവം കണ്ഠേ തഥാ ശീർഷേ ശ്രുതിദ്വാവിംശതിർമ്മതാ". എന്നു രത്നാകരത്തിലും "ഊർദ്ധ്വസ്ഥിതത്രിനാഡീഷു നാഡ്യോ ദ്വാവിംശതിഃ സ്ഥിതാഃ" എന്നു പാരിജാതത്തിലും പറഞ്ഞിട്ടുള്ളത് എന്നാണെങ്കിൽഅങ്ങനെ ശാഖാനാഡികളുണ്ടെന്നു കല്പിക്കാതെ ശബ്ദവാഹിനീനാഡിക്കു ദാർഢ്യം വരുത്തുന്നതിന്റെ താരതമ്യംകൊണ്ടുതന്നെ ശാരീരനാദങ്ങൾക്കു ക്രമത്തിൽ ഉച്ചോച്ചഭാവം വരുമെന്നുള്ളതിന്നു വീണ തന്നെ തെളിവായിട്ടുണ്ട്. വീണയിൽ കമ്പി മുറുക്കുംതോറും പരികമ്പസംഖ്യയും നാദത്തിന്നുച്ചതയും കൂടിവരുന്നതു പ്രത്യക്ഷാനുഭവമായിട്ടുള്ളതാണല്ലോ. അതുപോലെ പ്രാണവായുപ്രേരണയിലുള്ള പ്രയത്നഭേദത്താൽ ശബ്ദവാഹിനീനാഡിക്കു ദൃഢത കൂട്ടുകയും അതിനാൽ അതിന്റെ പരികമ്പസംഖ്യയും നാദോച്ചതയും കൂടിവരികയുമാണ് ചെയ്യുന്നതെന്നേ ശാരീരനാദവിഷയത്തിലും കരുതേണ്ടതുള്ളു. അതാണ് ലഘുവും വസ്തുസ്ഥിതിക്കു ചേർന്നതും. അങ്ങനെയല്ലാതെ ഇരുപത്തിരണ്ടു ശ്രുതികളുടെ ഉപപത്തിക്കുവേണ്ടി ഹൃദയത്തിലും മററും ശാഖാനാഡികളുണ്ടെന്നു കല്പിച്ചു ക്ലേശിക്കേണ്ട ആവശ്യമില്ല. എന്നു മാത്രമല്ല അങ്ങനെ ഇരുപത്തിരണ്ടു നാഡികളുണ്ടെന്നു കല്പിച്ചതുകൊണ്ടു നാദോച്ചനീചതയെ അവലംബിച്ചുള്ള ശ്രുതിവ്യവസ്ഥയെന്ന പ്രകൃതവിഷയത്തിന്നു സാർവ്വത്രികമായ ഉപപത്തിയും വരുന്നതല്ല. ശ്രുതികളെ ഇരുപത്തിരണ്ടാക്കി ഭരതമുനി മുതലായവർ വിഭജിച്ചിട്ടുള്ളതു മാർഗ്ഗപ്രസ്ഥാനത്തിലെ ഗ്രാമദ്വയത്തിലുള്ള സ്വരസ്ഥാനവ്യവസ്ഥയെ ഉപപാദിക്കാൻവേണ്ടി മാത്രമാണ്. ദേശീയങ്ങളിലാകട്ടേ പ്രത്യേകിച്ചും ദക്ഷിണദേശീയത്തിൽ ഷഡ്ജമദ്ധ്യമപഞ്ചമങ്ങളൊഴിച്ചു മററു സ്വരങ്ങളിൽ ചിലതിന്നു മാർഗ്ഗത്തിൽനിന്നു സ്ഥാനഭേദവും അതനുസരിച്ചു ശ്രുതിസംഖ്യക്ക് ആധിക്യവും ലക്ഷ്യസ്ഥിതികൊണ്ടും പ്രാചീനാചാർയ്യസമ്മതികൊണ്ടും സിദ്ധമാണ്. ദക്ഷിണത്തിൽ മുഖ്യമായി പന്തിരണ്ടു സ്വരസ്ഥാനവ്യവസ്ഥയുള്ളതനുസരിച്ചു ചുരുങ്ങിയത് ഇരുപത്തിനാലു ശ്രുതികളുണ്ടെന്നു സ്വീകരിക്കണം. ലക്ഷ്യസ്ഥിതിയാലാകട്ടേ മുൻപറഞ്ഞ നാദവൈലക്ഷണ്യഗ്രാഹകരൂപാന്തരമെന്ന ശ്രുതിലക്ഷണമവലംബിച്ച് ഇരുപത്തിനാലിലധികം ശ്രുതിക.

കളണെന്നും സ്വീകരിക്കേണ്ടതായിട്ടാണിരിക്കുന്നത്. ആ സംഗതി പ്രാചീനാചാര്യന്മാക്കും സമ്മതമാണെന്നു "യേഷാം ശ്രുതിസ്വരഗ്രാമജാത്യാദിന്നിയതോ ന ഹി നാനാദേശഗതസ്ഥായാദേശീരാഗാസ്ത തേ മതാഃ". എന്നുള്ള ശ്രീഹനുമദാചാര്യഗ്രന്ഥം തെളിയിക്കുന്നതുമുണ്ട്. ദേശീയരാഗങ്ങളുടെ സ്വഭാവം വിവരിക്കുന്നതാണ് ഈ കാരിക. ഏതെല്ലാം രാഗങ്ങളെ പ്പററിയേടത്തോളം മാർഗ്ഗപ്രസ്ഥാനപ്രകാരം വ്യവസ്ഥിതങ്ങളായ ശ്രുതികൾ, സ്വരങ്ങൾ, ഷഡ്ജഗ്രാമം മദ്ധ്യമഗ്രാമം എന്നുള്ള ഗ്രാമഭേദങ്ങൾ, രാഗമൂലജാതിവ്യവസ്ഥകൾ മുതലായതു യോജിക്കാതെയിരിക്കുന്നുവോ അവ ദേശീരാഗങ്ങളാണ് എന്ന് ഇതിന്റെ അർത്ഥം. "ലക്ഷ്യപ്രധാനാനി ശാസ്ത്രാണ്യേതാനി പ്രവർത്തന്തേ". എന്നിങ്ങനെ ഈ സംഗീതശാസ്ത്രവിഷയങ്ങൾ ലക്ഷ്യസ്ഥിതിയനുസരിച്ചു നിർവ്വചിക്കേണ്ടവയാണെന്നു മററ ചില ആചാര്യന്മാരും പ്രസ്താവിച്ചിട്ടുണ്ട്. അതിനാൽ ശ്രുതികൾ ഇരുപത്തിരണ്ടിലധികമുണ്ടാകാവുന്നതുകൊണ്ട് അവക്കവലംബമായി ഇരുപത്തിരണ്ടു ശാഖാനാഡികളുണ്ടെന്നുള്ള കല്പനം അസംഗതവുമാണെന്നും ധരിച്ചുകൊൾക. ഭരതമുനിയും മററും മാർഗ്ഗപ്രസ്ഥാനത്തിൽ ശ്രുതികളെ ഇരുപത്തിരണ്ടാക്കിഗ്ഗണിച്ചിട്ടുള്ളതിന്റെ തത്വം ചുരുക്കത്തിൽ ഇതാണ്. മാർഗ്ഗപ്രസ്ഥാനത്തിൽ ഷഡ്ജഗ്രാമം, മദ്ധ്യമഗ്രാമം ഇങ്ങനെ രണ്ടു തരം ഗ്രാമങ്ങളുണ്ട്. ആ ഗ്രാമവിഭാഗത്തെ ആസ്പദമാക്കിയാണ് അതിലെ മൂർച്ഛനകൾ, ഗ്രാമരാഗങ്ങൾ മുതലായ സകലവിഷയങ്ങളും വ്യവസ്ഥിതങ്ങളായിട്ടുള്ളത്. അതിൽ ഷഡ്ജഗ്രാമത്തിലെ പഞ്ചമത്തേക്കാൾ അല്പം താണതാണ് മദ്ധ്യമഗ്രാമത്തിലെ പഞ്ചമസ്വരം. ഷഡ്ജഗ്രാമത്തിൽ ഷഡ്ജഋഷഭങ്ങൾ തമ്മിൽ എത്രത്തോളം നാദാന്തരമുണ്ടോ ഏകദേശം അത്രത്തോളം അന്തരമേ മദ്ധ്യമഗ്രാമത്തിലെ മദ്ധ്യമപഞ്ചമങ്ങൾ തമ്മിലുള്ളൂ എന്നു മദ്ധ്യമഗ്രാമത്തിലുള്ള ഗീതങ്ങൾ തെളിയിക്കുന്നു. ഷഡ്ജഗ്രാമത്തിലെ മദ്ധ്യമപഞ്ചമങ്ങൾ തമ്മിലാകട്ടേ അതിലധികം അന്തരമുണ്ടെന്നു ഷഡ്ജഗ്രാമത്തിലെ ഗീതങ്ങളും തെളിയിക്കുന്നു. ലക്ഷ്യങ്ങളിൽക്കാണുന്ന ആ വ്യത്യാസം ആസ്പദമാക്കി ആ രണ്ടു പഞ്ചമങ്ങൾ തമ്മിലുള്ള അന്തരത്തെ ഒരു ശ്രുതിയുടെ മാനമെന്നു നിശ്ചയിച്ചാൽ ആ മാനത്തെ അവലംബമാക്കിത്തന്നെ മാർഗ്ഗപ്രസ്ഥാനത്തിലെ എല്ലാ സ്വരങ്ങളുടേയും സ്ഥാനങ്ങളെ സാമാന്യമായി വ്യവസ്ഥപ്പെടുത്തുകയും ചെയ്യാം. അതനുസരിച്ച് ഒരു സ്ഥായിയിൽ ആശ്രുതിമാനപ്രകാരം എത്ര ശ്രുതികൾ വരുമെന്നും അതിൽ ഓരോ സ്വരത്തിന്നും എത്ര ശ്രുതി വീതം വരുമെന്നും കണക്കാക്കി വ്യവസ്ഥപ്പെടുത്തുകയാണ് ഭരതമുനി മുതലായവർ ചെയ്തിട്ടുള്ളത്. ആ സംഗതി ഭരതമുനി കാണിച്ച വീണാദ്വയപരീക്ഷണരീതിയിൽനിന്നു സ്പഷ്ടമാകുന്നതുമാണ്. എന്നുതന്നെയല്ല, ഈ സംഗതി ഭരതമുനിതന്നെ "പഞ്ചമസ്യ ശ്രുത്യുൽകഷാപകഷാഭ്യാം യദന്തരം മാർദ്ദവാദായതത്വാദ്വാ തൽപ്രമാണാ ശ്രുതിഃ". എന്നിങ്ങനെ മദ്ധ്യമഗ്രാമത്തിലെ പഞ്ചമവും ഷഡ്ജഗ്രാമത്തിലെ പഞ്ചമവും തമ്മിലുള്ള ന്യൂനാധികഭാവം നിമിത്തമുണ്ടാകുന്ന അന്തരമാണ് ഒരു ശ്രുതിയുടെ അളവായി ഇവിടെക്കണക്കാക്കിട്ടുള്ളതെന്നു സ്പഷ്ടമായിപ്പറഞ്ഞിട്ടുമുണ്ട്. ദക്ഷിണദേശീയത്തിലാകട്ടേ മദ്ധ്യമഗ്രാമം ഷഡ്ജഗ്രാമം എന്ന രണ്ടുവക ഗ്രാമങ്ങൾതന്നെയില്ല. ഷഡ്ജഗ്രാമം മാത്രമേയുള്ളൂ. അതിൽ ചില സ്വരസ്ഥാനങ്ങൾക്കു മാർഗ്ഗത്തിലെ സ്വരസ്ഥാനങ്ങളിൽനിന്നു വ്യത്യാസമുള്ളതിനാൽ മാർഗ്ഗപ്രകാരമുള്ള ശ്രുതിവിഭാഗംകൊണ്ടു സ്വരങ്ങളിൽ ശ്രുതിവ്യവസ്ഥ സംഗതമാകയുമില്ല. എന്നു ചുരുക്കം.

ദക്ഷിണദേശീയത്തിൽ ഏതെല്ലാം സ്വരങ്ങൾക്കുള്ള സ്ഥാനഭേദംകൊണ്ടാണ് മാർഗ്ഗത്തേക്കാൾ ശ്രുതിസംഖ്യാധിക്യം വേണ്ടിവരുന്നതെന്നു സ്പഷ്ടമാക്കുന്നു—

സൂ—സമപവർജ്ജമന്യേഷാം ദക്ഷിണേ സ്ഥാനഭേദാൽ, വിലക്ഷണനാദരൂപാന്തരാശ്രയണാച്ച തത്ര ശ്രുതിസംഖ്യാധിക്യം. ൩൧

ഭാ—ഷഡ്ജം, മദ്ധ്യമം, പഞ്ചമം ഈ മൂന്നു സ്വരങ്ങളൊഴികെ മററുള്ള നാലു സ്വരങ്ങൾക്കും ദക്ഷിണത്തിൽ മാർഗ്ഗത്തിലെ ആ വക സ്വരങ്ങളിൽനിന്നു സ്ഥാനഭേദമുണ്ട്. മാർഗ്ഗത്തിൽ ഷഡ്ജത്തിന്നുശേഷം മൂന്നാമത്തെ ശ്രുതിയിലാണ് ഋഷഭം. അതിൽ വികൃതഷ്ഭമില്ല. ദക്ഷിണത്തിൽ ഷഡ്ജത്തിന്നു ശേഷം രണ്ടാമത്തെ ശ്രുതിയിലാണ് ഋഷഭം. നാലാമത്തെ ശ്രുതിയിൽ വികൃതഷ്ഭവുമുണ്ട്. മാർഗ്ഗത്തിൽ ഷഡ്ജത്തിൽനിന്ന് അഞ്ചാമത്തേയും ഏഴാമത്തേയും ശ്രുതികളിലാണ് ഗാന്ധാരം. ദക്ഷിണത്തിൽ ആറാമത്തേയും എട്ടാമത്തേയും ശ്രുതികളിലാണ് ഗാന്ധാരം. പഞ്ചമത്തിന്നുശേഷം ധൈവതനിഷാദങ്ങളുടെ സ്ഥിതിയിലും ഇതുപോലെ മാർഗ്ഗദക്ഷിണങ്ങളിൽ ശ്രുതിവ്യത്യാസമുണ്ട്. അതിനാൽ ദക്ഷിണത്തിൽ സ്ഥായിയിലെ ശ്രുതിസംഖ്യ മാർഗ്ഗത്തിലേക്കാളധികമുണ്ട്. അതിന്നുംപുറമെ, നാദത്തിൻെറ വൈലക്ഷണ്യമാത്രഗ്രാഹകമായ രൂപഭേദം എന്ന മുൻപറഞ്ഞ നിഷ്കൃഷ്ടശ്രുതിലക്ഷണപ്രകാരമുള്ള ശ്രുതികളുടെ വ്യത്യാസം ദക്ഷിണത്തിൽ രാഗത്തിൻെറ രഞ്ജകതക്കു സാധകമായിരിക്കുന്നുണ്ട്. ഗൌഡം, സാവേരി, തോഡി, മാളവഗൌഡം എന്നീ രാഗങ്ങളിലെ ഋഷഭസ്വരം ശുദ്ധഷ്ഭമാണെങ്കിലും എല്ലാം ഒരേ ശ്രുതിയിലുള്ളതല്ല. ഒരേ ശ്രുതിയിൽ പ്രയോഗിച്ചാൽ അതാതു രാഗത്തിൻെറ രഞ്ജകത സിദ്ധിക്കയുമില്ല. അതുപോലെ കല്യാണി, കാംബോജി മുതലായ രാഗങ്ങളിലെ അന്തരഗാന്ധാരം, വികൃതധൈവതം എന്നീ സ്വരങ്ങളിലും ശ്രുതിവ്യത്യാസംകൊണ്ടാണ് രഞ്ജകതാവിശേഷം സിദ്ധിക്കുന്നത്. അതിനാൽ ദക്ഷിണത്തിൽ നിഷ്കൃഷ്ടശ്രുതിലക്ഷണമനുസരിച്ചുതന്നെ ശ്രുതിവ്യവസ്ഥ സ്വീകരിക്കേണ്ടതുകൊണ്ടും സ്ഥായിയിൽ ശ്രുതിസംഖ്യ ഇരുപത്തിരണ്ടിലധികം വരുന്നുണ്ട്.

സൂ—സമപസംഖ്യാനുരോധേന ശ്രുതീനാം സമാനമാനകത്വസയുക്തതയാ സഗയോഃ പന്യോശ്ചാന്തരാ പൃഥക്ശ്രുതിഷട്കസത്വാച്ച. ൩൨

ഭാ—ദക്ഷിണേ ശ്രുതിസംഖ്യാധിക്യം എന്നനുവത്തിക്കുന്നു. മേൽവിവരിച്ചപ്രകാരം ദക്ഷിണത്തിൽ നിഷ്കൃഷ്ടശ്രുതിലക്ഷണപ്രകാരമുള്ള ശ്രുതികൾതന്നെ സ്വീകരിക്കേണ്ടതുണ്ടെന്നു മാത്രമല്ല, മാർഗ്ഗത്തിൽ ഷഡ്ജമദ്ധ്യമപഞ്ചമങ്ങൾക്ക് ഏതൊരു മാനംവെച്ചു നന്നാലു ശ്രുതികളെന്നു കണക്കാക്കിയോ എല്ലാ ശ്രുതികളും അതേ മാനംകൊണ്ടുതന്നെ കണക്കാക്കി സ്ഥായിയിലെ ശ്രുതികളെല്ലാം തുല്യപ്രമാണങ്ങളാണെന്നു വ്യവസ്ഥപ്പെടുത്തുകയാണ് ശാസ്ത്രരീതിക്കു യുക്തമായിട്ടുള്ളത്. അതുപ്രകാരം നോക്കുമ്പോൾ മാർഗ്ഗത്തിൽ ഷഡ്ജത്തിന്നുശേഷം ഋഷഭത്തിന്നു മൂന്നും ഗാന്ധാരത്തിന്നു രണ്ടുമായി ഷഡ്ജഗാന്ധാരങ്ങൾക്കിടയിൽ അഞ്ചു ശ്രുതികളെന്നു ഗണിച്ചിട്ടുള്ളതിൻെറ സ്ഥാനത്തു സമാനമാനകങ്ങളായ ആറു ശ്രുതികൾ വരുന്നതാണ്. അതുപോലെ പഞ്ചമത്തിന്നുശേഷം ധൈവതത്തിന്നു മൂന്നും നിഷാദത്തിന്നു രണ്ടുമായി പിന്നത്തെ ഷഡ്ജത്തിൻെറ നാലു ശ്രുതികൾക്കു മുമ്പിൽ അഞ്ചു ശ്രുതികളെന്നു ഗണിച്ചതിൻെറ സ്ഥാനത്തും തുല്യമാനങ്ങളായി ആറു ശ്രുതികൾ വരുന്നതാണ്. അങ്ങനെ സ്ഥായിയിൽ തുല്യമാനങ്ങളായി ഷഡ്ജമദ്ധ്യമപഞ്ചമങ്ങൾക്കു നന്നാലും ഷഡ്ജഗാന്ധാരങ്ങൾക്കിടയിലും പഞ്ചമനിഷാദങ്ങൾക്കിടയിലും ആറാറുമായി ദക്ഷിണത്തിൽ ഇരുപത്തിനാലു ശ്രുതികൾ മാർഗ്ഗത്തിലെ ശ്രുതിമാനമനുസരിച്ചുതന്നെ വരുന്നതുകൊണ്ടും അവയെല്ലാം പ്രയോഗങ്ങൾക്കു വിഷയമായതുകൊണ്ടും ദക്ഷിണത്തിൽ ശ്രുതിസംഖ്യാധിക്യം യുക്തിപ്രമാണസിദ്ധവുമാണ്. ശ്രുതികളെ തുല്യമാനങ്ങളായിഗ്ഗണിക്കുമ്പോൾ മാർഗ്ഗത്തിലെ ഋഷഭധൈവ

തങ്ങളുടെ സ്ഥാനത്തിന്നു മൂന്നിൽ അല്പം അധികവും ഗാന്ധാരനിഷാദങ്ങളുടെ സ്ഥാനത്തിന്നു രണ്ടിൽ അല്പം അധികവും വരുമെങ്കിലും ആ അംശങ്ങളെഗ്ഗണിക്കാതെ ഏകദേശക്കണക്കിലാണ് ഋഷഭത്തിന്നും ധൈവതത്തിന്നും മുമ്മൂന്നും ഗാന്ധാരനിഷാദങ്ങൾക്ക് ഈരണ്ടും ശ്രുതികളെന്നു ഭരതമുനി മുതലായവർ ഗണിച്ചിരിക്കുന്നതെന്നും ഋഷഭധൈവതങ്ങൾ മാർഗ്ഗത്തിൽ വികൃതസ്വരങ്ങളായിട്ടില്ലെന്ന സംഗതി അതിന്നു പ്രയോജകമായിരിക്കണമെന്നും കരുതേണ്ടതാണ്. "തത്ര ദ്വാവിംശതിഃ ശ്രുതയഃ". എന്ന ഭരതശാസ്ത്രസൂത്രത്തിൽ വാ എന്ന ശബ്ദംകൊണ്ടു വികല്പം കാണിച്ചിട്ടുള്ളതിനാൽ ഇരുപത്തിരണ്ടിലധികം ശ്രുതികളുണ്ടെന്നു വരുവാൻ വിരോധമില്ലെന്നും മാർഗ്ഗസംഗീതത്തിൽ ഇരുപത്തിരണ്ടു ശ്രുതികളെ സ്വീകരിച്ചാൽ മതിയാകുന്നതാണെന്നും ഉള്ള അഭിപ്രായം ഭരതമുനിതന്നെ സൂചിപ്പിച്ചിട്ടുമുണ്ട്. അല്ലെങ്കിൽ മുനിമാർ നിയോഗപര്യനുയോഗങ്ങൾക്ക് അർഹന്മാരല്ലല്ലോ.

ശ്രുതികളുടെ തുല്യമാനം കണ്ടുപിടിക്കേണ്ടവിധം പറയുന്നു —

സൂ—സമാനമാനകത്വപരീക്ഷാ ചിത്രവീണായാം. യഥാ ദ്വേ തന്ത്ര്യൗ മധ്യസ്ഥായ്യാരംഭഷഡ്ജസ്ഥിതേ സമാനശ്രുതികേ കാര്യേ. തതസ്തന്ത്രീതുരീയാംശേ താരപഞ്ചമം സ്വയം പ്രകാശയതി സ്ഥാനേ തന്ത്രിചതുർത്ഥാംശേ താരതരഷഡ്ജം സ്വയം പ്രകാശയതി സ്ഥാനേ ച ക്രമാൽ സാരികാദ്വയം സ്ഥാപയേൽ. പുനസ്തയോർമ്മധ്യേ തന്ത്രിസപ്തമാംശേ താരതരകൈശികം സൂക്ഷ്മതയാ പ്രകാശയതി സ്ഥാനേ ച സാരികാം സ്ഥാപയേൽ. ഏവം കൃതേ പഞ്ചമസാരികായാം മധ്യസ്ഥായിപഞ്ചമഃ ഷഡ്ജസാരികായാം മധ്യസ്ഥായിമധ്യമഃ കൈശികസാരികായാം മധ്യസ്ഥായിപ്രതിമധ്യമശ്ച ഭവന്തി. ഇത്ഥം സമാനമാനശ്രുതിദ്വയാഭ്യാം മധ്യമപഞ്ചമയോരന്തരാ ശ്രുതിചതുഷ്ടയലാഭഃ. അഥ തന്ത്രീപഞ്ചമാംശേ താരതരാന്തരഗാന്ധാരം സ്വയം പ്രകാശയതി സ്ഥാനേ സാരികാന്യാസേന തത്ര മധ്യസ്ഥായിഗതാന്തരഗാന്ധാരോ ഭവതി. പുനസ്തന്ത്രിമേകാം കിഞ്ചിദപകൃഷ്യാപരായാം പ്രതിമധ്യമസ്ഥാനേ യഥാസ്യാം പഞ്ചമോ ഭവതി തഥാ കൃത്വാ ഏതച്ചലതന്ത്രീഗതാന്തരഗാന്ധാരസമാനനാദോന്യസ്യാം യത്ര ഭവതി തത്രാപി സാരികാം ന്യസ്യേൽ. ഏവം കൃതേ തസ്യാം സ്ഥിരതന്ത്ര്യാം ശുദ്ധഗാന്ധാരലാഭഃ തഥാ ഗാന്ധാരമധ്യമയോരന്തരാ സമാനമാനശ്രുതിദ്വയാഭ്യാം ശ്രുതിചതുഷ്ടയലാഭശ്ച. പുനരപി ചലതന്ത്രിമപകൃഷ്യ തസ്യാം പഞ്ചമം സ്ഥിരതന്ത്ര്യാം മധ്യമം ചൈകനാദം കുര്യാൽ. തദാസ്യാം മധ്യമഃ സ്ഥിരായാം ഗാന്ധാരശ്ചൈകനാദൗ ഭവതഃ. അഥാസ്യാമന്തരഗാന്ധാരസമനാദോ ഗാന്ധാരസമനാദശ്ച സ്ഥിരായാം യത്ര യത്ര ഭവതസ്തത്രാപി സാരികേ നിദധ്യാൽ. ഏവം സമാനമാനദ്വാദശശ്രുതിലാഭഃ. സ്ഥിരായാം ശുദ്ധവികൃതഷഡ്ജലാഭശ്ച. ഏവം കൃതേ ചലായാം പ്രതിമധ്യമഃ സ്ഥിരായാമന്തരഗാന്ധാരശ്ചൈകനാദൗ ഭവത ഇത്യന്തരഗാന്ധാരമധ്യമയോഃ പ്രതിമധ്യമപഞ്ചമയോശ്ച ശ്രുതിദ്വയാന്തരസ്യ സിദ്ധത്വേന ഷഡ്ജശുദ്ധഋഷഭയോരപി തത്സിദ്ധിരിതി ഷഡ്ജാദാപഞ്ചമം തുല്യപ്രമാണചതുർദശശ്രുതിലാഭഃ. പഞ്ചമാദാഷഡ്ജം ശ്രുതിദശകമനയൈവ രീത്യാ ദ്രഷ്ടവ്യം. ൨൩

ഭാ—ശ്രുതികൾ തുല്യപ്രമാണങ്ങളാണെന്ന സംഗതി ദക്ഷിണദേശങ്ങളിൽ പ്രസിദ്ധമായ ചിത്രവീണയിലെ പരീക്ഷണംകൊണ്ടു വ്യക്തമാക്കാവുന്നതാണ്. എങ്ങനെയെ

ന്നാൽ—വീണയിൽ രണ്ടു കമ്പികൾ കെട്ടി രണ്ടും മധ്യസ്ഥായിയുടെ ആരംഭഷഡ്ജത്തിൽ ശ്രുതി ശരിയാക്കിനിൎത്തുക. അതിന്നുശേഷം മേരുമുതൽ കരഭംവരെയുള്ള ആ കമ്പിയുടെ നീളത്തെ മൂന്നായി ഭാഗിച്ചാലുണ്ടാകുന്ന മൂന്നു ഭാഗങ്ങളിൽ മേരുവിനോടടുത്തതും താരസ്ഥായിപഞ്ചമം സ്വയംഭൂവായിപ്പുറപ്പെടുന്നതുമായ സ്ഥാനത്തും കമ്പിയുടെ നാലിൽ ഒരംശവും മേരുവിനോടടുത്തതും താരഷഡ്ജം സ്വയംഭൂവായിപ്പുറപ്പെടുന്നതുമായ സ്ഥാനത്തും ഓരോ മട്ടുകൾ കമ്പികളുടെ കീഴിൽ വെക്കുക. പിന്നെ ആ രണ്ടു സ്ഥാനങ്ങളുടെ മധ്യത്തിലുള്ളതും കമ്പിയെ ഏഴാക്കിത്തിരിക്കുന്ന അംശങ്ങളിൽ മേരുവിൽനിന്നു രണ്ടാമത്തെ അംശവും താരതരകൈശികം സൂക്ഷ്മരൂപത്തിൽ സ്വപ്രകാശമായിപ്പുറപ്പെടുന്നതുമായ സ്ഥാനത്തും ഒരു മട്ടു വെക്കുക. ഇങ്ങനെ ചെയ്താൽ ആ മട്ടുകളിൽ കമ്പികൾ തൊടുവിച്ചു മീട്ടുമ്പോൾ താരപഞ്ചമം സ്വയംഭൂവായുള്ള സ്ഥാനത്തെ മട്ടിൽ മധ്യസ്ഥായിപഞ്ചമവും താരതരഷഡ്ജം സ്വയംഭൂവായുള്ള സ്ഥാനത്തെ മട്ടിൽ മധ്യസ്ഥായിമധ്യമവും താരതരകൈശികം സ്വയംഭൂവായുള്ള സ്ഥാനത്തേതിൽ മധ്യസ്ഥായിപ്രതിമധ്യമവും പുറപ്പെടുന്നതാണ്. അങ്ങനെ തുല്യപ്രമാണങ്ങളായി മധ്യമം മുതൽ പ്രതിമധ്യമംവരെയും അതുമുതൽ പഞ്ചമംവരെയും രണ്ടു ശ്രുതികൾവീതം മധ്യമത്തിൽനിന്നു പഞ്ചമത്തിലേക്കുള്ള നാലു ശ്രുതികൾ സിദ്ധിച്ചു. പിന്നെ കമ്പികളുടെ നീളം അഞ്ചായിത്തിരിക്കുന്ന അംശങ്ങളിൽ മേരുവിന്നടുത്തതും താരതരസ്ഥായിയിലെ അന്തരഗാന്ധാരം സ്വപ്രകാശമായിപ്പുറപ്പെടുന്നതുമായ സ്ഥാനത്ത് ഒരു മട്ടു വെക്കുക. ആ മട്ടിൽ കമ്പി തൊടുവിച്ചു മീട്ടിയാൽ മധ്യസ്ഥായിയിലെ അന്തരഗാന്ധാരവും സിദ്ധിക്കും. അതിന്നുശേഷം ഒരു കമ്പി അല്പം അയച്ച് അതിലെ പഞ്ചമം മറ്റേക്കമ്പിയിലെ പ്രതിമധ്യമത്തോടു സമനാദമാക്കി നിൎത്തുക. എന്നിട്ട് ആ ചലതന്ത്രിയിലെ അന്തരഗാന്ധാരത്തിൻെറ നാദം മറ്റേ സ്ഥിരതന്ത്രിയിൽ ഏതു സ്ഥാനത്തു വരുന്നുവോ എന്നു നോക്കി ആ സ്ഥാനത്ത് ഒരു മട്ടു വെക്കുക. അങ്ങനെ ഗാന്ധാരമധ്യമങ്ങൾക്കിടയിൽ തുല്യപ്രമാണങ്ങളായ നാലു ശ്രുതികൾ ശുദ്ധഗാന്ധാരത്തിൽനിന്ന് അന്തരഗാന്ധാരത്തിലേക്കു രണ്ടും തിൽനിന്നു മധ്യമത്തിലേക്കു രണ്ടുമായി സിദ്ധിക്കും. അപ്പോൾ തുല്യപ്രമാണങ്ങളായി എട്ടു ശ്രുതികൾ സിദ്ധിച്ചുവല്ലോ. പിന്നെയും ആ ചലതന്ത്രി അല്പം അയച്ച് അതിലെ പഞ്ചമം സ്ഥിരതന്ത്രിയിലെ മധ്യമത്തോടു സമനാദമാക്കി നിൎത്തുക. എന്നിട്ട് ആ തന്ത്രിയിലെ അന്തരഗാന്ധാരനാദവും ഗാന്ധാരനാദവും സ്ഥിരതന്ത്രിയിൽ ക്രമത്തിൽ ഏതേതു സ്ഥാനങ്ങളിൽ സമനാദങ്ങളായി വരുന്നുവോ എന്നു നോക്കി ആ സ്ഥാനങ്ങളിലും ഓരോ മട്ടു വെച്ചു വികൃതഋഷഭവും ശുദ്ധഋഷഭവും സമ്പാദിക്കുക. അങ്ങനെ തുല്യമാനങ്ങളായി ശുദ്ധഋഷഭത്തിൽനിന്നു വികൃതഋഷഭത്തിലേക്കു രണ്ട്, അതിൽനിന്നു ശുദ്ധഗാന്ധാരത്തിലേക്കു രണ്ട് ഇങ്ങനെ നാലു ശ്രുതികളും സിദ്ധിച്ചു. അപ്പോൾ പന്തിരണ്ടു തുല്യപ്രമാണശ്രുതികൾ സിദ്ധങ്ങളായി. ഈ സ്ഥിതിയിൽ ചലതന്ത്രിയിലെ പ്രതിമധ്യമനാദവും സ്ഥിരതന്ത്രിയിലെ അന്തരഗാന്ധാരനാദവും ഒന്നായിരിക്കും. അന്തരഗാന്ധാരമധ്യമങ്ങൾ തമ്മിലും പ്രതിമധ്യമപഞ്ചമങ്ങൾ തമ്മിലും രണ്ടു ശ്രുതികൾകൊണ്ടുള്ള അന്തരമാണുള്ളതെന്നു സിദ്ധവുമാണ്. അതുപോലെ ശുദ്ധഗാന്ധാരന്തരാഗാന്ധാരങ്ങൾ തമ്മിലും മധ്യമപ്രതിമധ്യമങ്ങൾ തമ്മിലും ശ്രുതിദ്വയാന്തരമാണെന്നും സിദ്ധിച്ചിട്ടുണ്ട്. അങ്ങനെ ഒന്നിലെ ശുദ്ധഋഷഭവും മററതിലെ അന്തരഗാന്ധാരവും ഒത്തിരിക്കണമെങ്കിൽ ആദ്യത്തേതിലെ ഷഡ്ജവും മററതിലെ ശുദ്ധഗാന്ധാരവും ഒത്തിരിക്കണം എന്നുള്ളതിനാൽ ഷഡ്ജശുദ്ധഋഷഭങ്ങൾ തമ്മിലും ശ്രുതിദ്വയാന്തരമാണുള്ളതെന്നു സിദ്ധിക്കുന്നു. ഇപ്രകാരം ഷഡ്ജംമുതൽ പഞ്ചമംവരെക്കും തുല്യമാനങ്ങളായ പതിന്നാലു ശ്രുതികളാണുള്ളതെന്നു പരീക്ഷണത്താൽ

വ്യക്തമായി. പഞ്ചമം മുതൽ പിന്നത്തെ ഷഡ്ജംവരെ പത്തു തുല്യമാനശ്രുതികളാണുള്ള തെന്നും ഈ പരീക്ഷണരീതിയിൽത്തന്നെ കാണേണ്ടതാണ്. എങ്ങനെയെന്നാൽ, മുൻപറഞ്ഞപോലെ രണ്ടു കമ്പികളും മദ്ധ്യസ്ഥായ്യാരംഭഷഡ്ജത്തിൽ ശ്രുതിയൊപ്പിച്ചുനിൎത്തുക. പിന്നെ കമ്പികളുടെ നീളത്തിന്റെ മദ്ധ്യത്തിൽ താരഷഡ്ജം സ്വപ്രകാശമായിപ്പുറപ്പെടുന്ന സ്ഥാനത്ത് ഒരു മട്ടു വെക്കുക. അതുപോലെ ഏഴാക്കിത്തിരിക്കുന്ന അംശവും മേരുവിൽനിന്നു മൂന്നാമത്തേതും താരതരകൈശികം സ്വപ്രകാശമായി സൂക്ഷ്മരൂപത്തിൽ ധ്വനിക്കുന്നതുമായ സ്ഥാനത്തും അഞ്ചാക്കിത്തിരിക്കുന്നതും മേരുവിൽനിന്നു രണ്ടാമത്തേതും താരതരാന്തരഗാന്ധാരം സ്വപ്രകാശമായിപ്പുറപ്പെടുന്നതുമായ സ്ഥാനത്തും ഓരോ മട്ടുകൾ വെക്കുക. എന്നാൽ താരഷഡ്ജസ്ഥാനത്തു വെച്ച മട്ടിൽ താരസ്ഥായ്യാരംഭഷഡ്ജവും കൈശികസ്ഥാനത്തു വെച്ചതിൽ മദ്ധ്യസ്ഥായിയിലെ നിഷാദവും അതായത് കൈശികനിഷാദരൂപമായ ശുദ്ധനിഷാദവും അന്തരഗാന്ധാരം ധ്വനിക്കുന്ന സ്ഥാനത്തു വെച്ചതിൽ മദ്ധ്യസ്ഥായിയിലെ വികൃതധൈവതവും ലഭിക്കുന്നതാണ്. പിന്നെ ചലതന്ത്രി അല്പം അയച്ച് അതിലെ പഞ്ചമം സ്ഥിരതന്ത്രിയിലെ പ്രതിമദ്ധ്യമനാദത്തോടു സമനാദമാക്കി നിൎത്തുക. എന്നിട്ടു ചലതന്ത്രിയിലെ താരഷഡ്ജം സ്ഥിരതന്ത്രിയിലെ നിഷാദഷഡ്ജങ്ങളുടെ മദ്ധ്യത്തിലുള്ള ഏതു സ്ഥാനത്തു വരുന്നുവോ അവിടെ ഒരു മട്ടു വെക്കുക. അതിൽ മദ്ധ്യസ്ഥായിയിലെ കാകളിനിഷാദം ലഭിക്കും. അപ്രകാരം ചലതന്ത്രിയിലെ വികൃതധൈവതനാദം സ്ഥിരതന്ത്രിയിലെ പഞ്ചമവികൃതധൈവതങ്ങളുടെ മദ്ധ്യത്തിൽ ഏതു സ്ഥാനത്തുള്ള നാദത്തോടു സമമായി വരുന്നുവോ അവിടെ ഒരു മട്ടു വെച്ചാൽ അതിൽ മദ്ധ്യസ്ഥായിശുദ്ധധൈവതവും ലഭിക്കും. ഇങ്ങനെ പഞ്ചമത്തിൽനിന്നു തുല്യപ്രമാണങ്ങളായ ഈരണ്ടു ശ്രുതികൾ വീതം ശുദ്ധധൈവതം, വികൃതധൈവതം ശുദ്ധനിഷാദം, കാകളിനിഷാദം, താരഷഡ്ജം എന്നീ അഞ്ചു സ്വരങ്ങളിലായി പത്തു ശ്രുതികളുണ്ടെന്നും വ്യക്തമാകുമെന്നു താൽപൎയ്യം. അതിനാൽ ഒരു സ്ഥായിയിൽ സമാനമാനങ്ങളായി പന്തിരണ്ടു സ്വരങ്ങളിൽക്കൂടി ഇരുപത്തിനാലു ശ്രുതികളാണ് ദക്ഷിണപ്രസ്ഥാനത്തിലുള്ളതെന്നു പരീക്ഷണസിദ്ധവുമായി.

കുറച്ചുകൂടി ലഘുവായും ശ്രുതികളുടെ മാനതുല്യത കണ്ടുപിടിക്കാമെന്നു കാണിക്കുന്നു—

സൂ—യദ്വാ ദൎശിതരീത്യാ പഞ്ചമാദന്തരഗാന്ധാരാന്തം ചതസ്രസ്സാരികാസ്തത്തത്സ്വയംഭൂനാദസ്ഥാനേഷു സംസ്ഥാപ്യ തന്ത്രിമേകാമപകൃഷ്യ തൽപഞ്ചമമിതരതന്ത്രീഗതാന്തരഗാന്ധാരസമനാദം കുൎയ്യാൽ തതശ്ചലതന്ത്രീഗതാപ്രതിമദ്ധ്യമമദ്ധ്യമാന്തരഗാന്ധാരനാദാ സ്ഥിരതന്ത്ര്യാം യത്ര യത്ര ഭവന്തി തത്തൽസ്ഥാനേഷു തിസ്രസ്സാരികാ നിധേയാ. ഏവം സമാനമാനാ ദ്വാദശ ശ്രുതയസ്സിദ്ധ്യന്തി. തദാ തച്ചലതന്ത്രീഗതശുദ്ധഗാന്ധാരനാദഃ സ്ഥിരതന്ത്രീഷഡ്ജനാദശ്ച സമസ്സ്യാദിതി ഷഡ്ജഷഭയോശ്ച ദ്വിശ്രുത്യന്തരിതത്വം സിദ്ധം. ഏവം ഷഡ്ജാദാ പഞ്ചമം സമപ്രമാണചതുർദശശ്രുതിലാഭഃ. ന്മര

ഭാ—അല്ലെങ്കിൽ മേൽക്കാണിച്ചവിധം പഞ്ചമം, മദ്ധ്യമം, പ്രതിമദ്ധ്യമം അന്തരഗാന്ധാരം ഇവക്കുള്ള നാലു മട്ടുകൾ മുൻപറഞ്ഞ ഓരോരോ സ്വയംഭൂനാദസ്ഥാനങ്ങളിൽ സ്ഥാപിച്ചതിന്നുശേഷം ഒരു കമ്പി കുറെ അയച്ച് അതിലെ പഞ്ചമം മറേറക്കമ്പിയിലെ

അന്തരഗാന്ധാരത്തോടു സമനാദമാക്കി നിൎത്തുക. പിന്നെ ആ കമ്പിയിലെ പ്രതിമധ്യമം, മധ്യമം, അന്തരഗാന്ധാരം ഇവയുടെ നാദങ്ങൾ മററേ സ്ഥിരതന്ത്രിയിൽ ഏതേതെല്ലാം സ്ഥാനങ്ങളിൽ സമനാദങ്ങളായി വരുന്നുവോ അതാതു സ്ഥാനങ്ങളിലായി മൂന്നു മട്ടുകൾ വെക്കുക. എന്നാൽ പഞ്ചമംമുതൽ ശുദ്ധഋഷഭംവരെയായി ഈരണ്ടു ശ്രുതികൾ ക്രമത്തിൽ കുറഞ്ഞുവരുന്നവിധം സമാനമാനങ്ങളായ പന്തിരണ്ടു ശ്രുതികൾ സിദ്ധിക്കും. അപ്പോൾ ആ ചലതന്ത്രിയിലെ ഗാന്ധാരനാദം സ്ഥിരതന്ത്രിയിലെ സ്ഥായ്യാരംഭഷഡ്ജത്തോടൊത്തിരിക്കയും ചെയ്യും. ഗാന്ധാരാന്തരഗാന്ധാരങ്ങൾ തമ്മിൽ രണ്ടു ശ്രുതികൾകൊണ്ടുള്ള അന്തരമാണെന്നു സിദ്ധിച്ചിട്ടുള്ളതിനാൽ ഷഡ്ജഋഷഭങ്ങൾ തമ്മിലും ശ്രുതിദ്വയാന്തരമാണെന്നും സിദ്ധിക്കും. അങ്ങനെ ഷഡ്ജംമുതൽ പഞ്ചമംവരെക്കും തുല്യമാനങ്ങളായ. പതിന്നാലു ശ്രുതികളുണ്ടെന്നു തീൎച്ചപ്പെടുന്നതാണ്. പഞ്ചമംമുതൽ താരഷഡ്ജംവരെയുള്ള പത്തു തുല്യമാനശ്രുതികളുടെ പരീക്ഷണവും ഇപ്രകാരംതന്നെ.

പഞ്ചമം മുതൽ ഷഡ്ജംവരെ പത്തു ശ്രുതികളുണ്ടെന്ന സംഗതി വേറെ വിധത്തിലുള്ള പരീക്ഷണംകൊണ്ടും വ്യക്തമാകുമെന്നു കാണിക്കുന്നു —

സൂ—തതശ്ചലതന്ത്രീം പുനരപ്യപകൃഷ്യ മന്ദ്രപഞ്ചമം നയേൽ. തദാ സ്ഥിരായാം മധ്യമാൎത്ഥന്യസ്തസാരികാ ചലായാം മധ്യഷഡ്ജസാരികാ ഭവതീതി ഷഡ്ജമധ്യമയോൎദ്ദശശ്രുത്യന്തരിതസ്യ സിദ്ധത്വാത്സിദ്ധം പഞ്ചമഷഡ്ജയോരപി ദശശ്രുത്യന്തരിതത്വം. ൩൫

ഭാ—അങ്ങനെ ഷഡ്ജം മുതൽ പഞ്ചമംവരെ പതിന്നാലു ശ്രുതികളുണ്ടെന്നു കണ്ടതിനുശേഷം ചലതന്ത്രി വീണ്ടും അയച്ചു മധ്യസ്ഥായിഷഡ്ജത്തിലുള്ള സ്ഥിരതന്ത്രീനാദത്തെ ആസ്പദമാക്കി വരുന്ന മന്ദ്രസ്ഥായിപഞ്ചമസ്വരത്തിൽ നിൎത്തുക. എന്നാൽ സ്ഥിരതന്ത്രിയിൽ മധ്യമസ്വരത്തിന്നു വെച്ച മട്ടിൽ ചലതന്ത്രിയിൽ മധ്യസ്ഥായിഷഡ്ജം പുറപ്പെടുന്നതാണ്. ഷഡ്ജമധ്യമങ്ങൾക്കിടയിൽ പത്തു ശ്രുതികളുണ്ടെന്നു മുമ്പു കാണിച്ച പരീക്ഷണംകൊണ്ടു സിദ്ധിച്ചിട്ടുള്ളതിനാൽ ഇങ്ങനെ പഞ്ചമഷഡ്ജങ്ങൾക്കിടയിലും പത്തു ശ്രുതികളാണുള്ളതെന്നു സിദ്ധമാകുന്നതാണ്.

സൂ—താശ്ച പൂൎവ്വോക്തപഞ്ചജാതിയാഃ. തത്ര പ്രഥമപഞ്ചമദ്വാദശപഞ്ചദശൈകോനവിംശതിതമാഃ പഞ്ച മൃദ്വ്യഃ. ദ്വിതീയാഷ്ടമഷോഡശദ്വാവിംശതിതമാശ്ചതസ്രഃ കരുണാഃ. തൃതീയഷഷ്ഠത്രയോദശസപ്തദശവിംശത്രയോവിംശതിതമാഃ ഷണ്മധ്യാഃ. ചതുൎത്ഥനവമൈകാദശചതുൎദ്ദശാഷ്ടാദശാഃ പഞ്ചായതാഃ. സപ്തമദശമൈകവിംശചതുൎവ്വിംശതിതമാശ്ചതസ്രോ ദീപ്താശ്ചേതി. ൩൬

ഭാ—. ആ ഇരുപത്തിനാലു ശ്രുതികൾ മുമ്പു പറഞ്ഞ ദീപ്ത, മൃദു, കരുണ, മധ്യ, ആയത എന്ന അഞ്ചു ജാതിയിലുള്ളവയുമാണ്. അതിൽ സ്ഥായ്യാരംഭഷഡ്ജത്തിന്നുശേഷം തുടങ്ങുന്ന സ്ഥായിയിൽ ക്രമത്തിൽ ഒന്ന്, അഞ്ച്, പന്തിരണ്ട്, പതിനഞ്ച്, പത്തൊമ്പത് ഈ അഞ്ചും മൃദുജാതിയും രണ്ട്, എട്ട്, പതിനാറ്, ഇരുപത്തിരണ്ട് ഈ നാലും കരുണാജാതിയും, മൂന്ന്, ആറ്, പതിമ്മൂന്ന്, പതിനേഴ്, ഇരുപത്, ഇരുപത്തിമൂന്ന് ഈ ആറും മധ്യാജാതിയും, നാല്, ഒമ്പത്, പതിനൊന്ന്, പതിന്നാല്, പതിനെട്ട് ഈ അഞ്ചും ആയതാജാതിയും, ഏഴ, പത്ത്, ഇരുപത്തൊന്ന്, ഇരുപത്തിനാല് ഈ നാലും ദീപ്താജാതിയുമാണ്.

ദക്ഷിണശ്രുതിജാതിമണ്ഡലം.

ശ്രുതി	ജാതി	സ്വരങ്ങൾ
		സ
1	മൃ	
2	ക	രി
3	മ	
4	ആ	വി. രി
5	മൃ	
6	മ	ഗ
7	ദീ	
8	ക	അ. ഗ
9	ആ	
10	ദീ	മ
11	ആ	
12	മൃ	പ്ര. മ
13	മ	
14	ആ	പ
15	മൃ	
16	ക	ധ
17	മ	
18	ആ	വി. ധ
19	മൃ	
20	മ	നി
21	ദീ	
22	ക	കാ. നി
23	മ	
24	ദീ	സ

ഇനി ദക്ഷിണപ്രസ്ഥാനത്തിൽ ചില ഗ്രന്ഥകാരന്മാർ പറഞ്ഞിട്ടുള്ള ശ്രുതിസ്വരസ്ഥാനവിഭാഗം ശരിയല്ലെന്നു കാണിക്കുന്നു—

സൂ—യത്ത്വാമാത്യവേങ്കടമഖിപ്രഭൃതിഭിർദ്ദക്ഷിണേപി ദ്വാവിംശതിശ്രുതിഭ്രാന്ത്യാ ശ്രുതിസ്വരസ്ഥിതിർബ്ബഹുധാ വ്യാകുലീകൃതാ തദസംഗതം. ലക്ഷ്യലക്ഷണവിരുദ്ധത്വാൽ. ൩൭

ഭാ—സ്വരമേളകലാനിധി എന്ന ഗ്രന്ഥത്തിന്റെ കർത്താവായ രാമാമാത്യൻ ചതുർദണ്ഡീപ്രകാശികയെന്ന ഗ്രന്ഥത്തിന്റെ കർത്താവായ വേങ്കിടമഖി മുതലായ ദക്ഷിണസംഗീതശാസ്ത്രഗ്രന്ഥകാരന്മാർ മാർഗ്ഗത്തിൽ ശ്രുതികൾ ഇരുപത്തിരണ്ടാണെന്നു ഭരതാദിപൂർവ്വാചാര്യന്മാർ പ്രസ്താവിച്ചിട്ടുള്ളതുകൊണ്ടു ദക്ഷിണത്തിലും അപ്രകാരംതന്നെയാണെന്നു ഭ്രമിച്ചു. അഭിനവഗുപ്താചാര്യൻ “ശ്രുതിർന്നാമ ശബ്ദസ്യ വൈലക്ഷണ്യമാത്രകാരി യദ്രൂപാന്തരം” എന്നു ശ്രുതിയുടെ ലക്ഷണം കാണിച്ചിട്ടുള്ളതിന്നോ മതംഗമുനി അതേ അർത്ഥത്തിൽത്തന്നെ “ശ്രൂയന്ത ഇതി ശ്രുതയഃ” അതായതു് വൈലക്ഷണ്യത്തോടുകൂടി കേൾക്കുന്നവ ശ്രുതികൾ എന്നു ശ്രുതിലക്ഷണം നിർവ്വചിച്ചിട്ടുള്ളതിന്നോ അടിസ്ഥാനമെന്തെന്നാലോചിച്ചതുമില്ല. അതുനിമിത്തം ദക്ഷിണത്തിലെ സ്വരങ്ങൾക്കുള്ള ശ്രുതിസംഖ്യാനിയമങ്ങൾക്കും സ്വരസ്ഥാനനിയമങ്ങൾക്കും പലതരം കുഴപ്പങ്ങളും വരുത്തിക്കൊണ്ടു പറഞ്ഞിട്ടുണ്ട്. അതു ദക്ഷിണദേശീയത്തിലെ ഗീതരാഗാദികളായ ലക്ഷ്യങ്ങൾ പലതിലും യോജിക്കാത്തതിനാലും ശ്രുതിവ്യവസ്ഥാലക്ഷണത്തിന്നു വിരുദ്ധമായതിനാലും അസംഗതമാണെന്നുതന്നെ പറയേണ്ടതുണ്ട്.

ലക്ഷ്യലക്ഷണവിരോധം കാണിപ്പാനായി അവർ പറഞ്ഞിട്ടുള്ള ശ്രുതിസ്വരസ്ഥിതികൾ വിവരിക്കുന്നു —

സൂ—തഥാഹി തന്മതേ സ്ഥായിന്യേകസ്മിൻ ദ്വാദശ സ്വരാഃ സമപവർജ്ജം കേഷാഞ്ചിന്നാദഭേദേപി പൂർവ്വോത്തരസംജ്ഞാമാത്രവശാദുത്തരസംജ്ഞാകല്പനയാ കൃതഷോഡശസംജ്ഞാഃ. ൩൮

ഭാ—എങ്ങനെയെന്നാൽ അവരുടെ മതപ്രകാരവും ദക്ഷിണപ്രസ്ഥാനത്തിൽ ഒരു സ്ഥായിയിൽ പന്തിരണ്ടു സ്വരങ്ങളാണുള്ളത്. ശുദ്ധസ്വരങ്ങളും വികൃതസ്വരങ്ങളുമുൾപ്പെടെ നാദഭേദം അടിസ്ഥാനമാക്കി പന്തിരണ്ടു സ്വരങ്ങളാണുള്ളതെങ്കിലും ഷഡ്ജമദ്ധ്യമപഞ്ചമങ്ങളൊഴിച്ചു മററുള്ളവയിൽ ചിലതിന്നു പൂർവ്വസ്വരത്തിന്റേയും ഉത്തരസ്വരത്തിന്റേയും സംജ്ഞകളെമാത്രം ആസ്പദമാക്കി നാദഭേദമില്ലാതെ തന്നെയും ഈരണ്ടു സംജ്ഞകൾ കല്പിച്ചിട്ടുണ്ട്. അങ്ങനെ ആകെ പതിനാറു സംജ്ഞകളും ആ പന്തിരണ്ടു സ്വരങ്ങൾക്കുണ്ട്.

എന്നു വെച്ചാൽ പന്തിരണ്ടു നാദഭേദങ്ങളുള്ളതിൽ ശുദ്ധഗാന്ധാരമെന്ന ഒരേ നാദംതന്നെ അതിന്നുമുമ്പു ശുദ്ധഋഷഭമുള്ള രാഗങ്ങളിൽ ഗാന്ധാരമെന്ന പേരിലും ശുദ്ധഋഷഭം മുമ്പില്ലാതേയും സാധാരണഗാന്ധാരമോ അന്തരഗാന്ധാരമോ അതിന്നുശേഷം വരുന്നവയുമായ രാഗങ്ങളിൽ പഞ്ചശ്രുതികഋഷഭം എന്നിങ്ങനെ ഋഷഭമെന്ന പേരിലും വരും. അതുപോലെ സാധാരണഗാന്ധാരരൂപമായ ഒരേ നാദംതന്നെ അതിന്നുമുമ്പു ശുദ്ധഋഷഭമോ പഞ്ചശ്രുതികഋഷഭമോ വരുന്ന രാഗങ്ങളിൽ ഗാന്ധാരപ്പേരിലും ഋഷഭസ്വരങ്ങൾ രണ്ടിലൊന്നും മുമ്പില്ലാതേയും ആ നാദത്തിന്നുശേഷം അന്തരഗാന്ധാരം വരുന്നവയുമായ രാഗങ്ങളിൽ ഷട്ശ്രുതികഋഷഭമെന്നിങ്ങനെ ഋഷഭപ്പേരിലും വന്നുകൂടും. അപ്രകാരം ശുദ്ധനിഷാദമെന്ന ഒരേ നാദംതന്നെ അതിന്നുമുമ്പു ശുദ്ധധൈവതമുള്ളവയും അതിന്നുശേഷം കൈശികനിഷാദമോ കാകളിനിഷാദമോ ഇല്ലാത്തവയുമായ രാഗങ്ങളിൽ നിഷാദമെന്ന പേരിലും ശുദ്ധധൈവതം മുമ്പില്ലാതേയും കൈശികമോ കാകളിയോ പിന്നിലുണ്ടായും വരുന്ന രാഗങ്ങളിൽ പഞ്ചശ്രുതിധൈവതമെന്നിങ്ങനെ ധൈവതമെന്ന പേരിലും വരും. അതുപോലെ കൈശികനിഷാദമെന്ന ഒരേ നാദംതന്നെ ശുദ്ധമോ പഞ്ചശ്രുതികമോ ആയ ധൈവതം മുമ്പിലുള്ളവയും കാകളിനിഷാദം പിന്നിലില്ലാതെയുമായി വരുന്ന രാഗങ്ങളിൽ നിഷാദമെന്ന പേരിലും ധൈവതങ്ങൾ രണ്ടിലൊന്നും മുമ്പിലില്ലാതേയും കാകളിനിഷാദം പിന്നിലുണ്ടായും വരുന്ന രാഗങ്ങളിൽ ഷട്ശ്രുതിധൈവതമെന്നിങ്ങനെ ധൈവതപ്പേരിലും വന്നുചേരും. ഇപ്രകാരം പന്തിരണ്ടിൽ നാലു നാദങ്ങൾ തരംപോലെ പേരുമാറിപ്പൂരുമാറുന്നതിനാൽ ആകെ പതിനാറു സംജ്ഞകളുള്ള സ്വരങ്ങളാണ് ഒരു സ്ഥായിയിലുള്ളതെന്നാണ് അവരുടെ പക്ഷം.

സൂ—തൽപ്രപഞ്ചസ്സ്വരപ്രകാശേ. ൩൯

ഭാ—അപ്രകാരം ഒരേ നാദത്തിന്നുതന്നെ സംജ്ഞാഭേദം കല്പിച്ചു രണ്ടു സ്വരങ്ങളുടെ നിലയിലാക്കേണ്ട ആവശ്യം എത്രത്തോളമുണ്ടെന്നും മററുമുള്ളതിൻെറ വിവരണം ഈ വിരോധപരീക്ഷണപ്രകൃതത്തിൽ ആവശ്യമില്ലാത്തതിനാൽ അതു സ്വരപ്രകാശത്തിൽ വിവരിക്കുന്നതാണ്.

സൂ—തഥാ ച തത്ര മധ്യഷഡ്ജസ്ഥാപിതസാരിണീതന്ത്ര്യാം ചിത്രവീണായാം തന്മതേ നഹീയം ശ്രുതിസ്വരസാരികാസ്ഥിതിഃ. തൃതീയായാം ശ്രുതൌ ശുദ്ധഋഷഭസ്യ സാരികാ. പഞ്ചമ്യാം ശുദ്ധഗാന്ധാരപഞ്ചശ്രുതികഋഷഭയോഃ. ഷഷ്ഠ്യാം സാധാരണഗാന്ധാരഷട്ശ്രുതികഋഷഭയോഃ. അഷ്ടമ്യാമന്തരഗാന്ധാരസ്യ. നവമ്യാം ശുദ്ധമധ്യമസ്യ, ദ്വാദശ്യാം പ്രതിമധ്യമസ്യ. ത്രയോദശ്യാം പഞ്ചമസ്യ. ഷോഡശ്യാം ശുദ്ധധൈവതസ്യ. അഷ്ടാദശ്യാം ശുദ്ധനിഷാദപഞ്ചശ്രുതിധൈവതയോഃ. ഏകോനവിംശ്യാം കൈശികനിഷാദഷട്ശ്രുതിധൈവതയോഃ. ഏകവിംശ്യാം കാകള്യാഃ. ദ്വാവിംശത്തമായാം താരഷഡ്ജസ്യ ചേതി. ൪൦

ഭാ—അങ്ങനെയുള്ള അവരുടെ മതത്തിൽ മധ്യസ്ഥായ്യാരംഭാവധിയായ ഷഡ്ജസ്വരത്തിൽ സാരിണിക്കമ്പി നിർത്തിയ ചിത്രവീണയിൽ ശ്രുതികളുടേയും അതനുസരിച്ച് ഓരോ സ്വരത്തിന്നും ഉള്ള മട്ടുകളുടേയും സ്ഥിതികൾ ഇപ്രകാരമാണല്ലോ—ആധാരഷഡ്ജത്തിൽനിന്നു മൂന്നാമത്തെ ശ്രുതിയിൽ ശുദ്ധഋഷഭത്തിന്നുള്ള മട്ട്, അഞ്ചാമത്തെ ശ്രുതിയിൽ ശുദ്ധഗാന്ധാരത്തിന്നും പഞ്ചശ്രുതികഋഷഭത്തിന്നുമുള്ള മട്ട്. ആറാമത്തേതിൽ സാധാരണഗാന്ധാരത്തിന്നും ഷട്ശ്രുതികഋഷഭത്തിന്നുമുള്ളത്. എട്ടാമത്തേതിൽ അന്തരഗാന്ധാരത്തിന്നുള്ളത്. ഒമ്പതാമത്തേതിൽ ശുദ്ധമധ്യമത്തിന്നുള്ളത്. പന്തിരണ്ടാമത്തേതിൽ പ്രതിമധ്യമത്തിന്നുള്ളത്.

പതിമ്മൂന്നാമത്തേതിൽ പഞ്ചമത്തിന്നുള്ളത്. പതിനാറാമത്തേതിൽ ശുദ്ധധൈവതത്തിന്നുള്ളത്. പതിനെട്ടാമത്തേതിൽ ശുദ്ധനിഷാദത്തിന്നും പഞ്ചശ്രുതിധൈവതത്തിന്നുമുള്ളത്. പത്തൊമ്പതാമത്തേതിൽ കൈശികനിഷാദത്തിന്നും ഷട്ശ്രുതിധൈവതത്തിന്നുമുള്ളത്. ഇരുപത്തൊന്നാമത്തേതിൽ കാകളിനിഷാദത്തിന്നുള്ളത്. ഇരുപത്തിരണ്ടാമത്തേതിൽ താരഷഡ്ജത്തിന്നുള്ളത്. പിന്നെ താരസ്ഥായിക്കും ഈ ക്രമത്തിൽതന്നെ ശ്രുതിസ്വരസ്ഥിതി. "സ്വരേഷു ശുദ്ധവികൃതഭേദാദ്യാം ദ്വാദശാത്മസു തഥാഹി ശുദ്ധഋഷഭേ ശ്രുതയസ്തിസ്ര ഈരിതാഃ". എന്നു തുടങ്ങിയ വെങ്കടമഖിവചനങ്ങൾ നോക്കുക.

അമാത്യാദികഥിതശ്രുതിസ്വരമണ്ഡലം.

സ്വരം					പ. രി	ഷ. രി												പ. ധ	ഷ. ധ			
ശ്രുതി സംഖ്യ	1	2	3	4	5	6	7	8	9	10	11	12	13	14	15	16	17	18	19	20	21	22
സ്വരം സ			ശു. രി		ശു. ഗ	സാ. ഗ		അ. ഗ	ശു. മ			പ്ര. മ	പ				ശു. ധ	ശു. നി	കൈ. നി		കാ. നി	സ

ഇനി ലക്ഷ്യലക്ഷണവിരോധങ്ങൾ കാണിക്കുന്നു—

സൂ—അത്ര സ്ഫുടോ ലക്ഷ്യവിരോധഃ. ദക്ഷിണപ്രസിദ്ധഗൌഡതോഡീസാവേരിമലഹര്യ്യാദിരാഗേഷൃഭധൈവതയോഃ ത്രിശ്രുതികത്വേ തത്തദ്രാഗരഞ്ജകതാവിശേഷഹാനേർവ്വീണായാം സ്ഫുടത്വാൽ. കല്യാണ്യാദിഷു പഞ്ചശ്രുതികഋഷഭാദിപ്രയോഗേപി തഥാ. ൪൧

ഭാ—മേൽപ്രകാരമുള്ള ശ്രുതിസ്വരവ്യവസ്ഥയിൽ ഷഡ്ജശുദ്ധഋഷഭങ്ങൾ തമ്മിലും പഞ്ചമശുദ്ധധൈവതങ്ങൾ തമ്മിലും മുമ്മൂന്നു ശ്രുതികൾകൊണ്ടുള്ള അന്തരമുണ്ടല്ലോ. ദക്ഷിണദേശീയത്തിൽ പ്രസിദ്ധങ്ങളും ശുദ്ധഋഷഭപ്രയോഗത്തിലും ശുദ്ധധൈവതപ്രയോഗത്തിലും മററും പ്രത്യേകം രഞ്ജകതയുള്ളവയുമായ തോഡി, സാവേരി, മലഹരി, ഗൌഡം മുതലായ രാഗങ്ങളിൽ അങ്ങനെ മൂന്നാമത്തെ ശ്രുതിയിലുള്ള ഋഷഭമോ ധൈവതമോ പ്രയോഗിച്ചാൽ അതാതു രാഗത്തിന്ന് ആ അംശംകൊണ്ടുണ്ടാകുന്ന രഞ്ജകതാവിശേഷം ഇല്ലാതാകയും അപസ്വരപ്രയോഗമായിത്തീരുകയും ചെയ്യുമെന്നു വീണയിൽ സ്പഷ്ടമായിട്ടുള്ളതാണ്. ഗൌഡരാഗത്തിൽ ധൈവതമില്ലെങ്കിലും തോഡി, സാവേരി, മലഹരി ഇവയിൽ അതും ഉള്ളതുകൊണ്ടും ശുദ്ധഋഷഭപ്രയോഗം ഗൌഡത്തിലും പ്രധാനമായതുകൊണ്ടും ഋഷഭധൈവതങ്ങൾ രണ്ടും ചേർത്തു സൂത്രത്തിൽ ഗണിച്ചതാണ്. അപ്രകാരംതന്നെ കല്യാണി മുതലായ രാഗങ്ങളിലെ ഋഷഭവും ധൈവതവും പഞ്ചശ്രുതികമായാലും രാഗത്തിന്നുള്ള രഞ്ജകതാവിശേഷമില്ലാതാകയും അപസ്വരപ്രയോഗമാകയും ചെയ്യും. വസ്തുസ്ഥിതിയിലാകട്ടേ ഗാന്ധാരമധ്യമങ്ങൾ തമ്മിലും മധ്യമപഞ്ചമങ്ങൾ തമ്മിലും നിഷാദഷഡ്ജങ്ങൾതമ്മിലും നന്നാലു ശ്രുതികൾകൊണ്ടുള്ള അന്തരമാണെന്നുള്ള ശ്രുതിമാനപ്രകാരം കണക്കാക്കുമ്പോൾ പഞ്ചശ്രുതികഋഷഭമെന്നിവർ പറയുന്ന ശുദ്ധഗാന്ധാരത്തിലേക്കു ഷഡ്ജത്തിൽനിന്നും പഞ്ചശ്രുതിധൈവ

തമെന്നു പറയുന്ന ശുദ്ധനിഷാദത്തിലേക്കു പഞ്ചമത്തിൽനിന്നും ആറാറു ശ്രുതികൾകൊണ്ടു ള്ള അന്തരമുണ്ടെന്നു കാണാവുന്നതാണ്. കല്യാണി, ശങ്കരാഭരണം മുതലായ രാഗങ്ങളിൽ ആ സ്വരങ്ങൾ വരുന്നതുമല്ല. അതുകൊണ്ടുതന്നെയാണ് ആ സ്വരങ്ങളേക്കാൾ രണ്ടു ശ്രുതികൾ കുറഞ്ഞ ചതുശ്ശ്രുതികഷഭം, ചതുശ്ശ്രുതിധൈവതം എന്നീ സ്വരങ്ങളെ ആ വക രാഗങ്ങൾക്കു ഗോവിന്ദാചാൎയ്യൻ തുടങ്ങിയ ഗ്രന്ഥകാരന്മാർ പറഞ്ഞിട്ടുള്ളത്. എന്നാൽ ആ ചതുശ്ശ്രുതികഷഭത്തേയും ചതുശ്ശ്രുതിധൈവതത്തേയും ശുദ്ധഗാന്ധാരമായും ശുദ്ധ നിഷാദമായും അവരും ഗണിക്കയും വെങ്കടമഖിയും മററും പറയുന്ന പഞ്ചശ്രുതികഷഭം, പഞ്ചശ്രുതിധൈവതം എന്നിവയുടെ സ്ഥാനങ്ങളിൽ വരുന്ന സ്വരങ്ങളെ സാധാരണഗാന്ധാരവും കൈശികനിഷാദവുമായും ഷട്ശ്രുതികഷഭവും ഷട്ശ്രുതിധൈവതവുമായും ഗണിച്ച ശുദ്ധഗാന്ധാരവും സാധാരണഗാന്ധാരവും ഭിന്നസ്വരങ്ങളാണെന്നും അതുപോലെ ശുദ്ധനിഷാദവും കൈശികനിഷാദവും ഭിന്നസ്വരങ്ങളാണെന്നും വരുത്തിത്തീൎക്കയും ചെയ്തതിന്നു പ്രത്യേകം പ്രയോജനമൊന്നുമില്ല. ഒരേ സ്വരത്തിന്നുതന്നെയുള്ള രണ്ടു സംജ്ഞകളാണ് ആ ശബ്ദങ്ങളെന്നുവെച്ചാലും ഉപപന്നമാകുന്നതാണ്. ഈ സംഗതി സ്വരപ്രകാശത്തിൽ സ്പഷ്ടമാകും. ഇത്രയുംകൊണ്ടുതന്നെ വേങ്കടമഖി പറയുന്ന സാധാരണഗാന്ധാരവും കൈശികനിഷാദവും വസ്തുസ്ഥിതിയിൽ ഷഡ്ജത്തിൽനിന്നും പഞ്ചമത്തിൽനിന്നും ആറാമത്തെ ശ്രുതിയിലല്ല, ഏഴാമത്തേതിലാണെന്നും സ്പഷ്ടമായല്ലോ. ഹരപ്രിയാദിരാഗങ്ങളിൽ ആ സ്വരപ്രയോഗവും നല്ല ശരിയാകുന്നതല്ല. ഇങ്ങനെ ലക്ഷ്യവിരോധം സ്പഷ്ടമാണെന്നു താൽപൎയ്യം.

ലക്ഷണവിരോധം കാണിക്കുന്നു—

സൂ—തഥാ വ്യവസ്ഥിതായാം ചിത്രവീണായാം ശുദ്ധഷഭസാരികാസ്ഥാനേ രജ്വാ ദൃഢം ബധ്വാ തം സ്വരമാധാരശ്രുതിമൎയ്യാദയാ ഷഡ്ജീകുൎയ്യാൽ. തദാ പൂൎവ്വവ്യവസ്ഥിതപഞ്ചമസ്ഥാനേ തന്ത്രീചതുൎത്ഥാംശദ്യോതകതാരതരഷഡ്ജാങ്കിതഃ ശുദ്ധമധ്യമഃ പൂൎവ്വപ്രതിമസ്ഥാനേ തന്ത്രീപഞ്ചമാംശദ്യോതകതാരതരാന്തരഗാന്ധാരാങ്കിതോ മധ്യസ്ഥായ്യന്തരഗാന്ധാരശ്ചായാതി. ഏവംച പൂൎവ്വം ഷഡ്ജാന്നവമശ്രുതൌ സ്ഥിതസ്യ ശുദ്ധമധ്യമസ്യേദാനീം ദശമശ്രുതിസ്ഥിതിരഷ്ടമ്യാം സ്ഥിതസ്യാന്തരഗാന്ധാരസ്യ നവമശ്രുതിസ്ഥിതിശ്ചേതി സ്ഫുടോ ലക്ഷണവിരോധഃ ൪൨

മേൽപ്രകാരം മട്ടുകളുറപ്പിച്ചിട്ടുള്ള ചിത്രവീണയിലെ ശുദ്ധഷഭസാരികാസ്ഥാനത്ത് ഒരു ചരടുകൊണ്ടു മുറുക്കിക്കെട്ടി ആ നാദത്തെ ഗീതാധാരശ്രുതിയുടെ നിലയിലുള്ള ഷഡ്ജസ്വരമാക്കുക. എന്നാൽ മുമ്പു് പഞ്ചമമായിരുന്ന സ്ഥാനത്തു തന്ത്രീപരികമ്പശൃംഖലയെ നാലാക്കി ഭാഗിക്കുന്നതും താരതരഷഡ്ജം സ്വയംഭൂവായിപ്പുറപ്പെടുന്നതുമായ അംശത്തിൽ വരുന്ന മധ്യമസ്വരമായിത്തീരും. അപ്രകാരം മുമ്പു പഞ്ചമത്തേക്കാൾ ഒരു ശ്രുതി കുറഞ്ഞതെന്നു വെച്ചിട്ടുള്ള പ്രതിമധ്യമമായിരുന്ന സ്ഥാനത്തു തന്ത്രീപരികമ്പശൃംഖല അഞ്ചായിത്തിരിയുന്നതും താരതരാന്തരഗാന്ധാരം്സ്വയംഭൂവായിപ്പുറപ്പെടുന്നതുമായ അംശത്തിൽ വരുന്ന അന്തരഗാന്ധാരസ്വരമായും തീരും. ഇങ്ങനെ മുമ്പു ഷഡ്ജത്തിൽനിന്ന് ഒമ്പതാമത്തെ ശ്രുതിയിലായിരുന്ന മധ്യമസ്വരം ഇപ്പോൾ ഷഡ്ജത്തിൽനിന്നു പത്താമത്തെ ശ്രുതിയിലായിത്തീരുന്നു. മുമ്പു ഷഡ്ജത്തിൽനിന്ന് എട്ടാമത്തെ ശ്രുതിയിലായിരുന്ന അന്തരഗാന്ധാരസ്വരം ഷ

ഡ്ജത്തിൽനിന്ന് ഒമ്പതാമത്തെ ശ്രുതിയിലുമായിത്തീരുന്നു. അതിനാൽ സ്ഥായ്യാരംഭനാദം മാറുമ്പോൾ ഓരോ സ്വരങ്ങൾക്കുള്ള ശ്രുതിസംഖ്യയും മാറുമെന്നു പറയേണ്ടിവരുന്നതുകൊണ്ട് അവരുടെ ശ്രുതിവ്യവസ്ഥയുടെ സ്വരൂപം ശരിയല്ലെന്നു സ്പഷ്ടവുമാകുന്നു.

എല്ലാ ശ്രുതികളുടേയും ഉച്ചനീചതാരൂപമായ പരിമാണം ഒരേ തരത്തിലല്ല. ചിലതിൻെറ പരിമാണം ചെറുതും ചിലതിൻേറതു കുറച്ചു വലുതുമാണ്. അങ്ങനെ ശ്രുതിസംഖ്യ വ്യത്യാസപ്പെട്ടവരാം. ചിത്രവീണയിലെ പരീക്ഷണത്തിന്നും അപ്പോൾ വിരോധമില്ലാതാകും. ഋഷഭധൈവതങ്ങളുടെ ശ്രുതികൾ കുറച്ചു വലുതാണെന്നുവെച്ചാൽമതി എന്നുള്ള ശങ്കക്കു സമാധാനം പറയുന്നു—

സൂ—ശ്രുതീനാമസമാനമാനകല്പനമശാസ്ത്രീയം. ശ്രുതികല്പനതദ്വിഭാഗയോരേവ മൂലച്ഛേദാപത്തേഃ. ൪൩

ഭാ—എല്ലാ ശ്രുതികളുടേയും പരിമാണം ഒരേ വിധത്തിലല്ലെന്നും ശുദ്ധഷഭത്തിലെ ശ്രുതികൾ മൂന്നും വലുതായതുകൊണ്ടാണ് ചിത്രവീണയിൽ അതിൻെറ സ്ഥാനം ഷഡ്ജമാക്കി മാററുമ്പോൾ മദ്ധ്യമത്തിലേക്കും അന്തരഗാന്ധാരത്തിലേക്കും ശ്രുതിസംഖ്യ കൂടിവരുന്നതെന്നും വിചാരിക്കുന്നതു ശാസ്ത്രത്തിന്നു യോജിച്ചതല്ല. ഒന്നാമത് അപ്രകാരം ശ്രുതികൾ തമ്മിൽ പരിമാണഭേദം കല്പിപ്പാൻ സാധകപ്രമാണമൊന്നുമില്ല. തെററിദ്ധാരണകൊണ്ടു വസ്തുസ്ഥിതിക്കു വിരുദ്ധമായിപ്പറഞ്ഞതു ശരിപ്പെടുത്താനായി മാത്രം പറയുന്നതു സ്വീകാര്യവുമല്ല. രണ്ടാമതു സ്ഥായിയെ ശ്രുതികളായിത്തിരിക്കുന്നതിന്നടിസ്ഥാനം നാദഭേദഗ്രഹണമാണെന്നുള്ള സംഗതിക്കുതന്നെ മൂലച്ഛേദം വന്നേക്കും. എന്തുകൊണ്ടെന്നാൽ സ്വരങ്ങളുടെ സ്ഥാനവ്യവസ്ഥക്കുവേണ്ടികല്പിക്കുന്ന ശ്രുതികൾ സമാനപരിമാണങ്ങളായിരിക്കണം. എന്നാലേ അതടിസ്ഥാനമാക്കി സ്വരസ്ഥാനവ്യവസ്ഥ ചെയ്യുന്നതു ശരിയാവുള്ളൂ. ഇല്ലെങ്കിൽ ശ്രുതി എന്നൊന്നുണ്ടെന്നു കല്പിക്കയോ ഒരു സ്ഥായിയിൽ അതിത്രയാണെന്നു വിഭജിക്കയോ ചെയ്യേണ്ട ആവശ്യംതന്നെയില്ല. മാർഗ്ഗപ്രസ്ഥാനത്തിൽ ഋഷഭധൈവതങ്ങൾ വികൃതങ്ങളായിട്ടില്ലാത്തതുകൊണ്ടും അതിലെ ഋഷഭധൈവതങ്ങളുടെ സ്ഥാനം ഷഡ്ജപഞ്ചമങ്ങളിൽനിന്നു സമാനമാനപ്രകാരം മൂന്നു ശ്രുതികളുടേയും നാലു ശ്രുതികളുടേയും ഇടയിലായതുകൊണ്ടും ഭരതാദികൾ അവക്കു മൂന്നു ശ്രുതികളെന്നു സാമാന്യമായി മാത്രം നിർദ്ദേശിച്ചതാണെന്നു മുമ്പുതന്നെ പ്രസ്താവിച്ചിട്ടുണ്ട്. ദക്ഷിണപ്രസ്ഥാനത്തിലെ സ്ഥിതി അതല്ല. ഋഷഭധൈവതങ്ങൾ ശുദ്ധങ്ങളായും വികൃതങ്ങളായുമുള്ളതിനാൽ അവയോരോന്നിൻേറയും സ്ഥാനം ശ്രുതിയുടെ ശരിയായ പരിമാണം ആസ്പദമാക്കിത്തന്നെ വ്യവസ്ഥ ചെയ്യണം. എന്നാലേ ലക്ഷ്യമായ പ്രയോഗത്തിന്നൊത്തിരിക്കുള്ളൂ.

മററു കാരണങ്ങളാലും വെങ്കടമഖി മുതലായവരുടെ മേൽ കാണിച്ച ശ്രുതിസ്വരവ്യവസ്ഥ ശരിയല്ലെന്നു കാണിക്കുന്നു—

സൂ—കാകല്യന്തരപ്രതിമാനാം സ്വോത്തരൈകശ്രുതിമാത്രാന്തരിതത്വസ്യ പ്രാചീനസിദ്ധാന്തവിരോധാച്ച. ൪൪

ഭാ—തദസംഗതം എന്ന അംശം ൩൧-ാംസൂത്രത്തിൽനിന്നു ചേക്കണം. കാകലിനിഷാദത്തിന്നു ഷഡ്ജത്തിൽനിന്നും അന്തരഗാന്ധാരത്തിന്നു മദ്ധ്യമത്തിൽനിന്നും പ്രതിമദ്ധ്യമത്തിന്നു പഞ്ചമത്തിൽനിന്നും ഓരോ ശ്രുതികൊണ്ടുമാത്രം അന്തരം കാണിച്ചിട്ടുള്ളതു ഭരതമുനി മുതലായ പ്രാചീനാചാര്യന്മാരുടെ സിദ്ധാന്തത്തിന്നു വിരുദ്ധവുമാണ്. ഒരു ശ്രുതിമാത്രം കു

റഞ്ഞ സ്വരങ്ങളെ അതേ സ്വരത്തിൻെറതന്നെ വകഭേദമായിട്ടാണ് പ്രാചീനാചാര്യന്മാർ സിദ്ധാന്തിച്ചിട്ടുള്ളത്. പൂർവ്വസ്വരത്തിൻെറ വകഭേദമായിട്ടല്ല. അതുകൊണ്ടാണ് ഷഡ്ജ ത്തിൽനിന്ന് ഒരു ശ്രുതി കുറഞ്ഞതും മാർഗ്ഗത്തിൽ ധാരാളം പ്രയോഗമുള്ളതുമായ സ്വരത്തെ ച്യുതഷഡ്ജമായും അതുപോലെ പഞ്ചമത്തിൽനിന്ന് ഒരു ശ്രുതി കുറഞ്ഞതും ദക്ഷിണത്തി ലില്ലാത്ത മധ്യമഗ്രാമത്തെ വേർതിരിച്ചു കാണിക്കുന്നതുമായ സ്വരത്തെ ച്യുതപഞ്ചമ മെന്ന മധ്യമഗ്രാമപഞ്ചമമായും മധ്യമത്തിൽനിന്ന് ഒരു ശ്രുതി കുറഞ്ഞതും മധ്യമഗ്രാമപഞ്ച മപ്രയോഗത്തിൽമാത്രം വരുന്നതുമായ സ്വരത്തെ ച്യുതമധ്യമമായും അവർ ഗണിച്ചിട്ടുള്ളത്. അന്തരഗാന്ധാരത്തിന്നു മധ്യമത്തിൽനിന്നും കാകളിനിഷാദത്തിന്നു ഷഡ്ജത്തിൽനിന്നും ഈരണ്ടു ശ്രുതികൾ കുറവുണ്ടെന്ന് അവർ സ്പഷ്ടമായിത്തന്നെ പ്രതിപാദിച്ചിട്ടുമുണ്ട്. "തത്ര ദ്വിശ്രുതിപ്രകർഷാന്നിഷാദവാൻ കാകളീസംജ്ഞോ നിഷാദോ ന ഷഡ്ജഃ. ഏവം ഗാന്ധാ രോപ്യന്തരസ്വരസംജ്ഞോ ഗാന്ധാരോ ന മധ്യമഃ." എന്ന ഭരതശാസ്ത്രസൂത്രം നോക്കുക. ഇതിൻെറ അർത്ഥം—ശുദ്ധനിഷാദത്തിൽനിന്നു രണ്ടു ശ്രുതി അധികമായതിനാൽ നിഷാദമാ യിത്തീർന്ന സ്വരം കാകളി എന്നു പേരുള്ള നിഷാദമാണ്. ഷഡ്ജത്തിൻെറ വകഭേദമല്ല. അതുപോലെ ശുദ്ധഗാന്ധാരത്തിൽനിന്നു രണ്ടു ശ്രുതി കൂടിയ സ്വരമായ ഗാന്ധാരവും അന്ത രഗാന്ധാരമെന്നു പേരുള്ള ഗാന്ധാരംതന്നെയാണ്. മധ്യമത്തിൻെറ വകഭേദമല്ല. പ്രതിമ ധ്യമമെന്ന സ്വരം മാർഗ്ഗത്തിലില്ലെങ്കിലും ദക്ഷിണത്തിലുള്ള അതിൻെറ സ്ഥാനവും തുല്യയു ക്തിയനുസരിച്ചു നാലു ശ്രുത്യന്തരമുള്ള മധ്യമപഞ്ചമങ്ങൾക്കിടയിൽ ശുദ്ധമധ്യമത്തിൽനിന്നു രണ്ടു ശ്രുതി കൂടിയതും പഞ്ചമത്തിൽനിന്നു രണ്ടു ശ്രുതി കുറഞ്ഞതും സൂക്ഷ്മരൂപത്തിൽ കൈ ശികനാദം സ്വയംഭൂവായിപ്പുറപ്പെടുന്നതുമായ സ്ഥാനംതന്നെയാണ്. പഞ്ചമത്തിൽനിന്ന് ഒരു ശ്രുതി മാത്രം കുറഞ്ഞിട്ടുള്ള സ്ഥാനമല്ല. അങ്ങനെയായാലേ നന്നാലു ശ്രുതികൾ അ ന്തരമുള്ള നിഷാദഷഡ്ജങ്ങളുടെയും ഗാന്ധാരമധ്യമങ്ങളുടെയും മധ്യത്തിൽ വരുന്ന സ്വര ങ്ങൾ നിഷാദവും ഗാന്ധാരവുമായ പൂർവ്വസ്വരങ്ങളുടെ വകഭേദങ്ങളും ഒരു ശ്രുതിമാത്രം കുറ ഞ്ഞ സ്വരങ്ങൾ ഷഡ്ജവും മധ്യമവുമായ ഉത്തരസ്വരങ്ങളുടെ വകഭേദങ്ങളുമാണെന്ന പ്രാ ചീനശാസ്ത്രസിദ്ധാന്തത്തിന്നു യോജിച്ചിരിക്കയുള്ളൂ. എന്നാലേ ആ സ്വരത്തിന്നു പ്രതിമ ധ്യമമെന്നോ വെങ്കടമഖി പറയുന്ന വരാളീമധ്യമമെന്നോ ഉള്ള സംജ്ഞയും യോജിക്കയുള്ളൂ. പ്രയോഗരൂപമായ ലക്ഷ്യപ്രകാരവും അന്തരഗാന്ധാരം, പ്രതിമധ്യമം, കാകളിനിഷാദം ഇവ യുടെ ശരിയായ സ്ഥാനങ്ങൾ ശുദ്ധങ്ങളിൽനിന്ന് ഈ രണ്ടു ശ്രുതികൾകൂടിയും ഉത്തരസ്വര ങ്ങളിൽനിന്ന് ഈരണ്ടു ശ്രുതികൾ കുറഞ്ഞും ഇരിക്കുന്ന മധ്യംതന്നെയാണ്. ചില രാഗങ്ങ ളിൽ രഞ്ജനാവിശേഷത്തിന്നുവേണ്ടി ഗമകരീതിയിൽ അല്പം ഉച്ചനീചഭാവം വരുത്താറുണ്ടെ ന്നു മാത്രമേയുള്ളൂ. ആ സംഗതി മററുള്ള സകലസ്വരങ്ങളുടേയും സ്ഥാനവ്യവസ്ഥയെപ്പ ററിയേടത്തോളം തുല്യവുമാണ്.

ലക്ഷ്യലക്ഷണപ്രാചീനസിദ്ധാന്തവിരോധങ്ങൾക്കു പുറമേ അവരുടെ ശ്രുതിസ്വര വ്യവസ്ഥ ആ ഗ്രന്ഥകാരന്മാർ പറഞ്ഞിട്ടുള്ളതിന്നുതന്നെയും വിരുദ്ധമാണെന്നു കാണിക്കു ന്നു—

സൂ—വീണാവിവരണസ്വോക്തിവിരോധാച്ച. ൪൩

ഭാ—അമാത്യൻ വെങ്കടമഖി മുതലായവരുടെ ശ്രുതിസ്വരവ്യവസ്ഥ വീണാവിവര ണപ്രകരണത്തിലും മററും ആ ഗ്രന്ഥകാരന്മാർതന്നെ പ്രസ്താവിച്ചിട്ടുള്ളതിന്നും യോജിക്കാതെ യാണിരിക്കുന്നത്. എങ്ങനെയെന്നാൽ, വീണാപ്രകരണത്തിൽ ശുദ്ധമേളയുടെ സ്വഭാവം

വിവരിക്കുമ്പോൾ അതിലെ സ്വരതന്ത്രികൾ നാലും ക്രമത്തിൽ അനുമന്ദ്രഷഡ്ജം, അനുമന്ദ്രപഞ്ചമം, മന്ദ്രഷഡ്ജം, മന്ദ്രമധ്യമം ഈ സ്വരങ്ങളിൽ നിൎത്തണമെന്നു രാമാമാത്യൻ പറഞ്ഞിരിക്കുന്നു. പിന്നെ അതിലെ ആദ്യത്തെ തന്ത്രിയിൽ മൂന്നാം ശ്രുതിയിൽ ശുദ്ധഋഷഭം, അഞ്ചിൽ ശുദ്ധഗാന്ധാരം, ആറിൽ സാധാരണഗാന്ധാരം, എട്ടിൽ ച്യുതമധ്യമഗാന്ധാരമെന്ന അന്തരഗാന്ധാരം, ഒമ്പതിൽ ശുദ്ധമധ്യമം, പന്തിരണ്ടിൽ ച്യുതപഞ്ചമമെന്ന പ്രതിമധ്യമം എന്നിങ്ങനെ ഓരോരോ സ്വരങ്ങളുടെ സ്ഥാനങ്ങളിലായി ആറു മട്ടുകൾ ഉറപ്പിക്കണമെന്നും പറയുന്നു. അങ്ങനെ ഉറപ്പിച്ചാൽ മററു മൂന്നു തന്ത്രികളിലും ആ മട്ടുകളിൽ വരുന്ന സ്വരങ്ങളെ വിവരിക്കുന്ന കൂട്ടത്തിൽ മധ്യമത്തിൽ നിൎത്തിയ നാലാമത്തെത്തന്ത്രിയിൽ രണ്ടാമത്തെ മട്ടിൽ ശുദ്ധപഞ്ചമം വരുമെന്നു പ്രസ്താവിക്കുയും ചെയ്യുന്നു. ഷഡ്ജത്തിൽനിന്നു ശുദ്ധഗാന്ധാരത്തിലെക്ക് അവരുടെ പക്ഷത്തിൽ അഞ്ചു ശ്രുതിയും മധ്യമത്തിൽനിന്നു പഞ്ചമത്തിലെക്കു നാലു ശ്രുതിയുമാണെങ്കിൽ ഒരേ സ്ഥാനത്തുറപ്പിച്ച മട്ടിൽ ഷഡ്ജതന്ത്രിയിൽ ശുദ്ധഗാന്ധാരവും മധ്യമതന്ത്രിയിൽ പഞ്ചമവുമായി വരാവുന്നതല്ലെന്നു സ്പഷ്ടമാണല്ലോ. വെങ്കടമഖിയാകട്ടേ, ശുദ്ധമേളവീണയിൽ തന്ത്രികൾ നിൎത്തേണ്ട ക്രമം അമാത്യൻ കാണിച്ചിട്ടുള്ളതു ഭ്രമമൂലകമായതിനാൽ ശരിയല്ലെന്നു പറഞ്ഞുകൊണ്ട് അതിൻെറ ക്രമം ഇങ്ങനെ കാണിച്ചിരിക്കുന്നു. ഒന്നാംതന്ത്രി മന്ദ്രഷഡ്ജത്തിലും രണ്ടാമത്തേതു മന്ദ്രപഞ്ചമത്തിലും മൂന്നാമത്തേതു മധ്യഷഡ്ജത്തിലും നാലാമത്തേതു മധ്യസ്ഥായിമധ്യമത്തിലുമാണ് നിൎത്തേണ്ടത്. പിന്നെ ആദ്യത്തെ മന്ദ്രഷഡ്ജതന്ത്രിയിൽ അമാത്യൻ കാണിച്ച പ്രകാരംതന്നെ ശുദ്ധഋഷഭം മുതലായ സ്വരങ്ങൾക്ക് ആറു മട്ടുകൾ ഉറപ്പിക്കണം. എന്നാൽ രണ്ടാമത്തെ മന്ദ്രപഞ്ചമതന്ത്രിയിൽ ക്രമത്തിൽ ആ ആറു മട്ടുകളിലായി ശുദ്ധധൈവതം, ശുദ്ധനിഷാദം, കൈശികനിഷാദം, കാകളിനിഷാദം, മധ്യഷഡ്ജം, ശുദ്ധഋഷഭം ഈ സ്വരങ്ങൾ വരും. മൂന്നാമത്തെ തന്ത്രിയിൽ ഒന്നാം തന്ത്രിയിലെ ക്രമത്തിൽ മധ്യസ്ഥായിശുദ്ധഋഷഭംമുതൽ പ്രതിമധ്യമമായ വരാളീമധ്യമംവരേയും വരും. നാലാമത്തെ മധ്യസ്ഥായി മധ്യമതന്ത്രിയിൽ ക്രമത്തിൽ പ്രതിമധ്യമം, പഞ്ചമം, ശുദ്ധധൈവതം, ശുദ്ധനിഷാദം, കൈശികനിഷാദം, കാകളിനിഷാദം ഇവയാണ് വരുന്നത്. ഇങ്ങനെയെല്ലാം പറഞ്ഞിരിക്കുന്നു. ആദ്യത്തെ തന്ത്രിയിൽ അഞ്ചാംശ്രുതിയിൽ ശുദ്ധഗാന്ധാരത്തിന്നുറപ്പിച്ച മട്ടിൽ നാലാമത്തെ തന്ത്രിയിൽ മധ്യമത്തിൽനിന്നു നാലാംശ്രുതിയിലുള്ള പഞ്ചമത്തെയും ആറാംശ്രുതിയിൽ സാധാരണഗാന്ധാരത്തിന്നുറപ്പിച്ച മട്ടിൽ മധ്യമത്തിൽനിന്ന് ഏഴാംശ്രുതിയിലുള്ള ശുദ്ധധൈവതത്തെയും ആദ്യത്തേതിൽ എട്ടാംശ്രുതിയിൽ അന്തരഗാന്ധാരത്തിന്നുറപ്പിച്ചതിൽ നാലാമത്തേതിൽ മധ്യമത്തിൽനിന്ന് ഒമ്പതാംശ്രുതിയിലുള്ള ശുദ്ധനിഷാദത്തെയും കാണിക്കുമത്രേ. അഞ്ചിനുപകരം നാല്, ആറിനുപകരം ഏഴ്, കൂട്ടിച്ചേൎത്തു തട്ടിക്കിഴിച്ചാൽ കലമേനിക്കു ശരിയായിക്കൊള്ളുമെന്നോ? ആ ന്യായം സ്വരങ്ങൾക്കുള്ള ശ്രുതിനിയമത്തിൽ യോജിക്കുന്നതല്ല. ശ്രുതിവിഭാഗത്തിന്നുതന്നെ അൎത്ഥമില്ലാതായിത്തീരും. ഒരു ശ്രുതിമാത്രംകൊണ്ടുള്ള ഏററക്കുറവ് അത്ര വകവെക്കേണ്ടതില്ല. അതു ദോഷമാകയില്ല. "ശ്രുത്യൈകയാധികത്വം ന്യൂനത്വം വാ ന ദോഷായ." എന്നു സോമനാഥൻ പറഞ്ഞിട്ടുണ്ട് എന്നാണെങ്കിൽ സോമനാഥൻ അങ്ങനെ ഭ്രമിച്ചു പറഞ്ഞു, അതു കണ്ടു ഭ്രമിച്ചു നിങ്ങളും പറഞ്ഞു എന്നേ അതുകൊണ്ടു വരികയുള്ളൂ. ശ്രുതിയുടെ ഏററക്കുറവു ദോഷമാകയില്ല എന്നു ശപഥം ചെയ്തതുകൊണ്ടു വ്യവസ്ഥിതസ്വരസ്ഥാനങ്ങളായ ഓരോരോ രാഗങ്ങളിലും ഗീതങ്ങളിലും മററും ശ്രുതി ഏറിയോ കുറഞ്ഞോ പ്രയോഗിച്ചാൽ അപസ്വരദോഷം വരാതിരിക്കില്ല. അതിനാൽ ആ ഗ്രന്ഥകാരന്മാരുടെ ശ്രുതിസ്വരവ്യവസ്ഥ അവരുടെ ഗ്രന്ഥത്തിലുള്ള പ്രതിപാദനത്തിന്നുതന്നെ യോജിക്കുന്നതല്ല.

സൂ—സർവ്വമിദം വ്യാകുലീകരണം ബഹുതരഭ്രമമൂലകം. ദക്ഷിണേപി ദ്വാവിംശതിശ്രുതിഭ്രമഃ, ശുദ്ധഷഡ്ജാദേർമ്മാർഗ്ഗീയസ്ഥാനഭ്രമഃ, സമപ്രമാണനാദചതുഷ്ടയസ്യാവ്യവഹിതത്വേ വൈചിത്ര്യപ്രയുക്തരഞ്ജനാസ്യാസത്വാദ്വിഭിന്നനാദാത്മകദ്വാദശസ്വരേഷു വിഭിന്നാനാം സപ്തനാദാനാമേവ രാഗകാരിത്വമിതി യഥായഥം സപ്തസ്വരമാത്രസ്യ രാഗേഷു ഗ്രഹണമിതി സ്ഥിതൌ നാദഭേദവത്സംജ്ഞാഭേദസ്യാപി രാഗവിശേഷനിയാമകത്വഭ്രമഃ, സംജ്ഞാദ്വയേ സ്വരദ്വയഭ്രമ ഇത്യാദി. ൪൩

ഭാ—മേൽപ്പറഞ്ഞ കുഴപ്പങ്ങളെല്ലാം ആ ഗ്രന്ഥകാരന്മാരുണ്ടാക്കിത്തീർത്തിട്ടുള്ളതു പലതരം ഭ്രമങ്ങളും അവൎക്കു പററിപ്പോയതുകൊണ്ടാണ്. എങ്ങനെയെല്ലാമെന്നാൽ—മാർഗ്ഗപ്രസ്ഥാനത്തിലെപ്പോലെ ദക്ഷിണപ്രസ്ഥാനസംഗീതത്തിലും ഒരു സ്ഥായിയിൽ ശ്രുതികൾ ഇരുപത്തിരണ്ടു മാത്രമാണെന്ന് ആദ്യം ഭ്രമിച്ചു. പിന്നെ അതു സ്വരങ്ങളിൽ ഒപ്പിക്കാൻ തുടങ്ങിയപ്പോഴും ലക്ഷ്യസ്ഥിതിനോക്കാതെ ശുദ്ധഷഡ്ജത്തിന്നും ശുദ്ധധൈവതത്തിന്നും മാർഗ്ഗത്തിലേതുപോലെതന്നെ മുമ്മൂന്നു ശ്രുതികളുണ്ടെന്നു ഭ്രമിച്ചു. വികൃതങ്ങളായും ഋഷഭധൈവതങ്ങൾ ദക്ഷിണത്തിലുള്ളതു ഗാന്ധാരസ്ഥാനങ്ങളിലും നിഷാദസ്ഥാനങ്ങളിലുമാണെന്നും അതോടുകൂടി ഭ്രമിക്കേണ്ടിവന്നു. വിഭിന്നനാദങ്ങളായ പന്ത്രണ്ടു സ്വരങ്ങൾ ഒരു സ്ഥായിയിലുണ്ടെങ്കിലും ആ പന്ത്രണ്ടും ചേൎന്നിട്ടെന്നു മാത്രമല്ല ഏഴിലധികം വിഭിന്നനാദങ്ങൾ ചേൎന്നുകൊണ്ട് ഒരു രാഗവും ഉണ്ടാകാതിരിക്കാനുള്ള കാരണമാകട്ടേ, തുല്യാന്തരങ്ങളായ ഭിന്നനാദങ്ങൾ ഒന്നിനോടൊന്ന് അടുത്തടുത്തായി ഇടവിടാതെ വന്നാൽ വൈചിത്ര്യമില്ലാതായിത്തീരുന്നതു നിമിത്തം രഞ്ജനം വരികയില്ല. അതിനാൽ അങ്ങനെയുള്ളതു രാഗവുമാവില്ല. രാഗമാകാൻ പരമാവധിയായിത്തന്നെ സമാന്തരങ്ങളായ ഭിന്നനാദങ്ങൾ അടുത്തടുത്തു മൂന്നോളമേ ഉണ്ടായിരിക്കാവൂ. അങ്ങനെ മൂന്നുണ്ടായാൽത്തന്നെ അപ്രകാരമല്ലാത്ത രാഗങ്ങളേക്കാൾ രഞ്ജകതാഗുണം അതിന്നു കുറഞ്ഞിരിക്കയും ചെയ്യും. അപ്പോൾ ഷഡ്ജപഞ്ചമങ്ങളും പഞ്ചമത്തിന്നു മുമ്പുള്ള ആറു ഭിന്നനാദങ്ങളിൽ ഏതെങ്കിലും മൂന്നും പഞ്ചമത്തിന്നുശേഷമുള്ള നാലിൽ ഏതെങ്കിലും രണ്ടുംകൂടി ഏഴു വിഭിന്നനാദങ്ങളേ ഏതൊരു രാഗത്തിലും വരികയുള്ളൂ എന്ന സപ്തസ്വരതത്വമാണല്ലോ. അവിടെ അപ്രകാരം വിഭിന്നങ്ങളായ ഏഴു നാദവിശേഷങ്ങൾ ഓരോ രാഗവിശേഷങ്ങൾക്കു കാരണമാണെന്നു നിയമിച്ചാൽത്തന്നെ ഉപപന്നമാണെന്നിരിക്കെ ആ വിഭിന്നനാദങ്ങൾക്ക് ഋഷഭം, ഗാന്ധാരം മുതലായ വിഭിന്നസംജ്ഞകളുംകൂടി ഉണ്ടായിരിക്കണമെന്നും എന്നാലേ അവ രാഗകാരണമാവുള്ളൂ എന്നും സംജ്ഞാഭേദത്തിന്നും കൂടി രാഗവിശേഷകാരണത്വം ഭ്രമിച്ചു. അപ്പോൾ നാദഭേദമില്ലാതെതന്നെ ഗാന്ധാരങ്ങൾക്ക് ഋഷഭസംജ്ഞയും നിഷാദങ്ങൾക്കു ധൈവതസംജ്ഞയും കല്പിച്ചു രാഗവിശേഷങ്ങളിലെ സ്വരനിയമങ്ങൾ ശരിയാക്കേണ്ടതായും തീൎന്നു. ഒരു രാഗത്തിലും ഒരേ സംജ്ഞയുള്ള സ്വരത്തിന്റെ ശുദ്ധവികൃതരൂപങ്ങൾക്കു നാദഭേദമുണ്ടായാലും രണ്ടുംകൂടി വരില്ലെന്നും സംജ്ഞകൾക്കാണ് പ്രാധാന്യമെന്നും അതിനാൽ ഏഴു സംജ്ഞകളുള്ള ഏഴു നാദങ്ങൾതന്നെ ഉണ്ടായിരിക്കേണ്ടതാണെന്നും ഭ്രമിക്കേണ്ടതായും വന്നു. എന്നാൽ സാരംഗമെന്ന പ്രസിദ്ധരാഗത്തിൽ ശുദ്ധമദ്ധ്യമവും പ്രതിമദ്ധ്യമവും ചേൎന്നുവരുന്നതുകൊണ്ടു മററു ചില രാഗങ്ങൾക്കുവേണ്ടി ഗാന്ധാരത്തെ ഋഷഭമാക്കിഗ്ഗണിച്ചതുപോലെ ശുദ്ധമദ്ധ്യമത്തെഗ്ഗാന്ധാരമാക്കിയുംഗണിച്ചു പന്ത്രണ്ടു സ്വരങ്ങളെ പതിനേഴാക്കിഗ്ഗണിച്ചതുമില്ല. ഋഷഭഗാന്ധാരങ്ങളിലും ധൈവതനിഷാദങ്ങളിലും മാത്രം സംജ്ഞാഭേദം കല്പിച്ചു പതിനാറാ

ക്കി മാത്രമേ സ്വരങ്ങളെഗ്ഗണിച്ചുള്ളു. സാരംഗരാഗത്തിന്റെ സംഗതി അറിയാഞ്ഞിട്ടാണ് അങ്ങനെ ചെയ്തതെന്നു പറവാൻ തരവുമില്ല. രാഗവിവരണപ്രകരണത്തിൽ "സായം ഗേയസ്തു സാരംഗഃ ശുദ്ധമദ്ധ്യമഗാന്വിതഃ" എന്നും "ശുദ്ധമദ്ധ്യമഗാന്ധാരം കൃത്വാ ഗേയോദിനാത്യയേ" എന്നും വെങ്കടമഖിതന്നെ പറഞ്ഞിട്ടുണ്ട്. സംജ്ഞാഭേദം സ്വരഭേദത്തിന്നു കാരണമാണെന്നുള്ള ധാരണയാൽ വാസ്തവത്തിൽ ഒരേ സ്വരത്തിന്നുതന്നെ രണ്ടു സംജ്ഞകളുള്ളേടത്ത് അതു രണ്ടു സ്വരങ്ങളാണെന്നും ഭ്രമിച്ചിട്ടുണ്ട്. അതു നിമിത്തം രണ്ടിന്നും വേറെ വേറെ സ്ഥാനങ്ങളേപ്പെടുത്താൻ ക്ലേശിച്ചിട്ടുമുണ്ട്. സാധാരണഗാന്ധാരമെന്നും അന്തരഗാന്ധാരമെന്നും പറയുന്നത് വാസ്തവത്തിൽ ഒരേ സ്വരത്തെത്തന്നെയാണ്. അതു ഭരതമഹർഷി സ്പഷ്ടമായിത്തന്നെ പ്രതിപാദിച്ചിട്ടുള്ളതുമാണ്. നോക്കുക—"സാധാരണവിധിമിദാനീം വക്ഷ്യാമഃ. തത്ര സാധാരണം നാമാന്തരസ്വരതാ. കസ്മാൽ, ദ്വയോരന്തരേ യോത്ഥോ ഭവതി സ സാധാരണഃ. യഥാ ഋത്വന്തരേ, ഛായാസു ഭവതീ ശീതം പ്രസ്വേദോ ഭവതി ചാതപസ്ഥസ്യ. ന ച നാഗതോ വസന്തോ ന ച നിശ്ശേഷശ്ശിശിരകാലഃ ഇത്യത്ര കാലസാധാരണതാ. അത്ര ദ്വേ സാധാരണേ. സ്വരസാധാരണം ജാതിസാധാരണം ചേതി. സ്വരസാധാരണം കാകള്യന്തരസ്വരൗ. തത്ര ദ്വിശ്രുതിപ്രകർഷാന്നിഷാദവാൻ കാകളീസംജ്ഞോ നിഷാദഃ. ന ഷഡ്ജഃ. ദ്വാഭ്യാമന്തരസ്വരത്വാത്സാധാരണത്വം പ്രതിപദ്യതേ. ഏവം ഗാന്ധാരോപ്യന്തരസ്വരസംജ്ഞോ ഗാന്ധാരഃ. ന മദ്ധ്യമഃ. തയോരന്തരസ്വരത്വാൽ. അത ഏവ സ്വരസാധാരണഃ. കസ്മാന്നിഷാദഃ കാകളീസംജ്ഞഃ. കളത്വാൽ കാകളീ. കഷ്ടത്വാദ്വാ. അതിസൗക്ഷ്മ്യാദ്വാ. അഥവാ കാകാക്ഷിവദുഭയസംബന്ധാൽ കാകളീസംജ്ഞഃ. ഏവം നിഷാദഃ കാകളീസംജ്ഞോ ഗാന്ധാരശ്ചാന്തരസംജ്ഞോ ഭവതി." എന്നു ഭരതമുനിഗ്രന്ഥം. ഇതിന്റെ അർത്ഥം—ഇനി സാധാരണത്തിന്റെ സമ്പ്രദായം പറയാം. സാധാരണമെന്നതിന്നു മദ്ധ്യത്തിലുള്ള സ്വരമെന്നർത്ഥം. എന്തുകൊണ്ടെന്നാൽ, രണ്ടു വസ്തുക്കളുടെ ഇടയിലായി ഏതൊന്നുണ്ടോ അതു സാധാരണമാണ്. ഉദാഹരണം—രണ്ട് ഋതുക്കളുടെ ഇടയിലുള്ള കാലം, തണലിൽത്തണുപ്പെഴുന്നിതു വെയിലിൽച്ചെന്നാകിലോ വിയക്കുന്നു. ശിശിരം മുഴുവൻ പോയീലെത്തായ്കയുമില്ല സമ്പ്രതി വസന്തം. എന്ന സ്ഥലത്തു കാലസാധാരണമാണുള്ളത്. ഈ സംഗീതത്തിൽ രണ്ടുവക സാധാരണമാണുള്ളത്. സ്വരസാധാരണമെന്നും ജാതിസാധാരണമെന്നും (ജാതിസാധാരണമെന്നതു രാഗമൂലജാതികളിലുള്ളതാണ്). അതിൽ സ്വരസാധാരണമെന്നതു കാകളിനിഷാദവും അന്തരഗാന്ധാരവുമാണ്. അവിടെ ശുദ്ധനിഷാദത്തിൽനിന്നു രണ്ടു ശ്രുതി അധികമായതിനാൽ കാകളീസ്വരം നിഷാദത്തിന്റെ വകഭേദമാണ്. ഷഡ്ജത്തിന്റെ വകഭേദമല്ല. (ഷഡ്ജത്തിന്റെ വകഭേദമാവാൻ മൂന്നു ശ്രുതി അധികമായിരിക്കണമെന്നർത്ഥം.) നിഷാദഷഡ്ജങ്ങളുടെ മദ്ധ്യത്തിലുള്ളതാകയാൽ അതു സാധാരണമായിരിക്കുന്നു. അതിന്നു കാകളിനിഷാദമെന്നു പറയുന്നതുപോലെ സാധാരണനിഷാദമെന്നും പറയാമെന്നർത്ഥം. ഇതുപോലെ അന്തരസ്വരമെന്നു പേരുള്ള ഗാന്ധാരവും ഗാന്ധാരത്തിന്റെ വകഭേദമാണ്. മദ്ധ്യമത്തിന്റെ വകഭേദമല്ല. ഗാന്ധാരമദ്ധ്യമങ്ങളുടെ മദ്ധ്യത്തിലുള്ളതാണെന്നതുതന്നെ അതിന്നു കാരണം. അതുകൊണ്ടുതന്നെയാണ് അതു സാധാരണഗാന്ധാരമെന്ന സ്വരമായിരിക്കുന്നതും. എന്തുകൊണ്ടാണ് സാധാരണനിഷാദത്തിന്നു കാകളിയെന്നു പറയുന്നത്? കളം അതായത് അവ്യക്തമധുരനാദമായതുകൊണ്ട്. അല്ലെങ്കിൽ ഗഹനനാദമായതുകൊണ്ട്. അതുമല്ലെങ്കിൽ അതിസൂക്ഷ്മനാദമായതുകൊണ്ട്. അതുമല്ലെങ്കിൽ കാകന്റെ ദൃഷ്ടിപോലെ രണ്ടു ഭാഗത്തെക്കും സംബന്ധമുള്ളതുകൊണ്ടു കാകളിയെന്നു പേർ. ഇങ്ങനെ സാധാരണനിഷാദം കാകളിനിഷാദസംജ്ഞവും സാധാരണഗാന്ധാരം അന്തരഗാ

ന്ധാരസംജ്ഞവുമായി വരുന്നു. ഈ മുനിവചനത്താൽ സാധാരണഗാന്ധാരമെന്നു പറയുന്നതും അന്തരഗാന്ധാരമെന്നു പറയുന്നതും ഒരേ സ്വരംതന്നെയാണെന്നും രണ്ടു സ്വരങ്ങളല്ലെന്നും അതിസ്പഷ്ടമാണല്ലോ. അപ്രകാരംതന്നെ ശുദ്ധനിഷാദത്തിന്നുതന്നെയാണ് കൈശികനിഷാദമെന്നു പറയുന്നത്. അല്ലാതെ ശുദ്ധനിഷാദവും കൈശികനിഷാദവും വേറെ വേറെ സ്വരങ്ങളല്ല. കേശംപോലെ അതിസൂക്ഷ്മമായ നിലയിൽ സ്വയംഭൂനാദം വീണയിൽ സ്ഫുരിക്കുന്ന സ്ഥാനത്തുള്ള സ്വരമായതുകൊണ്ടാണ് ശുദ്ധനിഷാദത്തിന്നു കൈശികമെന്നും പേരുണ്ടായിട്ടുള്ളത്. പ്രതിമദ്ധ്യമസ്ഥാനത്തും ആ സൂക്ഷ്മനാദം സ്വയംഭൂവായി പ്പുറപ്പെടുന്നതുകൊണ്ട് ആ സ്വരത്തിന്നും കൈശികമെന്നു പറഞ്ഞുവരുന്നതുമുണ്ട്. അതിനാൽ ശുദ്ധഗാന്ധാരം, സാധാരണഗാന്ധാരമായ അന്തരഗാന്ധാരം എന്നിങ്ങനെ ഗാന്ധാരങ്ങൾ രണ്ടും കൈശികനിഷാദമായ ശുദ്ധനിഷാദം, സാധാരണനിഷാദമായ കാകളിനിഷാദം എന്നിങ്ങനെ നിഷാദങ്ങൾ രണ്ടും മാത്രമാണുള്ളത്. അതുകൊണ്ടു ശുദ്ധം, സാധാരണം, അന്തരം എന്നിങ്ങനെ ഗാന്ധാരങ്ങളും ശുദ്ധം, കൈശികം, കാകളി എന്നിങ്ങനെ നിഷാദങ്ങളും മുമ്മൂന്നുണ്ടെന്നു ഭ്രമിച്ച് ഓരോന്നിന്നും വേറെ വേറെ സ്ഥാനങ്ങൾ മേൽപ്പറഞ്ഞ ഗ്രന്ഥകാരന്മാർ കാണിച്ചിരിക്കുന്നതും സ്വീകാര്യമല്ല. എന്നുതന്നെയുമല്ല, ശ്രുതിസ്വരവ്യവസ്ഥയെപ്പററിപ്പറയുമ്പോൾ ശുദ്ധഗാന്ധാരത്തിൽനിന്ന് ഒരു ശ്രുതി അധികമുള്ളതു സാധാരണഗാന്ധാരം, പഞ്ചമത്തിൽനിന്ന് ഒരു ശ്രുതി കുറഞ്ഞതു വരാളീമദ്ധ്യമമെന്ന പ്രതിമദ്ധ്യമം, എന്നെല്ലാം വിവരിക്കുന്ന അവർ അതനുസരിച്ച മേളം ചെയ്തിട്ടുള്ള വീണയിലെ മട്ടുകളിൽ വരുന്ന സ്വരങ്ങളെപ്പററിപ്പറയുമ്പോൾ ഒരു ശ്രുതികൊണ്ടുള്ള ഏററക്കുറവുകൾക്കു വിരോധമില്ലെന്നഭിപ്രായപ്പെടുന്നു. അപ്പോൾ ശുദ്ധഗാന്ധാരസാധാരണഗാന്ധാരങ്ങളും മദ്ധ്യമാന്തരഗാന്ധാരങ്ങളും പഞ്ചമപ്രതിമദ്ധ്യമങ്ങളും ഷഡ്ജകാകളിനിഷാദങ്ങളും അവരുടെ മതപ്രകാരം ഒരു ശ്രുതികൊണ്ടുമാത്രം ഏററക്കുറവുള്ളവയാകയാൽ ഒരേ സ്വരമാകാവുന്നതാണെന്നും വരുന്നു. ഇങ്ങനെ കുഴപ്പങ്ങളെക്കൊണ്ട് ആശ്ചര്യകരമായ ഒരു മഹേന്ദ്രജാലമാണ് അവരുടെ ശ്രുതിസ്വരനിയമനമെന്നുതന്നെ പറയേണ്ടതാണ്.

ഉപസംഹരിക്കുന്നു—

സൂ—തസ്മാദുക്തവിധയാ ദക്ഷിണേ ശുദ്ധവികൃതഭേദേന ദ്വിപ്രകാരാ രിഗമധനയസ്സപൌ ചേതി നാദഭേദമേവലംബ്യൈവ ദ്വാദശ സ്വരാഃ പ്രതിസ്വരം സമാനമാനേ ദ്വേ ദ്വേ ശ്രുതി ഇതി ചതുർവ്വിംശതിഃ ശ്രുതയഃ, യഥായഥം വിഭിന്നനാദം സ്വരസപ്തകമാശ്രിത്യ രാഗവിശേഷാശ്ചേത്യനേനൈവ സാമഞ്ജസ്യേ വ്യർത്ഥം കൃത്രിമഷോഡശസ്വരകല്പനാദികമിത്യവധേയം. ൪൫

ഭാ—അതിനാൽ മുമ്പു കാണിച്ചിട്ടുള്ളവിധം ദക്ഷിണപ്രസ്ഥാനത്തിൽ ക്രമത്തിൽ ശുദ്ധം വികൃതം എന്നു രണ്ടു തരത്തിലുള്ള ഋഷഭഗാന്ധാരമദ്ധ്യമധൈവതനിഷാദങ്ങളായി പത്തു സ്വരങ്ങളും ഓരോ ഷഡ്ജപഞ്ചമങ്ങളും കൂടി ആകെ പന്തിരണ്ടു സ്വരങ്ങളും അതിൽ ഓരോ സ്വരത്തിന്നും തുല്യമാനങ്ങളായ ഈരണ്ടു ശ്രുതികൾവീതം ഇരുപത്തിനാലു ശ്രുതികളുമാണുള്ളത്. ആ പന്തിരണ്ടു സ്വരങ്ങളിൽ മുമ്പു പറഞ്ഞ രഞ്ജനാഹാനി വരാത്തവിധം വിഭിന്നനാദങ്ങളായ ഏതെങ്കിലും ഏഴു സ്വരങ്ങൾ ചേൎന്നു പലതരം രാഗങ്ങളുണ്ടാകുന്നതാണെന്നു കരുതിയാൽത്തന്നെ എല്ലാം സംഗതമായി വരുമെന്നിരിക്കെ നാദഭേദമില്ലാതെ കൃത്രിമമായി പതിനാറു സ്വരങ്ങളാക്കിക്കല്പിക്കുന്നതും മററും വ്യർത്ഥമാണെന്നറിഞ്ഞുകൊൾക.

അപ്രകാരം ഇരുപത്തുനാലു ശ്രുതികളും ഓരോ സ്വരത്തിന്നും ഈരണ്ടു ശ്രുതികളുമാകുമ്പോാം എല്ലാ ശ്രുതികളും തുല്യപ്രമാണങ്ങളായി വരുമെന്നുള്ളതിന്നു തെളിവു കാണിക്കുന്നു—

സൂ—ഏവം സതി വീണായാം ശുദ്ധഷഭസാരികാമാരഭ്യ ശുദ്ധമധ്യമസാരികാന്തം ക്രമശോ രജ്വാ ദൃഢം ബദ്ധ്വാ തത്തത്സ്വരസ്യ ഷഡ്ജീകരണേന്തരഗാന്ധാരാദിസ്വയംഭ്രനാദസ്ഥാനാനി ക്രമാദുത്തരോത്തരസ്ഥാനേഷു സംക്രമിഷ്യന്തീതി സ്ഫുടാ ശ്രുതിസ്വരാണാം സമാനമാനതാ. ൪൨

ഭാ—ഇപ്രകാരമുള്ള ശ്രുതിസ്വരവ്യവസ്ഥയായാൽ അവയുടെ സമാനമാനകത്വം വീണയിൽ സ്പഷ്ടമാകുന്നതാണ്. എങ്ങനെയെന്നാൽ, അതിലെ ശുദ്ധഷഭമട്ടിന്റെ സ്ഥാനത്തു ചരടുകൊണ്ടു മുറുക്കിക്കെട്ടി ആ സ്വരത്തെ ആധാരഷഡ്ജമാക്കിയാൽ സ്വയംഭ്രനാദസ്ഥാനങ്ങളായ അന്തരഗാന്ധാരമധ്യമപഞ്ചമസ്ഥാനങ്ങളിൽ അന്തരഗാന്ധാരം മുമ്പിലത്തെ മധ്യമത്തിന്റെ സ്ഥാനത്തും മധ്യമം പ്രതിമധ്യമസ്ഥാനത്തും പഞ്ചമം ശുദ്ധധൈവതസ്ഥാനത്തുമായി മാറി വരും. വികൃതഷഭസ്ഥാനത്തു ചരടുകൊണ്ടു കെട്ടി ആ സ്വരത്തെ ഷഡ്ജീകരിച്ചാൽ സ്വയംഭ്രനാദങ്ങാം പിന്നെയും ഓരോ സ്വരസ്ഥാനം കയറി അന്തരഗാന്ധാരം പ്രതിമധ്യമസ്ഥാനത്തും മധ്യമം പഞ്ചമസ്ഥാനത്തും പഞ്ചമം വികൃതധൈവതസ്ഥാനത്തുമാകും. ഈ മാതിരിയിൽ ഓരോ സ്വരസ്ഥാനമട്ടുകളോടു ചേത്തു കെട്ടി ആ സ്വരത്തെ ഷഡ്ജീകരിച്ചാൽ സ്വയംഭ്രനാദസ്ഥാനങ്ങളും ക്രമത്തിൽ ഓരോ സ്വരസ്ഥാനങ്ങാം കയറിവരും. അങ്ങനെ മധ്യമസ്ഥാനത്തു കെട്ടി അതിനെ ഷഡ്ജമാക്കുമ്പോാം പഞ്ചമസ്വയംഭ്രനാദം മുമ്പിലത്തെ താരഷഡ്ജസ്ഥാനത്തായിത്തീരും. ഇതുദ്വയംകൊണ്ടുതന്നെ എല്ലാ സ്വരങ്ങളും സമാനമാനങ്ങളാണെന്നു സിദ്ധിക്കുന്നതിനാൽ സ്വരാന്തർഗ്ഗതങ്ങളായ ശ്രുതികളും തുല്യമാനങ്ങളാണെന്നു തെളിയുന്നതാണല്ലോ.

ദക്ഷിണശ്രുതിസ്വരമണ്ഡലം.

ശ്രുതി സംഖ്യ	1	2	3	4	5	6	7	8	9	10	11	12	13	14	15	16	17	18	19	20	21	22	23	24
സ്വരങ്ങൾ സ		ശുദ്ധ രി		വികൃത രി=ചതുശ്ശ്രുതി രി		ശുദ്ധ ഗ		വികൃത ഗ=സാധാരണ ഗ=അന്തര ഗ		ശുദ്ധ മ		വികൃത മ=പ്രതി മ		പ		ശുദ്ധ ധ		വികൃത ധ=ചതുശ്ശ്രുതി ധ		ശുദ്ധ നി=കൈശിക നി		വികൃത നി=കാകളി നി=സാധാരണ നി		സ

ഇങ്ങനെയുള്ള ശ്രുതിസ്വരവ്യവസ്ഥക്ക് അഭിജ്ഞസമ്മതിയുണ്ടെന്നു പറയുന്നു—

സൂ—അത ഏവ വികൃതയോഃ ഋഷഭധൈവതയോഃ ഷഡ്ജപഞ്ചമാവ്യവഹിതോത്തരതായാം ചതുശ്ശ്രുതികത്വവ്യവഹാരസ്സംഗച്ഛതേ. ൪൩

ഭാ—ശ്രുതിസ്വരവ്യവസ്ഥ ഇപ്രകാരമായാലേ ഷഡ്ജത്തിന്നുശേഷം അടുത്തു പ്രയോഗിക്കുന്ന ഋഷഭം വികൃതഋഷഭമാണെങ്കിൽ അതിന്നു ചതുഃശ്രുതികഋഷഭമെന്നും അതുപോലെ പഞ്ചമത്തിന്നടുത്തു പ്രയോഗിക്കുന്ന ധൈവതം വികൃതധൈവതമാകുമ്പോൾ അതിന്നു ചതുശ്ശ്രുതിധൈവതമെന്നും അഭിജ്ഞന്മാർ വ്യവഹരിച്ചു വരുന്നതും സംഗതമാകയുള്ളൂ. വികൃതഋഷഭം ഷഡ്ജത്തിൽനിന്നും വികൃതധൈവതം പഞ്ചമത്തിൽനിന്നും അമാത്യാദികൾ പറയുന്നപോലെ അഞ്ചാമത്തെ ശ്രുതിയിലാണെങ്കിൽ ആ അഭിജ്ഞവ്യവഹാരം ശരിയല്ലെന്നു വന്നേക്കും. എന്നാൽ ചതുഃശ്രുതികഋഷഭം എന്നും മററുമുള്ള സംജ്ഞകൾ സങ്കേതസിദ്ധങ്ങളായ പാരിഭാഷികസംജ്ഞകൾ മാത്രമാണെങ്കിൽ വിരോധമില്ലെന്നും ഗ്രഹിച്ചുകൊൾക.

അനുഭവത്തിന്നും ഈ ചതുർവ്വിംശതിശ്രുതിസിദ്ധാന്തമേ യോജിക്കയുള്ളൂ എന്നു കാണിക്കുന്നു—

സൂ—ഏവമേവ ച വീണായാം ഷഡ്ജതന്ത്രീനവമഭാഗസ്ഥപരികമ്പശൃംഖലാസന്ധാനഗതേന ചതുഃശ്രുതികഋഷഭേണ പഞ്ചമസ്യ, പഞ്ചമഭാഗസ്ഥസന്ധാനഗതേനാന്തരഗാന്ധാരേണ തത്സന്ധാനാന്തരസ്ഥസ്യ ചതുശ്ശ്രുതിധൈവതസ്യ ച സംവാദോനുഭൂയമാനോപി സംഗച്ഛതേ. ൧൦

ഭാ—ദക്ഷിണദേശീയസംഗീതത്തിൽ പ്രത്യേകമായി ചില സ്വരങ്ങൾ തമ്മിൽ സംവാദം അനുഭവസിദ്ധമായിട്ടുണ്ട്. അതിന്നും ശ്രുതിസ്വരവ്യവസ്ഥ ഈ വിധത്തിലായാലേ ഉപപത്തിയുള്ളൂ. എങ്ങനെയെന്നാൽ—പഞ്ചമത്തിന്നു വികൃതഋഷഭത്തിനോടു സംവാദം അതിൽ അനുഭവസിദ്ധമാണല്ലോ. വീണയിലെ പഞ്ചമസ്വരസ്ഥാനം തന്ത്രീപരികമ്പശൃംഖല മൂന്നായിപ്പിരിയുന്ന സന്ധാനത്തിലാണ്. ആ മൂന്നിലൊരുഭാഗം വീണ്ടും മൂന്നായിപ്പിരിയുന്ന, അതായത് പരികമ്പശൃംഖല ഒമ്പതായിപ്പിരിയുന്ന സന്ധാനത്തിലാണ് ചതുഃശ്രുതികഋഷഭത്തിൻെറ സ്ഥാനം. അതുകൊണ്ടു പഞ്ചമസ്വരത്തെ ഷഡ്ജസ്വരമാക്കുമ്പോൾ ആ ഷഡ്ജത്തിൻെറ പഞ്ചമമായിട്ടാണ് ആ വികൃതഋഷഭമിരിക്കുന്നതെന്നും സിദ്ധിക്കുന്നു. വീണയിലെ മൂന്നാമത്തെക്കമ്പി മന്ദ്രസ്ഥായിപഞ്ചമത്തിൽ നിർത്തി ആ നാദത്തെ ഷഡ്ജീകരിച്ചാൽ അതിൻെറ പഞ്ചമം മധ്യസ്ഥായിഷഡ്ജത്തിൽ നിർത്തിയ നാലാംകമ്പിയിൽ വികൃതഋഷഭസ്ഥാനത്തായിരിക്കുന്നത് അനുഭവസിദ്ധമാണല്ലോ. ആ മാതിരിയിൽ ഒരേ ക്രമമനുസരിച്ചുള്ള പരികമ്പശൃംഖലാംശവിഭാഗസന്ധിയിൽ വരുന്ന സ്വരങ്ങളായതാണ് അവ തമ്മിൽ സംവാദമുണ്ടാകുന്നതിനുള്ള കാരണം. അതുപോലെ അന്തരഗാന്ധാരത്തിന്നും ചതുഃശ്രുതിധൈവതത്തിന്നും പരസ്പരസംവാദം കാണുന്നത് ആ രണ്ടു സ്വരങ്ങളും പരികമ്പശൃംഖല അഞ്ചു ഭാഗമായിത്തിരിയുന്ന സ്വയംഭൂനാദജനകസന്ധാനങ്ങളിലുള്ളവയാണെന്ന സംഗതികൊണ്ടാണ്. സാമാന്യമായിത്തന്നെ ഷഡ്ജമധ്യമങ്ങൾ തമ്മിലും ഷഡ്ജപഞ്ചമങ്ങൾ തമ്മിലും സംവാദമുണ്ടാകാനുള്ള കാരണവും ഇപ്രകാരം അംശവിഭാഗസന്ധാനങ്ങളിൽ വരുന്നവയായതാണ്. ഇങ്ങനെ ദക്ഷിണദേശീയസംഗീതത്തിൽ അനുഭവസിദ്ധങ്ങളായ സ്വരസംവാദങ്ങൾ യുക്തായുക്തങ്ങളാകുന്നതിന്നും മേൽകാണിച്ച ശ്രുതിസ്വരവ്യവസ്ഥതന്നെ സ്വീകരിക്കണം. വെങ്കിടമഖി മുതലായവരുടെ പക്ഷത്തിൽ ആവക ഋഷഭധൈവതങ്ങൾ സ്പഷ്ടമായ പരികമ്പശൃംഖലാസന്ധാനസ്ഥാനങ്ങളിലല്ലാതായിത്തീരുന്നതിനാൽ അവക്ക പഞ്ചമത്തോടും അന്തരഗാന്ധാരത്തോടും മററും അനുഭവസിദ്ധമായ സംവാദം യുക്തമാകയില്ലെന്നു താൽപര്യം.

സൂ—ഏതേന മാൎഗ്ഗദക്ഷിണയോസ്താളമാത്രാമാന ഇവ ശ്രുതിമാനേ സമപവൎജ്ജം സ്വരാണാം സ്ഥാനമാനേപി വൈലക്ഷണ്യം വ്യാഖ്യാതം. ൫൧

ഭാ—ഇത്രയും പറഞ്ഞതുകൊണ്ടുതന്നെ മാൎഗ്ഗപ്രസ്ഥാനവും ദക്ഷിണദേശീയപ്രസ്ഥാനവും തമ്മിൽ താളത്തിലെ മാത്രയുടെ മാനത്തെപ്പററിയേടത്തോളമുള്ളതുപോലെ സ്ഥായിയിലെ ശ്രുതികളുടെയും ഷഡ്ജമദ്ധ്യമപഞ്ചമങ്ങളൊഴിച്ചു മററുള്ള സ്വരങ്ങളുടെ സ്ഥാനങ്ങളുടെയും മാനത്തെപ്പററിയേടത്തോളവും വ്യത്യാസമുണ്ടെന്നുള്ള സംഗതിയും റിവരിച്ചു കഴിഞ്ഞു. മാൎഗ്ഗപ്രസ്ഥാനത്തിൽ അഞ്ചു ഹ്രസ്വാക്ഷരങ്ങളുച്ചരിപ്പാൻ വേണ്ടിവരുന്ന കാലപരിമാണമാണ് ഒരു മാത്രയെന്നാണ് കണക്ക്. "നിമേഷാഃ പഞ്ച മാത്രാ സ്യാൽ" എന്നു ഭരതമുനിവചനം. "പഞ്ചലഘ്വക്ഷരോച്ചാരമിതാ മാത്രേഹ കഥ്യതേ." എന്നു രത്നാകരവും. ദക്ഷിണദേശീയപ്രസ്ഥാനത്തിലാകട്ടേ, നാലു ഹ്രസ്വാക്ഷരങ്ങളുച്ചരിപ്പാൻ വേണ്ടിവരുന്ന കാലപരിമാണമാണ് ഒരു മാത്ര. ഇങ്ങനെ രണ്ടിലെയും താളത്തിനുള്ള മാത്രക്കണക്കിനു വ്യത്യാസമുള്ളതുപോലെ മാൎഗ്ഗപ്രസ്ഥാനത്തിലെ സ്വരവ്യവസ്ഥയനുസരിച്ച് അതിൽ ഒരു സ്ഥായിയിൽ ഇരുപത്തിരണ്ടും ദക്ഷിണപ്രസ്ഥാനത്തിലെ വ്യവസ്ഥയനുസരിച്ച് അതിൽ ഇരുപത്തിനാലും ശ്രുതികളാണുള്ളതെന്നിങ്ങനെ ശ്രുതികളുടെ പരിമാണത്തിനുള്ള കണക്കിനും വ്യത്യാസമുണ്ട്. അപ്രകാരംതന്നെ ഷഡ്ജമദ്ധ്യമപഞ്ചമങ്ങളൊഴിച്ചു ശേഷമുള്ള ശുദ്ധസ്വരങ്ങളുടെ സ്ഥാനങ്ങൾക്കു മാററമുള്ളതിനാൽ ആ സ്വരസ്ഥാനക്കണക്കിനും അവയുടെ ശ്രുത്യന്തരക്കണക്കിനും വ്യത്യാസമുണ്ട്. മാൎഗ്ഗത്തിൽ ഷഡ്ജം മുതൽ അന്തരഗാന്ധാരംവരെയും പഞ്ചമം മുതൽ കാകളിനിഷാദംവരെയും ഉള്ള നാദോച്ചതാപരിപാടികളെ ഏഴേഴു ശ്രുതികളായിട്ടാണ് വിഭജിച്ചിരിക്കുന്നത്. ദക്ഷിണത്തിൽ എട്ടെട്ടു ശ്രുതികളായിട്ടാണ്. അതിനാൽ സ്വരസ്ഥാനങ്ങൾക്കും അവയിലെ ശ്രുതികൾക്കും മാൎഗ്ഗമാനത്തിൽനിന്നു മാനവ്യത്യാസമുണ്ടെന്നു താൽപൎയ്യം. ഈ സംഗതികളെല്ലാം ഇതുവരെ പറഞ്ഞതിൽനിന്നുതന്നെ അൎത്ഥസിദ്ധവുമാണല്ലോ.

സൂ—മന്ദ്രമദ്ധ്യതാരേഷു ക്രമേണ ദ്വൈഗുണ്യാൽ ശ്രുതയഃ ഷട്ഷഷ്ടിരിതി കേഷാഞ്ചിദുക്തിരപി പ്രത്യുക്താ. ൫൨

ഭാ—ഏതേന എന്നനുവൎത്തിക്കണം. മാൎഗ്ഗദക്ഷിണങ്ങളിൽ ശ്രുതിസംഖ്യക്കു വ്യത്യാസമുണ്ടെന്നു സ്ഥാപിച്ചുകഴിഞ്ഞിട്ടുള്ളതുകൊണ്ട് എന്ന് അതിന്നൎത്ഥം. മന്ദ്രം, മദ്ധ്യം, താരം എന്നീ സ്ഥായികളിലെ ശ്രുതികളിൽ മന്ദ്രത്തിലെ ശ്രുതിക്കു വേണ്ടിവരുന്ന പ്രയത്നത്തേക്കാൾ ഇരട്ടി പ്രയത്നം മദ്ധ്യത്തിലെ ശ്രുതിക്കും അതിനേക്കാൾ ഇരട്ടി പ്രയത്നം താരത്തിലെ ശ്രുതിക്കും വേണുകണ്ഠാദികളിൽ വേണ്ടിവരുന്നുണ്ട്. അതുപോലെ മന്ദ്രശ്രുതിക്കു നിമേഷക്കണക്കിലുണ്ടാകുന്ന മൂൎത്തപരികമ്പസംഖ്യയുടെ ഇരട്ടിപ്പരികമ്പസംഖ്യകൊണ്ടാണ് മദ്ധ്യത്തിലെ ശ്രുതിയുണ്ടാകുന്നത്. അതിന്റെ ഇരട്ടിപ്പരികമ്പങ്ങൾകൊണ്ടാണ് താരശ്രുതിയും ഉണ്ടാകുന്നത്. അപ്രകാരം ഓരോ സ്ഥായിയിലെ ശ്രുതിയിലടങ്ങിയ നാദതരംഗസംഖ്യയും ക്രമത്തിൽ ഇരട്ടിച്ചിരട്ടിച്ചായിട്ടാണിരിക്കുന്നത്. ഒരേ സ്ഥായിയിലുൾപ്പെട്ട ശ്രുതികളുടെ സംഗതിയിലും ഒന്നോടൊന്നിനു പ്രയത്നാധിക്യവും പരികമ്പസംഖ്യകൾക്കും നാദതരംഗസംഖ്യകൾക്കും വ്യത്യാസവുമുണ്ട്. ഇങ്ങനെ കാരണങ്ങൾക്കു വ്യത്യാസമുള്ളപ്പോൾ കാൎയ്യങ്ങൾക്കും പരസ്പരഭേദം വരുന്നതുകൊണ്ടും കാൎയ്യങ്ങൾ തമ്മിൽ സ്വരൂപഭേദമുള്ളതുകൊണ്ടും മന്ദ്രത്തിലെ ശ്രുതികളും മദ്ധ്യത്തിലെ ശ്രുതികളും താരത്തിലെ ശ്രുതികളും വേറെ വേറെയാണെന്നു സ്വീകരിക്കാതെ തരമില്ല. അല്ലാത്തപക്ഷം ഒരേ സ്ഥായിയിലെ ശ്രുതികൾ ത

ത്തിലും ഭേദം കല്പിക്കുന്നതു യുക്തമാകയില്ല. അതിനാൽ ഒരേ സ്ഥായിയിൽ ഇരുപത്തിരണ്ടു വീതം മന്ദ്രമധ്യതാരസ്ഥായികളിലായി അറുപത്താറു ശ്രുതികളുണ്ട്. എന്നിങ്ങനെ ചിലർ വാദിക്കുന്നതിനും ഒരു സ്ഥായിയിലെ ശ്രുതിസംഖ്യക്കുതന്നെ മാൎഗ്ഗദക്ഷിണപ്രസ്ഥാനങ്ങളിൽ വ്യത്യാസമുണ്ടെന്നു സ്ഥാപിച്ചതിനാൽ ദക്ഷിണപ്രസ്ഥാനത്തെപ്പററിയേടത്തോളം അറുപത്താറു ശ്രുതികളാണെന്ന വാദത്തിന്നു പ്രസക്തിതന്നെയില്ലെന്നും അൎത്ഥസിദ്ധമായല്ലോ എന്നു താൽപൎയ്യം.

ശരിതന്നെ. എന്നാൽ ദക്ഷിണപ്രസ്ഥാനത്തിൽ ഒരു സ്ഥായിയിൽ ഇരുപത്തിനാലു ശ്രുതികൾ വീതം മൂന്നു സ്ഥായികളിലായി എഴുപത്തിരണ്ടു ശ്രുതികളുണ്ട് എന്നു പറകയാണെങ്കിൽ അതിന്നുള്ള സമാധാനം കാണിക്കുന്നു—

സൂ—വ്യക്തിഭേദമാത്രമവലംബ്യ വിഭാഗേ സ്വരാണാമപി തഥാ വിഭാഗാപത്തേഃ. അനുമന്ദ്രതാരതരയോരഗണനസ്യ നിൎബ്ബീജത്വാച്ച. ൭൨

ഭാ—മേൽപ്രകാരമുള്ള കാരണഭേദംകൊണ്ടു കാൎയ്യങ്ങൾക്കു വ്യക്തിഭേദമുണ്ടായിരിക്കണമെന്നല്ലാതെ ജാതിഭേദം ഉണ്ടാകണമെന്നില്ല. ചെറിയ വസ്ത്രവും വലിയ വസ്ത്രവും ഉണ്ടാക്കുന്ന സംഗതിയിൽ പ്രയത്നത്തിന്നും നൂലിന്നും മററും ഏററക്കുറവുകളുണ്ടെങ്കിലും രണ്ടു വസ്ത്രങ്ങളും വസ്ത്രജാതിയിലുൾപ്പെട്ടവതന്നെയാണ്. അതുപോലെ മന്ദ്രസ്ഥായിയിലെ ശ്രുതികളും മധ്യതാരസ്ഥായികളിലെ ശ്രുതികളും ഒരേ ജാതിയിൽച്ചേൎന്നവയാണ്. ഒരു സ്ഥായിയിൽത്തന്നെയുള്ള ശ്രുതികൾ തമ്മിലാകട്ടേ പട്ടുനൂൽവസ്ത്രവും പരുത്തിനൂൽവസ്ത്രവും കമ്പിളിനൂൽവസ്ത്രവും തമ്മിലുള്ളതുപോലെ ഒരവാന്തരജാതിഭേദമുണ്ട്. അതുകൊണ്ടാണ് ആ വക ശ്രുതിനാദങ്ങളിൽ ചിലതു തമ്മിൽ സംവാദവും ചിലതു തമ്മിൽ അത്രയും യോജിപ്പില്ലെങ്കിലും പിണക്കമില്ലാത്ത നിലയിൽ അനുവാദവും ചിലതു തമ്മിൽ വിവാദവും അനുഭവസിദ്ധമാകുന്നത്. ആ അവാന്തരജാതിഭേദങ്ങളെ ആസ്പദമാക്കിയാണ് ശ്രുതികളെ വിഭജിച്ചിട്ടുള്ളതും. അങ്ങനെയുള്ള അവാന്തരജാതിഭേദം എല്ലാ സ്ഥായികളിലും ഒരേ വിധത്തിൽത്തന്നെയാണ്. സ്ഥായിഭേദംകൊണ്ടു വ്യത്യാസപ്പെട്ടവരുന്നത് അനുഭവസിദ്ധമല്ല. എന്നുതന്നെയല്ല എല്ലാ സ്ഥായികളിലും ഒരേ ക്രമത്തിൽത്തന്നെയുമാണ്. അതിനാൽ സ്ഥായിയിലുൾപ്പെട്ട ശ്രുതികളുടെ വിഭാഗം സംഗതവും ആവശ്യകവുമാണ്. ഇനി വ്യക്തിഭേദം മാത്രം നോക്കി വിഭജിക്കയാണെങ്കിലാകട്ടേ ശ്രുതികളെന്നപോലെ സ്വരങ്ങളും സ്ഥായിഭേദമനുസരിച്ചു വേറെ വേറെ വ്യക്തികളാകയാൽ അവയും ഏഴുവകയല്ലെന്നും മൂന്നു സ്ഥായികളിലായി ഇരുപത്തൊന്നാണെന്നും സ്വീകരിക്കേണ്ടിവരും. അവക്കു പുതിയ സംജ്ഞകളും ആ വഴിക്കു സ്ഥായിഭേദംകൊണ്ടു രാഗഭേദങ്ങളും കല്പിക്കേണ്ടതായിത്തീരും. അത്രമാത്രവുമല്ല. അനുമന്ദ്രം, താരതരം എന്ന രണ്ടു സ്ഥായികളെഗ്ഗണിക്കാതെ മന്ദ്രമധ്യതാരസ്ഥായികളെമാത്രം അവലംബിച്ചു ശ്രുതിവ്യക്തിസംഖ്യ കണക്കാക്കുന്നതു നിൎയ്യുക്തികമായതിനാൽ ശ്രുതികൾ അറുപത്താറെന്നോ എഴുപത്തിരണ്ടെന്നോ പറയുന്നതു ശരിയാകയുമില്ല. അതിനാൽ ആ മതം നിസ്സാരമാണെന്നറിഞ്ഞുകൊൾക.

ഇനി ദക്ഷിണപ്രസ്ഥാനത്തിൽ മേൽപ്രകാരം ശ്രുതികൾ ഇരുപത്തിനാലാണെന്നു സ്വീകരിച്ചാലും പ്രയോഗവിശേഷങ്ങൾക്കുപപത്തി വരുന്നില്ലെന്നു ശങ്കിക്കുന്നു—

സൂ—അഥ ചതുൎവ്വിംശത്യധികാസ്തന്മധ്യഗതനാദഭേദാ അപി ദക്ഷിണേ ഗൃഹ്യന്തേ. ദൃശ്യന്തേ ച തൽപ്രയോഗോ രാഗഗമകവിശേഷേഷു. ൭൪

ഭാ—ദക്ഷിണപ്രസ്ഥാനപ്രകാരമുള്ള സംഗീതത്തിൽ ഒരു സ്ഥായിയിൽ ഇരുപത്തിനാലു ശ്രുതികളാണെന്നുള്ള മതവും നല്ല യുക്തമായിരിക്കുന്നില്ല. എത്രത്തോളം ചുരുങ്ങിയ താന്തരമുണ്ടായാൽ നാദഭേദം വിദ്വാന്മാർക്കു തിരിച്ചറിവാൻ സാധിക്കുമോ ആ നാദാന്തരമാണ് ഒരു ശ്രുതിയുടെ മാനം എന്നാണല്ലോ അഭിനവഗുപ്താദ്യാചാര്യന്മാരുടെ സിദ്ധാന്തമനുസരിച്ചു ശ്രുതിയുടെ നിഷ്കൃഷ്ടലക്ഷണം നിർവ്വചിച്ചിട്ടുള്ളത്. ഒരു സ്ഥായിയെ ഇരുപത്തിനാലു സമഭാഗങ്ങളാക്കി ഭാഗിച്ചാലും അതിലെ ഓരോ ഭാഗത്തിന്റെ മദ്ധ്യത്തിലായുണ്ടാകുന്ന നാദത്തെയും ആ ഭാഗനാദത്തിൽനിന്നു വ്യത്യാസമുള്ളതായി ഗ്രഹിക്കുവാൻ വിദ്വാന്മാർക്കു സാധിക്കുന്നുണ്ടെന്നുള്ളതു നിശ്ചിതമാണ്. ഇനി അപ്രകാരം തിരിച്ചറിവാൻ കഴിയുന്നതായാൽ മാത്രം പോരാ; ആ നാദഭേദം രാഗാദിപ്രയോഗങ്ങളിലുണ്ടായിരിക്കയും കൂടി വേണം. എന്നാലേ ഒരു ശ്രുതിയായി ദക്ഷിണത്തിലും കണക്കാക്കുന്നുള്ളു എന്നിങ്ങനെ പ്രയോഗപ്രസിദ്ധമെന്നൊരു വിശേഷണവുംകൂടിച്ചേർത്തു ദക്ഷിണശ്രുതിലക്ഷണം പരിഷ്കരിക്കാമെന്നാണെങ്കിൽ അതുകൊണ്ടും ഉപപത്തി വരുന്നതല്ല. ദക്ഷിണദേശീയരാഗങ്ങൾ പലതിലും ഗമകവിശേഷത്തിന്റെ രൂപത്തിലും മററും ഭേദം തിരിച്ചറിയത്തക്കവിധത്തിൽത്തന്നെ ആവക അന്തരനാദങ്ങൾക്കു പ്രയോഗം ധാരാളം കാണുന്നുണ്ട്. അതുകൊണ്ടു ശ്രുതികൾ ഇരുപത്തിനാലാണെന്നു വിഭജിച്ചാൽ പിന്നെയും ഓരോ ശ്രുതിക്കും വിഭജിക്കത്തക്കവയും പ്രയോഗപ്രസിദ്ധങ്ങളുമായ അവയവങ്ങളുണ്ടെന്നു സ്വീകരിക്കേണ്ടിവരുന്നു. അതു ശ്രുതിവിഭാഗത്തിന്നുതന്നെ അർത്ഥമില്ലാതാക്കുന്നതിനാൽ യുക്തമായിരിക്കുന്നില്ല.

രാഗവിശേഷങ്ങളിൽ ആ ശ്രുത്യന്തരനാദത്തിന്റെ പ്രയോഗത്തിന്നും ഗമകവിശേഷങ്ങളിലെ പ്രയോഗത്തിന്നും ഉദാഹരണം കാണിക്കുന്നു—

സൂ—രാഗവിശേഷേ ഗൌഡസാവേര്യ്യാദാവൃഷഭസ്യ കാംബോജീശങ്കരാഭരണാദൌ ഷഡ്ജധൈവതയോഃ കല്യാണ്യാദൌ കാകലിപ്രതിമദ്ധ്യമയോശ്ച യഥായഥം നീചോച്ചഭാവഃ. ഗമകേഷു ച ത്രിരൂപാദിഷു. ൫൫

ഭാ—ദക്ഷിണദേശീയത്തിൽ പന്തിരണ്ടു സ്വരങ്ങളും ഇരുപത്തിനാലു ശ്രുതികളുമാണ് സമാനമാനങ്ങളായിട്ടുള്ളതെന്ന സ്ഥിതിയിൽ ഓരോ സ്വരത്തിന്നും ഈരണ്ടു ശ്രുതികൾ വീതമായിട്ടാണല്ലോ ഇരിക്കുന്നത്. അതുപ്രകാരം തോഡി, ഗൌഡം, സാവേരി, മാളവഗൌഡം എന്നീ രാഗങ്ങളിലെല്ലാം ശുദ്ധഋഷഭസ്വരമുണ്ടെങ്കിലും ആ സ്വരം അവയിലെല്ലാം ഒരേ സ്ഥാനത്തല്ല. തോഡി, മാളവഗൌഡം ഇവയിൽ ഷഡ്ജത്തിൽനിന്നു രണ്ടാമത്തെ ശ്രുതിയിൽത്തന്നെ വരുന്ന നാദമായ ശുദ്ധഋഷഭസ്വരമാണ്. ഗൌഡം, സാവേരി എന്നിവയിലാകട്ടെ ഷഡ്ജത്തിന്നുശേഷം രണ്ടാമത്തെ ശ്രുതിയിൽനിന്നല്പം കുറഞ്ഞും ഒന്നാമത്തെ ശ്രുതിയിൽനിന്നധികമായും ഇരിക്കുന്ന നാദവിശേഷമാണ് പ്രയോഗത്തിൽ ശുദ്ധഋഷഭമായി വരുന്നത്. അങ്ങനെയായാലേ അതാതു രാഗത്തിന്റെ രഞ്ജകതാവിശേഷം സിദ്ധിക്കയുമുള്ളു. അതുപോലെ കാംബോജീ, ശങ്കരാഭരണം എന്നീവക രാഗങ്ങളിലെ വികൃതധൈവതസ്വരം ശുദ്ധധൈവതത്തിൽനിന്നു രണ്ടു ശ്രുതിയിലധികമുള്ളത് രണ്ടര ശ്രുതിയോളം ഉച്ചതയുള്ള നാദമായിട്ടാണ് പ്രയോഗത്തിലിരിക്കുന്നത്. ശങ്കരാഭരണത്തിൽ രഞ്ജനക്കുവേണ്ടി ഷഡ്ജസ്വരത്തെ പലപ്പോഴും സ്വസ്ഥാനത്തിൽനിന്ന് അര ശ്രുതി കുറച്ചും അര ശ്രുതി അധികമായും പ്രയോഗിക്കുന്നുണ്ട്. കല്യാണി രാഗത്തിൽ പ്രതിമദ്ധ്യമവും കാകലിനിഷാദവും അതാതിന്റെ സ്ഥാനത്തുള്ള നാദത്തിൽനിന്നല്പം ഉച്ചതകൂടിയ നാദമായാലേ രാഗത്തിന്റെ ജീവൻ പോലും സിദ്ധിക്കയുള്ളു. ശ്രുതികളെ ഇരുപത്തിനാലാക്കിത്തിരിക്കുന്നതായാൽ ഇപ്രകാരം

പല രാഗങ്ങളിലും ഓരോ ശ്രുതിയിലടങ്ങിയ അവാന്തരനാദങ്ങൾ പ്രയോഗത്തിൽ പ്രത്യേക രഞ്ജകങ്ങളായിരിക്കുന്നതു കാണാം. എന്നുതന്നെയല്ല, കേദാരഗൌഡരാഗത്തിൽ നിഷാദം കാകളിയാണെന്നു രാമാമാത്യനും കൈശികമാണെന്നു വെങ്കടമഖിയും പറഞ്ഞു വഴക്കു കൂട്ടുവാൻ സംഗതി വരുത്തിയതും രണ്ടു ഗ്രന്ഥകാരന്മാരും ദക്ഷിണദേശീയപ്രയോഗങ്ങളിലെ നാദഭേദങ്ങളെ സൂക്ഷ്മമായിനോക്കി ശ്രുതിവിഭാഗം ചെയ്യാതെ അതിലും മാർഗ്ഗത്തിലെപ്പോലെത്തന്നെയാണ് ശ്രുതിസംഖ്യയും ശ്രുതിമാനവുമെന്നു ധരിച്ചതും ആ ധാരണയനുസരിച്ചു സ്വരവിഭാഗം ചെയ്തതും അതുപ്രകാരമുള്ള ശ്രുതിയുടെ മദ്ധ്യത്തിലുള്ളതും ഉച്ചനീചഭാവം സ്പഷ്ടമായിട്ടുള്ളതുമായ നാദഭേദത്തെഗ്ഗണിക്കാതിരുന്നതും നിമിത്തമാണെന്നു പറയേണ്ടിയിരിക്കുന്നു. പ്രയോഗത്തിന്റെ വസ്തുസ്വഭാവമനുസരിച്ചാകട്ടേ കേദാരഗൌഡത്തിൽ രഞ്ജകമായും സ്ഥായപ്രയോഗത്തിൽ സുരട്ടിരാഗത്തിൽനിന്നു വ്യാവൃത്തമായും ഇരിക്കുന്ന നിഷാദനാദം കാകളിയിൽനിന്നു താണതും കൈശികത്തിൽനിന്നല്പം മൂത്തതുമായ അവാന്തരനാദമാണ്. ആ മദ്ധ്യനാദത്തെ ഒരാൾ കാകളിയാണെന്നും മററൊരാൾ കൈശികമാണെന്നും ധരിച്ചു വിവാദത്തിന്നിടവരുത്തിയതാണ്. ഇപ്രകാരം ഗമകപ്രയോഗങ്ങളിലും മേൽപറഞ്ഞ അവാന്തരനാദം സ്പഷ്ടമായിട്ടുള്ളതാണ്. മിക്ക രാഗങ്ങളിലും ഗീതങ്ങളിലും ഭൈരവി, ശങ്കരാഭരണം മുതലായവയിൽ വിശേഷിച്ചും അവരോഹണക്രമത്തിൽ രഞ്ജനാവിശേഷത്തിനുവേണ്ടി ഓരോ സ്വരത്തെയും അടുത്ത മേൽസ്വരത്തിന്റെ നാലിലൊരംശംവരെ വ്യാപിപ്പിച്ചുകൊണ്ടു പ്രയോഗിക്കയെന്ന സ്വഭാവത്തിലുള്ള ത്രിരൂപഗമകം മുതലായതിലും ആ അവാന്തരനാദപ്രയോഗമാണല്ലോ ഉള്ളത്. ആ വക പ്രയോഗങ്ങളും സ്ഥായിയുടെ മൂലാവയവമായിഗ്ഗണിക്കുന്ന ശ്രുതികളെ ഇരുപത്തിനാലാക്കി വിഭജിച്ചാൽ ഉപപന്നമാകുന്നതല്ല.

സമാധാനം കാണിക്കുന്നു—

സൂ—ഉച്യതേ. പ്രയോഗാനുരോധാദ്ദക്ഷിണേ നിഷ്കൃഷ്ടശ്രുതിലക്ഷണാനുസാരേണ സ്ഥായിന്യഷ്ടാചത്വാരിംശദേവ ശ്രുതയോംഗീകരണീയാ ഇതി സുധിയഃ. ൫൭

ഭാ—മേൽപ്പറഞ്ഞ ശങ്കക്കു സമാധാനം പറയാം. ദക്ഷിണപ്രസ്ഥാനത്തിൽ പ്രയോഗവിശേഷമനുസരിച്ചും അഭിനവഗുപ്താദ്യാചാര്യന്മാർ കാണിച്ചിട്ടുള്ള നിഷ്കൃഷ്ടശ്രുതിലക്ഷണമനുസരിച്ചും ഒരു സ്ഥായിയിൽ നാല്പത്തെട്ടു ശ്രുതികളാണെന്നുതന്നെ സ്വീകരിക്കേണ്ടതുണ്ടെന്നാണ് സൂക്ഷ്മസ്ഥിതിയറിയുന്ന വിദ്വാന്മാരുടെ മതം. മുമ്പു കാണിച്ച ഹനുമദാചാര്യവചനവും ആ മതത്തിന്നനുകൂലമായിട്ടാണിരിക്കുന്നത്. അപ്രകാരമുള്ള ഓരോ ശ്രുതിക്കും വാസ്തവത്തിൽ അവയവങ്ങളുണ്ടായിരിക്കുമെങ്കിലും ആവക അവയവനാദങ്ങൾ തമ്മിലുള്ള വ്യത്യാസം സുശിക്ഷിതന്മാർക്കും തിരിച്ചറിവാൻ സാധിക്കാത്തതിനാൽ നിഷ്കൃഷ്ടശ്രുതിലക്ഷണപ്രകാരം ആ അവയവങ്ങളോരോന്നും ശ്രുതികളാകയുമില്ല, എന്നു താൽപര്യം.

ഈ സിദ്ധാന്തമതത്തിന്ന് അഭിജ്ഞസമ്മതി കാണിക്കുന്നു—

സൂ—അത ഏവ പാദത്രിപാദസ്വരവ്യവഹാരോഭിജ്ഞാനാം സംഗച്ഛതേ. ൫൮

ഭാ—കാൽസ്വരം കുറഞ്ഞു, മുക്കാൽസ്വരം അധികമാണ്. ഈ ആധാരശ്രുതികൾ രണ്ടും തമ്മിൽ കാൽസ്വരംകൊണ്ടുള്ള അന്തരമുണ്ട് എന്നെല്ലാം അഭിജ്ഞന്മാർ വ്യവഹരിച്ചു വരുന്നതും ശ്രുതികൾ നാല്പത്തെട്ടാണ് ദക്ഷിണദേശീയത്തിലെന്നു സ്വീകരിച്ചാലേ സംഗതമാകയുള്ളൂ. ഇരുപത്തിനാലാണ് ശ്രുതികളെന്ന പക്ഷത്തിൽ രണ്ടു ശ്രുതികൾ കൂടി

ന്നാൽ ഒരു സ്വരം എന്നാണല്ലോ ശ്രുതിസ്വരവിഭാഗം വരുന്നത്. അപ്പോൾ കാൽസ്വരമെന്നതിന്ന് അര ശ്രുതിയെന്നും മുക്കാൽ സ്വരമെന്നതിന്ന് ഒന്നര ശ്രുതിയെന്നും ഗണിക്കേണ്ടതായിത്തീരുന്നു. വാക്യത്തിന്നു വർണ്ണമെന്നതുപോലെ സ്ഥായിക്കു മൂലാവയവമായിരുന്നിക്കുന്ന ശ്രുതി പിന്നെയും വിഭജിക്കത്തക്കതാണെങ്കിൽ അതു മൂലാവയവംതന്നെയാകുന്നതല്ല. അതിനാൽ അഭിജ്ഞവ്യവഹാരം ഉപപന്നമാകണമെങ്കിലും നാല്പത്തെട്ടു ശ്രുതികളാണെന്നു സ്വീകരിക്കണമെന്നു താൽപര്യം. അരക്കാൽ സ്വരം, മുക്കാലേ അരക്കാൽ സ്വരം എന്നിങ്ങനെ പിന്നെയും സ്വരത്തെ അംശിച്ചുകൊണ്ടുള്ള അഭിജ്ഞവ്യവഹാരം പ്രസിദ്ധമല്ലെന്നും അതുകൊണ്ട് അന്വയവ്യതിരേകയുക്തികൾ രണ്ടും ഈ വിഷയത്തിൽ സാധകമായിട്ടുണ്ടെന്നും ഗ്രഹിച്ചുകൊൾക.

സ്വരങ്ങൾ ഒരു സ്ഥായിയിൽ പന്തിരണ്ടാണെന്നാണല്ലോ പറഞ്ഞത്. രാഗവിശേഷങ്ങളിലെ പ്രയോഗമനുസരിച്ചു ശ്രുതികൾ നാല്പത്തെട്ടുണ്ടെന്നും പറഞ്ഞു. സ്ഥായിയിലുൾപ്പെട്ട ഏതെങ്കിലും ഏഴു വ്യവസ്ഥിതനാദവിശേഷങ്ങളെക്കൊണ്ടാണ് ഓരോ രാഗവിശേഷങ്ങളുണ്ടാകുന്നതെന്ന സ്ഥിതിക്ക് എല്ലാ ശ്രുതികളും ഓരോ അവസരത്തിൽ ആ ഏഴിൽച്ചേർന്ന സ്വരങ്ങളായി വരുന്നതിനാൽ സ്വരങ്ങളും നാല്പത്തെട്ടുണ്ടെന്നു സ്വീകരിക്കേണ്ടിയിരിക്കുന്നു. ഒരു രാഗത്തിലും പന്തിരണ്ടു സ്വരങ്ങളും കൂടി വരാത്തതുകൊണ്ടു പന്തിരണ്ടു സ്വരങ്ങളെന്നു പറയുന്നതും പരമാവധിയായി രാഗങ്ങളിലേതിലെങ്കിലുമായി വരാവുന്ന സ്വരസംഖ്യയാണെന്നു സ്വീകരിക്കാതെ തരമില്ല. ഇങ്ങനെയുള്ള ശങ്കക്കു സമാധാനം പറയുന്നു—

സൂ—തത്ര ലാഘവാദ്വ്യവഹാരേ പ്രഥമദ്വിതീയേ പൂർവ്വേണ സംബദ്ധ്യേതേ. തൃതീയാ തൂത്തരേണ. ൧൮

ഭാ—വസ്തുസ്ഥിതിയിൽ ശ്രുതികളെല്ലാംതന്നെയും പ്രയോഗത്തിൽ വേറെ വേറെ സ്വരങ്ങളായിത്തീരുമെങ്കിലും ലാഘവമനുസരിച്ചുള്ള വ്യവഹാരസൌകര്യത്തിന്നായി നാലു ശ്രുതികൾകൂടിയാൽ ഒരു സ്വരമെന്നാണ് സങ്കേതമേർപ്പെടുത്തീട്ടുള്ളത്. അങ്ങനെ ഓരോ സ്വരത്തിന്നും നന്നാലു ശ്രുതികളുള്ളതിൽ ഒന്നാമത്തെയും രണ്ടാമത്തെയും ശ്രുതികൾ അതിന്നു മുമ്പുള്ള സ്വരത്തോടാണ് ചേരുന്നത്. മുമ്പിലത്തെ സ്വരത്തിൻെറ ഒരു വകഭേദമെന്ന നിലയിൽ ആ സ്വരത്തിൻെറ സംജ്ഞകൊണ്ടാണ് വ്യവഹരിച്ചുവരുന്നതെന്നർത്ഥം. കല്യാണിരാഗത്തിൽ പ്രതിമദ്ധ്യമം, കാകളിനിഷാദം ഇവയും ശങ്കരാഭരണത്തിൽ വികൃതധൈവതവും വസ്തുസ്ഥിതിയിൽ അതാതു സ്വരങ്ങളുടെ വ്യവസ്ഥിതസ്ഥാനങ്ങളിൽനിന്നു ശ്രുതിസംഖ്യ കൂടിയതാണെങ്കിലും പ്രതിമദ്ധ്യമമായിട്ടും കാകളിനിഷാദമായിട്ടും വികൃതധൈവതമായിട്ടുംതന്നെയാണല്ലോ അവയെ വ്യവഹരിക്കാറുള്ളത്. മൂന്നാമത്തെ ശ്രുതിയാകട്ടേ മേൽ നാലാമത്തെ ശ്രുതിയിലുള്ള സ്വരത്തോടു ചേരുന്നു. ആ സ്വരത്തിൻെറ വകഭേദമായിഗ്ഗണിച്ച് അതിൻെറ സംജ്ഞകൊണ്ടുതന്നെ വ്യവഹരിച്ചുവരുന്നുവെന്നർത്ഥം. സൂത്രത്തിൽ സംബദ്ധ്യേതേ എന്ന ദ്വിവചനം മാററി സംബദ്ധ്യതേ എന്ന ഏകവചനമാക്കി അന്വയിക്കണം. ഇങ്ങനെ വ്യവഹാരസൌകര്യത്തിന്നുവേണ്ടിയാണ് നന്നാലു ശ്രുതി കൂടിയാൽ ഒരു സ്വരമെന്ന സ്ഥിതിയിൽ സ്വരങ്ങളെ പന്തിരണ്ടാക്കിത്തിരിച്ചിട്ടുള്ളതെന്നും ഓരോ സ്വരത്തിൻെറയും വ്യവസ്ഥിതസ്ഥാനത്തിന്നു മുമ്പുള്ള രണ്ടു ശ്രുതികളും പിന്നെയുള്ള രണ്ടു ശ്രുതികളും ആ സ്വരസംജ്ഞകൊണ്ടു വ്യവഹരിച്ചുവരുന്നുവെന്നും സ്വരമദ്ധ്യത്തെയാ

ണ് ഓരോ സ്വരത്തിൻെറയും വ്യവസ്ഥിതസ്ഥാനമാക്കീട്ടുള്ളതെന്നും അത്ഥസിദ്ധമായിത്തീരുകയും ചെയ്യുന്നു.

ദക്ഷിണദേശീയത്തിൽ ശ്രുതികഠം നാല്പത്തെട്ടാണെങ്കിൽ വികൃതങ്ങളായ ഋഷഭധൈവതങ്ങഠം ഷഡ്ജപഞ്ചമങ്ങഠംക്കടുത്ത സ്വരങ്ങളായി വരുന്ന രാഗങ്ങളിലും മററം ആ സ്വരങ്ങഠംക്ക ചതുശ്ശ്രുതികഷ്ഭമെന്നും ചതുശ്ശ്രുതിധൈവതമെന്നും ഉള്ള അഭിജ്ഞവ്യവഹാരം എങ്ങനെ ശരിയാകും. അഷ്ടശ്രുതികഷ്ഭമെന്നും അഷ്ടശ്രുതിധൈവതമെന്നുമാണല്ലോ പറഞ്ഞുവരേണ്ടത്. എന്നുള്ള ശങ്കയെപ്പരിഹരിക്കുന്നു—

സൂ—സാമാന്യതഃ ശ്രുതിദ്വയമേകീകൃത്യാഭിജ്ഞൈർവ്യവഹ്രിയത ഇത്യത്രാപി തഥൈവ. വിശേഷസത്വേ വിശേഷോക്തിഃ. ൭൯

ഭാ—വസ്തുസ്ഥിതിപ്രകാരം രണ്ടു ശ്രുതികഠം കൂടിയത് ഒരു ശ്രുതിയാക്കിഗ്ഗണിച്ചിട്ടാണ് ചതുശ്ശ്രുതികഷ്ഭമെന്നും മററം സാമാന്യമായി വ്യവഹരിച്ചുവരുന്നതെന്നുതന്നെ പ്രയോഗം പരിശോധിച്ചുനോക്കുമ്പോഠം പറയേണ്ടിയിരിക്കുന്നു. അപ്രകാരമുള്ള വ്യവഹാരം അഭിജ്ഞപ്രസിദ്ധമായതിനാൽ അതിനെ അനുസരിക്കേണ്ടതുകൊണ്ട് ഈ ഗ്രന്ഥത്തിലും മിക്ക സ്ഥലങ്ങളിലും അതനുസരിച്ചുതന്നെയാണ് ആ വക സ്വരങ്ങളെ നിർദ്ദേശിക്കുന്നത്. ഏതെല്ലാം സ്ഥലങ്ങളിൽ നാല്പത്തെട്ടു ശ്രുതികളാണ് സ്ഥായിയിലെന്നു ഗണിച്ചു വിവരിക്കേണ്ട വിശേഷവിഷയങ്ങഠം പറയേണ്ടിവരുന്നുവോ ആവക സ്ഥലങ്ങളിൽ അതു പ്രത്യേകം പ്രതിപാദിക്കുന്നതുമാണ്.

ഇനി മാർഗ്ഗദക്ഷിണങ്ങളിലെ ഏതേതെല്ലാം ശ്രുതികളിൽ പന്തിരണ്ടായും മററം വിഭജിച്ച സ്വരങ്ങളിലോരോന്നും സ്ഥിതി ചെയ്യുന്നുവോ ആ ശ്രുതികളും ആ സ്വരങ്ങളും തമ്മിൽ രാഗവിശേഷവ്യവസ്ഥയനുസരിച്ചുണ്ടാകുന്ന ബന്ധം ഇന്നതാണെന്നു കാണിപ്പാനായി ആ വിഷയത്തിൽ പ്രാചീനാചാര്യന്മാരുടെ മതഭേദങ്ങഠം കാണിക്കുന്നു—

സൂ—രണനാത്മികാ ശ്രുതിരനുരണനാത്മകസ്സ്വര ഇതി സ്ഫോടാംശസ്യ ശ്രുതിത്വാന്നാദാംശസ്യ സ്വരത്വാത്തയോർജ്ജന്യജനകഭാവ ഇതി നിശ്ശങ്കാദയഃ. ൮൦

ഭാ—ശ്രുതിയെന്നത് അനുരണനത്തിന്നുമുമ്പുണ്ടാകുന്ന രണനമാണ്. സ്വരം അതിനാലുണ്ടാകുന്ന അനുരണനരൂപവുമാണ്. എന്നിങ്ങനെ നാദമുള്ള ശബ്ദതരംഗപരമ്പരയിലെ ആദ്യത്തെത്തരംഗസ്വരൂപവും ശേഷമുള്ള തരംഗങ്ങഠംക്കു കാരണവുമായ സ്ഫോടഭാഗം ശ്രുതിയും ശേഷമുള്ള ക്രമികതരംഗപരമ്പരാരൂപമായ നാദഭാഗം സ്വരവുമാണ്. അതിനാൽ കാര്യകാരണഭാവമാണ് ശ്രുതിസ്വരങ്ങഠം തമ്മിലുള്ള ബന്ധം. എന്നാണ് നിശ്ശങ്കശാർങ്ഗദേവൻ മുതലായ ചിലർ പറയുന്നത്. "ശ്രുതിഭ്യസ്സ്യുഃ സ്വരാഃ. ശ്രുത്യനന്തരഭാവീയഃ സ്നിഗ്ധോനുരണനാത്മകഃ." എന്നീവക നിശ്ശങ്കവചനങ്ങഠം നോക്കുക.

സൂ—ശ്രുത്യാ സ്വരോഭിവ്യജ്യത ഇതി സ്വരാഭിവ്യഞ്ജകത്വം ശ്രുതേരിതി മതംഗാദയഃ. ൮൧

ഭാ—ശ്രുതികൊണ്ടു സ്വരം അഭിവ്യഞ്ജിക്കയാണ് ചെയ്യുന്നത്. അതായത് ദീപപ്രകാശം വസ്തുക്കളെ പ്രത്യക്ഷമാക്കുന്നതുപോലെ ശ്രുതിയുടെ ജ്ഞാനം സ്വരത്തിൻെറ ജ്ഞാനത്തെ ഉണ്ടാക്കുകയാണ്. അതിനാൽ ശ്രുതി സ്വരത്തിൻെറ ജ്ഞാപകവും സ്വരം ശ്രുതിയാൽ ജ്ഞാപ്യവുമായതുകൊണ്ടു ജ്ഞാപ്യജ്ഞാപകഭാവമാണ് അവ തമ്മിലുള്ള ബന്ധം. എന്നിങ്ങനെയാണ് മതംഗമുനി മുതലായവരുടെ മതം. "ഷഡ്ജാദയസ്സ്വരാസ്സപ്ത

വ്യജ്യന്തേ ശ്രുതിഭിസ്സദാ അന്ധകാരസ്ഥിതാ യദ്വൽ പ്രദീപേന ഘടാദയഃ. അഭിവ്യക്തിസ്ഥ സർവ്വേഷാം ന്യായ്യഃ പക്ഷസ്സതാം മതഃ. അർത്ഥാപത്ത്യാനുമാനേന പ്രത്യക്ഷജ്ഞാനതോപി വാ ഗൃഹ്യന്തേ ശ്രുതയസ്താവൽ സ്വരാഭിവ്യക്തിഹേതവഃ.'' എന്നിവക മതംഗമുനിവചനം നോക്കുക.

സൂ—ശ്രുതിസ്സ്വരാത്മനാ പരിണമത ഇത്യന്യേ. ൩൨

ഭാ—സ്വർണ്ണം കടകമായും കുണ്ഡലമായും മററും പരിണമിക്കുന്നതുപോലെയും ക്ഷീരം ദധിയായിപ്പരിണമിക്കുന്നതുപോലെയും ഓരോ ശ്രുതി ഓരോ സ്വരമായിപ്പരിണമിക്കയാണ്. അതായത് ശ്രുതിയുടെതന്നെ ആകൃതിവിശേഷത്തിലുള്ള പരിണാമമാണ് സ്വരം. അതിനാൽ പരിണാമിപരിണാമഭാവമാണ് ശ്രുതിസ്വരങ്ങൾ തമ്മിലുള്ള ബന്ധം. എന്നാണ് മററുചിലർ പറയുന്നത്. ''ശ്രുതയസ്സ്വരരൂപേണ പരിണമന്തേ യഥാ ക്ഷീരം ദധിരൂപേണ.'' എന്നു കോഹലവചനം.

സൂ—സർവ്വാസാമപി ശ്രുതീനാം യഥായഥം സ്വരത്വാൽ ശ്രുതിസ്വരയോസ്താദാത്മ്യമേവേത്യപരേ. ൩൩

ഭാ—എല്ലാ ശ്രുതികളും രാഗഭേദത്താലും മററും സ്വരങ്ങളാകുന്നുണ്ട്. അതായത് ഓരോ പ്രത്യേകനിലയിലെത്തുന്ന മനുഷ്യന് അപ്പോഴപ്പോൾ രാജത്വമോ മന്ത്രിത്വമോ മറേറാ ഉണ്ടാകുന്നതുപോലെ ഓരോ നിലയിലിരിക്കുന്ന ശ്രുതികളിൽത്തന്നെ സ്വരത്വമെന്ന വിശേഷധർമ്മവും കൂടി ഉണ്ടാകുന്നുവെന്നേയുള്ളു. അല്ലാതെ സ്വരമായിവരുന്ന ശ്രുതിക്കു വ്യക്തിഭേദമോ ആകൃതിഭേദമോ വരുന്നില്ല. അതിനാൽ താദാത്മ്യം അതായത് അഭേദംതന്നെയാണ് അവ തമ്മിലുള്ള ബന്ധം. എന്നാണ് വേറെച്ചിലരുടെ മതം. ''ശ്രുതയസ്സ്യുഃസ്സ്വരാഭിന്നാഃ ശ്രാവണത്വേന ഹേതുനാ അഹികുണ്ഡലവത്തത്ര ഭേദോക്തിഃ'' എന്നു പാരിജാതം.

ഈ മതഭേദങ്ങളിൽ ചിലതിന്നടിസ്ഥാനം ഇന്നതെന്നു വ്യക്തമാക്കുന്നു—

സൂ—അത്ര പക്ഷത്രയം തരംഗപരമ്പരാരൂപധ്വനേരംശവിഭാഗേന കല്പിതം. ൩൪

ഭാ—ഇങ്ങനെ ഈ വിഷയത്തിലുള്ള മതഭേദങ്ങളിൽ ആദ്യം കാണിച്ച മൂന്നു മതങ്ങളും തുടർന്നുണ്ടാകുന്ന തരംഗപരമ്പരാസ്വരൂപമായ ധ്വനിക്കുള്ള അംശഭേദങ്ങളെ അവലംബിച്ച് അതിൽ ചില അംശം ശ്രുതിയെന്നും മററു ചില അംശം സ്വരമെന്നും വിഭാഗം കല്പിച്ച് അതടിസ്ഥാനമാക്കിയുണ്ടായതാണ്. ശ്രുതിജന്യമാണ് സ്വരം എന്ന നിശ്ശങ്കാദിമതത്തിൽ സ്ഫോടാംശം ശ്രുതിയും നാദാംശം സ്വരവുമായതിനാൽ അംശവിഭാഗകല്പനം സ്പഷ്ടം. ശ്രുതിവ്യംഗ്യമാണ് സ്വരമെന്ന മതംഗാദിമതത്തിലും വ്യംഗ്യവും വ്യഞ്ജകവും ഒരേ വസ്തുതന്നെയായിവരാത്തതിനാൽ ധ്വനിക്കു രണ്ടംശം കല്പിച്ച് അതിൽ ഒന്നു വ്യഞ്ജകവും മററതു വ്യംഗ്യവുമാണെന്നാണ് അഭിപ്രായമെന്നു പറയാതെ തരമില്ല. ശ്രുതിയുടെ പരിണാമമാണ് സ്വരമെന്ന മതത്തിലും പരിണാമിയായ സ്വർണ്ണത്തിന്നും പരിണാമമായ കുണ്ഡലത്തിന്നും ആകൃതിഭേദമുള്ളതിനാൽ ധ്വനിയിൽ വിഭിന്നാകൃതികളായ രണ്ടു ഭാഗങ്ങൾ കല്പിക്കേണ്ടതുണ്ട്. ശ്രുതിസ്വരങ്ങൾക്കു താദാത്മ്യമാണുള്ളതെന്ന മതത്തിൽമാത്രം ആ ഭാഗകല്പനം ആവശ്യമില്ല.

ഈ മതങ്ങളിൽ ഏതാണധികം യുക്തമായിട്ടുള്ളതെന്നു പരിശോധിക്കുന്നു—

സൂ—നാദഭേദഗ്രഹ ഏവ ശ്രുതിഭേദഗ്രഹോപീതി ന സ്ഫോടാംശമാത്രസ്യ ശ്രുതിത്വം സംഗതം. ശ്രുതിസ്വരത്വയോർവ്യാപ്യവൃത്തിത്വാച്ച. ൩൫

ഭാ—സ്ഫോടനാദങ്ങളുള്ള ധ്വനിയിൽ സ്ഫോടരൂപവും രണനമെന്നു പറയുന്നതുമായ പ്രഥമതരംഗത്തിന്റെ ഗ്രഹണംകൊണ്ടു ശ്രുതിയുടെ ജ്ഞാനമുണ്ടായതായി അനുഭവപ്പെടുന്നില്ല. നേരെ മറിച്ച് അനുരണനരൂപമായ നാദാംശവും കൂടി ഗ്രഹിച്ചാലേ സ്ഥായ്യവയവമായ ശ്രുതി ഗ്രഹിച്ചതായിത്തോന്നുകയുള്ളൂ. എന്നുതന്നെയല്ല, ശ്രുതിഗ്രഹണത്തിൽ പ്രാധാന്യവും നാദാംശഗ്രഹണത്തിന്നാണ്. അങ്ങനെയുള്ള രണ്ടു വിഭിന്നനാദങ്ങൾ തമ്മിലുള്ള വ്യത്യാസം ഗ്രഹിക്കുന്നതേ ശ്രുതിഭേദം ഗ്രഹിക്കുന്നതായി വരികയുമുള്ളൂ. അതുകൊണ്ടു ശ്രുതിയും അനുരണനമെന്നു പറയുന്ന നാദാംശത്തെക്കൂടി അവലംബിച്ചിരിക്കുന്നതിനാൽ സ്ഫോടാംശമായ രണനംമാത്രമാണ് ശ്രുതിയെന്നും ശ്രുതിസ്വരങ്ങൾ തമ്മിലുള്ള ബന്ധം കാര്യകാരണഭാവമാണെന്നുമുള്ള മതം യുക്തമാകുന്നതല്ല. ശ്രുതിത്വമെന്ന ധർമ്മവും സ്വരത്വമെന്ന ധർമ്മവും സ്ഫോടം മുതൽക്കുള്ള ക്രമികതരംഗപരമ്പരകളിലെല്ലാംകൂടി വ്യാപിച്ചുകൊണ്ടു മാത്രമാണ് പര്യാപ്തമായിരിക്കുന്നത്. പ്രത്യേകരീതിയിൽ നെയ്തു ചേർത്ത തന്തുക്കളിലെല്ലാം കൂടിമാത്രം വസ്ത്രത്വധർമ്മം പര്യാപ്തമായിരിക്കുന്നപോലെയെന്നർത്ഥം. ഒരു നൂലിൽ വസ്ത്രത്വപര്യാപ്തിയില്ലാത്തതുപോലെ ശബ്ദതരംഗപരമ്പരയിലെ ഒരു തരംഗത്തിൽ മാത്രമായി ശ്രുതിത്വത്തിന്റെയോ സ്വരത്വത്തിന്റെയോ പര്യാപ്തിയും വരുന്നതല്ല. അതിനാലും ക്രമികതരംഗപരമ്പരയെ അംഗവിഭാഗം ചെയ്തു ശ്രുതിയായും സ്വരമായും തിരിക്കുന്നതു യുക്തമല്ല.

സൂ—ആധാരശ്രുതിരൂപമന്യശ്രുതിരൂപം വാ നാദഭേദമവലംബ്യൈവ സ്വരാപസ്വരയോർന്നിർണ്ണയാദഭിവ്യഞ്ജകതാമതമപി താവന്മാത്രേ സംഗതം. ന പുനസ്തത്തച്ഛ്രുതിസ്വരബന്ധേ. ൩൩

ഭാ—മേൽപ്പറഞ്ഞ പ്രകാരം ശ്രുതിത്വവും സ്വരത്വവും ക്രമികതരംഗപരമ്പരയിലെല്ലാംകൂടി പര്യാപ്തമായതിനാൽത്തന്നെ ആ തരംഗപരമ്പരയെ വിഭജിച്ച് ഒരു വിഭാഗം ശ്രുതിയും മററതു സ്വരവുമാക്കി അവ തമ്മിൽ വ്യംഗ്യവ്യഞ്ജകഭാവബന്ധം കല്പിക്കുന്നതു ശരിയല്ലെന്നു സിദ്ധമായി. എന്നാൽ മറെറാരു തരത്തിൽ ശ്രുതിക്കു സ്വരവ്യഞ്ജകത്വമുണ്ട്. ഷഡ്ജാന്ത്യശ്രുതിയായ ഗീതാധാരശ്രുതിയെയോ, സ്ഥായിയിൽ ഏതെങ്കിലും സ്വരങ്ങളുടെ അന്തരശ്രുതികളിൽ ഒരു പ്രത്യേകശ്രുതിയെ നിർണ്ണയപ്പെടുത്തി ആ ശ്രുതിയെയോ ആസ്പദമാക്കീട്ടാണ് ഓരോരോ രാഗങ്ങളിൽ ഇന്നിന്ന നാദവിശേഷങ്ങളെല്ലാം സ്വരങ്ങളാണെന്നും ഇന്നിന്നതെല്ലാം ആ രാഗത്തിന്നു യോജിക്കാത്ത അപസ്വരങ്ങളാണെന്നും അറിവാൻ സാധിക്കുന്നത്. അതുകൊണ്ടു ശ്രുതിക്കു സ്വരവ്യഞ്ജകത്വം ആ വിധത്തിൽ സംഭവിക്കുന്നതാണ് എങ്കിലും അപ്രകാരം അന്യസ്വരങ്ങളെ വ്യഞ്ജിപ്പിക്കുന്ന സംഗതിയെപ്പററിയേടത്തോളം മാത്രം ആ ശ്രുതിക്കും സ്വരങ്ങൾക്കും വ്യംഗ്യവ്യഞ്ജകഭാവം സംഭവിക്കുമെന്നല്ലാതെ അതാതു ശ്രുതിയെന്നു പറയുന്ന ധ്വനിക്ക് അതേ നാദസ്വരൂപമായ സ്വരത്തിന്റെ വ്യഞ്ജകത്വമാണുള്ളതെന്നു വരുന്നതല്ല. വ്യംഗ്യവ്യഞ്ജകഭാവത്തിന്നു സാമാന്യമായി വസ്തുഭേദവുംകൂടി കാരണമായതിനാൽ ഒരു വസ്തുവിന്ന് അതിന്റെതന്നെ വ്യഞ്ജകത്വം സാധാരണയായി സംഭവിക്കുന്നതല്ലല്ലോ. അതിനാലും പ്രകൃതമായ ശ്രുതിസ്വരബന്ധത്തെപ്പററിയേടത്തോളം ആ മതവും ശരിയാകുന്നതല്ല. മതംഗമുനിയാകട്ടേ ഗീതാധാരശ്രുതിയെപ്പററി മാത്രമാണ് "ഏകൈവ ശ്രുതിഃ." എന്നും അതിനെ ആസ്പദമാക്കിയാണ് സോപാനപരമ്പരാക്രമത്തിലും മററും മററു ശ്രുതികളും സ്വരങ്ങളും രൂപപ്പെടുന്നതെന്നും കാണിച്ചിട്ടുള്ളതെന്നു മുമ്പു വിവരിച്ചിട്ടുമുണ്ട്. ആ ആധാരശ്രുതിക്കു മേൽവിവരിച്ച പ്രകാരം സ്വരങ്ങളുടെ വ്യഞ്ജകത്വം വരു

ന്നതാണെന്നും പ്രകൃതവിഷയമായ അതാതു സ്വരാന്ത്യശ്രുതികൾക്കും അതാതു സ്വരങ്ങൾക്കും ഉള്ള ബന്ധത്തെപ്പററിയല്ല മുനി വ്യംഗ്യവ്യഞ്ജകഭാവം പറഞ്ഞിട്ടുള്ളതെന്നുംതന്നെ കരുതേണ്ടിയിരിക്കുന്നു. ഓരോ രാഗത്തിലെയും സ്വരങ്ങളുടെ ഇടയിലുള്ള അന്തരശ്രുതികൾക്കു സ്വരവ്യഞ്ജകത്വമുണ്ടെന്നുള്ളതു സ്പഷ്ടവുമാണ്.

സൂ—പരിണാമേഷ്വാകാരഭേദസ്യ നിയതത്വാൽ ശ്രുതിസ്വരയോസ്തദ പ്രതീതേർമ്മതം തദപി ന ജ്യായഃ. ൩൭

ഭാ—സ്വർണ്ണം കുണ്ഡലമായിപ്പരിണമിക്കുന്നേടത്തും മണ്ണു കുടമായിപ്പരിണമിക്കുന്നേടത്തും ക്ഷീരം ദധിയായിപ്പരിണമിക്കുന്നേടത്തും എല്ലാം പരിണാമിവസ്തുവിന്നു പരിണാമത്തിൽ ആകൃതിഭേദം ഉണ്ടാകുന്നതു പ്രത്യക്ഷസിദ്ധമാണല്ലോ. അങ്ങനെ പരിണാമം വരുന്നേടത്തെല്ലാം ആകൃതിഭേദവും ഉണ്ടായിരിക്കുമെന്നുള്ളതു നിയതമാണ്. കുണ്ഡലം സ്വർണ്ണമാണെന്നും കുടം മൃണ്മയമാണെന്നും തോന്നുന്നതുപോലെ ചിലേടത്തു പരിണാമത്തിൽ പരിണാമിയുടെ തന്മയത്വം തോന്നും. ദധി ക്ഷീരമയമാണെന്നും ഭസ്മം ഇന്ധനമയമാണെന്നും തോന്നാത്തതുപോലെ ചിലേടത്ത് അതു തോന്നില്ല. അത്രമാത്രമേ ഓരോ തരം പരിണാമങ്ങളിൽ വ്യത്യാസമുള്ളു. ആകാരഭേദം നിയതംതന്നെയാണ്. ശ്രുതിരൂപനാദവും അതുതന്നെ സ്വരരൂപമാകുമ്പോഴത്തെ നാദവും തമ്മിൽ യാതൊരാകൃതിഭേദവും അനുഭവസിദ്ധമല്ല. രഞ്ജകതാരൂപമായ ഗുണം നിരന്തരതാദിദോഷപരിഹാരംകൊണ്ടും മററും ഉണ്ടാകുമ്പോൾ ശ്രുതിതന്നെ സ്വരമായിത്തോന്നുകയാണ് ചെയ്യുന്നത്. കുണ്ഡലം പെട്ടിയിൽ വെച്ചിരിക്കുമ്പോൾ മുഖത്തിന്നു ശോഭയുണ്ടാക്കാത്തതിനാൽ അലങ്കാരമാകാത്തതുപോലെയും അതുതന്നെ കാതിലണിയുമ്പോൾ മുഖശോഭ വർദ്ധിപ്പിച്ച് അലങ്കാരമായിത്തീരുന്നതുപോലെയും ഉള്ള വ്യത്യാസം മാത്രമാണ് ഒരു നാദവിശേഷം ശ്രുതിയുടെ നിലയിലും സ്വരത്തിൻെറ നിലയിലും ഇരിക്കുമ്പോൾ ഉണ്ടാകുന്നതെന്നു ചുരുക്കം. അതിനാൽ ശ്രുതിപരിണാമമാണ് സ്വരമെന്നുള്ള മതവും നല്ല ശരിയാകുന്നതല്ല.

സൂ—തസ്മാച്ഛ്രുതിസ്വരയോസ്താദാത്മ്യപക്ഷ ഏവ സംഗതഃ. ൩൮

ഭാ—മേൽ വിവരിച്ച യുക്തികളാൽ ശ്രുതിയും സ്വരവും വസ്തുസ്ഥിതിയിൽ ഒന്നുതന്നെയാണെന്നും രഞ്ജകതാഗുണവിശേഷം ആസ്പദമായി ശ്രുതിരൂപനാദത്തിൽതന്നെ സ്വരത്വമെന്ന ധർമ്മം സംഭവിക്കയാണെന്നും സിദ്ധിക്കുന്നതുകൊണ്ട് അവ തമ്മിൽ താദാത്മ്യമാണെന്നുള്ള മതംതന്നെയാണ് സംഗതമായിട്ടുള്ളത്. രണ്ടും വേറെയാണെന്നു തോന്നുന്നുണ്ടെങ്കിൽ അതു സ്വരാവസ്ഥയിൽ വരുന്ന ഗുണവിശേഷം നിമിത്തം ഉണ്ടാകുന്ന ഭ്രമം മാത്രമാണ്. ശ്രുതിവിശേഷവും സ്വരവും വ്യക്തി ഒന്നുതന്നെ. ആ വ്യക്തിയിലുള്ള രണ്ടു സാമാന്യവിശേഷധർമ്മങ്ങളാണ് ശ്രുതിത്വവും സ്വരത്വവുമെന്നു ചുരുക്കം.

ശ്രുതിക്കും സ്വരത്തിന്നും മേൽപ്രകാരം ഐക്യമുണ്ടെങ്കിലും പ്രത്യേകവിശേഷവുമുണ്ടെന്നു കാണിക്കുന്നു—

സൂ—ഇയാംസ്തു വിശേഷഃ. സർവ്വാസു ശ്രുതിഷു കാസാഞ്ചിദേവൈകദാ സ്വരത്വം. ശ്രുതിത്വം തു സർവ്വദേതി. ൩൯

ഇതി ശ്രുതിപ്രകാശഃ.

ഭാ—ശ്രുതി സ്വരങ്ങൾക്കു വ്യക്ത്യൈക്യമുണ്ടെങ്കിലും ഇങ്ങനെയൊരു വിശേഷമുണ്ട്. നീചോച്ചഭാവം ആസ്പദമാക്കി പരസ്പരവൈലക്ഷണ്യം വ്യക്തമായിട്ടുള്ള ക്രമികനാദത

രംഗപരമ്പരകളാണല്ലോ ശ്രുതികൾ. ഒരു സ്ഥായിയിലുള്ള അനേകനാദപരമ്പരകളിൽ അങ്ങനെയുള്ള ശ്രുതിരൂപനാദപരമ്പരകൾ മതഭേദമനുസരിച്ച് ഇരുപത്തിരണ്ടോ ഇരുപത്തിനാലോ നാല്പത്തെട്ടോ ഉണ്ടെങ്കിലും അവയിലെല്ലാം ഒരേ സമയത്തു രഞ്ജകതാഗുണപ്രയുക്തമായ സ്വരത്വമെന്ന വിശേഷധർമ്മമുണ്ടാകയില്ല. അല്പം ചില ശ്രുതിനാദപരമ്പരകളിൽ മാത്രമേ ഒരു സമയത്ത് അതു വരികയുള്ളൂ. ശ്രുതിത്വമെന്ന സാമാന്യധർമ്മമാകട്ടേ എല്ലായ്പോഴും അവയിലെല്ലാം ഉണ്ടായിരിക്കുന്നതാണ്. ചില ഗമകപ്രയോഗങ്ങളിലല്ലാതെ അടുത്ത രണ്ടു ശ്രുതികളിൽ ഒരേ സമയത്തു സ്വരത്വം വരില്ലെന്നു പ്രത്യേകനിയമവുമുണ്ട്. ഇതി എന്നതു ശ്രുതിപ്രകരണം കഴിഞ്ഞുവെന്നു കാണിക്കുന്നു.

ഇങ്ങനെ ശ്രുതിപ്രകാശം.

അഥ സ്വരപ്രകാശഃ.

യോ ലീലയാ വിവിധയാ ജഗദ്രഞ്ജയതി സ്വയം
തം വന്ദേ ബാലഗോവിന്ദമാനന്ദമയവിഗ്രഹം.

അനന്തരം സ്വരപ്രകാശമാരംഭിക്കുന്നു. അതിൽ ഷഡ്ജാദിനാദവിശേഷങ്ങൾക്കു സ്വരമെന്ന പേരുണ്ടായതെങ്ങനെയാണെന്നു കാണിപ്പാനായി ആദ്യം സ്വരശബ്ദത്തിൻെറ അവയവാൎത്ഥം പറയുന്നു—

സൂ—സ്വയം രഞ്ജയതീതി സ്വയം രാജത ഇതി വാ സ്വരഃ. ൧

ഭാ—സ്വഭാവത്താൽത്തന്നെ രഞ്ജനയുണ്ടാക്കുന്നത് എന്നാണ് സ്വരശബ്ദത്തിൻെറ അവയവാൎത്ഥം. അൎത്ഥജ്ഞാനത്തിൻെറയോ മറേറാ സഹായം കൂടാതെ സ്വഭാവത്താൽത്തന്നെ കേൾക്കുന്നവരുടെ മനസ്സിനെ രഞ്ജിപ്പിക്കുന്ന ശബ്ദം എന്നു പൎയ്യവസിതമായ അവയവാൎത്ഥം. ഓരോ രാഗങ്ങളിലും ഷഡ്ജാദിനാദവിശേഷങ്ങൾ ഗ്രഹം, അംശം, മന്ദ്രം, താരം മുതലായ നിലയിൽ അതാതിൻെറ സ്വഭാവവിശേഷത്താൽത്തന്നെ രഞ്ജകങ്ങളായിരിക്കുന്നുണ്ടല്ലോ. സ്വയം എന്ന പദത്തിൻെറയും രഞ്ജയതി എന്ന പദത്തിൻെറയും അൎത്ഥങ്ങളെ ആ രണ്ടു പദങ്ങളിലെയും ആദ്യത്തെ അക്ഷരങ്ങൾ വ്യഞ്ജിപ്പിക്കുന്നവിധം ആ അക്ഷരങ്ങൾ ചേൎന്നുണ്ടായ പദമാണ് സ്വരം എന്നത് എന്നു താൽപൎയ്യം. ''സ്വതോ രഞ്ജയതി ശ്രോതൃചിത്തം സ സ്വര ഉച്യതേ.'' എന്നു നിശ്ശങ്കശാർങ്ഗദേവനും ഈ അവയവാൎത്ഥമാണ് സ്വരശബ്ദത്തിന്നു പറഞ്ഞിട്ടുള്ളത്. അല്ലെങ്കിൽ സ്വയം രാജതേ, സ്വയം രാജിക്കുന്നത്, അതായത് തന്നെത്താൻ പ്രകാശിക്കുന്നത് എന്നു സ്വരശബ്ദത്തിൻെറ അവയവാൎത്ഥം. വീണയിൽ ശുദ്ധങ്ങളായ ഷഡ്ജമദ്ധ്യമപഞ്ചമനിഷാദങ്ങളും വികൃതങ്ങളായ ഋഷഭഗാന്ധാരധൈവതങ്ങളും സ്വയംഭൂനാദസ്ഥാനങ്ങളിലുള്ളവയാകയാൽ സ്വയം രാജിക്കുന്നവയാണ്. അങ്ങനെ സ്വയം, രാജതേ എന്ന രണ്ടു പദങ്ങളുടെ അൎത്ഥം വ്യഞ്ജിപ്പിച്ചുകൊണ്ട് ആ രണ്ടു പദങ്ങളിലെയും ആദ്യത്തെ അക്ഷരങ്ങൾ ചേൎന്നുണ്ടായതാണ് സ്വരശബ്ദം. ഈ അവയവാൎത്ഥത്തെ ''സ്വയം യോ രാജതേ യസ്മാത്തസ്മാദേഷ സ്വരഃ സ്മൃതഃ.'' എന്ന ഗ്രന്ഥത്താൽ മതംഗമഹൎഷി കാണിച്ചിട്ടുമുണ്ട്.

മേൽപ്രകാരം രണ്ടു പദങ്ങളുടെ അൎത്ഥങ്ങൾ കാണിപ്പാൻ ആ പദങ്ങളുടെ ആദ്യാക്ഷരങ്ങൾ ചേൎത്തുണ്ടാക്കിയതാണ് സ്വരശബ്ദമെന്നുള്ളത് അല്പം ക്ലിഷ്ടകല്പനമായതിനാൽ സ്വരശബ്ദത്തിന്നു വേറെ വിധത്തിലും അവയവാൎത്ഥം കാണിക്കുന്നു—

സൂ—സ്വൎയ്യതേ ശ്രുത്യാ ആക്ഷിപ്യത ഇതി വാ സ്വരഃ. ൨

ഭാ—ഏതിനെ സ്വരിക്കുന്നുവോ അതു സ്വരം എന്നു വിഗ്രഹം. സ്വരിക്ക എന്നതിന്ന് ആക്ഷേപിക്ക അതായത് അനുമാനത്താൽ അറിക എന്നൎത്ഥം. സ്വര ആക്ഷേപേ എന്നു ധാതു. ശ്രുതികൊണ്ട് എന്ന അംശം സംഗീതസന്ദൎഭമാകയാൽ അൎത്ഥസിദ്ധം. ഇങ്ങനെ സ്ഥായ്യാരംഭമായ ആധാരശ്രുതിയെയോ മറേറതെങ്കിലും വ്യവസ്ഥിതശ്രുതിയെയോ ആസ്പദമാക്കി അനുമാനം വഴിക്കു കണ്ടുപിടിക്കുന്നത് എന്നു സ്വരശബ്ദത്തിൻെറ അവയവാൎത്ഥമെന്നൎത്ഥം. ആധാരശ്രുതിയെ അടിസ്ഥാനമാക്കീട്ടാണല്ലോ സാധാരണയായി എല്ലാ സ്വരങ്ങളെയും കണ്ടുപിടിക്കുന്നത്. ആക്ഷേപാൎത്ഥകസ്വരധാതുവിൽനിന്നു കൎമ്മത്തിലുള്ള കൃൽപ്രത്യയം ചേൎന്നുണ്ടായതാണ് സ്വരശബ്ദം എന്നു ചുരുക്കം.

സ്വരവിഭാഗം കാണിക്കുന്നു—

സൂ—തേ ച ഷഡ്ജൎഷഭഗാന്ധാരമധ്യമപഞ്ചമധൈവതനിഷാദാഖ്യാഃ സ്ഥായിന്യേകസ്മിൻ സപ്ത. ൩.

ഭാ—അങ്ങനെയുള്ള സ്വരങ്ങളായ നാദവിശേഷങ്ങൾ ഒരു സ്ഥായിയിൽ എപ്പൊഴും ഏഴാണുണ്ടായിരിക്കുക. സ്വരങ്ങളായിരിക്കുന്ന നാദങ്ങൾ ഒരിക്കലും ഏഴിലധികം ചേൎന്നു വരികയില്ലെന്നൎത്ഥം. സപ്ത എന്നതിന്നു സപ്തൈവ എന്നുവരെ താൽപൎയ്യമുണ്ട്. അപ്രകാരം വരാവുന്ന ഏഴു സ്വരങ്ങൾക്കുള്ള സംജ്ഞകൾ ക്രമത്തിൽ ഷഡ്ജം, ഋഷഭം, ഗാന്ധാരം, മധ്യമം, പഞ്ചമം, ധൈവതം, നിഷാദം ഇങ്ങനെയാണ്. ഇവിടെ ഷഡ്ജാന്ത്യശ്രുതി മുതൽക്കുള്ള സ്ഥായിയെ ആ ആധാരശ്രുതിയെക്കൂടി ഉൾപ്പെടുത്തിക്കൊണ്ടാണ് ഗണിച്ചിരിക്കുന്നത്. ഷഡ്ജാന്ത്യശ്രുതിയെ ആരംഭാവധിയാക്കി ഋഷഭാദ്യശ്രുതി മുതൽ പിന്നത്തെ ഷഡ്ജാന്ത്യശ്രുതിയുൾപ്പെടെയാണ് ഒരു സ്ഥായിയെന്നു ഗണിക്കുന്നത് അധികം യുക്തമായിരിക്കുന്ന സ്ഥിതിക്കു സ്വരങ്ങളെയും ഋഷഭം, ഗാന്ധാരം എന്നു തുടങ്ങി ഷഡ്ജത്തിൽ അവസാനിക്കുന്നവിധം ക്രമപ്പെടുത്തുന്നതാണ് യുക്തമെങ്കിലും ഋഷഭാദിസ്വരങ്ങളെയെല്ലാം സ്ഥായിയുടെ ആരംഭാവധിയും അതിനാൽ ഗീതാധാരശ്രുതിയുമായ പൂൎവ്വഷഡ്ജനാദത്തെ അടിസ്ഥാനപ്പെടുത്തി നിൎണ്ണയിക്കേണ്ടതാകയാൽ സ്വരക്രമത്തിന്നാസ്പദം ആ ഷഡ്ജനാദമാണെന്നും കൂടിക്കാണിപ്പാൻവേണ്ടിയാണ് ഷഡ്ജം, ഋഷഭം എന്നു തുടങ്ങി നിഷാദാന്തമായി സ്വരങ്ങളെഗ്ഗണിച്ചിട്ടുള്ളതെന്നു ഗ്രഹിച്ചുകൊൾക. മൂൎച്ഛന, താനം, അലങ്കാരം മുതലായതിലും ഷഡ്ജാദിയായി സ്വരക്രമം കാണിക്കുന്നതിന്നുള്ള യുക്തിയും ഇതുതന്നെയാണ്. അതുകൊണ്ടുതന്നെയാണ് ദക്ഷിണദേശീയത്തിൽ സ്ഥായ്യാരംഭത്തിന്നാസ്പദവും ഗീതാധാരവുമായ പൂൎവ്വഷഡ്ജത്തെയും സ്ഥായിയിലെ അവസാനത്തിലുള്ള ഷഡ്ജത്തെയും ഉൾപ്പെടുത്തിക്കൊണ്ടു തന്നെ സ രി ഗ മ പ ധ നി സ എന്നിങ്ങനെ അധികം യുക്തമായ മൂൎച്ഛനാസമ്പ്രദായം ഏൎപ്പെട്ടിട്ടുള്ളതെന്നും കരുതാവുന്നതാണ്. ഋഷഭാദിക്രമമനുസരിച്ചു ശ്രുതികളെഗ്ഗണിച്ചിട്ടുള്ള ഭരതമഹൎഷിയും

"ഷഡ്ജശ്ച ഋഷഭശ്ചൈവ ഗാന്ധാരോ മധ്യമസ്തഥാ
പഞ്ചമോ ധൈവതശ്ചൈവ സപ്തമശ്ച നിഷാദവാൻ."

എന്നിങ്ങനെ ഷഡ്ജാദിക്രമത്തിൽത്തന്നെയാണ് സ്വരങ്ങളെഗ്ഗണിച്ചിട്ടുള്ളത്. അതിന്നും മേൽപ്പറഞ്ഞ യുക്തിതന്നെയാണ് അടിസ്ഥാനം. ഈ ഷഡ്ജാദിസംജ്ഞകൾ ഓരോ സ്വരത്തിന്നും നൽകുവാനുള്ള കാരണത്തെക്കാണിപ്പാനായി ആവക ശബ്ദങ്ങളുടെ അൎത്ഥങ്ങൾ മതംഗമഹൎഷി മുതലായവർ വിവരിച്ചിട്ടുണ്ട്. ചുരുക്കത്തിൽ അതിപ്രകാരമാണ്—ഷഡ്ജനകം ഷഡ്ജം. മററുള്ള ആറു സ്വരങ്ങളെയും ജനിപ്പിക്കുന്നത്. ഷഡ്ജത്തെ ആസ്പദമാക്കീട്ടാണല്ലോ മററുള്ളതെല്ലാം ഓരോരോ സ്ഥാനങ്ങളിലുണ്ടാകുന്നത്. ഗമനാൎത്ഥകമായ ഋഷ എന്ന ധാതുവിൽനിന്നു മേൽപ്പോട്ടു ഗമിക്കുന്നത് എന്ന അൎത്ഥത്തിലുണ്ടായതാണ് ഋഷഭശബ്ദം. ഋഷഭസ്വരം മുതലാണല്ലോ സ്ഥായിയിൽ മേൽപ്പോട്ടുള്ള ഗതി തുടങ്ങുന്നത്. ഗാനത്തെധരിപ്പാൻ മതിയായതു ഗാന്ധാരം. മൂന്നു സ്വരങ്ങളെങ്കിലും ചേൎന്നാലേ ഗാനമാകയുള്ളുവല്ലോ. പലതരം വൈചിത്ര്യം വരുത്തി രഞ്ജനമുണ്ടാക്കാൻ മൂന്നു സ്വരങ്ങളെങ്കിലും വേണമെന്നാണ് സിദ്ധാന്തം. മധ്യമം സ്വരങ്ങളുടെ മധ്യത്തിലുള്ളത്. അല്ലെങ്കിൽ സ്ഥായിമധ്യത്തെക്കാണിക്കുന്നത്. പഞ്ചമം സ്വരങ്ങളിൽ അഞ്ചാമത്തേത്. ധൈവതം ധീമാന്മാരെ പ്രത്യേകം രസിപ്പിക്കുന്നത്. ധീവത്സംബന്ധമുള്ളത് എന്നവയവാൎത്ഥം. നിഷാ

THE KOTTAYAM PUBLIC ... KOTTAYAM

ാം സ്വരങ്ങളുടെ അവസാനത്തിലിരിക്കുന്നത്. ഇവയിൽ ഷഡ്ജമെന്ന പദം സ്വരങ്ങളെ ക്കാണിപ്പാൻ ഒരുങ്ങിനിൽക്കുന്നത് എന്നത്ഥമായ സജ്ജം എന്ന ശബ്ദം കാലാന്തരത്തിൽ ഉച്ചാരണഭേദം വന്നു ഷഡ്ജശബ്ദമായിത്തീൎന്നും അതനുസരിച്ച് അത്ഥവും മാററിക്കല്പിച്ചതുമായിരിക്കണമെന്നൂഹിക്കേണ്ടതുണ്ട്. അങ്ങനെ ഊഹിപ്പാനുള്ള യുക്തി അടുത്തുതന്നെ ലംഘ്യസംജ്ഞാസൂത്രത്തിൻെറ ഭാഷ്യത്തിൽ വിവരിക്കുന്നതാണ്.

മാൎഗ്ഗപ്രസ്ഥാനത്തിൽ ഭരതമതംഗാദിമതമനുസരിച്ചു പത്തും നിശ്ശങ്കാദിമതമനുസരിച്ചു പതിന്നാലും വിഭിന്നസ്വരസ്ഥാനങ്ങളും ദക്ഷിണപ്രസ്ഥാനത്തിൽ പന്തിരണ്ടു വിഭിന്നസ്വരസ്ഥാനങ്ങളും ഒരു സ്ഥായിയിലുണ്ടായിരിക്കെ സ്വരങ്ങൾ ഏഴു മാത്രമാണെന്നു പറഞ്ഞതെങ്ങനെ യുക്തമാകുമെന്ന ശങ്കക്കു സമാധാനം കാണിക്കുന്നു.—

സൂ—തേ തു ശുദ്ധാ വികൃതാ മിശ്രാ വാ. ൪

ഭാ—ആ ഏഴു സ്വരങ്ങൾ ശുദ്ധസ്വരങ്ങളായിട്ടോ വികൃതസ്വരങ്ങളായിട്ടോ ശുദ്ധങ്ങളും വികൃതങ്ങളും കലൎന്നിട്ടോ വരാവുന്നതാണ്. അതുകൊണ്ട് ഒരു സ്ഥായിയിൽ ശുദ്ധങ്ങളും വികൃതങ്ങളും കൂടി പത്തോ പന്തിരണ്ടോ പതിന്നാലോ സ്വരങ്ങളുണ്ടെങ്കിലും അവയിൽ ഏതെങ്കിലും ഏഴു സ്വരങ്ങളിലധികം ഒരു രാഗത്തിലും വരില്ല. അതിനാൽ ഒരേ സമയത്തു സ്വരങ്ങളായി വരുന്നത് ഏഴു മാത്രമാകയാൽ മേൽപറഞ്ഞ സ്വരവിഭാഗത്തിന്നു വിരോധമില്ലെന്നു താൽപൎയ്യം. ഏഴിലധികം സ്വരങ്ങൾ ചേൎന്നിട്ട് ഒരു രാഗവും ഉണ്ടാകാതിരിപ്പാനുള്ള കാരണം മുമ്പു കാണിച്ചിട്ടുണ്ട്. മേലിൽ വിശദമായി വിവരിക്കയും ചെയ്യും. ഇവിടെ ദക്ഷിണദേശീയത്തിൽ ഷഡ്ജപഞ്ചമങ്ങൾ വികൃതങ്ങളായിട്ടില്ലാത്തതിനാൽ അതിൽ ശുദ്ധസ്വരങ്ങൾതന്നെ ഏഴായിട്ടും ശുദ്ധവികൃതങ്ങൾ കലൎന്ന് ഏഴായിട്ടുമുള്ള വിധങ്ങളേ വരികയുള്ളൂ. മാൎഗ്ഗത്തിൽ ആ രണ്ടു സ്വരങ്ങൾക്കും വികൃതരൂപം കല്പിച്ചിട്ടുള്ളതിനാൽ എല്ലാം വികൃതങ്ങളായും വരാവുന്നതാണെന്നുള്ള വിശേഷവും ഗ്രഹിച്ചുകൊൾക.

ഇന്നിന്നതെല്ലാം ശുദ്ധസ്വരങ്ങളെന്നും ഇന്നിന്നതെല്ലാം വികൃതസ്വരങ്ങളെന്നും എങ്ങനെ നിശ്ചയിക്കാമെന്നു കാണിക്കുന്നു—

സൂ—ശുദ്ധത്വം ച മാൎഗ്ഗേ ഭരതാദിഭിഃ സങ്കേതേന പൂൎവ്വശുദ്ധസ്വരാച്ചതുൎത്ഥശ്രുത്യാദിഷു വ്യവസ്ഥാപിതത്വം പാരിഭാഷികം. യഥാ "ചതുശ്ചതുശ്ചതുശ്ചൈവ ഷഡ്ജമധ്യമപഞ്ചമാഃ ദ്വേ ദ്വേ നിഷാദഗാന്ധാരൌ ത്രി ത്രി ഋഷഭധൈവതേ" ഇതി. ൫

ഭാ—മാൎഗ്ഗപ്രസ്ഥാനത്തിൽ ശുദ്ധസ്വരങ്ങളെന്നത് ഇരുപത്തിരണ്ടു ശ്രുതികളാക്കി സ്ഥായിയെ വിഭജിച്ചിട്ടുള്ളതനുസരിച്ചു ഭരതമുനി മുതലായ പൂൎവ്വാചാൎയ്യന്മാർ പൂൎവ്വശുദ്ധസ്വരത്തിൽനിന്ന് ഇത്രാമത്തെ ശ്രുതിയിൽ ഇന്ന സ്വരം എന്നിങ്ങനെ നാലാമത്തെ ശ്രുതിയിലും മററും സങ്കേതം നിശ്ചയിച്ചേല്പിട്ടത്തീട്ടുള്ളവയും അതിനാൽ പാരിഭാഷികങ്ങളുമാണ്. ആ പരിഭാഷയാകട്ടേ, ഷഡ്ജം, മധ്യമം, പഞ്ചമം ഈ മൂന്നിന്നും നന്നാലു ശ്രുതികൾ. നിഷാദം, ഗാന്ധാരം ഈ രണ്ടിന്നും ഈരണ്ടു ശ്രുതികൾ. ഋഷഭം, ധൈവതം ഈ രണ്ടിന്നും മുമ്മൂന്നു ശ്രുതികൾ. എന്നിങ്ങനെയുമാണ്. അതിനാൽ മുമ്പിലത്തെ സ്വരമായ ഷഡ്ജത്തിൽനിന്നു മൂന്നാമത്തെ ശ്രുതിയിൽ ഋഷഭം. അതിൽനിന്നു രണ്ടാമത്തെ ശ്രുതിയിൽ ഗാന്ധാരം. അതിൽനിന്നു നാലാമത്തേതിൽ മധ്യമം. അതിൽനിന്നു നാലാമത്തേതിൽ പഞ്ചമം. അതിൽനിന്നു മൂന്നാമത്തേതിൽ ധൈവതം. അതിൽനിന്നു രണ്ടാമത്തേതിൽ നിഷാദം

അതിൽനിന്നു നാലാമത്തേതിൽ പിന്നത്തെ ഷഡ്ജം. ഇങ്ങനെയാണ് ശുദ്ധസ്വരങ്ങളുടെ വ്യവസ്ഥ ഏർപ്പെടുത്തിട്ടുള്ളതെന്നു സിദ്ധിക്കുന്നു. അങ്ങനെ സങ്കേതം നിശ്ചയിപ്പാനുള്ള ആസ്പദമാകട്ടേ സാമഗാനത്തിലെ ക്രുഷ്ടം, പ്രഥമം, ദ്വിതീയം, തൃതീയം, ചതുർത്ഥം, മന്ദ്രം, അതിസ്വാരം എന്നീ സംജ്ഞകളുള്ള ധ്വനിവിശേഷങ്ങളുടെ സാമ്യമാണെന്നു "സാമവേദാദിദം ഗീതം സഞ്ജഗ്രാഹ പിതാമഹഃ." എന്ന ഗ്രന്ഥത്താൽ ഭരതമുനി സൂചിപ്പിച്ചിട്ടുമുണ്ട്. ഇവിടെ പൂർവ്വശുദ്ധസ്വരത്തിൽനിന്ന് എന്ന അംശത്താൽ വികൃതസ്വരമായ കാകളിനിഷാദത്തിനുശേഷം രണ്ടാമത്തെ ശ്രുതിയിൽ വരുന്ന ഷഡ്ജം, ച്യുതഷഡ്ജത്തിനുശേഷം നാലാമത്തെ ശ്രുതിയിൽ വരുന്ന ഋഷഭം എന്നിവയിൽ ശുദ്ധസ്വരത്തിന്റെ സ്ഥാനത്തിൽനിന്നു മാററം വരുന്നില്ലെങ്കിലും അവയെ മാർഗ്ഗത്തിൽ ശുദ്ധങ്ങളായിഗ്ഗണിച്ചിട്ടില്ലെന്നു കാണിച്ചിരിക്കുന്നു.

സൂ—ദക്ഷിണേ തു സമാനശ്രുത്യന്തരവിഭക്തേഷു പൂർവ്വശുദ്ധസന്നിഹിതാനന്തരസ്വരസംജ്ഞിതപ്രഥമസ്വരത്വം. ൯

ഭാ—ദക്ഷിണപ്രസ്ഥാനത്തിലാകട്ടേ ശ്രുത്യന്തരം തുല്യമായി വിഭജിച്ചിട്ടുള്ള പന്തിരണ്ടു സ്വരങ്ങളിൽ മുമ്പിലത്തെ ശുദ്ധസ്വരത്തോടടുത്തു പിന്നത്തെ സ്വരത്തിന്റെ സംജ്ഞയോടുകൂടി ആദ്യം വരുന്ന സ്വരം ശുദ്ധസ്വരമെന്നാണ് നിയമം. ഇവിടെ ശ്രുത്യന്തരം തുല്യമായി വിഭജിച്ചിട്ടുള്ള എന്ന അംശത്താൽ ഓരോ സ്വരത്തിന്റെയും ഇടയിൽ വരുന്ന ശ്രുതികളും രാഗവിശേഷമനുസരിച്ചു സ്വരങ്ങളായി വരുമെങ്കിലും ആവക സ്വരങ്ങളെ പ്രത്യേകം ഗണിക്കാതെ അവയെ പൂർവ്വസ്വരത്തിലോ ഉത്തരസ്വരത്തിലോ ചേർന്നിട്ടുള്ള നിലയിൽ ഒരു സ്ഥായിയിൽ പന്തിരണ്ടു സ്വരങ്ങളെന്നാണ് ഇവിടെ വിവക്ഷിച്ചിട്ടുള്ളതെന്നു കാണിച്ചിരിക്കുന്നു. അപ്രകാരം വേങ്കടമഖി മുതലായവരുടെ മതത്തിൽ ദക്ഷിണത്തിലെ പന്തിരണ്ടു സ്വരങ്ങളെ വിഭജിച്ചിട്ടുള്ളതു ശ്രുത്യന്തരം തുല്യമായിട്ടുള്ള നിലയിലല്ലെങ്കിലും അവരുടെ മതം പലവിധത്തിലും ഭ്രമമൂലകമായതിനാൽ അനുപപന്നമാണെന്നു ശ്രുതിപ്രകാശത്തിൽത്തന്നെ വ്യവസ്ഥാപിച്ചിട്ടുള്ളതുകൊണ്ടു പന്തിരണ്ടു സ്വരങ്ങളും തുല്യശ്രുത്യന്തരങ്ങളാണെന്നുള്ള പ്രകൃതഗ്രന്ഥസിദ്ധാന്തമനുസരിച്ചാണ് ഈ ശുദ്ധസ്വരലക്ഷണമെന്നും വ്യക്തമാക്കിയിരിക്കുന്നു. ദക്ഷിണേ എന്നതിനാൽ മാർഗ്ഗത്തിൽ മതവിശേഷത്തിൽ ശുദ്ധഷഡ്ജത്തിൽനിന്ന് ഒരു ശ്രുതി കുറഞ്ഞ ച്യുതഷഡ്ജത്തിനു പൂർവ്വശുദ്ധസ്വരമായ ശുദ്ധനിഷാദത്തോടും ശുദ്ധപഞ്ചമത്തിൽനിന്ന് ഒരു ശ്രുതി കുറഞ്ഞ ച്യുതപഞ്ചമത്തിനു മധ്യപഞ്ചമത്തോടും ഷഡ്ജപഞ്ചമങ്ങളേക്കാൾ അടുപ്പം അധികവും ആ സ്വരങ്ങൾക്കു ഷഡ്ജമെന്നും പഞ്ചമമെന്നും സംജ്ഞയുള്ള സ്വരങ്ങളിൽ പ്രാഥമ്യവുമുണ്ടെങ്കിലും ഈ നിയമം ദക്ഷിണദേശീയത്തിൽ മാത്രമായതിനാൽ വിരോധമില്ലെന്നു കാണിച്ചിരിക്കുന്നു. മററു സ്വരമധ്യശ്രുതികളിലുള്ള സ്വരങ്ങളുടെ സംഗതിയിലും ഇപ്രകാരംതന്നെ. അതിന്നും പുറമേ ദക്ഷിണേ തു എന്ന തുശബ്ദം കൊണ്ടു ദക്ഷിണദേശീയത്തിന്നു വിശേഷം കാണിച്ചതിനാൽ ഉത്തരദേശീയങ്ങൾ ചിലതിൽ ചതുഃശ്രുതിഋഷഭത്തെയും ചതുഃശ്രുതിധൈവതത്തെയുമാണ് ശുദ്ധഋഷഭമായും ശുദ്ധധൈവതമായും ഗണിച്ചുവരുന്നതെങ്കിലും അതു ദക്ഷിണനിയമത്തിന്നു ബാധകമല്ലെന്നും സൂചിപ്പിച്ചിരിക്കുന്നു.

വികൃതസ്വരലക്ഷണം പറയുന്നു—

സൂ—യഥായഥം തദന്യത്വമുഭയസ്മിൻ വികൃതത്വം. ൧൦

ഭാ— മാർഗ്ഗത്തിലും ദക്ഷിണത്തിലും വികൃതസ്വരങ്ങളെന്നത് അതാതിലെ ശുദ്ധസ്വരലക്ഷണപ്രകാരം ശുദ്ധസ്വരങ്ങളല്ലാത്ത സ്വരങ്ങളെല്ലാമാണ്. അതിൽ മാർഗ്ഗത്തിലെ ശു

ദ്ധസ്വരലക്ഷണത്തിൽ പൂൎവ്വശുദ്ധസ്വരത്തിൽനിന്നുള്ള ശ്രുതിസംഖ്യാനിയമം പ്രധാനമായ തിനാൽ ആ ലക്ഷണമനുസരിച്ച് അതിലെ ശുദ്ധസ്വരസ്ഥാനങ്ങളിൽത്തന്നെ പൂൎവ്വസ്വര ത്തിന്റെ വികൃതത്വംനിമിത്തം വികൃതത്വം വരും. അതായത് വികൃതസ്വരത്തിന്നു ശേഷം വരുന്നതായാൽ ശുദ്ധസ്ഥാനത്തുള്ളതും വികൃതസ്വരമായിത്തീരുമെന്നൎത്ഥം. അതുകൊണ്ടാണ് കാകളിനിഷാദത്തിന്നുശേഷം ശുദ്ധഷഡ്ജസ്ഥാനത്തുതന്നെയുള്ള ഷഡ്ജം നിശ്ശങ്കാദി മതത്തിൽ അച്യുതഷഡ്ജമെന്ന വികൃതസ്വരമായിത്തീരുന്നത്. ഷഡ്ജം ശുദ്ധമാവാൻ നാലു ശ്രുത്യന്തരം വേണം. കാകളിക്കുശേഷം രണ്ടു ശ്രുതിയേ ഉള്ളുവല്ലോ. അതുപോലെ ച്യുതഷഡ്ജത്തിന്നുശേഷം ശുദ്ധൎഷഭസ്ഥാനത്തുതന്നെ വരുന്ന ഋഷഭം ആ മതത്തിൽ ചതുഃശ്രുതികമെന്ന വികൃതൎഷഭമാ കും. ഋഷഭം ശുദ്ധമാവാൻ മൂന്നു ശ്രുതികളേ പാടുള്ളൂ. ച്യുതഷഡ്ജത്തിന്നുശേഷമാകുമ്പോൾ നാ ലു ശ്രുതികളായി. ഭരതാദിസങ്കേതപ്രകാരം ശുദ്ധസ്വരങ്ങൾക്കു പൂൎവ്വസ്വരത്തിൽനിന്നുള്ള ശ്രു തിസംഖ്യാവ്യവസ്ഥയാണ് അങ്ങനെ വരുന്നതിന്നടിസ്ഥാനം. എന്നാൽ ഒരു സ്വരത്തിന്നും പൂൎവ്വസ്വരത്തിൽനിന്നു നാലിലധികം ശ്രുതികളെക്കൊണ്ടുള്ള അന്തരം മാൎഗ്ഗത്തിലും സ്വീകരി ച്ചിട്ടില്ല. അതിനാൽ ശുദ്ധമദ്ധ്യമത്തിൽനിന്ന് ഒരു ശ്രുതി കുറഞ്ഞ ച്യുതമദ്ധ്യമത്തിന്നുശേഷം ത്രിശ്രുതിപഞ്ചമമായ ച്യുതപഞ്ചമമല്ലാതെ അഞ്ചു ശ്രുത്യന്തരമുള്ള ശുദ്ധപഞ്ചമസ്ഥാനത്തെ സ്വരം വരികയില്ല. അതുപോലെ ഒരു ശ്രുതികൊണ്ടുമാത്രം അന്തരമുള്ള സ്വരങ്ങളും ഭിന്ന സ്വരങ്ങളുടെ നിലയിൽ ചേൎന്നുവരാത്തതുകൊണ്ട് ശുദ്ധപഞ്ചമസ്ഥാനത്തുള്ള സ്വരം ഒരി ക്കലും വികൃതസ്വരമാകുന്നതല്ല. ഈ വിധത്തിലാണ് മാൎഗ്ഗത്തിലെ വികൃതസ്വരസമ്പ്രദാ യം. ദക്ഷിണത്തിലാകട്ടേ അതിലെ ശുദ്ധസ്വരലക്ഷണമനുസരിച്ചു ശുദ്ധസ്വരസ്ഥാനങ്ങ ളിൽ വരുന്ന അതേ സംജ്ഞയുള്ള സ്വരംതന്നെ വികൃതസ്വരമായിട്ടും വരുന്നതല്ല. എന്നു വെച്ചാൽ പൂൎവ്വസ്വരം ഏതായാലും ശുദ്ധഷഡ്ജസ്ഥാനത്തു വരുന്ന ഷഡ്ജം വികൃതഷഡ്ജമാ യിട്ടോ ശുദ്ധൎഷഭസ്ഥാനത്തു വരുന്ന ഋഷഭം വികൃതൎഷഭമായിട്ടോ മററോ വരുന്നതല്ലെന്ന ൎത്ഥം. അതിനാൽ പൂൎവ്വസ്വരമായ നിഷാദം ശുദ്ധനിഷാദമായാലും കാകളിനിഷാദമായാ ലും അതിന്നുശേഷമുള്ള ശുദ്ധഷഡ്ജസ്ഥാനത്തെ ഷഡ്ജം എപ്പോഴും ശുദ്ധഷഡ്ജംതന്നെയാണ്. എന്നാൽ ഒരു ശുദ്ധസ്വരത്തിന്റെ സ്ഥാനത്തു മററൊരു സ്വരമാണ് ഉത്തരസ്വരത്തിന്റെ സ്ഥിതിയപേക്ഷിച്ചു വരുന്നതെങ്കിൽ അതു ചിലരുടെ പക്ഷത്തിൽ പൂൎവ്വസ്വരത്തിന്റെത ന്നെ സംജ്ഞയുള്ള വികൃതസ്വരമായിത്തീരും. അതിനാൽ ഗാന്ധാരം സാധാരണമോ അന്ത രമോ ആയി വരുമ്പോൾശുദ്ധഗാന്ധാരസംജ്ഞയുള്ള സ്വരത്തിന്റെ സ്ഥാനത്തു വരുന്ന സ്വ രം പഞ്ചശ്രുതികൎഷഭമെന്നോ ചതുശ്രുതികൎഷഭമെന്നോ സംജ്ഞയുള്ള വികൃതൎഷഭമാകും. അതു പോലെ നിഷാദം കൈശികമോ കാകളിയോ ആകുമ്പോൾ ശുദ്ധനിഷാദസംജ്ഞയുള്ള സ്വ രത്തിന്റെ സ്ഥാനത്തുവരുന്ന സ്വരം പഞ്ചശ്രുതിധൈവതമെന്നോ ചതുശ്രുതിധൈവതമെ ന്നോ സംജ്ഞയുള്ള വികൃതധൈവതവുമാകും. അപ്രകാരം ഗാന്ധാരം അന്തരമാകുമ്പോൾ സാ ധാരണഗാന്ധാരസ്ഥാനത്തു വരുന്ന സ്വരം ഷട്ശ്രുതികൎഷഭമെന്നു സംജ്ഞയുള്ള വികൃതസ്വ രവും നിഷാദം കാകളിയാകുമ്പോൾ കൈശികനിഷാദസ്ഥാനത്തു വരുന്ന സ്വരം ഷട്ശ്രുതി ധൈവതമെന്നു സംജ്ഞയുള്ള വികൃതസ്വരവുമാകും. ഇങ്ങനെയെല്ലാമാണ് രാമാമാത്യൻ, വെ ങ്കടമഖി, ഗോവിന്ദാചാൎയ്യൻ മുതലായവരുടെ മതം. എങ്കിലും അവരുടെ ആ മതത്തിന്നടിസ്ഥാ നംരാഗവിശേഷങ്ങൾക്കാസ്പദമായ സപ്തസ്വരമേളനങ്ങളിൽ സ്വരങ്ങളുടെ നാദഭേദമല്ല സം ജ്ഞാഭേദമാണ് പ്രധാനമെന്നും അതിനാൽ നാദഭേദംപോലെ സംജ്ഞാഭേദവും ഉണ്ടായിരി ക്കണമെന്നും മററുമുള്ള ഭ്രമങ്ങളാണെന്നു ശ്രുതിപ്രകാശത്തിൽത്തന്നെ കാണിച്ചിട്ടുണ്ട്. നാ ദഭേദം ആസ്പദമാക്കി ഒരേ സംജ്ഞയുള്ള സ്വരത്തിന്റെ ശുദ്ധവികൃതരൂപങ്ങൾ കലൎന്നും രാ

ഗ്രാമഭേദങ്ങളുണ്ടാകാമെന്നും അതനുസരിച്ച രാഗങ്ങളിൽ ഭിന്നസംജ്ഞകസ്വരമേളനം ചെയ്യേണ്ടാത്ത കുഴപ്പങ്ങളുണ്ടാക്കാതിരിക്കയാണ് യുക്തമെന്നും സൂചിപ്പിച്ചിട്ടുമുണ്ട്. അതുപോലെ ഭരതമതംഗാദിമഹർഷിമതത്തിൽ സാധാരണഗാന്ധാരമെന്നും അന്തരഗാന്ധാരമെന്നും പറയുന്നത് ഒരേ സ്വരത്തെയാണെന്നും ശുദ്ധനിഷാദമെന്നും കൈശികനിഷാദമെന്നും പറയുന്നതും ഒരേ സ്വരത്തെത്തന്നെയാണെന്നും തെളിയിച്ചിട്ടുള്ളതുകൊണ്ട് അവയെ രണ്ടാക്കി രണ്ടു സ്ഥാനങ്ങൾ കല്പിക്കേണ്ടതുമില്ല. സ്ഥായിയെ ഇരുപത്തിരണ്ടു ശ്രുതികളായി വിഭജിച്ചിട്ടുള്ള മാർഗ്ഗത്തിൽ ഷഡ്ജത്തിൽനിന്ന് അഞ്ചാംശ്രുതിയിൽ വരുന്ന ശുദ്ധഗാന്ധാരസ്ഥാനത്തെക്കും പഞ്ചമത്തിൽനിന്ന് അഞ്ചാംശ്രുതിയിൽ വരുന്ന ശുദ്ധനിഷാദസ്ഥാനത്തെക്കും സ്ഥായിയെ ഇരുപത്തിനാലാക്കി വിഭജിച്ച ദക്ഷിണത്തിൽ സമാനമാനങ്ങളായ ആറാറു ശ്രുതികൾ വരുന്നതുകൊണ്ട് ശുദ്ധഗാന്ധാരശുദ്ധനിഷാദസ്ഥാനങ്ങൾക്കു മാർഗ്ഗദക്ഷിണങ്ങളിൽ വ്യത്യാസവുമില്ല. അതിനാൽ ശുദ്ധഗാന്ധാരത്തെ ചതുശ്ശ്രുതികഷഭമെന്ന വികൃതസ്വരത്തിന്റെ സ്ഥാനത്തെക്കോ ശുദ്ധനിഷാദത്തെ ചതുശ്ശ്രുതിധൈവതമെന്ന വികൃതസ്വരത്തിന്റെ സ്ഥാനത്തെക്കോ മറ്റോ മാററിക്കല്പിക്കേണ്ടതുമില്ല. ഇങ്ങനെ ഋഷഭഗാന്ധാരമദ്ധ്യമധൈവതനിഷാദങ്ങളിലോരോന്നും ശുദ്ധം, വികൃതം എന്ന ക്രമത്തിൽ വിഭജിച്ചുകൊണ്ടുള്ള പ്രകൃതഗ്രന്ഥമതംതന്നെയാണ് ഏററവും സുഗമവും സർവ്വദേശീയമൂലമാർഗ്ഗത്തോടധികം യോജിപ്പുള്ളതുമായി ദക്ഷിണദേശീയത്തിലും യുക്തമായിരിക്കുന്നത്. അതനുസരിച്ച് ഈ വികൃതസ്വരലക്ഷണംസംഗതമാണെന്ന സംഗതി സ്പഷ്ടവുമാണ്.

മേൽപ്പറഞ്ഞ ഏഴു സ്വരങ്ങൾക്കും ലഘുവായ സംജ്ഞാന്തരം കാണിക്കുന്നു—

സൂ—തേഷാം ക്രമാൽ സരിഗമപധനീതി ഗാനാത്ഥാ ലഘുസംജ്ഞാ. വ്യ

ഭാ—ആ ഏഴു സ്വരങ്ങൾക്കും ഗാനത്തിലും അഭ്യാസത്തിലും ഉപയോഗത്തിന്നുവേണ്ടി ക്രമത്തിൽ സ, രി, ഗ, മ, പ, ധ, നി എന്നിങ്ങനെ ലഘുസംജ്ഞകളുമുണ്ട്. ഈ ലഘുസംജ്ഞകൾ ഷഡ്ജം, ഋഷഭം മുതലായ ഓരോ സംജ്ഞയുടെയും ആദ്യത്തെ അക്ഷരം മാത്രം എടുത്തുണ്ടാക്കിയവയാണെന്നു മിക്കതും സ്പഷ്ടമാണ്. ഷഡ്ജമെന്നതിലെ ആദ്യവർണ്ണം ഷകാരമാണെങ്കിലും മൂർദ്ധന്യമായ ഷകാരത്തേക്കാൾ ദന്ത്യമായ സകാരത്തിന്ന് ഉച്ചാരണസൌകര്യം അധികമുള്ളതുകൊണ്ടും സകാരം ഷകാരത്തിന്നടുത്ത വർണ്ണമായതുകൊണ്ടും മഷീ, മസീ എന്നിങ്ങനെ ഒരേ വാക്കിൽത്തന്നെ സംസ്കൃതഭാഷയിൽ ആ വർണ്ണങ്ങൾ തമ്മിൽ മാററം വരുന്നതു സാധാരണമാകകൊണ്ടും ഷകാരത്തെ ലഘുസംജ്ഞയിൽ സകാരമാക്കിയതാണ്. അല്ലെങ്കിൽ അതിപ്രാചീനകാലത്ത് ആ സ്വരത്തിന്നുള്ള സംജ്ഞതന്നെ സജ്ജം എന്നായിരുന്നു. മററു സ്വരങ്ങൾക്കവലംബമായ നിലയിൽ ഒരുങ്ങി നിൽക്കുന്നത് എന്ന് അതിന്നർത്ഥം. ആ സജ്ജമെന്ന സംജ്ഞയനുസരിച്ച സ എന്ന ലഘുസംജ്ഞയുമുണ്ടായി. പിന്നെയാണ് കാലക്രമത്തിൽ ഉച്ചാരണഭേദംവന്നു ഹിംസപദം സിംഹപദമായതുപോലെയും മരകതപദം മരതകപദമായതുപോലെയും സജ്ജപദം ഷഡ്ജപദമായതും അതിന്നു മററു വിധത്തിൽ പ്രകൃതത്തിന്നു യോജിപ്പിക്കാവുന്ന ഒരർത്ഥം കണ്ടുപിടിച്ചതും. എന്നാൽ ലഘുസംജ്ഞയായ സ എന്നതിനു മാററം വന്നതുമില്ല. എന്നിങ്ങനെയും ഭാഷാഗതിസ്വഭാവത്താൽ സംഭവിക്കാവുന്നതാണ്. ഋഷഭമെന്നതിലെ ആദ്യവർണ്ണമായ ഋകാരത്തെ ലഘുസംജ്ഞയിൽ രി എന്നാക്കിയതാകട്ടേ ഉച്ചാരണസൌകര്യത്തിന്നായി ഋകാരത്തിന്റെ പൂർവ്വരൂപം സ്വീകരിച്ചതു മാത്രമാണ്. രി എന്നതിലെ ഇകാരം ഉച്ചാരണഭേദം വഴിക്കു സംവൃതമായിച്ചുരുങ്ങിയിട്ടാണ് ഋ എന്ന സ്വരാക്ഷരമുണ്ടായിട്ടുള്ളതെന്നു വർണ്ണനിരുക്തശാസ്ത്രത്തിൽ

പ്രതിപാദിച്ചിട്ടുണ്ട്. ഋഷഭമെന്നതിന്റെ സ്ഥാനത്ത് രിഷഭമെന്ന പദമായിട്ടും അതിപ്രാചീനഗ്രന്ഥങ്ങളിൽക്കാണുന്നുണ്ട്. "ഷഡ്ജശ്ച രിഷഭശ്ചൈവ ഗാന്ധാരോ മദ്ധ്യമസ്തഥാ". എന്ന ഭരതമുനിഗ്രന്ഥം. രണ്ട് അകാരങ്ങൾ ചേർന്നതാണ് ആകാരം. ഗാന്ധാരപദത്തിലെ ഗാ എന്നതിലുള്ള ആകാരത്തിൽ ഒരകാരം മാത്രമെടുത്തതാണ് ഗ. മദ്ധ്യമപഞ്ചമപദങ്ങളിലെയും നിഷാദപദത്തിലെയും ആദ്യാക്ഷരങ്ങളാണ് മ, പ, നി എന്നിവയെന്നു സ്പഷ്ടം. അകാരവും ഏകാരവും ചേർന്നതാണ് ഐകാരം. ധൈവതപദത്തിലെ ധൈ എന്നതിലുള്ള ഏകാരത്തെ നീക്കിയപ്പോൾ ധ എന്നായി. ഇങ്ങനെയാണ് ഈ ലഘുസംജ്ഞകളുടെ സംഭവക്രമം.

ഇനി ഓരോ സ്വരങ്ങൾക്കുമുള്ള ശ്രുതിസംഖ്യകൾ വിവരിക്കുന്നു—

സൂ—തത്ര മാർഗ്ഗീയശുദ്ധാനാം ശ്രുതിനിയമോ വിവൃതഃ. തത്ര വികൃതാസ്തു ഭിന്നസ്ഥാനഗതാ അന്യസ്ഥാനഗതാശ്ച. ൯.

ഭാ—അതിൽ മാർഗ്ഗപ്രസ്ഥാനത്തിലെ ഓരോ ശുദ്ധസ്വരങ്ങൾക്കുമുള്ള ശ്രുതിസംഖ്യകൾ ഇത്രയിത്രയാണെന്ന് അടുത്തുതന്നെ വിവരിച്ചു കഴിഞ്ഞിട്ടുണ്ട്. ആ പ്രസ്ഥാനത്തിലെ വികൃതസ്വരങ്ങളാകട്ടേ പൂർവ്വസ്വരത്തിൽനിന്നുള്ള ശ്രുതിസംഖ്യയെ അവലംബിച്ചു രണ്ടു തരത്തിലായിട്ടുണ്ട്. മററു സ്വരത്തിന്റെ സ്ഥാനമല്ലാത്ത സ്ഥാനങ്ങളിൽ വരുന്നവ ഒരുതരം. മററു സ്വരസ്ഥാനത്തുതന്നെ പൂർവ്വസ്വരങ്ങളിൽനിന്നു ശ്രുതി സംഖ്യാഭേദത്താൽ വികൃതങ്ങളായിത്തീരുന്നവ മറെറാരുതരം.

സൂ—തേഷു ഭിന്നസ്ഥാനഗതാ ഷഡ്ജമദ്ധ്യമപഞ്ചമേഭ്യ ഏകൈകശ്രുതിച്യുതാശ്ച്യുതഷഡ്ജാദിസംജ്ഞിതാസ്ത്രയഃ കാകള്യന്തരൌ ചേതി പഞ്ച കേഷാഞ്ചിൽ പ്രാചാം മതേ. ൧൦

ഭാ—ആ വികൃതസ്വരങ്ങളിൽ മററു സ്വരസ്ഥാനങ്ങളിലല്ലാതെ വരുന്ന വികൃതങ്ങൾ നന്നാലു ശ്രുത്യന്തരങ്ങളുള്ള ഷഡ്ജം, മദ്ധ്യമം, പഞ്ചമം ഇവയിൽനിന്ന് ഓരോരോ ശ്രുതി കുറഞ്ഞു ച്യുതഷഡ്ജം, ച്യുതമദ്ധ്യമം, ച്യുതപഞ്ചമം എന്നിങ്ങനെ സംജ്ഞകളുള്ള മൂന്നു വികൃതങ്ങളും കാകലിനിഷാദവും അന്തരഗാന്ധാരവുംകൂടി അഞ്ചാണെന്നാണ് ചില പ്രാചീനഗ്രന്ഥകാരന്മാരുടെ മതം. അവരുടെ മതപ്രകാരം ശുദ്ധസ്വരങ്ങൾക്ക് ഏഴും ശുദ്ധസ്ഥാനത്തല്ലാതെ വരുന്ന വികൃതങ്ങൾക്ക് അഞ്ചുമായി ഒരു സ്ഥായിയിൽ സ്വരങ്ങൾക്കു പന്തിരണ്ടു വിഭിന്നസ്ഥാനങ്ങളാണ് മാർഗ്ഗപ്രസ്ഥാനത്തിലുള്ളത്.

സൂ—നിശ്ശങ്കാദയസ്തു സാധാരണകൈശികാഖ്യൌ ശുദ്ധാഭ്യാമേകശ്രുത്യന്തരിതൌ കൃത്വാ സപ്ത ഭിന്നസ്ഥാനഗവികൃതാനാഹുഃ. ൧൧

ഭാ—നിശ്ശങ്കശാർങ്ഗദേവൻ മുതലായവരാകട്ടേ സാധാരണഗാന്ധാരമെന്നു പറയുന്ന സ്വരം ശുദ്ധഗാന്ധാരത്തിൽനിന്നും കൈശികനിഷാദമെന്നു പറയുന്നതു ശുദ്ധനിഷാദത്തിൽനിന്നും ഓരോ ശ്രുതി കൂടിയ സ്ഥാനങ്ങളിലാക്കീട്ടാണ് പ്രസ്താവിച്ചിരിക്കുന്നത്.

"സാധാരണേ ത്രിശ്രുതിഃ സ്യാദന്തരത്വേ ചതുശ്രുതിഃ
ഗാന്ധാര ഇതി തദ്ഭേദൌ ദ്വൌ നിശ്ശങ്കേന കീർത്തിതൌ
കൈശികേ കാകലീത്വേ ച നിഷാദസ്ത്രിചതുശ്രുതിഃ
പ്രാപ്നോതി വികൃതൌ ഭേദൌ ദ്വാവിതി".

എന്നു നിശ്ശങ്കഗ്രന്ഥം. ഇതിന്റെ അർത്ഥം—ഋഷഭത്തിൽനിന്നു മൂന്നാമത്തെ ശ്രുതിയിൽ സാധാരണഗാന്ധാരം. നാലാമത്തെ ശ്രുതിയിൽ അന്തരഗാന്ധാരം. ഇങ്ങനെ മൂന്നും നാലും ശ്രുത്യന്തരങ്ങളുള്ളതായി ഗാന്ധാരത്തിന്നു രണ്ടു വികൃതഭേദങ്ങളുണ്ടെന്നു നിശ്ശങ്കൻ പറയുന്നു. അതുപോലെ ധൈവതത്തിൽനിന്നു മൂന്നാം ശ്രുതിയിൽ കൈശികനിഷാദം. നാലാം ശ്രുതിയിൽ കാകളിനിഷാദം. ഇങ്ങനെ നിഷാദത്തിന്നും മൂന്നും നാലും ശ്രുത്യന്തരങ്ങളുള്ളതായി രണ്ടു വികൃതഭേദങ്ങളുണ്ട്. യഥാശ്രുതത്തിൽ ഇങ്ങനെയാണ്. ഈ നിശ്ശങ്കമതമനുസരിച്ചു സോമനാഥനും സാധാരണാന്തരഗാന്ധാരങ്ങളുടെയും ശുദ്ധകൈശികനിഷാദങ്ങളുടെയും സ്ഥാനങ്ങൾ വിഭിന്നങ്ങളാണെന്നു കാണിച്ചുകൊണ്ട്,

"സാധാരണോന്തരശ്ച ശ്രുതിം ശ്രുതീ ചൈത്യ ഗോ മസ്യ
നിഃ കൈശികീ ച കാകല്യഥ സസ്യൈകാം ഭജംശ്ചതാം തേ ദ്വേ."

എന്നു പറഞ്ഞിട്ടുണ്ട്. ഗാന്ധാരം നാലു ശ്രുതിയുള്ള മധ്യമത്തിന്റെ ഒരു ശ്രുതിയെ എടുത്തിട്ടു സാധാരണഗാന്ധാരവും രണ്ടു ശ്രുതികളെ എടുത്തിട്ട് അന്തരഗാന്ധാരവുമായിത്തീരും. നിഷാദം നാലു ശ്രുതികളുള്ള ഷഡ്ജത്തിന്റെ ഒരു ശ്രുതിയെടുത്തിട്ടു കൈശികനിഷാദവും രണ്ടു ശ്രുതികളെടുത്തിട്ടു കാകളിനിഷാദവുമായിത്തീരും എന്ന് ഈ സോമനാഥഗ്രന്ഥത്തിന്നർത്ഥം. ഇങ്ങനെ നിശ്ശങ്കാദിമതത്തിൽ ശുദ്ധസ്വരസ്ഥാനങ്ങളിലല്ലാതെ വരുന്നവയായി ഷഡ്ജത്തിൽനിന്ന് ആറാംശ്രുതിയിൽ സാധാരണ ഗ, ഏഴാംശ്രുതിയിൽ അന്തര ഗ, എട്ടിൽ ച്യുതമ, പന്തിരണ്ടിൽ ച്യുത പ, പത്തൊമ്പതിൽ കൈശിക നി, ഇരുപതിൽ കാകളി നി ഇങ്ങനെ മാർഗ്ഗത്തിൽ ഏഴു വികൃതസ്വരങ്ങളുണ്ട്. അതുപ്രകാരം അവരുടെ പക്ഷത്തിൽ ഒരു സ്ഥായിയിൽ ശുദ്ധസ്ഥാനങ്ങൾ ഏഴും വികൃതസ്ഥാനങ്ങളേഴുമായി പതിന്നാലു സ്വരസ്ഥാനങ്ങളാണ് മാർഗ്ഗത്തിലുള്ളത്. സൂത്രത്തിലെ 'ആഹുഃ' എന്നതിനാൽ ഈ മതം വിചാരസഹമല്ലെന്നു സൂചിപ്പിച്ചിരിക്കുന്നു. എന്തുകൊണ്ടെന്നാൽ—ഒന്നാമത് അന്തരഗാന്ധാരത്തിന്റെതന്നെ മറെറാരു സംജ്ഞയാണ് സാധാരണഗാന്ധാരമെന്നതെന്നും അതുപോലെ ശുദ്ധനിഷാദമെന്നതും കൈശികനിഷാദമെന്നതും ഒരേ സ്വരത്തിന്റെതന്നെ രണ്ടു സംജ്ഞകളാണെന്നുമാണ് ഭരതാദിമുനിമാരുടെ മതമെന്നു ശ്രുതിപ്രകാശത്തിൽ സപ്രമാണം വ്യക്തമാക്കീട്ടുണ്ട്. അതിനാൽ ആ സംജ്ഞകളെ അവലംബിച്ചു രണ്ടു സ്വരങ്ങളാക്കി വിഭിന്നസ്ഥാനങ്ങൾ ഏർപ്പെടുത്തുന്നത് ആ പ്രാചീനമുനിമതത്തിന്നു വിരുദ്ധമാണ്. രണ്ടാമത് അവ വേറെ വേറെ സ്വരങ്ങളാണെന്നു കല്പിച്ചിട്ടു പ്രയോഗത്തെപ്പററിയേടത്തോളവും ആവശ്യമൊന്നുമില്ല. നില്ക്കു ഋഷഭത്തിൽനിന്നു നാലാംശ്രുതിയിലുള്ള അന്തരഗാന്ധാരമെന്ന വികൃതസ്വരവും ച്യുതമധ്യമമെന്ന വികൃതസ്വരവും ചേൎന്നുകൊണ്ടും കാകളിനിഷാദമെന്ന വികൃതസ്വരവും ച്യുതഷഡ്ജവും ചേൎന്നുകൊണ്ടും പ്രയോഗത്തിൽ വരികയില്ല. സാധാരണഗാന്ധാരം അന്തരത്തിൽനിന്നൊരു ശ്രുതി കുറഞ്ഞ വികൃതഗാന്ധാരമാണെന്നു കല്പിച്ചാൽ ച്യുതമധ്യമവും ആ വികൃതഗാന്ധാരവും ചേൎന്നു പ്രയോഗം വരികയും ചെയ്യാം. അതുപോലെതന്നെ കാകളി ച്യുതഷഡ്ജങ്ങളുടെ സംഗതിയിലും അവ രണ്ടും ചേൎന്നു പ്രയോഗം വരില്ല. നിഷാദം കാകളിയാകുമ്പോൾ ശുദ്ധഷഡ്ജസ്ഥാനത്തു വരുന്ന അച്യുതഷഡ്ജമേ വരുള്ളൂ. കൈശികം ശുദ്ധനിഷാദത്തിൽനിന്ന് ഒരു ശ്രുതി കൂടിയതായാൽ ആ വികൃതനിഷാദവും ച്യുതഷഡ്ജമെന്ന വികൃതഷഡ്ജവും ചേൎന്നു പ്രയോഗം വരികയും ചെയ്യാം. ഇങ്ങനെ ച്യുതമധ്യമത്തോട് അന്തരഗാന്ധാരത്തെയും ച്യുതഷഡ്ജത്തോടു കാകളിയെയും ചേൎത്തുള്ള പ്രയോഗത്തിന്റെ വാരണത്തിന്നും അവയോടു ചേൎത്തു പ്രയോഗിക്കാവുന്ന വികൃതഗാന്ധാരനിഷാദ

ങ്ങളെക്കാണിക്കുന്നതിന്നുമാണ് സധാരാണ ഗാന്ധാരകൈശികനിഷാദങ്ങളെ പ്രത്യേകം വികൃതസ്വരങ്ങളാക്കിയത്. അതിനാൽപ്രയോഗനിയമത്തെപ്പററിയേടത്തോളം ആ കല്പനം ആവശ്യമാണ്. ഈ സംഗതി നിശ്ശങ്കൻതന്നെ,

"ച്യുതോച്യുതോ ദ്വിധാ ഷഡ്ജോ ദ്വിശ്രുതിർവ്വികൃതോ ഭവേൽ
സാധാരണേ കാകലീത്വേ നിഷാദസ്യ ച ദൃശ്യതേ."

എന്ന ഗ്രന്ഥത്താൽ കാണിച്ചിട്ടുണ്ട്. ഇതിന്റെ അത്ഥം—വികൃതഷഡ്ജം ച്യുതമെന്നും അച്യുതമെന്നും രണ്ടു തരത്തിലുണ്ട്. രണ്ടിന്നും ഈ രണ്ടു ശ്രുത്യന്തരമാണുള്ളത്. നിഷാദം ഷഡ്ജത്തിന്റെ ശ്രുതികളിലെക്കു കടന്നാൽ ച്യുതഷഡ്ജം. കാകലിനിഷാദമായാൽ അച്യുതഷഡ്ജം എന്നാണല്ലോ. ഇതുപ്രകാരം ശുദ്ധനിഷാദത്തിൽനിന്നു മൂന്നാമത്തെ ശ്രുതിയിലുള്ള ച്യുതഷഡ്ജം രണ്ടു ശ്രുത്യന്തരം മാത്രമുള്ളതാകണമെങ്കിൽ ആ നിഷാദം ശുദ്ധത്തിന്നുശേഷമുള്ള ഒന്നാമത്തെ ശ്രുതിയിലുള്ളതായിരിക്കണം. അതാണ് കൈശികനിഷാദം. ഗാന്ധാരത്തിന്റെ സംഗതിയും "മധ്യമഃ ഷഡ്ജവദ്ഭേദാന്തരസാധാരണാശ്രയാൽ." എന്ന ഗ്രന്ഥം കൊണ്ട് ഈ വിധത്തിൽത്തന്നെ കാണിച്ചിട്ടുണ്ട്. ഇങ്ങനെയെല്ലാം ആക്ഷേപമുണ്ടെങ്കിൽ എളുപ്പത്തിൽ സമാധാനം പറയാം. ഒരു ശ്രുതികൊണ്ടുമാത്രം അന്തരമുള്ള സ്വരങ്ങൾ ചേൎന്നു പ്രയോഗത്തിൽ വരില്ല എന്നു സാമാന്യമായിത്തന്നെ നിയമമുണ്ട്. അതിന്നു ചുരുങ്ങിയതു രണ്ടു ശ്രുത്യന്തരമെങ്കിലും ഉണ്ടായിരിക്കണം. ആ നിയമം ഒരേ സംജ്ഞയുള്ള ശുദ്ധവികൃതങ്ങൾക്കും ഭിന്നസംജ്ഞയുള്ള സ്വരങ്ങൾക്കും എല്ലാം ബാധകമാണ്. അതുകൊണ്ടുതന്നെ ച്യുതാച്യുതമധ്യമങ്ങളും ച്യുതാച്യുതഷഡ്ജങ്ങളും മററും ചേൎന്നു വരാത്തതുപോലെ അന്തരച്യുതമധ്യമങ്ങളും കാകലിച്യുതഷഡ്ജങ്ങളും ചേൎന്നു വരില്ലെന്നുള്ളതു സിദ്ധമാണ്. ഒരു ശ്രുത്യന്തരം മാത്രമുള്ള ഭിന്നസംജ്ഞസ്വരങ്ങൾ ചേൎന്നു വരാതിരിക്കാൻവേണ്ടി പ്രത്യേകനിയമമൊന്നും വേണ്ടതില്ല. വികൃതമധ്യമത്തോടും വികൃതഷഡ്ജത്തോടും വികൃതഗാന്ധാരവും വികൃതനിഷാദവും ചേൎന്നുള്ള പ്രയോഗം ഭരതാദിമതസിദ്ധമല്ലാത്തതിനാൽ അതിന്നുവേണ്ടി സാധാരണഗാന്ധാരകൈശികനിഷാദങ്ങളുടെ സ്ഥാനം മാററി പ്രത്യേകവികൃതങ്ങളാക്കിക്കല്പിക്കേണ്ടതുമില്ല. ഈവക കാരണങ്ങളാൽത്തന്നെയായിരിക്കണം നിശ്ശങ്കഗ്രന്ഥവ്യാഖ്യാതാവായ കല്ലിനാഥൻ മേൽപ്പറഞ്ഞ നിശ്ശങ്കഗ്രന്ഥം കുറച്ചു ക്ലിഷ്ടമായിട്ടാണെങ്കിലും ഭരതാദിമതത്തിന്നു വിരോധം വരാത്ത വിധത്തിൽ വ്യാഖ്യാനിച്ചൊപ്പിച്ചിട്ടുള്ളത്. പന്തിരണ്ടു സ്വരസ്ഥാനങ്ങൾമാത്രം ദക്ഷിണദേശീയത്തിൽ പറയുന്ന അമാത്യൻ വെങ്കടമഖി മുതലായവൎക്കു സാധാരണഗാന്ധാരവിഷയത്തിലും മററും മുമ്പു കാണിച്ചവിധം ഭ്രമം വന്നുകൂടുവാൻ ഈ നിശ്ശങ്കാദിഗ്രന്ഥമാണാസ്പദമെന്നും വരാവുന്നതാണ്. അതെങ്ങനെയായാലും മുൻകാണിച്ച പ്രാചീനമതംതന്നെയാണ് ഈ വിഷയത്തിൽ അധികം യുക്തമെന്നും ദക്ഷിണത്തിലെ ഗാന്ധാരനിഷാദങ്ങളുടെ ശുദ്ധവികൃതസ്ഥാനവ്യവസ്ഥയോടു യോജിച്ചിരിക്കുന്നതെന്നും ഗ്രഹിച്ചുകൊൾക.

മററു സ്വരത്തിന്റെ സ്ഥാനത്തുതന്നെ വരുന്ന വികൃതസ്വരങ്ങളെപ്പററയുന്നു—

സൂ—അന്യസ്ഥാനഗാസ്തു കാകല്യന്തരപരൌ ദ്വിശ്രുതികൌ ഷഡ്ജമധ്യമൌ ച്യുതഷഡ്ജമധ്യപഞ്ചമപരാശ്ചതുശ്രുതികാ ഋഷഭകൈശികപഞ്ചമധൈവതാശ്ചേതി പഞ്ച. ൫൨

ഭാ—അന്യസ്ഥാനം മറെറാരു സ്വരത്തിന്റെ സ്ഥാനം. മേൽക്കാണിച്ച വികൃതസ്വരങ്ങൾക്കു പുറമെ മാൎഗ്ഗപ്രസ്ഥാനത്തിൽ മറെറാരു സ്വരത്തിന്റെ സ്ഥാനത്തുതന്നെ വരുന്നവയായി വേറെയും വികൃതസ്വരങ്ങളുണ്ട്. ആ മറെറാരു സ്വരം ശുദ്ധസ്വരമായിട്ടും വ

രാം, വികൃതസ്വരമായിട്ടും വരാം. മാഗ്ഗത്തിൽ സ്വരഭേദത്തിന്നുള്ള കാരണം എന്നുവെച്ചാൽ സ്വരങ്ങളുടെ സംജ്ഞാഭേദത്തിനും ശുദ്ധവികൃതഭേദത്തിന്നുമുള്ള കാരണം ശ്രുതിസംഖ്യാഭേദമാണെന്നാണ് വ്യവസ്ഥ. അതുപ്രകാരം നാദഭേദമില്ലെങ്കിലും പൂർവ്വസ്വരത്തെ അപേക്ഷിച്ച ശ്രുതിസംഖ്യ മാറിയാൽ അതു മറെറാരു വികൃതസ്വരമാകയും സംജ്ഞ മാറുകയും ചെയ്യും. അങ്ങനെയുള്ള സ്വരത്തിൻെറ സ്ഥാനം ശുദ്ധസ്വരസ്ഥാനമായാലും വേണ്ടില്ല, മറെറാരു വികൃതസ്വരത്തിൻെറ സ്ഥാനമായാലും വേണ്ടില്ല എന്നു താൽപര്യം. അങ്ങനെ സ്ഥാനഭേദമില്ലാതെ വരുന്ന വികൃതങ്ങളാകട്ടേ, കാകളിനിഷാദപ്രയോഗത്തിന്നുശേഷം രണ്ടു ശ്രുത്യന്തരം മാത്രമായി ശുദ്ധഷഡ്ജസ്ഥാനത്തുതന്നെ പ്രയോഗിക്കുന്ന അച്യുതഷഡ്ജം. ശുദ്ധഷഡ്ജമാകാൻ നാലു ശ്രുത്യന്തരം വേണമല്ലോ. അന്തരഗാന്ധാരപ്രയോഗത്തിന്നുശേഷം രണ്ടു ശ്രുത്യന്തരം മാത്രമായി ശുദ്ധമധ്യമസ്ഥാനത്തുതന്നെ പ്രയോഗിക്കുന്ന അച്യുതമധ്യമം. മധ്യമം ശുദ്ധമാകാനും നാലു ശ്രുത്യന്തരമുണ്ടായിരിക്കണമല്ലോ. ച്യുതഷഡ്ജപ്രയോഗത്തിന്നുശേഷം നാലു ശ്രുത്യന്തരമായി ശുദ്ധഋഷഭസ്ഥാനത്തുതന്നെ പ്രയോഗിക്കുന്ന ചതുശ്രുതികഋഷഭം. ശുദ്ധഋഷഭത്തിന്നു മൂന്നു ശ്രുത്യന്തരം മതിയല്ലോ. ച്യുതമധ്യമപ്രയോഗത്തിന്നുശേഷം നാലു ശ്രുത്യന്തരമായി ച്യുതപഞ്ചമമെന്ന ത്രിശ്രുതിപഞ്ചമസ്ഥാനത്തുതന്നെ പ്രയോഗിക്കുന്ന കൈശികപഞ്ചമം. ച്യുതപഞ്ചമപ്രയോഗത്തിന്നുശേഷം നാലു ശ്രുത്യന്തരമായി ശുദ്ധധൈവതസ്ഥാനത്തുതന്നെ പ്രയോഗിക്കുന്ന ചതുശ്രുതിധൈവതം. ഇങ്ങനെ അഞ്ചാണ്. ഈ വിധത്തിൽ നിശ്ശങ്കമതപ്രകാരം വിഭിന്നസ്ഥാനങ്ങളിൽ ഏഴും അന്യസ്വരസ്ഥാനങ്ങളിലഞ്ചുമായി പന്തിരണ്ടു വികൃതങ്ങളും ഏഴു ശുദ്ധങ്ങളുംകൂടി പത്തൊമ്പതു സ്വരങ്ങളും പതിന്നാലു സ്വരസ്ഥാനങ്ങളും ഒരു സ്ഥായിയിലുണ്ട്. സോമനാഥനാകട്ടേ അന്യസ്വരസ്ഥാനങ്ങളിൽ വരുന്ന വികൃതങ്ങളെ, നാദഭേദമില്ലാത്ത അഞ്ചു വികൃതങ്ങളെ വേറെഗ്ഗണിക്കേണ്ടതില്ലെന്ന പക്ഷക്കാരനാണ്. അതിനാൽ പതിന്നാലു സ്വരങ്ങളാണ് ആ പക്ഷത്തിലുള്ളത് "ഇതി സപ്തോക്താഃ ശുദ്ധാ വികൃതാൻ സപ്തൈവ വച്മി സഹ നാമ്നാ." എന്നും, "ദ്വാദശ വികൃതാൻ പൂർവ്വേ വദന്തി തത്ര തു പൃഥക് പൃഥക് ധ്വനിതഃ സപ്തൈവ സ്യുർഭിന്നാ ന പഞ്ച യദിമേ സമധ്വനയഃ." എന്നുമുള്ള സോമനാഥവചനം നോക്കുക. പന്തിരണ്ടു വികൃതങ്ങളുണ്ടെന്ന പക്ഷത്തേക്കാൾ ഈ സോമനാഥപക്ഷംതന്നെയാണ് സംഗതമായിട്ടുള്ളത്. എന്തുകൊണ്ടെന്നാൽ പ്രയോഗവിഷയത്തിൽ അത്രത്തോളമേ വേർതിരിച്ചു ഗണിക്കേണ്ട ആവശ്യമുള്ളൂ. ശുദ്ധസ്വരസ്ഥാനത്തു വരുന്ന സ്വരങ്ങളെയെല്ലാം പൂർവ്വസ്വരത്തിൻെറ നില നോക്കാതെ ശുദ്ധസ്വരമായിത്തന്നെ ഗണിച്ചാലും വൈഷമ്യമൊന്നും വരുന്നതല്ല. ഇടയിൽ വരുന്ന ശ്രുതികളുടെ സംഖ്യ കുറഞ്ഞതുകൊണ്ടോ കൂടിയതുകൊണ്ടോ ഓരോ വ്യവസ്ഥിതസ്ഥാനങ്ങളിലുണ്ടാകുന്ന നാദങ്ങൾക്കു പ്രയോഗത്തിലും വ്യത്യാസം വരുന്നതല്ലല്ലോ. ഈ യുക്തിയനുസരിച്ചു നോക്കുമ്പോൾ ശുദ്ധസ്വരങ്ങളിൽനിന്നു സ്ഥാനഭേദമുള്ളവയെ മാത്രമേ വികൃതസ്വരങ്ങളായിഗ്ഗണിക്കേണ്ടതുള്ളൂ എന്നും സിദ്ധിക്കുന്നു.

സൂ—ജരത്തരാസ്തു കാകല്യന്തരാവേവ മൂർച്ഛനാദ്യനുരോധേന വികൃതൌ വദന്തി. ഗ്രാമവിശേഷേണ ച്യുതപഞ്ചമസ്യ ശുദ്ധത്വം ച. ൧൨

ഭാ—ഭരതമുനി മുതലായ അതിപ്രാചീനന്മാരുടെ മതം സൂക്ഷ്മമായിപ്പരിശോധിക്കുമ്പോഴാകട്ടേ ച്യുതപഞ്ചമമെന്നതു മധ്യമഗ്രാമത്തിലെ ശുദ്ധസ്വരംതന്നെയാണ്. ഷഡ്ജഗ്രാമത്തിൽ ആ സ്വരത്തിൻെറ പ്രയോഗം വരില്ല. മധ്യമഗ്രാമത്തിൽ ഷഡ്ജഗ്രാമപഞ്ചമമായ ചതുശ്രുതിപഞ്ചമത്തിൻെറ പ്രയോഗവും വരില്ല. ഗ്രാമവിഭാഗത്തിന്നവലംബംതന്നെ ആ

പഞ്ചമസ്വരഭേദമാണ്. അതിനാൽ ച്യുതപഞ്ചമത്തെ വികൃതസ്വരമായിഗ്ഗണിക്കാവുന്നതല്ല. അങ്ങനെ ഗണിക്കുന്നതായാൽ മധ്യമഗ്രാമം ആസ്പദമാക്കി ഷഡ്ജഗ്രാമപഞ്ചമത്തെയും വികൃതസ്വരമായിഗ്ഗണിക്കേണ്ടിവരും. നോക്കുക,

"ഷഡ്ജശ്ചതുശ്ശ്രുതിർജ്ഞേയ ഋഷഭസ്ത്രിശ്രുതിസ്തഥാ
ദ്വിശ്രുതിശ്ചൈവ ഗാന്ധാരോ മധ്യമശ്ച ചതുശ്ശ്രുതിഃ
ചതുശ്ശ്രുതിഃ പഞ്ചമസ്സ്യാദ്ധൈവതസ്ത്രിശ്രുതിസ്തഥാ
നിഷാദോ ദ്വിശ്രുതിശ്ചൈവ ഷഡ്ജഗ്രാമേ ഭവന്തി ഹി.
ചതുശ്ശ്രുതിസ്തു വിജ്ഞേയോ മധ്യമഃ പഞ്ചമഃ പുനഃ
ത്രിശ്രുതിർദ്ധൈവതസ്തു സ്യാച്ചതുശ്ശ്രുതിക ഏവ ഹി
നിഷാദഷഡ്ജൌ വിജ്ഞേയൌ ദ്വിചതുശ്ശ്രുതിസംഭവൌ
ഋഷഭസ്ത്രിശ്രുതിശ്ച സ്യാദ്ഗാന്ധാരോ ദ്വിശ്രുതിസ്തഥാ."

ഇങ്ങനെയാണ് ഗ്രാമഭേദങ്ങളെ ആസ്പദമാക്കി ശുദ്ധസ്വരങ്ങളെ ഭരതമുനിയും മററും വിഭജിച്ചിട്ടുള്ളത്. അതുകൊണ്ടു മുമ്പു പ്രാചീനൈകദേശിമതത്തിൽ വികൃതങ്ങളായിക്കാണിച്ച അഞ്ചിൽത്തന്നെയും ച്യുതപഞ്ചമത്തെ ശുദ്ധസ്വരവർഗ്ഗത്തിലേക്കു മാററണം. ശേഷമുള്ള നാലിലും ച്യുതഷഡ്ജച്യുതമധ്യമങ്ങളെ, പ്രയോഗത്തെപ്പററിയേടത്തോളം പ്രത്യേകസ്വരമെന്ന നിലയിൽ അവർ കണക്കാക്കിട്ടില്ല. ശുദ്ധഷഡ്ജമധ്യമങ്ങളുടെ ഒരു തരം പ്രയോഗവിശേഷമെന്നേ വെച്ചിട്ടുള്ളൂ. രണ്ടു ശ്രുത്യന്തരമുള്ള അന്തരഗാന്ധാരകാകളിനിഷാദങ്ങളെ മാത്രമേ പ്രത്യേകസ്വരമെന്നവികൃതസ്വരങ്ങളായിഗ്ഗണിച്ചിട്ടുള്ളൂ. അതുകൊണ്ടുതന്നെയാണ് മൂർച്ഛനാപ്രകരണത്തിലും മററും അന്തരഗാന്ധാരകാകളിനിഷാദങ്ങളെ മാത്രം വികൃതസ്വരങ്ങളായിഗ്ഗണിച്ച് ആ സ്വരങ്ങൾ ഘടിച്ചിട്ടുള്ള പ്രത്യേകമൂർച്ഛനകളും താനങ്ങളും ഏപ്പെടുത്തിട്ടുള്ളതും, അപ്രകാരം ച്യുതഷഡ്ജം, ച്യുതമധ്യമം ഇവ ഘടിച്ചിട്ടുള്ള മൂർച്ഛനാക്രമതാനങ്ങൾ അവർ ഏപ്പെടുത്തീട്ടില്ലാത്തതും. ച്യുതഷഡ്ജാദികളും പ്രത്യേകവികൃതസ്വരങ്ങളാണെങ്കിൽ അവയോരോന്നും ഘടകങ്ങളായ മൂർച്ഛനകളെയും തുല്യന്യായത്താൽ പ്രത്യേകം ഗണിക്കേണ്ടതുണ്ടല്ലോ. പ്രത്യേകവികൃതസ്വരമാകാൻ രണ്ടു ശ്രുത്യന്തരമെങ്കിലും ഉണ്ടായിരിക്കണമെന്നും ച്യുതപഞ്ചമം പഞ്ചമവികൃതമല്ല, ഗ്രാമഭേദകമായ ശുദ്ധസ്വരവിശേഷം മാത്രമാണെന്നും ചുരുക്കം. മൂർച്ഛനാവിവരണപ്രകരണത്തിൽ ഭരതമുനിയും മതംഗമുനിയും പ്രസ്താവിച്ചിട്ടുള്ളതു നോക്കുക—"ഏവമേതാഃ ക്രമയുക്താഃ പൂർണ്ണാഃ ഷാഡവൌഡവീകൃതാഃ സാധാരണീകൃതാശ്ചേതി ചതുർവ്വിധാശ്ചതുർദശ മൂർച്ഛനാഃ.

ക്രമയുക്താസ്സ്വരാസ്സപ്തമൂർഛനാസ്ത്വഭിസംജ്ഞിതാഃ
ഷട്പഞ്ചകസ്വരാസ്താസാം ഷാഡവൌഡവിതാഃ സ്മൃതാഃ
സാധാരണീകൃതാശ്ചൈവ കാകളീസമലംകൃതാഃ
അന്തരസ്വരസംയുക്താ മൂർച്ഛനാ ഗ്രാമയോർദ്വയോഃ."

എന്നു ഭരതമുനിഗ്രന്ഥം. "തത്ര സപ്തസ്വരമൂർച്ഛനാ ചതുർവ്വിധാ. പൂർണ്ണാ ഷാഡവാ ഔഡവിതാ സാധാരണാ ചേതി. തത്ര സപ്തഭിഃ സ്വരൈര്യ്യാ ഗീയതേ സാ പൂർണ്ണാ. ഷഡ്ഭിഃ സ്വരൈര്യ്യാ ഗീയതേ സാ ഷാഡവാ. പഞ്ചഭിഃ സ്വരൈര്യ്യാ ഗീയതേ സാ ഔഡവിതാ. കാകള്യന്തരസ്വരൈര്യ്യാ ഗീയതേ സാ സാധാരണാ." എന്നു മതംഗമുനിഗ്രന്ഥം. ഇവയുടെ താൽപര്യ്യാത്ഥം. ഷഡ്ജഗ്രാമം, മധ്യമഗ്രാമം എന്ന രണ്ടു ഗ്രാമത്തിലും ഏഴേഴവീതം പതിന്നാലു മൂർച്ഛനകളുള്ളതിൽ ഓരോന്നും പൂർണ്ണം, ഷാഡവം, ഔഡവിതം, സാധാരണീകൃതം ഇങ്ങനെ നാലുവിധത്തിൽ വരുന്നതാണ്. സപ്തസ്വരങ്ങളും ചേന്നതു പൂർണ്ണം. ആറു സ്വര

ങ്ങൾമാത്രം ചേൎന്നു ഷാഡവം. അഞ്ചു സ്വരങ്ങൾമാത്രം ചേൎന്നത് ഔഡവിതം. കാകളിനിഷാദമോ അന്തരഗാന്ധാരമോ അവ രണ്ടുംകൂടിയോ ചേൎന്നു സാധാരണീകൃതം. ഇങ്ങനെയാണല്ലോ. ഇതിനാൽ കാകളിയും അന്തരഗാന്ധാരവും മാത്രമേ വികൃതസ്വരങ്ങളായി അവർ ഗണിച്ചിട്ടുള്ളൂ എന്ന സംഗതി സ്പഷ്ടമാണ്. ശ്രുതിപ്രകരണത്തിലും അതു രണ്ടും മാത്രമാണ് വികൃതസ്വരങ്ങൾ എന്നു ഭരതമുനി കാണിച്ചിട്ടുണ്ട്. പലതരം വികൃതസ്വരങ്ങളെ സ്വരപ്രകരണത്തിൽ പ്രസ്താവിക്കുന്ന നിശ്ശങ്കശാർങ്ഗദേവൻ മൂർച്ഛനാപ്രകരണത്തിൽ കാകല്യന്തരങ്ങളെ മാത്രമേ മൂർച്ഛനാഭേദത്തിന്നു കാരണമായി പ്രസ്താവിക്കുന്നുള്ളൂ.

"ചതുൎദ്ധാ താഃ പൃഥക് ശുദ്ധാഃ കാകളീകലിതാസ്തഥാ
സാന്തരാസ്തദ്വയോപേതാഃ ഷട്പഞ്ചാശദിതീരിതാഃ."

എന്ന നിശ്ശങ്കഗ്രന്ഥം നോക്കുക. ആ ഗ്രന്ഥകാരൻെറ മതപ്രകാരം മററുള്ളവികൃതങ്ങളിലോരോന്നും രണ്ടും മൂന്നും കൂടിച്ചേൎന്നും വേറെ വേറെ പല മൂർച്ഛനകളും ഉണ്ടാകാവുന്നതാണെന്നിരിക്കെ അതിനെപ്പററിപ്പറയുന്നില്ല. അതുകൊണ്ടു പ്രധാനവികൃതസ്വരങ്ങൾ അതു രണ്ടും മാത്രമാണെന്ന് ആ പക്ഷത്തിലും സ്വീകരിക്കാതെ കഴിയുന്നതല്ല. ഇങ്ങനെ അതിപ്രാചീനന്മാരായ ഭരതമതംഗാദിമുനിമാരുടെ മതപ്രകാരം ഷഡ്ജമധ്യമഗ്രാമങ്ങളിലായി എട്ടു ശുദ്ധസ്വരങ്ങളും രണ്ടു വികൃതസ്വങ്ങളും കൂടി പത്തു സ്വരങ്ങൾ മാത്രമാണ് ഒരു സ്ഥായിയിലുള്ളത്.

സൂ—മതഭേദാസ്ത്വിമേ പ്രദൎശ്യന്തേ മണ്ഡലപ്രസ്താരൈഃ. ൧൪

ഭാ—ഇനി ഈ മതങ്ങൾ തമ്മിലുള്ള വ്യത്യാസം എളുപ്പത്തിൽ ഗ്രഹിപ്പാൻവേണ്ടി ഓരോ മതപ്രകാരവും ഉള്ള ശുദ്ധവികൃതസ്വരസ്ഥാനങ്ങളെ മണ്ഡലപ്രസ്താരങ്ങളെക്കൊണ്ടു വിശദമാക്കിക്കാണിക്കുന്നു.

മാൎഗ്ഗീയസ്വരമണ്ഡലം.

ഭരതാദിമുനിമതം

ശ്രുതി	ശുദ്ധം	വികൃതം
	സ	
1		
2		
3	രി	
4		
5	ഗ	
6		
7		സാ. ഗ, അന്തര ഗ
8		
9	മ	
10		
11		
12	മധ്യമഗ്രാമ പ	
13	ഷഡ്ജഗ്രാമ പ	
14		
15		
16	ധ	
17		
18	നി	
19		
20		സാ. നി കാകളി നി
21		
22	സ	

പ്രാചീനൈകദേശിമതം

ശുദ്ധം	ശ്രുതി	വികൃതം
സ	1	
	2	
രി	3	
	4	
ഗ	5	
	6	
	7	അ. ഗ
	8	ച്യുത മ
മ	9	
	10	
	11	
	12	ച്യുത പ
പ	13	
	14	
	15	
ധ	16	
	17	
നി	18	
	19	
	20	കാ. നി
	21	ച്യുത സ
സ	22	

നിശ്ശങ്കമതം

ശുദ്ധം	ശ്രുതി	വികൃതം
സ	1	
	2	
രി	3	പഞ്ചശ്രുതി രി
	4	
ഗ	5	
	6	സാധാ. ഗ
	7	അന്ത. ഗ
	8	ച്യു. മ
മ	9	അച്യുത മ
	10	
	11	
	12	ച്യു. പ കൈ. പ
പ	13	
	14	
	15	
ധ	16	പഞ്ചശ്രുതി ധ
	17	
നി	18	
	19	കൈശിക നി
	20	കാ. നി
	21	ച്യു. സ
സ	22	അച്യുത സ

സോമനാഥമതം

ശുദ്ധം	ശ്രുതി	വികൃതം
സ	1	
	2	
രി	3	
	4	
ഗ	5	
	6	സാ. ഗ
	7	അന്തര ഗ
	8	മൃദു മ
മ	9	
	10	
	11	
	12	മൃദു പ
പ	13	
	14	
	15	
ധ	16	
	17	
നി	18	
	19	കൈ നി
	20	കാ. നി
	21	മൃദു സ
സ	22	

ഇങ്ങനെയുള്ള മാർഗ്ഗസ്വരങ്ങളും മാത്രമനുസരിച്ചുള്ള പ്രയോഗങ്ങളും കാലഗതിയാൽ മിക്കവാറും പ്രചാരലുപ്തങ്ങളായിപ്പോയിരിക്കുന്നുവെന്നു പറയുന്നു.—

സൂ—നഷ്ടപ്രായോയം മാൎഗ്ഗസ്വരപ്രയോഗോ ദൃശ്യതേ കേരളേഷു ശ്ലാഘ്യാഖ്യാനാം നാടകാഭിനയേഷു സോപാനമാൎഗ്ഗാഖ്യദേവസ്തുതിഷു ചാംശമാത്രേണ. ൮൭

ഭാ—മേൽവിവരിച്ചപ്രകാരമുള്ളവയും ഷഡ്ജമദ്ധ്യമഗ്രാമവ്യവസ്ഥയെ ആസ്പദമാക്കിയവയുമായ മാൎഗ്ഗപ്രസ്ഥാനസ്വരങ്ങളേക്കൊണ്ടുള്ള പ്രയോഗവിശേഷങ്ങാം കാലഗതിയാൽ പ്രചാരലുപ്തങ്ങളായി മിക്കതും നശിച്ചുപോയിരിക്കുന്നു. കേരളത്തിൽ ചാക്കിയാന്മാർ എന്നു പറയുന്നവരുടെ കൂടിയാട്ടമെന്ന നാടകാഭിനയങ്ങളിലുള്ള ടക്കം, മുഡ്ഡനി മുതലായ രാഗവിശേഷങ്ങളിലും സോപാനമാൎഗ്ഗമെന്നു പറയുന്ന ദേവസ്തുതിയിൽ ഇടക്കയെന്ന വാദ്യത്തോടുകൂടി കൊട്ടിപ്പാടിസ്സേവ എന്നു പ്രസിദ്ധമായ പ്രയോഗത്തിലും ആ മാൎഗ്ഗപ്രസ്ഥാനത്തിന്റെ അംശങ്ങാം ഇപ്പോഴും അവശേഷിച്ചുകാണുന്നുണ്ട്.

ദക്ഷിണപ്രസ്ഥാനത്തിലെ ശുദ്ധവികൃതസ്വരങ്ങളെപ്പററി വിവരിപ്പാൻ തുടങ്ങുന്നു—

സൂ—ദക്ഷിണേ തു ഷാഡ്ജഗ്രാമികാ ഏവ സ്വരാഃ. ൮൮

ഭാ—ദക്ഷിണപ്രസ്ഥാനത്തിലാകട്ടേ ഷഡ്ജഗ്രാമത്തെ അനുസരിച്ചു വരുന്ന പ്രയോഗങ്ങാം മാത്രമാണുള്ളത്. മദ്ധ്യമഗ്രാമപ്രകാരമുള്ള സ്വരങ്ങളെ അവലംബിച്ചുകൊണ്ടുള്ള പ്രയോഗങ്ങളില്ല. അതിനാൽ ഷഡ്ജഗ്രാമത്തിലെ പ്രയോഗത്തിന്നു യോജിക്കുന്ന സ്വരങ്ങാം മാത്രമേ അതിലുള്ളൂ.

സൂ—തത്ര ദക്ഷിണേപി ദ്വാവിംശതിശ്രുതിവിഭാഗമവലംബ്യ സ്വരാൻ വിഭജതാമമാത്യവെങ്കടാധ്വരിപ്രഭൃതീനാം മതം തദസാംഗത്യം ച ശ്രുതിപ്രകാശ ഏവ വ്യാഖ്യാതം. ൮൯

ഭാ—അങ്ങനെയുള്ള ദക്ഷിണദേശീയത്തിലും ഒരു സ്ഥായിയെ ഇരുപത്തിരണ്ടു ശ്രുതികളാക്കിത്തന്നെ വിഭജിച്ചും, മാൎഗ്ഗത്തിലെപ്പോലെതന്നെ ശുദ്ധഋഷഭത്തിന്നും ശുദ്ധധൈവതത്തിന്നും മുമ്മൂന്നു ശ്രുത്യന്തരങ്ങാം എന്നമാതിരിയിൽ സ്വരങ്ങളെ വിഭജിച്ചും പ്രതിപാദിക്കുന്ന രാമാമാത്യൻ, വെങ്കടമഖി മുതലായവരുടെ മതവും ആ മതം യുക്തിക്കും വസ്തുസ്ഥിതിക്കും യോജിക്കുന്നതല്ലെന്നുള്ള സംഗതിയും ശ്രുതിപ്രകാശത്തിൽത്തന്നെ പ്രസംഗവശാൽ സപ്രമാണം വിവരിച്ചു കഴിഞ്ഞിട്ടുണ്ട്.

സൂ—അയമേവ ഹി നിശ്ശങ്കാദിമതമാൎഗ്ഗാത്തന്മതേ വിശേഷഃ. യൽ കാകള്യന്തരപ്രതിമാനാം ച്യുതഷഡ്ജമദ്ധ്യമപഞ്ചമസ്ഥാനാരോഹണം ശുദ്ധഗാന്ധാരസാധാരണഗാന്ധാരയോഃ ഷഡ്ജാവ്യവഹിതോത്തരതായാം ശുദ്ധകൈശികനിഷാദയോഃ പഞ്ചമാവ്യവഹിതോത്തരതായാം ച പഞ്ചശ്രുതികഋഷഭാദിസംജ്ഞാകല്പനേന വികൃതസ്വരസംജ്ഞാധിക്യം ച. ൯൦

ഭാ—ദക്ഷിണദേശീയത്തിലെ സ്വരവ്യവസ്ഥകളെപ്പററി അമാത്യനും വെങ്കടമഖിയും പറയുന്നതും നിശ്ശങ്കാദികാം മാൎഗ്ഗസ്വരവ്യവസ്ഥകളെപ്പററിപ്പറയുന്നതും തമ്മിൽഇത്രമാത്രമേ വ്യത്യാസമുള്ളൂ. മാൎഗ്ഗത്തിലെ ച്യുതഷഡ്ജം, ച്യുതമദ്ധ്യമം, ച്യുതപഞ്ചമം ഇവയെ ദക്ഷിണത്തിൽ വേണ്ടെന്നുവെച്ച് ശുദ്ധനിഷാദത്തിൽനിന്നും ശുദ്ധഗാന്ധാരത്തിൽനിന്നും രണ്ടാമത്തെ ശ്രുതികളിലുള്ള കാകളിനിഷാദത്തിന്നും അന്തരഗാന്ധാരത്തിന്നും മൂന്നാമത്തെ ശ്രുതികളിലുള്ള ച്യുതഷഡ്ജച്യുതമദ്ധ്യമസ്ഥാനങ്ങളിലേക്കു പ്രാചീനശാസ്ത്രനിയമം നോക്കാതെ ക

സ്ഥാനം കൊടുത്തു. ച്യുതപഞ്ചമത്തിന്റെ സ്ഥാനത്തെക്ക ദക്ഷിണപ്രസിദ്ധമായ കൈശിക മദ്ധ്യമത്തെയും കയററിവെച്ചു. അങ്ങനെ നിശ്ശങ്കാദിമതത്തിൽ ഭിന്നസ്ഥാനങ്ങളിലായി ഏഴ വികൃതസ്വരങ്ങളുള്ളതിൽ മൂന്നെണ്ണം കളഞ്ഞുവെങ്കിലും ആ മൂന്നിന്റെ സ്ഥാനത്തും മററ മൂന്നെണ്ണം വന്നുകൂടി. പക്ഷേ ആ മതപ്രകാരമുള്ള കാകളിനിഷാദാന്തരഗാന്ധാരസ്ഥാനങ്ങൾ ഒഴിവായതിനാൽ വികൃതസ്ഥാനങ്ങൾ അഞ്ചായി. ശുദ്ധസ്വരസ്ഥാനങ്ങൾക്ക മാററമൊന്നുമില്ലാതെ ഭിന്നസ്വരസ്ഥാനങ്ങൾ പന്തിരണ്ടായിത്തീൎന്നു. പിന്നെ അമാത്ത്യാദികൾ ചെയ്തിട്ടുള്ളതിത്രമാത്രമാണ്. പ്രയോഗങ്ങളിൽ ഷഡ്ജത്തിന്നശേഷം അടുത്തതായി ശുദ്ധഋഷഭം വരാതെ ശുദ്ധഗാന്ധാരം വരികയും പിന്നെ സാധാരണാന്തരഗാന്ധാരങ്ങളിലൊന്നു വരികയുമാണെങ്കിൽ ആ ശുദ്ധഗാന്ധാരത്തിന്ന' അപ്പോൾ നാദഭേദമില്ലെങ്കിലും പഞ്ചശ്രുതികഋഷഭമെന്നാണ് സംജ്ഞ. അതുപോലെ ഷഡ്ജത്തിന്നടുത്തതായി ശുദ്ധഋഷഭഗാന്ധാരങ്ങളിലൊന്നും വരാതെ സാധാരണഗാന്ധാരം വരികയും പിന്നെ അന്തരഗാന്ധാരം വരികയുമാണെങ്കിൽ അപ്പോൾ ആ സാധാരണഗാന്ധാരത്തിന്ന ഷട്ശ്രുതികഋഷഭമെന്നാണ് സംജ്ഞ. ഇപ്രകാരം പഞ്ചമത്തിന്നശേഷം അടുത്തു ധൈവതംവരാതെ ശുദ്ധനിഷാദം വരുമ്പോൾ അതിന്ന പഞ്ചശ്രുതിധൈവതമെന്നും അതും വരാതെ കൈശികനിഷാദം വരുമ്പോൾ അതിന്ന ഷട്ശ്രുതിധൈവതമെന്നും സംജ്ഞകൾ. ഈ വിധത്തിൽ നിശ്ശങ്കാദിമതപ്രകാരം മൂന്നുതരം ഗാന്ധാരങ്ങളും മൂന്നുതരം നിഷാദങ്ങളുമുള്ളവയിൽ ആദ്യത്തെ രണ്ട ഗാന്ധാരങ്ങൾക്ക് ഋഷഭസംജ്ഞകളും ആദ്യത്തെ രണ്ട നിഷാദങ്ങൾക്ക ധൈവതസംജ്ഞകളും നാദഭേദമില്ലാതെതന്നെ ഏൎപ്പെടുത്തി വികൃതസ്വരങ്ങളുടെ സംജ്ഞകൾമാത്രം വൎദ്ധിപ്പിച്ചു പതിനാറ സ്വരങ്ങളാക്കി പ്രസ്താവിക്കയാണ് ചെയ്തിട്ടുള്ളത്. അവരുടെ മതം ദക്ഷിണത്തിൽ നല്ല ശരിയാവില്ലെന്നു മുമ്പുകാണിച്ചിട്ടുണ്ട'.

സോമനാഥമതം പറയുന്നു.—

സൂ—സോമനാഥസ്തു ദേശിയേപി ദ്വാവിംശതിശ്രുതീഃ ശുദ്ധസ്വരാംശ്ച മാൎഗ്ഗാനുരോധേനാംഗീകൃത്യ വികൃതേഷു പരം വിശേഷാനാഹ. ൧൯

ഭാ—രാഗവിബോധഗ്രന്ഥകാരനായ സോമനാഥനും ദേശീയത്തിൽ ശ്രുതികൾ സമാനമാനങ്ങളാണെന്നുള്ള പരമാൎത്ഥം നോക്കാതെ അതിലും മാൎഗ്ഗത്തിലെപ്പോലെ ഇരുപത്തിരണ്ട ശ്രുതികളാണെന്നും ശുദ്ധസ്വരങ്ങളുടെ ശ്രുത്യന്തരവ്യവസ്ഥകളും മാൎഗ്ഗത്തിലെപ്പോലെ തന്നെയാണെന്നും കരുതി പ്രയോഗങ്ങളിൽ നിശ്ശങ്കമതപ്രകാരമുള്ള വികൃതസ്വരങ്ങളെക്കൊണ്ടും മേൽപ്രകാരമുള്ള ശുദ്ധസ്വരങ്ങളെക്കൊണ്ടും പല ദേശീയരാഗങ്ങളുടെ സംഗതിയിലും നല്ല ശരിയാവുന്നില്ലെന്നു കണ്ട വികൃതസ്വരങ്ങളിൽ ചില വിശേഷങ്ങൾ കൂടി പറയുന്നുണ്ട്.

ആ വിശേഷങ്ങളെന്തെല്ലാമെന്നു കാണിപ്പാനായി ആ ഗ്രന്ഥകാരന്റെ ചില പ്രത്യേകസങ്കേതങ്ങളെപ്പറയുന്നു—

സൂ—തത്ര ശുദ്ധാദേകശ്രുതിഹീനാനാം മൃദുപൂൎവ്വാ, ഏകദ്വിശ്രുത്യധികാനാം ക്രമാത്തീവ്രതീവ്രതരപൂൎവ്വാ ത്രിചതുശ്രുത്യധികാനാം തീവ്രതമപൂൎവ്വാ തത്തത്സ്വരസംജ്ഞാ തദുപജ്ഞാ. ൨൦

ഭാ—ആ വികൃതസ്വരവിഷയത്തിൽ ഏതെങ്കിലും ശുദ്ധസ്വരത്തിൽനിന്ന് ഒരു ശ്രുതി കുറഞ്ഞ വികൃതസ്വരങ്ങൾക്ക മൃദു എന്ന പദം ആ ശുദ്ധസ്വരത്തിന്റെ സംജ്ഞയുടെ

മുമ്പിൽ ചേർത്ത് മൃദുഷഡ്ജം, മൃദുമധ്യമം എന്നീ വിധത്തിലും ശുദ്ധസ്വരത്തിൽനിന്ന് ഒരു ശ്രുതി അധികമായിട്ടുള്ളതിന്നു തീവ്രശബ്ദം മുമ്പിൽ ചേർത്ത് തീവ്രഷഭം, തീവ്രഗാന്ധാരം എന്നീവിധത്തിലും ശുദ്ധത്തിൽനിന്നു രണ്ടു ശ്രുതികൾ അധികമായിട്ടുള്ളതിന്നു തീവ്രതരശബ്ദം മുമ്പിൽ ചേർത്ത് തീവ്രതരമധ്യമം, തീവ്രതരനിഷാദം എന്നീ വിധത്തിലും ശുദ്ധത്തിൽനിന്നു മൂന്നു ശ്രുതികൾ അധികമായിട്ടുള്ളതിന്നും നാലു ശ്രുതികൾ അധികമായിട്ടുള്ളതിന്നും തീവ്രതമ ശബ്ദം മുമ്പിൽ ചേർത്ത് തീവ്രതമഷഭം, തീവ്രതമഗാന്ധാരം എന്നീ വിധത്തിലും സംജ്ഞകളാണ്. ഇങ്ങനെ ആ ഗ്രന്ഥകാരൻ വികൃതസ്വരങ്ങളെപ്പററി പ്രതിപാദിപ്പാൻ വേണ്ടി പ്രത്യേകസങ്കേതം വഴിക്കു സംജ്ഞകളേപ്പെടുത്തിയിരിക്കുന്നു. ഇതിൽ മൃദുശബ്ദം മാർഗ്ഗത്തിലെ ച്യുതശബ്ദത്തിന്നു പകരം ചേർത്തുമാത്രമാണെന്നു സ്പഷ്ടം. ഇപ്രകാരം സ്വരങ്ങളിലേഴിലും ബാധിക്കത്തക്കവിധം സംജ്ഞകളേപ്പെടുത്തീട്ടുണ്ടെങ്കിലും ഷഡ്ജപഞ്ചമങ്ങൾ ഷഡ്ജഗ്രാമമാത്രമായ ദേശീയത്തിൽ വികൃതങ്ങളായിട്ടില്ലാത്തതിനാൽ ആ രണ്ടു സ്വരങ്ങളെപ്പററിയേടത്തോളം ഈ വക സംജ്ഞകൾ വേണ്ടിവരുന്നതല്ല. മൂന്നു ശ്രുതിയിൽ കുറഞ്ഞ ഋഷഭത്തെയും ധൈവതത്തെയും ആ ഗ്രന്ഥകാരൻ സ്വീകരിക്കുന്നില്ല. അതുകൊണ്ടു മൃദുസംജ്ഞ ആ രണ്ടു സ്വരങ്ങളെയും ബാധിക്കുന്നതല്ല, എന്നീവക വിശേഷങ്ങളും ഇവിടെ ഗ്രഹിക്കേണ്ടതുണ്ട്.

സൂ—അഥ ച ചതുഷ്പഞ്ചഷട്ശ്രുതികാൻ തീവ്രതീവ്രതരതീവ്രതമാഖ്യാംസ്ത്രീനൃഷഭാംസ്താദൃശാംസ്ത്രീൻ ധൈവതാൻ ഷട്ശ്രുതികൌ ത്രീവ്രതമഗാന്ധാരമധ്യമൌ ചേത്യഷ്ടൌ വികൃതാൻ മാർഗ്ഗാധികാനാഹ. തേഷു തീവ്രതരതീവ്രതമഷഭൌ ശുദ്ധസാധാരണഗാന്ധാരാഭിന്നനാദൌ താദൃശധൈവതൌ ശുദ്ധകൈശികനിഷാദസമനാദൌ ഷട്ശ്രുതിഗാന്ധാരഃ ശുദ്ധമധ്യമസമനാദശ്ചേതി ചതുശ്ശ്രുതികം തീവ്രമൃഷഭം തഥാവിധം ധൈവതം ഷട്ശ്രുതികം തീവ്രതമം ചേതി ത്രീൻ വികൃതാൻ വിഭിന്നധ്വനീൻ മാർഗ്ഗോക്താധികതയാ ച വദതി. ഫ.

ഭാ—പിന്നെ നാലു ശ്രുത്യന്തരമുള്ള തീവ്രഷഭം, അഞ്ചു ശ്രുത്യന്തരമുള്ള തീവ്രതരഷഭം, ആറു ശ്രുത്യന്തരമുള്ള തീവ്രതമഷഭം ഇങ്ങനെ മൂന്നു വികൃതഷഭങ്ങളും അപ്രകാരംതന്നെ ശ്രുത്യന്തരങ്ങളുള്ളവയും തീവ്ര, തീവ്രതര, തീവ്രതമസംജ്ഞങ്ങളുമായ മൂന്നു ധൈവതങ്ങളും ആറു ശ്രുത്യന്തരങ്ങളുള്ള ഒരു തീവ്രതമഗാന്ധാരവും ആറു ശ്രുത്യന്തരമുള്ള ഒരു തീവ്രതമമധ്യമവുംകൂടി എട്ടു വികൃതസ്വരങ്ങൾ മാർഗ്ഗത്തിലില്ലാത്തവയായി ദേശീയത്തിൽ അധികമുണ്ടെന്നു പറയുന്നു. അതിന്നുശേഷം ആ എട്ടു വികൃതങ്ങളിൽ പഞ്ചശ്രുതികമായ തീവ്രതരഷഭം ശുദ്ധഗാന്ധാരത്തോടും ഷട്ശ്രുതികമായ തീവ്രതമഷഭം സാധാരണഗാന്ധാരത്തോടും സമനാദമാണ്. അപ്രകാരം പഞ്ചശ്രുതികമായ തീവ്രതരധൈവതവും ഷട്ശ്രുതികമായ തീവ്രതമധൈവതവും ക്രമത്തിൽ ശുദ്ധനിഷാദത്തോടും കൈശികനിഷാദത്തോടും സമനാദങ്ങളാണ്. ഷട്ശ്രുതികമായ തീവ്രതമഗാന്ധാരം ശുദ്ധമധ്യമത്തോടും സമനാദമാണ്. അങ്ങനെ ആ എട്ടു വികൃതങ്ങളിൽ മററൊരു ശുദ്ധസ്വരത്തോടോ വികൃതസ്വരത്തോടോ സമനാദങ്ങളായ അഞ്ചു വികൃതങ്ങളൊഴിച്ച് വിഭിന്നനാദങ്ങളായി ഭിന്നസ്ഥാനങ്ങളിൽ വരുന്നവ ചതുഃശ്രുതികമായ തീവ്രഷഭം, ചതുഃശ്രുതികമായ തീവ്രധൈവതം, ഷട്ശ്രുതികമായ തീവ്രതമഗാന്ധാരം എന്നിങ്ങനെ മൂന്നു മാത്രമാണെന്നും പറയുന്നു.

KOTTAYAM PUBLIC LIBRARY KOTTAYAM.

“രിധയോഃ പരശ്രുതിഗതേശ്ചതസ്ര ഇഹ പഞ്ചഷട്തഥാ ശ്രുതയഃ
ദേശീരാഗേഷ്വഭിവീക്ഷ്യന്തേ താഃ ഷട്തഥാ ഗമയോഃ.
ഇതി തേഷു സംഭവന്തി ത്രയോന്യ ഏഭ്യോ വിലക്ഷണാ വികൃതാഃ
പഞ്ചശ്രുതിഃ ശുചേഗ്ഗ്ാത്സാധാരണഗാച്ച ഷട്ശ്രുതികഃ.
രിന്ന പൃഥക്ത്വാദ്ദ്വശോ നേഃ കൈശികനേശ്ച ഷട്ശ്രുതിഗ്ഗോ മാൽ.”

എന്ന സോമനാഥഗ്രന്ഥം നോക്കുക. ഇവിടെ ഷട്ശ്രുതിമധ്യമമെന്നതു ശുദ്ധമധ്യമത്തിൽനിന്നു രണ്ടു ശ്രുതികൾമാത്രം അധികമുള്ളതാകയാൽ സംജ്ഞാസങ്കേതപ്രകാരം തീവ്രതരമധ്യമമെന്ന സംജ്ഞയാണ് അതിന്നു വേണ്ടതെങ്കിലും ആറു ശ്രുത്യന്തരങ്ങളുള്ള വികൃതങ്ങൾക്കെല്ലാം തീവ്രതമസംജ്ഞയാണെന്നൊരു വിശേഷസങ്കേതവുംകൂടി ആ ഗ്രന്ഥകാരൻ ഏപ്പെടുത്തീട്ടുണ്ടെന്നറിഞ്ഞുകൊൾക. ഇങ്ങനെ ഈ മതപ്രകാരം ശുദ്ധം, തീവ്രം, തീവ്രതരം, തീവ്രതമം എന്ന് ഋഷഭഗാന്ധാരധൈവതങ്ങൾ നന്നാലുവിധം. ശുദ്ധം, തീവ്രം, തീവ്രതരം എന്നു നിഷാദം മൂന്നു വിധം. ശുദ്ധം, തീവ്രതമം എന്നു മധ്യമം രണ്ടുവിധം. ഷഡ്ജപഞ്ചമങ്ങൾ. ഈ വിധത്തിൽ പത്തൊമ്പതു സ്വരങ്ങളുണ്ട്. അവയിൽ ശുദ്ധങ്ങൾ ഏഴ്, വികൃതങ്ങൾ പന്തിരണ്ട്. ആ വികൃതങ്ങളിൽ ശുദ്ധങ്ങളായ ഗ, മ, നി ഇവയുടെ സ്ഥാനങ്ങളിൽ വരുന്നവ മൂന്ന്. വികൃതങ്ങളായ സാധാരണ ഗ, കൈശിക നി ഇവയുടെ സ്ഥാനങ്ങളിൽ വികൃതങ്ങളായ ഋഷഭധൈവതങ്ങൾ കൂടി വരുന്നതിനാൽ നാല്. ചതുശ്രുതിയായ തീവ്ര രി, അന്തര ഗ, ഷട്ശ്രുതിയായ തീവ്രതമ മ, ചതുശ്രുതി ധ, കാകളി നി ഇപ്രകാരം അന്യസ്ഥാനങ്ങളിലല്ലാത്തവ അഞ്ച്. ഇങ്ങനെ വിവേകം. ദേശീയത്തിൽ ഈ സ്വരങ്ങളെല്ലാമുണ്ടെന്നുള്ളതിന്നു തെളിവായി, ശ്രീരാഗം മുതലായതിൽ ഋഷഭധൈവതങ്ങൾ ചതുശ്രുതികങ്ങളും മല്ലാരി രാഗം (ശങ്കരാഭരണം) മുതലായതിൽ അതു രണ്ടും പഞ്ചശ്രുതികങ്ങളും ശുദ്ധനട്ടാദികളിൽ (നാട്ടരാഗം) അവ ഷട്ശ്രുതികങ്ങളുമാണ്. സാരംഗരാഗത്തിൽ ഗാന്ധാരവും വരാളിയിൽ മധ്യമവും ഷട്ശ്രുതികങ്ങളാണ് എന്നിങ്ങനെ ചില ദൃഷ്ടാന്തങ്ങളും ആ ഗ്രന്ഥകാരൻ കാണിച്ചിട്ടുണ്ട്. അതിന്നും പുറമെ ഷഡ്ജപഞ്ചമങ്ങൾ വികൃതങ്ങളായി ദേശീയത്തിൽ സ്വീകരിച്ചിട്ടില്ലാത്തതിനാലും ശുദ്ധങ്ങളായ ഷഡ്ജപഞ്ചമമധ്യമങ്ങളിൽനിന്ന് ഒരു ശ്രുതി കുറഞ്ഞ നാദങ്ങൾ ചില പ്രയോഗങ്ങളിൽ കാണുന്നതിനാലും ആവക നാദങ്ങളെ കാകളിനിഷാദം, തീവ്രതമമധ്യമം, അന്തരഗാന്ധാരം ഇവയിൽ ചേൎത്തു തീവ്രതമഭേദങ്ങളായിഗ്ഗണിക്കേണ്ടതാണെന്നും അഭിപ്രായപ്പെടുന്നുണ്ട്. എന്നാൽ മൂന്നു ശ്രുത്യന്തരത്തിൽ കുറഞ്ഞ ഋഷഭധൈവതങ്ങളെപ്പററി വെങ്കടമഖി മുതലായവരെപ്പോലെ സോമനാഥനും പറയുന്നില്ല. തോഡീഗൌഡാദിരാഗങ്ങളിൽ അപ്രകാരം കാണുന്ന ആ സ്വരങ്ങൾക്കുപപത്തിയും പ്രതിപാദിക്കുന്നില്ല. ചുരുക്കത്തിൽ ശുദ്ധഷ്ഭധൈവതങ്ങളുടെ ആദ്യത്തെ ഈ രണ്ടു ശ്രുതികളും പഞ്ചമത്തിന്റെ ആദ്യത്തെ ശ്രുതിയും കൂടി അഞ്ചു ശ്രുതികളൊഴിച്ചു ശേഷമുള്ള പതിനേഴു സ്ഥാനങ്ങളിലായി ഇരുപത്തിരണ്ടു സ്വരങ്ങളുണ്ട്. അവയിൽ ശുദ്ധങ്ങൾ മാൎഗ്ഗസ്വരസ്ഥാനങ്ങളിൽത്തന്നെ ഏഴ്. വികൃതങ്ങൾ പതിനഞ്ച്. ഇങ്ങനെയാണ് സോമനാഥമതം.

അഹോബിലമതം കാണിക്കുന്നു —

സൂ—അഹോബിലോപി മാൎഗ്ഗാനുരോധേന ദേശീയേപി ദ്വാവിംശതി ശ്രുതിഃ ശുദ്ധസ്വരാംശ്ചോക്ത്വാ ശുദ്ധാദേകശ്രുതിഹീനതായാം കോമളപദഘടിതാം ദ്വിശ്രുതിഹീനതായാം പൂൎവ്വപദഘടിതാം ഏകശ്രുത്യധികതേ സാ

ധാരണപദഘടിതാം ദ്വിശ്രുത്യധികത്വേന്തരപദഘടിതാം ഏകദ്വിത്രിച തുശ്രുത്യധികത്വേ ക്രമാത്തീവ്രതീവ്രതരതീവ്രതമപദഘടിതാ വാ സംജ്ഞാസ്സ ങ്കേതേനാംഗീകൃത്യ പൂർവ്വർഷഭകോമളർഷഭാദിക്രമേണ ദ്വാംവിംശതിശ്രുതിഷ്വ പി ശുദ്ധാൻ വികൃതാൻ വാ സ്വരാനാഹ. ൨൨

ഭാ—സംഗീതപാരിജാതഗ്രന്ഥകാരനായ അഹോബിലനും, മാർഗ്ഗപ്രസ്ഥാനത്തിലെ പ്പോലെതന്നെ ദേശീയത്തിലും ഇരുപത്തിരണ്ടു ശ്രുതികളാണെന്നും ശുദ്ധസ്വരങ്ങളുടെ ശ്രു ത്യന്തരങ്ങളും അപ്രകാരംതന്നെയാണെന്നും പ്രതിപാദിച്ചതിന്നുശേഷം ദേശീയത്തിലെ വികൃ തസ്വരങ്ങളെപ്പററി ഇങ്ങനെ പറഞ്ഞിരിക്കുന്നു. ശുദ്ധത്തിൽനിന്ന് ഒരു ശ്രുതി കുറഞ്ഞ തിന്നു കോമളപദം ചേർത്തും രണ്ടു ശ്രുതികൾ കുറഞ്ഞതിന്നു പൂർവ്വപദം ചേർത്തും സംജ്ഞകൾ. ഒരു ശ്രുതി അധികമായതിന്നു സാധാരണപദം ചേർത്തും രണ്ടു ശ്രുതികൾ അധികമായതിന്ന് അന്തരപദം ചേർത്തും സംജ്ഞകൾ. അല്ലെങ്കിൽ സോമനാഥമതംപോലെ ഒന്നും രണ്ടും മൂ ന്നും ശ്രുതികൾ അധികമായതിന്നു ക്രമത്തിൽ തീവ്രം, തീവ്രതരം, തീവ്രതമം എന്നീ പദങ്ങൾ ചേർത്ത സംജ്ഞകൾ. നാലു ശ്രുതികളധികമായതിന്നും തീവ്രതമപദം ചേർത്ത സംജ്ഞതന്നെ. ശുദ്ധത്തിൽനിന്നു നാലിലധികം ശ്രുതികളധികമായിട്ടോ രണ്ടു ശ്രുതികളിലധികം കുറഞ്ഞി ട്ടോഒരു സ്വരവും വികൃതമായി വരില്ല. ഗാന്ധാരം മാത്രമേ നാലു ശ്രുതികളധികമായ വികൃത മായിട്ടുള്ളൂ. ഇങ്ങനെ പൂർവ്വർഷഭം, കോമളർഷഭം, തീവ്രർഷഭം, തീവ്രതരർഷഭം, തീവ്രതമർഷഭം എന്ന് ഋഷഭത്തിന്നഞ്ചും അതുപോലെ ധൈവതത്തിന്നഞ്ചും ഗാന്ധാരത്തിന്നഞ്ചും മദ്ധ്യമ ത്തിന്നു മൂന്നും നിഷാദത്തിന്നു നാലുമായി ഇരുപത്തിരണ്ടു വികൃതങ്ങളും ഏഴു ശുദ്ധങ്ങളുംകൂടി ആകെ ഇരുപത്തൊമ്പതു സ്വരങ്ങൾ ഇരുപത്തിരണ്ടു ശ്രുതികളിലായി വരുന്നതാണ്.

"ശുദ്ധാസ്സപ്ത വികാരാഖ്യാദ്വ്യധികാ വിംശതിർമ്മതാഃ
ഏകോനത്രിംശദുച്യന്തേ തേ സർവ്വേ മിളിതാസ്സ്വരാഃ."

എന്നും മററുമുള്ള അഹോബിലഗ്രന്ഥം നോക്കുക.

ഗോവിന്ദസൂരിമതം കാണിക്കുന്നു—

സൂ—ഗോവിന്ദസൂരിണസ്തു ദ്വാവിംശതിമേവ ശ്രുതീരംഗീകൃത്യ ദക്ഷി ണേ ശുദ്ധസ്വരാണാം മാർഗ്ഗതഃ ശ്രുത്യന്തരഭേദാൻ വദന്തി. യഥാ ഷഡ്ജാദ്വി തീയായാം രിഃ. ചതുർത്ഥ്യാം ഗഃ. ദശമ്യാം മഃ. ത്രയോദശ്യാം പഃ. പഞ്ചദശ്യാം ധഃ. സപ്തദശ്യാം നിഃ. ദ്വാവിംശ്യാം സഃ. ഇതി. ൨൩

ഭാ—ചൂഡാമണിഗ്രന്ഥകാരനായ ഗോവിന്ദസൂരിയാകട്ടേ ദക്ഷിണത്തിലും ഇരുപ ത്തിരണ്ടു ശ്രുതികളാണെന്നുതന്നെയാണ് പറയുന്നത്. എന്നാൽ ശുദ്ധസ്വരങ്ങളുടെ സ്ഥാ നങ്ങൾക്കും ശ്രുത്യന്തരങ്ങൾക്കും മാർഗ്ഗത്തിൽനിന്നു വ്യത്യാസമുണ്ടെന്നു പറയുന്നുണ്ട്. ദക്ഷി ണത്തിലെ ശുദ്ധസ്വരവ്യവസ്ഥ ആ ഗ്രന്ഥകാരൻെറ മതമനുസരിച്ച് ഇപ്രകാരമാണ്. ഷ ഡ്ജത്തിൽനിന്നു രണ്ടാമത്തെ ശ്രുതിയിൽ ശുദ്ധർഷഭം. നാലാംശ്രുതിയിൽ ശുദ്ധഗാന്ധാരം. പത്താമത്തേതിൽ ശുദ്ധമദ്ധ്യമം. പതിമ്മൂന്നാമത്തേതിൽ ശുദ്ധപഞ്ചമം. പതിനഞ്ചിൽ ശു ദ്ധധൈവതം. പതിനേഴിൽ ശുദ്ധനിഷാദം. ഇരുപത്തിരണ്ടിൽ ശുദ്ധഷഡ്ജം. ഇങ്ങനെ ഋഷഭഗാന്ധാരധൈവതനിഷാദങ്ങൾക്ക് ഈരണ്ടു ശ്രുത്യന്തരങ്ങളും പഞ്ചമത്തിന്നു മൂന്നു ശ്രുത്യന്തരവും ഷഡ്ജത്തിന്ന് അഞ്ചു ശ്രുത്യന്തരവും മദ്ധ്യമത്തിന്ന് ആറു ശ്രുത്യന്തരവുമായി ട്ടാണ് അതിലെ ശുദ്ധസ്വരസ്ഥിതി.

സൂ—തത്തത്സ്വരപൂർവ്വശ്രുതിഗതസ്വരാണാം പ്രതിപദഘടിതാം സംജ്ഞാം കൃത്വാ വികൃതാനപ്യേവമാഹുഃ. ഷഡ്ജാൽ പ്രഥമായാം പ്രതിശുദ്ധ രിഃ തൃതീയായാം പ്രതിശുദ്ധ ഗഃ പ്രതിചതുശ്രുതി രിശ്ച. ചതുർത്ഥ്യാം ചതുശ്രുതി രിഃ. പഞ്ചമ്യാം പ്രതിഷട്ശ്രുതി രിഃ പ്രതിസാധാരണഗശ്ച. ഷഷ്ഠ്യാം ഷട്ശ്രുതി രിസ്സാധാരണഗശ്ച. സപ്തമ്യാം പ്രത്യന്തര ഗഃ. അഷ്ടമ്യാമന്തര ഗഃ. നവമ്യാം പ്രതിശുദ്ധ മഃ. ഏകാദശ്യാം പ്രതിപ്രതി മഃ. ദ്വാദശ്യാം പ്രതി മഃ. ചതുർദശ്യാം പ്രതിശുദ്ധ ധഃ. ഷോഡശ്യാം പ്രതിചതുശ്രുതി ധഃ പ്രതിശുദ്ധ നിശ്ച. സപ്തദശ്യാം ചതുശ്രുതി ധഃ. അഷ്ടാദശ്യാം പ്രതിഷട്ശ്രുതി ധഃ പ്രതികൈശിക നിശ്ച. ഏകോനവിംശ്യാം ഷട്ശ്രുതി ധഃ കൈശികനിശ്ച. വിംശതിതമായാം പ്രതികാകളി നിഃ. ഏകവിംശ്യാം കാകളി നിഃ. ഇതി ത്രയോവിംശതിർവ്വികൃതാഃ. തേഷു ശുദ്ധസ്ഥാനഗതൌ ദ്വാവന്യവികൃതസ്ഥാനഗതാഃ ഷഡിത്യഷ്ടൌ മിശ്രാഃ. ആഹത്യ ച സ്വരാസ്ത്രിംശദിതി. ൨൪

ഭാ—അഹോബിലപണ്ഡിതനെപ്പോലെ ഗോവിന്ദസൂരിയും എല്ലാ ശ്രുതികളിലും സ്വരങ്ങളെ സ്വീകരിച്ചിട്ടുണ്ട്. അവയിൽ ഋഷഭഗാന്ധാരാദി പ്രത്യേകസംജ്ഞകളുള്ള ഓരോ സ്വരത്തിന്റെയും അടുത്ത മുമ്പിലത്തെ ശ്രുതിയിലുള്ള സ്വരത്തിന്ന് ആ സ്വരത്തിന്റെ സംജ്ഞയോടു പ്രതി എന്ന ശബ്ദം മുമ്പിൽചേർത്ത സംജ്ഞയാണ്. ആവക പ്രത്യേക സംജ്ഞകളാകട്ടേ ശുദ്ധഷഭം, ചതുശ്രുതികഷഭം, ഷട്ശ്രുതികഷഭം, ശുദ്ധഗാന്ധാരം, സാധാരണഗാന്ധാരം, അന്തരഗാന്ധാരം, ശുദ്ധമദ്ധ്യമം, പ്രതിമദ്ധ്യമം, പഞ്ചമം, ശുദ്ധധൈവതം, ചതുശ്രുതിധൈവതം, ഷട്ശ്രുതിധൈവതം, ശുദ്ധനിഷാദം, കൈശികനിഷാദം, കാകളിനിഷാദം, ഷഡ്ജം ഇങ്ങനെ വെങ്കടമഖി മുതലായവർ പറയുന്നതുപോലെ പതിനാറമാണ്. അവയിൽ ഷഡ്ജപഞ്ചമങ്ങൾ രണ്ടും പ്രകൃതിസ്വരങ്ങൾ മാത്രമാണ്. അവക്കു വികൃതിയില്ല. ശേഷമുള്ള പതിന്നാലിന്നും വികൃതസ്വരങ്ങളുണ്ട്. അവയുടെ ശ്രുതിസ്ഥിതി ഇപ്രകാരമാണ്. ഷഡ്ജത്തിൽനിന്ന് ഒന്നാമത്തെ ശ്രുതിയിൽ പ്രതിശുദ്ധരി. മൂന്നാമത്തേതിൽ പ്രതിചതുശ്രുതിരിയും പ്രതിശുദ്ധഗയും. നാലിൽ ചതുശ്രുതിരി. അഞ്ചിൽ പ്രതിഷട്ശ്രുതിരിയും പ്രതിസാധാരണഗയും. ആറിൽ ഷട്ശ്രുതിരിയും സാധാരണഗയും. ഏഴിൽ പ്രത്യന്തരഗ. എട്ടിൽ അന്തരഗ. ഒമ്പതിൽ പ്രതിശുദ്ധമ. പതിനൊന്നിൽ പ്രതിപ്രതിമ. പന്തിരണ്ടിൽ പ്രതിമ. പതിന്നാലിൽ പ്രതിശുദ്ധധ. പതിനാറിൽ പ്രതിചതുശ്രുതിധയും പ്രതിശുദ്ധനിയും. പതിനേഴിൽ ചതുശ്രുതിധ. പതിനെട്ടിൽ പ്രതിഷട്ശ്രുതിധയും പ്രതികൈശികനിയും. പത്തൊമ്പതിൽ ഷട്ശ്രുതിധയും കൈശികനിയും. ഇരുപതിൽ പ്രതികാകളിനി. ഇരുപത്തൊന്നിൽ കാകളിനി. ഇങ്ങനെ ഇരുപത്തിമൂന്നു വികൃതസ്വരങ്ങളും അവയുടെ ശ്രുതിസ്ഥിതിയും. ഈ വികൃതങ്ങളിൽ ശുദ്ധഗാന്ധാരസ്ഥാനത്തു ചതുശ്രുതികഷഭം, ശുദ്ധനിഷാദസ്ഥാനത്തു ചതുശ്രുതിധൈവതം ഇങ്ങനെ ശുദ്ധസ്വരസ്ഥാനത്തു വരുന്ന വികൃതങ്ങൾ രണ്ടും മററ വികൃതസ്വരത്തിന്റെ സ്ഥാനത്തുതന്നെ വരുന്ന വികൃതങ്ങൾ ആറുമായി എട്ടു വികൃതങ്ങൾ മിശ്രസ്വരങ്ങളായതിനാൽ ആ ശുദ്ധവികൃതങ്ങളോടു നാദഭേദമില്ലാത്തവയാണ്. ശേഷമുള്ള പതിനഞ്ചും പ്രത്യേകനാദങ്ങളുമാണ്. ആ പതിനഞ്ചിനോട് ഏഴു ശുദ്ധസ്വരനാദങ്ങൾ ചേന്നാൽ ഇരുപത്തിരണ്ടു ശ്രുതികളുടെയും നാദവിശേഷങ്ങളായല്ലോ. ഈ ഇരുപത്തിമൂന്നു വികൃതങ്ങളും ഏഴു ശുദ്ധങ്ങളുംകൂടി ആ

ൈ മുപ്പതു സ്വരങ്ങൾ ഒരു സ്ഥായിയിലുണ്ടെന്നാണ് പ്രസ്തുതഗ്രന്ഥകാരൻെറ മതം. അതിൽ ഋഷഭം, ഗാന്ധാരം, ധൈവതം, നിഷാദം ഇവ ശുദ്ധങ്ങളോടുകൂടി ആറാറുവീതം ഇരുപത്തിനാല്', മദ്ധ്യമം നാല്', ഷഡ്ജവും പഞ്ചമവും ഓരോന്ന്. അങ്ങനെ മുപ്പത്.

ഇനി മേൽകാണിച്ച മതങ്ങളിലെല്ലാം സാമാന്യമായും വിശേഷമായും ഉള്ള അയുക്തതകൾ കാണിക്കുന്നു—

സൂ—മതേഷ്വേഷു വിനൈവ നാദഭേദം സംജ്ഞാഭേദമാത്രേണ സ്വരഭേദകല്പനാൽ സപ്തവിഭിന്നനാദാനാമേവ രാഗമൂർച്ഛനാതാനാദിഷു സപ്ത സ്വരത്വാത്സംജ്ഞാഭേദമാത്രസ്യാകിഞ്ചിൽകരത്വാദ്വ്യവഹാരസൌകര്യസ്യാന്യഥൈവോപപത്തേർവ്വക്ഷ്യമാണത്വാദേകമാത്രശ്രുത്യന്തരിതയോർമ്മേളനസ്യ മുനിസിദ്ധാന്തവിരുദ്ധതയാ ലക്ഷ്യവിരുദ്ധതയാ ച മേളഭേദാജനകത്വേന കാകളീഷഡ്ജയോഃ പ്രതിമപഞ്ചമയോശ്ച തഥാവിഭജനസ്യാനുപാദേയത്വാച്ച മതാന്യുക്താന്യേതാന്യയുക്താനിതി നവ്യാഃ. ൨൫

ഭാ—മേൽകാണിച്ച സോമനാഥൻ, അഹോബിലൻ, അമാത്യൻ, വെങ്കടമഖി, ഗോവിന്ദസൂരി ഇവരുടെ മതങ്ങളിലെല്ലാംതന്നെയും നാദഭേദമില്ലാതെ സംജ്ഞമാത്രം മാററിക്കൊണ്ടു സ്വരങ്ങളെ വേറെ വേറെയാക്കിക്കല്പിച്ചിട്ടുണ്ട്. അങ്ങനെയുള്ള സംജ്ഞാകല്പനങ്ങളിലും ചില സ്വരങ്ങൾക്കു കല്പിച്ച സ്ഥാനങ്ങളിലും ആ മതങ്ങൾ തമ്മിൽ അല്പം വ്യത്യാസമുണ്ടെന്നേയുള്ളു. അങ്ങനെ സംജ്ഞ മാത്രംമാററി ഒരു നാദത്തെത്തന്നെ ഒന്നിലധികം സ്വരങ്ങളാക്കിക്കല്പിക്കുന്നതു ശരിയായ വഴിയല്ല. സംഗീതത്തിൽ സപ്തസ്വരങ്ങളെന്നു പറയുന്നതു പരസ്പരം ഭിന്നങ്ങളായ ഏഴുതരം നാദങ്ങൾക്കാണ്'. അങ്ങനെയുള്ള വിഭിന്നനാദങ്ങൾക്കു മാത്രമാണ് രാഗവിശേഷങ്ങളിലെ മേളനങ്ങൾ, മൂർച്ഛനകൾ, താനങ്ങൾ മുതലായതിൽ സപ്തസ്വരങ്ങളെന്ന നിലയുള്ളതും. അതിനാൽ നാദഭേദമില്ലാതെ സംജ്ഞകൾമാത്രം മാററിക്കല്പിച്ചതുകൊണ്ടു സ്വരം മാറാത്തതിനാൽ ഒരു നാദത്തിന്നുതന്നെ പല സംജ്ഞകളും കല്പിച്ചിട്ട് ആ വക വിഷയങ്ങളിൽ ഒരാവശ്യവുമില്ല. പൂർവ്വോത്തരസ്വരങ്ങളനുസരിച്ച് ഒരു നാദത്തിന്നുതന്നെ ഒന്നിലധികം നിലകൾ രാഗവിശേഷം നിമിത്തം വരുന്നതുകൊണ്ട് ആ നിലഭേദത്തെക്കാണിച്ചുകൊണ്ടുള്ള വ്യവഹാരത്തിൻെറ സൌകര്യത്തിന്നാണ് ഒന്നിലധികം സംജ്ഞകൾ ഒരു നാദത്തിന്നുതന്നെ ഏപ്പെടുത്തുന്നതെന്നാണെങ്കിൽ രാഗവിശേഷം നിമിത്തമായി ഒരു സ്വരനാദത്തിന്നു നിലഭേദം വരുന്നുണ്ടെന്നുതന്നെ കല്പിക്കേണ്ടതില്ല. അതുകൂടാതെതന്നെ ആവക രാഗവിശേഷങ്ങളെ വേർതിരിച്ചു പ്രതിപാദിച്ചുകൊണ്ടുള്ള വ്യവഹാരം എളുപ്പത്തിൽ നിർവ്വഹിക്കാവുന്നതാണെന്നു മേലിൽ പ്രസ്താവിക്കും. അപ്രകാരം ഈ മതങ്ങൾ ചിലതിൽ ഷഡ്ജവും കാകളിനിഷാദവും തമ്മിലും പഞ്ചമവും പ്രതിമദ്ധ്യമവും തമ്മിലും ഒരു ശ്രുതികൊണ്ടുമാത്രമുള്ള അന്തരമാണ്' കാണിച്ചിട്ടുള്ളത്. അതും ശരിയാകുന്നതല്ല. ഒന്നാമത് ഷഡ്ജവും കാകളിയും തമ്മിൽ രണ്ടു ശ്രുത്യന്തരമുണ്ടെന്നു ഭരതമതംഗാദിമുനിമാർ സിദ്ധാന്തിച്ചിട്ടുള്ളതിനെ ദേശീയലക്ഷ്യപ്രയോഗം പരിശോധിച്ചാലും മാറേറണ്ടതില്ല. രണ്ടാമത് ഒരു ശ്രുത്യന്തരം മാത്രമുള്ള നാദങ്ങളെ സപ്തസ്വരങ്ങളിലെ രണ്ടു വിഭിന്നസ്വരങ്ങളാക്കി ഒരുമിച്ചു ചേർത്തുകൊണ്ടുള്ള സ്വരമേളനവും സംഗതമാകയില്ല. അങ്ങനെയുള്ള പ്രയോഗം ഒരേ സ്വരത്തിൻെറതന്നെ വികാരമായിഗ്ഗണിക്കുന്നതേ യുക്തമാകയുള്ളു. അല്ലെങ്കിൽ ശങ്കരാഭരണാദിരാഗങ്ങളിലെ ധൈവതവും മററും ചതുശ്രുതി

ധൈവതമല്ലെന്നായിത്തീരും. ഭിന്നസ്വരങ്ങളാകാൻ ചുരുങ്ങിയതു രണ്ടു ശ്രുത്യന്തരമെങ്കിലും ഉണ്ടായിരിക്കണം. അപ്പോൾ ഷഡ്ജകാകളികൾക്ക് ഒരു ശ്രുത്യന്തരം മാത്രമായാൽ അവ രണ്ടും വിഭിന്നസ്വരങ്ങളായിട്ടുള്ള രാഗമേളനവും അതുപോലെ പഞ്ചമപ്രതിമധ്യമങ്ങൾക്കും ഒരു ശ്രുത്യന്തരമായാൽ അതു രണ്ടും ഭിന്നസ്വരങ്ങളായിട്ടുള്ള രാഗമേളനവും ലക്ഷ്യങ്ങളിൽ പ്രസിദ്ധമായിരിക്കുന്നതിന്നുപപത്തിയില്ലാതാകും. ഈ വക കാരണങ്ങളാൽ മേൽപ്പറഞ്ഞ മതങ്ങൾ നല്ല ശരിയല്ലെന്നാണ് നവീനന്മാരുടെ മതം.

സൂ—യത്തു വെങ്കടമഖിനാ ദ്വാദശസ്വരാണാം യഥായഥമേകദ്വിത്രിരൂപതോക്താ തദപി സംജ്ഞാഭേദമാത്രേണ ശ്രുത്യന്തരഭേദേന വാ വസ്തുനോ രൂപഭേദാഭാവാദനുപപന്നമിത്യനേനൈവ വ്യാഖ്യാതം. ൨൩

ഭാ—ഒരു സ്ഥായിയിൽ ഏഴു ശുദ്ധങ്ങളും അഞ്ചു വികൃതങ്ങളുമായി ദക്ഷിണത്തിൽ പന്തിരണ്ടു സ്വരങ്ങളുള്ളതിൽ ചിലത് ഏകരൂപങ്ങളും ചിലതു ദ്വിരൂപങ്ങളും ചിലതു ത്രിരൂപങ്ങളുമാണെന്നു വെങ്കിടമഖി പറഞ്ഞിട്ടുണ്ട്. അതെങ്ങനെയെന്നാൽ, ആ ഗ്രന്ഥകാരന്റെ മതപ്രകാരം മൂന്നാമത്തെ ശ്രുതിയിലുള്ള ശുദ്ധഋഷഭവും പതിനാറാമത്തെ ശ്രുതിയിലുള്ള ശുദ്ധധൈവതവും എപ്പോഴും ത്രിശ്രുതികങ്ങളായേ വരുള്ളൂ. അതിനാൽ അവ രണ്ടും ഏകരൂപങ്ങളാണ്. വികൃതസ്വരങ്ങളായി വരില്ലെന്നർത്ഥം. അഞ്ചാമത്തെ ശ്രുതിയിലുള്ള ശുദ്ധഗാന്ധാരമാകട്ടേ ശുദ്ധഋഷഭത്തിന്നുശേഷം ഗാന്ധാരമായി വരുമ്പോൾ ദ്വിശ്രുതികവും ഷഡ്ജത്തിന്നുശേഷം ഋഷഭമായി വരുമ്പോൾ പഞ്ചശ്രുതികവുമാണ്. അതുപോലെ പതിനെട്ടാം ശ്രുതിയിലുള്ള ശുദ്ധനിഷാദം ശുദ്ധധൈവതത്തിന്നുശേഷം വരുമ്പോൾ ദ്വിശ്രുതികവും പഞ്ചമത്തിന്നുശേഷം ധൈവതമായി വരുമ്പോൾ പഞ്ചശ്രുതികവുമാണ്. അങ്ങനെ ആ രണ്ടു സ്വരങ്ങൾക്കും ഈരണ്ടു രൂപങ്ങളുണ്ട്. ശുദ്ധതയും ഒരുതരം വികൃതിയുമുണ്ടെന്നർത്ഥം. ആറാമത്തെ ശ്രുതിയിലുള്ള സാധാരണഗാന്ധാരം പഞ്ചശ്രുതികഋഷഭത്തിന്നുശേഷം വരുമ്പോൾ ഏകശ്രുതികവും ശുദ്ധഋഷഭത്തിന്നുശേഷം വരുമ്പോൾ ത്രിശ്രുതികവും ഷഡ്ജത്തിന്നുശേഷം ഋഷഭമായി വരുമ്പോൾ ഷട്ശ്രുതികവുമാണ്. അപ്രകാരം പത്തൊമ്പതാം ശ്രുതിയിലുള്ള കൈശികനിഷാദം പഞ്ചശ്രുതിധൈവതത്തിന്നുശേഷം വരുമ്പോൾ ഏകശ്രുതികവും ശുദ്ധധൈവതത്തിന്നുശേഷം വരുമ്പോൾ ത്രിശ്രുതികവും പഞ്ചമത്തിന്നുശേഷം ധൈവതമായി വരുമ്പോൾ ഷട്ശ്രുതികവുമാണ്. അങ്ങനെ സാധാരണഗാന്ധാരത്തിന്നും കൈശികനിഷാദത്തിന്നും മുമ്മൂന്നു രൂപങ്ങളുണ്ട്. മൂന്നും വികൃതസ്വരങ്ങളുമാണ്. എട്ടാംശ്രുതിയിലുള്ള അന്തരഗാന്ധാരം ഷട്ശ്രുതികഋഷഭത്തിന്നുശേഷം വരുമ്പോൾ ദ്വിശ്രുതികം. പഞ്ചശ്രുതികഋഷഭത്തിന്നുശേഷമാകുമ്പോൾ ത്രിശ്രുതികം. ശുദ്ധഋഷഭത്തിന്നുശേഷമാകുമ്പോൾ പഞ്ചശ്രുതികം. ഇങ്ങനെ അതിന്നും മൂന്നു രൂപങ്ങളുണ്ട്. അതുപോലെ ഇരുപത്തൊന്നാംശ്രുതിയിലുള്ള കാകളിനിഷാദത്തിന്നും ശുദ്ധം, ചതുശ്രുതികം, ഷട്ശ്രുതികം എന്നുള്ള ധൈവതഭേദത്താൽ പഞ്ചശ്രുതികം, ത്രിശ്രുതികം, ദ്വിശ്രുതികം എന്ന മൂന്നു രൂപങ്ങളുണ്ട്. എല്ലാം വികൃതസ്വരങ്ങളുമാണ്. ഒമ്പതാംശ്രുതിയിലുള്ള ശുദ്ധമധ്യമം അന്തരഗാന്ധാരത്തിന്നുശേഷമാകുമ്പോൾ ഏകശ്രുതികം. സാധാരണഗാന്ധാരത്തിന്നുശേഷമാകുമ്പോൾ ത്രിശ്രുതികം. ശുദ്ധഗാന്ധാരത്തിന്നുശേഷം ചതുശ്രുതികം. ഇങ്ങനെ അതിന്നും മൂന്നു രൂപങ്ങൾ. അതിൽ രണ്ടു വികൃതങ്ങൾ, ഒന്നു ശുദ്ധം. അതുപോലെ ഇരുപത്തിരണ്ടാം ശ്രുതിയിലുള്ള ഷഡ്ജത്തിന്നും കാകളികൈശികശുദ്ധനിഷാദങ്ങളിൽനിന്നുള്ള ശ്രുതിസംഖ്യാഭേദത്താൽ മൂന്നു രൂപങ്ങൾ. പന്തിരണ്ടാംശ്രുതിയിലുള്ള വരാളീമധ്യമമെന്ന പ്രതിമധ്യമം അന്തരഗാന്ധാര

ത്തിന്നുശേഷം ചതുശ്രുതികം. സാധാരണഗാന്ധാരത്തിന്നുശേഷം ഷട്'ശ്രുതികം. ശുദ്ധ ഗാന്ധാരത്തിന്നുശേഷം സപ്തശ്രുതികം. ഇങ്ങനെ അതിന്നും മൂന്നു രൂപങ്ങൾ. എല്ലാം വികൃതങ്ങൾ. പതിമ്മൂന്നാംശ്രുതിയിലുള്ള പഞ്ചമം പ്രതിമദ്ധ്യമത്തിന്നുശേഷം ഏകശ്രുതികം. ശുദ്ധമദ്ധ്യമത്തിന്നുശേഷം ചതുശ്രുതികം. ഇങ്ങനെ അതിന്നു രണ്ടു രൂപങ്ങൾ. അതിലൊന്നു വികൃതം, ഒന്നു ശുദ്ധം. ഈ വിധത്തിൽ എല്ലാംകൂടി ഇരുപത്തിരണ്ടു വികൃതസ്വരരൂപങ്ങളുണ്ട്. അവ ശുദ്ധഷഡ്ജശുദ്ധധൈവതസ്ഥാനങ്ങളൊഴിച്ചു മററുള്ള അഞ്ചു ശുദ്ധസ്വരസ്ഥാനങ്ങളിലും സാധാരണഗാന്ധാരാദികളായ അഞ്ചു വികൃതസ്വരങ്ങളുടെ സ്ഥാനങ്ങളിലുമായി വരുന്നവയുമാണ്. എന്നെല്ലാം വെങ്കടമഖി പറയുന്നുണ്ട്.

"സ്വരേഷു ദ്വാദശസ്വേഷു കേഷാമപ്യേകരൂപതാ
ദ്വൈരൂപ്യമപി കേഷാഞ്ചിൽ കേഷാഞ്ചിത്തു ത്രിരൂപതാ."

എന്നു തുടങ്ങിയ ചതുർദ്ദണ്ഡീപ്രകാശികാഗ്രന്ഥം നോക്കുക. ആ ഗ്രന്ഥകാരൻെറ ഈ അഭിപ്രായവും യുക്ത്യനുഭവങ്ങൾക്കു യോജിച്ചതല്ലെന്നു മുൻസൂത്രത്തിൽ കാണിച്ച സംഗതികൊണ്ടുതന്നെ വിവരിച്ചുകഴിഞ്ഞു. എങ്ങനെയെന്നാൽ, നാദഭേദമില്ലാതെ ഒരേ നാദത്തിന്നുതന്നെ പല സംജ്ഞകളും കല്പിക്കുന്നതുകൊണ്ടോ പൂർവ്വസ്വരത്തിൽനിന്നുള്ള ശ്രുതിസംഖ്യക്ക് ഏററക്കുറവു വരുന്നതുകൊണ്ടോ ആ നാദത്തിൻെറ സ്വഭാവത്തിന്നോ സ്വരൂപത്തിന്നോ മാററം വരുന്നതല്ല. ആ നാദം എപ്പൊഴും അതിൻെറ രൂപത്തിൽത്തന്നെയിരിക്കയേ ഉള്ളൂ. ശുദ്ധസ്വരരൂപമാണെങ്കിൽ എപ്പൊഴും ആരൂപംതന്നെ. വികൃതരൂപമാണെങ്കിൽ ആ രൂപംതന്നെ. നാദഭേദമില്ലാതെ രൂപഭേദം വരില്ലെന്നും അതിനാൽ ഒരു സ്വരത്തിന്നു പല രൂപങ്ങളുമുണ്ടെന്നു പറയുന്നതു ശരിയല്ലെന്നും ചുരുക്കം. അതുതന്നെയുമല്ല, മേൽപ്പറഞ്ഞപ്രകാരം ആരോഹക്രമത്തിൽ വരുന്ന ശ്രുത്യന്തരത്തിൻെറ വ്യത്യാസംകൊണ്ട് ഒരു സ്വരത്തിന്ന് ഒന്നിലധികം രൂപങ്ങളുണ്ടെന്നു പറയുന്നതുപോലെ അവരോഹക്രമത്തിൽ വരുന്ന ശ്രുത്യന്തരത്തിൻെറ വ്യത്യാസംകൊണ്ടും രൂപഭേദമുണ്ടെന്നു തുല്യന്യായത്താൽ സ്വീകരിക്കേണ്ടതാണ്. അപ്പോൾ ഷഡ്ജത്തിന്നുശേഷം വരുന്ന കാകലി ഏകശ്രുതികം, കാകലിക്കുശേഷം കൈശികസ്ഥാനത്തു വരുന്ന ധൈവതം ദ്വിശ്രുതികം ഇങ്ങനെ തുടങ്ങീട്ടും പല വികൃതസ്വരരൂപങ്ങളുണ്ടെന്നു പറയേണ്ടിവരും. അതിനാൽ സ്വരരൂപഭേദത്തിന്നു നാദഭേദം മാത്രമേ കാരണമാകയുള്ളൂ.

ഇനി ദക്ഷിണത്തിലെ സ്വരനിർണ്ണയവിഷയത്തിൽ മേൽവിവരിച്ചപ്രകാരം പലതരം അഭിപ്രായങ്ങളും വന്നുകൂടാനുള്ള കാരണത്തെപ്പററി പറയുന്നു —

സൂ—സർവ്വേപ്യമി മതഭേദാ മദ്ധ്യമപഞ്ചമയോശ്ചതുശ്രുത്യന്തരമാനാവലംബനേന സ്ഥായിനി ദക്ഷിണേ സമാനമാനകചതുർവ്വിംശതിശ്രുതിസദ്ഭാവസ്യാനവഗമാന്മാർഗ്ഗവദ്ദ്വാവിംശതിശ്രുതിഭിർല്ലക്ഷ്യസംഗമനാത്ഥം കൃതാദായാസഭേദാൽ. ൨൭

ഭാ—ദക്ഷിണദേശീയത്തിലെ സ്വരവിഭാഗത്തെപ്പററി മേൽപ്രകാരം പരസ്പരഭിന്നങ്ങളായ പല മതങ്ങളും വന്നുകൂടുവാനുണ്ടായ കാരണം ചുരുക്കത്തിൽ ഇതായിരിക്കണം— ഷഡ്ജം മുതൽ പിന്നത്തെ ഷഡ്ജംവരെയുള്ള സ്ഥായിയിൽ പൂർവ്വഭാഗം, ഉത്തരഭാഗം, മദ്ധ്യഭാഗം ഇങ്ങനെ മൂന്നു ഭാഗങ്ങളുണ്ട്. ആദ്യത്തെ ഷഡ്ജം മുതൽ മദ്ധ്യമംവരെ പൂർവ്വഭാഗം. പഞ്ചമം മുതൽ പിന്നത്തെ ഷഡ്ജംവരെ ഉത്തരഭാഗം. മദ്ധ്യമം മുതൽ പഞ്ചമംവരെ മദ്ധ്യഭാഗം. ഈ ഭാഗവിഭാഗമനുസരിച്ചാണ് സ്വരങ്ങൾ തമ്മിൽ സംവാദമുണ്ടാകുന്നതെന്നു മേലിൽ സ്പഷ്ടമാകും. അതിൽ മദ്ധ്യമം മുതൽ പഞ്ചമംവരെയുള്ള മദ്ധ്യഭാഗത്തെ നാലു ശ്രുതികളായിട്ടാ

ൻ ഭരതമുനി മുതൽക്കുള്ള എല്ലാ പ്രാചീനനവീനഗ്രന്ഥകാരന്മാരും വിഭജിച്ചിട്ടുള്ളത്. മധ്യമപഞ്ചമങ്ങൾ തമ്മിൽ നാലു ശ്രുതികൾകൊണ്ടുള്ള അന്തരമാണുള്ളതെന്നർത്ഥം. അതിൽനിന്ന് ഒരു ശ്രുതിക്കുള്ള മാനം ഇത്രയാണെന്നു തീർച്ചയാക്കാം. അതിനെ അവലംബമാക്കി പരീക്ഷണംചെയ്തു നോക്കിയാൽ മധ്യമംവരെയുള്ള പൂർവ്വഭാഗത്തും പഞ്ചമംമുതൽക്കുള്ള ഉത്തരഭാഗത്തും ആ ശ്രുതിമാനപ്രകാരം പത്തുവീതം സമാനമാനങ്ങളായ ശ്രുതികളുണ്ടെന്നു കാണാവുന്നതാണ്. ആ പരീക്ഷണത്തിന്റെ സമ്പ്രദായം ശ്രുതിപ്രകാശത്തിൽത്തന്നെ സാമാന്യമായി വിവരിച്ചിട്ടുണ്ട്. അതുപ്രകാരം ഒരു സ്ഥായിയിൽ ഇരുപത്തിനാലു ശ്രുതികൾ വരുന്നു. അതിൽ പൂർവ്വഭാഗത്തു മധ്യമംവരെയുള്ള പത്തിൽ മധ്യമത്തിന്നുള്ള നാലു ശ്രുതികൾ കഴിച്ചാൽ ഷഡ്ജം മുതൽക്കു ശുദ്ധഗാന്ധാരംവരെ ആറു ശ്രുതികളുണ്ട്. അപ്രകാരം ഉത്തരഭാഗത്തുള്ള പത്തിൽ ഷഡ്ജത്തിന്നുള്ള നാലു ശ്രുതികൾ കഴിച്ചാൽ പഞ്ചമം മുതൽ ശുദ്ധനിഷാദംവരെയും ആറു ശ്രുതികളുണ്ട്. എന്നാൽ മാർഗ്ഗപ്രസ്ഥാനത്തിൽ ഒരു വിധത്തിലും വികൃതമായി വരാത്ത ഋഷഭധൈവതങ്ങളുടെ സ്ഥാനങ്ങൾ മേൽപ്രകാരം തുല്യമാനങ്ങളായ ആറു ശ്രുതികളിൽ മൂന്നിലധികം വരുന്ന സ്ഥാനങ്ങളിലാണ് സ്വീകരിച്ചിട്ടുള്ളത്. അതിനാൽ ആ ആറു ശ്രുതികളുടെ പരിമാണത്തെ അഞ്ചു ശ്രുതികളാക്കി അതിൽ മൂന്നാമത്തേവയിൽ ഋഷഭവും ധൈവതവുമെന്നും അഞ്ചാമത്തേവയിൽ ശുദ്ധഗാന്ധാരവും ശുദ്ധനിഷാദവുമെന്നും നിശ്ചയിച്ചു. അപ്പോൾ ഇരുപത്തിനാലു തുല്യമാനശ്രുതികളുള്ള സ്ഥായിയെ ആ പ്രസ്ഥാനപ്രകാരം, ഇരുപത്തിരണ്ടു ശ്രുതികളുള്ളതാക്കേണ്ടതായും വന്നു. ഋഷഭത്തിന്നും ധൈവതത്തിന്നും ശുദ്ധവികൃതഭേദങ്ങളും പ്രതിമധ്യമവും ഉള്ളതും പുരന്ദരദാസാദ്യുപജ്ഞവും ദക്ഷിണദേശപ്രസിദ്ധവുമായ സംഗീതത്തിലെ രാഗവിശേഷങ്ങളും മൂർച്ഛനാദികളുമായ ലക്ഷ്യങ്ങളെല്ലാം സ്ഥായിയിൽ തുല്യമാനങ്ങളായ ഇരുപത്തിനാലു ശ്രുതികളെന്ന നിലയിൽ സ്വരങ്ങളെ വിഭജിച്ചിട്ടാണ് വ്യവസ്ഥിതങ്ങളായിട്ടുള്ളതും. ഈ വ്യത്യാസം മധ്യമപഞ്ചമങ്ങൾ തമ്മിലുള്ള ശ്രുത്യന്തരങ്ങളെ ആസ്പദമാക്കി ശ്രുതിമാനം പരിശോധിച്ചറിയാതെ ദക്ഷിണത്തിലും മാർഗ്ഗത്തിലെപ്പോലെ ഇരുപത്തിരണ്ടു ശ്രുതികളാണെന്നു കരുതി. അതുവെച്ചു നോക്കിയപ്പോൾ ദക്ഷിണലക്ഷ്യങ്ങളിൽ പലതും സംഗതമാകാതെയായി. അതു സംഗമിപ്പിക്കാൻവേണ്ടി ഒരു ശ്രുത്യന്തരം മാത്രമുള്ള വിഭിന്നസ്വരങ്ങളെപ്പുതുതായിക്കല്പിച്ചും ഒരേ നാദത്തെത്തന്നെ വിഭിന്നസംജ്ഞകൾ നൽകി രണ്ടും മൂന്നും സ്വരങ്ങളാക്കിയും പ്രയാസപ്പെടേണ്ടതായും തീർന്നു. ആ വഴിക്കു സംജ്ഞകളുടെ ഭേദമനുസരിച്ചും രാഗവിശേഷങ്ങളിലെ സ്വരമേളനവും വേണ്ടിവന്നു. അങ്ങനെ വേണ്ടിവന്ന പ്രയാസങ്ങളുടെ വ്യത്യാസം നിമിത്തം പല മതഭേദങ്ങളുണ്ടാകാനും ഇടയായി. ഒന്നും വേണ്ടേടത്തോളം ശരിയായതുമില്ല. ഇങ്ങനെ ഊഹിക്കേണ്ടതായിരിക്കുന്നു.

മേൽപറഞ്ഞ കാരണത്താൽ ദക്ഷിണപ്രസ്ഥാനത്തിൽ ആ ഗ്രന്ഥകാരന്മാരുടെ സ്വരവിഭാഗത്തെപ്പററിയേടത്തോളം ചില മാററങ്ങൾ വേണ്ടതുണ്ടെന്നു പറയുന്നു—

സൂ—വസ്തുതോ ലക്ഷ്യാനുസാരേണ ശുദ്ധസ്വരാണാമൃഷഭധൈവതവർജ്ജമേവ ദക്ഷിണേപി മാർഗ്ഗസ്ഥാനസ്ഥിതിഃ. ഋഷഭധൈവതൌ പരം ദ്വിശ്രുതികൌ. ൨൭

ഭാ—വസ്തുസ്വഭാവത്തിൽ ദക്ഷിണത്തിലെ തോഡി, മാളവഗൌളം, സാവേരി, മലഹരി മുതലായ ലക്ഷ്യരാഗങ്ങളെ അനുസരിച്ചു ശുദ്ധസ്വരങ്ങളിൽ ഋഷഭവും ധൈവതവും ഷഡ്ജത്തിൽനിന്നും പഞ്ചമത്തിൽനിന്നും മൂന്നു ശ്രുത്യന്തരങ്ങളുള്ള മാർഗ്ഗത്തിലെ ഋഷഭത്തി

ൻെറയും ധൈവതത്തിൻെറയും സ്ഥാനങ്ങളിലായി വരുന്നതല്ല. സ്ഥായിയെ ഇരുപത്തിരണ്ടു ശ്രുതികളാക്കുമ്പോൾ പ്രത്യേകിച്ചും. ഷഡ്ജപഞ്ചമങ്ങളിൽനിന്ന് ഈരണ്ടു ശ്രുതിയിലധികം അന്തരം ആ വക രാഗങ്ങളിലെ ഋഷഭധൈവതങ്ങൾക്കില്ല. അതിനാൽ ദക്ഷിണത്തിലെ ശുദ്ധഋഷഭശുദ്ധധൈവതങ്ങൾ വികൃതരൂപമില്ലാത്ത മാർഗ്ഗത്തിലെ ഋഷഭധൈവതങ്ങളുടെ സ്ഥാനങ്ങളിലല്ല. മാർഗ്ഗഋഷഭധൈവതങ്ങളിൽനിന്നു ശ്രുതി കുറഞ്ഞ ഋഷഭധൈവതങ്ങൾ ദക്ഷിണത്തിലെ വികൃതങ്ങളായ സ്വരങ്ങളും ഇരുപത്തിനാലു ശ്രുതികളായി സ്ഥായിയെ വിഭജിക്കുമ്പോൾ ഏകദേശം ഷഡ്ജപഞ്ചമങ്ങളിൽനിന്നു നാലാമത്തെ ശ്രുതിയിലായി വരുന്ന മാർഗ്ഗഋഷഭധൈവതസ്ഥാനങ്ങളിലെ ഋഷഭധൈവതങ്ങൾതന്നെ ദക്ഷിണത്തിലും ശുദ്ധസ്വരങ്ങളുമാണെന്നു നിർണ്ണയിക്കുന്നതിന്നെന്തു വിരോധം. ഉത്തരദേശീയർ ചതുശ്രുതികങ്ങളായ ആ ഋഷഭധൈവതങ്ങളെയാണ് ശുദ്ധസ്വരങ്ങളായിഗ്ഗണിച്ചു വരുന്നതും എന്നാണെങ്കിൽ ദക്ഷിണദേശീയത്തിൽ ശുദ്ധവികൃതരൂപങ്ങളുള്ള മററു സ്വരങ്ങളിൽ ആദ്യത്തേതു ശുദ്ധം പിന്നത്തേതു വികൃതം എന്ന ക്രമമാണ് സ്വീകരിച്ചിട്ടുള്ളത്. അതനുസരിച്ച് ഋഷഭധൈവതങ്ങളുടെ സംഗതിയിലും ആ ക്രമംതന്നെ സ്വീകരിക്കുന്നതാണ് യുക്തം. ഋഷഭധൈവതങ്ങളൊഴിച്ചു മററുള്ള ശുദ്ധസ്വരങ്ങൾക്കാകട്ടേ ദക്ഷിണത്തിലും മാർഗ്ഗത്തിൽനിന്നു സ്ഥാനഭേദമില്ല. ഇരുപത്തിരണ്ടു ശ്രുതികളായ മാർഗ്ഗത്തിൽ ഒമ്പതാം ശ്രുതിയിൽവരുന്ന ശുദ്ധമധ്യമസ്ഥാനത്തിൽനിന്ന് ആ സ്വരത്തിന്നുള്ള നാലു ശ്രുതികൾ കുറച്ചാൽ ഷഡ്ജത്തിൽനിന്ന് അഞ്ചാംശ്രുതിയിലായി വരുന്ന ശുദ്ധഗാന്ധാരസ്ഥാനം ഇരുപത്തിനാലു ശ്രുതികളായി വിഭജിച്ച ദക്ഷിണത്തിൽ ഷഡ്ജത്തിൽനിന്ന് ആറാമത്തെ ശ്രുതിയുടെ സ്ഥാനമാകുന്നതാണ്. അതുപോലെ ഇരുപത്തിരണ്ടാമത്തെ ശ്രുതിയിലെ ഉത്തരസ്ഥായി ഷഡ്ജത്തിന്നുള്ള നാലു ശ്രുതികൾ കുറച്ചാൽ പതിനെട്ടാംശ്രുതിയിൽ വരുന്ന ശുദ്ധനിഷാദത്തിൻെറ സ്ഥാനം മേൽപറഞ്ഞ ദക്ഷിണശ്രുതിവിഭാഗപ്രകാരം ഇരുപതാമത്തെ ശ്രുതിയുടെ സ്ഥാനമാകുന്നതുമാണ്. ഷഡ്ജമധ്യമപഞ്ചമങ്ങളുടെ സ്ഥാനങ്ങളെപ്പററിയേടത്തോളം സംശയവുമില്ല. ഇത്രയും കൊണ്ടുതന്നെ മേൽക്കാണിച്ച മതങ്ങളിലെ സ്വരസ്ഥാനനിർണ്ണയങ്ങളിൽ പല മാററങ്ങളും വേണ്ടിവരുന്നുണ്ടെന്നു സ്പഷ്ടമായി.

അപ്രകാരം മാററം വേണമെന്നുള്ളതിലെക്കു ലക്ഷ്യഭേദം അനുഭവസിദ്ധമായുള്ളേടത്തു ലക്ഷണഭേദവും ഉണ്ടാകാതെ തരമില്ലെന്നു പറയുന്നു—

സൂ—ലക്ഷ്യാനുരോധേന ഹി ലക്ഷണവചനം. ൯൯

ഭാ—ഏതു വിഷയത്തിലും ലക്ഷ്യസ്വഭാവമനുസരിച്ചാണല്ലോ ലക്ഷണം പറയേണ്ടത്. ലക്ഷ്യസ്ഥിതിക്കു യോജിക്കാത്തവിധത്തിൽ പറയുന്ന ലക്ഷണം അവ്യാപ്ത്യാദിദോഷങ്ങളുള്ളതായിത്തീരുന്നതിനാൽ ശരിയായ ലക്ഷണംതന്നെയാവില്ലെന്നത്ഥം. ലക്ഷ്യത്തിൻെറ സ്വരൂപം അനുഭവസിദ്ധമല്ലാത്ത ചില സ്ഥലങ്ങളിൽ പറയുന്ന ലക്ഷണംകൊണ്ടു ലക്ഷ്യസ്വരൂപം ഗ്രഹിക്കേണ്ടതായി വന്നേക്കാം. അവിടെ ആ ലക്ഷണം ശരിയാണോ എന്ന പരീക്ഷണത്തിന്നവസരവും കുറഞ്ഞേക്കാം. ആഹതനാദോപാദാനമാണ് അനാഹതനാദം എന്ന് അനാഹതനാദത്തിൻെറ ലക്ഷണം പറഞ്ഞാൽ അതു നമുക്കു പരീക്ഷിച്ചനുഭവപ്പെടുത്താൻ നിവൃത്തിയില്ല. നേരെമറിച്ചു ലക്ഷ്യസ്വരൂപം അനുഭവസിദ്ധമായ സ്ഥലങ്ങളിൽ ലക്ഷ്യസ്ഥിതിക്കനുസരിച്ചുതന്നെ ലക്ഷണം പറയണം. അങ്ങനെ ചെയ്യാതെ ഒരു ലക്ഷണം തീർച്ചപ്പെടുത്തി അതിന്നുയോജിക്കാത്ത ലക്ഷ്യങ്ങളുടെ സ്വരൂപം മാററാൻ യത്നിക്കുന്നതു യുക്തമല്ല. തോഡിരാഗത്തിലെ ഋഷഭധൈവതങ്ങൾ ത്രിശ്രുതികളാണെന്നു ലക്ഷ

ണം നിൎമ്മിച്ച് അതുപ്രകാരമാക്കണമെന്നു പറയുന്നതു യുക്തമല്ലെന്നൎത്ഥം. പ്രകൃതവിഷയമാകട്ടെ ലക്ഷ്യസ്വരൂപം അനുഭവസിദ്ധമായിട്ടുള്ളവയിലുൾപ്പെട്ടതാണ്. അതിനാൽ ലക്ഷ്യസ്ഥിതിയനുസരിച്ചു ലക്ഷണം നിൎമ്മിക്കേണ്ടതുമാണ്. അതുകൊണ്ടുതന്നെയാണ് സംഗീതരത്നാകരകാരൻ കിന്നരിപ്രകരണത്തിൽ,

"യദ്വാ ലക്ഷ്യപ്രധാനാനി ശാസ്ത്രാണ്യേതാനി മന്വതേ
തസ്മാല്ലക്ഷ്യവിരുദ്ധം യച്ഛാസ്ത്രം തന്നേയമന്യഥാ".

എന്നിങ്ങനെ ഈ സംഗീതത്തിൻെറ ലക്ഷണശാസ്ത്രങ്ങൾ ലക്ഷ്യസ്ഥിതിപ്രധാനങ്ങളാണ്, അതായത് ലക്ഷ്യസ്വരൂപം അനുഭവസിദ്ധമായതിനാൽ ലക്ഷണത്തേക്കാൾ ലക്ഷ്യത്തിന്നധികം പ്രാധാന്യമുള്ളവയാണ് എന്നാണ് അഭിജ്ഞന്മാരുടെ മതം. അതിനാൽ ലക്ഷ്യങ്ങൾക്കു യോജിക്കാതെയിരിക്കുന്ന ലക്ഷണങ്ങളെല്ലാം മാററി നിൎമ്മിക്കുകതന്നെവേണം എന്നു പ്രസ്താവിച്ചിട്ടുള്ളതും. അതു പ്രകൃതമായ സ്വരവിഷയത്തിലും ബാധകമായിരിക്കുന്നുണ്ട് എന്നു താൽപൎയ്യം.

അതനുസരിച്ചു ദക്ഷിണപ്രസ്ഥാനത്തിലെ ലക്ഷ്യസ്ഥിതിക്കു യോജിക്കുന്ന വിധത്തിൽ സ്വമതമായ സ്വരവ്യവസ്ഥ പറയുന്നു—

സൂ—തഥാ ച ദക്ഷിണേ ചതുൎവ്വിംശതിശ്രുതിവിഭക്തേശ്രുതിദ്വയാന്തരിതതയാ ക്രമാച്ശുദ്ധവികൃതാ രിഗമാഃ ശുദ്ധഃ പഃ ശുദ്ധവികൃതൌ ധനീ ശുദ്ധസശ്ചേതി ദ്വാദശസ്വരാണാം സ്ഥിതിഃ. ൩൦

ഭാ—അതുകൊണ്ട് ഇരുപത്തിനാലു ശ്രുതികളായി വിഭജിച്ചിട്ടുള്ള ദക്ഷിണപ്രസ്ഥാനത്തിൽ ആധാരഷഡ്ജശ്രുതിമുതൽ ഈരണ്ടു ശ്രുത്യന്തരങ്ങളുള്ളതായി ശുദ്ധം വികൃതം എന്ന ക്രമത്തിൽ ഋഷഭഗാന്ധാരമദ്ധ്യമങ്ങൾ. പിന്നെ പഞ്ചമം. പിന്നെ ശുദ്ധം വികൃതം എന്ന ക്രമത്തിൽ ധൈവതനിഷാദങ്ങൾ. പിന്നെ ഷഡ്ജം. ഇങ്ങനെയാണ് പന്തിരണ്ടു സ്വരങ്ങളുടെ സ്ഥാനസ്ഥിതി. എന്നുവെച്ചാൽ ആധാരഷഡ്ജശ്രുതിയിൽനിന്നു രണ്ടാമത്തെ ശ്രുതിയിൽ ശുദ്ധഋഷഭം. നാലാമത്തേതിൽ വികൃതഋഷഭം. ആറിൽ ശുദ്ധഗാന്ധാരം. എട്ടിൽ വികൃതഗാന്ധാരം. പത്തിൽ ശുദ്ധമദ്ധ്യമം. പന്തിരണ്ടിൽ വികൃതമദ്ധ്യമം. പതിന്നാലിൽ പഞ്ചമം. പതിനാറിൽ ശുദ്ധധൈവതം. പതിനെട്ടിൽ വികൃതധൈവതം. ഇരുപതിൽ ശുദ്ധനിഷാദം. ഇരുപത്തിരണ്ടിൽ വികൃതനിഷാദം. ഇരുപത്തിനാലിൽ ഷഡ്ജം. ഇങ്ങനെയാണ് പന്തിരണ്ടു സ്വരങ്ങളുടെയും ലക്ഷ്യാനുസൃതമായ സ്ഥാനനിയമം എന്നൎത്ഥം.

സ്വരസ്ഥാനങ്ങൾ മേൽപ്രകാരമാണെന്നതിലെക്കു പ്രത്യക്ഷമായ തെളിവു കാണിക്കുന്നു—

സൂ—ഏവമേവ ഹി ചിത്രവീണായാം പ്രഥിതഃ സ്വരസാരികാന്യാസോ ദക്ഷിണേ ദൃശ്യതേ. ൩൧

ഭാ—ദക്ഷിണദേശത്തിൽ പ്രസിദ്ധമായ ചിത്രവീണയിൽ ലക്ഷ്യങ്ങളായ എല്ലാ രാഗവിശേഷങ്ങൾക്കും യോജിക്കുന്നവിധം സ്വരങ്ങൾക്കു മട്ടുകൾവെച്ചു വരുന്ന സമ്പ്രദായവും ഈ പറഞ്ഞമാതിരിയുള്ള പന്തിരണ്ടു സ്വരസ്ഥാനങ്ങളെ അവലംബിച്ചുകൊണ്ടാണ് കാണുന്നത്. വീണയിൽ ഇപ്രകാരമുള്ള സ്വരസ്ഥാനങ്ങളിൽ മിക്കതും സ്വയംഭൂനാദസ്ഥാനങ്ങളുമാണെന്ന സംഗതി വീണാപ്രകരണത്തിൽ സ്പഷ്ടമാകുന്നതാണ്.

മേൽക്കാണിച്ച സ്വരവ്യവസ്ഥയിൽ സാധാരണഗാന്ധാരകൈശികനിഷാദങ്ങൾക്കു പ്രത്യേകസ്ഥാനങ്ങൾ കാണുന്നില്ലല്ലോ എന്ന ശങ്കയെപ്പരിഹരിക്കുന്നു—

സൂ—വികൃതഗസ്യൈവ സാധാരണഗാന്തരഗസംജ്ഞേ ശുദ്ധനേരേവ കൈശികനിസംജ്ഞാ ചേതി പൂൎവ്വമേവോക്തം. ൩൨

ഭാ—ഇതിൽ വികൃതഗാന്ധാരമെന്നു കാണിച്ച സ്വരത്തിന്നുതന്നെയാണ് സാധാരണഗാന്ധാരമെന്നും അന്തരഗാന്ധാരമെന്നും പേരുകൾ പറഞ്ഞുവരുന്നത്. സാധാരണഗാന്ധാരസംജ്ഞകൊണ്ടും അന്തരഗാന്ധാരസംജ്ഞകൊണ്ടും നിൎദ്ദേശിക്കുന്നത് ഒരേ സ്വരത്തെത്തന്നെയാണ്. രണ്ടു സ്വരങ്ങളെയല്ല എന്നൎത്ഥം. അപ്രകാരം ശുദ്ധനിഷാദത്തിന്നുതന്നെയാണ് കൈശികനിഷാദമെന്നും പറഞ്ഞുവരുന്നത്. അതും പ്രത്യേക സ്വരമല്ല. അവയെ അന്തരഗാന്ധാരശുദ്ധനിഷാദങ്ങളിൽനിന്നു ഭിന്നസ്വരങ്ങളാക്കിക്കല്പിച്ചിട്ടു ലക്ഷ്യസ്ഥിതിക്കാവശ്യവുമില്ല. ഈ സംഗതി പ്രസംഗവശാൽ മുമ്പുതന്നെ ഭരതമുനിയുടെയും മററു ഗ്രന്ഥങ്ങൾ ഉദ്ധരിച്ചു സപ്രമാണം പറഞ്ഞിട്ടുണ്ട്.

രാഗങ്ങളിലെ സ്വരമേളനങ്ങൾക്കും വെങ്കടമഖി മുതലായവർ പറയുന്നതുപോലെ ഒരേ സ്വരനാദത്തിന്നുതന്നെ സംജ്ഞകൾ മാററിക്കല്പിക്കേണ്ടതില്ലെന്നു പറയുന്നു—

സൂ—യഥായഥം സപ്തവിഭിന്നനാദരൂപസ്വരാണാമേവ തത്തദ്രാഗേഷു മേളനനിയമാച്ശുദ്ധവികൃതസ്വരയോൎവ്വിഭിന്നനാദത്വാത്തദുഭയഘടിതൈസ്സപ്തഭിസ്തത്തദ്രാഗമേളനസ്യോക്ത്യൈവ സാമഞ്ജസ്യേ നാദസ്യൈകസ്യ ഭിന്നസംജ്ഞാകരണേന സ്വരസംഖ്യാധിക്യകഥനമപ്യേതേന പരാസ്തം. ൩൩

ഭാ—ഓരോരോ രാഗത്തിൽ പരസ്പരം വിഭിന്നങ്ങളായ ഏഴു സ്വരനാദങ്ങൾ യുക്തംപോലെ ചേൎന്നിട്ടുള്ള മേളനമുണ്ടായിരിക്കുന്നതാണ് എന്നാണ് രാഗങ്ങളിലെ സപ്തസ്വരമേളനത്തെസ്സംബന്ധിച്ചുള്ള നിയമം. അങ്ങനെയല്ലാതെ ഋഷഭം, ഗാന്ധാരം തുടങ്ങിയ പ്രത്യേകസംജ്ഞകളോടുകൂടി ഏഴു വിഭിന്നസ്വരനാദങ്ങൾ മേളിച്ചിരിക്കണമെന്നില്ല. അങ്ങനെ സ്വരസംജ്ഞകൾക്കുംകൂടി ആ മാതിരി വ്യത്യാസമുണ്ടായിരിക്കണമെന്നു സ്വരമേളനനിയമത്തിൽ ചേൎത്തിട്ടു പ്രയോജനവുമില്ല. ആ സ്ഥിതിക്ക് ഒരു സംജ്ഞയുള്ള സ്വരത്തിൻെറ തന്നെ പരസ്പരം വിഭിന്നനാദങ്ങളായ ശുദ്ധരൂപവും വികൃതരൂപവും ചേൎന്ന ഏഴു വിഭിന്നസ്വരനാദങ്ങളുടെ മേളനവും രാഗവിശേഷത്തിന്നു കാരണമാണെന്നു പറഞ്ഞാൽത്തന്നെ സംഗതി ശരിയാകും. എന്നിരിക്കെ ആ ശുദ്ധസ്വരത്തിന്നോ വികൃതസ്വരത്തിന്നോ മറെറാരു സ്വരത്തിൻെറ സംജ്ഞയുംകൂടിക്കൊടുത്ത് ഒരു നാദത്തെത്തന്നെ രണ്ടു സ്വരങ്ങളാക്കിഗ്ഗണിച്ച് ആകെ സ്ഥായിയിലുള്ള സ്വരങ്ങളുടെ സംഖ്യ വൎദ്ധിപ്പിക്കേണ്ടതില്ല. എന്നുവെച്ചാൽ നാടരാഗത്തിൽ ഷഡ്ജം, ശുദ്ധഗാന്ധാരം, വികൃതഗാന്ധാരം, ശുദ്ധമദ്ധ്യമം, പഞ്ചമം, ശുദ്ധനിഷാദം, വികൃതനിഷാദം എന്നീ ഏഴു സ്വരങ്ങളുടെ മേളനമാണ്. കനകാംബരിരാഗത്തിൽ ഷഡ്ജം, ശുദ്ധഋഷഭം, വികൃതഋഷഭം, ശുദ്ധമദ്ധ്യമം, പഞ്ചമം, ശുദ്ധധൈവതം, വികൃതധൈവതം എന്നീ ഏഴു സ്വരങ്ങളുടെ മേളനമാണ്. ഈ വിധത്തിൽ ആവക രാഗങ്ങളുടെ സ്വരമേളനം ശരിയാകുമെന്നിരിക്കെ ശുദ്ധഗാന്ധാരത്തിന്നു ഷട്ശ്രുതികഋഷഭമെന്നും ശുദ്ധനിഷാദമായ കൈശികനിഷാദത്തിന്നു ഷട്ശ്രുതിധൈവതമെന്നും വികൃതഋഷഭമായ ചതുശ്രുതികഋഷഭത്തിന്നു ശുദ്ധഗാന്ധാരമെന്നും വികൃതധൈവതമായ ചതുശ്രുതിധൈവതത്തിന്നു ശുദ്ധനിഷാദമെന്നും സംജ്ഞകൾകൊടുത്തു പേരുകൊണ്ടുമാത്രം സ്ഥായിയിലെ സ്വരസംഖ്യ പതിനാറാക്കേണ്ടതില്ല എന്നൎത്ഥം. അങ്ങനെയായാൽ നാടരാഗത്തിൽ ഋഷഭധൈവതങ്ങളും കനകാംബരിരാഗത്തിൽ ഗാന്ധാരനിഷാദങ്ങളും ഇല്ലാതാകുമല്ലോ എന്നാ

ണെങ്കിൽ വാസ്തവത്തിൽ ഇല്ലാത്തതു പേരുകൊണ്ടും ഇല്ലാതായതിനാൽ തരക്കേടൊന്നു വരാനില്ല. വാസ്തവത്തിലില്ലാത്തതിന്റെ പേരുകൊണ്ടുമാത്രം ഉണ്ടെന്നുവെച്ചിട്ട് ഒരു പുരുഷാൎത്ഥവും കിട്ടാനുമില്ല. ഉണ്ട്. നാടരാഗത്തിൽ ഋഷഭധൈവതങ്ങളും കനകാംബരിയിൽ ഗാന്ധാരനിഷാദങ്ങളുമില്ലെങ്കിൽ അവ ഏഴു സ്വരങ്ങളുമുള്ള പൂൎണ്ണരാഗങ്ങളല്ലെന്നും അഞ്ചു സ്വരങ്ങൾമാത്രമുള്ള ഔഡവരാഗങ്ങളാണെന്നും വന്നേക്കും. അതുപോലെ വരാളിരാഗത്തിൽ ഗാന്ധാരമില്ലെങ്കിൽ ആറു സ്വരം മാത്രമുള്ള ഷാഡവരാഗമാണതെന്നും വന്നേക്കും എന്നുള്ള ആക്ഷേപം സാരമില്ല. രാഗങ്ങൾ പൂൎണ്ണങ്ങൾ, ഷാഡവങ്ങൾ, ഔഡവങ്ങൾ എന്ന ഭേദത്തിനും വിഭിന്നസ്വരനാദങ്ങളുടെ സംഖ്യാഭേദമാണ് അടിസ്ഥാനം. സംജ്ഞകളുടെ സംഖ്യാഭേദമല്ല. ഏഴു വിഭിന്നസ്വരനാദങ്ങൾ ചേൎന്നതു പൂൎണ്ണം. ആറു മാത്രം ചേൎന്നതു ഷാഡവം. അഞ്ചു മാത്രമുള്ളത് ഔഡവം. എന്നാണ് വ്യവസ്ഥിതി. അതിനാൽ മേൽ കാണിച്ച പന്തിരണ്ടു സ്വരങ്ങൾ മാത്രമേ സ്വീകരിക്കേണ്ടതുള്ളു എന്നു താൽപൎയ്യം.

ഭരതാദിപ്രാചീനമുനിമാർ കാണിച്ചിട്ടുള്ള മാൎഗ്ഗപ്രസ്ഥാനത്തിലെ സ്വരസ്ഥാനങ്ങളിൽനിന്ന് ഈ ദക്ഷിണദേശീയത്തിന്നുള്ള വ്യത്യാസം കാണിക്കുന്നു—

സൂ—ഏവം ച ഷഡ്ജഗ്രാമമാത്രേ ദക്ഷിണേ ഭരതമുനിദൎശിതമാൎഗ്ഗാദൃഷഭധൈവതയോഃ ശുദ്ധയോഃ സ്ഥാനഭേദഃ പ്രതിമസ്വീകാരശ്ച പ്രധാനം വൈലക്ഷണ്യം. ൩൪

ഭാ—ഇങ്ങനെ നോക്കുമ്പോൾ ഷഡ്ജമദ്ധ്യമഗ്രാമങ്ങളിൽ ഷഡ്ജഗ്രാമം മാത്രമുള്ള ദക്ഷിണദേശീയത്തിൽ ഭരതമുനി മുതലായ അതിപ്രാചീനാചാൎയ്യന്മാർ കാണിച്ചിട്ടുള്ള മാൎഗ്ഗപ്രസ്ഥാനത്തിലെ ഷഡ്ജഗ്രാമസ്വരസ്ഥാനങ്ങളിൽനിന്നു ശുദ്ധഋഷഭത്തിന്റെയും ശുദ്ധധൈവതത്തിന്റെയും സ്ഥാനങ്ങൾക്കു വ്യത്യാസമുണ്ട്. പ്രതിമദ്ധ്യമം എന്ന ഒരു സ്വരം പ്രത്യേകം സ്വീകരിച്ചിട്ടുമുണ്ട്. എന്നതുമാത്രമാണ് പ്രധാനമായ മാററമുള്ളത്. പ്രധാനം എന്നു പറഞ്ഞതുകൊണ്ടു ചതുശ്രുതികളായ വികൃതഋഷഭത്തിന്റെയും വികൃതധൈവതത്തിന്റെയും സ്ഥാനങ്ങൾ സ്ഥായിയെ ഇരുപത്തിരണ്ടു ശ്രുതികളാക്കി വിഭജിച്ചിട്ടുള്ള മാൎഗ്ഗപ്രസ്ഥാനത്തിലെ ശുദ്ധഋഷഭത്തിന്റെയും ശുദ്ധധൈവതത്തിന്റെയും സ്ഥാനങ്ങളോടു വളരെ അടുത്തായതിനാൽ അതു വലിയ വ്യത്യാസമായിഗ്ഗണിക്കേണ്ടതില്ലെന്നു സൂചിപ്പിച്ചിരിക്കുന്നു. മാൎഗ്ഗത്തിലെ ച്യുതപഞ്ചമമെന്ന മദ്ധ്യമഗ്രാമീയപഞ്ചമത്തിന്നു കൈശികപഞ്ചമമെന്നൊരു പേരുംകൂടിയുണ്ടെങ്കിലും വീണയിൽ സ്വയംഭൂനാദമായി കൈശികസ്വരം ധ്വനിക്കുന്ന സ്ഥാനത്തല്ല ആ വികൃതപഞ്ചമമുള്ളത്. അതിൽനിന്ന് ഒരു ശ്രുതി അധികമായ സ്ഥാനത്താണ്: ദക്ഷിണത്തിലെ പ്രതിമദ്ധ്യമമാകട്ടേ ആ കൈശികനാദം ധ്വനിക്കുന്ന സ്ഥാനത്തുതന്നെയാണ്. കൈശികനാദത്തോടടുത്ത ശ്രുതിയിലുള്ളതായതുകൊണ്ടും മാൎഗ്ഗത്തിൽ ആ കൈശികനാദസ്ഥാനത്തു സ്വരമൊന്നുമില്ലാത്തതുകൊണ്ടും ച്യുതമദ്ധ്യമത്തിനുശേഷം വരുമ്പോൾ മാത്രം അതിന്ന് ആപാതമായി കൈശികപഞ്ചമമെന്നു പറഞ്ഞുവരുന്നുവെന്നേയുള്ളു. അതിനാൽ പ്രതിമദ്ധ്യമം മാൎഗ്ഗത്തിലില്ലാത്തതും ദക്ഷിണത്തിൽ പ്രത്യേകം സ്വീകരിച്ചിട്ടുള്ളതും തന്നെയാണ്. മററു സ്വരങ്ങളായ ശുദ്ധഗാന്ധാരം, അന്തരഗാന്ധാരം, ശുദ്ധമദ്ധ്യമം, പഞ്ചമം, ശുദ്ധനിഷാദം, കാകളിനിഷാദം, ഷഡ്ജം ഈ ഏഴും മാൎഗ്ഗത്തിലെ അതാതിന്റെ സ്ഥാനത്തുതന്നെയാണ് ദക്ഷിണത്തിലും ഉള്ളത്. മാൎഗ്ഗത്തിലെ ശുദ്ധഋഷഭധൈവതങ്ങളുടെ സ്ഥാനങ്ങളിൽ ദക്ഷിണത്തിൽ വികൃതങ്ങളായ ഋഷഭധൈവതങ്ങളായിത്തീൎന്നുവെന്നു മാത്രമേ ആ സ്ഥാനങ്ങളെപ്പററിയും മാററം വന്നിട്ടുള്ളു. കഴിച്ചു മേൽക്കാണിച്ച മൂന്നു സ്വരങ്ങളുടെ

സംഗതിയിൽ മാത്രമാണ് മാർഗ്ഗത്തിലെ ഷഡ്ജഗ്രാമീയസ്വരസ്ഥാനങ്ങളും ദാക്ഷിണദേശീയ സ്വരസ്ഥാനങ്ങളും തമ്മിൽ പ്രധാനമായ വ്യത്യാസമെന്നർത്ഥം.

മേൽപ്രകാരമുള്ള സ്വരങ്ങളുടെ ശ്രുത്യന്തരങ്ങൾ വ്യക്തമാക്കുന്നു —

സൂ—തത്ര ശുദ്ധാവൃഷഭധൈവതൌ പൂർവ്വശുദ്ധാദ്ദ്വിശ്രുതികൌ. ഷഡ്ജഗാന്ധാരമധ്യമപഞ്ചമനിഷാദാശ്ചതുശ്ശ്രുതികാഃ. വികൃതാസ്സർവ്വേ സ്വസ്വശുദ്ധാദ്ദ്വിശ്രുതികാഃ. ചതുശ്ശ്രുതികാദിവ്യവഹാരഃ കാകല്യാദിവത്സങ്കേതസംഗമനീയഃ. ൰൫

ഭാ—ആ സ്വരങ്ങളിൽ ശുദ്ധഋഷഭവും ശുദ്ധധൈവതവും മുമ്പിലത്തെ ശുദ്ധസ്വരങ്ങളിൽനിന്ന് അതായത് ഷഡ്ജത്തിൽനിന്നും പഞ്ചമത്തിൽനിന്നും രണ്ടു ശ്രുത്യന്തരമുള്ളവയാണ്. മററു ശുദ്ധസ്വരങ്ങളായ ഷഡ്ജം, ഗാന്ധാരം, മധ്യമം, പഞ്ചമം, നിഷാദം ഈ അഞ്ചും അതാതിന്റെ മുമ്പുള്ള ശുദ്ധസ്വരത്തിൽനിന്നു നാലു ശ്രുത്യന്തരമുള്ളവയുമാണ്. വികൃതസ്വരങ്ങൾക്കെല്ലാം അതാതിന്റെ ശുദ്ധസ്വരത്തിൽനിന്നു രണ്ടു ശ്രുത്യന്തരവുമാണ്. ഇങ്ങനെ ശുദ്ധസ്വരങ്ങളുടെയും വികൃതസ്വരങ്ങളുടെയും ശ്രുത്യന്തരവ്യവസ്ഥ.

ചതുഃശ്രുത്യന്തരാഃ ശുദ്ധാഃ ഷഡ്ജഗാന്ധാരമധ്യമാഃ
പഞ്ചമശ്ച നിഷാദശ്ച ദ്വിശ്രുതീ ധൈവതർഷഭൌ.
ശ്രുതിദ്വയാന്തരാസ്സർവ്വേ വികൃതാഃ സ്വസ്വശുദ്ധതഃ.

എന്ന് ഈ വിഷയത്തിൽ സംഗ്രഹശ്ലോകം. ചതുശ്ശ്രുതികർഷഭമെന്നു വികൃതഋഷഭത്തിന്നും ചതുശ്ശ്രുതിധൈവതമെന്നു വികൃതധൈവതത്തിന്നും പ്രാമാണികന്മാർ പറഞ്ഞുവരാറുണ്ടല്ലോ. വികൃതങ്ങൾക്കെല്ലാം സ്വസ്വശുദ്ധത്തിൽനിന്ന് ഈരണ്ടു ശ്രുത്യന്തരങ്ങളാണെങ്കിൽ ആ അഭിജ്ഞവ്യവഹാരം എങ്ങനെ സംഗതമാകും എന്നാണെങ്കിൽ വികൃതനിഷാദത്തിന്നു കാകളിനിഷാദമെന്ന സംജ്ഞപോലെ വികൃതർഷഭത്തിന്നും മററുമുള്ള ആ സംജ്ഞകളും അഭിജ്ഞസങ്കേതത്താൽ വന്നിട്ടുള്ള പാരിഭാഷികസംജ്ഞകളാണെന്നു ധരിച്ചുകൊൾക. മുമ്പിലത്തെ ശുദ്ധസ്വരങ്ങളായ ഷഡ്ജത്തിൽനിന്നും പഞ്ചമത്തിൽനിന്നും നാലാമത്തെ ശ്രുതിയിൽ വരുന്ന ഋഷഭമെന്നും ധൈവതമെന്നും ഉള്ള അവയവാർത്ഥംതന്നെ സ്വീകരിക്കാനെന്തു വിരോധം എന്നാണെങ്കിൽ മററുള്ള വികൃതങ്ങൾക്കും അപ്രകാരം മുമ്പിലത്തെ ശുദ്ധസ്വരത്തിൽനിന്നുള്ള ശ്രുതിസംഖ്യയവലംബിച്ചുതന്നെ ശ്രുത്യന്തരം വ്യവസ്ഥപ്പെടുന്നതേ യുക്തമാവുള്ളു. അപ്പോൾ വികൃതങ്ങളായ ഗാന്ധാരമധ്യമനിഷാദങ്ങൾക്കു പൂർവ്വശുദ്ധസ്വരങ്ങളായ ഋഷഭഗാന്ധാരധൈവതങ്ങളിൽനിന്ന് ആറാറു ശ്രുതികൾകൊണ്ടുള്ള അന്തരമുണ്ടെന്നുവരും. നാലിലധികം ശ്രുതികളെ രണ്ടു സ്വരങ്ങൾ തമ്മിലുള്ള അന്തരത്തിൽ ഘടകങ്ങളാക്കി സ്വീകരിക്കുന്നത് ഉചിതമല്ലെന്നാണ് ഭരതമുനിയുടെ മതം. ആ മതം സമ്മതമല്ലെങ്കിൽ വികൃതങ്ങളിൽ ഋഷഭധൈവതങ്ങൾ ചതുശ്ശ്രുതികങ്ങളും ഗാന്ധാരമധ്യമനിഷാദങ്ങൾ ഷട്ശ്രുതികങ്ങളുമാണെന്നുവെച്ചുകൊൾക. പക്ഷേ വേറെ വിധത്തിൽ ഉപപത്തിയുള്ളപ്പോൾ മുനിമതത്തെ സ്വീകരിക്കാതിരിക്കേണ്ടതില്ല.

ഈ വിധത്തിലുള്ള സ്വരവ്യവസ്ഥക്കു ദോഷം ശങ്കിക്കുന്നു—

സൂ—അഥ രാഗാണാമേകസ്വരസ്യൈവ ശുദ്ധവികൃതോഭയരൂപഘടിതത്വേ ഏകസ്മിന്നേവ രാഗേ ഋഷഭരൂപദ്വയഘടിതത്വം ഗാന്ധാരരൂപദ്വയഘടിതത്വം ച കുതോ ന സ്യാതാം. അസ്മന്മതേ ത്വേകസംജ്ഞകസ്വരസ്യൈകസ്യൈവൈകദാ ഘടകത്വമിതി നിയമാത്തന്ന ഭവതീതി. ൰൬

ഭാ—മേൽപ്പറഞ്ഞപ്രകാരം നാദഭേദം മാത്രം അടിസ്ഥാനമാക്കി ഒരു സ്വരത്തിന്റെ തന്നെ ശുദ്ധവികൃതരൂപങ്ങൾ രണ്ടും ചേർത്തും രാഗങ്ങളിൽ സ്വരമേളനം ആകാമെന്നു സ്വീകരിക്കുന്നതായാൽ ഒരു രാഗത്തിൽത്തന്നെ ഋഷഭത്തിന്റെ ശുദ്ധവികൃതരൂപങ്ങളും ഗാന്ധാരത്തിന്റെ ശുദ്ധവികൃതരൂപങ്ങളും ചേർന്നുകൊണ്ടുള്ള മേളനം ഉണ്ടാകാമെന്നു വരുന്നു. അപ്രകാരം എന്തുകൊണ്ടു വരുന്നില്ല. ഞങ്ങളുടെ മതത്തിലാകട്ടേ ഋഷഭം, ഗാന്ധാരം എന്നീവക സംജ്ഞയുള്ള സ്വരങ്ങൾ ഒന്നിലധികമുണ്ടെങ്കിലും അവയിൽ ഒരു സംജ്ഞയുള്ള സ്വരം ഒന്നു മാത്രമേ ഏതു രാഗത്തിലും എപ്പോഴും ഘടകമായി വരുള്ളൂ എന്നു നിയമമുണ്ട്. അതിനാൽ ആ ദോഷം വരുന്നതല്ല.

സമാധാനം പറയുന്നു—

സൂ—ഉച്യതേ. സത്സു ദ്വാദശസ്വരേഷു സപ്തഭിരേവ രാഗോദ്ഭവ ഇത്യത്ര നിമിത്തം ഭവദ്ഭിരപി വക്തവ്യം. സമാന്തരസ്വരാണാം ത്ര്യധികാനാം നിരന്തരതയാ മേളനേ വൈചിത്ര്യഭംഗാദ്രഞ്ജകത്വരൂപരാഗത്വഹാനിരിതി യഥായഥം പൂർവ്വഭാഗേ ത്രയ ഉത്തരഭാഗേ ദ്വൌ ഷഡ്ജപഞ്ചമൌ ചേതി സപ്തൈവ രാഗേഷു ഭവന്തീതി ചേത്തേനൈവ ഭവദാക്ഷേപപരിഹാരഃ. ൩൭

ഭാ—മേൽപറഞ്ഞ പൂർവ്വപക്ഷത്തിനു സമാധാനം പറയാം. ഒരു സ്ഥായിയിൽ ആകെ പന്തിരണ്ടു സ്വരങ്ങളുണ്ടായിരിക്കെ അവയിൽ യുക്തംപോലെ ഏഴു സ്വരങ്ങൾ മാത്രം ചേർന്നിട്ടേ ഏതൊരു രാഗവും ഉണ്ടാവുള്ളൂ എന്നും എട്ടു സ്വരമോ ഒമ്പതോ പത്തോ പതിനൊന്നോ സ്വരങ്ങളോ പന്തിരണ്ടു സ്വരങ്ങൾ മുഴുവനുമോ ചേർന്നിട്ട് ഒരു രാഗവും ഉണ്ടാവുന്നതല്ല എന്നും വരുവാനുള്ള കാരണമെന്താണെന്നു നിങ്ങൾക്കും പറയേണ്ടതുണ്ട്. അങ്ങനെ വരാനുള്ള കാരണം ഇതാണ്. ശ്രുത്യന്തരം തുല്യമായ സ്വരങ്ങൾ പരമാവധിയായി മൂന്നിലധികം ഇടവിടാതെ തുടർന്നുവരുന്നതായാൽ നാദഭേദങ്ങൾക്കു വൈചിത്ര്യമില്ലാതായിത്തീരും. വൈചിത്ര്യമില്ലാതെവന്നാൽ രഞ്ജകത്വഗുണം അതിന്നില്ലാത്തതുകൊണ്ട് അതു രാഗമാകയുമില്ല. രാഗമെന്നതിന്റെ അർത്ഥംതന്നെ രഞ്ജകമെന്നാണ്. അതിനാൽ മധ്യമമുൾപ്പെടെയുള്ള പൂർവ്വഭാഗത്തിൽനിന്നു യുക്തംപോലെ മൂന്നും ഉത്തരഭാഗത്തിൽനിന്നു രണ്ടും ഷഡ്ജപഞ്ചമങ്ങളുംകൂടി ഏഴു സ്വരങ്ങൾ മാത്രമേ രാഗമായിട്ടുള്ള ഏതിലും സംഭവിക്കയുള്ളൂ. അതിൽത്തന്നെയും സമാന്തരങ്ങളും ദ്വിശ്രുതികങ്ങളുമായ മൂന്നു സ്വരങ്ങൾ തുടന്നു ചേർന്നിട്ടുള്ള കനകാംഗി, ശുദ്ധമുഖാരി മുതലായ രാഗങ്ങൾക്ക് അപ്രകാരമുള്ള മൂന്നു സ്വരങ്ങൾ തുടർന്നുചേർന്നിട്ടില്ലാത്ത ശങ്കരാഭരണം, കല്യാണി മുതലായ രാഗങ്ങളേക്കാൾ ഹൃദയരഞ്ജകതാഗുണം കുറയുമെന്ന സംഗതി സഹൃദയാനുഭവസിദ്ധവുമാണ്. അതുകൊണ്ടുതന്നെയാണ് ശങ്കരാഭരണം, കല്യാണി മുതലായവ പ്രധാനരാഗങ്ങളും കനകാംഗി, ശുദ്ധമുഖാരി മുതലായവ അപ്രധാനരാഗങ്ങളുമായിരിക്കുന്നത്. നട്ടം, (നാട്ട) വരാളി മുതലായി മൂന്നു സമാന്തരസ്വരങ്ങൾ തുടർന്നുവരുന്ന ദുർല്ലഭം ചില ഘനരാഗങ്ങൾക്കു കുറച്ചു പ്രാധാന്യമുണ്ടെങ്കിലും അവക്കും ആലാപാദികളിൽ ശങ്കരാഭരണാദികളെപ്പോലെ പ്രാധാന്യമോ രഞ്ജകത്വമോ ഇല്ല. ഈ വക സംഗതികളാണ് ഏഴിലധികം സ്വരങ്ങൾ ഒരു രാഗത്തിലും വരാതിരിക്കാൻ കാരണം എന്നാണെങ്കിൽ അത്രയുംകൊണ്ടുതന്നെ നിങ്ങളുടെ മേൽക്കാണിച്ച ആക്ഷേപത്തിന്നും പരിഹാരം വന്നുകഴിഞ്ഞു. ഋഷഭഗാന്ധാരങ്ങൾ രണ്ടിന്റെയും ശുദ്ധവികൃതരൂപങ്ങൾ ചേർന്നു വരുമ്പോൾ സമാന്തരങ്ങളായ നാലു സ്വരങ്ങൾ ഇടവിടാതെ തുടർന്നു വരുന്ന

തിനാൽ അങ്ങനെയുള്ള മേളനം രാഗമാകയില്ല. സ്ഥായിപൂർവ്വഭാഗത്തു മൂന്നിലധികം സ്വരങ്ങളാകയും ചെയ്യും എന്നു താൽപര്യം.

സൂ—സ്ഫുടീകരണാൎത്ഥമത്രോക്താ മതഭേദാഃ പ്രസ്താരേണാപി പ്രദർശ്യന്തേ. ൩൭

ഭാ—ദക്ഷിണദേശീയത്തിലെ സ്വരങ്ങളെപ്പററിയ വിഷയത്തിൽ ഇവിടെപ്പറഞ്ഞ മതഭേദങ്ങൾ സ്പഷ്ടതക്കുവേണ്ടി പ്രസ്താരംകൊണ്ടു കാണിക്കുന്നു.

ദക്ഷിണസ്വരമണ്ഡലം

സോമനാഥമതം

വികൃതം	ശ്രുതി	ശുദ്ധം സ
	1	
	2	
	3	രി
തീവ്ര രി	4	
തീവ്രതര രി	5	ഗ
തീവ്രതമ രി. സാ. ഗ. തീ. ഗ.	6	
അന്തര ഗ	7	
ശുദ്ധ മ	8	
തീവ്രതമ ഗ	9	മ
	10	
തീവ്രതമ മ	11	
ശുദ്ധ പ	12	
	13	പ
	14	
	15	
	16	ധ
തീവ്ര ധ	17	
തീവ്രതര ധ	18	നി
തീവ്രതമ ധ കൈ. നി	19	
കം. നി	20	
ശുദ്ധ സ	21	
	22	സ

അഹോബിലമതം

വികൃതം	ശ്രുതി	ശുദ്ധം സ
പൂർവ്വരി	1	
കോമള രി	2	
	3	രി
തീവ്രരി കോ. ഗ	4	
തീവ്രതര രി	5	ഗ
തീവ്രതമ രി തീവ്ര ഗ	6	
തീവ്രതര ഗ	7	
കോ. മ തീവ്രതമ ഗ	8	
തീവ്രതമ ഗ	9	മ
തീവ്ര മ	10	
തീവ്രതര മ	11	
	12	
	13	പ
പൂർവ്വ ധ	14	
കോമള ധ	15	
	16	ധ
തീവ്ര ധ കോ. നി	17	
തീവ്രതര ധ	18	നി
തീവ്രതമ ധ തീവ്ര നി	19	
തീവ്രതര നി	20	
തീവ്രതമ നി	21	
	22	സ

വെങ്കടമഖിമതം

വികൃതം	ശ്രുതി	ശുദ്ധം സ
	1	
	2	
	3	രി
	4	
പഞ്ചശ്രുതി രി	5	ഗ
ഷട്ശ്രുതി രി സാധാരണ ഗ	6	
	7	
അന്തര ഗ	8	
	9	മ
	10	
	11	
വരാളി മ	12	
	13	പ
	14	
	15	
	16	ധ
	17	
പഞ്ചശ്രുതി ധ	18	നി
ഷട്ശ്രുതി ധ കൈശിക നി	19	
	20	
കാകളി നി	21	
	22	സ

ഗോവിന്ദസൂരിമതം

വികൃതം	ശ്രുതി	ശുദ്ധം സ
.പ്രതിശുദ്ധ രി	1	
	2	രി
പ്രതിചതുശ്രുതി രി പ്രതി ഗ	3	
ച. രി	4	ഗ
പ്രതിഷട് രി പ്രതിസാധാ ഗ	5	
ഷട്. രി സാധാ. ഗ	6	
പ്ര അ. ഗ	7	
അ. ഗ.	8	
പ്ര. ശു. മ	9	
	10	മ
പ്രതിപ്ര. മ	11	
പ്രതി മ	12	
	13	പ
പ്ര. ശു. ധ	14	
	15	ധ
പ്ര. ച. ധ പ്ര. ശു. നി	16	
ച. ശ്രു ധ	17	നി
പ്ര. ഷട്. ധ പ്ര. കൈ നി	18	
ഷട്. ധ കൈ. നി	19	
പ്ര. കാ. നി	20	
കാ. നി.	21	
	22	സ

നാദിനാഗതം

	1	2	3	4	5	6	7	8	9	10	11	12	13	14	15	16	17	18	19	20	21	22	23	24
ശുദ്ധം	സ	രി				ഗ				മ				പ		ധ				കൈ. നി				സ
ശ്രുതി.	1	2	3	4	5	6	7	8	9	10	11	12	13	14	15	16	17	18	19	20	21	22	23	24
വികൃതം				വി. രി. ചതുശ്രു. രി				വി. ഗ സാധാ. ഗ, അം. ഗ				വി. മ പ്രതി മ						വി. ധ ചതു. ധ				കാകളി നി. സാ. നി.		

ഇനി മേൽപ്രകാരമുള്ള പന്തിരണ്ടു സ്വരങ്ങളിൽ ചിലതിനുള്ള സംജ്ഞാന്തരം പറയുന്നു—

സൂ—ഏഷു വികൃതയോ രിധയോശ്ചതുശ്രുതിപദപൂർവ്വികാ ഗസ്യ സാധാരണാപദാന്തരപദാന്യതരപൂർവ്വികാ മസ്യ പ്രതിപദപൂർവ്വികാ നേസ്സാധാരണപദകാകളിപദാന്യതരപൂർവ്വികാ ച സംജ്ഞാ. ശുദ്ധസ്യ നേഃ കൈശികപദപൂർവ്വികാ ച. ൩൯

ഭാ—ഈ പന്തിരണ്ടു സ്വരങ്ങളിൽ വികൃതങ്ങളായ ഋഷഭധൈവതങ്ങൾക്കു ക്രമത്തിൽ ചതുശ്ശ്രുതികഷഭമെന്നും ചതുശ്രുതിധൈവതമെന്നും സംജ്ഞകളുണ്ട്. വികൃതഗാന്ധാരത്തിന്നു സാധാരണഗാന്ധാരമെന്നും അന്തരഗാന്ധാരമെന്നും രണ്ടു സംജ്ഞകളുണ്ട്. വികൃതമദ്ധ്യമത്തിന്നു പ്രതിമദ്ധ്യമമെന്ന സംജ്ഞയും വികൃതനിഷാദത്തിന്നു സാധാരണനിഷാദമെന്നും കാകളീനിഷാദമെന്നും രണ്ടു സംജ്ഞകളുമുണ്ട്. ശുദ്ധനിഷാദത്തിന്നു കൈശികനിഷാദമെന്ന സംജ്ഞയുമുണ്ട്. ഈ സംജ്ഞകൾക്കെല്ലാം ഓരോ തരത്തിൽ അവയവാത്ഥം പറഞ്ഞൊപ്പിക്കുവാൻ സാധിക്കുമെങ്കിലും അഭിജ്ഞസങ്കേതം വഴിക്കുണ്ടായ പാരിഭാഷികസംജ്ഞകളാണിവയെന്നു കരുതുന്നതാണ് ലാഘവം. ഇതിൽ വികൃതഗാന്ധാരത്തിന്നുള്ള സാധാരണഗാന്ധാരം, അന്തരഗാന്ധാരം എന്ന സംജ്ഞകളും വികൃതനിഷാദത്തിന്നുള്ള രണ്ടു സംജ്ഞകളും ശുദ്ധനിഷാദത്തിന്നുള്ള കൈശികനിഷാദസംജ്ഞയും ഭരതമുനി മുതൽക്കു തന്നെ മാർഗ്ഗത്തിലും പ്രസിദ്ധങ്ങളാണ്. മററുള്ള മൂന്നും ദക്ഷിണദേശത്തിൽ പ്രത്യേകമുള്ളവയാണ്.

ഇനി ഓരോ സ്വരത്തിന്നും ഇടയിൽ വരുന്ന നാദങ്ങളെപ്പററിപ്പറയുന്നു—

സൂ—അന്തരശ്രുതിനാദാ അപി തത്തദന്തർഗ്ഗതാസ്തത്തദ്രൂപവിശേഷാഃ. ൪൦

ഭാ—ഈരണ്ടു ശ്രുതികൾ കൂടിയത് ഓരോ സ്വരം എന്ന സ്ഥിതിയിലാണല്ലോ മേൽക്കാണിച്ചവിധം പന്തിരണ്ടു സ്വരങ്ങളുള്ളത്. അങ്ങിനെയുള്ള ഓരോ സ്വരത്തിന്നും

ഇടയിൽ വരുന്ന ശ്രുതിനാദങ്ങളാകട്ടേ അതാതു സ്വരത്തിൽതന്നെ ഉൾപ്പെട്ടവയും അതാതു സ്വരത്തിന്റെതന്നെ ആകൃതിവിശേഷങ്ങളുമാണ്. ഓരോ സ്വരങ്ങൾ തമ്മിലും രണ്ടു ശ്രുതികൾകൊണ്ടുള്ള അന്തരമുള്ളതിൽ ആദ്യത്തെ ശ്രുതിവരെയുള്ള നാദവിശേഷം പൂർവ്വസ്വരത്തിന്റെ ആകൃതിവിശേഷവും രണ്ടാമത്തെ ശ്രുതി തുടങ്ങുന്നതു മുതൽക്കുള്ള നാദവിശേഷം ഉത്തരസ്വരത്തിന്റെ ആകൃതിവിശേഷവുമായിട്ടാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്. അതിനാൽ ഓരോരോ സ്വരത്തിനും വ്യവസ്ഥിതമായ സ്ഥാനം ആ ആകൃതിവിശേഷങ്ങളുടെ മദ്ധ്യത്തിലായി വരത്തക്കവിധത്തിലാണ് എന്നു താല്പര്യം. ശ്രുതിപ്രകാശത്തിൽ കാണിച്ചപ്രകാരം നാദഭേദഗ്രാഹകമായ അന്തരം എന്ന നിഷ്കൃഷ്ടശ്രുതിലക്ഷണമനുസരിച്ചു നോക്കുമ്പോൾ അങ്ങനെയുള്ള ആകൃതിവിശേഷം പലതുമുണ്ടാകാമെങ്കിലും അതെല്ലാം അതാതു സ്വരത്തിന്റെതന്നെ വിശേഷാകാരമായിഗ്ഗണിക്കേണ്ടതാണെന്നു സാരം. ശങ്കരാഭരണം കാംബോജി മുതലായ രാഗങ്ങളിലെ വികൃതധൈവതം, വികൃതഷഡ്ജം, പന്തുവരാളിയിലെ ശുദ്ധഗാന്ധാരം, മാളവഗൌളത്തിലെ ശുദ്ധഷഡ്ജം എന്നീവക സ്വരങ്ങൾ അതാതിന്റെ വ്യവസ്ഥിതസ്ഥാനങ്ങളിൽനിന്ന് അല്പം കൂടിയതാണെങ്കിലും ആ സ്വരങ്ങളുടെതന്നെ ആകൃതിവിശേഷങ്ങളാണ്. അപ്രകാരം ഗൌളം മുതലായ രാഗങ്ങളിലെ ശുദ്ധഷഡ്ജം മുതലായത് അവയുടെ വ്യവസ്ഥിതസ്ഥാനങ്ങളിൽ നിന്നല്പം കുറഞ്ഞതാണെങ്കിലും ആ സ്വരങ്ങളുടെ ആകാരവിശേഷങ്ങളാണ്. ഇങ്ങനെ മേൽക്കാണിച്ച സ്വരസ്ഥാനവിഭാഗത്തിന്നു വിരോധമില്ല എന്നു പര്യ്യവസിതാർത്ഥം. വരട്ടേ, പരമാവധി ഏഴു സ്വരനാദങ്ങൾ ചേർന്നിട്ടാണ് രാഗങ്ങളുണ്ടാകുന്നത് എന്ന സംഗതിയാണല്ലോ സ്ഥായിയെ ഏഴാക്കി വിഭജിച്ചുകൊണ്ടുള്ള സപ്തസ്വരവ്യവസ്ഥക്കുതന്നെ അടിസ്ഥാനം. ഇവിടെപ്പറഞ്ഞമാതിരിയിൽ പന്തിരണ്ടു സ്വരങ്ങളിൽ ഓരോന്നിന്റെയും ഇടയിൽ വരുന്ന നാദങ്ങളെല്ലാം അതാതു സ്വരത്തിന്റെതന്നെ ആകാരവിശേഷങ്ങളാണെങ്കിൽ ഏഴു ശുദ്ധസ്വരങ്ങളെ മാത്രം സ്വീകരിച്ചാൽ മതി, വികൃതസ്വരങ്ങൾ ഓരോന്നും ആ ശുദ്ധസ്വരങ്ങളുടെതന്നെ ആകാരവിശേഷങ്ങളാണെന്നു ഗണിക്കാം. സ്വരങ്ങളെ പന്തിരണ്ടായി വിഭജിക്കേണ്ടതില്ല. എന്നാണെങ്കിൽ ശരിതന്നെ. എന്നാൽ വികാരമില്ലാത്ത ഷഡ്ജപഞ്ചമങ്ങളൊഴിച്ചു മററ സ്വരങ്ങളെല്ലാം വികൃതങ്ങളായി കല്യാണി മുതലായ പല പ്രധാനരാഗങ്ങളുമുണ്ട്. ആ വക രാഗങ്ങൾക്കു ശുദ്ധസ്വരഘടിതരാഗങ്ങളേക്കാൾ രഞ്ജകതയിലോ ആലാപാദിവിഷയകമായ പ്രാധാന്യത്തിലോ ഒട്ടും കുറവില്ല. അതിനാൽ ആ രാഗങ്ങളിലെ ഘടകസ്വരങ്ങൾക്കും ശുദ്ധസ്വരങ്ങളെക്കാൾ കുറയാത്ത പ്രാധാന്യം കല്പിക്കേണ്ടതുണ്ട്. അതുകൊണ്ടാണ് ശുദ്ധസ്വരങ്ങളുടെതന്നെ പ്രസ്പഷ്ടമായ വികാരം എന്നർത്ഥം വരത്തക്കവിധം ഋഷഭഗാന്ധാരാദിശുദ്ധസ്വരസംജ്ഞ ഘടിപ്പിച്ചുകൊണ്ടുതന്നെ വികൃതഷഡ്ജം, വികൃതഗാന്ധാരം, പ്രതിമദ്ധ്യമം, കാകളിനിഷാദം എന്നീവക സംജ്ഞകൾ ആ സ്വരങ്ങൾക്കേർപ്പെടുത്തീട്ടുള്ളതും. എന്നു മാത്രമല്ല ശുദ്ധസ്വരവും വികൃതസ്വരവും തമ്മിലുള്ള നാദഭേദം സാമാന്യജനങ്ങൾക്കുപോലും ഗ്രഹിക്കത്തക്കവിധം അത്ര പ്രസ്പഷ്ടവും അതിനാൽ അതിപ്രധാനവുമാണ്. ഇവിടെക്കാണിച്ച ഓരോരോ സ്വരത്തിന്റെ ശുദ്ധനാദവും ആകൃതിവിശേഷനാദവും തമ്മിലുള്ള ഭേദം അത്രത്തോളം സ്പഷ്ടമല്ല. അഭിജ്ഞന്മാർക്കു മാത്രമേ അവ തമ്മിലുള്ള വ്യത്യാസം ഗ്രഹിപ്പാൻ കഴികയുള്ളൂ. അതിനാൽ സ്വരങ്ങളുടെ ശുദ്ധവികൃതവിഭാഗവും ഒരു സ്വരത്തിന്റെതന്നെ ആകൃതിവിശേഷവിഭാഗവും തുല്യന്യായസിദ്ധങ്ങളല്ല.

നാദവിശേഷമനുസരിച്ചു രഞ്ജകതാഗുണത്തിനും വിശേഷമുള്ളതിനാൽ ഒരു സ്വരത്തിന്റെതന്നെ ആകൃതിവിശേഷങ്ങളെന്നു പറയുന്ന നാദവിശേഷങ്ങൾക്കും സ്വയം രഞ്ജ

ഒരുമെന്ന സ്വരഗ്രഹണം പ്രത്യേകമുള്ളതുകൊണ്ടു സ്വരങ്ങളെ ശ്രുതിസംഖ്യയനുസരിച്ച് ഇരുപത്തിനാലായിട്ടോ നിഷ്കൃഷ്ടശ്രുതിവിഭാഗപ്രകാരം നാല്പത്തെട്ടായിട്ടുതന്നെയോ വിഭജിക്കുന്നതാണ് മേൽപ്രസ്താവിച്ച യുക്തി നോക്കുമ്പോൾ അധികം സംഗതമായിട്ടുള്ളതെന്ന പക്ഷത്തെസ്സമ്മതിച്ചുകൊണ്ടു പന്തിരണ്ടായി വിഭജിച്ചിരിക്കുന്നതിന്റെ ആശയം വിശദമാക്കുന്നു—

സൂ—സമാനമാനാന്തരതയാ സ്വരാണാം ദ്വാദശധാ വിഭജനം ശിഷ്യബുദ്ധിവൈശദ്യാർത്ഥം. ൪൧

ഭാ—സ്ഥായിയെ തുല്യാന്തരങ്ങളായ പന്തിരണ്ടു സ്വരങ്ങളായി വിഭജിച്ചിരിക്കുന്നതു ശിഷ്യന്മാർക്ക് ആദ്യപാഠങ്ങളിൽ ഓരോ സ്വരത്തെയും എളുപ്പത്തിൽ വേർതിരിച്ചു ഗ്രഹിപ്പാനുള്ള സൌകര്യത്തിനുവേണ്ടിയാണ്. അത്രയുംകൊണ്ടുതന്നെ രാഗങ്ങളിലെ സ്വരമേളനങ്ങളുടെയും മൂർച്ഛനാതാനാദികളുടെയും സമ്പ്രദായം സാമാന്യമായി ഗ്രഹിപ്പാൻ സാധിക്കയും ചെയ്യും. സൂക്ഷ്മങ്ങളായ നാദാന്തരങ്ങൾ പരിചയംകൊണ്ടേ മിക്കവാറും ഗ്രഹിപ്പാൻ കഴികയുള്ളു. അതിനാൽ അങ്ങനെയുള്ള നാദവിശേഷങ്ങളായ ഓരോ സ്വരത്തിന്റെയും ആകൃതിവിശേഷങ്ങളെപ്പറ്റി ആദ്യംതന്നെ വേർതിരിച്ചു ഗ്രഹിപ്പിക്കാൻ തുടങ്ങുന്നതു ക്ലേശാവഹമാണെന്നു കരുതി പന്തിരണ്ടായി വിഭജിച്ചിട്ടുള്ളതാണെന്നർത്ഥം. പന്തിരണ്ടായിട്ടുള്ള ഈ വിഭാഗം സാമാന്യവിഭാഗം മാത്രമാണെന്നും അതിനാൽ അവയിലോരോ സ്വരത്തിന്റെയും അവാന്തരരൂപഭേദങ്ങളെക്കാണിക്കുന്ന വിശേഷവിഭാഗത്തിന്നു വിരോധമില്ലെന്നും താൽപര്യം.

സ്വരങ്ങൾക്കു ശുദ്ധവികൃതഭേദം കല്പിപ്പാൻ അടിസ്ഥാനമെന്തെന്നു ശങ്കിക്കുന്നു—

സൂ—അഥ ദ്വാദശസ്വരാണാമപി ശുദ്ധത്വമേവാസ്തു. കിം ശുദ്ധവികൃതഭേദകല്പനേന. ഏവം മുനിനാ സാധാരണത്വേനോക്തയോഃ കാകല്യന്തരയോരപി. ൪൨

ഭാ—സ്ഥായിയിലുള്ള പന്തിരണ്ടു സ്വരങ്ങളും ശുദ്ധസ്വരങ്ങൾ തന്നെയാണെന്നു സ്വീകരിക്കുന്നതിന്നെന്തു വിരോധം? ചില സ്വരങ്ങൾ ശുദ്ധങ്ങളെന്നും ചിലതു വികൃതങ്ങളെന്നും, കല്പിച്ചിട്ടെന്തു പ്രയോജനം? അപ്രകാരം മാർഗ്ഗത്തിൽ ഭരതമുനി സാധാരണസ്വരങ്ങളെന്നു പറഞ്ഞിട്ടുള്ള കാകലിനിഷാദവും അന്തരഗാന്ധാരവും ആ പ്രസ്ഥാനത്തിൽ മദ്ധ്യമഗ്രാമീയത്രിശ്രുതിപഞ്ചമംപോലെ രണ്ടു ഗ്രാമങ്ങളിലും ശുദ്ധസ്വരങ്ങളുടെ കൂട്ടത്തിലുള്ളവതന്നെയായിക്കൊള്ളട്ടെ. എന്തിനവയ്ക്കു വികൃതത്വം കല്പിക്കുന്നു. ഇവിടെ ദ്വാദശസ്വരങ്ങളെന്നും കാകല്യന്തരങ്ങളെന്നും പറഞ്ഞിരിക്കുന്നത് ഉപലക്ഷണമാണ്. മാർഗ്ഗത്തിലും ദക്ഷിണത്തിലും മതഭേദങ്ങളനുസരിച്ച് എത്രയെത്ര സ്വരങ്ങളെ സ്വീകരിച്ചിട്ടുണ്ടോ അവയെല്ലാം ശുദ്ധസ്വരങ്ങൾ തന്നെയായിക്കൊള്ളട്ടേ. വികൃതസ്വരങ്ങളെന്നൊരു വർഗ്ഗമേ സ്വീകരിക്കേണ്ടതില്ല എന്നഭിപ്രായം.

സമാധാനം പറയുന്നു—

സൂ—ഉച്യതേ. വൈചിത്ര്യഭംഗിഭിയാ പഞ്ചമാൽ പൂർവ്വേഷു ഷട്സു നാദേഷു ത്രയസ്തൂത്തരേഷു ദ്വൌ ഷഡ്ജപഞ്ചമൌ ചേതി സപ്തഭിരേവ വിഭിന്നനാദൈസ്സമസ്തരാഗപ്രപഞ്ചോൽപത്തിരിതി സ്ഥിതേ സപ്തനാമഭിരേവ തേഷാം വ്യവഹാരോപ്യുചിത ഇതി ദശസ്വരാണാം ശുദ്ധവികൃതത്വഘടിതനാമഭേദകല്പനം. തത്ര പ്രഥമഃ ശുദ്ധോ ദ്വിതീയോ വികൃത ഇതി. ൪൩

ഉ—മേൽക്കാണിച്ച ശങ്കക്കു സമാധാനം പറയാം. പന്തിരണ്ടു സ്വരങ്ങൾക്കും ശുദ്ധസ്വരമെന്ന സംജ്ഞതന്നെ മതി. ചിലതിന്നു ശുദ്ധസ്വരങ്ങളെന്നും ചിലതിന്നു വികൃതസ്വരങ്ങളെന്നും രണ്ടുവക സംജ്ഞകളേപ്പെടുത്തുന്നതെന്തിന് എന്നിങ്ങനെ സംജ്ഞയെക്കുറിച്ചു മാത്രമുള്ള ശങ്കയാണിത്. നാദഭേദമെന്ന വിഷയത്തെക്കുറിച്ചുള്ളതാവാൻ തരമില്ല. ഓരോ നാദഭേദവും എപ്പോഴും ഒരേ രൂപത്തിലിരിക്കുന്നതല്ലാതെ അതിന്ന് ഉച്ചനീചഭാവം നിമിത്തം ശുദ്ധതയോ വികാരമോ ഉണ്ടാകുന്നതല്ലല്ലോ. മേൽപ്രകാരം ചില നാദങ്ങൾക്കു ശുദ്ധസ്വരങ്ങളെന്നും ചിലതിന്നു വികൃതസ്വരങ്ങളെന്നും വേറെ വേറെ സംജ്ഞകൾ കല്പിച്ചിട്ടുള്ളതിന്റെ കാരണം ഇതാണ്. ഒരു സ്ഥായിയിൽ മദ്ധ്യഭാഗം ആസ്പദമാക്കി പൂർവ്വഭാഗമെന്നും ഉത്തരഭാഗമെന്നും വേറെ വേറെ ഭാഗങ്ങളുണ്ടെന്നു മുമ്പു കാണിച്ചിട്ടുണ്ട്. തുല്യാന്തരങ്ങളായി മൂന്നിലധികം നാദവിശേഷങ്ങൾ ചേരുന്നതായാൽ അവക്ക് ഉച്ചനീചഭാവത്തിലുള്ള വൈചിത്ര്യമില്ലാതാകുന്നതിനാൽ സ്വയം രഞ്ജകത്വമെന്ന സ്വരത്വമില്ലാതാകുമെന്നും അതിനാൽ അപ്രകാരമുള്ള നാദമേളനം രഞ്ജകമാകാത്തതുകൊണ്ടു രാഗമാവില്ലെന്നും മുമ്പു കാണിച്ചിട്ടുണ്ട്. അങ്ങനെ പ്രധാനങ്ങളായ ഷഡ്ജപഞ്ചമനാദങ്ങളും പഞ്ചമത്തിന്നുമുമ്പുള്ള ആറു നാദവിശേഷങ്ങളിൽ മേൽക്കാണിച്ചവിധം രാഗമായിത്തീരുന്നതിന്നു യോജിക്കുന്ന തരത്തിൽ മൂന്നും പഞ്ചമത്തിനുശേഷമുള്ള നാലു നാദങ്ങളിൽ അപ്രകാരം രണ്ടും കൂടി ഏഴു നാദവിശേഷങ്ങളേ ഏതു രാഗത്തിലും ഉണ്ടാവുള്ളൂ എന്നായല്ലോ. അതിലും മദ്ധ്യമസ്വരത്തിന്നു പ്രത്യേകം ഒരു വിശേഷമുണ്ട്. സ്ഥായിയുടെ മദ്ധ്യത്തിൽ വരുന്നതാണ് മദ്ധ്യമം. വീണയിൽ സ്ഥായിയെ വേർതിരിക്കുന്ന മഹാസന്ധാനംവരെയുള്ള തന്ത്രീദൈർഘ്യത്തിന്റെ മദ്ധ്യത്തിലാണ് മദ്ധ്യമസ്ഥാനം വരുന്നതെന്നു പരീക്ഷിച്ചാൽ പ്രത്യക്ഷമാകുന്നതാണ്. അതുപോലെ തുല്യശ്രുത്യന്തരങ്ങളായ പന്തിരണ്ടു സ്വരങ്ങളിൽ ആറാമത്തേതാണ് പ്രതിമദ്ധ്യമം. അതിനാൽ സ്വരങ്ങളുടെ മദ്ധ്യത്തിലുള്ളതാണെന്നൊരു വിശേഷം അതിന്നുമുണ്ട്. അതുകൊണ്ടു മദ്ധ്യമം മുതൽ പഞ്ചമംവരെയുള്ള വിശേഷഭാഗമായ മദ്ധ്യഭാഗത്തിലെ നാദങ്ങളിലൊന്നും ചേരാത്ത രാഗവും സാമാന്യമായിത്തന്നെ ഉണ്ടാകുന്നതല്ല. അതിന്നുപുറമെ ഷഡ്ജം മുതൽ മദ്ധ്യമം അവധിയായുള്ള പൂർവ്വഭാഗവും പഞ്ചമം മുതൽ സ്ഥായ്യന്തഷഡ്ജം അവധിയായുള്ള ഉത്തരഭാഗവും സമാനഗുണങ്ങളായിട്ടാണിരിക്കുന്നത്. എന്നുവെച്ചാൽ പൂർവ്വഭാഗത്തിലെ ശുദ്ധർഷഭനാദം ഉത്തരഭാഗത്തിലെ ശുദ്ധധൈവതനാദത്തോടു സമാനഗുണമാണ്. അപ്രകാരം ക്രമത്തിൽവികൃതർഷഭനാദവികൃതധൈവതനാദത്തോടുംശുദ്ധഗാന്ധാരനാദംശുദ്ധനിഷാദനാദത്തോ വികൃതഗാന്ധാരനാദം വികൃതനിഷാദനാദത്തോടും മദ്ധ്യമനാദം ഷഡ്ജനാദത്തോടും സമാനഗുണമാണെന്നർത്ഥം. ഈ ഗുണമെന്നത് ശ്രുതിജാതികളിൽ ചേർന്ന ദീപ്രത്വമെന്ന ഗാംഭീര്യം, കരുണത്വമെന്ന ലീനത, മൃദുത്വമെന്ന കോമളത, എന്നിവകതന്നെയാണ്. അപ്രകാരം ഒന്നോടൊന്നിന്നു ഗുണസാമ്യമുള്ളതുകൊണ്ടുതന്നെയാണ് അവയിൽ ഓരോ ഭാഗത്തെ ഓരോ സ്വരത്തിന്നും മറുഭാഗത്തെ ഓരോ സ്വരത്തിനോടു സംവാദമുണ്ടെന്നു മേലിൽ പറയുന്നതും യുക്തമായി വരുന്നത്. പരസ്പരം സംവാദമുള്ള സ്വരങ്ങളിൽ ഒന്നിനുപകരം മറേറതു പ്രയോഗിച്ചാലും രഞ്ജനക്കു കുറവു വരില്ല എന്നുള്ള സിദ്ധാന്തത്തിന്നും ഈ വക ഗുണസാമ്യമാണ് അടിസ്ഥാനം. ഇങ്ങനെയുള്ള ഗുണവിശേഷമാകട്ടേ ചിത്രവീണയിലുള്ള പരീക്ഷണം കൊണ്ടും സ്പഷ്ടമാകുന്നതാണ്. അതിലെ ശുദ്ധർഷഭസാരികയുടെ സ്ഥാനത്ത് ഒരു ചരടുകൊണ്ടു മുറുക്കിച്ചേർത്തുകെട്ടി ആ ഋഷഭസ്ഥാനത്തെ ഷഡ്ജസ്ഥാനമാക്കി മാററുക. എന്നാൽ മുമ്പിലത്തെ ശുദ്ധധൈവതത്തിന്റെ സ്ഥാനത്ത് ഈ ഷഡ്ജത്തിന്റെ പഞ്ചമമായിത്തീരും. ഋഷഭവും ധൈവതവുമായിരുന്നപ്പോൾ ലീനവും സാന്ദ്രവുമായ നാദം പുറപ്പെട്ടിരുന്ന ആ

സഞ്ചാരങ്ങൾ ഷഡ്ജപഞ്ചമസ്വരങ്ങളായിത്തീർന്നപ്പോൾ സ്വഭാവം മാറി ഘനവും ഗംഭീരവുമായ നാദം പുറപ്പെടുവിക്കുന്നതു കാണാം. ഈ മാതിരി പല വിശേഷസ്വഭാവങ്ങളുമുള്ള പന്ത്രണ്ടു നാദങ്ങൾ മാത്രമേ ഏതൊരു രാഗത്തിന്നും കാരണമായുള്ളു എന്നിരിക്കുമ്പോൾ അതിനെയുള്ള നാദങ്ങൾ ഏഴിലധികം വാസ്തവത്തിലുണ്ടെങ്കിലും എല്ലാംകൂടി ഒന്നിച്ചു ചേർന്നു കാണാത്തതിനാൽ ചേർന്നുകാണുന്ന ഏഴിന്നും ഏഴു വിഭിന്നസംജ്ഞകൾ മാത്രം കല്പിച്ച് അതുകൊണ്ടു വ്യവഹാരം നടത്തുന്നതാണ് ഉചിതവും ലാഘവവും. അവിടെ ഓരോ രാഗങ്ങളിൽ മാറിമാറി വന്നു പ്രത്യക്ഷമാകുന്ന നാദവ്യക്തികളെത്തിരിച്ചറിവാൻവേണ്ടി പത്തു നാദങ്ങൾക്കു ശുദ്ധങ്ങളെന്നും വികൃതങ്ങളെന്നും പേർ കല്പിച്ചു. അതിൽ ആദ്യം വരുന്നതിന്നു ശുദ്ധമെന്നും രണ്ടാമത്തേതിന്നു വികൃതമെന്നും ചേർന്ന പദങ്ങൾകൊണ്ടാണ് ആചാര്യന്മാർ സംജ്ഞ കല്പിച്ചതെന്നുമാത്രം. ഒന്നിലും മാറിവരാത്ത ഷഡ്ജപഞ്ചമങ്ങൾക്ക് ആദ്യത്തേതായ ശുദ്ധസംജ്ഞയാണ് ന്യായ്യമെന്നും തീർച്ചയാക്കി. ചുരുക്കത്തിൽ ശുദ്ധവികൃതസംജ്ഞകൾ സങ്കേതം വഴിക്കുണ്ടായ പാരിഭാഷികസംജ്ഞകളാണെന്നും അല്ലാതെ നാദങ്ങളുടെ സ്വഭാവഭേദത്തെയോ ഗുണഭേദത്തെയോ അവലംബിച്ചുള്ളവയല്ലെന്നും താൽപര്യം.

ഈ വിഷയം ഉപസംഹരിപ്പാൻ തുടങ്ങുന്നു—

സൂ—ഇത്ഥം ച ദ്വാദശസു രഞ്ജകതയാ യഥായഥം സപ്താനാമേവ സ്വരത്വേ പഞ്ചാനാമസ്വരത്വമിതി. ൪൪

ഭാ—ഇങ്ങനെ പന്തിരണ്ടു നാദവിശേഷങ്ങളിൽ രഞ്ജകതാഗുണമനുസരിച്ചു തരംപോലെ ഏതെങ്കിലും ഏഴു നാദവിശേഷങ്ങൾ മാത്രമേ സ്വരങ്ങളാകയുള്ളു എന്നായപ്പോൾ മറ്റ നാദവിശേഷങ്ങൾ അഞ്ചും അതാതു സമയം സ്വരങ്ങളായിത്തീരുകയില്ലെന്നു വന്നുകൂടുന്നു. യഥായഥം എന്നതു പഞ്ചാനാം എന്നതിനോടും യോജിപ്പിക്കണം. അങ്ങനെ സ്വരങ്ങളായി വരുന്ന നാദങ്ങളും സ്വരങ്ങളാകാതിരിക്കുന്ന നാദങ്ങളും തരംപോലെ മാറിമാറി വരുമെന്നു സിദ്ധിക്കുന്നു. നാടകത്തിൽ വേഷം കെട്ടി രംഗത്തിൽ വന്നിരിക്കുന്നവരും വേഷംകെട്ടി വരാനൊരുങ്ങി അണിയറയിലിരിക്കുന്നവരുമായ നടന്മാരെപ്പോലെയെന്നർത്ഥം. എന്നാൽ ഷഡ്ജപഞ്ചമങ്ങൾക്ക മേൽകാണിച്ചപ്രകാരം പൂർവ്വോത്തരഭാഗങ്ങളുടെ ആരംഭാവധികളായതിനാൽ പ്രാധാന്യം അധികമുള്ളതുകൊണ്ട് അതു രണ്ടും ഒഴിച്ചു ശേഷമുള്ള പത്തു നാദവിശേഷങ്ങളിൽ ഏതെങ്കിലും അഞ്ചിന്നേ എപ്പോഴും സ്വരത്വമില്ലാതെ വരികയുള്ളു. അതിലും വിശേഷിച്ചു ഷഡ്ജം സ്ഥായ്യാധാരശ്രുതിയും കൂടിയായതിനാൽ അതിന്ന് ഒരിക്കലും സ്വരത്വമില്ലാതാവാൻ നിവൃത്തിയില്ലെന്ന വിശേഷവും ധരിക്കേണ്ടതുണ്ട്. ശേഷമുള്ള പത്തിൽ ചിലപ്പോൾ ശുദ്ധങ്ങളഞ്ചും ചിലപ്പോൾ വികൃതങ്ങളഞ്ചും മററ ചിലപ്പോൾ ശുദ്ധങ്ങളിൽ ചിലതും വികൃതങ്ങളിൽ ചിലതുമായി അഞ്ചുമാണ് സ്വരങ്ങളായി വരാത്തതെന്ന വിശേഷവും ഗ്രഹിച്ചുകൊൾക.

സൂ—തത ഏവ ശുദ്ധൈർവ്വികൃതസങ്കീർണ്ണൈർവ്വാ സപ്തഭിരേവ സർവ്വോപി രാഗസ്വരമേളനപ്രപഞ്ചഃ. ൪൫

ഭാ—മേൽവിവരിച്ചപ്രകാരം പന്തിരണ്ടിൽ അഞ്ചു നാദവിശേഷങ്ങൾ രഞ്ജകങ്ങളായ സ്വരങ്ങളുടെ നിലയിൽ എപ്പോഴും വരാത്തതിനാൽത്തന്നെയാണ് എല്ലാ മേളരാഗങ്ങളിലും തരംപോലെ ഏഴു സ്വരങ്ങളുടെ മാത്രം മേളനം സംഭവിക്കുന്നതും ഏഴിലധികം സ്വരങ്ങൾ മേളിച്ചുകൊണ്ട് ഒരു രാഗവും സംഭവിക്കാതിരിക്കുന്നതും. എട്ടാമത്തേ

തിന്നു രഞ്ജനോപയോഗിത്വമില്ലാത്തതിനാൽ സ്വരത്വമുണ്ടാകാത്തതുകൊണ്ട് അതു ചേ ന്നാൽ അപസ്വരം ചേൎന്നതുപോലെ മററു സ്വരങ്ങളുടെ രഞ്ജകതാഗുണത്തിന്നു പ്രതിബ ന്ധകമായിത്തീൎന്ന് ആ മേളനത്തിൽ രാഗസ്വഭാവംതന്നെയില്ലാതായി വരും. അതിനാലാ ണ് എട്ടാമതൊരു നാദവിശേഷം ഒരു രാഗത്തിലും ചേരാത്തത് എന്നു സാരം.

മേൽപ്രകാരമുള്ള സംഗതികളാൽ സിദ്ധിക്കുന്ന വസ്തുസ്വഭാവസാരം കാണിക്കുന്നു—

സൂ—രാഗസ്യ രഞ്ജകതായാം സ്വരാണാമന്തരവൈചിത്ര്യമപി തന്ത്ര മിതി തു തത്വം. ൪൩

ഭാ—ഒരു സ്വരമേളനം രഞ്ജനാഗുണമുള്ള രാഗമാകണമെങ്കിൽ അതിലടങ്ങിയ സ്വ രങ്ങൾ തമ്മിൽ ഒന്നോടൊന്നിന്നു അന്തരമെല്ലാം ഒരേതരത്തിലല്ലാതെ പലതരത്തിലായിരി ക്കണമെന്നസംഗതികൂടി കാരണമാണ് എന്നുള്ളതാണ് ഈ സപ്തസ്വരസിദ്ധാന്തംകൊണ്ടു ല ഭിക്കുന്ന തത്വം. അതു മാൎഗ്ഗപ്രസ്ഥാനത്തിലും ദക്ഷിണപ്രസ്ഥാനത്തിലും എല്ലാം ഒരുപോ ലെ വ്യാപ്തമായിട്ടുള്ളതുമാണ്.

ഇനി രാഗവിശേഷങ്ങളനുസരിച്ച് ഓരോ രാഗത്തിലും അടങ്ങിയ സ്വരങ്ങൾക്കു ണ്ടാകുന്ന അവസ്ഥാവിശേഷങ്ങൾ വിവരിക്കുന്നു—

സൂ—തേ ച യഥാസ്വം വാദിസംവാദ്യനുവാദിവിവാദിനോ ഭവന്തി. ൪൪

ഭാ—ആ സപ്തസ്വരങ്ങളിലോരോന്നും ഓരോരോ രാഗവിശേഷത്തിൽ അവക്കുണ്ടാ കുന്ന അവസ്ഥാഭേദമനുസരിച്ച് വാദി, സംവാദി, അനുവാദി, വിവാദി ഇങ്ങനെ നാലു ത രത്തിലായിത്തീരുന്നതാണ്.

അവയിലോരോന്നിന്റെയും സ്വഭാവഭേദങ്ങൾ കാണിക്കുന്നു—

സൂ—തത്ര പ്രയോഗേ ബഹുളോ വദനാദ്രാഗസ്യ വാദീ പ്രധാനോ രാജ വൽ. ൪൫

ഭാ—അവയിൽ വാദിയെന്നതു രാഗവിശേഷപ്രയോഗത്തിൽ പല തവണയും വരു ന്നതും ആ രാഗവിശേഷത്തെ പ്രകാശിപ്പിക്കുന്നതുമായ സ്വരമാണ്. ജനങ്ങളിൽ രാജാവെ ന്നതുപോലെ ആ രാഗത്തിന്റെ സ്വരങ്ങളിൽ വാദിസ്വരമായിരിക്കും പ്രാധാന്യം വഹിക്കു ന്നത്. രാഗത്തിന്റെ ജീവസ്വരമെന്നു പറഞ്ഞുവരുന്നതും വാദിസ്വരത്തെത്തന്നെയാണ്. രാഗത്തെ വദിക്കുന്നത് അതായത് രാഗവിശേഷത്തിന്റെ തിരിച്ചറിവുണ്ടാക്കുന്നതു വാദി എന്ന് അവയവാൎത്ഥം. അതാതു രാഗത്തിന്റെ രഞ്ജനയിൽ പ്രധാനകാരണമായിരിക്കുന്ന അംശസ്വരം അതാതു രാഗത്തിൽ വാദിയെന്നു താൽപൎയ്യം. "യോ യത്രാംശസ്സ തസ്യ വാദീ" എന്നു ഭരതസൂത്രം. "വദനാദ്വാദീ. കിം തൽ പ്രതിപാദയതി? രാഗസ്യ രാഗത്വം ജനയതി. വാദ്യംശവദ് ബോദ്ധവ്യഃ". എന്നു മതംഗമുനിയും. കാംബോജിയിൽ ഷഡ്ജധൈവതങ്ങൾ, ശങ്കരാഭരണത്തിൽ ഷഡ്ജഗാന്ധാരങ്ങൾ എന്നിവക അംശസ്വരങ്ങൾ അതാതു രാഗത്തിൽ വാദിയുടെ നിലയിലുള്ളവയാണെന്നു പൎയ്യവസിതാൎത്ഥം.

സൂ—സംവദനാത്സംവാദീ സചിവവൽ. ൪൬

ഭാ—വാദിസ്വരം പ്രകാശിപ്പിക്കുന്ന രാഗവിശേഷത്തെസ്സംവദിക്കുന്ന സ്വരമാണ് സംവാദി. സംവദിക്കയെന്നതിന്നു പൂൎത്തിയാക്കി നിൎവ്വഹിക്കയെന്നൎത്ഥം. ആ സംവാദം ഒന്നിലധികം സ്വരങ്ങൾക്കു പരസ്പരം സംഭവിക്കുന്നതുമാണ്. എന്നുവെച്ചാൽ ഏതു സ്വ രത്തോടു വാദിസ്വരത്തിന്നു സംവാദം സംഭവിക്കുന്നുവോ ആ സ്വരത്തിന്നു വാദിസ്വര

ത്തോട്' അങ്ങോട്ടും സംവാദമുണ്ടായിരിക്കും. അതുപോലെ അതിന്നു സംവാദം വരുന്ന മററു സ്വരത്തോടും പരസ്പരസംവാദമുണ്ടായിരിക്കും എന്നൎത്ഥം. രാജാവു നിൎവ്വഹിക്കേണ്ട കാൎയ്യം മന്ത്രിയോടു ചേൎന്നും മന്ത്രിമാർ തമ്മിൽ ചേൎന്നും നിൎവ്വഹിക്കുന്നതുപോലെ രാഗവിശേഷത്തിലെ വാദിസ്വരം നിൎവ്വഹിക്കേണ്ട രഞ്ജനരൂപകാൎയ്യത്തിന്നു വാദിസ്വരത്തോടും മററു സംവാദിസ്വരത്തോടും ചേൎന്നു പുഷ്ടിവരുത്തി നിൎവ്വഹിക്കുന്നതിനാൽ മന്ത്രിയെപ്പോലെയിരിക്കുന്ന നിലയിലുള്ളതാണ്' സംവാദിസ്വരം. ഒരു രാഗത്തിൽ വാദിസ്വരം പ്രയോഗിക്കേണ്ട സ്ഥാനത്തു സംവാദിസ്വരം പ്രയോഗിച്ചാലും ആ രാഗത്തിന്നു ന്യൂനത വരില്ലെന്നുതന്നെയല്ല വൈചിത്ര്യവിശേഷംകൊണ്ടു പുഷ്ടി കൂട്ടുകയും ചെയ്യും. സംവാദിസ്വരം പ്രയോഗിക്കേണ്ട സ്ഥലത്തു വാദിസ്വരം പ്രയോഗിച്ചാലും അപ്രകാരംതന്നെ എന്നു താൽപൎയ്യം. ഇവിടെയും "കിം തൽ സംവാദിത്വം നാമ. യദ്വാദിസ്വരേണ രാഗസ്യ രാഗത്വം ജനിതം തന്നിൎവ്വാഹകത്വം നാമ സംവാദിത്വം". എന്ന മതംഗമുനിവചനം നോക്കുക.

സൂ—വാദിസംവാദിനോരനുവദനാദനുവാദി ഭൃത്യവൽ. ൧൦

ഭാ—വാദിസ്വരത്താൽ പ്രകാശിക്കുന്നതും സംവാദിസ്വരങ്ങളാൽ പുഷ്ടിയെ പ്രാപിക്കുന്നതുമായ രാഗവിശേഷത്തിന്റെ രഞ്ജനത്തിന്നനുസരിച്ചുകൊണ്ടു പ്രയോഗിക്കുന്ന മററു സ്വരമാണ് അനുവാദിയെന്നത്. അനുവദിക്കുന്നത്' അതായത്' അനുസരിച്ചു പ്രകാശിക്കുന്നത്' അനുവാദി എന്ന്' അവയവാൎത്ഥം. രാജാവും മന്ത്രിമാരും നിൎവ്വഹിക്കുന്ന കാൎയ്യത്തിന്നു സഹായിച്ചുകൊണ്ടിരിക്കുന്ന ഭൃത്യന്മാരെപ്പോലെ വാദിസ്വരവും സംവാദിസ്വരങ്ങളും നിൎവ്വഹിക്കുന്ന രാഗവിശേഷരഞ്ജനയിൽ അനുവാദിസ്വരങ്ങൾ സഹായിച്ചുകൊണ്ടിരിക്കുന്നതിനാൽ അവ ഭൃത്യതുല്യങ്ങളാണ്'. രാഗത്തിന്നു രഞ്ജനഹാനിയുണ്ടാക്കാതെയും വാദിയുടെയോ സംവാദിയുടെയോ സ്ഥാനത്തല്ലാതെയും അവകൾ പകരമായി പ്രയോഗിക്കത്തക്കതല്ലാതെയും രാഗത്തിന്റെ വിന്യാസവിശേഷങ്ങളിൽ പ്രകാശിച്ചു രഞ്ജനക്കുപകരിക്കുന്ന തരത്തിലിരിക്കുന്ന സ്വരങ്ങളാണ് അനുവാദിനിലയിൽ വരുന്നവയെന്നൎത്ഥം. "നനു കിം തദനുവാദിത്വം. യത്സംവാദിനാ രാഗസ്യ രാഗത്വം സമ്പന്നം കൃതം തൽപ്രതിപത്ത്യനുവാദകത്വം നാമാനുവാദിത്വം". എന്നു മതംഗമഹൎഷി.

സൂ—തയോൎവ്വിവദനാദ്വിവാദി വിരോധിവൽ. ൧൧

ഭാ—വാദിസംവാദിസ്വരങ്ങൾക്കു വിരുദ്ധമായി പ്രയോഗിക്കുന്ന സ്വരമാണ് വിവാദി. വിവദിക്കുന്നത്' അതായത് വിരുദ്ധമായി പ്രകാശിക്കുന്നതു വിവാദി എന്നവയവാൎത്ഥം. വാദിസംവാദിസ്വരങ്ങളാൽ പ്രകാശിച്ചു പുഷ്ടമായ രാഗവിശേഷത്തിന്റെ രഞ്ജനക്കു കുറവുണ്ടാക്കുന്ന വിധത്തിൽ പ്രകാശിക്കുന്ന സ്വരമാണ് വിവാദിയുടെ നിലയിലിരിക്കുന്നത്' എന്നു സാരം. അതു രാജാവും മന്ത്രിയും നിൎവ്വഹിക്കുന്ന കാൎയ്യത്തിന്നു പ്രതിബന്ധമുണ്ടാക്കുന്ന ശത്രുവിനെപ്പോലെ വാദിസംവാദികളുണ്ടാക്കുന്ന രാഗവിശേഷരഞ്ജനക്കു പ്രതിബന്ധമുണ്ടാക്കുന്നതിനാൽ ശത്രുതുല്യവുമാണ്'. "കിന്തദ്വിവാദിത്വം നാമ. വാദ്യാദിഭിസ്സ്വരൈൎയ്യദ്രാഗസ്യ വാദിത്വം സംവാദിത്വമനുവാദിത്വം പ്രാപ്തം തദ്വിനാശകത്വം നാമ വിവാദിത്വം". എന്നു മതംഗമുനിവചനം.

രഞ്ജനത്തിന്നു വിപരീതമായ വിവാദിസ്വരത്തിന്റെ പ്രയോഗം രാഗത്തിലുണ്ടാകുന്നതെങ്ങനെയെന്നുള്ള ശങ്കക്കു സമാധാനം കാണിക്കുന്നു—

സൂ—വിജയാൎത്ഥം കദാചിദ്വൈരിപ്രകാശനമിവ വിവാദിപ്രയോഗോപി കചിദുൽകൎഷമാദധാതി. ൧൨

ഭാ—ശത്രുവിനെ ജയിച്ച വിജയം തോന്നുന്നതുകൊണ്ടു രാജാവിന്നുൽകർഷം പ്രകാശിപ്പിക്കാൻ ചിലപ്പോൾ ശത്രുവിനെക്കൂടി കാണിക്കുന്നത് ഏതുപ്രകാരം ഉപയുക്തമായിത്തീരുന്നുവോ അതുപോലെ വിവാദിസ്വരംകൊണ്ടു വരുന്ന രഞ്ജനാപ്രതിബന്ധത്തെ നശിപ്പിച്ചു ഗ്രഹണമുക്തനായ ചന്ദ്രനെപ്പോലെ വീണ്ടും രഞ്ജനാഗുണം വർദ്ധിപ്പിക്കുന്നകാര്യത്തിൽ വിവാദിസ്വരപ്രയോഗവും അല്പം ചില സമയത്തുപയോഗപ്പെടുന്നതാണ്. മധുരരസാസ്വാദത്തിന്നു ശക്തി കൂട്ടുവാൻ ഇടയിൽ അല്പമൊരു പുളിരസം ഉപയോഗപ്പെടുത്തുന്നതുപോലെയാണ് വിവാദിസ്വരപ്രയോഗം രഞ്ജനത്തിന്നുപകരിക്കുന്നതെന്നു സാരം. ഇങ്ങനെയുള്ള വിവാദിപ്രയോഗം വാദിസ്വരപ്രയോഗത്തിനോടടുത്തു മാത്രം അല്പമായി വരാം. സംവാദിസ്വരത്തോടടുത്ത് അതൊന്നു സ്പർശിക്ക മാത്രമേ ആകാവൂ. അനുവാദിസ്വരപ്രയോഗത്തിൽ തീരെ വർജ്ജിക്കതന്നെ വേണം. എന്നുള്ള വിശേഷവും ഗ്രഹിക്കേണ്ടതുണ്ട്. "വിജ്ഞാതാ വിവാദീ സ സ്വല്പഃ കാര്യോഥവാ പുനഃ പ്രച്ഛാദനീയോ ലോപ്യോ വാ മനാക്സ്പർശസ്സ്വരസ്യ യഃ പ്രച്ഛാദനം തദേവാഹുല്ലോപസ്സർവ്വസ്യ നിഷ്കൃതിഃ." എന്നു പാർശ്വദേവമുനിഗ്രന്ഥം. ഇതിന്റെ അർത്ഥം നല്ല ജ്ഞാനമുള്ളവൻ വിവാദിസ്വരത്തെ അല്പമായി മാത്രം പ്രയോഗിക്കേണ്ടതാണ്. അല്ലെങ്കിൽ പിന്നെ അതിനെ പ്രച്ഛാദനം ചെയ്യണം. അതുമല്ലെങ്കിൽ ലോപിപ്പിക്കണം. പ്രച്ഛാദനമെന്നത് അല്പമൊന്നു തോന്നുക മാത്രവും ലോപമെന്നതു തീരെ വർജ്ജിക്കയുമാണ്. ഇവിടെ "ബഹുതമബഹുതരബഹവഃ കാര്യാ രാഗാനുകൂല്യേന" എന്നിങ്ങനെ വാദിയായ ജീവസ്വരത്തെ വളരെയധികമായും സംവാദിസ്വരത്തെ അതിലല്പം കുറഞ്ഞും അനുവാദിസ്വരങ്ങളെ അതിലും കുറഞ്ഞും രാഗവിശേഷത്തിന്നനുകൂലമായ വിധത്തിൽ പ്രയോഗിക്കണമെന്നു പ്രതിപാദിച്ചിട്ടുള്ള പൂർവ്വഗ്രന്ഥത്തിലെ വാദി സംവാദി അനുവാദി എന്ന ക്രമം വിവാദിപ്രയോഗത്തെപ്പറ്റിയുള്ള മുനിയുടെ പ്രകൃതവിധിയിലും അർത്ഥസിദ്ധമാണെന്നറിഞ്ഞുകൊൾക.

വാദിലക്ഷണം പറയുന്നു—

സൂ—തത്ര യോ യത്ര ഗ്രഹോംശോ വാ സ തത്ര വാദീ. തസ്യ മാർഗ്ഗദക്ഷിണയോർന്ന വിശേഷഃ. ൩൩.

ഭാ—ആ വാദി സംവാദിവിവാദ്യനുവാദികളിൽ വാദിയെന്നത് ഏതെങ്കിലും ഒരു രാഗത്തിൽ ഏതു സ്വരമാണോ ഗ്രഹസ്വരമായോ അംശസ്വരമായോ ഇരിക്കുന്നത് ആ സ്വരമാണ്. അതിന്നുതന്നെയാണ് ആ രാഗത്തിന്റെ ജീവസ്വരമെന്നും പറയുന്നത്. "സപ്തസ്വരാണാം മധ്യേ തു സ്വരേ യസ്മിൻ സുരാഗതാ സ ജീവസ്വര ഇത്യുക്ത അംശോ വാദീ ച കഥ്യതേ." എന്നു പാർശ്വദേവമുനിവചനം. ഗ്രഹസ്വരത്തിന്റെയും അംശസ്വരത്തിന്റെയും സ്വരൂപങ്ങൾ രാഗലക്ഷണപ്രകരണത്തിൽ വിവരിക്കും. ഒരു രാഗത്തിന്ന് ഒന്നിലധികം അംശസ്വരങ്ങളുണ്ടെങ്കിൽ അവയെല്ലാം ആ രാഗത്തിൽ വാദിസ്വരങ്ങളാണ്. ശങ്കരാഭരണത്തിൽ ഷഡ്ജം ഗ്രഹസ്വരവും ഋഷഭഗാന്ധാരപഞ്ചമധൈവതനിഷാദങ്ങൾ അംശസ്വരങ്ങളുമാകയാൽ അവയെല്ലാം വാദികളാണ്. ഭൈരവിയിൽ ഷഡ്ജം ഗ്രഹസ്വരവും ഋഷഭമധ്യമപഞ്ചമധൈവതങ്ങൾ അംശസ്വരങ്ങളുമാകയാൽ അവ വാദികളാണ്. ഇങ്ങനെ കണ്ടുകൊൾക. ഈ വാദിസ്വരത്തെപ്പറ്റിയേടത്തോളം മാർഗ്ഗപ്രസ്ഥാനത്തിലും ദക്ഷിണപ്രസ്ഥാനത്തിലും വ്യത്യാസമൊന്നുമില്ല. രണ്ടിലും അതാതു രാഗവിശേഷത്തെ പ്രകാശിപ്പിക്കുന്നതും പ്രയോഗബാഹുല്യം അധികമുള്ളതുമായ ഗ്രഹാംശസ്വരങ്ങൾതന്നെയാണ് വാദിസ്വരങ്ങളാകുന്നത്. പ്രയോഗബാഹുല്യമുണ്ടാകുന്നതാകട്ടെ മേലിൽ വിവരിക്കുന്ന ന്യാസം, അ

അപന്യാസം, വിന്യാസം, സന്യാസം എന്നിവക നിലയിലെല്ലാം വീണ്ടും വീണ്ടും പ്രയോഗം വരുന്നതുകൊണ്ടാണെന്നും ഗ്രഹിച്ചുകൊൾക.

സംവാദിലക്ഷണം കാണിക്കുന്നു—

സൂ—യയോരന്തരേ പ്രാചാമഷ്ടൌ ദ്വാദശ വാ നവ്യാനാം നവ ത്രയോദശ വാ ശ്രുതയസ്താവന്യോന്യം സംവാദിനൌ. ൭൪

ഭാ—സ്ഥായിയിൽ ഇരുപത്തിരണ്ടു ശ്രുതികളാണെന്ന പ്രാചീനമതത്തിൽ ഏതു രണ്ടു സ്വരങ്ങളുടെ മദ്ധ്യത്തിൽ എട്ടു ശ്രുതികളോ പന്തിരണ്ടു ശ്രുതികളോ വരുന്നുവോ ആ രണ്ടു സ്വരങ്ങളും പരസ്പരം സംവാദികളാണ്. അതായത് ഒരു സ്വരവും അതിൽനിന്ന് ഒമ്പതാമത്തെയോ പതിമ്മൂന്നാമത്തെയോ ശ്രുതിയിൽ വരുന്ന സ്വരവും പരസ്പരസംവാദികളാണെന്നത്ഥം. സ്ഥായിയിൽ ഇരുപത്തിനാലു ശ്രുതികളാണെന്ന നവീനദക്ഷിണമതപ്രകാരമാകട്ടെ ഏതു രണ്ടു സ്വരങ്ങൾക്കിടയിൽ ഒമ്പതോ പതിമ്മൂന്നോ ശ്രുതികളുണ്ടോ ആ സ്വരങ്ങൾ തമ്മിൽ സംവാദികൾ, അതായത് ഒരു സ്വരവും അതിൽനിന്നു പത്താമത്തെയോ പതിന്നാലാമത്തെയോ ശ്രുതിയിൽ വരുന്ന സ്വരവും തമ്മിൽ സംവാദികൾ എന്നാണ് നിയമം. മാൎഗ്ഗപ്രസ്ഥാനമനുസരിച്ച് "യയോശ്ച നവ ത്രയോദശകം പരസ്പരതഃ ശ്രുത്യന്തരേ താവന്യോന്യസംവാദിനൌ." എന്ന ഭരതസൂത്രത്തിലും. "സംവാദിനഃ പുനഃ സമശ്രുതികത്വേ സതി ത്രയോദശനവാന്തരത്വേന ബോദ്ധവ്യാഃ." എന്ന മതംഗസൂത്രത്തിലും ഒമ്പതു ശ്രുത്യന്തരമെന്നും പതിമ്മൂന്നു ശ്രുത്യന്തരമെന്നും പറഞ്ഞിട്ടുള്ളത് ഏതു സ്വരത്തോട് ഒരു സ്വരത്തിന്നു സംവാദം വരുന്നുവോ ആ സ്വരശ്രുതിയെക്കൂടി അന്തരശ്രുതികളിൽ ചേൎത്തിട്ടാണ്. ആ സംഗതി "യഥാ ഷഡ്ജപഞ്ചമൌ, ഋഷഭധൈവതൌ, ഗാന്ധാരനിഷാദവന്തൌ, ഷഡ്ജമദ്ധ്യമാവിതി ഷഡ്ജഗ്രാമേ." എന്ന വിവരണസൂത്രത്താൽ അവർ തന്നെ സ്പഷ്ടമാക്കീട്ടുണ്ട്. നിശ്ശങ്കശാൎങ്ഗദേവൻ തുടങ്ങിയവരാകട്ടേ "ശ്രുതയോ ദ്വാദശാഷ്ടൌ വാ യയോരന്തരഗോചരാഃ മിഥസ്സംവാദിനൌ തൌ സ്തഃ." എന്നിങ്ങനെ ആ സ്വരശ്രുതിയെ അന്തരശ്രുതികളിലുൾപ്പെടുത്താതെയും ഗണിച്ചിരിക്കുന്നു. രണ്ടു വിധത്തിലും ഫലം ഒന്നുതന്നെ.

മേൽപറഞ്ഞ ലക്ഷണമനുസരിച്ചു പ്രാചീനമതത്തിലും നവീനമതത്തിലും ശുദ്ധസ്വരങ്ങളിൽ പൊതുവായുള്ള സംവാദിസ്വരങ്ങളെ വിവരിക്കുന്നു—

സൂ—തഥാ ച സമൌ, സപൌ, രിധൌ, ഗനി മനി ച ശുദ്ധേഷു മതദ്വയേപി മിഥസ്സംവാദിനൌ ഭവതഃ. ൭൫

ഭാ—ആ സംവാദവ്യവസ്ഥയനുസരിച്ചു ശുദ്ധസ്വരങ്ങളിൽ പ്രാചീനമതത്തിലും നവീനമതത്തിലും ഷഡ്ജമദ്ധ്യമങ്ങൾ, ഷഡ്ജപഞ്ചമങ്ങൾ, ഋഷഭധൈവതങ്ങൾ, ഗാന്ധാരനിഷാദങ്ങൾ മദ്ധ്യമനിഷാദങ്ങൾ ഇവ ഈരണ്ടും പരസ്പരം സംവാദികളാണ്. ഇവയിൽ ഷഡ്ജമദ്ധ്യമങ്ങൾക്കും മദ്ധ്യമനിഷാദങ്ങൾക്കും പ്രാചീനമതപ്രകാരം എട്ടും നവീനമതപ്രകാരം ഒമ്പതും ശ്രുത്യന്തരങ്ങൾ. മററുള്ള ഈരണ്ടിന്നും പ്രാചീനമതത്തിൽ പന്തിരണ്ടും നവീനമതത്തിൽ പതിമ്മൂന്നും ശ്രുത്യന്തരങ്ങൾ എന്നു വിവേകം.

നവീനമതത്തിൽ വിശേഷം കാണിക്കുന്നു—

സൂ—ഗധൌ ച നവ്യമതേ. ൭൬

ഭാ—നവീനദക്ഷിണമതപ്രകാരം ശുദ്ധസ്വരങ്ങളിൽ ഗാന്ധാരധൈവതങ്ങളും നവശ്രുത്യന്തരിതങ്ങളായതിനാൽ പരസ്പരം സംവാദികളാണ്.

പ്രാചീനമതത്തിൽ വിശേഷം കാണിക്കുന്നു—

സൂ—അസമാനശ്രുതികത്വാന്നനി നേതി മതംഗമുനിഃ. ൭൬

ഭാ—മതംഗമഹർഷിയുടെ മതപ്രകാരം സംവാദിസ്വരങ്ങളാവാൻ ആ സ്വരങ്ങൾ രണ്ടും തുല്യശ്രുതികളുള്ളവയുംകൂടിയായിരിക്കണം. "സംവാദിനഃ പുനസ്സമശ്രുതികത്വേ സതി ത്രയോദശനവാന്തരത്വേന ബോദ്ധവ്യാഃ." എന്നാണ് ആ മഹർഷിയുടെ സംവാദിസ്വരലക്ഷണമെന്നു ലക്ഷണാവിവരണത്തിൽ പ്രസ്താവത്താൽ പറഞ്ഞിട്ടുണ്ട്. മധ്യമം ചതുശ്ശ്രുതികവും നിഷാദം ദ്വിശ്രുതികവുമായതിനാൽ അവ തമ്മിൽ നവശ്രുത്യന്തരമുണ്ടെങ്കിലും സമശ്രുതികത്വമില്ലാത്തതുകൊണ്ടു സംവാദമില്ലെന്നാണ് മഹർഷിയുടെ അഭിപ്രായം. ഈ മതംഗമതമനുസരിച്ചായിരിക്കണം വെങ്കടമഖി,

"ശുദ്ധശ്ച മധ്യമഃ ശുദ്ധനിഷാദശ്ചോഭൌ സ്വരൌ
ശ്രുത്യഷ്ടകേനാന്തരിതാവപി സംവാദിനൌ ന ഹി."

എന്നിങ്ങനെ ശുദ്ധമധ്യമശുദ്ധനിഷാദങ്ങൾ സംവാദികളല്ലെന്നു പറഞ്ഞിട്ടുള്ളത്. എന്നാൽ ഭരതശാർങ്ഗദേവാദിമതത്തിൽ സംവാദികൾ സമശ്രുതികങ്ങളായിരിക്കണമെന്നു നിർബ്ബന്ധമില്ലാത്തതിനാൽ മധ്യമനിഷാദസംവാദത്തെപ്പറ്റിയേടത്തോളം മതഭേദമുണ്ടെന്നു മാത്രം ഗ്രഹിച്ചുകൊൾക—

വികൃതസ്വരങ്ങളിലെസ്സംവാദികളെക്കാണിക്കുന്നു—

സൂ—വികൃതേഷു മാർഗ്ഗേ കാകല്യന്തരൌ ദക്ഷിണേ തു നവ്യമതേ രിധൌ ഗധൌ, ഗനി, മനീ ച. ൭൭

ഭാ—വികൃതസ്വരങ്ങളിൽ ഭരതമുനി മുതലായവരുടെ മതപ്രകാരമുള്ള മാർഗ്ഗപ്രസ്ഥാനപ്രകാരം കാകളിനിഷാദവും അന്തരഗാന്ധാരവും മാത്രമാണ് ഷഡ്ജഗ്രാമത്തിൽ സംവാദികളായിട്ടുള്ളത്. ദക്ഷിണപ്രസ്ഥാനത്തിലാകട്ടേ ഋഷഭധൈവതങ്ങളും ഗാന്ധാരധൈവതങ്ങളും ഗാന്ധാരനിഷാദങ്ങളും മധ്യമനിഷാദങ്ങളും നവീനമതപ്രകാരമുള്ള വികൃതങ്ങളിൽ പരസ്പരം സംവാദികളാണ്. വെങ്കടമഖി മുതലായവരുടെ മതത്തിൽ സാധാരണഗാന്ധാരകൈശികനിഷാദങ്ങൾക്കും സംവാദമുണ്ടെങ്കിലും നവീനമതത്തിൽ കൈശികനിഷാദമെന്നതു ശുദ്ധനിഷാദത്തിന്റെ നാമാന്തരവും സാധാരണഗാന്ധാരമെന്നതു ശുദ്ധഗാന്ധാരത്തിന്റെ നാമാന്തരവുമായിഗ്ഗണിച്ചിരിക്കയാൽ ശുദ്ധസ്വരസംവാദം കാണിച്ചതിൽ ഉൾപ്പെട്ടു കഴിഞ്ഞു. ഈ പറഞ്ഞ സംവാദികളിൽ വികൃതഗാന്ധാരവും വികൃതധൈവതവും തമ്മിലും വികൃതമധ്യമനിഷാദങ്ങൾ തമ്മിലും ഒമ്പതു ശ്രുതികൾകൊണ്ടും വികൃതഷഭധൈവതങ്ങൾ തമ്മിലും വികൃതഗാന്ധാരനിഷാദങ്ങൾ തമ്മിലും പതിമ്മൂന്നു ശ്രുതികൾകൊണ്ടും ഉള്ള അന്തരമാണ്.

ശുദ്ധവികൃതസംവാദം കാണിക്കുന്നു—

സൂ—മാർഗ്ഗേന്തരധൌ, നവ്യമതേ ശുദ്ധരിപ്രതിമൌ വികൃതരിപൌ ച. ൭൮

ഭാ—മാർഗ്ഗത്തിൽ അന്തരഗാന്ധാരശുദ്ധധൈവതങ്ങളും നവീനദക്ഷിണമതത്തിൽ ശുദ്ധഷഭപ്രതിമധ്യമങ്ങളും വികൃതഷഭപഞ്ചമങ്ങളും ഒമ്പതുവീതം ശ്രുത്യന്തരങ്ങളുള്ളവയായതിനാൽ അവയും പരസ്പരസംവാദികളാണ്. ഇങ്ങനെ മാർഗ്ഗപ്രസ്ഥാനത്തിൽ ഷഡ്ജത്തിനു

മദ്ധ്യമത്തോടും പഞ്ചമത്തോടും, ഋഷഭത്തിന്നു ധൈവതത്തോടും, ശുദ്ധഗാന്ധാരത്തിന്നു ശുദ്ധ നിഷാദത്തോടും, അന്തരഗാന്ധാരത്തിന്നു ധൈവതത്തോടും കാകളിനിഷാദത്തോടും, മദ്ധ്യമ ത്തിന്നു മതവിശേഷത്തിൽ ശുദ്ധനിഷാദത്തോടും പരസ്പരസംവാദം. ദക്ഷിണപ്രസ്ഥാന ത്തിൽ ഷഡ്ജത്തിന്നു ശുദ്ധമദ്ധ്യമത്തോടും പഞ്ചമത്തോടും, ശുദ്ധഋഷഭത്തിന്നു പ്രതിമദ്ധ്യമത്തോ ടും ശുദ്ധധൈവതത്തോടും, വികൃതഋഷഭത്തിന്നു പഞ്ചമത്തോടും വികൃതധൈവതത്തോടും, ശുദ്ധഗാന്ധാരത്തിന്നു ശുദ്ധനിഷാദത്തോടും ശുദ്ധധൈവതത്തോടും, അന്തരഗാന്ധാരത്തിന്നു വികൃതധൈവതത്തോടും കാകളിനിഷാദത്തോടും ശുദ്ധമദ്ധ്യമത്തിന്നു ശുദ്ധനിഷാദത്തോടു മത വിശേഷത്തിലും പരസ്പരസംവാദം. രാഗങ്ങളിലെ വിന്യാസാപന്യാസാദികളിൽ പരസ്പ രസംവാദമുള്ള സ്വരങ്ങളിൽ ഒന്നിനു പകരം മററു പ്രയോഗിച്ചാലും അതാതു രാഗത്തിന്റെ രഞ്ജനത്തിന്നു ഹാനി വരില്ല. ഈ വിഷയത്തിൽ മതംഗമുനി ഇങ്ങനെ പറഞ്ഞിട്ടുണ്ട്. "യസ്മിൻ ഗീതേ യോംശത്വേന പരികല്പിതഃ ഷഡ്ജസ്തസ്യ സ്ഥാനേ മദ്ധ്യമഃ ക്രിയമാണോ രാ ഗഹാ ന ഭവേൽ. യസ്മിൻ സ്ഥാനേ മൂർച്ഛനാവശാന്മദ്ധ്യമഃ പ്രയുക്തസ്തസ്മിൻ സ്ഥാനേ ക്രിയ മാണഃ ഷഡ്ജോ ജാതിരാഗഹാ ന ഭവേൽ. ഷഡ്ജപഞ്ചമയോഃ സ്ഥാനേ പഞ്ചമഷഡ്ജൗ പ്രയുജ്യമാനൌ ജാതിരാഗഹാനികരൌ ന ഭവതഃ. ഏവമൃഷഭധൈവതയോഃ സ്ഥാനേ ധൈവതർഷഭൌ പ്രയുജ്യമാനൌ ജാതിരാഗവിനാശകരൌ ന ഭവതഃ. ഏവം ഗാന്ധാര നിഷാദയോഃ സ്ഥാനേ നിഷാദഗാന്ധാരൌ. കകുഭസ്യ ധൈവതാംശത്വേന രേവഗുപ്ത സ്യർഷഭാംശത്വേന തദുഭയരാഗജനന്യാശ്ചാർഷഭീജാതേഃ ഋഷഭാംശപരിഗ്രഹാൽ പരസ്പര സംബദ്ധൌ ച പ്രയുജ്യമാനൌ ജാതിരാഗവിനാശകരൌ ന ഭവതഃ. ഇതി. ഇതിന്റെ അ ർത്ഥം—ഏതൊരു ഗീതത്തിൽ ഷഡ്ജസ്വരം രാഗത്തിലെ അംശസ്വരമായിക്കല്പിക്കുന്നുവോ ആ ഷഡ്ജസ്വരത്തിന്റെ സ്ഥാനത്തു മദ്ധ്യമം പ്രയോഗിച്ചാലും അതിൽ രാഗഹാനി വരില്ല. മൂർച്ഛനാപ്രയോഗത്തിൽ ഏതൊരു സ്ഥാനത്തു മദ്ധ്യമം പ്രയോഗിക്കുന്നുവോ ആ സ്ഥാന ത്തു ഷഡ്ജം പ്രയോഗിച്ചാലും രാഗമൂലജാതിക്കോ അതാതു രാഗത്തിന്നോ ഹാനി വരില്ല. ഷ ഡ്ജപഞ്ചമങ്ങൾക്കു പകരം ക്രമത്തിൽ പഞ്ചമഷഡ്ജങ്ങൾ പ്രയോഗിക്കുന്നതും ജാതിരാഗങ്ങൾ ക്കു ഹാനികരമാവില്ല. അപ്രകാരം ഋഷഭധൈവതങ്ങൾക്കു പകരം ധൈവതർഷഭങ്ങൾ പ്ര യോഗിക്കുന്നതും ജാതിക്കോ രാഗത്തിന്നോ നാശമുണ്ടാക്കില്ല. അതുപോലെത്തന്നെയാണ് ഗാന്ധാരനിഷാദങ്ങൾക്കു പകരം പ്രയോഗിക്കുന്ന നിഷാദഗാന്ധാരങ്ങളും. കകുഭരാഗത്തി ന്നു ധൈവതം അംശസ്വരവും രേവഗുപ്തരാഗത്തിന്നു ഋഷഭം അംശസ്വരവുമാണെങ്കിലും ആ രണ്ടു രാഗങ്ങളുടെയും ജനകമായ ആർഷഭിയെന്ന രാഗമൂലജാതിക്ക് ഋഷഭം അംശസ്വര മായിട്ടാണ് സ്വീകരിച്ചിട്ടുള്ളത്. ആ സ്വരങ്ങൾ രണ്ടും പരസ്പരസംവാദംകൊണ്ടു സംബ ന്ധപ്പെട്ടവയായതിനാൽ ഒന്നിനൊന്നു മാറുന്നതു ആ ജാതിക്കോ ആ രാഗങ്ങൾക്കോ രഞ്ജന ഹാനികരങ്ങളായിത്തീരുന്നതല്ല. ഇങ്ങനെയാണ്. അതിനാൽ ആലാപാദികളിൽ ഒരു സ്വരത്തിന്നു പകരം അതിന്റെ സംവാദിസ്വരം പ്രയോഗിക്കുന്നതു രഞ്ജനക്കു കുറവുണ്ടാക്കി ല്ലെന്നു മാത്രമല്ല, വൈചിത്ര്യമുണ്ടാക്കുകയും ചെയ്യും. അതാണ് സ്വരങ്ങളുടെ പരസ്പരസംവാ ദത്തിന്റെ ഫലം.

സൂ—അഥ മാർഗ്ഗദക്ഷിണയോസ്സംവാദിപ്രസ്താരഃ. ൻ൦

ഭ—ഇനി മേൽവിവരിച്ചപ്രകാരം മാർഗ്ഗപ്രസ്ഥാനത്തിലും നവീനദക്ഷിണപ്രസ്ഥാ നത്തിലും സംവാദികളായി വരുന്ന സ്വരങ്ങളെ പ്രസ്താരംകൊണ്ടു കാണിക്കാം—

മാൎഗ്ഗസംവാദിസ്വരമണ്ഡലം

വാദി സ്വരങ്ങൾ	സ	രി	ശു. ഗ	അ. ഗ	മ	പ	ധ	ശു. നി	കാ. നി	സ
ശ്രുത്യന്തരസംഖ്യയും സംവാദിസ്വരവും	8. മ			8. ധ	8 ശു നി സ	8. സ	8. അ. ഗ	8. മ		8. പ
	12. പ	12. ധ	12. ശു. നി	12. കാ. നി	12. സ	12. സ	12. രി	12. ശു. ഗ	12. അ. ഗ	12. മ

ദക്ഷിണസംവാദിസ്വരമണ്ഡലം

വാദി സ്വരങ്ങൾ	സ	ശു. രി	ചി. രി	ശു. ഗ	ചി. ഗ	ശു. മ	ചി. മ	പ	ശു. ധ	ചി. ധ	ശു. നി	ചി. നി	സ
ശ്രുത്യന്തരസംഖ്യയും സംവാദിസ്വരവും	9. മ	9. ചി. മ	9. പ	9. ശു. ധ	9. ചി. ധ	9. ശു. നി. സ	9. ശു. രി കാ. നി	9. സ	9 ശു. ഗ	9. ചി. ഗ	9. ശു. മ	9. ചി മ	9. പ
	13. പ	13. ശു. ധ	13 ചി. ധ	13 ശു. നി	13 ചി. നി	13. സ		13. സ	13. ശു. രി	13. ചി. രി	13. ശു. ഗ	13 ചി ഗ	13. മ

അനുവാദിലക്ഷണം പറയുന്നു—

സൂ—അനേകശ്രുത്യന്തരിതാശ്ചാസംവാദിനോനുവാദിനഃ. ൩൧

ഭാ—ഒന്നിലധികം ശ്രുതികൾ കൊണ്ടന്തരമുള്ളവയും സംവാദികളല്ലാത്തവയുമായ സ്വരങ്ങളെല്ലാം ഒരു സ്വരത്തിന്നു മാൎഗ്ഗത്തിലും ദക്ഷിണത്തിലും അനുവാദികളാണ്. മതംഗമഹൎഷി അനുവാദിലക്ഷണം പറഞ്ഞിട്ടുള്ളത്. "അനുവാദിത്വം ചൈകശ്രുത്യന്തരതാ ഹീനത്വേന സ്യാൽ." എന്നിങ്ങനെ ഒരു ശ്രുതികൊണ്ടു മാത്രം അന്തരമില്ലാത്തവ അനുവാദികൾ എന്നു മാത്രമാണെങ്കിലും സംവാദികളല്ലാതിരിക്കയും കൂടിവേണമെന്ന അംശം വാദി, സംവാദി, അനുവാദി, വിവാദി എന്ന വിഭാഗത്താൽതന്നെ അൎത്ഥസിദ്ധമാണ്. വിവാദികളെ ഒഴിവാക്കാനാണല്ലോ ഏകമാത്രശ്രുത്യന്തരത്വം ഇല്ലാതിരിക്കണമെന്നു കാണിച്ചിട്ടുള്ളത്.

സൂ—തേ ച മാൎഗ്ഗേ ശുദ്ധേഷു സസ്യ രിഗധനയഃ. രേസ്സമപനികാകല്യഃ. ഗസ്യ സമപധാഃ. മസ്യ രിഗപധകാകല്യഃ. പസ്യ രിഗമധനയഃ. ധസ്യ സഗമപാഃ. നേസ്സരിപാശ്ച. ൩൨

ഭാ—അതുപ്രകാരം മാൎഗ്ഗത്തിലെ ശുദ്ധസ്വരങ്ങളിൽ ഷഡ്ജത്തിന്ന് ഋഷഭഗാന്ധാരധൈവതനിഷാദങ്ങളും, ഋഷഭത്തിന്ന് ഷഡ്ജമധ്യമപഞ്ചമനിഷാദകാകളിനിഷാദങ്ങളും, ഗാന്ധാരത്തിന്ന് ഷഡ്ജമധ്യമപഞ്ചമധൈവതങ്ങളും, മധ്യമത്തിന്ന് ഋഷഭഗാന്ധാരപഞ്ചമധൈവതങ്ങളും, കാകളിയും. പഞ്ചമത്തിന്ന് ഋഷഭഗാന്ധാരമധ്യമധൈവതനിഷാദങ്ങളും, ധൈ

വതത്തിന്ന് ഷഡ്ജഗാന്ധാരമധ്യമപഞ്ചമങ്ങളും, നിഷാദത്തിന്ന് ഷഡ്ജർഷഭപഞ്ചമങ്ങളും അനുവാദികളാണ്.

സൂ — ദക്ഷിണേ തു ശുദ്ധേഷു സസ്യ ഗധനയഃ. രേർമ്മപനയഃ. ഗസ്യ സരിമപാഃ. മസ്യ രിഗപധാഃ. പസ്യ രിഗമനയഃ. ധസ്യ സമനയഃ. നേസ്സരിപധാശ്ച. ൩൭.

ഭാ — ദക്ഷിണപ്രസ്ഥാനത്തിലാകട്ടേ ശുദ്ധസ്വരങ്ങളിൽ ഷഡ്ജത്തിന്നു ഗാന്ധാരധൈവതനിഷാദങ്ങൾ. ഋഷഭത്തിന്നു ഗാന്ധാരമധ്യമപഞ്ചമനിഷാദങ്ങൾ. ഗാന്ധാരത്തിന്നു ഷഡ്ജർഷഭമധ്യമപഞ്ചമങ്ങൾ. മധ്യമത്തിന്ന് ഋഷഭഗാന്ധാരപഞ്ചമധൈവതങ്ങൾ. പഞ്ചമത്തിന്ന് ഋഷഭഗാന്ധാരമധ്യമനിഷാദങ്ങൾ. ധൈവതത്തിന്നു ഷഡ്ജമധ്യമനിഷാദങ്ങൾ. നിഷാദത്തിന്നു ഷഡ്ജർഷഭപഞ്ചമധൈവതങ്ങൾ. ഇങ്ങനെയാണ് നവീനമതപ്രകാരമുള്ള അനുവാദികൾ.

സൂ — വികൃതേ മാർഗ്ഗേ ഗസ്യ ശുദ്ധാസ്സരിപനയഃ. നേഃ ശുദ്ധാ രിഗമപധാഃ. ൩൮

ഭാ — മാർഗ്ഗപ്രസ്ഥാനത്തിൽ അന്തരഗാന്ധാരം, കാകളിനിഷാദം എന്ന രണ്ടു വികൃതസ്വരങ്ങളേ ഭരതമുനി മുതലായവർ സ്വീകരിച്ചിട്ടുള്ളുവെന്നും നിശ്ശങ്കാദിമതം വിചാരസഹമല്ലെന്നും മുമ്പുതന്നെ കാണിച്ചിട്ടുണ്ടല്ലോ. അതിൽ അന്തരഗാന്ധാരത്തിന്നു ശുദ്ധങ്ങളായ ഷഡ്ജർഷഭപഞ്ചമനിഷാദങ്ങളും കാകളിനിഷാദത്തിന്നു ശുദ്ധങ്ങളായ ഋഷഭഗാന്ധാരമധ്യമപഞ്ചമധൈവതങ്ങളും അനുവാദികളാണ്.

സൂ — ദക്ഷിണേ സസ്യ കാകളിഭിന്നാ വികൃതാഃ രിമപഭിന്നാഃ ശുദ്ധാശ്ച. രേഃ ധസവികൃതരിപ്രതിമഭിന്നാഃ. വികൃതരേഃ പഞ്ചമവികൃതധശുദ്ധരിഗഭിന്നാഃ. ഗസ്യ വികൃതരിഗശുദ്ധധനിഭിന്നാഃ. വികൃതഗസ്യ ശുദ്ധഗമവികൃതധനിഭിന്നാഃ. മസ്യ വികൃതഗമസനിഭിന്നാഃ. പ്രതിമസ്യ ശുദ്ധരിമപവികൃതനിഭിന്നാഃ. പസ്യ ശുദ്ധസധവികൃതരിമഭിന്നാഃ. ധസ്യ ശുദ്ധരിഗപവികൃതധഭിന്നാഃ. വികൃതധസ്യ വികൃതരിഗശുദ്ധധനിഭിന്നാഃ. നേർവ്വികൃതധനിശുദ്ധഗമഭിന്നാഃ. വികൃതനേർവ്വികൃതഗമശുദ്ധസനിഭിന്നാശ്ച. ൩൯

ഭാ — നവീനദക്ഷിണമതത്തിൽ വികൃതസ്വരവിഷയത്തിൽ ഓരോ സ്വരങ്ങളോടും ഓരോ സ്വരത്തിന്നുള്ള അനുവാദം ഇപ്രകാരമാണ് — ഷഡ്ജത്തിന്നു കാകളിനിഷാദമൊഴികെയുള്ള നാലു വികൃതങ്ങളും ഋഷഭമധ്യമപഞ്ചമങ്ങളൊഴിച്ചുള്ള മൂന്നു ശുദ്ധങ്ങളും. ശുദ്ധർഷഭത്തിന്നു ഷഡ്ജം വികൃതർഷഭം, പ്രതിമധ്യമം, ശുദ്ധധൈവതം ഇവ നാലുമൊഴിച്ചുള്ള സ്വരങ്ങൾ. വികൃതർഷഭത്തിന്നു പഞ്ചമം, വികൃതധൈവതം ശുദ്ധങ്ങളായ ഋഷഭഗാന്ധാരങ്ങൾ ഇവ നാലും ഒഴിച്ചുള്ളവ. ശുദ്ധഗാന്ധാരത്തിന്നു വികൃതങ്ങളായ ഋഷഭഗാന്ധാരങ്ങൾ ശുദ്ധങ്ങളായ ധൈവതനിഷാദങ്ങൾ ഇവ നാലും ഒഴിച്ചുള്ളവ. വികൃതഗാന്ധാരത്തിന്നു ശുദ്ധങ്ങളായ ഗാന്ധാരമധ്യമങ്ങൾ വികൃതങ്ങളായ ധൈവതനിഷാദങ്ങൾ ഇവ നാലുമൊഴിച്ചുള്ളവ. ശുദ്ധമധ്യമത്തിന്നു വികൃതഗാന്ധാരമധ്യമങ്ങൾ ശുദ്ധഷഡ്ജനിഷാദങ്ങൾ ഇവ നാലുമല്ലാത്തവ. പ്രതിമധ്യമത്തിന്നു ശുദ്ധങ്ങളായ ഋഷഭമധ്യമപഞ്ചമങ്ങളും കാകളിനിഷാദവുമല്ലാത്തവ. പഞ്ചമത്തിന്നു ശുദ്ധങ്ങളായ ഷഡ്ജധൈവതങ്ങളും വികൃതങ്ങളായ ഋഷഭമധ്യമങ്ങളുമല്ലാത്തവ. ശുദ്ധധൈവതത്തിന്നു ശുദ്ധങ്ങളായ ഋഷഭഗാന്ധാരപഞ്ചമങ്ങളും വികൃതധൈ

വതവുമല്ലാത്തവ. വികൃതധൈവതത്തിന്നു വികൃതഋഷഭഗാന്ധാരങ്ങളും ശുദ്ധധൈവതനിഷാദങ്ങളുമല്ലാത്തവ. ശുദ്ധനിഷാദത്തിന്നു വികൃതധൈവതനിഷാദങ്ങളും ശുദ്ധഗാന്ധാരമദ്ധ്യമങ്ങളുമല്ലാത്തവ. വികൃതനിഷാദത്തിന്നു ശുദ്ധനിഷാദഷഡ്ജങ്ങളും വികൃതഗാന്ധാരമദ്ധ്യമങ്ങളുമല്ലാത്തവ. ഇങ്ങനെ ഓരോ സ്വരത്തിന്നും ഏഴു വീതം അനുവാദികളായി വരാവുന്നതിൽ അതാതു രാഗത്തിൻെറ യുക്തംപോലെ മൂന്നോ നാലോ പ്രയോഗങ്ങളിൽ അനുവാദിസ്വരങ്ങളാകുന്നതാണ്.

സൂ—ശുദ്ധവികൃതാനുവാദോപി ദശിതഃ. ൬൬

ഭാ—മേൽക്കാണിച്ച വിവരണംകൊണ്ടുതന്നെ ശുദ്ധസ്വരങ്ങൾക്ക വികൃതസ്വരങ്ങളോട്ടം വികൃതസ്വരങ്ങൾക്ക ശുദ്ധസ്വരങ്ങളോട്ടം വികൃതസ്വരങ്ങൾക്ക വികൃതസ്വരങ്ങളോട്ടം വരുന്ന അനുവാദത്തിൻെറ സ്വരൂപവും കാണിച്ചു കഴിഞ്ഞു. എങ്ങനെയെന്നാൽ, ഷഡ്ജത്തിന്നു കാകളിനിഷാദമൊഴിച്ചുള്ള നാലു വികൃതങ്ങളും എന്നതുകൊണ്ടു വികൃതങ്ങളായ ഋഷഭഗാന്ധാരമദ്ധ്യമധൈവതങ്ങൾ ഷഡ്ജത്തിന്നനുവാദികളാണെന്നു സിദ്ധിച്ചുവല്ലോ. മററ ശുദ്ധസ്വരങ്ങൾക്ക വികൃതങ്ങളോട്ടുള്ള അനുവാദവും അപ്രകാരം സിദ്ധമാണ്. അതുപോലെ വികൃതഋഷഭത്തിന്നു പഞ്ചമം, വികൃതധൈവതം ശുദ്ധങ്ങളായ ഋഷഭഗാന്ധാരങ്ങൾ ഇവ നാലും ഒഴിച്ചുള്ളവ എന്നതിനാൽ വികൃതഋഷഭത്തിന്നു വികൃതങ്ങളായ ഗാന്ധാരമദ്ധ്യമനിഷാദങ്ങൾ അനുവാദികളെന്നു സിദ്ധിച്ചു. ശുദ്ധങ്ങളായ ഷഡ്ജമദ്ധ്യമധൈവതനിഷാദങ്ങൾ അനുവാദികളാണെന്നുമായി. അതുപോലെ മററ വികൃതങ്ങൾക്ക വികൃതങ്ങളോട്ടം ശുദ്ധങ്ങളോട്ടുമുള്ള അനുവാദസ്വരൂപങ്ങളും അൎത്ഥസിദ്ധമായിയെന്നൎത്ഥം. ശുദ്ധങ്ങൾക്ക ശുദ്ധങ്ങളോട്ടുള്ള അനുവാദം പ്രത്യേകം പറഞ്ഞു കഴിഞ്ഞിട്ടുമുണ്ട്.

സൂ—അഥാസ്യ പ്രസ്താരഃ. ൬൭

ഭാ—ഇനി ഓരോ സ്വരത്തിൻെറയും അനുവാദിസ്വരങ്ങളെ ഭരതാദിമതമനുസരിച്ചു മാൎഗ്ഗത്തിലും നവീനമതമനുസരിച്ചു ദക്ഷിണത്തിലും പ്രസ്താരം വഴിയായിട്ടും കാണിക്കാം.

മാൎഗ്ഗാനുവാദിമണ്ഡലം

വാദിസ്വരങ്ങൾ	സ	രി	ഗ	അ. ഗ	മ	പ	ധ	നി	കാ.നി	സ
അനുവാദിസ്വരങ്ങൾ	രി ഗ ധ നി അ. ഗ	സ അ. ഗ മ പ നി	സ മ പ ധ കാ.നി	സ രി പ നി	രി ഗ പ ധ കാ.നി	രി ഗ അ. ഗ മ ധ നി. കാ നി	സ ഗ മ പ കാ നി	സ രി പ അ. ഗ	രി ഗ മ പ ധ	രി ഗ അ. ഗ ധ നി

ദക്ഷിണാനുവാദിമണ്ഡലം

വാദിസ്വരങ്ങൾ	സ	ശു. രി	വി. രി	ശു. ഗ	വി. ഗ	ശു. മ	വി. മ	പ	ശു. ധ	വി. ധ	ശു. നി	വി. നി	സ
അനുവാദിസ്വരങ്ങൾ	വി. രി	ശു. ഗ	അ. ഗ	സ	സ	ശു. രി	സ	ശു. രി	വി. രി	ശു. രി	ശു. രി	ശു. രി	വി. രി
	ശു. ഗ	അ. ഗ	ശു. മ	ശു. രി	ശു. രി	വി. രി	വി. രി	ശു. ഗ	വി. ഗ	ശു. ഗ	വി. രി	വി. രി	ശു. ഗ
	വി. ഗ	ശു. മ	വ'. മ	മ	വി. രി	ശു. ഗ	ശു. ഗ	വി. ഗ	ശു. മ	ശു. മ	വി. ഗ	ശു. ഗ	വി. ഗ
	വി. മ	പ	ശു. ധ	പ	വി. മ	പ	വി. ഗ	ശു. മ	വി. മ	വി. മ	വി. മ	ശു. മ	വി. മ
	ശു. ധ	വി. ധ	ശു. നി	വി. ധ	പ	ശു. ധ	ശു. ധ	വി. ധ	ശു. നി	പ	പ	പ	ശു. ധ
	വി. ധ	ശു. നി	വി. നി	വി. മ	ശു. ധ	വി. ധ	വി. ധ	ശു. നി	വി. നി	വി. നി	ശു. ധ	ശു. ധ	വി. ധ
	ശു. നി	വി. നി	സ	വി. നി	ശു. നി	വി. നി	ശു. നി	വ'. നി	സ	സ	സ	വി. ധ	ശു. നി

വിവാദിലക്ഷണം പറയുന്നു—

സൂ—ഏകമാത്രശ്രുത്യന്തരിതൌ മിഥോ വിവാദിനൌ. ൱൨

ഭാ—ഏതു രണ്ടു സ്വരങ്ങൾക്ക് ഒരു ശ്രുതികൊണ്ടു മാത്രമുള്ള അന്തരമുണ്ടോ ആ രണ്ടു സ്വരങ്ങൾ പരസ്പരം വിവാദികളാണ് അതുകൊണ്ടുതന്നെയാണ് പരസ്പരം ശത്രുതുല്യങ്ങളായ വിവാദികളെ അടുത്തടുത്തു പരമാവധി മൂന്നിലധികം ചേർത്തുനിർത്തിയാൽ രാഗഹാനി വരുന്നത്. സംവാദികളുടെ സ്വഭാവത്തിന്നു നേരെ വിപരീതമായി വിവാദികളിൽ ഒന്നിന്റെ സ്ഥാനത്തു മററു പ്രയോഗിക്കുന്നതു രാഗനാശകരമാകയും ചെയ്യും. "ഋഷഭസ്ഥാനേ ഗാന്ധാരഃ പ്രയുജ്യമാനോ ഗാന്ധാരസ്ഥാനേ ഋഷഭോ വാ പ്രയുജ്യമാനോ ജാതിരാഗഹാനികരോ ഭവേൽ. ഏവം ധൈവതസ്ഥാനേ നിഷാദഃ പ്രയുജ്യമാനോ നിഷാദസ്ഥാനേ ധൈവതഃ പ്രയുജ്യമാനോപി ജാതിരാഗഹാനികരോ ഭവേൽ." എന്നു മതംഗമുനി മാർഗ്ഗപ്രസ്ഥാനത്തെപ്പററി പ്രസ്താവിച്ചിട്ടുണ്ട്.

സൂ—തേന മാർഗ്ഗേ ശുദ്ധേഷു രിഗൌ ധനീ ച. ൱൩

ഭാ—ആ ലക്ഷണമനുസരിച്ച മാർഗ്ഗത്തിലെ ശുദ്ധസ്വരങ്ങളിൽ ഋഷഭഗാന്ധാരങ്ങൾ തമ്മിലും ധൈവതനിഷാദങ്ങൾ തമ്മിലും വിവാദികളാണ്.

സൂ—ദക്ഷിണേ സരീ പധൌ ച. ൱൪

ഭാ—ദക്ഷിണത്തിൽ നവീനമതത്തിൽ ശുദ്ധസ്വരങ്ങളിൽ ഷഡ്ജവും ഋഷഭവും തമ്മിലും പഞ്ചമവും ധൈവതവും തമ്മിലുമാണ് വിവാദികളായിരിക്കുന്നത്.

സൂ—വികൃതേ തു മാർഗ്ഗേ ശുദ്ധഗാന്തരഗൌ, അന്തരഗമൌ, ശുദ്ധനികാകള്യൌ, കാകളിസൌ ച. ൱൫

ഭാ—വികൃതസ്വരവിഷയത്തിലാകട്ടെ മാർഗ്ഗത്തിൽ ശുദ്ധഗാന്ധാരവും അന്തരഗാന്ധാരവും തമ്മിലും അന്തരഗാന്ധാരവും മദ്ധ്യമവും തമ്മിലും ശുദ്ധനിഷാദകാകളിനിഷാദങ്ങൾ തമ്മിലും കാകളിനിഷാദവും ഷഡ്ജവും തമ്മിലുമാണ് ശുദ്ധത്തിന്നു വികൃതത്തോടും വികൃതത്തിന്നു ശുദ്ധത്തോടും വിവാദമുള്ളത്.

സൂ—ദക്ഷിണേ രിഗമധനിഷു ശുദ്ധവികൃതൌ തത്തദ്വികൃതോത്തരശുദ്ധൌ ച. ൱൬

ഭാ—ദക്ഷിണത്തിലെ ശുദ്ധവികൃതങ്ങളിൽ ഋഷഭം, ഗാന്ധാരം, മദ്ധ്യമം, ധൈവതം, നിഷാദം എന്നീ ശുദ്ധസ്വരങ്ങളോരോന്നും അതാതിന്റെ വികൃതസ്വരങ്ങളോടു വിവാ

ദികളാണ്. അപ്രകാരം ആ വികൃതങ്ങളോരോന്നും അതാതിന്റെ അടുത്ത ഉത്തരസ്വരങ്ങളായ ഗാന്ധാരം, മദ്ധ്യമം, പഞ്ചമം, നിഷാദം, ഷഡ്ജം എന്നീ ശുദ്ധസ്വരങ്ങളോടും വിവാദികളാണ്. ദക്ഷിണനവീനമതത്തിൽ ഓരോ സ്വരത്തിനും ഈരണ്ടു ശ്രുതികളായതിനാൽ ഓരോന്നും അതാതിന്റെ രണ്ടുഭാഗത്തും അടുത്തുള്ള സ്വരങ്ങളോടു പരസ്പരവിവാദികളാണ് എന്നു വ്യക്തം. അതുകൊണ്ടുതന്നെയാണ് രാഗങ്ങളിൽ മൂന്നിലധികം വിവാദികൾ പരസ്പരം ചേരാതിരിക്കുന്നതും.

സൂ—അഥാന്യ പ്രസ്താരഃ ൧൨

ഭാ—ഇനി മാർഗ്ഗത്തിലും ദക്ഷിണത്തിലും ഉള്ള വിവാദിസ്വരങ്ങളെ പ്രസ്താരംകൊണ്ടു കാണിക്കുന്നു.

മാർഗ്ഗവിവാദിമണ്ഡലം

വാദിസ്വരങ്ങൾ	സ	രി	ഗ	അ. ഗ.	മ	പ	ധ	നി	കാ. നി	സ
വിവാദിസ്വരങ്ങൾ	കാ. നി	ശു. ഗ	രി അ. ഗ	ശു. ഗ മ	അ. ഗ		ശു. നി	ധ കാ. നി	ശു. നി സ	കാ. നി

ദക്ഷിണവിവാദിമണ്ഡലം

വാദിസ്വരങ്ങൾ	സ	ശു. രി	വി. രി	ശു. ഗ	വി. ഗ	ശു. മ	വി. മ	പ	ശു. ധ	വി. ധ	ശു. നി	വി. നി	സ
വിവാദിസ്വരങ്ങൾ	വി. നി ശു. രി	സ വി. രി	ശു. രി ശു. ഗ	വി. രി വി. ഗ	ശു. ഗ ശു. മ	വി. ഗ വി. മ	ശു. മ പ	വി. മ ശു. ധ	പ വി. ധ	ശു. ധ ശു. നി	വി. ധ വി. നി	ശു. നി സ	വി. നി ശു. രി

സൂ—അഥ വാദ്യാദീനാം മിളിതാനാം മാർഗ്ഗദക്ഷിണയോഃ പ്രസ്താരഃ പ്രദർശ്യതേ. ൧൩

ഭാ—ഇനി എളുപ്പത്തിൽ ഗ്രഹിപ്പാനായി വാദിസംവാദ്യനുവാദിവിവാദികളെല്ലാം ചേർന്നുകൊണ്ടുള്ള മണ്ഡലപ്രസ്താരം മാർഗ്ഗപ്രസ്ഥാനമനുസരിച്ചും നവീനദക്ഷിണപ്രസ്ഥാനമനുസരിച്ചും കാണിക്കുന്നു. ഇവിടെ മാർഗ്ഗപ്രസ്ഥാനമെന്നതു ഭരതമതംഗാദിമുനിസമ്മതമായ മാർഗ്ഗപ്രസ്ഥാനമാണ്. ഒരു സ്വരത്തിന്റെ മുമ്പിലോ പിന്നിലോ ഉള്ള അടുത്ത ശ്രുതിയിൽക്കൂടി വിഭിന്നസ്വരത്തെ സ്വീകരിച്ചിട്ടുള്ള നിശ്ശങ്കാദികളുടെ മാർഗ്ഗപ്രസ്ഥാനം നല്ല യുക്തമോ മുനിസിദ്ധാന്തത്തിനു യോജിച്ചതോ അല്ല. അപ്രകാരം വിഭിന്നസ്വരങ്ങളെഗ്ഗണിക്കുന്നതായാൽ അഭിനവഗുപ്താചാര്യന്റെ നിഷ്കൃഷ്ടശ്രുതിലക്ഷണമനുസരിച്ചുള്ള ഓരോ ശ്രുതികളിലും പ്രയോഗവിശേഷം ആസ്പദമാക്കി ഭിന്നസ്വരങ്ങളെ സ്വീകരിക്കേണ്ട

ളുണ്ട്. അപ്രകാരം നാല്പത്തെട്ടോ അതിലും വളരെ അധികമോ ഭിന്നസ്വരങ്ങളും അവക്കെല്ലാം പ്രത്യേകസംജ്ഞകളും കല്പിക്കേണ്ടതായും വരും. അതിനാൽ പ്രയോഗവിശേഷം അടിസ്ഥാനമാക്കിയാണ് ഒരു സ്വരത്തിന്റെ അടുത്ത ശ്രുതിയിൽ വേറെ സ്വരം സ്വീകരിച്ചിരിക്കുന്നതെന്നു പറയുന്നതു യുക്തിസഹമാവില്ല. വിഭിന്നസ്വരങ്ങളായിഗ്ഗണിപ്പാൻ ഒരു ശ്രുത്യന്തരം അതായതു ചുരുങ്ങിയതു രണ്ടു ശ്രുതികൾകൊണ്ടെങ്കിലും ഉള്ള വ്യത്യാസം എങ്കിലും ഉണ്ടായിരിക്കണമെന്നാണ് ഭരതാദിസിദ്ധാന്തമെന്ന സംഗതി "വിവാദിനസ്തു തേ യേഷാം സ്യാദ്വിശ്രുതികമന്തരം." എന്ന ഭരതസൂത്രംകൊണ്ടും മററും വിവാദിലക്ഷണം കാണിച്ചിട്ടുള്ളതിൽനിന്നുതന്നെ അത്ഥസിദ്ധമാണ്. രണ്ടാമത്തെ ശ്രുതിയിൽ വരുന്ന സ്വരമാണ് ഒരു സ്വരത്തിന്റെ വിവാദിസ്വരമെന്നാണല്ലോ അതുകൊണ്ടു സിദ്ധിക്കുന്നത്. അസംവാദികളും രണ്ടു ശ്രുതികൾകൊണ്ടു മാത്രമുള്ള വ്യത്യാസമില്ലാത്തവയുമായ സ്വരങ്ങളാണ് അനുവാദികളെന്നു മതംഗമുനി അനുവാദിലക്ഷണവും കാണിച്ചിരിക്കുന്നു. ഇതിൽനിന്നു രണ്ടു ശ്രുതികൾകൊണ്ടെങ്കിലും പരസ്പരം അന്തരമില്ലാത്ത വിഭിന്നസ്വരങ്ങളില്ലെന്നാണ് മുനിമാരുടെ സിദ്ധാന്തമെന്നും ഒരു സ്വരത്തിന്റെ സംവാദ്യനുവാദികളേക്കാൾ ഏററവും അടുത്ത സ്വരം വിവാദിയാണെന്നും സ്വരസസിദ്ധമാണല്ലോ. ദക്ഷിണപ്രസ്ഥാനത്തിലും ഒരു ശ്രുതിയുടെ വ്യത്യാസം മാത്രം കല്പിച്ചു സാധാരണഗാന്ധാരകൈശികനിഷാദാദികളെ സ്വീകരിച്ചിട്ടുള്ള വെങ്കടമഖി മുതലായവരുടെ മതവും അപ്രകാരംതന്നെ.

മാർഗ്ഗവാദിസംവാദ്യനുവാദിവിവാദിമണ്ഡലം.

വാദി സ്വരങ്ങൾ	സംവാദ്യനുവാദിവിവാദികൾ.									
	സ	രി	ഗ	അ. ഗ	മ	പ	ധ	നി	കാ.നി	സ
സ		അനു	അനു	അനു	സംവാ	സംവാ	അനു	അനു	വിവാ	
രി	അനു		വിവാ	അനു	അനു	അനു	സംവാ	അനു	അനു	അനു
ഗ	അനു	വിവാ		വിവാ	അനു	അനു	അനു	സംവാ	അനു	അനു
അ. ഗ	അനു	അനു	വിവാ		വിവാ	അനു	സംവാ	അനു	സംവാ	അനു
മ	സംവാ	അനു	അനു	വിവാ		അനു	അനു	സംവാ	അനു	സംവാ
പ	സംവാ	അനു	അനു	അനു	അനു		അനു	അനു	അനു	സംവാ
ധ	അനു	സംവാ	അനു	സംവാ	അനു	അനു		വിവാ	അനു	അനു
നി	അനു	അനു	സംവാ	അനു	സംവാ	അനു	വിവാ		വിവാ	അനു
കാ. നി	വിവാ	അനു	അനു	സംവാ	അനു	അനു	അനു	വിവാ		വിവാ
സ		അനു	അനു	അനു	സംവാ	സംവാ	അനു	അനു	വിവാ	

ദക്ഷിണവാദിസംവാദ്യനുവാദിവിവാദിമണ്ഡലം.

വാദി സ്വരങ്ങൾ	സംവാദ്യനുവാദിവിവാദികൾ												
	സ	ശ്രു. രി	വി. രി	ശ്രു. ഗ	വി. ഗ	ശ്രു. മ	വി. മ	പ	ശ്രു. ധ	വി. ധ	ശ്രു.നി	വി.നി	സ
സ		വി	അ	അ	അ	സം	അ	സം	അ	അ	അ	വി	
ശ്രു. രി	വി		വി	അ	അ	അ	സം	അ	സം	അ	അ	അ	വി
വി. രി	അ	വി		വി	അ	അ	അ	സം	അ	സം	അ	അ	അ
ശ്രു. ഗ	അ	അ	വി		വി	അ	അ	അ	സം	അ	സം	അ	അ
വി. ഗ	അ	അ	അ	വി		വി	അ	അ	അ	സം	അ	സം	അ
ശ്രു. മ	സം	അ	,അ	അ	വി		വി	അ	അ	അ	സം	അ	സം
വി. മ	അ	സം	അ	അ	അ	വി		വി	അ	അ	അ	സം	അ
പ	സം	അ	സം	അ	അ	അ	വി		വി	അ	അ	അ	സം
ശ്രു. ധ	അ	സം	അ	സം	അ	അ	അ	വി		വി	അ	അ	അ
വി. ധ	അ	അ	സം	അ	സം	അ	അ	അ	വി		വി	അ	അ
ശ്രു.നി	അ	അ	അ	സം	അ	സം	അ	അ	അ	വി		വി	അ
വി.നി	വി	അ	അ	അ	സം	അ	സം	അ	അ	അ	വി		വി
സ		വി	അ	അ	അ	സം	അ	സം	അ	അ	അ	വി	

ഇങ്ങനെ ഓരോ വാദിസ്വരത്തിനും ഈരണ്ടു സംവാദികളും ഈരണ്ടു വിവാദികളും ഏഴേഴ് അനുവാദികളുമാണ് നവീനദക്ഷിണപ്രസ്ഥാനത്തിൽ വരുന്നതെന്നു കണ്ടുകൊൾക.

സ്വരപ്രകാശം ഉപസംഹരിക്കുന്നു—

സൂ—വാദിസംവാദ്യനുവാദിവിവാദിനശ്ചൈതേ ക്രമശോ രാഗാംഗാനി തി. ൫

ഇതിസ്വരപ്രകാശഃ.

ഈ വാദി, സംവാദികൾ, അനുവാദികൾ, വിവാദികൾ ഇവകൾ ക്രമത്തിലാണ് രാഗാംഗത്വമുള്ളത്. ഏതു രാഗത്തിനും അംശസ്വരമായ വാദിയാണ് ഏററവും പ്രധാനമായ

അംഗം. സംവാദിസ്വരങ്ങൾ അതിനേക്കാൾ പ്രാധാന്യം കുറഞ്ഞ അംഗങ്ങളാണ്. അനുവാദികൾക്ക സംവാദികളേക്കാളും പ്രാധാന്യം കുറവാണ്. വിവാദികൾക്ക് അതിലും കുറയും. ചില രാഗങ്ങൾ വിവാദിസ്വരങ്ങളെക്കൂടാതെതന്നെ സംഭവിക്കയും ചെയ്യും. സംവാദ്യനുവാദികളില്ലാതെ ഒരു രാഗവും സംഭവിക്കില്ല. എന്നു സാരം.

ഇങ്ങനെ സ്വരപ്രകാശം.

അഥ വീണാപ്രകാശഃ.

സ്മയമാനമഞ്ജുവദനാം വരവീണാനിഹിതചാരുകരനളിനാം
ദയമാനദീർഘനയനാം വാണീം വന്ദേ സിതാംബുജാസീനാം.

സൂ—തത്രൈവം വീണാപ്രശംസാ.

ധാതാ കുംഭശ്ശിവോ ദണ്ഡഃ കകുഭഃ കമലേക്ഷണഃ
നാഭിസ്സരസ്വതീ തന്ത്രീ ഗൌരീ പത്മാ ച പത്രികാ
മേരുരിന്ദുസ്സാരികാർക്കോ ദോരകോ നാഗനായകഃ
തുംബോ വിനായകഃ കീലനികരാ മരുതാം ഗണാഃ
സർവ്വദേവമയീ വീണാ പൂജനീയാ തു സർവ്വഥാ
സാ ഹി ദർശനമാത്രേണ സർവ്വപാപാന്യപോഹതി. ൧

ഭാ—അനന്തരം വീണാപ്രകാശം ആരംഭിക്കുന്നു. അവിടെ വീണയുടെ മഹത്വത്തെപ്പററി ആദ്യം പ്രശംസിക്കുന്നു. വീണയുടെ കുടം സൃഷ്ടികർത്താവായ ബ്രഹ്മാവാണ്. തണ്ടു ശിവനാണ്. കകുഭം (കുതിര) വിഷ്ണുവാണ്. കുടത്തിൻെറ മധ്യത്തിലുള്ള നാഭിരന്ധ്രഭാഗം സരസ്വതിയാണ്. തന്ത്രി ശ്രീപാർവ്വതിയാണ്. കകുഭത്തിലുള്ള തകിടു മഹാലക്ഷ്മിയാണ്. മേരു ചന്ദ്രനാണ്. മട്ടു സൂര്യനാണ്. കമ്പികെട്ടുന്ന ദോരകം (ലങ്കർ) ആദിശേഷനാണ്. ചുരക്ക ഗണപതിയാണ്. ഏഴു വരടകൾ ആവഹൻ, പ്രവഹൻ, അനുവഹൻ, സംവഹൻ, വിവഹൻ, പരാവഹൻ, പരിവഹൻ എന്നീ സപ്തമരുത്തുക്കളുമാണ്. ഇങ്ങനെ വീണ സർവ്വദേവസ്വരൂപിണിയാണ്. വീണയുടെ ഓരോ അംഗങ്ങളിലും ഓരോ ദേവീദേവന്മാരുടെ സാന്നിധ്യമുള്ളതിനാൽ അതിൽ എല്ലാ ദേവന്മാരുടെയും അധിവാസമുണ്ടെന്നർത്ഥം. അങ്ങനെയുള്ള വീണയെ എല്ലാ വിധത്തിലും പൂജിക്കേണ്ടതാണ്. അതായത് അർഘ്യപാദ്യാദിഷോഡശോപചാരങ്ങളെക്കൊണ്ടും അതു സാധ്യമാകാത്തപക്ഷം ജലഗന്ധാദിഷഡുപചാരങ്ങളെക്കൊണ്ടും അഭിവാദനനമസ്കാരാദികളെക്കൊണ്ടും വീണയുടെ അതാതംഗങ്ങളിൽ അതാതു ദേവന്മാരെപ്പൂജിക്കണം. അതുമില്ലെങ്കിൽ സർവ്വദേവന്മാരെയും ദേവതകളാക്കിക്കല്പിച്ചു വീണയെപ്പൂജിക്കണം. എന്നു താൽപര്യം. അങ്ങനെയുള്ള വീണയാകട്ടേ ദർശനമാത്രത്താൽത്തന്നെ സർവ്വപാപങ്ങളെയും നശിപ്പിക്കുന്നതാണ്. ആ വീണയെ കണ്ടാൽത്തന്നെ സകലപാപങ്ങളും തീരുന്നതാണെന്നർത്ഥം. ഇങ്ങനെ വീണാപ്രശംസ.

വീണയുണ്ടാക്കാനുള്ള മരങ്ങളെ നിർദ്ദേശിക്കുന്നു—

സൂ—വീണാനിർമ്മാണേ ലഘുദൃഢശ്ലക്ഷ്ണസൂക്ഷ്മനിബിഡശലാകാഃ
പരിണതപനസകാഷ്ഠശ്യാദയോ ദാരവഃ. ൨

ഭാ—വീണ നിർമ്മിക്കുന്നതിന്നുള്ള മരം കനം കുറഞ്ഞതും അവയവദൃഢതയും ഉറപ്പുമുള്ളതും നല്ലവണ്ണം മിനുപ്പുവരുന്നതും ആരുകൾ ചെറുതായും തമ്മിൽ ദൃഢമായിച്ചേർന്നൊതുങ്ങിയുമിരിക്കുന്നതും മൂത്തു പഴക്കം ചെന്നതുമായ വരിക്കപ്പിലാവ്, കുമിഴ മുതലായതായിരിക്കണം. അവയുടെ വേരോ തടിയോ കടമുറിയോ നടുവിലുള്ള വയർഭാഗം നീക്കി എടുക്കേണ്ടതുമാണ്.

പൂർണ്ണകിന്നരിവീണയുടെ നീളം മുതലായ അളവുകൾ പറയുന്നു—

സൂ—വിംശത്യംഗുലാധികഹസ്തദീർഘാ പൂർണ്ണാ കിന്നരീ. ൩

ഭാ—ഒരു പൂൎണ്ണകിന്നരിവീണക്ക് ഒരു കോലും ഇരുപതംഗുലവും അതായത് നാല്പത്തിനാലംഗുലം നീളമുണ്ടായിരിക്കേണ്ടതാണ്. അതിലധികം നീളമുള്ള കിന്നരിവീണയെപ്പററിയും ചില ഗ്രന്ഥകാരന്മാർ പ്രസ്താവിച്ചിട്ടുണ്ടെങ്കിലും നീളം അതിലധികമായാൽ പ്രയോഗസൌകൎയ്യം കുറയുന്നതാണ്.

പ്രസംഗത്താൽ അംഗുലാദിമാനങ്ങളുടെ വ്യവസ്ഥ കാണിക്കുന്നു—

സൂ—സൂചിവിദ്ധം ബിന്ദുഃ. തദഷ്ടകം യവസ്തദ്വയം നിഷ്പാവസ്തദഷ്ടകമംഗുലം, ദ്വാദശാംഗുലാനി വിതസ്തിസ്തദ്വയം ഹസ്ത ഇതി ദീൎഘമാനവ്യവസ്ഥാ. ൪

ഭാ—ഒരു സൂചികൊണ്ടു കുത്തിയ പാടിനു ബിന്ദുവെന്നു പേർ. ക്രമത്തിൽ എട്ടു ബിന്ദുക്കൾ തൊട്ടുതൊട്ടുണ്ടാകുന്ന നീളം ഒരു യവം. രണ്ടു യവം ഒരു തുവര. എട്ടു തുവര കൂടിയത് ഒരംഗുലം. പന്തിരണ്ടംഗുലങ്ങൾ ഒരു വിതസ്തി (അരക്കോൽ). രണ്ടു വിതസ്തി കൂടിയത് ഒരു ഹസ്തം (ഒരു കോൽ). ഇങ്ങനെയാണ് നീളത്തിന്റെ അളവിനുള്ള വ്യവസ്ഥ.

ഇനി പൂൎണ്ണകിന്നരിയുടെ ഓരോ ഭാഗത്തിനും വേണ്ട അളവുകൾ വിവരിക്കുന്നു—

സൂ—തത്ര പൂൎണ്ണകിനൎയ്യാ വിതസ്തിനാ കുംഭഃ. ചതുരംഗുലൈഃ കുംഭഗളഃ. സാൎദ്ധവിതസ്തിനാ പ്രവാളഃ. ദശാംഗുലൈശ്ശിരശ്ചേതി. ൫

ഭാ—ആ പൂൎണ്ണകിന്നരിയുടെ നീളത്തിൽ പന്തിരണ്ടംഗുലംകൊണ്ടു കുടം. നാലംഗുലംകൊണ്ടു കുടത്തിന്റെ കഴുത്ത്. പതിനെട്ടംഗുലംകൊണ്ടു തണ്ട്. അങ്ങനെ മേരുവരെ ഒരു കോലും പത്തംഗുലവും. ശേഷമുള്ള പത്തംഗുലംകൊണ്ടു വീണാശിരസ്സ്. ഇങ്ങനെയാണ് ഓരോ ഭാഗത്തിന്റെയും ദീൎഘമാനങ്ങൾ.

കുംഭസ്വരൂപം വിവരിക്കുന്നു—

സൂ—വിതസ്തിവ്യാസവൎത്തുളോധഃകലശാകൃതിരുപരിസമതലോഽഷ്ടാധികാഷ്ടാംഗുലോച്ഛ്രായോന്തഃകുഹരസ്സാൎദ്ധനിഷ്പാവമാനകുഹരഭിത്തിശ്ച കുംഭഃ. ൬

ഭാ—അതിൽ കുടം പന്തിരണ്ടംഗുലം വ്യാസമുള്ള വൃത്താകൃതിയിലായിരിക്കണം. അതിന്റെ കീഴ്ഭാഗം മൺകുടത്തിനുള്ള കീഴ്ഭാഗത്തിന്റെ ആകൃതിയിൽ ഉരുണ്ടും മേൽഭാഗം സമനിരപ്പായും ഇരിക്കണം. എട്ടര അംഗുലം ഉയരമുണ്ടായിരിക്കണം. വക്കത്ത് ഒന്നര തുവര കനം നിൎത്തി ശേഷമെല്ലാം കുഴിച്ചു കളഞ്ഞ് ഉള്ള പൊള്ളയാക്കിത്തീൎത്തിരിക്കയും വേണം. കീഴ്ഭാഗത്തും ഒന്നര തുവര കനമേ നിൎത്താവൂ. ഇങ്ങനെയാണ് കിന്നരിവീണയുടെ കുംഭത്തിന്റെ ആകൃതി.

ഗളസ്വരൂപം പറയുന്നു—

സൂ—കുംഭാദാപ്രവാളവലയം ക്രമശോ ന്യൂനപരിണാഹോച്ഛ്രായഃ പൃഷ്ഠപാൎശ്വേഷു തദന്തശ്ശംഖാകാരശ്ച കുംഭഗളഃ. ൭

ഭാ—കുംഭത്തിൽനിന്നു തുടങ്ങി കഴുത്തിന്റെ അവസാനത്തിൽ വരുന്ന തണ്ടിന്റെ വളകെട്ടു (വളർ) വരെയും പുറംകൊണ്ടും പാൎശ്വഭാഗങ്ങൾ കൊണ്ടും ക്രമത്തിൽ ഉയരവും വണ്ണവും ചുരുങ്ങി തണ്ടിനോടു യോജിച്ചിരിക്കുന്നവിധത്തിലും ഉള്ള കുഴിച്ച തോടാക്കിയും അതിന്റെ മദ്ധ്യത്തിൽ ശംഖിന്റെ ദ്വാരത്തിനുള്ള ആകൃതി വരത്തക്കവണ്ണം മേൽഭാഗത്തു രണ്ടു വശംകൊണ്ടും വളച്ചു നിൎത്തിയും കുംഭഗളം ഉണ്ടാക്കേണ്ടതാണ്.

ദണ്ഡസ്വരൂപം പറയുന്നു—

സൂ—മൂലേ സാർദ്ധദ്വ്യംഗുലപരിണാഹോഗ്രാഗ്രേ ദ്വ്യംഗുലതന്മാനം യാവന്മേരുപര്യന്തം ക്രമശോ ന്യൂനോന്നതഃകുഹരതോ ദണ്ഡഃ. ൮

ഭാ—കുംഭഗളത്തോട് ചേരുന്ന കടക്കൽ രണ്ടര അംഗുലംവീതം വീതിയും ഉയരവുമായും മേരുവിനോട് ചേരുന്ന ഭാഗത്ത് അതു രണ്ടും രണ്ടംഗുലം വീതമാകത്തക്കവണ്ണം ക്രമത്തിൽ കുറഞ്ഞും ഉള്ള കുഴിച്ച തോടാക്കിയതുമാണ് വീണയുടെ ദണ്ഡുണ്ടാക്കേണ്ടത്.

ശിരസ്സിന്റെ സ്വരൂപം പറയുന്നു—

സൂ—വ്യാളവദനാലങ്കൃതമാകുഞ്ചിതാഗ്രം ശിരഃ. ൯

ഭാ—അററം കീഴ്പ്പോട്ടു വളച്ചു കുനിച്ചും അവിടെ വ്യാളമുഖം കൊത്തിയുണ്ടാക്കിയതുമാണ് ശിരനിർമ്മിക്കേണ്ടത്. അതിലും വ്യാളമുഖംവരെയുള്ള ഭാഗം കുഴിച്ചു തോടാക്കിയിരിക്കണം.

സൂ—നിഷ്പാവപരിമിതോച്ഛ്രായം സമതലമാമേരവാകം കുംഭഗളദണ്ഡാനാമാവരണഫലകം. ൧൦

ഭാ—ഒരു തുവരക്കനത്തിൽ സമനിരപ്പായുള്ള മൂടിപ്പലകകൊണ്ടു കുംഭവും ഗളവും ദണ്ഡവും മേരുവരെ മൂടി ആണികൾവെച്ചുറപ്പിക്കണം.

സൂ—മേഢകാദാകുംഭം ദണ്ഡാവരണഫലകാന്തഭാഗയോഃ പഞ്ചനിഷ്പാവോച്ഛ്രായം നിഷ്പാവദ്വയപരിണാഹമുപരിസാരികാപാദാർത്ഥം കിഞ്ചിൽ കൃതകുഹരം സാരികാധാരപട്ടികാദ്വയം കീലനിബദ്ധം. ൧൧

ഭാ—മേരു മുതൽ കുംഭംവരെയും ദണ്ഡത്തിന്റെയും ഗളത്തിന്റെയും മൂടിപ്പലകയുടെ രണ്ടററത്തുമായി അഞ്ചു തുവര ഉയരവും രണ്ടു തുവര കനവും ഉള്ളതും മേൽഭാഗത്തു മട്ടുകളുടെ കാലുകൾ ചെല്ലുന്നതിന്നുവേണ്ടി അല്പം കുഴിച്ചു ചെറിയ തോടുണ്ടാക്കീട്ടുള്ളതും മട്ടുകൾ വെക്കുന്നതിന്നുള്ളതുമായ ഓരോ പട്ടികകൾ (വള്ളകൾ) ആണിവെച്ചുറപ്പിക്കണം.

സൂ—കുംഭമൂലാൽ പഞ്ചാംഗുലപരിമിതേ ഫലകമദ്ധ്യേ നിഷ്പാവമാനവൎത്തുളം നാഭിരന്ധ്രം. ൧൨

ഭാ—കുംഭമൂലത്തിൽനിന്ന് അഞ്ചംഗുലം അകലെ, അതായത് കുംഭവ്യാസത്തെ രണ്ടരയാക്കി ഭാഗിച്ചാൽ മൂലത്തിൽനിന്നു തുടങ്ങുന്ന ഭാഗത്തിന്റെ അവസാനത്തിലായി പലകയുടെ നടുവിൽ ഒരു തുവര വട്ടത്തിൽ തുളച്ചു നാഭിരന്ധ്രമുണ്ടാക്കണം. ഈ നാഭിരന്ധ്രത്തിന്റെ ചുററം അടുത്തു നാലോ ആറോ ചെറിയ രന്ധ്രങ്ങളും നിർമ്മിച്ചുവരാറുണ്ട്.

സൂ—മേഢകാച്ചതുസ്സപ്തദശാംഗുലേഷു ദണ്ഡപാർശ്വയോഃ കനിഷ്ഠികാപ്രവേശമാനം ശങ്കർത്ഥം രന്ധ്രത്രയം ശിരഃപാർശ്വയോസ്സാർദ്ധാംഗുലാന്തരിതം തച്ചതുഷ്ടയം ച. ൧൩

ഭാ—മേരുവിൽനിന്നു നാലംഗുലം, ഏഴംഗുലം, പത്തംഗുലം ഈ കണക്കിൽ തണ്ടിന്റെ പള്ളകളിൽ കയ്യിന്റെ ചെറുവിരൽ കടക്കത്തക്കവണ്ണം വലുപ്പത്തിൽ ശ്രുതിക്കമ്പിവെരടകൾക്കുവേണ്ടി മൂന്നു തുളകളും വീണാശിരസ്സിന്റെ പള്ളകളിൽ ഒന്നര അംഗുലം വീതം ഇടവിട്ടു മേൽക്കമ്പി വെരടകൾ ഇടുവാൻ വേണ്ടി അതേ വലുപ്പത്തിൽ നാലു തുളകളും ഉണ്ടാക്കണം.

സൂ—മേഢകാദംഗുലാന്തരേ ദണ്ഡമദ്ധ്യേ തുംബഘടനകീലകാർത്ഥം നിഷ്പാവദ്വയമാനചതുരശ്രമധോഗതം രന്ധ്രം ച. ൧൪

ഭാ—മേരുവിൽനിന്ന് ഒരംഗുലം അകലം അകത്തെക്ക തള്ളി ദണ്ഡത്തിൻെറ മദ്ധ്യത്തിലായി ചുരക്ക പിടിപ്പിക്കുവാനുള്ള ആണിയിടുന്നതിന്നുവേണ്ടി രണ്ടു ഉവരധാതുരത്തിൽ തണ്ടിൻെറ കീഴ്ഭാഗത്തോടുകൂടി ഒരു തുളയും ഉണ്ടാക്കണം. ആണിയുടെ തലക്കൽ പിരിയുണ്ടാക്കി ശംഖുപിരിയുള്ള വട്ടിട്ടു തിരിച്ചു മുറുക്കിയിട്ടാണ് ചുരക്ക പിടിപ്പിക്കേണ്ടതെന്നും ഗ്രഹിച്ചുകൊൾക.

സൂ—അംഗുലോന്നതോ ദ്വ്യംഗുലദീൎഘോ നിഷ്പാവത്രയപരിണാഹോ വത്തുളോൎദ്ധ്വഭാഗസ്തിൎയ്യങ്ങ്നിഹിതോ മേരുകഃ. ൭൫

ഭാ—ഒരംഗുലം ഉയരവും രണ്ടംഗുലം നീളവും മൂന്നുഉവരവീതിയുമുള്ളതും മേൽഭാഗം ഉരുണ്ടതുമായ മേരുവുണ്ടാക്കി ശിരസ്സിനോടു ചേൎത്തു പട്ടികകളുടെ തലക്കൽ വിലങ്ങത്തിൽ വെച്ചുറപ്പിക്കുക.

സൂ—അംഗുലപരിണാഹസ്സാൎദ്ധാംഗുലോന്നതസ്സപാദദ്വ്യംഗുലദീൎഘോൎദ്ധ്വഭാഗസ്സ്ത്രിപാദാധികദ്വ്യംഗുലദീൎഘാധോഭാഗശ്ച നാഭിരന്ധ്രം മദ്ധ്യതഃ കൃത്വാ തിൎയ്യങ്ങ്നിഹിതഃ കകുഭഃ. ൭൬

ഭാ—ഒരംഗുലം വീതിയും ഒന്നര അംഗുലം ഉയരവും മേൽഭാഗം രണ്ടേകാലംഗുലവും കീഴ്ഭാഗം രണ്ടേമുക്കാലംഗുലവും നീളവുമുള്ള കകുഭമുണ്ടാക്കി നാഭിരന്ധ്രം മദ്ധ്യത്തിൽ വരുന്നവിധം അതിന്നടുത്തു വിലങ്ങത്തിൽ വെക്കണം.

സൂ—നീലദാരുനിൎമ്മിതാ ഗജദന്താദിനിൎമ്മിതാ വാ മുകുളിതസ്ഥൂലമൂലാഃ പഞ്ചാംഗുലദീൎഘാ രന്ധ്രേഷു ദൃഢതരപ്രവിഷ്ടാസ്സതന്ത്രീബന്ധരന്ധ്രാശ്ച സപ്ത ശങ്കവഃ. ൭൭

ഭാ—കരിമരം, വീട്ടി മുതലായി നല്ല ബലമുള്ള മരംകൊണ്ടോ ആനക്കൊമ്പു മുതലായതുകൊണ്ടോ ഏഴു വെരടകളുണ്ടാക്കണം. അവയുടെ കട വണ്ണംകൂടിയും മൊട്ടിൻെറ ആകൃതിയിൽ കടഞ്ഞുരുട്ടിയും ഇരിക്കണം. കട്ടുളടിയുടെ ആകൃതിയിലുമാവാം. അഞ്ചംഗുലമാണ് ഓരോ വെരടക്കും നീളം വേണ്ടത്. തലദണ്ഡത്തിൻെറ രണ്ടുഭാഗത്തുമുള്ള തുളയിൽ തിങ്ങിച്ചെന്നുറച്ചിരിക്കത്തക്കവിധത്തിൽ ചെറുവിരൽ പ്രമാണം. ഉരുണ്ടും തിരിച്ചുറപ്പിക്കത്തക്കവണ്ണവുമായിരിക്കണം ഓരോ വെരടയിലും കമ്പികോൎത്തു കെട്ടുവാൻ ചെറിയ ഓരോ തുളയും ഉണ്ടായിരിക്കണം.

സൂ—രജതപിത്തളാന്യതരമയ്യൎദ്ധ്വവൎത്തുളാ മേരുപത്രികാ. ൭൮

ഭാ—വെള്ളികൊണ്ടോ പിത്തളകൊണ്ടോ ഉണ്ടാക്കിയതും മേരുവിൻെറ മേൽഭാഗത്തു യോജിച്ചിരിക്കത്തക്കവിധം പകുതി ഉരുണ്ടതുമായിരിക്കണം മേരുവിന്മേൽ ഉറപ്പിക്കേണ്ട തകിട്. ആ തകിടിന്മേൽ കമ്പികൾക്കുള്ള പഴുതുകളും രാകിയുണ്ടാക്കണം.

സൂ—കാംസ്യമയി കലത്ഥബീജസമാനോൎദ്ധ്വഭാഗാ കകുഭപത്രികാ. ൭൯

ഭാ—ഓട്ടുകൊണ്ടു വാൎത്തുണ്ടാക്കിയതും മേൽഭാഗം മുതിരപ്പുറത്തിൻെറ ആകൃതിയിൽ ഉരുണ്ടതുമായ തകിടാണ് കകുഭത്തിന്മേൽ വെക്കേണ്ടത്.

സൂ—കകുഭവാമപാൎശ്വേ ശ്രുതിതന്ത്രീണാമാലംബനായ കിഞ്ചിദവക്രാ ലഘുപത്രികാ. ൮൦

ഭാ—കകുഭത്തിൻെറ ഇടത്തേപ്പള്ളയിലായി ശ്രുതിക്കമ്പികൾ നിൎത്തുന്നതിന്നുവേണ്ടി അല്പം വളഞ്ഞ ഒരു ചെറിയ തകിടുറപ്പിക്കണം. ആ തകിടിന്മേൽ അല്പം രാകി അരുത്തു പഴുതുകളുണ്ടാക്കി അവയിന്മേലാണ് ശ്രുതിക്കമ്പികൾ നിൎത്തേണ്ടത്.

സൂ—കുംഭമൂലേ ദോരകബന്ധനാൎത്ഥാ രജതകാംസ്യപിത്തളാന്യതമമ യ്യുപരിഭാഗേ ബഹുരന്ധ്റാ ദോരകപത്രികാ. ൨൮

ഭാ—കുംഭത്തിൻെറ കടക്കലായി വെള്ളികൊണ്ടോ വെങ്കലംകൊണ്ടോ പിത്തള കൊണ്ടോ ഉണ്ടാക്കിയതും മേൽഭാഗത്തു പല തുളകളുള്ളതുമായ മൂലത്തകിട്ട കുംഭത്തിൻെറ മേൽഭാഗത്തു തുളകൾ വരുന്നവിധം കോട്ടംകൂടാതെ ആണികൾ വെച്ചുറപ്പിക്കണം. ആ തകിടിലെ തുളകളിൽക്കൂടി കമ്പികൾ കോൎത്തിട്ടാണ് ദോരകം (ലങ്കർ) കെട്ടേണ്ടത്. മൂല ത്തകിടിൻെറ മേൽഭാഗം തണ്ടാക്കിയുണ്ടാക്കി ആ തണ്ടിന്മേൽ ലങ്കർ കെട്ടുന്ന സമ്പ്രദായവു മുണ്ട്.

സൂ—മൂലപത്രികാരന്ധ്റദ്വയപ്രവൃത്തതന്ത്രിദ്വയപ്രോതലോഹഗുളികഃ പ്രാന്തനിബദ്ധലോഹവലയ ഉപനാഹാഖ്യോ ദോരകഃ. ൨൯

ഭാ—മൂലത്തകിടിലെ രണ്ടു തുളകളിൽക്കൂടിക്കോൎത്ത കമ്പിയുടെ രണ്ടു തലയും ലോ ഹംകൊണ്ടുണ്ടാക്കിയ ഒരു മണിയിൽ കോൎത്ത് ആ രണ്ടു തലയും വീണക്കമ്പികെട്ടാനുള്ള ഒരു ലോഹവലയത്തിന്നുള്ളിൽക്കൂടിയെടുത്തു ചുററിക്കെട്ടിയുറപ്പിക്കുക. ഇങ്ങനെയാണ് ദോര കം കെട്ടിയുണ്ടാക്കേണ്ട സമ്പ്രദായം. ഉപനാഹമെന്നും ദോരകത്തിന്നു പേരുണ്ട്. കമ്പി കൾ കെട്ടുന്നതിന്നായി അവക്കുടുത്തു കെട്ടിയുണ്ടാക്കുന്നത് എന്ന് ആ പദത്തിന്നൎത്ഥം. ദോരകവലയത്തിൻെറ അവസാനം കകുഭത്തിൻെറ അല്പം പിന്നിലായിരിക്കണം.

സൂ—തേ ച പ്രതിതന്ത്രി പൃഥഗിതി സപ്ത. ൩൦

ഭാ—അങ്ങനെയുള്ള ദോരകങ്ങൾ ഓരോ കമ്പി കെട്ടുവാനും പ്രത്യേകം വേറെ വേ റെ വേണമെന്നുള്ളതിനാൽ മേൽപ്രകാരം ഏഴു ദോരകങ്ങൾ കെട്ടിയുണ്ടാക്കണം. എന്നാ ലേ ഓരോ കമ്പിയിലും ശ്രുതിസൂക്ഷ്മം ശരിയാകുന്നതിന്നായി ഓരോ ലോഹമണിയും വെ വ്വേറെ നീക്കുന്നതിന്നും മാറം സാധിക്കയുള്ളു എന്നു സാരം.

സൂ—ദോരകവലയബദ്ധാശ്ചതസ്ര ഊൎദ്ധ്വതന്ത്രീഃ പ്രത്യേകം ശിരശ്ശങ്കു ഷു ക്രമശോ ബധ്നീയാൽ. ൩൧

ഭാ—ദോരകവളയത്തിലോരോന്നിലും ഓരോ കമ്പിയായി വലത്തുഭാഗത്തുനിന്നു തുടങ്ങി നാലു മേൽക്കമ്പികൾ കെട്ടി ഓരോ കമ്പിയുടെയും മറേറത്തല ശിരസ്സിലുള്ള നാലു വെരടകളിലും വ്യാളമുഖത്തോടടുത്തുള്ള വെരട മുതൽ തുടങ്ങി ക്രമത്തിൽ കോൎത്തുകെട്ടിയുറ പ്പിക്കണം. എന്നു വെച്ചാൽ ഒന്നാമത്തെക്കമ്പി ശിരസ്സിൻെറ ഏററവും തലക്കലുള്ള വെ രടയിലും രണ്ടാമത്തേത് അതിന്നടുത്ത വെരടയിലും മൂന്നാമത്തേത് അതിന്നടുത്തതിലും നാ ലാമത്തേതു മേരുവിന്നടുത്തുള്ള പിന്നത്തേതിലും കെട്ടണമെന്നൎത്ഥം.

സൂ—തഥാ തിസ്രഃ പാൎശ്വതന്ത്രീൎദ്ദണ്ഡപാൎശ്വശങ്കുഷു. ൩൨

ഭാ—അപ്രകാരം ശേഷമുള്ള മൂന്നു ദോരകവളയങ്ങളിലും ഓരോ കമ്പിവീതം ക്രമ ത്തിൽ വലത്തുഭാഗം മുതൽ കെട്ടി അതിലാദ്യത്തേതു മേരുവിന്നടുത്തുള്ള ദണ്ഡപാൎശ്വത്തിലെ വെരടയിലും രണ്ടാമത്തേത് അതിന്നടുത്തുള്ള വെരടയിലും മൂന്നാമത്തേത് ഒടുവിലത്തെ വെ രടയിലും കോൎത്തു കെട്ടണം.

സൂ—സാരികാന്യാസാൎത്ഥം ദണ്ഡപട്ടികാദ്വയോപരി സമാനമാനസ ൎജ്ജരസംയുക്തം സുപക്വം മസീരജോമിശ്രിതം മധൂച്ഛിഷ്ടം യഥായഥം നിദ ധീത. ൩൩

ഭാ—വെളുത്ത മെഴുകും ചെഞ്ചല്യം പൊടിച്ചതും തുക്കം സമമായിട്ടെടുത്തു നല്ലവണ്ണം ഉരുക്കി അതിൽ ശില കരിച്ചു പൊടിച്ച പൊടിയോ മററു മണ്ണിന്റെ പൊടിയോ ചേൎത്തിളക്കി യോജിപ്പിച്ച് ആ ദണ്ഡപട്ടികകളുടെ മേലെ മട്ടുകൾ വെക്കേണ്ടതിന്നുവേണ്ടി ഭാഗത്തിൽ ഉരുട്ടി നീട്ടി നല്ലവണ്ണംവെച്ചു പിടിപ്പിക്കണം.

സൂ—കാളായസകാംസ്യാന്യതരനിൎമ്മിതാഃ പട്ടികാ ബഹിഃപാൎശ്വദീൎഘാ ഉഭയതഃപാദാസ്സൂക്ഷ്മാസ്സാരികാഃ. ൨൭

ഭാ—നല്ല ഉരുക്കുകൊണ്ടോ ഓട്ടുകൊണ്ടോ ആയിരിക്കണം മട്ടുകളുണ്ടാക്കുന്നത്. രണ്ടു പട്ടികകളുടെയും പുറം ഭാഗങ്ങൾ തമ്മിലുള്ള അന്തരമാണ് മട്ടുകളുടെ നീളത്തിന്നുള്ള കണക്ക്. മെഴുകിന്നുള്ളിലേക്കു താണിരിക്കത്തക്കവിധം മട്ടുകളുടെ രണ്ടററത്തും ചെറിയ കാലുകളുണ്ടായിരിക്കണം. നല്ലവണ്ണം മിനുക്കിയിരിക്കയും വേണ്ടതാണ്.

പൂൎണ്ണകിന്നരിവീണയുടെ സ്വരൂപവിവരണം ഉപസംഹരിച്ചു മററു ചില വീണകൾക്കുള്ള വിശേഷം കാണിക്കുന്നു. അതിൽ ആദ്യം പൂൎണ്ണചന്ദ്രവീണയെപ്പററിപ്പറയുന്നു—

സൂ—ഇത്ഥം പൂൎണ്ണകിന്നരിപ്രകാരഃ. പൂൎണ്ണചന്ദ്രവീണായാസ്തു വിതസ്തിപരിണാഹഃ ഷോഡശാംഗുലദീൎഘഃ കുംഭഃ. ത്ര്യംഗുലദീൎഘോ ഗളഃ ഷോഡശാംഗുലദീൎഘോ ദണ്ഡശ്ച. ൨൮

ഭാ—പൂൎണ്ണകിന്നരിവീണയുടെ സ്വരൂപം ഇപ്രകാരം വിവരിച്ചു കഴിഞ്ഞു. പൂൎണ്ണയായചന്ദ്രവീണക്കാകട്ടേ അതിൽനിന്ന് അല്പം ആകൃതിഭേദമുണ്ട്. അതിന്റെ കുംഭത്തിന്നു പന്തിരണ്ടംഗുലം വീതിയും പതിനാറംഗുലം നീളവുമാണ് വേണ്ടത്. അങ്ങനെ കുംഭം അണ്ഡാകാരമായിരിക്കണം. കുംഭഗളം മൂന്നംഗുലം നീളത്തിലാണ്. ദണ്ഡത്തിന്റെ നീളവും പതിനാറംഗുലം. ഇങ്ങനെ കുംഭമൂലത്തിൽനിന്നു മേരുവരെ മുപ്പത്തഞ്ചംഗുലം നീളമാണ്. ശിരസ്സിന്റെ നീളം കിന്നരിയെപ്പോലെ പത്തംഗുലംതന്നെ.

സൂ—കുംഭമൂലാൽ ഷഡംഗുലാന്തരിതഃ കകുഭഃ. തൽപാൎശ്വാഭ്യാം ദ്വ്യംഗുലാന്തരിതയോൎന്നേത്രദ്വയം. തന്മദ്ധ്യേ ചോഭയതോ വക്രേ മദ്ധ്യസ്ഥൂലേ രന്ധ്രരേഖേ ച. ൨൯

ഭാ—കുംഭത്തിന്റെ മൂലത്തിൽനിന്ന് ആറംഗുലം മുമ്പിലായിട്ടാണ് ഈ ചന്ദ്രവീണയിൽ കകുഭം സ്ഥാപിക്കേണ്ടത്. കകുഭത്തിന്റെ ഓരോ പാൎശ്വങ്ങളിൽനിന്നും ഈരണ്ടംഗുലം മുമ്പിലായി ദന്തത്തകിടുകൊണ്ടുണ്ടാക്കിയ കണ്ണുകൾ പലകമേൽ പതിച്ചുവെക്കണം ഓരോ കണ്ണിന്റെ മദ്ധ്യത്തിലും നീളം കൂടിയും ഓരോ അററം ഓരോ ഭാഗത്തേക്കു വളഞ്ഞും ഉള്ള തുളകൾ രേഖാമാത്രമായ വീതിയുണ്ടാക്കി ആ രേഖാരന്ധ്രത്തിന്റെ മദ്ധ്യത്തിൽ അല്പം വീതികൂട്ടി മുഷ്ടികൾ നിൎമ്മിക്കയും വേണം. രേഖാരന്ധ്രം പലകയുംകൂടി തുളഞ്ഞിട്ടുള്ള വിധത്തിലായിരിക്കേണ്ടതാണ്.

സൂ—അന്യത്സൎവ്വം കിന്നരിവൽ. സേയം ചന്ദ്രവീണാ നാദദൈൎഘ്യാദിവിശേഷാദത്യുത്തമാ വാണീപ്രിയാ കച്ഛപിവരവീണാദിസംജ്ഞാ ച. ൩൦

ഭാ—മററുള്ള മേരു, കകുഭം, വെരടകം, ദോരകം മുതലായതെല്ലാം കിന്നരിയിലെപ്പോലെതന്നെ. ഈ ചന്ദ്രവീണ നാദത്തിന്നു ദൈൎഘ്യവിശേഷരൂപമായ കാൎവ്വയും ഗാംഭീൎയ്യരൂപമായ മുഴക്കവും അധികമുള്ളതിനാൽ അത്യുത്തമമാണ്. സരസ്വതീദേവിക്കു പ്രിയപ്പെ

ട്ടും വരവീണ, കച്ഛപി എന്നിങ്ങനെയും പ്രത്യേകസംജ്ഞകളുള്ളതുമാണ്. ''മഹതീനാര ന്സ്യാകതാ സരസ്വത്യാസ്തു കച്ഛപീ'' എന്നും ''വരവീണാഞ്ചിതപാണിഃ'' എന്നും മററുമുള്ള പ്രമാണങ്ങൾ നോക്കുക.

ഇനി ഇടത്തരം വീണകളെപ്പററിപ്പറയുന്നു—

സൂ—പാദോനദ്വാദശാംഗുലാദ്യാവദ്ദശാംഗുലം കുംഭപരിണാഹേ ന്യൂന മാനാഃ. ൨൨

ഭാ—കുടത്തിനുള്ള വീതി പതിനൊന്നേമുക്കാൽ അംഗുലം മുതൽ പത്തംഗുലംവ രെയും കുറഞ്ഞുവരുന്നതായിട്ടുള്ള വിധങ്ങളിലും വീണകളുണ്ടാക്കാറുണ്ട്. അവയെല്ലാം വ ലുപ്പം പൂൎണ്ണമായിട്ടില്ലാത്ത ഇടത്തരം വീണകളാണ്. കിന്നരിവീണയായാലും ചന്ദ്രവീണ യായാലും ആ സംഗതി ഒരുപോലെതന്നെ. പത്തംഗുലത്തിലും കുറവായ വീതിയായാൽ വായിക്കുന്നതിന്നു സൌകൎയ്യമുണ്ടാവില്ല.

സൂ—തത്ര കുംഭപരിണാഹസ്യാംഗുലപാദാപചയേ യാവദേകാദശാംഗു ലപരിണാഹം ദണ്ഡദൈൎഘ്യസ്യാംഗുലാൎദ്ധാപചയഃ. തതോ ന്യൂനതായാം തസ്യാ പ്യംഗുലപാദാപചയ ഇതി മാനക്രമവിവേകഃ. ൨൩

ഭാ—ആ വക ഇടത്തരം വീണകളുടെ ദൈൎഘ്യവിസ്താരവ്യവസ്ഥയെപ്പററിയേട ത്തോളമാകട്ടെ കുംഭത്തിന്റെ വീതി കാലംഗുലം കുറക്കുമ്പോൾ ദണ്ഡത്തിന്റെ നീളം അര യംഗുലം കുറക്കണം എന്ന ക്രമമനുസരിച്ചാണ് പതിനൊന്നംഗുലം വീതിവരെയും നിശ്ച യിക്കേണ്ടത്. അതായത് പൂൎണ്ണവീണയുടെ വീതിയിൽനിന്നു കാലംഗുലം കുറച്ചു കുടത്തിന്നു പതിനൊന്നേമുക്കാലംഗുലം വീതിയാക്കിയാൽ ദണ്ഡത്തിന്റെ നീളം ഗളമുൾപ്പടെ ഇരുപ ത്തൊന്നര അംഗുലമാക്കണം. കുടത്തിന്റെ വീതി പതിനൊന്നര അംഗുലമാക്കിയാൽ ദണ്ഡ ത്തിന്റെ നീളം ഗളമുൾപ്പടെ ഇരുപത്തൊന്നംഗുലമാക്കണം. കുടത്തിന്നു പതിനൊന്നേകാ ലംഗുലം വീതിയാക്കുമ്പോൾ ദണ്ഡനീളം മേൽപ്രകാരം ഇരുപതര അംഗുലവും പതിനൊന്നം ഗുലം വീതിയാക്കുമ്പോൾ ദണ്ഡനീളം ഇരുപതംഗുലവുമാക്കണം എന്നൎത്ഥം. കുടത്തിന്റെ വീതി പതിനൊന്നംഗുലത്തിൽനിന്നും കുറവാക്കുമ്പോൾ ദണ്ഡനീളവും വീതിയിൽ കുറക്കു ന്നേടത്തോളംതന്നെ കുറച്ചാൽ മതി. അതായത് കുടത്തിന്റെ വീതി പത്തേമുക്കാലംഗുല ത്തിന്നു ദണ്ഡനീളം പത്തൊമ്പതേമുക്കാലംഗുലം. വീതി പത്തരഅംഗുലത്തിന്നു ദണ്ഡനീ ളം പത്തൊമ്പതര അംഗുലം. വീതി പത്തേകാലിന്നു ദണ്ഡനീളം പത്തൊമ്പതേകാൽ. വീതി പത്തിന്നു ദണ്ഡനീളം പത്തൊമ്പത്. ഇങ്ങനെ ക്രമം.

സൂ—ചാന്ദ്ര്യാന്തു കുംഭദൈൎഘ്യസ്യാപി ദണ്ഡവദപചയഃ. ൨൪

ഭാ—ഇടത്തരത്തിലുള്ള ചന്ദ്രവീണയിലാകട്ടെ കുടത്തിന്റെ വീതി കുറക്കുന്നതിന്ന നുസരിച്ച് അതിന്റെ നീളവും കുറക്കേണ്ടതുണ്ട്. അങ്ങനെ കുറക്കുന്നതിന്നുള്ള കണക്കി ന്റെ ക്രമം ദണ്ഡത്തിന്റെ നീളം കുറക്കുന്നതിനുള്ള ക്രമംതന്നെയാണ്. അതായത് കുട ത്തിന്റെ വീതി പതിനൊന്നേമുക്കാലംഗുലമാക്കുമ്പോൾ അതിന്റെ നീളം പതിനഞ്ചര അം ഗുലം. ദണ്ഡനീളവും പതിനഞ്ചര അംഗുലം. കുടത്തിന്റെ വീതി പതിനൊന്നരക്കു നീ ളം പതിനഞ്ച്. ദണ്ഡനീളവും പതിനഞ്ച്. വീതി പതിനൊന്നേകാലിന്നു നീളം പതി ന്നാലര. വീതി പതിനൊന്നിന്നു നീളം പതിന്നാല്. വീതി പത്തേമുക്കാലിന്നു നീളം പതിമൂന്നേമുക്കാൽ. പത്തരക്കു പതിമ്മൂന്നര. പത്തേകാലിന്നു പതിമ്മൂന്നേകാൽ. പത്തി ന്നു പതിമ്മൂന്ന്. ഇങ്ങനെയാണ് കുറക്കേണ്ട ക്രമമെന്നൎത്ഥം. എന്നാൽ ദണ്ഡത്തിന്റെ നീ

ളം ഏതിനും പതിനഞ്ചംഗുലത്തിൽ കുറയരുതെന്നും ഗളനീളം പൂർണ്ണചാന്ദ്രിയിലെപ്പോലെ മൂന്നംഗുലംതന്നെയാണ് ചന്ദ്രവീണയിലെല്ലാമെന്ന വിശേഷവും ധരിച്ചുകൊൾക. കിന്നരി വീണയിലും ചന്ദ്രവീണയിലും ഇടത്തരത്തിലുള്ള വീണകൾ ഇങ്ങനെ ഏട്ടുകണക്കിലുണ്ടാക്കാവുന്നതാണ്.

രണ്ടുതരം വീണകൾക്കും വേറെവിധത്തിലുള്ള വകഭേദങ്ങൾ കാണിക്കുന്നു—

സൂ—ദ്വിവിധാപി വീണാ നാദസ്വരൂപഭേദാന്നിഷ്കളാ, സകളാ, സകളനിഷ്കളാ ചേതി പ്രത്യേകം ത്രിവിധാ. ൩൪

ഭാ—കിന്നരിവീണയെന്നും ചന്ദ്രവീണയെന്നും മേൽകാണിച്ച രണ്ടുതരം വീണകളിലോരോന്നും നിഷ്കളവീണ, സകളവീണ, സകളനിഷ്കളവീണ എന്നിങ്ങനെ നാദസ്വരൂപത്തിനുള്ള വ്യത്യാസം അടിസ്ഥാനമാക്കി മൂന്നുവിധത്തിലുണ്ട്.

നിഷ്കളവീണയുടെ സ്വഭാവം വിവരിക്കുന്നു—

സൂ—ജീവബന്ധരഹിതാ നിരഞ്ജനാനന്ദപ്രദസുദീർഘനാദാ നിഷ്കളബ്രഹ്മവന്നിഷ്കളാ. ൩൫

ഭാ—ജീവബന്ധമില്ലാതിരിക്കുന്നതും, അതിനാൽ മറെറാരംശത്തിൻെറ കലപ്പില്ലാത്തതും പരിശുദ്ധവുമായ ആനന്ദത്തെ രാഗസ്ഫുരണം കൂടാതെതന്നെ ഉണ്ടാക്കുന്നതും ഏററവും ദീർഘവുമായ നാദവും അനുനാദങ്ങളുമുള്ളതും അങ്ങനെയുള്ള സ്വഭാവത്താൽ മായാസ്പർശമോ മായാസന്നിധാനമോ ഇല്ലാത്ത നിഷ്കളബ്രഹ്മത്തോടു തുല്യവുമായ വീണയാണ് നിഷ്കളവീണ. കകുഭത്തിലെ തകിടിൻെറയും കമ്പിയുടെയും ഇടയിൽ ജീവബന്ധം ഇല്ലാത്തതാണ് ആ വീണ. മായാകാര്യമായ ജീവനോടു ബന്ധമില്ലാത്തതാണ് നിഷ്കളബ്രഹ്മം. "മായാനിരപേക്ഷം സച്ചിദാനന്ദസ്വരൂപം നിഷ്കളം." എന്നാണ് നിഷ്കളബ്രഹ്മത്തിൻെറ വിവരണം. അവിദ്യയെന്നും വിദ്യയെന്നും വകഭേദമുള്ള മായയുടെ ബന്ധമില്ലാത്തതും സത്യസ്വരൂപവും ചൈതന്യസ്വരൂപവും ആനന്ദസ്വരൂപവുമാണ് നിഷ്കളബ്രഹ്മം എന്നർത്ഥം. അപ്രകാരം കകുഭത്തകിടിലുള്ള ജീവബന്ധം വഴിക്കുണ്ടാകുന്ന കിരുകിരുപ്പിൻെറ കലപ്പില്ലാത്തതും രാഗസ്ഫുരണാപേക്ഷകൂടാതെ സ്വഭാവത്താൽത്തന്നെ പരിശുദ്ധമായ ആനന്ദമുണ്ടാക്കുന്നതും സകളവീണയുടെയും സകളനിഷ്കളവീണയുടെയും നാദത്തേക്കാൾ അധികം കാലദൈർഘ്യമുള്ളതുമാണ് നിഷ്കളവീണയുടെ നാദം. നിഷ്കളബ്രഹ്മത്തിൻെറ സ്വരൂപവും രജസ്തമോഗുണങ്ങളുടെ കാര്യങ്ങളായ രാഗാദികളുടെ അപേക്ഷയില്ലാതെ എന്നും നിലനിൽക്കുന്ന പരിശുദ്ധാനന്ദമയമാണ്. ഇങ്ങനെ നിഷ്കളവീണക്കു നിഷ്കളബ്രഹ്മസാമ്യം.

സകളവീണയുടെ സ്വഭാവം വിവരിക്കുന്നു—

സൂ—തന്ത്രീഷു ജീവബന്ധയുക്താ ഗുരുനാദാ സകളാ സകളബ്രഹ്മസമാ. ൩൬

ഭാ—കമ്പികളുടെയും കകുഭത്തകിടിൻെറയും ഇടയിൽ കമ്പിളിരോമം ചെലുത്തിയോ തകിടിനുതന്നെ ആകൃതിഭേദം വരുത്തിയോ എല്ലാക്കമ്പികളിലും ജീവബന്ധം പിടിപ്പിച്ചു നാദത്തിന്ന് ഒരു രേഫോച്ചാരണച്ഛായയുണ്ടാക്കിയതും ആ വഴിക്കു നിഷ്കളവീണയേക്കാൾ നാദത്തിനു ദൈർഘ്യം കുറഞ്ഞും വലുപ്പംകൂടിയും ഇരിക്കുന്നതുമായ വീണയാണ് സകളവീണ. നിഷ്കളവീണക്കു നിഷ്കളബ്രഹ്മത്തോടെന്നപോലെ ജീവബന്ധമുള്ള ഈ വീണക്കു ജീവബന്ധം സ്വീകരിച്ചു ശ്രീകൃഷ്ണാദ്യവതാരമൂർത്തിസ്വരൂപം ധരിച്ച സകളബ്രഹ്മത്തോടും സാമ്യം ഗ്രഹിച്ചുകൊൾക. "മായാനിരീക്ഷണാപേക്ഷവിഗ്രഹം സകളം വിദുഃ." എന്നു

സകളബ്രഹ്മത്തിൻെറ വിവരണം. മായാകാര്യമായ ജീവബന്ധത്തിനുപയുക്തമായ ശരീരം സ്വീകരിച്ച ഈശ്വരനാണ് സകളബ്രഹ്മം എന്ന് അതിന്നർത്ഥം.

സകളനിഷ്കളവീണയുടെ സ്വഭാവം വിവരിക്കുന്നു—

സൂ—മന്ദ്രാനുമന്ദ്രാന്യതരമാത്രേ ശ്രുതിതന്ത്ര്യന്യതമമാത്രേ വാ സജീവബന്ധാ സകളനിഷ്കളമദ്ധ്യഗതാ സകളനിഷ്കളാ സകളനിഷ്കളബ്രഹ്മവൽ. ൩൧

ഭാ—മന്ദ്രാനുമന്ദ്രതന്ത്രികളിൽ ഏതെങ്കിലും ഒന്നിൽ മാത്രമോ അല്ലെങ്കിൽ മൂന്നുശ്രുതി തന്ത്രികളിലൊന്നിൽ മാത്രമോ ജീവബന്ധമുള്ളതും അതിനാൽ നാദത്തിൻെറ ദൈർഘ്യ ഗൌരവങ്ങളെപ്പററിയേടത്തോളവും ഷഡ്ജക്കമ്പി മീട്ടുമ്പോഠം അനുനാദങ്ങളായി ഋഷഭഗാന്ധാരാദി സൂക്ഷ്മസ്വരങ്ങാം പ്രകാശിക്കുന്നതിനെപ്പററിയേടത്തോളവും നിഷ്കളവീണയുടെയും സകളവീണയുടെയും മദ്ധ്യസ്വഭാവത്തിലുള്ളതുമാണ് സകളനിഷ്കളവീണ. ആ വീണ ലീലാവതാരത്തിന്നായി മായാസന്നിധാനം മാത്രം സ്വീകരിച്ചിരിക്കുന്ന സകളനിഷ്കളബ്രഹ്മത്തോടു തുല്യവുമാണ്. ''മായാസന്നിധിമാത്രേണ വിദ്യാത്സകളനിഷ്കളം.'' എന്നു സകളനിഷ്കളബ്രഹ്മത്തിൻെറ വിവരണം.

ഇനി പ്രാചീനന്മാർ പറഞ്ഞിട്ടുള്ള പലതരം വീണകളെപ്പററി ചുരുക്കത്തിൽ പ്രസ്താവിക്കുന്നു—

സൂ—തന്ത്രീസംഖ്യാഭേദാദാകാരഭേദാന്മേളഭേദാച്ച വിവിധാ വീണാ വദന്തി പ്രാഞ്ചഃ. ൩൨

ഭാ—കമ്പികളുടെ സംഖ്യക്കുള്ള വ്യത്യാസമവലംബിച്ചും മട്ടുകഠം വെക്കുന്നതിൻെറ സ്വരസ്ഥാനഭേദത്താൽ വരുന്ന മേളഭേദമവലംബിച്ചും ആകൃതിഭേദമവലംബിച്ചും വീണകഠം പലതരത്തിലുമുണ്ടെന്നു ചില പ്രാചീനന്മാർ പറഞ്ഞിട്ടുണ്ട്. ആ വക വീണകഠംക്ക് ഓരോ സംജ്ഞയും അവർ പറഞ്ഞിട്ടുണ്ട്. എങ്ങനെയെന്നാൽ—

''ആലാപനീ, ബ്രഹ്മവീണാ, കിന്നരീ, ലഘുകിന്നരീ,
വിപഞ്ചീ, വല്ലകീ, ജ്യേഷ്ഠാ, ചിത്രാ, ഘോഷവതീ, ജയാ,
ഹസ്തികാ, കുബ്ജികാ, കൂർമ്മീ, സാരംഗീ, പരിവാദിനീ,
ത്രിസവീ, ശതചന്ദ്രീ, ച നകുലോഷ്ഠീ, ചലാസനീ,
ഔഢംബരീ, പിനാകീ, ച നിബദ്ധഃ, പുഷ്കല, സ്തഥാ
ഗദാവാൻ, വർണ്ണഹസ്ത, ശ്ച രുദ്രോ,ഥ ശരമണ്ഡലഃ,
കപിലാസ്യോ, മധുസ്യന്ദീ, ഘോണേ, ത്യപി തതോ ഭവേൽ.''

ഇങ്ങനെ മുപ്പതു തരത്തിൻെറ പേർ അവർ കാണിച്ചിരിക്കുന്നു. എങ്കിലും അവയിൽ കിന്നരി, ചിത്ര, പരിവാദിനി എന്നീ സംജ്ഞകഠം ഒരു തരത്തിൻെറ തന്നെ പേരിനുള്ള പര്യായപദങ്ങളായിട്ടാണ് അധികം ഗ്രന്ഥകാരന്മാരും പ്രതിപാദിച്ചിരിക്കുന്നത്.

കമ്പികളുടെ സംഖ്യാഭേദമവലംബിച്ചുള്ള വകഭേദത്തിൻെറ സമ്പ്രദായം കാണിക്കുന്നു—

സൂ—തത്രൈകതന്ത്രികാ പഞ്ജരകോ ഘോഷകശ്ച. ദ്വിതന്ത്രികാ നകുലസ്ത്രിതന്ത്രികാ മന്ദ്രകഃ. പഞ്ചതന്ത്രികാ പഞ്ചികാ. സപ്തതന്ത്രികാ കിന്നരി, വിപഞ്ചീ, ചിത്രാ പരിവാദിനീ ച. നവതന്ത്രികാ വിചിത്രാ. ഏകവിംശതിതന്ത്രികാ മത്തകോകിലേത്യാദയഃ പൃഥക് സംജ്ഞാ ഇത്യന്യേ. ൩൩

ഭാ—മററ ചില പ്രാചീനന്മാർ കമ്പികളുടെ സംഖ്യാഭേദംകൊണ്ടുള്ള ഭേദം അടിസ്ഥാനമാക്കി വേറെച്ചില സംജ്ഞകളും പറഞ്ഞിട്ടുണ്ട്. ഒരു കമ്പിമാത്രമുള്ളതിനു പിഞ്ജരകമെന്നും ഘോഷകമെന്നും പേർ. രണ്ടു കമ്പികളുള്ളതു നകുലവീണ. മൂന്നു കമ്പികളുള്ളതു മന്ദ്രകം. അഞ്ചു കമ്പികളുള്ളതു പഞ്ചിക. ഏഴു കമ്പികളുള്ളതിന്നു കിന്നരി, വിപഞ്ചി, ചിത്ര, പരിവാദിനി എന്നെല്ലാം പേർ. ഒമ്പതു കമ്പിയുള്ളതു വിചിത്ര. ഇരുപത്തൊന്നു കമ്പിയുള്ളതു മത്തകോകില. ഇരുപത്തൊന്നിലധികം കമ്പികളുള്ള വീണയെക്കുറിച്ചു ആ പ്രാചീനന്മാർ പ്രസ്താവിച്ചിട്ടില്ല. നാലു കമ്പികളുള്ളത്, ആറു കമ്പികളുള്ളത് എന്നിവക്കെല്ലാം ചതുസ്തന്ത്രിക, ഷട്തന്ത്രിക എന്നുള്ള പേരുകളല്ലാതെ പ്രത്യേകപ്പേരും കാണിച്ചിട്ടില്ല.

സൂ—ആകാരഭേദകൃതസ്തു ചാന്ദ്രീകിന്നരീഭേദവിവരണതസ്സ്വയമൂഹ്യഃ. ൪൦

ഭാ—ആകൃതിഭേദംകൊണ്ടുണ്ടാകുന്ന വ്യത്യാസമാകട്ടേ ചന്ദ്രവീണയുടെയും കിന്നരിവീണയുടെയും ആകൃതിഭേദം വിവരിച്ചിട്ടുള്ളതടിസ്ഥാനമാക്കി തന്നെത്താൻ ഊഹിച്ചുകൊൾക. കുംഭം മരംകൊണ്ടുണ്ടാക്കുന്നതിനു പകരം വലിയ ചുരക്ക മേൽപലക പിടിപ്പിച്ചുണ്ടാക്കുന്നത് ഒരു വക. ദണ്ഡം മുപ്പത്തിനാലംഗുലം നീളത്തിലുണ്ടാക്കി മേരുവിന്റെ സമീപത്തെന്നതുപോലെ ദണ്ഡമൂലത്തിലും ഒരു ചുരക്കതന്നെ ആണിയും ശംഖുപിരിയുമിട്ടുറപ്പിച്ച് ആ ദണ്ഡത്തിന്മേൽ കകുഭം വെക്കുന്നതു മറെറാരുവക. ഇങ്ങനെ തുടങ്ങി പല ആകൃതികളുമുണ്ടെന്നു താൽപര്യം.

സൂ—തഥാ ചാപകോണാംഗുളിവാദനാഹതയാപി. ൪൧

ഭാ—അപ്രകാരം ചില വീണകൾ ചെറിയ വില്ലുകൊണ്ടു വായിപ്പാൻ തക്കവിധത്തിലുള്ളവയും ചിലതു കോണം എന്നു പറയുന്ന ചെറിയ മരക്കഷണംകൊണ്ടു മീട്ടി വായിക്കത്തക്കവിധത്തിലുള്ളവയും ചിലതു വിരൽകൊണ്ടു മീട്ടി വായിക്കത്തക്കവിധത്തിലുള്ളവയുമായിട്ടും വീണകൾക്കു തരഭേദങ്ങളുണ്ട്.

മേളഭേദത്താലുള്ള വകഭേദം പറയുന്നു—

സൂ—താഃ പുനരേകമേളാ സർവ്വമേളാ ചേതി പ്രത്യേകം ദ്വിവിധാഃ. ൪൨

ഭാ—ആവക വീണകളിലോരോന്നും ഏകമേളവീണ, സർവ്വമേളവീണ ഇങ്ങനെ രണ്ടു തരത്തിലുണ്ട്. ശുദ്ധങ്ങളും വികൃതങ്ങളുമായിട്ടുള്ള സ്വരങ്ങളിൽ ഏതെങ്കിലും ഒരു വക സപ്തസ്വരക്രമത്തെ മാത്രം ആസ്പദമാക്കിയും ആവശ്യംപോലെ സ്ഥാനം മാററിവെക്കത്തക്ക വിധത്തിലും മട്ടുകൾ വെച്ചിട്ടുള്ള വീണയാണ് ഏകമേളവീണ. അതിൽ രാഗഭേദമനുസരിച്ചു ശുദ്ധവികൃതസ്വരങ്ങളിൽ പലതും അപ്പൊഴപ്പോൾ ശരിപ്പെടുത്താവുന്ന തരത്തിൽ ഓരോന്നിന്റെയും സ്ഥാനത്തു മട്ടുകൾ ഉറപ്പിച്ചു നിത്തുവാനുള്ള പഴുതുകൾ മാത്രമാണുണ്ടായിരിക്കുക. അല്ലാതെ മട്ടുകൾ മെഴുകിലുറപ്പിച്ചിരിക്കയില്ല. പിൻസ്വരത്തിന്റെ മട്ടിലെക്കമ്പി മുൻസ്വരമട്ടിൽ മുട്ടാതിരിക്കാൻവേണ്ടി മേരു മുതൽക്കു പട്ടികളുടെ വീതിക്രമത്തിൽ ചുതങ്ങി വരികയും വേണം. സർവ്വമേളവീണയിലാകട്ടേ എല്ലാ ശുദ്ധവികൃതസ്വരസ്ഥാനങ്ങളിലും പ്രത്യേകം മട്ടുകൾ മെഴുകിൽ ഉറപ്പിച്ചിരിക്കുന്നതാണ്.

സൂ—താസു സർവ്വമേളയോശ്ചാന്ദ്രീകിന്നര്യോരേവാത്ര പ്രചാരപ്രസിദ്ധിരിതി തയോസ്തന്ത്രീസ്വരയോജനപ്രകാര ഉച്യതേ. ൪൩

ഭാ—മേൽപ്രകാരം പലതരം വീണകളെപ്പററിയും പ്രാചീനാചാര്യന്മാർ വിവരിച്ചിട്ടുള്ളവയിൽ ഏഴു കമ്പികളുള്ളതും സർവ്വമേളയുമായ ചന്ദ്രവീണയും കിന്നരിവീണയുമാണ്

പ്രാധാന്യംകൊണ്ടു ദക്ഷിണദേശത്തിൽ പ്രത്യേകിച്ചും പ്രസിദ്ധങ്ങളായിട്ടുള്ളത്. എന്നു മാത്രമല്ല, ആ രണ്ടിന്നും മാത്രമേ വിശേഷിച്ചും ദക്ഷിണദേശങ്ങളിൽ വീണയെന്ന പേരിൽ പ്രസിദ്ധിയുമുള്ളു. അതുകൊണ്ട് അവയിൽ തന്ത്രികളെയും സ്വരങ്ങളെയും യോജിപ്പിക്കുന്നതിന്റെ സമ്പ്രദായമാണ് ഇനി വിവരിക്കുന്നത്. ആ വിവരണത്തിൽ ചാന്ദ്രിയും കിന്നരിയും തമ്മിൽ വ്യത്യാസമില്ലെന്നും രണ്ടിലും ഒരേ ക്രമംതന്നെയാണെന്നും ധരിച്ചുകൊൾക. സംഗീതരത്നാകരകാരനായ നിശ്ശങ്കശാർങ്ഗദേവനാകട്ടെ, രണ്ടു കോലിലധികം ദണ്ഡത്തിന്നു തന്നെ നീളമുള്ളതും ആറംഗുലം ദണ്ഡവിസ്താരമുള്ളതും കുംഭസ്ഥാനത്തും മധ്യത്തിലും തലക്കലും ചുരക്കകൾ പിടിപ്പിച്ചതും ഒററക്കമ്പിയോ നാലു കമ്പികളോ കെട്ടി കോണമെന്നു പേരുള്ള ചെറിയ കോലുകൊണ്ടു മീട്ടി വായിക്കേണ്ടതുമായ ചില വീണകളെയും കിന്നരി വീണകളുടെ വകഭേദങ്ങളായി പറഞ്ഞിട്ടുണ്ടെങ്കിലും ആ മാതിരി കിന്നരികൾ ഇപ്പോൾ പ്രചാരപ്രസിദ്ധങ്ങളല്ലാത്തതിനാൽ ഇവിടെ കിന്നരിയായി ഗ്രഹിക്കുന്നില്ല. മററു ചിലർ അത്തരം വീണകൾ രുദ്രവീണയുടെ വകഭേദങ്ങളാണെന്നാണ് പറഞ്ഞിട്ടുള്ളതും.

സൂ—സർവ്വമേളാപി തന്ത്രീയോജനഭേദേന ശുദ്ധമേളാ മധ്യമേളേതി ദ്വിധാ. ൪൪

ഭാ—സർവ്വസ്വരമേളയായ കിന്നരിവീണയും അതിലെ തന്ത്രികൾ യോജിപ്പിച്ചു നിത്തുന്നതിലുള്ള ക്രമവ്യത്യാസം ആസ്പദമാക്കി ശുദ്ധമേളകിന്നരിയെന്നും മധ്യമേളകിന്നരിയെന്നും രണ്ടു തരത്തിലുണ്ട്. ഇവിടെ കിന്നരിവീണയെപ്പററി വിവരിക്കുന്ന വിഷയങ്ങളെല്ലാം ചന്ദ്രവീണയെയും സംബന്ധിക്കുന്നതാണ്. വിശേഷമുള്ളേടത്ത് അതു പ്രത്യേകം പറകയും ചെയ്യും. അതിനാൽ ചന്ദ്രവീണയും ശുദ്ധമേളയായിട്ടും മധ്യമേളയായിട്ടുമുണ്ടെന്നറിക.

ശുദ്ധമേളയുടെ ലക്ഷണം വിവരിക്കുന്നു—

സൂ—തത്ര ശുദ്ധമേളായാമുപരിതന്ത്ര്യശ്ചതസ്രഃ പരാപരക്രമാദനുമന്ദ്രപഞ്ചമ,മന്ദ്രഷഡ്ജ,തൽപഞ്ചമ,മധ്യഷഡ്ജഗതാഃ. ൪൫

ഭാ—അതിൽ ശുദ്ധമേളകിന്നരിയിലെ മേൽക്കമ്പികൾ നാലും വായിക്കുന്നവന്റെ വലത്തെക്കയ്യിൽനിന്നുള്ള അകലവും അടുപ്പവും അനുസരിച്ചു ക്രമത്തിൽ അനുമന്ദ്രസ്ഥായിപഞ്ചമം, മന്ദ്രസ്ഥായിഷഡ്ജം, മന്ദ്രസ്ഥായിപഞ്ചമം, മധ്യസ്ഥായിഷഡ്ജം എന്നീ സ്വരങ്ങളിൽ യോജിപ്പിച്ചു നിത്തേണ്ടതാണ്. അതായത് വായിക്കത്തക്കവിധത്തിൽ വീണ വെച്ചാൽ വായിക്കുന്നവന്റെ വലത്തേക്കയ്യിൽനിന്ന് അധികം അകലത്തു കെട്ടിട്ടുള്ള ഒന്നാമത്തെ തന്ത്രി അനുമന്ദ്രസ്ഥായിയിലെ പഞ്ചമത്തിൽ നിത്തണം. അതിനേക്കാൾ അടുത്തുള്ള രണ്ടാമത്തെ തന്ത്രി മന്ദ്രസ്ഥായിഷഡ്ജത്തിൽ നിത്തണം. അതിനേക്കാളും അടുത്തുള്ള മൂന്നാമത്തെ തന്ത്രി മന്ദ്രസ്ഥായിപഞ്ചമത്തിൽ നിത്തണം. ഏററവും അടുത്ത നാലാമത്തെ തന്ത്രി മധ്യസ്ഥായിഷഡ്ജത്തിലും നിത്തണം എന്നർത്ഥം.

സൂ—താസു പ്രഥമദ്വിതീയേ താമ്രാംശസങ്കലിതരജതപിത്തളാന്യതരമയ്യൌ ഗജവാലലോമസ്ഥൂലേ മന്ദ്രധ്വനി ച. പരേ പാശ്വഗതശ്രുതിതന്ത്ര്യശ്ച താഭ്യാം ക്രമശോ ന്യൂനസ്ഥൌല്യാസ്സുദൃഢകാളായോമയ്യഃ കളമധുരധ്വാനാശ്ച. ൪൬

ഭാ—ആ നാലു കമ്പികളിൽ അനുമന്ദ്രപഞ്ചമത്തിലുള്ള ഒന്നാമത്തെക്കമ്പിയും മന്ദ്രഷഡ്ജത്തിലുള്ള രണ്ടാമത്തെക്കമ്പിയും അല്പം ചെമ്പു ചേർത്തുരുക്കിയ വെള്ളികൊണ്ടുള്ളതോ

പിത്തളകൊണ്ടുള്ളതോ ആയിരിക്കണം. ആ രണ്ടു കമ്പികളും ഏകദേശം ആനയുടെ വാലിന്മേലുള്ള രോമത്തോളം വണ്ണമുള്ളവയും ഗാംഭീര്യമുള്ള നാദം പുറപ്പെടുന്നവയുമാകണം. മററു രണ്ടു കമ്പികളും പാൎശ്വത്തിലുള്ള മൂന്നു ശ്രുതിക്കമ്പികളും നല്ല കട്ടപ്പുമുള്ള ഉരുക്കുകൊണ്ടുള്ളവയായിരിക്കണം. ക്രമത്തിൽ വണ്ണം കുറഞ്ഞിരിക്കുന്നവയുമാവണം. എന്നു വെച്ചാൽ, മന്ദ്രഷഡ്ജത്തിന്നുള്ള വെള്ളിക്കമ്പിയേക്കാൾ വണ്ണം അല്പം കുറഞ്ഞതാകണം മന്ദ്രപഞ്ചമത്തിന്നുള്ള ഉരുക്കുകമ്പി. അതിനേക്കാൾ അല്പം വണ്ണം കുറഞ്ഞതാകണം മധ്യഷഡ്ജക്കമ്പി. അതിനേക്കാളും വണ്ണം കുറഞ്ഞതാകണം ശ്രുതിക്കമ്പികളിലെ മേൽക്കമ്പി. ഇങ്ങനെ ക്രമമെന്നു താൽപര്യം. ആ ഉരുക്കുകമ്പികൾ മനോഹരവും മധുരവും കേൾക്കുമ്പോൾ കുളിർമയുണ്ടാക്കുന്നതുമായ നാദം പുറപ്പെടുന്നവയുമായിരിക്കണം. മണിനാദമെന്നു പറഞ്ഞുവരുന്ന ജാതിയിലുൾപ്പെട്ടതും കണിപ്പെന്ന ഗുണവിശേഷമുള്ളതുമായിരിക്കണം ആ കമ്പികളുടെ നാദമെന്നൎത്ഥം. ആ ഗുണം കമ്പികളുടെ വണ്ണം കുറയുന്നതിന്നനുസരിച്ചു കൂടിക്കൂടി വരികയും വേണം.

പാൎശ്വതന്ത്രികളുടെ യോജനക്രമം പറയുന്നു—

സൂ—പാൎശ്വതന്ത്ര്യസ്തിസ്രഃ ഊൎദ്ധ്വാധഃക്രമാന്മധ്യസപതാരസസ്ഥാഃ. ൪൬

ഭാ—പാൎശ്വത്തിലുള്ള മൂന്നു ശ്രുതിക്കമ്പികൾ മേലിൽനിന്നു കീഴ്പോട്ടു ക്രമത്തിൽ മധ്യഷഡ്ജം, മധ്യപഞ്ചമം, താരഷഡ്ജം ഈ സ്വരങ്ങളിൽ നിൎത്തേണ്ടതാണ്. അതായത് മേലെയുള്ള കമ്പി, മേൽകമ്പികളിൽ നാലാമത്തേതിനോടൊപ്പിച്ചു മധ്യസ്ഥായിഷഡ്ജത്തിലും രണ്ടാമത്തെക്കമ്പി മധ്യസ്ഥായിപഞ്ചമത്തിലും മൂന്നാമത്തെക്കമ്പി താരസ്ഥായിഷഡ്ജത്തിലും നിൎത്തണം.

ഏഴു കമ്പികൾക്കും പ്രസിദ്ധങ്ങളായ പ്രത്യേകനാമങ്ങൾ കാണിക്കുന്നു—

സൂ—താശ്ച ക്രമാദനുമന്ദ്ര, മന്ദ്ര, പഞ്ചമ, സാരണി, പക്ഷസാരണി, മല്ല, ചില്ലികാസംജ്ഞാഃ. പാൎശ്വഗാഃ ശ്രുതിസംജ്ഞാസ്താളസംജ്ഞാശ്ച സാമാന്യതഃ. ൪൭

ഭാ—ആ ഏഴു കമ്പികൾക്കും ക്രമത്തിൽ അനുമന്ദ്രക്കമ്പി, മന്ദ്രക്കമ്പി, പഞ്ചമക്കമ്പി, സാരണി, പക്ഷസാരണി, മല്ലപഞ്ചമം, ചില്ലിക ഇങ്ങനെ പ്രത്യേകസംജ്ഞകളും അഭിജ്ഞവ്യവഹാരസിദ്ധങ്ങളായിട്ടുണ്ട്. നാമൈകദേശഗ്രഹണാന്നാമഗ്രഹണം എന്ന ന്യായമനുസരിച്ച് അനുമന്ദ്രപഞ്ചമക്കമ്പിയെ അനുമന്ദ്രമെന്നും മന്ദ്രഷഡ്ജക്കമ്പിയെ മന്ദ്രമെന്നും മന്ദ്രപഞ്ചമക്കമ്പിയെ പഞ്ചമമെന്നും പറഞ്ഞു വരുന്നു. മട്ടുകളിൽ സ്വരങ്ങളെ മാറിമാറിക്കാണിക്ക എന്ന സ്വരസാരണ അധികവും നാലാമത്തെ മേൽക്കമ്പിയിലാണ് വായനയിൽ വരുന്നതെന്ന സംഗതിയനുസരിച്ച് ആ കമ്പിക്കു സാരണി എന്നു പേർ. ബാഹുല്യേന വ്യവഹാരാസ്സംഭവന്തി എന്നാണ് അതിന്നു ന്യായം. ആ സാരണിക്കമ്പിയെ അനുസരിച്ച് അതേ മധ്യഷഡ്ജത്തിൽത്തന്നെ നിൽക്കുന്നതാകയാൽ പക്ഷഭാഗത്തിലെ മേലെക്കമ്പിക്കു പക്ഷസാരണിയെന്നു പേർ. മല്ലപഞ്ചമമെന്നത് ആ കമ്പിയുടെ നാദത്തിന്നുണ്ടാകുന്ന ബലപ്രതീതിയനുസരിച്ചും ചില്ലികയെന്നത് അതിൻെറ നാദം ചിൽ എന്ന ശബ്ദത്തെ അനുകരിക്കുന്ന മാതിരിയിലിരിക്കുന്നതനുസരിച്ചും ഉണ്ടായ പേരുകളാണ്. ഇങ്ങനെ വിവേചനം. പാൎശ്വത്തിലെ മൂന്നു തന്ത്രികൾക്കും പൊതുവായി ശ്രുതിതന്ത്രികളെന്നും താളതന്ത്രികളെന്നും ഉള്ള സംജ്ഞകളുമുണ്ട്. ആ സംജ്ഞകളുടെ ആഗമനം സ്പഷ്ടം.

മധ്യമേളവീണയിലെ തന്ത്രീയോജനപ്രകാരം പറയുന്നു—

സൂ—മധ്യമേളായാന്തു മന്ദ്രസപമധ്യസമസ്ഥാ ഉപരിതന്ത്ര്യഃ ക്രമാൽ ഷഡ്ജപഞ്ചമാനുസാരണീസാരണ്യാഖ്യാഃ. ൭൯

ഭാ—മധ്യമേളവീണയിലാകട്ടേ മേൽ കമ്പികളിൽ അകലെയുള്ള ഒന്നാമത്തേതു മന്ദ്രസ്ഥായിഷഡ്ജത്തിലും അതിന്നടുത്ത രണ്ടാമത്തേതു മന്ദ്രസ്ഥായിപഞ്ചമത്തിലും മൂന്നാമത്തേതു മധ്യസ്ഥായിഷഡ്ജത്തിലും നാലാമത്തേതു മധ്യസ്ഥായിമധ്യമത്തിലുമാണ് നിൎത്തേണ്ടത്. അവയ്ക്ക ക്രമത്തിൽ ഷഡ്ജക്കമ്പി, പഞ്ചമക്കമ്പി, അനുസാരണി, സാരണി ഇങ്ങനെ സംജ്ഞകളുമാണ്. ഇവയിൽ ഷഡ്ജക്കമ്പി മാത്രമേ വെള്ളികൊണ്ടോ പിത്തളകൊണ്ടോ വേണ്ടതുള്ളു. മററു മൂന്നു കമ്പികളും ശ്രുതിക്കമ്പികളും ഉരുക്കുകൊണ്ടുള്ളവയും ക്രമത്തിൽ വണ്ണം കുറഞ്ഞവയുമായിരിക്കണം.

സൂ—പാൎശ്വഗാശ്ച മധ്യമപതാരസസ്ഥാഃ ക്രമാൽടിപ്പീമല്ലചില്ലികാഖ്യാഃ ശ്രുതിസംജ്ഞാസ്താളസംജ്ഞാശ്ച. ൮൦

ഭാ—മധ്യമേളവീണയിലെ പാൎശ്വത്തിലുള്ള മൂന്നു കമ്പികളിൽ മേലെയുള്ളതു മധ്യസ്ഥായിമധ്യമത്തിലും രണ്ടാമത്തേതു മധ്യസ്ഥായിപഞ്ചമത്തിലും കീഴെയുള്ളതു താരസ്ഥായിഷഡ്ജത്തിലും നിൎത്തണം. മേലെയുള്ളതിന്നു ടിപ്പിയെന്നും രണ്ടാമത്തേതിന്നു മല്ലപഞ്ചമമെന്നും കീഴെയുള്ളതിന്നു ചില്ലികയെന്നും പ്രത്യേകസംജ്ഞകളും മൂന്നിന്നും പൊതുവായി ശ്രുതിക്കമ്പികളെന്നും താളക്കമ്പികളെന്നുമുള്ള സംജ്ഞകളുമുണ്ട്.

ഇനി ശുദ്ധമേളവീണയെപ്പററിയും മധ്യമേളവീണയെപ്പററിയും ചില ഗ്രന്ഥകാരന്മാർ പറയുന്നതു നല്ല യുക്തമല്ലെന്നു തെളിയിപ്പാനായി അവരുടെ മതഭേദങ്ങളെ കാണിക്കുന്നു—

സൂ—സോമനാഥാദയസ്തു ശുദ്ധമേളാം മധ്യമേളാം ച വൈപരീത്യേനാഹുഃ. ൮൧

ഭാ—സോമനാഥൻ, രാമാമാത്യൻ, വെങ്കടമഖി എന്നിവരാകട്ടേ ഇവിടെ മേൽകാണിച്ചതിന്നു നേരെ വിപരീതമായിട്ടാണ് ശുദ്ധമേളവീണയുടെയും മധ്യമേളവീണയുടെയും സ്വഭാവങ്ങളെ പറയുന്നത്. ഇവിടെ ശുദ്ധമേളവീണയെന്നു പറഞ്ഞ വീണയെ അവർ മധ്യമേളവീണയെന്നും മധ്യമേളവീണയെന്നിവിടെ പറഞ്ഞ വീണയെ അവർ ശുദ്ധമേളവീണയെന്നും പറയുന്നു എന്നൎത്ഥം.

സൂ—തത്രാപി സോമനാഥാമാത്യൗ തന്മതശുദ്ധമേളായാമുപരിതന്ത്രീഃ ക്രമാദനുമന്ദ്രസപമന്ദ്രസമഗതാ ആഹതുഃ. വെങ്കടാധ്വരി പുനരത്ര ദൎശിതാഃ ൮൨

ഭാ—അതിന്നും പുറമെ അവരിൽ സോമനാഥനും രാമാമാത്യനും അവരുടെ മതപ്രകാരമുള്ള ശുദ്ധവീണയിൽ അതായത് വാസ്തവസ്ഥിതിയിൽ മധ്യമേളയെന്നു പറയേണ്ട വീണയിൽ മേൽകമ്പികളെ നാലും യോജിപ്പിക്കുന്ന വിഷയത്തിലും ഇവിടെക്കാണിച്ചതിൽനിന്നു വ്യത്യാസപ്പെട്ട മട്ടിലാണ് പറഞ്ഞിരിക്കുന്നത്. അതിൽ ഒന്നാമത്തെക്കമ്പി അനുമന്ദ്രസ്ഥായിഷഡ്ജത്തിലും രണ്ടാമത്തേത് അനുമന്ദ്രപഞ്ചമത്തിലും മൂന്നാമത്തേതു മന്ദ്രഷഡ്ജത്തിലും നാലാമത്തേതു മന്ദ്രമധ്യമത്തിലും നിൎത്തണമെന്നാണ് അവർ പറയുന്നത്. ഇവിടെപ്പറഞ്ഞതിൽനിന്ന് ഒരു സ്ഥായി കുറഞ്ഞിട്ടുള്ള നിലയിലാണ് കമ്പികളെ നിൎത്തേണ്ടതെന്നാണ് ആ രണ്ടു ഗ്രന്ഥകാരന്മാരും പറയുന്നതെന്നു ചുരുക്കം. വെങ്കടമഖിയാകട്ടേ ഇവിടെക്കാണിച്ച വിധത്തിൽ മന്ദ്രഷഡ്ജം, മന്ദ്രപഞ്ചമം, മധ്യഷഡ്ജം, മധ്യമധ്യമം എന്ന ക്രമത്തിൽതന്നെ കമ്പികളെ നിൎത്തണമെന്നു പറയുന്നു.

"അനുമന്ദ്രഷഡ്ജമാദ്യോനമന്ദ്രേ പം ദ്വിതീയകാ തന്ത്രീ
മന്ദ്രാ സം ഗാ തൃതീയാ ചതുർത്ഥികാ മധ്യമം മന്ദ്രം."

എന്നു സോമനാഥന്റെ രാഗവിബോധത്തിലും,

"ആദ്യായാം സ്ഥാപയേൽ ഷഡ്ജമനുമന്ദ്രാഭിധാനകം
അനുമന്ദ്രം പഞ്ചമം തു ദ്വിതീയായാം നിവേശയേൽ
തൃതീയായാം തന്ത്രികായാം മന്ദ്രഷഡ്ജം പ്രയോജയേൽ
കല്പയേച്ച സ്വരം തന്ത്ര്യാം ചതുർത്ഥ്യാം മന്ദ്രമധ്യമം."

എന്നു രാമാമാത്യന്റെ സ്വരമേളകലാനിധിയിലും,

"ആദ്യായാം മന്ദ്രഷഡ്ജാഖ്യം സ്വരം തന്ത്ര്യാം നിയോജയേൽ
തതഃ പഞ്ചമനാമാനം ദ്വിതീയായാം നിവേശയേൽ
തൃതീയായാം തന്ത്രികായാം മധ്യഷഡ്ജം നിവേശയേൽ
മധ്യമധ്യമനാമാനം തുരീയായാം നിവേശയേൽ."

എന്നു വെങ്കടമഖിയുടെ ചതുർദ്ദണ്ഡീപ്രകാശികയിലും പ്രസ്താവിച്ചിട്ടുള്ളതു നോക്കുക.

സൂ—തഥാ താവുഭൌ തസ്യാം പാർശ്വതന്ത്രീഃ ക്രമാന്മന്ദ്രസപമധ്യസഗതാമന്ദ്രസഗതാമേകാം മധ്യസഗതേ ദ്വേ ച വാ മന്യേതേ. വെങ്കടാധ്വരീ തു മധ്യസപതാരസഗതാഃ. ൭൨

ഭാ—അപ്രകാരം സോമനാഥനും അമാത്യനും മധ്യമേളയെന്നു പറയേണ്ട ആ വീണയിലെ പാർശ്വതന്ത്രികളിലും ഒന്നാമത്തേതായ മൂകളിലത്തെക്കമ്പി മന്ദ്രഷഡ്ജത്തിലും രണ്ടാമത്തേതു മന്ദ്രപഞ്ചമത്തിലും മൂന്നാമത്തേതു മധ്യഷഡ്ജത്തിലും നിർത്തേണ്ടതാണെന്നാണ് പറയുന്നത്. അതിൽ സോമനാഥൻ പക്ഷാന്തരമായി വേറെ രണ്ടുതരത്തിലും കാണിക്കുന്നുണ്ട്. ഒന്നാമത്തെക്കമ്പി മന്ദ്രഷഡ്ജത്തിലും രണ്ടാമത്തേതു മധ്യഷഡ്ജത്തിലും മൂന്നാമത്തേതു താരഷഡ്ജത്തിലും നിർത്തുക. അല്ലെങ്കിൽ ഒന്നാമത്തേതു മന്ദ്രഷഡ്ജത്തിലും രണ്ടാമത്തേതും മൂന്നാമത്തേതും മധ്യഷഡ്ജത്തിലും നിർത്തുക. ഇങ്ങനെയാണ് ആ പക്ഷാന്തരങ്ങൾ. വെങ്കടമഖിയാകട്ടെ ആ വീണയിലെ പാർശ്വതന്ത്രികൾ ക്രമത്തിൽ മധ്യഷഡ്ജത്തിലും മധ്യപഞ്ചമത്തിലും താരഷഡ്ജത്തിലും നിർത്തണമെന്നു പറഞ്ഞിരിക്കുന്നു.

"പാർശ്വേ തൂപരിഗാദ്യാ മന്ദ്രം സം മധ്യമാ ച മന്ദ്രം പം
അന്ത്യാ മധ്യം ഷഡ്ജം ശ്രുത്യാഖ്യാസ്തിസ്ര ഏതാസ്സ്യുഃ.
സരി വാ ഷഡ്ജേ ശ്രുതയോ മന്ദ്രേ മധ്യേ ക്രമാത്സകൃദ്വിശ്ച
യദ്വാ ഷഡ്ജേ മന്ദ്രേ മധ്യേ താരേ തഥാ താസ്സ്യുഃ."

എന്നു സോമനാഥഗ്രന്ഥം.

"പ്രഥമാ മധ്യഷഡ്ജേന സമാനശ്രുതിരിഷ്യതേ
ദ്വിതീയാ തന്ത്രികാ ജ്ഞേയാ മന്ദ്രപഞ്ചമസമ്മിതാ
തൃതീയാ മന്ദ്രഷഡ്ജേന സമ്മിതാ കഥിതാ ബുധൈഃ."

എന്നു രാമാമാത്യഗ്രന്ഥം.

"ആദ്യാ ടിപ്പപ്രഭിധാ താരഷഡ്ജതുല്യധ്വനിർഭവേൽ
ദ്വിതീയാ തന്ത്രികാ ജ്ഞേയാ മധ്യപഞ്ചമസമ്മിതാ
തൃതീയാ മധ്യഷഡ്ജേന സമ്മിതാ ഝല്ലികാഭിധാ.

എന്നു വെങ്കടമഖിഗ്രന്ഥം. ഇവിടെ അമാത്യനും വെങ്കടമഖിയും പുറത്തിൽനിന്നു മേൽപ്പോട്ടാണ് പാൎശ്വതന്ത്രികളുടെ ഒന്ന്, രണ്ട്, മൂന്ന് എന്ന ക്രമം ഗണിച്ചിരിക്കുന്നത് എന്ന വൈപരീത്യവും കണ്ടുകൊൾക.

അവരുടെ ആ മതങ്ങൾ നല്ല യുക്തമല്ലെന്നു കാണിക്കുന്നു—

സൂ—തന്നാ സമഞ്ജസം. ഉപരിതന്ത്ര്യാസ്തു തുരീയായാ വാദനസ്യ ബാഹുല്യേന പ്രാധാന്യാത്തൽസ്ഥാപിതസ്വരാനുരോധേനൈവ റി മേളസംജ്ഞായാ ഔചിത്യം. ൧൪

ഭാ—സോമനാഥാദികളുടെ ആ മതം പല സംഗതികളിലും യുക്തമായിരിക്കുന്നില്ല. ഒന്നാമതായി ശുദ്ധമേളയെന്നും മധ്യമേളയെന്നും ഓരോ വീണകൾക്ക് അവർ സംജ്ഞകൾ കൊടുത്തിട്ടുള്ളതിനെപ്പററിത്തന്നെ ആലോചിക്കാം. നാലു മേൽകമ്പികളുള്ളതിൽ വായിക്കുന്നവൻെറ വലത്തെക്കയ്യിന്ന് ഏററവും അടുത്തുള്ള നാലാമത്തെകമ്പിമേലാണ് പ്രയോഗത്തിൽ അധികഭാഗവും വരുന്നത്. എല്ലാ സ്വരസ്ഥാനങ്ങളിലും ഇടത്തെക്കയ്യിൻെറ വിരലുകൾ ചെല്ലുന്നതും ആ കമ്പിമേലാണ്. മററു കമ്പികളിന്മേൽ ആദ്യമുള്ള ചില സ്വരസ്ഥാനങ്ങളിൽ മാത്രമേ മിക്കതും വായിക്കാറുള്ളൂ. അതും മൂന്നാമത്തേതിന്മേൽക്കാൾ കുറയും രണ്ടാമത്തേതിൽ. അതിനേക്കാളും കുറയും ആദ്യത്തേതിൽ. അതുകൊണ്ടു പ്രയോഗവിഷയത്തിൽ ആ നാലാമത്തെക്കമ്പിക്കാണ് പ്രാധാന്യമെന്നുള്ള സംഗതി നിൎവ്വിവാദമാണ്. ആ സ്ഥിതിക്ക് "പ്രാധാന്യേന നാമാനി ക്രിയന്തേ" എന്ന ന്യായമനുസരിച്ചു പ്രധാനമായ നാലാമത്തെക്കമ്പി ഏതു സ്വരത്തിൽ നിൎത്തുന്നുവോ ആ സ്വരത്തെയോ അതിന്നുള്ള പ്രത്യേകസ്വഭാവത്തെയോ ആസ്പദമാക്കി ആ സ്വരമാണ് പ്രധാനതന്ത്രിയിലേ ആലംബസ്വരമെന്നു സൂചിപ്പിക്കത്തക്കവിധത്തിലുള്ള മേളസംജ്ഞ അതാതു വീണകൾക്കു നിൎദ്ദേശിക്കയാണ് ഉചിതമായിരിക്കുന്നത്, അല്ലാതെ അതിന്നു വിപരീതം തോന്നത്തക്കവിധത്തിലുള്ള സംജ്ഞകൾ കല്പിക്കുന്നതല്ല.

മുഖ്യതകൊണ്ടു ശുദ്ധത്വം ഷഡ്ജത്തിന്നും മധ്യസ്ഥിതികൊണ്ടു മധ്യത്വം മധ്യമത്തിന്നുമാണെന്നു തെളിയിക്കുന്നു —

സൂ—തഥാച സ്ഥായ്യാധാരശ്രുതിഗതതയാന്യേഷാം തദപേക്ഷതയാ പ്രഥമതയാ ച മുഖ്യത്വാൽ ഷഡ്ജസ്യൈവ ശുദ്ധാഭിധാനയോഗ്യതാ മധ്യഗതതയാ മധ്യമസ്യൈവ മധ്യാഭിധാനാൎഹതാ യുക്താ. ൧൫

ഭാ—ഔചിത്യം അപ്രകാരമായിരിക്കേ ഷഡ്ജമധ്യമങ്ങളിൽ ഏതേതിന്നാണ് ശുദ്ധസംജ്ഞയും മധ്യസംജ്ഞയും കൊടുക്കുന്നത് ഉചിതമായിരിക്കയെന്നാണ് നോക്കേണ്ടത്. ഷഡ്ജസ്വരമാണ് സ്ഥായിക്കാധാരമായ ശ്രുതിയിലുള്ളത്. അതിനാൽ ആ സ്വരം മുതൽക്കാണ് മററുസ്വരങ്ങളെക്കണക്കാക്കേണ്ടത്. മററു സ്വരങ്ങളെല്ലാം ആ ഷഡ്ജത്തെ അപേക്ഷിച്ചാണ് ഓരോരോ സ്ഥാനങ്ങളിൽ വ്യവസ്ഥപ്പെടുന്നതും. സ്വരങ്ങളിൽ വെച്ച് ആദ്യത്തേതും അതാണ്. അതുകൊണ്ടു മററുള്ളവയോടു താരതമ്യപ്പെടുത്തി നോക്കുമ്പോൾ ശുദ്ധസ്വരങ്ങളിൽപോലും പലതുകൊണ്ടും അധികം മുഖ്യമായിട്ടുള്ളത്, അതായത് പ്രധാനമായ ശുദ്ധസ്വരമെന്നു ഗണിപ്പാനൎഹമായിട്ടുള്ളതു ഷഡ്ജമാണല്ലോ. ആ നിലയിൽ പ്രാധാന്യമനുസരിച്ചു വ്യവഹാരം എന്ന ന്യായത്താൽ ശുദ്ധശബ്ദംകൊണ്ടു നിൎദ്ദേശിപ്പാൻ മധ്യമത്തേക്കാൾ അൎഹതയുള്ളതും മുഖ്യശുദ്ധസ്വരമായ ഷഡ്ജത്തിന്നാണ്. അപ്രകാരംതന്നെ സപ്തസ്വരങ്ങളുടെ മധ്യത്തിൽ അവയെ തുല്യഗുണങ്ങളായ പൂൎവ്വാപരഭാഗങ്ങളാക്കി വേർതിരിച്ചുകൊണ്ടു

മധ്യസ്ഥനിലയിലും സ്ഥായിമധ്യത്തിലും ഉള്ള സ്വരമാണ് മധ്യമമെന്നു മുമ്പുതന്നെ കാണിച്ചിട്ടുണ്ട്. മധ്യമമെന്ന പേരിന്നും സപ്തസ്വരങ്ങളിൽ മധ്യത്തിലുള്ളത് എന്നാണ് അന്വയാർത്ഥമെന്നും പറഞ്ഞിട്ടുണ്ട്. അതുകൊണ്ടു മധ്യശബ്ദംകൊണ്ടു നിർദ്ദേശിപ്പാൻ ഷഡ്ജത്തേക്കാൾ അധികം യോഗ്യമായിരിക്കുന്നതു മധ്യസ്വരമായ മധ്യമവുമാണ്.

ഇനി ഷഡ്ജഗ്രാമഗീതങ്ങളിലും മററും ഗീതാദ്യാധാരശ്രുതിയിലുള്ളതും പ്രഥമവുമായതിനാൽ മുഖ്യതവഴിക്കുള്ള ശുദ്ധസംജ്ഞായോഗ്യത്വം ഷഡ്ജത്തിന്നാണെങ്കിലും മധ്യമഗ്രാമഗീതങ്ങളിലും മററും ഗീതാദ്യാധാരശ്രുതിയിലുള്ളതും പ്രഥമവുമായ സ്വരം മധ്യമമായതിനാൽ അതനുസരിച്ച മധ്യമത്തിന്നും മുഖ്യത്വമുണ്ട്. അതുകൊണ്ട് ആ സ്വരത്തെയും ശുദ്ധസംജ്ഞകൊണ്ടു നിർദ്ദേശിക്കാവുന്നതാണ്. ആ സംഗതിയെ ആസ്പദമാക്കീട്ടാണ് നാദനത്തിൽ പ്രധാനമായ നാലാമത്തെക്കമ്പി മധ്യമസ്വരത്തിൽ നിൎത്തുന്ന വീണക്കു ശുദ്ധമേളവീണയെന്നു സംജ്ഞ കല്പിച്ചിട്ടുള്ളത് എന്നിങ്ങനെയുള്ള വാദവും ശരിയാകുന്നതല്ലെന്നു പറയുന്നു—

സൂ—ദക്ഷിണേ മധ്യമഗ്രാമാഭാവാന്മധ്യപദസ്യ നിരൎത്ഥകതാപത്തേഃ മാൎഗ്ഗേപി മധ്യപദേന മധ്യമനിൎദ്ദേശസ്യൈവോചിതത്വേന ശുദ്ധപദസ്യ ഷഡ്ജാഭിധായകത്വേ പൎയ്യവസാനാച്ച. ൩൧

ഭാ—'ഷഡ്ജസ്യൈവ ശുദ്ധാഭിധാനയോഗ്യതാ, മധ്യമസ്യൈവ മധ്യാഭിധാനാൎഹതാ' എന്ന ഭാഗങ്ങൾ മുൻ സൂത്രത്തിൽനിന്നനുവൎത്തിക്കുന്നു. മാൎഗ്ഗപ്രസ്ഥാനത്തിലെ മധ്യമഗ്രാമഗീതാദികളെപ്പററിയേടത്തോളം മധ്യമവും ഗീതാധാരശ്രുതിയിലുള്ള സ്വരമായതിനാൽ അതിന്നും മുഖ്യത്വം പറയാമെങ്കിലും സപ്തസ്വരങ്ങളിൽ ഒന്നാമത്തേതായി ഷഡ്ജസ്വരത്തെയല്ലാതെ മധ്യമത്തെഗ്ഗണിച്ച് ഒരിക്കലും വ്യവഹാരമില്ലാത്തതിനാൽ പ്രസിദ്ധപ്രാഥമ്യം മധ്യമത്തിന്നില്ല. മധ്യമഗ്രാമത്തെ ക്രമവികാരത്തിന്റെ നിലയിൽ മാത്രമാണ് മാൎഗ്ഗപ്രസ്ഥാനത്തിലും ഗണിച്ചിട്ടുള്ളത്. എന്നു മാത്രമല്ല, മധ്യമഗ്രാമഗീതങ്ങൾപോലെ ഷഡ്ജഗ്രാമഗീതങ്ങളും മാൎഗ്ഗത്തിലുള്ളതിനാൽ ഷഡ്ജത്തേക്കാൾ മുഖ്യമാണ് മധ്യമമെന്ന് ആ പ്രസ്ഥാനത്തിലും പറയാവുന്നതല്ല. നേരെമറിച്ച പ്രസിദ്ധപ്രാഥമ്യംകൊണ്ടുള്ള മുഖ്യത്വം ഷഡ്ജത്തിന്നുതന്നെയാണ് അതിലും മധ്യമത്തേക്കാൾ അധികമുള്ളത്. അത്രയുമല്ല, ശുദ്ധമേള, മധ്യമേള എന്നിങ്ങനെ ശുദ്ധമധ്യശബ്ദങ്ങൾ ചേൎത്തു വിഭജിക്കുമ്പോൾ അതിലെ മധ്യശബ്ദം മുമ്പുകാണിച്ച കാരണങ്ങളാൽ മധ്യമത്തെക്കാണിക്കുന്നതിന്നാണ് അധികം സമൎത്ഥമായിരിക്കുന്നത്. അതിനാൽ ആ ശബ്ദം മധ്യമസ്വരത്തെക്കുറിക്കുന്നുവെന്നു പറയുന്നതേ യുക്തവും ഉചിതവുമായി മാൎഗ്ഗപ്രസ്ഥാനത്തെപ്പററിയേടത്തോളവും വരികയുള്ളൂ. അപ്പോൾ ശുദ്ധശബ്ദംകൊണ്ടു ഷഡ്ജത്തെയാണ് നിൎദ്ദേശിച്ചിരിക്കുന്നതെന്നേ ആ പ്രസ്ഥാനത്തിലും പൎയ്യവസിക്കയുമുള്ളൂ. ദക്ഷിണപ്രസ്ഥാനത്തെപ്പററിയേടത്തോളമാണെങ്കിൽ ആ പ്രസ്ഥാനത്തിൽ ഷഡ്ജഗ്രാമഗീതാദികളല്ലാതെ ത്രിശ്രുതിപഞ്ചമം നിയതമായിട്ടുള്ള മധ്യമഗ്രാമഗീതാദികൾതന്നെയുമില്ല. ദുല്ലഭം ചിലപ്പോൾ വൈചിത്ര്യത്തിന്നു മാത്രമായി മധ്യമത്തെ ആധാരശ്രുതിയാക്കിവെച്ചുകൊണ്ടു ചില പദങ്ങളും മററും പ്രയോഗത്തിൽ കാണിക്കാറുണ്ടെങ്കിലും അവയിലും പഞ്ചമസ്വരം ചതുശ്ശ്രുതികമായ ഷഡ്ജഗ്രാമപഞ്ചമംതന്നെയാകയാൽ അവ മധ്യമഗ്രാമഗീതങ്ങളാവില്ല. ഷഡ്ജഗ്രാമഗീതങ്ങൾതന്നെയാണ്. അതുകൊണ്ടു ദക്ഷിണപ്രസ്ഥാനത്തെപ്പററിയേടത്തോളം വിശേഷിച്ചും ഷഡ്ജത്തിന്നു മാത്രമേ മുഖ്യതവഴിക്കുള്ള ശുദ്ധസംജ്ഞക്ക് അൎഹതതന്നെ വരികയുള്ളൂ. മധ്യമത്തിന്ന് അതൊരിക്കലും വരില്ല. അതിനാൽ ആ പ്രസ്ഥാനത്തിൽ പ്രത്യേകിച്ചും ഷഡ്ജത്തിന്നല്ലാതെ മധ്യമത്തിന്നു ശുദ്ധപദംകൊണ്ടുള്ള നി

ദ്ദേശവും ഷഡ്ജത്തിന്നു മദ്ധ്യപദംകൊണ്ടുള്ള നിർദ്ദേശവും യുക്തമായിരിക്കയുമില്ല. എന്നുത ന്നെയല്ല. "അസ്മാഭിൎമ്മദ്ധ്യമഗ്രാമോ ഹ്യസൽപ്രായ ഇതീയ്യതേ." എന്നും "ഏക ഏവ തതഃ ഷഡ്ജഗ്രാമ ഇത്യവധാൎയ്യതേ." എന്നും മററുമുള്ള ഗ്രന്ഥങ്ങളാൽ മദ്ധ്യമഗ്രാമം ഇല്ലാത്തതാ ണെന്നും ഷഡ്ജഗ്രാമം മാത്രമേയുള്ളു എന്നും പറയുന്ന അവൎക്കു മേൽപ്പറഞ്ഞ വാദം പുറപ്പെടു വിക്കാൻതന്നെ അവകാശവുമില്ല. അതിന്നും പുറമെ മദ്ധ്യമഗ്രാമമനുസരിച്ചു മദ്ധ്യമാദിക്രമ ത്തിൽ സപ്തസ്വരങ്ങളെഗ്ഗണിക്കുമ്പോൾ ഷഡ്ജം അവയിൽ അഞ്ചാമത്തെ സ്വരമായിട്ടല്ലാ തെ മദ്ധ്യത്തിലുള്ള സ്വരമാകയില്ല. അതിനാൽ ഷഡ്ജത്തിൽ നാലാമത്തെ പ്രധാനതന്ത്രി നിൎത്തുന്ന വീണെക്കു മദ്ധ്യമേളവീണയെന്നു സംജ്ഞകല്പിക്കുന്നതിൽ ഒരു ന്യായവുമില്ലാത്തതു കൊണ്ട് അതിലെ മദ്ധ്യപദം നിരൎത്ഥകമാണെന്നുതന്നെ പറയേണ്ടതായും വരും.

യുക്തിയും സ്വാരസ്യവുമൊന്നും നോക്കാതെ രണ്ടുതരം മേളങ്ങളിലുള്ള വീണക ളിൽ ഓരോ തരത്തിന്നും വ്യവഹാരസൌകൎയ്യത്തിന്നുവേണ്ടി ഇഷ്ടംപോലെ നിശ്ചയിച്ചിട്ടു ള്ളവ മാത്രമാണ് ശുദ്ധമേളയെന്നും മദ്ധ്യമേളയെന്നും ഉള്ള സംജ്ഞകൾ എന്നു പറയുന്ന പ ക്ഷത്തിൽ അങ്ങനെ തെററിദ്ധരിപ്പിക്കത്തക്കവിധത്തിലുണ്ടായ ഇഷ്ടം നല്ല ശരിയായതല്ലെ ന്നു കാണിക്കുന്നു—

സൂ—സംഭവതി സാൎത്ഥകതേ നിരൎത്ഥകതാകല്പനായാ അന്യായ്യതാ ച്ചേത്യത്രോക്തസരണിരേവ ജ്യായസീ. ൬

ഭാ—സ്വരങ്ങളിൽ പ്രാഥമ്യംകൊണ്ടും മററും മുഖ്യതയുള്ളതിനാൽ മേൽപ്രകാരം ശു ദ്ധമെന്നു പറയാവുന്ന ഷഡ്ജത്തിൽ സാരണിക്കമ്പി നിൎത്തീട്ടുള്ള വീണ ശുദ്ധമേളവീണ. അ ല്ലെങ്കിൽ, ഷഡ്ജസ്വരനാദത്തെ അവലംബമാക്കി അതിനെ അപേക്ഷിച്ചാണ് ഋഷഭാദിസ്വ രങ്ങളുടെ സ്ഥിതിയിരിക്കുന്നതെന്നുള്ളതിനാൽ ഋഷഭാദിസ്വരങ്ങളെല്ലാം സാപേക്ഷങ്ങളാ ണ്. ഷഡ്ജമാകട്ടേ ഗായകൻെറയോ വാദകൻെറയോ ഇച്ഛപോലെ സ്വീകരിക്കുന്നതാക യാൽ നിരപേക്ഷവുമാണ്. ശുദ്ധപദത്തിന്ന് അന്യനിരപേക്ഷം. കേവലം അതായത് അ ന്യബന്ധത്തെ ആശ്രയിക്കാത്തത് എന്ന അൎത്ഥം പ്രസിദ്ധവുമാണ്. അങ്ങനെ നിരപേക്ഷ സ്വരമായ ഷഡ്ജത്തിൽ പ്രധാനമായ സാരണിക്കമ്പി നിൎത്തീട്ടുള്ള വീണ ശുദ്ധമേളവീണ. അതുമല്ലെങ്കിൽ, ദക്ഷിണപ്രസ്ഥാനപ്രകാരം ഷഡ്ജവും പഞ്ചമവും വികാരംവരാത്ത സ്വരങ്ങ ളാണ്. മററഞ്ചുസ്വരങ്ങളും ശുദ്ധങ്ങളായിട്ടും വികൃതങ്ങളായിട്ടും വരുന്നതിനാൽ വികാരം വരുന്നവയാണ്. ശുദ്ധപദത്തിന്നു വികാരംവരാത്തത് എന്ന അൎത്ഥം പ്രസിദ്ധവുമാണ്. അങ്ങനെ ഒന്നാമത്തെക്കമ്പി മുതൽ ക്രമത്തിൽ പഞ്ചമം. ഷഡ്ജം, പഞ്ചമം, ഷഡ്ജം, ഷ ഡ്ജം, പഞ്ചമം, ഷഡ്ജം എന്ന നിലയിൽ ഏഴു കമ്പികളും വികാരംവരാത്ത ഷഡ്ജപഞ്ചമ സ്വരങ്ങളിൽത്തന്നെ നിൎത്തീട്ടുള്ള വീണ ശുദ്ധമേളവീണ. ഇപ്രകാരം മൂന്നുവിധത്തിൽ ശുദ്ധ മേള എന്ന സംജ്ഞക്കും മദ്ധ്യസ്വരമായ മദ്ധ്യമത്തിൽ സാരണിക്കമ്പി നിൎത്തീട്ടുള്ള വീണ മദ്ധ്യമേളവീണ എന്നിങ്ങനെ മദ്ധ്യമേള എന്ന സംജ്ഞക്കും സാൎത്ഥകത്വം സംഭവിക്കാമെന്നി രിക്കെ ആ സംജ്ഞകൾ ഓരാ വീണക്കും മാററിക്കല്പിച്ച് അവയെ നിരൎത്ഥകങ്ങളായ വെ റും പാരിഭാഷികസംജ്ഞകൾ മാത്രമാക്കിത്തീൎക്കുന്നതു ന്യായമാകയില്ല. അതിന്നും പുറമെ ഷഡ്ജത്തിൽ സാരണിക്കമ്പി നിൎത്തീട്ടുള്ള വീണക്കാണ് പ്രയോഗവിഷയത്തിൽ പ്രചാരപ്ര സിദ്ധിയും അധികമുള്ളത്; മദ്ധ്യത്തിൽ സാരണിക്കമ്പി നിൎത്തീട്ടുള്ള വീണക്ക് അപ്രകാരമു ള്ള പ്രസിദ്ധിയില്ല. അധികം പ്രസിദ്ധിയുള്ളതു ശുദ്ധമെന്നും ദുല്ലഭമായതു വിശേഷമെന്നും കല്പിക്കുന്നതാണ് ഈവക വിഷയത്തിൽ യുക്തമായിട്ടുള്ളതും. അതുകൊണ്ട് ഈ ഗ്രന്ഥത്തിൽ

കാണിച്ചിട്ടുള്ളപ്രകാരം സാരണിക്കമ്പി ഷഡ്ജത്തിൽ നിൎത്തീട്ടുള്ള വീണക്കു ശുദ്ധമേളയെന്നും അതു മദ്ധ്യമത്തിൽ നിൎത്തീട്ടുള്ളതിന്നു മദ്ധ്യമേളയെന്നും ഉള്ള സംജ്ഞകൾതന്നെയാണ് യുക്ത വും ഉത്തമവുമായിട്ടുള്ളത്.

വാസ്തവത്തിൽ ഈ വിഷയം ആ ഗ്രന്ഥകാരന്മാർ പറയുന്നവിധത്തിലാണെന്നു ശ ങ്കിപ്പാൻതന്നെ അവകാശമില്ലെന്നു തെളിയിക്കുന്നു—

സൂ—വസ്തുതസ്തു മാൎഗ്ഗേ ഷഡ്ജഗ്രാമീയായാം ഷഡ്ജസ്ഥാപിതമുഖ്യത ന്ത്ര്യാം ശുദ്ധമേളായാം മദ്ധ്യമഗ്രാമീയായാം മദ്ധ്യമസ്ഥാപിതമുഖ്യതന്ത്ര്യാം മദ്ധ്യമേളായാമപി സമാനമൂൎച്ഛനാസിദ്ധിപ്രദൎശനാൎത്ഥമേവ മുനിനാ വിഭാഗോ യം ദൎശിത ഇതി നാത്രാന്യഥാ ശങ്കാവകാശോപി. ഉവ്വ

ഭാ—വസ്തുസ്ഥിതിയിലാകട്ടെ മാൎഗ്ഗപ്രസ്ഥാനത്തിൽ ഷഡ്ജഗ്രാമവ്യവസ്ഥയനുസരി ച്ച ഷഡ്ജസ്വരത്തിൽ പ്രധാനതന്ത്രി നിൎത്തീട്ടുള്ള ശുദ്ധമേളവീണയിലും മദ്ധ്യമഗ്രാമവ്യവ സ്ഥയനുസരിച്ച മദ്ധ്യമത്തിൽ പ്രധാനതന്ത്രി നിൎത്തീട്ടുള്ള മദ്ധ്യമേളവീണയിലും ഒരേ വിധ ത്തിലുള്ള സപ്തസ്വരമൂൎച്ഛന സിദ്ധിക്കുമെന്ന സംഗതി കാണിപ്പാൻവേണ്ടി മാത്രമാണ് ഭരത മുനി വീണകൾക്ക് ഈ വക ഭേദം കാണിച്ചിട്ടുള്ളത്. അതിനാൽ ശുദ്ധമേള ഏതാണെന്നും മദ്ധ്യമേള ഏതാണെന്നും ഉള്ള സംഗതിയിൽ അന്യഥാശങ്കക്കുതന്നെ അവകാശമില്ല. മുനി ഗ്രന്ഥം ഇങ്ങനെയാണ്—"ദ്വിവിധൈകമൂൎച്ഛനാസിദ്ധിഃ. തത്ര ദ്വിശ്രുതിപ്രകൎഷാദ്ധൈ വതീകൃതേ ഗാന്ധാരേമൂൎച്ഛനാഗ്രാമയോരന്യതരസ്മിൻ ഷഡ്ജഗ്രാമേ. തദ്വശാന്മദ്ധ്യമാദയോ യഥാസംഖ്യം നിഷാദാദിമത്വം പ്രപദ്യന്തേ. മദ്ധ്യമഗ്രാമേപി ധൈവതമാൎദ്ദവാൽ ഭവതി തുല്യശ്രുത്യന്തരത്വം. ചതുശ്രുതികമന്തരം പഞ്ചമധൈവതയോഃ. തദ്വദ്ഗാന്ധാരോൽക ൎഷാച്ചതുശ്രുതികമന്തരം ഭവതി. ശേഷാശ്ചാപി നിഷാദഷഡ്ജൎഷഭഗാന്ധാരാ മദ്ധ്യമാദിത്വം പ്രാപ്നുവന്തി തുല്യശ്രുത്യന്തരത്വാൽ. അന്തരനിദൎശനമപി ശ്രുതിനിദൎശനേ പ്രോക്തം." ഈ സൂത്രവാക്യങ്ങളുടെ അൎത്ഥം— രണ്ടു തരത്തിലുള്ള വീണയിലും ഒരേ മാതിരി സ്വരക്രമരൂ പമായ മൂൎച്ഛന സിദ്ധിക്കുന്നതാണ്. അവിടെ ഗ്രാമങ്ങളിലൊന്നായ ഷഡ്ജഗ്രാമവീണയിൽ ഗാന്ധാരത്തിന്നു രണ്ടു ശ്രുതി കൂട്ടിയാൽ അതായത് അന്തരഗാന്ധാരമാക്കിയാൽ മദ്ധ്യമഗ്രാമ ധൈവതമായിത്തീരും. അങ്ങനെ ആ ഷഡ്ജഗ്രാമവീണയിലെ ഋഷഭം മദ്ധ്യമഗ്രാമത്തിലെ ത്രിശ്രുതിപഞ്ചമവും ഗാന്ധാരം ധൈവതവും മദ്ധ്യമം നിഷാദവും പഞ്ചമം ഷഡ്ജവും ധൈ വതം ഋഷഭവും നിഷാദം ഗാന്ധാരവുമായിസ്സിദ്ധിക്കുന്നതാണ്. ഇങ്ങനെ ഷഡ്ജഗ്രാമീയ ത്തിൽ മദ്ധ്യമഗ്രാമമൂൎച്ഛന. മദ്ധ്യമഗ്രാമവീണയിലും ധൈവതത്തിന്നു രണ്ടു ശ്രുതി കുറച്ചാൽ ഗാന്ധാരത്തോടു തുല്യശ്രുത്യന്തരമാകും. ആ ഗ്രാമത്തിലെ പഞ്ചമധൈവതങ്ങൾ തമ്മിൽ നാലു ശ്രുത്യന്തരമാണല്ലോ ഉള്ളത്. അതിൽ രണ്ടു ശ്രുതി കുറച്ചാൽ ആ വീണയിലെ പ ഞ്ചമം ഷഡ്ജഗ്രാമത്തിലെ ഋഷഭവും ധൈവതം അതിലെ ഗാന്ധാരവുമാകും. അങ്ങനെ ചെയ്താൽ വികാരമില്ലാത്ത ധൈവതത്തിന്നു വികൃതി വരും. അതിന്നു മട്ടും പ്രത്യേകം വേ ണ്ടിവരും എന്നാണെങ്കിൽ അപ്രകാരം ചെയ്യേണ്ട. ഷഡ്ജഗ്രാമമൂൎച്ഛന അന്തരഗാന്ധാര ഘടിതമൂൎച്ഛനയായാൽ മതി. എന്നാൽ ഗാന്ധാരം മദ്ധ്യമഗ്രാമധൈവതംപോലെ ചതു ശ്രുതികമാണല്ലോ. മദ്ധ്യമഗ്രാമത്തിലെ ശേഷമുള്ള നിഷാദഷഡ്ജൎഷഭഗാന്ധാരങ്ങളും ക്രമ ത്തിൽ ഷഡ്ജഗ്രാമത്തിലെ മദ്ധ്യമപഞ്ചമധൈവതനിഷാദങ്ങളായിത്തീരും. ശ്രുത്യന്തരം തു ല്യമായതുതന്നെ അതിന്നു കാരണം. അന്തരഗാന്ധാരത്തെപ്പററി ശ്രുതിപ്രകരണത്തിൽ പറ ഞ്ഞിട്ടുമുണ്ട്. എന്നെല്ലാമാണ്. അതുകൊണ്ടു മേൽപ്പറഞ്ഞ വിപരീതാഭിപ്രായത്തിന്നു യാ തൊരടിസ്ഥാനവും കാണുന്നില്ലെന്നു സാരം.

ഇനി ശ്രുതിതന്ത്രികളുടെ സ്വരയോജനത്തിലും ആ ഗ്രന്ഥകാരന്മാരുടെ മതം നല്ല യുക്തമല്ലെന്നു കാണിക്കുന്നു —

സൂ—ശ്രുതിഷ്വപി മധ്യമേളായാമുപരിതനായാ മധ്യമഗതത്വമേവ തൽപ്രാഗല്ഭ്യായ. ൯൫

ഭാ—അപ്രകാരംതന്നെ മധ്യമേളവീണയിലെ, അതായത് സോമനാഥാദികളുടെ ശുദ്ധമേളവീണയിലെ ശ്രുതിതന്ത്രികളിലും മേലെയുള്ള ആദ്യത്തെ തന്ത്രി അവർ പറയുന്ന വിധത്തിൽ മന്ദ്രസ്ഥായിഷഡ്ജത്തിലോ മധ്യസ്ഥായിഷഡ്ജത്തിലോ നിൽക്കുന്നതല്ല, മധ്യസ്ഥായിമധ്യമത്തിൽ സാരണിക്കമ്പിയോടു ശ്രുതിയൊപ്പിച്ചു നിൽക്കുന്നതുതന്നെയാണ് യുക്തം. അങ്ങനെയായാലേ അനുഭാവപരികമ്പംകൊണ്ടുണ്ടാകുന്ന സ്വയംഭൂനാദംവഴി ശ്രുതിക്കുണ്ടാകേണ്ട പ്രത്യേക രഞ്ജകതയും പ്രഗല്ഭതയും അതായത് മുഴപ്പും വരികയുള്ളൂ. അനുഭാവപരികമ്പത്തിന്റെ സ്വഭാവം അടുത്തുതന്നെ സാരികാസ്ഥാപനത്തെപ്പററിപ്പറയുന്ന പ്രകൃതത്തിൽ വിവരിക്കുന്നതാണ്.

സൂ—യൽപുനരനുമന്ദ്രസാദിഷു തന്ത്രിയോജനമമാത്യോക്തം വെങ്കടാധ്വരിണാനുമന്ദ്രാഭാവമാവിർഭാവ്യ ദൂഷിതം തദസമീക്ഷ്യകാരിതാഫലം. വീണായാമനുമന്ദ്രാതിതാരയോസ്സത്വേനാദോഷാൽ. ൯൬

ഭാ—അമാത്യസോമനാഥാദികൾ ശുദ്ധമേളയെന്നു പറയുന്ന മധ്യമേളവീണയിൽ മേൽക്കമ്പികൾ നാലും അനുമന്ദ്രഷഡ്ജം, അനുമന്ദ്രപഞ്ചമം, മന്ദ്രഷഡ്ജം, മന്ദ്രമധ്യമം എന്നീ ക്രമത്തിൽ യോജിപ്പിച്ചിരിക്കണമെന്നാണ് അവരുടെ മതമെന്നു കാണിച്ചിട്ടുണ്ടല്ലോ. വെങ്കടമഖിയാകട്ടേ, മന്ദ്രഷഡ്ജം, മന്ദ്രപഞ്ചമം, മധ്യഷഡ്ജം, മധ്യമധ്യമം എന്ന ക്രമത്തിലാണ് അവ യോജിപ്പിക്കേണ്ടത് എന്ന സ്വമതം പറഞ്ഞതിനുശേഷം അമാത്യാദികൾ പറയുന്ന മതം ശരിയല്ലെന്നും അമാത്യൻ അങ്ങനെ പറഞ്ഞിട്ടുള്ളതു ഭ്രമമൂലകമാണെന്നും മററും പറഞ്ഞു ദൂഷിക്കുന്നു. "സ്ഥാനപ്രസംഗേ വൈകാരരാമോ ബഭ്രാമ" എന്നു തുടങ്ങിയ ചതുർദ്ദണ്ഡീപ്രകാശികാഗ്രന്ഥത്തിലെ വീണാപ്രകരണം നോക്കുക. ഒന്നാമത് മന്ദ്രം, മധ്യം, താരം ഇങ്ങനെ മൂന്നു സ്ഥായികൾ മാത്രമാണുള്ളതെന്നാണ് സകലസംഗീതവിദ്വാന്മാരുടെയും സിദ്ധാന്തം. അതിനാൽ അനുമന്ദ്രം എന്ന ഒരു സ്ഥായിതന്നെ സംഗീതത്തിൽ സ്വീകരിക്കാവുന്നതല്ല. രണ്ടാമത്, നാലാമത്തേതായ സാരണിക്കമ്പി മന്ദ്രമധ്യമത്തിൽ നിൽക്കുന്നതായാൽ ആ സ്വരം മുതൽ ആ കമ്പിയിൽ ക്രമത്തിൽ വരുന്ന മന്ദ്രത്തിലെ പധനിസ്വരങ്ങൾക്കുശേഷം ഉണ്ടാകുന്ന സ്വരങ്ങൾ മധ്യസ്ഥായിയിൽ ചേർന്നവയോ താരസ്ഥായിയിൽ ചേർന്നവയോ എന്നു പറയേണ്ടതുണ്ട്. മധ്യസ്ഥായിസ്വരങ്ങളാണെന്നാണെങ്കിൽ താരസ്ഥായി ആ വീണയിൽ ഇല്ലെന്നു വരും. താരസ്ഥായിസ്വരങ്ങളാണെന്നു പറയുന്നപക്ഷം മധ്യസ്ഥായിയില്ലാതെ താരസ്ഥായിയുണ്ടാകാത്തതിനാൽ അതും ശരിയാകയില്ല. ഇങ്ങനെയെല്ലാം ആ അമാത്യാദിമതത്തെ ദൂഷിക്കുന്നതിന്നു യുക്തികളെന്നനിലയിൽ ചില സംഗതികളും ആ ഗ്രന്ഥകാരൻ കാണിച്ചിരിക്കുന്നു.

"നൈതൽ സംഗച്ഛതേ മന്ദ്രമധ്യതാരാഭിധാനി ഹി
ത്രിസ്ഥാനാനീതി സകലസാംഗീതികമനഃസ്ഥിതിഃ."
"തൽപുരോവർത്തിനഃ സപ്ത സ്വരാസ്താവദമീ പുനഃ
മധ്യസ്ഥാനഗതാഃ കിം വാ താരസ്ഥാനഗതാ ഉത.
ന താവദാദ്യസ്താരാഖ്യസ്ഥാനഭംഗപ്രസംഗതഃ

ന ദ്വിതീയോപി മധ്യാഖ്യസ്ഥാനാഭാവേ കഥം പുനഃ
താരസ്ഥാനം പ്രജായേതാനുപനീതവിവാഹവൽ.''

എന്ന ചതുൎദ്ദണ്ഡീപ്രകാശികാഗ്രന്ഥം നോക്കുക. എന്നാൽ വെങ്കടമഖിയുടെ ഈ അമാത്യാദിമതദൂഷണം സംഗീതവസ്തുസ്വഭാവം തീരെ മനസ്സിലാക്കാതെയോ ആലോചിക്കാതെയോ ചെയ്തിട്ടുള്ളതാണെന്നുതന്നെ കരുതേണ്ടിയിരിക്കുന്നു. ഒന്നാമത് മന്ദ്രം, മധ്യം, താരം എന്ന മൂന്നു സ്ഥായികളേ ഉള്ളൂ എന്നാണ് സകലസാംഗീതികസിദ്ധാന്തമെന്നു പറഞ്ഞതുതന്നെ ശരിയല്ല. ശാരീരത്തിൽ മൂന്നിലധികം സ്ഥായികൾ പുറപ്പെടുവിക്കാൻ സാമാന്യമായി സാധിക്കാത്തതനുസരിച്ചു മാത്രമാണ് മൂന്നു സ്ഥായികളെന്നു സാധാരണമായി വ്യവഹരിച്ചുവരുന്നത്. ആ സ്ഥായികൾ തന്നെയും എല്ലാവരുടെ ശാരീരത്തിലും ഉച്ചനീചതകളെപ്പററിയേടത്തോളം ഒരേ കണക്കിലായിരിക്കയില്ല. ആരംഭിക്കുന്ന ഷഡ്ജത്തിൻെറ ഉച്ചനീചഭാവത്തെ ആസ്പദമാക്കി മാത്രം കണക്കാക്കേണ്ടവയാണ് സ്ഥായികൾ. അതിനാൽ ഒരു ശാരീരത്തിലെ മന്ദ്രഷഡ്ജം മറെറാരു ശാരീരത്തിലെ അനുമന്ദ്രമധ്യമത്തോടോ അനുമന്ദ്രധൈവതത്തോടോ മന്ദ്രഗാന്ധാരത്തോടോ മറേറാ സമാനമോ മറെറാരു ശാരീരത്തിലെ ഒരു സ്വരത്തോടും സമാനമല്ലാതെ ഇടക്കുള്ള നാദവിശേഷമോ ആയി വരാവുന്നതാണ്. പുരുഷശാരീരത്തേക്കാൾ സ്ത്രീശാരീരത്തിൽ ആരംഭശ്രുതിക്കു പ്രായേണ ഉച്ചതകൂടിയിരിക്കുമെന്ന സംഗതി പ്രസിദ്ധവുമാണ്. ചുരുക്കത്തിൽ ശാരീരനാദത്തിൻെറ സംഗതിയിൽത്തന്നെ മന്ദ്രമധ്യാദിവ്യവസ്ഥ ആരംഭഷഡ്ജശ്രുതിസാപേക്ഷമായിട്ടാണിരിക്കുന്നത്. വെങ്കടമഖി മന്ദ്രസ്ഥായിയെന്നു പറയുന്നതുതന്നെ അമാത്യൻ പറയുന്ന അനുമന്ദ്രനാദമായിപ്പോലും വരാവുന്നതുമാണ്. വീണയിലാകട്ടേ നാലു തന്ത്രികളിലുമായി മൂന്നിലധികം സ്ഥായികൾ രഞ്ജകങ്ങളായിട്ടുള്ള നിലയിൽത്തന്നെ സംഭവിക്കുന്നുണ്ടെന്നു മാത്രമല്ല പ്രസിദ്ധങ്ങളുമാണ്. അവയിൽ ആദ്യത്തേത് അനുമന്ദ്രം. പിന്നത്തേതു മന്ദ്രം, പിന്നെ മധ്യം, പിന്നെ താരം. അതിനുശേഷം താരതരസ്ഥായിയിലും മൂന്നോ നാലോ സ്വരങ്ങൾവരെ പ്രയോഗാൎഹങ്ങളായിത്തന്നെ വരാവുന്നതുമാണ്. മന്ദ്രഷഡ്ജം, മന്ദ്രപഞ്ചമം, മധ്യഷഡ്ജം, മധ്യമധ്യമം എന്നിങ്ങനെയാണ് നാലു തന്ത്രികളിലും സ്വരയോജനമെന്നു പറയുന്ന വെങ്കടമഖിയുടെ മതത്തിലും മധ്യസ്ഥായിയിലെ പധനി സ്വരങ്ങൾക്കുശേഷം ആ നാലാമത്തെ കമ്പിയിൽ രണ്ടു സ്ഥായികൾ സ്പഷ്ടമായിട്ടുണ്ടെന്നുള്ളതു പ്രത്യക്ഷസിദ്ധമാണ്. അതു താരസ്ഥായിയും താരതരസ്ഥായിയുമാണെന്നു സ്വീകരിക്കയും വേണം. അല്ലാതെ ഉപപത്തിയില്ല. അപ്പോൾ മന്ദ്രം, മധ്യം, താരം, താരതരം ഇങ്ങനെ നാലു സ്ഥായികളാണ് ആ ശുദ്ധമേളവീണയെന്നു പറയുന്നതിൽ വരുന്നത്. അമാത്യാദിമതപ്രകാരം അനുമന്ദ്രം, മന്ദ്രം, മധ്യം, താരം ഇങ്ങനെ നാലു സ്ഥായികളാണ് ആ വീണയിൽ വരുന്നത്. എന്നുമാത്രം വ്യത്യാസം. സ്ഥായികളെല്ലാം ആരംഭശ്രുതിസാപേക്ഷങ്ങളാകയാൽ ആ വ്യത്യാസവും പേരുകൊണ്ടു മാത്രമാണെന്നും പൎയ്യവസിക്കുന്നു. എന്നു വെച്ചാൽ വെങ്കിടമഖി അനുമന്ദ്രമെന്നു പറയുന്ന സ്ഥായി ആ വീണയിലെ ഒന്നാമത്തെക്കമ്പിയുടെ നാദത്തിൽനിന്നും താഴ്ന്ന നാദസ്ഥായിയാണെന്നു സങ്കല്പിക്കുന്നു. അമാത്യാദികൾ ആ ഒന്നാമത്തെക്കമ്പിയുടെ നാദം അനുമന്ദ്രമാണെന്നും താരതരസ്ഥായി മട്ടുകളുടെ നാദത്തിൽനിന്നും മീതെയുള്ള നാദസ്ഥായിയാണെന്നും സങ്കല്പിക്കുന്നു എന്നു താൽപൎയ്യം. അതുകൊണ്ടു വസ്തുസ്വഭാവത്തിന്നു വ്യത്യാസം വരാത്തതിനാൽ ഒന്നു തെററാണെന്നും മററതു ശരിയാണെന്നും പറയാവുന്നതല്ല. ഓരോ സ്ഥായിയും ആരംഭശ്രുതിയോടും പൂൎവ്വോത്തരസ്ഥായികളോടും സാപേക്ഷമായതിനാൽ രണ്ടും

ശരിതന്നെയാണ്. അനുമന്ദ്രസ്ഥായി എന്നൊന്നില്ലെന്നു വെങ്കിടമഖി പറഞ്ഞതാകട്ടെ, മറ്റൊരു പ്രകൃതത്തിൽ "ശതശോഹ്യമാനോപി പുനഃ സത്യം ന മോക്ഷ്യസേ രാമരാമസേതും ഗതോപി വാ." എന്നൊക്കെ വല്ലും പറവാൻ മടിക്കാത്ത ആ ഗ്രന്ഥകാരന്റെ രാമാമാത്യമതഖണ്ഡനത്തിലുള്ള ഉത്സാഹാതിരേകത്താൽ മതിമറന്നു പോയിട്ടാണെന്നുതന്നെ വിചാരിക്കേണ്ടിയിരിക്കുന്നു. അവർ മധ്യമേളമെന്നു പറയുന്ന ശുദ്ധമേളവീണയിൽ ആദ്യത്തെ തന്ത്രി അനുമന്ദ്രസ്ഥായിയിലെ പഞ്ചമത്തിൽ നിൽക്കണമെന്നു "തന്ത്രീപ്രാദ്യാ ചാനുമന്ദ്രാഖ്യപഞ്ചമേന സമന്വിതാ." എന്ന ഗ്രന്ഥംകൊണ്ടു വെങ്കടമഖിതന്നെ പറഞ്ഞു കാണുന്നുണ്ട്. അമാത്യമതം ഖണ്ഡിക്കാൻ തുടങ്ങിയപ്പോൾ ആ ഗ്രന്ഥകാരന് അനുമന്ദ്രസ്ഥായിതന്നെ ഇല്ലാതായത് അത്ഭുതകരമാണല്ലോ. അതുപോലെ അമാത്യപക്ഷത്തിൽ നാലാമത്തെ തന്ത്രിയിൽ മന്ദ്രസ്ഥായിയിലെ പഞ്ചസ്വരങ്ങൾക്കുശേഷം മധ്യസ്ഥായിയോ താരസ്ഥായിയോ ഉള്ളത് എന്നു വികല്പിച്ചു ദൂഷിപ്പാനൊരുങ്ങീട്ടുള്ളതും വിവേകപൂർവ്വമല്ല. മന്ദ്രസ്ഥായിക്കുശേഷം മധ്യസ്ഥായിയും താരസ്ഥായിയും മററും ആ തന്ത്രിയിൽ വരുന്നുണ്ടെന്ന്

"ഏതത്സ്വരപ്രമാണേന മധ്യേ താരേന്താരകേ
സ്ഥാനേ സ്ഥാപ്യാസ്സാരികാസ്സൃഷ്ട്യപ്രയോഗം വിചക്ഷണൈഃ."

എന്ന ഗ്രന്ഥത്താൽ അമാത്യൻതന്നെ സ്പഷ്ടമായിപ്പറഞ്ഞിട്ടുണ്ട്. അതോർത്തിരുന്നുവെങ്കിൽ അപ്രകാരമുള്ള വികല്പത്തിന്നു സംഗതിവരില്ലായിരുന്നു. അതിനാൽ അമാത്യാദിമതത്തിൽ താരതരസ്ഥായിസ്വരങ്ങൾ ചിലതുണ്ടാകണമെങ്കിൽ വീണാദണ്ഡത്തിന്നും സാരികാപട്ടികകൾക്കും മൂന്നോ നാലോ അംഗുലം നീളം അധികം ഉണ്ടായിരിക്കണമെന്നല്ലാതെ ദോഷമൊന്നും വരുന്നതല്ല.

ഇനി മട്ടുകൾ സ്ഥാപിക്കേണ്ടതിനെപ്പററിപ്പറയുന്നു.—

സൂ—അഥ സ്വരസാരികാ നിവേശയേൽ. വീണായാം സ്വരാസ്സർവ്വേ സ്വയംഭുവഃ പരികമ്പശ്രുംഖലാസന്ധാനഗതത്വാദനുഭാവപരികമ്പാദ്വാ. ന്ന്യ

ഭാ—മുമ്പുകാണിച്ചപ്രകാരം ഉപരിതന്ത്രികളെയും ശ്രുതിതന്ത്രികളെയും യോജിപ്പിച്ചതിന്നുശേഷം ദണ്ഡപട്ടികയുടെ മീതെയുള്ള മെഴുകിന്മേൽ ഓരോ സ്വരസ്ഥാനങ്ങളിലും മട്ടുകൾ ഉറപ്പിക്കണം. ഓരോ മട്ടും ഉപരിതന്ത്രികളുടെ താഴെ തന്ത്രികളും മട്ടും തമ്മിൽ മുട്ടാതെ ഒരു നൂലിടമാത്രം അന്തരമുള്ളവിധത്തിലും മേരുഭാഗം മുതൽക്കു ക്രമത്തിൽ ഒന്നിനൊന്ന് അത്രയും അന്തരത്തിലധികമധികം താഴ്ന്നു വരുന്നവിധത്തിലും പട്ടികകളിന്മേൽ വിലങ്ങനെയും ചെരിവില്ലാതെയും വെക്കേണ്ടതാണ്. പിന്നിലെ മട്ടിനേക്കാൾ മുന്നിലെ മട്ട് അല്പം താന്നിരിക്കാഞ്ഞാൽ പിൻമട്ടിന്മേൽ വിരൽ വെച്ചു മീട്ടുമ്പോൾ കമ്പി മുൻമട്ടിന്മേൽ മുട്ടുന്നതിനാൽ പിൻമട്ടിലെ സ്വരം പുറപ്പെടുകയില്ല. ഒന്നിനൊന്നു വേണ്ടതിലധികം താണാൽ വായിക്കാൻ പ്രയാസമായിരിക്കും. സ്വരങ്ങൾ ശുദ്ധമായിപ്പുറപ്പെടുന്നതിന്നും പ്രയാസമുണ്ടാകും. മട്ടുകൾ വെക്കേണ്ട ദണ്ഡഭാഗം വെയിലത്ത് അല്പനേരം വെച്ചു മെഴുകിന്നു പതം വരുത്തിയാൽ മട്ടുകളുടെ താഴ്ച്ചക്രമം ശരിയാക്കുന്നതിന്നു സൌകര്യം കിട്ടുന്നതാണ്. അപ്രകാരം സ്വരസാരികകൾ ഉറപ്പിക്കുന്നതിന്നായി ആദ്യംതന്നെ തന്ത്രിയിൽ ഓരോ സ്വരത്തിൻെറയും സ്ഥാനങ്ങൾ കണ്ടുപിടിച്ച് അതാതു സ്ഥാനത്തു മെഴുകിന്മേൽ അടയാളം കുറിച്ചിടുക. പിന്നെ ഓരോ സ്ഥാനത്തും മട്ടുകൾ മേൽപ്രകാരം ക്രമത്തിൽ താഴ്ത്തിവെക്കുക. ഇതാണ് സമ്പ്രദായം. കമ്പിയിൽ ഓരോ സ്വരസ്ഥാനങ്ങളും കണ്ടുപിടിപ്പാനാകട്ടെ വളരെയൊന്നും പ്രയാസമില്ല. വീണയിൽ എല്ലാ സ്വരങ്ങളും സ്വയംഭുക്കളാണ്. ശാരീരത്തി

ലെപ്പോലെ ഓരോതരം പ്രയത്നവിശേഷങ്ങളെക്കൊണ്ടുണ്ടാകുന്നവയല്ല, തനിയെ താൻ പുറപ്പെടുന്നവയാണ് എന്നർത്ഥം. സ്വയംപ്രകാശിക്കുന്നതിനാൽ ദീപാദികളെപ്പോലെ സ്വപ്രകാശങ്ങളാണെന്നു സാരം. എങ്ങനെയെന്നാൽ, പലസ്വരങ്ങളും തന്ത്രിയിലെ പരികമ്പശൃംഖലയിലുണ്ടാകുന്ന സന്ധാനാംശങ്ങളിലുള്ളവയാണെന്നും ആ വക സന്ധാനസ്ഥാനങ്ങളിൽ ഇടത്തെക്കയ്യിരൽവെച്ച് തന്ത്രിയുടെ ഒട്ടാകെയുള്ള പരികമ്പത്തെ പ്രതിബന്ധിച്ചുകൊണ്ടു തന്ത്രി മീട്ടിയാലും ആ വക ഓരോ ശൃംഖലാസന്ധികൾ വേർതിരിക്കുന്ന ശൃംഖലാഭാഗങ്ങൾ വിഭാഗസംഖ്യാനുസൃതമായി പ്രത്യേകം പരികമ്പിക്കയും ആ പരികമ്പങ്ങൾകൊണ്ടുണ്ടാകുന്ന സൂക്ഷ്മനാദങ്ങൾ പ്രകാശിക്കയും ചെയ്യുമെന്നും നാദപ്രകാശത്തിൽ വിവരിച്ചിട്ടുണ്ടല്ലോ. അങ്ങനെ പരികമ്പശൃംഖലാസന്ധാനങ്ങളിൽ വരുന്ന സ്വരങ്ങൾ സ്വപ്രകാശങ്ങളായിത്തീരുന്നു. ആ വക സന്ധാനങ്ങൾ ഭാഗസംഖ്യാധിക്യം നിമിത്തം സ്പഷ്ടമല്ലാതെയും സൂക്ഷ്മനാദം കേൾക്കാൻ സാധിക്കാതെയും ഇരിക്കുന്ന സ്ഥാനങ്ങളിൽ വരുന്ന ഏതാനും സ്വരങ്ങളാകട്ടേ അനുഭാവപരികമ്പം വഴിക്കു സ്വപ്രകാശങ്ങളായിത്തീരുന്നതാണ്.

അനുഭാവപരികമ്പത്തിൻെറ സ്വഭാവം വിവരിക്കുന്നു—

സൂ—ദ്വയോരേകശ്രുതിസ്ഥതായാം നാദതരംഗസ്വഭാവബലാദേകസ്യ പരികമ്പേന്യസ്യാപി നാദോൽപാദകപരികമ്പോനുഭാവപരികമ്പഃ. ൻവ

ഭാ—രണ്ടു കമ്പികളോ നാദമുണ്ടാകുന്ന മറേറതെങ്കിലും മൂർത്തദ്രവ്യങ്ങളോ ശരിയായി ഒരേ ശ്രുതിയിൽത്തന്നെ യോജിച്ച് അടുത്തടുത്തിരിക്കുന്നുണ്ടെങ്കിൽ അതിലേതെങ്കിലും ഒന്നിൽ അഭിഘാതംകൊണ്ടു പരികമ്പമുണ്ടായാൽ മററതും അതുകൊണ്ടുതന്നെ അല്പമായി പരികമ്പിച്ചു നാദം പുറപ്പെടുവിക്കും. നാദതരംഗങ്ങൾക്കെല്ലാം അതാതിനോടു സമാനഗുണമായ നാദതരംഗമുണ്ടാക്കുന്ന വസ്തുക്കളെ സ്പർശിക്കുമ്പോൾ അവയെയും പരികമ്പിപ്പിച്ചു തനിക്കു പുഷ്ടി സമ്പാദിക്കുന്ന ഒരു സ്വഭാവബലമുണ്ട്. അതിനാൽ ഒരേ ശ്രുതിയിൽ നിൎത്തിയ കമ്പികളിൽ ഒന്നിന്മേൽ മീട്ടിയാൽ അതുകൊണ്ടുണ്ടാകുന്ന തരംഗം മറേറക്കമ്പിയിൽ ച്ചെന്നു തട്ടുമ്പോൾ ആ കമ്പിയെയും സൂക്ഷ്മമായി പരികമ്പിപ്പിച്ചു ധ്വനിപ്പിക്കുന്നതാണ്. ഈ സംഗതി ഒരുദൃഷ്ടാന്തംകൊണ്ടു തെളിയിക്കാം. ഒരു നിഷ്കളവീണയിലെ രണ്ടു തന്ത്രികൾ ഒരേ ശ്രുതിയിൽ ശരിയായി യോജിപ്പിച്ചു നിൎത്തുക. പിന്നെ അതിൽ ഒരു തന്ത്രിയെ കകുഭത്തെകിടിന്നിടയിൽ ജീവം പിടിപ്പിച്ചു സകളമാക്കിത്തീൎക്കുക. അതിനുശേഷം മറേറ നിഷ്കളതന്ത്രിയിൽ മീട്ടിയാലും സകളമായ സൂക്ഷ്മനാദം കേൾക്കുന്നതാണ്. അതിൽനിന്നു സകളമാക്കി തന്ത്രിയിലും അപ്പോൾ പരികമ്പമുണ്ടാകുന്നുണ്ടെന്നും അതു നിഷ്കളതന്ത്രിയിൽനിന്നുണ്ടാകുന്ന നാദതരംഗങ്ങൾ തട്ടീട്ടുള്ള അനുഭാവപരികമ്പമാണെന്നും സ്പഷ്ടവുമാണ്. അപ്രകാരം സജാതീയനാദതരംഗത്താലുണ്ടാകുന്ന സൂക്ഷ്മപരികമ്പത്തിന്നാണ് അനുഭാവപരികമ്പമെന്നും ആ അനുഭാവപരികമ്പംകൊണ്ടുണ്ടാകുന്ന നാദത്തിന്നാണ് നാദജനാദമെന്നും പറയുന്നത്. ഒരേ വീണയിൽത്തന്നെയുള്ള രണ്ടു തന്ത്രികളായിരുന്നാലേ ഈ അനുഭാവപരികമ്പമുണ്ടാവുള്ളൂ എന്നില്ല. രണ്ടു വീണകളോ അല്ലെങ്കിൽ അതുപോലെ നാദപരികമ്പങ്ങളുണ്ടാകുന്ന വാദ്യവിശേഷങ്ങളോ ശ്രുതിയൊപ്പിച്ചു സമീപത്തിൽ വെച്ച് ഒന്നിന്മേൽ മീട്ടിയാൽ മററതിന്മേലും ചെറുതായ ഒരനുഭാവപരികമ്പമുണ്ടാകുന്നതാണ്. രണ്ടു വീണകൾ ശ്രുതിസ്വരങ്ങളൊപ്പിച്ച് ഒരുമിച്ചു വായിക്കുമ്പോൾ ഉണ്ടാകുന്ന നാദത്തിന്ന് ഓരോ വീണമാത്രമായി വായിച്ചാലുണ്ടാകുന്ന നാദത്തിൻെറ ഇരട്ടി നാദത്തേക്കാൾ വളരെയധികം പുഷ്ടിയുണ്ടായിത്തീരുന്നതും രണ്ടിൽനിന്നും ഉണ്ടാകുന്ന നാദതരംഗങ്ങൾ അങ്ങോട്ടും ഇങ്ങോട്ടും വ്യാപിച്ചും

രണ്ടിലും അനുഭാവപരികമ്പങ്ങളുണ്ടാക്കി പുഷ്ടിസമ്പാദിക്കുന്നതുകൊണ്ടാണ്. ഈ അനുഭാവപരികമ്പമുണ്ടാവാൻ രണ്ടു തന്ത്രികളിലും ശ്രുതി ഒന്നുതന്നെയായിരിക്കണമെന്നല്ലാതെ ആ ശ്രുതി ഒരേ സ്ഥായിയിലുള്ളതുംകൂടിയായിരിക്കണമെന്നു നിയമമില്ല. അതിനാൽ ഒരു തന്ത്രി മന്ദ്രഷഡ്ജത്തിലും മററതു മധ്യഷഡ്ജത്തിലുമായാലും അനുഭാവപരികമ്പമുണ്ടാകുന്നതാണ്. അപ്രകാരം മററുള്ള ശ്രുതികളുടെ സംഗതികളിലും ശ്രുത്യൈക്യം മാത്രമാണ് അനുഭാവപരികമ്പത്തിന്നു പ്രയോജകം. അതുകൊണ്ടാണ് ഷഡ്ജപഞ്ചമങ്ങളിൽ തന്ത്രികൾ നിർത്തീട്ടുള്ള വീണയിൽ ആ സ്വരങ്ങൾക്ക് പുഷ്ടിയും അനുനാദവും അധികമുണ്ടാകുന്നതെന്ന തത്വവും ഗ്രഹിച്ചുകൊൾക.

മട്ടുകൾ സ്ഥാപിക്കുന്നതിന്നുള്ള ക്രമം കാണിക്കുന്നു—

സൂ—അഥ തത്ര മാർഗ്ഗേ ശുദ്ധമേളാസാരണ്യാം ത്രിധാ ചതുർധാ പഞ്ചധാ ച പരികമ്പശൃംഖലാം വിഭജൽസു സന്ധാനസ്ഥാനേഷു പഞ്ചമമധ്യമാന്തരസ്വരാത്മം മധൂച്ഛിഷ്ടേ പ്രഥമമങ്കയിത്വാ മധ്യമപഞ്ചമമധ്യഗതം സപ്തധാ വിഭജതി സന്ധാനേ സ്ഥിതം സ്വപ്രകാശതയാ കൈശികസ്വരം സൂക്ഷ്മം വ്യഞ്ജയതഃ സ്ഥാനസ്യ പഞ്ചമസ്ഥാനസ്യ മധ്യേ ച മധ്യമഗ്രാമീയത്രിശ്രുതിപഞ്ചമാത്മമങ്കം കുര്യാൽ. ൩൭

ഭാ—പിന്നെ മാർഗ്ഗപ്രസ്ഥാനമനുസരിച്ചു മട്ടുകൾ ഉറപ്പിക്കുന്നതിന്നായി ശുദ്ധമേളാരീതിയിൽ തന്ത്രികൾ നിർത്തീട്ടുള്ള വീണയിലെ സാരണിക്കമ്പിയിൽ മീട്ടുമ്പോൾ ഉണ്ടാകുന്ന പരികമ്പശൃംഖലയെ മൂന്നായി വിഭജിക്കുന്നതും താരപഞ്ചമം സ്വപ്രകാശമായിപ്പുറപ്പെടുന്നതുമായ സ്വയംഭൂനാദസ്ഥാനത്തു പഞ്ചമസാരികക്കും, നാലായി വിഭജിക്കുന്നതും താരതരഷഡ്ജം സ്വപ്രകാശമായിപ്പുറപ്പെടുന്നതുമായ സ്ഥാനത്തു മധ്യമസാരികക്കും, അഞ്ചായി വിഭജിക്കുന്നതും താരതരാന്തരഗാന്ധാരം സ്വപ്രകാശമായിപ്പുറപ്പെടുന്നതുമായ സ്ഥാനത്ത് അന്തരഗാന്ധാരസാരികക്കും മെഴുകിന്മേൽ ആദ്യമായി അടയാളപ്പെടുത്തുക. പിന്നെ മധ്യമസ്ഥാനത്തിന്നും പഞ്ചമസ്ഥാനത്തിന്നും മധ്യത്തിലുള്ളതും പരികമ്പശൃംഖലയെ ഏഴായി വിഭജിക്കുന്ന സന്ധാനത്തിൽ സ്വപ്രകാശമായി താരതരകൈശികസ്വരം സൂക്ഷ്മരൂപത്തിൽ പുറപ്പെടുന്നതുമായ സ്ഥാനം കണ്ടുപിടിച്ച് ആ സ്ഥാനത്തിൻെറയും പഞ്ചമസ്ഥാനത്തിൻെറയും മധ്യത്തിലായി മധ്യമഗ്രാമത്തിലെ ത്രിശ്രുതിപഞ്ചമസാരികക്കുള്ള അടയാളം കുറിച്ചിടുക. മന്ദ്രഷഡ്ജത്തിൽ നിർത്തിയ കമ്പിയിലും മന്ദ്രസ്ഥായിയിലെ അന്തരഗാന്ധാര,മധ്യമ, ത്രിശ്രുതിപഞ്ചമ, പഞ്ചമങ്ങൾ മധ്യസ്ഥായിഷഡ്ജത്തിൽ നിർത്തിയ സാരണിയിൽ വരുന്നആ സ്ഥാനങ്ങളിൽതന്നെയാണ് വരികയെന്നറിക.

സൂ—തതോ ദ്വിതീയാം മന്ദ്രഷഡ്ജതന്ത്രീം കിഞ്ചിദപകൃഷ്യ തന്മധ്യമസ്ഥാനനാദം സാരണീഗതാന്തരസ്വരമന്ദ്രനാദം കൃത്വാ തദ്ഗതാന്തരഗസ്യ മധ്യസ്ഥായിനാദോ യത്ര സാരണ്യാം തത്ര ശുദ്ധഗാത്മമങ്കയേൽ. ൩൮

ഭാ—പിന്നെ രണ്ടാമത്തെത്തന്ത്രിയായ മന്ദ്രഷഡ്ജതന്ത്രി അല്പം അയച്ച് അതിൽ മധ്യമസ്വരസ്ഥാനത്തുണ്ടാകുന്ന നാദം സാരണിയിൽ അന്തരഗാന്ധാരസ്ഥാനത്തുണ്ടാകുന്ന നാദത്തിൻെറ മന്ദ്രനാദമാക്കുക. അതായത് മന്ദ്രഷഡ്ജതന്ത്രിയെ സാരണിയിലെ മധ്യഷഡ്ജത്തിൻെറ മന്ദ്രഷഡ്ജത്തിൽനിന്നു രണ്ടു ശ്രുതി കുറച്ചുനിർത്തുക. അതിന്നുശേഷം ആ രണ്ടാമത്തെത്തന്ത്രിയിൽ അന്തരഗാന്താരസ്ഥാനത്തുണ്ടാകുന്ന നാദത്തിൻെറ മധ്യസ്ഥായിനാദം

സാരണിക്കമ്പിയിൽ ഏതു സ്ഥാനത്തു വരുന്നുവോ എന്നു നോക്കി ആ സ്ഥാനത്തു ശുദ്ധഗാന്ധാരസാരിക്കടയാളം വെക്കുക. ഇങ്ങനെ ശുദ്ധഗാന്ധാരം മുതൽ പഞ്ചമംവരെയുള്ള അഞ്ചു സാരികകളുടെ സ്ഥാനങ്ങൾ സിദ്ധിച്ചു.

സൂ—പുനർമ്മഷഡ്ജതന്ത്രീമുൽകൃഷ്യ പൂർവ്വവൽ സ്ഥാപയേൽ. അഥ ച തന്ത്രീപരികമ്പശൃംഖലാം ദശധാ വിഭജൽസു താരതമസ്ഥായ്യന്തരസ്വരമതിസൂക്ഷ്മതയാ വ്യഞ്ജയൽസു സന്ധാനേഷു മേരുസന്നിഹിതസന്ധാനസ്ഥാനേ ചഷ്ഭാത്ഥമങ്കയേൽ. ൩൭

ഭാ—അനന്തരം മന്ദ്രഷഡ്ജതന്ത്രിയെ അല്പം മുറുക്കി മുൻപോലെ സാരണിയിലെ മദ്ധ്യഷഡ്ജത്തിന്റെ മന്ദ്രഷഡ്ജത്തിൽതന്നെ നിൎത്തുക. പിന്നെ തന്ത്രീപരികമ്പശൃംഖലയെ പത്തായി വിഭജിക്കുന്നതും താരതരസ്ഥായിയുടെയും ഉച്ചസ്ഥായിയിലെ അന്തരഗാന്ധാരസ്വരം അതിസൂക്ഷ്മമായി സ്വയം പ്രകാശിപ്പിക്കുന്നതുമായി ഒമ്പതു സന്ധാനങ്ങളുള്ളതിൽ മേരുവിനോട് ഏററവും അടുത്ത സന്ധാനത്തിന്റെ സ്ഥാനത്ത ഋഷഭസാരികക്കുവേണ്ടിയും അടയാളപ്പെടുത്തുക. മദ്ധ്യസ്ഥായിയിൽ നിൎത്തിയ സാരണിക്കമ്പിയിൽ ഉച്ചതാധിക്യം നിമിത്തം ഈ സന്ധാനസ്ഥാനത്തുണ്ടാകുന്ന സ്വയംഭൂനാദം സ്പഷ്ടമായി കേൾക്കില്ലെങ്കിലും മന്ദ്രഷഡ്ജക്കമ്പിയിൽ ഒരു സ്ഥായി കുറവായതുകൊണ്ട് ആ സന്ധാനസ്ഥാനനാദം കേൾക്കാവുന്നതാണ്. പക്ഷേ അതു സാരണിയിലെ മദ്ധ്യസ്ഥായിയെ അപേക്ഷിച്ചു താരതരസ്ഥായിയിലെ അന്തരഗാന്ധാരമായിരിക്കുമെന്നു മാത്രം.

സൂ—ഇത്ഥമങ്കിതേഷു സ്ഥാനേഷൃഷഭാദിപഞ്ചമാന്തമതന്ത്രിസ്പൃശം ക്രമശഃ കിഞ്ചിന്മാത്രനിമ്നാഃ ഷട്സാരികാ ന്യസ്യേൽ. ൩൮

ഭാ—പിന്നെ മേൽപ്രകാരം അടയാളപ്പെടുത്തിയ സ്ഥാനങ്ങളിൽ ഋഷഭം മുതൽ പഞ്ചമംവരെയായി ആറു മട്ടുകൾ കമ്പികൾ മേൽഭാഗത്തു തൊടാത്തവിധം അവയുടെ കീഴിലായും ഒരോ മട്ടം അതിന്റെ പിൻമട്ടിൽ വിരൽവെച്ചു കമ്പി തട്ടിക്കുമ്പോൾ മുൻമട്ടിൽ കമ്പി തൊടാതിരിക്കത്തക്കവണ്ണം ക്രമത്തിൽ അല്പാല്പം മാത്രം ഒന്നിനൊന്നധികം താഴ്ന്ന വിധത്തിലും മെഴുകിന്മേൽ മട്ടിന്റെ കാലുകൾ താഴ്ത്തി ഉറപ്പിക്കുക.

മേൽപ്രകാരം ഷഡ്ജത്തിൽ നിൎത്തിയ തന്ത്രികളിലെ സ്വരങ്ങളേ ആസ്പദമാക്കി മട്ടുകൾ വെച്ചാൽ പഞ്ചമസ്വരത്തിൽ നിൎത്തിയ രണ്ടു തന്ത്രികളിലും ലഭിക്കുന്ന സ്വരങ്ങൾ ഇന്നിന്നതാണെന്നു പറയുന്നു—

സൂ—ഏവം സത്യനുമന്ദ്രധശുദ്ധനികാകളിനിമന്ദ്രസരി ചാനുമന്ദ്രപതന്ത്ര്യാം മന്ദ്രധശുദ്ധനികാകളിനിമദ്ധ്യസരീ ച മന്ദ്രപതന്ത്ര്യാം ക്രമാൽ പഞ്ചസാരികാസു സിദ്ധ്യന്തി. ഷഷ്ഠസാരികായാന്തു ന കോപി സ്വരസ്തയോഃ. ൩൯

ഭാ—ഇങ്ങനെ ഷഡ്ജതന്ത്രികളിൽ ഋഷഭം മുതൽ പഞ്ചമംവരെയുള്ള സ്വരങ്ങൾക്കുള്ള മട്ടുകൾ ഉറപ്പിച്ചാൽ പഞ്ചമത്തിൽ നിൎത്തിയ തന്ത്രികളിൽ ഒന്നാമത്തെ അനുമന്ദ്രപഞ്ചമതന്ത്രിയിൽ ഒന്നാമത്തെ മട്ടിൽ അനുമന്ദ്രധൈവതം, രണ്ടാമത്തേതിൽ അനുമന്ദ്രശുദ്ധനിഷാദം, മൂന്നാമത്തേതിൽ അനുമന്ദ്രകാകളിനിഷാദം, നാലാമത്തേതിൽ മന്ദ്രഷഡ്ജം, അഞ്ചാമത്തേതിൽ മന്ദ്രഋഷഭം ഈ സ്വരങ്ങൾ ലഭിക്കും. മന്ദ്രപഞ്ചമത്തിൽ നിൎത്തിയ മൂന്നാമത്തെ തന്ത്രിയിൽ ക്രമത്തിൽ ആ അഞ്ചു മട്ടുകളിൽ മന്ദ്രത്തിലെ ധൈവതം ശുദ്ധനിഷാദം, കാകളിനിഷാദം ഇവയും മദ്ധ്യസ്ഥായിയിലെ ഷഡ്ജം, ഋഷഭം ഇവയുമായി അഞ്ചു സ്വരങ്ങളും ലഭി

ക്കും. ഷഡ്ജഗ്രാമപഞ്ചമത്തിന്നുള്ള ആറാമത്തെ മട്ടിൽ പഞ്ചമത്തിൽ നിൎത്തീട്ടുള്ള ആ രണ്ടു തന്ത്രികളിലും ഒരു സ്വരവും വരികയില്ല.

സൂ—അഥൎഷഭസാരികായാം തന്ത്രീം സൂത്രേണ ദൃഢം ബദ്ധ്വാ തന്നാദം ഷഡ്ജീകൃത്യ സ്വയംഭൂനാദാസ്പദേ തൽപഞ്ചമസ്ഥാനേ ധൈവതസാരികാൎത്ഥമങ്കയേൽ. ഏവം ഗാന്ധാരാന്തരസ്വരസാരികയോരപി ക്രമാന്നിഷാദകാകളീസാരികാൎത്ഥം. ൩൮

ഭാ—പിന്നെ ഋഷഭസാരികയിൽ തന്ത്രിയെച്ചേൎത്ത് ഒരു ചരടുകൊണ്ടു മുറുക്കികെട്ടി ആ ഋഷഭത്തിലുള്ള നാദത്തെ വീണയിലെ ആരംഭഷഡ്ജനാദമാക്കിത്തീൎക്കുക. അപ്പോൾ ആ ഷഡ്ജത്തിൻെറ പഞ്ചമം സ്വപ്രകാശമായിപ്പുറപ്പെടുന്ന സ്ഥാനത്തു ധൈവതസാരികക്ക് അടയാളപ്പെടുത്തുക. അങ്ങനെ ഋഷഭസാരികയിലെ നാദം ഷഡ്ജനാദമാകുമ്പോൾ മുമ്പിലത്തെ ത്രിശ്രുതിപഞ്ചമസ്ഥാനത്തു മദ്ധ്യമവും ധൈവതസ്ഥാനത്തു ഷഡ്ജഗ്രാമപഞ്ചമവുമായിത്തീരുമെന്നു തത്വം. മുമ്പിലത്തെ ആരംഭശ്രുതിയേക്കാൾ മൂന്നു ശ്രുതി കൂടിയതും കകുഭം മുതൽക്കുള്ള കമ്പിയുടെ നീളത്തിൽ മൂന്നു ശ്രുതിക്കുള്ള നീളം കുറഞ്ഞതിനാൽ പരികമ്പസംഖ്യനിമേഷമാനത്തിൽ വൎദ്ധിച്ചതുംതന്നെ അതിന്നു കാരണം. ഇപ്രകാരം തന്നെഗാന്ധാരസാരികയിൽ തന്ത്രിയെച്ചേൎത്തു കെട്ടി ആ നാദത്തെ ഷഡ്ജമാക്കിയാൽ സ്വയംഭൂവായി അതിൻെറ പഞ്ചമനാദം പുറപ്പെടുന്ന സ്ഥാനത്തു നിഷാദസാരികക്കടയാളപ്പെടുത്തുക. പിന്നെ അന്തരഗാന്ധാരസാരികയിൽ കമ്പി ചേൎത്തു കെട്ടി ആ ഷഡ്ജത്തിൻെറ പഞ്ചമനാദസ്ഥാനത്തു കാകളീസാരികക്കും അടയാളപ്പെടുത്തുക. ഇവിടെ ചരടുകൊണ്ടു ചേൎത്തു കെട്ടേണമെന്നില്ല. മററൊരാളെക്കൊണ്ട് അതാതു സാരികകളിൽ കമ്പി അമൎത്തിപ്പിടിപ്പിച്ചാലും മതി. അതിന്നു സൌകൎയ്യമില്ലെങ്കിലേ ചരടുകൊണ്ടു കെട്ടേണ്ടതുള്ളു എന്നു കാൎയ്യസ്വഭാവത്താൽ സ്പഷ്ടം.

സൂ—പൂൎവ്വവൽ ഷഡ്ജസ്ഥായാസ്തന്ത്ര്യാഃ പരികമ്പശൃംഖലാമദ്ധ്യഗതമഹാസന്ധാനേ താരഷഡ്ജം സ്വയം വ്യഞ്ജയതി സ്ഥാനേ തത്സാരികാൎത്ഥം ച. ൩൯

ഭാ—പിന്നെ മുൻപോലെ മദ്ധ്യഷഡ്ജത്തിൽത്തന്നെ സാരണിക്കമ്പി നിൎത്തി മീട്ടുമ്പോൾ അതിലെ പരികമ്പശൃംഖലയുടെ നേരെ മദ്ധ്യത്തിൽ ആ ശൃംഖലയെ രണ്ടാക്കി വിഭജിക്കുന്നതും താരഷഡ്ജത്തെ സ്വയം പ്രകാശിപ്പിക്കുന്നതുമായ മഹാസന്ധാനസ്ഥാനത്തിൽ താരഷഡ്ജസാരികക്കും അടയാളപ്പെടുത്തുക.

സൂ—അഥ താവൽപൎയ്യന്തം ചതസ്രസ്സാരികാ വിന്യസ്യ താരസ്വരാണാമന്യേഷാമന്തേ താരതരഷഡ്ജസ്യാപ്യുക്തദിശാ ന്യസ്യേദിതി. ൪൦

ഭാ—അപ്രകാരം മെഴുകിൽ അടയാളപ്പെടുത്തിയതിന്നുശേഷം ധൈവതം മുതൽ താരഷഡ്ജംവരെയായി ധൈവതം നിഷാദം കാകളിനിഷാദം, താരഷഡ്ജം എന്നീ സ്വരങ്ങൾക്കു നാലു മട്ടുകൾ മുൻകാണിച്ചപ്രകാരം ഒന്നിനൊന്ന് അല്പാല്പം താണനിലയിലുറപ്പിക്കുക. പിന്നെ താരസ്ഥായിയിലെ ഋഷഭാദികളായ മററു സ്വരങ്ങളുടെ സ്ഥാനങ്ങൾ മേൽകാണിച്ച പ്രകാരം ധൈവതാദിസാരികകളോടു ചേൎത്തു തന്ത്രിയെ ചരടുകൊണ്ടു ബന്ധിച്ചോ മററു വിധത്തിലോ ക്രമത്തിൽ അതാതിൻെറ മദ്ധ്യമപഞ്ചമാദിസ്വപ്രകാശനാദസ്ഥാനങ്ങൾ കണ്ടുപിടിച്ചും അങ്ങനെ ബന്ധിക്കാതെതന്നെ സ്വപ്രകാശനാദം പുറപ്പെടുന്ന അന്തരഗാ

ന്ധാരം, പഞ്ചമം എന്നീവക സ്വരങ്ങളുടെ സ്ഥാനങ്ങൾ നോക്കിയും അടയാളപ്പെടുത്തി അതാതിന്നുള്ള സാരികകൾ ഉറപ്പിക്കുക. ഒടുവിൽ പരികമ്പശൃംഖലയെ നാലായി ഭാഗി ക്കുന്ന സന്ധാനങ്ങളിൽ കകുഭത്തിനോടടുത്തുള്ളതും താരതരഷഡ്ജം സ്വയംഭൂവായിപ്പുറപ്പട്ട ന്നതുമായ സ്ഥാനത്ത് ആ താരതരഷഡ്ജത്തിന്നുള്ള സാരികയും ഉറപ്പിക്കണം. ഇങ്ങനെ ഭ രതമതംഗാദിമുനിസമ്മതമായ മാർഗ്ഗത്തിലെ ശുദ്ധമേളവീണയിൽ ആകെ ഇരുപതു സാരിക കളാണ് വേണ്ടതെന്നും കണ്ടുകൊൾക. സൂത്രത്തിലെ ഇതി എന്നതു മാർഗ്ഗശുദ്ധമേളവീണയി ലെ സാരികാന്യാസപ്രകാരങ്ങൾ പറഞ്ഞുകഴിഞ്ഞുവെന്നു കാണിച്ചിരിക്കുന്നു.

പ്രസംഗവശാൽ മറെറാരു സംഗതികൂടിപ്പറയുന്നു—

സൂ—ഏതേനൈവഷഡ്ജാദീനാം ത്രിശ്രുതിപഞ്ചമധൈവതാദിഭ്യാം സം വാദേ ഹേതുരപി സ്പഷ്ടീകൃതഃ. ൫

ഭാ—ഇവിടെ വിവരിച്ച പ്രകാരം ഓരോ സാരികകൾ സ്ഥാപിക്കുന്നതിന്നുവേണ്ടി പരികമ്പശൃംഖലയിൽ സ്വപ്രകാശങ്ങളായി നാദവിശേഷങ്ങളെക്കണ്ടുപിടിക്കാനുള്ള മാ ർഗ്ഗത്തിൻെറ സമ്പ്രദായം കാണിച്ചതുകൊണ്ടും അതിൽ ഋഷഭാദികളെ ഷഡ്ജസ്ഥാനീയമാക്കി ത്തീക്കമ്പോൾ ആ ഷഡ്ജത്തിൻെറ മധ്യമസ്ഥാനത്താണ് മുമ്പുള്ള നിലയിലെ ത്രിശ്രുതിപ ഞ്ചമം ഇരിക്കയെന്നും പഞ്ചമസ്ഥാനത്താണ് മുൻനിലയിലെ ധൈവതം വരികയെന്നും മ ററും വിവരിച്ചതുകൊണ്ടും സ്വരപ്രകാശത്തിൽ കാണിച്ചവിധം ഋഷഭാദികൾക്ക ത്രിശ്രുത്യ പഞ്ചമത്തോടും ധൈവതത്തോടും മററും സംവാദം വരുന്നതിന്നുള്ള കാരണവും സ്പഷ്ടമാക്കി ക്കഴിഞ്ഞിട്ടുണ്ട്. തന്ത്രീപരികമ്പശൃംഖലയിലെ മുഖ്യസന്ധാനങ്ങൾ ശൃംഖലയെ രണ്ടാ ക്കി വിഭജിക്കുന്ന സന്ധാനം, മൂന്നാക്കി വിഭജിക്കുന്ന സന്ധാനം, നാലാക്കി വിഭജിക്കുന്ന സന്ധാനം ഇവയാണ്. ആ സന്ധാനങ്ങളിലാണ് സ്വരനാദങ്ങൾ ഏററവും സ്പഷ്ടമായും ദീർഘമായും ഉള്ള വിധത്തിൽ സ്വപ്രകാശമായി ഭാസിക്കുന്നതും. സ്വരങ്ങളിൽ മുഖ്യങ്ങളാ യ ഷഡ്ജപഞ്ചമമധ്യമങ്ങളുടെ സ്ഥാനങ്ങളും ആ സന്ധാനങ്ങളാണ്. അതിൽത്തന്നെയും മുഖ്യതയുടെ താരതമ്യമനുസരിച്ച് ഏററവും പ്രധാനമായ ഷഡ്ജം മധ്യസന്ധാനസ്ഥാനത്തി ലും അതിനേക്കാൾ പ്രാധാന്യം കുറവായ പഞ്ചമം ത്രിഭാഗസന്ധാനസ്ഥാനത്തിലും അതി നേക്കാളും പ്രാധാന്യം കുറവായ മധ്യമം ചതുർഭാഗസന്ധാനസ്ഥാനത്തിലുമാണ് വരുന്നത്. ഇങ്ങനെയുള്ള പ്രാധാന്യം വഴിക്കുണ്ടാകുന്ന ബന്ധത്തിൻെറ ബലമാണ് പരസ്പരസംവാദ ത്തിന്നടിസ്ഥാനം. അതാണ് വാദിസ്വരം രാജാവും സംവാദിസ്വരം മന്ത്രിയുമാണെന്നും മററും പറഞ്ഞിട്ടുള്ളതിന്നും താൽപര്യം. അപ്പോൾ ഋഷഭാദികളോരോന്നും ഷഡ്ജരൂപത്തിൽ പ രിണമിക്കുമ്പോൾ അതാതിൻെറ പഞ്ചമമായിപ്പരിണമിക്കുന്ന സ്വരത്തിന്നും മധ്യമമായിപ്പ രിണമിക്കുന്ന സ്വരത്തിന്നും പ്രാധാന്യം സിദ്ധിക്കുമെന്നുള്ളതാണ് സംവാദത്തിന്നു മൂലമെന്നും പര്യവസിക്കുന്നു.

ഇങ്ങനെ മട്ടുകൾ വെച്ച ശുദ്ധമേളയിൽ പഞ്ചമത്തിൽ നിത്തിയ തന്ത്രികളിൽ ധൈ വതാദിസാരികകളിൽ വരുന്ന സ്വരങ്ങൾ കാണിക്കുന്നു—

സൂ—പഞ്ചമസ്ഥതന്ത്ര്യോ‍ാർധൈവതാദിസാരികാസു ക്രമാദന്തരഗമപാഃ കാകളീസാരികാവജ്ജം. താരസാരികാസ്വപ്യൂക്തകല്പം. ൬

ഭാ—പഞ്ചമങ്ങളിൽ നിത്തീട്ടുള്ള രണ്ടു കമ്പികളിലും പഞ്ചമസാരികവരെ വരുന്ന സ്വരങ്ങളെക്കാണിച്ചു കഴിഞ്ഞു. ധൈവതസാരികയിലാകട്ടേ അനുമന്ദ്രക്കമ്പിയിലും മന്ദ്ര ക്കമ്പിയിലും ക്രമത്തിൽ മന്ദ്രത്തിലെയും മധ്യത്തിലെയും അന്തരഗാന്ധാരങ്ങൾ. നിഷാദ

സാരികയിൽ രണ്ടിലെയും മധ്യമങ്ങാം താരഷഡ്ജസാരികയിൽ രണ്ടിലെയും പഞ്ചമങ്ങാം. കാകളീസാരികയിൽ ആ കമ്പികളിൽ ഒരു സ്വരവും വരില്ല. താരസ്ഥായിസാരികകളിൽ ആ കമ്പികളിൽ വരുന്ന സ്വരങ്ങളെപ്പററിയും മിക്കതും പറഞ്ഞു കഴിഞ്ഞു.

താരസ്ഥായി മട്ടകാം വെക്കുന്നതിന്നു മാർഗ്ഗാന്തരവുമുണ്ടെന്നു കാണിക്കുന്നു—

സൂ—ഏവം മധ്യഷഭാദികം ഷഡ്ജീകൃത്യ വാ താരസാരികാന്യാസഃ. ൩൭

ഭാ—മുമ്പു പറഞ്ഞപ്രകാരം ധൈവതാദികളെ ഷഡ്ജസ്ഥാനീയമാക്കി അതിൻെറ സംവാദിസ്വരമായ പഞ്ചമത്തിൻെറ സ്ഥാനങ്ങാം കണ്ടുപിടിച്ചിട്ടെന്നതുപോലെ മധ്യസ്ഥായിയിലെ ഋഷഭം, ഗാന്ധാരം മുതലായ സ്വരങ്ങളെ ഷഡ്ജസ്ഥാനീയമാക്കി അതാതിൻെറ താരഷഡ്ജം സ്വയംഭൂനാദമായി പ്രകാശിക്കുന്ന സ്ഥാനം കണ്ടുപിടിച്ച് ക്രമത്തിൽ അടയാളപ്പെടുത്തീട്ടും താരസ്ഥായിസാരികകാം അതാതു സ്ഥാനത്തുറപ്പിക്കാവുന്നതാണ്. ഇങ്ങനെ ആ ശുദ്ധമേളവീണയിൽ മന്ദ്രഷഡ്ജത്തിൽ നിൎത്തിയ തന്ത്രിയിൽ ആ ഷഡ്ജം മുതൽ താരഷഡ്ജത്തോടുകൂടി ഇരുപത്തൊന്നു സ്വരസ്ഥാനങ്ങളും മധ്യഷഡ്ജത്തിൽ നിൎത്തിയ സാരണിതന്ത്രിയിൽ മധ്യഷഡ്ജം മുതൽ താരതരഷഡ്ജത്തോടുകൂടി ഇരുപത്തൊന്നു സ്വരസ്ഥാനങ്ങളും സിദ്ധിക്കും. പഞ്ചമതന്ത്രികളിലാകട്ടേ അനുമന്ദ്രപഞ്ചമത്തിൽ നിൎത്തിയതിൽ ആ പഞ്ചമം മുതൽ മധ്യസ്ഥായിപഞ്ചമത്തോടുകൂടി ഇരുപത്തൊന്നു സ്വരങ്ങളുള്ളതിൽ മന്ദ്രമധ്യസ്ഥായികളിലെ ശുദ്ധഗാന്ധാരത്രിശ്രുതിപഞ്ചമസ്ഥാനങ്ങളിൽ സാരികകളില്ലാത്തതിനാൽ പതിനേഴ സ്വരസ്ഥാനങ്ങളേ വരികയുള്ളൂ. അപ്രകാരം മന്ദ്രപഞ്ചമത്തിൽ നിൎത്തിയ മൂന്നാമത്തെത്തന്ത്രിയിലും ആ പഞ്ചമം മുതൽ താരപഞ്ചമത്തോടുകൂടി ഇരുപത്തൊന്നു സ്വരങ്ങളുള്ളതിൽ മധ്യതാരസ്ഥായികളിലെ ശുദ്ധഗാന്ധാരത്രിശ്രുതിപഞ്ചമസ്ഥാനങ്ങളിൽ സാരികകളില്ലാത്തതിനാൽ പതിനേഴ സ്വരസ്ഥാനങ്ങളേ സിദ്ധിക്കയുള്ളൂ എന്നുള്ള വിശേഷവും ഗ്രഹിച്ചുകൊാംക. ഈ ശുദ്ധമേളവീണയിൽ പ്രാധാന്യം ഷഡ്ജഗ്രാമത്തിന്നാകയാൽ ഷഡ്ജത്തിൽ നിൎത്തിയ സാരണിയിൽ വരുന്നേടത്തോളം മാത്രമേ മധ്യമഗ്രാമീയത്രിശ്രുതിപഞ്ചമത്തിന്നു സ്ഥലം നൽകേണ്ടതുള്ളുവെന്നും ഷഡ്ജതന്ത്രികളിൽ മന്ദ്രമധ്യതാരശുദ്ധഗാന്ധാരങ്ങാം സിദ്ധിക്കുന്നതിനാൽ പഞ്ചമതന്ത്രികളിൽ അതിന്നു സ്ഥാനങ്ങളില്ലെങ്കിലും വിരോധമില്ലെന്നുമാണ് മാർഗ്ഗസിദ്ധാന്തം.

സൂ—തത്രാനുമന്ദ്രപമന്ദ്രപതന്ത്ര്യോൎമ്മന്ദ്രമധ്യസാന്താ മന്ദ്രസതന്ത്ര്യാം മന്ദ്രപാന്താശ്ച സ്വരാ വാദനേഷു ഗൃഹ്യന്തേ. സപൌ യഥായഥമുഭയോഃ സന്തോപി താസു നാന്യേ. സാരണ്യാന്തു സൎവ്വേ ഗ്രാഹ്യാ ഇതി കേചിൽ സമ്പ്രദായവിദഃ. തന്ത്രീപ്രമാണഭേദേന നാദസ്യ ഗാംഭീൎയ്യമാധുൎയ്യകൃതരഞ്ജനവിശേഷസത്വാന്മന്ദ്രസതന്ത്ര്യാം മധ്യസാന്താ മന്ദ്രപതന്ത്ര്യാം മധ്യപാന്താശ്ച യഥായോഗം ഗൃഹ്യന്ത ഇത്യന്യേ. ൩൮

ഭാ—മേൽപ്രകാരം ഓരോ കമ്പിയിലും സ്വരങ്ങളുള്ള ആ ശുദ്ധമേളവീണയിൽ വായിക്കുമ്പോാം എല്ലാക്കമ്പികളിലും എല്ലാ സ്വരങ്ങളെയും പ്രയോഗത്തിൽ സ്വീകരിക്കാറില്ല. അനുമന്ദ്രപഞ്ചമതന്ത്രിയിൽ ആ പഞ്ചമം മുതൽ മന്ദ്രഷഡ്ജംവരെയും മന്ദ്രപഞ്ചമതന്ത്രിയിൽ ആ പഞ്ചമം മുതൽ മധ്യഷഡ്ജംവരെയും മന്ദ്രഷഡ്ജതന്ത്രിയിൽ ആ ഷഡ്ജം മുതൽ മന്ദ്രപഞ്ചമംവരെയും ഉള്ള സ്വരങ്ങളെ മാത്രമേ സ്വീകരിക്കാറുള്ളൂ. എന്നാൽ ഷഡ്ജത്തെയും പഞ്ചമത്തെയും യുക്തംപോലെ രണ്ടു കമ്പികളിലും സ്വീകരിക്കാറുണ്ട്. ആ മൂന്നു കമ്പികളിലും പിന്നെയും പല സ്വരങ്ങളുമുണ്ടെങ്കിലും വായനയിൽ അവയെ ഉപയോഗപ്പെടുത്തു

കു പതിവില്ല. സാരണികമ്പിയിലാകട്ടെ അതിലുള്ള എല്ലാ സ്വരങ്ങളെയും സ്വീകരിക്കാറുണ്ട്. ഇങ്ങനെയാണ് സമ്പ്രദായജ്ഞന്മാരിൽ ചിലർ പറയുന്നത്. മററു ചിലരുടെ പക്ഷത്തിൽ അല്പം വ്യത്യാസമുണ്ട്. തന്ത്രിയുടെ വണ്ണത്തിനുള്ള താരതമ്യമനുസരിച്ച നാദത്തിനുണ്ടാകുന്ന ഗാംഭീര്യമാധുര്യങ്ങൾക്കു താരതമ്യം വരുന്നതാണ്. വണ്ണംകൂടിയതിന്റെ നാദത്തിനു ഗാംഭീര്യഗുണവും വണ്ണംകുറഞ്ഞതിന്റെ നാദത്തിനു മാധുര്യഗുണവും അധികമുണ്ടായിരിക്കും. ആ വഴിക്ക് ഓരോ സന്ദർഭത്തിൽ ഓരോ ഗുണത്തിനാണ് രഞ്ജകതയും അധികമുണ്ടായിരിക്കുക. അതിനാൽ തരംപോലെ രണ്ടു ഗുണങ്ങളും സ്വീകരിക്കേണ്ടതുണ്ട്. മന്ദ്രഷഡ്ജതന്ത്രിയേക്കാൾ മന്ദ്രപഞ്ചമതന്ത്രികളും അതിനേക്കാൾ സാരണീതന്ത്രികളും വണ്ണം കുറവായിരിക്കയും വേണം. അതുതന്നെയുമല്ല, മന്ദ്രഷഡ്ജതന്ത്രി വെള്ളിയോ പിത്തളയോ ആയതിനാലും ഉരുക്കുകൊണ്ടുള്ള തന്ത്രിയുടെ നാദത്തിൽനിന്നു ലോഹവ്യത്യാസംകൊണ്ടുണ്ടാകുന്ന വ്യത്യാസവും ആ ഷഡ്ജതന്ത്രീനാദത്തിനുണ്ട്. അതനുസരിച്ച സന്ദർഭൌചിത്യംപോലെ മന്ദ്രഷഡ്ജതന്ത്രിയിൽ മധ്യസ്ഥായിഷഡ്ജംവരെയുള്ള സ്വരങ്ങളും മന്ദ്രപഞ്ചമതന്ത്രിയിൽ മധ്യസ്ഥായിപഞ്ചമംവരെയുള്ള സ്വരങ്ങളും സാരണിയിൽ എല്ലാ സ്വരങ്ങളും വായനയിൽ സ്വീകരിക്കാറുണ്ട്. രാഗാലാപങ്ങളിലും കൂട്ടതാനപ്രയോഗങ്ങളിലും അതിനു പ്രത്യേകാവശ്യകതയുമുണ്ട്. അനുമന്ദ്രതന്ത്രിയിൽ മാത്രം മന്ദ്രഷഡ്ജം വരെയുള്ള സ്വരങ്ങളെ മാത്രമേ സ്വീകരിക്കാറുള്ളു. ഇങ്ങനെയാണ് ആ സമ്പ്രദായജ്ഞന്മാരുടെ മതം.

ഇനി മാർഗ്ഗമധ്യമേളവീണയിലെ സാരികാന്യാസത്തെക്കാണിക്കുന്നു—

സൂ—മാർഗ്ഗമധ്യമേളായാന്തു ശുദ്ധമേളോക്തവൽ പരികമ്പശൃംഖലാം ത്രിധാ ചതുർധാ പഞ്ചധാ ദശധാ ച വിഭജൽസു സ്വയംഭൂനാദസ്ഥാനേഷ്വങ്കയിത്വാ തൃതീയഷഡ്ജതന്ത്രീഗതപഞ്ചമസമാനനാദോ യത്ര സാരണ്യാം തത്ര, സപ്തധാ വിഭജതി കൈശികസ്വയംഭൂനാദസ്ഥാനേപ്യങ്കയേൽ. ൫൭

ഭാ—മാർഗ്ഗപ്രസ്ഥാനപ്രകാരമുള്ള മധ്യമേളവീണയിൽ മട്ടുകളുറപ്പിക്കുന്നതിന്നാകട്ടെ ശുദ്ധമേളവീണയിൽ അതിനു പറഞ്ഞതുപോലെ പരികമ്പശൃംഖലയെ മൂന്നായും നാലായും അഞ്ചായും പത്തായും വിഭജിക്കുന്ന സന്ധാനങ്ങളായ സ്വപ്രകാശനാദസ്ഥാനങ്ങളിൽ ആദ്യം അടയാളപ്പെടുത്തുക. പിന്നെ മധ്യഷഡ്ജത്തിൽ നിർത്തിയ മൂന്നാമത്തെതന്ത്രിയിലെ മധ്യസ്ഥായിപഞ്ചമത്തോടു സമാനമായ നാദം സാരണിതന്ത്രിയിൽ ഏതു സ്ഥാനത്തു വരുന്നുവോ ഒന്നാമത്തെ അടയാളത്തിന്നടുത്തു മുമ്പിൽ വരുന്ന ആ സ്ഥാനത്തും ശൃംഖലയെ മൂന്നായും നാലായും വിഭജിക്കുന്ന സന്ധാനങ്ങളുടെ മധ്യത്തിലുള്ളതും കൈശികസ്വരം (മധ്യമത്തിൽ നിർത്തിയ കമ്പിയിൽ ശുദ്ധഗാന്ധാരസ്വരം) സ്വയം പുറപ്പെടുന്നതും ശൃംഖലയെ ഏഴാക്കി വിഭജിക്കുന്നതുമായ സന്ധാനസ്ഥാനത്തും അടയാളപ്പെടുത്തുക.

സൂ—തതസ്തത്തൽസ്ഥാനേഷു യഥാക്രമം ഷട് സാരികാ ന്യസ്യേൽ. തദാ പ്രഥമായാം ത്രിശ്രുതിപോ ദ്വിതീയായാം പസ്രുതിയാദ്യാസു ധനികാകളീതാരസാശ്ച ഭവന്തി. ൫൮

ഭാ—പിന്നെ അടയാളപ്പെടുത്തിവെച്ച ആ ഓരോ സ്ഥാനത്തും ക്രമത്തിൽ മുൻപറഞ്ഞ രീതിയനുസരിച്ച് ആറുമട്ടുകൾ ഉറപ്പിക്കുക. എന്നാൽ ആദ്യത്തെ മട്ടിൽ മധ്യസ്ഥായിയിലെ ത്രിശ്രുതിപഞ്ചമവും രണ്ടാമത്തേതിൽ ഷഡ്ജഗ്രാമപഞ്ചമവും മൂന്നാമത്തേതിൽ ധൈവതവും നാലാമത്തേതിൽ നിഷാദവും അഞ്ചാമത്തേതിൽ കാകളിനിഷാദവും ആറാമത്തേതിൽ താരസ്ഥായിഷഡ്ജവും ആ സാരണിയിൽ വരുന്നതാണ്.

സൂ—തതശ്ച പഞ്ചമഷഷ്ഠസാരികയോർമ്മദ്ധ്യേ ഷഡ്ജസ്ഥതന്ത്ര്യാസ്ത്രിശ്രുതിപഞ്ചമാത്മമേകാം സാരികാം നിധായ മന്ദ്രപഞ്ചമസ്ഥാം ദ്വിതീയതന്ത്രീമപകൃഷ്യ തദ്ഗതഷഡ്ജനാദം സാരണീഗതകാകളീമന്ദ്രകാകളീം കുര്യാൽ. തദാ തൽകാകളീസ്ഥനാദതാരനാദോ യത്ര സാരണ്യാം തത്രാപി ഷഡ്ജസ്ഥയോഃ ശുദ്ധഗാന്ധാരാത്മം സാരികാമേകാം ന്യസ്യേൽ. ൨

ഭാ—പിന്നെ അഞ്ചാമത്തെക്കാകളിനിഷാദസാരികയുടെയും ആറാമത്തെ താരഷഡ്ജസാരികയുടെയും മദ്ധ്യത്തിലായി ഒരു സാരിക വെക്കണം. മന്ദ്രഷഡ്ജത്തിലും മദ്ധ്യഷഡ്ജത്തിലും നിൎത്തീട്ടുള്ള ഒന്നാമത്തെയും മൂന്നാമത്തെയും കമ്പികളിൽ ത്രിശ്രുതിപഞ്ചമസ്വരത്തിന്നുവേണ്ടിയുള്ളതാണ് ആ സാരിക. അതിന്നുശേഷം മന്ദ്രപഞ്ചമത്തിൽ നിൎത്തീട്ടുള്ള രണ്ടാമത്തെക്കമ്പി അല്പം അയച്ച് അതിലെ നാലാമത്തെ സാരികയിലുള്ള ഷഡ്ജനാദത്തെ സാരണിയിലെ അഞ്ചാമത്തെ സാരികയിലുള്ള മദ്ധ്യസ്ഥായികാകളിയുടെ മന്ദ്രസ്ഥായികാകളീനാദമാക്കുക. അപ്പോഠം ആ മന്ദ്രഷഡ്ജതന്ത്രിയിൽ മൂന്നാമത്തെ സാരികയിലുണ്ടാകുന്ന നാദത്തിന്റെ താരസ്വരനാദം സാരണിയിൽ ഏതു സ്ഥാനത്തു വരുന്നുവോ പഞ്ചമസാരികയുടെ അടുത്തുള്ള ആ സ്ഥാനത്തും ഷഡ്ജതന്ത്രികളിൽ മന്ദ്രമദ്ധ്യസ്ഥായിശുദ്ധഗാന്ധാരങ്ങഠംക്കുവേണ്ടി ഒരു സാരിക ഉറപ്പിക്കണം. സാരണിയിൽ ഈ പറഞ്ഞ രണ്ടു സാരികകളിലും സ്വരങ്ങഠം വരുന്നതല്ല.

സൂ—അഥ ശുദ്ധമേളോക്തവിധയാ ത്രിശ്രുതിപാദികാൻ പവജ്ജം ത്രീൻ നാദാൻ ഷഡ്ജീകൃത്യ തത്തൽപഞ്ചമസ്ഥാനേഷു സ്വപ്രകാശനാദോൽപാദകേഷ്വൃഷഭാദ്യാത്മമങ്കയിത്വാ ശൃംഖലാമദ്ധ്യസന്ധാനസ്ഥാനേ മദ്ധ്യമാത്മമങ്കയേൽ. യഥാക്രമം ചതസ്രസ്സാരികാശ്ച നിദധീത. ൌ

ഭാ—പിന്നെ ശുദ്ധമേളാവിഷയത്തിൽ പറഞ്ഞപ്രകാരം ത്രിശ്രുതിപഞ്ചമസാരികയിൽ തന്ത്രി ചേൎത്തു കെട്ടിയോ മറെറാരാളെക്കൊണ്ടു ചേൎത്തു പിടിപ്പിച്ചിട്ടോ ആ നാദത്തെ ഷഡ്ജസ്ഥാനീയമാക്കി അതിന്റെ പഞ്ചമം സ്വപ്രകാശമായി ധ്വനിക്കുന്ന സ്ഥാനത്തു താരഋഷഭസാരികക്കടയാളപ്പെടുത്തുക. പിന്നെ പഞ്ചമസാരിക വിട്ടു പിന്നത്തെ സാരികയിൽ അതുപോലെ കമ്പി ചേൎത്തു പിടിച്ചു ഷഡ്ജസ്ഥാനീയമാക്കി അതിന്റെ പഞ്ചമസ്ഥാനത്തു താരശുദ്ധഗാന്ധാരത്തിന്നും ധൈവതനാദത്തെ അപ്രകാരം ഷഡ്ജസ്ഥാനീയമാക്കി അതിന്റെ പഞ്ചമസ്ഥാനത്ത് താരാന്തരഗാന്ധാരത്തിന്നും അടയാളപ്പെടുത്തുക. പിന്നെ കമ്പിയുടെ ബന്ധം വിടുൎത്തി പൂൎവ്വസ്ഥിതിയിലാക്കി പരികമ്പശൃംഖലയിലെ മദ്ധ്യസന്ധാനസ്ഥാനത്തു താരമദ്ധ്യമത്തിന്നും അടയാളപ്പെടുത്തുക: മുമ്പു കാണിച്ച ക്രമമനുസരിച്ചു നാലു സാരികകളും അടയാളപ്പെടുത്തിയ ആ നാലു സ്ഥാനങ്ങളിലുറപ്പിക്കുക.

സൂ—പുനസ്ത്രിശ്രുതിപഞ്ചമാദികം വിനാ ഷഡ്ജസ്ഥതന്ത്രീസ്വരാത്മന്യസ്തസാരികാഗതം ഷഡ്ജീകൃത്യ തത്തത്താരഷഡ്ജസ്ഥാനേഷ്വന്ത്യേഷാമന്തേ താരതരഷഡ്ജസ്യ ച. ൧൦

ഭാ— പിന്നെ മദ്ധ്യസ്ഥായിത്രിശ്രുതിപഞ്ചമം മുതലായി ക്രമത്തിൽ പഞ്ചമം, ധൈവതം, നിഷാദം, കാകളിനിഷാദം ഇവയെ മുൻപറഞ്ഞപ്രകാരം ഷഡ്ജസ്ഥാനീയമാക്കി അതാതിന്റെ സ്വപ്രകാശനാദസ്ഥാനമായി വരുന്ന താരഷഡ്ജസ്ഥാനങ്ങളിൽ താരസ്ഥായിയിലെ ത്രിശ്രുതിപഞ്ചമം, പഞ്ചമം, ധൈവതം, നിഷാദം, കാകളിനിഷാദം ഇവക്കും ഒട്ടു

വിൽ താരതരഷഡ്ജത്തിന്നും ഉള്ള മട്ടുകാം വെക്കുക. ഇവിടെ ഷഡ്ജസ്ഥാനീയമാക്കി എന്നു പറഞ്ഞതു ശുദ്ധമേളാവിഷയത്തിൽ മുമ്പു പറഞ്ഞതനുസരിച്ച് എളുപ്പത്തിൽ ശിഷ്യബോധത്തിന്നായി മാത്രമാണ്. സാരണിക്കമ്പി മധ്യമധ്യമത്തിൽ നിൎത്തിയതാകയാൽ പരികമ്പശൃംഖലയുടെ മധ്യസന്ധാനത്തിൽ വരുന്ന സ്വപ്രകാശനാദം താരമധ്യമമായതുകൊണ്ടു മധ്യമസ്ഥാനീയമാക്കിക്കല്പിച്ചാലും ശരിയാകുന്നതാണ്. ശൃംഖലാമധ്യസന്ധാനം മാറിമാറി വരുന്നതനുസരിച്ച് ഓരോ സ്വരത്തിന്റെയും വ്യവസ്ഥിതസ്ഥാനം കണ്ടുപിടിക്കണമെന്നു മാത്രമേ താൽപൎയ്യമുള്ളൂ. ഈ താരത്രിശ്രുതിപഞ്ചമം തുടങ്ങിയ ഭാഗത്തു ഷഡ്ജത്തിൽ നിൎത്തിയ തന്ത്രികളിലെ ശുദ്ധഗാന്ധാരത്രിശ്രുതിപഞ്ചമങ്ങൾക്കുവേണ്ടി മാത്രമുള്ള രണ്ടു സാരികകാം വെക്കേണ്ടതില്ല. വായിക്കുമ്പോൾ ആ രണ്ടു ഷഡ്ജതന്ത്രികളിലും ആ ഭാഗത്തു പ്രയോഗം വരില്ല. സാരണിയിൽ മാത്രമേ പ്രയോഗമുള്ളൂ. സാരണീപ്രയോഗത്തിന്ന് ആ രണ്ടു മട്ടിലും സ്വരമൊന്നും വരികയുമില്ല. അതുകൊണ്ടാണ് സൂത്രത്തിൽ 'വിനാഷഡ്ജസ്ഥതന്ത്രീസ്വരാത്ഥന്യസ്തസാരികാഗതം' എന്നിങ്ങനെ ആ സാരികകളിൽ വരുന്ന നാദത്തെ ഒഴിവാക്കിപ്പറഞ്ഞിട്ടുള്ളത്.

സൂ—ഏവമസ്യാമഷ്ടാദശ സാരികാഃ. തത്ര പ്രഥമതന്ത്ര്യാം മന്ദ്രസാദിമധ്യപാന്തേഷു വിനാ മധ്യം ഗം ത്രിശ്രുതിപം ച പഞ്ചദശ സ്വരാഃ. ദ്വിതീയായാം ചതുർദശ്യാം ച സാരികായാം ന സ്വരഃ. വാദനേഷു ച മന്ദ്രപാന്തമേവ ഗൃഹ്യന്തേ. മന്ദ്രപദ്വിതീയതന്ത്ര്യാം തദാദിതാരസാന്തം വിനാ മധ്യം ഗം ത്രിശ്രുതിപം നിം ച ദ്വാദശ സ്വരാഃ. സപ്തസു സാരികാസു ന സ്വരഃ. വാദനേഷു മധ്യസാന്തം പഞ്ചൈവ ഗൃഹ്യന്തേ. മധ്യസതൃതീയതന്ത്ര്യാംപ്രഥമാതോ സ്ഥായിമാത്രഭേദഃ. തസ്യാം മധ്യമധ്യമാന്തമേവ ഗൃഹ്യന്തേ. സാരണ്യാം സ്വരശ്ശൂന്യാം തൃതിയാം സപ്തമീം ച സാരികാം വിഹായ സൎവ്വാസ്വപി സ്വരാ ഗൃഹ്യന്ത ഇത്യാഹുസ്സമ്പ്രദായവിദഃ. ൮൦

ഭാ – മേൽവിവരിച്ച പ്രകാരത്തിൽ പതിനെട്ടു സാരികകളാണ് ഈ മാൎഗ്ഗമധ്യമേളവീണയിൽ വെക്കേണ്ടത്. അതിൽ മന്ദ്രഷഡ്ജത്തിൽ നിൎത്തിയ ഒന്നാമത്തെ തന്ത്രിയിൽ ആ മന്ദ്രഷഡ്ജം മുതൽ മധ്യസ്ഥായിപഞ്ചമംവരെയുള്ള പതിനേഴു സ്വരങ്ങളിൽ മധ്യസ്ഥായിയിലെ ശുദ്ധഗാന്ധാരത്തിന്നും ത്രിശ്രുതിപഞ്ചമത്തിന്നും സാരികകളില്ലാത്തതിനാൽ അതു രണ്ടും കഴിച്ചു പതിനഞ്ചു സ്വരങ്ങളാണുള്ളത്. രണ്ടാമത്തെയും പതിന്നാലാമത്തെയും സാരികകാം ഈ തന്ത്രിയെപ്പററിയേടത്തോളം ഒരു സ്വരത്തിന്റെയും സ്ഥാനത്തല്ലാത്തതിനാൽ അവയിൽ സ്വരങ്ങളില്ല. അങ്ങനെ തന്ത്രിയുടെ ശുദ്ധനാദവും പതിനെട്ടു സാരികാനാദങ്ങളുംകൂടി പത്തൊമ്പതുള്ളതിൽ സാരികകളില്ലാത്തതിനാൽ രണ്ടും സാരികകളിലെ നാദം സ്വരമല്ലാത്തതിനാൽ രണ്ടും കഴിച്ചു പതിനഞ്ചു സ്വരങ്ങാം എന്നൎത്ഥം. വായിക്കുമ്പോൾ ഈ ഒന്നാംതന്ത്രിയിൽ മന്ദ്രപഞ്ചമംവരെയുള്ള സ്വരങ്ങളെ മാത്രമേ സ്വീകരിക്കാറുള്ളൂ. ശേഷമുള്ള സ്വരങ്ങാം മററു തന്ത്രികളിലുള്ളവയാണ് സ്വീകരിച്ചു വരുന്നത്. അതുകൊണ്ടാണ് മധ്യസ്ഥായിയിലെ ശുദ്ധഗാന്ധാരത്രിശ്രുതിപഞ്ചമങ്ങൾക്കു പ്രത്യേക സാരികകാം വെക്കേണ്ടതില്ലെന്നുവെച്ചിട്ടുള്ളതും. മന്ദ്രപഞ്ചമത്തിൽ നിൎത്തിട്ടുള്ള രണ്ടാമത്തെത്തന്ത്രിയിൽ ആ പഞ്ചമം മുതൽ താരഷഡ്ജംവരെ പതിനഞ്ചു സ്വരങ്ങളുള്ളതിൽ പന്തിരണ്ടു സ്വരങ്ങളേ ആ മന്ദ്രപഞ്ചമത്തോടുകൂടി വരികയുള്ളൂ. മധ്യസ്ഥായിയിലെ ശുദ്ധഗാന്ധാരം, ത്രിശ്രുതിപഞ്ചമം, ശുദ്ധനിഷാദം എന്നീ മൂന്നു സ്വരങ്ങളുടെ സ്ഥാനങ്ങളിൽ സാരികയില്ല. രണ്ട്, ആറ്,

എട്ട്, പതിനൊന്ന്, പതിനാല്, പതിനേഴ്, പതിനെട്ട് ഈ സാരികകാം ആ തന്ത്രിയിൽ സ്വരസ്ഥാനങ്ങളാവില്ല. വായിക്കുമ്പോാം ആ തന്ത്രിയിൽ മധ്യസ്ഥായിഷഡ്ജംവരെ മാത്രമേ സ്വീകരിക്കാറുള്ളൂ. മധ്യഷഡ്ജത്തിൽ നിൎത്തിയ മൂന്നാമത്തെതന്ത്രിയിലും ഒന്നാമത്തെ തന്ത്രിയിലെപ്പോലെ പതിനഞ്ചു സ്വരങ്ങളാണ് വരിക. സ്ഥായി മാത്രം മാറുമെന്നേ വ്യത്യാസമുള്ളൂ. മധ്യഷഡ്ജം മുതൽ താരപഞ്ചമംവരെയുള്ള സ്വരങ്ങളാണതിലുള്ളത്. മധ്യസ്ഥായിമധ്യമംവരെയുള്ള സ്വരങ്ങളെ മാത്രമാണ് ആ തന്ത്രിയിലും വായനയിൽ സ്വീകരിക്കാറുള്ളത്. മധ്യമധ്യമത്തിൽ നിൎത്തിയ സാരണിത്തന്ത്രിയിലാകട്ടേ ആ മധ്യമം മുതൽ താരതരഷഡ്ജംവരെയുള്ള എല്ലാ സ്വരങ്ങളും വായിക്കുമ്പോാം സ്വീകരിക്കാറുണ്ട്. ആ തന്ത്രിയിൽ സ്വരമൊന്നുമില്ലാത്ത മൂന്നാമത്തെയും ഏഴാമത്തെയും സാരികളെ മാത്രമേ ഒഴിവാക്കാറുള്ളൂ. ഇങ്ങനെയെല്ലാമാണ് സമ്പ്രദായജ്ഞന്മാർ പറയുന്നത്. ചിലർ ഈ മധ്യമേളവീണയിൽ സാരണിയിൽ താരഷഡ്ജവും ഒന്നാമത്തെ മന്ദ്രഷഡ്ജതന്ത്രിയിൽ മന്ദ്രപഞ്ചമവും വരുന്നേടത്തോളമുള്ള ഭാഗത്തു മാത്രമേ രണ്ടു ഭാഗത്തും ദണ്ഡപട്ടികാംവെച്ച രണ്ടററത്തും എത്തുന്ന മട്ടുകാം വെക്കാറുള്ളൂ. ശേഷമുള്ള ഭാഗത്തു സാരണിക്കു മാത്രമായി പീഠമെന്നു പേരുള്ളതും പട്ടികയോളം ഉയരവും ഇരട്ടി വീതിയുമുള്ളതുമായ ഒരു പലക നടുവിൽ പൊഴിച്ച ചാലുണ്ടാക്കി ഉറപ്പിച്ച് അതിന്മേൽ മെഴുകുവെച്ച നീളം കുറഞ്ഞവയും നടുവിൽ ഒരു കാൽ മാത്രമുള്ളവയുമായ ചെറിയ മട്ടുകാം വെക്കുകയുമാണ് ചെയ്യുന്നത്. എന്നാൽ ഉത്തരസ്വരത്തെ പൂൎവ്വസാരികയിൽ ആന്ദോളിതഗമകരീതിയിലും മററും പ്രയോഗിക്കുന്നതിന്ന് അപ്രകാരമായാൽ സൌകൎയ്യം കുറവായിത്തീരുന്നതാണെന്നും അതുകൊണ്ടാണ് അതിവിടെ സ്വീകരിക്കാഞ്ഞതെന്നും അറിഞ്ഞുകൊാംക.

ഇനി ദക്ഷിണപ്രസ്ഥാനമനുസരിച്ചുള്ള സാരികാസ്ഥാപനത്തെപ്പററിപ്പറയുന്നു—

സൂ—ദക്ഷിണേ തുക്തപ്രായോപി പ്രകരണപൂൎത്ത്യൎത്ഥം പുനഃ സ്പഷ്ടീക്രിയതേ. തത്ര ശുദ്ധമേളായാം മാൎഗ്ഗോക്തദിശാ സ്വപ്രകാശനാദസ്ഥാനേഷ്വന്തരഗമപ്രതിമപസാരികാൎത്ഥം പ്രഥമമങ്കയിത്വാ പ്രതിമാൎത്ഥം പഞ്ചമാൎത്ഥം ചാങ്കിതയോഃ സ്ഥാനയോഃ പഞ്ചമതന്ത്ര്യാം യൌ നാദൌ സാരണ്യാം തത്സമനാദസ്ഥാനയോഃ ശുദ്ധവികൃതഷഭൎാൎത്ഥമങ്കയേൽ. വൃഥ

ഭാ—ദക്ഷിണപ്രസ്ഥാനമനുസരിച്ച സാരികകാം ഉറപ്പിക്കേണ്ടതിൻെറ സമ്പ്രദായമാകട്ടേ ശ്രുതിപ്രകാശത്തിൽത്തന്നെ പ്രസംഗത്താൽ മിക്കതും പറഞ്ഞു കഴിഞ്ഞിട്ടുണ്ട്. എങ്കിലും ഈ വീണാപ്രകരണത്തിൻെറ പൂൎത്തിക്കുവേണ്ടിയും മാൎഗ്ഗവീണയിൽനിന്നുള്ള വ്യത്യാസം കാണിക്കുന്നതിന്നുവേണ്ടിയും ഒരിക്കൽകൂടി സ്പഷ്ടമാക്കുന്നു. മാൎഗ്ഗശുദ്ധമേളാവിഷയത്തിൽ പറഞ്ഞതുപോലെ ദക്ഷിണശുദ്ധമേളയിലും തന്ത്രീപരികമ്പശൃംഖലയെ അഞ്ചായും നാലായും ഏഴായും മൂന്നായും വിഭജിക്കുന്ന സ്വയംഭൂനാദജനകസന്ധാനസ്ഥാനങ്ങളിൽ ക്രമത്തിൽ അന്തരഗാന്ധാരം, മധ്യമം, പ്രതിമധ്യമം, പഞ്ചമം ഈ സ്വരങ്ങാംക്കുള്ള സാരികകാംക്ക് ആദ്യം അടയാളപ്പെടുത്തുക. പിന്നെ പ്രതിമധ്യമത്തിന്നും പഞ്ചമത്തിന്നും അടയാളപ്പെടുത്തിയ സ്ഥാനങ്ങളിൽ മന്ദ്രപഞ്ചമത്തിൽ നിൎത്തിയ മൂന്നാമത്തെതന്ത്രിയിൽ ഏതേതു നാദങ്ങാം വരുന്നുവോ ആ നാദങ്ങാം സാരണീതന്ത്രിയിൽ വരുന്ന രണ്ടു സ്ഥാനങ്ങളിൽ ശുദ്ധഷഭത്തിന്നും വികൃതഷഭത്തിന്നും ഉള്ള സാരികകാംക്കു ക്രമത്തിൽ അടയാളപ്പെടുത്തുക. ഇതിൽ വികൃതഷഭസ്ഥാനം പരികമ്പശൃംഖലയെ ഒമ്പതാക്കി വിഭജിക്കുന്ന സന്ധാനസ്ഥാനവും പഞ്ചമത്തെ ഷഡ്ജസ്ഥാനീയമായിഗ്ഗണിക്കുമ്പോാം അതിൻെറ താരതരപഞ്ചമം സ്വ

ക്ഷുദ്രരൂപത്തിൽ സ്വപ്രകാശമായിപ്പുറപ്പെടുന്ന സ്ഥാനവുമാണെന്നുള്ള തത്വവും അതിനാലാണ് വികൃതഷ്ഭപഞ്ചമങ്ങൾക്ക സംവാദമുണ്ടാകുന്നതെന്ന സംഗതിയും ഗ്രഹിച്ചുകൊൾക.

സൂ—തതോ മാർഗ്ഗോദിതരീത്യാ ദ്വിതീയാം മന്ദ്രഷഡ്ജസ്ഥതന്ത്രീമപകൃഷ്യ തദ്ഗതപഞ്ചമസ്ഥാനനാദം സാരണീഗതപ്രതിമനാദമന്ദ്രനാദം കുര്യാൽ. തദാ തദീയാന്തരഗമധ്യസ്ഥായിനാദോ യത്ര വികൃതര്യന്തരഗമധ്യേ സാരണ്യാം തത്രാപി ശുദ്ധഗാത്മമങ്കയേൽ. അഥ ചാങ്കിതസ്ഥാനേഷു യഥാക്രമം പ്വാന്താസ്സപ്ത സാരികാ നിദധീത. വൃ.

ഭാ—പിന്നെ മാർഗ്ഗപ്രസ്ഥാനവിഷയത്തിൽ പ്രസ്താവിച്ച രീതിയിൽ മന്ദ്രഷഡ്ജത്തിൽ നിൎത്തിയ രണ്ടാമത്തെതന്ത്രി അല്പം അയച്ച് അതിലെ പഞ്ചമസ്ഥാനനാദം സാരണിയിലെ പ്രതിമധ്യമസ്ഥാനനാദത്തിന്റെ മന്ദ്രനാദമാക്കുക. അപ്പോൾ അതിലെ അന്തരഗാന്ധാരനാദത്തിന്റെ മധ്യസ്ഥായിനാദം സാരണിയിൽ ഏതു സ്ഥാനത്തു വരുന്നുവോ വികൃതഷ്ഭാന്തരഗാന്ധാരസ്ഥാനങ്ങളുടെ മധ്യത്തിലുള്ള ആ സ്ഥാനത്തു ശുദ്ധഗാന്ധാരസാരികക്കും അടയാളപ്പെടുത്തുക. പിന്നെ മന്ദ്രഷഡ്ജതന്ത്രിയെ പൂൎവ്വസ്ഥിതിയിൽത്തന്നെ മുറുക്കി നിൎത്തി, അടയാളപ്പെടുത്തിയ സ്ഥാനങ്ങളിൽ ശുദ്ധഷ്ഭം മുതൽ പഞ്ചമംവരെയുമുള്ള സ്വരങ്ങൾക്ക മുമ്പുകാണിച്ച ക്രമവ്യവസ്ഥകളനുസരിച്ച് ഏഴു മട്ടുകൾ ഉറപ്പിക്കുക. ഇവിടെ മന്ദ്രഷഡ്ജതന്ത്രിയിലെ പഞ്ചമസ്ഥാനനാദത്തെ സാരണിയിലെ പ്രതിമധ്യമസ്ഥാനനാദത്തിന്റെ മന്ദ്രനാദമാക്കിയാൽ ക്രമത്തിൽ മന്ദ്രതന്ത്രിയിലെ പ്രതിമധ്യമനാദം സാരണിയിലെ മധ്യമത്തിന്റെയും മന്ദ്രത്തിലെ മധ്യമനാദം സാരണിയിലെ അന്തരഗാന്ധാരത്തിന്റെയും മന്ദ്രത്തിലെ അന്തരഗാന്ധാരനാദം സാരണിയിലെ ശുദ്ധഗാന്ധാരത്തിന്റെയും മന്ദ്രനാദമായിത്തീരുമെന്നുള്ളതാണ് യുക്തിയെന്നറിഞ്ഞുകൊൾക.

സൂ—അഥ ശുദ്ധര്യാദ്യന്തരഗാന്തം ക്രമാൽ ഷഡ്ജീകൃത്യ തത്തദവശിഷ്ട തന്ത്രിത്രിഭാഗസന്ധാനേഷു തത്തത്താരപഞ്ചമാൻ സ്വയം പ്രകാശയൽസു ശുദ്ധധാദികാകള്യന്തസാരികാത്മമങ്കയേൽ. യദ്വാ ശുദ്ധധകാകള്യത്മമേവ തഥാ. ശൃംഖലാം പഞ്ചധാ വിഭജതി താരതരാന്തരഗം പ്രകാശയതി മേരോർ ദ്വിതിയേ സന്ധാനേ വികൃതധാത്മം സപ്തധാ വിഭജതി താരതരകൈശികസ്വരം പ്രകാശയതി മേരോസ്തൃതീയേ സന്ധാനേ ശുദ്ധന്യത്മം ചാങ്കയേൽ. വൃ.

ഭാ—മേൽപ്രകാരം ഏഴു സാരികകൾ ഉറപ്പിച്ചതിന്നുശേഷം ശുദ്ധഷ്ഭത്തെ മുമ്പു കാണിച്ചവിധം ഷഡ്ജസ്ഥാനീയമാക്കി ആ സാരികയിൽനിന്നു ശേഷമുള്ള തന്ത്രിയിലെ പരികമ്പശൃംഖലയെ മൂന്നാക്കി വിഭജിക്കുന്നതും ആ ഷഡ്ജത്തിന്റെ താരപഞ്ചമത്തെ സ്വയം പ്രകാശിപ്പിക്കുന്നതുമായ സന്ധാനത്തിന്റെ സ്ഥാനത്തു ശുദ്ധധൈവതസാരികക്കടയാളപ്പെടുത്തുക. അപ്രകാരം ക്രമത്തിൽ വികൃതഷ്ഭത്തെ ഷഡ്ജസ്ഥാനീയമാക്കി ആ ഷഡ്ജത്തിന്റെ പഞ്ചമം വരുന്ന സ്ഥാനത്തു വികൃതധൈവതസാരികക്കും ശുദ്ധഗാന്ധാരത്തെ ഷഡ്ജസ്ഥാനീയമാക്കി അതിന്റെ പഞ്ചമം വരുന്ന സ്ഥാനത്തു ശുദ്ധനിഷാദസാരികക്കും അന്തരഗാന്ധാരത്തെ ഷഡ്ജസ്ഥാനീയമാക്കി അതിന്റെ പഞ്ചമം വരുന്ന സ്ഥാനത്തു കാകളിനിഷാദസാരികക്കും അടയാളപ്പെടുത്തുക. അല്ലെങ്കിൽ ശുദ്ധധൈവതസാരികക്കും കാകളിനിഷാദസാരികക്കും മാത്രം അപ്രകാരം ശുദ്ധഷ്ഭത്തെയും അന്തരഗാന്ധാരത്തെയും ഷഡ്ജസ്ഥാനീയമാക്കി അതാതിന്റെ പഞ്ചമനാദസ്ഥാനങ്ങളിൽ അടയാളപ്പെടുത്തുക. വികൃതധൈവതസാരിക

ക്കാംചട്ടേ തുരൈയുള്ള തന്ത്രീപരികമ്പശൃംഖലയെ അഞ്ചാക്കി വിഭജിക്കുന്നവയും താരതരാ ന്തരഗാന്ധാരം സ്വപ്രകാശമായിപ്പുറപ്പെടുന്നവയുമായ ശൃംഖലാസന്ധാനങ്ങളിൽ മേരുവിൽ നിന്നു രണ്ടാമത്തെസ്സന്ധാനസ്ഥാനത്ത് അടയാളപ്പെടുത്തുക. അതുപോലെ പരികമ്പശൃംഖ ലയെ ഏഴാക്കി വിഭജിക്കുന്നവയും താരതരകൈശികസ്വരം സ്വപ്രകാശമായിപ്പുറപ്പെടുന്ന വയുമായ സന്ധാനങ്ങളിൽ മേരുവിൽനിന്നു മൂന്നാമത്തെസ്സന്ധാനത്തിൽ ശുദ്ധനിഷാദ ത്തിന്നും അടയാളപ്പെടുത്തുക.

സൂ—തതസ്തത്തൽസ്ഥാനേഷു ചതസ്രസ്സാരികാ വിന്യസ്യ യഥാസ്ഥി തതന്ത്രീശൃംഖലാമധ്യസന്ധാനേ താരസസാരികാമപി നിദധീത. വ്വർ

ഭാ—പിന്നെ അടയാളപ്പെടുത്തിയ ആ നാലു സ്ഥാനങ്ങളിലും ക്രമപ്രകാരം ഓരോ സാരികകൾ ഉറപ്പിച്ചു സ്വസ്ഥിതിയിലുള്ള തന്ത്രിയുടെ പരികമ്പശൃംഖലയുടെ മധ്യത്തിലു ള്ള മഹാസന്ധാനസ്ഥാനത്തു താരഷഡ്ജത്തിന്നുള്ള സാരികയും ഉറപ്പിക്കുക.

സൂ—ഏവം മധ്യഷ്ഡാദികം ഷഡ്ജീകൃത്യ .ക്രമാത്തത്തൽത്താരസസ്ഥാ നേഷ്വങ്കയിത്വാ താരസ്ഥായിസ്വരസാരികാ നിധായാന്തേ തന്ത്രീം ചതുർധാ വിഭജതി കകുഭസന്നിഹിതേ ശൃംഖലാസന്ധാനേ താരതരസസാരികാം ച. വ്വർ

ഭാ—മേൽകാണിച്ച ക്രമമനുസരിച്ചുതന്നെ മധ്യസ്ഥായിശുദ്ധഋഷഭം തുടങ്ങിയ ഓ രോ സ്വരത്തെയും ക്രമത്തിൽ ഷഡ്ജസ്ഥാനീയമാക്കി ശേഷമുള്ള തന്ത്രിയുടെ പരികമ്പശൃംഖ ലയിലെ മധ്യസന്ധാനത്തിൽ വരുന്ന അതാതിന്റെ താരഷഡ്ജസ്ഥാനങ്ങളിൽ അടയാളപ്പെ ടുത്തി താരസ്ഥായിയിലെ ഋഷഭാദിസ്വരങ്ങൾക്കുള്ള സാരികകളും ഉറപ്പിക്കുക. അവയിൽ അന്തരഗാന്ധാരത്തിന്റെയും പഞ്ചമത്തിന്റെയും സ്ഥാനങ്ങൾ അവയുടെ മധ്യസ്ഥായി സ്വരം ഷഡ്ജസ്ഥാനീയമാക്കാതെതന്നെ സ്വപ്രകാശമായിപ്പുറപ്പെടുന്ന ശൃംഖലാസന്ധാനങ്ങ ളിലാണ്. അന്തരഗാന്ധാരം ശൃംഖലയെ അഞ്ചായി വിഭജിക്കുന്ന സന്ധാനങ്ങളിൽ കകു ഭത്തിൽനിന്നു രണ്ടാമത്തെ സന്ധാനത്തിലും പഞ്ചമം ശൃംഖലയെ മൂന്നായി വിഭജിക്കുന്ന സന്ധാനങ്ങളിൽ കകുഭത്തിൽനിന്ന് ഒന്നാമത്തെസ്സന്ധാനത്തിലുമാണ് എന്നർത്ഥം. അപ്ര കാരം മധ്യമം ശൃംഖലയെ എട്ടായി വിഭജിക്കുന്ന സന്ധാനസ്ഥാനത്താണെങ്കിലും അവിടെ യുണ്ടാകുന്ന സ്വപ്രകാശനാദം വളരെ സൂക്ഷ്മരൂപത്തിലായിരിക്കും. മേൽപ്രകാരം താരകാ കളിനിഷാദംവരെയുള്ള സ്വരങ്ങൾക്കു സാരികകൾ ഉറപ്പിച്ചതിന്നുശേഷം തന്ത്രീപരികമ്പ ശൃംഖലയെ നാലാക്കി വിഭജിക്കുന്നതും കകുഭത്തിൽനിന്ന് ഒന്നാമത്തേതും താരതരഷഡ്ജം സ്വപ്രകാശമായിപ്പുറപ്പെടുന്നതുമായ ശൃംഖലാസന്ധാനസ്ഥാനത്തു താരതരഷഡ്ജത്തിന്നുള്ള സാരികയെയും അവസാനത്തിൽ ഉറപ്പിക്കുക.

സൂ—തത്ര പ്രഥമായാമനുമന്ദ്രപതന്ത്ര്യാം മധ്യപാന്താഃ ദ്വിതീയായാം മന്ദ്രസതന്ത്ര്യാം താരസാന്താഃ, തൃതീയായാം മന്ദ്രപതന്ത്ര്യാം താരപാന്താഃ, ച തുർത്ഥ്യാം മധ്യസതന്ത്ര്യാം താരതരസാന്താശ്ച പ്രത്യേകം പഞ്ചവിംശതിഃ സ്വരാഃ. വ്വർ

ഭാ—ഇപ്രകാരം ആ ശുദ്ധമേളവീണയിലെ ഉപരിതന്ത്രികളിൽ അനുമന്ദ്രപഞ്ചമ ത്തിൽ നിർത്തിയ ഒന്നാമത്തെ തന്ത്രിയിൽ ആ പഞ്ചമം മുതൽ അനുമന്ദ്രസ്ഥായിയിലെ അഞ്ചു സ്വരങ്ങളും മന്ദ്രസ്ഥായിയിലെ പന്തിരണ്ടു സ്വരങ്ങളും മധ്യസ്ഥായിയിൽ പഞ്ചമത്തോടു കൂടി എട്ടു സ്വരങ്ങളുമായി ഇരുപത്തഞ്ചു സ്വരങ്ങൾ വരുന്നു. മന്ദ്രഷഡ്ജത്തിൽ നിർത്തിയ രണ്ടാമത്തെക്കമ്പിയിൽ ആ ഷഡ്ജം മുതൽ മന്ദ്രസ്ഥായിസ്വരങ്ങൾ പന്തിരണ്ടും മധ്യസ്ഥാ

യിസ്വരങ്ങൾ പന്തിരണ്ടും താരഷഡ്ജവുംകൂടി ഇരുപത്തഞ്ചു സ്വരങ്ങൾ. മന്ദ്രപഞ്ചമത്തിൽ നിർത്തിയ മൂന്നാമത്തെക്കമ്പിയിൽ ആ പഞ്ചമം മുതൽ അഞ്ചു മന്ദ്രസ്വരങ്ങളും പന്തിരണ്ടു മധ്യസ്വരങ്ങളും താരപഞ്ചമംവരെ എട്ടു താരസ്വരങ്ങളുംകൂടി ഇരുപത്തഞ്ചു സ്വരങ്ങൾ. മധ്യഷഡ്ജത്തിൽ നിർത്തിയ നാലാമത്തെ സാരണിക്കമ്പിയിൽ ആ ഷഡ്ജം മുതൽ മധ്യസ്ഥായിസ്വരങ്ങൾ പന്തിരണ്ടും താരസ്ഥായിസ്വരങ്ങൾ പന്തിരണ്ടും താരതരഷഡ്ജവുമായി ഇരുപത്തഞ്ചു സ്വരങ്ങൾ. ഇങ്ങനെ ഓരോ തന്ത്രിയിലും ഇരുപത്തഞ്ചു വീതം സ്വരങ്ങൾ വരുന്നതാണ്.

ഈ സ്വരങ്ങളിൽ ഓരോ തന്ത്രിയിലും വായിക്കുമ്പോൾ സ്വീകരിക്കാറുള്ളവയെ ക്കാണിക്കുന്നു—

സൂ—തേഷു പ്രഥമായാം മന്ദ്രസാന്താ ദ്വിതീയായാം മധ്യസാന്താസ്തൃതീയായാം മധ്യപാന്താസ്സാരണ്യാം സർവ്വേ ച സ്വരാ വാദനേഷു പ്രായോ ഗൃഹ്യന്തേ. വൃന്ദ

ഭാ—മേൽവിവരിച്ച പ്രകാരം ഓരോ തന്ത്രിയിലും യഥാസ്ഥിതിയിലുള്ള സ്വരത്തോടുകൂടി ഇരുപത്തഞ്ചുവീതം സ്വരങ്ങളുള്ളവയിൽ ഒന്നാമത്തെ തന്ത്രിയിൽ അനുമന്ദ്രപഞ്ചമം മുതൽ മന്ദ്രഷഡ്ജംവരെയുള്ള ആറു സ്വരങ്ങളും രണ്ടാമത്തേതിൽ മന്ദ്രഷഡ്ജം മുതൽ മധ്യഷഡ്ജംവരെ പതിമ്മൂന്നു സ്വരങ്ങളും മൂന്നാമത്തേതിൽ മന്ദ്രപഞ്ചമം മുതൽ മധ്യപഞ്ചമം വരെയുള്ള പതിമ്മൂന്നു സ്വരങ്ങളും നാലാമത്തെ സാരണിയിൽ മധ്യഷഡ്ജം മുതൽ താരതരഷഡ്ജംവരെയുള്ള എല്ലാ സ്വരങ്ങളുമാണ് ദക്ഷിണപ്രസ്ഥാനപ്രകാരം വായിക്കുമ്പോൾ സാമാന്യമായി പ്രയോഗത്തിൽ സ്വീകരിച്ചുവരാറുള്ളത്.

മന്ദ്രപഞ്ചമം മുതൽ മധ്യഷഡ്ജംവരെയുള്ള സ്വരങ്ങൾ മൂന്നാമത്തെ മന്ദ്രപഞ്ചമതന്ത്രിയിൽ വരുന്നതിനാൽ ആ സ്വരങ്ങളെ രണ്ടാമത്തെ മന്ദ്രഷഡ്ജതന്ത്രിയിലും പഞ്ചമതന്ത്രിയിലും പ്രയോഗിക്കുന്നതിനും, അതുപോലെ മധ്യഷഡ്ജം മുതൽ മധ്യപഞ്ചമംവരെയുള്ള സ്വരങ്ങൾ സാരണിയിൽ വരുന്നതിനാൽ ആ സ്വരങ്ങളെ പഞ്ചമതന്ത്രിയിലുംകൂടി പ്രയോഗിക്കുന്നതിനും ഉള്ള കാരണവിശേഷം വിശദമാക്കുന്നു—

സൂ—തന്ത്രീസ്ഥൗല്യതാരതമ്യസ്യ നാദേ ഗാംഭീര്യമാധുര്യവിശേഷാധായകത്വാദ്രഞ്ജകതാവൈജാത്യാത്തമുഭയത്ര ഗ്രഹഃ. സ്ഥൗല്യസ്യ താരനാദേഷു കാർക്കശ്യാഖ്യാനുനാദവിശേഷസ്യ ന്യൂനതാധായകത്വാദുത്തരത്രാഗ്രഹശ്ച. വൃ

ഭാ—സാരണിക്കമ്പിയെക്കാൾ പഞ്ചമക്കമ്പിക്കും അതിനേക്കാൾ മന്ദ്രഷഡ്ജക്കമ്പിക്കും വണ്ണം അധികമുള്ളതുകൊണ്ടും മന്ദ്രഷഡ്ജക്കമ്പി വെള്ളിയോ പിത്തളയോ ആയതുകൊണ്ടും ഓരോന്നിൻെറയും നാദത്തിനു ഗാംഭീര്യാംശത്തിലും മാധുര്യാംശത്തിലും വ്യത്യാസമുണ്ടായിരിക്കുന്നതാണ്. വണ്ണം കൂടിയതിൻെറ നാദത്തിനു ഗാംഭീര്യഗുണമെന്ന മുഴക്കവും വണ്ണം കുറഞ്ഞതിൻെറ നാദത്തിനു മാധുര്യഗുണമെന്ന കിണിപ്പും അധികമുണ്ടായിരിക്കും. അതുപോലെ ലോഹഭേദവും ആ ഗുണതാരതമ്യത്തിനു കാരണമാണ്. ഉരുക്കുകമ്പിയുടെ നാദത്തിനു മാധുര്യഗുണവും വെള്ളിക്കമ്പിയുടെ നാദത്തിനു ഗാംഭീര്യഗുണവും അധികമുണ്ടായിരിക്കുന്നതാണ്. ഓരോ ലോഹത്തിനും സ്വാഭാവികമായുള്ള കടുപ്പത്തിൻെറ താരതമ്യംതന്നെ അതിനു കാരണം. അതുകൊണ്ടുതന്നെയാണ് മന്ദ്രാനുമന്ദ്രക്കമ്പികൾ വെള്ളിയും മററതെല്ലാം ഉരുക്കുമായിരിക്കണമെന്നു പറഞ്ഞിട്ടുള്ളതും. പിത്തളക്ക് ഉരുക്കിനേക്കാൾ ഗാംഭീര്യഗുണം കൂടുതലും വെള്ളിയേക്കാൾ അല്പം കുറവുമാണ്. അപ്രകാരം നാദത്തിനുള്ള

ഗാംഭീര്യമാധുര്യഗുണങ്ങളുടെ ഏററക്കുറവുണ്ടാകുന്നതുനിമിത്തം ചില പ്രയോഗങ്ങളിൽ ഗാംഭീര്യഗുണത്തിന്നു പ്രാധാന്യമുണ്ടായാലാണ് അധികം രഞ്ജകത സംഭവിക്കുന്നതെന്ന വിശേഷമനുസരിച്ച് അവയെ ആ ഗുണസ്ഥിതിപോലെ മന്ദ്രഷഡ്ജക്കമ്പിയിലും പഞ്ചമക്കമ്പിയിലും വായിക്കുന്നു. മാധുര്യഗുണം അധികം രഞ്ജകമായിട്ടുള്ള പ്രയോഗവിശേഷങ്ങളാണെങ്കിൽ അവയെ വണ്ണം കുറഞ്ഞ സാരണിക്കമ്പിയിലും വായിക്കുന്നു. മന്ദ്രസ്ഥായിയും മധ്യസ്ഥായിയിലെ പഞ്ചമംവരെയുള്ള ഭാഗവുമാണ് ഗാംഭീര്യഗുണംവഴിക്കു രഞ്ജകമായി വരുന്നതെന്ന സംഗതി അനുഭവസിദ്ധവുമാണ്. ഈ യുക്ത്യനുഭവങ്ങളെ ആസ്പദമാക്കിക്കൊണ്ടാണ് മന്ദ്രഷഡ്ജതന്ത്രിയിൽ മന്ദ്രപഞ്ചമം മുതൽ മധ്യഷഡ്ജംവരെയുള്ള സ്വരങ്ങളെയും മന്ദ്രപഞ്ചമതന്ത്രിയിൽ മദ്ധ്യഷഡ്ജം മുതൽ മധ്യപഞ്ചമംവരെയുള്ള സ്വരങ്ങളെയും പ്രയോഗങ്ങളിൽ യുക്തംപോലെ സ്വീകരിക്കുന്നത്. കൂടതാനപ്രയോഗങ്ങളിൽ ആ വിധത്തിലുള്ള ഉഭയതന്ത്രിഗ്രഹം പ്രത്യേകിച്ചും രഞ്ജകമായിത്തീരുന്നതുമാണ്. ആ മന്ദ്രഷഡ്ജപഞ്ചമക്കമ്പികളിൽ ഓരോന്നിലും മേൽക്കാണിച്ച സ്വരങ്ങൾക്കു ശേഷമുള്ള മേൽസ്വരങ്ങളെ പ്രയോഗങ്ങളിൽ പ്രായേണ സ്വീകരിക്കാതിരിക്കാനും കാരണമുണ്ട്. കമ്പിക്കുവണ്ണം കൂടുംതോറും ആ കമ്പിയിലുണ്ടാകുന്ന താരനാദങ്ങളിൽ കാവ്വ് എന്നു പേർ പറഞ്ഞുവരുന്ന അനുനാദവിശേഷം, അതായത് ഓളംവെട്ടുംപോലെയുള്ള അനുനാദം കുറഞ്ഞുവരും. അതു കുറഞ്ഞാൽ നീളമില്ലാതെ ഉരുണ്ടുരുണ്ടിരിക്കുന്നതുപോലെയുള്ള ശബ്ദങ്ങളായി രഞ്ജകങ്ങളാകാതെയുമാകും. അതുകൊണ്ടാണ് ആ തന്ത്രികളിൽ മേൽസ്വരങ്ങളെ സ്വീകരിക്കാത്തത്. അനുമന്ദ്രമന്ദ്രതന്ത്രികൾ ഒരേ വണ്ണവും ഒരേ ലോഹവുമാകയാൽ അവയിൽ മേൽപറഞ്ഞ വൈചിത്ര്യത്തിന്നു വകയില്ല. അതിനാലാണ് അതിൽ മന്ദ്രഷഡ്ജംവരെ മാത്രമായി പ്രയോഗങ്ങളിൽ സ്വീകരിക്കുന്നതും.

ഇനി ചാന്ദ്രീശുദ്ധമേളവീണയിലെ സാരികാന്യാസത്തെപ്പററിപ്പറയുന്നു—

സൂ—ചാന്ദ്രീശുദ്ധമേളായാം താരപാന്താ ഏകവിംശതിസ്സാരികാ ഇതി കേചിൽ. കിന്നര്യാമിവ ചതുർവ്വിംശതിരിത്യന്യേ. വ്യ

ഭാ—ശുദ്ധമേളയായ ചാന്ദ്രീവീണയിൽ സാരണീതന്ത്രിയിൽ താരസ്ഥായിപഞ്ചമംവരെ വരത്തക്കവിധം പത്തൊമ്പതു മട്ടുകളേ വേണ്ടതുള്ളൂ എന്നാണ് ചിലരുടെ പക്ഷം. വീണാദണ്ഡത്തിന്നു കിന്നരിയിലേക്കാൾ നീളം അല്പം കുറവായതുകൊണ്ട് അങ്ങനെയായാലാണ് വായിപ്പാൻ അധികം സൌകര്യം. ആ പഞ്ചമത്തിന്നുശേഷമുള്ള സ്വരങ്ങൾ വായിപ്പാൻ സൌകര്യം കുറവായിരിക്കും. എന്നുതന്നെയല്ല, താരപഞ്ചമംവരെയുള്ള സ്വരങ്ങളെ മാത്രമേ ഗീതരാഗതാനാദിപ്രയോഗങ്ങളിൽ വീണയിലും ശാരീരഗാനത്തിലും സാധാരണയായി സ്വീകരിക്കാറുമുള്ളൂ. അതിന്നുമേലുള്ള സ്വരങ്ങൾക്ക് ഉച്ചതാധിക്യംകൊണ്ടു രഞ്ജന കുറവായിരിക്കുന്നതാണ്. അതുകൊണ്ടുതന്നെയാണ് ഭരതമഹർഷി "പഞ്ചസ്വരപരാ താരഗതിഃ.

അംശാത്താരഗതിം വിദ്യാദാചതുൎത്ഥസ്വരാദിഹ
ആപഞ്ചമാൽ പഞ്ചമാദ്വാ നാതഃ പരമിഹേഷ്യതേ."

എന്നു വിധിച്ചിട്ടുള്ളത്. പ്രയോഗങ്ങളിൽ താരസ്ഥായിയിൽ പഞ്ചമംവരെയുള്ള അഞ്ചു സ്വരത്തോളമാണ് ഗതിയുള്ളത്. മധ്യസ്ഥായിയിലെ ഏതു സ്വരം അംശസ്വരമായാലും അതിൽനിന്നു താരസ്ഥായിയിലെക്കുള്ള ഗതി അതിലെ നാലാമത്തെ സ്വരമായ താരമധ്യമംവരെയാണ്. അല്ലെങ്കിൽ പരമാവധിയായി അഞ്ചാമത്തേതായ പഞ്ചമംവരെയാവട്ടേ.

താതിനനുശേഷം പോകുന്നതു സ്വീകാൎയ്യമല്ല. എന്നാണല്ലോ ഈ മുനിവചനത്തിന്നൎത്ഥം. ഇങ്ങനെയെല്ലാമാണ് താരപഞ്ചമംവരെ മട്ടുകൾ വെച്ചാൽ മതിയെന്നുള്ള മതക്കാരുടെ യുക്തിപ്രമാണങ്ങൾ. കിന്നരീശുദ്ധമേളയിലെന്നപോലെ ചാന്ദ്രീശുദ്ധമേളയിലും താരതരഷഡ്ജംവരെയായി ഇരുപത്തിനാലു മട്ടുകൾതന്നെ വെച്ചിരിക്കണമെന്നാണ് മററു ചിലർ പറയുന്നത്. ദണ്ഡത്തിന്നല്പം നീളം കുറയുമെങ്കിലും പട്ടികകൾ രണ്ടംഗുലത്തോളം കുംഭത്തിലെക്കു കടത്തിവെക്കണമെന്നും താരസ്ഥായിസ്വരങ്ങളുടെ മൂൎച്ഛനക്കു താരതരഷഡ്ജംവരെയുള്ള സ്വരങ്ങളെല്ലാം ആവശ്യമാണെന്നുമാണ് അവരുടെ പക്ഷം. ഈ പക്ഷത്തിൽ ചാന്ദ്രീശുദ്ധമേളയിലെ ഓരോ കമ്പികളിലും വരുന്ന സ്വരങ്ങൾ കിന്നരീശുദ്ധമേളയിലെപ്പോലെതന്നെ. ആദ്യം കാണിച്ച പക്ഷത്തിലാകട്ടേ ഒന്നാമത്തെക്കമ്പിയിൽ അനുമന്ദ്രപഞ്ചമം മുതൽ മധ്യവികൃതഷഭംവരെയും രണ്ടാമത്തേതിൽ മന്ദ്രഷഡ്ജം മുതൽ മധ്യപഞ്ചമംവരെയും മൂന്നാമത്തേതിൽ മന്ദ്രപഞ്ചമം മുതൽ താരവികൃതഷഭംവരെയും നാലാമത്തെ സാരണിയിൽ മധ്യഷഡ്ജം മുതൽ താരപഞ്ചമംവരെയുമായി ഇരുപതു സ്വരങ്ങൾ വീതമാണ് വരുന്നത്. വായിക്കുമ്പോൾ ഓരോ കമ്പിയിലും സ്വീകരിക്കുന്നതു കിന്നരിവീണയിലെപ്പോലെതന്നെ. ഈ വിവരണത്താൽത്തന്നെ മാൎഗ്ഗപ്രസ്ഥാനപ്രകാരമുള്ള ചാന്ദ്രീശുദ്ധമേളയിൽ ഒരു മതത്തിൽ പതിനാറു മട്ടുകളും പതിനേഴു സ്വരങ്ങളും മതാന്തരത്തിൽ ഇരുപതു മട്ടുകളും ഇരുപത്തൊന്നു സ്വരങ്ങളുമാണ് ഓരോ കമ്പിയുടെ സംഗതിയിലും വരികയെന്നുള്ളതും സ്പഷ്ടമായി.

ഇനി ദക്ഷിണമധ്യമേളയിലെ സാരികാന്യാസത്തെപ്പററിപ്പറയുന്നു—

സൂ—ദക്ഷിണേ മധ്യമേളായാം ന വിശേഷഃ. സ്വരാണാം സമാനാന്തരത്വാൽ. തന്ത്രീണാം ക്രമാന്മന്ദ്രഷഡ്ജപഞ്ചമമധ്യഷഡ്ജമധ്യമസ്ഥാപിതത്വമേകോനവിംശതിസ്താരതരസാന്താസ്സാരികാശ്ചാന്ദ്ര്യാം കിന്നൎയ്യാമപീത്യേവ. വൃൻ.

ഭാ—ദക്ഷിണപ്രസ്ഥാനത്തിൽ സ്വരങ്ങളെല്ലാം ഒന്നോടൊന്നു തുല്യാന്തരങ്ങളാകയാൽ സാരികകൾ വെക്കുന്ന വിഷയത്തിൽ മധ്യമേളവീണക്കു ശുദ്ധമേളവീണയിൽനിന്നു വ്യത്യാസമൊന്നുമില്ല. ഒന്നാമത്തെക്കമ്പി മന്ദ്രഷഡ്ജത്തിലും രണ്ടാമത്തേതു മന്ദ്രപഞ്ചമത്തിലും മൂന്നാമത്തേതു മധ്യഷഡ്ജത്തിലും നാലാമത്തെ സാരണി മധ്യമധ്യമത്തിലും നിൎത്തിയാൽ മധ്യമേളവീണയായി. എന്നാൽ അതിലെ സാരണിയിൽ താരതരഷഡ്ജംവരെയായി പത്തൊമ്പതു സാരികകൾ മാത്രമേ ഉറപ്പിക്കേണ്ടതുള്ളൂ. അതു കിന്നരീമധ്യമേളയിലും ചാന്ദ്രീമധ്യമേളയിലും ഒരേ വിധത്തിൽ തന്നെയാണ്.

ആ മധ്യമേളയിലെ സാരികകളിൽ വരുന്ന സ്വരക്രമം കാണിക്കുന്നു—

സൂ—തത്ര പ്രഥമതൃതീയതന്ത്ര്യോസ്തത്തൽഷഡ്ജാദിതത്തദ്വിതീയസ്ഥായിപാന്താഃ, ദ്വിതീയായാം മന്ദ്രപാദിതാരവികൃതൎഷ്യന്താസ്സാരണിതന്ത്ര്യാം മധ്യമധ്യമാദിതാരതരസാന്താശ്ച സ്വരാഃ. ൻഠ

ഭാ—ആ ദക്ഷിണമധ്യമേളവീണയിൽ മന്ദ്രഷഡ്ജത്തിൽ നിൎത്തിയ ഒന്നാമത്തെക്കമ്പിയിൽ ആ ഷഡ്ജം മുതൽ മധ്യസ്ഥായിപഞ്ചമംവരെയും മധ്യഷഡ്ജത്തിലുള്ള മൂന്നാമത്തെക്കമ്പിയിൽ ആ ഷഡ്ജം മുതൽ താരപഞ്ചമംവരെയും മന്ദ്രപഞ്ചമത്തിലുള്ള രണ്ടാമത്തെക്കമ്പിയിൽ ആ പഞ്ചമം മുതൽ താരസ്ഥായിയിലെ വികൃതഷഭംവരെയും നാലാമത്തെ മധ്യമസാരണിയിൽ ആ മധ്യമധ്യമം മുതൽ താരതരഷഡ്ജംവരെയുമായി ഇരുപതു സ്വരങ്ങൾ വീതം ഓരോന്നിലും സിദ്ധിക്കുന്നതാണ്.

സൂ—വസ്തുതസ്തു മാർഗ്ഗേ മധ്യമേളാ മധ്യമഗ്രാമീയൈവ. ൻ൫

ഭാ—വസ്തുസ്ഥിതിയിലാകട്ടെ മാർഗ്ഗപ്രസ്ഥാനത്തിൽ മധ്യമേളവീണയെന്നത് അതിലെ മധ്യമഗ്രാമമനുസരിച്ചുള്ള സ്വരക്രമം മാത്രം ആസ്പദമാക്കി നാലാമത്തെ സാരണീതന്ത്രിയെ മധ്യമസ്വരത്തിൽ നിർത്തീട്ടുള്ള വീണയാണ്. ശുദ്ധമേളവീണയെന്നതു ഷഡ്ജഗ്രാമത്തിലെ സ്വരക്രമം ആസ്പദമാക്കി സാരണിയെ മധ്യഷഡ്ജത്തിൽ നിർത്തീട്ടുള്ള വീണയുമാണ്. അതാണ് അവതമ്മിലുള്ള വ്യത്യാസം. "മധ്യമേ മേരുസംസ്ഥേഽസ്മിൻ മധ്യമഗ്രാമസംഭവഃ." എന്ന് അഹോബിലനും മററും പ്രസ്താവിച്ചിട്ടുമുണ്ട്.

സൂ—ഉഭയധാ തന്ത്രിയോജനേപ്യുഭയഗ്രാമീയമൂർച്ഛനാസിദ്ധ്യർത്ഥമേവോഭയസ്യാമപി പഞ്ചമത്രിശ്രുതിപഞ്ചമസാരികാന്യാസഃ. ൻ൬

ഭാ—ശുദ്ധമേളാവ്യവസ്ഥയനുസരിച്ചു സാരണിയെ ഷഡ്ജത്തിൽ നിർത്തിയോ മധ്യമേളാവ്യവസ്ഥയനുസരിച്ചു സാരണിയെ മധ്യമത്തിൽ നിർത്തിയോ രണ്ടു തരത്തിൽ കമ്പികഠം യോജിപ്പിച്ചാലും ഷഡ്ജഗ്രാമപ്രകാരമുള്ള സ്വരമൂർച്ഛനയും മധ്യമഗ്രാമപ്രകാരമുള്ള സ്വരമൂർച്ഛനയും സിദ്ധിപ്പാൻ വേണ്ടിയാണ് രണ്ടു വിധത്തിൽ കമ്പികഠം യോജിപ്പിക്കുന്ന വീണകളിലും ഗ്രാമഭേദത്തിന്നാസ്പദമായ ചതുശ്രുതിപഞ്ചമത്തിന്നും ത്രിശ്രുതിപഞ്ചമത്തിന്നും പ്രത്യേകം സാരികകഠം വെക്കുന്നത്. ആ സംഗതി "ദ്വിവിധൈകമൂർച്ഛനാസിദ്ധിഃ. തത്ര ദ്വിശ്രുതിപ്രകർഷാദ്ധൈവതീകൃതേ ഗാന്ധാരേ മൂർച്ഛനാഗ്രാമയോരന്യതരസ്മിൻ ഷഡ്ജഗ്രാമേ." എന്നു തുടങ്ങി മുമ്പു കാണിച്ച ഭരതമുനിഗ്രന്ഥത്താൽ സ്പഷ്ടവുമാണ്.

സൂ—ഏതേന ദക്ഷിണേ മധ്യമഗ്രാമാഭാവാന്മധ്യമേളാനംഗീകാരേപി ന ദോഷ ഇത്യനുക്തസിദ്ധം. ൻ൭

ഭാ—ഇത്രയും പറഞ്ഞതുകൊണ്ടുതന്നെ ദക്ഷിണപ്രസ്ഥാനത്തിൽ മധ്യമഗ്രാമസമ്പ്രദായമില്ലാത്തതിനാൽ യഥാർത്ഥമായ മധ്യമേളവീണയെയും സ്വീകരിച്ചിട്ടില്ലെന്നും മധ്യമഗ്രാമത്തിന്നു പ്രത്യേകമായ ത്രിശ്രുതിപഞ്ചമവും അതിലില്ലെന്നും ശുദ്ധമേളവീണയിൽത്തന്നെ ചിലപ്പോഠം വൈചിത്ര്യത്തിന്നുവേണ്ടി മാത്രം മധ്യമത്തെ ഗീതാധാരശ്രുതിയാക്കി വായിക്കുമ്പോഠം അതിനെ മധ്യമേളയെന്നു പറക മാത്രമാണെന്നും പ്രത്യേകം പറയാതെ തന്നെ സിദ്ധിച്ചു കഴിഞ്ഞു. അതുകൊണ്ടുതന്നെയാണ് അപ്രകാരം വായിക്കുമ്പോഴും ചതുശ്രുതികപഞ്ചമത്തെത്തന്നെ പഞ്ചമസ്വരമായി വായിച്ചുവരുന്നതും.

ഇനി മേൽപറഞ്ഞതിൽനിന്നു മാർഗ്ഗപ്രസ്ഥാനവും ദക്ഷിണപ്രസ്ഥാനവും തമ്മിൽ സ്വരങ്ങളെപ്പററിയേടത്തോളം സിദ്ധിക്കുന്ന വ്യത്യാസം വിശദമാക്കുന്നു—

സൂ—ഇത്ഥം ച രിമധാനാം വികൃതാംഗീകാരസ്ത്രിശ്രുതിപാനംഗീകാരഃ ശുദ്ധരിധയോരല്പീയാൻ സ്ഥാനഭേദശ്ച മാർഗ്ഗാദ്ദക്ഷിണേ വിശേഷ ഇതി മാർഗ്ഗേ ദശ ദക്ഷിണേ ദ്വാദശ സ്ഥായിനി സ്വരാസ്സാരികാശ്ചേതി. ൻ൮

ഭാ—മേൽവിവരിച്ചതനുസരിച്ചു മാർഗ്ഗപ്രസ്ഥാനത്തിൽനിന്നു ദക്ഷിണപ്രസ്ഥാനത്തിന്നുള്ള വിശേഷം ഇത്രമാത്രമാണ്. ദക്ഷിണപ്രസ്ഥാനത്തിൽഋഷഭമധ്യമധൈവതങ്ങഠക്കും ഗാന്ധാരനിഷാദങ്ങഠക്കെന്നപോലെ വികൃതരൂപങ്ങളുണ്ട്. മാർഗ്ഗത്തിൽ ഗാന്ധാരനിഷാദങ്ങഠക്കു മാത്രമേ വികൃതരൂപങ്ങളുള്ളൂ. മാർഗ്ഗത്തിലെ മധ്യമഗ്രാമീയത്രിശ്രുതിപഞ്ചമം ദക്ഷിണത്തിൽ മധ്യമഗ്രാമഗീതങ്ങളില്ലാത്തതിനാൽ സ്വീകരിച്ചിട്ടില്ല. അങ്ങനെ മൂന്നു വികൃതങ്ങഠം കൂടിയതിന്നു മറെറാന്നു ദക്ഷിണത്തിൽ കുറഞ്ഞു. ശുദ്ധഷഭത്തിൻെറയും ശുദ്ധധൈ

വതത്തിൻെറയും സ്ഥാനങ്ങറം മാൎഗ്ഗത്തിൽ ആ സ്വരങ്ങറംക്കുള്ള സ്ഥാനങ്ങളെ അപേക്ഷിച്ച് അല്പം താഴെയാണ്. മററ ശുദ്ധസ്വരങ്ങളായ ഷഡ്ജം, ഗാന്ധാരം, മദ്ധ്യമം, പഞ്ചമം, നിഷാദം ഇവകം വികൃതങ്ങളായ അന്തരഗാന്ധാരകാകളിനിഷാദങ്ങറംകം രണ്ടു പ്രസ്ഥാനത്തിലും ഒരേ സ്ഥാനങ്ങറം തന്നെയാണ്. അങ്ങനെ മാൎഗ്ഗപ്രസ്ഥാനത്തിൽ ഒരു സ്ഥായിയിൽ പത്തു സ്വരങ്ങളും അവക്കു പത്തു സാരികകളും ദേക്ഷിണപ്രസ്ഥാനത്തിൽ ഒരു സ്ഥായിയിൽ പന്തിരണ്ടു സ്വരങ്ങളും അവക്കു പന്തിരണ്ടു സാരികകളുമാണ് ഉള്ളതെന്നു ചുരുക്കം.

ഇനി ഈ സാരികാന്യാസവിഷയത്തിൽ അമാത്യാദിമതങ്ങറം സ്വീകാൎയ്യങ്ങളല്ലെന്നു കാണിപ്പാനായി അവരുടെ മതവും അതിൽ വരുന്ന അസംഗതികളും കാണിക്കുന്നു—

സൂ—അമാത്യാദയസ്തു മാൎഗ്ഗ ഇവ ദക്ഷിണേപി ദ്വാവിംശതിശ്രുതിക്രമാൽ സ്വരാണാം ശ്രുതിസംഖ്യാനിയമം മദ്ധ്യമേളാം ശുദ്ധമേളാം മത്വാ സാരികാന്യാസം ച ബഹുധാ വ്യാകുലയന്തി. ൯൫

ഭാ—രാമാമാത്യൻ, സോമനാഥൻ, വെങ്കടമഖി, മുതലായ ഗ്രന്ഥകാരന്മാരാകട്ടേ ദക്ഷിണപ്രസ്ഥാനത്തിലും മാൎഗ്ഗപ്രസ്ഥാനത്തിലെപ്പോലെ ശ്രുതികറം ഇരുപത്തിരണ്ടാണെന്നുള്ള ഭ്രമംകാരണം ഓരോ സ്വരത്തിന്നുള്ള ശ്രുതിസംഖ്യാനിയമത്തെയും സ്ഥാനത്തെയും പററി പലതരം കുഴപ്പങ്ങറംകം ഇടയാക്കുന്നുണ്ട്. അപ്രകാരം മദ്ധ്യമേളവീണയെ ശുദ്ധമേളവീണയെന്നും നേരെമറിച്ചും ധരിച്ചിട്ടു വീണയിലെ സാരികാന്യാസവിഷയത്തിലും പല കുഴപ്പങ്ങളുമുണ്ടാക്കുന്നുണ്ട്. ദക്ഷിണത്തിലും മദ്ധ്യമേളവീണ പ്രത്യേകമുണ്ടെന്നുള്ള ധാരണ ആ കുഴപ്പം വൎദ്ധിപ്പിക്കയും ചെയ്യുന്നു. വീണയിൽ തന്ത്രികറം യോജിപ്പിക്കുന്ന സംഗതിയിലുള്ള യോജിപ്പില്ലായ്മയെപ്പററി മുമ്പുതന്നെ പറഞ്ഞിട്ടുണ്ടല്ലോ.

ആ വക അസംഗതികളിൽ ചിലതു കാണിക്കുന്നു—

സൂ—തന്മതേ ഷഡ്ജസ്ഥിതതന്ത്ര്യാം മേഡകാൽ പഞ്ചശ്രുത്യന്തരിതായാം ശുദ്ധഗസാരികായാം മദ്ധ്യമസ്ഥിതതന്ത്ര്യാം ചതുശ്രുത്യന്തരിതഃ പഃ. തസ്യാ ഏകശ്രുത്യന്തരിതായാം തന്മതസാധാരണഗസാരികായാം പഞ്ചമാ ത്രിശ്രുത്യന്തരിതഃ ശുദ്ധധഃ. ശുദ്ധമദ്ധ്യമസാരികാതസ്ത്രിശ്രുത്യന്തരിതായാം ച്യുതപഞ്ചമമദ്ധ്യമസാരികായാം അഥവാ വരാളിമദ്ധ്യമസാരികായാം തന്മതകൈശികനിഷാദാൽ ദ്വിശ്രുത്യന്തരിതാ കാകളീത്യമാത്യവെങ്കടമഖിനൌ. ൯൬

ഭാ—ഷഡ്ജത്തിൽ നിൎത്തിയ തന്ത്രിയിൽ മേരുവിൽനിന്ന് അഞ്ചു ശ്രുത്യന്തരമുള്ള സ്ഥാനത്ത് അവരുടെ മതപ്രകാരമുള്ള ശുദ്ധഗാന്ധാരത്തിന്ന് ഏതു സാരിക സ്ഥാപിച്ചിരിക്കുന്നുവോ ആ സാരികയിൽത്തന്നെ മദ്ധ്യമത്തിൽ നിൎത്തിയ തന്ത്രിയിൽ ആ മദ്ധ്യമത്തിൽനിന്നു നാലു ശ്രുതികറംമാത്രം അന്തരമുള്ള പഞ്ചമം വരുമെന്ന് അമാത്യനും വെങ്കടമഖിയും പറയുന്നു. അതുപോലെ ആ ശുദ്ധഗാന്ധാരസാരികാസ്ഥാനത്തുനിന്ന് അവരുടെ മതപ്രകാരം ഒരു ശ്രുതികൊണ്ടുള്ള അന്തരം മാത്രമുള്ളതും ഷഡ്ജതന്ത്രിയിൽ അവരുടെ സാധാരണഗാന്ധാരം വരുന്നതുമായ സാരികയിൽ മദ്ധ്യമതന്ത്രിയിൽ പഞ്ചമത്തിൽനിന്നു മൂന്നു ശ്രുതികറം കൊണ്ടന്തരമുള്ള ശുദ്ധധൈവതം വരുമെന്നു പറയുന്നു. അപ്രകാരം ഷഡ്ജതന്ത്രിയിൽ ശുദ്ധമദ്ധ്യമസാരികയിൽനിന്നു മൂന്നാമത്തെ ശ്രുതിയിലുള്ളതും അമാത്യൻ ച്യുതപഞ്ചമമദ്ധ്യമമെന്നും വെങ്കടമഖി വരാളീമദ്ധ്യമമെന്നും പറയുന്നതുമായ സ്വരത്തിൻെറ സാരികയിൽ അവരു

ടെ മതപ്രകാരമുള്ള കൈശികനിഷാദത്തിൽനിന്നു രണ്ടു ശ്രുതികളുടെ അന്തരം മാത്രമുള്ള കാകളിനിഷാദം മധ്യമതന്ത്രിയിൽ വരുമെന്നും അവർ പറഞ്ഞിരിക്കുന്നു. ഇങ്ങനെ ശ്രുതികാംക്കും സ്വരങ്ങൾക്കും സാരികകൾക്കും എല്ലാം ഒരു വ്യവസ്ഥയുമില്ലാത്ത കുഴപ്പംതന്നെ. നോക്കുക—''ആദ്യാനുമന്ദ്രഷഡ്ജാഖ്യതന്ത്ര്യാം ശുദ്ധഋഷഭോ യഥാ

സ്യാത്തഥാ സാരികാ സ്ഥാപ്യാ പ്രഥമാഥ ദ്വിതീയകാ
തത്തന്ത്ര്യാം ശുദ്ധഗാന്ധാരസിദ്ധ്യൈ സ്ഥാപ്യാ ച സാരികാ
തൃതീയാ സാരികാ സ്ഥാപ്യാ പൂർവ്വതന്ത്ര്യാം യഥാ സ്ഫുടഃ
സ്യാത്സാധാരണഗാന്ധാരഃ സ്ഥാപ്യാ സാരീ ചതുർത്ഥികാ
ച്യുതമധ്യമഗാന്ധാരഃ പൂർവ്വതന്ത്ര്യാം യഥാ ഭവേൽ
ശുദ്ധമധ്യമസിദ്ധ്യർത്ഥം പഞ്ചമീ സാരികാ തതഃ
നിവേശ്യാ പൂർവ്വതന്ത്ര്യാം ച ഷഷ്ഠീ സ്ഥാപ്യാഥ സാരികാ
യഥാ വ്യക്തസ്തഥാ തന്ത്ര്യാം ച്യുതപഞ്ചമമധ്യമഃ.''

എന്നിങ്ങനെ അമാത്യൻ അദ്ദേഹത്തിന്റെ മതപ്രകാരം അനുമന്ദ്രഷഡ്ജത്തിൽ നിർത്തിയ ഒന്നാമത്തെതന്ത്രിയിൽ ശുദ്ധഋഷഭം വരത്തക്കവിധം ഒന്നാമത്തെ സാരിക ആ ഗ്രന്ഥകാരപക്ഷത്തിൽ മൂന്നാംശ്രുതിയിലും രണ്ടാമത്തെ സാരിക ശുദ്ധഗാന്ധാരം വരത്തക്കവിധം അഞ്ചാം ശ്രുതിയിലും മൂന്നാം സാരിക സാധാരണഗാന്ധാരം സ്പഷ്ടമാകത്തക്കവിധം ആറാം ശ്രുതിയിലും. നാലാം സാരിക ച്യുതമധ്യമഗാന്ധാരമായ അന്തരഗാന്ധാരം വരത്തക്കവിധം എട്ടാം ശ്രുതിയിലും അഞ്ചാം സാരിക ശുദ്ധമധ്യമം വരത്തക്കവിധം ഒമ്പതാം ശ്രുതിയിലും ആറാം സാരിക ച്യുതപഞ്ചമമധ്യമമെന്ന പ്രതിമധ്യമം വരത്തക്കവണ്ണം പന്തിരണ്ടാം ശ്രുതിയിലും സ്ഥാപിക്കണമെന്നു പറഞ്ഞിരിക്കുന്നു. സാരികകളുടെയും സ്വരങ്ങളുടെയും ശ്രുതിസംഖ്യാസ്ഥിതിയെപ്പററി ഇവിടെ പ്രസ്താവിച്ചിട്ടില്ലെങ്കിലും ''തത്ര തുര്യ്യശ്രുതൌ ഷഡ്ജസ്സപ്തമ്യാമൃഷഭോ മതഃ'' എന്നു തുടങ്ങിയ പൂർവ്വഗ്രന്ഥത്താൽ അതു സ്ഥാപിച്ചിട്ടുണ്ട്. ഇപ്രകാരം ഷഡ്ജതന്ത്രിയെ ആസ്പദമാക്കി സ്വരസാരികകൾ സ്ഥാപിക്കണമെന്നു പറഞ്ഞതിനുശേഷം ആ സാരികകളിൽ മധ്യമത്തിൽ നിർത്തിയ തന്ത്രിയിൽ വരുന്ന സ്വരങ്ങളെപ്പററി,

''മന്ദ്രമധ്യമതന്ത്ര്യാം തു ചതുർത്ഥ്യാം സ്യുരമീ സ്വരാഃ
പൂർവ്വാസു ഷട്സു സാരീഷു ച്യുതപഞ്ചമമധ്യമഃ
ശുദ്ധപഞ്ചമനാമാ ച ഹ്യുത്തരം ശുദ്ധധൈവതഃ
തതഃ ശുദ്ധനിഷാദാഖ്യഃ കൈശികാഖ്യനിഷാദകഃ
ച്യുതഷഡ്ജനിഷാദാഖ്യ ഏതേ മന്ദ്രസ്വരാ മതാഃ.''

എന്ന ഗ്രന്ഥത്താൽ മേൽക്കാണിച്ച ആറു സാരികകളിലും മന്ദ്രമധ്യമതന്ത്രിയിൽ ക്രമത്തിൽ ച്യുതപഞ്ചമമധ്യമം എന്ന പ്രതിമധ്യമം, ശുദ്ധപഞ്ചമം, ശുദ്ധധൈവതം, ശുദ്ധനിഷാദം, കൈശികനിഷാദം, ച്യുതഷഡ്ജനിഷാദമെന്ന കാകളിനിഷാദം ഇവ വരുന്നതാണെന്നും പറഞ്ഞിരിക്കുന്നു. വെങ്കടമഖിയും അദ്ദേഹത്തിന്റെ ചതുർദ്ദണ്ഡീപ്രകാശികയിൽ,

''മേരോഃ പുരസ്താൽ പർവ്വാണി ഷട് ക്രമേണ നിവേശയേൽ
ഷട്സു തേഷ്വാദ്ധ്യയാ തന്ത്ര്യാ മന്ദ്രഷഡ്ജാഭിധാനയാ.
ക്രമേണ ശുദ്ധരിഷഭഃ ശുദ്ധഗാന്ധാരകസ്തഥാ
സാധാരണാഖ്യഗാന്ധാരോ ഗാന്ധാരോന്തരസംജ്ഞകഃ
ശുദ്ധമധ്യമനാമാ ച വരാളീമധ്യമസ്തഥാ.''

എന്നിങ്ങനെ ഷഡ്ജതന്ത്രിയിൽ ആദ്യത്തെ ആറ സാരികകളിൽ ക്രമത്തിൽ ശുദ്ധഋഷഭം, ശുദ്ധഗാന്ധാരം, സാധാരണഗാന്ധാരം, അന്തരഗാന്ധാരം, ശുദ്ധമദ്ധ്യമം, വരാളീമദ്ധ്യമം എന്നീ സ്വരങ്ങാം വരുമെന്നു പറഞ്ഞതിന്നുശേഷം ആ സാരികകളിൽ മദ്ധ്യമതന്ത്രിയിൽ വരുന്ന സ്വരങ്ങളെപ്പററി,

"മദ്ധ്യമദ്ധ്യമനാദിന്യാ തന്ത്ര്യാ ചാഥ തുരീയയാ
ഷട്സു പവ്വസു ചൈതേഷു സ്വരാൻ സമഭിദധ്മഹേ
വരാളീമദ്ധ്യമഃ പൂവ്വഃ പഞ്ചമഃ ശുദ്ധധൈവതഃ
തതഃ ശുദ്ധനിഷാദശ്ച കൈശികാഖ്യനിഷാദകഃ
കാകള്യാഖ്യനിഷാദശ്ചേത്യേതേ സ്യുഃ ക്രമശഃ സ്വരാഃ."

എന്ന ഗ്രന്ഥത്താൽ മദ്ധ്യമത്തിൽ നിൎത്തിയ തന്ത്രിയിൽ മേൽപ്രകാരം സ്ഥാപിച്ച ആറ സാരികകളിൽ ക്രമത്തിൽ വരാളീമദ്ധ്യമം, പഞ്ചമം, ശുദ്ധധൈവതം, ശുദ്ധനിഷാദം, കൈശികനിഷാദം, കാകളിനിഷാദം ഈ സ്വരങ്ങളാണ് വരുന്നതെന്നു കാണിച്ചിരിക്കുന്നു. അവരുടെ മതപ്രകാരമുള്ള സ്വരസ്ഥാനങ്ങാക്കും സ്വരങ്ങളുടെ ശ്രുതിസംഖ്യാവ്യവസ്ഥകാക്കും തന്നെ ഈ സാരികാന്യാസം ശരിയാകുന്നതല്ലെന്നു സ്പഷ്ടമാണ്.

സൂ—സോമനാഥസ്തു മേരോഃ പഞ്ചശ്രുത്യന്തരിതായാം ഷഡ്ജതന്ത്രീ ശുദ്ധഗസാരികായാം മദ്ധ്യമതന്ത്ര്യാം പം തതസ്ത്രിശ്രുത്യന്തരിതായാം മൃദുമസാരികായാം ശുദ്ധധം തത ഏകശ്രുത്യന്തരിതശുദ്ധമസാരികായാം ശുദ്ധനിം ചോക്ത്വാ ഏകശ്രുത്യാധിക്യന്യൂനതേ ന ദോഷായേത്യാഹ. ൯

ഭാ—സോമനാഥനാകട്ടേ ഷഡ്ജതന്ത്രിയിൽ മേരുവിൽനിന്ന് അഞ്ചാമത്തെ ശ്രുതിയിൽ സ്ഥാപിച്ച ശുദ്ധഗാന്ധാരസാരികയിൽ മദ്ധ്യമതന്ത്രിയിൽ പഞ്ചമം വരുന്നുവെന്ന് അമാത്യാദികളെപ്പോലെതന്നെ പറയുന്നു. എന്നാൽ ശുദ്ധധൈവതം വരുന്നത് അതിന്നടുത്ത സാധാരണഗാന്ധാരസാരികയിലല്ലെന്നും ശുദ്ധഗാന്ധാരസാരികയിൽനിന്നു മൂന്നു ശ്രുത്യന്തരമുള്ള മൃദുമസാരികയിൽ അതായത് ച്യുതമദ്ധ്യമസാരികയിലാണെന്നുമാണ് ആ ഗ്രന്ഥകാരൻ പറയുന്നത്. പിന്നെ അതിൽനിന്ന് ഒരു ശ്രുതിയുടെ അന്തരം മാത്രമുള്ള ശുദ്ധമദ്ധ്യമസാരികയിൽ ശുദ്ധധൈവതത്തിൽനിന്നുരണ്ടു ശ്രുതികളുടെ അന്തരമുള്ള ശുദ്ധനിഷാദം വരുമെന്നും പറയുന്നു. അതിന്നുശേഷം മദ്ധ്യമതന്ത്രിയിൽ പഞ്ചമത്തിന്ന്ഒരു ശ്രുതി അധികവും ശുദ്ധനിഷാദത്തിന്ന' ഒരു ശ്രുതി കുറവും വരുന്നുവല്ലോ എന്നു വല്ലവരും ആക്ഷേപം പുറപ്പെടുവിച്ചാലോ എന്നു കരുതി ഒരു ശ്രുതി ഏറിയോ കുറഞ്ഞോ വരുന്നതുകൊണ്ടു ദോഷമില്ലെന്നും പറഞ്ഞിരിക്കുന്നു. ഏതു തരം ദോഷമാണ് വരാത്തതെന്നോ എത്ര ശ്രുതി ഏറിയോ കുറഞ്ഞോ വന്നാലാണ് ദോഷമുള്ളതെന്നോ ഒന്നും പറഞ്ഞിട്ടില്ല. നോക്കുക—

"അനുമന്ദ്രഷഡ്ജതന്ത്ര്യാഃ ഷട് സാരീഃ സ്ഥാപയേദ്യഥാ സ്യുരിമേ
ശുദ്ധരിശുദ്ധഗസാധാരണമൃദുമശുചിമമൃദുപസംജ്ഞാഃ."

"മന്ദ്രമതന്ത്ര്യാം ത്വിത്ഥം സാരീഷു സ്യുസ്സ്വരാസ്താസു
ആദ്യാ ദ്വിതീയയോഃ സ്തോ മൃദുപോജ്ജ്വലപൌ തൃതീയകാം ത്യക്ത്വാ
തുൎയ്യായാം ശുദ്ധോ ധഃ ശുദ്ധോ നിസ്സ്യാച്ച പഞ്ചമ്യാം
ഷഷ്ഠ്യാം ച മൃദുഃ ഷഡ്ജഃ കൈശികൃത്ഥം പരാന്തരാ സാരീ
ശ്രുത്യേകയാധികത്വം ന്യൂനത്വം വാ ന ദോഷായ."

എന്നിങ്ങനെയുള്ള ഗ്രന്ഥത്താൽ അനുമന്ദ്രഷഡ്ജതന്ത്രിയിൽ ആറ സാരികകാം ശുദ്ധഋഷഭം, ശുദ്ധഗാന്ധാരം, സാധാരണഗാന്ധാരം, മൃദുമദ്ധ്യമം, ശുദ്ധമദ്ധ്യമം, മൃദുപഞ്ചമം ഈ സ്വര

ങ്ങാം വരത്തക്കവിധം അതാതിന്റെ ശ്രുതിസംഖ്യയൊപ്പിച്ച സ്ഥാപിക്കണം. എന്നാൽ മന്ദ്രമദ്ധ്യമത്തിൽ നിൎത്തിയ തന്ത്രിയിൽ ആ സാരികകളിൽ ഇപ്രകാരം സ്വരങ്ങാം വരും. ആദ്യത്തെ സാരികയിൽ മൃദുപഞ്ചമം, രണ്ടാമത്തേതിൽ ശുദ്ധപഞ്ചമം, മൂന്നാമത്തേതു വിട്ടു നാലാമത്തേതിൽ ശുദ്ധധൈവതം, അഞ്ചാമത്തേതിൽ ശുദ്ധനിഷാദം, ആറാമത്തേതിൽ മൃദുഷഡ്ജം. ഈ സാരികകാംക്കു പുറമെ ശുദ്ധനിഷാദത്തിന്നും മൃദുഷഡ്ജത്തിന്നും ഇടയിൽ കൈശികനിഷാദത്തിന്ന വേറെ ഒരു സാരികയും വെക്കണം. ഒരു ശ്രുതികൊണ്ടുള്ള കൂടുതലോ കുറവോ ദോഷമുണ്ടാക്കുന്നതല്ല. ഇങ്ങനെ ആ ഗ്രന്ഥകാരൻ പറഞ്ഞിരിക്കുന്നു.

സൂ—തദേതത്സൎവ്വമസംഗതം. സ്വരാണാം ശ്രുതിവ്യവസ്ഥായാ ഭംഗപ്രസംഗാൽ. ൯൮

ഭാ—അമാത്യാദികളുടെ ആ മതങ്ങളെല്ലാം ശാസ്ത്രവിരുദ്ധമായതിനാൽ അസംഗതങ്ങളാണെന്നുതന്നെ കരുതേണ്ടതാണ്. എന്തുകൊണ്ടെന്നാൽ മാൎഗ്ഗപ്രസ്ഥാനമനുസരിച്ചായാലും ദക്ഷിണപ്രസ്ഥാനമനുസരിച്ചായാലും ഓരോ സ്വരങ്ങാംക്കും ഇത്രയിത്ര ശ്രുതികളെന്നു ശാസ്ത്രവ്യവസ്ഥയുണ്ട്. നാലു ശ്രുതിയുള്ള പഞ്ചമത്തിന്നു ചിലപ്പോാം അഞ്ചു ശ്രുതിയെന്നും മൂന്നു ശ്രുതിയുള്ള ധൈവതത്തിന്നു ചിലപ്പോാം ഒരു ശ്രുതിയെന്നും മററം മാററിയാൽ ആ ശാസ്ത്രവ്യവസ്ഥക്കു ഭംഗം വരുന്നതാണല്ലോ.

മാൎഗ്ഗപ്രസ്ഥാനത്തിൽ ഓരോ സ്വരങ്ങാംക്കും നിയതമായ ശ്രുതിവ്യവസ്ഥയുണ്ടെങ്കിലും ദക്ഷിണപ്രസ്ഥാനത്തിൽ അത്രത്തോളം നിശ്ചിതമായ ശ്രുതിവ്യവസ്ഥ സ്വരങ്ങാംക്കു സ്വീകരിച്ചിട്ടില്ല. അതുകൊണ്ടാണ് സോമനാഥാദികാം സാധാരണഗാന്ധാരത്തേക്കാാം ഒരു ശ്രുതി മാത്രം കൂടിയ അന്തരഗാന്ധാരത്തിന്നും കൈശികനിഷാദത്തേക്കാാം ഒരു ശ്രുതി മാത്രം കൂടിയ കാകളിനിഷാദത്തിന്നും പ്രത്യേകസാരികകാം വേണ്ടെന്നും ആ സ്വരങ്ങളെയും അവയേക്കാാം ഓരോ ശ്രുതി കൂടിയ മൃദുമദ്ധ്യമത്തിന്നും മൃദുഷഡ്ജത്തിന്നുമുള്ള സാരികകളിൽ പ്രയോഗിച്ചു നിൎവ്വഹിക്കാമെന്നും വെച്ചിട്ടുള്ളത്. അപ്രകാരം ഒരു സ്വരം ഒരു സ്ഥായിയിൽ ഒരു നിലയിലും മറെറാരു സ്ഥായിയിൽ അതിനേക്കാാം ഒന്നോ രണ്ടോ ശ്രുതി കുറഞ്ഞോ ഏറിയോ ഉള്ള നിലയിലും വരുന്നതിന്നും ദക്ഷിണപ്രസ്ഥാനത്തിൽ വിരോധമില്ല. "യേഷാം ശ്രുതിസ്വരഗ്രാമജാത്യാദിൎന്നിയതോ ന ഹി." എന്ന ശ്രീഹനുമദാചാൎയ്യവചനം കൊണ്ടു ദേശീയപ്രസ്ഥാനത്തിൽ സ്വരങ്ങാംക്കു ശ്രുതിസംഖ്യയെപ്പററിയേടത്തോളം ഒരു നിയമവുമില്ലെന്നും ഒരു സ്ഥായിയിൽ ഒരു തരത്തിലും മറെറാരു സ്ഥായിയിൽ മറെറാരു തരത്തിലും വരാൻ വിരോധമില്ലെന്നുംകൂടിക്കാണിച്ചിട്ടുണ്ട്' എന്നെല്ലാം വാദിക്കയാണെങ്കിൽ അതിന്നുള്ള സമാധാനമായി വേറെയും ദോഷം പറയുന്നു—

സൂ—സൎവ്വസ്യാപി സുസ്വരത്വപ്രസക്ത്യാപസ്വരമാത്രോച്ഛേദാപത്തേഃ. ൯൯

ഭാ—ദക്ഷിണപ്രസ്ഥാനത്തിലും സ്വരങ്ങാംക്കു ശ്രുതിസംഖ്യാവ്യവസ്ഥയുണ്ട്. അതു സ്വീകരിച്ചിട്ടില്ലെങ്കിൽ ആ പ്രസ്ഥാനത്തിൽ എല്ലാം സുസ്വരങ്ങളാണെന്നും അപസ്വരമെന്ന ഒന്നില്ലെന്നുംതന്നെ പറയേണ്ടതായി വന്നേക്കും. ഓരോ രാഗത്തിലും ഇന്നിന്ന ശ്രുതിയിലുള്ള ഇന്നിന്ന സ്വരം സുസ്വരം. അതാതിന്റെ ശ്രുതിയിൽനിന്നു കുറഞ്ഞോ ഏറിയോ ഇരുന്നാൽ അപസ്വരം. ഇങ്ങനെയാണ് അനുഭവവും ശാസ്ത്രവും അനുസരിച്ചു സുസ്വരാപസ്വരങ്ങളെ നിൎണ്ണയിക്കേണ്ടതും നിൎണ്ണയിച്ചിട്ടുള്ളതും. ഓരോ സ്വരത്തിന്നും ശ്രുതിസംഖ്യാവ്യവസ്ഥതന്നെയില്ലെന്നു വന്നാൽ ശ്രുതിവിഭാഗത്തിന്നു തന്നെയും യാതൊരൎത്ഥവു

മില്ലാതായിത്തീരുമെന്നുള്ളതിരിക്കട്ടെ. ഒന്നോ രണ്ടോ ശ്രുതി കുറഞ്ഞാലും ഏറിയാലും അതേ സ്വരം തന്നെയാകുമെന്നുവന്നാൽ ഒരു രാഗത്തിൽ പ്രയോഗിക്കുന്ന ഒന്നുംതന്നെ അതിൽ അപസ്വരമാകാൻ വഴിയുള്ളതല്ലല്ലോ. ഋഷഭത്തിന്നു പകരം ഗാന്ധാരമാകാം. ഗാന്ധാരമില്ലാത്ത രാഗങ്ങളിലും ഗാന്ധാരമാകാം. അങ്ങനെ ഒരു രാഗത്തിലും ഒന്നും അപസ്വരമാവില്ലെന്നായിത്തീരും. അപ്പോൾ ഷാഡവൌഡവരാഗങ്ങൾ തന്നെയില്ലാതാകും. അപ്രകാരം ശ്രുതി കുറഞ്ഞും ഏറിയും ഉള്ള വിധത്തിൽ ചിലർ ലക്ഷ്യങ്ങളിൽ പ്രയോഗിച്ചു കാണുന്നുണ്ട് എന്നാണെങ്കിൽ ആ വക പ്രയോഗത്തിന്നാണ് അപസ്വരപ്രയോഗമെന്നു പറയുന്നത്. അതിനാൽ അത്തരം ലക്ഷ്യങ്ങൾ പ്രമാണമാകുന്നതല്ല. പിഴച്ച ലക്ഷ്യപ്രയോഗങ്ങളെല്ലാം പ്രമാണമായി സ്വീകരിക്കയാണെങ്കിൽ പിഴവു വരുന്നതിന്നു വ്യവസ്ഥയില്ലാത്തതുകൊണ്ടു ശാസ്ത്രത്തിൻെറ പ്രസക്തിതന്നെ വരുന്നതല്ല. അതിനാൽ ഈ ഏപ്പാടു മൂലച്ഛേദിയാണ്. അതുകൊണ്ടു ദക്ഷിണപ്രസ്ഥാനത്തിലും സുസ്വരങ്ങളും അപസ്വരങ്ങളും അനുഭവസിദ്ധമായിരിക്കുന്നതനുസരിച്ച് അതിലും ഓരോ സ്വരങ്ങൾക്കും നിയതമായ ശ്രുതിസംഖ്യാവ്യവസ്ഥയുണ്ടെന്നു സ്വീകരിക്കാതെ കഴിയുന്നതല്ല. മേൽകാണിച്ച ശ്രീഹനുമദാചാര്യ്യഗ്രന്ഥത്തിന്നാകട്ടേ ദേശീയപ്രസ്ഥാനത്തിൽ ശ്രുതിവിഭാഗം, സ്വരവിഭാഗം, ഗ്രാമവിഭാഗം, ജാതിവിഭാഗം മുതലായതു മാർഗ്ഗപ്രസ്ഥാനത്തിൽ നിയമിച്ചിട്ടുള്ളതല്ല. വേറെ വിധത്തിലാണ്. എന്നാണർത്ഥം. അല്ലാതെ ദേശീയപ്രസ്ഥാനങ്ങളിലൊന്നിലും സ്വരങ്ങൾക്കു ശ്രുതിസംഖ്യാനിയമമോ ശ്രുതിവിഭാഗനിയമമോ ഒന്നുമില്ലെന്ന് അതുകൊണ്ടു കിട്ടുന്നതല്ല. അങ്ങനെ ആ ആചാര്യ്യൻ പറകയുമില്ല. ഒരു വ്യവസ്ഥയുമില്ലെങ്കിൽ ദേശീയസംഗീതമെന്നു സംഗീതം തന്നെയല്ലെന്നു വരുമെന്നുള്ളതുതന്നെ അതിന്നു കാരണം. ആചാര്യ്യവചനത്തിലെ നിയതശബ്ദത്തിന്നു പ്രസിദ്ധമാർഗ്ഗനിയതം എന്നാണർത്ഥമെന്നു താൽപര്യ്യം. ഇത്രയുംകൊണ്ടുതന്നെ ഒന്നോ രണ്ടോ ശ്രുതികളുടെ ഏററക്കുറവുനിമിത്തം ദോഷമൊന്നും വരില്ലെന്നു സോമനാഥാദികൾ പറയുന്നതു ശരിയല്ലെന്നും അപസ്വരമെന്നൊന്നില്ലെന്നു വരികയും ആ വഴിക്കു രാഗാദിവ്യവസ്ഥകളില്ലാതാകയും ശാസ്ത്രമൂലച്ഛേദംതന്നെ വരികയും ചെയ്യുമെന്ന സംഗതിതന്നെ ദോഷങ്ങളായിട്ടുണ്ടെന്നും വ്യക്തമായി.

സൂ—ഭവന്മതസാധാരണഗകൈശികന്യാദിനാം സാരികാന്യാസസ്യ വൈയാർത്ഥ്യാപാതാച്ച. ൧൦൦

ഭാ—അതിന്നുംപുറമെ നിങ്ങളുടെ മതപ്രകാരമുള്ള സാധാരണഗാന്ധാരം ശുദ്ധഗാന്ധാരം ഇവക്കും, അമാത്യവെങ്കടമഖിമതങ്ങളിൽ അന്തരഗാന്ധാരം ശുദ്ധമദ്ധ്യമം ഇവക്കും, വരാളീമദ്ധ്യമം പഞ്ചമം ഇവക്കും, ശുദ്ധനിഷാദം കൈശികനിഷാദം ഇവക്കും, ഷഡ്ജം കാകളിനിഷാദം ഇവക്കും വേറെ വേറെ സാരികകൾ വെക്കണമെന്നു നിങ്ങൾ പറയുന്നതുതന്നെ നിഷ്പ്രയോജനമാണെന്നും വന്നുകൂടും. നിങ്ങളുടെ പക്ഷത്തിൽ ആ ഈരണ്ടു സ്വരങ്ങൾ തമ്മിൽ ഓരോ ശ്രുതികൊണ്ടുള്ള അന്തരം മാത്രമാണല്ലോ ഉള്ളത്. ഏകശ്രുത്യന്തരംകൊണ്ടു ദോഷമൊന്നുമില്ലെങ്കിൽ ആ വക ഈരണ്ടു സ്വരങ്ങൾക്കുംകൂടി ഒരു സാരിക വെച്ചാൽ മതിയാകുമല്ലോ. ചിലപ്പോൾ ആ സാരികയിൽ പുറപ്പെടുന്നതു ശുദ്ധഗാന്ധാരമാണെന്നും ചിലപ്പോൾ സാധാരണഗാന്ധാരമാണെന്നും തരംപോലെപ്പറഞ്ഞു കഴിച്ചുകൂട്ടാം. അങ്ങനെ അവിടെയവിടെ ചില സാരികകൾ മാത്രം വെച്ചാൽ മതിയാകുന്നതാണല്ലോ. സൂത്രത്തിലെ 'ഭവന്മത' എന്ന അംശത്താൽ സാധാരണഗാന്ധാരമെന്നത് അന്തരഗാന്ധാരത്തിൻെറയും കൈശികനിഷാദമെന്നതു ശുദ്ധനിഷാദത്തിൻെറയും നാമാന്തരങ്ങൾ മാത്രമാണെന്നും അല്ലാതെ അവയിൽനിന്നു വിഭിന്നസ്വരങ്ങളല്ലെന്നുമുള്ള സിദ്ധാന്തമതത്തെസ്സൂചിപ്പിച്ചിരിക്കുന്നു.

സൂ—വികൃതരിഗമധനീനാം തന്ത്രീപ്രകർഷമാത്രസാധ്യതയാ സാരികാ വിരഹോപി സോമനാഥോക്തോ ന യുക്തഃ വിനിഗമകാഭാവേന സാധാരണാദീനാമപി തഥാത്വാപാതാൽ. ൧൦൧

ഭാ—ഇപ്രകാരംതന്നെ വികൃതമായ ചതുശ്രുതികഷഭം, അന്തരഗാന്ധാരം, പ്രതിമധ്യമം, വികൃതധൈവതം കാകളിനിഷാദം എന്നീ സ്വരങ്ങാം തന്ത്രീപ്രകർഷംകൊണ്ട്, അതായത് സാധാരണഗാന്ധാരാദിസാരികകളിൽ കമ്പി കീഴ്പ്പോട്ടു വലിച്ചു പിടിക്കുന്നതുകൊണ്ടു വരുത്തേണ്ടതാണെന്നും ആ സ്വരങ്ങാംക്കു പ്രത്യേകം സാരികകാം വെക്കേണ്ടതില്ലെന്നും സോമനാഥൻ പറഞ്ഞിരിക്കുന്നതും നല്ല യുക്തമായി വരുന്നതല്ല. എന്നുവെച്ചാൽ, അമാത്യൻ, വെങ്കടമഖി, സോമനാഥൻ എന്നീ ദക്ഷിണപ്രസ്ഥാനഗ്രന്ഥകാരന്മാരിൽ അമാത്യൻ മാർഗ്ഗത്തിലെപ്പോലെതന്നെ ദക്ഷിണത്തിലും ശ്രുതിസംഖ്യയും സ്വരസ്ഥാനങ്ങളും കല്പിച്ചു. അവയിൽ ഭരതമതംഗാദിമതമനുസരിക്കാതെ നിശ്ശങ്കശാർങ്ഗദേവമതമനുസരിച്ചു മാർഗ്ഗത്തിലെ ച്യുതമധ്യമം, ച്യുതപഞ്ചമം, ച്യുതഷഡ്ജം ഈ സ്വരങ്ങാംക്കു ച്യുതമധ്യമഗാന്ധാരം, ച്യുതപഞ്ചമമധ്യമം, ച്യുതഷഡ്ജനിഷാദം എന്നീ പേരുകാം നൽകയും അവയോരോന്നും അതാതു ശുദ്ധസ്വരങ്ങളിൽനിന്ന് ഓരോ ശ്രുതി മാത്രം കുറഞ്ഞതാണെങ്കിലും പൂർവ്വസ്വരത്തിന്റെ വികൃതങ്ങളാണെന്നു നിശ്ശങ്കമതത്തിന്നു യോജിക്കാത്തവിധം സ്വീകരിക്കയും ചെയ്തു. മാർഗ്ഗത്തിൽ മധ്യമത്തിന്റെയും ഷഡ്ജത്തിന്റെയും മുമ്പുള്ള രണ്ടാമത്തെ ശ്രുതികളിൽ വരുന്ന അന്തരഗാന്ധാരത്തെയും കാകളിനിഷാദത്തെയും ആ ഗ്രന്ഥകാരൻ സ്വരവിഭാഗപ്രസ്താവത്തിൽ സ്വീകരിക്കുന്നുണ്ടെങ്കിലും ആ രണ്ടു സ്വരങ്ങളും അല്പപ്രയോഗങ്ങളാണെന്ന് "അല്പപ്രയോഗസ്സ്വത്ര കാകളീ ചാന്തരഃ സ്വരഃ" എന്ന ഗ്രന്ഥത്താൽ പറഞ്ഞ്, ആ സ്വരങ്ങളുടെ പ്രതിനിധികളായി ഒരു ശ്രുതി അധികമുള്ള ച്യുതമധ്യമഗാന്ധാരത്തെയും ച്യുതഷഡ്ജനിഷാദത്തെയും പ്രയോഗിക്കാമെന്ന് "ച്യുതമധ്യമഗാന്ധാരച്യുതഷഡ്ജനിഷാദകൌ ക്രമാദന്തരകാകള്യോഃ സ്ഥാനേ പ്രതിനിധീ വിദുഃ." എന്ന ഗ്രന്ഥത്താൽ പറകയും ആ രണ്ടു സ്വരങ്ങാംക്കും സാരികകാം വേണ്ടെന്നഭിപ്രായപ്പെടുകയും ചെയ്തിരിക്കുന്നു. സ്വപ്രകാശസ്വരങ്ങളിൽ പ്രാധാന്യം കുറയാത്ത അന്തരഗാന്ധാരത്തിന്നും കാകളിനിഷാദത്തിന്നും കല്യാണി, ശങ്കരാഭരണം മുതലായി പ്രസിദ്ധങ്ങളും ആലാപാദിയോഗ്യത തികഞ്ഞതിനാൽ ഉത്തമങ്ങളുമായ പല രാഗങ്ങളിലും ആ രണ്ടു സ്വരങ്ങളും അല്പപ്രയോഗങ്ങളാണെന്നു പറഞ്ഞതു് അത്ഭുതകരമായിരിക്കുന്നു. വെങ്കടമഖിയാകട്ടേ അന്തരഗാന്ധാരത്തെയും കാകളിനിഷാദത്തെയും സ്വീകരിച്ചിട്ടുണ്ടെങ്കിലും അതു മാർഗ്ഗപ്രസ്ഥാനത്തിൽ ആ സ്വരങ്ങാംക്കുള്ള സ്ഥാനങ്ങളിലല്ല. അന്തരഗാന്ധാരത്തെ അമാത്യന്റെ ച്യുതമധ്യമഗാന്ധാരത്തിന്റെ സ്ഥാനത്തും കാകളിനിഷാദത്തെ ച്യുതഷഡ്ജനിഷാദത്തിന്റെ സ്ഥാനത്തുമാണ്. അന്തരഗാന്ധാരകാകളിനിഷാദങ്ങളിൽനിന്നു ഭിന്നങ്ങളായ ച്യുതമധ്യമഗാന്ധാരച്യുതഷഡ്ജനിഷാദങ്ങളെ അദ്ദേഹം സ്വീകരിച്ചിട്ടുമില്ല. ച്യുതപഞ്ചമമധ്യമത്തിന്റെ സ്ഥാനത്ത് അതായത് പഞ്ചമത്തിൽനിന്ന് ഒരു ശ്രുതി മാത്രം കുറഞ്ഞ സ്ഥാനത്ത് വരാളീമധ്യമമെന്ന സ്വരത്തെയും പറയുന്നുണ്ട്. ചുരുക്കത്തിൽ മാർഗ്ഗത്തിൽ ശുദ്ധഗാന്ധാരത്തിൽനിന്നും ശുദ്ധനിഷാദത്തിൽനിന്നും ഈരണ്ടു ശ്രുതി അധികമായ സ്ഥാനങ്ങളിലുള്ള അന്തരഗാന്ധാരകാകളിനിഷാദങ്ങളെ സ്വീകരിക്കാതിരിക്കയും അവയിൽനിന്ന് ഓരോ ശ്രുതികൂടി അധികമായ സ്ഥാനങ്ങളിൽ ഓരോ സ്വരത്തെ സ്വീകരിച്ച് അവക്ക് അന്തരഗാന്ധാരമെന്നും കാകളിനിഷാദമെന്നും പേർ നൽകയും ദക്ഷിണത്തിൽ ശുദ്ധമധ്യമത്തിൽനിന്നു രണ്ടു ശ്രുതി കൂടിയ

സ്വപ്രകാശകൈശികനാദസ്ഥാനത്തുള്ള പ്രതിമദ്ധ്യമം സ്വീകരിക്കാതെ അതിൽനിന്ന് ഒരു ശ്രുതി അധികമായ സ്ഥാനത്തു വരാളീമദ്ധ്യമമെന്ന പേരിൽ ഒരു സ്വരത്തെ സ്വീകരിക്കയു മാണ് വെങ്കടമഖി ചെയ്യുന്നത്. ആ മൂന്നു സ്വരങ്ങൾക്കും വീണയിൽ പ്രത്യേകം സാരികകൾ വെക്കണമെന്നും ആ ഗ്രന്ഥകാരൻ പറയുന്നുണ്ട്. ഷഡ്ജത്തിൽനിന്നു നാലാമത്തെ ശ്രുതിയിലുള്ള ചതുശ്രുതികഷഭത്തെയോ പഞ്ചമത്തിൽനിന്നു നാലാമത്തെ ശ്രുതിയിലുള്ള ചതുശ്രുതിധൈവതത്തെയോ അമാത്യനും വെങ്കടമഖിയും സ്വീകരിക്കുന്നില്ല. അവയുടെ പ്രയോഗപ്രാതിനിധ്യം അവയേക്കാൾ ഓരോ ശ്രുതിയും കുടിക്കൂടിയ സ്ഥാനങ്ങളിലുള്ള ശുദ്ധ ഗാന്ധാരത്തിനും ശുദ്ധനിഷാദത്തിനും നൽകി ആ രണ്ടു ശുദ്ധസ്വരങ്ങൾക്കും പഞ്ചശ്രുതി കഷഭം, പഞ്ചശ്രുതികധൈവതം എന്ന വികൃതരൂപങ്ങൾകൂടി നൽകയാണവർ ചെയ്യുന്നത്. അതിനാൽ ആ രണ്ടിനും പ്രത്യേക സാരികകളുടെ പ്രസംഗംതന്നെ അവക്കു വരുന്നില്ല. സോമനാഥനാകട്ടേ, ചതുശ്രുതികങ്ങളായ ഋഷഭധൈവതങ്ങളെ തീവ്രഋഷഭം, തീവ്ര ധൈവതം എന്ന പേരിലും ശുദ്ധമദ്ധ്യമത്തിൽനിന്നു രണ്ടാമത്തെ ശ്രുതിയിലുള്ള പ്രതിമദ്ധ്യമത്തെ തീവ്രതമമദ്ധ്യമം എന്ന പേരിലും പ്രത്യേകംതന്നെ സ്വീകരിച്ചിട്ടുണ്ട്. മാർഗ്ഗത്തിലെ നിശ്ശങ്കമതമനുസരിച്ച് ഏഴു ശുദ്ധസ്വരങ്ങൾക്കു പുറമെ ച്യുതഷഡ്ജം, ച്യുതമദ്ധ്യമം, ച്യുത പഞ്ചമം, സാധാരണഗാന്ധാരം, അന്തരഗാന്ധാരം, കൈശികനിഷാദം, കാകളിനിഷാദം എന്നീ ഏഴു വികൃതങ്ങളും കൂടി നിശ്ശങ്കൻെറ പതിന്നാലു സ്വരങ്ങളും അവക്കുംപുറമെ ദക്ഷിണത്തിൽ ചതുശ്രുതികങ്ങളായ ഋഷഭധൈവതങ്ങളും പ്രതിമദ്ധ്യമവുംകൂടി മൂന്നു സ്വരങ്ങൾ അധികവും ആ ഗ്രന്ഥകാരൻ വിഭിന്നസ്ഥാനങ്ങളിൽ സ്വീകരിച്ചിട്ടുണ്ട് എന്നത്ഥം. ചുതക്കത്തിൽ ഋഷഭധൈവതങ്ങളുടെ ആദ്യത്തെ ഈരണ്ടു ശ്രുതികളും ശുദ്ധമദ്ധ്യമത്തിൻെറ പിന്നത്തെ ശ്രുതിയും കൂടി അഞ്ചു ശ്രുതികൾ മാത്രമേ അദ്ദേഹത്തിൻെറ മതത്തിൽ സ്വരമൊന്നുമില്ലാതെ ഇരുപത്തിരണ്ടു ശ്രുതികളിലുള്ളൂ. എന്നാൽ ചതുശ്രുതികങ്ങളായ ഋഷഭധൈവതങ്ങൾ, പ്രതിമദ്ധ്യമം, അന്തരഗാന്ധാരം, കാകളിനിഷാദം ഈ അഞ്ചു സ്വരങ്ങൾക്കു വീണയിൽ പ്രത്യേക സാരികകൾ വെക്കേണ്ടതില്ലെന്നും പൂവ്വസാരികകളിൽ തന്ത്രി വലിച്ചു വലിച്ചു പിടിച്ച് ആ സ്വരങ്ങളെ പ്രയോഗത്തിൽ വരുത്തിയാൽ മതിയെന്നുമാണ് ആ ഗ്രന്ഥകാരൻ പറയുന്നത്. എങ്ങനെയെന്നാൽ, ശുദ്ധഷഭസാരികയിൽ തന്ത്രി വലിച്ചു പിടിച്ചു ചതുശ്രുതികഷഭം വരുത്തുക. സാധാരണഗാന്ധാരസാരികയിൽ വലിച്ചു പിടിച്ച് അന്തരഗാന്ധാരം വരുത്തുക. ശുദ്ധമദ്ധ്യമത്തിൽ വലിച്ചു പിടിച്ചു പ്രതിമദ്ധ്യമം വരുത്തുക. ഈ വിധത്തിലെന്നത്ഥം.

> "അന്തരകാകള്യൌ തീവ്രരിധൌ തീവ്രതമമദ്ധ്യമശ്ചേതി
> പഞ്ച ന കിം ദ്വാദശവത്സാരിഷൂക്താ ബ്രുവേ തത്ര
> സാധാരണാദിസാരിഷ്വപകഷാദധികിതാ യദാ ശ്രുതയഃ
> പഞ്ച തദാന്തരമുഖ്യാ ഇഹ സ്യുരിതി താഃ പൃഥങ്നോക്താഃ."

എന്ന സോമനാഥഗ്രന്ഥം നോക്കുക. ഇതിലെ അപകഷശബ്ദത്തിന്ന് ആകഷണമെന്നും അധികിതശബ്ദത്തിന്ന് അധികമായത് എന്നുമാണത്ഥം. ആ ഗ്രന്ഥകാരൻെറ ഈ അഭിപ്രായം നല്ല യുക്തമാകുന്നതല്ല. ഏതേതു സ്വരങ്ങൾക്കാണ് സാരികകൾ സ്ഥാപിക്കേണ്ടതെന്നും ഏതേതു സ്വരങ്ങളെയാണ് പൂവ്വസാരികയിൽ കമ്പി വലിച്ചു പിടിച്ചു പ്രയോഗിക്കേണ്ടതെന്നും നിശ്ചയിക്കുന്ന സംഗതിയിലേക്കു നിയാമകമൊന്നുമില്ല. അതിനാൽ ശുദ്ധഗാന്ധാരസാരികയിൽ വലിച്ചു സാധാരണഗാന്ധാരത്തെയും ച്യുതമദ്ധ്യമസാരികയിൽ വലിച്ചു ശുദ്ധമദ്ധ്യമത്തെയും പ്രയോഗിക്കാമെന്നും സാധാരണഗാന്ധാരം, മദ്ധ്യമം, പഞ്ചമം

മുതലായതിന്നു പ്രത്യേകം സാരികകൾ വേണ്ടെന്നും ചതുശ്ശ്രുതികഷഭം, അന്തരഗാന്ധാരം, പ്രതിമദ്ധ്യമം മുതലായതിന്നു മാത്രം സാരികകൾ സ്ഥാപിച്ചാൽ മതിയെന്നും തുല്യയുക്തിയാൽ സ്വീകരിക്കേണ്ടിവന്നെക്കും. അശോകവനികാന്യായത്തിന്ന് ഈ വക വിഷയത്തിൽ പ്രസക്തിയില്ല. അതുകൊണ്ട് ഒന്നുകിൽ ഒന്നിടവിട്ടിട്ടുള്ള സ്വരങ്ങൾക്ക സാരികകൾ സ്ഥാപിക്കണമെന്നും ഓരോന്നിൻെറയും മദ്ധ്യത്തിലുള്ള സ്വരങ്ങൾ തന്ത്രീപ്രകർഷണം കൊണ്ടു വരുത്തേണ്ടതാണെന്നും സ്വീകരിക്കണം. അല്ലെങ്കിൽ എല്ലാ സ്വരങ്ങൾക്കും സാരികകൾ പ്രത്യേകം വേണമെന്നുതന്നെ സ്വീകരിക്കണം. ആ രണ്ടിലൊന്നേ യുക്തിക്കനുസൃതമായിരിക്കയുള്ളൂ. മദ്ധ്യദ്രുതലയങ്ങളിൽ തന്ത്രീപ്രകർഷണം നല്ല അഭ്യാസം സിദ്ധിച്ചവൎക്കുപോലും അസാദ്ധ്യമോ കൃഛ്റസാദ്ധ്യമോ ആകയാൽ രണ്ടാമതു പറഞ്ഞതാണ് അധികം യുക്തമായിരിക്കുന്നതും. ഓരോ ഗ്രന്ഥകാരന്മാൎക്കും ദക്ഷിണപ്രസ്ഥാനത്തിലെ സ്വരങ്ങളുടെയും അവയുടെ സ്ഥാനവിശേഷങ്ങളുടെയും സംഗതിയിൽ ഒരോ തരം അഭിപ്രായഭേദം വരുവാനുള്ള കാരണം മുമ്പു കാണിച്ച വിധത്തിൽ മാൎഗ്ഗത്തിലെ ശ്രുതിവിഭാഗംതന്നെയാണ് ദക്ഷിണത്തിലുമെന്നും മററും കരുതിയതിനാൽ അതനുസരിച്ചു സ്വരങ്ങളെത്തിരിപ്പാനും അതു ലക്ഷ്യങ്ങളിൽ യോജിപ്പിക്കാനും ഓരോരുത്തർ ഓരോരോ തരത്തിൽ ക്ലേശിച്ചു നോക്കിയതാണെന്നറിഞ്ഞുകൊൾക.

സൂ—മാൎഗ്ഗാദ്ദക്ഷിണേ ശ്രുതിസംഖ്യാഭേദഃ ശുദ്ധരിധയോഃ സ്ഥാനഭേദോ രിമധവികൃതാംഗീകാരശ്ചേത്യേവ വിശേഷ ഇത്യനുപദം ദൎശിതം. തന്ത്രികർഷണേ സ്വരാണാം ശ്രുത്യന്തരപ്രാപണകൃതവൈചിത്ര്യം തുഭയോസ്സമാനം. ൧൧൨

ഭാ—മാൎഗ്ഗപ്രസ്ഥാനനിയമത്തിൽനിന്നു ദക്ഷിണപ്രസ്ഥാനത്തിലുള്ള വിശേഷമാകട്ടേ ശ്രുതികൾ ഇരുപത്തിനാലാണ്. ശുദ്ധൎഷഭശുദ്ധധൈവതങ്ങൾക്ക സ്ഥാനഭേദമുണ്ട്. ഋഷഭവും മദ്ധ്യമവും ധൈവതവും വികൃതങ്ങളായിട്ടുമുണ്ട്. ഇത്രമാത്രമാണെന്ന് അടുത്തു മുമ്പു തന്നെ കാണിച്ചിട്ടുണ്ട്. അത്രമാത്രം വിശേഷംകൊണ്ടുതന്നെ ദക്ഷിണദേശീയലക്ഷ്യപ്രയോഗമെല്ലാം സംഗതമാകുന്നതുമാണ്. വീണയിൽ തന്ത്രി വലിച്ചു പിടിച്ചും മററും സ്വരങ്ങളെ ശ്രുത്യന്തരം പ്രാപിപ്പിച്ചു വൈചിത്ര്യമുണ്ടാക്കിത്തീൎക്കുകയെന്നതു ദക്ഷിണത്തിലും മാൎഗ്ഗത്തിലുമുള്ളതാകയാൽ ഉഭയസാധാരണമാണ്. അതിനെ മാത്രം പ്രത്യേകസ്വരപ്രയോഗത്തിന്നുപകരണമാക്കി ശാസ്ത്രരീതിയിൽ ഗണിക്കാവുന്നതല്ല.

സൂ—ഏവം തുരീയതന്ത്ര്യാം മന്ദ്രമദ്ധ്യമസ്ഥിതായാം മന്ദ്രപാദിസ്വരാണാം സ്വയംഭൂത്വകഥനമപി തേഷാമനവധാനമൂലകം ദ്രഷ്ടവ്യം. ൧൧൩

ഭാ—അമാത്യാദികൾ മദ്ധ്യമേളവീണയിൽ മന്ദ്രസ്ഥായിമദ്ധ്യമത്തിൽ നിൎത്തിയ നാലാമത്തെത്തന്ത്രിയിൽ രണ്ടാമത്തെസ്സാരികയുടെ സ്ഥാനത്തു മന്ദ്രപഞ്ചമവും എട്ടാമത്തെസ്സാരികയുടെ സ്ഥാനത്തു മദ്ധ്യഷഡ്ജവും സ്വപ്രകാശമായിപ്പുറപ്പെടുന്നുവെന്നു പറഞ്ഞു കാണുന്നുണ്ട്.

"ചതുൎത്ഥതന്ത്ര്യാ സംഭൂതഃ ശുദ്ധോയം മന്ദ്രപഞ്ചമഃ
ദ്വിതീയായാം സാരികായാം സ്വയംഭൂരിതി കഥ്യതേ."

എന്നു തുടങ്ങിയ അമാത്യവചനവും,

"അപരസ്തുരീയതന്ത്ര്യാം ദ്വിതീയസാൎയ്യൂൎദ്ധ്വമണരവോസ്തി സ മഃ
തന്മന്ദ്രപസ്സ്വയംഭൂൎമ്മദ്ധ്യേ ച സമദ്ധ്യമൌ സ്വഭുവൌ."

എന്നു തുടങ്ങിയ സോമനാഥവചനവും നോക്കുക. അവർ പറയുന്ന വിധത്തിൽ രണ്ടാമത്തെസ്സാരികയുടെ സ്ഥാനത്ത് അതായത് ഷഡ്ജത്തിൽ നിൎത്തിയ തന്ത്രിയിൽ ശുദ്ധഗാന്ധാ

രസാരികയുടെ സ്ഥാനത്ത് സ്വപ്രകാശമായി ഒരു സ്വരവും കേൾക്കത്തക്കവിധം പുറപ്പെട്ടില്ല. അതിന്നല്പം പിന്നിലായി ഒരു സ്വപ്രകാശനാദസ്ഥാനമുണ്ട്. അതു പരികമ്പശൃംഖലയെ ഏഴാക്കി വിഭജിക്കുന്ന സന്ധാനത്തിലുള്ളതും മന്ദ്രഷഡ്ജതന്ത്രിയിൽ താരതരകൈശികസ്വരവുമാണ്. ആ സ്ഥാനത്താണ് ശുദ്ധഗാന്ധാരസാരിക സ്ഥാപിക്കുന്നതെങ്കിൽ അതിൽനിന്നു മധ്യമസ്ഥാനത്തെക്കു നാലിലധികം ശ്രുതികൾ വരികയും ചെയ്യും. ഏതായാലും മന്ദ്രസ്ഥായിപഞ്ചമം പരികമ്പശൃംഖലയുടെ ചെറിയ ഒരംശസന്ധാനമായ ആ സ്ഥാനത്തു സ്വപ്രകാശമായി വരുന്നതല്ല. മന്ദ്രമധ്യമത്തിൽ നിർത്തിയ തന്ത്രിയിൽ പരികമ്പശൃംഖലയെ മൂന്നാക്കി വിഭജിക്കുന്ന സന്ധാനസ്ഥാനത്ത് അതായത് ഷഡ്ജതന്ത്രിയുടെ പഞ്ചമസ്ഥാനത്ത് ഒരു ഷഡ്ജം സ്വപ്രകാശമായിപ്പുറപ്പെടും അതു താരഷഡ്ജമാണ്. ആ ഷഡ്ജത്തിൻെറ പഞ്ചമം സ്വപ്രകാശമായിപ്പുറപ്പെടുന്നതു ശൃംഖല ഒമ്പതായി വിഭജിക്കുന്ന സന്ധാനസ്ഥാനത്താണ്. ആ സ്ഥാനം ശ്രുതികളെ ഇരുപത്തിനാലാക്കുമ്പോഴുള്ള ചതുശ്രുതികഷഭസ്ഥാനവുമാണ്. അവിടെയും താരതമപഞ്ചമമാണ് സ്വയംഭൂവാകുന്നത. മന്ദ്രപഞ്ചമം ആ മധ്യമസ്ഥിതതന്ത്രിയിൽ സ്വപ്രകാശമാകുന്നതല്ല. ഇങ്ങനെ സ്വരങ്ങൾക്കു സ്വയംഭൂത്വം പ്രതിപാദിച്ചിട്ടുള്ള സംഗതിയിലും ആ ഗ്രന്ഥകാരന്മാൎക്കു ശുദ്ധക്കുറവു വന്നുപോയിട്ടുള്ളതു കണ്ടുകൊൾക.

ഉപസംഹരിക്കുന്നു—

സൂ—തസ്മാദസ്മിൻ ദർശിതൈവ ലഘ്വീ സരണിരനുസരണീയേതി. ൧൦൪

ഇതി വീണാപ്രകാശഃ.

ഭാ—അതിനാൽ ഈ ഗ്രന്ഥത്തിൽ കാണിച്ചതും കുഴപ്പത്തിന്നിടയില്ലാത്തതിനാൽ എളുപ്പമുള്ളതുമായ വഴിതന്നെയാണ് മാൎഗ്ഗപ്രസ്ഥാനവീണയിലും ദക്ഷിണപ്രസ്ഥാനവീണയിലും സ്വരസാരികകൾ സ്ഥാപിക്കുന്ന വിഷയത്തിൽ അനുസരിക്കേണ്ടതെന്നറിഞ്ഞുകൊൾക. 'ഇതി' എന്നതു പ്രകൃതവിഷയത്തിൻെറ സമാപ്തി കാണിക്കുന്നു.

ഇങ്ങനെ വീണാപ്രകാശം.

അഥ ഗ്രാമമൂർഛനാദിപ്രകാശഃ

വേണുമൂർച്ഛനയാ പ്രാണിവൃന്ദം വൃന്ദാവനാന്തരേ
ആനന്ദമൂർച്ഛിതം തന്വൻധാമ തൽ പരമം സ്തുമഃ.

അനന്തരം ഗ്രാമങ്ങൾ, മൂർച്ഛനകൾ, താനങ്ങൾ ഇവയെപ്പററി വിവരിപ്പാൻ തുടങ്ങുന്നു. അതിൽ ആദ്യമായി ഈ ശാസ്ത്രത്തിൽ ഗ്രാമമെന്നു പറയുന്നതിൻെറ സ്വരൂപം പ്രതിപാദിക്കുന്നു—

സൂ—രാഗാദ്യാലംബനം സ്വരസമുദായോത്ര ഗ്രാമഃ. ൧

ഭാ—. രാഗങ്ങൾ, മൂർച്ഛനകൾ, താനങ്ങൾ മുതലായതിന്നവലംബമായ സ്വരസമൂഹത്തിന്നാണ് ഈ ശാസ്ത്രത്തിൽ ഗ്രാമമെന്നു പറയുന്നത്. ശുദ്ധങ്ങളും വികൃതങ്ങളുമായി മാർഗ്ഗപ്രസ്ഥാനത്തിൽ ഒമ്പതും ദക്ഷിണപ്രസ്ഥാനത്തിൽ പന്തിരണ്ടും സ്വരങ്ങളാണല്ലോ ഉള്ളത്. രാഗങ്ങൾക്കും മൂർച്ഛനകൾക്കും താനങ്ങൾക്കും വർണ്ണാലങ്കാരപ്രബന്ധാദികൾക്കും എല്ലാം ആസ്പദമായ ആ ശുദ്ധവികൃതസ്വരങ്ങളുടെ സമൂഹത്തിന്നാണ് ഇതിൽ ഗ്രാമമെന്നു പറയുന്നത് എന്നർത്ഥം. ജനസമുദായത്തിൽ ഏതെങ്കിലും വ്യവസ്ഥിതസംഖ്യയുള്ള ജനങ്ങൾ ഒത്തുചേർന്ന് വസിക്കുന്ന സ്ഥലവിശേഷത്തിന്നും ആ വഴിക്ക് ആ ജനസമൂഹത്തിന്നും ലോകത്തിൽ ഗ്രാമമെന്നു പറഞ്ഞുവരുന്നതുപോലെ എന്നു സാരം. മാർഗ്ഗത്തിൽ രണ്ടു ഗ്രാമത്തിലുംകൂടി നോക്കുമ്പോൾ പത്തു സ്വരങ്ങളുണ്ടെങ്കിലും പഞ്ചമങ്ങൾ രണ്ടുള്ളതിൽ ഏതെങ്കിലും ഒന്നു മാത്രമേ രണ്ടു ഗ്രാമത്തിലും ഉണ്ടായിരിക്കുള്ളൂ എന്നും അവ ഒരുമിച്ചിരിക്കില്ലെന്നും ഉള്ളതുകൊണ്ടാണ് ഇവിടെ ഒമ്പതെന്നു പറഞ്ഞത്. അതു മേലിൽ സ്പഷ്ടമാകും.

മാർഗ്ഗപ്രസ്ഥാനത്തിലുള്ള ഗ്രാമങ്ങളെപ്പറയുന്നു—

സൂ—സ ച മാർഗ്ഗേ ദ്വിവിധഃ ഷഡ്ജഗ്രാമോ മധ്യമഗ്രാമശ്ച. ൨

ഭാ—സ്വരസമൂഹരൂപമായ ആ ഗ്രാമം മാർഗ്ഗപ്രസ്ഥാനത്തിൽ ഷഡ്ജഗ്രാമം, മധ്യമഗ്രാമം എന്നിങ്ങനെ രണ്ടു വിധത്തിലുണ്ട്. “ദ്വൌ ഗ്രാമൌ വിശ്രുതൌ ലോകേ ഷഡ്ജമധ്യമസംജ്ഞിതൌ” എന്നു മതംഗമുനിവചനം. അതിൽ ലോകത്തിൽ വിശ്രുതങ്ങൾ എന്ന ഭാഗത്താൽ ഗാന്ധാരഗ്രാമം എന്ന ഒരു ഗ്രാമവും കൂടിയുണ്ടെന്നു നാരദമുനി പറഞ്ഞിട്ടുണ്ടെങ്കിലും ആ ഗ്രാമം ഈ ലോകത്തിൽ അത്ര പ്രസിദ്ധമല്ലെന്നു കാണിച്ചിരിക്കുന്നു. “അഥ ഗ്രാമൌ ഷഡ്ജഗ്രാമോ മധ്യമഗ്രാമശ്ചേതി.” എന്ന സൂത്രത്താൽ ഭരതമുനിയും രണ്ടു ഗ്രാമങ്ങളെ മാത്രമേ പറയുന്നുള്ളൂ.

ഓരോ ഗ്രാമത്തിൻെറയും പ്രത്യേകലക്ഷണം പറയുന്നു—

സൂ—ഷഡ്ജാരബ്ധശ്ചതുശ്രുതികപഃ ഷഡ്ജഗ്രാമഃ. ൩

ഭാ—ഗ്രാമമെന്ന സ്വരസമൂഹത്തിലെ ക്രമം ഷഡ്ജത്തെ ആരംഭസ്വരമാക്കി അതനുസരിച്ച സരിഗമപധനി എന്നു മേലിൽ കാണിക്കുന്ന സപ്തസ്വരമൂർച്ഛനകൾ തുടങ്ങുന്ന വിധത്തിലുള്ളതും മധ്യമത്തിൽനിന്നു നാലാമത്തെ ശ്രുതിയിലുള്ള പഞ്ചമംതന്നെ ആ മൂർച്ഛനകളിലെല്ലാം എപ്പോഴും പഞ്ചമസ്വരമായിട്ടുള്ളതുമായ സ്വരസമൂഹമാണ് ഷഡ്ജഗ്രാമം. അതിൽ സ്ഥായ്യാരംഭശ്രുതിയിലുള്ള ഷഡ്ജസ്വരം ഒന്നാമത്തെ മൂർച്ഛനയിലെ ആരംഭസ്വരമായിരിക്കണം. ഏതു സ്വരത്തിൽനിന്നു തുടങ്ങുന്ന മൂർച്ഛനയിലും സ്ഥായി ഏതുതന്നെയായാലും അതിലടങ്ങിയ പഞ്ചമസ്വരം ചതുശ്രുതികപഞ്ചമമായിരിക്കണം. എന്ന രണ്ടംശങ്ങളാണ് മധ്യമഗ്രാമത്തിൽനിന്നുള്ള വ്യാവർത്തകധർമ്മങ്ങൾ. “ചതുശ്രുതിഃ പഞ്ചമഃ സ്യാൽ”

എന്നു ഭരതമുനിയും, ''ഷഡ്ജഗ്രാമഃ പഞ്ചമേ സ്വചതുൎത്ഥശ്രുതിസംസ്ഥിതേ.'' എന്നു രത്നാകരവും.

സൂ—മദ്ധ്യമാരബ്ധസ്ത്രിശ്രുതികപോ മദ്ധ്യമഗ്രാമഃ. ൮

ഭാ—മദ്ധ്യമസ്വരത്തെ ആദ്യത്തെ മൂൎച്ഛനയുടെ ആരംഭസ്വരമാക്കി മപധനിസരിഗ എന്ന മാതിരിയിൽ സപ്തസ്വരമൂൎച്ഛനകൾ അടങ്ങിയതും മദ്ധ്യമത്തിൽനിന്നു മൂന്നാമത്തെ ശ്രുതിയിലുള്ള ത്രിശ്രുതിപഞ്ചമം മാത്രം എപ്പോഴും പഞ്ചമസ്വരമായിട്ടുള്ളതുമായ സ്വരസമുദായത്തിന്നാണ് മദ്ധ്യമഗ്രാമമെന്നു പറയുന്നത്. അതിൽ മദ്ധ്യമസ്വരംകൊണ്ടു തുടങ്ങുന്ന മൂൎച്ഛനയെയാണ് ഒന്നാമത്തെ മൂൎച്ഛനയായിഗ്ഗണിക്കേണ്ടതെന്നുള്ളതും ഏതു സ്വരത്തിൽനിന്നു തുടങ്ങുന്ന മൂൎച്ഛനയിലും പഞ്ചമസ്വരം ത്രിശ്രുതിപഞ്ചമമായിരിക്കണമെന്നുള്ളതുമാണ് ഷഡ്ജഗ്രാമത്തിൽനിന്നുള്ള വ്യാവൎത്തകാംശങ്ങൾ. ''പഞ്ചമഃ പുനസ്ത്രിശ്രുതിൎദ്ധൈവതസ്തു സ്യാച്ചതുശ്രുതിഃ.'' എന്നു ഭരതമുനിവചനം. ''സ്വോപാന്ത്യശ്രുതിസംസ്ഥേസ്മിൻ മദ്ധ്യമഗ്രാമ ഇഷ്യതേ.'' എന്നു രത്നാകരവും. ഈ ഗ്രാമത്തിൻെറ ധൈവതം എപ്പോഴും ചതുശ്രുതിയായിരിക്കുമെന്നു ത്രിശ്രുതിപഞ്ചമം നിയതമാണെന്നുള്ളതിനാൽത്തന്നെ സിദ്ധിക്കുന്നു.

സപ്തസ്വരങ്ങളിൽ ഷഡ്ജമദ്ധ്യമങ്ങൾ മാത്രം ഗ്രാമപ്രയോജകങ്ങളാവാനുള്ള യുക്തി കാണിക്കുന്നു—

സൂ—ഷഡ്ജസ്യ ബാഹുല്യേന ഗീതാധാരത്വാൽ സ്ഥായ്യാരംഭകത്വാദവിലോപാത്സംവാദ്യാധിക്യാച്ച മദ്ധ്യമസ്യ മദ്ധ്യസ്ഥത്വാദവിലോപാച്ച ദ്വാവേവ. ൯

ഭാ—ഷഡ്ജമാണ് ഗീതങ്ങൾക്കധികവും ആധാരശ്രുതിയായിരിക്കുന്നത്. മന്ദ്രം, മദ്ധ്യം, താരം മുതലായ ഒരോ സ്ഥായികളും ഷഡ്ജത്തെ ആധാരമാക്കി അതിൽനിന്നു തുടങ്ങുന്നതായിട്ടാണ് ഗണിച്ചു വരാറുള്ളത്. മാൎഗ്ഗപ്രസ്ഥാനത്തിൽ ഷാഡവമോ ഔഡവമോ ആയ രാഗങ്ങളിൽ മററുള്ള സ്വരങ്ങളിൽ ഏതെങ്കിലുമല്ലാതെ ഷഡ്ജസ്വരം വൎജ്ജ്യമായി വരുന്നവ വളരെക്കുറവായതിനാൽ പ്രായേണ ലോപിക്കാത്ത സ്വരമാണ് ഷഡ്ജം. ദക്ഷിണപ്രസ്ഥാനത്തിൽ ഷഡ്ജം വൎജ്ജ്യമായിട്ടുള്ള രാഗം തന്നെയില്ല. ഷഡ്ജത്തിന്നു മദ്ധ്യമവും പഞ്ചമവും സംവാദികളായിട്ടുണ്ട്. മററ സ്വരങ്ങൾ മിക്കതിന്നും മാൎഗ്ഗപ്രസ്ഥാനത്തിൽ ഓരോ സ്വരം മാത്രമേ സംവാദിയായിട്ടുള്ളൂ. മദ്ധ്യമത്തിന്നു ഷഡ്ജത്തോടും നിഷാദത്തോടും അഷ്ടശ്രുത്യന്തരിതമായതിനാൽ സംവാദം വരുമെങ്കിലും ചില പ്രാചീനന്മാർ മദ്ധ്യമനിഷാദങ്ങൾക്കു സംവാദം സ്വീകരിച്ചിട്ടില്ല. സംവാദിയുടെ ലക്ഷണം മദ്ധ്യമനിഷാദങ്ങളെ ഒഴിച്ച് എട്ടോ പന്തിരണ്ടോ ശ്രുതികൾ ഇടയിലുള്ള സ്വരങ്ങൾ സംവാദികൾ എന്നാണവർ പറയുന്നത്. മദ്ധ്യമനിഷാദങ്ങൾക്കു സംവാദം സ്വീകരിച്ചിട്ടുള്ള പക്ഷത്തിലും മദ്ധ്യമത്തിന്നും കൂടി സംവാദികൾ ഒന്നിലധികമുണ്ടെന്നല്ലാതെ ഷഡ്ജത്തിന്ന് അതില്ലെന്നു വരുന്നതുമില്ല. ഇങ്ങനെ പലതുകൊണ്ടും മററ സ്വരങ്ങളേക്കാൾ വളരെയധികം പ്രാധാന്യം ഷഡ്ജത്തിന്നുള്ളതിനാൽ ആ സ്വരം ഗ്രാമപ്രയോജകമായി വരുന്നു. മദ്ധ്യമമാകട്ടേ സപ്തസ്വരങ്ങളെ സമാനഗുണങ്ങളായ രണ്ടു ഭാഗങ്ങളാക്കി വേൎതിരിച്ചുകൊണ്ടു മദ്ധ്യസ്ഥനിലയിൽ ഒന്നിലും ചേരാതെയും തരംപോലെ രണ്ടിലെക്കും ചേരാവുന്നവിധത്തിലും മദ്ധ്യത്തിൽ നില്ക്കുകയെന്ന സ്വഭാവവിശേഷമുള്ളതാണ്. വീണയിൽ മദ്ധ്യമസ്ഥാനത്തു സ്വപ്രകാശമായിപ്പുറപ്പെടുന്ന സ്വരം ഷഡ്ജമായതുകൊണ്ട് അതിന്നു പ്രധാനസ്വരമായ ഷഡ്ജത്തോടു പ്രത്യേകിച്ചും ഒരടുപ്പവുമുണ്ട്. അതുപോലെ മാൎഗ്ഗപ്രസ്ഥാനത്തിൽ മദ്ധ്യമസ്വരത്തിന്നു ലോപമുള്ള ഷാഡവരാ

ഗമോ ഔഡവരാഗമോ വരില്ല. ഈവക സംഗതികളാൽ മധ്യമത്തിന്നും മററുള്ളവയേക്കാൾ പ്രാധാന്യമുള്ളതുകൊണ്ട് അതും ഗ്രാമപ്രയോജകമായി വരുന്നു. ഇങ്ങനെയാണ് ഷഡ്ജമധ്യമങ്ങൾ രണ്ടും മാത്രം പ്രത്യേകം ഗ്രാമപ്രയോജകങ്ങളാകുന്നത്.

സൂ—ആദ്യോ മുഖ്യഃ പ്രയോജകാധിക്യാൽ. ൩

ഭാ— ആ ഷഡ്ജഗ്രാമമധ്യമഗ്രാമങ്ങളിലും ആദ്യം പറഞ്ഞ ഷഡ്ജഗ്രാമമാണ് അധികം പ്രധാനമായിട്ടുള്ളത്. എന്തുകൊണ്ടെന്നാൽ ഗ്രാമപ്രയോജകങ്ങളായി മേൽപ്പറഞ്ഞ ഗീതാധാരശ്രുതിത്വം സ്ഥായ്യാരംഭകത്വം മുതലായ ധർമ്മങ്ങൾ ഷഡ്ജത്തിലാണല്ലോ അധികമുള്ളത്. സ്ഥായ്യാരംഭകത്വമെന്ന പ്രധാനധർമ്മം മധ്യമത്തിനില്ല. സർവ്വമതമനുസരിച്ചുള്ള സംവാദിസ്വരാധിക്യവുമില്ല. അതിനാൽ മധ്യമഗ്രാമം ഷഡ്ജഗ്രാമത്തോളംതന്നെ മാർഗ്ഗപ്രസ്ഥാനത്തിലും പ്രധാനമല്ലെന്നർത്ഥം. "ഉഭയോർഗ്രാമയോർമ്മധ്യേ മുഖ്യത്വം കസ്യ ഗമ്യതേ ഷഡ്ജഗ്രാമസ്യ മുഖ്യത്വം ഗമ്യതേ വചനാന്മുനേഃ." എന്നു മതംഗമുനിവചനവുമുണ്ട്.

മധ്യമഗ്രാമത്തിന്റെ സംഗതിയിൽ മതാന്തരം കാണിക്കുന്നു—

സൂ—മധ്യമേ നിഷാദോപി ത്രിശ്രുതിക ഇതി കേചിൽ. ൧

ഭാ—മധ്യമഗ്രാമത്തിൽ നിഷാദവും പഞ്ചമംപോലെ ത്രിശ്രുതികമായിരിക്കണം അതായത് ധൈവതത്തിൽനിന്നു മൂന്നാമത്തെ ശ്രുതിയിലായിരിക്കണം എന്നു വ്യവസ്ഥയുണ്ടെന്നു ചിലർ പറയുന്നുണ്ട്. "നിഷാദം ത്രിശ്രുതിം തത്ര ബ്രൂയുർല്ലക്ഷണകോവിദാഃ." എന്ന് അഹോബിലവചനം. അതിനാൽത്തന്നെ ഷഡ്ജവും ആ ഗ്രാമത്തിൽ ത്രിശ്രുതികമായിരിക്കണമെന്ന് അർത്ഥസിദ്ധമായിത്തീരുന്നു. എന്നാൽ ഭരതമതംഗാദിമുനിമതം മധ്യമഗ്രാമത്തിൽ നിഷാദത്തിന്നു ശ്രുതിമാററമൊന്നുമില്ലെന്നാണ്. "നിഷാദഷഡ്ജൌ വിജ്ഞേയൌ ദ്വിചതുശ്രുതിസംജ്ഞകൌ." എന്നു മധ്യമഗ്രാമസ്വരവ്യവസ്ഥയിൽ ഭരതമുനി സ്പഷ്ടമായിത്തന്നെ പറഞ്ഞിട്ടുണ്ട്. അങ്ങനെ ആ വിഷയത്തിൽ മതഭേദമുള്ളതിൽ നിഷാദഷഡ്ജങ്ങൾ ത്രിശ്രുതികങ്ങളാണെന്ന മതം മുനിസമ്മതമല്ലാത്തതുകൊണ്ടാണ് സൂത്രത്തിൽ കേചിൽ എന്നു പറഞ്ഞത്.

പ്രകൃതവിഷയപൂർത്തിക്കുവേണ്ടി ഗാന്ധാരഗ്രാമമെന്നു പേരുള്ള മറെറാരു ഗ്രാമത്തിന്റെ സ്വഭാവം കാണിച്ച് ആ ഗ്രാമമനുസരിച്ചുള്ള മൂർച്ഛനാദികളും മററും അതിപ്രാചീനകാലത്തുതന്നെ അപ്രസിദ്ധങ്ങളായിപ്പോയിയെന്നു പറയുന്നു—

സൂ—ഗാന്ധാരാരബ്ധോ ദ്വിശ്രുതിരിസ്ത്രിശ്രുതിസമപധശ്ചതുശ്രുതിഗനിർഗ്ഗാന്ധാരഗ്രാമ ഇതി ശ്രീനാരദഃ. സ തു പുരൈവാപ്രസിദ്ധഃ. ൨

ഭാ—ഗാന്ധാരത്തെ ആരംഭസ്വരമാക്കി അതനുസരിച്ചു ഗമപധനിസരി എന്ന് ആദ്യത്തെ മൂർച്ഛന തുടങ്ങുന്ന സപ്തസ്വരമൂർച്ഛനകളടങ്ങിയ സ്വരസമൂഹത്തിന്നു ഗാന്ധാരഗ്രാമമെന്നു പറയുന്നു. ആ ഗ്രാമത്തിൽ ഋഷഭം ദ്വിശ്രുതികവും ഷഡ്ജമധ്യമപഞ്ചമധൈവതങ്ങൾ ത്രിശ്രുതികങ്ങളും ഗാന്ധാരനിഷാദങ്ങൾ ചതുശ്രുതികങ്ങളുമായിരിക്കണം. അതായത് ഷഡ്ജത്തിൽനിന്നു രണ്ടാമത്തെ ശ്രുതിയിൽ ഋഷഭം. അതിൽനിന്നു നാലാംശ്രുതിയിൽ ഗാന്ധാരം, പിന്നെ മൂന്നാമത്തെതിൽ മററു രണ്ടു ഗ്രാമങ്ങളിലെയും മധ്യമസ്ഥാനത്തുതന്നെ മധ്യമം, പിന്നെ മൂന്നാമത്തേതിൽ മധ്യമഗ്രാമപഞ്ചമസ്ഥാനത്തു പഞ്ചമം, പിന്നെ. മൂന്നാമത്തേതിൽ ഷഡ്ജഗ്രാമപഞ്ചമത്തിൽനിന്നു രണ്ടാംശ്രുതിയിൽ ധൈവതം, പിന്നെ നാലാംശ്രുതിയിൽ നിഷാദം, പിന്നെ മൂന്നാംശ്രുതിയിൽ ഷഡ്ജം ഈ ക്രമത്തിൽ ശുദ്ധസ്വരങ്ങളുടെ സ്ഥാനങ്ങൾ വ്യവസ്ഥപ്പെടുത്തീട്ടുള്ള സ്വരസമുദായം ഗാന്ധാരഗ്രാമം എന്നു ശ്രീനാരദമുനി

പറയുന്നു. പക്ഷേ ആ ഗാന്ധാരഗ്രാമത്തെപ്പററി ഭരതമതംഗാദിമുനിമാർപോലും രാഗമൂല ജാതികൾക്കും ഗ്രാമരാഗങ്ങൾക്കും മററും ആസ്പദമായി പ്രസ്താവിച്ചിട്ടില്ലാത്തതുകൊണ്ടു വള രെക്കാലം മുമ്പുതന്നെ പ്രയോഗത്തിൽ ആ ഗ്രാമം അപ്രസിദ്ധമായിപ്പോയിരിക്കുന്നു.

"രിമയോഃ ശ്രുതിരേകൈകാ ഗാന്ധാരസ്യ സമാശ്രയാ
പഞ്ചമശ്രുതിരേകാ ച ധൈവതസ്യ സമാശ്രയാ
ധസയോഃ ശ്രുതിരേകൈകാ നിഷാദസ്യ സമാശ്രയാ
ഗാന്ധാരഗ്രാമസംജ്ഞം തമാചഷ്ടേ നാരദോ മുനിഃ."

എന്നു സംഗീതമകരന്ദത്തിലും,

"രിമയോഃ ശ്രുതിമേകൈകാം ഗാന്ധാരശ്ചേത്സമാശ്രിതഃ
പശ്രുതിം ധോ നിഷാദസ്തു ധശ്രുതിം സശ്രുതിം ശ്രിതഃ
ഗാന്ധാരഗ്രാമമാചഷ്ടേ തദാ തം നാരദോ മുനിഃ
പ്രവർത്തതേ സ്വർഗ്ഗലോകേ ഗ്രാമോസൌ ന മഹീതലേ."

എന്നു സംഗീതരത്നാകരത്തിലും,

"ധത്തേ രിമയോരന്ത്യാദിമേ ശ്രുതീ ഗോ നിരപ്യമൂ ധസയോഃ
ധഃ പാന്ത്യാം ചേദ്ഗാന്ധാരഗ്രാമഃ സ്വർഗ്ഗലോകേന്യഃ."

എന്നു രാഗവിബോധത്തിലും പറഞ്ഞിരിക്കുന്നതു നോക്കുക. എന്നാൽ ഈ ഗാന്ധാരഗ്രാമ ത്തിൽ പ്രകൃതിസ്വരങ്ങളായിഗ്ഗണിച്ചിട്ടുള്ള ശുദ്ധഷഡ്ജശുദ്ധധൈവതങ്ങളുടെ സ്ഥാനങ്ങളും ശുദ്ധഗാന്ധാരശുദ്ധനിഷാദങ്ങളുടെ ചതുശ്രുതികത്വങ്ങളും ദക്ഷിണപ്രസ്ഥാനത്തിലെ ഷഡ്ജ ഗ്രാമത്തിൽ പ്രകൃതിസ്വരങ്ങളായിഗ്ഗണിച്ചിട്ടുള്ള ആ നാലു സ്വരങ്ങളുടെ സ്ഥാനങ്ങളും ശ്രു തിസംഖ്യകളും തമ്മിൽ ഒത്തുനോക്കുന്നതിനും ആ വഴിക്കു മാർഗ്ഗത്തിൽനിന്നു ദക്ഷിണത്തിൽ ആ സ്വരങ്ങൾക്കു സ്ഥാനഭേദം വന്നുകൂടിയ മാർഗ്ഗം ആരാഞ്ഞുനോക്കുന്നതിനും ഈ ഗാന്ധാ രഗ്രാമത്തിൻെറ സ്വരൂപജ്ഞാനവും ഉപകാരമായിത്തീരുന്നതാണ്.

സൂ—ഇത്ഥം ച ത്രിശ്രുതിപഞ്ചമവർജ്ജം കാകല്യന്തരാഭ്യാം സഹ ഷഡ്ജാ ദയോ നവ സ്വരാഃ സ്ഥായിഭേദഭിന്നാഃ ഷഡ്ജഗ്രാമഃ. ചതുശ്രുതിപവർജ്ജം മധ്യമാ ദയസ്തഥാ മധ്യമഗ്രാമ ഇതി. ൯

ഭാ—ഇത്രയും പറഞ്ഞതിൽനിന്നു ഷഡ്ജം മുതൽ ആരംഭിച്ചും ത്രിശ്രുതിപഞ്ചമം ഒ ഴിച്ചും അന്തരഗാന്ധാരകാകളിനിഷാദങ്ങളോടുകൂടി ഒമ്പതു സ്വരങ്ങൾ അനുമന്ദ്രം, മന്ദ്രം, മധ്യം, താരം, താരതരം എന്നീ സ്ഥായികളിലുള്ളതെല്ലാംകൂടിയ സമുദായമാണ് ഷഡ്ജഗ്രാമ മെന്നും മധ്യമം മുതൽ ആരംഭിച്ചും ചതുശ്രുതിപഞ്ചമം ഒഴിച്ചും അന്തരകാകളികളോടുകൂടി ഒ മ്പതു സ്വരങ്ങൾ മേൽപ്പറഞ്ഞ സ്ഥായികളിലുള്ളതെല്ലാംകൂടിയ സമുദായമാണ് മധ്യമഗ്രാ മമെന്നും പര്യവസിതമായി. ച്യുതഷഡ്ജച്യുതമധ്യമങ്ങളെയും അന്തരഗാന്ധാരഭിന്നമായ ഒരു സാധാരണഗാന്ധാരത്തെയും ശുദ്ധനിഷാദഭിന്നമായ ഒരു കൈശികനിഷാദത്തെയും സ്വരവിഭാഗത്തിൽ പറയുന്ന നിശ്ശങ്കാദികളാകട്ടെ ച്യുതമധ്യമത്തിന്നുശേഷം ത്രിശ്രുതിപഞ്ച മവും ചതുശ്രുതികമായ നിലയിൽ ഷഡ്ജഗ്രാമത്തിൽ പ്രയോഗിക്കാവുന്നതാണെന്നും അങ്ങ നെ ഷഡ്ജഗ്രാമത്തിലും ത്രിശ്രുതിപഞ്ചമമുള്ളതുകൊണ്ട് ആ ഗ്രാമത്തിൽ പതിന്നാലു സ്വര ങ്ങൾ ഒരു സ്ഥായിയിലുണ്ടെന്നും അഭിപ്രായപ്പെടുന്നു. മധ്യമഗ്രാമത്തിൽ ച്യുതമധ്യമമോ ചതുശ്രുതിപഞ്ചമമോ ഒരിക്കലും വരില്ലെന്നും അതിനാൽ ആ ഗ്രാമത്തിൽ പന്തിരണ്ടു സ്വ രങ്ങളാണെന്നും ആണവരുടെ പക്ഷം. എന്നാൽ ച്യുതഷഡ്ജച്യുതമധ്യമസ്വരങ്ങളോ അ

ന്തരഗാന്ധാരശുദ്ധനിഷാദഭിന്നങ്ങളായ സാധാരണഗാന്ധാരകൈശികനിഷാദങ്ങളോ ഭരതമതംഗാദിമതമായ മാർഗ്ഗത്തിലില്ലാത്തതിനാൽ അതിവിടെ സ്വീകരിക്കുന്നില്ല. മൂർച്ഛനാവിഭാഗത്തിൽ നിശ്ശങ്കനും ആ വക സ്വരങ്ങളെഗ്ഗണിച്ചിട്ടില്ലാത്തതിനാൽ അവയെ അത്ര ഗണ്യമായിക്കരുതേണ്ടതുമില്ല.

ഇനി ദക്ഷിണപ്രസ്ഥാനത്തിലുള്ള വ്യത്യാസം കാണിക്കുന്നു—

സൂ—ദക്ഷിണേ തു ഷഡ്ജഗ്രാമ ഏവ. മധ്യമാരബ്ധമൂർച്ഛനായാസ്തത്ര പ്രസിദ്ധ്യഭാവാൽ. ൨൦

ഭാ—ദക്ഷിണപ്രസ്ഥാനത്തിലാകട്ടേ ഷഡ്ജഗ്രാമം മാത്രമേ പ്രസിദ്ധമായിട്ടുള്ളൂ. മധ്യമഗ്രാമംപോലും പ്രസിദ്ധമല്ല. മധ്യമഗ്രാമത്തിന്നുള്ളതും മധ്യമം മുതൽക്കു തുടങ്ങുന്നതുമായ മപധനിസരിഗ, ഗരിസനിധപമ എന്ന ക്രമത്തിലുള്ള മൂർച്ഛനകൾ ദക്ഷിണപ്രസ്ഥാനത്തിൽ പ്രസിദ്ധിയില്ല. ഷഡ്ജഗ്രാമീയവും ഷഡ്ജം മുതൽ തുടങ്ങുന്നതുമായ സരിഗമപധനിസ, സനിധപമഗരിസ എന്ന ക്രമത്തിലുള്ള മൂർച്ഛനകൾ മാത്രമേ ആ പ്രസ്ഥാനത്തിൽ സാധാരണമായി പ്രസിദ്ധിയുള്ളൂ. അതാണ് മധ്യമഗ്രാമമില്ലെന്നുള്ളതിന്നു നിമിത്തം.

ദക്ഷിണത്തിലെ മൂർച്ഛനാപരിചയക്രമത്തിൽ മധ്യമാരബ്ധമായ മൂർച്ഛനയില്ലെങ്കിലും രാഗവിശേഷാലാപത്തിലും മററും മപധനിസരിഗ, ഗമപധനിസരി എന്നിവക മൂർച്ഛനകളും പ്രസിദ്ധങ്ങളാണല്ലോ എന്നുള്ള ശങ്കയെപ്പരിഹരിപ്പാനായി കാരണാന്തരം കാണിക്കുന്നു—

സൂ—ത്രിശ്രുതിപഞ്ചമസ്യാസത്വാൽ. ൨൧

ഭാ—ദക്ഷിണേ എന്ന പദം അനുവർത്തിക്കുന്നു. ദക്ഷിണപ്രസ്ഥാനത്തിൽ ത്രിശ്രുതിപഞ്ചമമെന്ന സ്വരംതന്നെ പ്രയോഗപ്രസിദ്ധമല്ല. ഷഡ്ജഗ്രാമത്തിൽനിന്നു മധ്യമഗ്രാമത്തെ വേർതിരിക്കുന്ന വ്യാവർത്തകധർമ്മംതന്നെ ഷഡ്ജഗ്രാമത്തിൽ ചതുശ്രുതിപഞ്ചമവും മധ്യമഗ്രാമത്തിൽ ത്രിശ്രുതിപഞ്ചമവുമാണെന്നുള്ള വ്യത്യാസമാണ്. അങ്ങനെയുള്ള ത്രിശ്രുതിപഞ്ചമത്തിന്റെ പ്രയോഗം ദക്ഷിണപ്രസ്ഥാനത്തിലില്ലാത്തതിനാൽ അതിൽ മധ്യമഗ്രാമമില്ലെന്നർത്ഥം. രാഗവിശേഷാലാപാദികളിലും മപധനിസരിഗ എന്നും മററും മൂർച്ഛനകൾ ദക്ഷിണപ്രസ്ഥാനത്തിൽ പ്രയോഗിച്ചുവരുന്നതു ചതുശ്രുതികപഞ്ചമത്തെ അവലംബിച്ചുകൊണ്ടുതന്നെയാകയാൽ അതു മധ്യമഗ്രാമത്തിന്റെ സാധകമാകുന്നതല്ലെന്നു താൽപര്യം.

ത്രിശ്രുതിപഞ്ചമപ്രയോഗവും ദക്ഷിണത്തിലെ കല്യാണി, വരാളി മുതലായ ചില രാഗങ്ങളിൽ കാണുന്നുണ്ട്. കേവലമായ പ്രതിമധ്യമസ്വരം അതായത് ശുദ്ധമധ്യമത്തിൽനിന്നു രണ്ടു ശ്രുതിമാത്രം കൂടിയ സ്വരം അല്ല ആവക രാഗങ്ങളിൽ പലപ്പോഴും പ്രയോഗിച്ചുവരുന്നത്. അതിനേക്കാൾ കുറച്ചുകൂടി ശ്രുതികൂടിയ സ്വരമാണ്. അതനുസരിച്ചായിരിക്കണം വെങ്കടമഖി പഞ്ചമത്തിൽനിന്ന് ഒരു ശ്രുതി മാത്രം കുറഞ്ഞും ശുദ്ധമധ്യമത്തിൽനിന്നു മൂന്നു ശ്രുതി കൂടിയും ഇരിക്കുന്ന സ്ഥാനത്തു വരാളീമധ്യമമെന്ന പേരിലും അമാത്യൻ ച്യുതപഞ്ചമമധ്യമമെന്ന പേരിലും പ്രതിമധ്യമത്തെ സ്വീകരിച്ചിരിക്കുന്നത്. ആ സ്ഥാനത്തുള്ള ആ സ്വരത്തിന്നുതന്നെയാണല്ലോ മധ്യമഗ്രാമത്തിലെ ത്രിശ്രുതിപഞ്ചമമെന്നു പറയുന്നത് എന്നുള്ള ആക്ഷേപത്തിന്നു സമാധാനം പറയുന്നു.

സൂ—വരാളീകല്യാണ്യാദിരാഗേഷു പ്രതിമസ്യ ഗമകവിശേഷരൂപവികാര ഏവ പ്രയുജ്യതേ. ന ത്രിശ്രുതിപഃ. തസ്യ ചതുശ്രുതിപേന മേളനസ്യ സ്വഭാവവിരുദ്ധത്വാൽ. ഗ്രാമവ്യവസ്ഥിത്യാകുലീഭാവപ്രസംഗാച്ച. ൨൨

ഭാ—വരാളി, കല്യാണി, സാരംഗം മുതലായ രാഗങ്ങളിൽ പ്രതിമധ്യമത്തെ ചില പ്പോഠം വൈചിത്ര്യത്തിന്നുവേണ്ടി സ്വസ്ഥാനത്തുനിന്നല്പം ശ്രുതിമൂത്ത നിലയിൽ പ്രയോഗിക്കാറുണ്ടെങ്കിലും അതു പ്രതിമധ്യമത്തിൻെറതന്നെ ഗമകവിശേഷത്തിൽ വരുന്ന വികാരഭേദം മാത്രമാണ്. ആ വക പ്രയോഗത്തിൽ വരുന്ന ആ നാദവിശേഷം ത്രിശ്രുതിപഞ്ചമസ്വരമല്ല. അങ്ങനെ ശ്രുതി അല്പം മൂപ്പിക്കുന്നതും എപ്പോഴും ഒരേ നിലയിലല്ല ആ വക രാഗങ്ങളിലെ പ്രയോഗങ്ങളിലും വരുന്നത്. രഞ്ജനവിശേഷമനുസരിച്ചു പല നിലയിലാണ്. വികാരമൊന്നും വരുത്താതെ ശുദ്ധമായ നിലയിലും പ്രതിമധ്യമത്തെ പലപ്പോഴും ആ രാഗങ്ങളിൽ പ്രയോഗിക്കുന്നതുമുണ്ട്. അതിനാൽ ഗമകരീതിയിൽ മാത്രം വരുന്ന ആ സ്വരപ്രയോഗത്തെ ത്രിശ്രുതിപഞ്ചമപ്രയോഗമായിഗ്ഗണിക്കയോ ആ വഴിക്കു ദക്ഷിണപ്രസ്ഥാനത്തിലും ത്രിശ്രുതിപഞ്ചമമുണ്ടെന്നു സാധിക്കയോ ചെയ്യാവുന്നതല്ല. ത്രിശ്രുതിപഞ്ചമസ്വരത്തിൻെറ ശ്രുതിയിൽനിന്നല്പമെങ്കിലും കുറഞ്ഞ നിലയിൽ ആ രാഗങ്ങളിൽ പ്രതിമധ്യമപ്രയോഗം വരില്ലെങ്കിൽ മാത്രമേ അവയിലെ പ്രതിമധ്യമം ത്രിശ്രുതിപഞ്ചമമാണെന്നും വരികയുള്ളൂ. എന്നുതന്നെയുമല്ല, ആ പ്രതിമധ്യമപ്രയോഗം ത്രിശ്രുതിപഞ്ചമപ്രയോഗമാണെങ്കിൽ അതിനുശേഷം ചതുശ്രുതിപഞ്ചമം ആ രാഗങ്ങളിൽ പ്രയോഗിച്ചു വരുന്നതു ശരിയല്ലെന്നും പറയേണ്ടിവരും. എന്തുകൊണ്ടെന്നാൽ ത്രിശ്രുതിപഞ്ചമചതുശ്രുതിപഞ്ചമങ്ങളുടെ മേളനം ആ രണ്ടു സ്വരങ്ങളുടെ സ്വഭാവത്തിന്നുതന്നെ വിരുദ്ധമാണ്. ആ സ്വഭാവവിരോധം ആസ്പദമാക്കീട്ടാണ് ഷഡ്ജഗ്രാമമെന്നും മധ്യമഗ്രാമമെന്നും ഗ്രാമങ്ങളെ വിഭജിച്ചിട്ടുള്ളതുതന്നെ. ആ വിരോധം സ്വീകരിക്കാത്തപക്ഷം രണ്ടു ഗ്രാമങ്ങളിലും രണ്ടുതരം പഞ്ചമങ്ങളും ചേൎന്നുവരാമെന്നു വരുന്നതുകൊണ്ടു ഗ്രാമവിഭാഗത്തിന്നുതന്നെയും ആസ്പദമില്ലാതാകും. അതു സൎവ്വമതവിരുദ്ധവുമാണ്. ഷഡ്ജഗ്രാമത്തിൽ രണ്ടു പഞ്ചമവും വരാം. മധ്യമഗ്രാമത്തിൽ ത്രിശ്രുതിപഞ്ചമം മാത്രമേ വരുള്ളൂ എന്നു പറകയാണെങ്കിൽ നേരെ മറിച്ചു മധ്യമഗ്രാമത്തിൽ രണ്ടും വരാം ഷഡ്ജഗ്രാമത്തിൽ ചതുശ്രുതികം മാത്രമേ വരുള്ളൂ എന്നും പറയാവുന്നതിനാൽ ആ വാദം ഗ്രാമഭേദസാധകമാവുന്നതല്ല. അതിന്നു പ്രത്യേകം വ്യാവൎത്തകമായിരിക്കുന്ന സ്വരംതന്നെ രണ്ടിലും വെവ്വേറെ വേണമെന്നു താൽപൎയ്യം. അമാത്യൻ, വെങ്കടമഖി മുതലായവർ പ്രതിമധ്യമത്തിൻെറ സ്ഥാനം ഒരു ശ്രുതി കയററി ശുദ്ധമധ്യമത്തിൽനിന്നു മൂന്നാമത്തെ ശ്രുതിയിലാക്കി വരാളീമധ്യമമെന്നും പേർ കൊടുത്തിട്ടുള്ളതാകട്ടെ അന്തരഗാന്ധാരകാകളിനിഷാദങ്ങളുടെ സ്ഥാനങ്ങളും അവർ ഭരതാദിമുനിമതവിരുദ്ധമായി ഓരോ ശ്രുതി കയററിപ്പറഞ്ഞിട്ടുള്ളതുപോലെതന്നെ പ്രാമാദികമാണെന്നും അതിനെ അത്ര ഗണിക്കേണ്ടതില്ലെന്നും ധരിച്ചുകൊഠംക.

സൂ—വെങ്കടാധ്വരിണാ തു മധ്യമഗ്രാമരാഗേഷു വരാളീമധ്യമാദൎശനം ദക്ഷിണേ മധ്യമഗ്രാമാഭാവസ്യ സാധകമുക്തം. ൧൩

ഭാ—വെങ്കടമഖിയാകട്ടെ ദക്ഷിണപ്രസ്ഥാനത്തിൽ മധ്യമഗ്രാമമില്ലെന്നുള്ളതിലെക്കു സാധകമായി ദക്ഷിണത്തിലെ മധ്യമഗ്രാമജന്യരാഗങ്ങളിൽ വരാളീമധ്യമം കാണുന്നില്ലെന്ന സംഗതിയാണ് പ്രസ്താവിച്ചിരിക്കുന്നത്.

"മധ്യമാദിപ്രഭൃതിഷു മധ്യമഗ്രാമജന്മസു
രാഗേഷു ദൃശ്യതേ നൈവ വരാളീമധ്യമസ്തതഃ
അയുക്തോ മധ്യമഗ്രാമോ ലക്ഷ്യമാൎഗ്ഗവിരോധതഃ."

എന്ന വെങ്കടമഖിഗ്രന്ഥം നോക്കുക.

സൂ—തദയുക്തം. പരസ്പരവിരുദ്ധവചനത്വാൽ. തന്മതവരാളീമധ്യമാത്മകസ്യ ത്രിശ്രുതിപഞ്ചമസ്യ മധ്യമനിയതത്വേന തത്സത്വ ഏവ മധ്യമാദിപ്രഭൃതിരാഗാണാം ദക്ഷിണപ്രസിദ്ധാനാം മധ്യമഗ്രാമജന്യത്വസിദ്ധിസ്സതി ച തസ്മിൻ ന തന്മധ്യമാദർശനമിതി. ൧൪

ഭാ—വെങ്കിടമഖിയുടെ ആ വചനം പരസ്പരവിരുദ്ധവചനമായിരിക്കുന്നതിനാൽ യുക്തമല്ല. ആ ഗ്രന്ഥകാരൻെറ മതത്തിൽ വരാളീമധ്യമമെന്നു പറയുന്നതും ശുദ്ധമധ്യമത്തിൽനിന്നു മൂന്നാമത്തെ ശ്രുതിയിൽ സ്വീകരിച്ചതുമായ ത്രിശ്രുതിപഞ്ചമം മധ്യമഗ്രാമത്തിലുള്ള വ്യാവത്തകധമ്മമായതിനാൽ ആ ഗ്രാമത്തിൽ നിയതമാണ്. ആ പഞ്ചമമുണ്ടെങ്കിലേ ദക്ഷിണപ്രസ്ഥാനത്തിൽ പ്രസിദ്ധങ്ങളായ മധ്യമാദിരാഗം മുതലായ രാഗവിശേഷങ്ങൾ മധ്യമഗ്രാമജന്യങ്ങളാണെന്നുതന്നെ സിദ്ധിക്കയുള്ളു. ആ പഞ്ചമം ആ വക രാഗവിശേഷങ്ങളിലുണ്ടെങ്കിലാകട്ടെ അതുകൊണ്ടു മധ്യമഗ്രാമജന്യങ്ങളാണെന്നു തീച്ച്പ്പെടുത്താവുന്ന അവയിൽ ആ സ്വരം കാണുന്നില്ലെന്നു വരുന്നതുമല്ല.

മധ്യമാദിരാഗം മധ്യമഗ്രാമജന്യമാണെന്നു രത്നാകരകാരനും മററും പറഞ്ഞിട്ടുണ്ടല്ലോ എന്ന ശങ്കക്കു സമാധാനം പറയുന്നു—

സൂ—പ്രചീനോക്തോ മധ്യമഗ്രാമജന്യോ മധ്യമാദിരാഗസ്തു സൌവീരമൂർച്ഛനഃ കാകളീകലിതഃ പൂണ്ണശ്ചേതി നാമാത്യാദ്യുക്തഃ ശ്രീരാഗഗതോ മധ്യമാദിരൌഡവഃ. ൧൫

ഭാ—മതംഗമുനി, രത്നാകരകാരൻ മുതലായ പ്രാചീനാചാര്യന്മാർ മധ്യമഗ്രാമത്തിൽനിന്നു ജന്യമായിക്കാണിച്ചിട്ടുള്ളതും മധ്യമാദി എന്ന പേരുള്ളതുമായ രാഗമാകട്ടെ അമാത്യാദികൾ പറയുന്ന മധ്യമാദിരാഗമല്ല. രണ്ടും വേറെ രാഗങ്ങളാണ്. പ്രാചീനന്മാർ പറഞ്ഞിട്ടുള്ള മധ്യമാദിയിലെ പ്രധാനമൂർച്ഛന മപധനിസരിഗ എന്നിങ്ങനെ മധ്യമഗ്രാമത്തിലെ ഒന്നാമത്തേതായ സൌവീരിയെന്ന മൂർച്ഛനയാണ്. അതിലെ നിഷാദം കാകളിയുമാണ്. ആ രാഗം സമ്പൂണ്ണരാഗവുമാണ്.

"ഗാന്ധാരീമധ്യമാപഞ്ചമ്യുദ്ഭവഃ കാകളീയുതഃ
മന്ന്യാസോ മന്ദ്രഷഡ്ജാംശഗ്രഹഃ സൌവീരമൂർച്ഛനഃ
പ്രസന്നാദ്യവരോഹിഭ്യാം മുഖസന്ധൌ നിയുജ്യതേ
മധ്യമഗ്രാമരാഗോയം ഹാസ്യശൃംഗാരകാരകഃ." എന്നും,

"തദുദ്ഭവോ മധ്യമാദിർമ്മഗ്രഹാംശഃ." എന്നുമുള്ള രത്നാകരഗ്രന്ഥത്താലും മററും ആ സംഗതി സ്പഷ്ടമായിക്കാണിച്ചിട്ടുണ്ട്. അമാത്യാദികൾ പറഞ്ഞിരിക്കുന്ന മധ്യമാദിരാഗമാകട്ടെ ശ്രീരാഗമേളത്തിൽചേന്നതായതിനാൽ അതിലെ നിഷാദം കൈശികവും പഞ്ചമം ചതുശ്രുതികവുമാണ്. ഋഷഭധൈവതങ്ങൾ വജ്ജ്യങ്ങളായതിനാൽ അത് ഔഡവരാഗവുമാണ്.

"ശുദ്ധഷഡ്ജോഥ പഞ്ചശ്രുത്യൃഷഭശ്ച തതഃ പരം
സ്യാത്സാധാരണഗാന്ധാരഃ ശുദ്ധൌ മധ്യമപഞ്ചമൌ
പഞ്ചശ്രുതിർദ്ധൈവതശ്ച കൈശികാഖ്യനിഷാദകഃ
ഏതൈസ്സപ്തസ്വരൈര്യുക്തഃ ശ്രീരാഗസ്യ ച മേളകഃ."
"ആന്ദോളോ ദേവഗാന്ധാരോ മധ്യമാദിസ്തഥാപരഃ
ഏവമാദ്യാശ്ച കതിചിദ്രാഗാ മേളാദ്ഭവന്ത്യതഃ."

"മധ്യമാദിർമ്മഗ്രഹാംശോ മന്ന്യാസോ രിധവജ്ജിതഃ
ഔഡവഃ പശ്ചിമേ യാമേ ദിനസ്യ പരിഗീയതേ."

എന്നിവക അമാത്യഗ്രന്ഥങ്ങളാൽ മേൽക്കാണിച്ച വ്യത്യാസം സ്പഷ്ടമായിട്ടുമുണ്ട്. ചുരുക്കത്തിൽ അമാത്യൻ പറഞ്ഞിട്ടുള്ള മധ്യമാദിരാഗം പ്രാചീനന്മാർ പറഞ്ഞിട്ടുള്ള മധ്യമാദിരാഗമല്ല. പ്രാചീനന്മാർ മധ്യമഗ്രാമജന്യമായിപ്പറഞ്ഞിട്ടുള്ള മധ്യമാദിരാഗം ദക്ഷിണത്തിൽ അപ്രസിദ്ധമാണ്. പാരിജാതകാരനാകട്ടേ ഈ പറഞ്ഞ രണ്ടു മധ്യമാദിയുമല്ലാതെ,

"മധ്യമാദൌ ഗധൌ ന സ്തോ മൂർച്ഛനാ മധ്യമാദികാ
തത്ര തച്ചാംശസന്ന്യാസാഃ പ്രോക്താ രിമൌ നിശ്ച മുനീശ്വരൈഃ."

എന്നിങ്ങനെ മറെറാരു മധ്യമാദിരാഗത്തെയും പറയുന്നുണ്ട് എന്നും അറിഞ്ഞുകൊൾക.

സൂ—തസ്മാന്നാമൈക്യജന്യഭ്രമമൂലാ തദുക്തിഃ. ഫന്ന

ഭാ—അതിനാൽ മധ്യമാദി എന്ന ഒരേ പേരുതന്നെ കണ്ട് ആ പേരുള്ള രാഗം ഒന്നുതന്നെയായിരിക്കണമെന്നു ഭ്രമിച്ചതുകൊണ്ടും പ്രാചീനന്മാരുടെ മധ്യമാദിരാഗം മധ്യമഗ്രാമജന്യമാണെന്നു കണ്ടതുകൊണ്ടും ദക്ഷിണപ്രസിദ്ധമായ മധ്യമാദിരാഗവും മധ്യമഗ്രാമജന്യമാണെന്നു ഭ്രമിപ്പാനും മധ്യമഗ്രാമലക്ഷണമായ വരാളീമധ്യമമെന്ന സ്വരം ദക്ഷിണമധ്യമാദിയിൽ കാണാഞ്ഞതുകൊണ്ടു ദക്ഷിണത്തിൽ മധ്യമഗ്രാമമില്ലാതായിത്തീർന്നുവെന്നു നിഷേധിപ്പാനും സംഗതിയായതാണെന്നുതന്നെ കരുതേണ്ടിയിരിക്കുന്നു. പേർ ഒന്നുതന്നെയായാലും സ്വരൂപംകൊണ്ടും ലക്ഷണംകൊണ്ടും പരസ്പരം വ്യത്യാസമുള്ള രാഗങ്ങൾ പലതുമുണ്ടെന്ന സംഗതി ബൃഹദ്ദേശി, രത്നാകരം മുതലായ ഗ്രന്ഥങ്ങളിൽ സ്പഷ്ടമായിപ്പറഞ്ഞിട്ടുണ്ട്.

"കാംബോജീ കകുഭസ്യ സ്യാൽ ഭാഷാ ധാംശഗ്രഹാന്വിതാ
സധസംവാദിനീ പൂർണ്ണാ രിഗസംവാദിനീ തഥാ."

എന്ന് ഒരു കാംബോജിയുടെ ലക്ഷണവും,

"ആദ്യന്താംശാ നിബഹുളാ ഗമകോഗ്രാ രിപോജ്ഝിതാ
കാംബോജീ മന്ദ്രഷഡ്ജാ വിഭാഷാമാളവകൈശികേ."

എന്നു മറെറാരു കാംബോജിയുടെ ലക്ഷണവും മതംഗമുനിതന്നെ പറഞ്ഞിട്ടുള്ളതാണ്. അതുപോലെ ലളിത, സൌരാഷ്ട്രി, സൈന്ധവി എന്നീമാതിരി ഒരേ പേരിൽത്തന്നെ ഒന്നിലധികം രാഗങ്ങൾ കാണാവുന്നതാണ്. അതുപോലെ ഒരു രാഗത്തിന്നുതന്നെ ഓരോ ഗ്രന്ഥകാരന്മാർ വിഭിന്നനാമങ്ങളും നിർദ്ദേശിച്ചിട്ടുണ്ട്. അതിനാൽ ലക്ഷണഭേദംകൊണ്ടും ലക്ഷ്യസ്വരൂപഭേദംകൊണ്ടും മാത്രമാണ് രാഗഭേദം തിരിച്ചറിയേണ്ടത്. ഇതിന്നെല്ലാം പുറമെ മധ്യമാദിയെന്ന രാഗം ശ്രീരാഗമേളജന്യമാണെന്ന് "മധ്യമാദിസ്തു രാഗാംഗരാഗഃ ശ്രീരാഗമേളജഃ." എന്ന ഗ്രന്ഥംകൊണ്ടു വെങ്കടമഖിതന്നെ കാണിച്ചിട്ടുള്ളതാണ്. ശ്രീരാഗമാകട്ടേ "ഷഡ്ജേ ഷാഡ്ജീസമുദ്ഭൂതം ശ്രീരാഗം സ്വല്പപഞ്ചമം." എന്ന ഗ്രന്ഥത്താൽ ഷഡ്ജഗ്രാമത്തിൽ ചേർന്നതും ഷാഡ്ജി എന്ന രാഗമൂലജാതിയിൽനിന്നുണ്ടായതും പഞ്ചമപ്രയോഗം കുറഞ്ഞതുമാണെന്നു രത്നാകരകാരനും, "ശ്രീരാഗസ്സഗ്രഹഃ പൂർണ്ണശ്ചാരോഹേ ചാല്പധൈവതഃ അവരോഹേ ഗവക്രഃ സ്യാത്സായം ഗേയഃ ശുഭാവഹഃ." എന്ന ഗ്രന്ഥത്താൽ വെങ്കടമഖിതന്നെയും പറഞ്ഞിട്ടുള്ളതിനാൽ ഷഡ്ജഗ്രാമത്തിൽച്ചേർന്ന ശ്രീരാഗത്തിൽനിന്നു ജന്യമായ മധ്യമാദിരാഗം മധ്യമഗ്രാമജന്യമാണോ എന്ന ശങ്കപോലും അസംഗതമായതിനാൽ ദക്ഷിണത്തിൽ മധ്യമഗ്രാമമില്ലെന്നുള്ളതിലേക്കു സാധകമായി മധ്യമഗ്രാമജന്യമായ മധ്യമാദിരാഗത്തിൽ മധ്യഗ്രാമചിഹ്നമായ വരാളീമധ്യമം കാണുന്നില്ലെന്നു പറഞ്ഞിരിക്കുന്നത് എന്തെല്ലാമോ എങ്ങനെയെല്ലാമോ ഭ്രമിച്ചിട്ടാണെന്നുള്ളതിന്നു സംശയമില്ല.

സൂ—മധ്യമാദിപ്രഭൃതിഷു വരാളീമധ്യമാദർശനസ്യ ദക്ഷിണേ മധ്യമഗ്രാമാഭാവസാധകതോക്തിരപ്യയുക്താ. ദക്ഷിണപ്രസിദ്ധവരാള്യാദിഷു തന്മധ്യമദർശനാത്തേഷാം മധ്യമഗ്രാമീയത്വപ്രസംഗാൽ. ൻ൫

ഭാ—മധ്യമാദിരാഗം മുതലായ രാഗങ്ങളിൽ വരാളീമധ്യമം കാണുന്നില്ലെന്ന സംഗതി ദക്ഷിണപ്രസ്ഥാനത്തിൽ മധ്യമഗ്രാമമില്ലെന്നുള്ളതിലെക്ക സാധകയുക്തിയായിപ്പറഞ്ഞിട്ടുള്ളതും ശരിയാകുന്നതല്ല. എന്തുകൊണ്ടെന്നാൽ, ദക്ഷിണപ്രസിദ്ധങ്ങളായ വരാളി, കല്യാണി, സാരംഗം തുടങ്ങി അനേകം രാഗങ്ങളിൽ വരാളീമധ്യമമെന്ന സ്വരമുള്ളതിനാൽ ആവക രാഗങ്ങളെല്ലാം മധ്യമഗ്രാമീയങ്ങളാണെന്നു പറയേണ്ടി വരും. അപ്പോറം ദക്ഷിണത്തിൽ മധ്യമഗ്രാമമില്ലെന്നുള്ള സിദ്ധാന്തവും ശരിയല്ലെന്നായിത്തീരും.

സൂ—തസ്മാന്മുനിമതമനാദൃത്യാന്തരകാകള്യൌരിവ തദുപജ്ഞവരാളീമധ്യമസംജ്ഞസ്യ പ്രതിമസ്യ ശുദ്ധാത്തൃതീയശ്രുതിഗതത്വകഥനമേവാസംഗതം. ത്രിശ്രുതിപഞ്ചമസ്യ പ്രതിമധ്യമഭിന്നസ്യാഭാവാദേവ ദക്ഷിണേ തല്ലക്ഷണമധ്യമഗ്രാമസ്യ മധ്യമേളവീണായാ ഇവാപ്രസിദ്ധിരിതി. ൻ൬

ഭാ—അതുകൊണ്ട് ഭരതമതംഗാദിമുനിമാരുടെ മതത്തെ വകവെക്കാതെ ശുദ്ധഗാന്ധാരത്തിൽനിന്നു മൂന്നാമത്തെ ശ്രുതിയിലാണ് അന്തരഗാന്ധാരമെന്നും ശുദ്ധനിഷാദത്തിൽനിന്നു മൂന്നാമത്തെ ശ്രുതിയിലാണ് കാകളിനിഷാദമെന്നും അമാത്യനും വെങ്കടമഖിയും പറഞ്ഞിട്ടുള്ളതുപോലെതന്നെ ശുദ്ധമധ്യമത്തിൽനിന്നു രണ്ടാമത്തെ ശ്രുതിയിൽ സ്വപ്രകാശനാദസ്ഥാനത്തുള്ള പ്രതിമധ്യമത്തെ മൂന്നാമത്തെ ശ്രുതിയിലുള്ള ത്രിശ്രുതിപഞ്ചമസ്ഥാനത്താക്കി വരാളീമധ്യമമെന്നോ ച്യുതപഞ്ചമമധ്യമമെന്നോ പുതിയ ഒരു സംജ്ഞയും നൽകിപ്പറഞ്ഞിട്ടുള്ളതാണ് പരമാൎത്ഥത്തിൽ അസംഗതമായിരിക്കുന്നത്. ദക്ഷിണത്തിലെ മധ്യമവികാരമായ പ്രതിമധ്യമസ്വരവും മാൎഗ്ഗത്തിലെ മധ്യമഗ്രാമീയത്രിശ്രുതിപഞ്ചമവും വസ്തുസ്ഥിതിയിൽ വിഭിന്നസ്ഥാനങ്ങളിലുള്ള രണ്ടു സ്വരങ്ങളാണ്. അവയിൽ പ്രതിമധ്യമചതുശ്രുതിപഞ്ചമങ്ങറക്ക മേളനം വരും. ത്രിശ്രുതിപഞ്ചമചതുശ്രുതിപഞ്ചമങ്ങറക്കോ പ്രതിമധ്യമത്രിശ്രുതിപഞ്ചമങ്ങറക്കോ മേളനം സംഭവിക്കില്ല. അങ്ങനെ പ്രതിമധ്യമത്തിൽനിന്നു സ്വതേ തന്നെ ഭിന്നമായ ത്രിശ്രുതിപഞ്ചമത്തിൻെറ പ്രയോഗം ദക്ഷിണപ്രസ്ഥാനത്തിലില്ലാത്തതുകൊണ്ടും ആ സ്വരം മധ്യമഗ്രാമത്തിന്നുള്ള വ്യാവൎത്തകലക്ഷണമായതുകൊണ്ടും ദക്ഷിണത്തിൽ മധ്യമേളവീണക്ക പ്രസിദ്ധിയില്ലാത്തതുപോലെ മധ്യമഗ്രാമസംഗീതത്തിന്നും പ്രസിദ്ധിയില്ലാതായിത്തീൎന്നതാണ്. സൂത്രത്തിലെ ഇതി എന്നതു ഗ്രാമപ്രസ്താവത്തിൻെറ സമാപ്തി കാണിക്കുന്നു.

ഇങ്ങനെ ഗ്രാമപ്രകരണം.

ഇനി മൂർച്ഛനാസ്വഭാവം വിവരിക്കുന്നു—

സൂ—ഗ്രാമാശ്രിതസ്തത്തദ്രാഗജനകശുദ്ധാദിസപ്തസ്വരാണാമാരോഹോവരോഹശ്ച മൂർച്ഛനാ. ൻ൭

ഭാ—ഷഡ്ജഗ്രാമത്തിലോ മധ്യമഗ്രാമത്തിലോ ഉള്ളവയും ഓരോരോ രാഗങ്ങറക്കാസ്പദമായിട്ടുള്ളവയും ശുദ്ധങ്ങളോ ശുദ്ധവികൃതങ്ങറ രണ്ടും ചേൎന്നവയോ ആയിട്ടുള്ളവയുമായ സപ്തസ്വരങ്ങളുടെ ക്രമത്തിലുള്ള ആരോഹണവും അവരോഹണവുമാണ് മൂർച്ഛനയെന്നു പറയുന്നത്. സരിഗമപധനി, നിധപമഗരിസ എന്ന മാതിരിയിൽ ഗ്രാമങ്ങളിലുറപ്പെട്ട

സപ്തസ്വരങ്ങളുടെ ക്രമത്തിലുള്ള ആരോഹണത്തിനും അവരോഹണത്തിനും മൂർച്ഛന എന്നു പറയുന്നുവെന്നർത്ഥം. രാഗത്തെ മൂർച്ഛിപ്പിക്കുന്നത് അതായത് ഉന്നയിക്കുന്നത് മൂർച്ഛന എന്നിങ്ങനെ അവയവാർത്ഥം. 'മൂർച്ഛ മോഹസമുഛ്രായയോഃ' എന്നു ധാതു. സമുഛ്രായം ഉന്നയനം. ''സ്വരസ്സമ്മൂർച്ഛിതോ യത്ര രാഗതാം പ്രതിപദ്യതേ. മൂർച്ഛനാമിതി താം പ്രാഹുഃ കവയോ ഗ്രാമസംഭവാം.'' എന്നു പ്രമാണമുണ്ട്.

''മൂർച്ഛ്യതേ യേന രാഗോ ഹി മൂർച്ഛനേത്യഭിസംജ്ഞിതം
ആരോഹണാവരോഹണക്രമേണ സ്വരസപ്തകം
മൂർച്ഛനാശബ്ദവാച്യം ഹി വിജ്ഞേയം തദ്വിചക്ഷണൈഃ.''
''ക്രമയുക്താസ്സ്വരാസ്സപ്ത മൂർച്ഛനാസ്ത്വഭിസംജ്ഞിതാഃ.''

എന്നിങ്ങനെ മതംഗഭരതമുനിവചനങ്ങളുമുണ്ട്.

മൂർച്ഛനയുടെ ചുരുക്കത്തിലുള്ള വകഭേദം പറയുന്നു—

സൂ—സാ ച സ്വരേഷ്വേകൈകസ്യ പ്രാഥമ്യാത്സപ്തധാ. ൧൦

ഭാ—അപ്രകാരം സപ്തസ്വരങ്ങളുടെയും ക്രമികമായ ആരോഹണത്തിലും അവരോഹണത്തിലും ആ സ്വരങ്ങളിലോരോന്നും ആദ്യത്തെ സ്വരമായി വരുന്നതിനാൽ ചുരുക്കത്തിൽ ഏഴുവിധം മൂർച്ഛനകൾ വരുന്നതാണ്.

അങ്ങനെയുള്ള മൂർച്ഛനകളുടെ പ്രത്യേകസ്വരൂപങ്ങൾ സ്പഷ്ടമാക്കുന്നതിന്നായി അനേകം സ്ഥായികളിലെ സ്വരങ്ങളടങ്ങിയ സ്വരസമുദായരൂപമായ ഗ്രാമത്തിൽ ഏതു സ്ഥായിയിലെ സ്വരങ്ങൾ മുതൽക്കാണ് മൂർച്ഛന തുടങ്ങുന്നതെന്നു സമ്പ്രദായമനുസരിച്ചു നിയമനം ചെയ്യുന്നു—

സൂ—മദ്ധ്യസ്ഥായിനോ മൂർച്ഛനാരംഭസ്സമ്പ്രദായനിയതഃ. ൧൧

ഭാ—ഷഡ്ജഗ്രാമത്തിലും മദ്ധ്യമഗ്രാമത്തിലും മദ്ധ്യസ്ഥായിയിൽനിന്നാണ് മൂർച്ഛനകൾ തുടങ്ങേണ്ടത് എന്നാണ് പ്രാചീനസമ്പ്രദായമനുസരിച്ചേല്പിട്ടിട്ടുള്ളത്. ''മദ്ധ്യമസ്വരേണ വൈണേന മൂർച്ഛനാനിർദ്ദേശോ ഭവത്യവിനാശിത്വാന്മദ്ധ്യമസ്യ'' എന്നു ഭരതസൂത്രം. വീണയിലെ മദ്ധ്യസ്ഥായിസ്വരംകൊണ്ടു മൂർച്ഛനകൾ തുടങ്ങണമെന്നാണ് നിയമമുള്ളത്. എന്തുകൊണ്ടെന്നാൽ, മദ്ധ്യസ്ഥായിസ്വരങ്ങൾക്ക് എപ്പോഴും വിനാശം വരില്ല. അതായത് ശാരീരഗാനത്തിലും വീണാദിവാദനത്തിലും മദ്ധ്യസ്ഥായിസ്വരങ്ങൾ ഒരിക്കലും സ്വീകാര്യമാകാതിരിക്കയില്ല. മന്ദ്രതാരസ്ഥായികളിലാകട്ടെ ചിലപ്പോൾ ചില സ്വരങ്ങൾ സ്വീകരിക്കാതെയും വരും എന്നു സൂത്രാർത്ഥം. സൂത്രത്തിലെ മദ്ധ്യമശബ്ദത്തിന്നു സ്ഥായികളിൽവെച്ചു മദ്ധ്യത്തിലുള്ള സ്ഥായി എന്നർത്ഥം. വൈണേന എന്നതു വേണു, ശാരീരം മുതലായതിന്നും ഉപലക്ഷണമായതിനാൽ ശാരീരാദികളിലും മദ്ധ്യസ്ഥായിയിൽനിന്നുതന്നെയാണ് മൂർച്ഛനാരംഭം സമ്പ്രദായസിദ്ധമെന്നു സിദ്ധിക്കുന്നു. ''മദ്ധ്യസപ്തകേന മൂർച്ഛനാനിർദ്ദേശോ മന്ദ്രതാരസിദ്ധ്യർത്ഥം'' എന്നു മതംഗസൂത്രവുമുണ്ട്. പ്രയോഗപ്രാചുര്യമുള്ള മന്ദ്രമദ്ധ്യതാരസ്ഥായികൾ മൂന്നിലും മൂർച്ഛനകൾക്കു വ്യാപ്തിവരുവാനായി മദ്ധ്യസ്ഥായിയിലെ സ്വരങ്ങളിൽനിന്നു മൂർച്ഛന തുടങ്ങേണ്ടതാണ് എന്ന് അതിന്നർത്ഥം.

സൂ—തഥാ ച മാർഗ്ഗേ ഷഡ്ജഗ്രാമേ സാദിന്യന്താമാരഭ്യ ധ്യാദിസാന്താസ്സപ്ത മൂർച്ഛനാഃ. ൧൨

ഭാ—അതുപ്രകാരം മാർഗ്ഗപ്രസ്ഥാനത്തിലെ ഷഡ്ജഗ്രാമത്തിൽ മദ്ധ്യസ്ഥായിയിലെ ഷഡ്ജം മുതൽ ആ സ്ഥായിയിലെ നിഷാദംവരെയുള്ള ഏഴു സ്വരങ്ങൾ ക്രമത്തിൽ ചേന്ന

ആദ്യത്തെ മൂർച്ഛന തുടങ്ങി മന്ദ്രസ്ഥായിയിലെ ഋഷഭം മുതൽ മധ്യസ്ഥായിഷഡ്ജംവരെയു ള്ള ഏഴു സ്വരങ്ങൾ ക്രമത്തിൽ ചേർന്ന മൂർച്ഛനവരെയായി ഏഴുവിധം മൂർച്ഛനകൾ വരുന്ന താണ്. എങ്ങനെയെല്ലാമെന്നാൽ—സരിഗമപധനി. ൧. നിസരിഗമപധ. ൨. ധനി സരിഗമപ. ൩ പധനിസരിഗമ. ൪. മപധനിസരിഗ. ൫. ഗമപധനിസരി. ൬. രി ഗമപധനിസ. ൭. ഇങ്ങനെ ക്രമത്തിൽ ഓരോ സ്വരത്തെ മന്ദ്രസ്ഥായിയിൽനിന്ന് അധി കമധികം സ്വീകരിച്ചുകൊണ്ടും മധ്യസ്ഥായിയിൽനിന്നു ത്യജിച്ചുകൊണ്ടും ഉള്ള ആറു മൂർച്ഛ നകളും മധ്യസ്ഥായിസ്വരങ്ങൾ മാത്രമായ ആദ്യത്തെ മൂർച്ഛനയുംകൂടി ഏഴു മൂർച്ഛനകൾ ഷ ഡ്ജഗ്രാമത്തിൽ സംഭവിക്കുന്നതാണെന്നർത്ഥം. അവയിലോരോന്നിൻെറയും അവരോഹണ ക്രമമായ നിധപമഗരിസ. ൧. ധപമഗരിസനി. ൨. പമഗരിസനിധ. ൩. മഗരിസനി ധപ. ൪. ഗരിസനിധപമ. ൫. രിസനിധപമഗ. ൬. സനിധപമഗരി. ൭. എന്നിവ യും അതാതു മൂർച്ഛനകളിൽതന്നെ ക്രമപ്രകാരം ഉൾപ്പെടുന്നതാണ്. ആ സംഗതി ക്രമത്തി ലുള്ള ആരോഹണവും അവരോഹണവുമാണ് മൂർച്ഛന എന്ന മൂർച്ഛനാലക്ഷണംകൊണ്ടുത ന്നെ സിദ്ധവുമാണ്. എന്നുവെച്ചാൽ സരിഗമപധനി എന്നതും നിധപമഗരിസ എന്ന തും ഒരേ മൂർച്ഛനയുടെതന്നെ സ്വരൂപങ്ങളാണ്. സരിഗമപധനി, നിസരിഗമപധ എ ന്നിവയെപ്പോലെ രണ്ടുജാതി മൂർച്ഛനകളല്ലെന്നു സാരം.

സൂ—താസാം ച ക്രമാദുത്തരമന്ദ്രാ രജന്യുത്തരായതാ ശുദ്ധഷഡ്ജാ മത്സ രീകൃതാശ്വക്രാന്താഭിരുദ്ഗതാ സംജ്ഞാ വ്യവഹാരാത്ഥാഃ. ൨൩

ഭാ—ആ ഓരോ മൂർച്ഛനകൾക്കും വ്യവഹാരസൌകര്യത്തിന്നുവേണ്ടി ക്രമത്തിൽ ഉ ത്തരമന്ദ്ര, രജനി, ഉത്തരായത, ശുദ്ധഷഡ്ജ, മത്സരീകൃത, അശ്വക്രാന്ത, അഭിരുദ്ഗത എ ന്നിങ്ങനെ പ്രത്യേകം സംജ്ഞകളും പ്രാചീനാചാര്യന്മാർ ഏൎപ്പെടുത്തിട്ടുണ്ട്. ഓരോരോ സ്വരമേളനത്തിലുള്ള രാഗഗീതാദികളിലും ഈ വക മൂർച്ഛനകൾ രഞ്ജനക്കുവേണ്ടി യുക്തം പോലെ പ്രയോഗങ്ങളിൽ വരുന്നതിനാൽ പ്രയോഗവ്യവഹാരസൌകര്യത്തിന്നുവേണ്ടി ഓ രോ മൂർച്ഛനക്കും വേറെ വേറെ സംജ്ഞകളേൎപ്പെടുത്തിട്ടുണ്ടെന്നു താൽപര്യം.

"ആദാവുത്തരമന്ദ്രാ സ്യാദ്രജനീ ചോത്തരായതാ
ചതുൎത്ഥീ ശുദ്ധഷഡ്ജാ ച പഞ്ചമീ മത്സരീകൃതാ
അശ്വക്രാന്താ തഥാ ഷഷ്ഠീ സപ്തമീ ചാഭിരുദ്ഗതാ
ഷഡ്ജ ഗ്രാമാശ്രിതാ ഹ്യേതാ വിജ്ഞേയാസ്സപ്ത മൂർച്ഛനാഃ."

എന്നു ഭരതമുനിവചനം. ആ മൂർച്ഛനകളിൽ സരിഗമപധനി എന്ന ആരോഹണവും നി ധപമഗരിസ എന്ന അവരോഹണവും ഉത്തരമന്ദ്ര. അപ്രകാരം നിസരിഗമപധ, ധപമഗ രിസനി എന്ന രണ്ടും രജനി. ധനിസരിഗമപ, പമഗരിസനിധ എന്ന രണ്ടും ഉത്തരായത. പധനിസരിഗമ, മഗരിസനിധപ. ശുദ്ധഷഡ്ജ, മപധനിസരിഗ, ഗരിസനിധപമ. മത്സരീ കൃത. ഗമപധനിസരി, രിസനിധപമഗ. അശ്വക്രാന്ത. രിഗമപധനിസ, സനിധപമ ഗരി. അഭിരുദ്ഗത. ഇങ്ങനെ വിവേകം.

മന്ദ്രസ്ഥായിസ്വരങ്ങളിലേക്കു വ്യാപിച്ച നിസരിഗമപധ, ധനിസരിഗമപ എന്നീ വക മൂർച്ഛനകളെപ്പോലെ മധ്യസ്ഥായിയിൽനിന്നു താരസ്ഥായിയിലേക്കു വ്യാപിച്ചുകൊ ണ്ട് സരിഗമപധനി എന്നു തുടങ്ങി രിഗമപധനിസ, ഗമപധനിസരി എന്ന മാതിരിയി ലും സപ്തസ്വരമൂർച്ഛനകൾ വരുമല്ലോ അവയെ എന്തുകൊണ്ടു ഗണിച്ചില്ല. ആ വക മൂർ ച്ഛനകളും മധ്യസ്ഥായിഷഡ്ജാരബ്ധകൾ തന്നെയുമല്ല എന്ന ശങ്കക്കു സമാധാനം കാണി ക്കുന്നു—

സൂ—താരാഭിവ്യാപ്താ അപ്യത്രൈവാന്തർഭവന്തി. ൨൪

ഭാ—താരസ്ഥായിയിലെക്ക വ്യാപിച്ച രിഗമപധനിസ, ഗമപധനിസരി, മപധനിസരിഗ, പധനിസരിഗമ, ധനിസരിഗമപ, നിസരിഗമപധ എന്നീ വകയിലും മന്ദ്രസ്ഥായിയിലും അനുമന്ദ്രസ്ഥായിയിലുമായി വ്യാപിച്ച സരിഗമപധനി, നിസരിഗമപധ എന്നീ വകയിലും സ്ഥായിഭേദമല്ലാതെ സപ്തസ്വരങ്ങളുടെ ആദി മുതൽ അന്തംവരെയുള്ള യോജനക്രമത്തിന്നു വ്യത്യാസമില്ലാത്തതിനാൽ ചിലർ ക്രമങ്ങൾ എന്നു പറഞ്ഞുവരുന്ന അവയുമെല്ലാം മേൽപ്പറഞ്ഞ ഏഴു മൂർച്ഛനകളിൽതന്നെ ഉൾപ്പെടുന്നതാണ്. അവയെ വേറെ ഗ്ഗണിക്കേണ്ടതില്ലെന്നത്ഥം. അങ്ങനെയല്ലാത്തപക്ഷം സ്ഥായിഭേദത്താൽ സ്വരങ്ങളും വേറെവേറെയാണെന്നു പറയേണ്ടി വരുമെന്നു താൽപയ്യം. അതിനാൽ താരസ്ഥായിയിലെക്ക വ്യാപിച്ച രിഗമപധനിസ എന്ന ആരോഹണവും അതിൻെറ സനിധപമഗരി എന്ന അവരോഹണവും അഭിരുദ്ഗത. ഗമപധനിസരി, രിസനിധപമഗ. രണ്ടും അശ്വക്രാന്ത. മപധനിസരിഗ, ഗരിസനിധപമ. രണ്ടും മത്സരീകൃത. എന്നീ മാതിരിയിൽ ഓരോന്നും കണ്ടുകൊൾക.

സൂ—താരവ്യാപ്താനാം രത്നാകരകൃതഃ ക്രമാഖ്യയാ പൃഥഗ്ഗണനം തു ചിന്ത്യം. പ്രയോജനാഭാവാന്മുനിനാനംഗീകൃതത്വാച്ച. ൨൫

ഭാ—രത്നാകരഗ്രന്ഥകാരനാകട്ടെ മേൽകാണിച്ച ഓരോ മൂർച്ഛനക്കും അതിൽ മേല്പോട്ടു മേല്പോട്ടുള്ള ഓരോ സ്വരങ്ങളിൽനിന്നു തുടങ്ങുന്നതായി താരവ്യാപ്തങ്ങളായ സപ്തസ്വരക്രമങ്ങളുണ്ടെന്നും അവ മൂർച്ഛനയുടെ അവാന്തരവിഭാഗങ്ങളും ക്രമങ്ങൾ എന്നു പ്രത്യേക സംജ്ഞയുള്ളവയുമാണെന്നും പറയുന്നു. എങ്ങനെയെന്നാൽ—സരിഗമപധനി എന്ന ഉത്തരമന്ദ്രാമൂർച്ഛനയിൽ സരിഗമപധനി എന്നുതന്നെ ഒന്നാമത്തെ ക്രമം. രിഗമപധനിസ എന്നു രണ്ടാമത്തെ ക്രമം. ഗമപധനിസരി എന്നു മൂന്നാമത്തേത്. ആ വിധത്തിൽ മപധനിസരിഗ, പധനിസരിഗമ, ധനിസരിഗമപ, നിസരിഗമപധ ഇങ്ങനെ ഏഴു ക്രമങ്ങൾ. അപ്രകാരം രജനീമൂർച്ഛനക്ക് നിസരിഗമപധ, സരിഗമപധനി, രിഗമപധനിസ, ഗമപധനിസരി, മപധനിസരിഗ, പധനിസരിഗമ, ധനിസരിഗമപ എന്ന് ഏഴു ക്രമങ്ങൾ. മററുള്ള മൂർച്ഛനകൾക്കും ഈ രീതിയിൽത്തന്നെ.

"പ്രഥമാദിസ്വരാരംഭാദേകൈകാ സപ്തധാ ഭവേൽ
താസൂച്ചാൎയ്യാന്ത്യസ്വരാംസ്താൻ പൂൎവ്വാനുച്ചാരയേൽ ക്രമാൽ
തേ ക്രമാസ്തേഷു സംഖ്യാ സ്യാൽ ദ്വാനവത്യാ ശതത്രയം."

എന്ന രത്നാകരഗ്രന്ഥം നോക്കുക. ഇതിൻെറ അത്ഥം—ആദ്യസ്വരം മുതൽ തുടങ്ങിയ ഓരോരോ മൂർച്ഛനയും ഏഴേഴു വിധത്തിൽ വരും. ആ മൂർച്ഛനകളിൽ അവസാനത്തെ സ്വരങ്ങളെ ഉച്ചരിച്ചതിന്നുശേഷം ആ അവസാനസ്വരത്തെ അവസാനത്തേതിൻെറ പൂൎവ്വസ്വരമാക്കി ഉച്ചരിക്കുക. സരിഗമപധനി എന്നു നിഷാദത്തെ അവസാനസ്വരമാക്കി ഉച്ചരിച്ചതിന്നുശേഷം നിഷാദത്തെ അവസാനത്തേതിൻെറ അടുത്ത മുമ്പിലെ സ്വരമാക്കി രിഗമപധനിസ എന്ന രീതിയിൽ ക്രമത്തിലുച്ചരിക്കുക എന്നത്ഥം. അവക്കു ക്രമങ്ങൾ എന്നു പേർ. ആ ക്രമങ്ങൾ രണ്ടു ഗ്രാമങ്ങളിലുംകൂടി ആകെ അമ്പത്താറു മൂർച്ഛനകൾ വരുന്നതിൽ ഓരോന്നിനും ഏഴു വീതമുള്ളതുകൊണ്ട് എല്ലാംകൂടി മുന്നൂററിത്തൊണ്ണൂററിരണ്ടെണ്ണമുണ്ട്. ഇങ്ങനെയാണ്. എന്നാൽ സ്ഥായിഭേദം നിമിത്തം സ്വരഭേദം സ്വീകരിച്ചിട്ടില്ലാത്തതിനാൽ മുമ്പു കാണിച്ചവിധം ക്രമങ്ങളെന്നു പറയുന്നതിലോരോന്നും ഓരോ മൂർച്ഛനതന്നെയായിരി

കടന്നതുകൊണ്ടു ക്രമങ്ങൾ എന്ന ഒരവാന്തരവിഭാഗം സ്വീകരിക്കേണ്ടതില്ല. അതിന്നുപുറമെ സരിഗമപധനി എന്ന ഉത്തരമന്ദ്രാമൂർച്ഛന ഒരു മൂർച്ഛനയുമാണ്, ആ മൂർച്ഛനയുടെ തന്നെ ക്രമങ്ങളിൽ പ്രത്യേകം ഒന്നുമാണെന്നു പറയുന്നതും ഹൃദയംഗമമല്ല. മൂർച്ഛനയുടെ നിലയില്ലാതെ ക്രമമെന്ന നിലയിൽ അവക്കു പ്രത്യേകം രാഗവിശേഷോന്നായകത്വമില്ലാത്തതിനാൽ അങ്ങനെയുള്ള ക്രമസ്വീകരണംകൊണ്ടു പ്രയോജനവുമില്ല. ഭരതമതംഗാദിമുനിമാർ മൂർച്ഛനകളുടെ സ്വരൂപത്തിലല്ലാതെ ഒരു മൂർച്ഛനയുടെ തന്നെ ഉൾപ്പിരിവായ ക്രമസംജ്ഞമായി അവയെ സ്വീകരിച്ചിട്ടുമില്ല. ഇനി, ക്രമമെന്നത് ആരോഹണക്രമം മാത്രമാണ്. മൂർച്ഛനയിൽ ആരോഹണവും അവരോഹണവും ഉൾപ്പെടുന്നു. ആരോഹണം വഴിക്കുള്ള കൂടതാനങ്ങളെ സരിഗമ, രിസഗമ, ഗസരിമ, ഗരിസമ എന്ന മാതിരി ഒരേ സ്വരം അവസാനത്തിലായി എത്തുവരുമെന്നു പ്രസ്തരിപ്പാൻ ക്രമങ്ങൾ ഉപയോഗപ്പെടുകയും ചെയ്യുന്നു എന്നാണെങ്കിൽ കൂടതാനപ്രസ്താരം മൂർച്ഛനകൾകൊണ്ടുതന്നെ സാധ്യമാണ്. ആരോഹണമാർഗ്ഗത്തിലെന്നപോലെ അവരോഹണമാർഗ്ഗത്തിലും അവകൊണ്ടു സാധിക്കും. പിന്നെ ആരോഹണക്രമം മാത്രമാണ് മൂർച്ഛനാവാന്തരവിഭാഗമായ ക്രമമെങ്കിൽ അവയിലോരോന്നിന്റെയും അവരോഹണം മറ്റൊരു വക ക്രമമോ വേറെയെന്തെങ്കിലും പേരുള്ളതോ ആണെന്നു സ്വീകരിക്കേണ്ടിവരും. പ്രയോഗത്തെപ്പറ്റി നോക്കുന്നതായാലാകട്ടേ അവയെല്ലാം ഓരോ മൂർച്ഛനതന്നെയാണ്. സരിഗമപധനി എന്ന ആരോഹണം മാത്രമായാലും നിധപമഗരിസ എന്ന അവരോഹണം മാത്രമായാലും അതു രണ്ടും ചേർന്നായാലും ഉത്തരമന്ദ്രാമൂർച്ഛനതന്നെ. അപ്രകാരം രിഗമപധനിസ, സനിധപമഗരി എന്ന ആരോഹണാവരോഹണങ്ങളിൽ ഏതെങ്കിലും ഒന്നായാലും രണ്ടും ചേർന്നാലും അഭിരുദ്ഗതാമൂർച്ഛനതന്നെ. മൂർച്ഛനാലക്ഷണസൂത്രത്തിൽ സപ്തസ്വരാണാമാരോഹാവരോഹൌ എന്നു പറയാതെ ആരോഹോവരോഹശ്ച എന്ന് ആരോഹണത്തെയും അവരോഹണത്തെയും വേർതിരിച്ചു പറഞ്ഞിട്ടുള്ളതും അതുകൊണ്ടുതന്നെയാണ്. വസ്തുസ്വഭാവം ഈ വിധത്തിലാകയാൽ രത്നാകരകാരൻ ക്രമങ്ങൾ എന്നൊരു വിഭാഗം സ്വീകരിച്ചു മൂർച്ഛനകളുടെ സംഖ്യ പെരുക്കിയതു ചിന്തനീയമായിട്ടാണിരിക്കുന്നത്.

ഷഡ്ജഗ്രാമമൂർച്ഛനകളിലോരോന്നിന്റെയും വിഭാഗം പറയുന്നു—

സൂ—താശ്ച ശുദ്ധാസ്സാധരണകൃതാശ്ചേതി സാമാന്യതോ ദ്വിധാ. ൨൩

ഭാ—ആ ഏഴു മൂർച്ഛനകളിലോരോന്നും ശുദ്ധമൂർച്ഛനയെന്നും സാധാരണകൃതമൂർച്ഛനയെന്നും സാമാന്യമായി രണ്ടു തരത്തിലുണ്ട്. ശുദ്ധസ്വരങ്ങൾ മാത്രം ചേർന്നിട്ടുള്ളതു ശുദ്ധമൂർച്ഛന. സാധാരണസ്വരമായ അന്തരഗാന്ധാരമോ കാകളിനിഷാദമോ ചേർന്നതു സാധാരണകൃതമൂർച്ഛന.

സൂ—തത്ര സാധാരണകൃതാ കാകല്യന്തരോഭയകലിതത്വേന ത്രിവിധാ. ൨൪

ഭാ—അതിൽ സാധാരണകൃതമൂർച്ഛനയാകട്ടേ, കാകളിനിഷാദരൂപമായ സാധാരണസ്വരം മാത്രം ഘടിച്ചിട്ടുള്ളത്. അന്തരഗാന്ധാരം മാത്രം ഘടിച്ചിട്ടുള്ളത്. ആ രണ്ടു സാധാരണസ്വരങ്ങളും ഘടിച്ചിട്ടുള്ളത് ഇങ്ങനെ മൂന്നുവിധത്തിലുണ്ട്. "കാകല്യന്തരസ്വരൈര്യാ ഗീയതേ സാ സാധാരണാ." എന്നു മതംഗസൂത്രവും,

"ചതുർദ്ധാ താഃ പൃഥക് ശുദ്ധാഃ കാകളീകലിതാസ്തഥാ
സാന്തരാസ്തദ്വയോപേതാഃ ഷട്പഞ്ചാശദിതീരിതാഃ."

എന്നു നിശ്ശങ്കഗ്രന്ഥവുമുണ്ട്. ഇങ്ങനെ ഏഴു മൂർച്ഛനകളിലോരോന്നും ശുദ്ധ, കാകളീഘടിത, അന്തരഘടിത, കാകല്യന്തരഘടിത എന്നിങ്ങനെ നന്നാലുവിധം വരുന്നതിനാൽ മതംഗാദിമതമനുസരിച്ച് ഷഡ്ജഗ്രാമത്തിൽ ഇരുപത്തെട്ടുതരം മൂർച്ഛനാകളുണ്ട്.

സൂ—ഭരതമുനിമതേ തു ഷഡ്ജസാധാരണകൃതൈകൈവ ഷഡ്ജഗ്രാമേ. ൨൭

ഭാ—എന്നാൽ ഭരതമുനിയുടെ മതത്തിലാകട്ടേ ഷഡ്ജസാധാരണമെന്നു പറയുന്ന കാകളിനിഷാദം ചേൎന്ന മൂർച്ഛന മാത്രമേ ഷഡ്ജഗ്രാമത്തിൽ സാധാരണകൃതമൂർച്ഛനയായി സ്വീകരിച്ചിട്ടുള്ളു. മദ്ധ്യമസാധാരണമെന്നു പറയുന്ന അന്തരഗാന്ധാരം ചേൎന്ന മൂർച്ഛന സ്വീകരിച്ചിട്ടില്ല. അതുപോലെ മദ്ധ്യമഗ്രാമത്തിലും അന്തരഗാന്ധാരഘടിതമൂർച്ഛന മാത്രമേ സ്വീകരിച്ചിട്ടുള്ളു. കാകളീഘടിതമൂർച്ഛന സ്വീകരിച്ചിട്ടില്ല. അതിനാൽ ആ മതപ്രകാരം രണ്ടു ഗ്രാമത്തിലും സാധാരണകൃതമൂർച്ഛന ഓരോന്നു മാത്രമാണ്. മുമ്മൂന്നില്ല. "സ്വരസാധാരണം ദ്വിവിധം ദ്വൈഗ്രാമിക്യം. ഷഡ്ജഗ്രാമേ ഷഡ്ജസാധാരണം. മദ്ധ്യമഗ്രാമേ മദ്ധ്യമസാധാരണം." എന്നു ഭരതമുനിവചനം. രണ്ടു ഗ്രാമങ്ങളിലുമായി രണ്ടുതരം സാധാരണസ്വരമാണ് വരുന്നത്. ഷഡ്ജഗ്രാമത്തിൽ ഷഡ്ജസാധാരണം അതായത് കാകളിനിഷാദം. മദ്ധ്യമഗ്രാമത്തിൽ മദ്ധ്യമസാധാരണം അതായത് അന്തരഗാന്ധാരം. ഇങ്ങനെ അതിന്നൎത്ഥം. അതിനാൽ ഭരതമുനിമതത്തിൽ ശുദ്ധകൾ ഏഴും സാധാരണകൃതകൾ ഏഴുമായി പതിന്നാലു മൂർച്ഛനകൾ വീതമേ രണ്ടു ഗ്രാമത്തിലുമുള്ളു. പ്രയോഗത്തിൽ രണ്ടു സാധാരണസ്വരങ്ങളും രണ്ടു ഗ്രാമത്തിലും വരുന്നതിന്നു വിരോധമില്ലാത്തതുകൊണ്ടും മതംഗാദിമതത്തിൽ അപ്രകാരം രണ്ടും രണ്ടുഗ്രാമത്തിലുമുള്ളതുകൊണ്ടുമാണ് അതനുസരിച്ച് ഇവിടെപ്പറഞ്ഞത്.

മദ്ധ്യമഗ്രാമമൂർച്ഛനകളെപ്പറയുന്നു—

സൂ—മദ്ധ്യമഗ്രാമേ മദ്ധ്യമദ്ധ്യമാദിതാരഗാന്താദ്യാഃ മന്ദ്രപാദിമദ്ധ്യമദ്ധ്യമാന്താന്താസ്സപ്ത. ൨൯

ഭാ—മദ്ധ്യമഗ്രാമത്തിൽ മദ്ധ്യസ്ഥായിമദ്ധ്യമം മുതൽ താരസ്ഥായിഗാന്ധാരംവരെയായി മപധനിസരിഗ എന്ന ഒന്നാമത്തെ മൂർച്ഛന തുടങ്ങി ക്രമത്തിൽ പൂൎവ്വപൂൎവ്വസ്വരങ്ങളിൽ ഓരോന്നു ചേൎന്നും അവസാനസ്വരം ഓരോന്നു വിട്ടും മന്ദ്രസ്ഥായിപഞ്ചമം മുതൽ മദ്ധ്യസ്ഥായിമദ്ധ്യമത്തിൽ അവസാനിക്കുന്ന മൂർച്ഛനവരെയായി ഏഴു സപ്തസ്വരമൂർച്ഛനകൾ വരുന്നതാണ്. മപധനിസരിഗ, ഗമപധനിസരി, രിഗമപധനിസ, സരിഗമപധനി, നിസരിഗമപധ, ധനിസരിഗമപ, പധനിസരിഗമ ഇങ്ങനെ ഏഴു മൂർച്ഛനകളെന്നൎത്ഥം. ഇവയുടെ അവരോഹണക്രമമായ ഗരിസനിധപമ, രിസനിധപമഗ മുതലായതും അതാതു മൂർച്ഛനകളിൽ ചേൎന്നതാണ്.

ആ മൂർച്ഛനകൾക്കുള്ള സംജ്ഞകൾ പറയുന്നു—

സൂ—താശ്ച ക്രമാത്സൌവീരീഹരിണാശ്വാകളോപനതാശുദ്ധമദ്ധ്യാമാൎഗ്ഗിപൌരവീഹൃഷ്യകാസംജ്ഞാഃ. ൩൦

ഭാ—ആ മദ്ധ്യമഗ്രാമമൂർച്ഛനകൾക്കു ക്രമത്തിൽ സൌവീരി, ഹരിണാശ്വ, കളോപനത, ശുദ്ധമദ്ധ്യ, മാൎഗ്ഗി, പൌരവി, ഹൃഷ്യക എന്നിങ്ങനെ പ്രത്യേകസംജ്ഞകളും വ്യവഹാരസൌകൎയ്യത്തിന്നുവേണ്ടി പ്രാചീനാചാൎയ്യന്മാർ ഏൎപ്പെടുത്തീട്ടുണ്ട്.

"സൌവീരീ ഹരിണാശ്വാ ച സ്യാൽ കളോപനതാ തഥാ
ശുദ്ധമധ്യാ തഥാ ചൈവ മാർഗ്ഗീ സ്യാൽ പൌരവീ തഥാ
ഹൃഷ്യകാ ചേതി വിജ്ഞേയാ സപ്തമീ ദ്വിജസത്തമാഃ।
മധ്യമഗ്രാമജാ ഹ്യേതാ വിജ്ഞേയാസ്സപ്ത മൂർച്ഛനാഃ.

മധ്യമേന സൌവീരീ. ഗാന്ധാരേണ ഹരിണാശ്വാ. ഋഷഭേണ കളോപനതാ. ഷഡ്ജേന ശുദ്ധമധ്യാ. നിഷാദേന മാർഗ്ഗീ. ധൈവതേന പൌരവീ. പഞ്ചമേന ഹൃഷ്യകാ ഇതി." എന്നു ഭരതമുനിഗ്രന്ഥം. ഇതിൽ മാർഗ്ഗീ എന്നതിന്നുപകരം മാജ്ജികാ എന്ന സംജ്ഞയാണ് മതംഗമുനി നിർദ്ദേശിച്ചിട്ടുള്ളത്. ഇപ്രകാരം മപധനിസരിഗ എന്ന ആരോഹണവും ഗരിസനിധപമ എന്ന അവരോഹണവും സൌവീരിമൂർച്ഛന. ഗമപധനിസരി, രിസനിധപമഗ. രണ്ടും ഹരിണാശ്വ. രിഗമപധനിസ, സനിധപമഗരി. രണ്ടും കളോപനത. സരിഗമപധനി, നിധപമഗരിസ. രണ്ടും ശുദ്ധമധ്യ. നിസരിഗമപധ, ധപമഗരിസനി. രണ്ടും മാർഗ്ഗി. ധനിസരിഗമപ, പമഗരിസനിധ. രണ്ടും പൌരവി. പധനിസരിഗമ, മഗരിസനിധപ. രണ്ടും ഹൃഷ്യക. എന്നു വിവേകം.

സൂ—അത്രാപി സ്ഥായിവിശേഷഗതാസ്തത്തദ്ഭിന്നാഃ. ൩൧

ഭാ—ഈ മധ്യമഗ്രാമമൂർച്ഛനകളിലും ഷഡ്ജഗ്രാമത്തിലെപ്പോലെതന്നെ മന്ദ്രതാരാദിസ്ഥായികളിൽ നിന്നാരംഭിക്കുന്ന മപധനിസരിഗ മുതലായി ഓരോ മൂർച്ഛനയും സൌവീരി മുതലായതുതന്നെയാണ്. അതായത് മന്ദ്രമധ്യമം മുതൽ മധ്യസ്ഥായിഗാന്ധാരംവരെയുള്ള മപധനിസരിഗ എന്ന മൂർച്ഛനയും താരമധ്യമം മുതൽ താരതരഗാന്ധാരംവരെ വരാവുന്ന മപധനിസരിഗ എന്ന മൂർച്ഛനയും സൌവീരിതന്നെയാണ്. മററു മൂർച്ഛനകളുടെ സംഗതിയും അപ്രകാരംതന്നെ എന്നത്ഥം.

ഇനി ഷഡ്ജഗ്രാമത്തിലെ ഉത്തരമന്ദ്ര, രജനി മുതലായ മൂർച്ഛനകളിലും മധ്യമഗ്രാമത്തിലെ ശുദ്ധമധ്യ മാർഗ്ഗി മുതലായ മൂർച്ഛനകളിലും സപ്തസ്വരക്രമം സരിഗമപധനി, നിസരിഗമപധ എന്നീ വിധത്തിൽ ഒന്നുതന്നെയായതിനാൽ ഉത്തരമന്ദ്രയും ശുദ്ധമധ്യയും തമ്മിലും രജനിയും മാർഗ്ഗിയും തമ്മിലും വ്യത്യാസം വരുന്നില്ലല്ലോ. അതുപോലെതന്നെ രണ്ടു ഗ്രാമങ്ങളിലെയും മററു മൂർച്ഛനകൾ തമ്മിലും എന്ന ശങ്കയെപ്പരിഹരിക്കുന്നു—

സൂ—പഞ്ചമസ്യ ത്രിചതുശ്രുതികത്വാൽ ഗ്രാമദ്വയഗതാനാം മിഥോ ഭേദഃ. ൩൨

ഭാ—ഷഡ്ജഗ്രാമത്തിലെപ്പഞ്ചമം എപ്പോഴും ചതുശ്രുതികപഞ്ചമമായിരിക്കുന്നതുകൊണ്ടും മധ്യമഗ്രാമത്തിലെപ്പഞ്ചമം എപ്പോഴും ത്രിശ്രുതികമായിരിക്കുന്നതുകൊണ്ടും പഞ്ചമസ്വരത്തിന്നു രണ്ടു ഗ്രാമത്തിലും സ്ഥാനഭേദമുള്ളതിനാൽ സ്വരക്രമം രണ്ടു ഗ്രാമങ്ങളിലും ഒന്നുതന്നെയാണെങ്കിലും രണ്ടിലെ മൂർച്ഛനകൾ തമ്മിൽ വ്യത്യാസം വരുന്നതാണ്. ഉത്തരമന്ദ്രയിലെ പഞ്ചമം ചതുശ്രുതികമായതിനാൽ ത്രിശ്രുതിപഞ്ചമഘടിതമായ മധ്യമഗ്രാമീയശുദ്ധമധ്യാമൂർച്ഛനയിൽനിന്ന് അതു വ്യത്യാസപ്പെടുന്നു. അതുപോലെ മററു മൂർച്ഛനകളും. അങ്ങനെ രണ്ടു ഗ്രാമങ്ങളിലെയും മൂർച്ഛനകൾ പരസ്പരം വ്യത്യാസപ്പെടുന്നതുകൊണ്ടു രണ്ടും പ്രത്യേകം ഗണിക്കേണ്ടതും വേറെ വേറെ സംജ്ഞകൾ ഏല്പ്പെടുത്തേണ്ടതുമുണ്ട്. എന്നാലേ രാഗാദിവിവരണത്തിൽ ഇന്ന മൂർച്ഛനയാണെന്നു നിർദ്ദേശിക്കുമ്പോൾ ഗ്രാമഭേദം തിരിച്ചറിവാൻ കഴികയുള്ളു എന്നു താൽപര്യം.

സൂ—താസാമപി ചാതുൎവ്വിധ്യം ദ്വൈവിധ്യം വാ പൂൎവ്വവൽ. ൩൩

ഭാ—ആ മധ്യമഗ്രാമമൂൎച്ഛനകളും ഷഡ്ജഗ്രാമമൂൎച്ഛനകളെപ്പോലെ ഓരോന്നും ശുദ്ധസ്വരമാത്രഘടിത, കാകളീഘടിത, അന്തരഗാന്ധാരഘടിത, കാകള്യന്തരഗാന്ധാരഘടിത എന്നിങ്ങനെ സാധാരണകൃതമൂൎച്ഛന മൂന്നുതരമുണ്ടെന്ന മതത്തിൽ നാലുവിധം വരുന്നതാണ്. അങ്ങനെ ഏഴു മൂൎച്ഛനകളും നന്നാലുവിധത്തിലുള്ളതിനാൽ മധ്യമഗ്രാമമൂൎച്ഛനകളും ഇരുപത്തെട്ടുതരത്തിലുണ്ടെന്നൎത്ഥം. ഭരതമുനിമതപ്രകാരമാകട്ടെ മധ്യമഗ്രാമത്തിൽ മധ്യമസാധാരണമായ അന്തരഗാന്ധാരം ഘടിച്ചിട്ടുള്ള മൂൎച്ഛന മാത്രമേ സാധാരണകൃതയായിട്ടുള്ളൂ. കാകളിനിഷാദഘടിതമൂൎച്ഛന മധ്യമഗ്രാമത്തിൽ സ്വീകരിച്ചിട്ടില്ല. അതിനാൽ ശുദ്ധ, സാധാരണകൃത എന്നിങ്ങനെ രണ്ടു തരത്തിൽ മാത്രമേ ആ മതത്തിൽ ഓരോ മൂൎച്ഛനയും വരികയുള്ളൂ എന്നതുകൊണ്ടു പതിന്നാലു മൂൎച്ഛനകൾ മാത്രമാണ് മധ്യമഗ്രാമത്തിലും ഉള്ളത്.

സൂ—ഭരതമുനിസ്തു ഗാന്ധാരപ്രകൎഷധൈവതമാൎദ്ദവാദിനാ ഗ്രാമദ്വയസമാനമൂൎച്ഛനാമപ്യാഹേത്യുക്തം. ൩൪

ഭാ—ഭരതമുനിയാകട്ടെ ഷഡ്ജഗ്രാമത്തിലെ ഗാന്ധാരത്തിന്നു ശ്രുതി വൎദ്ധിച്ചിട്ടും മധ്യമഗ്രാമധൈവതത്തിന്നു ശ്രുതി കുറച്ചും മററും രണ്ടു ഗ്രാമങ്ങൾക്കും സമാനമായി വരുന്ന മൂൎച്ഛനയെയും പറഞ്ഞിട്ടുണ്ട്. ആ സംഗതി പ്രസംഗവശാൽ വീണാപ്രകാശത്തിൽ ഈ ഗ്രന്ഥത്തിൽ പ്രസ്താവിച്ചിട്ടുമുണ്ട്. പ്രകരണപൂൎത്തിക്കുവേണ്ടി അതിന്റെ സമ്പ്രദായം വിശദമാക്കാം. ഷഡ്ജഗ്രാമത്തിൽ ഷഡ്ജത്തിൽനിന്നു മൂന്നാമത്തെ ശ്രുതിയിൽ ഋഷഭം. പിന്നെ രണ്ടാം ശ്രുതിയിൽ ഗാന്ധാരം. പിന്നെ നാലിൽ മധ്യമം. പിന്നെ നാലിൽ പഞ്ചമം. പിന്നെ മൂന്നിൽ ധൈവതം പിന്നെ രണ്ടിൽ നിഷാദം. പിന്നെ നാലിൽ ഷഡ്ജം ഇങ്ങനെയും, മധ്യമഗ്രാമത്തിൽ മധ്യമത്തിൽനിന്നു മൂന്നാംശ്രുതിയിൽ പഞ്ചമം. പിന്നെ നാലിൽ ധൈവതം. പിന്നെ രണ്ടിൽ നിഷാദം. പിന്നെ നാലിൽ ഷഡ്ജം. പിന്നെ മൂന്നിൽ ഋഷഭം. പിന്നെ രണ്ടിൽ ഗാന്ധാരം. പിന്നെ നാലിൽ മധ്യമം ഇങ്ങനെയുമാണല്ലോ ശ്രുതിസ്വരവ്യവസ്ഥാക്രമം. അതിൽ ഷഡ്ജഗ്രാമത്തിലെ ഗാന്ധാരത്തിന്നു രണ്ടു ശ്രുതികൂട്ടി അന്തരഗാന്ധാരമാക്കീട്ടുള്ള മൂൎച്ഛനയിൽ മധ്യമഗ്രാമത്തിലെ ത്രിശ്രുതികപഞ്ചമസ്ഥാനത്തു ഷഡ്ജഗ്രാമത്തിലെ ഋഷഭവും ചതുശ്ശ്രുതികധൈവതസ്ഥാനത്തു ഷഡ്ജഗ്രാമത്തിലെ ഗാന്ധാരവും ദ്വിശ്രുതികനിഷാദസ്ഥാനത്തു മധ്യമവും ഷഡ്ജസ്ഥാനത്തു പഞ്ചമവും ത്രിശ്രുതികഋഷഭസ്ഥാനത്തു ധൈവതവും ദ്വിശ്രുതികഗാന്ധാരസ്ഥാനത്തു നിഷാദവും വരുന്നു. ഇങ്ങനെ ഷഡ്ജഗ്രാമമൂൎച്ഛനക്കു മധ്യമഗ്രാമമൂൎച്ഛനാസമാനത്വം. അതുപോലെ മധ്യമഗ്രാമത്തിലെ ചതുശ്ശ്രുതികധൈവതത്തെ രണ്ടു ശ്രുതി കുറച്ചു ദ്വിശ്രുതികമാക്കീട്ടുള്ള മൂൎച്ഛനയിൽ ഷഡ്ജഗ്രാമത്തിലെ ഋഷഭസ്ഥാനത്തു മധ്യമഗ്രാമമൂൎച്ഛനയിലെ പഞ്ചമവും ഗാന്ധാരസ്ഥാനത്തു ധൈവതവും മധ്യമസ്ഥാനത്തു ചതുശ്ശ്രുതികമായിത്തീൎന്ന നിഷാദവും. പഞ്ചമസ്ഥാനത്തു ഷഡ്ജവും ധൈവതസ്ഥാനത്ത് ഋഷഭവും നിഷാദസ്ഥാനത്തു ഗാന്ധാരവും ഷഡ്ജസ്ഥാനത്തു മധ്യമവും വരുന്നു. ഇങ്ങനെ മധ്യമഗ്രാമമൂൎച്ഛനക്കു ഷഡ്ജഗ്രാമമൂൎച്ഛനാസമാനത്വവും സിദ്ധിക്കുന്നു.

"ദ്വിവിധൈകമൂൎച്ഛനാ സിദ്ധിഃ. തത്ര ദ്വിശ്രുതിപ്രകൎഷാദ്ധൈവതീകൃതേ ഗാന്ധാരേ മൂൎച്ഛനാഗ്രാമയോരന്യതരസ്മിൻ ഷഡ്ജഗ്രാമേ. തദ്വശാന്മധ്യമാദയോ യഥാസംഖ്യം നിഷാദാദിമത്വം പ്രപദ്യന്തേമധ്യമഗ്രാമേപി ധൈവതമാൎദ്ദവാൽ ഭവതി തുല്യശ്രുത്യന്തരത്വം.

ചതുശ്ശ്രുതികമന്തരം പഞ്ചമധൈവതയോഃ. തദ്വദ്ഗാന്ധാരോൽകഷാച്ചതുശ്ശ്രുതികമന്തരം ഭവതി. ശേഷാശ്ചാപി നിഷാദഷഡ്ജർഷഭഗാന്ധാരാ മധ്യമാദിത്വം പ്രാപ്നുവന്തി തുല്യശ്രുത്യന്തരത്വാൽ.'' എന്നു ഭരതമുനിഗ്രന്ഥം. ഇതിൻെറ അർത്ഥം വിവരിച്ചു കഴിഞ്ഞു. മാർഗ്ഗപ്രസ്ഥാനത്തിലും ദ്വിശ്രുതികമായിട്ടും ധൈവതമുണ്ടെന്നുള്ളതിന്ന് ഈ മുനിവചനം തന്നെ പ്രമാണമാണെന്നും ഗ്രഹിച്ചുകൊൾക. ഇപ്രകാരമുള്ള സമാനമൂർച്ഛനകൾ ഉത്തരമന്ദ്ര, രജനി മുതലായതിലോരോന്നിലും സൌവീരി, ഹരിണാശ്വ മുതലായതിലോരോന്നിലും വരുമെങ്കിലും ഭരതമുനിമതത്തിൽ അവയെല്ലാം സാധാരണകൃതയിലുൾപ്പെടുന്നതിനാൽ മൂർച്ഛനാസംഖ്യാധിക്യം വരുന്നതല്ല.

സൂ—ഏവം ഗ്രാമദ്വയേ മിളിത്വാ ഷട്പഞ്ചാശദഷ്ടാവിംശതിർവ്വാ മൂർച്ഛനാ ഭവന്തി. ൩൯

ഭാ — ഇപ്രകാരം രണ്ടു ഗ്രാമങ്ങളിലുംകൂടി സാധാരണസ്വരകൃതമൂർച്ഛന മുമ്മൂന്നു തരമുണ്ടെന്ന മതത്തിൽ ആകെ അമ്പത്താറു മൂർച്ഛനകൾ വരുന്നതാണ്. ഷഡ്ജഗ്രാമത്തിൽ ഷഡ്ജസാധാരണസ്വരമൂർച്ഛനയും മധ്യമഗ്രാമത്തിൽ മധ്യമസാധാരണസ്വരമൂർച്ഛനയും മാത്രമേ സ്വീകരിക്കുന്നുള്ളുവെന്ന മതത്തിൽ രണ്ടു ഗ്രാമങ്ങളിലുംകൂടി ഇരുപത്തെട്ടു മൂർച്ഛനകളുമാണ്.

സൂ—കേചിത്തു ജാതിരാഗാദൌ പ്രയോഗാനുസാരേണ മന്ദ്രതാരവ്യാപ്ത്യാ ദ്വാദശ സ്വരമൂർച്ഛനാശ്ച വദന്തി. ൩൭

ഭാ—ചില ഗ്രന്ഥകാരന്മാർ രാഗവിശേഷങ്ങളിലും രാഗങ്ങൾക്കെല്ലാം മൂലങ്ങളായ ജാതികളിലും പ്രയോഗം കാണുന്നതനുസരിച്ചു മന്ദ്രസ്ഥായിയിലും താരസ്ഥായിയിലുമുള്ള ചില സ്വരങ്ങളിൽകൂടി വ്യാപിക്കുന്നവിധം ധനിസരിഗമപധനിസരിഗ എന്ന മാതിരി പന്തിരണ്ടു സ്വരങ്ങൾ ചേർന്ന മൂർച്ഛനകളുമുണ്ടെന്നു പറയുന്നുണ്ട്. അതിന്നു പ്രമാണമായി,

''ദ്വാദശസ്വരസമ്പന്നാ ജ്ഞാതവ്യാ മൂർച്ഛനാ ബുധൈഃ
ജാതിഭാഷാദിസിദ്ധ്യർത്ഥം താരമന്ദ്രാദിസിദ്ധയേ.''

എന്ന നന്ദികേശ്വരവചനം കാണിക്കുന്നതുമുണ്ട്. മതംഗമുനിയും ''സാ ച മൂർച്ഛനാ ദ്വിവിധാ. സപ്തസ്വരമൂർച്ഛനാ ദ്വാദശസ്വരമൂർച്ഛനാ ചേതി.'' എന്നു ദ്വാദശസ്വരമൂർച്ഛനകളെപ്പററി പ്രസ്താവിക്കുന്നുണ്ട്.

സൂ—സപ്തസ്വരമൂർച്ഛനാഭിരേവ ഗതാർത്ഥത്വാത്താ ന പൃഥഗ്ഗണ്യന്തേ. ൩൮

ഭാ—എന്നാൽ സപ്തസ്വരമൂർച്ഛനകളെക്കൊണ്ടുതന്നെ ദ്വാദശസ്വരമൂർച്ഛനകളും അതിലും ഏററിയോ കുറഞ്ഞോ ഉള്ള സ്വരസംഖ്യകൾചേർന്ന മൂർച്ഛനകളും എല്ലാം ഗതാർത്ഥങ്ങളാകുന്നതാണ്. സപ്തസ്വരമൂർച്ഛനകൾ എല്ലാ സ്ഥായികളിലും ഉള്ളതുകൊണ്ടും പ്രയോഗങ്ങളിൽ ഒരു സ്ഥായിയിലെ മൂർച്ഛന ഒററയായി മാത്രമേ പ്രയോഗിക്കാവൂ എന്നു നിയമിക്കേണ്ട ആവശ്യമില്ലാത്തതുകൊണ്ടും ഒരു സ്ഥായിയിലെ മൂർച്ഛനതന്നെയും മററു സ്ഥായിയിലെ മൂർച്ഛന മുഴുവനുമോ ഏതാനും ഭാഗമോ ചേർത്തും പ്രയോഗിക്കാവുന്നതാണ്. ആ വഴിക്കു മന്ദ്രതാരവ്യാപ്തിയും സിദ്ധിക്കും. അതിന്നുംപുറമെ, പന്തിരണ്ടു സ്വരങ്ങൾ ചേർന്ന മൂർച്ഛനകളെന്നല്ല സ്ഥായിഭേദസ്ഥിതിയനുസരിച്ച് അതിലധികം സ്വരങ്ങൾ ചേർന്ന മപധനിസരിഗമപധനിസരിഗമപ എന്ന മാതിരി മൂർച്ഛനകളും ചിലപ്പോൾ പ്രയോഗങ്ങളിൽ വരാവുന്നതുമാണ്. അവയെല്ലാംതന്നെയും സപ്തസ്വരമൂർച്ഛനകളിൽ ഏതെങ്കിലും ഒന്നിൽ

നിന്നു തുടങ്ങി ക്രമത്തിൽ ആരോഹണമായോ അവരോഹണമായോ സ്ഥായ്യന്തരത്തിലെ മൂർച്ഛനയിലെക്കു വ്യാപിക്കയെന്ന രീതിയിലിരിക്കുന്നതിനാൽ സപ്തസ്വരമൂർച്ഛനകളിൽനിന്നു വേറെയായിഗ്ഗണിക്കേണ്ടതില്ലെന്നാണ് ഭരതമുനിയുടെ മതമെന്നറിക.

സൂ—പുനസ്താസ്ത്രിവിധാഃ. പൂർണ്ണാഃ ഷാഡവിതാ ഔഡവിതാശ്ചേതി. ന.വ്യ

ഭാ—മേൽക്കാണിച്ച അമ്പത്താറു മൂർച്ഛനകളും പൂർണ്ണകൾ, ഷാഡവിതകൾ, ഔഡവിതകൾ എന്നിങ്ങനെ പിന്നെയും മൂന്നു വിധത്തിൽ വരുന്നതാണ്. ഏഴു സ്വരങ്ങളും ചേർന്നിട്ടുള്ളതു പൂർണ്ണ. ഏതെങ്കിലും ഒരു സ്വരമില്ലാതെ ആറു സ്വരം മാത്രമായിട്ടുള്ളതു ഷാഡവിത. രണ്ടു സ്വരങ്ങളില്ലാതെ അഞ്ചു സ്വരങ്ങൾ മാത്രമായിട്ടുള്ളത് ഔഡവിത. ഷഡ്ഭിഃ അവതീതി ഷാഡവഃ. ആറു സ്വരങ്ങളെക്കൊണ്ടു രാഗപ്രയോഗത്തെ രക്ഷിക്കുന്നതു ഷാഡവം. ഷാഡവമാക്കിട്ടുള്ളതു ഷാഡവിതം. ഇങ്ങനെ ഷാഡവിതശബ്ദത്തിന്റെ അവയവാർത്ഥം. ഉഡവോ വാന്തി യസ്മിൻ തദുഡുവം. ഉഡുക്കൾ നക്ഷത്രങ്ങൾ. നക്ഷത്രങ്ങൾ ഏതിൽ സഞ്ചരിക്കുന്നുവോ അത്. ആകാശമെന്നർത്ഥം. ആകാശം പഞ്ചഭൂതങ്ങളിൽ അഞ്ചാമത്തേതായതിനാൽ ഉഡുവശബ്ദം ലക്ഷണയാൽ അഞ്ച് എന്ന സംഖ്യയെക്കുറിക്കുന്നു. അഞ്ചു സ്വരങ്ങളുടെ സംബന്ധമുള്ളത് ഔഡവം. ഔഡവമാക്കീട്ടുള്ളത് ഔഡവിതം. ഇങ്ങനെയാണ് ഷാഡവിതശബ്ദവും ഔഡവിതശബ്ദവും പ്രകൃതാർത്ഥങ്ങളെക്കുറിക്കുന്ന വ്യുൽപത്തിക്രമമെന്നു മതംഗമുനി വിവരിച്ചിട്ടുണ്ട്. അതിനാൽ ആറു സ്വരങ്ങൾ മാത്രമുള്ള രാഗഗീതാദികൾ ഷാഡവങ്ങൾ. അഞ്ചു സ്വരങ്ങൾ മാത്രമുള്ള രാഗഗീതാദികൾ ഔഡവങ്ങൾ എന്നു പര്യവസിക്കുന്നു. അല്ലെങ്കിൽ ഷാഡവൌഡവശബ്ദങ്ങൾ മേൽകാണിച്ച അർത്ഥങ്ങളിൽ സംഗീതശാസ്ത്രത്തിലെ സ്ഥായ്യാദിശബ്ദങ്ങളെപ്പോലെ പാരിഭാഷികശബ്ദങ്ങളാണെന്നു ഗ്രഹിച്ചുകൊൾക.

ഷാഡവമാക്കുന്നതിലും ഔഡവമാക്കുന്നതിലും ലോപിക്കുന്ന സ്വരവിശേഷമനുസരിച്ച് ഓരോരോ മൂർച്ഛനയിലും പല വകഭേദങ്ങളും സംഭവിക്കുന്നുണ്ടെങ്കിലും മൂർച്ഛനാവിഭാഗത്തെപ്പററിയേടത്തോളം അവയെ പ്രത്യേകം ഗണിച്ചിട്ടില്ലെന്നു പറയുന്നു—

സൂ—ഷാഡവിതൌഡവിതയോഃ സ്വരവിശേഷലോപോ ന ഗണ്യത ഇതി പൂർണ്ണാദയോഷ്ടഷഷ്ട്യുത്തരം ശതം മൂർച്ഛനാഃ. ന.ൻ

ഭാ—ഷാഡവിതമൂർച്ഛനകളിലും ഔഡവിതമൂർച്ഛനകളിലും ലോപിക്കുന്ന സ്വരങ്ങളുടെ വ്യത്യാസംകൊണ്ടു പല വകഭേദങ്ങളും ഉണ്ടാകുന്നതാണ്. എങ്ങനെയെന്നാൽ, ഷാഡവിതയിൽ ഷഡ്ജം മുതലായ ഏഴു സ്വരങ്ങളിൽ ഓരോന്നിന്റെയും ലോപംകൊണ്ടു ഷഡ്ജഗ്രാമത്തിലെ ഒരു മൂർച്ഛനതന്നെ ഏഴുവിധം വരുന്നു. ഔഡവിതയിലാകട്ടേ ലോപിക്കുന്ന രണ്ടു സ്വരങ്ങൾ സരി, സഗ, സമ, സപ, സധ, സനി, രിഗ, രിമ, രിപ, രിധ, രിനി, ഗമ, ഗപ, ഗധ, ഗനി, മപ, മധ, മനി, പധ, പനി, ധനി ഇങ്ങനെ ഇരുപത്തൊന്നു വിധവും വരുന്നു. അങ്ങനെ ഒരു മൂർച്ഛനക്കുതന്നെ ഇരുപത്തൊന്നു വകഭേദമായി. അതുപ്രകാരം അമ്പത്താറു ഷാഡവിതകളും ഏഴേഴു വിധമാകുമ്പോൾ മൂന്നൂററിത്തൊണ്ണൂററിരണ്ടും, അമ്പത്താറൌഡവിതകളും ഇരുപത്തൊന്നു വീതമാകുമ്പോൾ ആയിരത്തൊരുനൂറെറഴുപത്താറും, പൂർണ്ണകൾ അമ്പത്താറുംകൂടി ആയിരത്തറനൂററിരുപത്തിനാലു വകഭേദങ്ങളായിത്തീരും. എന്നാൽ മൂർച്ഛനാവിഭാഗത്തെപ്പററിയേടത്തോളം സ്വരഭേദംകൊണ്ടു വരുന്ന ആ വകഭേദങ്ങളെഗ്ഗണിക്കേണ്ടതില്ല. ഓരോ പ്രത്യേകരാഗങ്ങളുടെ പരിചിന്തനത്തിലേ ആവക വി

ശേഷം ഗണിക്കേണ്ടതുള്ളു. രാഗോന്നായകത്വമെന്ന മൂർച്ഛനാലക്ഷണമനുസരിച്ചു ഏതുതരം ഷാഡവിതകളിലും ഔഡവിതകളിലും ആ ധർമ്മം ആസ്പദമാക്കി ഷാഡവിത. ഔഡവിത എന്ന നിലയിലുള്ള വിഭാഗമേ വേണ്ടതുള്ളു. അതിനാൽ അമ്പത്താറുവീതം പൂർണ്ണമൂർച്ഛനകളും ഷാഡവിതമൂർച്ഛനകളും ഔഡവിതമൂർച്ഛനകളുംകൂടി നൂററമ്പത്തെട്ടു മൂർച്ഛനകളാണുള്ളത് എന്നു താൽപര്യം. മുൻകാണിച്ച ഭരതമുനിമതപ്രകാരമാകട്ടെ ഓരോതരവും ഇരുപത്തെട്ടുവീതം എമ്പത്തിനാലു മൂർച്ഛനകൾ.

താനമൂർച്ഛനകളുടെ സ്വഭാവം വിവരിക്കുന്നു—

സൂ—താനക്രിയയാ ഷാഡവിതാ ഔഡവിതാശ്ച താനമൂർച്ഛനാഃ. ൪൦

ഭാ—താനക്രിയയാലുളവാക്കുന്ന ഷാഡവിതകളായ മൂർച്ഛനകൾക്കും ഔഡവിതകളായ മൂർച്ഛനകൾക്കും താനമൂർച്ഛനകൾ എന്നു പറയുന്നു. ഷാഡവമാക്കുന്നതും ഔഡവമാക്കുന്നതും താനക്രിയകൊണ്ടാണെങ്കിൽ ആ ഷാഡവിതമൂർച്ഛനകളും ഔഡവിതമൂർച്ഛനകളും താനമൂർച്ഛനകളെന്നും മൂർച്ഛനാതാനങ്ങളെന്നും പ്രത്യേകസംജ്ഞകളുള്ളവയാണ് എന്നത്ഥം.

താനക്രിയയുടെ സ്വരൂപം പറയുന്നു—

സൂ—വീണാതന്ത്ര്യാം പ്രവേശോ നിഗ്രഹശ്ച താനക്രിയാ. തത്ര പ്രവേശഃ പൂർവ്വസ്വരകർഷണമുത്തരസ്വരമാർദ്ദവം ച. നിഗ്രഹസ്ത്വസംസ്പർശഃ. ൪൧

ഭാ—താനക്രിയയെന്നതു രണ്ടുവിധത്തിലുണ്ട്. പ്രവേശമെന്നും നിഗ്രഹമെന്നും അതിൽ പ്രവേശമെന്നു പറയുന്നതു വീണക്കമ്പി പൂർവ്വസ്വരത്തിൻെറ സ്ഥാനത്തു പിടിച്ച് വലിച്ചു ലോപിക്കുന്ന പിന്നത്തെ സ്വരം ഒന്നു കാണിച്ചു പൂർവ്വസ്ഥാനത്തുതന്നെയാക്കുകയോ ഏതു സ്വരമാണോ ലോപിക്കുന്നത് ആ സ്വരസ്ഥാനത്തുനിന്നു പൂർവ്വസ്വരത്തിലെക്ക് ഒട്ടും നിൽക്കാതെ വിരൽ മാററുകയോ ആണ്. അങ്ങനെ പ്രവേശമെന്ന താനക്രിയ രണ്ടുതരത്തിലാവാം. രണ്ടിലും ലോപിക്കുന്ന സ്വരത്തിൻെറ ചെറിയൊരു സ്പർശമുണ്ടായിരിക്കുന്നതാണ്. ത്രിരൂപാദിഗമകപ്രയോഗങ്ങളിൽ ആ മാതിരി ലോപ്യസ്വരങ്ങളുടെയും അല്പമാത്രസ്പർശം പ്രസിദ്ധവുമാണ്. അതിൽ പൂർവ്വസ്വരസ്ഥാനത്തു ചെയ്യുന്ന പ്രവേശതാനക്രിയക്കു കർഷണമെന്നും ഉത്തരസ്വരസ്ഥാനത്തുനിന്നു പെട്ടെന്നു വിരൽ മാററുകയെന്ന പ്രവേശതാനക്രിയക്കു മാർദ്ദവമെന്നും പേർ. നിഗ്രഹമെന്നതാകട്ടെ ലോപിക്കുന്ന സ്വരത്തെ തീരെ സ്പർശിക്കാതിരിക്കയാണ്. "ദ്വിവിധാ താനക്രിയാ തന്ത്ര്യാം. പ്രവേശോ നിഗ്രഹശ്ച. തത്ര പ്രവേശോ നാമാധരസ്വരപ്രകർഷാദുത്തരമാർദ്ദവാച്ച. നിഗ്രഹസ്ത്വസംസ്പർശഃ. മധ്യമസ്വരാസംസ്പർശഃ. മധ്യസ്വരസ്യ നിഗ്രഹഃ പ്രവേശോ വാ. പ്രയോക്തൃശ്രോതൃസുഖാത്ഥം താനമൂർച്ഛനാതത്വം. പ്രയോജനമപി സ്ഥാനപ്രാപ്തിഃ." എന്നു ഭരതമുനിവചനം.

"താനക്രിയാ ദ്വിധാ തന്ത്ര്യാം പ്രവേശാന്നിഗ്രഹാത്തഥാ
പ്രവേശോ ധ്വനിസാദൃശ്യമസംസ്പർശസ്തു നിഗ്രഹഃ."

എന്നു ദത്തിലമുനിവചനവുമുണ്ട്. മതംഗമുനിയാകട്ടെ പ്രവേശമെന്ന താനക്രിയയുടെ സ്വരൂപം മറെറാരു തരത്തിലാണ് പറയുന്നത്. ലോപിപ്പിക്കേണ്ട സ്വരസ്ഥാനത്തു കമ്പി പെട്ടെന്നു വലിച്ചു പിന്നത്തെ സ്വരത്തിലാക്കുക എന്നതാണ് പ്രകർഷണമെന്ന പ്രവേശക്രിയ. മാർദ്ദവമെന്ന പ്രവേശക്രിയ മുമ്പു കാണിച്ചവിധത്തിൽതന്നെ. നോക്കുക. "കഥമേഷാം താനാനാം പ്രയോഗഃ കാര്യ്യ ഇതി. ഉച്യതേ. ദ്വിവിധസ്താനപ്രയോഗഃ പ്രവേശേന നിഗ്രഹേണ ച. പ്രവേശ ഋഷഭാപേക്ഷയാ ഷഡ്ജസ്യാധരീഭൂതസ്യ ലോപനീയസ്യ വിപ്രകർഷപീഡനം. ഋഷഭാപാദനമിതി യാവൽ. ഇതി വിപ്രകർഷേണ പ്രവേശനം മാർദ്ദവേന

യഥാ —തസ്യൈവ ഷഡ്ജസ്യ നിഷാദാപേക്ഷയാ ഉത്തരീഭൂതസ്യ മാർദ്ദവം ശിഥിലീകരണം. നിഷാദാപാദനമിതി യാവൽ. ഇതി ദ്വിവിധം പ്രവേശനം. നിഗ്രഹസ്ത്വനന്തരസ്യ പരിത്യാഗാദസ്പർശനം.'' എന്നു മതംഗമുനിവചനം. മുനിമാരുടെ ഈ ഗ്രന്ഥങ്ങളാൽ താനമൂർച്ഛനകളുടെ പ്രയോഗങ്ങൾ പ്രധാനമായി വീണയിലാണുള്ളതെന്നും അതിനെ അനുകരിച്ചു മാത്രം വേണുശാരീരാദികളിലും ഏതാനുമൊക്ക വരുത്താമെന്നേയുള്ളൂ എന്നും സിദ്ധിക്കുന്നുണ്ടെന്ന സംഗതിയും ഗ്രഹിച്ചുകൊൾക.

മേൽപ്രകാരമുള്ള താനക്രിയകൾകൊണ്ടു ലോപിപ്പിച്ചു ഷാഡവിതകളോ ഔഡവിതകളോ ആക്കീട്ടുള്ള താനമൂർച്ഛനകളുടെ പ്രയോഗം വീണയിലും സപ്തസ്വരങ്ങളിൽ എല്ലാ സ്വരങ്ങളെസ്സംബന്ധിച്ചും സമ്പ്രദായപ്രസിദ്ധമല്ലെന്നും ഷഡ്ജഗ്രാമത്തിലും മധ്യമഗ്രാമത്തിലും ഭിന്നിന്ന സ്വരങ്ങൾ ലോപിച്ചിട്ടുള്ള ഷാഡവിതതാനമൂർച്ഛനകളും ഔഡ[illegible]താനമൂർച്ഛനകളും മാത്രമേയുള്ളൂ എന്നു വ്യവസ്ഥയുണ്ടെന്നും കാണിക്കുന്നു—

സൂ—തത്ര ഷഡ്ജഗ്രാമേ സരിപനിഷു മധ്യമഗ്രാമേ സരിഗേഷു ചാന്യതമസ്യൈവ പ്രതിമൂർച്ഛനം ലോപസ്സമ്പ്രദായസിദ്ധ ഇതി ഭരതാദയഃ ൪൨

ഭാ—ആ താനമൂർച്ഛനകളിൽ ഷഡ്ജഗ്രാമത്തിലെ ഏഴു മൂർച്ഛനകളിലും ഷഡ്ജം, ഋഷഭം, പഞ്ചമം, നിഷാദം ഈ നാലു സ്വരങ്ങളിലൊന്നിനേ ഷാഡവമാക്കുമ്പോൾ ലോപം സമ്പ്രദായസിദ്ധമായിട്ടുള്ളൂ. അപ്രകാരം മധ്യമഗ്രാമത്തിലെ ഏഴു മൂർച്ഛനകളിലും ഷഡ്ജം, ഋഷഭം, ഗാന്ധാരം ഈ മൂന്നു സ്വരങ്ങളിലൊന്നിനേ ഷാഡവമാക്കുമ്പോഴത്തെ ലോപവും സമ്പ്രദായസിദ്ധമായിട്ടുള്ളൂ. എന്നു വെച്ചാൽ ഷഡ്ജഗ്രാമമൂർച്ഛനകളിൽ ഷഡ്ജർഷഭപഞ്ചമനിഷാദങ്ങളിലേതെങ്കിലും ഒന്നു ലോപിപ്പിച്ചു ഷാഡവിതകളാക്കീട്ടുള്ള മൂർച്ഛനകളെയും മധ്യമഗ്രാമമൂർച്ഛനകളിൽ ഷഡ്ജർഷഭഗാന്ധാരങ്ങളിലൊന്നു ലോപിപ്പിച്ചിട്ടു ഷാഡവിതകളാക്കീട്ടുള്ള മൂർച്ഛനകളെയും മാത്രമേ താനമൂർച്ഛനകളായി പ്രാചീനസമ്പ്രദായപ്രകാരം ഗണിച്ചുവരുന്നുള്ളൂ. ഷഡ്ജഗ്രാമത്തിൽ ഗാന്ധാരമധ്യമധൈവതങ്ങളിലൊന്നു ലോപിപ്പിച്ചു ഷാഡവിതകളാക്കീട്ടുള്ള ഇരുപത്തൊന്നു മൂർച്ഛനകളെയും മധ്യമഗ്രാമത്തിൽ മധ്യമപഞ്ചമധൈവതനിഷാദങ്ങളിലൊന്നു ലോപിപ്പിച്ചു ഷാഡവിതകളാക്കീട്ടുള്ള ഇരുപത്തെട്ടു മൂർച്ഛനകളെയും താനമൂർച്ഛനകളായിഗ്ഗണിച്ചിട്ടില്ല എന്നർത്ഥം. ഇങ്ങനെയാണ് ഭരതമുനി മുതലായവർ വ്യവസ്ഥ ചെയ്തിട്ടുള്ളത്. "ഷഡ്ജർഷഭപഞ്ചമനിഷാദഹീനാശ്ചതസ്ത്രസ്താനാഃ ഷഡ്ജഗ്രാമേ. മധ്യമഗ്രാമേ തു ഷഡ്ജർഷഭഗാന്ധാരഹീനാസ്ത്രയസ്താനാഃ. ഏവമേതേ സർവ്വാസു മൂർച്ഛനാസു ക്രിയമാണാ ഭവന്ത്യേകോനപഞ്ചാശത്താനാഃ.'' എന്നു ഭരതസൂത്രം. "ഷഡ്ജർഷഭപഞ്ചമനിഷാദൈർഹീനാഃ ഷാഡ്ജഗ്രാമികാഃ ഷാഡവാഃ. ഷഡ്ജർഷഭഗാന്ധാരൈർഹീനാ മധ്യമഗ്രാമേ ഷാഡവാഃ''. എന്നു മതംഗസൂത്രവുമുണ്ട്. ഇങ്ങനെ ഷാഡവിതമൂർച്ഛനകളിൽ മേൽക്കാണിച്ച ഏഴു ഷാഡവിതകൾക്കു മാത്രം താനമൂർച്ഛനാസംജ്ഞയുള്ളതായി പ്രാചീനസമ്പ്രദായം വരുന്നതിന്നുള്ള യുക്തിയാകട്ടേ ഇതായിരിക്കണം. സമ, സപ, രിധ, ഗനി ഇവയാണല്ലോ പരസ്പരസംവാദമുള്ള ഈരണ്ടു സ്വരങ്ങൾ. അവയിൽ മധ്യമത്തിന്നും ധൈവതത്തിന്നും രണ്ടു ഗ്രാമത്തിലും ലോപമില്ല. പരസ്പരസംവാദമുള്ളവയിൽ സമകളിലൊന്നും രിധകളിലൊന്നും ഗനികളിലൊന്നും ആണ് ഇവയിൽ ലോപിപ്പിക്കുന്നത്. ഷഡ്ജഗ്രാമത്തിൽ ഷഡ്ജപഞ്ചമങ്ങൾക്കു സംവാദമുണ്ടെങ്കിലും ഷഡ്ജമധ്യമങ്ങൾക്കും സംവാദമുള്ളതിനാൽ ഷഡ്ജത്തിന്റെ സംവാദിയായ മധ്യമത്തെ നിർത്തി പഞ്ചമത്തെയും ലോപിപ്പിക്കുന്നു. ഇപ്രകാരം സപ്തസ്വരങ്ങളുടെ കാര്യം നിർവ്വഹിക്കാൻ സംവാദിസ്വരങ്ങൾ ഈ ഷാഡവിതകളിലുണ്ടെന്നുള്ള വിശേഷം ഇവക്കുണ്ട്.

സൂ—തഥാ ച ഷഡ്ജഗ്രാമേ ചതുഷ്ഷ്വേകൈകലോപാൽ പ്രതിമൂർച്ഛനം ചതസ്ര ഇത്യഷ്ടാവിംശതിമ്മധ്യമഗ്രാമേ ത്രിഷ്വേകൈകലോപാൽ തിസ്ര ഇത്യേകവിംശതിരിത്യേകോനപഞ്ചാശത്താനമൂർച്ഛനാഃ ഷാഡവിതാഃ. ൪൩

ഭാ—അതുപ്രകാരം ഷഡ്ജഗ്രാമത്തിലെ ഉത്തരമന്ദ്ര, രജനി തുടങ്ങിയ ഏഴു മൂർച്ഛനകളിലോരോന്നും ഷഡ്ജം, ഋഷഭം, പഞ്ചമം, നിഷാദം ഈ നാലു സ്വരങ്ങളിലോരോന്നു ലോപിക്കുന്നതിനാൽ നന്നാലു വിധത്തിൽ വരുന്നതാണ്. അങ്ങനെ ഷഡ്ജഗ്രാമത്തിൽ ഇരുപത്തെട്ടു താനമൂർച്ഛനകൾ ഷാഡവിതകളായിട്ടുണ്ട്. മധ്യമഗ്രാമത്തിലെ സൌവീരി, ഹരിണാശ്വ തുടങ്ങിയ ഏഴു മൂർച്ഛനകളിലോരോന്നും ഷഡ്ജഷഭഗാന്ധാരങ്ങൾ മൂന്നിലോരോന്നു ലോപിക്കുന്നതിനാൽ മുമ്മൂന്നുവിധം വരുന്നതാണ്. അങ്ങനെ മധ്യമഗ്രാമത്തിൽ ഇരുപത്തൊന്നു താനമൂർച്ഛനകളും ഷാഡവിതകളായിട്ടുണ്ട്. അപ്രകാരം രണ്ടു ഗ്രാമങ്ങളിലുംകൂടി നാല്പത്തൊമ്പതു ഷാഡവിതതാനമൂർച്ഛനകൾ വരുന്നതാണ്. എങ്ങനെയെന്നാൽ— ഷഡ്ജഗ്രാമത്തിലെ ഉത്തരമന്ദ്രയിൽ രിഗമപധനി, സഗമപധനി, സരിഗമധനി, സരിഗമപധ, രജനിയിൽ നിരിഗമപധ, നിസഗമപധ, നിസരിഗമധ, സരിഗമപധ. ഉത്തരായതയിൽ ധനിരിഗമപ, ധനിസഗമപ, ധനിസരിഗമ, ധസരിഗമപ, ശുദ്ധഷഡ്ജയിൽ പധനിരിഗമ, പധനിസഗമ, ധനിസരിഗമ, പധസരിഗമ. മത്സരീകൃതയിൽ മപധനിരിഗ, മപധനിസഗ, മധനിസരിഗ, മപധസരിഗ. അശ്വക്രാന്തയിൽ ഗമപധനിരി, ഗമപധനിസ, ഗമധനിസരി, ഗമപധസരി. അഭിരുദ്ഗതയിൽ രിഗമപധനി, ഗമപധനിസ, രിഗമധനിസ, രിഗമപധസ. ഇങ്ങനെ ഇരുപത്തെട്ട്. മധ്യമഗ്രാമത്തിലെ സൌവീരിയിൽ മപധനിരിഗ, മപധനിസഗ, മപധനിസരി. ഹരിണാശ്വയിൽ ഗമപധനിരി, ഗമപധനിസ, മപധനിസരി. കളോപനതയിൽ രിഗമപധനി, ഗമപധനിസ, രിമപധനിസ. ശുദ്ധമധ്യയിൽ രിഗമപധനി, സഗമപധനി, സരിമപധനി. മാർഗ്ഗീയിൽ നിരിഗമപധ, നിസഗമപധ, നിസരിമപധ. പൌരവിയിൽ ധനിരിഗമപ, ധനിസഗമപ, ധനിസരിമപ. ഹൃഷ്യകയിൽ പധനിരിഗമ, പധനിസഗമ, പധനിസരിമ. ഇങ്ങനെ ഇരുപത്തൊന്ന്. ഇവയിൽ ഉത്തരമന്ദ്രയിലെയും രജനിയിലെയും നിഷാദലോപമുള്ള മൂർച്ഛനകൾ രണ്ടും സരിഗമപധ എന്നാണെങ്കിലും ഉത്തരമന്ദ്രയിൽ മധ്യസ്ഥായിനിഷാദവും രജനിയിൽ മന്ദ്രസ്ഥായി നിഷാദവുമാണ് ലോപിച്ചിരിക്കുന്നതെന്നും അതിനാൽ സ്വരക്രമം രണ്ടിലും ഒന്നുതന്നെയാണെങ്കിലും രണ്ടും പ്രത്യേകമൂർച്ഛനകളിൽ ചേരുന്നവയായതിനാൽ വേറെത്തന്നെ ഗണിക്കേണ്ടതുണ്ടെന്നും ഗ്രഹിച്ചുകൊൾക. സ്വരക്രമം ഒന്നുതന്നെയായിട്ടുള്ള മററു താനമൂർച്ഛനകളുടെ സംഗതിയിലും അപ്രകാരംതന്നെ.

സൂ—ഔഡവിതാസ്തു ഷഡ്ജഗ്രാമേ സപഹീനാ രിപഹീനാ ഗനിഹീനാശ്ച പ്രതിമൂർച്ഛനം ത്രിവിധാഃ. മധ്യമഗ്രാമേ രിധഹീനാ ഗനിഹീനാശ്ച ദ്വിവിധാ ഇതി പഞ്ചത്രിംശദേവ സാമ്പ്രദായികതയാ നിയമിതാഃ. ൪൪

ഭാ—ഔഡവിതമൂർച്ഛനകളിലാകട്ടെ ഷഡ്ജഗ്രാമത്തിലെ ഏഴു മൂർച്ഛനകളിലോരോന്നും മുപ്പത്തൊമ്പതാം സൂത്രത്തിൻെറ ഭാഷ്യത്തിൽ വിവരിച്ചപ്രകാരം ഇരുപത്തൊന്നുതരത്തിൽ വരുന്നതിനാൽ ശുദ്ധസ്വരഘടിതകളായ ഏഴു മൂർച്ഛനകളിൽത്തന്നെ നൂററിനാല്പത്തേഴ് ഔഡവിതകൾ വരും. അപ്രകാരം നൂററിനാല്പത്തേഴു മധ്യമഗ്രാമത്തിലും വരും. അവയിൽ ഷഡ്ജപഞ്ചമങ്ങൾ ലോപിച്ച ഔഡവിതയെയും ഋഷഭപഞ്ചമങ്ങൾ ലോപിച്ച ഔഡവിതയെയും ഗാന്ധാരനിഷാദങ്ങൾ ലോപിച്ച ഔഡവിതയെയുമായി മൂന്ന് ഔഡവിതക

ളെ മാത്രമേ ഷഡ്ജഗ്രാമമൂർച്ഛനകളിലോരോന്നിലും താനമൂർച്ഛനകളായി കീഠംനടപ്പനുസരിച്ച ഗണിച്ചിട്ടുള്ളൂ. മധ്യമഗ്രാമമൂർച്ഛനകളിലും ഋഷഭധൈവതങ്ങഠം ലോപിച്ച ഔഡവിതയും ഗാന്ധാരനിഷാദങ്ങഠം ലോപിച്ച ഔഡവിതയുമായി രണ്ടൌഡവിതകളെ മാത്രമേ ഓരോന്നിലും താനമൂർച്ഛനകളായിഗ്ഗണിച്ചിട്ടുള്ളൂ. അങ്ങനെ ഷഡ്ജഗ്രാമത്തിൽ ഇരുപത്തൊന്നും മധ്യമഗ്രാമത്തിൽ പതിന്നാലുമായി മുപ്പത്തഞ്ച് ഔഡവിതതാനമൂർച്ഛനകഠം മാത്രമാണ് മാർഗ്ഗപ്രസ്ഥാനത്തിൽ സമ്പ്രദായസിദ്ധമായിട്ടുള്ളതെന്നു ഭരതമുനി മുതലായ ചിരന്തനാചാര്യന്മാർ നിയമിച്ചിരിക്കുന്നു. "ഷഡ്ജപഞ്ചമഹീനാ ഋഷഭപഞ്ചമഹീനാ ഗാന്ധാരനിഷാദഹീനാ ഇതി ത്രയസ്താനാഃ ഷഡ്ജഗ്രാമേ. മധ്യമഗ്രാ മേതു ധൈവതഷഭഹീനോ നിഷാദഗാന്ധാരഹീന ഇതി ദ്വൌ താനൌ. ഏവം പഞ്ച സ്വരാസ്സപ്താസു മൂർച്ഛനാസു ക്രിയമാണാസ്താനാഃ പഞ്ചത്രിംശദ് ഭവന്തി. ഷഡ്ജഗ്രാമ ഏകവിംശതിർമ്മധ്യമഗ്രാമേ ചതുർദ്ദശ." എന്നു ഭരതമുനിഗ്രന്ഥം.

"പഞ്ചമഷഡ്ജവിഹീനാ ദ്വിശ്രുതികാഭ്യാം വിഹീനാ ച
പഞ്ചമരിഷഭവിഹീനാഷഡ്ജ ഗ്രാമേ ഭവന്തി ചൌഡവിതാഃ
ധൈവതരിഷഭവിഹീനാ ദ്വിശ്രുതികാഭ്യാം വിഹീനാസ്താഃ
ജ്ഞേയാഃ പഞ്ചസ്വരകാ ഭവന്തി ഖലുമധ്യമഗ്രാമേ."

എന്നു മതംഗമുനിഗ്രന്ഥവുമുണ്ട്. അതുപ്രകാരം ഷഡ്ജഗ്രാമത്തിലെ ഉത്തരമന്ദ്രയിൽ രിഗമധനി, സഗമധനി, സരിമപധ. രജനിയിൽ നിരിഗമധ, നിസഗമധ, സരിമപധ. ഉത്തരായതയിൽ ധനിരിഗമ, ധനിസഗമ, ധസരിമപ. ശുദ്ധഷഡ്ജയിൽ ധനിരിഗമ, ധനിസഗമ, പധസരിമ. മത്സരീകൃതയിൽ മധനിരിഗ, മധനിസഗ, മപധസരി. അശ്വക്രാന്തയിൽ ഗമധനിരി, ഗമധനിസ, മപധസരി, അഭിരുദ്ഗതയിൽ രിഗമധനി, ഗമധനിസ, രിമപധസ. ഇങ്ങനെ ഇരുപത്തൊന്ന് ഔഡവിതതാനമൂർച്ഛനകഠം. മധ്യമഗ്രാമത്തിലെ സൌവീരിയിൽ മപനിസഗ, മപധസരി. ഹരിണാശ്വയിൽ ഗമപനിസ, മപധസരി. കളോപനതയിൽ ഗമപനിസ, രിമപധസ. ശുദ്ധമധ്യയിൽ സഗമപനി, സരിമപധ. മാർഗ്ഗിയിൽ നിസഗമപ, സരിമപധ. പൌരവിയിൽ നിസഗമപ, ധസരിമപ. ഹൃഷ്യകയിൽ പനിസഗമ, പധസരിമ. ഇങ്ങനെ പതിന്നാല്. രണ്ടുഗ്രാമങ്ങളിലുമായി ഇപ്രകാരം മുപ്പത്തഞ്ച് ഔഡവിതതാനമൂർച്ഛനകളാണ് സമ്പ്രദായസിദ്ധങ്ങളായിട്ടുള്ളത്. ഇവയിലും സ്വരക്രമം ഒരുപോലെ വരുന്ന മൂർച്ഛനകഠം തമ്മിലുള്ള വ്യത്യാസം ലോപിക്കുന്ന സ്വരത്തിന്റെ സ്ഥായിഭേദംകൊണ്ടും സപ്തസ്വരമൂർച്ഛനകഠം തമ്മിൽ ഭേദമുള്ളതിനാൽ ഓരോ ഔഡവിതമൂർച്ഛനകഠം ഓരോന്നിൽ ചേർന്നവയാണെന്നുള്ളതുകൊണ്ടുമാണെന്നറിഞ്ഞുകൊഠംക. അതുപോലെ ഗ്രാമഭേദത്തെക്കാണിക്കുന്ന പഞ്ചമം ലോപിച്ചിട്ടുള്ള ഷഡ്ജഗ്രാമത്തിലെ ഔഡവിതതാനമൂർച്ഛനകഠംക്ക മധ്യമഗ്രാമീയതാന മൂർച്ഛനകളിൽനിന്നുള്ള വ്യത്യാസം മധ്യമഗ്രാമത്തിൽ പഞ്ചമലോപമുള്ള ഔഡവിതതാനമൂർച്ഛനകളില്ലെന്നുള്ള സംഗതി തന്നെ കാണിക്കുന്നതാണെന്നും ഗ്രഹിച്ചുകൊഠംക. ഔഡവിതമാക്കുമ്പോഴാകട്ടേ ഔഡവിതത്തിലുഠംപ്പെട്ട സ്വരത്തിന്റെ സംവാദിസ്വരത്തെയെന്നപോലെ അനുവാദിസ്വരത്തെയും രണ്ടു പരസ്പരസംവാദികളെത്തന്നെയും ലോപിപ്പിക്കാവുന്നതാണെന്നു മേൽക്കാണിച്ച ലോപസ്ഥിതിയിൽനിന്നു ഗ്രഹിക്കാവുന്നതാണ്. "സംവാദിലോപാദൌഡവിതത്വമിതി പ്രായികം. കച്ചിദനുവാദിലോപാദൌഡവിതത്വം ഭവത്യേവ." എന്നു മതംഗമുനിവചനവുമുണ്ട്.

സൂ—ഇത്ഥം ഷാഡവൌഡവിതാസ്താനമൂർച്ഛനാശ്ചതുരശീതിഃ. ൪൯

ഭാ—മേൽവിവരിച്ചപ്രകാരം ഷാഡവിതതാനമൂർച്ഛനകൾ രണ്ടുഗ്രാമങ്ങളിലുമായി നാല്പത്തൊമ്പതും ഔഡവിതതാനമൂർച്ഛനകൾ രണ്ടുഗ്രാമങ്ങളിലുമായി മുപ്പത്തഞ്ചുംകൂടി എൺപത്തിനാലു താനമൂർച്ഛനകളാണ് സമ്പ്രദായസിദ്ധമായിട്ടുള്ളതെന്നാണ് ഭരതാദിമുനിമാരുടെ മതം. "തത്ര മൂർച്ഛനാതാനാശ്ചതുരശീതിഃ. ഏകോനപഞ്ചാശൽ ഷട്സ്വരാഃ പഞ്ചത്രിംശൽ പഞ്ചസ്വരാഃ." എന്നു ഭരതസൂത്രം. ഈ സംഖ്യാവ്യവസ്ഥാപനംകൊണ്ടു തന്നെ അമ്പത്താറു പൂർണ്ണമൂർച്ഛനകളിൽ രണ്ടുഗ്രാമത്തിലെയും ഏഴേഴു ശുദ്ധസ്വരഘടിത മൂർച്ഛനകൾ മേൽപ്രകാരം ഷാഡ്വിതകളോ ഔഡവിതകളോ ആയാലേ താനമൂർച്ഛനകളാവുള്ളു എന്നും അർത്ഥസിദ്ധമായി. കാകളീഘടിതകളോ അന്തരഗാന്ധാരഘടിതകളോ ഉഭയഘടിതകളോ കൂടി മേൽപ്രകാരം ഷാഡവൌഡവിതകളാകുന്നതും താനമൂർച്ഛനകളാണെങ്കിൽ അവയുടെ സംഖ്യ എമ്പത്തിനാലിൽ വളരെയധികം വരുന്നതാണല്ലോ. അതുകൊണ്ടുതന്നെയാണ് ഓരോ ഷാഡവിതയെയും ഔഡവിതയെയും ഏഴു മൂർച്ഛനകളിൽ ചേരുന്നതായിമാത്രം ഗണിച്ചിരിക്കുന്നതും.

സൂ—ശാർങ്ഗദേവഃ ഷഡവൌഡവിതാഃ ശുദ്ധാമൂർച്ഛനാഃ ശുദ്ധതാനാ ഇത്യാഹ. പരേ തു തഥാ വിധാ ആരോഹേണ മൂർച്ഛനാ അവരോഹേണ താനാ ഇത്യാഹുഃ. വിശൃംഖലാഃ പുനസ്സർവ്വാ അപി ഷാഡവൌഡവിതാ മൂർച്ഛനാസ്താനാ ഏവേതി താദൃശതാനമൂർച്ഛനയോന്ന ഭേദ ഇതി വദന്തി. ൫൦

ഭാ—നിശ്ശങ്കശാർങ്ഗദേവനാകട്ടെ, ഷാഡവിതകളോ ഔഡവിതകളോ ആയ മേൽപ്പറഞ്ഞ എമ്പത്തിനാലു ശുദ്ധസ്വരഘടിതമൂർച്ഛനകളും ശുദ്ധതാനങ്ങളാണെന്നു പറഞ്ഞിരിക്കുന്നു. എന്നുവെച്ചാൽ, ശുദ്ധതാനങ്ങളെന്നും കൂടതാനങ്ങളെന്നും താനങ്ങൾ രണ്ടുവകയായിട്ടുണ്ട്. ക്രമപ്രകാരമല്ലാതെ സഗരി, രിസഗ എന്ന മാതിരിയിൽ വ്യുൽക്രമഘടിതസ്വരങ്ങളായിട്ടുള്ളതെല്ലാം കൂടതാനങ്ങൾ. അവ വളരെയധികം സംഖ്യ വരുന്നതാണ്.

"ക്രമമുത്സൃജ്യ തന്ത്രീണാം തനനൈർമ്മൂർച്ഛനാസ്തുയാഃ
പൂർണ്ണാശ്ചൈവാപ്യപൂർണ്ണാശ്ച കൂടതാനാസ്തു തേ സ്മൃതാഃ.
പൂർണ്ണാഃ പഞ്ച സഹസ്രാണി ത്രയസ്ത്രിംശച്ച സംഖ്യയാ."

എന്ന മതിലമുനിവചനപ്രകാരം പൂർണ്ണകൂടതാനങ്ങൾതന്നെ അയ്യായിരത്തിമുപ്പത്തിമൂന്നുണ്ട്. അപൂർണ്ണകൂടതാനങ്ങൾ അതിന്നുപുറമെയും. ശുദ്ധതാനങ്ങളാകട്ടെ മേൽക്കാണിച്ച എമ്പത്തിനാലു ഷാഡവൌഡവിതകളും ശുദ്ധസ്വരഘടിതകളുമായ മൂർച്ഛനകളാണ് എന്നാണ് നിശ്ശങ്കൻ പറയുന്നതെന്നർത്ഥം.

"താനാസ്സ്യുർമ്മൂർച്ഛനാഃ ശുദ്ധാഃ ഷാഡവൌഡവിതീകൃതാഃ
ഷഡ്ജഗാസ്സപ്തഹീനാശ്ചേൽ ക്രമാത്സരിഗസപ്തമൈഃ
തദാഷ്ടാവിംശതിസ്താനാ മധ്യമേ സരിഗോജ്ഝിതാഃ."

എന്നു തുടങ്ങിയ നിശ്ശങ്കഗ്രന്ഥം നോക്കുക. എന്നാൽ ശുദ്ധസ്വരഘടിതകളല്ലാതെ കാകളീനിഷാദാന്തരഗാന്ധാരഘടിതകളായിട്ടുള്ള ഷാഡവൌഡവീകൃതകളും സ്വരക്രമത്തിലാണെങ്കിൽ കൂടതാനങ്ങളാവില്ല. വ്യുൽക്രമസ്വരഘടിതങ്ങളായാലേ കൂടതാനങ്ങളാവുള്ളു. അതുകൊണ്ടു കാകള്യന്തരഘടിതകളും സരിപനികളല്ലാത്ത മററു സ്വരം ലോപിച്ച ഷാഡൌവൌഡവീകൃതകളും എല്ലാം ശുദ്ധതാനങ്ങളായിത്തന്നെ ഗണിക്കേണ്ടവയാണ്. മേൽപ്പറഞ്ഞ താനമൂർച്ഛനകളെ പ്രാചീനമുനിമാർ പ്രത്യേകം ഗണിച്ചിരിക്കുന്നതാകട്ടെ ശുദ്ധതാനങ്ങളെന്ന

ന്നിലക്കല്ല. ആ വക താനമൂർച്ഛനകളിലെ സ്വരക്രമങ്ങൾ ചേർത്തു ചില യജ്ഞങ്ങളിൽ ദേവന്മാരെ സ്തുതിക്കുന്നതു സമ്പ്രദായസിദ്ധമാണെന്നും മററു ശുദ്ധതാനസ്വരക്രമങ്ങളിൽ ആ വിശേഷമില്ലെന്നുമുള്ള പ്രത്യേകതകൊണ്ടാണ്. അതിനാലാണ് അവക്കു താനങ്ങൾ എന്നു മാത്രമല്ലാതെ താനമൂർച്ഛനകൾ എന്നും മൂർച്ഛനാതാനങ്ങൾ എന്നും പ്രത്യേകസംജ്ഞ നിർദ്ദേശിച്ചിട്ടുള്ളതും.

"അഗ്നിഷ്ടോമാദിനാമാനസ്ത ഉക്താ നാരദാദിഭിഃ
ദേവാരാധനയോഗേന തേ പുണ്യോൽപാദകായതഃ."

എന്ന ദത്തിലമുനിവചനം നോക്കുക. അതിലും ഇന്നിന്ന താനമൂർച്ഛനകൾക്ക് ഇന്നിന്ന യജ്ഞങ്ങളിലാണ് ഉപയോഗമെന്നു കാണിപ്പാനായി ഓരോ താനമൂർച്ഛനകൾക്കും ഓരോ യജ്ഞനാമങ്ങളും "അഗ്നിഷ്ടോമോത്യഗ്നിഷ്ടോമോ വാജപേയോഥ ഷോഡശീ" ഇത്യാദി ഗ്രന്ഥങ്ങളാൽ മതംഗാദിമുനിമാർ കാണിച്ചിട്ടുമുണ്ട്. വിസ്തരഭയത്താൽ അതിവിടെ വിവരിക്കുന്നില്ല. അതിനാൽ ശാർങ്ഗദേവന്റെ മേൽകാണിച്ച അഭിപ്രായം ചിന്തനീയമായിരിക്കുന്നു. മററു ചിലരാകട്ടേ ഷാഡവൌഡവീകൃതകളായി മേൽപ്പറഞ്ഞ വിധത്തിലുള്ള സ്വരക്രമങ്ങളിൽ ആരോഹണക്രമം മൂർച്ഛനകളും അവരോഹണക്രമം താനങ്ങളുമാണെന്നു പറയുന്നു. സപ്തസ്വരഘടിതകളിൽ ആരോഹാവരോഹങ്ങൾ രണ്ടും മൂർച്ഛനകളായിരിക്കെ ഷട്സ്വരഘടിതകളിലും പഞ്ചസ്വരഘടിതകളിലും അപ്രകാരമല്ലെന്നു പറയുന്നതു യുക്തമായിരിക്കയില്ല. പ്രാചീനസമ്പ്രദായത്തെ വകവെക്കാത്ത വിശൃംഖലന്മാരാകട്ടേ മൂർച്ഛനകളും താനങ്ങളും തമ്മിൽ വ്യത്യാസമില്ലെന്നും അതിനാൽ മൂർച്ഛനകളെല്ലാംതന്നെയും താനങ്ങളാണെന്നും പറയുന്നു. "നനു മൂർച്ഛനാതാനയോഃ കൊ ഭേദഃ. ഉച്യതേ. മൂർച്ഛനാതാനയോന്ന വസ്ത്വന്തരത്വമിതി വിശൃംഖലാഃ തദസംഗതം. ഭേദസ്യ പ്രതിപാദിതത്വാൽ." എന്നു മതംഗമുനിഗ്രന്ഥം.

ഇനി സപ്തസ്വരഘടിതമൂർച്ഛനകളെപ്പോലെ ഷട്സ്വരഘടിതകളും പഞ്ചസ്വരഘടിതകളുമായിട്ടും മൂർച്ഛനകൾ വരാമെങ്കിൽ തുല്യയുക്തിയാൽ രണ്ടും മൂന്നും നാലും സ്വരങ്ങൾ മാത്രം ചേർന്നിട്ടുള്ള മൂർച്ഛനകളും ഉണ്ടാകാമല്ലോ എന്ന ശങ്കയെപ്പരിഹരിക്കുന്നു—

സൂ—ഏകാദിചതുരന്തസ്വരാണാമാർച്ചികഗാഥികസാമികസ്വരാന്തരസംജ്ഞാനാം യോഗാ രാഗാനുന്നായകത്വാദമൂർച്ഛനാഃ. ൪൯

ഭാ—ഒരു സ്വരംതന്നെ പ്രയോഗിക്കുന്നതിന്ന് ആർച്ചികമെന്നും രണ്ടു സ്വരങ്ങൾ മാത്രം പ്രയോഗിക്കുന്നതിന്നു ഗാഥികമെന്നും സ്വരത്രയപ്രയോഗത്തിന്നു സാമികമെന്നും സ്വരചതുഷ്ടയപ്രയോഗത്തിന്നു സ്വരാന്തരമെന്നും പാരിഭാഷികസംജ്ഞകൾ.

"ആർച്ചികോ ഗാഥികശ്ചൈവ സാമികശ്ച സ്വരാന്തരഃ
ഔഡവഃ ഷാഡവശ്ചൈവ സമ്പൂർണ്ണശ്ചേതി സപ്തധാ.
ഏകസ്വരപ്രയോഗോ യ ആർച്ചികസ്സോഭിധീയതേ
ഗാഥികോ ദ്വിസ്വരോ ജ്ഞേയസ്ത്രിസ്വരശ്ചൈവസാമികഃ
ചതുസ്വരപ്രയോഗസ്തു കഥിതോ ഹി സ്വരാന്തരഃ
ഔഡവഃ പഞ്ചഭിർജ്ഞേയഃ ഷാഡവഃ ഷട്സ്വരൈർമ്മതഃ
സപ്തഭിശ്ചാപി സമ്പൂർണ്ണോ ലക്ഷണം സപ്തധാ മതം."

എന്നു ശ്രീനാരദമുനിവചനം. ഇവയിൽ ഒന്നു മുതൽ നാലുവരെ സ്വരങ്ങൾ ചേർന്നാലും ആ സ്വരയോഗങ്ങൾക്ക് ഒരു രാഗത്തെയും ഉന്നയിപ്പാൻ സാധിക്കുന്നതല്ല. അതിന്നു ചുരു

ങ്ങിയത് അഞ്ചു സ്വരങ്ങളെങ്കിലും ഉണ്ടായിരിക്കണം. അതുകൊണ്ടു നാലുവരെ സ്വരങ്ങൾ ചേർന്നിട്ടുള്ള ക്രമികങ്ങളോ ലുപ്തങ്ങൾ കലർന്നതോ ആയ യോഗങ്ങൾ മൂർച്ഛനകളാകയില്ല.

ഇനി ദക്ഷിണപ്രസ്ഥാനത്തിലെ മൂർച്ഛനകളുടെ സ്വരൂപം വിവരിക്കുന്നു—

സൂ—ദക്ഷിണേ തു സാദിസാന്താദ്യാഃ സ്ഥാനദ്വയവ്യാപ്താസ്സ്വരാഷ്ടകഘടിതാസ്സപ്ത മൂർച്ഛനാസ്സമ്പ്രദായസിദ്ധാഃ. ൪൫

ഭാ—ദക്ഷിണപ്രസ്ഥാനത്തിലാകട്ടേ മധ്യസ്ഥായിഷഡ്ജം മുതൽ താരഷഡ്ജത്തോടുകൂടിയതു മുതൽ തുടങ്ങിയവയും രണ്ടു സ്ഥായികളിൽ വ്യാപിച്ച സ്വരങ്ങളുള്ളവയും ഓരോന്നിലും എട്ടു സ്വരങ്ങൾ ചേർന്നവയുമായ ഏഴു മൂർച്ഛനകളാണ് സമ്പ്രദായപ്രകാരം പ്രസിദ്ധങ്ങളായിട്ടുള്ളത്. എങ്ങനെയെന്നാൽ—സരിഗമപധനിസ, നിസരിഗമപധനി, ധനിസരിഗമപധ, പധനിസരിഗമപ, മപധനിസരിഗമ, ഗമപധനിസരിഗ, രിഗമപധനിസരി ഇങ്ങനെ ഒരു സ്വരംതന്നെ രണ്ടു സ്ഥായികളിലായി ആരംഭാവസാനങ്ങളിൽച്ചേർന്ന് എട്ടെട്ടു സ്വരങ്ങൾ ഘടിച്ചിട്ടുള്ള ഏഴു മൂർച്ഛനകളാണ് പരമ്പരവഴിക്കു പ്രസിദ്ധങ്ങളായിട്ടുള്ളത് എന്നർത്ഥം.

സ്വരങ്ങൾ ഏഴു മാത്രമായിരിക്കെ സ്ഥായിഭേദത്തെ അവലംബിച്ച് ആരംഭത്തിലെ സ്വരത്തെ അവസാനത്തിലും ചേർത്തു മൂർച്ഛനകളിൽ എട്ടെട്ടു സ്വരങ്ങളെ ഘടിപ്പിക്കുന്നതിന്നുള്ള കാരണം കാണിക്കുന്നു—

സൂ—കാലഗുണസ്വഭാവാനുഗുണ്യാത്തഥാസിദ്ധിഃ. ൪൬

ഭാ—മാർഗ്ഗത്തിലെ മൂർച്ഛനകളിൽ ഏഴേഴു സ്വരങ്ങളായിരിക്കെ ദക്ഷിണത്തിൽ എട്ടെട്ടു സ്വരങ്ങൾ ചേർന്ന മൂർച്ഛനകൾ സമ്പ്രദായസിദ്ധമാകാനുള്ള കാരണമാകട്ടേ, ഏഴു സ്വരങ്ങളുടെ ഉച്ചാരണങ്ങൾക്കുവേണ്ടിവരുന്ന കാലത്തെ അപേക്ഷിച്ച് എട്ടു സ്വരങ്ങൾ ഉച്ചരിപ്പാൻ വേണ്ടിവരുന്ന കാലമാണ് കാലഗുണത്തിൻെറ സ്വഭാവത്തിന്ന് അധികം യോജിച്ചിരിക്കുന്നതെന്ന സംഗതിയാണ്. എങ്ങനെയെന്നാൽ—ഒരു ലഘ്വക്ഷരം വേഗത്തിൽ ഉച്ചരിപ്പാൻ വേണ്ടിവരുന്ന കാലത്തിന്ന് ഒരക്ഷരകാലമെന്നു പറയുന്നു. സംഖ്യകൾ ഇരട്ടിക്കുന്നതിൻെറ സ്വഭാവം ഒന്ന്, രണ്ട്, നാല്, എട്ട്, പതിനാറ് എന്നീ ക്രമത്തിലാണെന്നതുപോലെ അക്ഷരകാലം ഇരട്ടിക്കുന്നതും ഒരക്ഷരകാലം, രണ്ടക്ഷരകാലം, നാലക്ഷരകാലം, എട്ടക്ഷരകാലം, പതിനാറക്ഷരകാലം എന്ന ക്രമത്തിലാണ് സ്വാഭാവികമായിട്ടുള്ളത്. രണ്ട്, നാല്, എട്ട് എന്നീവക സംഖ്യകൾക്കു സമസംഖ്യകളെന്നും മൂന്ന്, അഞ്ച്, ഏഴ് എന്നീവക സംഖ്യകൾക്കു വിഷമസംഖ്യകളെന്നും പറയുന്നതുപോലെ രണ്ടക്ഷരകാലം, നാലക്ഷരകാലം, എട്ടക്ഷരകാലം ഇവകൾ സമകാലങ്ങളെന്നും മൂന്നക്ഷരകാലം അഞ്ചക്ഷരകാലം, ഏഴക്ഷരകാലം ഇവകൾ വിഷമകാലങ്ങളെന്നും പറയാറുണ്ട്. ആറ് എന്ന സംഖ്യയെ സമസംഖ്യകളുടെ കൂട്ടത്തിൽ ചേർക്കാറുണ്ടെങ്കിലും വിഷമസംഖ്യയുടെ ഇരട്ടിയായതിനാൽ അക്ഷരകാലത്തെപ്പററിയേടത്തോളം തുല്യമാനമായ ഇരട്ടിക്കാലമല്ലാത്തതുകൊണ്ട് ആറക്ഷരകാലത്തെയും വിഷമാക്ഷരകാലമായിട്ടാണ് താളമാനത്തിൻെറ അംഗമായ മാത്രയുടെ വിഷയത്തിൽ ദക്ഷിണപ്രസ്ഥാനപ്രകാരം ഗണിച്ചുവരുന്നത്. നാലക്ഷരം ഒരുമാത്ര എന്നാണ് സാമാന്യമായ നിയമം. അതിൻെറ ഇരട്ടിയും രണ്ടിരട്ടിയും മററുമാണ് ആ സാമാന്യനിയമത്തിലുൾപ്പെടുന്നതും. വിഷമാക്ഷരകാലത്തിന്നു കേരളഭാഷയിൽ കൂറ് എന്നു പേർ പറയാറുണ്ട്. സമകാലത്തിൻെറ വിഷമസംഖ്യാഘടിതമായ അംശം എന്നാണ് അതിന്നു

ത്ഥം. ഝമ്പക്കൂറ്, പഞ്ചാരിക്കൂറ്, അടന്തക്കൂറ് എന്നിവക ശബ്ദങ്ങൾ നോക്കുക. അതിൽ സമാക്ഷരകാലങ്ങൾ സ്വാഭാവികങ്ങളും അതിനാൽ ഒന്നിനോടൊന്നു തുല്യമാണെന്ന സംഗതി ഗ്രഹിപ്പാൻ എളുപ്പമുള്ളവയുമാണ്. വിഷമകാലങ്ങൾ കല്പിതങ്ങളും ഒന്നിനോടൊന്നിനുള്ള കാലപ്രമാണതുല്യത ഗ്രഹിപ്പാൻ അല്പം മനസ്സിരുത്തേണ്ടവയുമാണ്. അങ്ങനെയുള്ള കാലമാനസ്വാഭാവികതതന്നെയാണ് എട്ടക്ഷരകാലമോ നാലക്ഷരകാലമോ ചേൎന്ന മാത്രകൾ എട്ടുള്ളതായ ഝമ്പടതാളത്തെ, അതായത് ചതുരശ്രജാതിത്രിപുടതാളത്തെ, താളങ്ങളിൽ ആദ്യത്തേതും എല്ലാതാളഭേദങ്ങളിലും വ്യാപിച്ചിരിക്കുന്നതുമായ ഏകതാളമൊഴിച്ചു മററു താളങ്ങളിൽ ഒന്നാമത്തേതായിഗ്ഗണിപ്പാനും ആ വഴിക്ക് ആദിതാളമെന്ന് അതിന്നു പേർ കൊടുപ്പാനും നിമിത്തം. എന്നുതന്നെയുമല്ല, അതിവിളംബിതകാലം അവലംബിച്ചുള്ള വാദ്യപ്രയോഗങ്ങളിലും സംഗീതപ്രയോഗങ്ങളിലും അടന്തമുതലായ മററു താളങ്ങളെയും ഝമ്പടയുടെ കാലമാനത്തിലോ അതിൻെറ അൎദ്ധമാനത്തിലോ അംശിച്ചു മേളം ചേൎത്തു പ്രയോഗിച്ചു വരുന്നതും ഒടുവിൽ മാത്രം അതാതു താളത്തിനൊക്കുന്നവിധം മാത്രകൾ ശരിയാക്കി പൂൎത്തിവരുത്തുന്നതും എട്ടുമാത്രകൾ കാലമാനമായ ഝമ്പടതാളത്തിൻെറ ഗ്രഹണസൌകൎയ്യമുണ്ടാക്കുന്ന സ്വാഭാവികതകൊണ്ടുതന്നെയാണ്. ഇങ്ങനെ കാലമാനത്തിൻെറ ഇരട്ടിപ്പിന്നു സ്വാഭാവികമായി യോജിച്ചിരിക്കുന്നതും അതിനാൽ കാലാനുസൃതമായ ഗ്രഹണത്തിന്നും പരിചയത്തിന്നും സൌകൎയ്യം കൂടിയിരിക്കുന്നതും ഏഴക്ഷരകാലമുള്ളതിനേക്കാൾ എട്ടക്ഷരകാലമുള്ളതിന്നാകയാലാണ് മൂൎച്ഛനകളിൽ ആദ്യത്തെ സ്വരങ്ങളെ സ്ഥായിഭേദമവലംബിച്ച് അവസാനത്തിലും ചേൎത്ത് എട്ടു സ്വരങ്ങൾ ഘടിപ്പിച്ചിട്ടുള്ള മൂൎച്ഛനകൾ ദക്ഷിണപ്രസ്ഥാനത്തിൽ ഏൎപ്പെടുത്തീട്ടുള്ളത് എന്നു ചുരുക്കം.

വേറെയും കാരണം കാണിക്കുന്നു—

സൂ—സ്ഥാനപ്രാപ്തി സൌകൎയ്യാതസദ്വ്യാസാം സ്ഥായിദ്വയവ്യാപ്തൃത്വാത്ഥം തഥാച്ച. ൫൦

ഭാ—ഒരേ സ്വരത്തിന്നുതന്നെ സ്ഥായിഭേദംകൊണ്ടു വരുന്ന വ്യത്യാസത്തിൽ പരിചയം സിദ്ധിക്കുന്നതിന്നുള്ള സൌകൎയ്യവും ആരംഭാവസാനങ്ങളിൽ സ്ഥായിഭേദം മാത്രമുള്ള ഒരേ സ്വരം ചേൎന്ന മൂൎച്ഛനകളായാലാണ് അധികമുള്ളത്. സ്വരവിശേഷങ്ങളുടെ സ്ഥാനവിശേഷപരിചയം വഴിക്കു പ്രയോക്താവിന്നും ശ്രോതാവിന്നും സുഖവിശേഷമുണ്ടാക്കിത്തീൎക്കുകയാണ് മൂൎച്ഛനകളുടെ പരമപ്രയോജനമെന്നും സ്ഥാനപരിചയസിദ്ധിയാണ് പ്രഥമ പ്രയോജനമെന്നും ഭരതമുനിതന്നെ "പ്രയോക്തൃശ്രോതൃസുഖാൎത്ഥം താനമൂൎച്ഛനാതത്വം. മൂൎച്ഛനാപ്രയോജനമപിസ്ഥാനപ്രാപ്തിഃ." എന്ന സൂത്രങ്ങളാൽ പ്രതിപാദിച്ചിട്ടുണ്ട്. അതിന്നുംപുറമെ എല്ലാ മൂൎച്ഛനകളും രണ്ടു സ്ഥായിയിൽ വ്യാപിച്ചിരിക്കുന്നതിന്നും എട്ടു സ്വരങ്ങളെങ്കിലും അതിലുണ്ടായിരിക്കേണ്ടതാണ്. അല്ലെങ്കിൽ ഉത്തരമന്ദ്ര എന്ന ആദ്യത്തെ മൂൎച്ഛനയിൽ മദ്ധ്യസ്ഥായിയിലെ സ്വരങ്ങൾ മാത്രമേ ഉണ്ടായിരിക്കയുള്ളുവല്ലോ. അപ്പോൾ ഏഴു മൂൎച്ഛനകളും കൂടി മന്ദ്രമദ്ധ്യസ്ഥായികളിൽ മാത്രം വ്യാപിച്ചതായിട്ടാണിരിക്കുക. താരസ്ഥായിയിലെ ഒരു സ്വരവും അവയിലുൾപ്പെടില്ല, എട്ടു സ്വരങ്ങൾ ചേൎന്ന മൂൎച്ഛനകളാണെങ്കിലാകട്ടെ ഉത്തരമന്ദ്രാമൂൎച്ഛനമദ്ധ്യഷഡ്ജം മുതൽ താരഷഡ്ജംവരെയായി വരുന്നതിനാൽ സപ്തമൂൎച്ഛനകൾ മൂന്നു സ്ഥായികളിലും ഉൾപ്പെട്ട സ്വരങ്ങളുൾപ്പെട്ടവയായിത്തീരുകയും ചെയ്യും. അങ്ങനെയായാൽ "തത്രമൂൎച്ഛനാ നിൎദ്ദേശഃ സ്ഥാനത്രിതയപ്രാപ്തൃത്വാത്ഥമിതി" എന്നുള്ള മതംഗമുനിവചനവും സംഗതമാകുന്നതാണ്. പന്തിരണ്ടു സ്വരങ്ങൾ ചേൎന്നിട്ടാണ് മൂൎച്ഛനകൾ വേണ്ടതെന്നിങ്ങനെ,

"ദ്വാദശസ്വരസമ്പന്നാ ജ്ഞാതവ്യാ മൂർച്ഛനാബുധൈഃ
ജാതിഭാഷാദിസിദ്ധ്യർത്ഥം താരമന്ദ്രാദി സിദ്ധയേ"

എന്ന ഗ്രന്ഥത്താൽ കാണിച്ചിട്ടുള്ള നന്ദികേശ്വരമതത്തിൽ ദ്വാദശസ്വരമൂർച്ഛനകളുടെ പ്രയോജനങ്ങളായിപ്പറയുന്ന താരമന്ദ്രാദിവ്യാപ്തിലാഭവും മററും എട്ടു സ്വരങ്ങൾ ചേർന്ന മൂർച്ഛനകളെക്കൊണ്ടും ഉണ്ടാകുന്നതുമാണ്. കാലമാനത്തിന്നുള്ള സ്വാഭാവികതയെന്ന ഗുണം ദ്വാദശസ്വരമൂർച്ഛനയേക്കാൾ അഷ്ടസ്വരമൂർച്ഛനക്ക് അധികമുണ്ടെന്ന് പൂർവ്വസൂത്രംകൊണ്ടു കാണിച്ചിട്ടുമുണ്ടല്ലോ.

സൂ—താസാം ച മധ്യസമന്ദ്രന്യാദീനാമാരോഹാവരോഹരൂപാണാമുത്തരമന്ദ്രാരജന്യാദ്യാ ഏവ സംജ്ഞാ. ൭൧

ഭാ—മധ്യസ്ഥായീഷഡ്ജം മുതൽ താരഷഡ്ജംവരെ, മന്ദ്രസ്ഥായിനിഷാദം മുതൽ മധ്യസ്ഥായിനിഷാദംവരെ എന്നീ ക്രമത്തിൽ മന്ദ്രഷഭം മുതൽ മധ്യഷഭംവരെയുള്ളതായിവരുന്ന ഏഴു മൂർച്ഛനകൾക്കും മാർഗ്ഗത്തിലെ ഷഡ്ജഗ്രാമമൂർച്ഛനകൾക്കുള്ള ഉത്തരമന്ദ്ര, രജനി, ഉത്തരായത, ശുദ്ധഷഡ്ജ, മത്സരീകൃത, അശ്വക്രാന്ത, അഭിരുദ്ഗത എന്നീ സംജ്ഞകൾതന്നെയാണ് ദക്ഷിണത്തിലും ക്രമത്തിലുള്ളത്. സൂത്രത്തിലെ 'മധ്യസമന്ദ്രന്യാദ്യാനാം' എന്ന അംശത്താൽ ദക്ഷിണത്തിലും മധ്യസ്ഥായിഷഡ്ജം മുതൽക്കാണ് മൂർച്ഛനാരംഭം സമ്പ്രദായസിദ്ധമായിട്ടുള്ളതെന്നു കാണിച്ചിരീക്കുന്നു. ആരോഹാവരോഹരൂപാണാം എന്നതിന്ന് ആരോഹരൂപങ്ങളും അവരോഹരൂപങ്ങളും ആരോഹാവരോഹങ്ങൾ രണ്ടും ചേർന്ന രൂപങ്ങളും എന്നർത്ഥം. അതിനാൽ ആരോഹണം മാത്രമായ സരിഗമപധനിസ എന്നതും അവരോഹണം മാത്രമായ സനിധപമഗരിസ എന്നതും രണ്ടും ചേർന്ന സരിഗമപധനിസ, സനിധപമഗരിസ എന്നതും എല്ലാം മൂർച്ഛനതന്നെയാണെന്നു സിദ്ധിക്കുന്നു. അഹോബിലൻ, സോമനാഥൻ മുതലായവരാകട്ടേ, ആരോഹാവരോഹങ്ങൾ രണ്ടും ചേർന്നതേ മൂർച്ഛനയാവുള്ളൂ എന്നാണ് പറയുന്നത്. ആരോഹം മാത്രമായതിന്നു ക്രമം എന്ന പ്രത്യേക സംജ്ഞയാണെന്നും അതു മൂർച്ഛനയാവില്ലെന്നുമാണ് അവരുടെ പക്ഷം. "ക്രമ ആരോഹണമേഷാം" എന്നുള്ള സോമനാഥവചനവും മററും നോക്കുക. എന്നാൽ പ്രയോഗങ്ങളിൽ ആരോഹണം മാത്രമായതിന്നും അവരോഹണം മാത്രമായതിന്നും മൂർച്ഛനയെന്നു വ്യവഹാരം പ്രസിദ്ധമായതുകൊണ്ടു ക്രമത്തെ മൂർച്ഛനയിൽനിന്നു വേർതിരിക്കാൻ മാത്രം വേണ്ടി ആരോഹണം മാത്രമായാൽ മൂർച്ഛനയാവില്ലെന്നു പറയുന്നതു യുക്തമല്ലെന്നറിഞ്ഞുകൊൾക.

സൂ—താശ്ചസാമാന്യതോ ദ്വിധാ. ശുദ്ധാ വികൃതഘടിതാശ്ച. ൭൨

ഭാ—ആ മൂർച്ഛനകൾ ഏഴിലോരോന്നും ശുദ്ധയെന്നും വികൃതഘടീതയെന്നും സാമാന്യമായി രണ്ടുവകയായിട്ടുണ്ട്. ശുദ്ധസ്വരങ്ങൾ മാത്രം ചേർന്നിട്ടുള്ളതു ശുദ്ധ. ശുദ്ധസ്വരവും വികൃതസ്വരവും ചേർന്നിട്ടുള്ളതു വികൃതഘടിത.

സൂ—തത്ര വികൃതഘടിതാഃ പുനർഘടകവികൃതാനാമേകാദിപഞ്ചാന്തസംഖ്യാഭേദാൽ പ്രത്യേകമേകത്രിംശൽ. ൭൩

ഭാ—അതിൽ വികൃതസ്വരഘടിതകൾ അഞ്ചു വികൃതസ്വരങ്ങളുള്ളതിൽ ഒരു വികൃതം ചേർന്നത്, രണ്ടു വികൃതങ്ങൾ ചേർന്നത്, മൂന്നു വികൃതങ്ങൾ ചേർന്നത്, നാലു വികൃതങ്ങൾ ചേർന്നത്, അഞ്ചു വികൃതങ്ങളും ചേർന്നത് ഇങ്ങനെയും ചേരുന്ന വികൃതസ്വരങ്ങളുടെ ഭേദമനുസരിച്ചും ഓരോ മൂർച്ഛനയിലും മുപ്പത്തൊന്നുവിധത്തിൽ വരുന്നതാണ്.

ആ മുപ്പത്തൊന്നുവിധം എങ്ങനെയെന്നു വിവരിക്കുന്നു—

സൂ—പഞ്ചപഞ്ചൈകവികൃതാശ്ചതുർവികൃതാശ്ച. ദശദശദ്വിവികൃതാസ്ത്രിവികൃതാശ്ച പഞ്ചവികൃതൈകേതി സശുദ്ധാ ദ്വാത്രിംശൽ. താശ്ച പ്രതിമൂർച്ഛനമിതി ചതുർവിംശത്യുത്തരം ശതദ്വയം പൂർണ്ണാഃ. ൫൪

ഭാ—അവയിൽ ഒരു വികൃതസ്വരം മാത്രമുള്ളത് അഞ്ചു തരം. രിവികൃത, ഗവികൃത, മവികൃത, ധവികൃത, നിവികൃത ഇങ്ങനെ. നാലുവികൃതസ്വരങ്ങൾ ചേൎന്നും അഞ്ചു തരം. രിഗമധവികൃത, രിഗമനിവികൃത, രിഗധനിവികൃത, രിമധനിവികൃത, ഗമധനിവികൃത ഇങ്ങനെ. വികൃതദ്വയഘടിതയും വികൃതത്രയഘടിതയും പതിപ്പത്തുതരം വരും. രിഗവികൃത, രിമവികൃത, രിധവികൃത, രിനിവികൃത, ഗമവികൃത, ഗധവികൃത, ഗനിവികൃത, മധവികൃത, മനിവികൃത, ധനിവികൃത ഇങ്ങനെ വികൃതദ്വയഘടിത പത്ത്. രിഗമവികൃത, രിഗധവികൃത, രിഗനിവികൃത, രിമധവികൃത, രിമനിവികൃത, രിധനിവികൃത, ഗമധവികൃത, ഗമനിവികൃത, ഗധനിവികൃത, മധനിവികൃത. ഇങ്ങനെ വികൃതത്രയഘടിത പത്ത്. വികൃതപഞ്ചകഘടിത ഒന്ന്. അങ്ങനെ വികൃതഘടിതകൾ മുപ്പത്തൊന്നും ശുദ്ധമാത്രഘടിത ഒന്നും കൂടി മുപ്പത്തിരണ്ടു വകഭേദങ്ങൾ ഉത്തരമന്ദ്രാദികളായ ഓരോ മൂർച്ഛനക്കും വരുന്നതിനാൽ ഏഴു മൂർച്ഛനകളിലുംകൂടി പൂർണ്ണമൂർച്ഛനകൾതന്നെ ഇരുനൂററിരുപത്തിനാലുവിധത്തിൽ വരുന്നതാണ്. രാഗങ്ങളിലെ സ്വരമേളനഭേദങ്ങൾക്കവലംബമായിട്ടുള്ളതും ഇപ്രകാരം ശുദ്ധവികൃതസ്വരങ്ങളുടെ ഘടനാഭേദം നിമിത്തം മൂർച്ഛനക്കുണ്ടായിത്തീരുന്ന അവാന്തരഭേദങ്ങളാണെന്നുള്ള തത്വവും ഗ്രഹിച്ചുകൊൾക.

ഷാഡവിതകളും ഔഡവിതകളുമായ മൂർച്ഛനകളെപ്പററി വിവരിക്കുന്നു—

സൂ—പ്രതിമൂർച്ഛനം ഷഡ്ജവൎജ്ജമേകൈകഹീനാഃ ഷാഡവിതാഃ ഷഡ്യഥായഥം ദ്വിദ്വിഹീനാ ഔഡവിതാഃ പഞ്ചദശേത്യേകവിംശതിഃ ഷാഡവിതൗഡവിതാഃ. ൫൫

ഭാ—ദക്ഷിണപ്രസ്ഥാനത്തിൽ ആധാരസ്വരമായ ഷഡ്ജത്തിന്നു ലോപം വരില്ല. അതിനാൽ ഓരോ മൂർച്ഛനയിലും ഷഡ്ജം ഒഴിച്ചു മററുള്ള ആറു സ്വരങ്ങളിൽ ഏതെങ്കിലും ഒന്നു ലോപിച്ചിട്ടുള്ള ഷാഡവിതമൂർച്ഛനകൾ ആറും ഏതെങ്കിലും രണ്ടെണ്ണം ലോപിച്ചിട്ടുള്ള ഔഡവിതമൂർച്ഛനകൾ പതിനഞ്ചുമായി ഇരുപത്തൊന്നുവിധം ഷാഡവിതൗഡവിതമൂർച്ഛനകൾ വരുന്നതാണ്. എങ്ങനെയെന്നാൽ—ഉത്തരമന്ദ്രയിൽ ഷാഡവിത രിഹീന, സഗമപധനിസ. ഗഹീന, സരിമപധനിസ. മഹീന, സരിഗപധനിസ. പഹീന, സരിഗമധനിസ. ധഹീന, സരിഗമപനിസ. നിഹീന, സരിഗമപധസ. ഇങ്ങനെ ആറ്. ഔഡവിത രിഗഹീന സമപധനിസ. രിമഹീന, സഗപധനിസ. രിപഹീന, സഗമധനിസ. രിധഹീന, സഗമപനിസ. രിനിഹീന, സഗമപധസ. ഗമഹീന, സരിപധനിസ. ഗപഹീന, സരിമധനിസ. ഗധഹീന, സരിമപനിസ. ഗനിഹീന, സരിമപധസ. മപഹീന, സരിഗധനിസ. മധഹീന, സരിഗപനിസ. മനിഹീന, സരിഗപധസ. പധഹീന, സരിഗമനിസ. പനിഹീന, സരിഗമധസ. ധനിഹീന, സരിഗമപസ. ഇങ്ങനെ പതിനഞ്ച്.

സൂ—താശ്ച പൂർവ്വോക്തശുദ്ധവികൃതഘടിതാഭേദൈർദ്വാത്രിംശതാപ്രതിമൂർച്ഛനം ദ്വാസപ്തത്യധികം ശതഷട്കം. ൫൬

ഭാ—ആ ഇരുപത്തൊന്നുതരം ഷാഡവൗഡവിതകളും ശുദ്ധയും വികൃതഘടിതകളുമായി മുമ്പു പറഞ്ഞ മുപ്പത്തിരണ്ടുതരം മൂർച്ഛനകളിലോരോന്നിലും വരുന്നതിനാൽ ഉത്തര

മന്ദ്രയെന്ന ഒരു മൂർച്ഛനയിൽത്തന്നെ അറനൂററെറഴുപത്തിരണ്ടുതരം ഷാഡവൌഡവിതകൾ വരുന്നതാണ്. അതിൽ നൂററിത്തൊണ്ണൂററിരണ്ടു ഷാഡവിതകൾ. നാനൂററെമ്പത് ഔഡവിതകൾ. അങ്ങനെ ഉത്തരമന്ദ്ര, രജനി തുടങ്ങിയ ഏഴു മൂർച്ഛനകളിലുംകൂടി ഇരുനൂററിരുപത്തിനാലു പൂർണ്ണകൾ, ആയിരത്തിമുന്നൂററിനാല്പത്തിനാലു ഷാഡവിതകൾ, മൂവായിരത്തിമുന്നൂററമ്പത് ഔഡവിതകൾ എന്നീവിധത്തിൽ നാലായിരത്തിത്തൊള്ളായിരത്തിരുപത്തെട്ടു തരം മൂർച്ഛനകൾ വരുമെന്നും ഗ്രഹിച്ചുകൊൾക.

സൂ—സപ്തസുസ്വരേഷ്വേകസ്യൈവ രൂപദ്വയഘടിതാനിരന്തരസ്വരത്രയയോഗാദമുഖ്യാശ്ച ദ്വിപഞ്ചാശത്സങ്കീർണ്ണമൂർച്ഛനാമേളപ്രകാശാദവഗന്തവ്യാഃ. ൫൭

ഭാ—ഏഴു സ്വരങ്ങളിൽ ഒരു സ്വരത്തിൻെറതന്നെ ശുദ്ധരൂപവും വികൃതരൂപവും ഘടിച്ചിട്ടുള്ളവയും അതായത് ശുദ്ധഋഷഭം വികൃതഋഷഭം എന്ന രണ്ട് ഋഷഭങ്ങളും ഘടിച്ചിട്ടുള്ളവ, ശുദ്ധഗാന്ധാരം വികൃതഗാന്ധാരം എന്ന രണ്ടു ഗാന്ധാരങ്ങളും ഘടിച്ചിട്ടുള്ളവ എന്നീവിധത്തിലുള്ളവയും അതിനാൽ സമാനാന്തരങ്ങളായ മൂന്നു സ്വരങ്ങൾ അടുത്തടുത്തു വരുന്നതുനിമിത്തം രാഗത്തിൻെറ രഞ്ജനാംശം മററുള്ളവയെ അപേക്ഷിച്ചു കുറവാകയാൽ അപ്രധാനങ്ങളുമായി സങ്കീർണ്ണമൂർച്ഛനകൾ എന്നു പേരുള്ള അമ്പത്തിരണ്ട്തരം മൂർച്ഛനാഭേദങ്ങൾ ഉത്തരമന്ദ്രാദിയായ ഓരോ മൂർച്ഛനയിലും വരുന്നതാണ്. അവയോരോന്നിൻെറയും സ്വരൂപം മേളപ്രകാശത്തിലെ സങ്കീർണ്ണമേളവിവരണത്തിൽനിന്നു ഗ്രഹിച്ചുകൊൾക.

സൂ—സ്ഥായിഭേദാന്ന മൂർച്ഛനാഭേദ ഇത്യുക്തം. ൫൮

ഭാ—മന്ദ്രതാരാദിസ്ഥായികളുടെ വ്യത്യാസംകൊണ്ടു മൂർച്ഛനകൾക്കു മാററമില്ലെന്ന സംഗതി മാർഗ്ഗപ്രസ്ഥാനത്തിൽ പറഞ്ഞിട്ടുണ്ട്. ദക്ഷിണപ്രസ്ഥാനത്തിലും അപ്രകാരംതന്നെയാണ്. അതിനാൽ മന്ദ്രഷഡ്ജം മുതൽ മദ്ധ്യഷഡ്ജംവരെയുള്ള സരിഗമപധനിസ എന്നതും അതിൻെറ അവരോഹണവും താരഷഡ്ജം മുതൽ താരതരഷഡ്ജംവരെയുള്ള സരിഗമപധനിസ എന്നതും അതിൻെറ അവരോഹണവും എല്ലാം ഉത്തരമന്ദ്രതന്നെ. അപ്രകാരം അനുമന്ദ്രനിഷാദം മുതൽ മന്ദ്രനിഷാദംവരെയുള്ളതും മദ്ധ്യനിഷാദം മുതൽ താരനിഷാദംവരെയുള്ളതും രജനിതന്നെ. ഇപ്രകാരം മററുള്ളവയും എന്നു താൽപര്യം. ഇതുകൊണ്ടുതന്നെ മദ്ധ്യസ്ഥായിയിലെ ഋഷഭം മുതൽ താരഋഷഭംവരെയുള്ള രിഗമപധനിസരി എന്നതും അപ്രകാരമുള്ള ഗമപധനിസരിഗ മുതലായതും മൂർച്ഛനയിൽ ചേരാത്ത ക്രമം എന്ന മറെറാന്നാണെന്നു ചിലർ പറഞ്ഞിട്ടുള്ളതിന്നും ഉത്തരം പറഞ്ഞു കഴിഞ്ഞു.

സൂ—വെങ്കടാധ്വരിണസ്തു മാർഗ്ഗാനുരോധേന സപ്തഭിസ്സ്വരൈസ്തദനനുരോധേന സരിഗാദ്യാരംഭൈശ്ച മൂർച്ഛനാ വദന്തി. ൫൯

ഭാ—വെങ്കടമഖിയാകട്ടേ മാർഗ്ഗപ്രസ്ഥാനത്തിലെ വ്യവസ്ഥയനുസരിച്ചു ദക്ഷിണപ്രസ്ഥാനത്തിലും ഏഴു സ്വരങ്ങളെക്കൊണ്ടു മാത്രമാണ് മൂർച്ഛനകൾ ഏഴുമെന്നു പറയുന്നു. എന്നാൽ മൂർച്ഛനകളുടെ ക്രമം കാണിക്കുന്ന വിഷയത്തിൽ മാർഗ്ഗപ്രസ്ഥാനനിയമത്തെ അനുസരിക്കുന്നതുമില്ല. മാർഗ്ഗത്തിൽ ഓരോ മൂർച്ഛനയുടെയും ആരംഭസ്വരങ്ങൾ ക്രമത്തിൽ ഷഡ്ജം, നിഷാദം, ധൈവതം എന്നീവിധത്തിൽ പൂർവ്വപൂർവ്വസ്വരത്തെ സ്വീകരിച്ചും അവസാനത്തെ നിഷാദം, ധൈവതം മുതലായ ഉത്തരോത്തരസ്വരത്തെ ക്രമത്തിലുപേക്ഷിച്ചും സരിഗമപധനി, നിസരിഗമപധ, ധനിസരിഗമപ എന്ന മാതിരിയിലാണല്ലോ ഏഴു മൂർച്ഛനകളുടെയും ക്രമം വ്യവസ്ഥിതമായിട്ടുള്ളത്. അതിന്നുനേരെ വിപരീതമായി ക്രമത്തിൽ പൂർവ്വ

പൂവ്വസ്വരങ്ങളെ ഉപേക്ഷിച്ചും മേൽസ്ഥായിയിലെ ഉത്തരോത്തരസ്വരങ്ങളെ സ്വീകരിച്ചും സരിഗമപധനി, രിഗമപധനിസ, ഗമപധനിസരി, മപധനിസരിഗ, പധനിസരിഗമ, ധനിസരിഗമപ, നിസരിഗമപധ ഇങ്ങനെയാണ് ഏഴു മൂർച്ഛനകളുടെ ക്രമം ആ ഗ്രന്ഥകാരൻ പറയുന്നത്. മധ്യഷഡ്ജം ആദ്യത്തെ മൂർച്ഛനയുടെ ആരംഭസ്വരമായിത്തുടങ്ങിയാൽ ആ മധ്യഷഡ്ജംതന്നെ അവസാനത്തെ മൂർച്ഛനയുടെ അവസാനസ്വരമായി വരുന്ന വിധത്തിലാണ് മാർഗ്ഗത്തിലെ സപ്തമൂർച്ഛനാക്രമവ്യവസ്ഥ. മധ്യഷഡ്ജം ആദ്യത്തെ മൂർച്ഛനയുടെ ആരംഭസ്വരമായിത്തുടങ്ങി താരധൈവതം അവസാനത്തെ മൂർച്ഛനയുടെ അവസാനസ്വരമായി വരുന്നവിധത്തിലും മന്ദ്രസ്ഥായിയിലെക്കു വ്യാപിക്കാത്തവിധവുമാണ് സപ്തസ്വരമൂർച്ഛനാക്രമം വെങ്കടമഖി പറയുന്നത് എന്നത്ഥം.

"ക്രമാത്സ്വരാണാം സപ്താനാമാരോഹശ്ചാവരോഹണം.
മൂർച്ഛനേത്യുച്യതേതാസ്തു പ്രതിമേളം ച സപ്തധാ.
തഥാഹിഷഡ്ജമാരഭ്യനിഷാദാന്താധിരോഹണാൽ
നിഷാദാദികഷഡ്ജാന്താവരോഹാന്മൂർച്ഛനാദിമാ.
ഏവം രിഷഭമാരഭ്യഷഡ്ജാന്തമധിരോഹണാൽ
ഷഡ്ജാദിരിഷഭാന്തം ചാവരോഹേണ ദ്വിതീയകാ.
ഏവമേവ സമുന്നേയം ഗാന്ധാരാദിസ്വരേഷ്വപി.
അതഃ പ്രതിസ്വരം താവദേകൈകാമൂർച്ഛനാഭവേൽ."

എന്ന വെങ്കടമഖിവചനം നോക്കുക.

സൂ—തന്നമനോരമം. ദക്ഷിണേഷുസ്വരമൂർച്ഛനായാ ഏവ സമ്പ്രദായപ്രസിദ്ധത്വാൽ. ൩൦

ഭാ—വെങ്കടമഖിയുടെ ആ അഭിപ്രായം നല്ല യുക്തമായിരിക്കുന്നില്ല. ദക്ഷിണപ്രസ്ഥാനത്തിൽ മുമ്പു വിവരിച്ച യുക്തികളെ ആസ്പദമാക്കി എട്ടു സ്വരങ്ങൾ ചേൎത്തുകൊണ്ടുള്ള മൂർച്ഛനയാണ് പരമ്പരവഴിക്കു പ്രസിദ്ധമായിട്ടുള്ളതും പരിചയിച്ചു വരുന്നതും. പല വിഷയങ്ങളിലും രത്നാകരാദിഗ്രന്ഥങ്ങളിൽ പറഞ്ഞിട്ടുള്ളതു പ്രസിദ്ധമല്ലെന്നു പറഞ്ഞു വേറെ വിധത്തിൽ പറയുന്ന ആ ഗ്രന്ഥകാരൻ പ്രകൃതവിഷയത്തിൽ പ്രസിദ്ധിക്കുയോജിക്കാത്തവിധം മാർഗ്ഗത്തിലെ സപ്തസ്വരഘടിതമൂർച്ഛനയെത്തന്നെ ദക്ഷിണത്തിലും പ്രസ്താവിച്ചിട്ടുള്ളതു യുക്തമായില്ലെന്നു താൽപര്യം. മാർഗ്ഗത്തിൽ മതംഗനന്ദികേശ്വരാദികൾ പ്രയോഗപ്രസിദ്ധിയെ അടിസ്ഥാനമാക്കിപ്പറയുന്ന ദ്വാദശസ്വരമൂർച്ഛനകൾ അതിലെ സപ്തസ്വരമൂർച്ഛനകളാൽത്തന്നെ അത്ഥസിദ്ധമായിത്തീരുന്നതുപോലെ ദക്ഷിണത്തിലും സമ്പ്രദായപ്രസിദ്ധമായ അഷ്ടസ്വരമൂർച്ഛനകൾ സപ്തസ്വരമൂർച്ഛനകളാൽത്തന്നെ അത്ഥസിദ്ധമായിത്തീരുമെന്നാണ് ആ ഗ്രന്ഥകാരൻെറ അഭിപ്രായമെങ്കിൽ ദക്ഷിണപ്രസ്ഥാനത്തിലെ വിശേഷങ്ങൾ വിവരിക്കാൻ പുറപ്പെട്ടിട്ടുള്ള ഗ്രന്ഥകാരൻ കാലമാനാനുഗുണ്യാദിവിശേഷങ്ങളും പ്രചാരപ്രസിദ്ധിയുമുള്ളതിനെ സ്പഷ്ടമായിപ്പറഞ്ഞു, വസ്തുസ്ഥിതിയിൽ ഓരോ മൂർച്ഛനയിലും സപ്തസ്വരങ്ങളേ വരുന്നുള്ളൂ എന്നു വ്യക്തമാകുന്ന സംഗതിയെ അത്ഥസിദ്ധമാക്കുകയായിരുന്നു വേണ്ടിയിരുന്നത്. ഇനി മേളഭേദങ്ങൾക്കടിസ്ഥാനം മൂർച്ഛനാഭേദമാണ്. മേളഭേദം സപ്തസ്വരങ്ങളെ മാത്രമേ അവലംബിച്ചിരിക്കുന്നതുമുള്ളൂ എന്നാണെങ്കിൽ ഉത്തരമന്ദ്ര, രജനി മുതലായതിൽ ഏതെങ്കിലും ഒരു മൂർച്ഛനയിൽത്തന്നെ ശുദ്ധവികൃതാദിസ്വരങ്ങളുടെ വ്യത്യാസംകൊണ്ടു വരുന്ന അവാന്തരഭേദങ്ങളാണ് മേളഭേദങ്ങൾക്കടിസ്ഥാനമായിട്ടുള്ളത്.

അല്ലാതെ ഉത്തരമന്ദ്ര, രജനി മുതലായ മൂർച്ഛനകറം തമ്മിലുള്ള ഭേദമല്ല. അതിനാൽ മൂർച്ഛനാവിഭാഗത്തിൽ മേളഭേദങ്ങളുടെ പ്രസക്തി വരുന്നതല്ലെന്നറിക.

സൂ—മന്ദ്രേപി പ്രയോഗപ്രാചുര്യേണ ക്രമവൈപരീത്യേ ബീജാഭാവാച്ച. ൱൧

ഭാ—മന്ദ്രസ്ഥായിസ്വരങ്ങറം ഘടിച്ചിട്ടുള്ള നിസരിഗമപധനി, ധനിസരിഗമപധ, പധനിസരിഗമപ, മപധനിസരിഗമ മുതലായ മൂർച്ഛനകറംക്കും ദക്ഷിണപ്രസ്ഥാനത്തിൽ ധാരാളം പ്രയോഗമുള്ളതുകൊണ്ടു ഭരതമുനി മുതലായവർ വ്യവസ്ഥാപിച്ചിട്ടുള്ള ക്രമത്തെമാററി അതിന്നു വിപരീതമായ ക്രമം ദക്ഷിണപ്രസ്ഥാനത്തിൽ ഏർപ്പെടുത്തുന്നതിന്നു സാധകമായ യുക്തിയോ അതുകൊണ്ടു പ്രത്യേകം പ്രയോജനമോ ഇല്ല. "ഗാന്ധാരേ ച ഗ്രഹെന്യാസേദൃഷ്ടമാഷഭധൈവതം" എന്ന ഗ്രന്ഥത്താൽ ഗാന്ധാരം ഗ്രഹസ്വരമായി വരുമ്പോറം മന്ദ്രഷഭവും ന്യാസസ്വരമാകുമെന്നിങ്ങനെ മന്ദ്രഷഭംവരെയുള്ള പ്രയോഗഗതിമുനി വിധിച്ചിട്ടുണ്ട്. "പഞ്ചസ്വരപരാതാരഗതിഃ" എന്നതുകൊണ്ടു താരസ്ഥായിയിൽ പഞ്ചമംവരേയാണ് പ്രയോഗഗതി വിധിച്ചിട്ടുള്ളത്. ദക്ഷിണപ്രസ്ഥാനത്തിലും ആ വിഷയത്തിൽ വ്യത്യാസമൊന്നുമില്ല. സോമനാഥാദികറം ദേശീയത്തിലും മാർഗ്ഗത്തിലെ ക്രമംതന്നെയാണ് മൂർച്ഛനകറംക്കു സ്വീകരിച്ചിരിക്കുന്നതും. ആ സ്ഥിതിക്കു യുക്തിയോ പ്രത്യേക പ്രയോജനമോ ഇല്ലാതെ ക്രമം മാററിക്കല്പിക്കുന്നതു് ഉചിതമല്ലെന്നു താൽപര്യം.

ഇങ്ങനെ മൂർച്ഛനാപ്രകരണം.

ഇനി താനങ്ങളെപ്പററി പറയുന്നു. അതിൽ ആദ്യം താനസ്വരൂപം വിവരിക്കുന്നു—

സൂ—മൂർച്ഛനാസംശ്രിതോ രാഗവിസ്തൃതിജനകസ്വരയോഗസ്താനഃ. ൱൨

ഭാ—ഓരോ മൂർച്ഛനയിൽ ചേർന്നും ഓരോരോ രാഗത്തിന്റെ പലതരത്തിലുമുള്ള വിസ്തരണങ്ങറംക്കു കാരണവുമായ സ്വരങ്ങളുടെ യോഗത്തിന്നാണ് താനമെന്നു പറയുന്നത്. ഗ്രാമത്തിൽ ചേർന്നും രാഗങ്ങളുടെ ഉന്നയനത്തിന്നു കാരണവുമായ ക്രമികസപ്തസ്വരയോഗംമൂർച്ഛന. മൂർച്ഛനയിൽ ചേർന്നും രാഗങ്ങളുടെ വിസ്തരണത്തിന്നു കാരണവുമായി ഏതെങ്കിലും തരത്തിൽ വരുന്ന സ്വരങ്ങളുടെ യോഗംതാനം. ഇങ്ങനെ ഗ്രാമവും മൂർച്ഛനയും താനവും തമ്മിലുള്ള വ്യത്യാസം. ഒരു ഗ്രാമത്തിൽ പല മൂർച്ഛനകളും ഒരു മൂർച്ഛനയിൽത്തന്നെ പല താനങ്ങളും വരുമെന്നു സാരം. ഷാഡവിതൌഡവിതകറം പ്രത്യേക രാഗങ്ങളുടെ ഉന്നായകങ്ങളും രാഗങ്ങളുടെ വിസ്തരണത്തിന്നു കാരണങ്ങളുമാകയാൽ മൂർച്ഛനയിലും താനത്തിലും ചേരുന്നതാണ്. അതു നിമിത്തമാണ് മാർഗ്ഗത്തിൽ ചില ഷാഡവിതൌഡവിതകളെതാനമൂർച്ഛനകറം എന്ന പേരിൽ ഭരതാദിമുനിമാർ ഗണിച്ചിട്ടുള്ളത്. അങ്ങനെ ഗണിച്ചിട്ടുള്ള എമ്പത്തിനാലു താനമൂർച്ഛനകളിലുറംപ്പെടാത്ത ഷാഡവിതൌഡവിതകളും അപ്രകാരംതന്നെ മൂർച്ഛനകളും താനങ്ങളുമാകുമെങ്കിലും അവക്കു രാഗോന്നായകതയെന്ന മൂർച്ഛനാധർമ്മമുള്ളേടത്തു ഷാഡവിതമൂർച്ഛനയെന്നും ഔഡവിതമൂർച്ഛനയെന്നും സംജ്ഞകളാണെന്നും രാഗവിസ്തരണോപയോഗിത്വമുള്ളേടത്തെല്ലാം താനസംജ്ഞയാണെന്നുമാണ് മുനിമാർ ഏർപ്പെടുത്തീട്ടുള്ളത്. താനമൂർച്ഛന എന്ന സംജ്ഞ ആ എമ്പത്തിനാലു ഷാഡവിതൌഡവിതകറംക്കു മാത്രമായി പാരിഭാഷികമാണെന്നു ചുരുക്കം. തന വിസ്താരേ എന്ന ധാതുവിൽനിന്നു തന്യതേ വിസ്താര്യതേ രാഗോനേന ഇതിതാനഃ. രാഗം ഏതിനാൽ തനനം ചെയ്യപ്പെടുന്നുവോ അതു താനം. രാഗത്തെ വിസ്തരിക്കുന്നത് എന്നു ചുരുക്കം. ഇങ്ങനെ താനശബ്ദ

ത്തിൻെറ അവയവാത്ഥം. രാഗവും താനവും പാടുമ്പോരം ഗായകന്മാർ താനം തനനം എ ന്നുച്ചരിക്കാറുള്ളതിൻെറ അടിസ്ഥാനവും ഇതുകൊണ്ടു സ്പഷ്ടമായല്ലോ.

താനത്തിൻെറ വിഭാഗം കാണിക്കുന്നു—

സൂ—സദ്വിവിധഃ. ശുദ്ധതാനഃ കൂടതാനശ്ചേതി. ൩൩

ഭാ—അപ്രകാരമുള്ള താനം ശുദ്ധതാനം കൂടതാനം എന്നിങ്ങനെ രണ്ടുവകയായി ട്ടുണ്ട്.

സൂ—തത്രമാഗ്ഗേ താനമൂർച്ഛനാഭിന്നാമലോപാഭാവാഃ ശുദ്ധമൂർച്ഛനായാം ഗധലൂപ്തൌഷാഡവിതൌ കാകല്യന്തരോഭയഘടിതാസു പ്രത്യേകമേകൈകസ്വരലോപാൽ ഷഡിത്യഷ്ടാദശചേതിവിംശതിഃ ഷഡ്ജഗ്രാമേ, പധനിലൂപ്താഃ ശുദ്ധായാമന്യാസുതഥാഷ്ടാദശേത്യേകവിംശതിർമ്മധ്യമഗ്രാമേചേതി ഗ്രാമദ്വയേ ഷാഡവിതാഃ ശുദ്ധതാനാ ഏകചത്വാരിംശൽ പ്രതിമൂർച്ഛനം ഭവന്തീതി സപ്താശീത്യധികം ശതദ്വയം. ൩൪

ഭാ—അതിൽ ക്രമികങ്ങളായിച്ചേന്ന ഷാഡവിതങ്ങളും ഔഡവിതങ്ങളുമാണ് ശുദ്ധ താനങ്ങരം. താനങ്ങളിലുള്ള ശുദ്ധത്വമെന്നത് അഞ്ചോ ആറോ സ്വരങ്ങരം ക്രമത്തിൽ ചേന്നിരിക്കയും പ്രത്യേക മൂർച്ഛനയാകാൻവേണ്ട സ്വരുപയോഗ്യതയുണ്ടെങ്കിലും മൂർച്ഛനാ സ്ഥിതിയിലല്ലാതെ രാഗവിസ്തരണകാരണത്തിൻെറ നിലയിലിരിക്കയുമാണ്. അതുപ്രകാരം മാഗ്ഗപ്രസ്ഥാനത്തിൽ മുമ്പുപറഞ്ഞ ഷാഡവിതതാനമൂർച്ഛനകരം ഷഡ്ജഗ്രാമത്തിലെ ശുദ്ധസ്വരമൂർച്ഛനയിൽ ഷഡ്ജഷഭപഞ്ചമനിഷാദങ്ങളിൽ ഓരോന്നിൻെറ ലോപംകൊണ്ടുള്ള വയായതിനാൽ ആ താനമൂർച്ഛനകളെ ഒഴിച്ചാൽ ഗാന്ധാരമധ്യമധൈവതങ്ങളിൽ ഓരോന്നിൻെറ ലോപംകൊണ്ടുള്ള മൂന്നു ഷാഡവിതസ്വരക്രമങ്ങളാണ് ശുദ്ധസ്വരമൂർച്ഛനയിൽ വരേണ്ടത്. എന്നാൽ ദേക്ഷിണപ്രസ്ഥാനത്തിൽ ഷഡ്ജലോപം ഒരിക്കലും വരില്ലെന്നു നിയമമുള്ളതുപോലെ മാഗ്ഗപ്രസ്ഥാനത്തിൽ മധ്യമലോപമില്ലെന്നു നിയമമുണ്ട്. അതുകൊണ്ടു ശുദ്ധസ്വരമൂർച്ഛനയിൽ ഗാന്ധാരലോപംകൊണ്ടൊന്നും ധൈവതലോപംകൊണ്ടൊന്നുമായി രണ്ടുതരം ഷാഡവിതങ്ങരം മാത്രമാണ് താനമൂർച്ഛനയല്ലാത്തവ. അന്തരഗാന്ധാരഘടിത, കാകളീഘടിത, കാകല്യന്തരഘടിത എന്നീ മൂന്നുതരം മൂർച്ഛനകളിലോരോന്നിലും മധ്യമം ഒഴിച്ചു മററുള്ള ആറു സ്വരങ്ങളിൽ ഓരോന്നിൻെറ ലോപത്താൽ ആറു ഷാഡവിതങ്ങരം വീതം വരും. അങ്ങനെ ഉത്തരമന്ദ്രയെന്ന ഒരു മൂർച്ഛനയിൽത്തന്നെ താനമൂർച്ഛനയല്ലാതെ ഇരുപതുതരം ഷാഡവിതങ്ങളുണ്ട്. അതുപ്രകാരം ഏഴു മൂർച്ഛനകളിലുംകൂടി ഒരുനൂററിനാല്പതു ഷാഡവിതശുദ്ധതാനങ്ങരം ഷഡ്ജഗ്രാമത്തിൽ വരും. മധ്യമഗ്രാമത്തിലാകട്ടെ ഷഡ്ജഷഭഗാന്ധാരങ്ങളിലൊന്നു ലോപിച്ചുണ്ടാകുന്ന താനമൂർച്ഛനകളെ ഒഴിച്ചു പഞ്ചമധൈവതനിഷാദങ്ങളിലൊന്നു ലോപിച്ചുണ്ടാകുന്ന മൂന്നുതരം ഷാഡവിതങ്ങരം ശുദ്ധസ്വരമൂർച്ഛനയിൽ വരും. അന്തരകാകളീഘടിതകളിലും ഉഭയഘടിതയിലുമായി മേൽപ്രകാരം പതിനെട്ടുതരങ്ങളുംകൂടി സൌവീരിയെന്ന ഒരു മൂർച്ഛനയിൽ ഇരുപത്തൊന്നുവിധം ഷാഡവിതങ്ങളുണ്ട്. അതുപ്രകാരം ഏഴു മൂർച്ഛനകളിലുംകൂടി ഒരുനൂററിനാല്പത്തേഴു ഷാഡവിത ശുദ്ധതാനങ്ങരം. ഇങ്ങനെ രണ്ടു ഗ്രാമങ്ങളിലുമായി ഇരുനൂറെറമ്പത്തേഴു ഷാഡവിതശുദ്ധതാനങ്ങരം വരുന്നതാണ്.

സൂ—ഔഡവിതാസ്തു ശുദ്ധസ്വരമൂർച്ഛനായാം തിസ്രസ്താനമൂർച്ഛനാ വിഹായദ്വാദശ, കാകല്യാദിഘടിതാസു പ്രത്യേകം പഞ്ചദശചേതി പ്രതിമൂർച്ഛ

നം സപ്തപഞ്ചാശൽ ഷഡ്ജഗ്രാമേ. തേ ച സപ്തമൂർച്ഛനാസു മിളിതാ ഏകോനം ചതുശ്ശതം. മദ്ധ്യമഗ്രാമേത്തു ദ്വേ താനമൂർച്ഛനേ വിഹായപ്രതിമൂർച്ഛനമഷ്ടപഞ്ചാശദിതിമിളിതാഷഡുത്തരാണി ചത്വാരിശതാനിചേത്യാഹത്യ പഞ്ചാധികം ശതാഷ്ടകം. ൩൮

ഭാ — ഔഡവിതതാനങ്ങളാകട്ടേ, ഓരോ മൂർച്ഛനയിലും പതിനഞ്ചുവീതം വരും. എങ്ങനെയെന്നാൽ ലോപിക്കുന്ന രണ്ടു സ്വരങ്ങൾ സരി, സഗ, സപ, സധ, സനി, രിഗ, രിപ, രിധ, രിനി, ഗപ, ഗധ, ഗനി, പധ, പനി, ധനി ഇങ്ങനെ പതിനഞ്ചുവിധമാകാമല്ലോ. അതിൽ ശുദ്ധസ്വരമൂർച്ഛനയിൽ ഷഡ്ജഗ്രാമത്തിൽ സപലുപ്തം, രിപലുപ്തം, ഗനിലുപ്തം ഈ മൂന്നും താനമൂർച്ഛനകളായതിനാൽ അവയേ ഒഴിച്ചു പന്തിരണ്ടും അന്തരഗാന്ധാരഘടിത, കാകളീഘടിത, ഉഭയഘടിത ഇവയിൽ പതിനഞ്ചു വീതവുമായി ഉത്തരമന്ദ്രയിൽ തന്നെ അമ്പത്തേഴുവിധം വരുന്നതാണ്. അതുപ്രകാരം ഷഡ്ജഗ്രാമത്തിൽ ഏഴു മൂർച്ഛനയിലുമായി മുന്നൂററിത്തൊണ്ണൂറെറാമ്പത് ഔഡവിതശുദ്ധതാനങ്ങൾ. മദ്ധ്യമഗ്രാമത്തിലാകട്ടേ ശുദ്ധസ്വരമൂർച്ഛനയിൽ ഗനിലുപ്തയും രിധലുപ്തയുമായി രണ്ടുമാത്രമേ താനമൂർച്ഛനകളായിട്ടുള്ളു. ശേഷം പതിമ്മൂന്നും അന്തരഗാന്ധാരാദിഘടിതകളിൽ പതിനഞ്ചുവീതം നാല്പത്തഞ്ചുംകൂടി അമ്പത്തെട്ടുവിധം ഔഡവിതങ്ങൾ വരുന്നതാണ്. അങ്ങനെ ഏഴു മൂർച്ഛനകളിലുമായി നാനൂററാറ് ഔഡവിതശുദ്ധതാനങ്ങൾ മദ്ധ്യമഗ്രാമത്തിലും വരും. ഇപ്രകാരം രണ്ടു ഗ്രാമങ്ങളിലുംകൂടി എണ്ണൂററഞ്ച് ഔഡവിതശുദ്ധതാനങ്ങൾ. മേൽപ്പറഞ്ഞ ഇരുനൂറെറമ്പത്തേഴ ഷാഡവിതശുദ്ധതാനങ്ങളോടുകൂടി ആയിരത്തിത്തൊണ്ണൂററിരണ്ടു ശുദ്ധതാനങ്ങൾ വരുന്നുവെന്നറിക.

സൂ — കേചിത്തുഷാഡവൌഡവിതയോരാരോഹോ മൂർച്ഛനാ അവരോഹഃ ശുദ്ധതാനഇത്യാഹുഃ. ൩൯

ഭാ — ചില ഗ്രന്ഥകാരന്മാർ ഷാഡവിതങ്ങളിലും ഔഡവിതങ്ങളിലും ആരോഹക്രമം മൂർച്ഛനയും അവരോഹക്രമം ശുദ്ധതാനവുമാണെന്നു പറയുന്നു. അവരുടെ മതം മതംഗമുനി "മൂർച്ഛനാരോഹക്രമേണതാനോവരോഹക്രമേണ ഭവതീതിഭേദ ഇതി കേചിൽ." എന്ന ഗ്രന്ഥത്താൽ കാണിച്ചിട്ടുണ്ട്.

സൂ — തദയുക്തം. വൈപരീത്യസ്യാപിബാധകാഭാവാൽ. പൂർണ്ണമൂർച്ഛനാരാഗേഷു വിസ്തരണാർത്ഥം ഷാഡവൌഡവിതയോരപിമൂർച്ഛനാത്വപ്രസംഗാച്ച. ൪൦

ഭാ — ആ മതം യുക്തമാകുന്നതല്ല. എന്തുകൊണ്ടെന്നാൽ അതിന്നു വിപരീതമായി ഷാഡവൌഡവിതങ്ങളിൽ അവരോഹക്രമം മൂർച്ഛന. ആരോഹക്രമം ശുദ്ധതാനം എന്നു സ്വീകരിപ്പാനും ബാധകമൊന്നും പറയാവുന്നതല്ല. അതുകൊണ്ടു വിനിഗമകമൊന്നുമില്ലാത്തതിനാൽ രണ്ടും മൂർച്ഛനയെന്നോ രണ്ടും താനമെന്നോ സ്വീകരിക്കുന്നതേ യുക്തമാകയുള്ളു. എന്നുതന്നെയല്ല ആരോഹക്രമമെല്ലാം മൂർച്ഛനയാണെന്നു സ്വീകരിക്കുന്നതായാൽ പൂർണ്ണകളായ സപ്തസ്വരമൂർച്ഛനകളെ അവലംബിച്ചിട്ടുള്ള രാഗങ്ങളുടെ വിസ്തരണത്തിൽ ഷാഡവിതമായും ഔഡവിതമായും ചേരുന്ന ആരോഹക്രമവും മൂർച്ഛനയാണെന്നു വന്നെക്കും. അതു വസ്തുസ്ഥിതിക്കും പ്രാമാണികവ്യവഹാരത്തിന്നും വിരുദ്ധമാണ്. അതിനാൽ എവിടെയെല്ലാം ഷാഡവിതൌഡവിതങ്ങൾക്കു സ്വതന്ത്രമായി പ്രത്യേകരാഗോന്നായകത്വമുണ്ടോ

അവിടെ അവയുടെ ആരോഹക്രമവും അവരോഹക്രമവും മൂർച്ഛനയും എവിടെയെല്ലാം അവക്ക രാഗവിസ്താരകത്വം മാത്രമുണ്ടോ അവിടെ ആരോഹക്രമവും അവരോഹക്രമവും ശുദ്ധതാനങ്ങളുമാണെന്ന മതമേ യുക്തമായിരിക്കയുള്ളു.

കൂടതാനസ്വഭാവം വിവരിക്കുന്നു—

സൂ—ക്രമഹീനഘടിതാഃ പൂൎണ്ണാ അപൂൎണ്ണാശ്ച കൂടതാനാഃ. ൩൮

ഭാ— സരിഗമപധനി എന്നിങ്ങനെ ഉച്ചോച്ചമായി പ്രസിദ്ധമായ ക്രമത്തിലോ നിധപമഗരിസ എന്നിങ്ങനെ നീചനീചമായി പ്രസിദ്ധമായ ക്രമത്തിലോ അല്ലാതെ ഏതെങ്കിലും തരത്തിൽ ഉച്ചനീചക്രമങ്ങാം വ്യത്യാസപ്പടുത്തി ചേൎത്തിട്ടുള്ള സപ്തസ്വരങ്ങളും ഷാഡവിതങ്ങളും ഔഡവിതങ്ങളും അതിലും കുറഞ്ഞ ത്രിചതുസ്സ്വരങ്ങളും എല്ലാം കൂടതാനങ്ങളാണ്.

സൂ—ചതുസ്സ്വരംയാവൽ ക്രമഘടിതാ അപീത്യേകേ. ൩൯

ഭാ—നാലു സ്വരങ്ങാംവരെ ക്രമത്തിൽ ചേൎത്തിട്ടുള്ളതും കൂടതാനങ്ങളിൽത്തന്നെ ചേരുന്നതാണെന്നാണ് ചിലരുടെ മതം. മററു ചിലരുടെ മതത്തിൽ സരി, രിസ. സരിഗ, ഗരിസ. സരിഗമ, മഗരിസ എന്നീമാതിരി ക്രമത്തിൽ ചേൎന്നു ശുദ്ധതാനത്തിലാണുംപ്പെടുന്നതെന്നും സഗരി, രിഗസ, ഗസരി, രിസഗ എന്ന മാതിരി ക്രമം മാറിയതേ കൂടതാനമാവുള്ളു എന്നുമാണെന്ന് അൎത്ഥസിദ്ധം.

സൂ—അവരോഹമാത്രക്രമോപി കൂടതാനാന്തൎഗ്ഗത ഇതി കേചിൽ. ൪൦

ഭാ—സപ്തസ്വരങ്ങളുടെയും ആരോഹം പ്രയോഗിക്കാതെ അവരോഹം മാത്രമായി പ്രയോഗിക്കുന്നതും കൂടതാനത്തിലുംപ്പെടുന്നതാണെന്നു വേറെച്ചിലർ പറയുന്നുണ്ട്. അവരുടെ പക്ഷത്തിൽ സരിഗമപധനി നിധപമഗരിസ എന്നിങ്ങനെ ആരോഹവും അവരോഹവും കൂടിച്ചേൎന്നാൽ മാത്രമേ മൂർച്ഛനയാവുള്ളു. ആരോഹം മാത്രമായതിന്നു ക്രമമെന്നു പേർ. അവരോഹം മാത്രമായതു കൂടതാനത്തിലും ചേരുന്നു, ഇങ്ങനെയാണ് വന്നുകൂടുന്നത്. "അവരോഹേ സത്യാമപി വിപരീതാനുപൂൎവ്വ്യാം ക്രമാഭാവേന കൂടതാനത്വമേവ." എന്ന കല്ലിനാഥവചനം നോക്കുക. ക്രമത്തിലുള്ള സരിഗമപധനി എന്ന ആരോഹം മാത്രമായിട്ടുള്ളതാകട്ടേ മൂർച്ഛനയുമാവില്ല, താനവുമാവില്ല. ആതു ക്രമമെന്ന മറെറാന്നാണ്.

"പൂൎണ്ണാഃ പഞ്ചസഹസ്രാണി ചത്വാരിംശദ്യുതാനിതു
ഏകൈകസ്യാം മൂർച്ഛനായാം കൂടതാനാസ്സഹക്രമൈഃ
ഷട്പഞ്ചാശന്മൂർച്ഛനാസ്ഥാഃ പൂൎണ്ണാഃ കൂടാസ്തുയോജിതാഃ
ലക്ഷദ്വയം സഹസ്രാണിദ്വ്യശീതിർദ്വേശതേ തഥാ
ചത്വാരിംശത്തു സംഖ്യാതാഃ അഥാപൂൎണ്ണാൻ പ്രചക്ഷ്മഹേ.
ക്രമാശ്ചാകൂടതാനത്വേപ്യുക്താസ്തേഷൂപയോഗിനഃ".

എന്നിങ്ങനെ പൂൎണ്ണകൂടതാനങ്ങളുടെ സംഖ്യ ഗണിക്കുന്നപ്രകരണത്തിലുള്ള രത്നാകരഗ്രന്ഥവും നോക്കുക. ഇതിൻെറ അൎത്ഥം—ഓരോരോ മൂർച്ഛനയിലും അതാതിൻെറ ക്രമത്തോടുകൂടി അയ്യായിരത്തിനാല്പതു പൂൎണ്ണകൂടതാനങ്ങാം വരും. എങ്ങനെയെന്നാൽ പൂൎണ്ണമായ സപ്തസ്വരങ്ങളിലുംപ്പെട്ട രണ്ടു സ്വരങ്ങളുടെ യോഗം രണ്ടുവിധത്തിലും മൂന്നു സ്വരങ്ങളുടെ പലതരത്തിലുമുള്ള യോഗം ആറുവിധത്തിലും നാലുസ്വരങ്ങളുടേത് ഇരുപത്തിനാലുവിധത്തിലും അഞ്ചു സ്വരങ്ങളുടേതു നൂററിരുപതുവിധത്തിലും ആറു സ്വരങ്ങളുടേത് എഴുനൂററിരുപതുവിധത്തിലും ഏഴു സ്വരങ്ങളുമായാൽ അവയുടെ യോഗം അയ്യായിരത്തിനാല്പതുവിധ

ത്തിലുമാകുന്നതാണല്ലോ. അതുപ്രകാരം അമ്പത്താറു മൂർച്ഛനകളിലും വരുന്നതെല്ലാംകൂടിക്കൂട്ടിയാൽ രണ്ടുലക്ഷത്തെമ്പത്തീരായിരത്തിരുനൂററിനാല്പതുവിധത്തിൽ പൂർണ്ണസപ്തസ്വരയോഗങ്ങഠ വരുന്നതാണ്. അവയിൽ ഓരോ മൂർച്ഛനയിലെയും ആരോഹക്രമമായിട്ടുള്ള അമ്പത്താറു ക്രമങ്ങളൊഴിച്ച് ശേഷമുള്ളവയെല്ലാം സപ്തസ്വരഘടിതങ്ങളായ പൂർണ്ണകൂടതാനങ്ങളുമാണ്. ക്രമങ്ങഠ കൂടതാനങ്ങളല്ലെങ്കിലും കൂടതാനങ്ങളുടെ സംഖ്യ എളുപ്പത്തിൽ കണക്കാക്കാൻ ഉപയോഗപ്പെടുന്നതുകൊണ്ടു കൂട്ടത്തിൽ ചേർത്തു പറഞ്ഞിരിക്കുന്നുവെന്നേഉള്ളൂ. ഇപ്രകാരമാണല്ലോ.

സൂ—തന്നസംഗതം. തുല്യന്യായാത്താനമൂർച്ഛനാസ്വപിഷാഡവൌഡവിതാസ്വാരോഹാവരോഹയോർമ്മിളിതയോരേവ മൂർച്ഛനാത്വമാരോഹമാത്രസ്യ ക്രമത്വമവരോഹമാത്രസ്യ കൂടതാനത്വമിതി ശുദ്ധതാനവിലോപപ്രസംഗാൽ. ൫൬

ഭാ—ആ മതം നല്ല സംഗതമാകുന്നതല്ല. എന്തുകൊണ്ടെന്നാൽ, ഷാഡവിതകളും ഔഡവിതകളുമായ താനമൂർച്ഛനകളിലും ആരോഹാവരോഹങ്ങഠ രണ്ടും ചേന്ന സ്വരസമുദായമേ മൂർച്ഛനയാവുള്ളൂ എന്നും ആരോഹം മാത്രമായതു ക്രമമാണെന്നും അവരോഹം മാത്രമായതു കൂടതാനത്തിലുഠപ്പെട്ടതാണെന്നും തുല്യന്യായത്താൽ സ്വീകരിക്കേണ്ടിവരും. അപ്പോഠ ശുദ്ധതാനങ്ങഠ എന്നു പറയുന്നവയില്ലെന്നും വന്നെക്കും. ഷാഡവൌഡവീകൃതകളായ ശുദ്ധസ്വരഘടിതമൂർച്ഛനകഠക്കുതന്നെയാണ് ശുദ്ധതാനങ്ങളെന്നും പറയുന്നത്. ആ സംഗതി "താനാസ്സ്യുർമ്മൂർച്ഛനാഃ ശുദ്ധാഃ ഷാഡവൌഡവിതീകൃതാഃ." എന്ന ഗ്രന്ഥത്താൽ കാണിച്ചിട്ടുമുണ്ട്. ഷാഡവൌഡവിതീകൃതകളായ ശുദ്ധസ്വരഘടിതമൂർച്ഛനകഠതന്നെയാണ് ശുദ്ധതാനങ്ങഠ എന്നാണ് അതിന്നർത്ഥം. എന്നാണെങ്കിൽ, ഷാഡവൌഡവിതീകൃതങ്ങളായ ആരോഹാവരോഹങ്ങഠ രണ്ടും ചേന്നതേ നിങ്ങളുടെ മതത്തിൽ മൂർച്ഛനയാവുള്ളൂ. അപ്പോഠ ആ രണ്ടും ചേന്നതേ ശുദ്ധതാനവുമാവുള്ളൂ. ആരോഹം മാത്രമായതു ശുദ്ധതാനമാവില്ല. താനക്രമം എന്നോ മറേറാ പേരുള്ള മറെറാന്നാണെന്നു പറയണം. അവരോഹം മാത്രമായത് അവിടെയും കൂടതാനത്തിലുഠപ്പെട്ടതാണെന്നും പറയണം. അങ്ങനെ കൂടതാനവും ഒരു ഷാഡവിതക്രമവും ചേന്നതു ശുദ്ധതാനം എന്നു വന്നുകൂടുന്നു. അതൊട്ടും ഹൃദയംഗമമായ വ്യവസ്ഥയല്ല. അപ്പോഠ കൂടതാനഘടിതമല്ലാത്ത ശുദ്ധതാനമില്ലെന്നായി. താനമെന്നും മൂർച്ഛനയെന്നുമുള്ള വിഭാഗത്തിന്നു വലിയ അർത്ഥമൊന്നുമില്ലെന്നുമായി.

സൂ—കാകല്യാദിഘടിതഷാഡവിതാദീനാം പ്രത്യേകരാഗോന്നായകതായാം മൂർച്ഛനാത്വസ്യോന്നീതരാഗവിസ്താരകതാമാത്രേതാനത്വമാത്രസ്യ ചാവശ്യകതയാമൂർച്ഛനാതാനയോർഭേദസ്യ ദുരപഹ്നവത്വാൽ. ൫൭

ഭാ—കാകളിനിഷാദമോ അന്തരഗാന്ധാരമോ രണ്ടും കൂടിയോ ഘടിച്ചിട്ടുള്ള ഷാഡവിതവും ഔഡവിതവും പ്രത്യേക രാഗങ്ങളുടെ ഉന്നായകങ്ങളായി വരുന്നേടത്തു മൂർച്ഛനയാണെന്നും സപ്തസ്വരമൂർച്ഛനകൊണ്ടും മററും ഉന്നീതമായ രാഗത്തിൻെറ വിസ്താരകം മാത്രമായിട്ടുള്ളേടത്തു താനം മാത്രമാണെന്നും മൂർച്ഛനയല്ലെന്നും സ്വീകരിക്കേണ്ടതാവശ്യമാകയാൽ ശുദ്ധസ്വരഘടിതഷാഡവിതൌഡവിതങ്ങളിലും അപ്രകാരംതന്നെയാണെന്നു പറയുന്നതേ യുക്തമാകയുള്ളൂ. അതിനാൽ മൂർച്ഛനയും താനവും തമ്മിലുള്ള ഭേദം മറച്ചുവെക്കാവുന്നതല്ലാത്തതുകൊണ്ടു രണ്ടും ഒന്നാണെന്നു പറയുന്നതും ശരിയല്ല.

സൂ—മൂർച്ഛനാഭേദസ്യൈവ മേളഭേദരൂപത്വാത്തത്ര ചാരോഹസ്യ പ്രധാനത്വാദാരോഹമാത്രം മൂർച്ഛനാ. ക്വചിദവരോഹഭേദസ്യാപി മേളഭേദകത്വാൽ സോപി മൂർച്ഛനൈവേതി തസ്യ കൂടതാനത്വാഭാവാച്ച. ൨൮

ഭാ—സപ്തസ്വരമൂർച്ഛനാഘടകങ്ങളായ സ്വരഭേദംകൊണ്ടുണ്ടാകുന്ന വകഭേദങ്ങളെത്തന്നെയാണ് രാഗങ്ങളിൽ മേളഭേദങ്ങളെന്നു പറഞ്ഞുവരുന്നത്. അങ്ങനെയുള്ള മേളഭേദങ്ങൾ പ്രധാനമായി ആരോഹക്രമത്തിൽ വരുന്ന സ്വരഭേദത്തെ അവലംബിച്ചുകൊണ്ടാണിരിക്കുന്നതും. അതിനാൽ ആരോഹം മാത്രമായുള്ളതും മൂർച്ഛനയാണെന്നു സ്വീകരിക്കാതെ തരമില്ല. അപൂർവ്വം ചില രാഗങ്ങളുടെ മേളഭേദം അവരോഹത്തിലെ സ്വരഭേദംകൊണ്ടും സംഭവിക്കുന്നതാണ്. അതിനാൽ അവരോഹം മാത്രമായതും മൂർച്ഛനയാണെന്നുതന്നെ സ്വീകരിക്കണം. എന്തെന്നാൽ, ഉത്തരമന്ദ്രയെന്ന മൂർച്ഛന ശുദ്ധ, അന്തരഗാന്ധാരഘടിത, കാകലീഘടിത, അന്തരകാകലീഘടിത ഇങ്ങനെ നാലു വകയായിട്ടുണ്ടെന്നതിന്നർത്ഥം. അങ്ങനെ നാലുതരം രാഗമേളഭേദങ്ങൾ ആ മൂർച്ഛനയെ ആസ്പദമാക്കി വരുമെന്നാണ്. ആരോഹത്തിൽ ശുദ്ധഗാന്ധാരവും അവരോഹത്തിൽ അന്തരഗാന്ധാരവുമായിട്ടുള്ള മേളഭേദവും ഉണ്ടാകാൻ വിരോധമില്ലെന്ന് ആ വിഭാഗംകൊണ്ടുതന്നെ അർത്ഥസിദ്ധമാകയും ചെയ്യും. എന്നതന്നെയല്ല ആരോഹത്തെ അവലംബിച്ചെന്നതുപോലെ അവരോഹത്തെ അവലംബിച്ചും മേളഭേദം നിയമിക്കാവുന്നതുമാണ്. അതുകൊണ്ടാണ് 'ആരോഹക്രമേണ സ്വരസപ്തകം മൂർച്ഛനാ' എന്നു പറയാതെ "ക്രമയുക്താസ്സ്വരാസ്സപ്തമൂർച്ഛനാ" എന്നു രണ്ടു ക്രമത്തിന്നും സാധാരണമായ വിധത്തിൽ മൂർച്ഛനാസ്വരൂപം ഭരതമുനി കാണിച്ചിട്ടുള്ളത്. അതിനാൽ അവരോഹക്രമത്തിന്നു കൂടതാനത്വം വരുന്നതല്ല. തുല്യന്യായത്താൽ അവരോഹക്രമം മൂർച്ഛന, ആരോഹക്രമം കൂടതാനം എന്നും പറയാവുന്നതാണെന്നുള്ളതുതന്നെ അതിന്നു നിമിത്തം. മതംഗമുനിയും "ആരോഹേണാവരോഹേണ ക്രമേണ സ്വരസപ്തകം മൂർച്ഛനാശബ്ദവാച്യം" എന്നിങ്ങനെ രണ്ടുതരം ക്രമവും മൂർച്ഛനയാണെന്നാണ് പറഞ്ഞിട്ടുള്ളത്.

സൂ—തതശ്ച ദ്വിത്രിചതുസ്സ്വരാഃ ക്രമവ്യുൽക്രമാഃ പൂർണ്ണഷാഡവൌഡവിതാവ്യുൽക്രമാശ്ച മാർഗ്ഗേ കൂടതാനാ ഇതി മുനിസങ്കേതഃ. ൨൯

ഭാ—അതനുസരിച്ചു രണ്ട് മൂന്ന്, നാല്, എന്നീ സ്വരങ്ങളുടെ ക്രമത്തിലുള്ള യോഗങ്ങളും ക്രമഹീനയോഗങ്ങളും പൂർണ്ണസപ്തസ്വരങ്ങളുടെയും ഷാഡവിതങ്ങളുടെയും ഔഡവിതങ്ങളുടെയും ക്രമഹീനയോഗങ്ങളുമാണ് മാർഗ്ഗപ്രസ്ഥാനത്തിൽ കൂടതാനങ്ങൾ എന്നാണ് മുനിസങ്കേതമെന്നു നിർണ്ണയിക്കേണ്ടിയിരിക്കുന്നു. പൂർണ്ണങ്ങളുടെ ക്രമികങ്ങളായ ആരോഹണവും അവരോഹണവും പൂർണ്ണമൂർച്ഛനകൾ. ഷാഡവിതങ്ങളിലും ഔഡവിതങ്ങളിലുമായി മുമ്പുപറഞ്ഞ എമ്പത്തിനാലെണ്ണം താനമൂർച്ഛനകൾ. മററുള്ളവയിൽ പ്രത്യേക രാഗോന്നായകങ്ങളായിവരുന്ന ക്രമികഷാഡവിതങ്ങൾ ഷാഡവിതമൂർച്ഛനകൾ. അപ്രകാരമുള്ള ഔഡവിതങ്ങൾ ഔഡവിതമൂർച്ഛനകൾ. അവയിലെ അവരോഹക്രമങ്ങളും ആ വർഗ്ഗത്തിൽ ചേരുന്നു. പ്രത്യേക രാഗോന്നായകങ്ങളോ താനമൂർച്ഛനകളോ അല്ലാതെ രാഗവിസ്താരകങ്ങൾ മാത്രമായ ക്രമികഷാഡവിതൌഡവിതങ്ങളെല്ലാം ശുദ്ധതാനങ്ങൾ. പൂർണ്ണങ്ങളിലും ഷാഡവൌഡവിതങ്ങളിലും രാഗവിസ്താരകങ്ങളും ക്രമഹീനയോജിതങ്ങളുമായിട്ടുള്ളവയും രണ്ടോ മൂന്നോ നാലോ സ്വരങ്ങൾ ക്രമമായോ ക്രമഹീനമായോ യോജിപ്പിച്ചവയും എല്ലാം കൂടതാനങ്ങൾ. ഇങ്ങനെ വിവേകം. നാലുവരെ സ്വരങ്ങളുടെ യോജനംകൊണ്ടുമാത്രം രാഗോൽപത്തി സംഭവിക്കാത്തതിനാൽ അതു ക്രമികമായാലും മൂർച്ഛനയാവില്ല. ഉൽപന്നരാഗത്തിൻെറ വിസ്താ

രകത്വം അതിന്നുമുണ്ടാകയും ചെയ്യും. അങ്ങനെയുള്ള സ്ഥിതിക്ക് അവയിലെ ക്രമവ്യുൽക്രമയോജനങ്ങളെ വകതിരിച്ചു ഗണിച്ചിട്ടു പ്രയോജനവിശേഷമൊന്നുമുണ്ടാവാനില്ലാത്തതിനാൽ ഏതുതരം യോജനവും കൂടതാനമായിഗ്ഗണിച്ചാൽ മതിയാകുന്നതാണെന്ന് ആശയം.

സൂ—തത്രൈകൈകസ്യ ക്രമവ്യുൽക്രമാസംഭവാന്നഭേദഃ. ൯

ഭാ—അതിൽ ഓരോ സ്വരം മാത്രമായി പ്രയോഗിക്കുന്നതിൽ ക്രമമോ വ്യുൽക്രമമോ സംഭവിക്കാത്തതിനാൽ ക്രമത്തെയോ വ്യുൽക്രമത്തെയോ ആസ്പദമാക്കിയുള്ള വകഭേദവും വരില്ല. അതിനാൽ അതിന്നുമാത്രമായി താനത്വവുമില്ലെന്നർത്ഥം.

സൂ—ദ്വയോര്യോഗേ ദ്വാവിത്യേകവിംശത്യോർഗൈർദ്വാചത്വാരിംശത്താനഭേദാഃ. ൧൦

ഭാ—രണ്ടു സ്വരങ്ങളുടെ യോഗം സരി എന്ന മാതിരി ക്രമവും രിസ എന്ന മാതിരി വിപരീതക്രമവുമായി രണ്ടുവിധം കൂടതാനം സംഭവിക്കുന്നതാണ്. അതുപ്രകാരം സരി, സഗ, സമ, സപ, സധ, സനി ഇങ്ങനെ ഷഡ്ജാദിയായി ആറും രിഗ, രിമ, രിപ, രിധ, രിനി ഇങ്ങനെ ഋഷഭാദിയായി അഞ്ചും ഗമ, ഗപ, ഗധ, ഗനി ഇങ്ങനെ ഗാന്ധാരാദി നാലും, മപ, മധ, മനി ഇങ്ങനെ മധ്യമാദി മൂന്നും, പധ, പനി ഇങ്ങനെ പഞ്ചമാദി രണ്ടും, ധനി എന്നു ധൈവതാദി ഒന്നുമായി ഇരുപത്തൊന്നു ക്രമയോഗവും അവയിലോരോന്നിൻെറയും വിപരീതക്രമയോഗവും കൂടി നാല്പത്തിരണ്ടു വകഭേദങ്ങൾ ദ്വിസ്വരയോഗത്തിന്നു വരുന്നതാണ്.

സൂ—ത്രയാണാം ഷഡിതി പഞ്ചത്രിംശതാദശോത്തരംശതദ്വയം. ൧൧

ഭാ—യോഗേ എന്നതു പൂർവ്വസൂത്രത്തിൽനിന്നനുവർത്തിക്കുക. മൂന്നു സ്വരങ്ങളുടെ യോഗത്തിൽ സരിഗ, രിസഗ, സഗരി, ഗസരി, രിഗസ, ഗരിസ ഇങ്ങനെ ക്രമവ്യുൽക്രമങ്ങളായി ആറുതരം വരുന്നുണ്ട്. അതുപ്രകാരം സപ്തസ്വരങ്ങളിലായി സ്വരഭേദമനുസരിച്ചുള്ള സ്വരത്രയയോഗങ്ങൾ സരിഗ, സരിമ, സരിപ, സരിധ, സരിനി, സഗമ, സഗപ, സഗധ, സഗനി, സമപ, സമധ, സമനി, സപധ, സപനി, സധനി ഇങ്ങനെ ഷഡ്ജാദിയായി പതിനഞ്ചും, രിഗമ, രിഗപ, രിഗധ, രിഗനി, രിമപ, രിമധ, രിമനി, രിപധ, രിപനി, രിധനി ഇങ്ങനെ ഋഷഭാദിയായി പത്തും, ഗമപ, ഗമധ, ഗമനി, ഗപധ, ഗപനി, ഗധനി ഇങ്ങനെ ഗാന്ധാരാദിയായി ആറും, മപധ, മപനി, മധനി ഇങ്ങനെ മധ്യമാദിയായി മൂന്നും പധനി എന്നു പഞ്ചമാദിയായി ഒന്നുംകൂടി മുപ്പത്തഞ്ചു ക്രമയോഗങ്ങളായിട്ടുതന്നെയുണ്ട്. അവയിലോരോന്നും മേൽപറഞ്ഞവിധം ആറു തരത്തിൽ വരുന്നതിനാൽ ഇരുനൂററിപ്പത്തു താനഭേദങ്ങൾ വരുന്നതാണ്.

സൂ—ചതുർണ്ണാം ചതുർവ്വിംശതിരിതിതത്രാപി പഞ്ചത്രിംശതാ ചത്വാരിംശദധികാന്യഷ്ടശതാനി. ൧൨

ഭാ—യോഗേ എന്നതനുവർത്തിക്കുന്നു. നാലു സ്വരങ്ങളുടെ യോഗത്തിൽ സരിഗമ, രിസഗമ, ഗസരിമ, ഗരിസമ, രിഗസമ, സഗരിമ എന്ന മാതിരിയിൽ ഓരോ സ്വരവും അവസാനത്തേതായി ത്രിസ്വരയോഗത്തിൽ കാണിച്ചവിധം ആറു തരത്തിൽ വരുന്നതിനാൽ ഒരു ചതുസ്വരയോഗത്തിന്നുതന്നെ ഇരുപത്തിനാലു വകഭേദങ്ങളുണ്ട്. സപ്തസ്വരങ്ങളിലെ ക്രമികചതുസ്വരയോഗമാകട്ടെ മുപ്പത്തഞ്ചു തരത്തിലുമുണ്ട്. എങ്ങനെയെന്നാൽ—സരിഗമ, സരിഗപ, സരിഗധ, സരിഗനി, സരിമപ, സരിമധ, സരിമനി, സരിപധ, സ

രിപനി, സരിധനി, സഗമപ, സഗമധ, സഗമനി, സഗപധ, സഗപനി, സഗധനി, സമപധ, സമപനി, സമധനി, സപധനി ഇങ്ങനെ ഷഡ്ജാദിയായി ഇരുപതും, രിഗമപ, രിഗമധ, രിഗമനി, രിഗപധ, രിഗപനി, രിഗധനി, രിമപധ, രിമപനി, രിമധനി, രിപധനി ഇങ്ങനെ ഋഷഭാദിയായി പത്തും, ഗമപധ, ഗമപനി, ഗമധനി, ഗപധനി ഇങ്ങനെ ഗാന്ധാരാദിയായി നാലും മപധനി എന്നു മധ്യമാദി ഒന്നുംകൂടി മുപ്പത്തഞ്ച്. അവയോരോന്നും ഇരുപത്തിനാലുവിധം വരുന്നതിനാൽ ശുദ്ധസ്വരഘടിതകൂടതാനങ്ങൾതന്നെ എണ്ണൂററിനാല്പതുതരം വരും.

സൂ—പഞ്ചാനാം വിംശത്യധികം ശതമിതി ദ്വിസ്വരയോഗേഷ്വേകൈകഹീനതയാവിംശത്യധികപഞ്ചശതോത്തരേ സഹസ്രദ്വയേ ശുദ്ധതാനഭിന്നാഃ. ൫൯

ഭാ—യോഗേ എന്നതനുവർത്തിക്കുന്നു. അഞ്ചു സ്വരങ്ങളുടെ യോഗത്തിൽ ആ സ്വരങ്ങളിലോരോന്നും അവസാനത്തേതായി വരുന്നവിധം ഇരുപത്തുനാലുതരം യോഗങ്ങളുള്ളതിനാൽ ഒരു പഞ്ചസ്വരയോഗത്തിൽത്തന്നെ നൂററിരുപതു വകഭേദങ്ങളുണ്ട്. ക്രമികസ്വരഭേദങ്ങളാകട്ടേ ദ്വിസ്വരയോഗത്തിൽ കാണിച്ച ധനി, പനി മുതലായ ഈ രണ്ടു സ്വരങ്ങളില്ലാതെ സരിഗമപ, സരിഗമധ എന്നു തുടങ്ങി ഇരുപത്തൊന്നു വകയായിട്ടുമുണ്ട്. അതിനാൽ നൂററിരുപതിനെ ഇരുപത്തൊന്നുകൊണ്ടു പെരുക്കിയാൽ കിട്ടുന്ന രണ്ടായിരത്തഞ്ഞൂററിരുപതുതരം പഞ്ചസ്വരയോഗങ്ങൾ വരുന്നതാണ്. അവയിൽ ശുദ്ധതാനങ്ങൾ ഒഴിച്ച ശേഷമെല്ലാം കൂടതാനങ്ങൾ. ഇവിടെ താനമൂർച്ഛനകളെയും ശുദ്ധതാനങ്ങളിലുൾപ്പെട്ട ഒരു വകഭേദമായിട്ടാണ് ഗണിച്ചിരിക്കുന്നതെന്നറിഞ്ഞുകൊൾക. മാർഗ്ഗത്തിൽ മധ്യമലോപമുള്ള പഞ്ചസ്വരയോഗമില്ലെന്നുള്ളതനുസരിച്ച വരുന്ന ശുദ്ധതാനസംഖ്യ മുമ്പു കാണിച്ചിട്ടുണ്ട്. അതുപ്രകാരം കൂടതാനങ്ങളുടെ സംഖ്യയും ചുരുങ്ങുന്നതാണ്.

സൂ—ഷണ്ണാം വിംശത്യധികാനിസപ്തശതാനീത്യേകൈകഹീനൈസ്സപ്തഭിശ്ചത്വാരിംശദധികാനി പഞ്ചസഹസ്രാണി ഭവന്തി. തേഷു ശുദ്ധതാനഭിന്നാഃ. ൬൦

ഭാ—യോഗേ എന്നതനുവർത്തിക്കുന്നു. ആറു സ്വരങ്ങളുടെ യോഗത്തിൽ അവയിലോരോന്നും അവസാനസ്വരമായി നൂററിരുപതു വകഭേദങ്ങൾ വരുന്നതിനാൽ ഒരു ഷട്സ്വരയോഗത്തിന്നുതന്നെ എഴുനൂററിരുപതു വകഭേദങ്ങളുണ്ട്. സപ്തസ്വരങ്ങളിൽ ലോപിച്ച സ്വരത്തിൻെറ വ്യത്യാസമനുസരിച്ചാകട്ടേ രിഗമപധനി, സഗമപധനി, സരിമപധനി, സരിഗപധനി, സരിഗമധനി, സരിഗമപനി, സരിഗമപധ ഇങ്ങനെ ഏഴുക്രമിക ഷട്സ്വരയോഗങ്ങളുമുണ്ട്. അവയിലോരോന്നിന്നും എഴുനൂററിരുപതുവീതം വകഭേദങ്ങൾ വരുമ്പോൾ ആകെ അയ്യായിരത്തിനാല്പതു തരങ്ങൾ വരുന്നു. അവയിൽ ക്രമവും വിപരീതക്രമവുമായിട്ടുള്ള ശുദ്ധതാനങ്ങളൊഴിച്ച ശേഷമെല്ലാം കൂടതാനങ്ങളാണ്. ഇവിടെയും മധ്യമം ലോപിക്കില്ലെന്നുള്ള മതപ്രകാരം സരിഗപധനി എന്ന ഷട്സ്വരയോഗമുണ്ടാകാത്തതിനാൽ ആറു ക്രമികയോഗങ്ങളേ വരുള്ളൂ. അതനുസരിച്ച നാലായിരത്തിമൂന്നൂററിരുപതു വകഭേദങ്ങളേ ശുദ്ധസ്വരഘടിതയോഗങ്ങൾക്കുണ്ടാകയുമുള്ളൂ. അന്തരകാകലീഘടിതയോഗങ്ങളും ഓരോന്നു കുറയുന്നതാണ്. എന്ന വിശേഷവും ഗ്രഹിച്ചുകൊൾക.

സൂ—പൂർണ്ണാ അപി ചത്വാരിംശദധികാനി പഞ്ചസഹസ്രാണി. തേഷ്വാരോഹാവരോഹക്രമരൂപമൂർച്ഛനാവർജ്ജമന്യേ. കൂടതാനാഃ. വൃ൧

ഭാ—സപ്തസ്വരങ്ങളുടെ യോഗത്തിലും ഓരോ സ്വരം അവസാനത്തേതായി എഴുനൂററിരുപതുതരം യോഗഭേദങ്ങൾ വരുന്നതിനാൽ ഏഴു സ്വരങ്ങളും അവസാനസ്വരമാകുന്നവിധം അയ്യായിരത്തിനാല്പതു യോഗഭേദങ്ങൾ ആകേ വരുന്നതാണ്. ഒരു സ്വരത്തിനും കുറവില്ലാത്തതുകൊണ്ടു ഷാഡവൌഡവിതാദികളിലെപ്പോലെ സ്വരയോജനക്രമത്തിനാലുള്ള ഭേദങ്ങൾ ഇതിൽ വരുന്നതല്ല. ഒരു ക്രമികയോഗം മാത്രമേ ഉള്ളൂ. അതുകൊണ്ടാണ് ഷാഡവിതത്തിലും പൂർണ്ണത്തിലും ആകെയുള്ള വകഭേദങ്ങളുടെ സംഖ്യ ഒന്നായത്. അവയിൽ ആരോഹണക്രമത്തിലും അവരോഹണക്രമത്തിലുമുള്ള മൂർച്ഛനകൾ നീക്കി ശേഷമെല്ലാം കൂടതാനങ്ങളാണ്.

സൂ—ഏവം പഞ്ചമഭേദഭിന്നേ മധ്യമഗ്രാമേപി. വൃ൨

ഭാ—പഞ്ചമസ്വരത്തിന്റെ ശ്രുതിവ്യത്യാസംനിമിത്തം ഷഡ്ജഗ്രാമത്തിൽനിന്നു വ്യത്യസ്തമായ മധ്യമഗ്രാമത്തിലെയും പൂർണ്ണകൂടതാനങ്ങളുടെയും ഷാഡവൌഡവിതാദി കൂടതാനങ്ങളുടെയും ശുദ്ധതാനങ്ങളുടെയും സ്വരൂപങ്ങളും സംഖ്യകളുമെല്ലാം ഈ വിധത്തിൽത്തന്നെ അറിയേണ്ടതാണ്.

സൂ—തേ ചതാനാഃ പ്രതിമൂർച്ഛനം വിഭിന്നാ ഇതിനിശ്ശങ്കഃ. വൃ൩

ഭാ—ആ താനങ്ങൾ ഉത്തരമന്ദ്ര, രജനി മുതലായ ഓരോ മൂർച്ഛനയിലും വേറെ വേറെയാണ്. അതായത് സരിഗമപധനി എന്ന ഉത്തരമന്ദ്രയിലെ മധ്യസ്ഥായിനിഷാദം ചേർന്നിട്ടുള്ള സരിഗമപനിധ എന്ന കൂടതാനവും, നിസരിഗമപധ എന്ന രജനിയിലെ മന്ദ്രസ്ഥായിനിഷാദം ചേർന്നിട്ടുള്ള സരിഗമപനിധ എന്ന കൂടതാനവും വേറെയാണ്. അതുപോലെ സ്വരം ഒന്നുതന്നെയായാലും ഭിന്നസ്ഥായികളിലുള്ളതാണെങ്കിൽ താനങ്ങളും വേറെ വേറെയാണ് എന്നർത്ഥം. ഇങ്ങനെയാണ് രത്നാകരകാരനായ നിശ്ശങ്കശാർങ്ഗദേവന്റെ മതം. എഴുപതാം സൂത്രത്തിന്റെ ഭാഷ്യത്തിൽ കാണിച്ച "പൂർണ്ണാഃ പഞ്ചസഹസ്രാണി" എന്നു തുടങ്ങുന്ന നിശ്ശങ്കഗ്രന്ഥം നോക്കുക.

സൂ—വസ്തുതസ്തു ഗ്രാമഭേദ ഏവ താനഭേദഃ. സ്ഥായിഭേദാന്മൂർച്ഛനായാ ഇവ മൂർച്ഛനാഭേദാത്താനാനാമപി ഭേദേസാധകാഭാവാൽ. വൃ൪

ഭാ—വസ്തുസ്ഥിതി നോക്കിയാലാകട്ടേ ഗ്രാമഭേദത്താൽ മാത്രമേ താനങ്ങൾ വേറെ വേറെയാണെന്നു സ്വീകരിക്കേണ്ടതുള്ളൂ. ഷഡ്ജഗ്രാമത്തിലും മധ്യമഗ്രാമത്തിലും പഞ്ചമധൈവതങ്ങൾക്കു ശ്രുതിസംഖ്യാവ്യത്യാസമുള്ളതുകൊണ്ടു ഗ്രാമഭേദം താനഭേദത്തിനു നിമിത്തമാകുന്നതുമാണ്. സ്ഥായിഭേദമനുസരിച്ചു മൂർച്ഛനകൾക്കു ഭേദമില്ലാത്തതിനാൽ ഒരേ വിധത്തിലുള്ള താനങ്ങളിലും സ്വരങ്ങൾ രണ്ടു സ്ഥായിയിൽ ചേർന്നതാണെന്നതടിസ്ഥാനമാക്കി അവ തമ്മിൽ ഭേദം കല്പിക്കേണ്ടതില്ല. അതായത് സരിഗമപധനി എന്ന മൂർച്ഛന മന്ദ്രസ്ഥായിഷഡ്ജം മുതൽ മന്ദ്രനിഷാദംവരെയുള്ളതായാലും മധ്യഷഡ്ജം മുതൽ മധ്യനിഷാദംവരെയുള്ളതായാലും താരഷഡ്ജം മുതൽ താരനിഷാദംവരെയുള്ളതായാലും വാസ്തവത്തിൽ സ്വരവ്യക്തികൾക്കു ഭേദമുണ്ടെങ്കിലും ഉത്തരമന്ദ്രയെന്ന ഒരേ മൂർച്ഛനതന്നെയാണല്ലോ. അതുപോലെ സരിഗമപനിധ എന്ന കൂടതാനത്തിലെ നിഷാദമോ ധൈവതമോ മധ്യസ്ഥായിയിലേതായാലും മന്ദ്രസ്ഥായിയിലേതായാലും വാസ്തവത്തിൽ സ്വരവ്യക്തിഭേദമുണ്ടെങ്കിലും

ഒരേ ജാതി കൂടതാനമാണെന്നു സ്വീകരിച്ചാൽ മതി. അല്ലാതെ മന്ദ്രനിഷാദമാണെങ്കിൽ രജനിയിൽ ചേർന്നതെന്നോ മധ്യനിഷാദമാണെങ്കിൽ ഉത്തരമന്ദ്രയിൽ ചേർന്നതെന്നോ സ്വീകരിക്കേണ്ടതില്ലാത്തതിനാൽ മൂർച്ഛനാഭേദമനുസരിച്ചുള്ള താനഭേദകല്പനം ആവശ്യമില്ലെന്നർത്ഥം. താനങ്ങൾക്കാധാരം പൊതുവായി മൂർച്ഛനയാണെന്നല്ലാതെ ഓരോരോ താനങ്ങൾക്കും ഓരോരോ മൂർച്ഛനകൾ പ്രത്യേകം പ്രത്യേകം ആധാരമാണെന്നുള്ള വിശേഷകല്പനം വേണ്ടതില്ലെന്നു താൽപര്യം. സ്ഥായിഭേദമനുസരിച്ചു മൂർച്ഛനകളും വേറെയാണെന്നു പറയുന്നതു മൂർച്ഛനകളെ ഏഴാക്കി വിഭജിച്ചിട്ടുള്ള ഭരതാദിമുനിമതത്തിന്നു യോജിക്കുന്നതുമല്ലല്ലോ. മതംഗമുനിയുടെ "നനുപ്രഥമായാം സപ്തമ്യാം ച മൂർച്ഛനായാം ഷഡ്ജലുപ്തേ രിഗമപധനീത്യേകമേവരൂപം ഭവതി. തത്ര ന ജ്ഞായതേ വിശേഷഃ. സത്യം. ഭേദോനാസ്തി. വസ്തുവ്യക്തിഗണനേ പുനരസ്ത്യേവ ഭേദോമന്ദ്രമധ്യകൃതഃ." എന്ന ഗ്രന്ഥവും സ്ഥായിഭേദം കൊണ്ടു മൂർച്ഛനകൾക്കും താനങ്ങൾക്കും വ്യക്തിഭേദം വരുമെന്നല്ലാതെ വകഭേദം വരുന്നതല്ലെന്നതിലെക്ക് അവലംബമായിട്ടുണ്ട്. ആ ഗ്രന്ഥത്തിന്റെ അർത്ഥം—നിൽക്കു. സരിഗമപധനി എന്ന ഒന്നാമത്തെ മൂർച്ഛനയിലും രിഗമപധനിസ എന്ന ഏഴാമത്തെ മൂർച്ഛനയിലും ഷഡ്ജം ലോപിച്ചു ഷാഡവിതമാകുമ്പോൾ രിഗമപധനി എന്ന ഒരേ രൂപംതന്നെയാണ് വരുന്നത്. അതിൽ വിശേഷമൊന്നുമില്ലല്ലോ. പറയാം. ശരിയാണ്. രണ്ടും തമ്മിൽ ഭേദമില്ല. ഒന്നുതന്നെയാണ്. വസ്തുവ്യക്തി നോക്കുമ്പോൾ ഒന്നു മന്ദ്രസ്ഥായിയും ഒന്നു മധ്യസ്ഥായിയുമാണെന്നുള്ള വ്യക്തിഭേദം മാത്രമുണ്ട്. എന്നാണല്ലോ. ദത്തിലമുനിയും സ്ഥായിഭേദംകൊണ്ടു മൂർച്ഛനാഭേദമോ മൂർച്ഛനാഭേദംകൊണ്ടു താനഭേദമോ ഇല്ലെന്ന അഭിപ്രായത്തോടുകൂടിത്തന്നെയാണ് കൂടതാനഗണനയിൽ "പൂർണ്ണാഃ പഞ്ചസഹസ്രാണിത്രയത്രിംശച്ച സംഖ്യയാ." എന്നിങ്ങിനെ സപ്തസ്വരവിവിധയോഗം അയ്യായിരത്തിനാല്പതിൽ ക്രമികങ്ങളായ ഏഴു മൂർച്ഛനകൾ കിഴിച്ച് അയ്യായിരത്തിമുപ്പത്തിമൂന്നു കൂടതാനങ്ങളെന്നു പറഞ്ഞിട്ടുള്ളത്. ഒരു മൂർച്ഛനയിലുള്ള സപ്തസ്വരങ്ങളുടെ വിവിധയോഗസംഖ്യയാണ് അയ്യായിരത്തിനാല്പത്. ഓരോ മൂർച്ഛനയിലെയും താനങ്ങളെല്ലാം വേറെവേറെയാണെങ്കിൽ അയ്യായിരത്തിനാല്പതിൽനിന്ന് ഒന്നു മാത്രമേ കിഴിക്കേണ്ടിവരുള്ളൂ. ഏഴു കിഴിക്കേണ്ടി വരില്ല. ഏഴു മൂർച്ഛനകളിലെയും വിഭിന്നതാനങ്ങളെല്ലാം കൂടിച്ചേർന്ന സംഖ്യയായ മുപ്പത്തയ്യായിരത്തിരുനൂറെറമ്പതിൽ നിന്നേ ഏഴു മൂർച്ഛനകളെക്കിഴിക്കേണ്ടി വരുള്ളൂ. അതിനാൽ മൂർച്ഛനാഭേദംകൊണ്ടു താനങ്ങൾക്കു ഭേദമില്ലെന്നാണ് ദത്തിലമുനിയുടെയും മതമെന്നു വ്യക്തമാണ്. എന്നാൽ ആരോഹക്രമത്തിലുള്ള മൂർച്ഛനകളെമാത്രം കണക്കാക്കീട്ടാണ് ഏഴു മാത്രം കുറച്ചിട്ടുള്ളതെന്നും അവരോഹക്രമത്തിലും കൂടതാനസ്വരൂപങ്ങൾക്കു വ്യത്യാസമില്ലാത്തതിനാൽ പതിന്നാലു കിഴിച്ചു കൂടതാനസംഖ്യ അയ്യായിരത്തിരുപത്താറാണെന്നു നിശ്ചയിക്കുന്നതാണ് ഉത്തമമെന്നറിഞ്ഞുകൊൾക.

സൂ—സാധാരണാദികൃതാ അപിഭേദാനസംഖ്യാഭേദകാ വിജ്ഞേയാഃ. വൃ൫

ഭാ—അന്തരഗാന്ധാരം, കാകളിനിഷാദം എന്നീ സാധാരണസ്വരങ്ങൾ ചേർന്നിട്ടുള്ള മൂർച്ഛനകളെ അവലംബിച്ചും കൂടതാനങ്ങൾ വരുന്നതാണ്. മധ്യമഗ്രാമത്തിൽ പഞ്ചമമെന്നപോലെ അവയിലും സ്വരത്തിന്നു ഭേദമുണ്ടെങ്കിലും ഒരു മൂർച്ഛനയിലും സപ്തസ്വരങ്ങളിലധികം വരാത്തതുകൊണ്ടു സാധാരണസ്വരങ്ങൾ ചേരുന്നതിൽ ശുദ്ധസ്വരം കുറഞ്ഞിരിക്കുന്നതിനാൽ അവയിലും കൂടതാനങ്ങളുടെ സംഖ്യക്കു വ്യത്യാസം വരില്ലെന്നറിഞ്ഞുകൊൾക. എന്നാൽ മധ്യമഗ്രാമത്തിലെപ്പോലെതന്നെ സ്വരഭേദമുള്ളതുകൊണ്ട് ആ കൂട

താനങ്ങളെയും പ്രത്യേകം ഗണിക്കേണ്ടതാകയാൽ ഓരോ ഗ്രാമത്തിലും ഇരുപതിനായിര ത്തൊരുനൂററിരുപതു വീതമായി ആകെ രണ്ടു ഗ്രാമത്തിലുംകൂടി നാല്പതിനായിരത്തിരുനൂററി നാല്പതുവിധം പൂർണ്ണസ്വരയോഗങ്ങൾ വരുന്നതാണെന്നും അവയിൽ ആരോഹാവരോഹക്രമ ങ്ങളായ ഒരുനൂററിപ്പന്തിരണ്ടു മൂർച്ഛനകൾ കിഴിച്ച ശേഷമെല്ലാം പൂർണ്ണകൂടതാനങ്ങളാണെ ന്നും ഗ്രഹിക്കേണ്ടതുണ്ട്. ഷാഡവൌഡവിത കൂടതാനങ്ങളുടെ പരമസംഖ്യകളും ഇപ്ര കാരം ഗണിച്ചറിഞ്ഞുകൊൾക.

ഇനി ദക്ഷിണപ്രസ്ഥാനത്തിലെ താനവിഭാഗം കാണിക്കുന്നു—

സൂ—ദക്ഷിണേ ക്രമികദ്വിത്രിചതുസ്സ്വരാഃ ശുദ്ധാസ്താനാഃ. ൮൩

ഭാ—ദക്ഷിണപ്രസ്ഥാനത്തിലാകട്ടേ ആരോഹണക്രമത്തിലോ അവരോഹണക്രമത്തി ലോ വരുന്ന രണ്ടു സ്വരങ്ങളോ മൂന്നു സ്വരങ്ങളോ നാലു സ്വരങ്ങളോ ചേൎന്ന സമുദായ ത്തിന്നാണ് ശുദ്ധതാനങ്ങളെന്നു പറയുന്നത്. നാലിലധികം സ്വരങ്ങൾ ക്രമത്തിൽ ചേൎന്ന തെല്ലാം പ്രത്യേകരാഗോന്നായകങ്ങളായതിനാൽ ഔഡവിതമൂർച്ഛന, ഷാഡവിതമൂർച്ഛന, പൂർണ്ണമൂർച്ഛന ഇവയിലുൾപ്പെടുന്നതുനിമിത്തം അവ മൂർച്ഛനയെ അവലംബിച്ചുകൊണ്ടു വരു ന്ന താനങ്ങളായി സ്വീകരിച്ചിട്ടില്ലെന്നഭിപ്രായം.

സൂ—വസ്തുതസ്ത്വമൂർച്ഛനാഃ ക്രമികപഞ്ചഷട്സ്വരാശ്ച തഥാ. ൮൪

ഭാ—വസ്തുസ്ഥിതിയും മൂർച്ഛനാതാനങ്ങൾ തമ്മിലുള്ള വ്യത്യാസവും അനുസരിച്ച് അഞ്ചു സ്വരങ്ങളുടെയും ആറു സ്വരങ്ങളുടെയും ക്രമികയോഗങ്ങളും മൂർച്ഛനകളുടെ നില യിലല്ലാതെ ചേൎന്നുവരുന്നതായാൽ അവ ദക്ഷിണപ്രസ്ഥാനത്തിലും ശുദ്ധതാനങ്ങളാണെന്നു സ്വീകരിക്കണം. എന്തുകൊണ്ടെന്നാൽ, അഞ്ചു സ്വരങ്ങളുടെ ക്രമികയോഗം ഔഡവിത രാഗങ്ങളെപ്പററിയേടത്തോളവും ആറു സ്വരങ്ങളുടെ ക്രമികയോഗം ഷാഡവിതരാഗങ്ങളെ പ്പററിയേടത്തോളവും രാഗോന്നായകങ്ങളായ മൂർച്ഛനകളാണെങ്കിലും പൂർണ്ണമൂർച്ഛനയെ അ വലംബിച്ചുള്ള രാഗങ്ങളിൽ ആവക രാഗങ്ങളുടെ വിസ്താരകമായി പ്രയോഗിക്കുന്ന പഞ്ച സ്വരക്രമികയോഗവും ഷട്സ്വരക്രമികയോഗവും മൂർച്ഛനകളാകുന്നതല്ല. ഷാഡവരാഗ ങ്ങളിൽ വിസ്താരകമായി പ്രയോഗിക്കുന്ന പഞ്ചസ്വരക്രമികയോഗവും മൂർച്ഛനയാവില്ല. അവയെല്ലാം രാഗവിസ്താരകങ്ങളായ താനങ്ങളായിട്ടേ വരികയുള്ളൂ. ക്രമികസ്വരയോഗ ങ്ങളായതിനാൽ കൂടതാനങ്ങളുമാവില്ല. അതുകൊണ്ടു നാലു സ്വരങ്ങൾവരെയുള്ള ക്രമയോ ഗങ്ങൾപോലെ ആ പഞ്ചസ്വരഷട്സ്വരയോഗങ്ങളും ശുദ്ധതാനങ്ങളാണെന്നുള്ളതേ യു ക്തമാകയുള്ളൂ.

സൂ—തേചാരോഹണേ ദ്വ്യാദിക്രമാത്സപ്ത ഷട് പഞ്ച ചത്വാരസ്ത്രയശ്ച മൂർച്ഛനായാം. ൮൫

ഭാ—അങ്ങനെയുള്ള ശുദ്ധതാനങ്ങൾ മൂർച്ഛനയിൽ ആരോഹണക്രമത്തിൽ ദ്വി സ്വരയോഗങ്ങൾ സരി, രിഗ, ഗമ, മപ, പധ, ധനി, നിസ ഇങ്ങനെ ഏഴും, ത്രിസ്വര യോഗങ്ങൾ സരിഗ, രിഗമ, ഗമപ, മപധ, പധനി, ധനിസ ഇങ്ങനെ ആറും, ചതുസ്സ്വര യോഗങ്ങൾ സരിഗമ, രിഗമപ, ഗമപധ, മപധനി, പധനിസ ഇങ്ങനെ അഞ്ചും, പഞ്ച സ്വരയോഗങ്ങൾ സരിഗമപ, രിഗമപധ, ഗമപധനി, മപധനിസ ഇങ്ങനെ നാലും, ഷ ട്സ്വരയോഗങ്ങൾ സരിഗമപധ, രിഗമപധനി, ഗമപധനിസ ഇങ്ങനെ മൂന്നും വരുന്ന താണ്. ഓരോ യോഗങ്ങളും അവരോഹണക്രമത്തിലും അപ്രകാരം സനി, നിധ, ധപ, പ മ, മഗ, ഗരി, രിസ ഇങ്ങനെ ഏഴും, സനിധ, നിധപ, ധപമ, പമഗ, മഗരി, ഗരിസ ഇങ്ങ

നെ ആറും, സനിധപ, നിധപമ, ധപമഗ, പമഗരി, മഗരിസ ഇങ്ങനെ അഞ്ചും, സനിധപമ, നിധപമഗ, ധപമഗരി, പമഗരിസ ഇങ്ങനെ നാലും, സനിധപമഗ, നിധപമഗരി, ധപമഗരിസ ഇങ്ങനെ മൂന്നുമെന്നറിക.

സൂ—തേഷു ശുദ്ധവികൃതഭേദേന ദ്വിസ്വരാ വിംശതിരാരോഹേ. ൫൯

ഭാ—അവയിൽ ഷഡ്ജപഞ്ചമങ്ങളൊഴിച്ച മററഞ്ചുസ്വരങ്ങളും ശുദ്ധങ്ങളും വികൃതങ്ങളുമായിട്ടുള്ളതിനാൽ ദ്വിസ്വരയോഗങ്ങൾ ആരോഹണക്രമത്തിൽതന്നെ ഇരുപതുവിധത്തിൽ വരുന്നതാണ്. എങ്ങനെയെന്നാൽ, ഷഡ്ജം ചേർന്നിട്ടുള്ള സരി, നിസ എന്ന രണ്ടും ഷഡ്ജം ശുദ്ധഋഷഭത്തോടും വികൃതഋഷഭത്തോടും, ശുദ്ധനിഷാദത്തോടും വികൃതനിഷാദത്തോടും ചേരുന്നതിനാൽ ഈ രണ്ടുവിധം വരും. അങ്ങനെ നാല്. അതുപോലെ മപ, പധ എന്നു പഞ്ചമം ചേർന്നിട്ടുള്ള രണ്ടും പഞ്ചമം ശുദ്ധമധ്യമത്തോടും വികൃതമധ്യമത്തോടും, ശുദ്ധധൈവതത്തോടും വികൃതധൈവതത്തോടും ചേരുന്നതിനാൽ ഈരണ്ടുവിധം വരും. അങ്ങനെയും നാല്. രിഗ, ഗമ, ധനി എന്ന മൂന്നുമാകട്ടേ അവയിലെ ശുദ്ധവും വികൃതവുമായ ഋഷഭാദികളോരോന്നും ശുദ്ധവും വികൃതമായ ഗാന്ധാരാദികളിലോരോന്നിനോടും ചേർന്നു ശുദ്ധരിശുദ്ധഗ, ശുദ്ധരിവികൃതഗ, വികൃതരിശുദ്ധഗ, വികൃതരിവികൃതഗ എന്നിങ്ങനെയുള്ള രീതിയിൽനന്നാലുവിധം വരും. അങ്ങനെ പന്തിരണ്ട്. ഇപ്രകാരം ഇരുപതുവിധം ദ്വിസ്വരയോഗങ്ങൾ ആരോഹണക്രമത്തിൽത്തന്നെ വരുന്നതാണ്. അവരോഹണക്രമത്തിലും അതുപോലെ വരുന്നതിനാൽ ദ്വിസ്വരശുദ്ധതാനങ്ങൾ നാല്പതു തരത്തിലുണ്ട് എന്നു താൽപര്യം.

സൂ—തഥാഷ്ടാവിംശതിസ്ത്രിസ്വരാഃ. ൬൦

ഭാ—അപ്രകാരം ശുദ്ധവികൃതഭേദത്താൽ ത്രിസ്വരയോഗങ്ങൾ ആരോഹണക്രമത്തിൽതന്നെ ഇരുപത്തെട്ടു വിധത്തിലുണ്ട്. എങ്ങനെയെന്നാൽ, സരിഗ എന്നതിന്നു ഷഡ്ജം ശുദ്ധഋഷഭം ശുദ്ധഗാന്ധാരം; ഷഡ്ജം ശുദ്ധഋഷഭം വികൃതഗാന്ധാരം; ഷഡ്ജം വികൃതഋഷഭം ശുദ്ധഗാന്ധാരം; ഷഡ്ജം വികൃതഋഷഭം വികൃതഗാന്ധാരം ഇങ്ങനെ നാലുതരം യോഗങ്ങൾ വരും. അതുപോലെ ഗമപ, മപധ, പധനി എന്ന മൂന്നിന്നും പഞ്ചമത്തിന്റെ ശുദ്ധവികൃതങ്ങളായ ഗമകളോടും മധകളോടും ധനികളോടും ഉള്ള യോഗത്താൽ നന്നാലുതരം യോഗങ്ങൾ വരും. ധനിസ എന്നതിന്നും ഷഡ്ജത്തിന്റെ ശുദ്ധവികൃതങ്ങളായ ധനികളോടുള്ള യോഗത്താൽ നാലുതരം യോഗങ്ങൾ. ഇങ്ങനെ ഇരുപതു വിധങ്ങൾ. രിഗമ എന്നതിന്നാകട്ടേ ശുദ്ധരിശുദ്ധഗശുദ്ധമ; ശുദ്ധരിശുദ്ധഗവികൃതമ; ശുദ്ധരിവികൃതഗശുദ്ധമ, ശുദ്ധരിവികൃതഗവികൃതമ; വികൃതരിശുദ്ധഗശുദ്ധമ; വികൃതരിശുദ്ധഗവികൃതമ; വികൃതരിവികൃതഗശുദ്ധമ; വികൃതരിവികൃതഗവികൃതമ; ഇങ്ങനെ എട്ടുതരം യോഗങ്ങളും വരും. അങ്ങനെ ഇരുപത്തെട്ടുവിധം ത്രിസ്വരയോഗങ്ങൾ ആരോഹണത്തിൽ. അതുപോലെ അവരോഹണത്തിലുമായി അമ്പത്താറുവിധം ത്രിസ്വരശുദ്ധതാനങ്ങളുണ്ട്.

സൂ—ഷട്ത്രിംശച്ചതുസ്സ്വരാഃ. ൬൧

ഭാ—ചതുസ്സ്വരയോഗങ്ങൾ ശുദ്ധവികൃതഭേദത്താൽ മുപ്പത്താറു വിധത്തിൽ വരുന്നതാണ്. എങ്ങനെയെന്നാൽ, സരിഗമ, രിഗമപ, ഗമപധ, മപധനി എന്ന നാലിലും മൂമ്മൂന്നു ശുദ്ധങ്ങളും മൂമ്മൂന്നു വികൃതങ്ങളുമുള്ളതിനാൽ മുൻസൂത്രത്തിന്റെ വിവരണത്തിൽ കാണിച്ച പ്രകാരം എട്ടുവീതം യോഗഭേദങ്ങൾ വരും. അങ്ങനെ മുപ്പത്തിരണ്ട്. പധനിസ എന്നതിൽ രണ്ടു ശുദ്ധങ്ങളും രണ്ടു വികൃതങ്ങളുമുള്ളതിനാൽ നാലുതരം യോഗങ്ങൾ. ഇങ്ങ

നെ ആരോഹണക്രമത്തിൽ മുപ്പത്താറും അപ്രകാരം അവരോഹണക്രമത്തിൽ മുപ്പത്താറുമായി എഴുപത്തിരണ്ട ചതുസ്സ്വരശുദ്ധതാനങ്ങൾ.

സൂ—അഷ്ടാചത്വാരിംശൽ പഞ്ചസ്വരാഃ. ൯൨

ഭാ—പഞ്ചസ്വരയോഗങ്ങൾ ശുദ്ധവികൃതഭേദത്താൽ നാല്പത്തെട്ടുവിധത്തിൽ ആരോഹണക്രമത്തിൽത്തന്നെ വരുന്നതാണ്. എങ്ങനെയെന്നാൽ, സരിഗമപ, രിഗമപധ, ഗമപധനി, മപധനിസ ഇങ്ങനെ നാല്വ പഞ്ചസ്വരയോഗമാണല്ലോ മൂർച്ഛനയിലുള്ളത്. അതിൽ രിഗമപധ, ഗമപധനി എന്ന രണ്ടിലും ശുദ്ധവും വികൃതവുമായി വരാവുന്ന നന്നാലു സ്വരങ്ങളുണ്ട്. അതിൽ ഒരു പഞ്ചസ്വരയോഗത്തിന്നുതന്നെ പതിനാറു വകഭേദങ്ങൾ വരും. രിഗമപധ എന്നതിന്ന് അഞ്ചും ശുദ്ധങ്ങൾ. ൧. ധമാത്രം വികൃതം. ൨. മവികൃതം മറ്റെല്ലാം ശുദ്ധം. ൩. മധകൾ വികൃതങ്ങൾ. ൪. ഗവികൃതം മറ്റെല്ലാം ശുദ്ധം. ൫. ഗധകൾ വികൃതങ്ങൾ. ൬. ഗമകൾ വികൃതങ്ങൾ. ൭. ഗമധകൾ വികൃതങ്ങൾ. ൮. രിവികൃതം മറ്റെല്ലാം ശുദ്ധം. ൯. രിധകൾ വികൃതങ്ങൾ. ൧൦. രിമകൾ വികൃതങ്ങൾ. ൧൧. രിഗകൾ വികൃതങ്ങൾ. ൧൨. രിമധകൾ വികൃതങ്ങൾ. ൧൩. രിഗധകൾ വികൃതങ്ങൾ. ൧൪. രിഗമകൾ വികൃതങ്ങൾ. ൧൫. രിഗമധകൾ വികൃതങ്ങൾ. ൧൬. ഇങ്ങനെ പതിനാറു വകഭേദങ്ങൾ. ഗമപധനി എന്നതിന്നും ഇതുപോലെ ഗമധനികളുടെ ശുദ്ധവികൃതഭേദത്താൽ പതിനാറു വകഭേദങ്ങൾ. സരിഗമപ, മപധനിസ എന്ന രണ്ടിലും മുമ്മൂന്നു സ്വരങ്ങൾ ശുദ്ധവികൃതഭേദമുള്ളവയായതിനാൽ മുമ്പു കാണിച്ചപ്രകാരം ഓരോന്നിന്നും എട്ടുവീതം വകഭേദങ്ങൾ. ഇങ്ങനെ ആരോഹണക്രമത്തിൽ നാല്പത്തെട്ടും അപ്രകാരം അവരോഹക്രമത്തിൽ നാല്പത്തെട്ടുമായി തൊണ്ണൂററാറു പഞ്ചസ്വരശുദ്ധതാനങ്ങൾ.

സൂ—ചതുഃഷഷ്ടിഃ ഷട്സ്വരാഃ. ൯൩

ഭാ—ആറു സ്വരങ്ങളുടെ യോഗം ആരോഹണക്രമത്തിൽ അറുപത്തിനാലു തരത്തിൽ വരുന്നതാണ്. സരിഗമപധ, രിഗമപധനി, ഗമപധനിസ എന്ന മൂന്നാണല്ലോ മൂർച്ഛനയിലെ ക്രമികഷട്സ്വരയോഗങ്ങൾ. അതിൽ രിഗമപധനി എന്നതിലെ പഞ്ചമമൊഴികെയുള്ള അഞ്ചു സ്വരങ്ങൾക്കും ശുദ്ധവികൃതഭേദമുള്ളതിനാൽ അതിന്നുതന്നെ മുമ്പു വിവരിച്ച രീതിയിൽ മുപ്പത്തിരണ്ടു വകഭേദങ്ങൾ വരുന്നതാണെന്നു കാണാം. സരിഗമപധ, ഗമപധനിസ എന്ന രണ്ടിലും നന്നാലു സ്വരങ്ങളും ശുദ്ധവികൃതഭേദമുള്ളവയാണ്. അതിനാൽ ഓരോന്നിന്നും പതിനാറുവീതം വകഭേദങ്ങളും വരും. അങ്ങനെ അറുപത്തിനാലു വകഭേദങ്ങൾ. അപ്രകാരം അവരോഹണക്രമത്തിലും അറുപത്തിനാലു വകഭേദങ്ങൾ വരുന്നതിനാൽ ഒരുനൂററിരുപത്തെട്ടു ഷട്സ്വരശുദ്ധതാനങ്ങൾ.

സൂ—ഇത്ഥമാഹത്യ ദ്വാനവത്യുത്തരം ശതത്രയം ശുദ്ധാസ്താനാ ദക്ഷിണേ ദ്വാത്രിംശന്മുഖ്യമൂർച്ഛനാസു. ൯൪

ഭാ—ഇങ്ങനെ ദ്വിസ്വരങ്ങൾ നാല്പതും ത്രിസ്വരങ്ങൾ അമ്പത്താറും ചതുസ്സ്വരങ്ങൾ എഴുപത്തിരണ്ടും പഞ്ചസ്വരങ്ങൾ തൊണ്ണൂററാറും ഷട്സ്വരങ്ങൾ നൂററിരുപത്തെട്ടുമായി ആകെ മുന്നൂററിത്തൊണ്ണൂററിരണ്ടു ശുദ്ധതാനങ്ങളാണ് ദക്ഷിണപ്രസ്ഥാനത്തിലുള്ളത്. അതു മുപ്പത്തിരണ്ടുവിധത്തിലുള്ള മുഖ്യമൂർച്ഛനകളിലെല്ലാംകൂടി വരുന്ന സംഖ്യയുമാണ്. ഏതു മൂർച്ഛനയിലും ലോപമില്ലാത്തതും ആവൃത്തിയായി അവസാനത്തിൽ വരുന്നതുമായ ഷഡ്ജം കൂടാതെ ഏഴു സ്വരങ്ങളിലധികം വരുന്നതല്ല. ആ ഏഴു സ്വരങ്ങൾ ശുദ്ധങ്ങളോ ശുദ്ധവികൃതങ്ങൾ ചേർന്നതോ ആയി വരാമെന്നേ ഉള്ളു. അതിനാൽ എല്ലാ ശുദ്ധങ്ങളും എല്ലാ

വികൃതങ്ങളുംകൂടി ഒരു മൂർച്ഛനയിലും വരാത്തതുകൊണ്ട് അവ തമ്മിൽ പല തരത്തിലുമുള്ള യോഗങ്ങൾകൊണ്ടുണ്ടാകുന്ന എല്ലാ വകഭേദങ്ങളും ഒരേ മൂർച്ഛനയിൽത്തന്നെ വരുന്നതല്ല. ഒരു സ്വരത്തിൻെറ ശുദ്ധരൂപം ചേൎന്ന മുഖ്യമൂർച്ഛനയിൽ ആ സ്വരത്തിൻെറ തന്നെ വികൃതരൂപമുണ്ടാവില്ലെന്നും അതിനാൽ ഒരു ശുദ്ധസ്വരത്തിനോ വികൃതസ്വരത്തിനോ മറെറാരു സ്വരത്തിൻെറ ശുദ്ധരൂപവികൃതരൂപങ്ങളിലൊന്നിനോടല്ലാതെ രണ്ടിനോടുംകൂടി യോഗം ഒരു മുഖ്യമൂർച്ഛനയിലും വരില്ലെന്നു ചുരുക്കം. അതുകൊണ്ടാണ് മുപ്പത്തിരണ്ടു മുഖ്യമൂർച്ഛനകളിലുമായി വരുന്ന ശുദ്ധതാനസംഖ്യയാണെന്നു പറഞ്ഞിരിക്കുന്നത്. ഓരോരോ മുഖ്യമൂർച്ഛനയിലും ഏതേതെല്ലാം ദ്വിസ്വരാദിശുദ്ധതാനങ്ങളാണ് വരുന്നതെന്നു മേലപ്രകാശം നോക്കി ഗ്രഹിച്ചുകൊൾക.

സൂ—സങ്കരമൂർച്ഛനാസു ചാവ്യവഹിതസമാനാന്തരസ്വരചതുഷ്ടയയോഗസ്യ രാഗവിരുദ്ധത്വാദുത്തരദ്വിരൂപയോരേകസ്യൈവ ചാതുസ്സ്വരാദിതാനഘടകത്വേത്യവധേയം. ൻ൫

ഭാ—ശുദ്ധരൂപവും വികൃതരൂപവുമുള്ള രിഗമധനികളിൽ ഏതെങ്കിലും ഒന്നിൻെറയോ രണ്ടിൻെറയോ ശുദ്ധരൂപവും വികൃതരൂപവും ചേൎന്നിട്ടുള്ള അപ്രധാന മൂർച്ഛനകൾക്കാണ് സങ്കരമൂർച്ഛനകളെന്നു പറയുന്നത്. അതിലും രണ്ടിലധികം സ്വരങ്ങളുടെ ശുദ്ധവികൃതരൂപങ്ങൾ രണ്ടും ചേൎന്നതായി ഒരു സങ്കരമൂർച്ഛനയും വരുന്നതല്ല. രണ്ടു രൂപങ്ങളില്ലാത്ത ഷഡ്ജപഞ്ചമങ്ങൾ ചേരാതെ പൂർണ്ണമൂർച്ഛനയാവില്ല. മൂന്നു സ്വരങ്ങളുടെ ശുദ്ധവികൃതരൂപങ്ങൾ ചേൎന്നാൽ അതുതന്നെ ആറു നാദവിശേഷങ്ങളാകും. ഏഴിലധികം വിഭിന്നജാതിനാദവിശേഷങ്ങൾ മൂർച്ഛനകളിൽ വരികയുമില്ല. അതുതന്നെയാണ് മൂന്നു സ്വരങ്ങളുടെ ശുദ്ധരൂപങ്ങളും വികൃതരൂപങ്ങളുംകൂടി ഒരു മൂർച്ഛനയിലും വരാതിരിക്കാൻ കാരണം. അങ്ങനെയുള്ള സങ്കരമൂർച്ഛനകളിലും അടുത്ത രണ്ടു സ്വരങ്ങളുടെ ശുദ്ധവികൃതരൂപങ്ങൾ രണ്ടും കൂടിച്ചേൎന്നു വരികയില്ല. എന്തുകൊണ്ടെന്നാൽ സമാനാന്തരങ്ങളായ നാലു സ്വരങ്ങൾ അടുത്തടുത്തു വരുന്നതു രാഗഹാനികാരണമാണ്. അതിനാൽ രണ്ടാമത്തേതിൻെറ ശുദ്ധവികൃതരൂപങ്ങളിൽ ഒന്നിനോടു മാത്രമേ ആദ്യത്തേതിൻെറ ശുദ്ധവികൃതരൂപങ്ങൾ ചേൎന്നു വരുള്ളൂ. സരിരി എന്നതിന്നുശേഷം വികൃതഗാന്ധാരമല്ലാതെ ശുദ്ധഗാന്ധാരം വരില്ല. അതുപോലെ രിരിഗ എന്നതിലെ ഗ എന്നതു ശുദ്ധമാണെങ്കിൽ പിന്നെ മധ്യമമല്ലാതെ വികൃതഗാന്ധാരം വരില്ല എന്ന രീതിയിലെന്നൎത്ഥം. പരമാൎത്ഥത്തിൽ സരിരി എന്ന് ഋഷഭത്തിൻെറ രണ്ടു രൂപങ്ങളും ചേൎന്നതിന്നുശേഷം ഗാന്ധാരത്തിൻെറ ശുദ്ധരൂപമോ വികൃതരൂപമോ ഒന്നുംതന്നെ വരുന്നതല്ല. മൂർച്ഛനയിൽ വരാവുന്ന സപ്തനാദവിശേഷങ്ങളിൽ സരിരി എന്നതിൽ മൂന്നു നാദവിശേഷങ്ങളുമായി. പിന്നെ വൈചിത്ര്യവിശേഷത്തിന്നുവേണ്ടി പരസ്പരം അന്തരവിശേഷങ്ങളുള്ള മപധനി സ്വരങ്ങൾ ചേൎന്നാലേ രാഗാസ്പദമായ മൂർച്ഛനയായി വരികയുമുള്ളൂ എന്ന തത്വവും ഗ്രഹിച്ചുകൊൾക. ആ തത്വമനുസരിച്ചു പൂൎവ്വഭാഗത്തുള്ള രിഗമകളിലൊന്നിൻെറയും ഉത്തരഭാഗത്തുള്ള ധനികളിലൊന്നിൻെറയും ശുദ്ധവികൃതരൂപങ്ങളേ ഏതു സങ്കരമൂർച്ഛനയിലും ചേൎന്നു വരുവാൻതന്നെ തരമുള്ളൂ. അതിനാൽ സങ്കരമൂർച്ഛനകളെ അവലംബിച്ചിട്ടുള്ള ചതുസ്സ്വരശുദ്ധതാനങ്ങൾ സരിരിഗ, ഗഗമപ, മമപധ, പധധനി, ധധനിസ ഇങ്ങനെ അഞ്ചു വിധത്തിലും, പഞ്ചസ്വരശുദ്ധതാനങ്ങൾ സരിരിഗമ, ഗഗമപധ, മമപധനി, പധധനിസ ഇങ്ങനെ നാലു വിധത്തിലും, ഷട്സ്വരശുദ്ധതാനങ്ങൾ സരിരിഗമപ, ഗഗമപധധ, മമപധനിസ ഇങ്ങനെ മൂന്നുമാണെന്നറിക. ഈ വിഷയത്തിൽ മററുള്ള വിശേഷങ്ങൾ മേലപ്രകാശത്തിൽ വിവരിക്കും.

ഇനി കൂടതാനങ്ങളെപ്പററിപ്പറയുന്നു—

സൂ—വ്യുൽക്രമീകൃതാഃ കൂടതാനാഃ. ഷാഡവൌഡവിതമൂർച്ഛനാവിഹാ യൈകാദ്യന്തരിതാശ്ച കൂടതാനാ ഇതി കേചിൽ. ൯൩

ഭാ—അഷ്ടസ്വരങ്ങളായ മൂർച്ഛനയുടെ ആരോഹണക്രമത്തിന്നനുസരിച്ചോ അവരോഹണക്രമത്തിന്നനുസരിച്ചോ അല്ലാതെ യോജിപ്പിച്ചിട്ടുള്ള സ്വരങ്ങൾ കൂടതാനങ്ങളാണ്. അതുപോലെ ഒന്നോ രണ്ടോ മൂന്നോ സ്വരങ്ങൾ ഇടയിലുള്ളവയും ഒന്നോ രണ്ടോ സ്വരങ്ങൾ ഇടവിട്ടുവരുന്നവയിൽ ഷാഡവിതൌഡവിതമൂർച്ഛനകളാകാത്തവിധത്തിലുള്ളവയും കൂടതാനങ്ങളാണെന്നു ചിലർ പറയുന്നുണ്ട്. എന്നാൽ ആരോഹാദിക്രമമനുസരിച്ചു വരുന്ന ഷാഡവൌഡവിതങ്ങൾ ശുദ്ധതാനങ്ങളിലുൾപ്പെടുന്നവയാണെന്നു മുമ്പു കാണിച്ചിട്ടുള്ളതാണ്. അതുകൊണ്ടാണ് 'കേചിൽ' എന്നു പറഞ്ഞിരിക്കുന്നത്. സരി, രിസ, സഗ, ഗസ മുതലായ ദ്വിസ്വരയോഗങ്ങൾക്ക് ആരോഹക്രമമോ അവരോഹക്രമമോ അല്ലാതെ വ്യുൽക്രമമില്ലാത്തതിനാൽ ത്രിസ്വരയോഗം, ചതുസ്സ്വരയോഗം മുതലായതേ കൂടതാനങ്ങളാകയുള്ളു.

സൂ—തേഷു ശുദ്ധപൂർണ്ണാ ഏവ ബഹുസഹസ്രാണി. ൯൪

ഭാ—അങ്ങനെയുള്ള കൂടതാനങ്ങളിൽ ശുദ്ധസ്വരം മാത്രം ചേൎന്നിട്ടുള്ള പൂർണ്ണമൂർച്ഛനയിൽത്തന്നെ അനേകായിരം വകഭേദങ്ങൾ വരും. സപ്തസ്വരഘടിതമൂർച്ഛനയിൽതന്നെ അയ്യായിരത്തിലധികം വരുന്നതാണെന്നു മാൎഗ്ഗപ്രസ്ഥാനമനുസരിച്ചു മുമ്പു കാണിച്ചിട്ടുണ്ടല്ലോ. ഉത്തരസ്ഥായിഷഡ്ജവും കൂടിച്ചേൎന്നിട്ടുള്ള ദക്ഷിണത്തിലെ അഷ്ടസ്വരമൂർച്ഛനയിലാകട്ടെ അതു നാല്പതിനായിരത്തിലധികം വരും. ശുദ്ധവികൃതങ്ങൾ ചേൎന്ന മുപ്പത്തിരണ്ടു മുഖ്യമൂർച്ഛനകളിലും കൂടിയാകുമ്പോൾ അനേകലക്ഷം വിധത്തിലും വരുമെന്നു താൽപര്യം. കൂടതാനങ്ങളുടെ സമ്പ്രദായം കാണിച്ച് അവയുടെ ആകെയുള്ള സംഖ്യ ഇത്രയെന്നു വ്യവസ്ഥപ്പെടുത്തിക്കാണിക്കുന്നതുകൊണ്ടു വലിയ പ്രയോജനമില്ലാത്തതിനാൽ അതു കാണിക്കാഞ്ഞതാണ്. ആ വക സംഖ്യകൾ അറിവാനുള്ള മാൎഗ്ഗം ഇപ്രകാരമാണ്. ത്രിസ്വരയോഗങ്ങൾ ശുദ്ധവികൃതഭേദത്താൽ ആരോഹണക്രമത്തിൽത്തന്നെ ഇരുപത്തെട്ടുതരം വരുമെന്നു ശുദ്ധതാനപ്രസ്താവത്തിൽ കാണിച്ചിട്ടുണ്ടല്ലോ. അവയിലോരോന്നും ക്രമവ്യുൽക്രമങ്ങളായി ആറുവിധമുള്ളതിനാൽ നൂററാറുപത്തെട്ടുവിധം വരുന്നു. അതിൽ ആരോഹാവരോഹക്രമങ്ങളിലുള്ള അമ്പത്താറു ശുദ്ധതാനങ്ങൾ കഴിച്ചു നൂററിപ്പന്തിരണ്ടു ത്രിസ്വരകൂടതാനങ്ങൾ. അപ്രകാരം ചതുസ്സ്വരയോഗങ്ങൾ ആരോഹക്രമത്തിൽ മുപ്പത്താറുവിധമുള്ളതിലോരോന്നും ക്രമവ്യുൽക്രമരീതിയിൽ ഇരുപത്തിനാലുതരമുള്ളതിനാൽ എണ്ണൂററാറുപത്തുനാലുവിധം ചതുസ്സ്വരയോഗങ്ങൾ വരും. അതിൽ എഴുപത്തിരണ്ടു ശുദ്ധതാനങ്ങൾ കഴിച്ച് എഴുനൂററിത്തൊണ്ണൂററിരണ്ടു ചതുസ്സ്വരകൂടതാനങ്ങൾ. പഞ്ചസ്വരയോഗങ്ങൾ ആരോഹക്രമത്തിൽ നാല്പത്തെട്ടുവിധം ഓരോന്നും ക്രമവ്യുൽക്രമങ്ങളായി നൂററിരുപതുവീതം അയ്യായിരത്തെഴുനൂററാറുപതുവിധം. ശുദ്ധതാനങ്ങൾ തൊണ്ണൂററാറ്. കഴിച്ചു പഞ്ചസ്വരകൂടതാനങ്ങൾ അയ്യായിരത്തറുനൂററാറുപത്തുനാല്. ഈ രീതിയിൽ ഷട്സ്വരാദികൂടതാനസംഖ്യയും കണ്ടുകൊൾക.

സൂ—ആവൃത്തസ്വരഘടിതാശ്ചാനന്താഃ. ൯൫

ഭാ—ഒരേ സ്വരംതന്നെ ഒന്നിലധികമായി ആവൎത്തിച്ചുവരുന്ന സസരി, രിരിസ, സസസരി, രിരിരിസ, സസരിരി, രിരിസസ, സരിരിഗ, ഗരിസസ മുതലായവയും കൂടതാനങ്ങളിൽ ചേൎന്നവയാണ്. ആ മാതിരി കൂടതാനങ്ങൾ അസംഖ്യേയങ്ങളുമാണ്.

ഈ ശുദ്ധകൂടതാനവിഷയത്തിലുള്ള മതഭേദം പറയുന്നു—

സൂ—വെങ്കടമഖീ തു താനാനാമേകരാഗഗതത്വേ ശുദ്ധത്വം രാഗദ്വയ സാധാരണത്വേ കൂടത്വം ചാഹ. ൯൯

ഭാ—വെങ്കടമഖിയാകട്ടേ ഏതെങ്കിലും ഒരു രാഗത്തിൽ മാത്രം യോജിക്കുന്ന താനങ്ങൾ ശുദ്ധതാനങ്ങളെന്നും ഒന്നിലധികം രാഗങ്ങളിൽ പൊതുവായി യോജിക്കുന്ന താനങ്ങൾ കൂടതാനങ്ങളെന്നുമാണ് ശുദ്ധതാനകൂടതാനങ്ങൾ തമ്മിലുള്ള വ്യത്യാസം പറയുന്നത്.

"താനോ ദ്വിധാ ശുദ്ധതാനഃ കൂടതാന ഇതി ക്രമാൽ
ഏകൈകരാഗമാത്രാഭിവ്യക്തിസമ്പാദകസ്തു യഃ
സ ശുദ്ധതാന ഇത്യുക്തഃ കൂടതാനസ്സ ഉച്യതേ
യസ്തു രാഗദ്വയസ്ഫൂർത്തിസാധാരണതയാ സ്ഥിതഃ."

എന്ന ചതുർദ്ദണ്ഡീപ്രകാശികാഗ്രന്ഥം നോക്കുക. ഈ ഗ്രന്ഥപ്രകാരം താനസാമാന്യലക്ഷണവും മൂർച്ഛനോന്നീതരാഗത്തിൻെറ വിസ്താരകതാസ്വരൂപമായിട്ടല്ല, രാഗാഭിവ്യഞ്ജകതാസ്വരൂപമായിട്ടാണിരിക്കുന്നത് എന്ന വ്യത്യാസവും കണ്ടുകൊൾക.

സൂ—തദ്വാപാതോക്തം. ഗ്രഹാംശാദിഭേദനിയന്ത്രിതസ്വരസമുദായസ്യൈവ രാഗവിശേഷത്വാത്താദൃശത്വസ്യ ചാനേകരാഗസാധാരണ്യസ്യ ദുർഘടത്വാച്ച. ൧൦൦

ഭാ—വെങ്കടമഖിയുടെ ആ വചനം വസ്തുസ്വഭാവം വേണ്ടേടത്തോളം ആലോചിക്കാതെ പറഞ്ഞുപോയിട്ടുള്ളതാണ്. എന്തുകൊണ്ടെന്നാൽ, സ്വരസമുദായത്തിൽ ഇന്നതു ഗ്രഹസ്വരം, ഇന്നത് അംശസ്വരം, ഇന്നതു ന്യാസം, ഇന്നതെല്ലാം അപന്യാസം എന്നി വകയിലുള്ള വ്യത്യാസംകൊണ്ടാണ് ഓരോരോ മേളത്തിലെയും ഓരോ രാഗവും മററു രാഗങ്ങളിൽനിന്നു വ്യത്യാസപ്പെടുന്നത്. അപ്രകാരം ഗ്രഹാംശാദികളിലുള്ള ഭേദമാണ് ഓരോ രാഗവിശേഷത്തിൻെറ അഭിവ്യഞ്ജകമായിരിക്കുന്നതും. ഓരോരോ രാഗത്തിന്നും പ്രത്യേകം നിയന്ത്രിതമായിട്ടുള്ള ആ വകഭേദമാകട്ടേ ഓരോരോ രാഗത്തിലും വേറെ വേറെയാകയാൽ അങ്ങനെ നിയന്ത്രിതമായ ഏതു സ്വരസമുദായവും പ്രത്യേകം ഓരോരോ രാഗത്തിലല്ലാതെ ഒന്നിലധികം രാഗങ്ങളിൽ പൊതുവേയുള്ളതായി വരികയുമില്ല. ഗ്രഹാംശാദികളുടെ നിയന്ത്രണം ചെയ്യാത്ത സ്വരസമുദായം, അതായത് വെറും സ്വരങ്ങൾ എങ്ങനെയെങ്കിലും പ്രയോഗിക്കുന്നതു കൂടതാനം. അവയുടെ നിയമനം ചെയ്തിട്ടുള്ളതിന്നനുസൃതമായി പ്രയോഗിക്കുന്നതു ശുദ്ധതാനം എന്നാണ് അഭിപ്രായമെങ്കിൽ ഗ്രഹാംശാദിനിയമനമില്ലാത്ത സ്വരപ്രയോഗം രാഗവ്യഞ്ജകമാകാത്തതിനാൽ രാഗദ്വയസ്ഫൂർത്തിസാധാരണങ്ങളെന്ന നിലയിൽ അവയെ നിർദ്ദേശിക്കാവുന്നതുമല്ല എന്നർത്ഥം.

സൂ—അംശതത്സംവാദ്യാദ്യനാശ്രിതയൽകിഞ്ചിദ്ഭാഗസ്യ രാഗമാത്രാനഭിവ്യഞ്ജകത്വാദംശാദിനിയന്ത്രിതഭാഗസ്യ വ്യുൽക്രമഘടിതസ്യാപി ശുദ്ധതാനത്വപ്രസംഗാത്തസ്യ മുനിമതവിരുദ്ധത്വാച്ച. ൧൦൧

ഭാ—ഒരു രാഗത്തിൽച്ചേർന്ന സ്വരസമുദായത്തിലെ എല്ലാഭാഗവും ഗ്രഹാംശാദികളുടെ വ്യത്യാസത്താൽ നിയന്ത്രിതമായിരിക്കയില്ല. ആ രാഗത്തിൻെറ ജീവസ്വരങ്ങളായി വരുന്ന സ്വരങ്ങളെ ആശ്രയിച്ചു നിൽക്കുന്ന ഭാഗം മാത്രമേ അപ്രകാരം നിയന്ത്രിതമായിരി

ക്കയുള്ളൂ. ആവക പ്രത്യേകഭാഗത്തു പ്രയോഗിക്കുന്ന താനങ്ങൾ ശുദ്ധതാനങ്ങൾ. ആ രാഗത്തിൽത്തന്നെ അപ്രകാരം നിയന്ത്രണം ചെയ്യാത്തവയും ഒന്നിലധികം രാഗങ്ങളിൽ പൊതുവായി വരാവുന്നവയുമായ സ്വരഭാഗങ്ങളിൽ, അതായത് ആ രാഗത്തിൻെറ ജീവസ്വരങ്ങൾ ഘടിച്ചിട്ടില്ലാത്ത ഭാഗങ്ങളിൽ പ്രയോഗിക്കുന്ന താനങ്ങൾ കൂടതാനങ്ങൾ. ഇങ്ങനെയാണ് ശുദ്ധതാനകൂടതാനങ്ങൾ തമ്മിലുള്ള വ്യത്യാസമെന്നാണഭിപ്രായമെങ്കിൽ അതും ശരിയാവില്ല. ഒന്നാമത്, ജീവസ്വരങ്ങളെന്നു പറയുന്ന അംശസ്വരങ്ങളോ ആ അംശസ്വരങ്ങളുടെ ഫലമുണ്ടാക്കുന്നവയും അവയുടെ സംവാദികളുമായ സ്വരങ്ങളോ അല്ലാത്ത സ്വരങ്ങളിലുള്ള പ്രയോഗം ഒരു രാഗത്തിൻെറയും വ്യഞ്ജകമാകയില്ല. അനുവാദിസ്വരങ്ങളുടെ നിലയിൽ അംശസംവാദികളെപ്പിന്തുടൎന്നു വ്യക്തരാഗത്തിൻെറ പോഷകമായിരിക്കയേ ഉള്ളൂ. അംശസ്വരങ്ങളധികമുള്ള തോഡി, ഭൈരവി, ശങ്കരാഭരണം, കല്യാണി മുതലായ രാഗങ്ങളിൽ അങ്ങനെയുള്ള അനിയന്ത്രിതഭാഗംതന്നെ വളരെക്കുറവുമാണ്. അതിനാൽ രാഗദ്വയസ്ഫൂൎത്തിസാധാരണമായി ഒരു ഭാഗത്തുള്ള പ്രയോഗവും ഒരിക്കലും വരില്ല. രണ്ടാമത് അംശാദിനിയന്ത്രിതഭാഗങ്ങളിൽ വ്യുൽക്രമസ്വരങ്ങളായി പ്രയോഗിക്കുന്ന താനങ്ങളും ശുദ്ധതാനങ്ങളാണെന്നു വന്നേക്കും. അതു ശുദ്ധകൂടതാനങ്ങളുടെ സ്വഭാവങ്ങൾ വിവരിച്ചിട്ടുള്ള "വ്യുൽക്രമോച്ചാരിതസ്വരാഃ കൂടതാനാഃ." എന്നീവക മതംഗാദിമുനിമതത്തിന്നു വിരുദ്ധവുമാണ്. ദക്ഷിണപ്രസ്ഥാനത്തിലെസ്സംഗീതത്തിന്നു മാൎഗ്ഗപ്രസ്ഥാനത്തിൽനിന്നും മററു ദേശീയങ്ങളിൽനിന്നും പല വിശേഷങ്ങളുമുണ്ടെങ്കിലും അതിലും ആവശ്യമോ യുക്തിയോ ഇല്ലാതെ മുനിമതത്തിന്നു തീരെ വിരുദ്ധമായവിധത്തിലും അനുപപന്നമായ വിധത്തിലും പുതിയ സിദ്ധാന്തം പുറപ്പെടുവിക്കുന്നതു യുക്തമല്ലെന്നു താൽപൎയ്യം.

സൂ—തസ്മാൽ പ്രാചീനമതവിരോധമാത്രഫലകം തദ്വചനമിതി പ്രതിരാഗമുക്തവിധയാ ക്രമപ്രയുക്താഃ ശുദ്ധതാനാ വ്യുൽക്രമപ്രയുക്താഃ കൂടതാനാ ഇത്യേവ യുക്തമിതി. ൧൦൨

ഇതി ഗ്രാമമൂർച്ഛനാതാനപ്രകാശഃ.

ഭാ—അതിനാൽ വെങ്കിടമഖിയുടെ ആ ഗ്രന്ഥത്തിന്ന് അനുപപത്തിക്കു പുറമെ പ്രാചീനാചാൎയ്യമതത്തിന്നു വിരോധം വരത്തക്കവിധം ഒന്നു പറഞ്ഞു എന്ന ഫലം മാത്രമേയുള്ളൂ. അതുകൊണ്ടു മുമ്പു കാണിച്ചപ്രകാരം മൂർച്ഛനോന്നീതമായ ഓരോരോ രാഗത്തിലും അതാതു രാഗവിശേഷത്തിൻെറ അഭിവ്യഞ്ജകങ്ങളായ ഗ്രഹാംശാദിഭാഗങ്ങളിലും മററും ആ രാഗവിസ്താരകമായി വ്യവസ്ഥിതസ്വരക്രമമനുസരിച്ച പ്രയോഗിക്കുന്ന സ്വരസമുദായം ശുദ്ധതാനമെന്നും വ്യുൽക്രമമായി പ്രയോഗിക്കുന്ന സ്വരസമുദായം കൂടതാനമെന്നും വിഭജിക്കുന്നതേ ദക്ഷിണപ്രസ്ഥാനത്തിലും യുക്തമായിരിക്കയുള്ളൂ എന്നറിഞ്ഞുകൊൾക. ഇതി എന്നു ഗ്രാമമൂർച്ഛനാതാനപ്രകാശത്തിൻെറ സമാപ്തിയെക്കാണിക്കുന്നു. കൂടതാനങ്ങളിൽ കണക്കു കൂട്ടേണ്ട ക്രമം വ്യവസ്ഥപ്പെടുത്തി അതനുസരിച്ച് ഇത്രാമത്തെ താനം ഏതെന്നും മററുമുള്ള നഷ്ടോദ്ദിഷ്ടങ്ങളെക്കണ്ടുപിടിക്കാനുള്ള ഖണ്ഡമേരുചക്രം മുതലായതിൻെറ വിവരണത്തിന്നു സംഗീതവിഷയത്തിൽ അധികം ഉപയോഗമില്ലാത്തതിനാൽ അവയെ ഈ ഗ്രന്ഥത്തിൽ കാണിക്കാത്തതാണ്.

ഇങ്ങനെ ഗ്രാമമൂർച്ഛനാതാനപ്രകാശം.

അഥ മേളപ്രകാശഃ

യന്മേളനേന പ്രകൃതിഃ പ്രപഞ്ചമിമം വിലാസൈർവ്വിവിധം വിധത്തേ
തദാദിചൈതന്യമനന്തലീലം ഭജാമഹേ ഗോപകിശോരരൂപം.

അനന്തരം മൂർച്ഛനയെ അവലംബിച്ചുണ്ടാകുന്ന രാഗങ്ങളുടെ വകഭേദങ്ങൾക്കു കാരണങ്ങളായ മേളങ്ങളെപ്പററി വിവരിപ്പാൻ തുടങ്ങുന്നു. അതിൽ ആദ്യമായി മേളശബ്ദത്തിന്നു പ്രകൃതത്തിലുള്ള അൎത്ഥം കാണിക്കുന്നു—

സൂ—മൂർച്ഛനാശ്രയം തത്തദ്രാഗാനുഗുണം സ്വരമേളനം മേളഃ. ൧

ഓരോ മൂർച്ഛനയിൽ ഓരോരോ രാഗത്തിന്നനുഗുണമായ വിധത്തിൽ ഗ്രഹാംശാദിവികല്പങ്ങൾക്കാസ്പദമായി സപ്തസ്വരങ്ങളോ ഷാഡവൌഡവിതങ്ങളോ ചേരുന്നതിന്നാണ് മേളമെന്നു പറയുന്നത്. രാഗോന്നയനത്തിന്നനുഗുണവും മിളിതവുമായ സ്വരസമുദായം മൂർച്ഛന. അങ്ങനെയുള്ള മൂർച്ഛനയിൽ ഓരോരോ രാഗവിശേഷമനുസരിച്ചുള്ള ഗ്രഹാംശാദിവികല്പത്തിന്നു യോജിക്കുന്ന വിധത്തിൽ സ്വരങ്ങൾ സമ്മേളിക്കുന്നതു മേളം. ഇങ്ങനെ രണ്ടും തമ്മിൽ പ്രധാനമായി ധൎമ്മധൎമ്മിഭേദമാണുള്ളതെന്നും മൂർച്ഛനാഭേദമുള്ളേടത്തെല്ലാം മേളഭേദവുമുണ്ടാകുന്നതാണെന്നും ഗ്രഹിച്ചുകൊൾക.

വേറെവിധത്തിലും മേളശബ്ദാൎത്ഥം പറയുന്നു—

സൂ—മിളത്യസ്മിൻ രാഗവിശേഷ ഇതി വാ മേളഃ. ൨

ഭാ—ഓരോരോ രാഗവിശേഷം ഏതു സ്വരസപ്തകത്തിൽ ചേൎന്നുണ്ടാകുന്നുവോ അതു മേളം. പ്രത്യേകം ഓരോ രാഗത്തോടു സംബന്ധമുള്ള സ്വരസപ്തകത്തിന്നു മേളമെന്നു പറയുന്നുവെന്നൎത്ഥം. ഗ്രഹാംശാദിവിശേഷധൎമ്മങ്ങൾ ഘടിക്കാതെ സാമാന്യമായി രാഗോന്നായകമെന്ന നിലയിലുള്ള സ്വരസപ്തകം മൂർച്ഛന. ആ വക വിശേഷധൎമ്മങ്ങൾ സ്വരവിശേഷങ്ങളിൽ ഘടിച്ചുകൊണ്ടു രാഗവിശേഷാശ്രയമായ നിലയിലുള്ള സ്വരസപ്തകം മേളം. ഇങ്ങനെ മേളമൂർച്ഛനകൾ തമ്മിൽ വ്യത്യാസമെന്നു താൽപൎയ്യം.

സൂ—സ ച മാൎഗ്ഗേ ദ്വിവിധഃ ശുദ്ധസ്സങ്കീൎണ്ണശ്ച. ൩

ഭാ—അങ്ങനെയുള്ള മേളം മാൎഗ്ഗപ്രസ്ഥാനത്തിൽ ശുദ്ധമേളമെന്നും സങ്കീൎണ്ണമേളമെന്നും രണ്ടു തരത്തിലുണ്ട്.

സൂ—തത്രൈകഗ്രാമീയമൂർച്ഛനാമാത്രാശ്രിതഃ ശുദ്ധഃ. ഗ്രാമദ്വയമൂർച്ഛനാശ്രിതസ്സങ്കീൎണ്ണഃ. ൪

ഭാ—അതിൽ ഷഡ്ജഗ്രാമമദ്ധ്യമഗ്രാമങ്ങളിൽ ഏതെങ്കിലും ഒരു ഗ്രാമത്തിലുള്ള ശുദ്ധസ്വരമൂർച്ഛനകളെയോ കാകല്യന്തരഗാന്ധാരഘടിതമൂർച്ഛനകളെയോ അവലംബമാക്കീട്ടുള്ള മേളങ്ങളെല്ലാം ശുദ്ധമേളങ്ങളാണ്. രണ്ടു ഗ്രാമത്തിലെ ശുദ്ധസാധാരണഘടിതമൂർച്ഛനകളെയും അവലംബമാക്കീട്ടുള്ള മേളങ്ങളാണ് സങ്കീൎണ്ണമേളങ്ങൾ. പഞ്ചമത്തിൻെറ ഭേദമാണല്ലോ രണ്ടു ഗ്രാമങ്ങളെയും വേർതിരിക്കുന്ന പ്രധാനധൎമ്മം. ആരോഹണത്തിൽ ഒരു പഞ്ചമവും അവരോഹണത്തിൽ മററൊരു പഞ്ചമവുമായി വരുന്ന മേളങ്ങൾ സങ്കീൎണ്ണമേളങ്ങളാണെന്നു താൽപൎയ്യം. അങ്ങനെയുള്ള രാഗങ്ങൾ മാൎഗ്ഗപ്രസ്ഥാനത്തിൽ പലതുമുണ്ട്. ഔത്തരാഹസംഗീതത്തിൽ അപ്രകാരം ആരോഹണാവരോഹണങ്ങളിൽ ഒരു സ്വരം രണ്ടു രൂപത്തിൽ വരുന്ന ചില രാഗങ്ങൾ ഇക്കാലത്തും കാണുന്നുണ്ട്. ദക്ഷിണത്തിലും ഭൈരവി,

രീതിഗൌളം മുതലായി ഉള്ളതും ചില രാഗങ്ങളിൽ ധൈവതത്തിന്നും മററും ആ മാതിരി മാററങ്ങൾ കാണാവുന്നതാണ്. ഇതുകൊണ്ടു മാർഗ്ഗപ്രസ്ഥാനത്തിലെ മേളങ്ങൾ ഷഡ്ജഗ്രാമികങ്ങൾ, മധ്യമഗ്രാമികങ്ങൾ, സങ്കീർണ്ണങ്ങൾ ഇങ്ങനെ സാമാന്യമായി മൂന്നുവകയായിട്ടുണ്ടെന്നായല്ലോ.

സൂ—മൂർച്ഛനാഭേദാച്ച മാർഗ്ഗേ മേളഭേദഃ. ൫

ഭാ—മൂർച്ഛനകളുടെ ഭേദമനുസരിച്ചും മേളഭേദമുണ്ടെന്നാണ് മാർഗ്ഗപ്രസ്ഥാനത്തിലെ സിദ്ധാന്തം. അതിനാൽ ഇന്നിന്ന രാഗങ്ങളുടെ മേളങ്ങൾ ഇന്നിന്ന മൂർച്ഛനാക്രമത്തെ അവലംബിച്ചുകൊണ്ടു പ്രയോഗിക്കണമെന്നും ആ പ്രസ്ഥാനത്തിൽ നിയമമുണ്ടെന്നു സാരം.

മേളങ്ങളുടെ മേൽപ്പറഞ്ഞ വകഭേദങ്ങൾ ഇന്നിന്നതിലാണ് വരുന്നതെന്നു കാണിപ്പാനായി ആ വക ലക്ഷ്യങ്ങളെ ചുരുക്കത്തിൽ നിർദ്ദേശിക്കുന്നു—

സൂ—തേഷാം ചാഷ്ടാദശ ജാതയസ്ത്രിംശദ് ഗ്രാമരാഗാ വിംശതിഃ ശുദ്ധരാഗാ അഷ്ടാവുപരാഗാഃ ഷണ്ണവതിർഭാഷാരാഗാ വിംശതിർവ്വിഭാഷാരാഗാശ്ചത്വാരോന്തരഭാഷാരാഗാശ്ച മതംഗാദ്യുക്താ ലക്ഷ്യഭൂതാഃ. ൬

ഭാ—ആ വക മേളങ്ങൾക്കുള്ള ലക്ഷ്യങ്ങളാകട്ടേ ഭരതമതംഗാദിമുനിമാർ പ്രസ്താവിച്ചിട്ടുള്ള ലക്ഷണങ്ങളുള്ളവയും എല്ലാ രാഗങ്ങളുടെയും മൂലഭൂതങ്ങളായതിനാലും അവയുടെ ഗീതിഭേദങ്ങളടങ്ങിയതിനാലും രാഗമൂലജാതികൾ എന്നു പറയുന്ന പതിനെട്ടു ജാതികൾ, മുപ്പതു ഗ്രാമരാഗങ്ങൾ, ഇരുപതു ശുദ്ധരാഗങ്ങൾ, എട്ടുപരാഗങ്ങൾ, തൊണ്ണൂററാറു ഭാഷാരാഗങ്ങൾ, ഇരുപതു വിഭാഷാരാഗങ്ങൾ, നാല് അന്തരഭാഷാരാഗങ്ങൾ ഇങ്ങനെ ഏഴു വകയായി മാർഗ്ഗപ്രസ്ഥാനത്തിലുള്ളവയുമായ നൂററിത്തൊണ്ണൂററാറു രാഗഭേദങ്ങളാണ്. അവയിലോരോന്നിൻെറയും ലക്ഷണങ്ങൾ മതംഗമുനി, ശാർങ്ഗദേവൻ മുതലായവർ പ്രതിപാദിച്ചിട്ടുമുണ്ട്.

സൂ—തേ സർവ്വേപി കാലബലാദുത്സന്നപ്രയോഗാ ഇതി നാത്ര വിസ്താര്യന്തേ. സാമാന്യസ്വരൂപം തു രാഗപ്രകാശേ വക്ഷ്യതേ. ൭

ഭാ—മാർഗ്ഗപ്രസ്ഥാനത്തിലെ മേളഭേദങ്ങൾക്കു ലക്ഷ്യങ്ങളായ ആ ഏഴു തരങ്ങളും കാലത്തിൻെറ ശക്തിയാൽ ക്രമത്തിൽ നശിച്ചു കുറെയധികം മുമ്പുതന്നെ പ്രയോഗത്തിലില്ലാതായിപ്പോയിരിക്കുന്നു. അതിനാൽ അവയോരോന്നിൻെറയും മേളസമ്പ്രദായങ്ങൾ കാണിച്ചിട്ടു ഫലമില്ലാത്തതുകൊണ്ട് ഇവിടെ വിസ്തരിക്കുന്നില്ല. ജാതി, ഗ്രാമരാഗം, ശുദ്ധരാഗം മുതലായതിൻെറ സാമാന്യസ്വരൂപത്തെപ്പററി രാഗപ്രകാശത്തിൽ പറയുകയും ചെയ്യും.

ദക്ഷിണപ്രസ്ഥാനമേളങ്ങളെക്കാണിക്കുന്നു—

സൂ—ദക്ഷിണേപി ദ്വിവിധോ മേളഃ. മുഖ്യസ്സങ്കീർണ്ണശ്ച. ൮

ഭാ—ദക്ഷിണപ്രസ്ഥാനത്തിലും മുഖ്യമേളം സങ്കീർണ്ണമേളം എന്നിങ്ങനെ സാമാന്യമായിത്തന്നെ മേളം രണ്ടു വർഗ്ഗമായിട്ടുണ്ട്. അതിൽ മുഖ്യമേളമാണ് അധികം പ്രധാനമായിട്ടുള്ളതെന്ന സംഗതി ആ പേരുകൊണ്ടുതന്നെ സിദ്ധിക്കുന്നു.

സൂ—തത്ര ശുദ്ധഘടിതഃ ശുദ്ധവികൃതാന്യതരമാത്രഘടിതോ വാ സപ്തസ്വരസമുദായോ യസ്യ സ മുഖ്യഃ. ൯

ഭാ—അതിൽ ശുദ്ധസ്വരങ്ങൾ മാത്രമോ ശുദ്ധവികൃതങ്ങളിലേതെങ്കിലും ഒന്നു മാത്രമോ ഘടിച്ചുംകൊണ്ടുള്ള സപ്തസ്വരങ്ങൾ ഏതു മേളത്തിന്നു വരുന്നുവോ അങ്ങനെയുള്ളതെല്ലാം മുഖ്യമേളമാണ്. എന്നുവെച്ചാൽ ഷഡ്ജപഞ്ചമങ്ങൾ ശുദ്ധങ്ങൾ മാത്രമായിട്ടും മററഞ്ചു സ്വരങ്ങളും ശുദ്ധങ്ങളും വികൃതങ്ങളുമായിട്ടുമാണല്ലോ പന്തിരണ്ടു വിഭിന്നസ്വരങ്ങൾ ദക്ഷിണപ്രസ്ഥാനത്തിൽ ഒരു സ്ഥായിയിലുള്ളത്. അതിൽ ഏഴു സ്വരങ്ങളെ അവലംബിച്ചാണ് ഏതു മേളവും ഇരിക്കുന്നതും. ആ ഏഴു സ്വരങ്ങൾ മുഴുവനും ശുദ്ധസ്വരങ്ങൾ തന്നെയായിരുന്നാലും ചിലതു ശുദ്ധങ്ങളും മററു ചിലത് ആ ശുദ്ധങ്ങളുടെ വികൃതരൂപങ്ങളല്ലാതെയുള്ള വികൃതങ്ങളുമായിരുന്നാലും അതു മുഖ്യമേളമാണ് എന്നത്ഥം. 'ശുദ്ധവികൃതാന്യതരമാത്രഘടിതഃ' എന്നതിലെ മാത്രശബ്ദംകൊണ്ട് ഒരു സ്വരത്തിൻെറതന്നെ ശുദ്ധവികൃതരൂപങ്ങളിൽ ഏതെങ്കിലും ഒന്നേ ഘടിച്ചിരിക്കാവൂ, രണ്ടും ഘടിച്ചിരിക്കരുത് എന്നാണ് കാണിച്ചിരിക്കുന്നത്.

സൂ—യഃ പുനഃ ശുദ്ധവികൃതോഭയരൂപഘടിതസ്സ സങ്കീൎണ്ണഃ. ൧൦

ഭാ—ഏതുമേളത്തിന്നവലംബമായ സപ്തസ്വരസമുദായം ഒന്നിൻെറതന്നെ ശുദ്ധരൂപവും വികൃതരൂപവും ഘടിച്ചിട്ടുള്ളതായിരിക്കുന്നുവോ അതു സങ്കീൎണ്ണമേളം. എന്നുവെച്ചാൽ പന്തിരണ്ടു സ്വരങ്ങളിൽ ശുദ്ധവും വികൃതവുമായിട്ടുള്ള രൂപങ്ങളുള്ള ഋഷഭഗാന്ധാരാദികളിൽ ഒന്നിൻെറതന്നെ ആ രണ്ടുതരം രൂപങ്ങളും ചേൎന്നു വിഭിന്നനാദങ്ങളായ ഏഴു സ്വരങ്ങളെ ആശ്രയിച്ചിരിക്കുന്ന മേളം സങ്കീൎണ്ണമേളം എന്നത്ഥം.

സൂ—തത്രോത്തമോ മുഖ്യമേളഃ. ഏകസങ്കീൎണ്ണോ മധ്യമഃ. ദ്വിസങ്കീൎണ്ണോധമഃ ൧൧

ഭാ—ആ ദക്ഷിണമേളങ്ങൾ ഉത്തമം, മധ്യമം, അധമം ഇങ്ങനെ മൂന്നുവിധത്തിലുണ്ട്. മുഖ്യമേളങ്ങളെല്ലാം ഉത്തമവൎഗ്ഗത്തിൽ ചേരുന്നു. ഒരു സങ്കീൎണ്ണം അതായത് ഒരു സ്വരത്തിൻെറ മാത്രം ശുദ്ധവികൃതരൂപങ്ങൾ ചേൎന്നതു മധ്യമവൎഗ്ഗത്തിൽപ്പെടുന്നു. രണ്ടു സങ്കീൎണ്ണങ്ങൾ ചേൎന്നത് അധമവൎഗ്ഗമാണ്. രണ്ടിലധികം സങ്കീൎണ്ണങ്ങൾ ചേൎന്നുള്ള മേളം പൂൎണ്ണമായി വരികയുമില്ല. എന്തുകൊണ്ടെന്നാൽ, നാലു സ്വരങ്ങൾ സമാന്തരങ്ങളായി പൂൎവ്വോത്തരഭാഗവിഭാജകഷഡ്ജ പഞ്ചമങ്ങളിലൊന്ന് ഇടയിലില്ലാതെ അടുത്തടുത്തു വന്നാൽ ആ മേളനം രാഗജനകമാവില്ലെന്നു മുമ്പുതന്നെ കാണിച്ചിട്ടുണ്ട്. അതുകൊണ്ടു പൂൎവ്വഭാഗത്തിലെ രിമകളുടെയും ഉത്തരഭാഗത്തിലെ ധനികളിലൊന്നിൻെറയുമായിട്ടാണ് മൂന്നു സങ്കരങ്ങൾ വരേണ്ടത്. അതിലും പഞ്ചമം മധ്യത്തിലില്ലെങ്കിൽ മധ്യമസങ്കരവും ധൈവതസങ്കരവുംകൂടി വരില്ല. അപ്പോൾ രിമനികളുടെ സങ്കരമേ വരുവാൻതന്നെ തരമുള്ളു. അതിൽ സങ്കീൎണ്ണരിക്കും സങ്കീൎണ്ണമക്കും ഗാന്ധാരകാൎയ്യകാരിത്വം സങ്കീൎണ്ണാവസ്ഥയിൽ വരുന്നതുകൊണ്ടു രണ്ടുംകൂടി സങ്കീൎണ്ണങ്ങളായി ഒരേ സമയത്തു വരില്ല. അതിന്നുപുറമെ അങ്ങനെ വരികയാണെങ്കിൽ മേളത്തിലെ സപ്തസ്വരങ്ങളിൽ ആറു സ്വരങ്ങളും ആ സങ്കരങ്ങളിലായിക്കഴിഞ്ഞു. പിന്നെ സഗപധകളിലൊന്നിന്നു മാത്രമേ സ്ഥാനമുണ്ടാവുള്ളൂ. ശേഷം മൂന്നുമില്ലാതാകും. മൂന്നു സ്വരങ്ങൾ ലോപിച്ചാൽ രാഗവുമാവില്ല. അതുകൊണ്ടാണ് പന്തിരണ്ടു സ്വരങ്ങൾക്കും പന്തിരണ്ടു സംജ്ഞകൾ നൽകാതെ ഏഴു സംജ്ഞകൾ കല്പിച്ചു ചിലതിന്നു ശുദ്ധവികൃതരൂപങ്ങൾ കല്പിച്ചിട്ടുള്ളതെന്നും ഗ്രഹിച്ചുകൊൾക.

സൂ—ത്രൈവിധ്യം രഞ്ജകതാതാരതമ്യാൽ. ൧൨

ഭാ__ഓരോ മേളങ്ങളിലുള്ള രാഗങ്ങളുടെ രഞ്ജകതാഗുണങ്ങൾക്കുണ്ടാകുന്ന താരതമ്യം നിമിത്തമാണ് ചില മേളങ്ങൾ ഉത്തമങ്ങളെന്നും ചിലതു മധ്യമങ്ങളെന്നും ചിലത് അധമങ്ങളെന്നും വരുന്നത്. മുഖ്യമേളങ്ങളിൽ രണ്ടിലധികം സ്വരങ്ങൾ അടുത്തടുത്തുള്ളവയായി വരുന്നതു കുറയുന്നതിനാലും അങ്ങനെ വരുന്നവയിൽത്തന്നെ ഒരു സ്വരം സ്ഥായ്യാരംഭകമായ ഷഡ്ജമോ ഭാഗാരംഭകമായ പഞ്ചമമോ മധ്യത്തിലായി വരുന്നതിനാലും അവയിൽ സ്വരയോഗവൈചിത്ര്യം അധികമുള്ളതുകൊണ്ടു രഞ്ജകതാഗുണവും ആവക രാഗങ്ങൾക്കധികമുണ്ടാകുന്നതാണ്. അതിനാൽ ആലാപാദികളിലെ വിന്യാസാപന്യാസാദികൾക്കും അവയിൽ അധികം സൌകര്യവും സാമഗ്രികളുമുണ്ടായിരിക്കും. സങ്കീർണ്ണമേളങ്ങളിലെല്ലാം മൂന്നു സ്വരങ്ങൾ അടുത്തടുത്തുള്ളവയായി വരുന്നതു മിക്കതും നിയതമാകയാൽ ആ വക മേളങ്ങളിലുള്ള രാഗങ്ങൾക്കു മുഖ്യമേളരാഗങ്ങളേക്കാൾ രഞ്ജകതാഗുണം കുറവായിരിക്കുന്നതാണ്. രണ്ടു സങ്കരങ്ങളുള്ള മേളങ്ങളിലാകട്ടെ ആ മാതിരി മൂന്നു സ്വരങ്ങൾ രണ്ടു സ്ഥലത്തു വരുന്നതിനാൽ ആ വക രാഗങ്ങൾക്കു രഞ്ജകതാഗുണം അതിനേക്കാൾ കുറയുന്നതാണ്. മൂന്നു സ്വരങ്ങൾ അടുത്തടുത്തുള്ളവയായാൽ രഞ്ജകതയെക്കുറക്കുന്നതാണെന്നും മൂന്നിലധികം സ്വരങ്ങൾ അപ്രകാരം ചേരുന്നതു രഞ്ജകതയെ പ്രതിബന്ധിക്കതന്നെ ചെയ്യുന്നതാണെന്നും അപ്പോൾ അവക്കു സ്വരത്വംതന്നെ ഉണ്ടാകുന്നതല്ലെന്നുമുള്ള സപ്തസ്വരതത്വം സ്വരപ്രകാശത്തിൽ വിവരിച്ചിട്ടുണ്ട്. മൂന്നു സ്വരങ്ങൾ അടുത്തടുത്തുള്ള സങ്കീർണ്ണമേളങ്ങളിൽ കുറെയെങ്കിലും രഞ്ജകതയുണ്ടാകുന്നതു വക്രഗതിയെയോ മധ്യസ്വരലംഘനത്തെയോ അവലംബിക്കുന്നതിനാലാണെന്നുള്ള വാസ്തവവും ആ വിധത്തിലുള്ള നട്ടം (നാട), വരാളി, സാരംഗം മുതലായ രാഗങ്ങളുടെ പ്രയോഗവിശേഷങ്ങൾ പരിശോധിച്ചറിഞ്ഞുകൊൾക.

ഇനി മുഖ്യമേളങ്ങളുടെ സംഖ്യ കാണിക്കുന്നു—

സൂ__ദ്വൈരി പൃഥഗ്ഗാഭ്യാം മിളിത്വാ ചത്വാരഃ. തേ മാഭ്യാമഷ്ടൌ തേ ധാഭ്യാം ഷോഡശ. തേ ച നിഭ്യാമിതി ദ്വാത്രിംശന്മുഖ്യമൂർച്ഛനാശ്രിതാ മുഖ്യമേളാഃ. ൧൩

ഭാ__അവയിൽ ഉത്തമങ്ങളായ മുഖ്യമേളങ്ങൾ മുപ്പത്തിരണ്ടു തരത്തിലുള്ള മുഖ്യമൂർച്ഛനകളിലോരോന്നിനെയും അവലംബിച്ചു പ്രത്യേകം വരുന്നതിനാൽ മുപ്പത്തിരണ്ടു വിധത്തിലുണ്ട്. എങ്ങനെയെന്നാൽ സപ്തസ്വരങ്ങളിൽ ശുദ്ധഋഷഭവും വികൃതഋഷഭവും ശുദ്ധഗാന്ധാരത്തോടും വികൃതഗാന്ധാരത്തോടും വെവ്വേറെച്ചേർന്നിട്ടു നാലു മേളങ്ങൾ. അതായത് ശുദ്ധഋഷഭശുദ്ധഗാന്ധാരങ്ങൾ, ശുദ്ധഋഷഭവികൃതഗാന്ധാരങ്ങൾ, വികൃതഋഷഭശുദ്ധഗാന്ധാരങ്ങൾ, വികൃതഋഷഭവികൃതഗാന്ധാരങ്ങൾ ഇങ്ങനെ ഋഷഭഗാന്ധാരയോഗങ്ങളുടെ യോഗവ്യത്യാസത്താൽ നാലുവിധം മേളങ്ങൾ. ആ നാലിലോരോന്നു ശുദ്ധമധ്യമത്തോടും വികൃതമധ്യമത്തോടും പ്രത്യേകം ചേരുന്നതിനാൽ എട്ടുവിധം മേളങ്ങൾ പൂർവ്വഭാഗത്തെ അവലംബിച്ചുതന്നെ വരുന്നു. അവയിൽ ഓരോന്നും ഉത്തരഭാഗത്തെ ശുദ്ധധൈവതത്തോടും വികൃതധൈവതത്തോടും പ്രത്യേകം ചേർന്നു പതിനാറുവിധം. ആ പതിനാറിലോരോന്നും ശുദ്ധനിഷാദത്തോടും വികൃതനിഷാദത്തോടും ചേർന്നു മുപ്പത്തിരണ്ടുവിധം മുഖ്യമേളങ്ങൾ ഉത്തരമന്ദ്ര എന്ന മൂർച്ഛനയുടെ ഓരോ വകഭേദത്തിന്നോരോന്നു വീതമായി വരുന്നതാണെന്നർത്ഥം.

സൂ__രജന്യാദാവപി ന മേളഭേദഃ. ൧൪

ഭാ—ഏഴുതരം മൂർച്ഛനകളുള്ളതിൽ ഉത്തരമന്ദ്രയിലെപ്പോലെ രജനി, ഉത്തരായത മുതലായ മൂർച്ഛനകളിലും മേൽപ്രകാരം മുപ്പത്തിരണ്ടുവീതം മുഖ്യമേളങ്ങൾ സംഭവിക്കുമെങ്കിലും ആ മേളങ്ങളും ഉത്തരമന്ദ്രയിൽ വരുന്ന മേളങ്ങൾതന്നെയാണ്. മൂർച്ഛനാഭേദംകൊണ്ട് ആരംഭസ്വരങ്ങൾ വേറെ വേറെ യാണെന്നല്ലാതേ മേളങ്ങൾ തമ്മിൽ വ്യത്യാസമില്ലെന്നർത്ഥം.

അപ്രകാരം മേളഭേദമില്ലെന്നുള്ളതിലെക്കു കാരണം കാണിക്കുന്നു—

സൂ—തത്തദ്രാഗജനകതായാമവിശേഷാൽ. ദക്ഷിണേ മൂർച്ഛനാവിശേഷസ്യ രാഗഭേദകതാനംഗീകാരാൽ. ൧൫

ഭാ—ഉത്തരമന്ദ്ര, രജനി മുതലായ ഓരോ മൂർച്ഛനയിലും ഒരേ ക്രമത്തിൽത്തന്നെ വരുന്ന മേളം ഒരേ രാഗത്തെത്തന്നെയാണ് ജനിപ്പിക്കുന്നത്. അങ്ങനെയല്ലാതെ വിഭിന്ന രാഗങ്ങൾക്കു കാരണമാകുന്നില്ല. അതായത് ഉത്തരമന്ദ്രയിലെ ഒരുവിധത്തിലുള്ള മുഖ്യമേളം ഗ്രഹാംശാദിഭേദങ്ങൾ വഴിക്ക് ഏതെല്ലാം രാഗങ്ങൾക്കു കാരണമായി വരുന്നുവോ രജനി, ഉത്തരായത മുതലായതിലെയും ആ വിധത്തിലുള്ള മേളം ആ മാതിരി ഗ്രഹാംശാദികൾ വഴിക്ക് അതേ രാഗങ്ങൾക്കുതന്നെയാണ് കാരണമാകുന്നത്. അതിനാൽ മൂർച്ഛനതോറും ഒരേ ക്രമത്തിൽ വരുന്ന മേളം വേറെ വേറെയാണെന്നു സ്വീകരിക്കേണ്ട ആവശ്യമില്ല. മാർഗ്ഗപ്രസ്ഥാനത്തിലാകട്ടേ മൂർച്ഛനാഭേദവുംകൂടി രാഗഭേദത്തിന്നു കാരണമാണെന്നു സ്വീകരിച്ചിട്ടുണ്ട്. ഒരു രാഗം ഏതു മൂർച്ഛനയെ അവലംബിച്ചതാണോ ആ മൂർച്ഛനയിലെ സ്വരഗതിക്രമമനുസരിച്ചായിരിക്കണം ആ രാഗത്തിന്റെ ആലാപാദികളിൽ മുഖചാലം, പ്രഥമാദിസ്വസ്ഥാനങ്ങൾ, മുതലായതു പ്രയോഗിക്കേണ്ടതെന്നും നിയമിച്ചിട്ടുണ്ട്. ദക്ഷിണപ്രസ്ഥാനത്തിൽ മൂർച്ഛനാഭേദം രാഗഭേദത്തിന്നു കാരണമാണെന്നു സ്വീകരിച്ചിട്ടില്ല. അതിനാൽ മൂർച്ഛന ഏതായാലും ഒരു തരത്തിലുള്ള മേളത്തിൽ വരുന്ന രാഗത്തിന്റെ ഗ്രഹസ്വരത്തെയോ അംശസ്വരത്തെയോ ആസ്പദമാക്കി ആലാപാദികളിൽ മുഖചാലസ്വസ്ഥാനാദികളെ പ്രയോഗിക്കാവുന്നതാണ്. അങ്ങനെ മൂർച്ഛനാഭേദത്തിന്നു മേളഭേദകത്വം സ്വീകരിക്കേണ്ടതില്ലെന്നു താൽപര്യം.

സൂ—തേഷ്വേകസ്സർവ്വശുദ്ധഃ. ഏകത്രിംശദ്വികൃതഘടിതാഃ. ൧൬

ഭാ—ആ മുപ്പത്തിരണ്ടു മുഖ്യമേളങ്ങളിൽ എല്ലാം ശുദ്ധസ്വരങ്ങളായിട്ടുള്ള മേളം ഒന്നു മാത്രമാണ്. ശേഷമുള്ള മുപ്പത്തൊന്നും ഒന്നോ രണ്ടോ മൂന്നോ നാലോ അഞ്ചോ വികൃതസ്വരം ഘടിച്ചിട്ടുള്ളവയുമാണ്.

സൂ—തത്രൈകമാത്രവികൃതാഃ പഞ്ച. ൧൭

ഭാ—ആ മുപ്പത്തൊന്നു വികൃതഘടിതങ്ങളിൽ ഒരു സ്വരം മാത്രം വികൃതവും മററെല്ലാം ശുദ്ധങ്ങളുമായിട്ടുള്ള മേളങ്ങൾ അഞ്ചുണ്ട്. ഋഷഭം മാത്രം വികൃതം, സഗമപധനികൾ ശുദ്ധങ്ങൾ. ഗാന്ധാരം മാത്രം വികൃതം, സരിമപധനികൾ ശുദ്ധങ്ങൾ. മദ്ധ്യമം മാത്രം വികൃതം, സരിഗപധനികൾ ശുദ്ധങ്ങൾ. ധൈവതം മാത്രം വികൃതം, സരിഗമപനികൾ ശുദ്ധങ്ങൾ. നിഷാദം മാത്രം വികൃതം, സരിഗമപധകൾ ശുദ്ധങ്ങൾ. ഇങ്ങനെ അഞ്ച് എന്നർത്ഥം.

സൂ—ദ്വിവികൃതാ ദശ. ൧൮

ഭാ—രണ്ടു സ്വരങ്ങൾ വികൃതങ്ങളായിട്ടുള്ള മുഖ്യമേളങ്ങൾ പത്താണ്. രിഗകൾ വികൃതങ്ങൾ, സമപധനികൾ ശുദ്ധങ്ങൾ. രിമകൾ വികൃതങ്ങൾ, സഗപധനികൾ ശുദ്ധ

ങ്ങൾ. രിധകൾ വികൃതങ്ങൾ, സഗമപനികൾ ശുദ്ധങ്ങൾ. രിനികൾ വികൃതങ്ങൾ, സഗമപധകൾ ശുദ്ധങ്ങൾ. ഗമകൾ വികൃതങ്ങൾ, സരിപധനികൾ ശുദ്ധങ്ങൾ. ഗധകൾ വികൃതങ്ങൾ, സരിമപനികൾ ശുദ്ധങ്ങൾ. ഗനികൾ വികൃതങ്ങൾ, സരിമപധകൾ ശുദ്ധങ്ങൾ. മധകൾ വികൃതങ്ങൾ, സരിഗപനികൾ ശുദ്ധങ്ങൾ. മനികൾ വികൃതങ്ങൾ, സരിഗപധകൾ ശുദ്ധങ്ങൾ. ധനികൾ വികൃതങ്ങൾ, സരിഗമപകൾ ശുദ്ധങ്ങൾ. ഇങ്ങനെ പത്ത്.

സൂ—തഥാ ത്രിവികൃതാശ്ച. ൧൯

ഭാ—മൂന്നു സ്വരങ്ങൾ വികൃതങ്ങളായിട്ടുള്ള മുഖ്യമേളങ്ങളും പത്തുതന്നെയാണ്. രിഗമകൾ വികൃതങ്ങൾ, സപധനികൾ ശുദ്ധങ്ങൾ. രിഗധകൾ വികൃതങ്ങൾ, സമപനികൾ ശുദ്ധങ്ങൾ. രിഗനികൾ വികൃതങ്ങൾ, സമപധകൾ ശുദ്ധങ്ങൾ. രിമധകൾ വികൃതങ്ങൾ, സഗപനികൾ ശുദ്ധങ്ങൾ. രിമനികൾ വികൃതങ്ങൾ, സഗപധകൾ ശുദ്ധങ്ങൾ. രിധനികൾ വികൃതങ്ങൾ, സഗമപകൾ ശുദ്ധങ്ങൾ. ഗമധകൾ വികൃതങ്ങൾ, സരിപനികൾ ശുദ്ധങ്ങൾ. ഗമനികൾ വികൃതങ്ങൾ, സരിപധകൾ ശുദ്ധങ്ങൾ. ഗധനികൾ വികൃതങ്ങൾ, സരിമപകൾ ശുദ്ധങ്ങൾ. മധനികൾ വികൃതങ്ങൾ, സരിഗപകൾ ശുദ്ധങ്ങൾ. ഇങ്ങനെ പത്ത്.

സൂ—ചതുർവ്വികൃതാഃ പഞ്ച. ൨൦

ഭാ—നാലു വികൃതസ്വരങ്ങൾ ചേൎന്നു വരുന്ന മുഖ്യമേളങ്ങൾ അഞ്ചാണ്. രിഗമധകൾ വികൃതങ്ങൾ, സപനികൾ ശുദ്ധങ്ങൾ. രിഗമനികൾ വികൃതങ്ങൾ, സപധകൾ ശുദ്ധങ്ങൾ. രിഗധനികൾ വികൃതങ്ങൾ, സമപകൾ ശുദ്ധങ്ങൾ. രിമധനികൾ വികൃതങ്ങൾ, സഗപകൾ ശുദ്ധങ്ങൾ. ഗമധനികൾ വികൃതങ്ങൾ, സരിപകൾ ശുദ്ധങ്ങൾ. ഇങ്ങനെ അഞ്ചുവിധം.

സൂ—പഞ്ചവികൃത ഏകഃ. ൨൧

ഭാ—അഞ്ചു സ്വരങ്ങൾ വികൃതങ്ങളായിട്ടുള്ളവ ചേൎന്നുവരുന്ന മുഖ്യമേളം ഒന്നു മാത്രവുമാണ്. രിഗമധനികൾ വികൃതങ്ങൾ, വികൃതരൂപമില്ലാത്ത ഷഡ്ജപഞ്ചമങ്ങൾ മാത്രം ശുദ്ധങ്ങൾ. ഇപ്രകാരം വികൃതസ്വരഘടിതമേളങ്ങളെല്ലാംകൂടി മുപ്പത്തൊന്നും സൎവ്വശുദ്ധസ്വരഘടിതമേളം ഒന്നുമായി മുപ്പത്തിരണ്ടു മുഖ്യമേളങ്ങൾ.

സൂ—ക്രമാദേകാദിദ്വാദശഭിരങ്കൈഃ ഷഡ്ജാദിശുദ്ധവികൃതസ്വരഗണനേന മുഖ്യമേളപ്രസ്താരഃ. ൨൨

ഭാ—ഈ മുപ്പത്തിരണ്ടു മുഖ്യമേളങ്ങളുടെ പ്രസ്താരത്തിൽ ഒന്നു മുതൽ പന്തിരണ്ടുവരെയുള്ള അക്കങ്ങളെക്കൊണ്ടു ക്രമത്തിൽ ഷഡ്ജം, ശുദ്ധഋഷഭം, വികൃതഋഷഭം, ശുദ്ധഗാന്ധാരം, വികൃതഗാന്ധാരം, ശുദ്ധമദ്ധ്യമം, വികൃതമദ്ധ്യമം, പഞ്ചമം, ശുദ്ധധൈവതം, വികൃതധൈവതം, ശുദ്ധനിഷാദം, വികൃതനിഷാദം ഇവയെഗ്ഗണിക്കേണ്ടതാണ്.

സ	ശു. രി	വി. രി	ശു. ഗ	വി. ഗ	ശു. മ	വി. മ	പ	ശു. ധ	വി. ധ	ശു. നി	വി. നി
൧	൨	൩	൪	൫	൬	൭	൮	൯	൧൦	൧൧	൧൨

മുഖ്യമേളമണ്ഡലം.

സർവ്വശുദ്ധമേളം

ഫ	റ	ർ	ന്ന	വ്യ	ൻ	ഫഫ

ഏകവികൃതഘടിതമേളങ്ങൾ.

ഫ	* ന	ർ	ന്ന	വ്യ	ൻ	ഫഫ
ഫ	റ	* ഒ	ന്ന	വ്യ	ൻ	ഫഫ
ഫ	റ	ർ	* ൧	വ്യ	ൻ	ഫഫ
ഫ	റ	ർ	ന്ന	വ്യ	* ഫ൦	ഫഫ
ഫ	റ	ർ	ന്ന	വ്യ	ൻ	* ഫറ

വികൃതദ്വയഘടിത മേളങ്ങൾ.

ഫ	* ന	ഒ ഒ	ന്ന	വ്യ	ൻ	ഫഫ
ഫ	* ന	ർ	* ൧	വ്യ	ൻ	ഫഫ
ഫ	* ന	ർ	ന്ന	വ്യ	* ഫ൦	ഫഫ
ഫ	* ന	ർ	ന്ന	വ്യ	ൻ	* ഫറ
ഫ	റ	* ഒ	* ൧	വ്യ	ൻ	ഫഫ
ഫ	റ	* ഒ	ന്ന	വ്യ	* ഫ൦	ഫഫ
ഫ	റ	* ഒ	ന്ന	വ്യ	ൻ	* ഫറ
ഫ	റ	ർ	* ൧	വ്യ	* ഫ൦	ഫഫ
ഫ	റ	ർ	* ൧	വ്യ	ൻ	* ഫറ
ഫ	റ	ർ	ന്ന	വ്യ	* ഫ൦	* ഫറ

വികൃതത്രയഘടിത മേളങ്ങൾ.

ഫ	* ന	* ഒ	* ൧	വ്യ	ൻ	ഫഫ
ഫ	* ന	* ഒ	ന്ന	വ്യ	* ഫ൦	ഫഫ
ഫ	* ന	* ഒ	ന്ന	വ്യ	ൻ	* ഫറ
ഫ	* ന	ർ	* ൧	വ്യ	* ഫ൦	ഫഫ
ഫ	* ന	ർ	* ൧	വ്യ	ൻ	* ഫറ
ഫ	* ന	ർ	ന്ന	വ്യ	* ഫ൦	* ഫറ
ഫ	റ	* ഒ	* ൧	വ്യ	* ഫ൦	ഫഫ
ഫ	റ	* ഒ	* ൧	വ്യ	ൻ	* ഫറ
ഫ	റ	* ഒ	ന്ന	വ്യ	* ഫ൦	* ഫറ
ഫ	റ	ർ	* ൧	വ്യ	* ഫ൦	* ഫറ

വികൃതചതുഷ്ടയഘടിതമേളങ്ങൾ.

൧	*൩	*൫	*൭	൮	*൧൦	൧൧
൧	*൩	*൫	*൭	൮	൯	*൧൨
൧	*൩	*൫	൬	൮	*൧൦	*൧൨
൧	*൩	൪	*൭	൮	*൧൦	*൧൨
൧	൨	*൫	*൭	൮	*൧൦	*൧൨

വികൃതപഞ്ചകഘടിതമേളം.

൧	*൩	*൫	*൭	൮	*൧൦	*൧൨

സൂ—ഏവം ഷോഡശാ മുഖ്യമേളാഃ. ൨൩

ഭാ—ഇപ്രകാരം സർവ്വശുദ്ധം, ഏകവികൃതഘടിതം, വികൃതദ്വയഘടിതം, വികൃതത്രയഘടിതം, വികൃതചതുഷ്ടയഘടിതം, വികൃതപഞ്ചകഘടിതം എന്നിങ്ങനെ മുഖ്യമേളങ്ങൾ ചുരുക്കത്തിൽ ആറു വർഗ്ഗത്തിൽ ഉൾപ്പെടുന്നവയാണ്.

സൂ—അത്ര കേചിദ്രാഗസ്യൈകസ്യ മേളവിശേഷകർത്തൃത്വം തന്മേളഗതാനാമന്യേഷാം തജ്ജന്യത്വം ച വദന്തി. ൨൪

ഭാ—ഈവക മേളങ്ങളെപ്പററിയുള്ള വിഷയത്തിൽ ഒരു പ്രത്യേകരാഗം ഒരു പ്രത്യേകമേളത്തിന്റെ കർത്താവാണെന്നും ആ മേളത്തിൽ വരുന്ന മററു രാഗങ്ങളെല്ലാം ആ പ്രത്യേക രാഗത്തിൽനിന്നു ജന്യങ്ങളാണെന്നും ചിലർ പറയുന്നു. എന്നു വെച്ചാൽ മാളവഗൌളം, രീതിഗൌളം മുതലായ ചില രാഗങ്ങൾ ഓരോതരം മേളത്തിന്റെ കർത്താക്കൾ നാഥനാമക്രിയ, സൌരാഷ്ട്രം മുതലായ രാഗങ്ങൾ മാളവഗൌളജന്യങ്ങൾ. ഭൈരവി മുതലായ രാഗങ്ങൾ രീതിഗൌളജന്യങ്ങൾ എന്നിങ്ങനെ ചില രാഗങ്ങൾക്കു പ്രത്യേകമേളകർത്തൃത്വവും രാഗങ്ങൾ തമ്മിൽ ജന്യജനകഭാവവും ഉണ്ടെന്നു പറയുന്നു.

സൂ—തദവിചാരിതാഭിധാനം. മേളവിശേഷമവലംബ്യ ഗ്രഹാംശാദിവിശേഷസഹകാരേണ ജായമാനസ്യ രാഗസ്യ മേളംപ്രതി കർത്തൃത്വാസംഭവാൽ. ൨൫

ഭാ—അവരുടെ ആ വചനം വസ്തുസ്വഭാവം തീരെ ആലോചിക്കാതെ പറഞ്ഞിട്ടുള്ളതാണ്. മേളമെന്നത് ഏതെങ്കിലും ഒരു തരത്തിലുള്ള സപ്തസ്വരഘടനയാണ്. ആ ഘടനമാത്രം രാഗമാവില്ല. അങ്ങനെയുള്ള സപ്തസ്വരഘടനാവിശേഷത്തെ അവലംബമാക്കിയും ഗ്രഹസ്വരം, അംശസ്വരം മുതലായതിന്നു വരുന്ന വ്യത്യാസത്തെ സഹകാരികാരണമാക്കിയുമാണ് ഓരോ രാഗമുണ്ടാകുന്നത്. അങ്ങനെയുണ്ടാകുന്ന രാഗത്തിന്നു മേളത്തിന്റെ കർത്തൃത്വം സംഭവിക്കുന്നതല്ല. വസ്ത്രത്തിന്റെ കാരകം നൂലായി വരാമെന്നല്ലാതെ നൂലിന്റെ കാരകമാണ് വസ്ത്രമെന്നു വരുന്നതല്ലല്ലോ. അതുപോലെ രാഗകർത്തൃത്വം രാഗാവലംബമാണെന്ന നിലയിൽ മേളത്തിന്നു വരാമെന്നല്ലാതെ മറിച്ച് ഒരു രാഗവും ഒരു മേളത്തിന്റെയും കർത്താവാകുന്നതല്ല. അതിനാൽ മാളവഗൌളം മേളകർത്താവാണെന്നും മററും അവർ പറയുന്നത് അസംഗതമാണെന്നു താൽപര്യം.

സൂ—വിനിഗമകാഭാവാദ്രാഗാണാം ജന്യജനകഭാവകല്പനമപ്യയുക്തം. ൨൩

ഭാ—അതുപോലെതന്നെ രാഗങ്ങൾ തമ്മിൽ ജന്യജനകഭാവം കല്പിക്കുന്നതും യുക്തമായിട്ടുള്ളതല്ല. എന്തുകൊണ്ടെന്നാൽ ഇന്ന രാഗം ഇന്ന രാഗത്തിന്റെ ജനകമെന്നോ ഇന്ന രാഗം ഇന്നതിൽനിന്നു ജന്യമെന്നോ തീച്ചപ്പെടുത്താൻ നിയാമകമൊന്നുമില്ല. മാളവഗൌളം സാവേരി, സൌരാഷ്ട്രം മുതലായതിന്റെ ജനകമാണെന്നു കല്പിക്കുന്നതുപോലെ സാവേരി മാളവഗൌളത്തിന്റെയും സൌരാഷ്ട്രത്തിന്റെയും ജനകമാണെന്നും സൌരാഷ്ട്രം മാളവഗൌളം, സാവേരി മുതലായതിന്റെ ജനകമാണെന്നും കല്പിക്കുന്നതിന്നു ബാധകമൊന്നുമില്ല. അങ്ങനെ സാധകപ്രമാണമോ ബാധകപരിഹാരകമോ ഇല്ലാത്തതുകൊണ്ടുതന്നെയാണ് ചിലർ ഭൈരവീജന്യമാണ് രീതിഗൌളമെന്നും മററു ചിലർ രീതിഗൌളജന്യമാണ് ഭൈരവിയെന്നും അതുപോലെ മററു പലതും അവരവക്കു തോന്നിയതുപോലെ പറഞ്ഞിട്ടുള്ളത്. വസ്തുസ്ഥിതിയിലാകട്ടെ രാഗങ്ങൾ തമ്മിൽ ജന്യജനകഭാവമേ വരുന്നതല്ല.

മാർഗ്ഗത്തിലെ രാഗമൂലജാതികൾ രാഗജനകങ്ങളായി വരുന്നതെങ്ങനെ എന്നുള്ള ശങ്കയെപ്പരിഹരിക്കുന്നു—

സൂ—മാർഗ്ഗേ മൂലജാതിഷു തു ബഹുരാഗാംശസദ്ഭാവാൽ ഗ്രാമരാഗാദിനാം തത്തദംശവിസ്താരരൂപത്വാച്ച താസാം രാഗജനകതാ. ൨൪

ഭാ—മാർഗ്ഗപ്രസ്ഥാനത്തിലെ രാഗമൂലജാതികളിലാകട്ടെ ഷാഡ്ജി, ആഷഭി, ഗാന്ധാരി മുതലായ ഓരോ ജാതിയിലും ഒന്നിലധികം രാഗങ്ങളുടെ പ്രത്യേകഭാഗങ്ങൾ അതായത് മറെറാരു രാഗത്തിൽനിന്ന് ഒരു രാഗത്തെ വേർതിരിക്കുന്ന വ്യാവൎത്തകധൎമ്മങ്ങൾ അവിടെയവിടെയായി അടങ്ങിട്ടുണ്ടായിരിക്കുന്നതാണ്. അതിനാലാണ് "ഷാഡ്ജ്യാമംശാഃ സ്വരാഃ പഞ്ച" എന്നും. "പഞ്ചാംശാ രിധവൎജ്ജാഃ സ്യുൎഗ്ഗാന്ധാൎയ്യാം" എന്നും "പഞ്ചാംശാ മധ്യമായാം സ്യുഃ" എന്നും മററും മിക്ക ജാതികളിലും സപ്തസ്വരങ്ങളിലധികവും അംശസ്വരങ്ങളാണെന്നു പറഞ്ഞിട്ടുള്ളത്. അങ്ങനെയുള്ള ഓരോ ജാതിയിലുമുൾപ്പെട്ട ചില ഭാഗങ്ങളുടെ വിസ്താരരൂപമായിട്ടാണ് ഓരോരോ ഗ്രാമരാഗങ്ങളും മററും ഉണ്ടായിട്ടുള്ളതും. അതനുസരിച്ചാണ് ഇന്നിന്ന രാഗം ഇന്നിന്ന ജാതികളെ അവലംബിച്ചാണുണ്ടായിട്ടുള്ളതെന്ന് അതാതു രാഗലക്ഷണവിവരണത്തിൽ,

"ധഗ്രഹോ ധൈവതീഷഡ്ജമധ്യമാ ജാതിസംഭവഃ
ധാംശോ മാന്തസ്തഥാ ഗൌഡപഞ്ചമഃ
ബോട്ടഃ സ്യാൽ പഞ്ചമീഷഡ്ജമധ്യമാഭ്യാം ഗ്രഹാംശസഃ."

എന്നീ മാതിരിയിൽ ഗൌഡപഞ്ചമമെന്ന രാഗം ധൈവതീജാതിയിലെ ഭാഗവും ഷഡ്ജമധ്യമാജാതിയിലെ ഭാഗവും ചേൎന്നുണ്ടായതാണ്. ബോട്ടരാഗം പഞ്ചമീജാതിയിലെയും ഷഡ്ജമധ്യമാജാതിയിലെയും ഭാഗങ്ങൾ ചേൎന്നുണ്ടായതാണ്എന്നെല്ലാം കാണിച്ചിട്ടുള്ളതും.അതുകൊണ്ട്ഒരു ജാതിയിലെ ഓരോരോ ഭാഗങ്ങളിൽ ഓരോരോ രാഗത്തിന്റെ അടിസ്ഥാനഭാഗങ്ങളടങ്ങിയതിനാൽ ആവക രാഗങ്ങളുടെ ജനകത്വം ആ ജാതിക്കു വരാം. ചില രാഗങ്ങളുടെ മൂലഭാഗങ്ങൾ രണ്ടു ജാതിയിലും കൂടീട്ടാണ് അടങ്ങിയിരിക്കുന്നതെന്നും ആ രാഗങ്ങളുടെ ജനകത്വം ആ രണ്ടു ജാതിക്കും കൂടിയാണെന്നും വരുവാൻ വിരോധമില്ല. രാഗങ്ങൾ തമ്മിൽ അപ്രകാരം വരുവാൻ തരമില്ല. ഒരു രാഗത്തിലെ വിശേഷധൎമ്മങ്ങളായ ഗ്രഹാംശന്യാസാദിഭേദങ്ങളെ സ്വീകരിച്ചു വിസ്താരം പ്രാപിച്ചിട്ടല്ല മറെറാരു രാഗമുണ്ടാകുന്നതെന്ന

സംഗതിതന്നെ അതിന്നു കാരണം. അങ്ങനെയായാൽ അവ ആ രാഗത്തിൻെറ വിശേഷ ധമ്മങ്ങളാകയുമില്ല.

സൂ—അത ഏവ താ ജാതയഃ. അനേകരാഗഗതധമ്മവത്വാൽ. ന രാഗാഃ. ൧൧

ഭാ—അതിനാൽത്തന്നെയാണ് രാഗമൂലങ്ങളായ ഷാഡ്ജി, ആഷ്ഭി തുടങ്ങിയ പതിനെട്ടിന്നും ജാതികഠം എന്നു പറയുന്നത്. അനേകം രാഗങ്ങളിലുള്ള ധമ്മങ്ങഠം അവയിലോരോന്നിലും ഉള്ളതിനാൽ അനേകം വ്യക്തികളിലുള്ള പുരുഷത്വം സ്ത്രീത്വം മുതലായ ജാതികളെപ്പോലെ രാഗസാമാന്യജാതിയായിട്ടാണല്ലോ അവയിരിക്കുന്നത്. ആ ജാതികഠക്കു ഗ്രാമരാഗാദികഠക്കെന്നപോലെ രാഗങ്ങളെന്ന സംജ്ഞയുമില്ല. ഷാഡ്ജീജാതി എന്നല്ലാതെ ഷാഡ്ജീരാഗം എന്നും മററും പറയാറില്ല എന്നത്ഥം.

സൂ—തസ്മാദേകം മേളമാശ്രിത്യാംശാദിഭേദാത്സ്വാതന്ത്ര്യേണൈവാനേകേ രാഗാ ജായന്ത ഇതി ബോധ്യം. ൧൯

ഭാ—മേൽപ്പറഞ്ഞ കാരണങ്ങളാൽ ഏതെങ്കിലും ഒരു തരം മേളത്തെ അവലംബിച്ച് അംശസ്വരം, ഗ്രഹസ്വരം, ന്യാസസ്വരം മുതലായതിൻെറ വ്യത്യാസം ആസ്പദമാക്കി പരസ്പരാപേക്ഷയൊന്നുമില്ലാതെ സ്വതന്ത്രങ്ങളായിത്തന്നെ അനേകം രാഗങ്ങളുണ്ടാവുകയാണ് ചെയ്യുന്നതെന്നറിഞ്ഞുകൊഠക. രാഗത്തിന്നു മേളകർത്തൃത്വവും രാഗങ്ങഠം തമ്മിൽ ജന്യജനകഭാവവും ചിലർ പറയുന്നത് അന്ധപരമ്പരയായി വന്നുകൂടിയ അസംബന്ധവ്യവഹാരമാണെന്നും ധരിക്കേണ്ടതുണ്ട്.

സൂ—തേ ച മുഖ്യമേളാഃ പൂവ്വോക്തവിധയാ ഷാഡവിതാ ദ്വാനവത്യുത്തരം ശതം. ൨൦

ഭാ—ആ മുഖ്യമേളങ്ങഠം മൂർച്ഛനാപ്രകരണത്തിൽ പറഞ്ഞപ്രകാരം ഷാഡവിതകളകുമ്പോഠം ഓരോ മേളത്തിലും ഷഡ്ജം ഒഴിച്ചു മററു സ്വരങ്ങളിലോരോന്നും ലോപിക്കുന്നതുനിമിത്തം ആററു വിധത്തിൽ വരുന്നതിനാൽ മുപ്പത്തിരണ്ടു മേളങ്ങളിലുംകൂടി നൂററിത്തൊണ്ണൂററിരണ്ടു ഷാഡവിതമുഖ്യമേളങ്ങഠം വരുന്നതാണ്.

സൂ—ഔഡവിതാസ്തു പ്രതിമേളം പഞ്ചദശേത്യശീത്യുത്തരശതചതുഷ്ടയം. ൨൧

ഭാ—അപ്രകാരം ആ മുഖ്യമേളങ്ങഠം ഔഡവിതങ്ങളാകുമ്പോഠം ഓരോ മേളത്തിലും മുമ്പു കാണിച്ചവിധം പതിനഞ്ചുതരത്തിൽ വരുന്നതിനാൽ മുപ്പത്തിരണ്ടു മേളങ്ങളിലുംകൂടി നാനൂറെറമ്പത് ഔഡവിതമുഖ്യമേളങ്ങളും വരുന്നതാണ്.

സൂ—പൂണ്ണൈസ്സഹ ചതുരധികസപ്തശതവിധാസ്തേ പുനരാരോഹാവരോഹയോഃ പൂണ്ണത്വഷാഡവിതത്വൌഡവിതത്വൈഃ ഷഡ്വിധാ ഭവന്തീത്യാഹത്യ ഷഷ്ട്യധികശതോത്തരാണി ചത്വാരി സഹസ്രാണി ഭവന്തി. ൨൨

ഭാ—ഇങ്ങനെ മുപ്പത്തിരണ്ടു പൂണ്ണമേളങ്ങളും നൂററിത്തൊണ്ണൂററിരണ്ടു ഷാഡവമേളങ്ങളും നാനൂറെറമ്പത് ഔഡവമേളങ്ങളുംകൂടി ഏഴനൂററിനാലു തരത്തിലുള്ള മേളങ്ങഠം ആരോഹത്തിൽ പൂണ്ണം, അവരോഹത്തിൽ ഷാഡവിതം. ആരോഹത്തിൽ ഷാഡവിതം അവരോഹത്തിൽ പൂണ്ണം. ആരോഹത്തിൽ പൂണ്ണം, അവരോഹത്തിൽ ഔഡവിതം. ആ

രോഹത്തിൽ ഔഡവിതം, അവരോഹത്തിൽ പൂൎണ്ണം. ആരോഹത്തിൽ ഷാഡവിതം, അവരോഹത്തിൽ ഔഡവിതം. ആരോഹത്തിൽ ഔഡവിതം, അവരോഹത്തിൽ ഷാഡവിതം. ഇങ്ങനെ പൂൎണ്ണഷാഡവിതം, ഷാഡവിതപൂൎണ്ണം, പൂൎണ്ണൌഡവിതം, ഔഡവിതപൂൎണ്ണം, ഷാഡവൌഡവിതം ഔഡവഷാഡവിതം എന്ന ആറു തരത്തിൽ വരുന്നതുകൊണ്ട് ആരോഹാവരോഹങ്ങളിലുള്ള വ്യത്യാസവുംകൂടികൂട്ടുമ്പോൾ രണ്ടായിരത്തെണ്ണൂററിപ്പതിനാറു പൂൎണ്ണതായുക്തങ്ങളും ആയിരത്തിമുന്നൂററിനാല്പത്തിനാലു പൂൎണ്ണതാഹീനങ്ങളുമായി നാലായിരത്തൊരുനൂറററുപതു തരമായിത്തീരുന്നു.

സൂ—തേഷ്വധിഷ്ഠിതോ മുഖ്യമേളാശ്രിതരാഗപ്രപഞ്ചഃ. ൩൩

ഭാ—മുഖ്യമേളങ്ങളെ അവലംബിച്ചുണ്ടാകുന്ന രാഗങ്ങളെല്ലാംതന്നെയും അപ്രകാരമുള്ള മേളഭേദങ്ങളെ ആസ്പദമാക്കി ഉണ്ടാകുന്നവയാണ്. ആ മേളങ്ങളിൽ ഒന്നിനെ അവലംബിച്ചേ ഇപ്പോൾ പ്രസിദ്ധങ്ങളോ അപ്രസിദ്ധങ്ങളോ ആയ മുഖ്യമേളരാഗങ്ങളിലേതും ഉണ്ടാകയുള്ളൂ എന്നു സാരം.

ഇനി ഈ മുഖ്യമേളങ്ങളെ അവലംബിച്ചുണ്ടാകുന്ന ചില രാഗങ്ങളെ ഉദാഹരിച്ചു കാണിപ്പാനായി ആ മേളങ്ങളിൽ വികൃതസ്വരഘടിതമേളങ്ങളിലെ വികൃതസ്വരങ്ങൾ ഇന്നിന്നതാണെന്ന് എളുപ്പത്തിൽ ഗ്രഹിപ്പാൻ ആ വികൃതസ്വരങ്ങൾക്കു സംഖ്യാക്ഷരങ്ങൾ നിൎദ്ദേശിപ്പാൻ തുടങ്ങുന്നു —

സൂ—സംഖ്യാക്ഷരൈൎമ്മേളാന്തൎഗ്ഗതവികൃതവിജ്ഞാനം. ൩൪

ഭാ—ഒന്നു മുതൽക്കുള്ള സംഖ്യയെക്കുറിക്കുന്ന അക്ഷരങ്ങളെക്കൊണ്ടു മേളത്തെയും ഓരോ മേളത്തിലും അന്തൎഭവിച്ചിട്ടുള്ള വികൃതസ്വരത്തെയും എളുപ്പത്തിൽ അറിയാവുന്നതാണ്. അതായത് സൎവ്വശുദ്ധമേളം മുതൽ പഞ്ചവികൃതമേളംവരെയുള്ള മുപ്പത്തിരണ്ടു പൂൎണ്ണമേളങ്ങളിലും ക്രമത്തിൽ ഇന്ന മേളത്തിൽ ഇന്നിന്ന സ്വരങ്ങൾ വികൃതങ്ങളാണെന്നു ഗ്രഹിപ്പാനായി ഒന്നു മുതൽക്കുള്ള സംഖ്യയെക്കുറിക്കുന്ന കകാരാദ്യക്ഷരങ്ങളെക്കൊണ്ടു 'പരൽപ്പേർ' എന്നു കേരളത്തിൽ പ്രസിദ്ധമായ രീതിയിൽ ഓരോ മേളങ്ങൾക്കും നാമനിൎദ്ദേശം ചെയ്യാവുന്നതാണ്. ആ നാമത്തിലെ അക്ഷരസംഖ്യകൊണ്ടു വികൃതസ്വരം സപ്തസ്വരങ്ങളിൽ ഇത്രാമത്തേതാണെന്നറിഞ്ഞാൽ ശേഷമെല്ലാം ശുദ്ധസ്വരങ്ങളാണെന്നറിയാവുന്നതുമാണ് എന്നൎത്ഥം.

ഇന്നിന്ന അക്ഷരങ്ങൾ ഇന്നിന്ന സംഖ്യയെക്കുറിക്കുന്നുവെന്നതിന്റെ സമ്പ്രദായം വിവരിക്കുന്നു—

സൂ—കാദയഷ്ടാദയോ യാദയശ്ച നവ നവ ക്രമാദേകാദിനവാന്തസംഖ്യാ ലക്ഷയന്തി. പാദയഃ പഞ്ച പഞ്ചാന്താഃ. ൩൫

ഭാ—ക മുതൽ ഝ വരെ ഒമ്പതക്ഷരങ്ങളും ട മുതൽ ധ വരെ ഒമ്പതക്ഷരങ്ങളും യ മുതൽ ള വരെ ഒമ്പതക്ഷരങ്ങളും ക്രമത്തിൽ ഒന്നു മുതൽ ഒമ്പതു വരെയുള്ള സംഖ്യയെ കാണിക്കുന്നു. പ മുതൽ മ വരെയുള്ള അഞ്ചക്ഷരങ്ങൾ ക്രമത്തിൽ ഒന്നു മുതൽ അഞ്ചുവരെയുള്ള സംഖ്യയെയും കാണിക്കുന്നു. അതായത് ക, ട, പ, യ എന്ന നാലക്ഷരങ്ങൾ ഒന്നിനെയും ഖ, ഠ, ഫ, ര എന്ന നാലക്ഷരങ്ങൾ രണ്ടിനെയും ഗ, ഡ, ബ, ല എന്ന നാലും മൂന്നിനെയും ഘ, ഢ, ഭ, വ എന്ന നാലും നാലിനെയും ങ, ണ, മ, ശ എന്ന നാലും അഞ്ചിനെയും ച, ത, ഷ എന്ന മൂന്നും ആറിനെയും ഛ, ഥ, സ എന്ന മൂന്നും ഏഴിനെയും, ജ, ദ, ഹ എന്ന മൂന്നും എട്ടിനെയും ഝ, ധ, ള എന്ന മൂന്നും ഒമ്പതിനെയും കാണിക്കുന്നുവെന്നൎത്ഥം.

സൂ—സ്വരഞനാഃ ശൂന്യം. ൩൬

ഭാ—ലക്ഷയന്തി എന്നനുവൎത്തിക്കുന്നു. സ്വരാക്ഷരങ്ങളായ അ, ആ, ഇ, ഈ, ഉ, ഊ, ഋ, ൠ, ഌ, ൡ, എ, ഐ, ഒ, ഔ എന്നീ പതിന്നാലും ഞ, ന എന്ന രണ്ടു വ്യഞ്ജനാക്ഷരങ്ങളും ശൂന്യത്തെക്കാണിക്കുന്നു.

സൂ—സംയുക്തേഷ്വന്ത്യഗ്രഹണം. ൩൭

ഭാ—സംയുക്തവ്യഞ്ജനങ്ങളായ ക്ത, ക്ഷ, ന്ധ, ക്യ മുതലായ കൂട്ടക്ഷരങ്ങളിൽ ഒടുവിലത്തെ അക്ഷരങ്ങളായ ത, ഷ, ധ, യ എന്നീ അക്ഷരങ്ങൾക്കുള്ള സംഖ്യയെയാണ് ഗ്രഹിക്കേണ്ടത്.

സൂ—സപ്തസ്വരാണാം ഷഡ്ജാദിക്രമാത്സപ്ത സംഖ്യാഃ. ൩൮

ഭാ—ഏഴു സ്വരങ്ങൾക്കും ഷഡ്ജം മുതൽ തുടങ്ങി ക്രമത്തിൽ ഒന്നു മുതൽ ഏഴുവരെയുള്ള സംഖ്യകളാണ് വികൃതസ്വരങ്ങളെക്കുറിക്കുന്ന സംഖ്യാക്ഷരങ്ങളിൽനിന്ന് ഇവിടെ ഗ്രഹിക്കേണ്ടത്. അല്ലാതെ പ്രസ്താരത്തിൽ കാണിച്ചപ്രകാരം ശുദ്ധസ്വരങ്ങളും വികൃതസ്വരങ്ങളും കൂടിയാലുണ്ടാകുന്ന പന്തിരണ്ട് എന്ന സ്വരസംഖ്യയെ ആസ്പദമാക്കി വരുന്ന സംഖ്യകളല്ല എന്നു താൽപൎയ്യം. ഒന്ന്, രണ്ട്, മൂന്ന്, നാല്, അഞ്ച്, ആറ്, ഏഴ് എന്നീ സംഖ്യകളെക്കുറിക്കുന്ന അക്ഷരങ്ങൾ ഷഡ്ജം, ഋഷഭം, ഗാന്ധാരം, മദ്ധ്യമം, പഞ്ചമം, ധൈവതം, നിഷാദം ഇവയെ ക്രമത്തിൽ കാണിക്കുന്നുവെന്നു സാരം.

സൂ—അഷ്ടാദീനാം പ്രകൃതാനുപയോഗേപി സമ്പ്രദായവൈശദ്യാൎത്ഥമുക്തിഃ. ൩൯

ഭാ—അപ്രകാരം സപ്തസ്വരങ്ങളുടെ സംഖ്യയെക്കുറിപ്പാൻ ഏഴുവരെയുള്ള സംഖ്യകളെക്കുറിക്കുന്ന അക്ഷരങ്ങൾക്കു മാത്രമേ പ്രകൃതത്തിൽ ഉപയോഗമുള്ളു. എട്ടും ഒമ്പതും സംഖ്യകളെക്കുറിക്കുന്ന സംഖ്യാക്ഷരങ്ങളെക്കൊണ്ടാവശ്യം വരില്ല. എന്നുതന്നെയല്ല, വികൃതസ്വരങ്ങളെക്കുറിപ്പാനാണ് സംഖ്യാക്ഷരങ്ങളുടെ ഉപയോഗമെന്നുള്ള സ്ഥിതിക്ക് ഏഴിൽത്തന്നെയും വികൃതരൂപമില്ലാത്ത ഷഡ്ജത്തെയും പഞ്ചമത്തെയും കുറിപ്പാനുള്ള ഒന്നും അഞ്ചും സംഖ്യകളുടെ അക്ഷരങ്ങളെക്കൊണ്ടും പ്രകൃതോപയോഗമില്ല. എങ്കിലും സംഖ്യകളും അവയെക്കുറിക്കുന്ന അക്ഷരങ്ങളും എങ്ങനെയാണ് പ്രാചീനന്മാർ പരസ്പരം ബന്ധപ്പെടുത്തി നിയമിച്ചിട്ടുള്ളതെന്ന സമ്പ്രദായം ശിഷ്യന്മാൎക്കു വിശദമായി മനസ്സിലാകുവാൻ വേണ്ടിയാണ് ആ വക സംഖ്യകളെക്കൂടിച്ചേൎത്തു സമഗ്രമാക്കി പ്രസ്താവിച്ചിട്ടുള്ളത്.

സൂ—അഥ ദ്വാത്രിംശന്മേളനാമാനി. ൪൦

ഭാ—നിൎദ്ദിശ്യന്തേ എന്നു ചേൎക്കണം. അനന്തരം മുപ്പത്തിരണ്ടു മുഖ്യമേളങ്ങൾക്കും മേൽവിവരിച്ച സംഖ്യാക്ഷരങ്ങളനുസരിച്ചു വരുന്ന നാമങ്ങൾ നിൎദ്ദേശിക്കുന്നു. പൂൎണ്ണമേളങ്ങൾക്കുള്ള നാമങ്ങൾതന്നെയാണ് അതാതു മേളത്തിൽ വരുന്ന ഷാഡവൌഡവിതമേളങ്ങൾക്കും സാമാന്യമായിട്ടുള്ളത്. ലുപ്തസ്വരഭേദംകൊണ്ടുണ്ടാകുന്ന വ്യത്യാസം മാത്രമേ വിശേഷമായി വരുന്നുള്ളു എന്നറിക.

സൂ—ജ്ഞാനം സൎവ്വശുദ്ധഃ. ൪൧

ഭാ—സപ്തസ്വരങ്ങളും ശുദ്ധസ്വരങ്ങളായിട്ടുള്ള മേളത്തിന്നു ജ്ഞാനം എന്നു പേർ. ജ്ഞ എന്ന സംയുക്താക്ഷരത്തിലെ ഒടുവിലത്തെ അക്ഷരമായ ഞ എന്നതും ന എന്നതും

ശൂന്യത്തെക്കുറിക്കുന്നതിനാൽ വികൃതസ്വരം ഒന്നുമില്ലാത്തതെന്നു സിദ്ധിക്കുന്നു. അതിനാൽ എല്ലാം ശുദ്ധസ്വരങ്ങളാണെന്നും വരുന്നു.

സൂ—രത്നഗാനഘനതാനച്ഛന്നാഖ്യാ ഏകവികൃതാഃ. ൪൨

ഭാ—ഒരു സ്വരം വികൃതവും മററെല്ലാം ശുദ്ധങ്ങളുമായ അഞ്ചുമേളങ്ങൾക്കു ക്രമത്തിൽ രത്നം, ഗാനം, ഘനം, താനം, ഛന്നം എന്നിങ്ങനെ സംജ്ഞകൾ. രത്നം എന്നതിലെ ര എന്നു രണ്ടിനെക്കുറിക്കുന്നു. ത്ന എന്നതിൽ അന്ത്യാക്ഷരം നകാരമാകയാൽ ശൂന്യം. സപ്തസ്വരങ്ങളിൽ രണ്ടാമത്തേതായ ഋഷഭം മാത്രം വികൃതമായ മേളത്തിന്നു രത്നമേളം എന്നു പേർ. ഗാനം എന്നതിൽ ഗ എന്നു മൂന്ന്. ന ശൂന്യം. മൂന്നാമത്തെ സ്വരമായ ഗാന്ധാരം മാത്രം വികൃതമായതു ഗാനമേളം. ഘനം എന്നതിൽ ഘ എന്നു നാല്. ന ശൂന്യം. നാലാമത്തേ സ്വരമായ മദ്ധ്യമം മാത്രം വികൃതമായതു ഘനമേളം. താനം എന്നതിൽ ത എന്ന് ആറ്. ന ശൂന്യം. ആറാമത്തെ സ്വരമായ ധൈവതം മാത്രം വികൃതമായതു താനമേളം. ഛന്നം എന്നതിൽ ഛ എന്ന് ഏഴ്. ന ശൂന്യം. ഏഴാമത്തെ സ്വരമായ നിഷാദം മാത്രം വികൃതമായതു ഛന്നമേളം. ഈ വിധത്തിൽ ഇനി അടുത്ത സൂത്രം മുതൽ പറയുന്നവയിലും കണ്ടുകൊൾക.

സൂ—രംഗ, രംഭാ, രക്തി, രസ, ഗഭ, ഗീത, ഗാഥാ, വഷ, വത്സ, തിഥി സംജ്ഞാ ദ്വിവികൃതാഃ. ൪൩

ഭാ—രണ്ടു സ്വരങ്ങൾ വികൃതങ്ങളും മററെല്ലാം ശുദ്ധങ്ങളുമായ പത്തു മേളങ്ങൾക്കു ക്രമത്തിൽ രംഗം, രംഭ, രക്തി, രസം, ഗഭം, ഗീതം, ഗാഥ, വഷം, വത്സം, തിഥി എന്നിങ്ങനെ സംജ്ഞകൾ. രംഗം എന്നതിൽ ര രണ്ട്, ഗ മൂന്ന്. ഋഷഭഗാന്ധാരങ്ങൾ വികൃതങ്ങളായതു രംഗമേളം. രംഭ എന്നതിൽ ര രണ്ട്, ഭ നാല്. ഋഷഭമദ്ധ്യമങ്ങൾ വികൃതങ്ങളായതു രംഭാമേളം. രക്തി എന്നതിൽ ര രണ്ട്, ക്തി ആറ്. ഋഷഭധൈവതങ്ങൾ വികൃതങ്ങളായതു രക്തിമേളം. രസം എന്നതിൽ ര രണ്ട്, സ ഏഴ്. ഋഷഭനിഷാദങ്ങൾ വികൃതങ്ങളായതു രസമേളം. ഗഭം എന്നതിൽ ഗ മൂന്ന്, ഭ നാല്. ഗാന്ധാരമദ്ധ്യമങ്ങൾ വികൃതങ്ങളായതു ഗഭമേളം. ഗീതം എന്നതിൽ ഗ മൂന്ന്, ത ആറ്. ഗാന്ധാരധൈവതങ്ങൾ വികൃതങ്ങളായതു ഗീതമേളം. ഗാഥ എന്നതിൽ ഗ മൂന്ന്, ഥ ഏഴ്. ഗാന്ധാരനിഷാദങ്ങൾ വികൃതങ്ങളായതു ഗാഥാമേളം. വഷം എന്നതിൽ വ നാല്, ഷ ആറ്. മദ്ധ്യമധൈവതങ്ങൾ വികൃതങ്ങളായതു വഷമേളം. വത്സം എന്നതിൽ വ നാല്, സ ഏഴ്. മദ്ധ്യമനിഷാദങ്ങൾ വികൃതങ്ങളായതു വത്സമേളം. തിഥി എന്നതിൽ ത ആറ്, ഥ ഏഴ്. ധൈവതനിഷാദങ്ങൾ വികൃതങ്ങളായതു തിഥിമേളം. ഇങ്ങനെ ദ്വിവികൃതമേളസംജ്ഞകൾ.

സൂ—പ്രഗല്ഭ, ശ്രീഗത, ഫലാത്ഥ, പ്രഭാത, ശ്രീവത്സ, ശ്രിതാത്ഥ, ഗവാക്ഷ, ലാഭാത്ഥ, ഗതാത്ഥ, ഭ്രതാത്ഥാഖ്യാസ്ത്രിവികൃതാഃ. ൪൪

ഭാ—മൂന്നു വികൃതസ്വരങ്ങൾ ചേൎന്ന മേളങ്ങൾ പത്തിന്നും ക്രമത്തിൽ പ്രഗല്ഭം, ശ്രീഗതം, ഫലാത്ഥം, പ്രഭാതം, ശ്രീവത്സം, ശ്രിതാത്ഥം, ഗവാക്ഷം, ലാഭാത്ഥം, ഗതാത്ഥം, ഭ്രതാത്ഥം ഇങ്ങനെ സംജ്ഞകൾ, പ്രഗല്ഭം എന്നതിൽ പ്ര രണ്ട്, ഗ മൂന്ന്, ല്ഭ നാല്. രിഗമകൾ വികൃതങ്ങളായതു പ്രഗല്ഭമേളം. ശ്രീഗതം എന്നതിൽ ശ്രീ രണ്ട്, ഗ മൂന്ന്, ത ആറ്. രിഗധകൾ വികൃതങ്ങളായതു ശ്രീഗതമേളം. ഫലാത്ഥമെന്നതിൽ ഫ രണ്ട്, ല മൂന്ന്, ത്ഥ ഏഴ്. രിഗനികൾ വികൃതങ്ങളായതു ഫലാത്ഥമേളം. പ്രഭാതമെന്നതിൽ പ്ര ര

ണ്ട്, ഭ നാല്, ത ആറ്. രിമധകൾ വികൃതങ്ങളായതു പ്രഭാതമേളം. ശ്രീവത്സമെന്നതിൽ ശ്രീ രണ്ട്, വ നാല്, ത്സ ഏഴ് രിമനികൾ വികൃതങ്ങളായതു ശ്രീവത്സമേളം. ശ്രിതാത്ഥ മെന്നതിൽ ശ്രി രണ്ട്, ത ആറ്, ത്ഥ ഏഴ്. രിധനികൾ വികൃതങ്ങളായതു ശ്രിതാത്ഥമേ ളം. ഗവാക്ഷമെന്നതിൽ ഗ മൂന്ന്, വ നാല്, ക്ഷ ആറ്. ഗമധകൾ വികൃതങ്ങളായതു ഗ വാക്ഷമേളം. ലാഭാത്ഥമെന്നതിൽ ല മൂന്ന്, ഭ നാല്, ത്ഥ ഏഴ്. ഗമനികൾ വികൃതങ്ങ ളായതു ലാഭാത്ഥമേളം. ഗതാത്ഥമെന്നതിൽ ഗ മൂന്ന്, ത ആറ്, ത്ഥ ഏഴ്. ഗധനികൾ വികൃതങ്ങളായതു ഗതാത്ഥമേളം. ഭ്രുതാത്ഥമെന്നതിൽ ഭ്രു നാല്, ത ആറ്, ത്ഥ ഏഴ്. മധ നികൾ വികൃതങ്ങളായതു ഭ്രുതാത്ഥമേളം. ഇങ്ങനെ ത്രിവികൃതമേളസംജ്ഞകൾ.

സൂ—രാഗവൃത്തിരംഗവാസി, രാഗോത്തംസ,രവിതീത്ഥ,ശ്ലാഘിതാത്ഥാ ഖ്യാശ്ചതുർവ്വികൃതാഃ. ൪൭

ഭാ—നാലു വികൃതസ്വരങ്ങൾ ചേൎന്ന അഞ്ചു മേളങ്ങൾക്കും ക്രമത്തിൽ രാഗവൃത്തി, രംഗവാസി, രാഗോത്തംസം, രവിതീത്ഥം, ശ്ലാഘിതാത്ഥം ഇങ്ങനെ സംജ്ഞകൾ. രം രണ്ട്, ഗ മൂന്ന്, വൃ നാല്, ത്തി ആറ്. രിഗമധകൾ വികൃതങ്ങളായതു രാഗവൃത്തിമേളം. രാ ര ണ്ട്, ഗ മൂന്ന്, വാ നാല്, സി ഏഴ്. രിഗമനികൾ വികൃതങ്ങളായതു രംഗവാസിമേളം. രാ രണ്ട്, ഗോ മൂന്ന്, ത്തം ആറ്, സ ഏഴ്. രിഗധനികൾ വികൃതങ്ങളായതു രാഗോ ത്തംസമേളം. ര രണ്ട്, വി നാല്, തീ ആറ്, ത്ഥ ഏഴ്. രിമധനികൾ വികൃതങ്ങളായതു രവിതീത്ഥമേളം. ശ്ലാ മൂന്ന്, ഘി നാല്, താ ആറ്. ത്ഥ ഏഴ്. ഗമധനികൾ വികൃതങ്ങ ളായതു ശ്ലാഘിതാത്ഥമേളം. ഇങ്ങനെ ചതുർവ്വികൃതമേളസംജ്ഞകൾ.

സൂ—രാഗാവതംസാഖ്യഃ പഞ്ചവികൃതഃ ൪൮

ഭാ—അഞ്ചു വികൃതസ്വരങ്ങൾ ചേൎന്ന മേളത്തിന്നു രാഗാവതംസം എന്നു പേർ രാ രണ്ട്, ഗാ മൂന്ന്, വ നാല്, തം ആറ്, സ ഏഴ്. രിഗമധനികൾ അഞ്ചും വികൃതങ്ങ ളും വികൃതരൂപമില്ലാത്ത സപകൾ മാത്രം ശുദ്ധങ്ങളുമായതു രാഗാവതംസമേളം. ഇങ്ങനെ മുഖ്യമേളങ്ങൾക്കുള്ള പ്രത്യേകസംജ്ഞകൾ.

ഇനി ഈ മുഖ്യമേളങ്ങളിൽ ഓരോന്നിനെയും അവലംബിച്ചുണ്ടാകുന്ന രാഗങ്ങളിൽ പ്രധാനമായ ചിലതു കാണിക്കുന്നു:—

സൂ—ജ്ഞാനേ തോഡിരാഗസ്തത്സഹജാഃ പുന്നാഗവരാള്യാദയശ്ച. ൪൯

ഭാ—ആ മുഖ്യമേളങ്ങളിൽ സൎവ്വശുദ്ധസ്വരമായ ജ്ഞാനമേളത്തെ അവലംബിച്ചു തോഡിരാഗവും അതിൻെറ സഹോദരങ്ങളായ പുന്നാഗവരാളി, അസാവേരി മുതലായ രാ ഗങ്ങളും സംഭവിക്കുന്നു. ഇങ്ങനെ സൎവ്വശുദ്ധമേളരാഗങ്ങൾ.

സൂ—രത്നേ ഭൈരവീ. രീതിഗൌളാദയശ്ച. ൫൦

ഭാ—ഋഷഭം മാത്രം വികൃതമായുള്ള രത്നമേളത്തെ അവലംബിച്ചു ഭൈരവീരാഗവും അതിൻെറ സഹോദരങ്ങളായ രീതിഗൌളം മുതലായ രാഗങ്ങളും സംഭവിക്കുന്നു. ഇതു സാ മാന്യവിധിയാണ്. ഭൈരവിയിലും രീതി ഗൌളത്തിലും ചിലപ്പോൾ ധൈവതവും വി കൃതമായി വരുന്നതാണെന്നു ധരിച്ചുകൊൾക. അതു രാഗപ്രകാശത്തിൽ പറയും.

സൂ—ഗാനേ വസന്തഭൈരവീലളിതപഞ്ചമാദ്യാശ്ച. ൫൧

ഭാ—ഗാന്ധാരം മാത്രം വികൃതമായുള്ള ഗാനമേളത്തെ ആസ്പദമാക്കി വസന്തഭൈര വീ, ലളിതപഞ്ചമം മുതലായ രാഗങ്ങളും സംഭവിക്കുന്നു. സോമനാഥൻ വസന്തഭൈരവീ

രാഗത്തിനു ഭൈരവരാഗമെന്നാണ് പേർ കൊടുത്തിട്ടുള്ളത്. "ഭൈരവമേളേ ശുദ്ധാസ്സരി മപധാ അന്തരശ്ച കൈശികനിഃ". എന്നു സോമനാഥഗ്രന്ഥം. ഇതിൽ കൈശികനിഷാദമെന്നു പറഞ്ഞിട്ടുള്ളതു പ്രകൃതഗ്രന്ഥകാരമതപ്രകാരം ശുദ്ധനിഷാദം തന്നെയാണ്. വെങ്കടമഖി മുതലായവർ ഭൈരവമെന്ന രാഗത്തിൽ ധൈവതവുംകൂടി വികൃതമായിരിക്കമെന്നും അതിനാൽ ദ്വിവികൃതമായ വേഗവാഹിനീരാഗത്തിൻെറ മേളത്തിൽ ചേർന്നതാണെന്നും പറയുന്നു. സോമനാഥൻ ഭൈരവമെന്നു പേർ പറയുന്ന രാഗവും വെങ്കടമഖിയും മററും ഭൈരവമെന്നു പറയുന്ന രാഗവും വേറെ വേറെയാണെന്നു ചുരുക്കം. ഇവിടെ വെങ്കടമഖി മുതലായവരുടെ മതമനുസരിച്ചാണ് വസന്തഭൈരവീരാഗത്തെ ഗാനമേളാശ്രിതമായി ഗ്ഗണിച്ചിരിക്കുന്നത്. ഈ മതപ്രകാരം ഭൈരവമെന്നു പേരുള്ള രാഗം ഗീതമേളത്തെ അവലംബിച്ചു വരുന്ന മറെറാന്നാണ്.

സൂ—ഘനേ ഭവപ്രിയാ. ഭവാന്യാദയശ്ച ഷാഡവരാഗാഃ. ൧൦

ഭാ—മദ്ധ്യമം മാത്രം വികൃതമായ ഘനമേളം അവലംബിച്ചു ഭവപ്രിയാരാഗവും ഭവാനി, പത്മിനി മുതലായ ഷാഡവരാഗങ്ങളും സംഭവിക്കുന്നു. ഇതിൽ അകളങ്കമതപ്രകാരം പൂർണ്ണസ്വരരാഗത്തിന്നു ഭവാനി എന്നും ഷാഡവരാഗത്തിന്നു ഭവപ്രിയ എന്നുമാണ് സംജ്ഞകാം കാണുന്നത്.

സൂ—താനേ നടപ്രിയം. നടാഭരണാദയശ്ച. ൧൧

ഭാ—ധൈവതം മാത്രം വികൃതമായിട്ടുള്ള താനമേളത്തെ അവലംബിച്ചു നടപ്രിയം എന്ന രാഗവും നടാഭരണം മുതലായ രാഗങ്ങളും സംഭവിക്കുന്നു. നടപ്രിയം എന്നതിന്നു പകരം നാടകപ്രിയം എന്നും ചില ഗ്രന്ഥകാരന്മാർ പറയുന്നുണ്ട്.

സൂ—ഛന്നേ ഭിന്നഷഡ്ജഃ. ടക്കാദയശ്ച. ൧൨

ഭാ—നിഷാദം മാത്രം വികൃതമായുള്ള ഛന്നമേളത്തെ അവലംബിച്ചു ഭിന്നഷഡ്ജരാഗവും ടക്കം, ധേനുക മുതലായ രാഗങ്ങളും സംഭവിക്കുന്നു. ഇങ്ങനെ ഏകവികൃതമേളരാഗങ്ങാം.

സൂ—രംഗാസ്പദാ ചാരുകേശി. തരംഗിണ്യാദയശ്ച. ൧൩

ഭാ—ഋഷഭഗാന്ധാരങ്ങാം വികൃതങ്ങളായിട്ടുള്ള രംഗമേളത്തെ അവലംബമാക്കി ചാരുകേശിരാഗവും തരംഗിണി മുതലായ രാഗങ്ങളും സംഭവിക്കുന്നു.

സൂ—രംഭാസ്പദാ ഷണ്മുഖപ്രിയാ ഭാഷിണിവസുകര്യ്യാദയശ്ച. ൧൪

ഭാ— ഋഷഭമദ്ധ്യമങ്ങാം വികൃതങ്ങളായിട്ടുള്ള രംഭാമേളത്തെ അവലംബമാക്കി ഷണ്മുഖപ്രിയാരാഗവും ഭാഷിണി, വസുകരി മുതലായ രാഗങ്ങളും സംഭവിക്കുന്നു.

സൂ—രക്ത്യാസ്പദാ ഹരപ്രിയാ. മുഖാരിജയനാരായണ്യാദ്യാശ്ച. ൧൫

ഭാ — ഋഷഭധൈവതങ്ങാം വികൃതങ്ങളായിട്ടുള്ള രക്തിമേളത്തെ ആസ്പദമാക്കി ഹരപ്രിയാരാഗവും മുഖാരി, ജയനാരായണി മുതലായ പല രാഗങ്ങളും സംഭവിക്കുന്നു.

സൂ—രസാസ്പദാ കീരവാണീ. കിരണാവലീകന്നടദേവഗാന്ധാര്യ്യാദയശ്ച ൧൬.

ഭാ—ഋഷഭനിഷാദങ്ങാം വികൃതങ്ങളായിട്ടുള്ള രസമേളത്തെ ആസ്പദമാക്കി കീരവാണീരാഗവും കിരണാവലി, കന്നടദേവഗാന്ധാരി തുടങ്ങിയ രാഗങ്ങളും സംഭവിക്കുന്നു.

സൂ—ഗഭാസ്പദാ നാരായണീ. മന്ദാരിനാമദേശ്യാദയശ്ച. ൫൭

ഭാ—ഗാന്ധാരമദ്ധ്യമങ്ങൾ വികൃതങ്ങളായിട്ടുള്ള ഗഭമേളത്തെ ആസ്പദമാക്കി നാരായണീരാഗവും മന്ദാരി, നാമദേശി മുതലായ രാഗങ്ങളും സംഭവിക്കുന്നു.

സൂ—ഗീതാസ്പദശ്ചക്രവാകഃ. ഭൈരവവേഗവാഹിന്യാദ്യാശ്ച. ൫൮

ഭാ—ഗാന്ധാരധൈവതങ്ങൾ വികൃതങ്ങളായിട്ടുള്ള ഗീതമേളത്തെ ആസ്പദമാക്കി ചക്രവാകരാഗവും ഭൈരവം, വേഗവാഹിനി മുതലായ രാഗങ്ങളും സംഭവിക്കുന്നു.

സൂ—ഗാഥാസ്പദോ മാളവഗൌളഃ. ഗൌളസാവേര്യാദയശ്ച. ൫൯

ഭാ—ഗാന്ധാരനിഷാദങ്ങൾ വികൃതങ്ങളായിട്ടുള്ള ഗാഥാമേളത്തെ ആസ്പദമാക്കി മാളവഗൌളരാഗവും ഗൌളം, സാവേരി, ഗുജ്ജരി, പാടി മുതലായ രാഗങ്ങളും സംഭവിക്കുന്നു.

സൂ—വഷാസ്പദാ മാൎഗ്ഗിണീ. ശ്രീകണ്ഠിതീവ്രവാഹിന്യാദ്യാശ്ച. ൬൦

ഭാ—മദ്ധ്യമധൈവതങ്ങൾ വികൃതങ്ങളായിട്ടുള്ള വഷമേളത്തെ ആസ്പദമാക്കി മാൎഗ്ഗിണീരാഗവും ശ്രീകണ്ഠി, തീവ്രവാഹിനി മുതലായ രാഗങ്ങളും സംഭവിക്കുന്നു.

സൂ—വത്സാസ്പദാ പന്തുവരാളീ. സിന്ധുരാമക്രിയാദയശ്ച. ൬൧

ഭാ—മദ്ധ്യമനിഷാദങ്ങൾ വികൃതങ്ങളായിട്ടുള്ള വത്സമേളത്തെ അവലംബിച്ചു പന്തുവരാളീരാഗവും സിന്ധുരാമക്രിയ മുതലായ രാഗങ്ങളും സംഭവിക്കുന്നു.

സൂ—തിഥ്യാസ്പദാ കോകിലപ്രിയാ. വദ്ധനീകോകിലാരവാദ്യാശ്ച. ൬൨

ഭാ—ധൈവതനിഷാദങ്ങൾ വികൃതങ്ങളായിട്ടുള്ള തിഥിമേളത്തെ അവലംബിച്ചു കോകിലപ്രിയാരാഗവും വദ്ധനി, കോകിലാരവം മുതലായ രാഗങ്ങളും സംഭവിക്കുന്നു.

ഇങ്ങനെ ദ്വിവികൃതമേളരാഗങ്ങൾ.

സൂ—പ്രഗല്ഭാശ്രിതാ രതിപ്രിയാ. രത്നഭാന്വാദ്യാശ്ച. ൬൩

ഭാ—ഋഷഭഗാന്ധാരമദ്ധ്യമങ്ങൾ വികൃതങ്ങളായിട്ടുള്ള പ്രഗല്ഭമേളത്തെ ആശ്രയിച്ചു രതിപ്രിയാരാഗവും രത്നഭാനു മുതലായ രാഗങ്ങളും സംഭവിക്കുന്നു. രതിപ്രിയ എന്നതിന്നു പകരം ഋഷഭപ്രിയ എന്നും ചിലർ പറയുന്നുണ്ട്.

സൂ—ശ്രീഗതാശ്രിതാ ഹരികാംബോജി. കാംബോജീകേദാരഗൌളാദയശ്ച. ൬൪

ഭാ—ഋഷഭഗാന്ധാരധൈവതങ്ങൾ വികൃതങ്ങളായിട്ടുള്ള ശ്രീഗതമേളത്തെ അവലംബിച്ചു ഹരികാംബോജീരാഗവും കാംബോജി എന്ന കാമോദരിരാഗവും കേദാരഗൌളരാഗവും മററു പല രാഗങ്ങളും സംഭവിക്കുന്നു.

സൂ—ഫലാത്ഥാശ്രിതാ സരസാംഗീ. സുരസേനാകമലാമനോഹര്യാദയശ്ച. ൬൫

ഭാ—ഋഷഭഗാന്ധാരനിഷാദങ്ങൾ വികൃതങ്ങളായിട്ടുള്ള ഫലാത്ഥമേളത്തെ അവലംബിച്ചു സരസാംഗീരാഗവും സുരസേന, കമലാമനോഹരി മുതലായ രാഗങ്ങളും സംഭവിക്കുന്നു.

സൂ—പ്രഭാതാശ്രിതാ ഹൈമവതീ. സിംഹാരവാദ്യാശ്ച. ൬൬

ഭാ—ഋഷഭമദ്ധ്യമധൈവതങ്ങൾ വികൃതങ്ങളായിട്ടുള്ള പ്രഭാതമേളത്തെ അവലംബിച്ച ഹൈമവതീരാഗവും സിംഹാരവം മുതലായ രാഗങ്ങളും സംഭവിക്കുന്നു.

സൂ—ശ്രീവത്സാശ്രിതാ സുമദ്യുതിഃ. മാധവമനോഹരീസിംഹേന്ദ്രമദ്ധ്യമാദയശ്ച. ൬൭

ഭാ—ഋഷഭമദ്ധ്യമനിഷാദങ്ങൾ വികൃതങ്ങളായിട്ടുള്ള ശ്രീവത്സമേളത്തെ അവലംബിച്ച സുമദ്യുതിരാഗവും രമാധവമനോഹരി, സിംഹേന്ദ്രമദ്ധ്യമം മുതലായ രാഗങ്ങളും സംഭവിക്കുന്നു.

സൂ ശ്രിതാത്ഥാശ്രിതാ ഗൌരീമനോഹരി. വേലാവല്യാദയശ്ച. ൬൮

ഭാ—ഋഷഭധൈവതനിഷാദങ്ങൾ വികൃതങ്ങളായിട്ടുള്ള ശ്രിതാത്ഥമേളത്തെ അവലംബിച്ച ഗൌരീമനോഹരിരാഗവും വേലാവലി മുതലായ രാഗങ്ങളും സംഭവിക്കുന്നു.

സൂ—ഗവാക്ഷാശ്രിതാ രാമപ്രിയാ. രമാമനോഹര്യാദയശ്ച. ൬൯

ഭാ—ഗാന്ധാരമദ്ധ്യമധൈവതങ്ങൾ വികൃതങ്ങളായിട്ടുള്ള ഗവാക്ഷമേളത്തെ അവലംബിച്ച രാമപ്രിയാരാഗവും രമാമനോഹരി മുതലായ രാഗങ്ങളും സംഭവിക്കുന്നു.

സൂ—ലാഭാത്ഥാശ്രിതാ കാമവദ്ധ്നി. രാമക്രിയാദീപകഭോഗവസന്താദയശ്ച. ൭൦

ഭാ—ഗാന്ധാരമദ്ധ്യമനിഷാദങ്ങൾ വികൃതങ്ങളായിട്ടുള്ള ലാഭാത്ഥമേളത്തെ അവലംബിച്ച കാമവദ്ധ്നീരാഗവും രാമക്രിയ, ദീപകം, ഭോഗവസന്തം മുതലായ രാഗങ്ങളും സംഭവിക്കുന്നു.

സൂ—ഗതാത്ഥാശ്രിതസ്സൂര്യ്യകാന്തഃ. ഛായാവതീസുപ്രദീപാദയശ്ച. ൭൧

ഭാ—ഗാന്ധാരധൈവതനിഷാദങ്ങൾ വികൃതങ്ങളായിട്ടുള്ള ഗതാത്ഥമേളത്തെ അവലംബിച്ച സൂര്യ്യകാന്തരാഗവും ഛായാവതി, സുപ്രദീപം മുതലായ രാഗങ്ങളും സംഭവിക്കുന്നു.

സൂ—ഭ്രതാത്ഥാശ്രിതസ്സൌവീരഃ. രതികാസുവണ്ണാംഗ്യാദയശ്ച. ൭൨

ഭാ—മദ്ധ്യമധൈവതനിഷാദങ്ങൾ വികൃതങ്ങളായിട്ടുള്ള ഭ്രതാത്ഥമേളത്തെ അവലംബിച്ച സൌവീരരാഗവും, രതിക, സുവണ്ണാംഗി മുതലായ രാഗങ്ങളും സംഭവിക്കുന്നു.

ഇങ്ങനെ ത്രിവികൃതമേളരാഗങ്ങൾ.

സൂ—രാഗവൃത്തിഗതോ വാചസ്പതിഃ. ഭ്രഷാവല്യാദയശ്ച. ൭൩

ഭാ—ഋഷഭഗാന്ധാരമദ്ധ്യമധൈവതങ്ങൾ വികൃതങ്ങളായിട്ടുള്ള രാഗവൃത്തിമേളത്തെ അവലംബിച്ച വാചസ്പതിരാഗവും ഭ്രഷാവലി മുതലായ രാഗങ്ങളും സംഭവിക്കുന്നു.

സൂ—രംഗവാസിഗതാ ലളിതാംഗി. ഗോത്രാരിപ്രഭൃതയശ്ച. ൭൪

ഋഷഭഗാന്ധാരമദ്ധ്യമനിഷാദങ്ങൾ വികൃതങ്ങളായിട്ടുള്ള രംഗവാസിമേളത്തെ അവലംബിച്ച ലളിതാംഗീരാഗവും ഗോത്രാരി മുതലായ രാഗങ്ങളും സംഭവിക്കുന്നു. ലളിതാംഗി എന്നതിന്നു പകരം ലതാംഗി എന്ന് അകളങ്കനും ഗീതപ്രിയ എന്നു വെങ്കടമഖിയും പേർ പറയുന്നു.

സൂ—രാഗോത്തംസഗതം ശങ്കരാഭരണം. ആരഭികേദാരാദി ച. ൭൫

ഭാ—ഋഷഭഗാന്ധാരധൈവതനിഷാദങ്ങൾ വികൃതങ്ങളായ രാഗോത്തംസമേളത്തെ അവലംബിച്ച ശങ്കരാഭരണരാഗവും ആരഭി, കേദാരം, ബലഹരി, നീലാംബരീ മുതലായ രാഗങ്ങളും സംഭവിക്കുന്നു.

സൂ—രവിതീൎത്ഥഗതാ ധൎമ്മവതീ. രഞ്ജന്യാദയശ്ച. ൬൩

ഭാ—ഋഷഭമദ്ധ്യമധൈവതനിഷാദങ്ങൾ വികൃതങ്ങളായിട്ടുള്ള രവിതീൎത്ഥമേളത്തെ അവലംബിച്ച ധൎമ്മവതീരാഗവും രഞ്ജനി മുതലായ രാഗങ്ങളും സംഭവിക്കുന്നു.

സൂ—ശ്ലാഘിതാൎത്ഥഗതാ ഗമകക്രിയാ. പൂൎവ്വകല്യാണ്യാദ്യാശ്ച. ൬൪

ഭാ—ഗാന്ധാരമദ്ധ്യമധൈവതനിഷാദങ്ങൾ വികൃതങ്ങളായിട്ടുള്ള ശ്ലാഘിതാൎത്ഥമേളത്തെ അവലംബിച്ച ഗമകക്രിയാരാഗവും പൂൎവ്വകല്യാണി മുതലായ രാഗങ്ങളും സംഭവിക്കുന്നു.

ഇങ്ങനെ ചതുൎവ്വികൃതമേളരാഗങ്ങൾ.

സൂ—രാഗാവതംസസ്ഥിതാ കല്യാണീ. യമുനാകല്യാണ്യാദയശ്ച. ൬൫

ഭാ—ഋഷഭഗാന്ധാരമദ്ധ്യമധൈവതനിഷാദങ്ങൾ അഞ്ചും വികൃതങ്ങളായിട്ടുള്ള രാഗാവതംസമേളത്തെ അവലംബിച്ച കല്യാണീരാഗവും യമുനാകല്യാണി മുതലായ രാഗങ്ങളും സംഭവിക്കുന്നു.

ഇങ്ങനെ പഞ്ചവികൃതമേളരാഗങ്ങൾ.

ഇനി ഈ മുഖ്യമേളങ്ങളിൽത്തന്നെ ചിലതിന്നു പ്രാധാന്യം അധികമുണ്ടെന്നു കാണിക്കുന്നു:—

ഏതേഷ്വപി പ്രഥമദ്വിതീയനവമത്രയോദശാഷ്ടാദശൈകോനത്രിംശദ്വാത്രിംശത്തമശ്ചേതി സപ്ത മുഖ്യതമാഃ. പ്രസിദ്ധാനേകരാഗാലംബനത്വാദംശാധിക്യേനാലാപാദിവൈചിത്ര്യാശ്രയരാഗാലംബനത്വാച്ച. ൬൬

ഭാ—ഈ മുപ്പത്തിരണ്ടു മുഖ്യമേളങ്ങളിൽതന്നെയും ഒന്നാമത്തെ ജ്ഞാനമേളം, രണ്ടാമത്തെ രത്നമേളം, ഒമ്പതാമത്തെ രക്തിമേളം, പതിമ്മൂന്നാമത്തെ ഗാഥാമേളം, പതിനെട്ടാമത്തെ ശ്രീഗതമേളം, ഇരുപത്തൊമ്പതാമത്തെ രാഗോത്തംസമേളം, മുപ്പത്തിരണ്ടാമത്തെ രാഗാവതംസമേളം എന്നീ ഏഴു മേളങ്ങളും മുഖ്യതമങ്ങളാണ്. എന്തുകൊണ്ടെന്നാൽ, പ്രസിദ്ധരാഗങ്ങളിലധികവും ആ ഏഴു മേളങ്ങളെ അവലംബിച്ചുള്ളവയാണ്. അതിന്നു പുറമെ അംശസ്വരങ്ങളായ ജീവസ്വരങ്ങൾ അധികമുള്ളതിനാൽ ആലാപതാനപ്രയോഗാദികളിൽ വിന്യാസാപന്യാസങ്ങൾ വഴിക്കു വൈചിത്ര്യം വരുത്താൻ സൌകൎയ്യമുള്ള രാഗങ്ങളിലധികവും ആ ഏഴു മേളങ്ങളിലൊന്നിനെ അവലംബിച്ചുള്ളവയാണ്. തോഡി, ഭൈരവി, കാംബോജി, ശങ്കരാഭരണം, കല്യാണി മുതലായ രാഗങ്ങൾതന്നെ ഉദാഹരണം.

ജ്ഞാനം രത്നം രക്തിഗാഥേ ശ്രീഗതാഖ്യശ്ച പഞ്ചമഃ
രാഗോത്തംസാവതംസൌ ച സപ്ത മുഖ്യതമാ മതാഃ.

എന്നു സംഗ്രഹശ്ലോകം.

ഇനി സങ്കീൎണ്ണമേളങ്ങളെപ്പററിപ്പറയുന്നു:—

സൂ—സങ്കീൎണ്ണമേളേഷു സങ്കരോ നാമ ശുദ്ധവികൃതോഭയഘടനായാം ശുദ്ധവികൃതയോഃ പൂൎവ്വോത്തരസ്വരകൃത്യകല്പനം. ൬൭

ഭാ—സങ്കീൎണ്ണമേളങ്ങളിലെ സങ്കരമെന്നു പറയുന്നതാകട്ടെ സ്വരങ്ങളിൽ ഏതെങ്കിലും ഒന്നിൻെറ ശുദ്ധരൂപവും വികൃതരൂപവും ഒരേ മേളത്തിൽത്തന്നെ ചേൎത്തു സപ്തസ്വരങ്ങളാക്കുമ്പോൾ അതിലെ ശുദ്ധരൂപത്തിന്നു പൂൎവ്വസ്വരത്തിൻെറ കൃത്യവും വികൃതരൂപത്തിന്ന് ഉത്തരസ്വരത്തിൻെറ കൃത്യവും കല്പിക്കുന്നതാണ്. എന്നുവെച്ചാൽ ശുദ്ധം, വികൃതം എന്ന ക്രമത്തിൽ ഇരിക്കുന്ന സ്വരങ്ങളിൽ ഒരു ശുദ്ധസ്വരം അതിൻെറ വികൃതത്തോടുതന്നെ ചേൎന്നു വരുന്ന മേളത്തിൽ അതിന്ന് അടുത്ത പൂൎവ്വസ്വരത്തിൻെറ വികൃതരൂപത്തിൻെറ നിലയും അങ്ങനെ ചേരുന്ന വികൃതസ്വരത്തിന്ന് അടുത്ത ഉത്തരസ്വരത്തിൻെറ നിലയുമാണ് കല്പിച്ചിട്ടുള്ളത് എന്നു താല്പൎയ്യം.

സൂ—തേന തത്ര ശുദ്ധസ്യ നാവ്യവഹിതപൂൎവ്വവികൃതേന തച്ശുദ്ധേന വാ വികൃതസ്യ നാവ്യവഹിതോത്തരശുദ്ധേന തദ്വികൃതേന വാ യോഗസ്സംഭവതി. വൃ ൮

ഭാ—അതിനാൽ ശുദ്ധവികൃതങ്ങൾ രണ്ടും ഘടിച്ചിട്ടുള്ളതിലെ ശുദ്ധസ്വരം അതിന്നു മുമ്പിൽ അടുത്തുള്ള വികൃതസ്വരത്തോടോ അതിൻെറ ശുദ്ധസ്വരത്തോടോ അതിലെ വികൃതസ്വരം അടുത്തു മേൽവരുന്ന ശുദ്ധസ്വരത്തോടോ അതിൻെറ വികൃതസ്വരത്തോടോ ആ മേളത്തിൽ ചേൎന്നു വരുന്നതല്ല. അതായത് ശുദ്ധഗാന്ധാരവും വികൃതഗാന്ധാരവും ചേൎന്നു വരുന്ന സങ്കീൎണ്ണമേളത്തിൽ ശുദ്ധഗാന്ധാരത്തിന്നു പൂൎവ്വസ്വരമായ ഋഷഭത്തിൻെറ കാൎയ്യനിൎവ്വാഹകനിലയാണുള്ളതെന്നതുകൊണ്ട് ആ ശുദ്ധഗാന്ധാരത്തിന്നു വികൃതഷഭത്തോടോ ശുദ്ധഷഭത്തോടോ യോഗം വരില്ല. ശുദ്ധമദ്ധ്യമവികൃതമദ്ധ്യമങ്ങൾ ചേൎന്ന സങ്കീൎണ്ണമേളത്തിൽ ശുദ്ധമദ്ധ്യമത്തിന്നു പൂൎവ്വസ്വരമായ ഗാന്ധാരത്തിൻെറ കാൎയ്യനിൎവ്വാഹകനിലയാണുള്ളതെന്നതുകൊണ്ട് ആ ശുദ്ധമദ്ധ്യമത്തിന്നു വികൃതഗാന്ധാരത്തോടോ ശുദ്ധഗാന്ധാരത്തോടോ യോഗം വരില്ല. അതുപോലെ ശുദ്ധഷഭവികൃതഷഭങ്ങൾ ചേൎന്ന സങ്കീൎണ്ണമേളത്തിൽ വികൃതഷഭത്തിന്ന് ഉത്തരസ്വരമായ ഗാന്ധാരത്തിൻെറ കാൎയ്യനിൎവ്വാഹകനിലയാണുള്ളതെന്നതുകൊണ്ട് ആ വികൃതഷഭത്തിന്നു ശുദ്ധഗാന്ധാരത്തോടോ വികൃതഗാന്ധാരത്തോടോ യോഗം വരില്ല. എന്നു പൎയ്യവസിതാൎത്ഥം.

മേൽപ്പറഞ്ഞ പൂൎവ്വോത്തരസ്വരകൃത്യകല്പനത്തിന്നുള്ള കാരണം കാണിക്കുന്നു:—

സൂ—പൂൎവ്വാപരഭാഗാധാരസപാനന്തരിതനിരന്തരസ്വരചതുഷ്ടയസ്യ രാഗതാഭഞ്ജകതയാ താദൃശനിരന്തരസ്വരചതുഷ്ടയപ്രസക്തിപരിഹാരാൎത്ഥം തൽകല്പനം. വൃ ൯

ഭാ—മേൽപ്രകാരം ഒരു സ്വരത്തിന്ന് അതിൻെറ സ്വരൂപത്തിലുള്ള നിലക്കു പുറമെ ശുദ്ധവികൃതോഭയഘടിതമേളങ്ങളിൽ പൂൎവ്വോത്തരസ്വരകാൎയ്യകാരിത്വരൂപമായ സാങ്കൎയ്യം കല്പിക്കുന്നതാകട്ടെ പൂൎവ്വാപരഭാഗങ്ങളുടെ ആധാരസ്വരങ്ങളായ ഷഡ്ജമോ പഞ്ചമമോ ഇടയിലില്ലാതെ സമാനാന്തരങ്ങളായ നാലു സ്വരങ്ങൾ അടുത്തടുത്തു വന്നാൽ രഞ്ജകതക്കു ഭംഗം വരുന്നതിനാൽ ആ വക മേളങ്ങളിൽ രാഗംതന്നെ ഉണ്ടാകാൻ തരമില്ലെന്നു വരുന്നതിനെപ്പരിഹരിക്കാനാണ്. ശുദ്ധഷഭവും വികൃതഷഭവും ചേൎന്ന മേളത്തിൽ ആ വികൃതഷഭത്തിന്ന് ഉത്തരസ്വരമായ ഗാന്ധാരത്തിൻെറ കാൎയ്യകാരിത്വം കല്പിച്ചില്ലെങ്കിൽ ആ വികൃതഷഭം ശുദ്ധഗാന്ധാരത്തോടു ചേൎന്നുള്ള മേളവും സംഭവിക്കാമെന്നു വരും. അങ്ങനെയുള്ള മേളത്തിൽ ഷഡ്ജം, ശുദ്ധഷഭം, വികൃതഷഭം, ശുദ്ധഗാന്ധാരം ഇങ്ങനെ നിരന്തരങ്ങളായി നാലു സ്വരങ്ങൾ ഷഡ്ജമോ പഞ്ചമമോ ഇടയിലില്ലാതെ വരുന്നതിനാൽ രഞ്ജകതാഭംഗം നേരിടുന്നതുകൊണ്ടു രാഗമൊന്നും ഉണ്ടാവാൻ തരവുമില്ല. അതുപോലെ ശുദ്ധഗാ

ന്ധാരവും വികൃതഗാന്ധാരവും ചേൎന്ന ശുദ്ധവികൃതോഭയഘടിതമേളത്തിൽ ശുദ്ധഗാന്ധാരത്തിന്നു പൂൎവ്വസ്വരമായ ഋഷഭത്തിൻെറ കാൎയ്യകാരിത്വം കല്പിച്ചില്ലെങ്കിൽ ആ ഗാന്ധാരം ശുദ്ധവികൃതഷഭങ്ങളോടും ചേൎന്നും നാലോ അഞ്ചോ നിരന്തരസ്വരങ്ങൾ ചേൎന്ന മേളത്തിൻെറ പ്രസക്തി വരും. സാങ്കൎയ്യം സ്വീകരിച്ചാലാകട്ടേ ഋഷഭദ്വയഘടിതത്തിലെ വികൃതഷഭത്തിന്നു ഗാന്ധാരകാൎയ്യകാരിത്വമുള്ളതുകൊണ്ടു വീണ്ടും ഗാന്ധാരങ്ങളോടും ശുദ്ധവികൃതഗാന്ധാരങ്ങൾ ചേൎന്ന ഉഭയഘടിതത്തിലെ ശുദ്ധഗാന്ധാരത്തിന്ന് ഋഷഭകാൎയ്യകാരിത്വമുള്ളതുകൊണ്ടു വീണ്ടും ഋഷഭത്തോടുമുള്ള യോഗത്തിൻെറ പ്രസക്തിയുണ്ടാകാത്തതിനാൽ നിരന്തരചതുസ്സ്വരയോഗമുള്ള മേളങ്ങളുടെ പ്രസക്തിയും വരുന്നതല്ലെന്നു താൽപൎയ്യം.

സൂ—ഏവം ചോഭയഘടിതേഷു വികൃതൌ രിധൌ ശുദ്ധൌ ഗമനയശ്ച സങ്കീൎണ്ണസ്വരാഃ. വൃ. ൨൨

ഭാ—ഇപ്രകാരമുള്ള സാങ്കൎയ്യം വരുന്നതനുസരിച്ച വികൃതങ്ങളായ ഋഷഭധൈവതങ്ങളും ശുദ്ധങ്ങളായ ഗാന്ധാരമദ്ധ്യമനിഷാദങ്ങളുമാണ് സങ്കീൎണ്ണസ്വരങ്ങളായി വരുന്നത്.

സൂ—സങ്കീൎണ്ണാനാം പൂൎവ്വോത്തരകാൎയ്യകാരിത്വാനുരോധേന യഥായഥം തീവ്രപൂൎവ്വാ ച്യുതപൂൎവ്വാ ച തത്സ്വരസംജ്ഞേത്യപ്യാചാൎയ്യാഃ. വൃ ൪

ഭാ—ആ സങ്കീൎണ്ണസ്വരങ്ങൾക്കുള്ള പൂൎവ്വോത്തരസ്വരങ്ങളുടെ കാൎയ്യകാരിത്വം ആസ്പദമാക്കി യുക്തംപോലെ ആ പൂൎവ്വോത്തരസ്വരങ്ങളുടെ സംജ്ഞകളോടു തീവ്രശബ്ദവും ച്യുതശബ്ദവും മുമ്പു ചേൎത്തിട്ടുള്ള പ്രത്യേകസംജ്ഞകളുമുണ്ടെന്നു ചില ആചാൎയ്യന്മാർ പറയുന്നുണ്ട്. അതായത് വികൃതഷഭത്തിന്നു ഗാന്ധാരകാൎയ്യകാരിത്വരൂപമായ സാങ്കൎയ്യം വരുമ്പോൾ ആ സങ്കീൎണ്ണസ്വരത്തിന്നു ച്യുതഗാന്ധാരമെന്ന സംജ്ഞയും ശുദ്ധഗാന്ധാരത്തിന്ന് ഋഷഭകാൎയ്യകാരിത്വരൂപമായ സാങ്കൎയ്യം വരുമ്പോൾ അതിന്നു തീവ്രഷഭമെന്ന സംജ്ഞയും അതുപോലെ ശുദ്ധമദ്ധ്യമം സങ്കീൎണ്ണമായി വരുമ്പോൾ അതിന്നു തീവ്രഗാന്ധാരമെന്ന സംജ്ഞയും വികൃതധൈവതം സങ്കീൎണ്ണമാകുമ്പോൾ ച്യുതനിഷാദമെന്ന സംജ്ഞയും ശുദ്ധനിഷാദം സങ്കീൎണ്ണമാകുമ്പോൾ തീവ്രധൈവതസംജ്ഞയും ഉണ്ടെന്നും ചില ആചാൎയ്യന്മാർ പറയുന്നുണ്ടെന്നൎത്ഥം.

സങ്കീൎണ്ണമേളങ്ങൾ ഇത്രയുണ്ടെന്നു വിവരിക്കുന്നു:—

സൂ—സങ്കീൎണ്ണതായാം തു ശുദ്ധവികൃതയോസ്സഹിതയോരേവാന്യയോഗ ഇതി സങ്കീൎണ്ണസ്യ രേൎഗ്ഗസ്യ ച മാഭ്യാം മസ്യ രിഭ്യാം ച യോഗേ ഷഡ്വിധസ്യ പ്രത്യേകം ചതുൎവ്വിധധനിയോഗാച്ചതുൎവ്വിംശതിഃ, സങ്കീൎണ്ണസ്യ ധസ്യ നേശ്ചാഷ്ടവിധരിഗമയോഗേഷു പൃഥഗ്യോഗാൽ ഷോഡശ, സങ്കീൎണ്ണയോ രിധയോ രിന്യോൎഗ്ഗധയോൎഗ്ഗന്യോശ്ചമാഭ്യാം മധയോൎമ്മന്യോശ്ച രിഭ്യാം യോഗേ ദ്വാദശേതി ദ്വിപഞ്ചാശത്സങ്കീൎണ്ണമേളാഃ. വൃ ൫

ഭാ—സങ്കീൎണ്ണസ്വരമാകുമ്പോഴാകട്ടേ ശുദ്ധവും വികൃതവും കൂടിയല്ലാതെ പ്രത്യേകം ഓരോന്നും മറെറാരു സ്വരത്തോടു ചേരില്ല. അതായത് ശുദ്ധസ്വരമോ വികൃതസ്വരമോ ഏതു സങ്കീൎണ്ണമായാലും രണ്ടും കൂടിയേ മറെറാരു സ്വരത്തോടു ചേരുകയുള്ളൂ എന്നൎത്ഥം. അതിനാൽ ഒരു സങ്കീൎണ്ണസ്വരം മറെറാന്നിൻെറ ശുദ്ധത്തോടും വികൃതത്തോടും ചേരുമ്പോൾ രണ്ടുവിധം യോഗങ്ങളല്ലാതെ സങ്കീൎണ്ണത്തിലുൾപ്പെട്ട ശുദ്ധം പ്രത്യേകം ശുദ്ധവികൃതങ്ങളോടും അതിലെ വികൃതം പ്രത്യേകം ശുദ്ധവികൃതങ്ങളോടും ചേൎന്ന നാലുവിധം യോഗങ്ങൾ വരി

ല്ലെന്നു താൽപര്യം. അതുപ്രകാരം സങ്കീർണ്ണഋഷഭം ശുദ്ധമധ്യമത്തോടും വികൃതമധ്യമത്തോടും പ്രത്യേകം ചേർന്ന രണ്ടും സങ്കീർണ്ണഗാന്ധാരം അപ്രകാരം മധ്യമങ്ങൾ രണ്ടിനോടും ചേർന്ന രണ്ടും സങ്കീർണ്ണമധ്യമം ശുദ്ധഋഷഭവികൃതഋഷഭങ്ങളോടു പ്രത്യേകം ചേർന്ന രണ്ടുമായി സങ്കീർണ്ണതാസ്ഥിതിയിൽ ആറുവിധം രിഗമകൾക്കു യോഗങ്ങൾ വരുന്നു. അവയിലോരോന്നും ശുദ്ധങ്ങളും വികൃതങ്ങളുമായ ധൈവതനിഷാദങ്ങൾ തമ്മിൽ നാലുതരത്തിൽ വരുന്ന യോഗങ്ങളിലോരോന്നിനോടും പ്രത്യേകം ചേർന്ന് ഇരുപത്തിനാലുതരം മേളങ്ങൾ. സങ്കീർണ്ണധൈവതം ശുദ്ധങ്ങളും വികൃതങ്ങളുമായ ഋഷഭഗാന്ധാരമധ്യമങ്ങൾ തമ്മിൽ എട്ടുവിധം വരുന്ന യോഗങ്ങളിലോരോന്നിനോടും ചേർന്ന് എട്ടും സങ്കീർണ്ണനിഷാദം അപ്രകാരമുള്ള രിഗമയോഗങ്ങളിലോരോന്നിനോടും ചേർന്ന് എട്ടുമായി പതിനാറു മേളങ്ങൾ. ഇങ്ങനെ ഏക സങ്കീർണ്ണങ്ങളിൽ നാല്പതു തരം മേളങ്ങൾ. ഋഷഭധൈവതസങ്കീർണ്ണവും ഋഷഭനിഷാദസങ്കീർണ്ണവും ഗാന്ധാരധൈവതസങ്കീർണ്ണവും ഗാന്ധാരനിഷാദസങ്കീർണ്ണവും ശുദ്ധമധ്യമത്തോടും വികൃതമധ്യമത്തോടും പ്രത്യേകം ചേർന്ന് ഈരണ്ടുവിധമായി എട്ടും മധ്യമധൈവതസങ്കീർണ്ണവും മധ്യമനിഷാദസങ്കീർണ്ണവും ശുദ്ധഋഷഭവികൃതഋഷഭങ്ങളോടു പ്രത്യേകം ചേർന്ന് ഈരണ്ടുവിധമായി നാലുംകൂടി ദ്വിസങ്കീർണ്ണമേളങ്ങൾ പന്തിരണ്ട്. ഇപ്രകാരം ആകെ അമ്പത്തിരണ്ടുവിധം സങ്കീർണ്ണമേളങ്ങൾ സംഭവിക്കുന്നതാണ്.

മുൻസൂത്രത്തിൽ കാണിച്ച നാലുതരം ധൈവതനിഷാദയോഗങ്ങളെ വിവരിക്കുന്നു:—

സൂ—ശുദ്ധസ്യ വികൃതസ്യ ച ധസ്യ ശുദ്ധവികൃതനിയോഗാദ്ധനിയോഗചാതുർവിധ്യമിത്യുക്തം. വൃന്ദ

ഭാ—ശുദ്ധധൈവതവും വികൃതധൈവതവും പ്രത്യേകം ശുദ്ധനിഷാദത്തോടും വികൃതനിഷാദത്തോടും ചേരുന്നതിനാൽ ശുദ്ധധശുദ്ധനി, ശുദ്ധധവികൃതനി, വികൃതധ ശുദ്ധനി, വികൃതധവികൃതനി ഇങ്ങനെയാണ് നാലുവിധം ധൈവതനിഷാദയോഗങ്ങൾ വരുന്നതെന്നു മുഖ്യമേളപ്രസ്താവത്തിൽത്തന്നെ പറഞ്ഞിട്ടുണ്ട്. ചിലർ ആറു തരത്തിൽ ധനിയോഗങ്ങൾ വരുമെന്നു പറയുന്നുണ്ട്. എങ്ങനെയെന്നാൽ, ശുദ്ധധൈവതത്തിന്നു നിഷാദകാര്യകാരിയും ച്യുതനിഷാദസംജ്ഞവുമായ സങ്കീർണ്ണധൈവതത്തോടും ശുദ്ധനിഷാദത്തോടും വികൃതനിഷാദത്തോടും യോഗം വരുന്നതിനാൽ മൂന്നുവിധം. വികൃതധൈവതത്തിന്നു ശുദ്ധനിഷാദത്തോടും വികതനിഷാദത്തോടും യോഗം വരുന്നതിനാൽ രണ്ടുവിധം. ധൈവതകാര്യകാരിയും തീവ്രധൈവതസംജ്ഞവുമായ സങ്കീർണ്ണനിഷാദമായ ശുദ്ധനിഷാദത്തിന്നു വികൃതനിഷാദത്തോടുമാത്രം യോഗം വരുന്നതിനാൽ ഒരുവിധം. ഇങ്ങനെയാണ് ആറുതരം ധനിയോഗങ്ങൾ വരുന്നത്. അവരുടെ ആ അഭിപ്രായം നല്ല യുക്തമല്ല. ഇതിൽ വികൃതധൈവതവും സങ്കീർണ്ണധൈവതവും ഒരേ സ്വരം തന്നെയായതുകൊണ്ടും ശുദ്ധനിഷാദവും സങ്കീർണ്ണനിഷാദവും ഒന്നുതന്നെയായതുകൊണ്ടും സങ്കീർണ്ണങ്ങളായ ധൈവതനിഷാദങ്ങളുടെ മറ്റൊന്നിനോടുള്ള യോഗം വികൃതധൈവതശുദ്ധനിഷാദങ്ങളുടെ മറ്റൊന്നിനോടുള്ള യോഗത്തിൽനിന്നു ഭിന്നമല്ല. സങ്കീർണ്ണതാദശയിലല്ലാതെ ഒരു സ്വരത്തിൻെറതന്നെ ശുദ്ധവികൃതരൂപങ്ങൾ ചേർന്നു വരികയുമില്ല. എന്ന സംഗതി സൂചിപ്പിക്കാനാണ് നാലുവിധം ധനിയോഗങ്ങളുടെ സ്വഭാവം വീണ്ടും ഇവിടെ വിവരിച്ചിരിക്കുന്നത്.

എട്ടുവിധം രിഗമയോഗങ്ങളെ വിവരിക്കുന്നു:—

സൂ—ശുദ്ധവികൃതൌ രിഗാഭ്യാം പ്രത്യേകം മിളിതൌ യോഗചാതുർവിധ്യം ജനയതഃ. തേഷ്വേകൈകസ്യ മാഭ്യാം യോഗാദഷ്ടൌ രിഗമയോഗാഃ. വൃ

ഭാ—ശുദ്ധഷഡ്ജവും വികൃതഷഡ്ജവും ശുദ്ധവികൃതഗാന്ധാരങ്ങളോടു പ്രത്യേകം ചേൻ നാലുവിധം രിഗയോഗങ്ങൾ വരുന്നു. അവയിലോരോന്നും ശുദ്ധമദ്ധ്യമത്തോടും വികൃതമദ്ധ്യമത്തോടും പ്രത്യേകം ചേരുന്നതിനാൽ ഋഷഭഗാന്ധാരമദ്ധ്യമയോഗങ്ങൾ എട്ടുവിധം വരുന്നു. ശുദ്ധരിശുദ്ധഗശുദ്ധമ, ശുദ്ധരിശുദ്ധഗവികൃതമ, ശുദ്ധരിവികൃതഗശുദ്ധമ, ശുദ്ധരിവികൃതഗവികൃതമ, വികൃതരിശുദ്ധഗശുദ്ധമ, വികൃതരിശുദ്ധഗവികൃതമ, വികൃതരിവികൃതഗശുദ്ധമ, വികൃതരിവികൃതഗവികൃതമ. ഇങ്ങനെ എട്ടുവിധമെന്നർത്ഥം. ധനിയോഗങ്ങൾ ആറുവിധമുണ്ടെന്നു പറയുന്ന രീതിയിൽ രിഗയോഗങ്ങൾ ആറുവിധമുണ്ടെന്നും അങ്ങനെ രിഗമയോഗങ്ങൾ പന്തിരണ്ടു വിധമുണ്ടെന്നും ചിലർ പറയുന്നതു ശരിയല്ലെന്നു കാണിപ്പാനാണ് എട്ടുവിധം രിഗമയോഗങ്ങളെ വീണ്ടും വിവരിച്ചിരിക്കുന്നത്.

സൂ— തത്രൈകസംകീർണ്ണഘടിതേഷു രിഗമധനിസങ്കീർണ്ണാ അഷ്ടശഃ. ദ്വിസങ്കീർണ്ണേഷു രിധൌ, രിനീ, ഗധൌ, ഗനീ, മധൌ മനീ ച ദ്വിശഃ. ൨൨

ഭാ—ആ സങ്കീർണ്ണഘടിതമേളങ്ങളിൽ ഋഷഭസങ്കീർണ്ണങ്ങൾ, ഗാന്ധാരസങ്കീർണ്ണങ്ങൾ, മദ്ധ്യമസങ്കീർണ്ണങ്ങൾ, ധൈവതസങ്കീർണ്ണങ്ങൾ, നിഷാദസങ്കീർണ്ണങ്ങൾ ഇവയെല്ലാം എട്ടുവീതമാണുള്ളത്. രണ്ടു സങ്കീർണ്ണങ്ങൾ ഘടിച്ചിട്ടുള്ള മേളങ്ങളിൽ ഋഷഭധൈവതസങ്കീർണ്ണങ്ങൾ, ഋഷഭനിഷാദസങ്കീർണ്ണങ്ങൾ, ഗാന്ധാരധൈവതസങ്കീർണ്ണങ്ങൾ, ഗാന്ധാരനിഷാദസങ്കീർണ്ണങ്ങൾ, മദ്ധ്യമധൈവതസങ്കീർണ്ണങ്ങൾ, മദ്ധ്യമനിഷാദസങ്കീർണ്ണങ്ങൾ ഇവ ഈരണ്ടുവീതം വരുന്നതാണ്. അങ്ങനെ ഏകസങ്കീർണ്ണഘടിതങ്ങൾ നാല്പതും ദ്വിസങ്കീർണ്ണഘടിതങ്ങൾ പന്തിരണ്ടുമായി അമ്പത്തിരണ്ടുതരം സങ്കീർണ്ണമേളങ്ങൾ. ഷഡ്ജപഞ്ചമങ്ങൾ ഇടയിലില്ലാത്ത നിരന്തരചതുസ്വരങ്ങളുടെ പ്രസക്തി വരുന്നതുകൊണ്ടു ധൈവതസങ്കീർണ്ണവും നിഷാദസങ്കീർണ്ണവും ചേൻ ദ്വിസങ്കീർണ്ണഘടിതം വരുന്നതല്ലെന്നും ഗ്രഹിച്ചുകൊൾക.

സൂ—പ്രസ്താരേഷ്വേകസങ്കീർണ്ണാനാം നവഭിസ്തിര്യഗ്രേഖാഭിസ്ത്രയോദശഭിരുർദ്ധ്വരേഖാഭിശ്ചഷണ്ണവതികോഷ്ഠാൻ, ദ്വിസങ്കീർണ്ണാനാം തിസൃഭിസ്തിരശ്ചീഭിശ്ചതുസ്ത്രിംശതികോഷ്ഠാംശ്ച നിർമ്മായ തേഷു സ്വരാൻ വിലിഖേൽ. ൨൩

ഭാ—ഈ സങ്കീർണ്ണമേളങ്ങളുടെ മണ്ഡലപ്രസ്താരങ്ങളിൽ ഏകസങ്കീർണ്ണങ്ങൾക്ക് ഒമ്പതു വിലങ്ങത്തിലുള്ള വരകളും പതിമ്മൂന്നു മേൽപ്പോട്ടുള്ള വരകളും വരച്ചു തൊണ്ണൂററാറു കള്ളികളുണ്ടാക്കുക. പിന്നെ ഓരോ മേളത്തിന്റെ സ്വരങ്ങൾ യുക്തംപോലെയുള്ള കള്ളികളിൽ ചേക്കുക. ദ്വിസങ്കീർണ്ണങ്ങൾക്കു മൂന്നു വിലങ്ങത്തിലുള്ള വരകളും അവയിൽ പതിമ്മൂന്നു മേൽപ്പോട്ടുള്ള വരകളും വരച്ച് ഇരുപത്തിനാലു കള്ളികളുണ്ടാക്കി യുക്തംപോലെയുള്ളകള്ളികളിൽ സ്വരങ്ങൾ ചേക്കുക. ഓരോ മണ്ഡലങ്ങളുടെയും മുകളിൽ ക്രമത്തിൽ പന്തിരണ്ടു സ്വരങ്ങൾ അതാതു കള്ളിക്കുമേലെച്ചേക്കണം.

സങ്കീൎണ്ണമേളമണ്ഡലങ്ങൾ.

സങ്കീൎണ്ണഋഷഭമണ്ഡലം.

സ	ശു. രി	ചി. രി. സം. രി. ച്യു. ഗ	ശു. ഗ. സം. ഗ. തീ. രി	ചി. ഗ	ശു. മ. സം. മ. തീ. ഗ	ചി. മ	പ	ശു. ധ	ചി. ധ. സം. ധ. ച്യു. നി	ശു. നി. സം. നി. തീ. ധ	ചി. നി
സ	രി	രി			മ		പ	ധ		നി	
സ	രി	രി			മ		പ	ധ			നി
സ	രി	രി			മ		പ		ധ	നി	
സ	രി	രി			മ		പ		ധ		നി
സ	രി	രി				മ	പ	ധ		നി	
സ	രി	രി				മ	പ	ധ			നി
സ	രി	രി				മ	പ		ധ	നി	
സ	രി	രി				മ	പ		ധ		നി

സങ്കീൎണ്ണഗാന്ധാരമണ്ഡലം.

സ	ശു. രി	ചി. രി. സം. രി. ച്യു. ഗ	ശു. ഗ. സം. ഗ. തീ. രി	ചി. ഗ	ശു. മ. സം. മ. തീ. ഗ	ചി. മ	പ	ശു. ധ	ചി. ധ. സം. ധ. ച്യു. നി	ശു. നി. സം. നി. തീ. ധ	ചി. നി
സ			ഗ	ഗ	മ		പ	ധ		നി	
സ			ഗ	ഗ	മ		പ	ധ			നി
സ			ഗ	ഗ	മ		പ		ധ	നി	
സ			ഗ	ഗ	മ		പ		ധ		നി
സ			ഗ	ഗ		മ	പ	ധ		നി	
സ			ഗ	ഗ		മ	പ	ധ			നി
സ			ഗ	ഗ		മ	പ		ധ	നി	
സ			ഗ	ഗ		മ	പ		ധ		നി

സങ്കീൎണ്ണമദ്ധ്യമ മണ്ഡലം.

സ	ശു. രി	വി. രി. സം. രി. ച്യു. ഗ	ശു. ഗ. സം. ഗ. തീ. രി	വി. ഗ	ശു. മ സം. ഗ. തീ. ഗ	വി. മ.	പ	ശു. ധ	വി. ധ. സം. ധ. ച്യു. നി	ശു. നി. സം. നി. തീ. നി	വി. നി
സ	രി				മ	മ	പ	ധ		നി	
സ	രി				മ	മ	പ	ധ			നി
സ	രി				മ	മ	പ		ധ	നി	
സ	രി				മ	മ	പ		ധ		നി
സ		രി			മ	മ	പ	ധ		നി	
സ		രി			മ	മ	പ	ധ			നി
സ		രി			മ	മ	പ		ധ	നി	
സ		രി			മ	മ	പ		ധ		നി

സങ്കീൎണ്ണധൈവത മണ്ഡലം.

സ	ശു. രി	വി. രി. സം. രി. ച്യു. ഗ	ശു. ഗ. സം. ഗ. തീ. രി	വി. ഗ	ശു. മ. സം. മ. തീ. ഗ	വി. മ	പ	ശു. ധ	വി. ധ. സം. ധ. ച്യു. നി	ശു. നി. സം. നി. തീ. ധ	വി. നി
സ	രി		ഗ		മ		പ	ധ	ധ		
സ	രി		ഗ			മ	പ	ധ	ധ		
സ	രി			ഗ	മ		പ	ധ	ധ		
സ	രി			ഗ		മ	പ	ധ	ധ		
സ		രി	ഗ		മ		പ	ധ	ധ		
സ		രി	ഗ			മ	പ	ധ	ധ		
സ		രി		ഗ	പ		പ	ധ	ധ		
സ		രി		ഗ		മ	പ	ധ	ധ		

സങ്കീർണ്ണനിഷാദമണ്ഡലം.

സ	ശു. രി	ച. രി. സം. രി. ച്യു. ഗ	ശു. ഗ. സം. ഗ. തീ. രി	ച. ഗ	ശു. മ. സം. മ. തീ. ഗ	ച. മ	പ	ശു. ധ	ച. ധ. സം. ധ. ച്യു. നി	ശു. നി. സം. നി. തീ. ധ	ച. നി
സ	രി		ഗ		മ		പ			നി	നി
സ	രി		ഗ			മ	പ			നി	നി
സ	രി			ഗ	മ		പ			നി	നി
സ	രി			ഗ		മ	പ			നി	നി
സ		രി	ഗ		മ		പ			നി	നി
സ		രി	ഗ			മ	പ			നി	നി
സ		രി		ഗ	മ		പ			നി	നി
സ		രി		ഗ		മ	പ			നി	നി

സങ്കീർണ്ണഋഷഭധൈവത മണ്ഡലം.

സ	ശു. രി	ച. രി. സം. രി. ച്യു. ഗ	ശു. ഗ. സം. ഗ. തീ. രി	ച. ഗ	ശു. മ. സം. മ. തീ. ഗ	ച. മ	പ	ശു. ധ	ച. ധ. സം. ധ. ച്യു. നി	ശു. നി. സം. നി. തീ. ധ	ച. നി
സ	രി	രി			മ		പ	ധ	ധ		
സ	രി	രി				മ	പ	ധ	ധ		

സങ്കീർണ്ണഋഷഭനിഷാദമണ്ഡലം.

സ	ശു. രി	ച. രി. സം. രി. ച്യു. ഗ	ശു. ഗ. സം. ഗ. തീ. രി	ച. ഗ	ശു. മ. സം. മ. തീ. ഗ	ച. മ	പ	ശു. ധ	ച. ധ. സം. ധ. ച്യു. നി	ശു. നി. സം. നി. തീ. ധ	ച. നി
സ	രി	രി			മ		പ			നി	നി
സ	രി	രി				മ	പ			നി	നി

സങ്കീർണ്ണഗാന്ധാരധൈവത മണ്ഡലം.

സ	ശു. രി	ച. രി. സം. രി. ച്യു. ഗ	ശു. ഗ. സം. ഗ. തീ. രി	ച. ഗ	ശു. മ. സം. മ. തീ. ഗ	ച. മ	പ	ശു. ധ	ച. ധ. സം. ധ. ച്യു. നി	ശു. നി. സം. നി. തീ. ധ	ച. നി
സ			ഗ	ഗ	മ		പ	ധ	ധ		
സ			ഗ	ഗ		മ	പ	ധ	ധ		

സങ്കീർണ്ണഗാന്ധാരനിഷാദ മണ്ഡലം.

സ	ശു. രി	ച. രി. സം. രി. ച്യു. ഗ	ശു. ഗ. സം. ഗ. തീ. രി	ച. ഗ	ശു. മ. സം. മ. തീ. ഗ	ച. മ	പ	ശു, ധ	ച. ധ. സം. ധ. ച്യു. നി	ശു. നി. സം. നി. തീ. ധ	ച. നി
സ			ഗ	ഗ	മ		പ			നി	നി
സ			ഗ	ഗ		മ	പ			നി	നി

സങ്കീൎണ്ണമധ്യമധൈവത മണ്ഡലം.

സ	ശു. രി	വി. രി. സം. രി. ശു. ഗ	ശു. ഗ. സം. ഗ. ഷ. രി	വി. ഗ	ശു. മ. സം. മ. ഷ. ഗ	വി. മ	പ	ശു. ധ	വി. ധ. സം. ധ. ശു. നി	ശു. നി. സം. നി. ഷ. ധ	വി. നി
സ	രി				മ	മ	പ	ധ	ധ		
സ		രി			മ	മ	പ	ധ	ധ		

സങ്കീൎണ്ണമധ്യമനിഷാദ മണ്ഡലം.

സ	ശു. രി	വി. രി. സം. രി. ശു. ഗ	ശു. ഗ. സം. ഗ. ഷ. രി	വി. ഗ	ശു. മ. സം. മ. ഷ. ഗ	വി. മ	പ	ശു. ധ	വി. ധ. സം. ധ. ശു. നി	ശു. നി. സം. നി. ഷ. ധ	വി. നി
സ	രി				മ	മ	പ			നി	നി
സ		രി			മ	മ	പ			നി	നി

ഇനി സങ്കീൎണ്ണമേളങ്ങൾക്കുള്ള സംജ്ഞകൾ വിവരിപ്പാൻ തുടങ്ങുന്നു:—

സൂ—സങ്കീൎണ്ണഷഭാഷ്ടകക്രമാൽ സംജ്ഞാനിൎദ്ദേശസ്സംപൂൎവ്വകവികൃത സ്വരസംഖ്യാക്ഷരൈഃ. ൯൦

ഭാ—ഈ അമ്പത്തിരണ്ടു സങ്കീൎണ്ണമേളങ്ങൾക്കുമുള്ള സംജ്ഞകൾ ആദ്യം സങ്കീൎണ്ണഷഭം ചേൎന്ന എട്ടു മേളങ്ങൾ, പിന്നെ സങ്കീൎണ്ണഗാന്ധാരം ചേൎന്ന എട്ടു മേളങ്ങൾ, പിന്നെ സങ്കീൎണ്ണമധ്യമം ചേൎന്ന എട്ട്, സങ്കീൎണ്ണധൈവതം ചേൎന്ന എട്ട്, സങ്കീൎണ്ണനിഷാദം ചേൎന്ന എട്ട് എന്നീ ക്രമത്തിൽ ഏക സങ്കീൎണ്ണഘടിതങ്ങൾക്കും അതിന്നുശേഷം സങ്കീൎണ്ണഷഭധൈവതഘടിതങ്ങൾ, സങ്കീൎണ്ണഷഭനിഷാദഘടിതങ്ങൾ, സങ്കീൎണ്ണഗാന്ധാരധൈവതഘടിതങ്ങൾ, സങ്കീൎണ്ണഗാന്ധാരനിഷാദഘടിതങ്ങൾ, സങ്കീൎണ്ണമധ്യമധൈവതഘടിതങ്ങൾ, സങ്കീൎണ്ണമധ്യമനിഷാദഘടിതങ്ങൾ എന്നീ ക്രമത്തിൽ ദ്വിസങ്കീൎണ്ണഘടിതങ്ങൾക്കും ഓരോരോ മേളത്തിൽ വരുന്ന വികൃതസ്വരസംഖ്യയെ മുമ്പു കാണിച്ചപ്രകാരമുള്ള സംഖ്യാക്ഷരങ്ങൾ ആദ്യത്തെ അക്ഷരത്തിന്നു മുമ്പു സങ്കീൎണ്ണത്തെക്കാണിപ്പാൻ സം എന്നു ചേൎത്തുകൊണ്ടാണ് നിൎദ്ദേശിക്കുന്നത്. അതാതിൽ ഘടകങ്ങളായ ശുദ്ധസ്വരങ്ങൾ ഇന്നിന്നതാണെന്ന് അതുകൊണ്ടുതന്നെ മുഖ്യമേളസംജ്ഞകളുടെ രീതിയിൽ സിദ്ധിക്കുന്നതുമാണ്.

സൂ—തത്ര പ്രഥമാക്ഷരേണ പ്രഥമദ്വിതിയാഭ്യാം ച ശുദ്ധവികൃതഘടിതസങ്കീൎണ്ണസ്വരസംഖ്യൈകസങ്കീൎണ്ണദ്വിസങ്കീൎണ്ണേഷു. ൯൧

ഭാ—ആ സംജ്ഞകളിൽ ഏകസങ്കീൎണ്ണമേളസംജ്ഞകളിലെ സം എന്നതിന്നു ശേഷമുള്ള ഒന്നാമത്തെ അക്ഷരം ആ മേളത്തിൽ ഘടകമായ ശുദ്ധവികൃതഘടിതസങ്കീൎണ്ണസ്വരത്തിൻെറ സംഖ്യയെയാണ് കാണിക്കുന്നത്. ദ്വിസങ്കീൎണ്ണമേളസംജ്ഞകളിലെ ഒന്നാമത്തെയും രണ്ടാമത്തെയും അക്ഷരങ്ങൾ ആ മേളത്തിൽ ഘടകങ്ങളായ സങ്കീൎണ്ണസ്വരങ്ങളുടെ സംഖ്യകളെയും കാണിക്കുന്നു. അതാതു സംജ്ഞകളിലെ ശേഷമുള്ള അക്ഷരങ്ങളാണ് വികൃതസ്വരങ്ങളെക്കുറിക്കുന്നത് എന്നതു്പ്രസിദ്ധം.

സൂ—സങ്കീൎണ്ണഷഭഘടിതാഃ ക്രമേണ സംപൂൎവ്വകപ്രജ്ഞാപ്രഥാപ്രീതിരതാത്മപ്രഭാപ്രവാസപ്രേംഖിതപ്രഭൃതാസ്ഥ സംജ്ഞാഃ. ൯൨

ഭാ—സങ്കീൎണ്ണഷഭഘടിതങ്ങളായ എട്ടു മേളങ്ങൾക്കും ക്രമത്തിൽ സംപ്രജ്ഞാമേളം, സംപ്രഥാമേളം, സംപ്രീതിമേളം, സംരതാൎത്ഥമേളം, സംപ്രഭാമേളം, സംപ്രവാസമേളം, സംപ്രേംഖിതമേളം, സംപ്രാവൃതാംസമേളം ഇങ്ങനെ സംജ്ഞകളാണ്. ഈ എല്ലാ മേളസംജ്ഞകളിലും ആദ്യത്തെ അക്ഷരം രണ്ട് എന്ന സംഖ്യയെക്കുറിക്കുന്നതിനാൽ സങ്കീൎണ്ണഷഭത്തെക്കാണിക്കുന്നു. പ്രജ്ഞ എന്നതിലെ ജ്ഞ എന്നതു ശൂന്യത്തെക്കുറിക്കുന്നതിനാൽ മററു വികൃതസ്വരമൊന്നുമില്ലെന്നും കാണിക്കുന്നു. അങ്ങനെ ശുദ്ധവികൃതഷഭോഭയഘടിതവും മറെറല്ലാം ശുദ്ധസ്വരങ്ങളുമായ മേളത്തിന്നു സംപ്രജ്ഞാമേളമെന്നു സംജ്ഞയെന്നു സിദ്ധിക്കുന്നു. സംപ്രഥ എന്നതിലെ ഥ എന്നത് ഏഴാമത്തെ സ്വരമായ നിഷാദത്തെക്കുറിക്കുന്നതിനാൽ ശുദ്ധവികൃതഷഭങ്ങളും വികൃതനിഷാദവും മററുള്ള സമപധകൾ ശുദ്ധങ്ങളുമായ മേളത്തിന്നു സംപ്രഥാമേളമെന്നു സംജ്ഞയെന്നു സിദ്ധിക്കുന്നു. ഈ രീതിയിൽ മററുള്ള സംജ്ഞകളിലും കണ്ടുകൊൾക. ഈ സങ്കീൎണ്ണഷഭഘടിതമേളങ്ങളിലെല്ലാം സങ്കീൎണ്ണഷഭമായ വികൃതഷഭം ഗാന്ധാരകാൎയ്യകാരിയായതിനാൽ ശുദ്ധമോ വികൃതമോ ആയ ഗാന്ധാരം ചേരുന്നതല്ലെന്ന സംഗതിയും ഗ്രഹിച്ചുകൊൾക. മററു സങ്കീൎണ്ണങ്ങളുടെ വിഷയത്തിലും അതേ രീതിയിൽത്തന്നെ.

സൂ—ലീനലസല്ലതാഗതിസ്ഥലഘുലവോത്ഥലംഘിതലംഭിതാൎത്ഥസംജ്ഞാസ്സങ്കീൎണ്ണഗാന്ധാരഘടിതാഃ. ൯൩

ഭാ—സങ്കീൎണ്ണഗാന്ധാരഘടിതമേളങ്ങൾ എട്ടിന്നും ക്രമത്തിൽ ലീനമേളം, ലസന്മേളം, ലതാമേളം, ഗതിസ്ഥമേളം, ലഘുമേളം, ലവോത്ഥമേളം, ലംഘിതമേളം, ലംഭിതാൎത്ഥമേളം. ഇങ്ങനെ സംജ്ഞകൾ. ഇവയിലും സംലീനം എന്ന മാതിരി സം ചേൎക്കണം. അപ്രകാരം മേലിലും. സങ്കീൎണ്ണഗാന്ധാരം ഋഷഭകാൎയ്യകാരിയായതിനാൽ ശുദ്ധവികൃതഷഭങ്ങൾ ഈ മേളങ്ങളിൽ വരില്ല.

സൂ—വനവാസവൃതവേതസവരധീരസവാരിതഭരിതാൎത്ഥാസ്സങ്കീൎണ്ണമധ്യമഘടിതാഃ. ൯൪

ഭാ—സങ്കീൎണ്ണമധ്യമഘടിതമേളങ്ങൾ എട്ടിന്നും ക്രമത്തിൽ സംവനമേളം, സംവാസമേളം, സംവൃതമേളം, സംവേതസമേളം, സംവരമേളം, സംധീരസമേളം, സംവാരിതമേളം, സംഭരിതാൎത്ഥമേളം. ഇങ്ങനെ സംജ്ഞകൾ. സങ്കീൎണ്ണമധ്യമം ഗാന്ധാരകാൎയ്യകാരിയായതിനാൽ ഈ മേളങ്ങളിൽ ശുദ്ധവികൃതഗാന്ധാരങ്ങൾ വരില്ല.

സൂ—തനുസ്തവതിലതുലാഭതീരതാരവതരംഗതരുലാഭാഖ്യാസ്സങ്കീൎണ്ണധൈവതഘടിതാഃ. ൯൫

ഭാ—സങ്കീൎണ്ണധൈവതഘടിതങ്ങൾ എട്ടിന്നും ക്രമത്തിൽ സംതനുമേളം, സംസ്തവമേളം, സംതിലമേളം, സംതുലാഭമേളം, സംതീരമേളം, സംതാരവമേളം, സംതരംഗമേളം, സംതരുലാഭമേളം ഇങ്ങനെ സംജ്ഞകൾ. സങ്കീൎണ്ണധൈവതം നിഷാദകാൎയ്യകാരിയായതിനാൽ ഇവയിൽ ശുദ്ധവികൃതനിഷാദങ്ങൾ വരില്ല.

സൂ—സ്ഥാനസവസ്ഥൂലസുലഭസാരസുരഭിസുരാഗസിരാഗ്ലംഭാഖ്യാസ്സങ്കീൎണ്ണനിഷാദഘടിതാഃ. ൯൬

ഭാ—സങ്കീൎണ്ണനിഷാദഘടിതങ്ങൾ എട്ടിന്നും ക്രമത്തിൽ സംസ്ഥാനമേളം, സംസവമേളം, സംസ്ഥൂലമേളം, സംസുലഭമേളം, സംസാരമേളം, സംസുരഭിമേളം, സംസുരാഗമേളം, സംസിരാഗ്ലംഭമേളം ഇങ്ങനെ സംജ്ഞകൾ. സങ്കീൎണ്ണനിഷാദം ധൈവതകാൎയ്യകാരിയായതിനാൽ ഇവയിൽ ശുദ്ധവികൃതധൈവതങ്ങൾ വരില്ല.

സൂ—സംപ്രതിജ്ഞാസംപ്രതിഭാഖ്യൌ സങ്കീണ്ണരിധഘടിതൌ. ൯൭

ഭാ—സങ്കീണ്ണഋഷഭധൈവതഘടിതങ്ങാം രണ്ടിന്നും സംപ്രതിജ്ഞാമേളമെന്നും സംപ്രതിഭാമേളമെന്നും ക്രമത്തിൽ സംജ്ഞകൾ. സങ്കീണ്ണഋഷഭം ഗാന്ധാരകാൎയ്യകാരിയും സങ്കീണ്ണധൈവതം നിഷാദകാൎയ്യകാരിയുമായതിനാൽ ഗാന്ധാരനിഷാദങ്ങൾ ഇവയിൽ വരില്ല. ഋഷഭങ്ങൾ രണ്ടും ധൈവതങ്ങൾ രണ്ടും കഴിച്ച ഷഡ്ജമധ്യമപഞ്ചമങ്ങൾ മാത്രമേ വരുള്ളൂ. അതിൽ മധ്യമത്തിന്നു മാത്രമേ ശുദ്ധവികൃതഭേദവുമുള്ളൂ.

സൂ—സംപ്രസന്ന സംപ്രസവാഖ്യൌ സങ്കീണ്ണരിനിഘടിതൌ. ൯൮

ഭാ—സങ്കീണ്ണഋഷഭനിഷാദഘടിതങ്ങൾ രണ്ടിന്നും സംപ്രസന്നമേളമെന്നും സംപ്രസവമേളമെന്നും ക്രമത്തിൽ സംജ്ഞകൾ. സങ്കീണ്ണഋഷഭം ഗാന്ധാരത്തിൻെറയും സങ്കീണ്ണനിഷാദം ധൈവതത്തിൻെറയും കാൎയ്യം വഹിക്കുന്നതിനാൽ ശുദ്ധവികൃതങ്ങളായ ഋഷഭനിഷാദങ്ങൾക്ക പുറമെ സമപകൾ മാത്രമാണ് ഇതിലും വരുന്നതെന്നറിക.

സൂ—സംഗതിജ്ഞസംഗതാശ്വാഖ്യൌ സങ്കീണ്ണഗധഘടിതൌ. ൯൯

ഭാ—സങ്കീണ്ണഗാന്ധാരധൈവതഘടിതങ്ങൾ രണ്ടിന്നും ക്രമത്തിൽ സംഗതിജ്ഞമേളമെന്നും സംഗതാശ്വമേളമെന്നും സംജ്ഞകൾ. ഇവയിലും മേൽപ്രകാരം സങ്കീണ്ണഗാന്ധാരധൈവതങ്ങൾ ഋഷഭനിഷാദകാൎയ്യകാരികളായതിനാൽ സമപകൾ മാത്രമേ ശുദ്ധവികൃതോഭയഘടകങ്ങൾക്ക പുറമേ വരുള്ളൂ.

സൂ—സംലാഞ്ഛനസംഗ്രച്ഛാഭാഖ്യൌ സങ്കീണ്ണഗനിഘടിതൌ. ൧൦൦

ഭാ—സങ്കീണ്ണഗാന്ധാരനിഷാദഘടിതങ്ങൾ രണ്ടിന്നും ക്രമത്തിൽ സംലാഞ്ഛനമേളമെന്നും സംഗ്രച്ഛാഭമേളമെന്നും സംജ്ഞകൾ. ഇവയിലും മേൽപ്രകാരം ഉഭയഘടകങ്ങൾക്ക പുറമെ സമപകളേ വരുള്ളൂ.

സൂ—സംഭൃതാന്ന സംഭ്രമരാഖ്യൌ സങ്കീണ്ണമധഘടിതൌ. ൧൦൧

ഭാ—സങ്കീണ്ണമധ്യമധൈവതഘടിതങ്ങൾ രണ്ടിന്നും ക്രമത്തിൽ സംഭൃതാന്നമേളമെന്നും സംഭ്രമരമേളമെന്നും സംജ്ഞകൾ. സങ്കീണ്ണമധ്യമം ഗാന്ധരകാൎയ്യകാരിയായതിനാൽ ഗാന്ധാരവും സങ്കീണ്ണധൈവതം നിഷാദകാൎയ്യകാരിയായതിനാൽ നിഷാദവും ഇവയിൽ വരില്ല. ശുദ്ധവികൃതോഭയങ്ങൾ ഘടിച്ചിട്ടുള്ളതിന്നു പുറമെ സരിപകളാണ് ചേരുന്നത്. അതിൽ ആദ്യത്തെ മേളത്തിൽ ശുദ്ധരി. രണ്ടാമത്തേതിൽ വികൃതരി.

സൂ—സംവസന സംവാസരാഖ്യൌ സങ്കീണ്ണമനിഘടിതൌ. ൧൦൨

ഭാ—സങ്കീണ്ണമധ്യമനിഷാദഘടിതമേളങ്ങൾ രണ്ടിന്നും ക്രമത്തിൽ സംവസനമേളമെന്നും സംവാസരമേളമെന്നും സംജ്ഞകൾ. ഇവയിലും സങ്കീണ്ണങ്ങളിൽ ചേൎന്ന ശുദ്ധവികൃതോഭയങ്ങൾക്ക പുറമേ സരിപകൾ മാത്രമാണ് വരുന്നത്.

ഇനി ഈ സങ്കീണ്ണമേളങ്ങളിലെ ഷാഡവൌഡവിതങ്ങളെപ്പററിപ്പറയുന്നു:—

സൂ—ഏഷാം ഷാഡവിതാസ്ത്വേകസങ്കീണ്ണേഷു ഷഡ്ജം സങ്കീണ്ണഘടകസ്വരദ്വയം ച വിഹായ ചതുഷ്വേകൈകലോപാൽ പ്രതിമേളം ചത്വാരഃ, ദ്വിസങ്കീണ്ണേഷു സങ്കീണ്ണഘടകസ്വരചതുഷ്ടയം ഷഡ്ജം ച വിഹായ ദ്വയോരേകൈകലോപാൽ പ്രതിമേളം ദ്വൌ ചേതി ചതുരശീത്യുത്തരം ശതം. ൧൦൩

ഭാ—ഈ അമ്പത്തിരണ്ടു സങ്കീണ്ണമേളങ്ങളെസ്സംബന്ധിച്ച വരുന്ന ഷാഡവിതമേളങ്ങളാകട്ടേ ഏകസങ്കീണ്ണങ്ങൾ നാല്പതുള്ളതിൽ ഓരോന്നിലും സങ്കീണ്ണതാപ്രയോജകങ്ങളായ

ശുദ്ധവികൃതസ്വരങ്ങളും ലോപംവരാത്ത ഷഡ്ജവും ഒഴിച്ച നന്നാലു സ്വരങ്ങളുള്ളതിൽ ഓരോന്നിൻെറയും ലോപംകൊണ്ടു നാലുതരം ഷാഡവിതങ്ങൾ വരും. അങ്ങനെ നാല്പതിലുംകൂടി നൂററമ്പതു ഷാഡവിതങ്ങൾ. ദ്വിസങ്കീർണ്ണങ്ങളിൽ സങ്കീർണ്ണതാപ്രയോജകങ്ങളായ ശുദ്ധവികൃതങ്ങൾ നാലും ഷഡ്ജവും ഒഴിച്ച രണ്ടു സ്വരങ്ങൾ ഓരോ മേളത്തിലുമുള്ളതിൽ ഓരോന്നിൻെറ ലോപംകൊണ്ടു രണ്ടുതരം ഷാഡവിതങ്ങൾ. അങ്ങനെ ദ്വിസങ്കീർണ്ണങ്ങൾ പന്തിരണ്ടിലുംകൂടി ഇരുപത്തിനാലു വിധവും വരുന്നതിനാൽ ആകെ നൂറെറമ്പത്തിനാലു ഷാഡവിതമേളങ്ങളുണ്ടാകുന്നതാണ്.

സൂ—ഔഡവിതാഃ പുനരേകസങ്കീർണ്ണേഷു പ്രതിമേളം ഷഡിതി ദ്വിസങ്കീർണ്ണേഷ്വേക ഏവേതി ദ്വിപഞ്ചാശദുത്തരശതദ്വയം. ൧൪

ഭാ—ഈ സങ്കീർണ്ണമേളങ്ങളെസ്സംബന്ധിച്ച വരുന്ന ഔഡവിതമേളങ്ങളാകട്ടേ ഏകസങ്കീർണ്ണങ്ങൾ ഓരോന്നിലും ആറുവിതം വരും. എങ്ങനെയെന്നാൽ, സങ്കീർണ്ണഷഭമേളത്തിൽ ഷഡ്ജവും ശുദ്ധവികൃതഷഭരൂപങ്ങളായ സങ്കീർണ്ണതാപ്രയോജക സ്വരങ്ങൾ രണ്ടും കഴിച്ച മപധനി എന്നു നാലു സ്വരങ്ങളുള്ളതിൽ മപ, മധ, മനി, പധ, പനി, ധനി ഇങ്ങനെ ആറുതരം ദ്വിസ്വരലോപം വരാം. അതുപോലെതന്നെ ഗാന്ധാരസങ്കീർണ്ണങ്ങളിലും. മദ്ധ്യമസങ്കീർണ്ണങ്ങളിൽ രിപധനി എന്ന നാലു സ്വരങ്ങളിൽ രിപ, രിധ, രിനി, പധ, പനി, ധനി എന്ന ദ്വിസ്വരങ്ങളുടെ ലോപങ്ങളും ധൈവതസങ്കീർണ്ണങ്ങളിലും നിഷാദസങ്കീർണ്ണങ്ങളിലും രിഗമപ എന്ന നാലിൽ രിഗ, രിമ, രിപ, ഗമ, ഗപ, മപ എന്ന ദ്വിസ്വരങ്ങളുടെ ലോപങ്ങളുമാണ് വരാവുന്നതെന്നുമാത്രം ഭേദം. അങ്ങനെ ഏക സങ്കീർണ്ണങ്ങൾ നാല്പതിലുംകൂടി ഇരുനൂററിനാല്പതുതരം ഔഡവിതങ്ങൾ. ദ്വിസങ്കീർണ്ണങ്ങളിലാകട്ടേ ഷഡ്ജവും സങ്കീർണ്ണതാപ്രയോജകസ്വരങ്ങൾ നാലും ലോപിക്കാത്തതിനാൽ മപ എന്ന രണ്ടു സ്വരങ്ങളെ ലോപിക്കുന്നതിന്നുതന്നെ ഏതിലും ഉള്ളൂ. അതിനാൽ ആ പന്തിരണ്ടു മേളങ്ങളിലുംകൂടി പന്തിരണ്ട് ഔഡവിതങ്ങൾ. അങ്ങനെ ആകെ ഇരുനൂററമ്പത്തിരണ്ടു തരം ഔഡവിതമേളങ്ങൾ വരുന്നതാണ്.

പൂർണ്ണസങ്കീർണ്ണമേളങ്ങളെ അവലംബിച്ച വരുന്ന ചില രാഗങ്ങളെക്കാണിക്കുന്നു:—

സൂ—സംപ്രജ്ഞാശ്രിതാ രത്നാംഗീ. ലഘുഘണ്ടാരവാദിശ്ച. ൧൫

ഭാ—ശുദ്ധവികൃതഷഭങ്ങളും സമപധനികൾ ശുദ്ധങ്ങളുമായ സംപ്രജ്ഞാമേളത്തെ അവലംബിച്ച രത്നാംഗി എന്ന രാഗവും ഘണ്ടാരവം, ഫേനദ്യുതി, ശ്രീമണി എന്നീ രാഗങ്ങളും സംഭവിക്കുന്നു. ൧

സൂ—സംപ്രധാശ്രിതാ സാമവരാളീ. ഗാനമൂർത്തിഭിന്നപഞ്ചമാദിശ്ച ൧൬

ഭാ—ശുദ്ധവികൃതഷഭങ്ങളും വികൃതനിഷാദവും ശുദ്ധങ്ങളായ സമപധകളും ചേർന്ന സംപ്രധാമേളത്തെ അവലംബിച്ച സാമവരാളിരാഗവും ഗാനമൂർത്തി, ഭിന്നപഞ്ചമം തുടങ്ങിയ രാഗങ്ങളും സംഭവിക്കുന്നു. ൨

സൂ—സംപ്രീതിശ്രിതാ ഭാനുമതീ. രസാള്യാദിശ്ച. ൧൭

ഭാ—ശുദ്ധവികൃതഷഭങ്ങളും വികൃതധൈവതവും ശുദ്ധസമപനികളും ചേർന്ന സംപ്രീതിമേളത്തിൽ ഭാനുമതി, രസാളി, വനസ്പതി മുതലായ രാഗങ്ങൾ സംഭവിക്കുന്നു. ൩

സൂ—സംരതാത്മശ്രിതാ മാനവതീ. മനോരഞ്ജനീഘനശ്യാമളാദയശ്ച. ൧൮

ഭാ—ശുദ്ധവികൃതഋഷഭങ്ങൾ, വികൃതധൈവതനിഷാദങ്ങൾ, ശുദ്ധഷഡ്ജമധ്യമപഞ്ചമങ്ങൾ ഇവ ചേൎന്ന സംരതാത്മേളത്തിൽ മാനവതി, മനോരഞ്ജനി, ഘനശ്യാമളം മുതലായ രാഗങ്ങൾ. ൪

സൂ—സംപ്രഭാശ്രിതം ജഗന്മോഹനം. ജലാൎണ്ണവാദിശ്ച. ൱൰൯

ഭാ—ശുദ്ധവികൃതഋഷഭങ്ങൾ, വികൃതമധ്യമം, സപധനികൾ ശുദ്ധങ്ങൾ ഇവ ചേൎന്ന സംപ്രഭാമേളത്തിൽ ജഗന്മോഹനം, ജലാൎണ്ണവും മുതലായ രാഗങ്ങൾ. ൫

സൂ—സംപ്രവാസശ്രിതാ വരാളീ. കോകിലപഞ്ചമാദയശ്ച. ൱൨൦

ഭാ—ശുദ്ധവികൃതഋഷഭങ്ങൾ, വികൃതമധ്യമനിഷാദങ്ങൾ, ശുദ്ധഷഡ്ജപഞ്ചമധൈവതങ്ങൾ ഇവ ചേൎന്ന സംപ്രവാസമേളത്തിൽ വരാളി, കോകിലപഞ്ചമം, ഭൂപാളപഞ്ചമം മുലായ രാഗങ്ങൾ. ൩

സൂ—സംപ്രേംഖിതശ്രിതം നവനീതം. നഭോമണിപ്രഭൃതയശ്ച. ൱൨൧

ഭാ—ശുദ്ധവികൃതഋഷഭങ്ങൾ, വികൃതമധ്യമധൈവതങ്ങൾ, ശുദ്ധഷഡ്ജപഞ്ചമനിഷാദങ്ങൾ ഇവ ചേൎന്ന സംപ്രേംഖിതമേളത്തിൽ നവനീതം. നഭോമണി മുതലായ രാഗങ്ങൾ. ൧

സൂ—സംപ്രാവൃതാംസശ്രിതാ പാവനി, പ്രഭാവല്യാദിശ്ച. ൱൨൨

ഭാ—ശുദ്ധവികൃതഋഷഭങ്ങൾ, വികൃതമധ്യമധൈവതനിഷാദങ്ങൾ, ഷഡ്ജപഞ്ചമങ്ങൾ ഇവ ചേൎന്ന സംപ്രാവൃതാംസമേളത്തിൽ പാവനി, പ്രഭാവലി മുതലായ രാഗങ്ങൾ. ൮

ഇനി സങ്കീൎണ്ണഗാന്ധാരഘടിതമേളരാഗങ്ങളെപ്പറയുന്നു:—

സൂ—സംലീനാശ്രിതാ രാഗവൎദ്ധനീ. രാഗചൂഡാമണ്യാദിശ്ച. ൱൨൩

ഭാ—ശുദ്ധവികൃതഗാന്ധാരങ്ങൾ, ശുദ്ധങ്ങളായ സമപധനികൾ ഇവ ചേൎന്ന സംലീനമേളത്തിൽ രാഗവൎദ്ധനി, രാഗചൂഡാമണി മുതലായ രാഗങ്ങൾ. ൧

സൂ—സംലസദാശ്രിതാ ഗാംഗഭൂഷണി. ഗംഗാതരംഗിണ്യാദിശ്ച. ൱൨൪

ഭാ—ശുദ്ധവികൃതഗാന്ധാരങ്ങൾ, വികൃതനിഷാദം, ശുദ്ധങ്ങളായ സമപധകൾ ഇവ ചേൎന്ന സംലസൻ മേളത്തിൽ ഗാംഗഭൂഷണിയും ഗംഗാതരംഗിണി മുതലായ രാഗങ്ങളും. ൨

സൂ—സംലതാശ്രിതാ വാഗീശ്വരീ. ഭാനുമഞ്ജരീഛായാനാടാദ്യാശ്ച. ൱൨൫

ഭാ—ശുദ്ധവികൃതഗാന്ധാരങ്ങൾ, വികൃതധൈവതം, ശുദ്ധസമപനികൾ ഇവ ചേൎന്ന സംലതാമേളത്തിൽ വാഗീശ്വരിയും ഭാനുമഞ്ജരി, ഛായാനാടം, ശാരദാഭരണം മുതലായ രാഗങ്ങളും. ൩

സൂ—സംഗതിസ്ഥാശ്രിതാ സ്വദേശാക്ഷി. ഗാനാൎണ്ണവാദിശ്ച. ൱൨൬

ഭാ—ശുദ്ധവികൃതഗാന്ധാരങ്ങൾ, വികൃതധൈവതനിഷാദങ്ങൾ, ശുദ്ധഷഡ്ജമധ്യമപഞ്ചമങ്ങൾ ഇവ ചേൎന്ന സംഗതിസ്ഥമേളത്തിൽ സ്വദേശാക്ഷീരാഗവും ഗാനാൎണ്ണവം മുതലായ രാഗങ്ങളും. ൪

സൂ—സംലംഘശ്രിതാ സ്വരൂപിണീ. ജ്യോതിഷ്മത്യാദിശ്ച. ൱൨൭

ഭാ—ശുദ്ധവികൃതഗാന്ധാരങ്ങൾ, വികൃതമധ്യമം, ശുദ്ധസപധനികൾ ഇവ ചേൎന്ന സംലംഘമേളത്തിൽ സ്വരൂപിണീരാഗവും ജ്യോതിഷ്മതി മുതലായ രാഗങ്ങളും. സ്വരൂപി

ണി എന്നതിന്നു പകരം അകളങ്കമതത്തിൽ ജ്യോതിസ്വരൂപിണി എന്നാണ് പേർ പറയുന്നത്. ദക്ഷിണരാഗമെന്നും അതിന്നുതന്നെ മററു ചിലർ പറയുന്നു. വെങ്കടമഖി ജോതീരാഗമെന്ന പേരാണ് കൊട്ടത്തിട്ടുള്ളത്. ൫

സൂ—സംലവോത്ഥമാശ്രിതാ ബലവർദ്ധനീ ധൌതപഞ്ചമാദ്ധ്യാശ്ച. ൧൧൮

ഭാ—ശുദ്ധവികൃതഗാന്ധാരങ്ങളും, വികൃതമദ്ധ്യമനിഷാദങ്ങളും, ശുദ്ധസപധകളും ഇവ ചേർന്ന സംലവോത്ഥമേളത്തിൽ ബലവർദ്ധനീരാഗവും ധൌതപഞ്ചമാദിരാഗങ്ങളും. ൬

സൂ—സംലംഘിതാശ്രിതാ ഭൂഷണീ. നാസാമണ്യാദിശ്ച. ൧൧൯

ഭാ—ശുദ്ധവികൃതഗാന്ധാരങ്ങളും, വികൃതമദ്ധ്യമധൈവതങ്ങളും, ശുദ്ധസപനികളും ഇവ ചേർന്ന സംലംഘിതമേളത്തിൽ ഭൂഷണിരാഗവും നാസാമണി മുതലായ രാഗങ്ങളും. ൭

സൂ—സംലംഭിതാംസാശ്രിതാ കുസുമമാലാ. കുസുമാവല്യാദയശ്ച. ൧൨൦

ഭാ—ശുദ്ധവികൃതഗാന്ധാരങ്ങളും, വികൃതമദ്ധ്യമധൈവതനിഷാദങ്ങളും ഷഡ്ജപഞ്ചമങ്ങളും ഇവ ചേർന്ന സംലംഭിതാംസമേളത്തിൽ കുസുമമാലാരാഗവും കുസുമാവലി മുതലായ രാഗങ്ങളും സംഭവിക്കുന്നു. അകളങ്കമതത്തിൽ കുസുമമാല എന്നതിന്നു പകരം കോസലം എന്നാണ് പേർ പറയുന്നത്. ൮

ഇനി സങ്കീർണ്ണമദ്ധ്യമഘടിതമേളത്തെ അവലംബിച്ച രാഗങ്ങളെപ്പറയുന്നു:—

സൂ—സംവനാശ്രിതം ജീവിതം. കല്ലോലാദിശ്ച. ൧൨൧

ഭാ—ശുദ്ധവികൃതമദ്ധ്യമങ്ങളും, ശുദ്ധങ്ങളായ സരിപധനികളും ഇവ ചേർന്ന സംവനമേളത്തിൽ ജീവിതരാഗവും കല്ലോലം മുതലായ രാഗങ്ങളും. ൧

സൂ—സംവാസാശ്രിതോ നന്ദകഃ. സുമംഗല്യാദിശ്ച. ൧൨൨

ഭാ—ശുദ്ധവികൃതമദ്ധ്യമങ്ങളും, വികൃതനിഷാദം, ശുദ്ധസരിപധകളും ഇവ ചേർന്ന സംവാസമേളത്തിൽ നന്ദകരാഗവും സുമംഗലി മുതലായ രാഗങ്ങളും. ൨

സൂ—സംവൃതാശ്രിതാ മാഗധി. സൌദാമിന്യാദിശ്ച. ൧൨൩

ഭാ—ശുദ്ധവികൃതമദ്ധ്യമങ്ങളും, വികൃതധൈവതം, ശുദ്ധസരിപനികളും ഇവ ചേർന്ന സംവൃതമേളത്തിൽ മാഗധീരാഗവും. സൌദാമിനി മുതലായ രാഗങ്ങളും. ൩

സൂ—സംവേതസാശ്രിതോ വിപുലഃ. പ്രസാരിണ്യാദിശ്ച. ൧൨൪

ഭാ—ശുദ്ധവികൃതമദ്ധ്യമങ്ങളും, വികൃതങ്ങളായ ധൈവതനിഷാദങ്ങളും, ശുദ്ധസരിപകളും ഇവ ചേർന്ന സംവേതസമേളത്തിൽ വിപുലരാഗവും പ്രസാരിണി മുതലായ രാഗങ്ങളും. ൪

സൂ—സംവരാശ്രിതാ വരാംഗി. താരാവല്യാദിശ്ച. ൧൨൫

ഭാ—ശുദ്ധവികൃതമദ്ധ്യമങ്ങളും, വികൃതഋഷഭം, ശുദ്ധങ്ങളായ സപധനികളും ഇവ ചേർന്ന സംവരമേളത്തിൽ വരാംഗീരാഗവും താരാവലി മുതലായ രാഗങ്ങളും. ൫

സൂ—സംരുചിരസാശ്രിതാ കൌബേരീ. ത്രുവണാദിശ്ച. ൧൨൬

ഭാ—ശുദ്ധവികൃതമദ്ധ്യമങ്ങളും, വികൃതങ്ങളായ ഋഷഭനിഷാദങ്ങളും, ശുദ്ധസപധകളും ഇവ ചേർന്ന സംരുചിരസമേളത്തിൽ കൌബേരീരാഗവും ത്രുവണ മുതലായ രാഗങ്ങളും. ൬

സൂ—സംവാരിതാശ്രിതാ കമലിനീ. ദോഹല്യാദയശ്ച. ൧൨൭

ഭാ—ശുദ്ധവികൃതമദ്ധ്യമങ്ങളും, വികൃതങ്ങളായ ഋഷഭധൈവതങ്ങളും, ശുദ്ധസപനികളും ഇവ ചേൻ്ന സംവാരിതമേളത്തിൽ കമലിനീരാഗവും ദോഹളി മുതലായ രാഗങ്ങളും. ൭

സൂ—സംഭരിതാത്ഥാശ്രിതസ്സാരംഗഃ. വിശങ്കടാദിശ്ച. ൧൨൭

ഭാ—ശുദ്ധവികൃതമദ്ധ്യമങ്ങളും വികൃതഷ്ഭധൈവതനിഷാദങ്ങളും, ഷഡ്ജപഞ്ചമങ്ങളും ഇവ ചേൻ്ന സംഭരിതാത്ഥമേളത്തിൽ സാരംഗരാഗവും വിശങ്കടം മുതലായ രാഗങ്ങളും സംഭവിക്കുന്നു. ൨

സങ്കീൎണ്ണധൈവതഘടിതമേളരാഗങ്ങളെപ്പറയുന്നു:—

സൂ—സംതനുശ്രിതസ്സേനാപതിഃ. സേനാഗ്രണിഭോഗിചിന്താമണ്യാദയശ്ച. ൧൨൮

ഭാ—ശുദ്ധവികൃതധൈവതങ്ങളും, ശുദ്ധങ്ങളായ സരിഗമപകളും ഇവ ചേൻ്ന സംതനുമേളത്തിൽ സേനാപതിരാഗവും സേനാഗ്രണി, ഭോഗി, ചിന്താമണി മുതലായ രാഗങ്ങളും. ൧

സൂ—സംസ്ഥവശ്രിതാ ഗീൎവ്വാണി. കളവസന്താദിശ്ച. ൧൨൦

ഭാ—ശുദ്ധവികൃതധൈവതങ്ങളും, വികൃതമദ്ധ്യമം, ശുദ്ധസരിഗപകളും ഇവ ചേൻ്ന സംസ്ഥവമേളത്തിൽ ഗീൎവ്വാണീരാഗവും കളവസന്തം, ഗവാംഭോധി മുതലായ രാഗങ്ങളും. ൨

സൂ സംതിലശ്രിതാ ഗായകപ്രിയാ. ഹെജ്ജുജ്ജിമേഘരാഗദ്വിജാവലികളകണ്ഠികല്ഗഡാദയശ്ച. ൧൩൧

ഭാ—ശുദ്ധവികൃതധൈവതങ്ങളും, വികൃതഗാന്ധാരം, ശുദ്ധസരിമപകളും ഇവ ചേൻ്ന സംതിലമേളത്തിൽ ഗായകപ്രിയാരാഗവും ഹെജ്ജുജ്ജി, മേഘരാഗം, ദ്വിജാവലി, കളകണ്ഠി, കല്ഗഡം മുതലായ രാഗങ്ങളും. ൩

സൂ—സംതുലാഭശ്രിതാ ധവളാംബരീ. ധവളാംഗീമുഖാശ്ച. ൧൩൨

ഭാ—ശുദ്ധവികൃതധൈവതങ്ങളും, വികൃതഗാന്ധാരമദ്ധ്യമങ്ങളും, ശുദ്ധസരിപകളും ഇവ ചേൻ്ന സംതുലാഭമേളത്തിൽ ധവളാംബരീരാഗവും ധവളാംഗി, ഭിന്നവരാളി, ദേവഗിരി, ധമ്മാണി മുതലായ രാഗങ്ങളും. ൪

സൂ—സംതീരശ്രിതാ ധീകരി. ഝങ്കാരഭ്രമരീപൂൎണ്ണലളിതാദ്യാശ്ച. ൧൩൩

ഭാ—ശുദ്ധവികൃതധൈവതങ്ങളും, വികൃതഷ്ഭം, ശുദ്ധസഗമപകളും ഇവ ചേൻ്ന സംതീരമേളത്തിൽ ധീകരീരാഗവും ഝങ്കാരഭ്രമരി, പൂൎണ്ണലളിത മുതലായ രാഗങ്ങളും. അകളങ്കമതത്തിൽ ധീകരീ എന്നതിന്നുപകരം ഝങ്കാരധ്വനി എന്നു പേർ. ൫

സൂ—സംതാരവശ്രിതാ വിമലാ. ശ്യാമളാദേശാവല്യാദിശ്ച. ൧൩൪

ഭാ—ശുദ്ധവികൃതധൈവതങ്ങളും, വികൃതഷ്ഭമദ്ധ്യമങ്ങളും, ശുദ്ധസഗപകളും ഇവ ചേൻ്ന സംതാരവമേളത്തിൽ വിമലാരാഗവും ശ്യാമള, ദേശാവലി മുതലായ രാഗങ്ങളും. വിമല എന്നതിന്നു പകരം ശാമളാംഗിയെന്ന പേരാണ് അകളങ്കമതത്തിൽ പറയുന്നത്. ൬

സൂ—സംതരംഗശ്രിതാ രഞ്ജനി. ശരാവതീ, ദേശമുഖാരീ, കേസൎയ്യാദ്യാശ്ച. ൧൩൫

ഭാ—ശുദ്ധവികൃതധൈവതങ്ങളും, വികൃതഷ്ഭഗാന്ധാരങ്ങളും, ശുദ്ധസമപകളും ഇവ ചേൻ്ന സംതരംഗമേളത്തിൽ രഞ്ജനീരാഗവും ശരാവതി, ദേശമുഖാരി, കേസരി മുതലായ രാഗങ്ങളും. രഞ്ജനി എന്നതിന്നു മാരരഞ്ജനി എന്ന പേരുമുണ്ട്. ൭

സൂ—സംതന്ത്രലാഭശ്രിതാ കാന്താമണിഃ. കുന്തളശ്രുതിരഞ്ജന്യാദ്യാശ്ച.
൧൩൬

ഭാ—ശുദ്ധവികൃതധൈവതങ്ങളും, വികൃതങ്ങളായ ഋഷഭഗാന്ധാരമദ്ധ്യമങ്ങളും, ഷഡ്ജപഞ്ചമങ്ങളും ഇവ ചേൎന്ന സംതന്ത്രലാഭമേളത്തിൽ കാന്താമണിരാഗവും കുന്തളം, ശ്രുതിരഞ്ജനി മുതലായ രാഗങ്ങളും സംഭവിക്കുന്നു. ൮

സങ്കീൎണ്ണനിഷാദഘടിതമേളരാഗങ്ങളെപ്പറയുന്നു:—

സൂ—സംസ്ഥാനശ്രിതാ രൂപവതീ. രൂപ്യനഗാദിശ്ച. ൧൩൭

ഭാ—ശുദ്ധവികൃതനിഷാദങ്ങളും ശുദ്ധങ്ങളായ സരിഗമപകളും ചേൎന്ന സംസ്ഥാനമേളത്തിൽ രൂപവതീരാഗവും രൂപ്യനഗം മുതലായ രാഗങ്ങളും. ൧

സൂ—സംസവശ്രിതോ ദേവമണിഃ. ജീവന്തികാശുദ്ധഗാന്ധാൎയ്യാമ്രപഞ്ചമാദിപഞ്ചമാദയശ്ച. ൧൩൮

ഭാ—ശുദ്ധവികൃതനിഷാദങ്ങളും. വികൃതമദ്ധ്യമം, ശുദ്ധങ്ങളായ സരിഗപകളും ഇവ ചേൎന്ന സംസവമേളത്തിൽ ദേവമണിരാഗവും ജീവന്തിക, ശുദ്ധഗാന്ധാരി, ആമ്രപഞ്ചമം, ആദിപഞ്ചമം മുതലായ രാഗങ്ങളും. ൨

സംസ്ഥൂലശ്രിതാ ഹാടകാംബരീ. ശുദ്ധമാളവീസിംഹളകന്ദളാദയശ്ച.
൧൩൯

ഭാ—ശുദ്ധവികൃതനിഷാദങ്ങളും, വികൃതഗാന്ധാരം, ശുദ്ധങ്ങളായ സരിമപകളും ഇവ ചേൎന്ന സംസ്ഥൂലമേളത്തിൽ ഹാടകാംബരീരാഗവും ശുദ്ധമാളവി, സിംഹളം, കന്ദളം മുതലായ രാഗങ്ങളും. ൩

സൂ—സംസൂലഭശ്രിതാ വംശവതി. വിശാഖിലാദിശ്ച. ൧൪൦

ഭാ—ശുദ്ധവികൃതനിഷാദങ്ങളും, വികൃതഗാന്ധാരമദ്ധ്യമങ്ങളും, ശുദ്ധഷഡ്ജഋഷഭപഞ്ചമങ്ങളും ഇവ ചേൎന്ന സംസൂലഭമേളത്തിൽ വംശവതീരാഗവും വിശാഖിലം മുതലായ രാഗങ്ങളും. വംശവതീ എന്നതിന്ന് അകളങ്കമതത്തിൽ വിശ്വംഭരീ എന്നു പേർ. ൪

സൂ—സംസാരശ്രിതാ വരുണപ്രിയാ. വീരവസന്താദിശ്ച. ൧൪൧

ഭാ—ശുദ്ധവികൃതനിഷാദങ്ങളും, വികൃതഋഷഭം, ശുദ്ധങ്ങളായ സഗമപകളും ഇവ ചേൎന്ന സംസാരമേളത്തിൽ വരുണപ്രിയാരാഗവും വീരവസന്തം മുതലായ രാഗങ്ങളും. ൭

സൂ—സംസുരഭിശ്രിതാ നീതിമതി. നിഷധഹംസനാദഗൌരീക്രിയാകേകാവശ്യാദയശ്ച. ൧൪൨

ഭാ—ശുദ്ധവികൃതനിഷാദങ്ങളും, വികൃതഋഷഭമദ്ധ്യമങ്ങളും, ശുദ്ധസഗപകളും ഇവ ചേൎന്ന സംസുരഭിമേളത്തിൽ നീതിമതീരാഗവും നിഷധം, ഹംസനാദം, ഗൌരീക്രിയ, കേകാവശി മുതലായ രാഗങ്ങളും. ൬

സൂ—സംസുരാഗശ്രിതാ നഗനന്ദിനീ. സാമന്താദിശ്ച. ൧൪൩

ഭാ—ശുദ്ധവികൃതനിഷാദങ്ങളും, വികൃതഋഷഭഗാന്ധാരങ്ങളും, ശുദ്ധസമപകളും ഇവ ചേൎന്ന സംസുരാഗമേളത്തിൽ നഗനന്ദിനീരാഗവും സാമന്തം മുതലായ രാഗങ്ങളും. നഗനന്ദിനി എന്നതിന്റെ സ്ഥാനത്ത് അകളങ്കമതത്തിൽ നാഗാനന്ദിനി എന്നും വെങ്കടമഖിമതത്തിൽ നാഗാഭരണമെന്നും പേർ പറയുന്നു. ൭

സൂ—സംസിരാഗ്രംഭശ്രിതാ ചിത്രാംബരീ. ചതുരംഗിണ്യാദിശ്ച. ൧൪൪

ഭാ—ശുദ്ധവികൃതനിഷാദങ്ങളും, വികൃതഷഡ്ജഗാന്ധാരമദ്ധ്യമങ്ങളും, ഷഡ്ജപഞ്ചമങ്ങളും ഇവ ചേൎന്ന സംസിരാഗ്നുംഭമേളത്തിൽ ചിത്രാംബരീരാഗവും ചതുരംഗിണി മുതലായ രാഗങ്ങളും സംഭവിക്കുന്നു. വ്വ

സങ്കീൎണ്ണദ്വയഘടിതമേളങ്ങളിലെ രാഗങ്ങളെക്കാണിക്കുന്നു:—

സൂ—സംപ്രതിജ്ഞാശ്രിതാ കനകാംഗീ. ശുദ്ധമുഖാരീകനകാംബരീപ്രഭൃതയശ്ച. ൧൪൭

ഭാ—പ്ര രണ്ട്. തി ആറ്. ജ്ഞ ശൂന്യം. ദ്വിസങ്കീൎണ്ണഘടിതങ്ങളിൽ ആദ്യത്തെ രണ്ടക്ഷരങ്ങളും ശുദ്ധവികൃതോഭയരൂപമായ സങ്കീൎണ്ണസ്വരത്തിന്റെ സംഖ്യയെക്കുറിക്കുന്നതിനാൽ ശുദ്ധവികൃതഷഡ്ജങ്ങളെ പ്ര എന്നും ശുദ്ധവികൃതധൈവതങ്ങളെ തി എന്നും കാണിക്കുന്നു. അങ്ങനെ ശുദ്ധവികൃതഷഡ്ജങ്ങളും, ശുദ്ധവികൃതധൈവതങ്ങളും, ശുദ്ധങ്ങളായ സമപകങ്ങളും ഇവ ചേൎന്ന സംപ്രതിജ്ഞാമേളത്തിൽ കനകാംഗീരാഗവും ശുദ്ധമുഖാരി, കനകാംബരി മുതലായ രാഗങ്ങളും സംഭവിക്കുന്നു. ൧

സൂ—സംപ്രതിഭാശ്രിതാ സുഗന്ധിനീ. സാലവീഭോഗസാവേരീപ്രഭൃതയശ്ച. ൧൪൮

ഭാ—ശുദ്ധവികൃതഷഡ്ജങ്ങളും, ശുദ്ധവികൃതധൈവതങ്ങളും, വികൃതമദ്ധ്യമം, ഷഡ്ജപഞ്ചമങ്ങളും ഇവ ചേൎന്ന സംപ്രതിഭാമേളത്തിൽ സുഗന്ധിനീരാഗവും സാലവി, ഭോഗസാവേരി മുതലായ രാഗങ്ങളും. സുഗന്ധിനിയെന്നതിന്നു വെങ്കടമഖിമതത്തിൽ സൌഗന്ധിനിയെന്നു പേർ പറയുന്നു. വ

സൂ—സംപ്രസന്നാശ്രിതാ താനരൂപിണീ. തനുകീൎത്തിശൃംഗാരിണീപ്രഭൃതയശ്ച. ൧൪൯

ഭാ—ശുദ്ധവികൃതഷഡ്ജങ്ങളും, ശുദ്ധവികൃതനിഷാദങ്ങളും, ശുദ്ധങ്ങളായ സമപകങ്ങളും ഇവ ചേൎന്ന സംപ്രസന്നമേളത്തിൽ താനരൂപിണീരാഗവും തനുകീൎത്തി, ശൃംഗാരിണി മുതലായ രാഗങ്ങളും. ൧

സൂ—സംപ്രസവശ്രിതാ രഘുപ്രിയാ. രഘുലീലാഗോപതിഗന്ധൎവ്വപ്രഭൃതയശ്ച. ൧൫൦

ഭാ—ശുദ്ധവികൃതഷഡ്ജങ്ങളും, ശുദ്ധവികൃതനിഷാദങ്ങളും, വികൃതമദ്ധ്യമം, ഷഡ്ജപഞ്ചമങ്ങളും ഇവ ചേൎന്ന സംപ്രസവമേളത്തിൽ രഘുപ്രിയാരാഗവും രഘുലീല, ഗോപതി, ഗാന്ധൎവ്വം മുതലായ രാഗങ്ങളും. വ

സൂ—സംഗതിജ്ഞശ്രിതാ യാഗപ്രിയാ. കലാവതീകളഹംസാദിശ്ച. ൧൫൧

ഭാ—ശുദ്ധവികൃതഗാന്ധാരങ്ങളും, ശുദ്ധവികൃതധൈവതങ്ങളും, ശുദ്ധങ്ങളായ സമപകങ്ങളും ഇവ ചേൎന്ന സംഗതിജ്ഞമേളത്തിൽ യാഗപ്രിയാരാഗവും കലാവതി, കളഹംസം മുതലായ രാഗങ്ങളും. ൧

സൂ—സംഗതാശ്വശ്രിതാസുചരിത്രാ. സത്യവത്യാദിശ്ച. ൧൫൨

ഭാ—ശുദ്ധവികൃതഗാന്ധാരങ്ങളും, ശുദ്ധവികൃതധൈവതങ്ങളും, വികൃതമദ്ധ്യമം, ഷഡ്ജപഞ്ചമങ്ങളും ഇവ ചേൎന്ന സംഗതാശ്വമേളത്തിൽ സുചരിത്രാരാഗവും സത്യവതി മുതലായ രാഗങ്ങളും. വ

സൂ—സംലാഞ്ഛനശ്രിതോ നാടഃ. ചലനട്ടാദിശ്ച. ൧൫൩

ഭാ—ശുദ്ധവികൃതഗാന്ധാരങ്ങൾ, ശുദ്ധവികൃതനിഷാദങ്ങൾ, ശുദ്ധങ്ങളായ സമപ കൾ ഇവ ചേൎന്ന സംലാഞ്ഛനമേളത്തിൽ നാടരാഗവും ചലനട്ടം മുതലായ രാഗങ്ങളും. ൧

സൂ— സംഗ്രച്ഛ്രാഭശ്രിതാ രസമഞ്ജരി. രസികപ്രിയാദിശ്ച. ൧൪൨

ഭാ—ശുദ്ധവികൃതഗാന്ധാരങ്ങൾ, ശുദ്ധവികൃതനിഷാദങ്ങൾ, വികൃതമദ്ധ്യമം, ഷഡ്ജ പഞ്ചമങ്ങൾ ഇവ ചേൎന്ന സംഗ്രച്ഛ്രാഭമേളത്തിൽ രസമഞ്ജരീരാഗവും രസികപ്രിയ മുതലായ രാഗങ്ങളും. ൨

സൂ—സംഭൃതാന്നാശ്രിതോ ഭദ്രാംഗഃ. വിശാലാദിശ്ച. ൧൪൩

ഭാ—ശുദ്ധവികൃതമദ്ധ്യമങ്ങൾ, ശുദ്ധവികൃതധൈവതങ്ങൾ, ശുദ്ധങ്ങളായ സരിപ കൾ ഇവ ചേൎന്ന സംഭൃതാന്നമേളത്തിൽ ഭദ്രാംഗരാഗവും വിശാലം മുതലായ രാഗങ്ങളും. ൧

സൂ—സംഭ്രചരശ്രിതോ ദ്രാവണാഹഃ. വൈജയന്താദിശ്ച. ൧൪൪

ഭാ—ശുദ്ധവികൃതമദ്ധ്യമങ്ങൾ, ശുദ്ധവികൃതധൈവതങ്ങൾ, വികൃതഋഷഭം, ഷഡ്ജപ ഞ്ചമങ്ങൾ ഇവ ചേൎന്ന സംഭ്രചരമേളത്തിൽ ദ്രാവണാഹരാഗവും വൈജയന്തം മുതലായ രാ ഗങ്ങളും. ൨

സൂ—സംവസനശ്രിതാ മാലിനീ. ചന്ദ്രകാന്താദിശ്ച. ൧൪൫

ഭാ—ശുദ്ധവികൃതമദ്ധ്യമങ്ങൾ, ശുദ്ധവികൃതനിഷാദങ്ങൾ, ശുദ്ധങ്ങളായ സരിപ കൾ ഇവ ചേൎന്ന സംവസനമേളത്തിൽ മാലിനീരാഗവും ചന്ദ്രകാന്തം മുതലായ രാഗ ങ്ങളും. ൧

സൂ—സംവാസരശ്രിതം ഭൃദാനം. പ്രഫുല്ലവിജയാദയശ്ച. ൧൪൬

ഭാ—ശുദ്ധവികൃതമദ്ധ്യമങ്ങൾ, ശുദ്ധവികൃതനിഷാദങ്ങൾ, വികൃതഋഷഭം, ഷഡ്ജപഞ്ച മങ്ങൾ ഇവ ചേൎന്ന സംവാസരമേളത്തിൽ ഭൃദാനരാഗവും പ്രഫുല്ലവിജയം മുതലായ രാഗ ങ്ങളും സംഭവിക്കുന്നു.

സൂ—ഏഷു ച സങ്കീൎണ്ണമേളഗതരാഗേഷു നാടസാരംഗാദയഃ കേചന പ്രസിദ്ധാഃ. അന്യേ തു സംഭാവ്യതാമാത്രേണ മാൎഗ്ഗദശനാൎത്ഥം സമുദിതാഃ. ൧൪൭

ഭാ—ഈ അമ്പത്തിരണ്ടു സങ്കീൎണ്ണമേളങ്ങളെ അവലംബിച്ച് ഇവിടെക്കാണിച്ച രാ ഗങ്ങളിൽ നാടരാഗം, സാരംഗം തുടങ്ങി ചില രാഗങ്ങൾ മാത്രമേ ഇക്കാലത്തു ധാരാളം പ്രയോഗപ്രസിദ്ധങ്ങളായിട്ടുള്ളു. ചിലത് അപൂൎവ്വരാഗമെന്നനിലയിൽ ദുല്ലഭപ്രയോഗങ്ങ ളായിട്ടുമുണ്ട്. മററു ചിലതു നഷ്ടപ്രയോഗങ്ങളാണ്. വേറെച്ചിലത് ഇതുവരെ അപ്രയു ക്തങ്ങളുമാണ്. അവയെയും ഇവിടെപ്പറഞ്ഞിരിക്കുന്നതാകട്ടേ മേളഭേദത്തെ അവലംബി ച്ച് അംശന്യാസാദിസ്വരങ്ങളുടെ വ്യത്യാസത്താൽ അനവധി രാഗങ്ങൾ സംഭവിക്കുമെന്ന സംഗതിക്കുള്ള മാൎഗ്ഗത്തിന്റെ രീതി കാണിപ്പാൻവേണ്ടിയാണ്.

സൂ—ഇത്ഥം മുഖ്യസങ്കീൎണ്ണാശ്ചതുരശിതിൎദ്ദക്ഷിണേ പൂൎണ്ണാ മേളാഃ. ൧൪൮

ഭാ—ഇപ്രകാരം ദക്ഷിണപ്രസ്ഥാനത്തിൽ മുഖ്യമേളങ്ങൾ മുപ്പത്തിരണ്ടും സങ്കീൎണ്ണ മേളങ്ങൾ അമ്പത്തിരണ്ടുമായി എമ്പത്തുനാലു പൂൎണ്ണമേളങ്ങളാണുള്ളത്.

സൂ—തഥാ ഷട്സപ്തത്യുത്തരശതത്രയം ഷാഡവിതാഃ. ദ്വാത്രിംശദുത്ത രാണി സപ്തശതാന്യൌഡവിതാഃ. തേ ച പൂൎണ്ണൈസ്സഹ പൂൎവ്വോക്തവിധയാ ഷ ഡ്വിധൈരാരോഹാവരോഹയോഃ പൂൎണ്ണത്വഷാഡവതൌഡവത്വകൃതഭേദൈഃ ഷട്സഹസ്രാണി ചതുരശീത്യുത്തരാണി നവ ശതാനി ച ഭവന്തി. ൧൪൯

ഭാ—അപ്രകാരം ഷാഡവിതമേളങ്ങൾ മുഖ്യമേളങ്ങളിൽ നൂററിത്തൊണ്ണൂററിരണ്ടും സങ്കീർണ്ണമേളങ്ങളിൽ നൂററെമ്പത്തിനാലുമായി മുന്നൂററെഴുപത്താറുതരം വരുന്നതാണ്. അതുപോലെ ഔഡവിതങ്ങൾ മുഖ്യമേളങ്ങളിൽ നാനൂററെമ്പതും സങ്കീർണ്ണമേളങ്ങളിൽ ഇരുനൂററമ്പത്തിരണ്ടുമായി എഴുനൂററിമുപ്പത്തിരണ്ടുതരവും വരുന്നതാണ്. അങ്ങനെ പൂർണ്ണങ്ങളും ഷാഡവിതങ്ങളും ഔഡവിതങ്ങളും കൂടി ആയിരത്തൊരുനൂററിത്തൊണ്ണൂററിരണ്ടുതരം വരുന്ന മേളങ്ങളിൽ മുമ്പു വിവരിച്ചപ്രകാരം ആരോഹത്തിൽ പൂർണ്ണം അവരോഹത്തിൽ ഷാഡവിതം എന്ന മാതിരിയിൽ പൂർണ്ണഷാഡവിതം, ഷാഡവിതപൂർണ്ണം, പൂർണ്ണൗഡവിതം, ഔഡവിതപൂർണ്ണം, ഷാഡവിതൗഡവിതം, ഔഡവിതഷാഡവിതം ഇങ്ങനെ ആറുവിധത്തിൽ വരുന്നതിനാൽ പൂർണ്ണതായുക്തങ്ങൾ നാലായിരത്തെഴുനൂററുപത്തെട്ടും പൂർണ്ണതാഹീനങ്ങൾ രണ്ടായിരത്തിരുനൂററിപ്പതിനാറുമായി ആകെ ആറായിരത്തിത്തൊള്ളായിരത്തെമ്പത്തിനാലുവിധം മേളങ്ങൾസംഭവിക്കുന്നതാണ്.

സൂ—തേഷു പൂർണ്ണമേളാശ്ശിഷ്യശിക്ഷാർത്ഥം കാരികാഭിസ്സംഗൃഹ്യന്തേ—

സർവ്വശുദ്ധസ്യ മേളസ്യ ജ്ഞാനമിത്യഭിധാമതാ
രത്നംഗാനംഘനസ്താനഃചരന്നശ്ചൈകവികാരിണാം
രംഗരംഭാരക്തിരസഗർഭ് ഗീതാഹ്വയാഃ പുനഃ
ഗാഥാവർഷശ്ച വത്സശ്ച തിഥിശ്ച ദ്വിവികാരിണാം
പ്രഗത്ഭ ശ്രീഗതഫലാർത്ഥ പ്രഭാതാഭിധാസ്തഥാ
ശ്രീവത്സശ്ച ശ്രിതാർത്ഥശ്ച ഗവാക്ഷാഭിധ ഏവ ച
ലാഭാർത്ഥശ്ച ഗതാർത്ഥശ്ച ഭൃതാർത്ഥസ്ത്രിവികാരിണാം
രാഗവൃത്തി രംഗവാസീ രാഗോത്തംസശ്ചസംജ്ഞയാ
രവിതീർത്ഥഃ ശ്ലാഘിതാർത്ഥശ്ചതുർവ്വികൃതഭാഗിനഃ
രാഗാവതംസാഭിധാനഃ സ്യാൽ പഞ്ചവികൃതസ്വരഃ.
ദ്വാത്രിംശന്മുഖ്യമേളാനാമിത്ഥം ക്രമ ഉദീരിതഃ.
പ്രജ്ഞാ പ്രഥാ പ്രഭാപ്രീതിഃ രതാർത്ഥഃ പ്രേംഘിതഃ പുനഃ
പ്രവാസശ്ച പ്രാവൃതാംസസ്സങ്കീർണ്ണരിഗതാ ഇമേ
ലീനോലസല്ലതാനാമാഗതിസ്ഥശ്ച ലഘുസ്തഥാ
ലവോത്ഥോ ലംഘിതോ ലംഭിതാർത്ഥശ്ച സ്യുർഗ്ഗസങ്കരേ
വനം വാസോ വൃതോ വീരതാർത്ഥശ്ചദ്വിരസോ വരഃ
വാരിതോ വേതസസ്തീരസ്തുലാഭശ്ചതാരവഃ
തനുഃ സ്തവ സ്തുലാഭശ്ച തരംഗസ്തില ഏവ ച
സൂനം സംഘസ്സിരാഗുംഭഃ സുരഭിഃ സുലഭഃ പുനഃ
സൂരിസ്സാലസ്സുരാംഗശ്ച സങ്കീർണ്ണകാഭിധാമതാഃ.
പ്രതിജ്ഞാപ്രതിഭാഖ്യൗ ച പ്രസന്നപ്രസവാഹ്വയൗ
ഗതിജ്ഞഗുച്ഛാഭാഖ്യൗ ച ഗതാശ്വാഖ്യശ്ച ലാഞ്ഛനം
ഭൂതാന്നോ ഭൂചരശ്ചാപിവസനം വാസരോപി ച
സങ്കീർണ്ണദ്വയമേളാനാമഭിധാസ്സമുദീരിതാഃ.

ജ്ഞാനേ തോഡീ മുഖ്യരാഗോ ഭൈരവീ രത്നസംശ്രിതാ
വസന്തഭൈരവീ ഗാനേ ഘനാലംബാ ഭവപ്രിയാ
താനേ നടപ്രിയാ ഛന്നേ ഭിന്നഷഡ്ജാഭിധോ മതഃ
രംഗാശ്രിതാ ചാരുകേശീ രംഭായാം ഷണ്മുഖപ്രിയാ
ഹരപ്രിയാ രക്തിഗതാ കീരവാണീ രസാശ്രയാ
ഗഭേ നാരായണീ ഗീതേ ചക്രവാകസ്സമാശ്രിതഃ.
ഗാഥായാം മാളവോ ഗൌളോ മാൾഗ്ഗിണീ വഷസംശ്രിതാ
വത്സേ പന്തുവരാളീച തിഥിഗാ കോകിലപ്രിയാ
ശ്രീഗതേ ഹരികാംബോജീ പ്രഗതേത്തു രതിപ്രിയാ
പ്രഭാതഗാ ഹൈമവതീ സരസാംഗീ ഫലാത്മഗാ
സുമദ്യുതിഃ ശ്രീവത്സസ്ഥാ ശ്രിതാത്മസ്ഥാ മനോഹരീ
രാമപ്രിയാ ഗവാക്ഷസ്ഥാ ലാഭാത്ഥേ കാമവദ്ധ്നീ
ഭ്രതാത്ഥഗസ്തു സൌവീരസ്സൂര്യ്യകാന്തോ ഗതാത്ഥഗഃ
രാഗവൃത്തിസമാലംബോ വാചസ്പതിരുദീരിതഃ
ലതാംഗ്യാഖ്യാ രംഗവാസിസംശ്രിതാ ച പ്രഗീയതേ
രാഗോത്തംസസമാലംബം ശങ്കരാഭരണം മതം
രവിതീത്ഥഗതാ ധമ്മവതീ സദ്ഭിഃ പ്രയുജ്യതേ.
ശ്ലാഘിതാത്മസമാലംബോ ഗീയതേ ഗമകക്രിയഃ
രാഗാവതംസേ കല്യാണീത്യുദിതാ മുഖ്യമേളഗാഃ.
പ്രജ്ഞാശ്രിതാതു രത്നാംഗീ പ്രഥാസാമവരാളിഭൃഃ
പ്രീതിശ്രിതാ ഭാനുമതീ രതാത്ഥേ മാനവത്യപി
പ്രഭാ ജഗന്മോഹനഭ്രൂവ്വരാളീ തു പ്രവാസഗാ
നവനീതം പ്രേംഘിതസ്ഥം പ്രാവൃതാംസേ ച പാവനീ.
രാഗവദ്ധ്ന്യഥോ ലീനേ ലസദ്ഗാ ഗാംഗഭൂഷണീ
വാഗീശ്വരീ ലതാഗാ സ്വദേശാക്ഷീ തു ഗതിസ്ഥഗാ
സ്വരൂപിണീ ലഘുഗതാ ലവോത്ഥേ ബലവദ്ധ്നീ
ഭൂഷണീ ലംഘിതേ ലംഭിതാത്ഥേ കുസുമമാലികാ.
വനാശ്രിതം ജീവിതം ച നന്ദകോ വാസസംശ്രിതഃ
വൃതാശ്രിതാ മാഗധികാ വേതസേ വിപുലഃ സ്ഥിതഃ
വരാശ്രയാ വരാംഗി ച കൌബേരീ ദ്വിരസാശ്രയാ
വാരിതസ്ഥാ കമലിനീ സാരംഗോ ഭരിതാത്മഗഃ.
സേനാപതിസ്തനഗതോ ഗീവ്വാണീ സ്തവസംശ്രിതാ
തിലസ്ഥാ ഗായകാഭീഷ്ടാ തുലാഭേ ധവളാംബരീ
തീരശ്രിതാ ധീകരീ ച വിമലാ താരവശ്രിതാ
തരംഗേ രഞ്ജനീ കാന്താമണിശ്ച തരുലാഭഗാ.

സ്ഥാനേ സ്ഥിതാ ത്രൂപവതീ സ്വേ ദേവമണിസ്തഥാ
സുലഭസ്ഥാ വംശവതീ സ്ഥൂലസ്ഥാ ഹാടകാംബരി
സുരഭിസ്ഥാ നീതിമതി സാരഗാ വരുണപ്രിയാ
ചിത്രാംബരി സിരാഗ്രംഭേ സുരാഗേ നഗനന്ദിനി.
കനകാംഗീ പ്രതിജ്ഞായാം പ്രതിഭായാം സുഗന്ധിനീ
പ്രസന്നേ താനരൂപീ ച പ്രസവസ്ഥാ രഘുപ്രിയാ.
യാഗപ്രിയാ ഗതിജ്ഞസ്ഥാ സുചരിത്രാ ഗതാശ്വഗാ
ലാഞ്ഛനാലംബനോ നാടോ ഗ്രച്ഛാഭേ രസമഞ്ജരീ.
ഭൂതാനാഗാമീ ഭദ്രാംഗോ ദ്രാവണാഹ്വശ്ച ഭൂചരേ
മാലിനി വസനാലംബാ ഭൂദാനം വാസരശ്രിതം.
ഇതി സങ്കീർണ്ണമേളസ്ഥാ ദ്വിപഞ്ചാശദ്ദ്വിരിതാഃ. ൱൩൧

ഭാ__മേൽപ്രകാരമുള്ള എമ്പത്തിനാലു മേളങ്ങളെയും ഓരോ മേളത്തെ അവലംബിച്ചു വരുന്ന രാഗങ്ങളിൽ ഓരോ രാഗത്തെയും ശിഷ്യന്മാൎക്ക് എളുപ്പത്തിൽ ഓൎമ്മയുണ്ടാകാനുള്ള പരിചയത്തിനുവേണ്ടി അവയെ ശ്ലോകരൂപത്തിൽ സംഗ്രഹിച്ചുകാണിക്കുന്നതാണ് 'സൎവ്വശുദ്ധസ്യ' എന്നു മുതൽ 'ദ്വിപഞ്ചാശദ്ദ്വിരിതാഃ' എന്നതുവരെയുള്ള കാരികകൾ.

സൂ__ഉക്തേഷു ച സമ്പൂൎണ്ണഷാഡവൌഡവിതമേളേഷു പ്രതിമേളമേകദ്വിത്ര്യാദ്യംശന്യാസസ്വരപ്രക്രിയാഭേദേനാനേകേ രാഗാസ്സംഭവന്തീത്യനന്തോ രാഗപ്രപഞ്ചഃ. ൱൩൨

ഭാ—മേൽപറഞ്ഞ പ്രകാരമുള്ള സമ്പൂൎണ്ണമേളങ്ങൾ, ഷാഡവിതങ്ങൾ, ഔഡവിതങ്ങൾ ഇവയെല്ലാംകൂടി ആറായിരത്തിത്തൊള്ളായിരത്തെമ്പത്തിനാലു തരം വരുന്നവയിൽ ഓരോ മേളത്തിൽതന്നെയും ഒരംശസ്വരം, രണ്ടംശസ്വരങ്ങൾ, മൂന്നംശസ്വരങ്ങൾ, നാലംശസ്വരങ്ങൾ എന്നിങ്ങനെ തുടങ്ങിയ അംശസ്വരങ്ങളുടെയും ന്യാസസ്വരങ്ങളുടെയും വ്യത്യാസങ്ങൾകൊണ്ട് അനേകം രാഗങ്ങൾ സംഭവിക്കുന്നതാണ്. എങ്ങനെയെന്നാൽ, ഒരു പൂൎണ്ണമേളത്തിൽച്ചേൎന്ന സപ്തസ്വരങ്ങളിൽ ഓരോ സ്വരം അംശസ്വരമായി ഏഴു രാഗങ്ങൾ സംഭവിക്കുന്നു. രണ്ടു സ്വരങ്ങൾ അംശങ്ങളായിട്ടുള്ള രാഗങ്ങളാകട്ടെ ആ രണ്ടു സ്വരങ്ങൾക്കുള്ള വ്യത്യാസംകൊണ്ട് ഇരുപത്തൊന്നുവിധം വരും. സരി, സഗ, സമ, സപ, സധ, സനി, രിഗ, രിമ, രിപ, രിധ, രിനി, ഗമ, ഗപ, ഗധ, ഗനി, മപ, മധ, മനി, പധ, പനി, ധനി ഇങ്ങനെ ഇരുപത്തൊന്ന്. മൂന്നു സ്വരങ്ങൾ അംശങ്ങളായിട്ടുള്ളവയാകട്ടെ മുപ്പത്തഞ്ചുവിധം വരും. സരിഗ, സരിമ, സരിപ, സരിധ, സരിനി, സഗമ, സഗപ, സഗധ, സഗനി, സമപ, സമധ, സമനി, സപധ, സപനി, സധനി, രിഗമ, രിഗപ, രിഗധ, രിഗനി, രിമപ, രിമധ, രിമനി, രിപധ, രിപനി, രിധനി, ഗമപ, ഗമധ, ഗമനി, ഗപധ, ഗപനി, ഗധനി, മപധ, മപനി, മധനി, പധനി ഇങ്ങനെ മുപ്പത്തഞ്ച്. നാലു സ്വരങ്ങൾ അംശങ്ങളായിട്ടുള്ളവയും മുപ്പത്തഞ്ചുവിധം വരും. സരിഗമ, സരിഗപ, സരിഗധ, സരിഗനി, സരിമപ, സരിമധ, സരിമനി, സരിപധ, സരിപനി, സരിധനി, സഗമപ, സഗമധ, സഗമനി, സഗപധ, സഗപനി, സഗധനി, സമപധ, സമപനി, സമധനി, സപധനി, രിഗമപ, രിഗമധ, രിമധനി, രിഗപധ, രിഗപനി, രിഗധനി, രിമപധ, രിമപനി, രിമധനി, രിപധനി, ഗമപധ, ഗമപനി, ഗമധനി, ഗപധനി,

മപധനി ഇങ്ങനെ മുപ്പത്തഞ്ച്. അഞ്ചു സ്വരങ്ങൾ അംശങ്ങളായിട്ടുള്ളവയാകട്ടേ സരിഗമപ, സരിഗമധ, സരിഗമനി, സരിഗപധ, സരിഗപനി, സരിഗധനി, സഗമപധ, സഗമപനി, സഗമധനി, സമപധനി, രിഗമപധ, രിഗമപനി, രിഗമധനി, രിഗപധനി, രിമപധനി, ഗമപധനി ഇങ്ങനെ പതിനാറുവിധം വരും. ആറു സ്വരങ്ങൾ അംശങ്ങളായിട്ടുള്ളവയാകട്ടേ അംശമല്ലാതെയുള്ള സ്വരത്തിന്റെ മാററത്താൽ ഏഴു വിധത്തിലും വരും. രാഗമൂലജാതികളിലല്ലാതെ ഏഴു സ്വരങ്ങളും അംശങ്ങളായി രാഗങ്ങളിലൊന്നിലും വരില്ലെന്നാണ് നിയമം. അതിൽ പൂർണ്ണങ്ങളിൽ ഒരു സ്വരം മുതൽ ആറു സ്വരം വരെയും ഷാഡവിതങ്ങളിൽ അഞ്ചു സ്വരം വരെയും ഔഡവിതങ്ങളിൽ നാലു സ്വരം വരെയും അംശസ്വരങ്ങളായിട്ടുള്ള രാഗങ്ങളുണ്ടാകാം. അതുപ്രകാരം മേൽക്കാണിച്ച അംശസ്വരവ്യത്യാസങ്ങളനുസരിച്ച് ഒരു പൂർണ്ണമേളത്തിൽത്തന്നെ നൂററിരുപത്തൊന്നു രാഗങ്ങളുണ്ടാകാം. ഒരു ഷാഡവിതമേളത്തിൽ നൂററിപ്പതിന്നാലു രാഗങ്ങളും ഒരൗഡവിതമേളത്തിൽ തൊണ്ണൂററെട്ടു രാഗങ്ങളും സംഭവിക്കാം. അങ്ങനെ രാഗപ്രപഞ്ചം അനന്തമായി വരാവുന്നതാണെന്നർത്ഥം. അവയിൽ വളരെക്കുറച്ചു രാഗങ്ങൾ മാത്രമേ പ്രസിദ്ധങ്ങളായിട്ടുള്ളൂ എന്നു ഹൃദയം.

ഇനി മേളവിഷയത്തിൽ മററുചില ഗ്രന്ഥകാരന്മാരുടെ മതങ്ങൾ കാണിക്കുന്നു—

സൂ—വെങ്കടമഖിമുഖാസ്തു സ്വരപ്രകാശദർശിതവിധയാ വികൃതഷഭധൈവതേ ശുദ്ധഗാന്ധാരനിഷാദൌ വികൃതഷഭാന്തരഗമധ്യേ വികൃതധ കാകളിമധ്യേ ച സാധാരണാഖ്യ കൈശികാഖ്യ ഗാന്ധാരനിഷാദൌ തയോഃ ഷട്ശ്രുതികഷഭധൈവതതേ ച കല്പയിത്വാ ത്രിവിധാനൃഷഭഗാന്ധാരധൈവതനിഷാദാൻ തേഷാം മിഥോ മേളനേന ശുദ്ധമധ്യമഘടിതാൻ ഷട്ത്രിംശന്മേളാൻ തഥാ വികൃതമധ്യമഘടിതാംശ്ച കഥയന്തി. ൧൬൧

ഭാ—വെങ്കടമഖി മുതലായവരാകട്ടേ സ്വരപ്രകാശത്തിൽ വിവരിച്ചിട്ടുള്ള പ്രകാരം വികൃതഷഭത്തെ ശുദ്ധഗാന്ധാരവുംകൂടിയായും വികൃതധൈവതത്തെ ശുദ്ധനിഷാദവുംകൂടിയായും കല്പിക്കുന്നു. അതുപോലെ വികൃതഷഭത്തിന്നും അന്തരഗാന്ധാരത്തിന്നും ഇടയിൽ പ്രത്യേകം സാധാരണമെന്നു പേരായ ഗാന്ധാരത്തെക്കല്പിച്ച് അതിന്നു ഗാന്ധാരത്തിന്റെ നിലക്കു പുറമെ ഷട്ശ്രുതികഷഭമെന്ന ഋഷഭവിശേഷത്തിന്റെ നിലയും, വികൃതധൈവതകാകളിനിഷാദങ്ങൾക്കിടയിൽ ശുദ്ധനിഷാദമല്ലാത്ത ഒരു കൈശികനിഷാദത്തെക്കല്പിച്ച് അതിന്നു നിഷാദത്തിന്റെ നിലക്കു പുറമെ ഷട്ശ്രുതിധൈവതത്തിന്റെ നിലയും കല്പിക്കുന്നു. അങ്ങനെ നാലു സ്വരങ്ങളെ ശുദ്ധഷഭം രണ്ടു വികൃതഷഭങ്ങൾ എന്ന മൂന്ന് ഋഷഭങ്ങളും ശുദ്ധഗാന്ധാരം രണ്ടു വികൃതഗാന്ധാരങ്ങൾ എന്നു മൂന്നു ഗാന്ധാരങ്ങളുമായ ആറു സ്വരങ്ങളാക്കുന്നു. ധൈവതനിഷാദങ്ങളുടെ സംഗതിയിലും ശുദ്ധധൈവതം രണ്ടു വികൃതധൈവതങ്ങൾ എന്നു മൂന്നു ധൈവതങ്ങളും ശുദ്ധനിഷാദം രണ്ടു വികൃതനിഷാദങ്ങൾ എന്നു മൂന്നു നിഷാദങ്ങളുമായി നാലു സ്വരങ്ങളെ ആറു സ്വരങ്ങളാക്കുന്നു. അവയിൽ ശുദ്ധഷഭം വികൃതഷഭരൂപമായ ശുദ്ധഗാന്ധാരത്തോടും സാധാരണഗാന്ധാരമെന്ന വികൃതഗാന്ധാരത്തോടും അന്തരഗാന്ധാരരൂപമായ വികൃതഗാന്ധാരത്തോടും പ്രത്യേകം ചേരുന്നതിനാൽ ശുദ്ധഷഭഗാന്ധാരയോഗങ്ങൾ മൂന്ന്. ആദ്യത്തെ വികൃതഷഭം ക്രമത്തിൽ രണ്ടു വികൃതഗാന്ധാരങ്ങളോടും പ്രത്യേകം ചേർന്നു രണ്ടും രണ്ടാമത്തെ വികൃതഷഭമായ ഷട്ശ്രുതികഷഭം രണ്ടാമത്തെ വികൃതഗാന്ധാരമായ അന്തരഗാന്ധാരത്തോടു ചെന്ന് ഒന്നുമായി വികൃതഷഭവികൃതഗാന്ധാരയോഗങ്ങൾ മൂന്ന്. ഇങ്ങനെ ആറുവിധം ഋഷഭഗാന്ധാരയോഗങ്ങൾ വരുന്നതായിക്കാണിക്കുന്നു. അപ്രകാരം ശുദ്ധധൈവതം ശുദ്ധനിഷാദത്തോടും രണ്ടു വികൃതനി

ഷാദങ്ങളോടും പ്രത്യേകം ചേൎന്ന മൂന്നും ശുദ്ധനിഷാദരൂപത്തിലുള്ള ആദ്യത്തെ വികൃതധൈവതം രണ്ടു വികൃതനിഷാദങ്ങളോടും ചേൎന്ന രണ്ടും ആദ്യത്തെ വികൃതനിഷാദരൂപത്തിലുള്ള രണ്ടാമത്തെ വികൃതധൈവതം രണ്ടാമത്തെ വികൃതനിഷാദത്തോടു ചേൎന്ന് ഒന്നുംകൂടി ആറു തരം ധൈവതനിഷാദങ്ങളും കാണിക്കുന്നു. അതിൽ ആറു തരത്തിലുള്ള ഋഷഭഗാന്ധാരയോഗങ്ങളിലോരോന്നും ശുദ്ധമധ്യമഘടിതമായി ആറുതരം ധൈവതനിഷാദയോഗങ്ങളോടും പ്രത്യേകം ചേൎന്ന മുപ്പത്താറുവിധം മേളങ്ങൾ സംഭവിക്കുന്നു. അപ്രകാരംതന്നെ വികൃതമധ്യമഘടിതമായിട്ടും മുപ്പത്താറു മേളങ്ങൾ സംഭവിക്കുന്നു. ഇങ്ങനെ ആകെ എഴുപത്തിരണ്ടു മേളങ്ങളാണുള്ളതെന്നാണ് പറയുന്നത്.

സൂ—താംശ്ച മേളാൻ ശുദ്ധരിഗയോഗസ്യ ശുദ്ധധന്യാദിഭിഃ ഷഡ്ഭിഃ ധനിയോഗൈഃ യോഗേ പ്രഥമം ചക്രം, ശുദ്ധരിപ്രഥമവികൃതഗയോഗസ്യ തഥാ ഷഡ്ഭിഃ ധനിയോഗൈൎയ്യോഗേ ദ്വിതീയമിതി ദ്വാദശ ചക്രൈൎവ്വിഭജ്യ ഭൂതസംഖ്യാമൎയ്യാദയാ ചക്രസംഖ്യാം സംഖ്യാക്ഷരൈസ്തത്തച്ചക്രഗതമേളസംഖ്യാം ച ദൎശയിത്വാ തത്തന്മേളഗതരാഗാൻ പുനരേകാദിദ്വിസപ്തതിപൎയ്യന്തം സാമാന്യതോ രാഗസംജ്ഞായാഃ പൂൎവ്വം സംഖ്യാക്ഷരയോജനേന ച പ്രഥമാദിക്രമാന്നിൎദ്ദിശന്തി. ഹന്ത

ഭാ—മേൽപ്രകാരമുള്ള എഴുപത്തിരണ്ടു മേളങ്ങളെ ആ ഗ്രന്ഥകാരന്മാർ കാണിക്കുന്ന സമ്പ്രദായം ഇങ്ങനെയാണ്—ശുദ്ധഷഭശുദ്ധഗാന്ധാരയോഗം ശുദ്ധമധ്യമഘടിതമായി ശുദ്ധധൈവതശുദ്ധനിഷാദയോഗം തുടങ്ങി ആറു തരത്തിലുള്ള ധൈവതനിഷാദയോഗങ്ങളിലോരോന്നിനോടും പ്രത്യേകം ചേൎന്നുണ്ടാകുന്ന ആറു മേളങ്ങൾ ഒന്നാമത്തെ മേളചക്രം. ശുദ്ധഷഭവും ആദ്യത്തെ വികൃതഗാന്ധാരമായ സാധാരണഗാന്ധാരവും കൂടിയുള്ള യോഗം ശുദ്ധമധ്യമഘടിതമായി മേൽപ്രകാരമുള്ള ആറുതരം ധൈവതനിഷാദയോഗങ്ങളിലോരോന്നിനോടും ചേൎന്നുണ്ടാകുന്ന ആറു മേളങ്ങൾ രണ്ടാമത്തെ മേളചക്രം. ശുദ്ധഷഭവും രണ്ടാമത്തെ വികൃതഗാന്ധാരമായ അന്തരഗാന്ധാരവും ചേൎന്നുള്ള ഋഷഭഗാന്ധാരയോഗം മേൽപ്രകാരം ആറു തരത്തിലുള്ള ധൈവതനിഷാദയോഗങ്ങളിലോരോന്നിനോടും ചേൎന്നുണ്ടാകുന്ന ആറു മേളങ്ങൾ മൂന്നാമത്തെ മേളചക്രം. ഈ ക്രമത്തിൽ ഋഷഭഗാന്ധാരയോഗങ്ങൾ ആറുള്ളതിലോരോന്നും ശുദ്ധമധ്യമഘടിതമായി ആറുതരം ധൈവതനിഷാദയോഗങ്ങളോടു ചേൎന്ന് ആറു മേളചക്രങ്ങൾ. ഓരോ ചക്രത്തിലും ആറാറു മേളങ്ങൾ. അപ്രകാരം ആ ആറുതരം ഋഷഭഗാന്ധാരയോഗങ്ങളിലോരോന്നും വികൃതമധ്യമഘടിതമായി ആറുതരം ധൈവതനിഷാദയോഗങ്ങളോടു ചേൎന്നിട്ടും ആറു മേളചക്രങ്ങൾ. അങ്ങനെ ഓരോന്നിലും ആറാറു മേളങ്ങളുള്ള പന്തിരണ്ടു ചക്രങ്ങളായി മേളങ്ങളെ അവർ വിഭജിക്കുന്നു. പിന്നെ ഓരോരോ രാഗങ്ങൾക്കവലംബങ്ങളായ മേളങ്ങളെയും ആ മേളങ്ങൾ ഇന്നിന്ന ചക്രത്തിൽ ചേൎന്നവയാണെന്നും കാണിപ്പാൻവേണ്ടിയായിരിക്കാം ആ ചക്രങ്ങളെ ഒന്നാമത്തെ ചക്രം, രണ്ടാമത്തെ ചക്രം എന്നു പന്തിരണ്ടു വരേയും ഓരോ ചക്രത്തിലും ചേരുന്ന മേളങ്ങളെ ഒന്നാമത്തെ മേളം രണ്ടാമത്തെ മേളം എന്നിങ്ങനെ ആറുവരെയും ക്രമപ്പെടുത്തി ചക്രസംഖ്യയെ ഭൂതസംഖ്യാമൎയ്യാദയിലും മേളസംഖ്യയെ സംഖ്യാക്ഷരമൎയ്യാദയിലും കാണിക്കുന്നു. എങ്ങനെയെന്നാൽ, ചക്രങ്ങളെ ഇന്ദു, നേത്രം, അഗ്നി, വേദം, ബാണം, ഋതു, ഋഷി, വസു, ബ്രഹ്മാ, ദിശ, രുദ്ര, ആദിത്യ എന്ന ശബ്ദങ്ങളാൽ ചന്ദ്രൻ ഒന്ന്, നേത്രങ്ങൾ രണ്ട്, അഗ്നികൾ മൂന്ന്, വേദങ്ങൾ നാല്, ബാണങ്ങൾ (കാമന്) അഞ്ച്, ഋതുക്കൾ ആറ്, ഋഷികൾ

(സപ്തർഷികൾ) ഏഴ്, വസുക്കൾ എട്ട്, ബ്രഹ്മാവ് (ദശദിക്പാലന്മാരിൽ ഒമ്പതാമത്തെയായതിനാൽ) ഒമ്പത്, ദിശകൾ പത്ത്, രുദ്രന്മാർ പതിനൊന്ന്, ആദിത്യന്മാർ പന്തിരണ്ട് എന്ന ഭൂതസംഖ്യാരീതിയിൽ ക്രമത്തിൽ പന്തിരണ്ടും കാണിച്ചിരിക്കുന്നു. ഓരോന്നിലും വരുന്ന മേളങ്ങളെയാകട്ടെ പാ, ശ്രീ, ഗോ, ഭൂ, മാ, ഷാ എന്നിങ്ങനെ ഒന്നുമുതൽ ആറുവരെയും സംഖ്യാക്ഷരങ്ങളാലും കാണിച്ചിരിക്കുന്നു. അതുപ്രകാരം ഇന്ദുപാചക്രം എന്നതിന്ന് ഒന്നാമത്തെ ചക്രത്തിലെ ഒന്നാമത്തെ മേളം. നേത്രഗോചക്രം എന്നതിന്നു രണ്ടാമത്തെ ചക്രത്തിലെ മൂന്നാമത്തെ മേളം എന്നീ മാതിരിയിൽ അർത്ഥം സിദ്ധിക്കുന്നതാണല്ലോ. എന്നാൽ, ഓരോ മേളത്തെയും അവലംബിച്ചുവരുന്ന രാഗങ്ങളെപ്പററി പ്രതിപാദിക്കുമ്പോഴാകട്ടെ മേളങ്ങളുടെ ചക്രഭ്രമണമെല്ലാം വിട്ട് ഒന്നുമുതൽ എഴുപത്തിരണ്ടുവരെയുള്ള സംഖ്യകളിലായി മേളങ്ങളെഗ്ഗണിക്കയും അതുപ്രകാരം ഓരോ രാഗവും ഇത്രാമത്തെ മേളത്തിൽ വരുന്നതാണെന്നു കാണിപ്പാനായി അതാതു രാഗങ്ങളുടെ പേരിന്നു മുമ്പ് അതിൻെറ മേളസംഖ്യയെക്കുറിക്കുന്ന സംഖ്യാക്ഷരങ്ങളെക്കൂട്ടിച്ചേർത്തു രാഗനാമങ്ങളെ നിർദ്ദേശിക്കയുമാണ് അവർ ചെയ്തിരിക്കുന്നത്. തോഡി എന്നു രാഗനാമം നിർദ്ദേശിക്കേണ്ടേടത്തു ജനതോഡി എന്നും വരാളി എന്നതിന്നു ഝാലവരാളി എന്നും മാളവഗൌളം എന്നതിന്നു മായാമാളവഗൌളമെന്നും ശങ്കരാഭരണമെന്നതിന്നു ധീരശങ്കരാഭരണമെന്നും മററും പറഞ്ഞു തോഡി അവർ പറഞ്ഞിട്ടുള്ള മേളസംഖ്യാക്രമമനുസരിച്ച് എട്ടാമത്തെ മേളത്തിലും വരാളി മുപ്പത്തൊമ്പതാമത്തെ മേളത്തിലും മാളവഗൌളം പതിനഞ്ചാമത്തെ മേളത്തിലും ശങ്കരാഭരണം ഇരുപത്തൊമ്പതാമത്തെ മേളത്തിലും വരുന്നതാണെന്ന രീതിയിൽ കാണിക്കയാണ് ചെയ്തിരിക്കുന്നതെന്നർത്ഥം.

സൂ—മേളോപപാദനമാർഗ്ഗോയം വ്യുൽപിത്സൂനാം വൃഥാ ക്ലേശാവഹ ഇത്യസ്മാഭിരനാദൃതഃ. ഫ്ന്യര്

ഭാ—ഓരോരോ രാഗങ്ങളിൽ ഇന്നിന്ന സ്വരങ്ങളാണ് ചേർന്നിട്ടുള്ളതെന്നു സംഗീതത്തിൽ ജ്ഞാനമുണ്ടാവാൻ ആഗ്രഹമുള്ളവരെ ഗ്രഹിപ്പിക്കുകയാണല്ലോ മേളങ്ങളെ വിഭജിച്ചു വിവരിക്കുന്നതിൻെറ പ്രയോജനം. അതിന്ന് ആ മേളങ്ങളെ പന്തിരണ്ടു ചക്രങ്ങളായിത്തിരിച്ച് ഓരോ ചക്രത്തിന്നും ഭൂതസംഖ്യയനുസരിച്ചു പേർ കൊടുത്തിട്ടു വലിയ ആവശ്യമില്ല. പിന്നെ രാഗങ്ങളെക്കാണിക്കുമ്പോൾ ആ ചക്രവിഭാഗത്തോടു പറയത്തക്ക ബന്ധമൊന്നുമില്ലാതെ അവരുടെ ഏപ്പാടു പ്രകാരമുള്ള ക്രമമനുസരിച്ച് ഇത്രാമത്തെ മേളത്തിലുള്ളതാണ് ഇന്ന രാഗമെന്നു കാണിപ്പാൻ, രാഗനാമത്തിന്നു മുമ്പു സംഖ്യാക്ഷരം ചേർത്തു ജനതോഡി, മായാമാളവഗൌളം എന്നൊക്കെ നിർദ്ദേശിച്ചാലും ആ എട്ടാമത്തെ മേളത്തിലും പതിനഞ്ചാമത്തെ മേളത്തിലും വരുന്ന സ്വരങ്ങൾ ഏതെല്ലാമാണെന്നറിവാൻ ആദ്യം കണക്കാക്കിനോക്കേണ്ടിവന്നേക്കും. പരിചിതന്മാക്ക് അത് അത്രത്തോളം ആവശ്യം വരില്ലെങ്കിലും അപരിചിതന്മാരായ ജിജ്ഞാസുക്കളെ ഉദ്ദേശിച്ചാണല്ലോ ഈ മേളവിഭാഗപ്രതിപാദനം. ജനതോഡി എന്നതിന്നു പകരം നേത്രശ്രീതോഡി എന്നും മായാമാളവഗൌളം എന്നതിന്നു പകരം അഗ്നിഗോമാളവഗൌളം എന്നും ധീരശങ്കരാഭരണം എന്നതിന്നു പകരം ബാണഗോശങ്കരാഭരണം എന്നും മററുമാണ് നിർദ്ദേശിച്ചിരുന്നതെങ്കിൽ മേളങ്ങളെ ചക്രങ്ങളായി വിഭജിച്ചിട്ടുള്ളതിനോടു ബന്ധവും ആ ചക്രവിഭാഗത്തിന്ന് അല്പം ഒരർത്ഥവുമെങ്കിലും ഉണ്ടാകുമായിരുന്നു. അതിന്നു പുറമെ മായാമാളവഗൌളം, ധീരശങ്കരാഭരണം എന്നെല്ലാമാണ് ആവക രാഗങ്ങളുടെ പേരുകൾ എന്നു ശിഷ്യന്മാക്കു ഭ്രമത്തിന്നിടവരുത്തുന്നതും കൂടാ

തെ കഴിക്കാമായിരുന്നു. ഏതായാലും അവരുടെ മേളവിഭാഗമാൎഗ്ഗത്തിൽ ഇങ്ങനെയുള്ള ക്ലേശങ്ങളും കുഴപ്പങ്ങളും ശിഷ്യൎക്കു നേരിടുവാൻ ഇടയുള്ളതുകൊണ്ടാണ് അവരുടെ മാൎഗ്ഗത്തെ ആദരിക്കാതെ രാഗവിശേഷങ്ങളുടെ സ്വരവിശേഷങ്ങളറിവാൻ ലഘുവും അപൂൎവ്വവുമായ മറെറാരു മേളവിഭാഗമാൎഗ്ഗവും അതനുസരിച്ചുള്ള രാഗവിശേഷനിൎദ്ദേശവും ഈ ഗ്രന്ഥത്തിൽ സ്വീകരിച്ചിരിക്കുന്നത്.

സൂ—സങ്കീൎണ്ണമധ്യമാസംഗ്രഹേണ മേളവിഭാഗസ്യാപൂൎണ്ണത്വാച്ച.
ഹൃന്നരി

ഭാ—അവരുടെ മേളവിഭാഗത്തിൽ ശുദ്ധമധ്യമം ഗാന്ധാരകാൎയ്യകാരിയും സാരംഗാദിരാഗങ്ങൾക്കവലംബവുമായ സങ്കീൎണ്ണമധ്യമഘടിതമേളങ്ങളെക്കാണിക്കാത്തതുകൊണ്ട് ആ മേളവിഭാഗത്തിന്ന് അപൂൎണ്ണതാദോഷവുമുണ്ട്. അതിനാലും ആ മേളവിഭാഗം ഇവിടെ സ്വീകരിക്കാഞ്ഞതാണ്. പ്രസിദ്ധങ്ങളും വിഭിന്നനാദങ്ങളുമായ പന്തിരണ്ടു സ്വരങ്ങളെ അവലംബിച്ചാണ് മേളസംഖ്യ നിൎണ്ണയിക്കുന്നതെങ്കിൽ മുപ്പത്തിരണ്ടു മേളങ്ങളേ ഉള്ളൂ. എഴുപത്തിരണ്ടില്ല. സ്ഥാനഭേദമില്ലാതെ ഒരു സ്വരത്തെത്തന്നെ രണ്ടു സ്വരങ്ങളുടെ നിലയിൽക്കല്പിച്ചിട്ടുള്ള സങ്കീൎണ്ണങ്ങളെ വേറെ വേറെ സ്വരങ്ങളാക്കിത്തന്നെ ഗണിച്ചിട്ടാണെങ്കിൽ എഴുപത്തിരണ്ടല്ല, അവർ കണക്കാക്കുന്ന രീതിയനുസരിച്ചു ശുദ്ധമധ്യമസ്ഥാനത്തുള്ള ഗാന്ധാരത്തിന്നു ശുദ്ധഷഡ്ജത്തോടും രണ്ടു വികൃതഷഡ്ജങ്ങളോടും പ്രത്യേകം യോഗം വരുന്നതിനാലും ആ യോഗത്തിനോരോന്നിന്നും, ഉത്തരഭാഗത്തെ ആറുതരം യോഗങ്ങളോടു പ്രത്യേകം യോഗം വരുന്നതിനാലും പതിനെട്ടുതരം മേളങ്ങൾ കൂടിയുണ്ട്. അങ്ങനെ ആകെ തൊണ്ണൂറു മേളങ്ങൾ സംഭവിക്കുന്നതാണ്. എമ്പത്തിനാലു മേളങ്ങൾ എന്നിവിടെഗ്ഗണിച്ചിരിക്കുന്നതാകട്ടേ, ശുദ്ധഗാന്ധാരം അന്തരഗാന്ധാരത്തോടു ചേൎന്നു സങ്കീൎണ്ണഗാന്ധാരമാകുമ്പോൾ അതിന്നു ശുദ്ധഷഡ്ജത്തോടോ വികൃതഷഡ്ജത്തോടോ ചേരായ്കയെന്ന ഋഷഭകാൎയ്യകാരിത്വമുണ്ടെന്നല്ലാതെ അത് ഋഷഭസ്വരവുംകൂടിയായിത്തീരുന്നില്ലെന്നും അതിനാൽ ഗാന്ധാരകാൎയ്യകാരിയായ സങ്കീൎണ്ണമധ്യമത്തിന്നു ശുദ്ധവികൃതഷഡ്ജങ്ങളോടു മാത്രമേ യോഗം വരുള്ളൂ എന്നും ഉള്ള മതമനുസരിച്ചാണ്. ആ സ്വരത്തെ ഷട്ശ്രുതികഷഡ്ജമെന്ന വികൃതഷഡ്ജമാണെന്നു പറയുന്നവൎക്ക് അതിനോടും സങ്കീൎണ്ണമധ്യമത്തിന്റെ യോഗം സ്വീകരിക്കാതെ കഴികയില്ല. വികൃതഷഡ്ജസാധാരണഗാന്ധാരങ്ങളെയും വികൃതധൈവതകൈശികനിഷാദങ്ങളെയുമായി നാലു സ്വരങ്ങളെ മാത്രമേ സങ്കീൎണ്ണങ്ങളായി സ്വീകരിക്കുന്നുള്ളൂ. ശുദ്ധമധ്യമത്തെ സങ്കീൎണ്ണസ്വരമായി സ്വീകരിക്കുന്നില്ല. എന്നാണെങ്കിൽ എന്തിനുവേണ്ടി വികൃതഷഡ്ജത്തെ ഗാന്ധാരമായും സാധാരണഗാന്ധാരത്തെ ഋഷഭമായും മററും സ്വീകരിക്കുന്നുവെന്നു ചോദിക്കുന്നു. വരാളി മുതലായ രാഗങ്ങളിൽ ഗാന്ധാരസിദ്ധിക്കും നാടരാഗം മുതലായതിൽ ഋഷഭസിദ്ധിക്കും വേണ്ടിയാണ് അങ്ങനെ സ്വീകരിക്കുന്നത് എന്നാണെങ്കിൽ സാരംഗം മുതലായ രാഗങ്ങളിൽ ഗാന്ധാരസിദ്ധിക്കുവേണ്ടി ശുദ്ധമധ്യമത്തെ ഗാന്ധാരത്തിന്റെ നിലയിലും സ്വീകരിക്കേണ്ടതുണ്ട്. അപ്പോൾ പന്തിരണ്ടു നാദവിശേഷങ്ങൾക്കു പതിനാറു സ്വരങ്ങളല്ല പതിനേഴു സ്വരങ്ങളാണെന്നു പറകയും വേണം. മേളങ്ങൾ തൊണ്ണൂറുണ്ടെന്നും സ്വീകരിക്കേണ്ടതുണ്ട്.

സൂ—തദസംഗ്രഹേ രാഗപ്രകരണഗതസ്വോക്തിവിരോധാച്ച. ഹൃന്നന

ഭാ—ശുദ്ധമധ്യമവും വികൃതമധ്യമവും പ്രത്യേകം ഓരോരോ രാഗങ്ങളിൽ വരുമെന്നല്ലാതെ സങ്കീൎണ്ണത്തിന്റെ നിലയിൽ രണ്ടുംകൂടി ഒരു രാഗത്തിലും വരില്ലെന്നും അതിനാൽ

സങ്കീൎണ്ണമധ്യമഘടിതമേളങ്ങളെ സ്വീകരിക്കുന്നില്ലെന്നും പറയുന്നതാകട്ടേ രാഗപ്രകരണത്തിൽ സാരംഗരാഗത്തിൻെറ ലക്ഷണം വിവരിക്കുമ്പോൾ ആ ഗ്രന്ഥകാരന്മാർതന്നെ പറഞ്ഞിട്ടുള്ളതിന്നു വിരുദ്ധവുമാണ്. എങ്ങനെയെന്നാൽ, ശാന്തകല്യാണി എന്നവർ പറയുന്ന കല്യാണീരാഗത്തിൽനിന്നു ജന്യങ്ങളെന്ന നിലയിൽ അവർ പറയുന്ന രാഗങ്ങളുടെ വൎഗ്ഗത്തിലാണ് സാരംഗത്തെ ഗണിക്കുന്നതെങ്കിലും ആ രാഗത്തിൻെറ ലക്ഷണം പറയുന്നതു കല്യാണീരാഗത്തിലില്ലാത്ത ശുദ്ധമധ്യമത്തെ ഘടിപ്പിച്ചു,

"ശുദ്ധമധ്യമഗാന്ധാരം കൃത്വാ ഗേയോ ദിനാത്യയേ."
"സായം ഗേയസ്തു സാരംഗഃ ശുദ്ധമധ്യമഗാന്വിതഃ."

എന്നിങ്ങനെ ആ രാഗം ശുദ്ധമധ്യമംഗാന്ധാരമായിട്ടുള്ള മേളത്തിലുള്ളതാണെന്നാണ്. അതുകൊണ്ടുതന്നെ സാരംഗം കല്യാണിക്കാശ്രയമായിട്ടുള്ള മേളത്തിലുള്ളതല്ലെന്നും ആ വൎഗ്ഗത്തിൽ ചേൎത്തു പറയുന്നതു ശരിയാകുന്നതല്ലെന്നും സ്പഷ്ടമാകുന്നുമുണ്ട്. ഗോവിന്ദാചാൎയ്യനാകട്ടേ വാചസ്പതിരാഗത്തിന്നവലംബമായ മേളത്തിലുള്ളതാണ് സാരംഗമെന്നാണ് പറയുന്നത്. എന്നുവെച്ചാൽ സാരംഗത്തിലെ നിഷാദം കാകളിയല്ല, കൈശികനിഷാദമാണ് എന്നു മാത്രമേ ആ മതത്തിൽ വ്യത്യാസമുള്ളു. ഗാന്ധാരകാൎയ്യം ശുദ്ധമധ്യമമാണ് നിൎവ്വഹിക്കുന്നതെന്ന സംഗതി ആ ഗ്രന്ഥകാരനും സമ്മതമാണ്. പ്രയോഗത്തിലാകട്ടേ, ഷഡ്ജം, വികൃതഋഷഭം, ശുദ്ധമധ്യമം, വികൃതമധ്യമം, പഞ്ചമം, വികൃതധൈവതം കാകളിനിഷാദം ഇവയാണ് സാരംഗത്തിലെ സ്വരങ്ങളെന്നതിന്നു സംശയവുമില്ല. അതിനാൽ സങ്കീൎണ്ണമധ്യമഘടിതമേളങ്ങളെ സ്വീകരിക്കാതെ രാഗപ്രകരണത്തിലുള്ള സ്വഗ്രന്ഥംപോലും സംഗതമാകയില്ലെന്നു താൽപൎയ്യം. ഇനി ആ വക ഒന്നോ രണ്ടോ പ്രസിദ്ധരാഗങ്ങൾക്കുവേണ്ടി ശുദ്ധമധ്യമത്തിൽ ഗാന്ധാരസങ്കരം സ്വീകരിച്ചു മേളസംഖ്യ വൎദ്ധിപ്പിക്കുന്നതിനേക്കാൾ അത്രത്തോളം സൂക്ഷ്മസ്ഥിതിയിലേക്കു പോകാതെ പ്രസിദ്ധമായ കല്യാണീമേളത്തിലോ വാചസ്പതിമേളത്തിലോ സാരംഗത്തെയും മററും ഉൾപ്പെടുത്തുന്നതാണ് ലാഘവം എന്നാണെങ്കിൽ വസ്തുസ്വഭാവത്തിന്നു യോജിക്കാത്ത ആ മാതിരി ലാഘവവും കുരുട്ടുയുക്തിയും ഒരു ശാസ്ത്രത്തിൽ സ്വീകരിക്കാവുന്നതല്ല. എന്നു മാത്രമല്ല, കനകാംബരി മുതലായ പല രാഗങ്ങളും സാരംഗത്തേക്കാൾ അപ്രസിദ്ധങ്ങളാകയാൽ ആ വക രാഗങ്ങളുടെ ഉപപത്തിക്കുവേണ്ടി സങ്കീൎണ്ണഋഷഭധൈവതങ്ങളെ സ്വീകരിക്കാതെ സാധാരണ ഗാന്ധാരകൈശികനിഷാദഘടിതമേളങ്ങളിലും മററും അവയെയും ലാഘവം മാത്രം നോക്കി ഉൾപ്പെടുത്തിഗ്ഗണിക്കേണ്ടതായും വരും. സോമനാഥൻ മുതലായ ഗ്രന്ഥകാരന്മാർ ശുദ്ധമധ്യമത്തെ തീവ്രതമഗാന്ധാരമെന്ന ഗാന്ധാരമായി പ്രതിപാദിക്കയും സാരംഗാദിരാഗങ്ങൾ ആ ഗാന്ധാരം ചേൎന്ന മേളത്തിലുള്ളതായി സ്വീകരിക്കയും ചെയ്തിട്ടുണ്ടെന്നു തന്നെയല്ല ആ മേളത്തിന്നു സാരംഗമേളമെന്നു സംജ്ഞയും നൽകീട്ടുണ്ട്.

സൂ—ഏതേന ദക്ഷിണേ ദ്വിസപ്തത്യധികം മേളം കല്പയിതും മഹേശ്വരേണാപി ന ശക്യത ഇതി വെങ്കടമഖിനാമവിവേകോക്തിരപി പരാസ്താ. ൧൩൦

ഭാ—മേൽക്കാണിച്ച സംഗതികൊണ്ടുതന്നെ എഴുപത്തിരണ്ടിലധികമായിട്ടോ കുറവായിട്ടോ മേളങ്ങളെ ദക്ഷിണപ്രസ്ഥാനത്തിലുള്ള പന്തിരണ്ടു സ്വരങ്ങളെക്കൊണ്ടു കല്പിക്കുവാൻ ആരെക്കൊണ്ടും സാധിക്കില്ല, ശ്രീപരമേശ്വരനെക്കൊണ്ടുപോലും സാധിക്കില്ല എന്നും മററും വെങ്കടമഖി പറഞ്ഞിട്ടുള്ള അവിവേകവചനവും ശരിയാകുന്നതല്ലെന്നു കാണിച്ചു കഴിഞ്ഞു. ആ ഗ്രന്ഥകാരൻ വിവേകം കൂടാതെ പറയുന്നതു നോക്കുക—

"യദി കശ്ചിന്മദുന്നീതമേളേഭ്യസ്ത്വദ്വിസപ്തതേഃ
ന്യൂനം വാപ്യധികം വാപി പ്രസിദ്ധദ്വാദശസ്വരൈഃ
കല്പയേന്മേളനം തർഹി മമായാസോ വൃഥാ ഭവേൽ
ന ഹി തൽകല്പനേ ഫാലലോചനോപി പ്രഗല്ഭതേ."

ഈ വചനം കുറെയധികം കടന്നുപോയിയെന്നു പറയേണ്ടതില്ലല്ലോ. ഫാലലോചനൻെറ അടുക്കലൊന്നും പോകാതെ എന്തിനുവേണ്ടി ഋഷഭഗാന്ധാരധൈവതനിഷാദങ്ങളെ സങ്കീർണ്ണങ്ങളായി സ്വീകരിക്കുന്നുവോ അപ്രകാരമുള്ള രാഗപ്രയോഗോപപത്തിക്കു വേണ്ടിത്തന്നെ മദ്ധ്യമത്തെയും സങ്കീർണ്ണമായി സ്വീകരിക്കണമെന്നും അതിനാൽ പന്തിരണ്ടു സ്വരങ്ങളെക്കൊണ്ട് എഴുപത്തിരണ്ടിലധികം മേളങ്ങളുണ്ടെന്നും യുക്ത്യനുഭവങ്ങൾ നോക്കുന്ന സാധാരണ ജനങ്ങൾക്കുതന്നെ അറിവാൻ പ്രഗല്ഭതയുള്ളതാണ്.

ഇനി സോമനാഥൻ മുതലായവരുടെ മതം കാണിക്കുന്നു:—

സൂ—സോമനാഥാദയസ്തു പ്രായസ്സർവ്വാസു ശ്രുതിഷു സ്വരഭേദാനംഗീകൃത്യ ചതുരശ്ചതുരോരിധനിൻ പഞ്ചഗാംസ്ത്രീന്മാംസ്തേഷാം മിഥോ വിവിധമേളനൈരേകാദശോത്തരാണി ഷട്ശതാനി മേളാംശ്ച വദന്തി. ൧൩൭

ഭാ—സോമനാഥൻ മുതലായവരാകട്ടേ സ്വരപ്രകാശത്തിൽ കാണിച്ചപ്രകാരമുള്ള അവരുടെ മതമനുസരിച്ച് ഇരുപത്തിരണ്ടു ശ്രുതികളുള്ളതിൽ മിക്കതിലും എന്നു വെച്ചാൽ ഷഡ്ജപഞ്ചമങ്ങൾക്കുശേഷം ഈരണ്ടു ശ്രുതികളും ശുദ്ധമദ്ധ്യമത്തിന്നുശേഷം ഒരു ശ്രുതിയും ഒഴിച്ചു ശേഷമുള്ള പതിനേഴു ശ്രുതികളിലും വിഭിന്നസ്വരങ്ങളെ സ്വീകരിക്കുന്നു. അവയിൽ ചിലതിൽ ഒന്നിലധികം സ്വരങ്ങളെയും സ്വീകരിക്കുന്നുണ്ട്. സ്വരങ്ങൾക്കുള്ള ഭേദം പൂർവ്വസ്വരത്തിൻെറ നിലയനുസരിച്ചുണ്ടാകുന്നതാണെന്ന് അതിന്ന് ഒരു ന്യായവും പറയുന്നു. അങ്ങനെ ഋഷഭം, ധൈവതം, നിഷാദം എന്നീ സ്വരങ്ങൾ നന്നാലും ഗാന്ധാരം അഞ്ചും മദ്ധ്യമം മൂന്നും ഷഡ്ജപഞ്ചമങ്ങൾമാത്രം ഓരോന്നുമായി പതിനേഴു ശ്രുതികളിലായി ഇരുപത്തിരണ്ടു സ്വരങ്ങൾ. ഷഡ്ജത്തിൽനിന്നു മൂന്നാമത്തെ ശ്രുതിയിൽ ശുദ്ധഋഷഭം, നാലാമത്തേതിൽ തീവ്രഋഷഭം, അഞ്ചാമത്തേതിൽ തീവ്രതരഋഷഭം, ആറാമത്തേതിൽ തീവ്രതമഋഷഭം ഇങ്ങനെ ഋഷഭം നാല്. ഷഡ്ജത്തിൽനിന്ന് അഞ്ചാമത്തേതിൽ തീവ്രതരഋഷഭസ്ഥാനത്തുതന്നെ ശുദ്ധഗാന്ധാരം, ആറാമത്തേതിൽ തീവ്രതമഋഷഭസ്ഥാനത്തു തീവ്രഗാന്ധാരം, ഏഴാമത്തേതിൽ അന്തരഗാന്ധാരം, എട്ടാമത്തേതിൽ മൃദുമഗാന്ധാരം, ഒമ്പതാമത്തേതിൽ ശുദ്ധമദ്ധ്യമസ്ഥാനത്തു തീവ്രതമഗാന്ധാരം ഇങ്ങനെ ഗാന്ധാരം അഞ്ച്: ഒമ്പതാമത്തേതിൽ ശുദ്ധമദ്ധ്യമം, പതിനൊന്നാമത്തേതിൽ തീവ്രതരമദ്ധ്യമമായ പ്രതിമദ്ധ്യമം, പന്തിരണ്ടാമത്തേതിൽ മൃദുപമദ്ധ്യമം ഇങ്ങനെ മദ്ധ്യമം മൂന്ന്: പതിമ്മൂന്നാമത്തേതിൽ പഞ്ചമം. പതിനാറാമത്തേതിൽ ശുദ്ധധൈവതം, പതിനേഴിൽ തീവ്രധൈവതം, പതിനെട്ടിൽ തീവ്രതരധൈവതം, പത്തൊമ്പതിൽ തീവ്രതമധൈവതം ഇങ്ങനെ ധൈവതം നാല്. തീവ്രതരധൈവതസ്ഥാനമായ പതിനെട്ടിൽ ശുദ്ധനിഷാദം, തീവ്രതമ ധൈവതസ്ഥാനമായ പത്തൊമ്പതിൽ തീവ്രനിഷാദം, ഇരുപതിൽ തീവ്രതരനിഷാദമായ കാകളിനിഷാദം, ഇരുപത്തൊന്നിൽ തീവ്രതമ നിഷാദമായ മൃദുസനിഷാദം ഇങ്ങനെ നിഷാദം നാല്. ഇരുപത്തിരണ്ടിൽ താരഷഡ്ജം. ഇപ്രകാരം അഞ്ചു ശ്രുതികളിൽ സ്വരമില്ലാതെയും അഞ്ചു ശ്രുതികളിൽ ഈരണ്ടു സ്വരങ്ങളായും ഇരുപത്തിരണ്ടു ശ്രുതികളിൽ ഇരുപത്തിരണ്ടു സ്വരങ്ങൾ എന്നർത്ഥം. സ്പഷ്ടതക്കുവേണ്ടി മണ്ഡലപ്രസ്താരംകൊണ്ടും ഈ സ്വരവ്യവസ്ഥിതി ഇവിടെയും കാണിക്കാം—

ശ്രുതി	സ്വരം
	സ
1	
2	
3	ശുദ്ധ രി
4	തീവ്ര രി
5	തീവ്രതര രി. ശു ഗ
6	തീവ്രതമ രി. തീവ്ര ഗ
7	തീവ്രതര ഗ
8	മൃദു ഗ
9	തീവ്രതമ ഗ. ശു. മ
10	
11	തീവ്രതര മ
12	മൃദുപ മ
13	പ
14	
15	
16	ശു. ധ
17	തീവ്ര ധ
18	തീവ്രതര ധ. ശു നി
19	തീവ്രതമ ധ. തീവ്ര നി
20	തീവ്രതര നി
21	മൃദുസ നി
22	സ

ഈ സ്വരവ്യവസ്ഥയനുസരിച്ച നാലുവിധം ഋഷഭങ്ങളിൽ ശുദ്ധർഷഭവും തീവ്രർഷഭവും അഞ്ചുതരം ഗാന്ധാരങ്ങളോടും തീവ്രതരർഷഭം നാലുതരം ഗാന്ധാരങ്ങളോടും തീവ്രതമർഷഭം മൂന്നുതരം ഗാന്ധാരങ്ങളോടും പ്രത്യേകം ചേരുന്നതിനാൽ ഋഷഭഗാന്ധാരയോഗങ്ങൾതന്നെ പതിനേഴ തരത്തിൽ വരുന്നു. അതിൽ നാലുതരം ഋഷഭങ്ങളുടെയും തീവ്രതമ ഗാന്ധാരത്തോടുള്ള യോഗങ്ങൾ നാലും ഒഴിച്ച ശേഷം പതിമ്മൂന്ന യോഗങ്ങളും മൂന്നു തരത്തിലുള്ള മദ്ധ്യമങ്ങളിലോരോന്നിനോടും ചേൎന്ന മുപ്പത്തൊമ്പതു വിധവും തീവ്രതമ ഗാന്ധാരത്തോടുള്ള ഋഷഭയോഗങ്ങൾ നാലും തീവ്രതരമദ്ധ്യമത്തോടും മൃദുപമദ്ധ്യമത്തോടും പ്രത്യേകം ചേരുന്നതിനാൽ എട്ടു വിധവുമായി രിഗമസ്വരങ്ങൾ നാല്പത്തേഴ വിധത്തിൽ വരുന്നു. ശുദ്ധ തീവ്രധൈവതങ്ങൾ നാലുതരം നിഷാദങ്ങളോടും തീവ്രതരധൈവതം മൂന്നുതരം നിഷാദങ്ങളോടും തീവ്രതമധൈവതം രണ്ടുതരം നിഷാദങ്ങളോടും പ്രത്യേകം ചേരുന്നതിനാൽ ധൈവതനിഷാദയോഗങ്ങൾ പതിമ്മൂന്നു വിധത്തിലും വരുന്നു. ആ പതിമ്മൂന്നിലോരോന്നിനോടും നാല്പത്തേഴ വിധത്തിലുള്ള രിഗമ യോഗങ്ങളിലോരോന്നും പ്രത്യേകം യോജിക്കുന്നതിനാൽ ആകെ അറനൂററിപ്പതിനൊന്നു മേളങ്ങളും സംഭവിക്കുന്നു. അതിൽ സൎവ്വശുദ്ധമേളം ഒന്ന്. മററെല്ലാം ഒന്നോ, രണ്ടോ, മൂന്നോ, നാലോ, അഞ്ചോ വികൃതസ്വരം ഘടിച്ചിട്ടുള്ളതായിരിക്കുന്നവയാണ്. സോമനാഥനാകട്ടേ,

"അഥ കഥ്യന്തേ മേളാഃ ക്രമരൂപാസ്തേ ഭവന്തി ഖരസാങ്കാഃ."

എന്നു തുടങ്ങിയ ഗ്രന്ഥത്താൽ ഭൂതസംഖ്യാനിയമപ്രകാരം ആകാശം ശൂന്യവും രസം ആറും അങ്കമെന്ന അക്കം ഒമ്പതുമാണെന്നതനുസരിച്ച തൊള്ളായിരത്തറുപതു മേളങ്ങൾ ആകെയുണ്ടെന്നാണ' പറയുന്നതെങ്കിലും അതിൽ പലതും സംഭവിക്കാത്തതാകയാൽ ആ സംഖ്യ ശരിയല്ല. നാലുതരം ഋഷഭങ്ങളും അഞ്ചുതരം ഗാന്ധാരങ്ങളോടു ചേൎന്ന് ഇരുപത് ഋഷഭഗാന്ധാരയോഗങ്ങൾ. ആ ഇരുപതും മൂന്നു മധ്യമങ്ങളോടു ചേൎന്ന് അറുപത്. നാലു ധൈവതങ്ങളും നാലു നിഷാദങ്ങളോടു ചേൎന്നുണ്ടാകുന്ന പതിനാറു യോഗങ്ങളോടും ആ അറുപതു രിഗമ യോഗങ്ങളിലോരോന്നും ചേൎന്ന് ആകെ തൊള്ളായിരത്തറുപതു മേളങ്ങൾ. അതിൽ ഒന്നു സൎവ്വശുദ്ധം: തൊള്ളായിരത്തമ്പത്തൊമ്പതു വികൃതഘടിതങ്ങൾ. ഇങ്ങനെയെല്ലാമാണ് ആ ഗ്രന്ഥകാരൻ കണക്കാക്കുന്നത്. നാല് ഋഷഭങ്ങളിൽ ശുദ്ധരിയും തീവ്രരിയും മാത്രമേ അഞ്ചു ഗാന്ധാരത്തോടും ചേരുള്ളൂ. തീവ്രതരരിയും തീവ്രതമരിയും ഓരോ ഗാന്ധാരസ്ഥാനങ്ങളിൽത്തന്നെയായതിനാൽ ആ ഗ്രന്ഥകാരൻ പറയുന്ന പൂൎവ്വസ്വരാപേക്ഷാനിയമമനുസരിച്ചാൽപോലും തീവ്രതരരി നാലു ഗാന്ധാരങ്ങളോടും തീവ്രതമരി മൂന്നു

ഗാന്ധാരങ്ങളോടും മാത്രമേ ചേരുളളു. അതുപോലെ തീവ്രതമഗ ശുദ്ധമദ്ധ്യമസ്ഥാനത്താക യാൽ അതിന്നു മററ രണ്ടു മദ്ധ്യമങ്ങളോടേ യോഗം വരുളളൂ. അതിനാൽ രിഗമ യോഗ ങ്ങാം ഇവിടെക്കാണിച്ച വിധത്തിൽ നാല്പത്തേഴേ വരുളളൂ. അറപതു വരില്ല. ധനിയോ ഗങ്ങളും പതിമ്മൂന്നേ വരുളളൂ. പതിനാറ വരില്ല. അതുകൊണ്ട് ആ ഗ്രന്ഥകാരൻ പറ യുന്ന സ്വരക്രമപ്രകാരംപോലും അദ്ദേഹം കാണിച്ച ഖരസാങ്കാഃ എന്ന തൊള്ളായിരത്തറ പതു മേളങ്ങാം സംഭവിക്കുന്നതല്ല.

അഹോബിലമതം കാണിക്കുന്നു:—

സൂ—അഹോബിലസ്തു സർവ്വാസ്വപി ശ്രുതിഷു സ്വരവിശേഷാംഗീകാ രേണ ഷഡ്വിധാൻ രിധഗാൻ പഞ്ചവിധം നിം ചതുർവ്വിധം മം തേഷാം യഥാ യഥം മേളനേന ഷട്ത്രിംശദധികസപ്തശതോത്തരസഹസ്രദ്വയം മേളാംശ്ചാ ഹ. എന്നൻ

ഭാ—അഹോബിലനാകട്ടേ, എല്ലാ ശ്രുതികളിലും സ്വരവിശേഷങ്ങളെ സ്വീകരി ച്ച രിഗധകാം ആറാറ വിധത്തിലും നി അഞ്ചു വിധത്തിലും മ നാലു വിധത്തിലുമുണ്ടെന്നും അവ തമ്മിൽ യുക്തംപോലെ വരുന്ന യോഗങ്ങാംകൊണ്ടു രണ്ടായിരത്തെഴുനൂററി മുപ്പത്താ റവിധം പൂർണ്ണമേളങ്ങാം സംഭവിക്കുന്നതാണെന്നും പറയുന്നു. എങ്ങനെയെന്നാൽ, പൂർവ്വരി, കോമളരി, ശുദ്ധരി, തീവ്രരി ,തീവ്രതരരി, തീവ്രതമരി ഇങ്ങനെ ഷഡ്ജത്തിൽനിന്ന് ഒന്നാമത്തെ ശ്രുതിമുതൽ ക്രമത്തിൽ ആറ ശ്രുതികളിലായി ഋഷഭം ആറവിധം. നാലാംശ്രുതി മുതൽ ഒമ്പതാംശ്രുതികൂടി ക്രമത്തിൽ ആറ ശ്രുതികളിൽ കോമളഗ, ശുദ്ധഗ, തീവ്രഗ, തീവ്രതരഗ, മൃദുമഗ, തീവ്രതമഗ ഇങ്ങനെ ഗാന്ധാരം ആറവിധം. ഒമ്പതാംശ്രുതിമുതൽ പന്തിരണ്ടാം ശ്രുതികൂടി നാലു ശ്രുതികളിൽ ശുദ്ധമ, തീവ്രമ, തീവ്രതരമ, മൃദുപമ ഇങ്ങനെ മദ്ധ്യമം നാലു വിധം. പതിമ്മൂന്നാം ശ്രുതിയിൽ പഞ്ചമം. പതിന്നാലു മുതൽ പത്തൊമ്പതുംകൂടെ ആറ ശ്രുതികളിൽ പൂർവ്വധ,കോമളധ, ശുദ്ധധ, തീവ്രധ, തീവ്രതരധ, തീവ്രതമധ ഇങ്ങനെ ധൈവ തം ആറവിധം. പതിനേഴ മുതൽ ഇരുപത്തൊന്നുംകൂടെ അഞ്ചു ശ്രുതികളിൽ കോമളനി, ശുദ്ധനി, തീവ്രനി, തീവ്രതരനി, മൃദുസനി ഇങ്ങനെ നിഷാദം അഞ്ചുവിധം. ഇരുപത്തിര ണ്ടിൽ താരഷഡ്ജം, ഇപ്രകാരമാണ് അഹോബിലപണ്ഡിതന്റെ സ്വരവിഭാഗം. അങ്ങ നെ ഇരുപത്തിരണ്ടു ശ്രുതികളിലായി ഇരുപത്തൊമ്പതു സ്വരങ്ങാം. അതിൽ പൂർവ്വരി, കോമളരി, ശുദ്ധരി, ഇവ മൂന്നും ആറവിധം ഗാന്ധാരങ്ങളോടും തീവ്രരി അഞ്ചുവിധം ഗാ ന്ധാരങ്ങളോടും തീവ്രതരരി നാലുവിധം ഗാന്ധാരങ്ങളോടും തീവ്രതമരി മൂന്നുവിധം ഗാ ന്ധാരങ്ങളോടും പ്രത്യേകം ചേൎന്നു മുപ്പതുതരം രിഗയോഗങ്ങാം. അവയിൽ തീവ്രതമഗാ ന്ധാരത്തോടുള്ള ആറ യോഗങ്ങാം ഒഴിച്ചു ശേഷമുള്ള ഇരുപത്തിനാലു യോഗങ്ങളും നാലു തരം മദ്ധ്യമങ്ങളോടും ചേൎന്നു തൊണ്ണൂററാറും തീവ്രതമഗാന്ധാരത്തോടുള്ള ഋഷഭയോഗങ്ങാം ആറും മൂന്നുതരം മദ്ധ്യമങ്ങളോടും ചേൎന്നു പതിനെട്ടുമായി നൂററിപ്പതിന്നാലുവിധം രിഗമ യോഗങ്ങാം സംഭവിക്കുന്നു. ധൈവതങ്ങളിൽ പൂർവ്വധ, കോമളധ, ശുദ്ധധ ഇവ മൂന്നും അഞ്ചുവക നിഷാദത്തോടും തീവ്രധ നാലുവക നിഷാദത്തോടും തീവ്രതരധ മൂന്നുവക നി ഷാദത്തോടും തീവ്രതമധ രണ്ടുവക നിഷാദത്തോടും ചേൎന്നു ധനിയോഗങ്ങാം ഇരുപത്തിനാ ലുവിധവും സംഭവിക്കുന്നു. ഇങ്ങനെ രിഗമയോഗങ്ങളിലോരോന്നും ധനിയോഗങ്ങളിലോ രോന്നിനോടും പ്രത്യേകം ചേരുന്നതിനാൽ ആകെ രണ്ടായിരത്തെഴുനൂററിമുപ്പത്താറ പൂർണ്ണ മേളങ്ങാം സംഭവിക്കുന്നതാണ്. ഇപ്രകാരമാണ് അഹോബിലമതം.

സൂ—മതദ്വയമപീദമനുപപന്നം. ശ്രുതീനാം സ്വരാംശതായാ ഏവ തന്ത്രസിദ്ധത്വേന താസാം സർവ്വാസാം സ്വരത്വേ ശ്രുതികല്പനവൈയർത്ഥ്യാപത്തേഃ. ൨൦

ഭാ—ആ സോമനാഥാദിമതവും അഹോബിലമതവും സംഗീതശാസ്ത്രസിദ്ധാന്തത്തിന്നു യോജിക്കാത്തതിനാൽ യുക്തമായിരിക്കുന്നില്ല. ശ്രുതികൾ എന്നത് ഓരോ സ്വരത്തിൻെറയും അംശമായി രണ്ടു സ്വരങ്ങൾക്കിടയിലും മററും ഉണ്ടാകുന്ന സ്വരാംശനാദങ്ങളാണെന്നാണ് ഭരതമുനി മുതലായ സംഗീതശാസ്ത്രദ്രഷ്ടാക്കന്മാർ വ്യവസ്ഥാപിച്ചിട്ടുള്ളത്. ഒന്നിലധികം ശ്രുതികൾ കൂടുമ്പോഴേ സ്വരമാകയുള്ളൂ എന്നും അവർ സ്പഷ്ടമായിക്കാണിച്ചിട്ടുണ്ട്. എല്ലാ ശ്രുതികളും പ്രത്യേക സ്വരങ്ങളാണെന്നു സ്വീകരിക്കുന്നതായാൽ ആ മുനിസിദ്ധാന്തത്തിന്നു വിരോധം വരുമെന്നു മാത്രമല്ല, ശ്രുതി എന്നൊന്നു കല്പിക്കയോ അതിനെ വിഭജിക്കയോ വേണ്ടിവരികതന്നെയുമില്ല. ഇരുപത്തിരണ്ടു സ്വരങ്ങൾ വിഭിന്നസ്ഥാനങ്ങളിലുണ്ടെന്നും ചില സ്ഥാനങ്ങളിൽ പൂർവ്വസ്വരസാപേക്ഷമായി ഒന്നിലധികം സ്വരങ്ങളുണ്ടെന്നും മാത്രം സ്വീകരിച്ചാൽ മതി. ശ്രുതികൾക്കു കൊടുത്തിട്ടുള്ള തീവ്ര, കുമുദ്വതി മുതലായ സംജ്ഞകളും വേണമെങ്കിൽ സ്വരങ്ങൾക്കു കൊടുത്തു വേർതിരിക്കാം. സ്ഥായിയിലുൾപ്പെട്ട വിഭിന്നനാദങ്ങളെ ശ്രുതികളെന്നു ഗണിക്കേണ്ടതിൻെറ പ്രസ്താവംപോലും സംഗീതശാസ്ത്രത്തിൽ ആവശ്യമില്ലെന്നു വരുമെന്നർത്ഥം. അതിന്നുംപുറമെ ഒരു സ്വരത്തിൽനിന്ന് ഒരു ശ്രുതിമാത്രം കുറഞ്ഞ നാദത്തെ മൃദുമഗാന്ധാരം, മൃദുപമദ്ധ്യമം, മൃദുസനിഷാദം എന്നിങ്ങനെ പൂർവ്വസ്വരത്തിൻെറ വകഭേദമായി അമാത്യവെങ്കടമഖികളെപ്പോലെ ഇവരും ഗണിച്ചിരിക്കുന്നതും പ്രാചീനമുനിസിദ്ധാന്തത്തിന്നു വിരുദ്ധമാണ്. ഒരു ശ്രുതി മാത്രം കുറഞ്ഞ നാദം ഉത്തരസ്വരത്തിൻെറ വകഭേദമാണെന്നാണ് മദ്ധ്യമഗ്രാമപഞ്ചമത്തെ ച്യുതപഞ്ചമമെന്നും മററും പറയുന്ന പ്രാചീനസിദ്ധാന്തമെന്നു മുമ്പുതന്നെ കാണിച്ചിട്ടുണ്ട്.

സൂ—രാഗവിശേഷവശാത്സർവ്വാസാം സ്വരത്വേന പ്രയോഗോ ദൃശ്യത ഇതി ചേത്തദംശാനാമപി തഥാപ്രയോഗദർശനാദന്തതോഷ്ടചത്വാരിംശത്സ്വരാഃ സ്വീകരണീയാഃ. ൨൧

ഭാ—ഓരോരോ രാഗവിശേഷങ്ങളിലായി എല്ലാ ശ്രുതികളെയും സ്വരത്തിൻെറ നിലയിൽ പ്രയോഗിച്ചു വരുന്നതു കാണുന്നുണ്ട്. അതിനാൽ എല്ലാ ശ്രുതികൾക്കും സ്വരത്വം സ്വീകരിക്കേണ്ടതുമുണ്ട്. പ്രയോഗപ്രധാനാനി ശാസ്ത്രാണ്യേതാനി പ്രവർത്തന്തേ എന്നാണ് ന്യായം. ഭരതാദിമുനികൾ നിശ്ചിതമായ മാർഗ്ഗപ്രസ്ഥാനത്തിലെ പ്രയോഗത്തെ മാത്രം ആസ്പദമാക്കിയാണ് സ്വരവിഭാഗം ചെയ്തിരിക്കുന്നത്. അതുപ്രകാരമുള്ള സ്വരങ്ങളോരോന്നും തമ്മിലുള്ള അന്തരം കാണിപ്പാൻ ശ്രുതികല്പനം ആവശ്യവുമാണ്. എന്നെല്ലാം പറകയാണെങ്കിൽ അതും ശരിയാവില്ല. ഭരതാദിമുനിമാർ ഏർപ്പെടുത്തീട്ടുള്ള ഇരുപത്തിരണ്ടു ശ്രുതികൾക്കും സ്വരത്വം കല്പിച്ചതുകൊണ്ടും പ്രയോഗത്തിൽ കാണുന്ന നാദഭേദങ്ങൾക്കു ഉപപത്തി വരില്ല. അതിന്നു ചുരുങ്ങിയപക്ഷം, ഇരുപത്തിരണ്ടല്ല ഇരുപത്തിനാലു ശ്രുതികളിൽ ഓരോ ശ്രുതിയുടെയും അംശങ്ങളായിട്ടുള്ള നാദഭേദങ്ങൾക്കും ദക്ഷിണദേശീയത്തിലെ രാഗവിശേഷങ്ങളിൽ സ്വരങ്ങളുടെ നിലയിൽ പ്രയോഗം കാണുന്നതിനാൽ അതനുസരിച്ചു നാല്പെത്തെട്ടു സ്വരങ്ങളെങ്കിലും ഉണ്ടെന്നു ശ്രുതിപ്രകാശത്തിൽ വിവരിച്ചപ്രകാരം സ്വീകരിക്കേണ്ടതായിത്തീരും.

സൂ—തതശ്ച സപയോശ്ചതുർവ്വിധത്വമന്യേഷാം ശുദ്ധവികൃതഭേദേനാഷ്ട വിധത്വം ചേതി മുഖ്യമേളാ ഏവാഷ്ടാശീത്യുത്തരം ശതദ്വയം ചതുർവ്വിംശൽസഹസ്രാധികാനി പഞ്ച ലക്ഷാണി ച സ്യുഃ. സങ്കീർണ്ണഘടിതാസ്ത്വതോപ്യധികതയേത്യനവസാനോയമായാസഃ. ൧൮൨

ഭാ—അപ്രകാരം ഓരോരോ രാഗവിശേഷങ്ങളിലായിക്കാണുന്ന സൂക്ഷ്മനാദഭേദങ്ങളെയെല്ലാം വിഭിന്നസ്വരങ്ങളായിഗ്ഗണിക്കുന്നതായാലാകട്ടേ ഷഡ്ജത്തിന്നും പഞ്ചമത്തിന്നും നന്നാലു വകഭേദങ്ങളും ശുദ്ധവികൃതഭേദത്താൽ ഈരണ്ടുള്ള മററഞ്ചു സ്വരങ്ങൾക്കും എട്ടെട്ടു വകഭേദങ്ങളും വരുന്നതാണ്. അതനുസരിച്ച് എട്ടുതരത്തിലുള്ള ഋഷഭങ്ങളിലോരോന്നും എട്ടുതരത്തിലുള്ള ഗാന്ധാരങ്ങളിലോരോന്നിനോടും പ്രത്യേകം ചേൎന്ന രിഗയോഗങ്ങൾ അറുപത്തിനാലുവിധത്തിൽ വരുന്നു. അതിലോരോന്നും എട്ടുതരം മധ്യമങ്ങളോടും ചേരുന്നതിനാൽ അഞ്ഞൂററിപ്പന്തിരണ്ടു രിഗമയോഗങ്ങളും വരുന്നു. അപ്രകാരം അതിലോരോന്നും നാലുതരത്തിലുള്ള പഞ്ചമങ്ങളോടു ചേൎന്ന രണ്ടായിരത്തിനാല്പത്തെട്ടും അതിലോരോന്നും അറുപത്തിനാലുതരം ധൈവതനിഷാദയോഗങ്ങളോടു ചേൎന്ന ലക്ഷത്തിമുപ്പത്തോരായിരത്തെഴുപത്തിരണ്ടും അതിലോരോന്നും നാലുതരം ഷഡ്ജത്തോടു ചേൎന്ന് അഞ്ചുലക്ഷത്തിരുപത്തിനാലായിരത്തിരുനൂറെറമ്പത്തെട്ടു മുഖ്യമേളങ്ങൾതന്നെ സംഭവിക്കുന്നതാണ്. സങ്കീർണ്ണമേളങ്ങളാകട്ടേ അതിലും വളരെയധികം വരുന്നതുമാണ്. അങ്ങനെയുള്ള മേളവിഭാഗം പ്രസ്താരത്തിലും മററും ശിഷ്യന്മാൎക്ക് അവസാനിക്കാത്തവിധത്തിലുള്ള ആയാസത്തിന്നു കാരണമായിത്തീരും.

സൂ—നചേഷ്ടാപത്തിഃ. ശ്രുതിമാത്രവ്യാഘതാദിത്യുക്തം. ൧൮൩

ഭാ—സൂക്ഷ്മസ്ഥിതിയനുസരിച്ച് അത്രയും മേളങ്ങൾ സംഭവിക്കനുണ്ടെന്നു സംഗതി ഞങ്ങൾക്കു സമ്മതമാണ്. ശിഷ്യന്മാൎക്കുണ്ടാകുന്ന ആയാസം അപരിഹാൎയ്യവുമാണ്. എന്നു പറയുന്നതും യുക്തമാകയില്ല. അങ്ങനെയായാൽ സ്വരങ്ങളല്ലാതെ ശ്രുതി എന്നൊന്നില്ലെന്നു വന്നേക്കുമെന്നും അതു സംഗീതശാസ്ത്രസിദ്ധാന്തത്തിന്നുതന്നെ വിരുദ്ധമാണെന്നും മുമ്പുതന്നെ പറഞ്ഞു കഴിഞ്ഞു.

സൂ—തസ്മാന്മാൎഗ്ഗേ ഗ്രാമദ്വയേപി നവസ്ഥാനഗതാനാമിവ ദക്ഷിണേപി ഷഡ്ജഗ്രാമേ ദ്വാദശസ്ഥാനഗതാനാമേവ സ്വരത്വം തദവാന്തരനാദഭേദാനാം പ്രയോഗസിദ്ധാനാം ശ്രുതിസംജ്ഞാനാം തത്തത്സ്വരാന്തൎഗ്ഗതത്വം ചേത്യേവ തന്ത്രന്യായസിദ്ധം. ൧൮൪

ഭാ—അതുകൊണ്ടു മാൎഗ്ഗപ്രസ്ഥാനത്തിൽ രണ്ടു ഗ്രാമങ്ങളിലും ഒമ്പതു സ്ഥാനങ്ങളിൽ വരുന്ന നാദങ്ങൾ മാത്രമാണ് വിഭിന്നസ്വരങ്ങളായിട്ടുള്ളതെന്നും അവക്കിടയിൽ വരുന്ന അവാന്തരനാദങ്ങളെല്ലാം ശ്രുതിസംജ്ഞങ്ങളും ഓരോ സ്വരത്തിലും ചേരുന്ന വിശേഷരൂപങ്ങളുമാണെന്നതുപോലെ ദക്ഷിണപ്രസ്ഥാനത്തിലുള്ള ഷഡ്ജഗ്രാമത്തിലും പന്തിരണ്ടു സ്ഥാനവിശേഷങ്ങളിൽ വരുന്ന നാദങ്ങൾ മാത്രമാണ് സ്വരങ്ങളായിട്ടുള്ളതെന്നും അവയിലോരോന്നിന്നും ഇടയിലുള്ള നാദങ്ങളെല്ലാം ശ്രുതികളും അതാതു സ്വരങ്ങളിൽ വരുന്ന വിശേഷരൂപങ്ങളുടെ നിലയിൽ മാത്രം പ്രയോഗിച്ചു വരുന്നവയുമാണെന്നു സ്വീകരിക്കുന്നതേ ശാസ്ത്രത്തിന്നു യോജിച്ച സിദ്ധാന്തമാകയുള്ളൂ. മാൎഗ്ഗത്തിൽ ഗാന്ധാരനിഷാദങ്ങളെ മാത്രമേ വികൃതങ്ങളായി സ്വീകരിച്ചിട്ടുള്ളൂ. ദക്ഷിണത്തിൽ ഋഷഭമധ്യമധൈവതങ്ങളെയുംകൂടി പ്രയോഗരീതിവിശേഷത്താൽ വികൃതങ്ങളായി സ്വീകരിച്ചിട്ടുണ്ട്. അത്രമാത്രമേ സ്വരകല്പന

ത്തെപ്പററിയേടത്തോളം വ്യത്യാസം സ്വീകരിക്കുന്നതു ന്യായമായിരിക്കയുള്ളൂ എന്നു താൽപര്യം. ശ്രുതിനാദങ്ങൾ പ്രയോഗത്തിൽ ഓരോ സ്വരത്തിന്റെ വിശേഷരൂപങ്ങളായി വരുന്ന വിഷയത്തിലാകട്ടേ, ഓരോ സ്വരത്തിന്നും നന്നാലു ശ്രുതിയെന്ന നിഷ്കൃഷ്ടപക്ഷത്തിൽ ആദ്യത്തെ രണ്ടു ശ്രുതികൾ പൂർവ്വസ്വരത്തിന്റെയും പിന്നത്തേത് ഉത്തരസ്വരത്തിന്റെയും അംശമായിട്ടാണ് വരിക. ഓരോ സ്വരത്തിന്നും ഈരണ്ടു ശ്രുതി എന്ന സാമാന്യപക്ഷത്തിൽ ആദ്യത്തേതു പൂർവ്വസ്വരത്തിന്റെ അംശവും രണ്ടാമത്തേത് ഉത്തരസ്വരത്തിന്റെ അംശവുമായിരിക്കുന്നതാണ്. ഇങ്ങനെയെല്ലാമായാലേ ഭരതമതംഗാദി പൂർവ്വാചാര്യന്മാർ വ്യവസ്ഥാപിച്ചിട്ടുള്ള സംഗീതശാസ്ത്രന്യായത്തിന്നനുസരിച്ചിരിക്കുള്ളൂ.

ഇനി ഇവിടെക്കാണിച്ച മേളങ്ങളിൽ തന്നെയും ചിലതിന്നു രഞ്ജകതാംശം വളരെ കുറവായിരിക്കുമെന്നു സകാരണം കാണിക്കുന്നു:—

സൂ—ഉക്തേഷ്വപി ചതുരശീതിമേളേഷു പൂർവ്വോത്തരഭാഗഗതാ അപ്യവ്യവഹിതചതുഷ്പഞ്ചസ്വരാസ്തദ്ഗതരാഗാണാം രഞ്ജകതാപകർഷം ജനയന്തി. ൧൭൨

ഭാ—ഇവിടെ മുമ്പുപറഞ്ഞ എമ്പത്തിനാലു സമ്പൂർണ്ണമേളങ്ങളിൽത്തന്നെ 'സങ്കീർണ്ണമേളങ്ങളിലുൾപ്പെട്ട ചിലതിൽ മദ്ധ്യമത്തെ അവലംബിച്ച വ്യവസ്ഥിതമായ പൂർവ്വഭാഗത്തിലും ഉത്തരഭാഗത്തിലും ചേർന്നിട്ടാണെങ്കിലും അതായത് പഞ്ചമം നടുവിലുണ്ടായാൽ പോലും, നാലോ അഞ്ചോ സ്വരങ്ങൾ ഇടന്തുകൊണ്ട് അടുത്തടുത്തു വരുന്നത് ആ വക മേളങ്ങളിലുള്ള രാഗങ്ങൾക്കു മററു രാഗങ്ങളെക്കാൾ രഞ്ജകതാഗുണം കുറക്കുന്നതാണ്. അതിനാൽ അങ്ങനെയുള്ള മേളങ്ങൾ അപകൃഷ്ടങ്ങളാണെന്നും ഗ്രഹിച്ചുകൊൾക. 'പൂർവ്വോത്തരഭാഗഗതാ അപി' എന്ന അംശത്താൽ രണ്ടു ഭാഗങ്ങളിലുംകൂടി വരുന്നതുകൊണ്ടാണ് അല്പമെങ്കിലും രഞ്ജകത്വമുണ്ടാകുന്നതെന്നും ഒരേ ഭാഗത്തുതന്നെയായി നാലു സ്വരങ്ങൾ അടുത്തടുത്തു വരുന്നതു രഞ്ജകതാപ്രതിബന്ധകം കൂടിയാണെന്നുമുള്ള സൂക്ഷ്മതത്വം സൂചിപ്പിച്ചിരിക്കുന്നു.

സൂ—ഏതേന സങ്കീർണ്ണസ്വരാണാമന്യസ്വരകാര്യകാരിതാകല്പനേ ബീജമപി ദർശിതം. ൧൭൩

ഭാ—മേൽക്കാണിച്ച സംഗതികൊണ്ടുതന്നെ സങ്കീർണ്ണസ്വരങ്ങൾ അഞ്ചിന്നും അടുത്ത മററു സ്വരത്തിന്റെ കാര്യം നിർവ്വഹിക്കുകയെന്ന അന്യസ്വരകാര്യകാരിത്വം, അതായത് സങ്കീർണ്ണഷഭത്തിന്നു ഗാന്ധാരത്തോടൊന്നിനോടും ചേർന്നു വരാതിരിക്കയെന്ന ഗാന്ധാരകാര്യനിർവ്വാകത്വം, സങ്കീർണ്ണഗാന്ധാരത്തിന്ന് ഋഷഭത്തോടു ചേരായ്കയെന്ന ഋഷഭകാര്യനിർവ്വാഹകത്വം മുതലായതു കല്പിക്കുന്നതിന്നുള്ള കാരണവും കാണിച്ചു കഴിഞ്ഞു. അങ്ങനെ നിയമിച്ചില്ലെങ്കിൽ സങ്കീർണ്ണഷഭം വികൃതഷഭനിലയിലെന്നപോലെ സങ്കീർണ്ണമായ നിലയിലും ഗാന്ധാരത്തോടു ചേർന്നും, സങ്കീർണ്ണഗാന്ധാരം ശുദ്ധഗാന്ധാരനിലയിലെന്നപോലെ സങ്കീർണ്ണനിലയിലും ഋഷഭത്തോടു ചേർന്നും, സങ്കീർണ്ണമദ്ധ്യമം ശുദ്ധമദ്ധ്യമസ്ഥിതിയിലെന്നപോലെ സങ്കീർണ്ണസ്ഥിതിയിലും ഗാന്ധാരത്തോടു ചേർന്നും, സങ്കീർണ്ണധൈവതം വികൃതധൈവതസ്ഥിതിയിലെന്നപോലെ സങ്കീർണ്ണസ്ഥിതിയിലും നിഷാദത്തോടു ചേർന്നും, സങ്കീർണ്ണനിഷാദം ശുദ്ധനിഷാദസ്ഥിതിയിലെന്നപോലെ സങ്കീർണ്ണസ്ഥിതിയിലും ധൈവതത്തോടു ചേർന്നും മേളങ്ങൾ സംഭവിക്കാമെന്നു വരും. അങ്ങനെയുള്ള മേളങ്ങളിൽ നാലു സ്വരങ്ങൾ അടു

ത്തടുത്തു വരുന്നതിനാൽ രഞ്ജകതാഗുണവ്യവസ്ഥിതമായ രാഗം ഉണ്ടാകയുമില്ല. ആ സംഗതിയാണ് സങ്കീർണ്ണസ്വരങ്ങൾക്കു പൂർവ്വസ്വരത്തിന്റെയോ ഉത്തരസ്വരത്തിന്റെയോ കാര്യനിർവ്വാഹകത്വം കല്പിക്കാനുള്ള ബീജം എന്നർത്ഥം. ശുദ്ധവികൃതസഹസ്ഥിതി സങ്കരം. അന്യസ്വരകാര്യനിർവ്വഹണം സങ്കീർണ്ണതയുടെ പ്രയോജനം എന്നു ചുരുക്കം.

സൂ—അഥ മുഖ്യമേളാദിഗതരാഗാംഗരാഗസ്വരാണാം പ്രസ്താരാഃ ഥൈ

ഭാ—പ്രദർശ്യന്തേ എന്നു ചേർക്കണം. ഇനി മുഖ്യമേളങ്ങളെ അവലംബിച്ചും സങ്കീർണ്ണമേളങ്ങളെ അവലംബിച്ചും ഉള്ള രാഗാംഗരാഗങ്ങളുടെ സ്വരങ്ങളെ പ്രസ്തരിച്ചു കാണിക്കുന്നു.

മുഖ്യമേളരാഗാംഗരാഗസ്വരമണ്ഡലം

മേള സംഖ്യ	രാഗനാമം	സ	ശു രി	വി രി	ശു ഗ	വി ഗ	ശു മ	വി മ	പ	ശു ധ	വി ധ	ശു നി	വി നി	സ	മേളനാമം വികൃതസ്വര സംഖ്യാക്ഷരം
1	തോഡി	സ	രി		ഗ		മ		പ	ധ		നി		സ	ജ്ഞാനം
2	ഭൈരവി	സ		രി	ഗ		മ		പ	ധ		നി		സ	രത്നം
3	വസന്തഭൈരവി	സ	രി			ഗ	മ		പ	ധ		നി		സ	ഗാനം
4	ഭവപ്രിയ	സ	രി		ഗ			മ	പ	ധ		നി		സ	ഘനം
5	നടപ്രിയം	സ	രി		ഗ		മ		പ		ധ	നി		സ	താനം
6	ഭിന്നഷഡ്ജം	സ	രി		ഗ		മ		പ	ധ			നി	സ	ഛന്നം
7	ചാരുകേശി	സ		രി		ഗ	മ		പ	ധ		നി		സ	രംഗം
8	ഷണ്മുഖപ്രിയ	സ		രി	ഗ			മ	പ	ധ		നി		സ	രംഭ
9	ഹരപ്രിയ	സ		രി	ഗ		മ		പ		ധ	നി		സ	രക്തി
10	കീരവാണി	സ		രി	ഗ		മ		പ	ധ			നി	സ	രസം
11	നാരായണി	സ	രി			ഗ		മ	പ	ധ		നി		സ	ഗർഭം
12	ചക്രവാകം	സ	രി			ഗ	മ		പ		ധ	നി		സ	ഗീതം
13	മാളവഗൌളം	സ	രി			ഗ	മ		പ	ധ			നി	സ	ഗാഥ
14	മാർഗ്ഗിണി	സ	രി		ഗ			മ	പ		ധ	നി		സ	വർഷം
15	പന്തുവരാളി	സ	രി		ധ			മ	പ	ധ			നി	സ	വത്സം
16	കോകിലപ്രിയ	സ	രി		ഗ		മ		പ		ധ		നി	സ	തിഥി
17	രതിപ്രിയ	സ		രി		ഗ		മ	പ	ധ		നി		സ	പ്രഗത്ഭം
18	ഹരികാംബോജി	സ		രി		ഗ	മ		ഛ:		ധ	നി		സ	ശ്രീഹതം
19	സരസാംഗി	സ		രി		ഗ	മ		പ	ധ			നി	സ	ഫലാർത്ഥം
20	ഹൈമവതി	സ		രി	ഗ			മ	പ		ധ	നി		സ	പ്രഭാതം
21	സുമദ്യുതി	സ		രി	ഗ			മ	പ	ധ			നി	സ	ശ്രീവത്സം
22	ഗൌരീമനോഹരി	സ		രി	ഗ		മ		പ		ധ		നി	സ	ശ്രിതാർത്ഥം
23	രാമപ്രിയ	സ	രി			ഗ		മ	പ		ധ	നി		സ	ഗവാക്ഷം
24	കാമവർദ്ധിനി	സ	രി			ഗ		മ	പ	ധ			നി	സ	ലാഭാർത്ഥം
25	സൂര്യകാന്തം	സ	രി			ഗ	മ		പ		ധ		നി	സ	ഗതാർത്ഥം
26	സൌവീരം	സ	രി		ഗ			മ	പ		ധ		നി	സ	ഭൃതാർത്ഥം
27	വാചസ്പതി	സ		രി		ഗ		മ	പ		ധ	നി		സ	രാഗവൃത്തി
28	ലതാംഗി	സ		രി		ഗ		മ	പ	ധ			നി	സ	രംഗവാസി
29	ശങ്കരാഭരണം	സ		രി		ഗ	മ		പ		ധ		നി	സ	രാഗോത്തംസം
30	ധർമ്മവതി	സ		രി	ഗ			മ	പ		ധ		നി	സ	രവിതീർത്ഥം
31	ഗമകക്രിയ	സ	രി			ഗ		മ	പ		ധ		നി	സ	ശ്ലാഘിതാർത്ഥം
32	കല്യാണി	സ		രി		ഗ		മ	പ		ധ		നി	സ	രാഗാവതംസം

സങ്കീർണ്ണമേളരാഗാംഗരാഗസ്വരമണ്ഡലം

മേള സംഖ്യ	രാഗനാമം	സ	ശു രി	വി രി	ശു ഗ	വി ഗ	ശു മ	വി മ	പ	ശു ധ	വി ധ	ശു നി	വി നി	സ	മേളനാമംസങ്കീർണ്ണസ്വരവികൃതസ്വരസംഖ്യാക്ഷരങ്ങൾ
33	രത്നാംഗി	സ	രി	രി			മ		പ	ധ		നി		സ	പ്രജ്ഞ
34	സാമവരാളി	സ	രി	രി			മ		പ	ധ			നി	സ	പ്രഥ
35	ഭാനുമതി	സ	രി	രി			മ		പ		ധ	നി		സ	പ്രീതി
36	മാനവതി	സ	രി	രി			മ		പ		ധ		നി	സ	രതാത്മ
37	ജഗന്മോഹനം	സ	രി	രി				മ	പ	ധ		നി		സ	പ്രഭ
38	വരാളി	സ	രി	രി				മ	പ	ധ			നി	സ	പ്രവാസം
39	നവനീതം	സ	രി	രി				മ	പ		ധ	നി		സ	പ്രേംഘിതം
40	പാവനി	സ	രി	രി				മ	പ		ധ		നി	സ	പ്രാവൃതാംസാ
41	രാഗവർദ്ധനി	സ			ഗ	ഗ	മ		പ	ധ		നി		സ	ലീനം
42	ഗാംഗഭൂഷണി	സ			ഗ	ഗ	മ		പ	ധ			നി	സ	ലസൽ
43	വാഗീശ്വരി	സ			ഗ	ഗ	മ		പ		ധ	നി		സ	ലത
44	സ്വദേശാക്ഷി	സ			ഗ	ഗ	മ		പ		ധ		നി	സ	ഗതിസ്ഥം
45	സ്വരൂപിണി	സ			ഗ	ഗ		മ	പ	ധ		നി		സ	ലംഘു
46	ബലവർദ്ധനി	സ			ഗ	ഗ		മ	പ	ധ			നി	സ	ലവോത്ഥം
47	ഭൂഷണി	സ			ഗ	ഗ		മ	പ		ധ	നി		സ	ലംഘിതാ
48	കുസുമമാല	സ			ഗ	ഗ		മ	പ		ധ		നി	സ	ലംഭിതാത്മം
49	ജീവിതം	സ	രി				മ	മ	പ	ധ		നി		സ	വനം
50	നന്ദകം	സ	രി				മ	മ	പ	ധ			നി	സ	വാസസം
51	മാഗധി	സ	രി				മ	മ	പ		ധ	നി		സ	വൃതം
52	വിപുല	സ	രി				മ	മ	പ		ധ		നി	സ	വേതസം
53	വരാംഗീ	സ		രി			മ	മ	പ	ധ		നി		സ	വരം
54	കൌബേരി	സ		രി			മ	മ	പ	ധ			നി	സ	ഭീരസം
55	കമലിനി	സ		രി			മ	മ	പ		ധ	നി		സ	വാരിതം
56	സാരംഗം	സ		രി			മ	മ	പ		ധ		നി	സ	ഭരിതാത്മം
57	സേനാപതി	സ	രി		ഗ		മ		പ	ധ	ധ			സ	തനു
58	ഗീർവ്വാണി	സ	രി		ഗ			മ	പ	ധ	ധ			സ	സ്തവം
59	ഗായകപ്രിയ	സ	രി			ഗ	മ		പ	ധ	ധ			സ	തിലം
60	ധവളാംബരി	സ	രി			ഗ	മ		പ	ധ	ധ			സ	തുലാഭം
61	ധീകരി	സ		രി	ഗ		മ		പ	ധ	ധ			സ	തീരം
62	വിമല	സ		രി	ഗ			മ	പ	ധ	ധ			സ	താരവം
63	രഞ്ജനി	സ		രി		ഗ	മ		പ	ധ	ധ			സ	തരംഗാ
64	കാന്താമണി	സ		രി		ഗ		മ	പ	ധ	ധ			സ	തരുലാഭം
65	രൂപവതി	സ	രി		ഗ		മ		പ			നി	നി	സ	സ്ഥാനം
66	ദേവമണി	സ	രി		ഗ			മ	പ			നി	നി	സ	സംഘം
67	ഹാടകാംബരി	സ	രി			ഗ	മ		പ			നി	നി	സ	സ്ഥൂലം
68	വംശവതി	സ	രി			ഗ		മ	പ			നി	നി	സ	സുലഭം
69	വരുണപ്രിയ	സ		രി	ഗ		മ		പ			നി	നി	സ	സാരം
70	നീതിമതി	സ		രി	ഗ			മ	പ			നി	നി	സ	സുരഭി
71	നഗനന്ദിനി	സ		രി		ഗ	മ		പ			നി	നി	സ	സുരാഗം
72	ചിത്രാംബരി	സ		രി		ഗ		മ	പ			നി	നി	സ	സിരാഗുംഭം
73	കനകാംഗീ	സ	രി	രി			മ		പ	ധ	ധ			സ	പ്രതിജ്ഞ
74	സുഗന്ധിനി	സ	രി	രി				മ	പ	ധ	ധ			സ	പ്രതിഭ

75	താനരൂപി	സ	രി	രി			മ		പ			നി	നി	സ	പ്രസന്നം
76	രവിപ്രിയ	സ	രി	രി				മ	പ			നി	നി	സ	പ്രസഭം
77	യാഗപ്രിയ	സ			ഗ	ഗ	മ		പ	ധ	ധ			സ	ഗതിജ്ഞം
78	സുചരിത്ര	സ			ഗ	ഗ		മ	പ	ധ	ധ			സ	ഗതാശപം
79	നാട	സ			ഗ	ഗ	മ		പ			നി	നി	സ	ലാഞ്ഛനം
80	രസമഞ്ജരി	സ			ഗ	ഗ		മ	പ			നി	നി	സ	ഗുച്ഛാഭം
81	ഭദ്രാംഗം	സ	രി				മ	മ	പ	ധ	ധ			സ	ഭൂതാന്നം
82	ദ്രാവണാഘം	സ		രി			മ	മ	പ	ധ	ധ			സ	ഭൂചരം
83	മാലിനി	സ	രി				മ	മ	പ			നി	നി	സ	വസനാ
84	ഭൂദാനം	സ		രി			മ	മ	പ			നി	നി	സ	വാസരം

ഇങ്ങനെ മേളപ്രകാശം.

അഥ താളപ്രകാശഃ.

കല്പദ്രുപുഷ്പനിചയൈരഭിവൃഷ്യ ഭൂയോ ഗായത്സു കിന്നരമധുരം സുരയൌവതേഷു
തത്താളകാലമനുകാളിയമൂൎദ്ധരംഗേ നൃത്യന്തമംബുജവിലോചനമാശ്രയാമഃ.

മേളങ്ങളെ വിവരിച്ചതിന്നുശേഷം ഓരോ മേളത്തിലും വരുന്ന രാഗഗീതങ്ങളിൽ പ്രധാനാംഗമായ താളങ്ങളെ വിവരിക്കുന്നു. അതിൽ ആദ്യംതന്നെ താളമെന്നാൽ എന്തെന്നു പറയുന്നു—

സൂ—താളഃ കാലക്രിയാമാനം. ൧

ഭാ—കാലത്തെക്കണക്കാക്കാനുള്ള ഉപാധികളായ ക്രിയകളെക്കൊണ്ടു വ്യവസ്ഥപ്പെടുത്തുന്ന കാലപരിമാണത്തിന്നാണ് താളമെന്നു പറയുന്നത. എത്രയും സൂക്ഷ്മമായ കാലാംശത്തെയും ക്രമികങ്ങളായ ക്രിയകളുടെ സംഖ്യയെ അടിസ്ഥാനമാക്കിയാണ് അളക്കാൻ സാധിക്കുന്നത്. ക്രിയയെന്നതിന്ന് ഒരു ചലനം അതായത് മൂൎത്തവസ്തുവിൻെറ ഒരനക്കം എന്നൎത്ഥം. അതിവേഗത്തിൽത്തിരിയുന്ന ഒരു ചക്രത്തിൽ ഒരു നിമേഷത്തിൽത്തന്നെ ലക്ഷത്തിലധികം ചലനങ്ങൾ സംഭവിക്കുന്നതാണ്. അതിനാൽ അതിസൂക്ഷ്മകാലത്തിൻെറ അളവിന്നും ക്രമികക്രിയകളാണ് ഉപാധിയായിരിക്കുന്നത്. ചക്രം തിരിയുന്നതിൻെറ വേഗം കുറയുംതോറും നിമേഷത്തിന്നുള്ളിൽ സംഭവിക്കുന്ന ക്രിയകളുടെ സംഖ്യയും കുറയുന്നതാണ്: വേഗവ്യവസ്ഥയോടുകൂടിയ ക്രിയകളുടെ സംഖ്യകളാണ് കാലത്തെ അളക്കാനുള്ള ഉപാധി എന്നുചുരുക്കം. ഒരേ വ്യവസ്ഥിതവേഗത്തിലുള്ള ആയിരം ക്രിയകൾകൊണ്ടാണ് ഒരു ചെറിയ ചക്രം ഒരു വട്ടം തിരിയുന്നതെങ്കിൽ അതേ വേഗത്തിൽ രണ്ടാമതൊരു വട്ടം തിരിയുന്നതിന്നും ആയിരം ക്രിയകൾതന്നെ വേണ്ടിവരുന്നതാണ്. അപ്രകാരം തുല്യവേഗത്തിലുള്ള ക്രിയകളുടെ സംഖ്യകളെ അവലംബിച്ച വ്യവസ്ഥയുള്ളതും ഓരോ വട്ടം തിരിയുന്നതിന്നു

വേണ്ടിവരുന്നതും ഒന്നിനോടൊന്നു തുല്യവുമായ കാലപരിമാണമാണ് താളമെന്നത് എന്നു സാരം. കാലം ചക്രാകാരത്തിലാണെന്നുള്ള നിലയിൽ കാലചക്രമെന്നും താളവട്ടമെന്നും മററും വ്യവഹരിച്ചുവരുന്നതിന്നും മേൽക്കാണിച്ച യുക്തിയാണ് അടിസ്ഥാനം. 'ക്രിയാമാത്രം കാലോപാധിഃ' എന്നിങ്ങനെ ഏതു വേഗത്തിലുള്ള ക്രിയകളും ഓരോരോ കാലാംശത്തെ അളക്കാനുള്ള ഉപാധിയാണെന്ന ശാസ്ത്രീയസിദ്ധാന്തത്തിന്നും ഇതുതന്നെയാണ് സാധകയുക്തി. താളങ്ങൾക്കെല്ലാം പൊതുവായുള്ള ലക്ഷണമാണിത്. 'തല പ്രതിഷ്ഠായാം' എന്നിങ്ങനെ സ്ഥാപിക്ക എന്നൎത്ഥമായ തല എന്ന ധാതുവിൽനിന്നുണ്ടായതാണ് താളം എന്ന ശബ്ദം. ഗീതവാദ്യാദികളുടെ കാലപരിമാണത്തെ സ്ഥാപിക്കുന്നത് എന്നവയവാൎത്ഥം. തളക്കുന്നു താളം എന്നു വിഗ്രഹം.

സൂ—തൽപൎയ്യായഃ കാലസാമ്യം. ൨

ഭാ—താളമെന്ന ക്രിയാവ്യവസ്ഥിതകാലപരിമാണത്തിന്നുതന്നെയാണ് ഈ ശാസ്ത്രത്തിൽ കാലസാമ്യമെന്നും പറയുന്നത്. ഗീതവാദ്യനൃത്യാദികളിൽ ഏതു വ്യവസ്ഥിതകാലക്രമപരിമാണത്തിൽ മനസ്സിന്നു സ്വാഭാവികത തോന്നുന്നുവോ അതു കാലസാമ്യം. ജനങ്ങളുടെ എല്ലാ പ്രവൃത്തികളും വാക്കുകളും ഏതെങ്കിലും ഒരു വ്യവസ്ഥിതകാലപരിമാണത്തെ അനുസരിച്ചുകൊണ്ടിരിക്കുന്നതാണ്. ഓരോരുത്തരം സാധാരണയായി നടക്കുന്നതുപോലും ഒരു കാലക്രമത്തെ അവലംബിച്ചായിരിക്കും. അതുകൊണ്ടാണ് പത്തടി ഒരു കാലക്രമത്തിലും പിന്നെച്ചില അടികൾ മററൊരു കാലക്രമത്തിലും പിന്നെച്ചില അടികൾ വേറെയൊരു കാലക്രമത്തിലും ഒരുവൻ നടന്നുപോകുന്നതു കണ്ടാൽ അവനു ബുദ്ധിക്കു നല്ല സ്ഥിരതയില്ലെന്നുതന്നെയും നാം ഊഹിക്കുന്നത്. അങ്ങനെ ഏതൊരു പ്രവൃത്തിയും കാലസാമ്യത്തെ അനുസരിച്ചിരിക്കുന്നതു സ്വാഭാവികമായതിനാൽ ആ വിധത്തിലായാലേ മനസ്സിനെ ലയിപ്പിക്കാൻ മതിയാകയുള്ളു. ഗീതവാദ്യാദികളിൽ പ്രത്യേകിച്ചും അപ്രകാരമല്ലെങ്കിൽ മനസ്സിന്നു വെറപ്പും ഉപദ്രവംപോലും ഉണ്ടാക്കുന്നതാണ്. അതുകൊണ്ട് വ്യവസ്ഥിതകാലപരിമാണമായ താളം കാലസാമ്യരൂപമായതിനാൽ കാലസാമ്യമെന്നും അതിന്നു പേരുണ്ടെന്നൎത്ഥം.

സൂ—ലഘ്വക്ഷരോച്ചാരക്രിയോപാധികോ വിലഘുഃ. തദ്ദ്വയം വിഗുരുസ്ത്ര്യയം വിപ്ളുതം. ൩

ഭാ—ഒരു ലഘ്വക്ഷരം ഉച്ചരിക്കയെന്ന ക്രിയ ഉപാധിയായിട്ടുള്ള കാലഭാഗത്തിന്നു വിലഘു എന്ന സംജ്ഞ. ഹ്രസ്വാക്ഷരങ്ങളായ അ, ക, പ എന്നീ വകയിൽ ഒരക്ഷരം ഉച്ചരിക്കാൻ വേണ്ടിവരുന്നതും വ്യവസ്ഥിതകാലപരിമാണസ്വരൂപമായ താളത്തിന്റെ വേർതിരിച്ചുകാണിക്കാവുന്ന അംശങ്ങളിൽ ഏററവും ചെറിയതുമായ കാലത്തിന്നു വിലഘുവെന്നു പേർ എന്നൎത്ഥം. അങ്ങനെയുള്ള വിലഘുക്കൾ രണ്ടെണ്ണം ചേൎന്ന കാലത്തിന്ന് അതായത് രണ്ടു ലഘ്വക്ഷരങ്ങളോ ഒരു ദീൎഘാക്ഷരമോ ഉച്ചരിപ്പാൻ വേണ്ടിവരുന്ന കാലത്തിന്നു വിഗുരുവെന്നു പേർ. മൂന്നു ലഘ്വക്ഷരങ്ങൾ ഇടവിടാതെ വേഗത്തിൽ ഉച്ചരിപ്പാൻ വേണ്ടിവരുന്ന കാലത്തിന്നു വിപ്ളുതമെന്നും പേർ.

സൂ—താനി മാത്രാംഗാനി. ൪

ഭാ—ആ വിലഘു, വിഗുരു, വിപ്ളുതങ്ങൾ മാത്ര എന്നു പേരുള്ള താളഭാഗത്തിന്റെ അംഗങ്ങളാണ്. അങ്ങനെയുള്ള വിലഘുക്കളോ വിഗുരുക്കളോ വിപ്ളുതങ്ങളോ ചേൎന്ന വ്യവസ്ഥിതകാലത്തിന്നാണ് ഏതു താളത്തിന്റെയും അംശമായ മാത്ര എന്നു പറയുന്നത് എന്നൎത്ഥം.

സൂ—തത്ര മാൎഗ്ഗേ പഞ്ച വിലഘലവോ മാത്രാ ലഘുശ്ച. ൭

ഭാ—അപ്രകാരമുള്ള മാത്രാവ്യവസ്ഥയിൽ മാൎഗ്ഗപ്രസ്ഥാനത്തെപ്പററിയേടത്തോളം അഞ്ചു വിലഘുക്കൾ ചേൎന്നത് ഒരു മാത്ര എന്നാണ് നിയമം. ക ച ട ത പ എന്ന അഞ്ചു ഹ്രസ്വാക്ഷരങ്ങൾ ഒന്നിനൊന്ന് ഇടവിടാതെ വേഗത്തിൽ ഉച്ചരിപ്പാൻ വേണ്ടിവരുന്ന കാലമാണ് മാൎഗ്ഗപ്രസ്ഥാനത്തിൽ ഒരു മാത്ര എന്നത് എന്നൎത്ഥം. "പഞ്ചലഘ്വക്ഷരോച്ചാരമിതാ മാത്രേഹ കഥ്യതേ." എന്ന നിശ്ശങ്കവചനം നോക്കുക. അതിനാൽ ഒന്നുകിൽ അഞ്ചു വിലഘുക്കൾ, അല്ലെങ്കിൽ രണ്ടു വിഗുരുവും ഒരു വിലഘുവും, അതുമല്ലെങ്കിൽ ഒരു വിപ്ളുതവും ഒരു വിഗുരുവും ഇങ്ങനെ തുടങ്ങിയുള്ള അക്ഷരോച്ചാരണങ്ങൾക്കു വേണ്ടിവരുന്ന കാലം മാത്ര എന്നു സിദ്ധിക്കുന്നു. അങ്ങനെയുള്ള മാത്രക്ക് ഈ ശാസ്ത്രത്തിൽ ലഘുവെന്നും സംജ്ഞയുണ്ട്. മാൎഗ്ഗേ എന്ന അംശത്താൽ ദക്ഷിണപ്രസ്ഥാനത്തിലെ മാത്ര അഞ്ചു വിലഘുക്കൾ ചേൎന്ന കാലമല്ലെന്നു സൂചിപ്പിക്കുന്നു.

സൂ—മാത്രാദ്വിതയത്രിതയേ ഗുരുപ്ളുതേ. ൮

ഭാ—രണ്ടു മാത്രകൾ ചേൎന്നതിന്ന് അല്ലെങ്കിൽ പത്തു ലഘ്വക്ഷരകാലത്തിന്നു ഗുരുവെന്നും മൂന്നു മാത്രകൾ ചേൎന്നതിന്ന് അല്ലെങ്കിൽ പതിനഞ്ചു ലഘ്വക്ഷരകാലത്തിന്നു പ്ളുതമെന്നും ഈ ശാസ്ത്രത്തിൽ സംജ്ഞകൾ ഏൎപ്പെടുത്തിയിരിക്കുന്നു.

ഇനി വിലഘു മുതലായ ലഘുഭാഗങ്ങളും ലഘുഗുരുപ്ളുതങ്ങളും കാണിപ്പാൻ ഈ ഗ്രന്ഥത്തിൽ ഏൎപ്പെടുത്തീട്ടുള്ള ചിഹ്നങ്ങൾ വിവരിക്കുന്നു—

സൂ—ബിന്ദുവൃത്തസബിന്ദുവൃത്താന്യൃജുരുഭയതോ വക്രാ സബിന്ദുശ്ച താദൃശീ രേഖാ ക്രമാദ്വിലഘ്വാദിനാമങ്കാഃ. ൯

ഭാ—ബിന്ദു, വൃത്തം, മുകളിൽ ബിന്ദുവോടുകൂടിയ വൃത്തം, നേർവര, രണ്ടു തലയും വളഞ്ഞ വര, മുകളിൽ ബിന്ദുവോടുകൂടിയ ആ മാതിരി വര ഇവ ക്രമത്തിൽ വിലഘു, വിഗുരു വിപ്ളുതം, ലഘു, ഗുരു, പ്ളുതം ഈ കാലപരിമാണങ്ങളെക്കുറിപ്പാൻ ഈ ഗ്രന്ഥത്തിലേൎപ്പെടുത്തിയ അടയാളങ്ങളാണ്. അതായത്, ബിന്ദുരൂപമായ '.' എന്ന ചിഹ്നം വിലഘുവിനെയും, വൃത്തരൂപമായ 'o' എന്ന ചിഹ്നം വിഗുരുവിനേയും, മുകളിൽ ബിന്ദുവോടുകൂടിയ വൃത്തമായ 'ȯ' എന്ന ചിഹ്നം വിപ്ളുതത്തെയും, നേർവരയായ '|' എന്ന ചിഹ്നം ലഘുവിനേയും, രണ്ടു തലയും വളഞ്ഞ വരയായ 'ട' എന്ന ചിഹ്നം ഗുരുവിനെയും, മുകളിൽ കുത്തുള്ള ആ മാതിരി വരയായ 'ട്' എന്ന ചിഹ്നം പ്ളുതത്തെയും കുറിക്കുന്നുവെന്നൎത്ഥം.

സൂ—ഹസ്തക്രിയയാ സശബ്ദയാ നിശ്ശബ്ദയാ വാ മാത്രാപ്രചാരഃ. ൧൦

ഭാ—ഗീതാദികളിൽ താളാംഗങ്ങളായ മാത്രകളെ ഓരോ തരത്തിലുള്ള ഹസ്തക്രിയകൾകൊണ്ടു പ്രകടിപ്പിക്കേണ്ടതാണ്. അപ്രകാരമുള്ള ഹസ്തക്രിയ സശബ്ദ എന്നും നിശ്ശബ്ദ എന്നും സാമാന്യമായി രണ്ടുവകയായിട്ടുണ്ട്. അവയിൽ ഓരോരോ താളത്തിൻെറ വ്യവസ്ഥിതിപോലെ സശബ്ദക്രിയയെയും നിശ്ശബ്ദക്രിയയെയും പ്രചരിപ്പിക്കേണ്ടതുമാണ്.

സൂ—തത്ര സശബ്ദാധ്രുവശമ്യാതാലസന്നിപാത ഇതി ചതുൎദ്ധാ. നിശ്ശബ്ദാപ്യാവാപനിഷ്ക്രാമവിക്ഷേപപ്രവേശഭേദാൽ. ൧൧

ഭാ—അതിൽ സശബ്ദക്രിയ ധ്രുവം, ശമ്യ, താലം, സന്നിപാതം എന്നിങ്ങനെ നാലു തരത്തിലുണ്ട്. നിശ്ശബ്ദക്രിയയും ആവാപം, നിഷ്ക്രാമം, വിക്ഷേപം, പ്രവേശം ഇങ്ങ

നെ നാലു തരത്തിലുണ്ട്. ഹസ്തക്രിയകളുടെ ഈ വിഭാഗം ഓരോ താളപ്രയോഗത്തിലും മാത്രാപ്രചാരത്തിൻെറ ക്രമത്തിൽ കുഴപ്പം പററിത്തെററ വരാതിരിക്കാൻവേണ്ടിയാണെന്നറിഞ്ഞുകൊൾക.

ധ്രുവാദിക്രിയകളുടെ സ്വരൂപം വിവരിക്കുന്നു—

സൂ— ധ്രുവസ്സച്ഛോടികം ഹസ്തസ്യ പാതനം. ശമ്യാ ദക്ഷിണസ്യ വാമതലേഭിഘാതഃ. താലോ വാമസ്യ ദക്ഷിണതലേ. സന്നിപാതസ്ത്ഉഭയോർമ്മിഥഃ. ആവാപോംഗുലികുഞ്ചനമുത്താനസ്യ. നിഷ്ക്രാമോധസ്തലസ്യ പ്രസാരണം. വിക്ഷേപ ഉത്താനസ്യ പ്രസൃതാംഗുലേർദ്ദക്ഷിണതഃ ക്ഷേപഃ. പ്രവേശോധസ്തലസ്യാംഗുളികുഞ്ചനം. ൫൦

ഭാ—മിടിച്ചു ശബ്ദമുണ്ടാക്കിക്കൊണ്ടു കയ്യു കീഴ്പ്പോട്ടിടുന്നതിന്നാണ് ധ്രുവമെന്നു പറയുന്നത്. വലത്തേക്കയ്യ് ഇടത്തേക്കയ്യിൻതലത്തിൽക്കൊട്ടി ശബ്ദമുണ്ടാക്കുന്നതു ശമ്യ. ഇടത്തേതു വലത്തേതിന്മേൽക്കൊട്ടുന്നതു താലം. രണ്ടു കയ്യും അങ്ങോട്ടും ഇങ്ങോട്ടും ചേർത്തു കൊട്ടുന്നതു സന്നിപാതം. പാണി, മൃദംഗം മുതലായ വാദ്യങ്ങളിലാണെങ്കിൽ വലത്തേക്കയ്യുകൊണ്ടുമാത്രം കൊട്ടുന്നതു ശമ്യയും ഇടത്തേക്കയ്യുകൊണ്ടുമാത്രം കൊട്ടുന്നതു താലവും രണ്ടു കയ്യുകൊണ്ടും രണ്ടു വാദ്യമുഖത്തും ഒപ്പം കൊട്ടുന്നതു സന്നിപാതവുമാണ്. നിശ്ശബ്ദക്രിയകളിൽ ആവാപമെന്നത് കയ്യു മലർത്തിപ്പിടിച്ചുകൊണ്ട് വിരലുകളെല്ലാം ഒരുമിച്ചു മടക്കുന്നതാണ്. വിരലുകൾ മടക്കിപ്പിടിച്ചു കയ്യു കമഴ്ത്തി വിരലുകളെല്ലാം ഒപ്പം നീർത്തുന്നതാണ് പ്രസാരണം. വിരലുകൾ നീർത്തി മലർത്തിപ്പിടിച്ച വലത്തെക്കയ്യു വലത്തുഭാഗത്തേക്കു വീശുന്നതാണ് വിക്ഷേപം. കയ്യു കമഴ്ത്തിപ്പിടിച്ചു വിരലുകളെല്ലാം ഒപ്പം മടക്കുന്നതു പ്രവേശം.

സൂ—താസ്താളകലാസംജ്ഞാഃ മാർഗ്ഗഭേദമിതമാനാശ്ച. ൫൧

ഭാ—ധ്രുവാദികളായ ആ സശബ്ദഹസ്തക്രിയകൾക്കും ആവാപാദികളായ നിശ്ശബ്ദഹസ്തക്രിയകൾക്കും താളകലകൾ എന്നു പേർ പറയുന്നു. അങ്ങനെയുള്ള ഓരോ കലയും തമ്മിലുള്ള കാലാന്തരം അതായത് ഒരു ഹസ്തക്രിയ കഴിഞ്ഞു പിന്നത്തെ ഹസ്തക്രിയക്കു വേണ്ടിവരുന്ന കാലപരിമാണം താളമാർഗ്ഗത്തിന്നുള്ള വകഭേദമനുസരിച്ച് ഇന്ന മാർഗ്ഗത്തിലുള്ള താളകലകൾ തമ്മിൽ ഇത്ര മാത്രകൾകൊണ്ടുള്ള അന്തരം എന്നിങ്ങനെയാണ് വ്യവസ്ഥിതമായിരിക്കുന്നത്.

താളമാർഗ്ഗങ്ങൾ അധികം സംഭവിക്കാമെങ്കിലും പ്രസിദ്ധങ്ങളായിട്ടുള്ള മാർഗ്ഗങ്ങൾ നാലാകയാൽ അവയിലെ കലാകാലപരിമാണത്തെക്കാണിക്കുന്നു—

സൂ—ധ്രുവചിത്രവൃത്തിദക്ഷിണസംജ്ഞേഷു ചതുർഷു മാർഗ്ഗേഷു ക്രമാദേകദ്വിചതുരഷ്ടമാത്രികാസ്താളകലാഃ. ൫൨

ഭാ—ധ്രുവമാർഗ്ഗം, ചിത്രമാർഗ്ഗം, വൃത്തിമാർഗ്ഗം, ദക്ഷിണമാർഗ്ഗം ഇങ്ങനെ നാലു താളമാർഗ്ഗങ്ങളാണ് സംഗീതത്തിൽ പ്രസിദ്ധങ്ങളായിട്ടുള്ളത്. അതിൽ ധ്രുവമാർഗ്ഗത്തിൽ ഒരു മാത്ര അതായത് അഞ്ചു ലഘ്വക്ഷരകാലംതന്നെ ഒരു കല. എന്നുവെച്ചാൽ ഓരോ മാത്രയിലും ധ്രുവം മുതലായ സശബ്ദക്രിയയോ ആവാപം മുതലായ നിശ്ശബ്ദക്രിയയോ ഉണ്ടായിരിക്കുമെന്നർത്ഥം. ചിത്രമാർഗ്ഗത്തിൽ രണ്ടു മാത്രകൾ അതായത് പത്തു ലഘ്വക്ഷരകാലങ്ങൾ കൂടിയതാണ് ഒരു കല. ഈരണ്ടു മാത്രകൾ കൂടുമ്പോഴാണ് ഹസ്തക്രിയ വേണ്ടതെന്നർത്ഥം.

വൃത്തിമാൎഗ്ഗത്തിൽ നാലു മാത്രകൾ കൂടിയതാണ് ഒരു കല. ദക്ഷിണമാൎഗ്ഗത്തിൽ എട്ടു മാത്രകൾ കൂടിയാലേ ഒരു കലയാവുളളൂ. ഇങ്ങനെ സശബ്ദക്രിയകളും നിശ്ശബ്ദക്രിയകളുമായി എട്ടു കലകളടങ്ങിയ ഒരു താളവട്ടത്തിൽ ധ്രുവമാൎഗ്ഗത്തിൽ എട്ടു മാത്രകളും ചിത്രമാൎഗ്ഗത്തിൽ പതിനാറു മാത്രകളും വൃത്തിമാൎഗ്ഗത്തിൽ മുപ്പത്തിരണ്ടു മാത്രകളും ദക്ഷിണമാൎഗ്ഗത്തിൽ അറുപത്തിനാലു മാത്രകളും അടങ്ങിയിരിക്കുന്നുവെന്നും അറിഞ്ഞുകൊൾക. അറുപത്തിനാലു മാത്രകളിലും അധികമായി നൂററിരുപത്തെട്ടു മാത്രകളും ചിലപ്പോൾ നൂററിത്തൊണ്ണൂററിരണ്ടു മാത്രകൾതന്നെയും ഒരു താളവട്ടത്തിലടങ്ങീട്ടുള്ള പഞ്ചാരിമേളം മുതലായ വാദ്യപ്രയോഗങ്ങൾ കേരളത്തിൽ പ്രസിദ്ധമാണെങ്കിലും ആവക കേവലവാദ്യപ്രയോഗങ്ങളിലല്ലാതെ സംഗീതത്തിൽ ദക്ഷിണമാൎഗ്ഗത്തിലധികം വലുതായ താളവട്ടം പ്രസിദ്ധമല്ലാത്തതിനാൽ അവയെ ഇവിടെഗ്ഗണിക്കാഞ്ഞതാണെന്നും ഗ്രഹിച്ചുകൊൾക. ഭരതമതംഗാദിമുനിമാർ ചിത്രം, വൃത്തി, ദക്ഷിണം എന്നീ മൂന്നു മാൎഗ്ഗങ്ങളെ മാത്രമേ സ്വീകരിച്ചിട്ടുളളൂ. ധ്രുവമാൎഗ്ഗത്തിലുള്ള കലകൾ മാത്രം ചേൎന്നതായി മാൎഗ്ഗപ്രസ്ഥാനത്തിൽ പ്രധാന താളങ്ങളൊന്നുമില്ലാത്തതിനാൽ താളത്തെപ്പററിയേടത്തോളം മൂന്നു മാൎഗ്ഗങ്ങളേ ഉളളൂ എന്നാണ് അവരുടെ മതം. "കലാകാലപ്രമാണേന താള ഇത്യഭിസംജ്ഞിതഃ. ത്രിവിധസ്സ ച വിജ്ഞേയസ്ത്രിമാൎഗ്ഗനിയതോ ബുധൈഃ" എന്ന ഭരതമുനിവചനം നോക്കുക. രത്നാകരകാരനാകട്ടേ ധ്രുവമാൎഗ്ഗത്തെയും സ്വീകരിച്ചിട്ടുണ്ട്. ദേശിപ്രസ്ഥാനത്തിലും താളങ്ങൾക്ക് ഈവക മാൎഗ്ഗഭേദങ്ങളുള്ളതിനാലും അതിൽ ധ്രുവകലകൾ എന്നല്ല അതിൻെറ അൎദ്ധമാനമായ അതിധ്രുവകലപോലും ചേൎന്ന താളവുമുള്ളതിനാലും ദേശിപ്രസ്ഥാനസാധാരണമാക്കാൻ വേണ്ടി ഇവിടെ ധ്രുവത്തെയുംകൂടി പ്രത്യേകമാൎഗ്ഗമായിഗ്ഗണിച്ചതാണെന്നും അത് അതിധ്രുവത്തിൻെറയും ഉപലക്ഷകമാണെന്നും ധരിച്ചുകൊൾക.

ഇനി ഒന്നിലധികം മാത്രകൾ ചേൎന്നു താളകലയായിട്ടുള്ള ചിത്രവൃത്തിദക്ഷിണമാൎഗ്ഗങ്ങളിൽ കലകൾക്കിടയിൽ വരുന്ന മാത്രകളെ പ്രചരിപ്പിക്കുന്നതിനുള്ള വഴി കാണിപ്പാനായി ദക്ഷിണമാൎഗ്ഗത്തിലെക്കലയിൽച്ചേൎന്ന എട്ടു മാത്രകൾക്കും പ്രത്യേകസംജ്ഞകൾ നിൎദ്ദേശിക്കുന്നു—

സൂ—ധ്രുവാ സൎപ്പിണീ കൃഷ്ണാ പത്മിനീ വിസൎജ്ജിതാ വിക്ഷിപ്താ പതാകാ പതിതേതി കലാംശമാത്രാസംജ്ഞാഃ. ൧൩൭

ഭാ—താളകലയുടെ അംശങ്ങളായി വരുന്ന എട്ടു മാത്രകൾക്കു ക്രമത്തിൽ ധ്രുവ, സൎപ്പിണി, കൃഷ്ണ, പത്മിനി, വിസൎജ്ജിത, വിക്ഷിപ്ത, പതാക, പതിത ഇങ്ങനെ സംജ്ഞകളുണ്ട്.

സൂ—തത്ര സശബ്ദാ ധ്രുവാ. ഹസ്തസ്യ വാമതോ ഗമനേ സൎപ്പിണീ, ദക്ഷിണതഃ കൃഷ്ണാ, അധഃ പത്മിനീ, ബഹിൎവ്വിസൎജ്ജിതാ, അന്തൎവ്വിക്ഷിപ്താ, ഊൎദ്ധ്വം പതാകാ. പാതനേ പതിതാ. ൧൩൮

ഭാ—അവയിൽ ധ്രുവം, ശമ്യ മുതലായ സശബ്ദക്രിയകൊണ്ടാണ് ധ്രുവ എന്ന മാത്രയെക്കാണിക്കേണ്ടത്. കയ്യ് ഇടത്തുഭാഗത്തേക്കു വീയി സൎപ്പിണിയേയും വലത്തുഭാഗത്തേക്കു വീയി കൃഷ്ണയേയും കീഴ്പ്പോട്ടു വീയി പത്മിനിയെയും പുറത്തേക്കു വീയി വിസൎജ്ജിതയെയും അകത്തേക്കു വീയി വിക്ഷിപ്തയെയും മേല്പോട്ടു വീയി പതാകയെയും കയ്യു തൂക്കിയിട്ടു പതിതയെയും കാണിക്കണമെന്നാണ് നിയമം. വിരലുകൾകൊണ്ടു ക്രമത്തിൽ എണ്ണിയും മാത്രാക്രമം കാണിക്കാവുന്നതുമാണ്.

ഓരോ മാൎഗ്ഗത്തിലും അവയിൽ ഇന്നിന്ന മാത്രകളെയാണ് സ്വീകരിക്കേണ്ടതെന്നു പറയുന്നു—

സൂ—ചിത്രേ ധ്രുവാ പതിതേ. വാൎത്തികേ ധ്രുവാ സൎപ്പിണീപതാകാപതിതാഃ. ദക്ഷിണേഷ്വേൗ ച ഗ്രാഹ്യാഃ. ൧൫

ഭാ—ധ്രുവമാൎഗ്ഗത്തിൽ ഓരോ മാത്ര്യും ഓരോ കലയായതിനാൽ ധ്രുവം ശമ്യ മുതലായി കലകളെക്കാണിക്കുന്ന ഹസ്തക്രിയകരംതന്നെ മതിയാകുന്നതാണ്. മാത്രകളെ മാത്രമായിക്കാണിക്കുന്ന സൎപ്പിണി മുതലായ ക്രിയകരം വേണ്ടിവരില്ല. ചിത്രമാൎഗ്ഗത്തിൽ ധ്രുവാ എന്ന വിരൽ മിടിച്ചുകാണിക്കുന്ന സശബ്ദക്രിയയും പതിത എന്ന മാത്രാക്രിയയും സ്വീകരിച്ചാണ് കലകളെക്കാണിക്കേണ്ടത്. വൃത്തിമാൎഗ്ഗത്തിൽ ധ്രുവയെയും സൎപ്പിണി, പതാക, പതിത എന്നീ മൂന്നു മാത്രാക്രിയകളെയും സ്വീകരിച്ചു കലകളെക്കാണിക്കണം. ദക്ഷിണമാൎഗ്ഗത്തിൽ ധ്രുവയെയും സൎപ്പിണിതുടങ്ങിയ എഴു മാത്രാക്രിയകളെയും ക്രമത്തിൽ സ്വീകരിച്ചു കലകളെക്കാണിക്കേണ്ടതാണ്. ഇങ്ങനെയാണ് പ്രാചീനമതം. ഈ മാത്രാക്രിയകളിൽ കൃഷ്ണാ എന്നതിനു പകരം കൃഷ്യ എന്നും പത്മിനീ എന്നതിന്നു പകരം ബന്ധിനീ എന്നുമുള്ള സംജ്ഞകളാണ് ചില പ്രാചീനന്മാർ പറഞ്ഞിട്ടുള്ളത്. ഓരോന്നിൻെറ സ്വരൂപം വിവരിച്ചിട്ടുള്ളതിലും മതഭേദമുണ്ട്. മുൻഭാഗത്തേക്കു കയ്യു നീട്ടുന്നതു സൎപ്പിണി. കയ്യു മടക്കുന്നതു കൃഷ്യ. രണ്ടു കയ്യും ചേൎത്തുപിടിക്കുന്നതു ബന്ധിനി. മേല്പോട്ടു വീശുന്നതു വിക്ഷിപ്ത. വിരലുകരം മേല്പോട്ടാക്കിപ്പിടിക്കുന്നതു പതാക. കീഴ്പോട്ടാക്കിത്താഴ്ത്തുന്നതു പതിത. ഇങ്ങനെയെല്ലാമാണ് ആ മതത്തിൽ ഓരോ മാത്രാഹസ്തത്തിൻെറയും സ്വരൂപം.

"ധ്രുവകാ സൎപ്പിണീ കൃഷ്യാ ബന്ധിനീ ച വിസജ്ജിതാ.
വിക്ഷിപ്താ ച പതാകാ ച പതിതാ ചാഷ്ടമീ മതാ.
ഘനാഭിഘാതോ ധ്രുവകാ സൎപ്പിണ്യഗ്രേ പ്രസാരിതാ
കൃഷ്യാ കുഞ്ചനമാത്രാ ച ബന്ധാകാരാ ച ബന്ധിനീ
വിസജ്ജിതോപരിഷ്ഠേന വിക്ഷിപ്തോത്താനവാമതഃ.
ഊൎദ്ധ്വാംഗുലിഃ പതാകാ സ്യാൽ പതിതാ പതിതാ പുനഃ."

എന്ന പാൎശ്വദേവമുനിവചനവും മററും നോക്കുക.

ഇനി കലകരം അംഗങ്ങളായുള്ള താളങ്ങളെപ്പററിപ്പറയുന്നു—

സൂ—ചതുരശ്രസ്ത്ര്യശ്രശ്ചേതി ദ്വൌ ചഞ്ചൽപുടചാചപുടാഖ്യൌ സാമാന്യതസ്താളൌ. ൧൬

ഭാ—ചതുരശ്രം ത്ര്യശ്രം ഇങ്ങനെ താളങ്ങരം പൊതുവായി രണ്ടു വകയാണ്. അതിൽ ചതുരശ്രതാളത്തിന്നു ചഞ്ചൽപുടമെന്നും ത്ര്യശ്രതാളത്തിന്നു ചാചപുടമെന്നും പേരുകരം. നാല് അശ്രികരം തുല്യകോണുകരം അല്ലെങ്കിൽ സമമൂലകരം ഉള്ളതു ചതുരശ്രം. മൂന്നു തുല്യമൂലകളുള്ളതു ത്ര്യശ്രം ഇങ്ങനെ ചതുരശ്രത്ര്യശ്രശബ്ദങ്ങളുടെ അവയവാൎത്ഥം. ചതുരാകൃതിയിലുള്ളതു ചതുരശ്രം. ത്രികോണാകൃതിയിലുള്ളതു ത്ര്യശ്രം എന്നു താൽപൎയ്യം. ചഞ്ചൽപുടമെന്നതിന്നു ചച്ചൽപുടമെന്ന സംജ്ഞയാണ രത്നാകരകാരനും മററുചിലരും പറയുന്നത്. ഭരതമുനിയുടെ സംജ്ഞ ചഞ്ചൽപുടമെന്നാണ്.



സൂ—തൌ യഥാക്ഷരദ്വികലചതുഷ്കലഭേദാൽ പൃഥക്ത്രിവിധൌ. ൬൭

ഭാ—ആ ചഞ്ചൽപുടവും ചാചപുടവും താളകലകളുടെ സംഖ്യാഭേദമനുസരിച്ച് യഥാക്ഷരം ദ്വികലം ചതുഷ്കലം ഇങ്ങനെ മുമ്മൂന്നു വിധത്തിൽ വരുന്നതാണ്.

സൂ—അക്ഷരലഘുഗുർവ്വനുസൃതലഘുഗുരുർയ്യഥാക്ഷരഃ. ൬൮

ഭാ—യഥാക്ഷരമെന്നതിന്നു ചഞ്ചൽപുടം, ചാചപുടം, എന്ന ശബ്ദങ്ങളിലെ അക്ഷരങ്ങളുടെ ലഘുഗുരുക്രമമനുസരിച്ച് ലഘുഗുരുതാളകലകൾ ഏൎപ്പെട്ടിട്ടുള്ളത് എന്നൎത്ഥം. ചഞ്ചൽ എന്ന രണ്ടക്ഷരങ്ങളും ഗുരുവാകയാൽ രണ്ടു മാത്ര ചേൎന്ന ഗുരുവിനെയാണ് ചഞ്ചൽപ്പുടത്തിൽ ആദ്യത്തെ രണ്ടു താളകലകളായി സ്വീകരിക്കേണ്ടത്. അതിനാൽ ആ രണ്ടു കലകൾക്കുംകൂടി നാലു മാത്രയായി പു എന്നതു ലഘ്വക്ഷരമാകയാൽ താളത്തിലും ലഘുവായ ഒരു മാത്രയെത്തന്നെ മൂന്നാമത്തെ താളകലയായി സ്വീകരിക്കണം. ടം എന്നതിനെ പ്ലുതാക്ഷരമായിട്ടാണ് ചഞ്ചൽപുടം എന്ന ശബ്ദത്തിൽ ഇവിടെക്കണക്കാക്കേണ്ടത്. അതിനാൽ മൂന്നു മാത്രകൾ ചേൎന്ന പ്ലുതത്തെയാണ് നാലാമത്തെ താളകലയായി സ്വീകരിക്കേണ്ടതും. അങ്ങനെ യഥാക്ഷരചഞ്ചൽപ്പുടത്തിൽ നാലു കലകളിൽകൂടി എട്ടു മാത്രകൾ അടങ്ങിയിരിക്കുന്നു. ചാചപുടം എന്ന ശബ്ദത്തിൽ ചാ എന്നതു ഗുൎവ്വക്ഷരമാകയാൽ രണ്ടു മാത്രകൾ ചേൎന്ന ഗുരുവാണ് ആദ്യത്തെക്കല. ച പു എന്ന രണ്ടക്ഷരങ്ങളും ലഘുക്കളാകയാൽ മൂന്നാമത്തെയും നാലാമത്തെയും മാത്രകളിൽ രണ്ടാമത്തെയും മൂന്നാമത്തെയും കലകൾ. ടം എന്നത് ഈ ശബ്ദത്തിൽ ഗുരുതന്നെയാണ്. അതിനാൽ അഞ്ചാമത്തെയും ആറാമത്തെയുമായി രണ്ടു മാത്രകൾ ചേൎന്നു നാലാമത്തെക്കല. ഇങ്ങനെ യഥാക്ഷരചാചപുടത്തിൽ ആറു മാത്രകളിലായി നാലു കലകൾ വരുന്നു. സശബ്ദക്രിയയോ നിശ്ശബ്ദക്രിയയോ കാണിക്കേണ്ട താളകാലഭാഗത്തിന്നാണ് താളകല എന്നു പറയുന്നതെന്നും ഗ്രഹിച്ചുകൊൾക.
ക. ചഞ്ചൽപുടം ടട | ട̇. ചാചപുടം ട | | ട.

സൂ—തേഷു യഥാക്ഷരാവേകകലൌ ചൈത്രൌ. ൬൯

ഭാ—അവയിൽ യഥാക്ഷരചഞ്ചൽപുടത്തിന്ന് ഏകകലചഞ്ചൽപുടമെന്നും യഥാക്ഷരചാചപുടത്തിന്ന് ഏകകലചാചപുടമെന്നും പറയുന്നു. ഏകകലചഞ്ചൽപുടമെന്നതിന്നു പാദഭാഗങ്ങളിൽ എന്നുവെച്ചാൽ ചതുരശ്രത്തെ നാലുസമഭാഗങ്ങളായിത്തിരിക്കുമ്പോൾ ആ ഓരോ ഭാഗങ്ങളിൽ ഓരോ കലമാത്രം ഉള്ള ചഞ്ചൽപ്പുടമെന്നും ഏകകലചാചപുടമെന്നതിന്നു ത്ര്യശ്രത്തെ മൂന്നു സമഭാഗങ്ങളായിത്തിരിക്കുമ്പോൾ ഓരോ ഭാഗങ്ങളിൽ ഓരോ കലമാത്രം ഉള്ള ചാചപുടമെന്നും അവയവാൎത്ഥം. ബാഹുല്യമനുസരിച്ചാണ് ഈ വ്യപദേശങ്ങൾ. അതിനാൽ ആറു മാത്രയുള്ള ചാചപുടത്തിൽ ഒരുപാദഭാഗത്തുള്ള രണ്ടു മാത്രകളും പ്രത്യേകകലയായതുകൊണ്ട് ആ പാദഭാഗത്തു രണ്ടു കലകൾ വരുന്നുണ്ടെങ്കിലും വിരോധമില്ലെന്നറിഞ്ഞുകൊൾക. ഈ യഥാക്ഷരചഞ്ചൽപുടവും യഥാക്ഷരചാചപുടവും ചിത്രമാൎഗ്ഗത്തിൽ ചേൎന്നതാണ്.

സൂ—യഥാക്ഷരേ ചഞ്ചൽപുടേ ഗുരുദ്വയലഘുപ്ലുതാനാം ക്രമാത്സന്നിപാതശമ്യാതാലശമ്യാ ഹസ്തക്രിയാഃ. ൭൦

ഭാ—യഥാക്ഷരചഞ്ചൽപുടത്തിൽ ആദ്യത്തെ ഗുരുവിന്നു സന്നിപാതമെന്ന സശബ്ദക്രിയയും രണ്ടാമത്തെ ഗുരുവിന്നു ശമ്യയെന്ന സശബ്ദക്രിയയും മൂന്നാമത്തെതായ ലഘുവിന്നു താലമെന്ന സശബ്ദക്രിയയും നാലാമത്തേതായപ്ലുതത്തിന്നു ശമ്യയെന്ന സശബ്ദക്രിയയുമാണ് വേണ്ടത്.

സൂ—അഥവാ ദ്വിശ്ശമ്യാതാലൌ താലശമ്യേ വാ. ൨൧

ऽ ऽ | ऽं ऽ ऽ | ऽं ऽ ऽ | ऽं

1. സന്നിപാതഃ ശമ്യാ താലഃ ശമ്യാ 2. ശമ്യാ താലഃ ശമ്യാ താലഃ 3. താലഃ ശമ്യാ താലഃ ശമ്യാ

ഇതി യഥാക്ഷരചഞ്ചൽപുടഃ.

ഭാ—അല്ലെങ്കിൽ ശമ്യയും താലവും ക്രമത്തിൽ രണ്ടാവൃത്തിയായിപ്പിടിക്കുക. അതു മല്ലെങ്കിൽ താലവും ശമ്യയും ക്രമത്തിൽ രണ്ടാവൃത്തിയായിപ്പിടിക്കുക. ഇങ്ങനെ യഥാക്ഷരചഞ്ചൽപുടത്തിന്നു മൂന്നുതരം ഹസ്തക്രിയാപ്രചാരമുണ്ട്. സശബ്ദക്രിയകളല്ലാതെ നിശ്ശബ്ദക്രിയ അതിൽ വരുന്നതല്ല.



ഇങ്ങനെ യഥാക്ഷരചഞ്ചൽപുടപ്രസ്താരം.

സൂ—യഥാക്ഷര ചാചപുടേപ്യമീ ഭേദാഃ. ൨൨

ऽ | | ऽ ऽ | | ऽ ऽ | | ऽ

1. സന്നിപാതഃ ശമ്യാ താലഃ ശമ്യാ 2. ശമ്യാ താലഃ ശമ്യാ താലഃ 3. താലഃ ശമ്യാ താലഃ ശമ്യാ

ഇതി യഥാക്ഷരചാചപുടഃ.

ഭാ—യഥാക്ഷരചാചപുടത്തിലും ചഞ്ചൽപുടത്തിന്നു കാണിച്ച സന്നിപാതശമ്യാതാലശമ്യകളോ ശമ്യാതാലങ്ങളുടെ രണ്ടാവൃത്തിയോ താലശമ്യകളുടെ രണ്ടാവൃത്തിയോ വരുന്നതാണ്.



ഇങ്ങനെ യഥാക്ഷരചാചപുടപ്രസ്താരം.

സൂ—മാത്രാസ്സർവ്വാ ഗുരൂൻ കൃത്വാ ദ്വിഗുണീകൃതൌ ദ്വികലൌ വാർത്തികൌ ച. ൨൩

ഭാ—യഥാക്ഷരചഞ്ചൽപുടത്തിലെ എട്ടു മാത്രകളെയും ഈരണ്ടു മാത്രകൾ ചേർന്ന നാലു ഗുരുക്കളാക്കി വിഭജിച്ച് അതിരട്ടിച്ചാൽ അതായതു പതിനാറു മാത്രകളടങ്ങിയ എട്ടു ഗുരുക്കളാക്കിയാൽ അതു ദ്വികലചഞ്ചൽപുടമാണ്. ഇതിലെ കലാശബ്ദത്തിന്നു ഗുരു എന്നർത്ഥമായതിനാൽ ചതുരശ്രത്തിന്റെ ഓരോ പാദഭാഗത്തും ഈരണ്ടു കലകളടങ്ങിയ ച

ഞ്ചൽപുടമെന്നു താൽപര്യം. അതുപോലെ യഥാക്ഷരചാചപുടത്തിലെ ആറു മാത്രകളെയും മൂന്നു ഗുരുക്കളാക്കി വിഭജിച്ച് അതിരട്ടിച്ചാൽ അതായതു പന്തിരണ്ടു മാത്രകളടങ്ങിയ ആറു ഗുരുക്കളാക്കിയാൽ അതു ദ്വികലചാചപുടമാണ്. അതു രണ്ടും വൃത്തിമാർഗ്ഗത്തിൽ ചേർന്നവയുമാണ്. മാർഗ്ഗഭേദത്തെക്കാണിക്കുന്ന കലസശബ്ദക്രിയകൾ മാത്രമാകയാൽ ഓരോ ഗുരുവും ദ്വികലങ്ങളിൽ താളകലയാണെങ്കിലും നന്നാലു മാത്രകൾ ചേർന്ന ഈരണ്ടു ഗുരുക്കൾ കൂടുമ്പോഴേ സശബ്ദക്രിയകൾ വരികയുള്ളൂ. അതിനാൽ വൃത്തിമാർഗ്ഗത്തിൽ നാലു മാത്രകൾ ചേർന്നതാണ് താളകല എന്ന വ്യവസ്ഥക്കു വിരോധം ശങ്കിക്കേണ്ടതില്ല. ദ്വികല ചഞ്ചൽപുടം—SS, SS, SS, SS. ദ്വികലചാചപുടം—SS, SS, SS.

സൂ—നിഷ്ക്രാമശമ്യേ, നിഷ്ക്രാമതാലൌ ശമ്യാപ്രവേശൌ നിഷ്ക്രാമസന്നിപാതൌ ച തത്ര ചഞ്ചൽപുടേ ഹസ്തക്രിയാഃ. ൨൪

S S S S S S S S

നി, ശ, നി, താ, ശ, പ്ര, നി, സം.

ഇതി ദ്വികലചഞ്ചൽപുടഃ.

ഭാ—അതിൽ ദ്വികലചഞ്ചൽപുടത്തിന്നുള്ള ഈ ഹസ്തക്രിയകൾ ക്രമത്തിൽ നിഷ്ക്രാമം, ശമ്യ, നിഷ്ക്രാമം, താലം, ശമ്യ, പ്രവേശം, നിഷ്ക്രാമം, സന്നിപാതം ഇവയാണ്.



ഇങ്ങനെ ദ്വികലചഞ്ചൽപുടമണ്ഡലപ്രസ്താരം.

സൂ—നിഷ്ക്രാമശമ്യേ താലശമ്യേ നിഷ്ക്രാമസന്നിപാതൌ ച ചാചപുടേ. ൨൫

S S S S S S

നി, ശ, താ, ശ, നി, സം. ഇതി ദ്വികലചാചപുടഃ.

ഭാ—ദ്വികലചാചപുടത്തിന്നുള്ള ഹസ്തക്രിയകൾ ക്രമത്തിൽ നിഷ്ക്രാമം, ശമ്യ, താലം, ശമ്യ, നിഷ്ക്രാമം, സന്നിപാതം ഇവയാണ്.



ഇങ്ങനെ ദ്വികലചാചപുടമണ്ഡലപ്രസ്താരം.

സൂ—തത്ര ദ്വിഗുണൌ ചതുഷ്ടലൌ ദക്ഷിണൌ ച. ൨൩

ഭാ—ദ്വികലചഞ്ചൽപ്പുടത്തിന്നുള്ള കലകൾ ഇരട്ടിച്ചാൽ അതായതു പാദഭാഗത്തു നന്നാലു ഗുരുക്കൾ വീതം പതിനാറ ഗുരുക്കളടങ്ങിയ ചതുരശ്രമായാൽ അതു ചതുഷ്ടലചഞ്ചൽപുടമാണ്. അപ്രകാരം ദ്വികലചാചപുടത്തിന്നുള്ള കലകൾ ഇരട്ടിച്ച പന്തിരണ്ടു ഗുരുക്കളടങ്ങിയ ത്ര്യശ്രമായാൽ അതു ചതുഷ്ടലചാചപുടമാണ്. അതു രണ്ടും ദക്ഷിണമാൎഗ്ഗത്തിൽചേൎന്നവയുമാണ്. ചതുഷ്ടലചഞ്ചൽപുടം—SSSS, SSSS, SSSS, SSSSചതുഷ്ടലചാചപുടം—SSSS, SSSS, SSSS.

സൂ—തത്രാവാപനിഷ്ക്രാമവിക്ഷേപശമ്യാഃ പ്രഥമേ, താശ്ശമ്യാസ്ഥാനേ താലയുക്താ ദ്വിതീയേ, ആവാപശമ്യാവിക്ഷേപപ്രവേശാസ്തൃതീയേ, ആവാപനിഷ്ക്രാമവിക്ഷേപസന്നിപാതാസ്തുരീയേ ച പാദഭാഗേ ഹസ്തക്രിയായുഗ്മകേ. ൨൪

S S S S S S S S S S S S S S S S

ആനിവിശ, ആനിവിതാ, ആശവിപ്ര, ആനിവിസ, ഇതിചതുഷ്ടലചഞ്ചൽപുടഃ.

ഭാ—യുഗ്മകം ഇരട്ടപ്പട്ടസംഖ്യയിൽചേൎന്നത്. ചതുരശ്രമായ ചഞ്ചൽപുടമെന്നൎത്ഥം. ചതുഷ്ടലചഞ്ചൽപുടത്തിൽ ആദ്യത്തെപ്പാദഭാഗത്തിൽ ആവാപം, നിഷ്ക്രാമം, വിക്ഷേപം, ശമ്യ ഇവയും രണ്ടാമത്തെപ്പാദഭാഗത്തിൽ ആദ്യത്തേതിലേശ്ശമ്യയുടെ സ്ഥാനത്തു താലമാക്കി ആവാപം, നിഷ്ക്രാമം, വിക്ഷേപം, താലം ഇവയും മൂന്നാമത്തെപ്പാദഭാഗത്തിൽ ആവാപം, ശമ്യ, വിക്ഷേപം, പ്രവേശം ഇവയും നാലാമത്തെപ്പാദഭാഗത്തിൽ ആവാപം, നിഷ്ക്രാമം, വിക്ഷേപം, സന്നിപാതം ഇവയുമാണ് ക്രമത്തിലുള്ള ഹസ്തക്രിയകൾ.



ഇങ്ങനെ ചതുഷ്ടലചഞ്ചൽപുടമണ്ഡലപ്രസ്താരം.

സൂ—ആവാപനിഷ്ക്രാമവിക്ഷേപശമ്യാഃ പ്രഥമേ, ആവാപതാലവിക്ഷേപശമ്യാ ദ്വിതീയേ, ആവാപനിഷ്ക്രാമവിക്ഷേപസന്നിപാതാസ്തൃതീയേ ചൌജസ്യ പാദഭാഗേ. ൨൫

ആനിവിശ, ആതാവിശ, ആനിവിസ, ഇതി ചതുഷ്കലചാചപുടഃ.

ട ട ട ട ട ട ട ട ട ട ട ട

ഭാ—ഓജം ഒററപ്പട്ടസംഖ്യയിൽച്ചേർന്നത്. ത്ര്യശ്രമായ ചാചപുടമെന്നർത്ഥം. ചതുഷ്കലചാചപുടത്തിൽ ആദ്യത്തെ പാദഭാഗത്തിൽ ആവാപം, നിഷ്ക്രാമം, വിക്ഷേപം, ശമ്യ ഇവയും രണ്ടാമത്തെ പാദഭാഗത്തിൽ ആവാപം, താലം, വിക്ഷേപം, ശമ്യ ഇവയും മൂന്നാമത്തെത്തിൽ ആവാപം, നിഷ്ക്രാമം, വിക്ഷേപം, സന്നിപാതം, ഇവയും ക്രമത്തിലുള്ള ഹസ്തക്രിയകഠം.



ഇങ്ങനെ ചതുഷ്കലചാചപുടമണ്ഡലപ്രസ്താരം.

സൂ—ഉദ്ഘട്ടഷട്പിതാപുത്രകൌ ത്ര്യശ്രഭേദൌ കലാമാത്രാഭേദാൽ. ൨ൻ

ഭാ—താളകലകഠംക്കുള്ള മാത്രാസംഖ്യകളുടെ വ്യത്യാസമനുസരിച്ച ത്ര്യശ്രത്തിന്ന് ഉദ്ഘട്ടമെന്നും ഷട്പിതാപുത്രകമെന്നും രണ്ടു വകഭേദങ്ങഠം പ്രസിദ്ധങ്ങളായിട്ടുണ്ട്. മാത്രകളുടെ സംഖ്യാഭേദം അവലംബിച്ച താളകലകഠം വ്യത്യാസപ്പെട്ടുമ്പോഠം ഏകകലങ്ങളായ ത്ര്യശ്രചതുരശ്രങ്ങളിൽത്തന്നെ പല വകഭേദങ്ങളും ഉണ്ടാകാവുന്നതാണ്. ദ്വികലചതുഷ്കലങ്ങളായിട്ടുള്ളവയിൽ വളരെയധികം വകഭേദങ്ങഠം സംഭവിക്കയും ചെയ്യും. എങ്കിലും അവയിൽ അതിപ്രസിദ്ധങ്ങളായ ത്ര്യശ്രഭേദങ്ങഠം രണ്ടാണെന്നു താൽപര്യം.

സൂ—തത്രോദ്ഘട്ടഃ ഷാണ്മാത്രികസ്സർവ്വഗുരുരേകകലോ യഥാക്ഷരഃ. ൩൦

ഭാ—അവയിൽ ഉദ്ഘട്ടമെന്നത് ആറുമാത്രയുള്ളതും പാദഭാഗങ്ങളിൽ ഓരോ ഗുരുവീതം ഗുരുക്കഠംതന്നെതാളകലകളായിട്ടുള്ളതുമാണ്. ഉദ്ഘട്ടം എന്ന ശബ്ദത്തിലെ അക്ഷരങ്ങളെല്ലാം ഗുരുക്കളായിരിക്കുന്നതിനാൽ ആ ഉദ്ഘട്ടത്തിന്നു യഥാക്ഷരോദ്ഘട്ടമെന്നും അപ്രകാരം പാദഭാഗങ്ങളിൽ ഓരോ കല മാത്രമായിട്ടുള്ളതിനാൽ ഏകകലോദ്ഘട്ടമെന്നും സംജ്ഞയുണ്ട്. യഥാക്ഷരോദ്ഘട്ടം—ട, ട, ട.

സൂ—ഷട്പിതാപുത്രകോ ദ്വാദശമാത്രികോ പഞ്ചപാണിരുത്തരോ യഥാക്ഷരേ ത്വാദ്യന്തപ്ലുതഃ. ൩൧

ഭാ—ഷട്പിതാപുത്രകം എന്നതു പന്തിരണ്ടു മാത്രകൾ അടങ്ങിയതാണ്. അതിന്നു പഞ്ചപാണി എന്നും ഉത്തരം എന്നുകൂടി സംജ്ഞകളുണ്ട്. യഥാക്ഷരമായ ഷട്പിതാപുത്രകത്തിൽ ആദ്യത്തെയും ഒടുവിലത്തെയും താളകലകൾ പ്ലുതങ്ങളുമാണ്. ആദ്യന്തങ്ങൾ പ്ലുതങ്ങളാണെന്നു പ്രത്യേകം കാണിച്ചതിനാൽ മററുള്ള കലകൾ ഷട്പിതാപുത്രകം എന്ന ശബ്ദത്തിലെ അക്ഷരങ്ങളുടെ ലഘുഗുരുക്രമമനുസരിച്ചു ലഘുവും ഗുരുവുമായിരിക്കുമെന്ന് അത്ഥത്താൽ സിദ്ധിക്കുന്നു. അതുപ്രകാരം 'പി' എന്നതു ലഘ്വക്ഷരമായതുകൊണ്ടു രണ്ടാമത്തെക്കലെ ലഘുവും 'താപു' എന്ന രണ്ടും ഗുർവ്വക്ഷരങ്ങളായതുകൊണ്ടു മൂന്നാമത്തെയും നാലാമത്തെയും കലകൾ ഗുരുക്കളും 'ത്ര' എന്നതു ലഘ്വക്ഷരമായതുകൊണ്ട് അഞ്ചാമത്തെക്കലെ ലഘുവുമാണെന്നും അങ്ങനെ യഥാക്ഷരഷട്പിതാപുത്രകത്തിൽ ആറു കലകളാണുള്ളതെന്നും പയ്യവസിക്കുന്നു. യഥാക്ഷരഷട്പിതാപുത്രകം—ട̇, |, ട, ട, |, ട̇.

സൂ—തദാദ്യന്തകലാമാത്രാ വിഹായ മധ്യഗതഷൺമാത്രാണാം ഗുരുത്രയീകരണേ സമ്പകേഷ്ടാകഃ. ൨൧

ഭാ—ആ ഷട്പിതാപുത്രകത്തിന്റെ ആദ്യകലക്കുള്ള മൂന്നു മാത്രകളും അവസാനത്തെക്കലക്കുള്ള മൂന്നു മാത്രകളും ഒഴിച്ചു മധ്യത്തിലുള്ള ആറു മാത്രകളെ മൂന്നു ഗുരുക്കളായ കലകളാക്കിയാൽ അതു സമ്പകേഷ്ടാകം എന്നു പേരായ താളമാണ്. യഥാക്ഷരസമ്പകേഷ്ടാകം—ട̇ടടടട̇.

സൂ—തേഷ്വേകദ്വിചതുഷ്കലഭേദാൽ ത്രിവിധാഃ. ൨൨

ഭാ—ഉദ്ഘട്ടം, ഷട്പിതാപുത്രകം, സമ്പകേഷ്ടാകം എന്നീ മൂന്നുവക താളങ്ങളും ചഞ്ചൽപുടചാചപുടങ്ങളെപ്പോലെ ഏകകലം, ദ്വികലം, ചതുഷ്കലം ഇങ്ങനെ മൂന്നു വിധത്തിൽ വരുന്നതാണ്. അതിൽ ഏക കലങ്ങൾ ചിത്രമാഗ്ഗത്തിലും ദ്വികലങ്ങൾ വാത്തികമാഗ്ഗത്തിലും ചതുഷ്കലങ്ങൾ ദക്ഷിണമാഗ്ഗത്തിലും ചേൎന്നവയാണെന്നും ഗ്രഹിച്ചുകൊൾക.

ഇവയുടെ ഹസ്തക്രിയകൾ വിവരിക്കുന്നു—

സൂ—നിഷ്ക്രാമശ്ശമ്യാദ്വയം ചൈകകലേ യഥാക്ഷരോദ്ഘട്ടേ. ൨൩

നി, ശ, ശ

ട, ട, ട. ഇതി യഥാക്ഷരോദ്ഘട്ടഃ.

ഭാ—ഏകകലമായ യഥാക്ഷരോദ്ഘട്ടതാളത്തിൽ നിഷ്ക്രാമവും രണ്ടു ശമ്യകളുമാണ് ക്രമത്തിലുള്ള ഹസ്തക്രിയകൾ. "ത്ര്യശ്രം സവ്വഗുരും കൃത്വാ നിഷ്ക്രാമം തത്ര യോജയേൽ ശമ്യാദ്വയം തതസ്ത്വേഷ ഉദ്ഘട്ടഃ" എന്നു ഭരതമുനിവചനം.



ഇങ്ങനെ ഏകകലോദ്ഘട്ടമണ്ഡലം.

സൂ—ദ്വികലചതുഷ്കലയോശ്ചാചപുടവൽ. ൨൪

ഭാ—ദ്വികലമായ ഉദ്ഘട്ടത്തിലും ചതുഷ്കലമായ ഉദ്ഘട്ടത്തിലും ദ്വികലചാച പുടത്തിലെപ്പോലെയും ചതുഷ്കലചാചപുടത്തിലെപ്പോലെയും തന്നെയാണ് ഹസ്തക്രിയാ പ്രചാരം.

നി, ശ, താ, ശ, നി, സ

ऽ, ऽ, ऽ, ऽ, ऽ, ऽ. ഇങ്ങനെ ദ്വികലോദ്ഘട്ടം.

ആ, നി, വി, ശ, ആ, താ, വി, ശ, ആ, നി, വി, സ.

ऽ, ऽ, ऽ, ऽ, ऽ, ऽ, ऽ, ऽ, ऽ, ऽ, ऽ, ऽ. ഇങ്ങനെ ചതുഷ്കലോദ്ഘട്ടം.

മണ്ഡലപ്രസ്താരങ്ങളും ചാചപുടത്തിലെപ്പോലെ കണ്ടുകൊൾക.

സൂ—സന്നിപാതതാലൌ ശമ്യാതാലയോർദ്വിരാവൃത്തിശ്ച യഥാക്ഷരേ പഞ്ചപാണൌ. ൩൩

സ, താ, ശ, താ, ശ, താ

ऽ̇. |, ऽ. ऽ, | ऽ̇, ഇതി യഥാക്ഷരഷട്പിതാപുത്രകഃ.

ഭാ—യഥാക്ഷരഷട്പിതാപുത്രകതാളത്തിൽ സന്നിപാതം, താലം, ശമ്യ, താലം, ശമ്യ, താലം ഇങ്ങനെയാണ് ക്രമത്തിലുള്ള ഹസ്തക്രിയകൾ.

"ആദ്യം പ്ലുതം ദ്വിതീയന്തു ലഘു യത്രാക്ഷരം ഭവേൽ
തൃതീയം ച ചതുർത്ഥം ച ഗുരുണീ പഞ്ചമം ലഘു.
പ്ലുതാന്തഃ ഷട്പിതാപുത്രോ ഗുരുലാഘവസംയുതഃ
അസ്യാദൌ സന്നിപാതസ്സ്യാത്താലശമ്യേ തതഃ പരം
താലശമ്യേ ചതാലശ്ച ഷട്പാതാസ്തത്ര കീർത്തിതാഃ."

എന്നു ഭരതമുനിവചനം. പാതം സശബ്ദക്രിയ.



ഇങ്ങനെ യഥാക്ഷരഷട്പിതാപുത്രകമണ്ഡലം.

ഇതിൽ ഓരോ പാദഭാഗത്തും ഈരണ്ടു സശബ്ദക്രിയകൾ വരുന്നുണ്ടെങ്കിലും പാരിഭാഷിക മായി ഇതിന്ന് ഏകകലഷട്പിതാപുത്രകമെന്നു പറയുന്നുവെന്നറിഞ്ഞുകൊൾക.

സൂ—ദ്വികലേ സർവ്വഗുരൌ നിഷ്ക്രാമപ്രവേശതാലശമ്യാഃ നിഷ്ക്രാമതാലനിഷ്ക്രാമശമ്യാഃ താലപ്രവേശനിഷ്ക്രാമസന്നിപാതാശ്ച. ൩൪

നിപ്രതാശ നിതാനീശ താപ്രനിസ

ട ട ട ട, ട ട ട ട, ട ട ട ട. ഇതി ദ്വികലപഞ്ചപാണിഃ.

ഭാ—ദ്വികലമായ ഷട്പിതാപുത്രകത്തിൽ മററു ദ്വികലങ്ങളിലെപ്പോലെ ഗുരുക്കഠം തന്നെയാണ് താളകലകളായിരിക്കുന്നത്. അതിൽ ആദ്യത്തെപ്പാദഭാഗത്തിൽ നിഷ്ക്രാമം, പ്രവേശം, താലം, ശമ്യ, ഇവയും രണ്ടാമത്തെപ്പാദഭാഗത്തിൽ നിഷ്ക്രാമം, താലം, നിഷ്ക്രാമം, ശമ്യ ഇവയും മൂന്നാമത്തെപ്പാദഭാഗത്തിൽ താലം, പ്രവേശം, നിഷ്ക്രാമം സന്നിപാതം ഇവയും ക്രമത്തിലുള്ള ഹസ്തക്രിയകളാണ്.



ഇങ്ങനെ ദ്വികലഷട്പിതാപുത്രകമണ്ഡലം.

സൂ—ദ്വികലക്രിയാസു ദ്വയോർദ്വയോരാദിമധ്യയോരാവാപവിക്ഷേപയോഗാച്ചതുഷ്കലക്രിയാഃ. നു-വ്യ

ട ട ട ട ട ട ട ട ട ട ട ട ട ട ട ട
ആ നി വി പ്ര, ആ താ വി ശ, ആ നി വി താ, ആ നി വി ശ,
ട ട ട ട ട ട ട ട
ആ താ വി പ്ര, ആ നി വി സ. ഇതി ചതുഷ്കലപഞ്ചപാണിഃ.

ഭാ—ദ്വികലഷട്പിതാപുത്രകത്തിന്നുള്ള ഹസ്തക്രിയകളെ ഈരണ്ടായി വിഭജിച്ച് ഓരോ ഈരണ്ടിൻെറയും ആദ്യത്തിൽ ഓരോ ആവാപവും മധ്യത്തിൽ ഓരോ വിക്ഷേപവും ചേർക്കുക. എന്നാൽ ആദ്യത്തെപ്പാദഭാഗത്തിൽ ആവാപം, നിഷ്ക്രാമം, വിക്ഷേപം, പ്രവേശം, ആവാപം, താലം, വിക്ഷേപം, ശമ്യ ഇങ്ങനെ എട്ടു ഹസ്തക്രിയകളും രണ്ടാമത്തേതിൽ ആവാപം, നിഷ്ക്രാമം, വിക്ഷേപം, താലം, ആവാപം, നിഷ്ക്രാമം, വിക്ഷേപം, ശമ്യ ഇങ്ങനെ എട്ടു ഹസ്തക്രിയകളും മൂന്നാമത്തേതിൽ ആവാപം, താലം, വിക്ഷേപം, പ്രവേശം, ആവാപം, നിഷ്ക്രാമം, വിക്ഷേപം, സന്നിപാതം ഇങ്ങനെ എട്ടു ഹസ്തക്രിയകളുമായിത്തീരുന്നതാണ്. അതാണ് ചതുഷ്കലഷട്പിതാപുത്രകത്തിന്നുള്ള ഹസ്തക്രിയകഠം. ഇതിലും ഓരോ പാദഭാഗത്തിൽ സശബ്ദക്രിയകഠം ഈരണ്ടു മാത്രമാണെങ്കിലും ദ്വികലത്തി

ൻെറ ഇരട്ടി മാത്രകളുള്ളതനുസരിച്ച് പരിഭാഷികമായി ഇതിനെ ചതുഷ്ടലമെന്ന സംജ്ഞ കൊണ്ടു വ്യവഹരിക്കുന്നതാണ്.



ഇങ്ങനെ ചതുഷ്ടലഷട്പിതാപുത്രകമണ്ഡലം.

സൂ—ദ്വിസ്താലശമ്യേ താലശ്ച യഥാക്ഷരേ സമ്പക്വേഷ്ടാകേ. ൩൯

ഽ̇ ഽ ഽ ഽ ഽ́

താ ശ താ ശ താ ഇതി യഥാക്ഷരസമ്പക്വേഷ്ടാകഃ.

ഭാ—യഥാക്ഷരസമ്പക്വേഷ്ടാകത്തിന്നു താലം, ശമ്യ, താലം, ശമ്യ ഇങ്ങനെ താല ശമ്യകളുടെ രണ്ടാവൃത്തിയും പിന്നെ ഒരു താലവുമാണ് ക്രമത്തിൽ ഹസ്തക്രിയകൾ.



ഇങ്ങനെ യഥാക്ഷരസമ്പക്വേഷ്ടാകമണ്ഡലം.

സൂ—ദ്വികലചതുഷ്ടലയോഃ പഞ്ചപാണേന്ന വിശേഷഃ. ൪൦

ഭാ—ദ്വികലസമ്പക്വേഷ്ടാകത്തിലും ചതുഷ്ടലസമ്പക്വേഷ്ടാകത്തിലുമുള്ള ഹസ്തക്രിയകൾക്കും താളകലാനിയമങ്ങൾക്കും ദ്വികലഷട്പിതാപുത്രകത്തിൽനിന്നും ചതുഷ്ടലഷട്പിതാപുത്രകത്തിൽനിന്നും വിശേഷമെന്നുമില്ല. രണ്ടിലും ഒരേവിധത്തിൽത്തന്നെയാണ്. മണ്ഡലപ്രസ്താരങ്ങളും ഷട്പിതാപുത്രകത്തിൻെറ പ്രസ്താരങ്ങൾതന്നെ.

വാദ്യങ്ങളിൽമാത്രം പ്രസിദ്ധങ്ങളായ താളങ്ങളുടെ സമ്പ്രദായം കാണിക്കുന്നു—

സൂ—ദ്വാദശകലാ ദ്വിഗുണദ്വിഗുണമാഷണ്ണവതി കലാഭേദത്രയമപി ചാചപുടസ്യ വാദ്യേഷു. ൪൭

ഭാ—പന്തിരണ്ടുതാളകലകളടങ്ങിയ, അതായതു പാദഭാഗങ്ങളിൽ നാലു കലകളുള്ള ചതുഷ്കലമായ ചാചപുടത്തിൽനിന്ന് ഇരട്ടിച്ചിരട്ടിച്ചുള്ള വിധത്തിൽ ആകെ തൊണ്ണൂററാറു കലകൾവരെ വരുന്നവയായി മൂന്നുവകഭേദങ്ങൾകൂടി ചാചപുടത്തിന്നു വാദ്യപ്രയോഗങ്ങളിൽ പ്രസിദ്ധമാണ്. എങ്ങനെയെന്നാൽ—പാദഭാഗങ്ങളിൽ എട്ടെട്ടു ഗുരുകലകൾ വീതം ഇരുപത്തിനാലു കലകൾ അടങ്ങിയത് ഒന്ന്. പാദഭാഗങ്ങളിൽ പതിനാറു ഗുരുകലകൾവീതം നാല്പത്തെട്ടു കലകളടങ്ങിയതൊന്ന്. പാദഭാഗങ്ങളിൽ മുപ്പത്തിരണ്ടു ഗുരുകലകൾവീതം തൊണ്ണൂററാറു കലകളടങ്ങിയതൊന്ന്. ഇങ്ങനെ മൂന്നു വിധം എന്നർത്ഥം. നൂററിത്തൊണ്ണൂററിരണ്ടു മാത്രകൾ ചേർന്ന തൊണ്ണൂററാറു കലകളിലധികം കലകളടങ്ങിയ താളവട്ടം വാദ്യപ്രയോഗങ്ങളിലും പ്രസിദ്ധമല്ലെന്നു താൽപര്യം.

"ത്ര്യശ്രതാളസ്യ ഷഡ്ഭേദസ്ത്രികലഃ ഷട്കലസ്തഥാ
കലാദ്വാദശകോപി സ്യാച്ചതുർവ്വിംശതികസ്തഥാ
കലാഷ്ടചത്വാരിംശൽകഃ കലാഷണ്ണവതിഃ പരാ"

എന്നു ഭരതമുനിവചനവുമുണ്ട്. ഇവയിൽ തൊണ്ണൂററാറു കലകളടങ്ങിയ താളവട്ടത്തിന്ന് ഒന്നാംകാലം അല്ലെങ്കിൽ പതിഞ്ഞനില എന്നും നാല്പത്തെട്ടു കലകളടങ്ങിയതിന്നു രണ്ടാം കാലമെന്നും ഇരുപത്തിനാലു കലകളടങ്ങിയതിന്നു മൂന്നാംകാലമെന്നും പന്തിരണ്ടു കലകളടങ്ങിയതിന്നു നാലാംകാലമെന്നും ആറു കലകളടങ്ങിയതിന്ന് അഞ്ചാംകാലമെന്നും മൂന്നു കലകൾ മാത്രമുള്ളതിന്നു മുറുകിയനില അല്ലെങ്കിൽ ആറാംകാലമെന്നും പറഞ്ഞുവരുന്നു. ഇവിടെ ചാചപുടമെന്നത് ഉപലക്ഷണമാണ്. ചഞ്ചൽപുടം മുതലായ താളങ്ങൾക്കും കലകൾ ഇരട്ടിച്ചിരട്ടിച്ചു വരുവാൻ വിരോധമില്ല. എന്നാൽ തൊണ്ണൂററാറിലധികം കലകളടങ്ങിയ താളവട്ടം പ്രയോഗത്തിൽ പ്രസിദ്ധമല്ലെന്നും ചഞ്ചൽപ്പുടത്തെ മുപ്പത്തിരണ്ടുകല, അറുപത്തിനാലുകല, തൊണ്ണൂററാറുകല എന്നീ ക്രമത്തിലാണ് ഇരട്ടിക്കേണ്ടതെന്നും വിശേഷം ഗ്രഹിച്ചുകൊൾക.

സൂ—ഇത്ഥം ഷഡ്ഭേദശ്ചാചപുടസ്ത്രിഭേദൗ ചഞ്ചൽപുടപഞ്ചപാണീ ഏകൈകഭേദാവുദ്ഘട്ടസമ്പക്വേഷ്ടാകൌ ചേതി ചതുർദ്ദശഭേദഭിന്നാഃ പഞ്ച താളാഃ. ൪൮

ഭാ—മേൽപ്രകാരം ഏകകലം, ദ്വികലം, ചതുഷ്കലം, അഷ്ടകലം ഷോഡശകലം, ദ്വാത്രിംശൽകലം ഇങ്ങനെ പാദഭാഗത്തിൽ വരുന്ന കലകളെ അടിസ്ഥാനമാക്കി ആറുവകഭേദമുള്ള ചാചപുടം; ഏകകലം, ദ്വികലം, ചതുഷ്കലം ഇങ്ങനെ മൂന്നുവകഭേദമുള്ള ചഞ്ചൽപുടം; അപ്രകാരംതന്നെ മൂന്നുവകഭേദമുള്ള പഞ്ചപാണി; ഓരോവകഭേദം മാത്രമുള്ള ഉദ്ഘട്ടവും സമ്പക്വേഷ്ടാകവും; ഇപ്രകാരം പതിന്നാലു പിരിവുകളടങ്ങിയ അഞ്ചുവക താളങ്ങളാണ് മാർഗ്ഗപ്രസ്ഥാനത്തിലെ എല്ലാ താളങ്ങൾക്കും ആധാരമായിരിക്കുന്നത്.

സൂ—തേഷു ദ്വയോസ്ത്രയാണാം വാ സങ്കരാത്സങ്കീർണ്ണാഃ. ൪൯

ഭാ—ആ അഞ്ചുവക താളങ്ങളിൽ രണ്ടുവക താളങ്ങൾ തമ്മിലോ മൂന്നുവക താളങ്ങൾ തമ്മിലോ കലൎന്നുണ്ടാകുന്ന താളങ്ങൾക്ക് സങ്കീർണ്ണതാളങ്ങളെന്നു പറയുന്നു. അങ്ങനെയുള്ള സങ്കരം ചഞ്ചൽപുടം മുതലായതിൻെറ ഏകകലം, ദ്വികലം തുടങ്ങിയ ഓരോരോ

വകഭേദങ്ങളോടും ചാപുപുടം മുതലായതിന്റെ ആവക ഓരോ വകഭേദങ്ങൾക്കും വരാവുന്നതിനാൽ സങ്കീർണ്ണതാളങ്ങൾ വളരെയധികം വിധത്തിലുണ്ടാകുന്നതാണ്. അതുപോലെ ആദ്യം ചഞ്ചൽപുടം പിന്നെ ചാചപുടം, ആദ്യം ചാചപുടം പിന്നെ ചഞ്ചൽപുടം ഇങ്ങനെ കലത്തുന്ന ക്രമത്തിന്റെ വ്യത്യാസംകൊണ്ടും സങ്കീർണ്ണതാളങ്ങൾക്ക് അനേകം വകഭേദങ്ങൾ വരുന്നതുമാണ്. "തേഷാമന്യോന്യസംസർഗ്ഗാത്സങ്കീർണ്ണാ ബഹവോ മതാഃ" എന്നു രത്നാകരവചനം.

സൂ—ഏകാദിമാത്രാധിക്യന്യൂനതാഭ്യാം ഖണ്ഡാഃ. ൪൮

ഭാ—ചഞ്ചൽപുടം, ചാചപുടം മുതലായി മേൽപ്പറഞ്ഞ താളങ്ങളുടെ ചില കലകളിൽ ഒന്നോ രണ്ടോ മാത്രകൾ അധികം ചേർത്തുണ്ടാകുന്ന താളങ്ങളും ഉണ്ട്. അവകു ഖണ്ഡതാളങ്ങൾ എന്നു പറയുന്നു. അതുപോലെ അവയിലെ ഗുരുക്കളിൽ ചിലതിന്റെ സ്ഥാനത്തു ലഘുവാക്കിയുണ്ടാകുന്ന താളങ്ങളും പ്ലുതസ്ഥാനത്തു ലഘുവോ ഗുരുവോ ചേർത്തുണ്ടാകുന്ന താളങ്ങളും ഖണ്ഡതാളങ്ങൾതന്നെ.

സൂ—പഞ്ചപാണിസമ്പകേഷ്ടാകൌ മിശ്രസംജ്ഞാവിതി മുനിഃ. ൪൯

ഭാ—ഷട്പിതാപുത്രകവും അതിന്റെ മറ്റൊരു രൂപമായ സമ്പകേഷ്ടാകവും മിശ്രതാളമെന്ന സംജ്ഞയുള്ളവയാണെന്നു ഭരതമുനി പറഞ്ഞിട്ടുണ്ട്.

"അനയോർമ്മിശ്രഭാവാച്ച മിശ്രതാളഃ പ്രകീർത്തിതഃ
ഷട്പിതാപുത്രകശ്ചൈവ പഞ്ചപാണിസ്സ ചോച്യതേ
താളസ്സു മിശ്രഭേദോന്യസ്സമ്പകേഷ്ടാകസംജ്ഞിതഃ".

എന്നു മുനിവചനം. "അനയോഃ" എന്നതിനു ചഞ്ചൽപുടചാചപുടങ്ങളുടെ എന്നും 'മിശ്രഭാവാൽ' എന്നതിനു ചഞ്ചൽപുടത്തിലെ പ്ലുതകല ആദ്യത്തിലും അവസാനത്തിലും ചേർക്കയും ചാചപുടത്തിലെ കലാക്രമത്തിനു ചില വ്യത്യാസം വരുത്തുകയും ചെയ്തു കലത്തുന്നതിനാൽ എന്നും അർത്ഥം. അതുപ്രകാരം പഞ്ചപാണിയുടെ വകഭേദങ്ങളും മിശ്രവർഗ്ഗത്തിൽച്ചേർന്നവയാണ്. അതിനാൽ ത്ര്യശ്രം, ചതുരശ്രം, മിശ്രം, സങ്കീർണ്ണം, ഖണ്ഡം ഇങ്ങനെ അഞ്ചുവകയാണ് താളങ്ങളെന്നു വന്നുകൂടുന്നു. ഉദ്ഘട്ടം ത്ര്യശ്രത്തിലുൾപ്പെടുന്നതാണ്. പഞ്ചപാണിസമ്പകേഷ്ടാകങ്ങളും മാത്രാസംഖ്യയുടെ സ്വഭാവത്താൽ ത്ര്യശ്രത്തിൽത്തന്നെ ചേരുന്നുവെന്നുള്ള പക്ഷത്തിൽ മിശ്രമെന്ന വകഭേദത്തെ സ്വീകരിക്കേണ്ടതില്ല. ത്ര്യശ്രം, ചതുരശ്രം, സങ്കീർണ്ണം, ഖണ്ഡം എന്ന നാലുവർഗ്ഗം മാത്രം മതിയാകുന്നതാണ്. അതിൽ സങ്കീർണ്ണവർഗ്ഗത്തിലും ഖണ്ഡവർഗ്ഗത്തിലും അനവധി താളങ്ങൾ വരുന്നതുമാണ് എന്നു ചുരുക്കം.

ഇനി ദക്ഷിണപ്രസ്ഥാനത്തിലെ താളങ്ങളെപ്പററിപ്പറയുന്നു—

സൂ—ദക്ഷിണേ തു ചത്വാരോ വിലംബലവസ്സാധാരണീ മാത്രാ ലഘുച. ൫൦

ഭാ—ദക്ഷിണപ്രസ്ഥാനത്തിലാകട്ടെ നാലു വിലംബലുക്കൾക്ക് അതായതു നാലു ലഘ്വക്ഷരോച്ചാരണകാലത്തിന്നാണ് സാമാന്യമായി ഒരു മാത്ര എന്നും ലഘുവെന്നും പറയുന്നത്. സാധാരണീ എന്ന അംശത്താൽ അധികവും അപ്രകാരമാണെന്നും ചിലപ്പോൾ അതിൽ കുറഞ്ഞോ ഏറിയോ ഉള്ള അക്ഷരകാലങ്ങളെയും മാത്രയായിഗ്ഗണിക്കാവുന്നതാണെന്നും സൂചിപ്പിച്ചിരിക്കുന്നു.

സൂ—ക്വചിദ്വിപ്ലുതപഞ്ചഷഡക്ഷരകാലാശ്ച. ൫൧

ഭാ—ഉല്ലംഭം ചിലപ്പോൾ മൂന്നു ലഘ്വക്ഷരങ്ങളുടെ ഉച്ചാരണകാലമായ **വിപ്ലുത**വും മററു ചിലപ്പോൾ അഞ്ചു ലഘ്വക്ഷരങ്ങളുടെ ഉച്ചാരണകാലവും വേറെച്ചിലപ്പോൾ ആറു ലഘ്വക്ഷരങ്ങളുടെ ഉച്ചാരണകാലവും മാത്രയായി വരുന്നതാണ്.

സൂ—അൎദ്ധമാത്രം ദ്രുതം ബിന്ദു വ്യഞ്ജനം ച. ൪൮

ഭാ—ഒരു മാത്രയുടെ അൎദ്ധത്തിന്നു ദ്രുതമെന്നും ബിന്ദുവെന്നും വ്യഞ്ജനമെന്നും സംജ്ഞകളുണ്ട്. അതായതു നാലക്ഷരകാലം ഒരു മാത്രയാകുമ്പോൾ അതിന്റെ പകുതിയായ രണ്ടക്ഷരകാലത്തിന്നു ദ്രുതമെന്നു പേർ. മൂന്നക്ഷരകാലമാണ് മാത്രയെങ്കിൽ ഒന്നര അക്ഷരകാലത്തിന്നും അഞ്ചക്ഷരകാലം മാത്രയായി വരുന്നേടത്തു രണ്ടര അക്ഷരകാലത്തിന്നും ആറക്ഷരകാലം മാത്രയായിട്ടുള്ളേടത്തു മൂന്നക്ഷരകാലത്തിന്നും ദ്രുതമെന്നു പേരുണ്ട്. ലഘുവിന്റെ പകുതി ദ്രുതമെന്നു ചുരുക്കം. അങ്ങനെയുള്ള ദ്രുതത്തിന്നു ബിന്ദു, വ്യഞ്ജനം എന്നു വേറെ രണ്ടു സംജ്ഞകളുമുണ്ട്.

സൂ— തദൎദ്ധമതിദ്രുതം വിദ്രുതം വിരാമശ്ച. ൪൯

ഭാ—ദ്രുതത്തിന്റെ പകുതിക്ക് അതിദ്രുതമെന്നും വിദ്രുതമെന്നും വിരാമമെന്നും പറയുന്നു. സാധാരണ മാത്രയിൽ അതായത് നാലക്ഷരകാലമാത്രയിൽ ഒരക്ഷര കാലമായ വിലഘു അതിദ്രുതം. മൂന്നക്ഷരകാലമാത്രയിൽ അതിന്റെ നാലിലൊരുഭാഗമായ കാലം അതിദ്രുതം. അതുപോലെ മററുള്ളവയിലും.

സൂ—പൂൎണ്ണാൎദ്ധചന്ദ്രൌ ദ്രുതവിദ്രുതാങ്കൌ. ൫൦

ഭാ—ദ്രുതത്തെക്കാണിപ്പാൻ പൂൎണ്ണചന്ദ്രാകൃതിയിൽ '໐' എന്ന പൂൎണ്ണവൃത്തവും അതിദ്രുതത്തെക്കാണിപ്പാൻ അൎദ്ധചന്ദ്രാകൃതിയിൽ '◡' എന്ന അൎദ്ധവൃത്തവുമാണ് അടയാളമായി സ്വീകരിച്ചിരിക്കുന്നത്. ലഘുഗുരുപ്ലുതങ്ങൾക്കു മാൎഗ്ഗത്തിലെപ്പോലെ |, ട, ട് എന്നീ അടയാളങ്ങൾതന്നെ.

സൂ—വിദ്രുതദ്രുതലഘുഗുരുപ്ലുതാനി പഞ്ച താളാംഗാനി. ൫൧

ഭാ—അതിദ്രുതം അല്ലെങ്കിൽ അനുദ്രുതം, ദ്രുതം, ലഘു, ഗുരു, പ്ലുതം ഇവ അഞ്ചും താളത്തിന്നുള്ള അംഗങ്ങളാണ്. രണ്ടു ലഘുക്കൾ കൂടിയതു ഗുരു. മൂന്നു ലഘുക്കൾ കൂടിയതു പ്ലുതം എന്ന നിയമം ദക്ഷിണപ്രസ്ഥാനത്തിലും മാൎഗ്ഗപ്രസ്ഥാനത്തിലെപ്പോലെതന്നെയാണ്. ചിലർ കാകപാദം എന്നു പേരായി നാലു ലഘുക്കൾ ചേൎന്ന ഒരംഗത്തെയുംകൂടി പ്പറയുന്നുണ്ട്. എന്നാൽ രണ്ടു ഗുരുക്കളെക്കൊണ്ടുതന്നെ അതു നിൎവ്വഹിക്കാവുന്നതിനാൽ നാലു ലഘുക്കൾ ചേൎന്നതു പ്രത്യേകതാളാംഗമായി സ്വീകരിക്കേണ്ടതില്ല. അല്ലാത്തപക്ഷം അഞ്ചു ലഘുക്കൾ ചേൎന്നതും ആറു ലഘുക്കൾ ചേൎന്നതും മററും പ്രത്യേകതാളാംഗമാണെന്നു സ്വീകരിക്കേണ്ടിവരും. എന്നാൽ ലഘുസംഖ്യകൊണ്ടോ ദ്രുതസംഖ്യകൊണ്ടുതന്നെയോ ഗുരുപ്ലുതങ്ങളെയും കണക്കാക്കാവുന്നതിനാൽ അവയും പ്രത്യേകാംഗങ്ങളായി സ്വീകരിക്കേണ്ടതില്ല എന്നാണെങ്കിൽ ശരിതന്നെ. ഭരതമുനി മുതലായ പ്രാചീനാചാൎയ്യന്മാർ ഗുരുപ്ലുതങ്ങളെ പ്രത്യേകാംഗങ്ങളായി സ്വീകരിച്ചിട്ടുണ്ട്. താളവിശേഷങ്ങളിൽ അവയെ അനുസരിച്ച ഹസ്തക്രിയകളുമുണ്ട്. ആ പ്രാചീനാചാൎയ്യമതത്തിന്നു വിരോധമില്ലാത്ത സംഗതികളിലെല്ലാം അതിനെ അനുസരിക്കുന്നതാണ് ഉചിതവും. എന്നുള്ളസ്ഥിതിയിൽ ദക്ഷിണപ്രസ്ഥാനത്തിലും ഗുരുപ്ലുതങ്ങളെ സ്വീകരിക്കയും ആവശ്യമില്ലാതെ പുതുതായൊന്നു കല്പിക്കാതിരിക്കയുമാണ് യുക്തമായിട്ടുള്ളത്. അതുകൊണ്ടാണ് ഗുരുപ്ലുതങ്ങളെ ഇവിടെ സ്വീകരിച്ചിരിക്കുന്നതും.

സൂ—അത്ര ഗാന്ധൎവ്വേ മാത്രാ താളകലാ. ൭൨

ഭാ—ഈ ദക്ഷിണപ്രസ്ഥാനത്തിൽ സംഗീതത്തിലെ താളത്തിന്നുള്ള കല മിക്കതും ലഘുസ്വരൂപമായ മാത്രയാണ്. ഗാന്ധൎവ്വേ എന്നു പ്രത്യേകം പറഞ്ഞിരിക്കുന്നതിനാൽ വാദ്യങ്ങളിൽ ദ്രുതവിദ്രുതങ്ങളും താളകലകളായിത്തീരുന്നുണ്ടെന്നു കാണിച്ചിരിക്കുന്നു. ദ്രുതകാലത്തിലുള്ള വാദ്യപ്രയോഗത്തിലാണ് മിക്കതും ദ്രുതവിദ്രുതങ്ങൾ കലകളായി വരുന്നതെന്നറിഞ്ഞുകൊൾക.

സൂ—അംഗുലികുഞ്ചനപ്രസാരണേ വിക്ഷേപശമ്യേ ച ഹസ്തക്രിയാഃ.൭൩

ഭാ—അംഗുലികുഞ്ചനം, അംഗുലിപ്രസാരണം, വിക്ഷേപം, ശമ്യ ഇങ്ങനെ നാലു തരത്തിലാണ് ദക്ഷിണപ്രസ്ഥാനത്തിൽ ഹസ്തക്രിയകൾ. അതായത് വിരൽ മടക്കുക, വിരൽ നീൎത്തുക, കയ്യടം വലത്തു ഭാഗത്തേക്കു വീയുക, ഇടത്തെക്കയ്ത്തലത്തിൽ വലത്തേതുകൊണ്ടു കൊട്ടുക ഇങ്ങനെ നാലുതരത്തിലാണെന്നൎത്ഥം. ശമ്യക്കുപകരം മുടിക്കുക എന്ന ധ്രുവവും രണ്ടുകയ്യും ഒപ്പംചേൎത്തു കൊട്ടുക എന്ന സന്നിപാതവും പ്രയോഗിക്കാറുണ്ട്.

സൂ—കനിഷ്ഠാദിക്രമാദംഗുലികുഞ്ചനപ്രസാരണേ. ൭൪

ഭാ—വിരലുകൾ മടക്കുന്നതും നീൎത്തുന്നതും ചെറുവിരൽ മുതൽക്കു ക്രമത്തിൽ വേണ്ടതാണ്. അതായത് ആദ്യം ചെറുവിരൽ, പിന്നെ മോതിരവിരൽ, പിന്നെ നടുവിരൽ. പിന്നെച്ചൂണ്ടുവിരൽ, പിന്നെപ്പെരുവിരൽ എന്നീ ക്രമത്തിൽ മടക്കി പിന്നെച്ചെറുവിരൽ, മോതിരവിരൽ എന്ന ക്രമത്തിൽ നീൎത്തുകയാണ് അംഗുലികുഞ്ചനരൂപമോ അംഗുലിപ്രസാരണരൂപമോ ആയ ഹസ്തക്രിയയിൽ ചെയ്യേണ്ടത് എന്നൎത്ഥം. ഇത് ഇടയിൽ സശബ്ദക്രിയയില്ലാത്ത സ്ഥലങ്ങളിലെ ക്രമമാണ്. ഇടയിൽ സശബ്ദക്രിയ വരുന്ന സ്ഥലങ്ങളിലാകട്ടേ ആ സശബ്ദക്രിയക്കുശേഷം പിന്നെയും അംഗുലികുഞ്ചനക്രിയയാണെങ്കിൽ ചെറുവിരൽ മുതൽക്കു ക്രമത്തിൽ മടക്കിത്തുടങ്ങേണ്ടതാണ്.

സൂ—ത്ര്യശ്രചതുരശ്രഖണ്ഡമിശ്രസങ്കീൎണ്ണാസ്താളജാതയഃ. ൭൫

ഭാ—താളജാതികൾ ത്ര്യശ്രം, ചതുരശ്രം, ഖണ്ഡം, മിശ്രം, സങ്കീൎണ്ണം ഇങ്ങനെ അഞ്ചാണ്. മാൎഗ്ഗത്തിലെപ്പോലെ ദക്ഷിണത്തിലും താളങ്ങളെല്ലാം ത്ര്യശ്രം മുതലായ അഞ്ചു സാമാന്യവൎഗ്ഗങ്ങളിൽ ഏതെങ്കിലും ഒരു വൎഗ്ഗത്തിൽച്ചേൎന്നവയായിരിക്കുമെന്നൎത്ഥം. എന്നാൽ ഇതിലെ ത്ര്യശ്രം, ചതുരശ്രം എന്നിവയിലെ ത്രിചതുശ്ശബ്ദങ്ങൾക്കു തൃതീയമെന്നും ചതുൎത്ഥമെന്നുമാണൎത്ഥം. അശ്രിശബ്ദത്തിന്നു മൂന, അതായത് അഗ്രഭാഗമെന്നും അൎത്ഥം. അങ്ങനെ മൂന്നാമത്തെത്താളകല ആദ്യത്തെ അഗ്രഭാഗമായിട്ടുള്ള താളം ത്ര്യശ്രജാതിയെന്നും നാലാമത്തെത്താളകല ആദ്യത്തെ അഗ്രഭാഗമായിട്ടുള്ളതു ചതുരശ്രജാതിയെന്നും പൎയ്യവസിതമായ അൎത്ഥം സിദ്ധിക്കുന്നു. താളത്തിൽ ഓരോ ഭാഗത്തെ വേർതിരിച്ചു കാണിക്കുന്നതു സശബ്ദക്രിയയായ കൊട്ടാണല്ലോ. അതുകൊണ്ടാണ് കൊട്ടുകഴിഞ്ഞാൽ വീണ്ടും അംഗുലികുഞ്ചനം വേണ്ടേടത്തു ചെറുവിരൽ മുതൽക്കു പിന്നെയും മടക്കിത്തുടങ്ങണമെന്നും മററു ചില സ്ഥലങ്ങളിൽ വിക്ഷേപം വേണമെന്നും ഏൎപ്പെടുത്തീട്ടുള്ളതും. അതിനാൽ മൂന്നാമത്തെ മാത്രയിൽ കൊട്ടു വരുന്ന താളം ത്ര്യശ്രജാതിയെന്നും നാലാമത്തെതിൽ കൊട്ടുവരുന്ന താളം ചതുരശ്രജാതിയെന്നും താൽപൎയ്യം. മാൎഗ്ഗത്തിലെന്നപോലെ ദക്ഷിണത്തിലും ത്ര്യശ്രചതുരശ്രങ്ങൾതന്നെയാണ് മൂലഭൂതങ്ങളായ താളവൎഗ്ഗങ്ങൾ. ചതുരശ്രജാതിയിൽ അതിൻെറ നാലിലൊരുഖണ്ഡമായ ഒരു മാത്രയുംകൂടിച്ചേൎത്ത് ആ അഞ്ചാമത്തെക്കലയിൽ ആദ്യത്തെ മൂനയായ സശബ്ദക്രിയ വരുന്ന താളം ഖണ്ഡജാതി. ത്ര്യശ്രചതുരശ്രങ്ങളുടെ ആദ്യത്തെ അഗ്രഭാ

ഗത്തിലുൾപ്പെട്ട കലകൾ കൂട്ടിക്കലർത്തി മിശ്രമാക്കി അങ്ങനെ കിട്ടുന്ന ഏഴാമത്തെ കലയിൽ ആദ്യത്തെ മുനയായ സശബ്ദക്രിയ വരുന്ന താളം മിശ്രജാതി. അതുപോലെ ചതുരശ്രഖണ്ഡജാതികളുടെ ആദ്യത്തെ അഗ്രഭാഗങ്ങളിലുൾപ്പെട്ട കലകൾ കൂട്ടിച്ചേർത്തു സങ്കരം വരുത്തി അങ്ങനെ കിട്ടുന്ന ഒമ്പതാമത്തെ കലയിൽ ആദ്യത്തെ സശബ്ദക്രിയ വരുന്ന താളം സങ്കീർണ്ണജാതി. മിശ്രസങ്കീർണ്ണശബ്ദങ്ങൾക്ക് അർത്ഥഭേദമില്ലെങ്കിലും ഏഴാമത്തെ മാത്രയിൽ കൊട്ടുവരുന്ന താളജാതിയേയും ഒമ്പതാമത്തെ മാത്രയിൽ കൊട്ടുവരുന്ന താളജാതിയേയും വേർതിരിച്ചറിവാൻവേണ്ടി പാരിഭാഷികമായി രണ്ടു സംജ്ഞകളാക്കി നിയമിച്ചിരിക്കുന്നു. ചതുരശ്രത്തോടു രണ്ടുമാത്രചേർത്ത് ആറാമത്തെക്കലയിലും മിശ്രത്തോട് ഒരുമാത്ര ചേർത്ത് എട്ടാമത്തെക്കലയിലും സങ്കീർണ്ണത്തോട് ഒന്നോ രണ്ടോ മാത്രകൾ ചേർത്തു പത്താമത്തെയോ പതിനൊന്നാമത്തെയോ കലയിലും ആദ്യത്തെസ്സശബ്ദക്രിയ വരുന്നവിധം പല ഖണ്ഡജാതികളും മേൽപ്രകാരം വരാവുന്നതാണ്. അതുപോലെ സങ്കീർണ്ണങ്ങൾ ത്ര്യശ്രഖണ്ഡസങ്കീർണ്ണം, ത്ര്യശ്രമിശ്രസങ്കീർണ്ണം, ത്ര്യശ്രസങ്കീർണ്ണസങ്കീർണ്ണം, ചതുരശ്രമിശ്രസങ്കീർണ്ണം, ചതുരശ്രസങ്കീർണ്ണസങ്കീർണ്ണം ഇങ്ങനെ പലതും. പിന്നെ ആവക ഓരോ സങ്കീർണ്ണത്തോടും ത്ര്യശ്രചതുരശ്രാദികൾ ചേർന്നുണ്ടാകുന്ന സങ്കീർണ്ണങ്ങൾ എന്നീവിധത്തിൽ അസംഖ്യങ്ങളായി വരാവുന്നതാണ്. എങ്കിലും ദക്ഷിണഗാന്ധർവ്വത്തിൽ അധികം പ്രസിദ്ധിയുള്ള താളജാതികൾ ഇവിടെക്കാണിച്ച അഞ്ചു മാത്രമാണെന്നും അതനുസരിച്ചാണ് അഞ്ചെന്നു സംഖ്യ പറഞ്ഞതെന്നും ഗ്രഹിച്ചുകൊൾക.

സൂ—താസ്വേകദ്വിത്രിചതുഷ്പുടാസ്താളാഃ. ൫൩

ഭാ—മേൽപ്പറഞ്ഞ അഞ്ചു ജാതികളിലും ഏകപുടം, ദ്വിപുടം ത്രിപുടം, ചതുഷ്പുടം ഇങ്ങനെ നാലുവക താളങ്ങൾ വരുന്നതാണ്. ത്ര്യശ്രം മുതലായ ഓരോ ജാതിയിലും ഏകപുടം മുതലായ നാലുതരം താളങ്ങൾ വരുന്നതാണെന്നർത്ഥം. പുടം എന്നതിന്നു കയ്യു രണ്ടും ചേർത്തു കൊട്ടൽ എന്നു പ്രകൃതത്തിലർത്ഥം. അതിനാൽ ഒരു കൊട്ടുള്ളത്, രണ്ടു കൊട്ടുള്ളത്, മൂന്നു കൊട്ടുള്ളത്, നാലു കൊട്ടുള്ളത് ഇങ്ങനെ നാലുവക താളങ്ങൾ ത്ര്യശ്രാദിജാതികളിലുണ്ടെന്നു താൽപര്യം.

സൂ—തത്ര ദ്വിപുടശ്ചാപരൂപകഭേദാൽ ദ്വിവിധഃ; ത്രിപുടോ ഝമ്പാഝമ്പടമണ്ഠഭേദാൽ ത്രിവിധഃ; ചതുഷ്പുടോ ധ്രുവാട്ടഭേദാദപി ദ്വിവിധ ഇത്യാഹത്യ ചത്വാരിംശൽ. ൫൪

ഭാ—അവയിൽ ദ്വിപുടതാളം ചാപം, രൂപകം എന്നു രണ്ടുവിധമുണ്ട്. ത്രിപുടതാളം ഝമ്പ, ഝമ്പട മണ്ഠം എന്നിങ്ങനെ മൂന്നുവിധമുണ്ട്. ചതുഷ്പുടതാളം ധ്രുവം, അട്ടം ഇങ്ങനെ രണ്ടുവിധത്തിലുമുണ്ട്. അതിനാൽ ഏകപുടം, ചാപം, രൂപകം, ഝമ്പ, മണ്ഠം, ഝമ്പട, ധ്രുവം, അട്ടം ഇങ്ങനെ എട്ടുതരം താളങ്ങൾ ത്ര്യശ്രം, ചതുരശ്രം, ഖണ്ഡം, മിശ്രം, സങ്കീർണ്ണം എന്നീ അഞ്ചു താളജാതികളിലോരോന്നിലും പ്രത്യേകമുള്ളതുകൊണ്ട് എല്ലാംകൂടി നാല്പതുതരം താളങ്ങൾ പ്രസിദ്ധങ്ങളായിട്ടുണ്ട്. അപ്രസിദ്ധങ്ങൾ അസംഖ്യങ്ങളാണ്. ഇതിൽ ചാപതാളത്തിന്നു ചാപ്പുതാളമെന്നും മുറിയടന്തയെന്നും രൂപകത്തിന്നു പഞ്ചാരിയെന്നും മണ്ഠത്തിന്നു മറ്റ്യമെന്നും അട്ടതാളത്തിന്നു അടതാളമെന്നും അടന്തയെന്നും സാധാരണമായിപ്പറഞ്ഞുവരാറുണ്ട്. ത്ര്യശ്രജാതിയിലുള്ള ഝമ്പടതാളത്തെ ത്രിപുട എന്ന സാമാന്യനാമംകൊണ്ടും ചതുരശ്രജാതിയിൽച്ചേർന്ന ഝമ്പടതാളത്തെ ചമ്പടയെന്ന വിശേഷനാമംകൊണ്ടും ആദിതാളമെന്ന പ്രത്യേകസംജ്ഞകൊണ്ടും വ്യവഹരിക്കാറുണ്ടെന്നും ഗ്രഹിച്ചുകൊൾക.

ആവക ഓരോ താളത്തിൻെറയും സ്വരൂപം വിവരിക്കുന്നു—

സൂ—ഏകപുടസ്സ്വകതാളഃ ത്ര്യശ്രാദിഷു തൃതീയാദിമാത്രാസു സശബ്ദ ക്രിയഃ പ്രതിമാത്രം സശബ്ദക്രിയായാമാദിതാളസംജ്ഞോ രാസസംജ്ഞശ്ച സർവ്വാനുഗതത്വാൽ. ഭേ്വ

കനിഷ്ഠാ. അനാമാ. ശമ്യാ	ക. അ. മധ്യമാ. ശ	ക. അ. മ. തർജ്ജനീ. ശ	ക. അ. മ. ത. അംഗുഷ്ഠ: ക. ശ.	ക. അ. മ. ത. അം. ക. അ. മ. ശ.
ത്ര്യശ്രജാതി:	ചതുരശ്രജാതി:	ഖണ്ഡജാതി:	മിശ്രജാതി:	സങ്കീർണ്ണജാതി:

ഭാ—അവയിൽ ഏകപുടതാളത്തിന്നു ചുരുക്കമായി ഏകതാളമെന്നും പേരുണ്ട്. അതിൽ ത്ര്യശ്രജാതിയിലെ ഏകതാളത്തിന്നു രണ്ടു മാത്രകൾ വിരലുകൾകൊണ്ടു നിശ്ശബ്ദമായെണ്ണി മൂന്നാമത്തെ മാത്രയിൽ കൊട്ടണം. പിന്നെയും അപ്രകാരം വീണ്ടും ആവർത്തിക്കുക. ചതുരശ്രജാതിയിലേതിന്നു മൂന്നു മാത്രകൾ വിരലുകൾകൊണ്ടെണ്ണി നാലാമത്തെ മാത്രയിൽ കൊട്ടണം. ഖണ്ഡജാതിയിലേതിന്നു നാലു മാത്രകളെണ്ണി അഞ്ചാമത്തെ മാത്രയിലും മിശ്രജാതിയിലേതിന്ന് ആറു മാത്രകളെണ്ണി ഏഴാമത്തെ മാത്രയിലും സങ്കീർണ്ണജാതിയിലേതിന്ന് എട്ടു മാത്രകളെണ്ണി ഒമ്പതാമത്തെ മാത്രയിലും കൊട്ടണം. ഓരോ മാത്രയിലും കൊട്ടുതന്നെയായിട്ടും ഏകതാളമുണ്ട്. അത് എല്ലാത്താളങ്ങൾക്കും ചേരുന്നതിനാലും താളങ്ങൾക്കെല്ലാം മൂലമായതിനാലും അങ്ങനെയുള്ള ഏകതാളത്തിന്ന് ആദിതാളമെന്നും രാസതാളമെന്നും സംജ്ഞകളുമുണ്ട്. "ലഘ്വാദിതാളോ ലോകേസൌ രാസഃ" എന്നു രത്നാകരവചനം. ഒരു ലഘുമാത്രമായ താളം ആദിതാളവും ലോകത്തിൽ രാസതാളമെന്നും പറഞ്ഞുവരുന്നതുമാണ് എന്നർത്ഥം.

ത്ര്യശ്രം



ചതുരശ്രം



ഖണ്ഡം







ഇങ്ങനെ ഏകതാളമണ്ഡലങ്ങൾ

സൂ—ശമ്യാനന്തരം തൃതിയേ ശമ്യാ പുനസ്ത്ഥായഥം ത്ര്യാദിലഘവശ്ച ചാപസ്യ. ൭൯

ı ı ı, ı ı ı ശ. ശ.	ı ı ı, ı ı ı ı ശ. ശ.	ı ı ı, ı ı ı ı ı ശ. ശ.	ı ı ı, ı ı ı ı ı ı ı ശ. ശ.	ı ı ı, ı ı ı ı ı ı ı ı ı ശ. ശ.
ത്ര്യശ്രജ്ജാതിഃ	ചതുരശ്രജ്ജാതിഃ	ഖണ്ഡജ്ജാതിഃ	മിശ്രജ്ജാതിഃ	സങ്കീണ്ണജ്ജാതി

ഭാ—ചേിപുടതാളങ്ങളിൽ ചാപതാളത്തിന്ന് ആദ്യം കൊട്ടി രണ്ടു ലഘുക്കൾ വിരലുകൾകൊണ്ടെണ്ണി മൂന്നാമത്തെ ലഘുവിൽ കൊട്ടണം. അതു ത്ര്യശ്രാദികളായ അഞ്ചു ജാതികളിലും സാധാരണമാണ്. ത്ര്യശ്രജാതിയിൽ പിന്നെയും രണ്ടു ലഘുക്കൾ വിരലുകൾ കൊണ്ടെണ്ണി മൂന്നാമത്തെ ലഘുവിലും ചതുരശ്രജാതിയിൽ മൂന്നു ലഘുക്കളെണ്ണി നാലാമത്തെ ലഘുവിലും ഖണ്ഡജാതിയിൽ നാലു ലഘുക്കളെണ്ണി അഞ്ചാമത്തെ ലഘുവിലും മിശ്രജാതിയിൽ ആറു ലഘുക്കളെണ്ണി ഏഴാമത്തെ ലഘുവിലും സങ്കീണ്ണജാതിയിൽ എട്ടു ലഘുക്കളെണ്ണി ഒമ്പതാമത്തെ ലഘുവിലും താളാരംഭത്തിലെ കൊട്ടു കൊട്ടണം. ത്ര്യശ്രജാതിയിലെ ചാപതാളത്തിന്ന് ആ ജാതിയിലെ ഏകതാളത്തിൽനിന്നു പ്രത്യക്ഷമായ വ്യത്യാസം കാണില്ലെങ്കിലും താളവട്ടത്തിൻെറ കാലപരിമാണത്തിന്നു വ്യത്യാസമുള്ളതുകൊണ്ട് അവ തമ്മിൽ വാസ്തവികമായ ഭേദമുണ്ട്. ആ ഏകതാളത്തിൻെറ രണ്ടാവൃത്തികൂടിയാലേ ചാപതാളത്തിൻെറ ഒരാവൃത്തിയാകയുള്ളവല്ലോ. ചതുരശ്രാദി ജാതികളിൽ വ്യത്യാസം സ്പഷ്ടവുമാണ്. ഇങ്ങനെ ഈ ചാപതാളത്തിന്നു ത്ര്യശ്രത്തിൽ ആറും ചതുരശ്രത്തിൽ ഏഴും ഖണ്ഡ

ത്തിൽ ഏഴും മിശ്രത്തിൽ പത്തും സങ്കീർണ്ണത്തിൽ പന്തിരണ്ടും മാത്രകളാണ് ഒരു താളവട്ടത്തിൽ വരുന്നത്.



ത്ര്യശ്രം



ചതുരശ്രം



ഖണ്ഡം

മിശ്രസങ്കീർണ്ണജാതികളിലും ഈ രീതിയിൽ കണ്ടുകൊൾക.

ഇങ്ങനെ ചാപതാളമണ്ഡലങ്ങൾ.

സൂ—ശമ്യാവിക്ഷേപശമ്യാ യഥായഥം ത്ര്യാദിലഘുഗണനം മ രൂപകസ്യ. ന്നാ

ശ. വി. ശ.	ശ. വി. ശ.	ശ. വി. ശ.	ശ. വി. ശ.	ശ. വി. ശ.
ത്ര്യശ്രഃ	ചതുരശ്രഃ	ഖണ്ഡഃ	മിശ്രഃ	സങ്കീർണ്ണഃ

ഭാ—ത്രിപുടതാളത്തിൽച്ചേർന്ന രൂപകത്തിന്ന് ആദ്യം ശമ്യ, പിന്നത്തെ ലഘുവിൽ വിക്ഷേപം. പിന്നത്തെ ലഘുവിലും ശമ്യ. ഇവ എല്ലാ ജാതികളിലും സാധാരണമാണ്. ത്ര്യശ്രജാതിയിൽ പിന്നെ രണ്ടു ലഘുക്കൾ വിരലുകൾകൊണ്ടെണ്ണി വീണ്ടും ശമ്യ മുതൽക്കാവർത്തിക്കുക. ചതുരശ്രത്തിൽമൂന്നു ലഘുക്കളും ഖണ്ഡത്തിൽ നാലു ലഘുക്കളും മിശ്രത്തിൽ ആറു ലഘുക്കളും സങ്കീർണ്ണത്തിൽ എട്ടു ലഘുക്കളും ക്രമപ്രകാരം വിരലുകൾകൊണ്ടെണ്ണി ശമ്യ മുതൽക്കാവർത്തിക്കുക. ഇങ്ങനെ രൂപകതാളത്തിന്നു ത്ര്യശ്രത്തിൽ അഞ്ചും ചതുരശ്രത്തിൽ ആറും ഖണ്ഡത്തിൽ ഏഴും മിശ്രത്തിൽ ഒമ്പതും സങ്കീർണ്ണത്തിൽ പതിനൊന്നും മാത്രകളാണ് ഒരു താളവട്ടത്തിലുള്ളത്.



ത്ര്യശ്രം



ചതുരശ്രം



ഖണ്ഡം

മിശ്രസങ്കീർണ്ണങ്ങളിലും ഈ മാതിരിതന്നെ.

ഇങ്ങനെ രൂപകതാളമണ്ഡലങ്ങൾ.

സൂ—ത്രിപുടേഷു ശമ്യാതസ്ത്ര്യശ്രാദിഷു ക്രമാത്തൃതീയതുരീയയോശ്ച ഷഷ്ഠപഞ്ചമയോഃ പഞ്ചമഷഷ്ഠയോസ്സപ്തമാഷ്ടമയോന്നവമദശമയോശ്ശമ്യേ വിനശ്വിക്ഷേപശ്ച ധ്രുവായാഃ. ന്നഥ

ശ ശ. ശ. വി. ശ ശ. ശ. വി
യഥാ ത്ര്യശ്രേ—| | । | | |. ചതുരശ്രേ—| ||| | : |
ശ ശ.ശ.വി. ശ ശ.ശ.വി. ശ ശ.ശ.വി
ഖണ്ഡേ—| |||| | | | മിശ്രേ—| ||||| |-| | | സങ്കീർണ്ണേ—| |||||||| | | |

ഝാ—ത്രിപുടതാളങ്ങളിൽ ഝമ്പക്ക ആദ്യം ശമ്യ. പിന്നെ ത്ര്യശ്രജാതിയിൽ രണ്ടു ലഘുക്കൾ വിരലുകൾകൊണ്ടെണ്ണി മൂന്നാമത്തെ ലഘുവിലും നാലാമത്തെ ലഘുവിലും ശമ്യകൾ. പിന്നെ ലഘുവിൽ വിക്ഷേപം. പിന്നത്തെ ലഘു മുതൽ ശമ്യകൊണ്ടാവർത്തിക്കുക. ചതുരശ്രജാതിയിൽ ആദ്യത്തെ ശമ്യക്കുശേഷം മൂന്നു ലഘുക്കളെണ്ണി നാലാമത്തെയും അഞ്ചാമത്തെയും ലഘുക്കളിൽ ശമ്യകളും പിന്നത്തെ ലഘുവിൽ വിക്ഷേപവും. ഖണ്ഡജാതിയിൽ ആദ്യത്തെ ശമ്യക്കുശേഷം നാലു ലഘുക്കളെണ്ണി അഞ്ചാമത്തെയും ആറാമത്തെയും ലഘുക്കളിൽ ശമ്യകളും പിന്നത്തെ ലഘുവിൽ വിക്ഷേപവും. മിശ്രജാതിയിൽ ശമ്യക്കുശേഷം ആറു ലഘുക്കളെണ്ണി ഏഴാമത്തെയും എട്ടാമത്തെയും ലഘുക്കളിൽ ശമ്യകളും പിന്നത്തെ ലഘുവിൽ വിക്ഷേപവും. സങ്കീർണ്ണജാതിയിൽ ശമ്യക്കുശേഷം എട്ടു ലഘുക്കളെണ്ണി ഒമ്പതാമത്തെയും പത്താമത്തെയും ലഘുക്കളിൽ ശമ്യകളും പിന്നത്തെ ലഘുവിൽ വിക്ഷേപവും. ഇങ്ങനെ ഈ ഝമ്പതാളത്തിന്നു ത്ര്യശ്രജാതിയിൽ ആറും ചതുരശ്രത്തിൽ ഏഴും ഖണ്ഡത്തിൽ എട്ടും മിശ്രത്തിൽ പത്തും സങ്കീർണ്ണത്തിൽ പതിനൊന്നും മാത്രകളാണ് ആകെ വരുന്നത്. ഇവയിൽ പത്തു മാത്രയുള്ള മിശ്രജാതിഝമ്പതാളമാണ് ഝമ്പയെന്ന പേരിൽ അധികവും പ്രസിദ്ധമായിട്ടുള്ളതും. അതിന്നു കേരളത്തിൽ ശമ്യക്കുശേഷം നാലു ലഘുക്കളെണ്ണി അഞ്ചാമത്തെ ലഘുവിൽ ശമ്യ, പിന്നെ പ്ലുതത്തിൽ ശമ്യ, പിന്നെ ഗുരുവിൽ ശമ്യ മുതൽക്കാവർത്തനം. എന്ന രീതിയും അഞ്ചാമത്തെയും ഏഴാമത്തെയും എട്ടാമത്തെയും പത്താമത്തെയും ലഘുക്കളിൽ ശമ്യകൾ എന്നിങ്ങനെ ചതുഷ്പുടവർഗ്ഗത്തിൽച്ചേരുന്ന രീതിയും സ്വീകരിച്ചു വരുന്നുമുണ്ട്. അതായത്

ശ ശ ശ ശ ശ ശ ശ
ഽ | | | | | ഽ̇ ഇങ്ങനെ ഒരുവിധം. ഽ | | | | | ഽ | ഇങ്ങനെ മറെറാരുവിധം.







ഇങ്ങനെ ഝമ്പതാളമണ്ഡലങ്ങൾ.

സൂ—ശമ്യാതസ്തൃതീയാദിഷു ശമ്യാ, വിക്ഷേപശമ്യാവിക്ഷേപാശ്ച ഝമ്പടസ്യ. സൂവ

ശ ശ. വി. ശ. വി ശ ശ. വി. ശ. വി

യഥാത്ര്യശ്രേ—| || | | | | ചതുരശ്രേ—| ||| | | | |

ശ ശ.വി.ശ.വി ശ ശ.വി.ശ.വി ശ ശ.വി.ശ.വി

ഖണ്ഡേ—| |||| | | | | മിശ്രേ—| |||||| | | | |. സങ്കീർണ്ണേ—| |||||||| | | | |

ഭാ—ത്രിപുടതാളത്തിലെ ഝമ്പടക്ക് ആദ്യം ശമ്യ. പിന്നെ ത്ര്യശ്രജാതിയിൽ രണ്ടു ലഘുക്കളെണ്ണി മൂന്നാമത്തേതിൽ ശമ്യ. പിന്നെ വിക്ഷേപം. പിന്നെയും ശമ്യ. പിന്നെയും വിക്ഷേപം. പിന്നത്തെ ലഘുവിൽ താളാവൃത്ത്യാരംഭമായ ആദ്യത്തെശ്ശമ്യ. ഇതിലെ ശമ്യ, വിക്ഷേപം, ശമ്യ, വിക്ഷേപം എന്നിങ്ങനെ അവസാനഭാഗത്തെ നാലു ലഘുക്കൾക്കുള്ള ഹസ്തക്രിയകൾ എല്ലാ ജാതികളിലും സാധാരണങ്ങളാണ്. ആദ്യത്തെശ്ശമ്യക്കു ശേഷവും രണ്ടാമത്തെശ്ശമ്യക്കു മുമ്പുമാണ് ജാതിഭേദംകൊണ്ടു വ്യത്യാസം വരുന്നത്. അതിൽ ചതുരശ്രഝമ്പടയിൽ ആരംഭശമ്യക്കുശേഷം മൂന്നു ലഘുക്കളെണ്ണി നാലാമത്തെ ലഘുവിൽ ശമ്യ. ഖണ്ഡത്തിൽ നാലു ലഘുക്കളെണ്ണി അഞ്ചാമത്തേതിലും മിശ്രത്തിൽ ആറു ലഘുക്കളെണ്ണി ഏഴാമത്തേതിലും സങ്കീർണ്ണത്തിൽ എട്ടു ലഘുക്കളെണ്ണി ഒമ്പതാമത്തേതിലും ശമ്യ. പിന്നെയും ഈ വിക്ഷേപശമ്യാവിക്ഷേപങ്ങൾ എല്ലാ ജാതികളിലും ഒരുപോലെ. ഇങ്ങനെ ഈ ഝമ്പടതാളത്തിന്നു ത്ര്യശ്രജാതിയിൽ ഏഴു മാത്രകളും ചതുരശ്രജാതിയിൽ എട്ടു മാത്രകളും ഖണ്ഡജാതിയിൽ ഒമ്പതു മാത്രകളും മിശ്രജാതിയിൽ പതിനൊന്നു മാത്രകളും സങ്കീർണ്ണജാതിയിൽ പതിമ്മൂന്നു മാത്രകളുമാണ് ആകെ വരുന്നത്. ഇവയിൽ ചതുരശ്രജാതി ഝമ്പടയെ പ്രായേണ ഝമ്പടതാളമെന്ന സാമാന്യനാമംകൊണ്ടു മാത്രമായും പറയാറുണ്ടെന്നു മുമ്പുതന്നെ കാണിച്ചിട്ടുണ്ടല്ലോ. എട്ടു മാത്രയുള്ള ആ ഝമ്പടതാളത്തിലാണ് 'സരിഗമപധനിസ' എന്ന സപ്തസ്വരമൂർച്ഛന ആദ്യത്തിൽ വിദ്യാർത്ഥികൾ അഭ്യസിച്ചു വരുന്നത്. ആ വഴിക്ക് ആദ്യം വശമാകുന്ന താളം എന്ന അർത്ഥത്തിൽ ആദിതാളം എന്നും ആ ജാതിയിലെ ഝമ്പടക്കു പറഞ്ഞു വരാറുണ്ട്.



ത്ര്യശ്രം



ചതുരശ്രം



ഖണ്ഡം

ഇങ്ങനെ ഝമ്പടതാളമണ്ഡലം.

സൂ—ശമ്യാതസ്തൃതീയാദിഷു ശമ്യാ. വിക്ഷേപശമ്യേ. പുനർദ്വ്യാദിലഘ വശ്ച മണ്ഠസ്യ. നന്ദ

ശ ശ.വി.ശ ശ ശ.വി.ശ ശ ശ.വി.ശ

യഥാ ത്ര്യശ്രേ—| || | | | ||. ചതുരശ്രേ—| ||| | | | |||. ഖണ്ഡേ—| |||| | | | ||||

ശ ശ.വി.ശ ശ ശ.വി.ശ

മിശ്രേ—| |||||| | | | ||||||. സങ്കീർണ്ണേ—| |||||||| | | | . ||||||||

ഭാ—ത്രിപുടവർഗ്ഗത്തിലെ മണ്ഠതാളത്തിന്നു ശമ്യക്കുശേഷം ത്ര്യശ്രജാതിയിൽ മൂന്നാമത്തെ ലഘുവിൽ ശമ്യ. പിന്നത്തെ ലഘുവിൽ വിക്ഷേപം. പിന്നത്തെ ലഘുവിൽ ശമ്യ. പിന്നെ രണ്ടു ലഘുക്കൾ വിരൽകൊണ്ടെണ്ണി മൂന്നാമത്തെ ലഘുവിൽ ശമ്യകൊണ്ടു താളാവർത്തനത്തിന്റെ ആരംഭം. ഇതിൽ മദ്ധ്യത്തിലുള്ള ശമ്യാവിക്ഷേപശമ്യകളാണ് സർവ്വജാതി സാധാരണങ്ങളായിട്ടുള്ളത്. ചതുരശ്രജാതിയിൽ ആരംഭശമ്യക്കുശേഷം മൂന്നു ലഘുക്കൾ വിരലുകൾകൊണ്ടെണ്ണി പിന്നെ ശമ്യാവിക്ഷേപശമ്യകൾ. പിന്നെ മൂന്നു ലഘുക്കൾ എണ്ണി ശമ്യകൊണ്ടു താളാവർത്തനം. ഖണ്ഡജാതിയിൽ ശമ്യക്കുശേഷം നാലു ലഘുക്കളെണ്ണുകയും വേണം. മിശ്രജാതിയിൽ ശമ്യക്കുശേഷം ആറു ലഘുക്കളെണ്ണി ശമ്യാവിക്ഷേപശമ്യകൾ പ്രയോഗിച്ചു വീണ്ടും ആറു ലഘുക്കളെണ്ണണം. സങ്കീർണ്ണജാതിയിൽ ശമ്യക്കുശേഷം എട്ടു ലഘുക്കളെണ്ണി ശമ്യാവിക്ഷേപശമ്യകൾ പ്രയോഗിച്ചു പിന്നെയും എട്ടു ലഘുക്കളെണ്ണേണ്ടതാണ്. ഇങ്ങനെ ഈ മണ്ഠതാളത്തിന്നു ത്ര്യശ്രജാതിയിൽ ആകെ എട്ടും ചതുരശ്രജാതിയിൽ ആകെ പത്തും ഖണ്ഡജാതിയിൽ ആകെ പന്തിരണ്ടും മിശ്രജാതിയിൽ ആകെ പതിനാറും സങ്കീർണ്ണജാതിയിൽ ആകെ ഇരുപതും മാത്രകളുണ്ട്.







ഇങ്ങനെ മണ്ഡതാളമണ്ഡലം.

സൂ—ചതുഷ്പുടേ ശമ്യാന്തസ്തൃതീയാദിഷു ശമ്യാ. വിക്ഷേപശമ്യേ പുനസ്തൃതീയാദിഷു ശമ്യാ. തതോ ദ്വ്യാദിലഘുവശ്ച ധ്രുവസ്യ. ന്നര്

ശ ശ.വി.ശ ശ ശ ശ.വി.ശ ശ.
യഥാ ത്ര്യശ്രേ—। ।। । । । ।। । ।।. ചതുരശ്രേ—। ।।। । । । ।।। । ।।।.
ശ ശ.വി.ശ ശ ശ ശ.വി.ശ ശ
ഖണ്ഡേ—। ।।।। । । । ।।।। । ।।।।. മിശ്രേ—। ।।।।।। । । । ।।।।।। । ।।।।।।.
ശ ശ.വി.ശ ശ
സങ്കീർണ്ണേ—। ।।।।।।।। । । । ।।।।।।।। । ।।।।।।।।.

ഭാ—ചതുഷ്പുടതാളങ്ങളിൽ ധ്രുവതാളത്തിന്നു ശമ്യക്കശേഷം ത്ര്യശ്രജാതിയിൽ രണ്ടു ലഘുക്കളെണ്ണി മൂന്നാമത്തെ ലഘുവിൽ ശമ്യ. പിന്നത്തെ ലഘുവിൽ വിക്ഷേപം. പിന്നെത്തേതിൽ ശമ്യ. പിന്നെ രണ്ടു ലഘുക്കളെണ്ണി മൂന്നാമത്തേതിൽ ശമ്യ. പിന്നെയും രണ്ടു ലഘുക്കളെണ്ണുക. മൂന്നാമത്തേതിൽ ശമ്യ മുതൽക്കു താളാവർത്തനം. ഇതിൽ ഇടയിലുള്ള ശമ്യാവിക്ഷേപശമ്യകളാണ് സർവ്വജാതിസാധാരണങ്ങളായിട്ടുള്ളത്. ചതുരശ്രത്തിൽ ശമ്യക്കശേഷം മൂന്നു ലഘുക്കളെണ്ണി നാലാമത്തേതിൽ ശമ്യ. പിന്നെ വിക്ഷേപശ

മ്യകം. പിന്നെ മൂന്നു ലഘുക്കളെണ്ണി ശമ്യ പ്രയോഗിച്ചു വീണ്ടും മൂന്നു ലഘുക്കളെണ്ണുക. ഖണ്ഡമിശ്രസങ്കീർണ്ണജാതികളിൽ ശമ്യകാംക്കശേഷം മൂന്നു തവണയും ലഘുക്കളെണ്ണുന്നത് അതാതു ജാതിസ്വഭാവമനുസരിച്ചു നാലും ആറും എട്ടും വീതമാണെന്നു മാത്രം വ്യത്യാസം. അങ്ങനെ ഈ ധ്രുവതാളത്തിന്നു ത്ര്യശ്രജാതിയിൽ പതിനൊന്നു മാത്രകളും ചതുരശ്രത്തിൽ പതിന്നാലു മാത്രകളും ഖണ്ഡജാതിയിൽ പതിനേഴ മാത്രകളും മിശ്രജാതിയിൽ ഇരുപത്തിമൂന്നു മാത്രകളും സങ്കീർണ്ണജാതിയിൽ ഇരുപത്തൊമ്പതു മാത്രകളും ഒരു താളവട്ടത്തിൽ ആകെ വരുന്നതാണ്.







ഇങ്ങനെ ധ്രുവതാളമണ്ഡലം.

സൂ—ശമ്യാതോ ലിസ്തൃതിയാദിഷു ശമ്യാ പുനർവ്വിക്ഷേപശമ്യാവിക്ഷേപാശ്ചാട്ടസ്യ. ൩൭.

ശ ശ ശവിശവി
യഥാ ത്ര്യശ്രേ—| || | || | | | |

ശ ശ ശവിശവി
ചതുരശ്രേ—| ||| | ||| | | | |

ശ ശ ശവിശവി
ഖണ്ഡേ—| |||| | |||| | | | |

ശ ശ ശവിശവി
മിശ്രേ—| |||||| | |||||| | | | |

ശ ശ ശവിശവി
സങ്കീർണ്ണേ—| |||||||| | |||||||| | | | |

൭—ചതുഷ്പുടത്തിൽച്ചേന്ന അട്ടതാളത്തിന്നു് അതായതു് അടന്തതാളത്തിന്നു ശമ്യകാംക്കശേഷം ത്ര്യശ്രജാതിയിൽ രണ്ടു ലഘുക്കളെണ്ണി ശമ്യ പ്രയോഗിച്ചു പിന്നെയും രണ്ടു ലഘുക്കളെണ്ണി ശമ്യ. പിന്നെ വിക്ഷേപശമ്യാവിക്ഷേപങ്ങൾ ക്രമത്തിൽ. ഇവയിൽ ഒടുവിലുള്ള

നാലു ലഘുക്കളിലെ ശമ്യാവിക്ഷേപശമ്യാവിക്ഷേപങ്ങളാണ് സൎവ്വജാതിസാധാരണങ്ങളായിട്ടുള്ളത്. ചതുരശ്രജാതിയിൽ ആരംഭശമ്യക്കശേഷം മൂന്നു ലഘുക്കളെണ്ണി ശമ്യപ്രയോഗിച്ചു വീണ്ടും മൂന്നു ലഘുക്കളെണ്ണി ശമ്യപ്രയോഗിച്ചു വിക്ഷേപശമ്യാവിക്ഷേപങ്ങൾ പ്രയോഗിക്കുക. ഖണ്ഡമിശ്രസങ്കീൎണ്ണജാതികളിൽ ശമ്യകൾക്കശേഷം രണ്ടു തവണയും ലഘുക്കളെണ്ണുന്നത് അതാതു ജാതി വ്യവസ്ഥയനുസരിച്ചു നാലും ആറും എട്ടും വിതമാണെന്നു മാത്രം വ്യത്യാസം. ഇങ്ങനെ ഈ അടന്തതാളത്തിന്നു ത്ര്യശ്രജാതിയിൽ പത്തും ചതുരശ്രജാതിയിൽ പന്തിരണ്ടും ഖണ്ഡജാതിയിൽ പതിന്നാലും മിശ്രജാതിയിൽ പതിനെട്ടും സങ്കീൎണ്ണജാതിയിൽ ഇരുപത്തിരണ്ടും മാത്രകൾ ഒരു താളവട്ടത്തിൽ വരുന്നതാണ്.







ഇങ്ങനെ അട്ടതാളമണ്ഡലം.

സൂ—ഏതാവതാ സശബ്ദക്രിയാസ്ഥാനഭേദസ്യ താളഭേദകത്വം തതസ്തേഷാമാനന്ത്യമപി ജ്ഞാപിതം. ൩൩

ഭാ—പ്രസിദ്ധതാളങ്ങളുടെ സ്വരൂപങ്ങൾ ഇപ്രകാരം വിവരിച്ചതുകൊണ്ടുതന്നെ സശബ്ദക്രിയയായ ശമ്യകളുണ്ടാകുന്ന സ്ഥാനഭേദം താളഭേദത്തിന്നു നിയാമകമായിത്തീരുമെന്ന സംഗതി സൂചിപ്പിച്ചിട്ടുണ്ട്. എങ്ങനെയെന്നാൽ ഒരു താളവട്ടത്തിന്നു മാത്രകളുടെ സംഖ്യ ഒന്നുതന്നെയായ താളങ്ങൾ ശമ്യയുടെ സ്ഥാനഭേദത്താൽ വിഭിന്നജാതികളായിത്തീ

ന്നു. എട്ടുമാത്രകളടങ്ങിയ ഒരു താളവട്ടത്തിൽ ഒന്നും നാലും മാത്രകളിൽ ശമ്യയായാൽ ചതുരശ്രജാതിഝമ്പട. ഒന്നും ആറും ഏഴും മാത്രകളിൽ ശമ്യയായാൽ ഖണ്ഡജാതിഝമ്പ. ഒന്നും നാലും ആറും മാത്രകളിൽ ശമ്യയായാൽ ത്ര്യശ്രജാതിമണ്ഠതാളം. ഒന്നും മൂന്നും നാലും ആറും എട്ടും മാത്രകളിൽ ശമ്യയായാൽ മററൊരു താളം. ഇങ്ങനെ ഒരേ കാലമാനത്തിലുള്ള താളംതന്നെ ശമ്യാസ്ഥാനഭേദത്താൽ പല താളങ്ങളായി വരുന്നതിനാൽ ഓരോ കാലമാനത്തിലും അനേകം താളങ്ങൾ സംഭവിക്കുന്നതാണ്. അതിനാൽ താളങ്ങൾ ഇത്രയെന്നു ക്ലിപ്തപ്പെടുത്തുവാൻ കഴിയാത്തവിധം അസംഖ്യങ്ങളാണ് എന്ന സംഗതിയും അത്ഥസിദ്ധമാണെന്നു താൽപര്യം.

സൂ—രത്നാകരകൃതസ്തു വിരാമദ്രുതലഘുഗുരുപ്ലുതാനാം വിന്യാസഭേദൈർദ്വാവദ്ദ്വാത്രിംശന്മാത്രം പ്രസിദ്ധാൻ വിംശത്യുത്തരശതം ദേശീതാളാൻ പ്രദശ്യ തദാനന്ത്യം സ്പഷ്ടമാഹുഃ. ൩൨

ഭാ—രത്നാകരകാരനാകട്ടേ, അനുദ്രുതം, ദ്രുതം, ലഘു, ഗുരു പ്ലുതം എന്നിവയെ തിരിച്ചും മറിച്ചും ചേർക്കുന്നതിനാലുണ്ടാകുന്ന വ്യത്യാസമനുസരിച്ച് മുപ്പത്തിരണ്ട മാത്രകൾക്കുള്ളിൽ വരുന്നവയും അക്കാലത്തു പ്രസിദ്ധങ്ങളുമായ നൂററിരുപതു താളങ്ങളെക്കാണിച്ചിട്ടുണ്ട്. അതിൻെറ സമ്പ്രദായം ഇങ്ങനെയാണ്. ഒരു ലഘു മാത്രമായത് എന്നുവെച്ചാൽ ലഘുതോറും സശബ്ദക്രിയയുള്ളത് ആദിതാളം, അല്ലെങ്കിൽ രാസതാളം. ഒരു ലഘുകാലത്തെ രണ്ടു ദ്രുതങ്ങളാക്കി രണ്ടിലും കൊട്ടിയാൽ പഞ്ചമതാളം. രണ്ടു ദ്രുതങ്ങളിലും പിന്നെ ഒരു ലഘുവിലും കൊട്ടിയാൽ ദ്വിതീയതാളം. മൂന്നു ദ്രുതങ്ങളിലും പിന്നെ അനുദ്രുതത്തിലും കൊട്ടിയാൽ തൃതീയതാളം. രണ്ടു ലഘുക്കളിലും പിന്നെ ഒരു ദ്രുതത്തിലും കൊട്ടിയാൽ ചതുത്ഥതാളം. രണ്ടു പ്ലുതങ്ങളിലും പിന്നെ രണ്ടു ഗുരുക്കളിലും പിന്നെ ഒരു ലഘുവിലും കൊട്ടിയാൽ നിശ്ശങ്കലീലം. ഈ മാതിരിയിലാണ് ആ ഗ്രന്ഥകാരൻ നൂററിരുപതു താളങ്ങളെക്കാണിച്ചിരിക്കുന്നത്. അതിനുശേഷം “അന്യേപി സന്തി ഭൂയാംസസ്താളാസ്തേ ലക്ഷ്യവർത്മനി പ്രസിദ്ധിവിധുരത്വേന ശാസ്ത്രേസ്മിൻ ന പ്രദശിതാഃ” എന്ന ഗ്രന്ഥത്താൽ വേറെയും അനേകം താളങ്ങളുണ്ടെന്നും എന്നാൽ അവയെല്ലാം ലക്ഷ്യത്തിൽ അപ്രസിദ്ധങ്ങളായതിനാൽ ഇവിടെക്കാണിക്കാഞ്ഞതാണെന്നും പറഞ്ഞിരിക്കുന്നു. കേരളത്തിലെ വാദ്യപ്രയോഗങ്ങളിൽ പ്രസിദ്ധങ്ങളായ ലക്ഷ്മീതാളം, ചിത്രതാളം മുതലായതെല്ലാം ആവക സംഗീതാപ്രസിദ്ധതാളങ്ങളിൽച്ചേൻവയാണെന്നും താളങ്ങൾ അനന്തങ്ങളാകയാൽ പുതുതായിപ്പലതരത്തിലും കല്പിക്കാവുന്നവയാണെന്നും ഗ്രഹിച്ചുകൊൾക.

സൂ—വെങ്കടമഖിമുഖ്യാഃ പൂർവ്വോക്തതാളാനാം പൂർവ്വാപരഭാഗാൻ ബഹുധാ വ്യാകുലയന്തി. ൩൩

ഭാ—വെങ്കടമഖി മുതലായവർ മുമ്പു കാണിച്ച ഏകതാളം മുതലായവയിൽ ചിലതിന്ന് അതാതു താളത്തിൻെറ പൂർവ്വഭാഗം ഏതെന്നും ഉത്തരഭാഗം ഏതെന്നും ഉള്ള വിഷയത്തിൽ ശ്രദ്ധവെക്കാതെ പൂർവ്വോത്തരഭാഗങ്ങളെ മാററി മറിച്ചു കാണിച്ചു കുഴപ്പം വരുത്തീട്ടുണ്ട്. എങ്ങനെയെന്നാൽ—ചതുരശ്രജാതിയിലെ ഝമ്പടതാളത്തിന്നു ധ്രോമ്പടമെന്നാണ് വെങ്കടമഖി, പാശ്വദേവൻ മുതലായവർ സംജ്ഞ കൊടുത്തിരിക്കുന്നത്. ആ താളത്തിൻെറ സ്വരൂപത്തെ ആദ്യം ഈരണ്ടക്ഷരങ്ങളുള്ള രണ്ടു ദ്രുതങ്ങൾ; പിന്നെ നാലക്ഷരമുള്ള ഒരു ലഘുവും. എന്നിങ്ങനെ,

“ദ്രുതദ്വന്ദ്വാന്തരാളേ ചതുരക്ഷരോ ലഘു ദ്രുതോ തതഃ
ലഘുസ്ത്രികഃ പരിജ്ഞേയശ്ചതുരക്ഷരസമ്മിതഃ”

എന്ന ഗ്രന്ഥത്തിൽ വിവരിച്ചിരിക്കുന്നു. അതുപോലെ ധ്രുവതാളസ്വരൂപത്തെ ആദ്യം നാലക്ഷരങ്ങളുള്ള ഒരു ലഘു പിന്നെ പത്തക്ഷരങ്ങളുള്ള ഒരു ഗുരു അല്ലെങ്കിൽ ആദ്യം നന്നാലക്ഷരങ്ങളുള്ള രണ്ടു ലഘുക്കൾ. പിന്നെ ആറക്ഷരങ്ങളുള്ള ഒരു ലഘു എന്നിങ്ങനെ “നാട്യാണി ധ്രുവേ ലഘുഃ ചതുരക്ഷരവാനാദൌ ഗുരുഃ പശ്ചാദ്ദശാക്ഷരഃ. വീണാവാദ്യധ്രുവേ ത്വാദൌ ലഘൂ ദ്വൌ ചതുരക്ഷരൌ തതഃ ഷഡക്ഷരോച്ചാരസമ്മിതോ ലഘുശേഖരഃ” എന്ന ഗ്രന്ഥത്തിൽ കാണിച്ചിരിക്കുന്നു. അപ്രകാരം,

“മട്യതാളേ ദ്രുതസ്ത്വാദാവക്ഷരദ്വയസമ്മിതഃ
തതോ ലഘൂ ദ്വൌ വിജ്ഞേയൌ ചതുരക്ഷരസമ്മിതൌ.”

എന്ന ഗ്രന്ഥത്തിൽ മട്യമെന്ന മട്യതാളത്തിൽ ആദ്യം രണ്ടക്ഷരങ്ങൾ ചേർന്ന ഒരു ദ്രുതവും പിന്നെ നന്നാലക്ഷരങ്ങൾ ചേർന്ന രണ്ടു ലഘുക്കളുമാണുള്ളതെന്നും പറഞ്ഞിരിക്കുന്നു. ഇങ്ങനെ ലഘുദ്രുതങ്ങളുടെ കാലമാനത്തിനു നിയമമില്ലാതെയും, അതിവേഗത്തിലുച്ചരിക്കുന്ന നാലു ലഘ്വക്ഷരങ്ങളുടെ കാലമാണ് ഒരു ലഘുവെന്നും അതിന്റെ അർദ്ധഭാഗമായ ദ്രുതത്തിൽ മണിബന്ധമുള്ള സശബ്ദക്രിയകൾ സംഭവിക്കയെന്നത് അസാധ്യമാണെന്നും അതിവേഗത്തിലല്ലാത്ത ലഘ്വക്ഷരോച്ചാരണത്തിന്റെ കാലമാനം അനിശ്ചിതമാകയാൽ അതു മാത്രാരൂപമായ ലഘുവിനു പ്രമാണമാവില്ലെന്നും ഓർക്കാതെയും ഓരോ താളത്തിനും പ്രയോഗപ്രസിദ്ധങ്ങളായ ആരംഭാവസാനഭാഗങ്ങൾ നോക്കാതെയുമാണ് അവർ താളസ്വരൂപം വിവരിച്ചിരിക്കുന്നതെന്നു സാരം.

പാട്ടിൽ, താളങ്ങളെല്ലാം വൃത്താകാരങ്ങളായ കാലചക്രങ്ങളാണ്. വൃത്താകൃതികൾ തുടങ്ങുന്ന സ്ഥലത്തു വന്നവസാനിക്കണമെന്നല്ലാതെ ഇന്നഭാഗത്തുനിന്നു തുടങ്ങിക്കൊള്ളണമെന്നു വ്യവസ്ഥയില്ല. അതിനാൽ ഏതംശത്തിൽനിന്നും താളങ്ങൾ ആരംഭിക്കാവുന്നതും ഏതംശത്തിലും അവസാനിക്കാവുന്നതുമാണ് എന്നാണെങ്കിൽ സംഗീതത്തിലെ താളംപോലെ സാഹിത്യത്തിലെ ശ്ലോകവും വൃത്തമാണ്. അതിലും പ്രസിദ്ധസമ്പ്രദായത്തിലെ രണ്ടാംപാദത്തിൽനിന്നോ അതിന്റെയും ഏതെങ്കിലും അംശത്തിൽനിന്നോ ശ്ലോകം ആരംഭിക്കുന്നുവെന്നും ഒന്നാംപാദത്തിലോ രണ്ടാംപാദത്തിന്റെ ഏതെങ്കിലും അംശത്തിലോ അവസാനിക്കുന്നുവെന്നും പറയാമെന്നും അതനുസരിച്ച് വൃത്തലക്ഷണങ്ങൾ നിർമ്മിക്കുന്നതും ശരിയാണെന്നും സമ്മതിക്കേണ്ടിവരും. സശബ്ദക്രിയകൊണ്ടുതന്നെ താളങ്ങൾ ആരംഭിക്കേണ്ടതില്ലെന്നും ഏതെങ്കിലും അംഗുലിക്രിയയിൽനിന്നോ അതിന്നിടയിലുള്ള ദ്രുതവിദ്രുതങ്ങളിൽനിന്നോ ആണ് തുടങ്ങുന്നതെന്നു പറയുന്നതു യുക്തമാണെന്നും വരും. അതിനാൽ ശ്ലോകവൃത്തങ്ങളിലെന്നപോലെ താളവൃത്തങ്ങളിലും ആരംഭാവസാനഭാഗങ്ങൾക്കു നിശ്ചിതമായ വ്യവസ്ഥയുണ്ടെന്നു സ്വീകരിക്കണം. അല്ലെങ്കിൽ വൈരവും ദോഷമുണ്ടെന്നു കാണിക്കുന്നു.

൩൮—താനപാദഭേദം. ഗ്രഹവ്യവസ്ഥാഭംഗപ്രസംഗാൽ. ൩൬

ഓ—അപ്രകാരം പ്രസിദ്ധങ്ങളായ ആരംഭാവസാനങ്ങൾക്കു യോജിക്കാത്തവിധം താളങ്ങളുടെ സ്വരൂപം വിവരിച്ചിട്ടുള്ളതു സ്വീകാര്യമല്ല. എന്തുകൊണ്ടെന്നാൽ ഓരോ താളത്തിനും വ്യവസ്ഥിതമായ ആരംഭഭാഗമുണ്ടെന്നു സ്വീകരിക്കാത്തപക്ഷം ഗീതതാളങ്ങൾ തമ്മിലുള്ള ബന്ധവിശേഷങ്ങളെക്കുറിക്കുന്നതും മേലിൽ വിവരിക്കുന്നതുമായ ഗ്രഹഭേദവ്യവ

സ്ഥ ശരിയാകുന്നതല്ല. അതായത് സമഗ്രഹം, അതീതഗ്രഹം, അനാഗതഗ്രഹം എന്നിങ്ങനെ മൂന്നുതരം ഗ്രഹങ്ങൾ വരുന്നത് ഓരോ താളത്തിൻെറയും നിയതമായ ആരംഭഭാഗത്തെ അവലംബിച്ചിട്ടാണ്. ആരംഭഭാഗം വ്യവസ്ഥിതമല്ലെങ്കിൽ ഗീതഗ്രഹത്തിന്നുള്ള ആവക ഭേദംതന്നെയുണ്ടാകുന്നതല്ല എന്നത്ഥം. അതിനാൽ ചതുരശ്രുദ്ധമ്പടതാളത്തിൻെറ ആരംഭം രണ്ടു ദ്രുതങ്ങളെന്നു വെങ്കടമഖി മുതലായവർ പറയുന്ന ശമ്യാവിക്ഷേപക്രിയകളുടെ ആവൃത്തി മുതൽക്കല്ലെന്നും ഗീതതാളപ്രയോഗസമ്പ്രദായമനുസരിച്ചു വിരലുകൾകൊണ്ടു കണക്കാക്കേണ്ട മൂന്നു ലഘുക്കൾക്കു മുമ്പുള്ള ശമ്യയിൽനിന്ന് അതായത് അവർ രണ്ടാമത്തെ ഭാഗമായിപ്പറയുന്നതിൻെറ ആരംഭത്തിൽനിന്നുതന്നെയാണെന്നും സ്വീകരിക്കാതെ കഴിയുന്നതല്ല. അതുപോലെ ധ്രുവം, മട്ട്യം മുതലായ മററു താളങ്ങളുടേയും ആരംഭഭാഗങ്ങൾ ഇവിടെക്കാണിച്ച മാതിരിയിൽ വ്യവസ്ഥിതങ്ങളായിത്തന്നെ സ്വീകരിക്കണം. എന്നാലേ സമം തുടങ്ങിയ ഗ്രഹവ്യവസ്ഥകൾക്കും അതനുസരിച്ചുള്ള പ്രസിദ്ധപ്രയോഗങ്ങൾക്കും ചേരുകയുള്ളൂ. എന്നു താൽപര്യം.

ഇനി താളത്തിലടങ്ങിയ ലയത്തിൻെറ സ്വഭാവം കാണിക്കുന്നു—

സൂ—കലാന്തരവിശ്രാമോ ലയഃ. ൨൦

ഭാ—താളകലകളുടെ ഇടയിൽ വരുന്ന വിശ്രാമകാലത്തിന്ന് അതായത് ലഘ്വാദികളെ അടിസ്ഥാനപ്പെടുത്തിയുള്ള ഹസ്തക്രിയകളിൽ ഏതെങ്കിലും രണ്ടു ഹസ്തക്രിയകൾക്കിടയിൽ വരുന്ന കാലഭാഗത്തിന്നാണ് ലയമെന്നു പറയുന്നത്. "കലാകാലകൃതോ ലയ ഇത്യഭിസംജ്ഞിതഃ" എന്നു ഭരതമുനിവചനം. ലീയതേ മനഃ അനേനേതി ലയഃ എന്ന വിഗ്രഹത്താൽ മനസ്സിനെ അധികം ലയിപ്പിക്കുന്ന അംശം ലയം എന്നു ശബ്ദാത്ഥം. ആ വിശേഷാംശം കാണിപ്പാനാണ് സൂത്രത്തിൽ കലാന്തരകാലഃ എന്നു പറയാതെ വിശ്രാമഃ എന്നു പറഞ്ഞിട്ടുള്ളത്. "ക്രിയാനന്തരവിശ്രാന്തില്ലയഃ" എന്നു രത്നാകരവചനവും നോക്കുക. അതിനാൽ ഒരു ഹസ്തക്രിയ കഴിഞ്ഞ ഉടൻതന്നെ ഹസ്തക്രിയ വരുന്നതാണെങ്കിൽ അവിടെ ലയമുണ്ടാകുന്നതല്ലെന്നു സിദ്ധിക്കുന്നു. അതിവേഗത്തിൽ ഹസ്തക്രിയകൾ വേണ്ടിവരുന്ന അതിദ്രുതകാലതാളങ്ങളിൽ ലയമില്ലാത്തത് അതുകൊണ്ടാണ്. രത്നാകരവ്യാഖ്യാതാവായ കല്ലിനാഥൻ നാലോ അഞ്ചോ അക്ഷരകാലം പ്രമാണമായ ഒരു ലഘുവിൽ ഹസ്തക്രിയ കഴിഞ്ഞാൽ അതിന്നടുത്ത ലഘുവിൽത്തന്നെ ഹസ്തക്രിയ വരികയാണെങ്കിൽ അതിന്നിടയിലും ലയമില്ല എന്നു പറയുന്നുണ്ട്. എന്നാൽ അവിടെയും അല്പമായ ലയമുണ്ടെന്നും ദ്രുതവിദ്രുതങ്ങളെ അവലംബിച്ച് അടുത്തടുത്തു ക്രിയകൾ വരുമ്പോഴാണ് ലയം തീരെയില്ലാതാകുന്നതെന്നുമാണ് അനുഭവം.

സൂ—സ ത്രിധാ ദ്രുതമധ്യവിളംബിതഭേദാൽ. ൨൧

ഭാ—അപ്രകാരമുള്ള ലയം ദ്രുതം, മദ്ധ്യം, വിളംബിതം ഇങ്ങനെ മൂന്നു വിധത്തിലുണ്ട്. ഒരു ഹസ്തക്രിയക്കുശേഷം മറെറാരു ക്രിയക്കു എത്രത്തോളം കാലവിളംബമുണ്ടായാലാണോ ആ ഹസ്തക്രിയകൾക്കിടയിൽ ഒന്നു കഴിഞ്ഞു മറെറാന്നു തുടങ്ങി എന്ന നിലയിലുള്ള ക്രിയാവിശ്രാമം അല്പമെങ്കിലും അനുഭവമായിത്തീരുന്നത് അതു ദ്രുതലയം. അങ്ങനെയുള്ള ദ്രുതലയത്തിൻെറ ഇരട്ടി വിശ്രാമകാലം വരുന്നതു മദ്ധ്യലയം. മദ്ധ്യലയത്തിൻെറയും ഇരട്ടി വിശ്രാമകാലം വരുന്നതു വിളംബിതലയം "യസ്മിൻ സതി ക്രിയാവിച്ഛേദോ ദൃശ്യതേ, അസതി ന ദൃശ്യതേ, ഏവം ക്രിയാവിച്ഛേദാന്വയവ്യതിരേകാനുവിധായീ യസ്സ ശീഘ്രതമഃ സ ഏവ ദ്രുതലയഃ." എന്ന കല്ലിനാഥവചനവും "ദ്വിഗുണദ്വിഗുണൌ ജ്ഞേയൌ ത

സ്ഥാന്മധ്യവിളംബിതൈഃ.'' എന്ന രത്നാകരവചനവും നോക്കുക. ഒരാൾ ഓടുകയും മ റെറാരാൾ വേഗത്തിൽ നടക്കുകയും വേറെയൊരാൾ പതുക്കെ നടക്കുകയും ചെയ്യുന്നതുപോ ലെയാണ' താളത്തിലെ ദ്രുതമധ്യവിളംബിതലയങ്ങളുടെ സ്വഭാവമെന്നു ചുരുക്കം.

സൂ__വിവിധോ മാർഗ്ഗഭേദാൽ. ൨൭

ഭാ__ആ ദ്രുതമധ്യവിളംബിതലയങ്ങൾ ചിത്രം, വാർത്തികം, ദക്ഷിണം എന്നീ മാർഗ്ഗ ഭേദങ്ങളനുസരിച്ചു പലതരത്തിലായി വരുന്നതാണ്. താളവട്ടത്തിന്റെ കാലമാനഭേദം കൊണ്ടു പലവിധത്തിലും വരുന്നതാണെന്നർത്ഥം. എങ്ങനെയെന്നാൽ__ചിത്രമാർഗ്ഗത്തിൽ മാർഗ്ഗപ്രസ്ഥാനപ്രകാരം പത്തു ലഘ്വക്ഷരോച്ചാരണ കാലവും ദക്ഷിണപ്രസ്ഥാനപ്രകാരം എട്ടു ലഘ്വക്ഷരോച്ചാരണകാലവുമാണല്ലോ ഒരു താളകലയായിരിക്കുന്നത്. അപ്രകാരമു ള്ള താളകലകൾക്കിടയിൽ വരുന്ന വിശ്രാമകാലം ആ മാർഗ്ഗത്തിലെ ദ്രുതലയം. വാർത്തികമാ ർഗ്ഗത്തിലെത്താളകലകൾ ചിത്രമാർഗ്ഗത്തിലെതിൽനിന്ന് ഇരട്ടിച്ച കാലവും ദക്ഷിണമാർഗ്ഗത്തി ലെത്താളകലകൾ വാർത്തികത്തിലേതിൽനിന്ന് ഇരട്ടിച്ച കാലവുമാകയാൽ ഓരോന്നിലും ആ മാതിരി ഓരോ താളകലകൾക്കിടയിൽ വരുന്ന വിശ്രാമകാലം അതാതു മാർഗ്ഗത്തിലെ ദ്രുതല യം. ഓരോ മാർഗ്ഗത്തിലും ദ്രുതലയത്തിന്റെ ഇരട്ടി വരുന്ന വിശ്രാമകാലം മധ്യലയം. മ ധ്യലയത്തിന്റെയും ഇരട്ടി വരുന്ന വിശ്രാമകാലം ഓരോ മാർഗ്ഗത്തിലെയും വിളംബിതലയം. ഇതിന്ന് ഒരുദാഹരണം കാണിക്കാം__ഒരു ഗൃഹത്തിലേക്കു മൂന്നു മാർഗ്ഗങ്ങളുണ്ടെന്നും അവ യിൽ ഒന്നു വളരേ ദൂരം കുറഞ്ഞതും എളുപ്പത്തിലെത്തുന്നതും മറെറാന്ന് അതിനേക്കാൾ വ ളഞ്ഞതും ഇരട്ടി ദൂരമുള്ളതും വേറെയൊന്ന് അതിനേക്കാളും വളഞ്ഞതും രണ്ടാമത്തേതിന്റെ യും ഇരട്ടി ദൂരമുള്ളതുമാണെന്നും കരുതുക. അതിൽ ഒന്നാമത്തെ മാർഗ്ഗത്തിൽക്കൂടിപ്പോകുന്ന വൻ വേഗത്തിൽ ഗൃഹത്തിലെത്തുന്നു. രണ്ടാമത്തേതിൽക്കൂടിപ്പോകുന്നവൻ അതേമാതിരി നടന്നാൽ ഇരട്ടിസ്സമയംകൊണ്ടും മൂന്നാമത്തേതിൽക്കൂടിപ്പോകുന്നവൻ അതിന്റെയും ഇരട്ടി സ്സമയംകൊണ്ടുമാണല്ലോ ഗൃഹത്തിലെത്തുന്നത്. മാർഗ്ഗഭേദത്താൽ വരുന്ന ദ്രുതാദിലയങ്ങളു ടെ സ്വഭാവവും അതുപോലേത്തന്നെ പലതരത്തിലും വരുന്നതാണ്. എന്നുതന്നെയുമല്ല, മാത്രകൾക്കുള്ള അക്ഷരകാലഭേദത്താലും താളകലകളുടെ കാലമാനത്തിന്നു വ്യത്യാസം വരു ന്നതാണ്. നാലക്ഷരകാലം, അഞ്ചക്ഷരകാലം, ആറക്ഷരകാലം ഇങ്ങിനെ മാത്രകൾ ഒന്നി ലധികം വിധത്തിൽ വരുന്നതിനാൽ താളകലകൾക്കിടയിലുള്ള വിശ്രാമകാലമായ ദ്രുതാദി ലയങ്ങളും അവയിൽ ഒന്നിനൊന്നു വ്യത്യസ്തങ്ങളായിരിക്കും. അതാണ് സൂത്രത്തിൽ ഓരോ ലയവും വിവിധമായിത്തീരുന്നതാണെന്നു കാണിച്ചിരിക്കുന്നത്. ചുരുക്കത്തിൽ മധ്യലയ ത്തിന്റെ കാലമാനം പ്രമാണമാക്കീട്ടാണ് എവിടെയും ദ്രുതവിളംബിതലയങ്ങളുടെ സ്ഥി തിയിരിക്കുന്നതെന്നു സാരം. ''യസ്തത്ര തു ലയോ മധ്യസ്തൽപ്രമാണകലാസ്മൃതാ.'' എന്നു ഭരതമുനിവചനവുമുണ്ട്. ചില നവീനന്മാർ സ്വരങ്ങളോ അക്ഷരങ്ങളോ ദ്രുതകാലത്തിൽ ച്ചേർത്തു പ്രയോഗിക്കുന്നതു ദ്രുതലയവും മധ്യകാലത്തിൽച്ചേർത്തു പ്രയോഗിക്കുന്നതു മധ്യലയ വും വിളംബിതകാലത്തിൽച്ചേർത്തു പ്രയോഗിക്കുന്നതു വിളംബിതലയവുമാണെന്നിങ്ങനെ ല യങ്ങളെ വിവരിക്കുന്നുണ്ട്. അതു പ്രാചീനമതം അറിയാതെയാണെന്നുതന്നെ പറയേണ്ടി യിരിക്കുന്നു. താളകലകൾക്കിടയിലുള്ള ഗീതത്തിന്റെ ഗതിഭേദയോജനം ലയത്തെ ആശ്ര യിച്ചു വരുന്ന യതിയുടെ സ്വരൂപമാണെന്നും അതിന്നു ലയമെന്നു പറയാറുള്ളതു ലയത്തെ ആശ്രയിച്ചിരിക്കുന്ന ഗുണമായതിനാൽ മാത്രമാണെന്നും ഗീതമില്ലാത്ത താളപ്രയോഗങ്ങളി ലും ലയമുണ്ടെന്നും ഗ്രഹിച്ചുകൊൾക.

ഇനി ലയത്തെ അവലംബിച്ചുണ്ടാകുന്ന യതിയെപ്പററിപ്പറയുന്നു—

സൂ—ലയേ ഗീതവാദ്യയോജനപ്രകാരോ യതിഃ. ൫൭

ഭാ—മേൽപ്പറഞ്ഞവിധത്തിൽ താളകലാകാലാന്തരസ്വരൂപമായ ലയത്തിൽ ഗീതത്തെയോ വാദ്യത്തെയോ യോജിപ്പിക്കുന്നതിന്റെ സമ്പ്രദായവിശേഷത്തിന്നാണ് യതിയെന്നു പറയുന്നത്. ലയത്തെ ആശ്രയിച്ചുവരുന്ന ഗീതഗതിവിശേഷവും വാദ്യഗതിവിശേഷവുമാണ് യതി എന്നത് എന്നത്ഥം.

"പദവർണ്ണപ്രകഷാണാമക്ഷരാണാമഥാപി വാ
നിയമോ യോ യതിസ്സാ തു ഗീതവാദ്യസമാശ്രയാ."

എന്നു മുനിവചനം. ഗീതത്തിലും വീണ, വേണു മുതലായ ഗീതയന്ത്രപ്രയോഗത്തിലും പദങ്ങൾ, അക്ഷരങ്ങൾ, വർണ്ണങ്ങൾ ഇവ ചേക്കുന്നതിലുള്ള വിശേഷങ്ങളുടെ വ്യവസ്ഥക്കാണ് യതിയെന്നു പറയുന്നത് എന്ന് അതിന്നത്ഥം.

"ലയപ്രവൃത്തിനിയമോ യതിരിത്യഭിധീയതേ."

എന്ന രത്നാകരവും, ലയത്തിൽ വരുന്ന ഗീതവാദ്യപ്രവത്തനത്തിന്നുള്ള നിയമത്തിന്നു യതിയെന്നു പറയുന്നു. എന്ന് അതിന്റെയും താൽപയ്യാത്ഥം.

യതികളുടെ വകഭേദം കാണിക്കുന്നു—

സൂ—സാപി സമാ സ്രോതോഗതാ ഗോപുച്ഛേതി ത്രിധാ. ൫൮

ഭാ—അങ്ങനെയുള്ള യതി സമയതി, സ്രോതോഗതയതി, ഗോപുച്ഛയതി എന്നിങ്ങനെ ചുരുക്കത്തിൽ മൂന്നു വിധത്തിലുണ്ട്. "തിസ്രസ്സു യതയശ്ചാന്യാ ഗീതേഷു ലയസംശ്രയാഃ സമാ സ്രോതോഗതാ ചൈവ ഗോപുച്ഛേതി യഥാക്രമം" എന്നു മുനിവചനം.

സൂ—ഏകരൂപതേ സമാ ദ്രുതാദിഭേദാൽ ത്രിധാ. ൫൯

ഭാ—ലയത്തിലേ എല്ലാ അംശങ്ങളിലും ഗീതഗതി ഒരേ വിധത്തിൽത്തന്നെയാണെങ്കിൽ അതു സമയതിയാണ്. ആ സമയതി ദ്രുതം, മദ്ധ്യം വിളംബിതം എന്നിങ്ങനെ ഗീതഗതിക്കു വരുന്ന വകഭേദത്താൽ ദ്രുതസമയതി, മദ്ധ്യസമയതി, വിളംബിതസമയതി എന്നു മൂന്നു തരത്തിൽ വരുന്നതുമാണ്. "ആദിമദ്ധ്യാവസാനേഷു ലയൈകത്വേ സമാ ത്രിധാ ലയത്രൈവിധ്യാൽ" എന്നു രത്നാകരം. ഇതിലെ ലയശബ്ദങ്ങൾക്കു ലയാശ്രിതമായ ഗീതഗതി എന്നത്ഥം.

സൂ—ക്രമാദ്വിളംബിതമദ്ധ്യദ്രുതരൂപതേ സ്രോതോഗതാ. ൬൦

ഭാ—ലയത്തിലെ ആദ്യഭാഗത്തു വിളംബിതഗതി, മദ്ധ്യഭാഗത്തു മദ്ധ്യഗതി, അവസാനഭാഗത്തു ദ്രുതഗതി ഇങ്ങനെയാണ് ഗീതഗതിയെങ്കിൽ അതു സ്രോതോഗതയതിയാണ്. സ്രോതസ്സ്‌നദി. നദികൾ മൂലസ്ഥാനത്തു ജലം കുറവാകയാൽ ആദ്യം മന്ദഗതിയിലും പിന്നെ ചില കൈവഴികൾ ചേൻ മദ്ധ്യഗതിയിലും ഒടുവിൽ പല പോഷകപ്രവാഹങ്ങളും ചേൻ ദ്രുതഗതിയിലും ഒഴുകുന്നതേതുവിധമോ ആ വിധത്തിലുള്ള ഗതിയുള്ളതു സ്രോതോഗത എന്നു ശബ്ദാത്ഥം. സ്രോതസ്സിന്റെ ഗതംപോലെയുള്ളഗതമുള്ളത് എന്നു വിഗ്രഹം.

സൂ—വിളംബിതമദ്ധ്യരൂപതേ ച. ൬൧

ഭാ—സ്രോതോഗതാ എന്നതനുവത്തിക്കുന്നു. ആദ്യഭാഗത്തു വിളംബിതഗതിയും പിന്നെ മദ്ധ്യഗതിയും മാത്രമായിട്ടുള്ള ഗീതഗതിയും സ്രോതോഗതയതിയുടെ വകഭേദമാണ്.

സൂ—മദ്ധ്യദ്രുതരൂപതായാം ച. ൬൨

ഭാ—ഇതിലും സ്രോതോഗതാ എന്നതനുവർത്തിക്കുന്നു. ആദ്യഭാഗത്തു മധ്യഗതിയും പിന്നെ ദ്രുതഗതിയും മാത്രമായിട്ടുള്ള യതിയും സ്രോതോഗതയിൽച്ചേർന്നതാണ്. ഇങ്ങനെ സ്രോതോഗതയതിയും ചിരമധ്യദ്രുത, ചിരമധ്യ, മധ്യദ്രുത ഇങ്ങനെ മൂന്നു തരത്തിലുണ്ടെന്നു താൽപര്യം.

സൂ—ദ്രുതമധ്യവിളംബിതക്രമേ ഗോപുച്ഛാ. ൯ൻ

ഭാ—ലയത്തിൽ ആദ്യം ദ്രുതഗതി, പിന്നെ മധ്യഗതി, അവസാനത്തിൽ വിളംബിതഗതി എന്ന ക്രമമാണെങ്കിൽ അതു ഗോപുച്ഛയതിയാണ്. പശുവിൻെറ വാലിൻെറ തലക്കലുള്ള രോമഭാഗം ഏതു പ്രകാരം ക്രമത്തിൽ വണ്ണംകൂടിയതായിരിക്കുന്നുവോ അപ്രകാരം ക്രമത്തിൽ കാലഭാഗം വലുതായിവരുന്ന യതി എന്നു ശബ്ദാർത്ഥം.

സൂ—ദ്രുതമധ്യരൂപതായാം ച. ൯൦

ഭാ—ഗോപുച്ഛാ എന്നനുവർത്തിക്കുന്നു. ആദ്യഭാഗത്തു ദ്രുതഗതിയും പിന്നെയുള്ള ഭാഗത്തു മധ്യഗതിയും മാത്രമായിട്ടുള്ളതും ഗോപുച്ഛയതിയിൽച്ചേർന്നതാണ്.

സൂ—മധ്യവിളംബിതരൂപതേപി. ൯൧

ഭാ—ഗോപുച്ഛാ എന്നനുവർത്തിക്കുന്നു. മധ്യഗതിയും വിളംബിതഗതിയും മാത്രമായിട്ടുള്ളതും ഗോപുച്ഛയതിയാണ്. ഇങ്ങനെ ഗോപുച്ഛയതിയും ദ്രുതമധ്യവിളംബിത, ദ്രുതമധ്യ, മധ്യവിളംബിത എന്നു മൂന്നു തരത്തിലുണ്ടെന്നു താൽപര്യം. ആദ്യം വിളംബിതം പിന്നെ ദ്രുതം എന്ന ഗതിയും ആദ്യം ദ്രുതം പിന്നെ വിളംബിതം എന്ന ഗതിയും ക്രമാനുസൃതമല്ലാത്തതിനാൽ ലയഗുണമാകുന്നതല്ലെന്നും ഗ്രഹിച്ചുകൊൾക.

സൂ—കേചിത്ത്വന്യാ ഡമരുമൃദംഗവിഷമാഖ്യാസ്തിസ്രോപി യതീരാഹുഃ. ൯൨

ഭാ—ചിലരാകട്ടെ മേൽക്കാണിച്ച യതികൾക്കു പുറമെ ഡമരുയതി, മൃദംഗയതി, വിഷമയതി എന്നിങ്ങനെ മൂന്നു യതികൾകൂടിയുണ്ടെന്നു പറയുന്നുണ്ട്. അവർ യതിയിൽ അനുദ്രുതകാലത്തെക്കൂടി ചേർത്തുകൊണ്ടാണ് വിവരിച്ചിട്ടുള്ളതും. അതുപ്രകാരം വിളംബിതം, മധ്യം, ദ്രുതം, അനുദ്രുതം, ദ്രുതം, മധ്യം, വിളംബിതം എന്നിങ്ങനെ വിളംബിതത്തിൽനിന്നു തുടങ്ങി ക്രമത്തിൽ അനുദ്രുതംവരെ മുറുകി വീണ്ടും ക്രമത്തിൽ വിളംബിതംവരെ പതിഞ്ഞുവരുന്നതാണെങ്കിൽ അതു ഡമരുയതിയാണ്. ഡമരു ഉടുക്ക് എന്ന വാദ്യവിശേഷം. അതിൻെറ ആകൃതി നടുവിൽ മെലിഞ്ഞും രണ്ടു തലക്കലും വിസ്താരം കൂടിയും ഇരിക്കുന്നതാണ്. അതിന്നുനേരെ വിപരീതമായി അനുദ്രുതം, ദ്രുതം, മധ്യം, വിളംബിതം, മധ്യം, ദ്രുതം, അനുദ്രുതം എന്ന ക്രമത്തിലുള്ള ഗതിയാണെങ്കിൽ അതു മൃദംഗയതി. ക്രമമൊന്നും അനുസരിക്കാതെ വിളംബിതം, ദ്രുതം, മധ്യം, അനുദ്രുതം, വിളംബിതം, അനുദ്രുതം, മധ്യം എന്നീ മാതിരി ഗതിയാണെങ്കിൽ അതു വിഷമയതി. ഇങ്ങനെയെല്ലാമാണ് ആവക യതികളുടെ സ്വഭാവം അവർ വിവരിക്കുന്നത്.

സൂ—തന്ന. തത്ര ദ്വയോർഗ്ഗോപുച്ഛാസ്രോതോഗതാ യോഗമാത്രത്വാദന്യഥാ തദാവൃത്തേരപി ഭിന്നത്വപ്രസംഗാദക്രമസ്യാരഞ്ജകത്വാച്ച. ൯൩

ഭാ—അവരുടെ അഭിപ്രായം യുക്തമല്ല. എന്തുകൊണ്ടെന്നാൽ അവയിൽ ആദ്യം പറഞ്ഞ രണ്ടു യതികൾ അതായത് ഡമരുയതിയും മൃദംഗയതിയും ഗോപുച്ഛയതിയുടേയും സ്രോതഗതയതിയുടേയും യോഗം മാത്രമാണ്. അല്ലാതെ അവയിൽനിന്നു ഭിന്നമായ മറ്റൊരു യതിയാകുന്നതല്ല. ഡമരുയതിയെന്നു പറഞ്ഞതിൽ ആദ്യം സ്രോതോഗതയതിയും പി

ന്നെ ഗോപുച്ഛയതിയും ഉണ്ടായിരിക്ക മാത്രവും മൃദംഗയതിയെന്നു പറഞ്ഞതിൽ നേരെമറിച്ച് ആദ്യം ഗോപുച്ഛയതിയും പിന്നെ സ്രോതോഗതയതിയും ഉണ്ടായിരിക്ക മാത്രവുമാണെന്നൎത്ഥം. അങ്ങനെയല്ല, അതു രണ്ടും ഭിന്നയതികളാണെന്നു പറയുന്നപക്ഷം പിന്നെയും അവയിലൊന്നിന്റെയോ രണ്ടിന്റെയുമോ ആവൎത്തനം വരുന്നവയും വിഭിന്നയതികളാണെന്നു സ്വീകരിക്കേണ്ടി വരും. അതായത് വിളംബിതം, മധ്യം, ദ്രുതം, അനുദ്രുതം, ദ്രുതം, മധ്യം, വിളംബിതം, മധ്യം, ദ്രുതം, അനുദ്രുതം എന്നിങ്ങനെ ആദ്യം സ്രോതോഗത, പിന്നെ ഗോപുച്ഛ, പിന്നെയും സ്രോതോഗത എന്ന ക്രമത്തിലോ ഗോപുച്ഛ, സ്രോതോഗത, ഗോപുച്ഛ എന്ന ക്രമത്തിലോ അവയിൽ ഒന്നിന്റെ ആവൃത്തി വരുന്നതും സ്രോതോഗത, ഗോപുച്ഛ, സ്രോതോഗത, ഗോപുച്ഛ എന്ന മാതിരി ക്രമത്തിൽ രണ്ടു യതികളുടേയും ആവൃത്തി വരുന്നതും എല്ലാം വേറെവെറെ യതികളാണെന്നു പറയേണ്ടിവരുമെന്നൎത്ഥം. ക്രമമൊന്നുമില്ലാത്ത വിഷമയതി എന്നു പറയുന്നതാകട്ടേ രഞ്ജകതയില്ലാത്തതിനാൽ ഗീതഗതിയാകാത്തതുകൊണ്ടു യതിതന്നെയാകുന്നതല്ല. അതുകൊണ്ടാണ് ഭരതമുനി, രത്നാകരകാരൻ മുതലായവർ വിളംബിതംമധ്യം, മധ്യംവിളംബിതം, ദ്രുതംമധ്യം, മധ്യംദ്രുതം എന്നീ ക്രമഗതികളെ യതികളായി സ്വീകരിക്കയും വിളംബിതം ദ്രുതം, ദ്രുതംവിളംബിതം എന്നീ അക്രമഗതികൾ രണ്ടിനെയും യതികളായിഗ്ഗണിക്കാതിരിക്കയും ചെയ്തിട്ടുള്ളതും.

ഇനി ഗ്രഹസ്വഭാവം വിവരിക്കുന്നു—

സൂ—യത്യനുകൂലം താളേഷു ഗീതഗ്രഹണം ഗ്രഹഃ. ൮൪

ഭാ—മേൽക്കാണിച്ച യതികൾക്കു യോജിക്കുന്ന വിധത്തിൽ ഓരോരോ താളത്തിലും ഗീതത്തെ ആരംഭത്തിലും മററും, അതായത് പല്ലവി, അനുപല്ലവി, ചരണം എന്നിവയുടെ ആരംഭം, മധ്യം മുതലായ അംശങ്ങളിൽ ഗ്രഹിക്കുന്നതിന്നാണ് ഗ്രഹമെന്നു പറയുന്നത്. ഈ ഗ്രഹത്തിന്നാണ് ഭാഷയിൽ എടുപ്പ് എന്നു പറഞ്ഞുവരാറുള്ളതും.

സൂ—സോപി സമപാണിരവപാണിരുപരിപാണിരിതി ത്രിധാ. ൮൫

ഭാ—ആ ഗ്രഹം സമപാണി, അവപാണി, ഉപരിപാണി എന്നിങ്ങനെ മൂന്നു തരത്തിലുണ്ട്. അതിൽ സമപാണിക്കു സമഗ്രഹമെന്നും അവപാണിക്ക് അതീതഗ്രഹമെന്നും ഉപരിപാണിക്ക് അനാഗതഗ്രഹമെന്നും പറഞ്ഞുവരാറുമുണ്ട്. "സമപാണ്യവപാണീ ച തഥൈവോപരിപാണികഃ." എന്നു മുനിവചനം.

സൂ—തത്ര താളസമകാലം ഗീതഗ്രഹസ്സമപാണിഃ. ൮൬

ഭാ—ഗീതവും താളവും ഒരേ സമയത്തുതന്നെ ഒപ്പം തുടങ്ങുന്നതാണ് അവയിൽ സമപാണി എന്നത്. ഇവിടെ പാണിശബ്ദത്തിന്നു സശബ്ദഹസ്തക്രിയയായ താളമെന്നൎത്ഥം. സമതാളം, സമഗ്രഹം, സമപാണി, ഈ ശബ്ദങ്ങൾകൊണ്ടെല്ലാം ഇതിനെ വ്യവഹരിച്ചു വരുന്നു. "ലയേന യത്സമം വാദ്യം സമപാണിസ്സ കീൎത്തിതഃ" എന്നു മുനിവചനം. ഇതിലെ വാദ്യം എന്ന പദം ഗീതത്തെയും നൃത്തത്തെയും സംഗ്രഹിക്കുന്നു.

സൂ—താളോത്തരകാലേ ഗീതഗ്രഹോവപാണിരതീതഃ. ൮൭

ഭാ—താളം കഴിഞ്ഞതിന്നുശേഷം ഗീതത്തെ ഗ്രഹിക്കുന്നതാണ് അവപാണി എന്നത്. അവ എന്ന ശബ്ദത്തിന്നു കീഴിൽ എന്നൎത്ഥം. താളത്തെ കീഴിൽപ്പെടുത്തിയത് എന്ന് അവപാണി എന്നതിന്റെ അവയവാൎത്ഥം. ഇതിന്ന് അതീതഗ്രഹമെന്നും ഉത്തരഗ്രഹമെന്നും പറഞ്ഞുവരുന്നു. അതീതഗ്രഹമെന്നതിന്നും അതീതതാളമായ ഗ്രഹമെന്നാണൎത്ഥം. "ലയാദ്യവോല്കൃഷ്ടം സ്യാത്സോവപാണിഃ പ്രകീൎത്തിതഃ." എന്നു മുനിവചനം. "സോവപാ

ണിരതീതസ്സ്യാദ്യോ ഗീതാദൌ പ്രവൎത്തതേ.'' എന്ന രത്നാകരവചനമാകട്ടേ സമപാണി, അവപാണി, ഉപരിപാണി എന്നിവ ഗ്രഹവിശേഷങ്ങൾക്കുള്ള സംജ്ഞകളല്ല. ഗ്രഹത്തിന്റെ വിശേഷത്തെ അവലംബിച്ചു താളത്തിന്നു വരുന്ന സംജ്ഞകളാണെന്ന അഭിപ്രായത്തോടുകൂടിപ്പറഞ്ഞിട്ടുള്ളതാണെന്നു കരുതേണ്ടിയിരിക്കുന്നു. ആ പക്ഷത്തിൽ അതീതഗ്രഹമെന്ന പദത്തിന്ന് ഗ്രഹം യാതൊന്നിനെ അതീതമാക്കിയിരിക്കുന്നുവോ അത് എന്നിങ്ങനെ അൎത്ഥവും കല്പിക്കേണ്ടിയിരിക്കുന്നു. എന്നാൽ ഗ്രഹങ്ങളുടെ വിഭാഗം കാണിക്കുന്ന പ്രകൃതത്തിൽ സമപാണി, അവപാണി മുതലായ സംജ്ഞകൾ ഗ്രഹവിശേഷങ്ങൾക്കുള്ള സംജ്ഞകളാണെന്നു സ്വീകരിക്കുന്നതുതന്നെയാണ് യുക്തം. അതീതഗ്രഹമെന്നതിന്നു താളകാലത്തെ അതിക്രമിച്ചു വരുന്ന ഗ്രഹം എന്നൎത്ഥം. അല്ലെങ്കിൽ അതീതത്തിലുള്ള ഗ്രഹം അതായത് താളം അതീതമായിരിക്കുമ്പോഴുള്ള ഗ്രഹം എന്നൎത്ഥം.

സൂ—താളാൽപൂൎവ്വം ഗീതാദിഗ്രഹ ഉപരിപാണിരനാഗതഗ്രഹഃ. ൩൭൫

ഭാ—താളത്തിന്നു മുമ്പിൽ ഗീതത്തെയോ വാദ്യത്തെയോ ആരംഭിക്കുന്നതിന്നാണ് ഉപരിപാണി എന്നു പറയുന്നത്. ഏതിന്നുമേൽ താളം വരുന്നുവോ അങ്ങനെയുള്ളത് എന്നു ശബ്ദാൎത്ഥം. ഇതിന്ന് അനാഗതഗ്രഹമെന്നും പൂൎവ്വഗ്രഹമെന്നും പറയാറുണ്ട്. താളം അനാഗതമായിരിക്കുമ്പോഴുള്ള ഗ്രഹമെന്നും താളത്തിന്നു മുമ്പുള്ള ഗ്രഹമെന്നും അവയുടെ അൎത്ഥം. ''ലയസ്തൂപരി യസ്യ സ്യാൽ സ ഏവോപരിപാണികഃ'' എന്നു മുനിവചനം. ''പ്രാക്പ്രവൃത്തഗ്രഹസ്തൂപരിപാണികഃ.'' എന്നു രത്നാകരവും.

സൂ—ഏഷു ച പ്രായോ മദ്ധ്യദ്രുതവിളംബിതലയാ മാൎഗ്ഗസിദ്ധാഃ. ൩൭൬

ഭാ—ഈ സമപാണി മുതലായ ഗ്രഹങ്ങളിൽ സമപാണിയിൽ മദ്ധ്യലയവും അവപാണിയിൽ ദ്രുതലയവും ഉപരിപാണിയിൽ വിളംബിതലയവുമാണ് മാൎഗ്ഗപ്രസ്ഥാനത്തിൽ അധികവും പ്രസിദ്ധമായിട്ടുള്ളത്. പ്രായഃ എന്ന അംശത്താൽ അപ്രകാരമല്ലാതെ ഓരോ തരം ഗ്രഹത്തിലും മൂന്നു തരം ലയങ്ങളിലേതും സംഭവിക്കാവുന്നതാണെന്നു കാണിച്ചിരിക്കുന്നു. ''യതയഃ പാണയശ്ചൈവ ലയാ വൈ വാദ്യസംശ്രയാഃ യഥാകാമം ഹി കൎത്തവ്യാ നാട്യയുക്തിമപേക്ഷ്യ ച.'' എന്നു മുനിവചനവുമുണ്ട്. ഇതിലെ നാട്യശബ്ദം ഗീതാദികളുടേയും ഉപലക്ഷണമാണ്. രഞ്ജനക്കു യുക്തമായ വിധത്തിൽ യതിഗ്രഹാദികൾ പ്രയോഗിക്കാമെന്നു സാരം. മാൎഗ്ഗസിദ്ധാഃ എന്നതുകൊണ്ടു ദക്ഷിണപ്രസ്ഥാനത്തിൽ ഏതുതരം ഗ്രഹത്തിലും ഏതുതരം ലയവും പ്രസിദ്ധങ്ങളാണെന്നും സൂചിപ്പിച്ചിരിക്കുന്നു.

സൂ—ലയയതിഗ്രഹാസ്താളാന്തരംഗാണീതി. ൩൭൭

ഇതി താളപ്രകാശഃ.

ഭാ—ലയങ്ങൾ, യതികൾ, ഗ്രഹങ്ങൾ ഇവ മൂന്നും താളത്തിന്റെ അന്തരംഗങ്ങളാണ്. അതായത് ഏതു താളത്തിന്റെയും അകത്തുള്ള പ്രധാനാംശങ്ങളാണ്. അവയെ കൂടാതെ താളംതന്നെയുണ്ടാവില്ലെന്നു സാരം. ''അംഗഭൂതാ ഹി താളസ്യ യതിപാണിലയാഃ സ്മൃതാഃ.'' എന്നു ഭരതമുനിവചനം. സൂത്രത്തിലെ ഇതി എന്നതു താളപ്രകരണസമാപ്തിയെ കാണിക്കുന്നു.

ഇങ്ങനെ താളപ്രകാശം.

അഥ വൎണ്ണാലങ്കാരപ്രകാശഃ

നാനാവൎണ്ണൈൎമ്മണിമയൈരലങ്കാരൈരലങ്കൃതം
യശോദാങ്കഗതം തേജോ ജഗൽകന്ദമുപാസ്മഹേ.

താളങ്ങളെ വിവരിച്ചതിന്നുശേഷം വൎണ്ണങ്ങൾ, അലങ്കാരങ്ങൾ ഇവയെപ്പററി വിവരിപ്പാൻ തുടങ്ങുന്നു. അതിൽ ആദ്യമായി വൎണ്ണശബ്ദത്തിന്നു പ്രകൃതശാസ്ത്രത്തിൽ പാരിഭാഷികമായ അൎത്ഥം ഇന്നതാണെന്നു കാണിക്കുന്നു—

സൂ—സ്വരപദാദിവൎണ്ണനം വൎണ്ണഃ. ൧

ഭാ—സ്വരങ്ങൾ, പദങ്ങൾ മുതലായതിനെ ആവൎത്തിച്ചും പലതരത്തിലും തമ്മിൽ ചേൎത്തും ഗാനം ചെയ്തു വിസ്തരിക്കുന്നതിന്നാണ് വൎണ്ണമെന്നു പറയുന്നത്. പദാദി എന്നതിലെ ആദിപദംകൊണ്ട് അകാരാദികളായ അക്ഷരങ്ങളെ ഗ്രഹിച്ചിരിക്കുന്നു. "അത്ര വൎണ്ണശബ്ദേന ഗാനമഭിധീയതേ" എന്നു മതംഗമുനിവചനം. "ഗാനക്രിയോച്യതേ വൎണ്ണഃ" എന്നു രത്നാകരവും. ദക്ഷിണപ്രസ്ഥാനത്തിൽ ഒരു പ്രത്യേകതരം ഗാനത്തിന്നു വൎണ്ണമെന്നു പറഞ്ഞുവരുന്നതു സാമാന്യവാചകമായ ശബ്ദത്തിന്നു വിശേഷാൎത്ഥത്തിൽ ലക്ഷണയുള്ളതിനെ അവലംബിച്ചിട്ടാണെന്നു മേലിൽ സ്പഷ്ടമാകും.

സൂ—സ ച മാൎഗ്ഗാനുസാരേണ സ്ഥായ്യാരോഹ്യവരോഹിസഞ്ചാരിഭേദാച്ചതുൎവ്വിധഃ. ൨

ഭാ—മാൎഗ്ഗപ്രസ്ഥാനമനുസരിച്ച് സ്ഥായിവൎണ്ണം, ആരോഹിവൎണ്ണം, അവരോഹിവൎണ്ണം, സഞ്ചാരിവൎണ്ണം ഇങ്ങനെ വൎണ്ണത്തെ ചുരുക്കത്തിൽ നാലുവകയായിട്ടാണ് വിഭജിച്ചിരിക്കുന്നത്. ഗാനവിസ്താരത്തിൻെറ അംശങ്ങളെല്ലാം ഈ നാലു തരത്തിലേതിലെങ്കിലും ചേരുന്നതാണെന്നു താൽപൎയ്യം.

ഓരോന്നിൻെറയും സ്വരൂപം വിവരിക്കുന്നു—

സൂ—തത്രൈക ഏവ സ്വരഃ സ്ഥിരതയാ മുഹുഃ പ്രയുജ്യമാനഃ സ്ഥായിവൎണ്ണഃ. സ ച യത്ര പദേ. ൩

ഭാ—അതിൽ സ്ഥായിവൎണ്ണമെന്നത് ഒരേ സ്വരംതന്നെ സ്ഥിരമായ നിലയിൽ അതായത് വിളംബിതകാലത്തിൽ വീണ്ടും തുടൎന്നു പ്രയോഗിക്കുന്നതാണ്. ഉദാഹരണം—സാ, സാ, സാ, സാ, രീ, രീ, രീ, രീ മുതലായത്. അപ്രകാരമുള്ള ഒരേ സ്വരത്തെ അവലംബിച്ചുകൊണ്ടുള്ള സ്വരപ്രയോഗവും അക്ഷരപ്രയോഗവും സ്ഥായിവൎണ്ണംതന്നെ. ഉദാഹരണം—സാസാസാസാ സാസാസാസാ മുതലായത്.
പാ....ഹി.... ആ...............

"സ്ഥിരാസ്സ്വരാസ്സമാ യത്ര സ്ഥായീ വൎണ്ണസ്സ ഉച്യതേ." എന്നു ഭരതമുനിവചനം. "യത്ര സമാസ്സ്വരാ അനപഹതരൂപാസ്തിഷ്ഠന്തി. തേഭ്യോ യദ്ഗീതം വൎണ്ണാഭിവ്യക്തികൃദ്യത്ര പദേ സ ച സ്ഥായീ വൎണ്ണഃ" എന്നു മതംഗമുനിവചനവും.

സൂ—യത്രസ്സ്വരാ ഏകൈകശസ്സാന്തരാ വാ ആരോഹന്തി സ ആരോഹീ വൎണ്ണഃ. ൪

ഭാ—ഏതൊരു ഗാനത്തിൽ സ്വരങ്ങൾ ഓരോന്നായിട്ടോ ഒന്നോ രണ്ടോ ഇടവിട്ടോ ആരോഹണം ചെയ്യുന്നതായി വരുന്നുവോ അതാണ് ആരോഹിവർണ്ണം. ഉദാഹരണം—സരിഗമപധനി, സഗപനി, സമധനി മുതലായത്. "പരസ്പരൈകാന്തരദ്വ്യന്തരാരോഹണാദാരോഹി" എന്നു മതംഗമുനിവചനം.

സൂ—തഥാവരോഹണം യത്ര സോവരോഹി. ൪

ഭാ—അപ്രകാരം സ്വരങ്ങൾ ക്രമത്തിൽ ഓരോന്നായിട്ടോ ഒന്നോ രണ്ടോ ഇടവിട്ടോ അവരോഹണം ചെയ്യുന്നതായി ഏതൊരു ഗാനാംശത്തിൽ വരുന്നുവോ അതാണ് അവരോഹിവർണ്ണം. ഉദാഹരണം—നിധപമഗരിസ, നിപമരിസ, നിമഗരി, ധഗരിസ മുതലായത്.

സൂ—തേഷാം മിശ്രണേ സഞ്ചാരീ. ൫

ഭാ—മേൽപ്പറഞ്ഞ സ്ഥായി, ആരോഹി, അവരോഹി എന്നീ വർണ്ണഭാഗങ്ങളെല്ലാം കലൎന്നു വരുന്നതു സഞ്ചാരിവർണ്ണം. സാസാ, സാരീഗാ, സനിധാ, രീരിഗാമാ എന്ന മാതിരിയിൽ യുക്തംപോലെ സ്ഥായി മുതലായ മൂന്നും കലൎത്തുന്നത് ഉദാഹരണം.

സൂ—ദക്ഷിണേപ്യേവമേവ. ൬

ഭാ—ദക്ഷിണപ്രസ്ഥാനത്തിലും സാമാന്യമായി ഗാനഭാഗസ്വരൂപമായ, എന്നു വെച്ചാൽ ഗീതത്തെ അംശങ്ങളായി വേർതിരിക്കുന്ന വർണ്ണത്തിന്റെ സ്ഥിതി മാൎഗ്ഗപ്രസ്ഥാനത്തിലെപ്പോലെതന്നെ.

ദക്ഷിണപ്രസ്ഥാനത്തിലുള്ള വിശേഷം കാണിക്കുന്നു—

സൂ—സ്ഥായിനസ്ത്വാരോഹ്യവരോഹ്യന്യതരസങ്കരേ സരളി. ൭

ഭാ—എന്നാൽ ദക്ഷിണപ്രസ്ഥാനത്തിൽ സ്ഥായിവർണ്ണം, ആരോഹ്യവരോഹികളിൽ ഏതെങ്കിലും ഒന്നിനോടു മാത്രം കലൎന്നു വരുന്നതിന്നു സരളി എന്ന പ്രത്യേകസംജ്ഞയും കൂടിയുണ്ട്. അങ്ങനെയുള്ള സരളിക്കുദാഹരണങ്ങൾ—സരിഗാഗാഗാ, ഗരിസാസാസാ, രിഗമപപാപാപാപാ, പമഗരിരീരീരീ, സരിഗമപധനിസസാസാസാസാ, സനിധപമഗരിസസാസാസാസാ മുതലായവ. മാൎഗ്ഗപ്രസ്ഥാനത്തിൽ ഇതു സഞ്ചാരിയിലുൾപ്പെട്ടതായിട്ടാണ് ഗണിച്ചിരിക്കുന്നത്.

ഇനി അലങ്കാരത്തെപ്പറയുന്നു—

സൂ—കലാകാലാനുസൃതവർണ്ണസന്ദർഭോലങ്കാരഃ. ൮

ഭാ—ലഘു, ഗുരു, പ്ലുതം മുതലായ താളകലകൾക്കു യോജിക്കുന്ന വിധത്തിൽ ചേൎത്തിട്ടുള്ളതും മേൽപ്പറഞ്ഞ വർണ്ണങ്ങളിലേതിലെങ്കിലും ഉൾപ്പെട്ടതുമായ സ്വരയോജനത്തിന്നാണ് ഈ ശാസ്ത്രത്തിൽ അലങ്കാരമെന്നു പറയുന്നത്. ഗീതത്തെ അലങ്കരിക്കുന്നത് അലങ്കാരം എന്നു ശബ്ദാൎത്ഥം. "ശശിനാ രഹിതേവ നിശാ വിജലേവ നദീ ലതാ വിപുഷ്പേവ അവിഭൂഷിതേവ കാന്താ ഗീതിരലങ്കാരഹീനാ സ്യാൽ." എന്ന ഭരതമുനിവചനത്താലും ഗീതത്തെ അലങ്കരിക്കുന്നതുകൊണ്ടാണ് മേൽപ്രകാരമുള്ള സ്വരസന്ദർഭത്തിന്ന് അലങ്കാരമെന്ന സംജ്ഞ സിദ്ധിച്ചതെന്നു കാണിച്ചിട്ടുണ്ട്. "വിശിഷ്ടവർണ്ണസന്ദർഭമലങ്കാരം പ്രചക്ഷതേ." എന്നു രത്നാകരം.

സൂ—സ ച മാൎഗ്ഗേ ബഹുവിധോപി വർണ്ണചാതുൎവ്വിധ്യാൽ സ്ഥായിഗതത്വാദിഭിസ്സാമാന്യതശ്ചാതുൎവ്വിധഃ. ൯

ഭാ—അങ്ങനെയുള്ള അലങ്കാരം മാൎഗ്ഗപ്രസ്ഥാനത്തിൽ വളരെ വിധത്തിലുണ്ടെങ്കിലും നാലുതരം വർണ്ണങ്ങളെ ആസ്പദമാക്കി സ്ഥായിവർണ്ണഗതങ്ങൾ, ആരോഹിവർണ്ണഗതങ്ങൾ,

അവരോഹിവൎണ്ണഗതങ്ങളും, സഞ്ചാരിവൎണ്ണഗതങ്ങളും ഇങ്ങനെ അവയെ പൊതുവെ നാലു വകയായിത്തിരിക്കാവുന്നതാണ്.

സൂ—തത്ര സ്ഥായിഗാഃ പ്രസന്നാദ്യന്തോഭയമധ്യക്രമരേചിതപ്രസ്താര പ്രസാദഭേദേന സപ്ത. ൬൧

ഭാ—അവയിൽ സ്ഥായിവൎണ്ണഗതങ്ങളായ അലങ്കാരങ്ങൾ പ്രസന്നാദ്യം, പ്രസന്നാന്തം, പ്രസന്നാദ്യന്തം, പ്രസന്നമധ്യം, ക്രമരേചിതം, പ്രസ്താരം, പ്രസാദം ഇങ്ങനെ ഏഴു വിധത്തിലുണ്ട്.

"പ്രസന്നാദിഃ പ്രസന്നാന്തഃ പ്രസന്നാദ്യന്ത ഏവ ച
പ്രസന്നമധ്യശ്ച തഥാ ക്രമരേചിത ഏവ ച
പ്രസ്താരശ്ച പ്രസാദശ്ച സ്ഥായിവൎണ്ണസമാശ്രയാഃ." എന്നു ഭരതമുനിവചനം.

സ്ഥായിഗതാലങ്കാരങ്ങളുടെ പൊതുവായ സ്വഭാവം കാണിക്കുന്നു—

സൂ—ആദ്യന്തയോരേകസ്വരഘടിതത്വം തത്സാമാന്യം. ൬൨

ഭാ—സ്ഥായിവൎണ്ണത്തിൽച്ചേൎന്ന അലങ്കാരങ്ങൾക്കെല്ലാം ആദ്യത്തിലും അവസാനത്തിലും ഒരേ സ്വരം തന്നെയായിരിക്കുമെന്നുള്ളതാണ് സാമാന്യലക്ഷണം. "യേഷാമാദ്യന്തയോരേകഃ സ്വരസ്തേ സ്ഥായിവൎണ്ണഗാഃ." എന്നു രത്നാകരം. ഇവിടെ ഒരേ സ്വരമെന്നതിന്നു സപ്തസ്വരങ്ങളിൽ ഷഡ്ജാദിയായ ഒരേ സ്വരമെന്നു മാത്രമേ അൎത്ഥമുള്ളു. അതിനാൽ ആദ്യത്തേതു മധ്യസ്ഥായിയിലേതും അവസാനത്തേതു താരസ്ഥായിയിലേതുമായോ നേരെ മറിച്ചോ വരുവാൻ വിരോധമില്ല.

സൂ—അത്ര പ്രസന്നമന്ദ്രമൃദുപൂൎവ്വശബ്ദാസ്സമാനാൎത്ഥകാഃ. താരദീപ്തപര ശബ്ദാശ്ച. ൬൩

ഭാ—ഈ അലങ്കാരവിവരണപ്രകരണത്തിൽ പ്രസന്നം, മന്ദ്രം, മൃദു, പൂൎവ്വം എന്നീ ശബ്ദങ്ങൾ ഒരേ അൎത്ഥത്തെക്കുറിക്കുന്ന പൎയ്യായപദങ്ങളാണ്. അതുപോലെ താരം, ദീപ്തം, പരം എന്ന ശബ്ദങ്ങളും ഒരേ അൎത്ഥത്തെക്കുറിക്കുന്നവയാണ്. അതായത് മന്ദ്രസ്ഥായി മുതൽ താരസ്ഥായിയുൾപ്പടെയുള്ള ഇരുപത്തൊന്നു സ്വരങ്ങളിൽ ഏതെങ്കിലും ഒരു സ്വരത്തെ അപേക്ഷിച്ച് അതിന്നുമുമ്പു വരുന്ന സ്വരത്തെ പ്രസന്നാദി ശബ്ദംകൊണ്ടും ആ പ്രസന്നസ്വരത്തെ അപേക്ഷിച്ചു പിന്നെ വരുന്ന സ്വരത്തെ താരാദിശബ്ദംകൊണ്ടും ഈ പ്രകരണത്തിൽ നിൎദ്ദേശിക്കുമെന്നൎത്ഥം. പൂൎവ്വസ്വരത്തെ പ്രസന്നമെന്നും പരസ്വരത്തെ താരമെന്നും പറയും. അല്ലാതെ പ്രസന്നപദത്തിന്നു മന്ദ്രസ്ഥായിയിൽത്തന്നെ ചേൎന്നതെന്നോ താരപദത്തിന്നു താരസ്ഥായിയിൽത്തന്നെ ചേൎന്നതെന്നോ ഈ പ്രകൃതത്തിൽ വിവക്ഷയില്ലെന്നു താൽപൎയ്യം. അതിനാൽ ഒരു സ്ഥായിയിലുൾപ്പട്ട സ്വരങ്ങളിൽത്തന്നെ ഷഡ്ജം പ്രസന്നവും അതിനെ അപേക്ഷിച്ച് ഋഷഭം താരവുമാകാം. അപ്രകാരം ഋഷഭഗാന്ധാരാദികളുടെ സംഗതിയിലും.

അലങ്കാരങ്ങളെ ഉദാഹരിച്ചു കാണിപ്പാനായി ലിപികളിലേപ്പെടുത്തുന്ന സങ്കേതം വിവരിക്കുന്നു—

സൂ—ലിപിഷ്വനങ്കിതോ മധ്യസ്ഥായീ ബിന്ദുശിരസ്താരഃ. ൬൪

ഭാ—ഇവിടെ അലങ്കാരങ്ങളെ ഉദാഹരിപ്പാനെഴുതുന്ന ലിപികളിൽ പ്രത്യേകം അടയാളമില്ലാത്ത ലിപികൾ മധ്യസ്ഥായിസ്വരങ്ങളെയും മുകളിൽ കുത്തിട്ട ലിപികൾ താര

സ്വരങ്ങളെയും കാണിക്കുന്നതാണ്. സരി എന്നെഴുതിയാൽ മദ്ധ്യസ്ഥായി. സ്രി എന്നെഴുതിയാൽ താരസ്ഥായി.

ഇനി ക്രമത്തിൽ ഓരോ അലങ്കാരത്തിൻെറ സ്വരൂപം വിവരിക്കുന്നു.

സൂ—പ്രസന്നദ്വയോത്തരം ദീപിതേ താരേ പ്രസന്നാദിഃ. യഥാ സാ സാസാസ്സാ. ൧൫

ഭാ—രണ്ടു തവണ ഒരേ മന്ദ്രസ്വരം ഉച്ചരിച്ചതിന്നുശേഷം അതിൻെറ താരസ്വരം ഉച്ചരിക്കുന്നതു പ്രസന്നാദ്യം എന്ന അലങ്കാരം. ദീപിതേ എന്നതിനാൽ രണ്ടാമത്തെ മന്ദ്രസ്വരത്തിൽനിന്നു താരംവരെയും തുടൎന്നുയൎത്തിക്കൊണ്ടുപോയി താരസ്വരം ഉച്ചരിക്കണമെന്നു സിദ്ധിക്കുന്നു. "ക്രമശോ ദീപ്യതേ യസ്തു പ്രസന്നാദിസ്സ കഥ്യതേ" എന്നു ഭരതമുനിവചനം. ഉദാഹരണം—സാസാ....സ്സാ. രീരീ....റ്റി. മതംഗമുനിയാകട്ടെ, സാ, സരിഗമപധനീ, സ്സാ എന്നു സ്വരരൂപത്തിൽ താരംവരെ ഉയൎത്തിക്കൊണ്ടുപോകുന്നതായിത്തന്നെ പ്രസന്നാദിക്കുദാഹരിച്ചിരിക്കുന്നു. ഈ പ്രസന്നാദിയിൽ സാ, സാ, സ്സാ എന്ന മൂന്നിലോരോന്നും മാത്രാനിയമത്തിന്നനുസരിച്ച ഭാഗങ്ങളാകയാൽ ഇതു ത്രികലമായ അലങ്കാരമാണ്. മതംഗമതത്തിൽ സരിഗമപധനീ എന്നു രണ്ടാമത്തെക്കല ഓരോ കലയുടെയും കാലം ഒരുപോലെയായിരിക്കുന്നതാണ്. മേലിൽപ്പറയുന്ന അലങ്കാരങ്ങളിലും അപ്രകാരംതന്നെ.

സൂ—തദ്വിപൎയ്യയേ പ്രസന്നാന്തഃ. യഥാ സ്സാ സ്സാ സാ. ൧൬

ഭാ—ആ പ്രസന്നാദ്യത്തിന്നു വിപരീതമായിട്ടുള്ളത്. അതായത് ആദ്യത്തിൽ രണ്ടു തവണ താരസ്വരവും പിന്നെ തുടൎന്നിറക്കിക്കൊണ്ടുപോന്ന് അതിൻെറ മന്ദ്രസ്വരം ഒരു തവണയും ഉച്ചരിക്കുന്നതു പ്രസന്നാന്താലങ്കാരം. ഉദാഹരണം—സ്സാ സ്സാ....സാ. റ്റി റ്റി....രീ. മതംഗമതത്തിൽ സ്സാസ്നിധപമഗരിസാ എന്നുദാഹരണം.

സൂ—ആദാവന്തേ ച പ്രസന്നേ മദ്ധ്യേ താരേ പ്രസന്നാദ്യന്തഃ. യഥാ സാ സ്സാ സാ. ൧൭

ഭാ—ആദ്യത്തിലും അവസാനത്തിലും മന്ദ്രസ്വരവും മദ്ധ്യത്തിൽ അതിൻെറ താരസ്വരവുമായിട്ടുള്ളതു പ്രസന്നാദ്യന്തമെന്ന അലങ്കാരം. ഉദാഹരണം—സാ....സ്സാ....സാ. രീ....റ്റി....രി മുതലായത്. മതംഗമതപ്രകാരം സാരിഗമപധനി സ്സാനി ധപമഗരിസാ എന്നുദാഹരണം.

സൂ—തദ്വിപൎയ്യയേ പ്രസന്നമദ്ധ്യഃ. യഥാ സ്സാ സാ സ്സാ. ൧൮

ഭാ—പ്രസന്നാദ്യന്തത്തിന്നു വിപരീതമായ വിധത്തിലുള്ളത്. അതായത് ആദ്യത്തിലും അവസാനത്തിലും താരസ്വരവും മദ്ധ്യത്തിൽ മന്ദ്രസ്വരവുമായിട്ടുള്ളതു പ്രസന്നമദ്ധ്യം. ഉദാഹരണം—സ്സാ....സാ....സ്സാ. റ്റി....രീറ്റി മുതലായത്. മതംഗമതപ്രകാരം സ്സാനി ധപമഗരിസാരിഗമപധനിസ്സാ എന്നുദാഹരണം.

സൂ—തിസൃഷ്വപി കലാസു മൂൎച്ഛനാദിസ്വരമാദ്യന്തയോഃ കൃത്വാ പ്രഥമായാം ദ്വിതീയസ്വരസ്യ ദ്വിതീയായാം തൃതീയചതുൎത്ഥയോരന്ത്യായാം പഞ്ചമാൽ ത്രയസ്യ ച യഥായഥം യോജനേ ക്രമരേചിതഃ. യഥാ—സാരിസാ, സാഗമസാ, സപധനിസാ. ൧൯

ഭാ—**മൂന്നു കലകളിലും ഉത്തരമന്ദ്ര മുതലായ മൂൎച്ഛനകളിൽ ഓരോ മൂൎച്ഛനയിലെ ആദ്യത്തെ സ്വരത്തെ ആദ്യത്തിലും അവസാനത്തിലും ചേൎക്കണം. ഒന്നാമത്തെ കലയിൽ ആ മൂൎച്ഛനയിലെ രണ്ടാമത്തെ സ്വരത്തെയും രണ്ടാമത്തെ കലയിൽ അതിലെ മൂന്നാമ**

ത്തെയും നാലാമത്തെയും സ്വരങ്ങളെയും മൂന്നാമത്തെ കലയിൽ അഞ്ചാമത്തെ മുതൽക്കുള്ള മൂന്നു സ്വരങ്ങളെയും മദ്ധ്യത്തിൽ യുക്തംപോലെ ചേർക്കണം. അങ്ങനെയുള്ളതു ക്രമരേചിതം എന്ന അലങ്കാരമാണ്. യഥായഥം എന്നതിന്നു കലാകാലപ്രമാണത്തിന്നനുസരിച്ച വിധം എന്നർത്ഥം. ഉദാഹരണം—ഷഡ്ജാദിയായ ഉത്തരമന്ദ്രാമൂർച്ഛനയിൽ സാരിസാ, സാഗമസാ, സപധനിസാ. നിഷാദാദിയായ രജനീമൂർച്ഛനയിൽ നീസാനീ, നീരിഗനീ, നിമപധനീ, ഋഷഭാദിയായ അഭിരുദ്ഗതാമൂർച്ഛനയിൽ രീഗാരീ, രീമപരീ, രിധനിസരീ.

സൂ—ക്രമാദേകൈകസ്വരാരോഹാവരോഹാഭ്യാം പ്രസ്താരഃ. യഥാ—സരിരിസ, രിഗഗരി, ഗമമഗ, മപപമ, പധധപ, ധനിനിധ, നിസ്സ്നി. ൨൦

ഭാ—ക്രമത്തിൽ മൂർച്ഛനയിലെ ഓരോ സ്വരത്തിലേക്ക് ആരോഹണം ചെയ്തിട്ട് അതിൽനിന്നു പൂർവ്വസ്വരത്തിലേക്കുതന്നെ അവരോഹണം ചെയ്തുകൊണ്ടുള്ളതു പ്രസ്താരാലങ്കാരം. ഉദാഹരണം—സരിരിസ, രിഗഗരി, ഗമമഗ, മപപമ, പധധപ, ധനിനിധ, നിസസനി. ഇങ്ങനെ ഏഴു കലകളാണിതിന്നുള്ളത്. രത്നാകരകാരനാകട്ടേ ക്രമരേചിതത്തിലേ ആദ്യസ്വരം പ്രസന്നവും അന്ത്യസ്വരം അതിൻെറ താരവുമാക്കീട്ടുള്ളതാണ് പ്രസ്താരാലങ്കാരമെന്നു പറയുന്നു. "ദീപ്തോന്ത്യശ്ചേൽ പ്രതികലം പ്രസ്താരസ്സോഭിധീയതേ." എന്നു രത്നാകരം. സാരീസ്സാ, സാഗമസ്സാ, സപധനിസ്സാ എന്നുദാഹരണവും. സ്ഥായിവർണ്ണത്തിൽച്ചേന്ന അലങ്കാരങ്ങളിലെ എല്ലാ കലകളിലും മൂർച്ഛനയിലെ ആദ്യസ്വരംതന്നെ ആദ്യത്തിലും അവസാനത്തിലും ഉണ്ടായിരിക്കണമെന്നാണ് ആ ഗ്രന്ഥകാരൻെറ അഭിപ്രായമെന്നു കരുതേണ്ടിയിരിക്കുന്നു. അതുപ്രകാരം ഈ അലങ്കാരവും ത്രികലമാണ്. എന്നാൽ ഭരതമതംഗാദിമുനിമതത്തിൽ സ്ഥായിവർണ്ണത്തിൽച്ചേന്ന അലങ്കാരങ്ങൾക്ക് ഓരോ കലയിലും ആദ്യന്തസ്വരങ്ങൾ ഒന്നുതന്നെയായിരിക്കണമെന്ന നിയമമല്ലാതെ എല്ലാ കലകളിലും ആദ്യന്തങ്ങൾ ഒരേ സ്വരംതന്നെയായിരിക്കണമെന്നു നിയമമില്ല. "ഏകസ്വരാധിരൂഢഃ ക്രമശഃ പ്രസ്താരസംജ്ഞിതോ ജ്ഞേയഃ." എന്നു ഭരതമുനിവചനം. "ഏകസ്വരസ്യ ക്രമശോ മന്ദ്രതാരാരോഹണേന താരമന്ദ്രാവരോഹണേന ച പ്രസ്താരഃ." എന്നു മതംഗമുനിവചനവും. മതംഗമതത്തിൽ 'ഏകസ്വരസ്യ ക്രമശഃ' എന്ന അംശത്തിന്ന് ക്രമത്തിൽ ഓരോ സ്വരം അധികമായിട്ടുള്ള എന്നും ഒരു വ്യാഖ്യാനമുണ്ട്. അതുപ്രകാരമുള്ള പ്രസ്താരാലങ്കാരം—സരിരിസ, സരിഗഗരിസ, സരിഗമമഗരിസ, സരിഗമപപമഗരിസ, സരിഗമപധധപമഗരിസ, സരിഗമപധനി നിധപമഗരിസ ഇങ്ങനെയാണ്. ആ പക്ഷത്തിൽ കലകളുടെ കാലമാനം തുല്യമല്ലെന്നും ഗ്രഹിക്കേണ്ടതുണ്ട്. ഇവിടെക്കാണിച്ച പ്രസ്താരാലങ്കാരത്തെ രത്നാകരകാരൻ പ്രേംഖം എന്ന പേരോടുകൂടി സഞ്ചാരിവർണ്ണത്തിൽച്ചേന്ന മറെറാരലങ്കാരമായിട്ടാണ് ഗണിച്ചിരിക്കുന്നത്.

സൂ—പ്രസ്താരവിപരീതഃ പ്രസാദഃ. യഥാ—സ്നിനിസ്, നിധധനി, ധപപധ, പമമപ, മഗഗമ, ഗരിരിഗ, രിസസരി. ൨൧

ഭാ—പ്രസ്താരത്തിൻെറ സ്വരയോജനത്തിന്നും ആനുപൂർവ്വീക്രമത്തിന്നും വിപരീതമായ സ്വരയോജനവും ആനുപൂർവ്വീക്രമവുമായിട്ടുള്ളതാണ് പ്രസാദാലങ്കാരം. ഉദാഹരണം—സ്നിനിസ്, നിധധനി, ധപപധ, പമമപ, മഗഗമ, ഗരിരിഗ, രിസസരി. രത്നാകരപക്ഷത്തിൽ ക്രമരേചിതത്തിലെ ആദ്യസ്വരം താരവും അവസാനസ്വരം പ്രസന്നവുമാക്കീട്ടുള്ളതാണ് പ്രസ്താരവിപരീതം. അതുപ്രകാരം സാരീസാ, സ്സാഗമസാ, സ്പധനിസാ എന്നിങ്ങനെ പ്രസാദാലങ്കാരവും ത്രികലംമാത്രമാണ്. മതംഗമുനിമതത്തിലെ പക്ഷാന്തരത്തിൽ

സനിനിസ, സനിധധനിസ, സനിധപപധനിസ, സനിധപമമപധനിസ, സനിധപമഗ ഗമപധനിസ, സനിധപമഗരി രിഗമപധനിസ എന്നിങ്ങനെയാണ് പ്രസ്താരവിപരീതമായ പ്രസാദാലങ്കാരത്തിന്റെ സ്വരൂപം.

ഇങ്ങനെ സ്ഥായിവൎണ്ണാലങ്കാരങ്ങാം.

സൂ—ആരോഹിവൎണ്ണഗതാസ്തു നിഷ്കൎഷബിന്ദ്വഭ്യുച്ചയപ്രേംഖിതാക്ഷിപ്തസന്ധിപ്രച്ഛാദനോപലോലോദ്ഗീതോദ്വാഹിത്രിവൎണ്ണവിധുതഭേദാദേകാദശ. തഥാവരോഹിവൎണ്ണഗതാശ്ച. ൨൨

ഭാ—ആരോഹിവൎണ്ണത്തിൽച്ചേൎന്ന ത്തലങ്കാരങ്ങളാകട്ടേ, നിഷ്കൎഷ, ബിന്ദു, അഭ്യുച്ചയം, പ്രേംഖിതം, ആക്ഷിപ്തം, സന്ധിപ്രച്ഛാദനം, ഉപലോലം, ഉദ്ഗീതം, ഉദ്വാഹിതം, ത്രിവൎണ്ണം, വിധുതം ഇങ്ങനെ പതിനൊന്നു തരത്തിലുണ്ട്. അപ്രകാരം അവരോഹിവൎണ്ണത്തിൽച്ചേൎന്നവയും അതേ സംജ്ഞകളോടുകൂടി പതിനൊന്നു വിധമുണ്ട്.

സൂ—സ്വരാണാം ദ്വിത്രിചതുരാവൃത്താനാം ക്രമാദാരോഹണമാരോഹിനിഷ്കൎഷഃ. യഥാ—സസരിരിഗഗമമപപധധനിനിസ്സ. ഇത്യാദിഃ. ൨൩

ഭാ—ഓരോ സ്വരങ്ങളും രണ്ടോ മൂന്നോ നാലോ ആവൎത്തിച്ചുകൊണ്ടു ക്രമത്തിൽ ആരോഹണം ചെയ്യുന്നത് ആരോഹിനിഷ്കൎഷമെന്ന അലങ്കാരം. ഉദാഹരണം—സസ, രിരി, ഗഗ, മമ, പപ, ധധ, നിനി, സസ—സസസ, രിരിരി, ഗഗഗ, മമമ, പപപ, ധധധ, നിനിനി, സ്സ്സ. സസസസ, രിരിരിരി, ഗഗഗഗ, മമമമ, പപപപ, ധധധധ, നിനിനിനി, സ്സ്സ്സ. ഇതിൽ രണ്ടാവൃത്തിയായിട്ടുള്ളതിന്ന് ശുദ്ധനിഷ്കൎഷമെന്നും മൂന്നാവൃത്തിയായിട്ടുള്ളതിന്നു ത്ര്യാവൃത്തിനിഷ്കൎഷമെന്നും നാലാവൃത്തിയായിട്ടുള്ളതിന്നു ചതുരാവൃത്തിനിഷ്കൎഷമെന്നും പ്രത്യേക സംജ്ഞകൾ. ഈ അലങ്കാരത്തിൽ ആവൃത്തമായ ഓരോന്നും ഓരോ കലയാകയാൽ ഇതും അഷ്ടകലമാണ്.

സൂ—തഥാവരോഹണമവരോഹിനിഷ്കൎഷഃ. യഥാ—സ്സനിനിധധപപമമഗഗരിരിസസ ഇത്യാദിഃ. ൨൪

ഭാ—അപ്രകാരം ഓരോ സ്വരങ്ങളും രണ്ടോ മൂന്നോ നാലോ ആവൎത്തിച്ചു ക്രമത്തിൽ അവരോഹണം ചെയ്യുന്നത് അവരോഹിനിഷ്കൎഷം. ഉദാഹരണം—സ്സ, നിനി, ധധ, പപ, മമ, ഗഗ, രിരി, സസ. സ്സ്സ, നിനിനി, ധധധ, പപപ, മമമ, ഗഗഗ, രിരിരി, സസസ. സ്സ്സ്സ, നിനിനിനി, ധധധധ, പപപപ, മമമമ, ഗഗഗഗ, രിരിരിരി, സസസസ. പ്രത്യേക സംജ്ഞകൾ ആരോഹിഗതത്തിലെപ്പോലെ.

സൂ—പ്ലുതഹ്രസ്വക്രമാദാരോഹണം ബിന്ദുഃ. യഥാ—സാസാസാരി, ഗാഗാഗാമ, പാപാപാധ, നിനീനീസ. ൨൫

ഭാ—മൂന്നു മാത്ര ഒരു സ്വരം. പിന്നത്തെ സ്വരം ഹ്രസ്വം. പിന്നെ മൂന്നു മാത്ര പിന്നത്തെ സ്വരം. പിന്നത്തേത് ഹ്രസ്വം എന്നീ ക്രമത്തിൽ സ്വരങ്ങളുടെ ആരോഹണം ആരോഹിബിന്ദു എന്ന അലങ്കാരമാണ്. സാസാസാരി, ഗാഗാഗാമ, പാപാപാധ, നീനീനീസ. എന്നുദാഹരണം. ഇതു ചതുഷ്കലമായ അലങ്കാരമാണ്.

സൂ—തൽക്രമേണാവരോഹണം ച. യഥാ—സ്സാസ്സാസ്സാനി, ധാധാധാപ, മാമാമാഗ, രീരീരീസ. ൨൬

ഭാ—മേൽപ്രകാരം പ്ലുതം ഹ്രസ്വം എന്ന ക്രമത്തിൽ സ്വരങ്ങളുടെ അവരോഹണം അവരോഹണബിന്ദു. സ്സാസ്സാസ്സാനി എന്നു മുതൽ അതിന്നുദാഹരണം.

സൂ—ക്രമാദേകാന്തരാരോഹണമഭ്യുച്ചയഃ. യഥാ—സഗ, രിമ, ഗപ, മധ, പനി, ധസ്. ൨൭

ഭാ—സ്വരങ്ങൾ ഒന്നിടവിട്ടുകൊണ്ടുള്ള ആരോഹണം അതായത് ഷഡ്ജംഗാന്ധാരം, ഋഷഭംമദ്ധ്യമം, ഗാന്ധാരം പഞ്ചമം എന്നീ ക്രമത്തിലുള്ള ആരോഹണം ആരോഹണാഭ്യുച്ചയം. സഗ, രിമ എന്നു മുതൽ ഉദാഹരണം. ഇതു ഷട്കലമായ അലങ്കാരമാണ്. രത്നാകരകാരപക്ഷത്തിൽ സഗ, പനി എന്നുള്ള ആരോഹണം മാത്രമായിട്ടുള്ളതാണ് അഭ്യുച്ചയം. ആ പക്ഷത്തിൽ ദ്വികലവുമാണ്.

സൂ—ഏകാന്തരാവരോഹാദവരോഹീ ച. യഥാ—സ്ധ, നിപ, ധമ, പഗ, മരി, ഗസ. ൨൮

ഭാ—അപ്രകാരം സ്വരങ്ങളുടെ ഒന്നിടവിട്ടുകൊണ്ടുള്ള അവരോഹണം അവരോഹ്യഭ്യുച്ചയം. സ്ധ, നിപ മുതൽക്കുദാഹരണം. രത്നാകരപക്ഷത്തിൽ നിപ, ഗസ എന്നുദാഹരണം.

സൂ—പ്രഥമദ്വിതീയയോഃ പൂർവ്വപൂർവ്വസഹിതസ്യ പരസ്യ ച ക്രമാദാരോഹണേ പ്രേംഖിതഃ. യഥാ—സരി, രിഗ, ഗമ, മപ, പധ, ധനി, നിസ്. ൨൯

ഭാ—ആദ്യത്തിൽ ഒന്നാമത്തെയും രണ്ടാമത്തെയും സ്വരങ്ങൾ. പിന്നെ രണ്ടാമത്തെയും മൂന്നാമത്തെയും, പിന്നെ മൂന്നാമത്തെയും നാലാമത്തെയും എന്നീ ക്രമത്തിലുള്ള ആരോഹണം പ്രേംഖിതം എന്ന അലങ്കാരം. സരി, രിഗ മുതൽക്കുദാഹരണം.

സൂ—ഏവമവരോഹണേപി. യഥാ—സ്നി, നിധ, ധപ, പമ, മഗ, ഗരി, രിസ. ൩൦

ഭാ—അപ്രകാരമുള്ള അവരോഹണം അവരോഹിപ്രേംഖിതം. സ്നി, നിധ മുതൽ ഉദാഹരണം. ഇതു സപ്തകലമായ അലങ്കാരമാണ്.

സൂ—ഏകാന്തരസ്യ സ്വരദ്വയസ്യ പുനസ്തഥാ പൂർവ്വപൂർവ്വയുതസ്യ പരസ്യ ചാരോഹേ ഷട്കല ആക്ഷിപ്തഃ. യഥാ—സാഗാ, ഗാപാ, പാനീ. ൩൧

ഭാ—ആദ്യം ഒന്നിടവിട്ട രണ്ടു സ്വരങ്ങളും പിന്നെ അതിലെ രണ്ടാമത്തെ പൂർവ്വസ്വരമാക്കി അപ്രകാരം ഒന്നിടവിട്ട സ്വരവുമായിട്ടുള്ള ആരോഹണം ആക്ഷിപ്താലങ്കാരം. ഇതു ഷട്കലമാണ്. ഓരോ സ്വരം ഓരോ കല. സാഗാ, ഗാപാ, പാനീ എന്നുദാഹരണം സഗഗപപനി എന്നു ദ്രുതകാലമാണെങ്കിൽ ഏകകലം.

സൂ—താദൃശാവരോഹേവരോഹാക്ഷിപ്തഃ. യഥാ—നീപാ, പാഗാ, ഗാസാ. ൩൨

ഭാ—അപ്രകാരം ഒന്നിടവിട്ട രണ്ടു സ്വരങ്ങളും പിന്നെ അതിലെ രണ്ടാമത്തെ സ്വരം പൂർവ്വസ്വരമാക്കിക്കൊണ്ട് ഒന്നിടവിട്ട സ്വരവുമായിട്ടുള്ള അവരോഹണം അവരോഹാക്ഷിപ്തം. നീപാ, പാഗാ, ഗാസാ എന്നുദാഹരണം.

സൂ—സ്വദ്വിതീയം ഗത്വാ പ്രത്യാഗത്യ തഥാ കലാചതുഷ്ടയകരണേനാരോഹേ സന്ധിപ്രച്ഛാദനഃ. യഥാ—സരി, സരി, സരി, സരി; രിഗ, രിഗ, രിഗ, രിഗ; ഗമ, ഗമ, ഗമ, ഗമ; മപ, മപ, മപ, മപ; പധ, പധ, പധ, പധ; ധനി, ധനി, ധനി, ധനി; നിസ, നിസ, നിസ, നിസ. ൩൩

ഭാ—ഒരു സ്വരം അതിൻെറ രണ്ടാമത്തെ സ്വരത്തിലേക്കുപോയിത്തിരിയേവന്നു വീണ്ടും അപ്രകാരം ചെയ്തു നാലു കലകൾ വരുന്ന മാതിരിയിൽ എല്ലാ സ്വരങ്ങളും ആരോ

രോഹണം ചെയ്യുന്നതു സന്ധിപ്രച്ഛാദനമെന്ന അലങ്കാരമാണ്. സരി, സരി, സരി, സരി എന്നു തുടങ്ങി ഉദാഹരണം. രത്നാകരമതത്തിൽ മൂന്നു സ്വരങ്ങളെ ഒരു കലയാക്കിയും പിന്നെ അതിന്റെ അവസാനസ്വരത്തെ ആദ്യസ്വരമാക്കിയവിധം മൂന്നു സ്വരങ്ങളെ പിന്നത്തെക്കലയാക്കിയും ഉള്ള ആരോഹണത്തിനാണ് അതായത് സരിഗാ, ഗമപാ, പധനീ എന്ന ആരോഹണത്തിനാണ് സന്ധിപ്രച്ഛാദനമെന്ന സംജ്ഞ കൊടുത്തിട്ടുള്ളത്. എന്നാൽ ഭരതമതംഗാദിമുനികളുടെ മതം അങ്ങനെയല്ല. "സ്ഥാനാന്തരമാരുഹ്യ പ്രത്യേതി തഥാ ചതുഷ്കലം ക്രമശഃ ഊർദ്ധ്വപരിക്ഷേപസ്സ്യാത സന്ധിപ്രച്ഛാദനോ നാമ." എന്നാണ് ഭരതശാസ്ത്രം. "സ്വരദ്വയോച്ചാരണേന കലാചതുഷ്ടയകരണാത്സന്ധിപ്രച്ഛാദനഃ." എന്നു മതംഗമുനിവചനവും. അതനുസരിച്ചാണ് ഇവിടെപ്പറഞ്ഞിട്ടുള്ളത്. അപ്രകാരം ഈ അലങ്കാരം അഷ്ടാവിംശൽകലവും അതായത് ഇരുപത്തെട്ടു കലകളുള്ളതും ആണ്. രത്നാകരമതത്തിലുള്ള സന്ധിപ്രച്ഛാദനം ത്രികലം.

സൂ—താരാത്സപ്തമമവരുഹ്യ തഥാ ചതുഷ്കലകരണേന ക്രമശോവരോഹാദവരോഹി ച. യഥാ—സ്നി, സ്നി, സ്നി, സ്നി; നിധ, നിധ, നിധ, നിധ; ധപ, ധപ, ധപ, ധപ; പമ, പമ, പമ, പമ; മഗ, മഗ, മഗ, മഗ; ഗരി, ഗരി, ഗരി, ഗരി; രിസ, രിസ, രിസ, രിസ. ൩൪

ഭാ—താരഷഡ്ജത്തിൽനിന്നു നിഷാദത്തിലേക്കവരോഹണം ചെയ്തു വീണ്ടും അപ്രകാരം നാലു കലകളുണ്ടാക്കി പിന്നെ അതേവിധത്തിൽത്തന്നെ നിഷാദധൈവതങ്ങളെ, ധൈവതപഞ്ചമങ്ങളെ എന്ന ക്രമത്തിൽ നന്നാലു കലകളുണ്ടാക്കിക്കൊണ്ടവരോഹണം ചെയ്യുന്നത് അവരോഹിസന്ധിപ്രച്ഛാദനം. സ്നി, സ്നി, സ്നി, സ്നി മുതൽ ഉദാഹരണം. രത്നാകരമതപ്രകാരം നിധപാ, പമഗാ, ഗരിസാ എന്ന് അവരോഹിസന്ധിപ്രച്ഛാദനത്തിനുദാഹരണം.

സൂ—സ്വരദ്വയേന കലാദ്വയം കൃത്വാ താദൃശക്രമേണാരോഹണമുപലോലഃ. യഥാ—സരി, സരി; രിഗ, രിഗ; ഗമ, ഗമ; മപ, മപ; പധ, പധ; ധനി, ധനി; നിസ, നിസ. ൩൫

ഭാ—സന്ധിപ്രച്ഛാദനത്തിൽ വിവരിച്ചമാതിരി ഈരണ്ടു സ്വരങ്ങളെ രണ്ടു തവണമാത്രം ആവർത്തിച്ചു രണ്ടു കലകളുണ്ടാക്കിക്കൊണ്ടും ഓരോ ഈരണ്ടിലും രണ്ടാമത്തെ സ്വരത്തെ പിന്നത്തെ രണ്ടിലെ ആദ്യസ്വരമാക്കിക്കൊണ്ടും ക്രമത്തിൽ ആരോഹണം ചെയ്യുന്നത് ഉപലോലാലങ്കാരം. സരി, സരി എന്നു മുതൽ ഉദാഹരണം. ഇതു ചതുർദ്ദശകലമാണ്.

സൂ തഥാവരോഹണാദവരോഹോപലോലഃ. യഥാ—സ്നി, സ്നി, നിധ, നിധ; ധപ, ധപ; പമ, പമ; മഗ, മഗ; ഗരി, ഗരി; രിസ, രിസ.൩൬

ഭാ—അപ്രകാരം വരുന്ന അവരോഹണക്രമം അവരോഹോപലോലം. സ്നി, സ്നി എന്നു മുതൽ അതിനുദാഹരണം.

സൂ—ത്രിസ്വരകലാകരണേഷ്വാദിമദ്ധ്യാന്തസ്വരാണാം ത്രിരാവൃത്ത്യാ ക്രമാദുദ്ഗീതോദ്വാഹിതത്രിവർണ്ണാഃ. യഥാ—സസസരിഗ, മമമപധ, ഇത്യുദ്ഗീതഃ. സരിരിരിഗ, മപപപധ ഇത്യുദ്വാഹിതഃ. സരിഗഗഗ, മപധധധ ഇതി ത്രിവർണ്ണഃ. ൩൭

ഭാ—മൂന്നു സ്വരങ്ങളുടെ യോഗംകൊണ്ട് അഞ്ചക്ഷരമുള്ള ഒരു കലയാക്കുന്നതിൽ ആദ്യത്തെ സ്വരം മൂന്നാവർത്തിച്ചാൽ അതുദ്ഗീതാലങ്കാരം. രണ്ടാമത്തെ സ്വരം മൂന്നാവ

ത്തിക്കുന്നത് ഉദാഹരിതാലങ്കാരം. മൂന്നാമത്തെ സ്വരം മൂന്നാവർത്തിക്കുന്നതു ത്രിവർണ്ണാലങ്കാരം. ഈ മൂന്നാലങ്കാരങ്ങളും ദ്വികലങ്ങളാണ്. സസസരിഗ, മമമപധ എന്നത് ഉദ്ഗീതത്തിനും, സരിരിരിഗ, മപപപധ എന്നത് ഉദാഹരിതത്തിനും, സരിഗഗഗ, മപധധധ എന്നതു ത്രിവർണ്ണത്തിനും ഉദാഹരണം.

സൂ—തദ്വിധാവരോഹണാത്തേവരോഹിണഃ. യഥാ—ധധധപമ, ഗഗഗരിസ ഇത്യുദ്ഗീതഃ. ധപപപമ, ഗരിരിരിസ ഇത്യുദാഹിതഃ,ധപമമമ, ഗരിസസസ ഇതി ത്രിവർണ്ണഃ. ൨൨

ഭാ—ആപ്രകാരം അവരോഹണത്തിൽ ആദ്യസ്വരം മൂന്നാവർത്തിക്കുന്നത് അവരോഹ്യുദ്ഗീതവും മദ്ധ്യസ്വരം മൂന്നാവർത്തിക്കുന്നത് അവരോഹ്യുദാഹരിതവും അന്ത്യസ്വരം മൂന്നാവർത്തിക്കുന്നത് അവരോഹിത്രിവർണ്ണവുമാണ്. ധധധപമ, ഗഗഗരിസ എന്നു മുതൽ ഓരോന്നിനും ഉദാഹരണങ്ങൾ.

സൂ—പ്രഥമം ചതുരുച്ചാര്യ്യാനന്തരസ്വരദ്വയസ്യ ദ്രുതോച്ചാരണാദ്വിധുതഃ. യഥാ—സാസാസാസാരിഗ, രിരിരീരീഗമ, ഗാഗാഗാഗാമപ, മാമാമാമാപധ, പാപാപാപാധനി, ധാധാധാധാനിസ്. ൨൯

ഭാ—മൂന്നു സ്വരങ്ങളുടെ യോഗത്താൽ ആറക്ഷരങ്ങളിൽ അഞ്ചു മാത്രയുള്ള ഒരു കലയാക്കി അതിൽ ആദ്യസ്വരം നാലു തവണ ആവർത്തിച്ച നാലു മാത്രയും അടുത്ത രണ്ടു സ്വരങ്ങൾ ദ്രുതകാലത്തിലുച്ചരിച്ച് ഒരു മാത്രയുമായിട്ടുള്ള വിധത്തിൽ ക്രമത്തിൽ ആരോഹണം ചെയ്യുന്നതു വിധുതാലങ്കാരം. ഇതു ഷട്കലവുമാണ്. സാസാസാസാരിഗ എന്നു മുതൽ ഉദാഹരണം.

സൂ—ഏവമവരോഹാദവരോഹി വിധുതഃ. യഥാ—സ്സാസ്സാസ്സാസ്സാനിധ, നീനീനീനീധപ, ധാധാധാധാപമ, പാപാപാപാമഗ, മാമാമാമാഗരി, ഗാഗാഗാഗാരിസ. ൩൦.

ഭാ—അപ്രകാരമുള്ള അവരോഹണം അവരോഹിവിധുതം. സ്സാസ്സാസ്സാസ്സാനിധ എന്നു മുതൽക്കുദാഹരണം.

ഇങ്ങനെ ആരോഹ്യവരോഹ്യലങ്കാരങ്ങൾ.

സൂ—സഞ്ചാരിവർണ്ണഗതാശ്ച മന്ദ്രാദിമദ്ധ്യാന്തമന്ദ്രതാരപ്രസന്നതാരമന്ദ്രപ്രസന്നാപ്രസ്തുതപ്രസൃതവ്യാവൃത്തസ്ഖലിതപരാവൃത്തപരിവൃത്താക്ഷേപോദ്ഘട്ടബിന്ദുകോമ്മിസമസംവാദനിഷ്കൂജിതപ്രഹ്രതക്രമോദ്ഘടിതരഞ്ജിതനിവൃത്തപ്രവൃത്തവേണുലളിതഹുങ്കാരഹ്ലാദമാനഹസിതാവർത്തകസമ്പ്രദാനോദ്ധൃതവിലോലോല്ലാസിതപ്രേംഖോളിതോദ്ധൃതാഖ്യാഃ പഞ്ചത്രിംശൽ. ൩൧

ഭാ—സഞ്ചാരിവർണ്ണത്തിൽച്ചേർന്ന അലങ്കാരങ്ങൾ മന്ദ്രാദി, മന്ദ്രമദ്ധ്യം, മന്ദ്രാന്തം, മന്ദ്രതാരപ്രസന്നം, താരമന്ദ്രപ്രസന്നം, പ്രസ്തുതം, പ്രസൃതം, വ്യാവൃത്തം, സ്ഖലിതം, പരാവൃത്തം, പരിവൃത്തം, ആക്ഷേപം, ഉദ്ഘട്ടം, ബിന്ദുകം, ഊർമ്മി, സമം, സംവാദം, നിഷ്കൂജിതം, പ്രഹ്രതം, ക്രമം, ഉദ്ഘടിതം, രഞ്ജിതം, നിവൃത്തപ്രവൃത്തം, വേണുലളിതം, ഹുങ്കാരം, ഹ്ലാദമാനം, ഹസിതം, ആവർത്തകം, സമ്പ്രദാനം, ഉദ്ധൃതം, വിലോലം, ഉല്ലാസിതം, പ്രേംഖോളിതം, ഉദ്ധൃതം ഇങ്ങനെ മുപ്പത്തഞ്ചുവിധമുണ്ട്.

ഓരോന്നിൻെറയും ലക്ഷണം ക്രമത്തിൽപ്പറയുന്നു.

സൂ—ത്രിസ്വരാസു കലാസു പൂർവ്വകലാദിസ്ഥമന്ദ്രത്യാഗേന പരസ്യ തഥാകാരേണ മന്ദ്രാദിഃ. യഥാ—സഗരീ, രിമഗാ, ഗപമാ, മധപാ, പനിധാ, ധസനീ.. ൪൨

ഭാ—എല്ലാ കലകളിലും മുമ്മൂന്നുസ്വരങ്ങൾ ക്രമത്തിലല്ലാതെ ഉണ്ടായിരിക്കയും അതിൽ ആദ്യകലയിലെ ആദ്യമുള്ള മന്ദ്രസ്വരം അതായത് സപ്തസ്വരക്രമത്തിൽ മുമ്പിൽ വരുന്ന സ്വരം വിട്ട് അതിന്നുപകരം പിന്നത്തെ സ്വരം സ്വീകരിക്കയും ചെയ്യുന്ന ക്രമത്തിൽ കലകൾ ഉള്ളതു മന്ദ്രാദി എന്ന അലങ്കാരം. ഇതു ഷട്കലമാണ്. സഗരീ മുതൽ ഉദാഹരണം.

സൂ—തഥാവിധകലാസു മന്ദ്രേ മദ്ധ്യഗേ മന്ദ്രമദ്ധ്യഃ. യഥാ—ഗസരീ, മരിഗാ, പഗമാ, ധമപാ, നിപധാ, സധനീ. ൪൩

ഭാ—അപ്രകാരം മൂന്നു സ്വരങ്ങൾ ചേർന്ന കലകളിൽ മന്ദ്രസ്വരം മദ്ധ്യത്തിലായിട്ടുള്ളതു മന്ദ്രമദ്ധ്യം. ഗസരീ മുതൽ ഉദാഹരണം. ഓരോ കലയിലും സപ്തസ്വരക്രമപ്രകാരമുള്ള പൂർവ്വസ്വരം മദ്ധ്യത്തിലാണെന്നു കണ്ടുകൊൾക.

സൂ—അന്തഗേ മന്ദ്രാന്തഃ. യഥാ—രിഗസാ, ഗമരീ, മപഗാ, പധമാ, ധനിപാ, നിസധാ. ൪൪

ഭാ—'തഥാ വിധകലാസു മന്ദ്രേ' എന്നതനുവർത്തിക്കുന്നു. അപ്രകാരം മൂന്നു സ്വരങ്ങൾ ചേർന്ന കലകളിൽ മന്ദ്രസ്വരം അവസാനത്തിലുള്ളതു മന്ദ്രാന്തം. രിഗസാ മുതൽ ഉദാഹരണം. മന്ദ്രാദി തുടങ്ങിയ മൂന്നലങ്കാരങ്ങളിലെ അവരോഹണക്രമങ്ങളും അതാതിൽത്തന്നെ ഉൾപ്പെടുന്നു.

സൂ—മന്ദ്രാത്സഹസാ പഞ്ചമം പ്രാപ്യ മന്ദ്രാന്തമവരോഹണേ, മന്ദ്രതാരപ്രസന്നഃ. യഥാ—സപമഗരിസ, രിധപമഗരി, ഗനിധപമഗ, മസനിധപമ. ൪൫

ഭാ—മന്ദ്രത്തിൽനിന്നു പഞ്ചമത്തെ പെട്ടെന്നു പ്രാപിച്ച് അതായത് മന്ദ്രസ്വരത്തിന്നുശേഷം അതിന്റെ അഞ്ചാമത്തെ സ്വരം ഉച്ചരിച്ച് അതിൽനിന്നു ക്രമത്തിൽ ആ മന്ദ്രംവരെ അവരോഹണം ചെയ്യുന്നത് മന്ദ്രതാരപ്രസന്നം, സപമഗരിസ എന്നു മുതൽ ഉദാഹരണം.

സൂ—മന്ദ്രാൽപഞ്ചമാന്തമാരുഹ്യ സഹസാ മന്ദ്രഗമനേ താരമന്ദ്രപ്രസന്നഃ. യഥാ—സരിഗമപസ, രിഗമപധരി, ഗമപധനിഗ, മപധനിസമ. ൪൬

ഭാ—മന്ദ്രത്തിൽനിന്നു പഞ്ചമസ്വരംവരെ ക്രമത്തിൽ ആരോഹണം ചെയ്തു പെട്ടെന്ന് ആ മന്ദ്രത്തെത്തന്നെ ഉച്ചരിക്കുന്നതു താരമന്ദ്രപ്രസന്നം. സരിഗമപസ എന്നു മുതൽ ഉദാഹരണം. ഇതു രണ്ടും ചതുഷ്കലമാണ്.

സൂ—മന്ദ്രാദേകാന്തരസ്വരം പ്രാപ്യ ക്രമാന്മന്ദ്രാവരോഹണേ പ്രസ്തുതഃ. യഥാ—സഗരിസ, രിമഗരി, ഗപമഗ, മധപമ, പനിധപ, ധസനിധ. ൪൭

ഭാ—മന്ദ്രത്തിൽനിന്നു ഒന്നിടവിട്ട സ്വരത്തിലേക്കു ഗമിച്ചിട്ടു ക്രമത്തിൽ ആ മന്ദ്രസ്വരംവരെ അവരോഹണം ചെയ്യുന്നതു പ്രസ്തുതാലങ്കാരം. സഗരിസ മുതൽ ഉദാഹരണം. ഇതു ഷട്കലമാണ്. രത്നാകരകാരൻ ഇതു ഹ്ലാദമാനം എന്ന അലങ്കാരമായിട്ടാണ് ഗണിക്കുന്നത്. എന്നാൽ "ഏകാന്തരസ്വരത്രികലഃ ആരോഹീ ഹ്ലാദമാനഃ സ്യാൽ" എന്ന ഭരതമുനിവചനപ്രകാരവും "ഏകാന്തരസ്വരാരോഹാൽത്രിരാവൃത്യാ ത്രികലകരണാൽ ഹ്ലാദമാ

റാഃ''. എന്ന മതംഗമുനിവചനപ്രകാരവും ഹ്ലാദമാനം എന്ന സംജ്ഞ ഈ അലങ്കാരത്തിന്നല്ല. മേലിൽ ആ സംജ്ഞയോടുകൂടി ഈ ഗ്രന്ഥത്തിൽ വിവരിക്കുന്ന അലങ്കാരത്തിന്നാണ്.

സൂ—പരസ്യോഭയതഃ പൂർവ്വയോജനേ പ്രസ്തുതഃ. യഥാ—സരിസാ, രിഗരി, ഗമഗാ, മപമാ, പധപാ, ധനിസാ, നിസനീ. ൪൭

ഭാ—സപ്തസ്വരക്രമത്തിൽ പിന്നെപ്പിന്നെ വരുന്ന സ്വരത്തിന്റെ മുമ്പിലും പിമ്പിലും അതാതിന്റെ പൂർവ്വസ്വരം ചേർത്തുകൊണ്ടുള്ള ആരോഹണവും അവരോഹണവും പ്രസ്തുതാലങ്കാരമാണ്. സരിസാ എന്നു മുതൽ ഉദാഹരണം. ഇതു സപ്തകലവുമാണ്.

സൂ—ചതുസ്വരായാം കലായാം പ്രഥമതൃതീയദ്വിതീയചതുർത്ഥക്രമാത്സ്വരാൻ സംയോജ്യ പുനരപി പ്രഥമയോജനേ വ്യാവൃത്തഃ. യഥാ—സഗരിമസാ, രിമഗപരീ, ഗപമധഗാ, മധപനിമാ, പനിധസ്പാ. ൪൮

ഭാ—ഒരു കലയിൽ നാലു സ്വരങ്ങളുണ്ടായിരിക്കണം. അതിൽ ആദ്യത്തേതിന്നുശേഷം മൂന്നാമത്തേത്, പിന്നെ രണ്ടാമത്തേത്, പിന്നെ നാലാമത്തേത് ഇങ്ങനെ ഒന്നിടവിട്ടു സ്വരങ്ങളെ യോജിപ്പിച്ചു വീണ്ടും ആദ്യത്തെ സ്വരം ചേർക്കയും വേണം. ഈ മാതിരിതന്നെ എല്ലാക്കലകളിലും വരണം. എന്നാൽ അതു വ്യാവൃത്താലങ്കാരം. സഗരിമസാ എന്നു മുതൽ ഉദാഹരണം. ഇതു പഞ്ചകലമാണ്.

സൂ—ചതുസ്വരകലാമാദ്യതൃതീയദ്വിതീയതുര്യക്രമികാം കൃത്വാ തുര്യാദിക്രമേണാവരോഹണേ സ്ഖലിതഃ. യഥാ—സഗരിമാ, മരിഗസാ, രിമഗപാ, പഗമരി, ഗപമധാ, ധമപഗാ, മധപനി, നിപധമാ, പനിധസ്സാ, സ്ധനിപാ. ൫൦

ഭാ—നാലു സ്വരങ്ങൾ ചേർന്ന കലയിൽ മുൻപറഞ്ഞ മാതിരിയിൽ ആദ്യത്തെ, മൂന്നാമത്തെ, രണ്ടാമത്തെ, നാലാമത്തെ എന്ന ക്രമത്തിൽ ഒന്നിടവിട്ടു സ്വരങ്ങൾ യോജിപ്പിക്കയും അതിന്നു നേരെ മറിച്ചു നാലാമത്തെ, രണ്ടാമത്തെ, മൂന്നാമത്തെ, ആദ്യത്തെ എന്ന ക്രമത്തിൽ അവരോഹിക്കയും ചെയ്യുന്നതു സ്ഖലിതമെന്ന അലങ്കാരം. സഗരിമാ, മരിഗസാ എന്നു മുതൽ ഉദാഹരണം. ഇതു ദശകലമാണ്.

സൂ—താദൃശകലായാം ക്രമികസ്വരത്രയാനന്തരമേകാന്തരമാരുഹ്യ തഥാവരോഹേ പരാവൃത്തഃ. യഥാ—സരിഗപാ, പമഗസാ, രിഗമധാ, ധപമരി, ഗമപനീ, നിധപഗാ, മപധസ്സാ, സ്നിധമാ. ൫൧

ഭാ—നാലു സ്വരങ്ങൾ ചേർന്ന കലയിൽ ക്രമത്തിലുള്ള മൂന്നു സ്വരങ്ങൾക്കു ശേഷം ഒന്നിടവിട്ട ഒരു സ്വരമായ വിധത്തിൽ ആരോഹണം ചെയ്ത് അതേ ക്രമത്തിൽത്തന്നെ അവരോഹണം ചെയ്യുന്നതു പരാവൃത്തമെന്ന അലങ്കാരം. സരിഗപാ, പമഗസാ എന്നു മുതൽ ഉദാഹരണം. ഇത് അഷ്ടകലമാണ്.

സൂ—ത്രിസ്വരകലായാം സ്വദ്വിതീയം പരിഹൃത്യാനന്തരദ്വയസ്വീകാരേ പരിവൃത്തഃ. യഥാ—സഗമാ, രിമപാ, ഗപധാ, മധനി, പധസ്സാ, സ്ധപാ, നിപമാ, ധമഗാ, പഗരീ, മരിസാ. ൫൨

ഭാ—മൂന്നു സ്വരങ്ങൾ ചേർന്ന കലയിൽ ആദ്യത്തെ സ്വരത്തിന്നു ശേഷം ഒന്നിടവിട്ടു പിന്നെയുള്ള രണ്ടു സ്വരങ്ങളെ സ്വീകരിച്ചുകൊണ്ടു ക്രമത്തിലുള്ള ആരോഹണാവരോഹണങ്ങൾ പരിവൃത്താലങ്കാരം. സഗമാ, രിമപാ എന്നു മുതൽ ഉദാഹരണം. ഇതു ദശകലം.

സൂ—താളശകലായാം ക്രമാൽ പൂർവ്വപൂർവ്വത്യാഗേനോത്തരോത്തരാംഗീകാര ആക്ഷേപഃ. യഥാ—സരിഗാ, രിഗമാ, ഗമപാ, മപധാ, പധനീ, ധനിസ്സാ, സനിധാ, നിധപാ, ധപമാ, പമഗാ, മഗരീ, ഗരിസാ. ൫൨

ഭാ—മൂന്നു സ്വരങ്ങൾ ക്രമത്തിൽച്ചേൎന്ന കലയിൽ ആദ്യത്തെ സ്വരം വിട്ടും സപ്തസ്വരക്രമത്തിൽ പിന്നെ വരുന്ന സ്വരം സ്വീകരിച്ചും ത്രിസ്വരമാക്കി ആരോഹണവും അതിനനുസരിച്ചുതന്നെ അവരോഹണവും ചെയ്യുന്നത് ആക്ഷേപാലങ്കാരം. സരിഗാ, രിഗമാ എന്നു മുതൽ ഉദാഹരണം. ഇതു ദ്വാദശകലം.

സൂ—ത്രിസ്വരഘടിതകലായാം ക്രമാൽത്രീൻ സ്വരാനാരുഹ്യാവരുഹ്യ വാ പുനരേകസ്യാവരോഹണെ ആരോഹണേ വാ ഉദ്ഘട്ടഃ. യഥാ—സരിഗരി, രിഗമഗ, ഗമപമ, മപധപ, പധനിധ, ധനിസ്സനി, സ്സനിധനി, നിധപധ, ധപമപ, പമഗമ, മഗരിഗ, ഗരിസരി. ൫൩

ഭാ—മൂന്നു സ്വരങ്ങൾ ചേൎന്ന കലയിൽ ആരോഹണക്രമത്തിൽ മൂന്നു സ്വരങ്ങൾ ആരോഹണം ചെയ്തതിനുശേഷം ഒരു സ്വരം അവരോഹണം ചെയ്യുകയും അവരോഹണക്രമത്തിൽ മൂന്നു സ്വരങ്ങൾ അവരോഹണം ചെയ്തതിനുശേഷം ഒരു സ്വരം ആരോഹണം ചെയ്യുകയുമായിട്ടുള്ളത് ഉദ്ഘട്ടാലങ്കാരം. സരിഗരി മുതൽ ഉദാഹരണം. ഇതു ദ്വാദശകലം.

സൂ—മന്ദ്രം ത്രിരാവൃത്യാഗ്രിമം സ്പൃഷ്ട്വാ പുനൎമ്മന്ദ്രാഗമനേ ബിന്ദുകഃ. യഥാ—സാസാസാരിസ, രീരീരീഗരി, ഗാഗാഗാമഗ, മാമാമാപമ, പാപാപാധപ, ധാധാധാനിധ, നീനിനീസ്സനി. ൫൪

ഭാ—പൂർവ്വസ്വരത്തെ മൂന്നു മാത്രവരുന്ന വിധം മൂന്നുതവണ ഉച്ചരിച്ചു പിന്നത്തെ സ്വരത്തെ ദ്രുതമായുച്ചരിച്ചു പിന്നെയും പൂർവ്വസ്വരത്തെത്തന്നെ ദ്രുതമായുച്ചരിക്കുന്നതു ബിന്ദുകം എന്ന അലങ്കാരം. സാസാസാരിസ എന്നു മുതൽ ഉദാഹരണം. ഇതു സപ്തകലം. പൂർവ്വസ്വരം ഒടുവിലും വരുന്നുവെന്നുള്ളതാണ് ബിന്ദുവിൽനിന്ന് ഇതിനുള്ള വിശേഷം.

സൂ—മൂർച്ഛനാതുര്യസ്വരം ത്രിരാവൃത്യാദ്യം സ്പൃഷ്ട്വാ പുനസ്തുര്യാഗമനേന പ്രഥമകലാം കൃത്വാ തൽക്രമേണാന്യാസാമപി കരണാദൂൎമ്മിഃ. യഥാ—മാമാമാസമ, പാപാപാരിപ, ധാധാധാഗധ, നിനിനിമനി, സ്സാസ്സാസ്സാപസ്സ. ൫൫

ഭാ—മൂർച്ഛനാക്രമപ്രകാരം നാലാമതായി വരുന്ന സ്വരം ഓരോ മാത്രവീതം വരുന്ന വിധം മൂന്നു തവണ ഉച്ചരിച്ചു മൂർച്ഛനയിലെ ആദ്യത്തെ സ്വരവും വീണ്ടും നാലാമത്തെ സ്വരവും ദ്രുതമായുച്ചരിക്കുന്നതിനെ ആദ്യത്തെക്കലയാക്കി അതേക്രമത്തിൽ മററു കലകളേയും ചേൎക്കുന്നത് അതായത് അഞ്ചാമത്തെ സ്വരം മൂന്നുതവണ ഉച്ചരിച്ചു രണ്ടാമത്തെയും അഞ്ചാമത്തെയും സ്വരങ്ങൾ ദ്രുതത്തിലുച്ചരിക്കുന്നതു രണ്ടാമത്തെക്കല, ആറാമത്തെ സ്വരം മൂന്നുതവണ ഉച്ചരിച്ചു മൂന്നാമത്തെയും ആറാമത്തെയും സ്വരങ്ങൾ ദ്രുതത്തിലുച്ചരിക്കുന്നതു മൂന്നാമത്തെക്കല എന്നിവിധം ക്രമത്തിൽ ചേൎക്കുന്നത് ഊൎമ്മി എന്ന അലങ്കാരമാണ്. മാമാമാസമ എന്നു മുതൽ ഉദാഹരണം. ഇതു പഞ്ചകലമാണ്.

സൂ—ആരോഹാവരോഹക്രമാൽ ക്രമികാശ്ചതുസ്സ്വരാ യത്ര കലാ ഭവന്തി സ സമഃ. യഥാ—സരിഗമ, മഗരിസ, രിഗമപ, പമഗരി, ഗമപധ, ധപമഗ, മപധനി, നിധപമ, പധനിസ്സ, സ്സനിധപ. ൫൬

ഭാ— ക്രമത്തിലുള്ള രണ്ടു സ്വരങ്ങളെ ചേർത്ത കലകളായി ആരോഹണത്തിലും അവരോഹണത്തിലും കലർത്തിവരുന്നതു [illegible]. സരിരിസ, രിഗഗരി എന്നതു മുതൽ ഉദാഹരണം. ഇതു ഷട്കലമാണ്. സരിരിസ, രിഗഗരി എന്നിവ [illegible] ന്നതാണ് ഒരു കല എന്നും ഒരു മതമുണ്ട്. ആ പക്ഷത്തിൽ ദ്വാദശകലമായിട്ടാണ് [illegible] രിച്ചിട്ടുള്ളതും.

സൂ—[illegible] സംവാദഃ. യഥാ— സമ, സപ, രിധ, ഗനി, മസ, പരി, ധഗ, നമ, സധ, ധരി, പസ, മസ. [illegible]

ഭാ—ചതുർത്ഥപഞ്ചമസംവാദമുള്ള സ്വരങ്ങളെ ആരോഹണത്തിലും അവരോഹണത്തിലും യോജിപ്പിക്കുന്നതു സംവാദാലങ്കാരം. സമ, സപ മുതൽ ഉദാഹരണം. ഇതു സംവാദാലങ്കാരത്തിന്റെ വകഭേദമാണെന്നാണ് മതംഗമുനിമതം. "[illegible] ജ്ഞാതസമഃ" എന്നു മതംഗഗ്രന്ഥം. ഇതു ദ്വാദശകലമാണ്.

സൂ—ക്രമേണ ദ്വാവേവാദ്യതേന ദ്വാവാദ്യശ്ചേതി ക്രമാദ്യത്ര കലാസ്സന്തി സ നിഷ്കൂജിതഃ. യഥാ—സരിസഗസാ, രിഗരിമരി, ഗമഗപഗാ, മപമധമാ, പധപനിപാ, ധനിധസ്ധാ. ൫൯.

ഭാ—ആദ്യം ക്രമത്തിൽ രണ്ടു സ്വരങ്ങൾ, പിന്നെ ഒന്നിടവിട്ട രണ്ടു സ്വരങ്ങൾ, പിന്നെ ആദ്യത്തെ സ്വരം. ഇങ്ങനെ അഞ്ചക്ഷരമാക്കിയ മൂന്നു സ്വരങ്ങൾ ഒരു കലയായിത്തീരുന്നതു നിഷ്കൂജിതമെന്ന അലങ്കാരം. സരിസഗസാ എന്നു മുതൽ ഉദാഹരണം. ഇതു ഷട്കലമാണ്.

സൂ—ക്രമികദ്വിതയം തതഃ ക്രമികദ്വിതയേ തസ്മിൻ ദ്വിതീയസ്യാവൃത്തിഃ പുനഃ ക്രമികത്രിതയഞ്ചേതി ക്രമാദ്യത്ര കലാസ്സ പ്രഹ്ലതഃ. യഥാ—സരിസരിസരിഗ, രിഗരിഗഗരിഗമ, ഗമഗമമഗമപ, മപമപപമപധ, പധപധധപധനി, ധനിധനിനിധനിസ. ൬൦

ഭാ—ആദ്യം ക്രമത്തിലുള്ള രണ്ടു സ്വരങ്ങൾ പിന്നെയും ആ രണ്ടു സ്വരങ്ങളിൽ രണ്ടാമത്തെ സ്വരം രണ്ടു തവണ, പിന്നെ ആ രണ്ടു സ്വരങ്ങളും അടുത്ത സ്വരവും. ഇങ്ങനെ എട്ടക്ഷരമാക്കിയ മൂന്നു സ്വരങ്ങൾ ഒരു കലയായി വരുന്നതു പ്രഹ്ലതമെന്ന അലങ്കാരമാണ്. സരിസരിസരിഗ എന്നു മുതൽ ഉദാഹരണം. ഇതും ഷട്കലമാണ്.

സൂ—ക്രമികദ്വിത്രിചതുർഭിര്യത്ര കലാ സ ക്രമഃ. യഥാ—സരിസരിഗ സരിഗമാ, രിഗരിഗമരിഗമപാ, ഗമഗമപഗമപധാ, മപമപധമപധനി, പധപധനിപധനിസാ. ൬൧

ഭാ—ആദ്യം ക്രമപ്രകാരമുള്ള രണ്ടു സ്വരങ്ങൾ, പിന്നെ അവയും പിന്നത്തെ സ്വരവും കൂടി മൂന്ന്, പിന്നെ അവയും പിന്നത്തെ സ്വരവും കൂടി നാല്. ഇങ്ങനെ ഒമ്പതക്ഷരമാക്കിയ നാലു സ്വരങ്ങൾ ഒരു കലയായി വരുന്നതു ക്രമാലങ്കാരം. സരിസരിഗസരിഗമാ എന്നതു മുതൽ ഉദാഹരണം. ഇതു പഞ്ചകലമാണ്. സരിരിസ, സരിഗഗരിസ, രിഗമസ മഗരിസ, സരിഗമപപമഗരിസ, സരിഗമപധധപമഗരിസ, സരിഗമപധനിനിധപമഗരിസ ഇങ്ങനെ ക്രമത്തിൽ ഓരോ സ്വരം അധികമധികമായിട്ടുള്ള ആരോഹണാവരോഹണങ്ങൾ ഓരോ കലയായി വരുന്നതാണ് ക്രമമെന്നൊരു പക്ഷമുണ്ട്. "ഏകാദിക്രമേണാനന്തരസ്വരമാരുഹ്യ പുനരവരോഹണക്രമേണ സ്ഥായിനം സ്വരം ഗത്വാ തത്ക്രമേണൈ

വൈകൈകാഭിവൃദ്ധ്യാ യത്ര സ്വരാ ഉച്ചാർയ്യന്തേ സ ക്രമഃ. അയമനേകരൂപത്വാൽ പ്രസ്താരാദ്ഭിദ്യതേ.''എന്ന മതംഗഗ്രന്ഥവിവരണം നോക്കുക. അതിലും സരിസ, സരിഗരിസ, സരിഗമഗരിസ, സരിഗമപമഗരിസ, സരിഗമപധപമഗരിസ, സരിഗമപധനിധപമഗരിസ, സരിഗമപധനിസ്നിധപമഗരിസ. എന്നിങ്ങനെയാണ് ക്രമാലങ്കാരത്തിന്റെ സ്വരൂപമെന്ന മറെറാരു പക്ഷവുമുണ്ട്. ആ രണ്ടു പക്ഷത്തിലും അതിലെ കലകൾക്കുള്ള കാലമാനം തുല്യമല്ലെന്നുള്ളത് തുല്യംതന്നെ. എന്നാൽ ''ഏകം ദ്വൌ ത്രീൻ ഗച്ഛൻ സ്വരാൻ ക്രമേണ ക്രമോ ജ്ഞേയഃ.'' എന്നാണ് ഭരതമുനിവചനം. ഒരു സ്വരം അടുത്ത ഒരു സ്വരത്തെയും പിന്നെ അടുത്ത രണ്ടു സ്വരങ്ങളെയും പിന്നെ അടുത്ത മൂന്നു സ്വരങ്ങളെയും ക്രമത്തിൽ ഗമിക്കുന്നതു ക്രമം—എന്ന് അതിന്നർത്ഥം—അതനുസരിച്ചാണ് ഇവിടെ പറഞ്ഞിട്ടുള്ളത്.

സൂ—സ്വരദ്വയാദേകാന്തരം തദനന്തരം ചാരുഹ്യ തൽക്രമേണൈവാവരോഹ ഉദ്ഘടിതഃ യഥാ—സരിമപ, പമരിസ, രിഗപധ, ധപഗരി, ഗമധനി, നിധമഗ, മപനിസ്, സ്നിപമ. ൯൨

ഭാ—ക്രമത്തിലുള്ള രണ്ടു സ്വരത്തിനുശേഷം ഒന്നിടവിട്ടു സ്വരത്തെയും അതിന്നടുത്ത സ്വരത്തെയും ആരോഹണം ചെയ്തിട്ട് അതേ ക്രമത്തിൽത്തന്നെ അതായത് ക്രമത്തിലുള്ള രണ്ടു സ്വരവും പിന്നെ ഒന്നിടവിട്ടു സ്വരവും അതിന്നടുത്ത സ്വരവും അവരോഹണം ചെയ്യുന്നത് ഒരു കലയായിട്ടുള്ളത് ഉദ്ഘടിതമെന്ന അലങ്കാരം. സരിമപപമരിസ എന്നു മുതൽ ഉദാഹരണം. ഇത് അഷ്ടകലമാണ്. രത്നാകരമതത്തിൽ ക്രമികങ്ങളായ രണ്ടു സ്വരങ്ങൾക്കുശേഷം രണ്ടു സ്വരങ്ങളിടവിട്ടു പിന്നത്തെ സ്വരം മുതൽ നാലു സ്വരങ്ങൾ ക്രമത്തിൽ അവരോഹണം ചെയ്യുന്നതിന്നാണ് ഉദ്ഘടിതമെന്ന സംജ്ഞ കൊടുത്തിട്ടുള്ളത്. അതുപ്രകാരം സരിപമഗരി, രിഗധപമഗ, ഗമനിധപമ, മപസ്നിധപ എന്നതാണ് ഉദ്ഘടിതത്തിന്നുദാഹരണം. ''സ്വരദ്വയം ഹ്യാരോഹക്രമേണ തൃതീയസ്വരം പരിഹരദാരോഹക്രമേണൈവോപരിതനം സ്വരദ്വയമാക്രാമത്യനേനൈവ ക്രമേണാവരോഹശ്ച. ശേഷസ്വരാണാമപ്യനേനൈവ ക്രമേണാരോഹാവരോഹൌ.'' എന്നാണ് മതംഗവചനം.

സൂ—സ്വരദ്വയമാരുഹ്യ ദ്രുതയുഗം സ്ഥിത്വാനന്തരസ്വരമാരുഹ്യ ദ്രുതേന ദ്വിതീയാവരോഹേ രഞ്ജിതഃ. യഥാ—സരി.ഗരി, രിഗാ.മഗ, ഗമാ.പമ, മപാ.ധപ, പധാ.നിധ, ധനി.സ്നി. ൯൩

ഭാ—രണ്ടു സ്വരങ്ങൾ ക്രമത്തിൽ ആരോഹണം ചെയ്തു രണ്ടു ദ്രുതകാലംനിന്നു പിന്നത്തെ സ്വരത്തിലേക്കാരോഹണം ചെയ്തു വീണ്ടും ദ്രുതകാലത്തിൽ രണ്ടാമത്തെ സ്വരത്തിലേക്കുതന്നെ അവരോഹണം ചെയ്യുന്നതു രഞ്ജിതാലങ്കാരം. സരീ. ഗരി എന്നു മുതൽ ഉദാഹരണം. ഇതു ഷട്കലമാണ്. ''അഥ രഞ്ജിതസ്തു സമനന്തരസ്വരേ ദ്വേ കലേ പുനഃ സ്ഥിത്വാ അദ്ധകലമാരോഹി പുനരേവ തഥാവരോഹീ സ്യാൽ.'' എന്നു ഭരതമുനിവചനം. ''സമനന്തരസ്വരമാരുഹ്യ ദ്വേ കലേ സ്ഥിത്വാ പുനഃ സ്വരാന്തരേദ്ധകലാമാരോഹതി. പുനശ്ചാനന്തരമേവാദ്ധകലാമവരോഹതി. സ രഞ്ജിത;''. എന്നു മതംഗമുനിവചനവും. ഇവയിലെ കലാശബ്ദം ദ്രുതവാചകമാണ്. രത്നാകരകാരനാകട്ടേ, ''ദ്വിരുക്താ യദി മന്ദ്രാന്താ മന്ദ്രത്രിദ്വിതയാ സ്തദാ രഞ്ജിതഃ'' എന്നാണ് രഞ്ജിതത്തിന്റെ ലക്ഷണം പറഞ്ഞിരിക്കുന്നത്. അതുപ്രകാരം മന്ദ്രസ്വരം അതിന്റെ മൂന്നാമത്തെ സ്വരം, പിന്നെ രണ്ടാമത്തെ സ്വരം എന്ന ക്രമത്തിൽ രണ്ടുതവണ ഉച്ചരിച്ചു വീണ്ടും മന്ദ്രസ്വരം ഉച്ചരിക്കുന്നതാണ് രഞ്ജിതാലങ്കാരം. അതായത്—

സഗരിസഗരിസാ, രിമഗരിമഗരീ, ഗപമഗപമഗാ, മധപമധപമാ, പനിധപനിധപാ, ധസ്നിധസ്നിധാ എന്നാണ് രഞ്ജിതത്തിന്റെ സ്വരൂപം.

സൂ—ആദ്യാൽ പഞ്ചമം ഗത്വാ ക്രമേണ ദ്വിതീയാന്തമവരോഹേ നിവൃത്തപ്രവൃത്തഃ. യഥാ—സപമഗരി, രിധപമഗാ, ഗനിധപമാ, മസ്നിധപാ. ൱൪

ഭാ—ഒരു സ്വരത്തിൽനിന്ന് അഞ്ചാമത്തെ സ്വരത്തിലേക്കു പോയി അവിടെനിന്നു ക്രമത്തിൽ രണ്ടാമത്തെ സ്വരംവരെ അവരോഹണം ചെയ്യുന്നതു നിവൃത്തപ്രവൃത്തമെന്ന അലങ്കാരമാണ്. സപമഗരി എന്നു മുതൽ ഉദാഹരണം. ഇതു ചതുഷ്കലമാണ്.

സൂ—ആദ്യം ദ്വിരുച്ചാര്യ ദ്വിതീയചതുർത്ഥതൃതീയക്രമാദുച്ചാരണേ വേണുഃ. യഥാ—സസരിമഗ, രിരിഗപമ, ഗഗമധപ, മമപനിധ, പപധസ്നി. ൱൫

ഭാ—ആദ്യത്തെ സ്വരം രണ്ടു തവണ ഉച്ചരിച്ചു രണ്ടാമത്തെയും പിന്നെ നാലാമത്തെയും പിന്നെ മൂന്നാമത്തെയും ഉച്ചരിക്കുന്നത് ഒരു കലയായിട്ടുള്ള അലങ്കാരം വേണു. സസരിമഗ എന്നു മുതൽ ഉദാഹരണം. ഇതു പഞ്ചകലമാണ്.

സൂ—സ്വരദ്വയമുച്ചാര്യൈകാന്തരമാരുഹ്യ തതശ്ചൈകാന്തരമവരുഹ്യ പ്രഥമഗമനേ ലളിതഃ. യഥാ—സരിമരിസ, രിഗപഗരി, ഗമധമഗ, മപനിപമ, പധസ്ധപ. ൱൬

ഭാ—രണ്ടു സ്വരങ്ങൾ ക്രമത്തിലുച്ചരിച്ചതിന്നുശേഷം ഒന്നിടവിട്ട സ്വരവും അതിൽനിന്ന് അവരോഹണരീതിയിൽ ഒന്നിടവിട്ട സ്വരവും ഉച്ചരിച്ച് ആദ്യത്തെ സ്വരം ഉച്ചരിക്കുന്നതു ലളിതം എന്ന അലങ്കാരം. സരിമരിസ എന്നു മുതൽ ഉദാഹരണം. ഇതും പഞ്ചകലമാണ്.

സൂ—സ്വരത്രയമാരുഹ്യ ക്രമാദവരോഹണേ ഹുങ്കാരഃ. യഥാ—സരിഗ, ഗരിസ, രിഗമ, മഗരി, ഗമപ, പമഗ, മപധ, ധപമ, പധനി, നിധപ, ധനിസ്, സ്നിധ. ൱൭

ഭാ—ക്രമത്തിൽ മൂന്നു സ്വരങ്ങൾ ആരോഹണം ചെയ്തു മുറക്കവരോഹണം ചെയ്യുന്നതു ഹുങ്കാരമെന്ന അലങ്കാരം. സരിഗ, ഗരിസ എന്നു മുതൽ ഉദാഹരണം. ഇതു ദ്വാദശകലമാണ്. സരിഗഗരിസ എന്നത് ഒരു കലയാണെന്നൊരു പക്ഷമുണ്ട്. ആ പക്ഷത്തിൽ ഷട്കലം.

സൂ—ഏകാന്തരസ്വരാരോഹേണ കലാത്രയകരണേ ഹ്ലാദമാനഃ. യഥാ—സഗ, സഗ, സഗ, രിമ, രിമ, രിമ, ഗപ, ഗപ, ഗപ, മധ, മധ, മധ, പനി, പനി, പനി, ധസ്, ധസ്, ധസ്. ൱൮

ഭാ—ഒന്നിടവിട്ട സ്വരത്തിലേക്കാരോഹണം ചെയ്തുകൊണ്ടു മൂന്നുതവണ ഉച്ചരിച്ചു മൂന്നു കലകളുണ്ടാക്കി ആ മാതിരിയിൽത്തന്നെ ക്രമത്തിൽ മുമ്മൂന്നാവൃത്തി ഉച്ചരിക്കുന്നതു ഹ്ലാദമാനമെന്ന അലങ്കാരം. സഗ, സഗ, സഗ എന്നു മുതൽ ഉദാഹരണം. ഇത് അഷ്ടാദശകലമാണ്. സ്ധ, സ്ധ, സ്ധ, നിപ, നിപ, നിപ എന്നു തുടങ്ങി ഈ വിധത്തിലുള്ള അവരോഹവും ഹ്ലാദമാനമാണെന്നു മതംഗമുനി പറഞ്ഞിട്ടുണ്ട്.

സൂ—ആദ്യാദേകാന്തരമാരുഹ്യാനന്തരം ച ഗത്വാ തഥാവിധാവരോഹണം ഹസിതഃ. യഥാ—സഗമാ, മരിസാ, രിമപാ, പഗരീ, ഗപധാ, ധമഗാ, മധരീ, നിപമാ, പനിസാ, സധപാ. ൯൯

ഭാ—ആദ്യസ്വരത്തിൽനിന്ന് ഒന്നിടവിട്ട സ്വരത്തിലേക്കാരോഹണം ചെയ്ത് അതിന്റെ അടുത്ത സ്വരവും ഉച്ചരിച്ച് അതിൽനിന്ന് അവരോഹണക്രമത്തിൽ ഒന്നിടവിട്ട സ്വരത്തിലേക്കവരോഹണം ചെയ്ത് ആദ്യസ്വരത്തിലേക്ക വരുന്നതു ഹസിതാലങ്കാരം. സഗമാ, മരിസാ എന്നു തുടങ്ങി ഉദാഹരണം. ഇതു ദശകലമാണ്. രത്നാകരകാരൻ അവലോകിതം എന്ന സംജ്ഞകൊണ്ടാണ് ഈ അലങ്കാരത്തെ നിർദ്ദേശിച്ചിട്ടുള്ളത്.

സൂ—പ്രഥമദ്വിതീയൌ പുനഃ പ്രഥമം ച ദ്വിർദ്വിരുച്ചാര്യ ദ്വിതീയപ്രഥമയോസ്സകൃദുച്ചാരണേ ആവർത്തകഃ. യഥാ—സസരിരിസസരിസ, രിരിഗഗരിരിഗരി, ഗഗമമഗഗമഗ, മമപപമമപമ, പപധധപപധപ, ധധനിനിധധനിധ, നിനിസ്സനിനിസ്നി. ൧൦

ഭാ—ആദ്യത്തെയും രണ്ടാമത്തെയും വീണ്ടും ആദ്യത്തെയും സ്വരങ്ങൾ ഈരണ്ടുതവണ ഉച്ചരിച്ചു പിന്നെ രണ്ടാമത്തെ സ്വരം ഒരു തവണ ഉച്ചരിച്ച് ആദ്യത്തേത് ഒരു തവണ ഉച്ചരിക്കുന്നത് ആവർത്തകം എന്ന അലങ്കാരം. സസരിരിസസരിസ എന്നു മുതൽ ഉദാഹരണം. ഇതു സപ്തകലമാണ്. സഗഗസ, രിമമരി, ഗപപഗ, മധധമ, പനിനിപ, ധസ്സധ എന്നിങ്ങനെ ഏകാന്തരസ്വരങ്ങളുടെ ആരോഹണാവരോഹണങ്ങളാണ് ആവർത്തകാലങ്കാരമെന്നും ഒരു പക്ഷമുണ്ട്. "ആരോഹണാവരോഹണവിധിനാ ചൈകാന്തരേഷ്വപി വാ". എന്നു മുനിവചനം. ആ പക്ഷത്തിൽ ആവർത്തകം ഷട്കലമാണ്.

സൂ—ആദ്യദ്വിതീയയോഃ പുനരാദ്യസ്യ ച ദ്വിരുച്ചാരണമാത്രേ സമ്പ്രദായഃ. യഥാ—സസരിരിസസ, രിരിഗഗരിരി, ഗഗമമഗഗ, മമപപമമ, പപധധപപ, ധധനിനിധധ, നിനിസ്സനിനി. ൧൧

ഭാ—മേൽപ്പറഞ്ഞ ആവർത്തകകലയിലെ ഒടുവിൽ ഓരോ തവണ ഉച്ചരിക്കേണ്ടതു വിട്ട് ആദ്യത്തെയും രണ്ടാമത്തെയും വീണ്ടും ആദ്യത്തെയും സ്വരങ്ങൾ ഈരണ്ടുതവണ ഉച്ചരിക്കുന്നതു മാത്രമായിട്ടുള്ളതു സമ്പ്രദായം എന്ന അലങ്കാരമാണ്. സസരിരിസസ എന്നു മുതൽ ഉദാഹരണം. ഇതും സപ്തകലമാണ്.

സൂ—ഏകാന്തരസ്വരയോഃ ക്രമാദ്വിരാവൃത്താവുൽപ്ലുതഃ. യഥാ—സഗസഗ, രിമരിമ, ഗപഗപ, മധമധ, പനിപനി, ധസധസ. ൧൨

ഭാ—ഒന്നിടവിട്ട സ്വരങ്ങൾ രണ്ടുതവണ ആവർത്തിക്കുന്നത് ഒരു കലയായിട്ടുള്ളത് ഉൽപ്ലുതമെന്ന അലങ്കാരമാണ്. രത്നാകരകാരൻ ഇതിന്നു 'വിധുതം' എന്നാണ് സംജ്ഞ കൊടുത്തിരിക്കുന്നത്. സഗസഗ എന്നു മുതൽ ഉദാഹരണം. ഇതു ഷട്കലമാണ്.

സൂ—പ്രഥമദ്വിതീയൌ തൃതീയദ്വിതീയൌ ദ്വിതീയതൃതീയൌ തുര്യതൃതീയാവിതി ക്രമേണ ദ്വിർദ്വിരുച്ചരിതൌ യത്ര കലാസ്സ വിലോലഃ. യഥാ—സരിസരി, ഗരിഗരി, രിഗരിഗ, മഗമഗ, ഗമഗമ, പമപമ, മപമപ, ധപധപ, പധപധ, നിധനിധ, ധനിധനി, സനിസനി. ൧൩

ഭാ—ആദ്യത്തെയും രണ്ടാമത്തെയും സ്വരങ്ങൾ രണ്ടുതവണ ആവർത്തിക്കുന്നത് ഒരു കല. മൂന്നാമത്തെയും രണ്ടാമത്തെയും സ്വരങ്ങൾ വ്യുൽക്രമമായി രണ്ടുതവണ ആവർത്തിക്ക

ന്നതു രണ്ടാമത്തെക്കല. രണ്ടാമത്തെയും മൂന്നാമത്തെയും സ്വരങ്ങൾ തന്നെ ക്രമമായി രണ്ടു തവണ ആവർത്തിക്കുന്നതു മൂന്നാമത്തെക്കല. നാലാമത്തെയും മൂന്നാമത്തെയും സ്വരങ്ങൾ വ്യുൽക്രമമായി രണ്ടുതവണ ഉച്ചരിക്കുന്നതു നാലാമത്തെക്കല. ഇങ്ങനെയുള്ള രീതിയിൽ കലകൾ ക്രമത്തിൽ വരുന്നതു വിലോലം എന്ന അലങ്കാരമാണ്. സരിസരി, ഗരിഗരി എന്നു മുതൽ ഉദാഹരണം. ഇതു ഷോഡശകലമാണ്.

സൂ—ആദ്യം ദ്വിരുച്ചാര്യൈകാന്തരമാരുഹ്യാവരുഹ്യ ച പുനസ്തഥാരോഹ ഉല്ലാസിതഃ. യഥാ—സസഗസഗാ, രിരിമരിമാ, ഗഗപഗപാ, മമധമധാ, പപനിപനി, ധധസധസാ. ൪൪

ഭാ—ആദ്യസ്വരം രണ്ടുതവണ ചൊല്ലി ഒന്നിടവിട്ട സ്വരത്തിലേക്കാരോഹണം ചെയ്ത് അതിൽനിന്ന് ആദ്യത്തെ സ്വരത്തിലേക്കവരോഹണവും വീണ്ടും ഒന്നിടവിട്ട സ്വരത്തിലേക്കാരോഹണവും ചെയ്യുന്നത് ഉല്ലാസിതമെന്ന അലങ്കാരം. സസഗസഗാ എന്നു മുതൽ ഉദാഹരണം. ഇതു ഷട്കലമാണ്.

സൂ—പ്രഥമദ്വിതീയയോഃ പ്രഥമദ്വിതീയതൃതീയേഷു ച പരൌ ദ്വിരുച്ചാര്യ ദ്വിതീയാത്തുര്യാന്തമാരോഹേ പ്രേംഖോളിതഃ. യഥാ—സരിരിസരിഗഗരിഗമ, രിഗഗരിഗമമഗമപ, ഗമമഗമപപമപധ, മപപമപധധപധനി, പധധപധനിനിധനിസ. ൪൫

ഭാ—ആദ്യസ്വരം ചൊല്ലി രണ്ടാമത്തെ സ്വരം രണ്ടുതവണ ചൊല്ലുക, പിന്നെ ആദ്യത്തെയും രണ്ടാമത്തെയും ചൊല്ലി മൂന്നാമത്തേതു രണ്ടുതവണ ചൊല്ലുക, പിന്നെ രണ്ടാമത്തേതു മുതൽ നാലാമത്തെ സ്വരംവരെ ക്രമത്തിൽ ചൊല്ലുക. ഇങ്ങനെ പത്തക്ഷരങ്ങളടങ്ങിയ നാലു സ്വരങ്ങൾ ഒരു കലയായിട്ടുള്ളതു പ്രേംഖോളിതം എന്ന അലങ്കാരമാണ്. സരിരിസരിഗഗരിഗമ എന്നു മുതൽ ഉദാഹരണം. ഇതു പഞ്ചകലമാണ്.

സൂ—ആദ്യദ്വിതീയയോഃ പരം ദ്വിരുച്ചാര്യാദ്യാത്തൃതീയാന്താരോഹ ഉദ്ധൃതഃ. യഥാ—സരിരിസരിഗ, രിഗഗരിഗമ, ഗമമഗമപ, മപപമപധ, പധധപധനി, ധനിനിധനിസ. ൪൬

ഭാ—ആദ്യസ്വരവും രണ്ടാമത്തെ സ്വരം രണ്ടു തവണയും ചൊല്ലി ആദ്യത്തേതു മുതൽ മൂന്നാമത്തെ സ്വരംവരെ ക്രമത്തിൽ ചൊല്ലുന്നത് ഒരു കലയായിട്ടുള്ളത് ഉദ്ധൃതാലങ്കാരം. സരിരിസരിഗ എന്നു തുടങ്ങി ഉദാഹരണം. ഇതു ഷട്കലമാണ്.

സൂ—ഏതേഷു യത്രാവരോഹപ്രകാരോ നോക്തസ്തത്ര സോപി തദന്തർഗ്ഗതോ ജ്ഞേയഃ. ൪൭

ഭാ—ഈ സഞ്ചാരിഗതാലങ്കാരങ്ങളിൽ ഏതിലെല്ലാം അവരോഹണത്തിന്റെ സ്വരൂപം സ്പഷ്ടമായിക്കാണിച്ചിട്ടില്ലയോ അവയിലെ ആ വക അവരോഹണക്രമങ്ങളും അതാതലങ്കാരങ്ങളിൽ ഉൾപ്പെട്ടതാണെന്നറിഞ്ഞുകൊൾക. എങ്ങനെയെന്നാൽ ഉദ്ധൃതാലങ്കാരത്തിന്റെ ലക്ഷണപ്രകാരം അതിലെ അവരോഹണം സ്നിനിസ്നിധ, നിധധനിധപ, ധപപധപമ, പമമപമഗ, മഗഗമഗരി, ഗരിരിഗരിസ ഇങ്ങനെ ആറുകലകളാണല്ലോ. അവയും ഉദ്ധൃതാലങ്കാരത്തിൽച്ചേർന്ന കലകളാണ്. ആരോഹണം വഴിക്കു വരുന്ന കലകളെ മാത്രമാണ് മുമ്പു കാണിച്ചിട്ടുള്ളത്. അതുകൊണ്ട് ആരോഹണത്തിലും അവരോഹണത്തിലുംകൂടി ഉദ്ധൃതത്തിൽ പന്തിരണ്ടുകലകളുണ്ട്. അതുപോലെ പ്രേംഖോളിതത്തിലെ അ

വരോഹണം സനിനിസനിധനിധപ, നിധനിധപപധപമ, ധപപധപമമപമഗ, പമമപമഗഗമഗരി; മഗഗമഗരിരിഗരിസ, ഇങ്ങനെ അഞ്ചു കലകളാണ്. അവയും ആ അലങ്കാരത്തിൽച്ചേൎന്നവയാകയാൽ അതിൽ പത്തു കലകളുണ്ട്. ഇപ്രകാരം മററു സഞ്ചാര്യലങ്കാരങ്ങളിലും ഗ്രഹിച്ചുകൊള്ളേണ്ടതാണ് എന്നൎത്ഥം.

സൂ—ഇത്ഥം ചതുഃഷഷ്ട്യലങ്കാരാ നിരൂപിതാസ്തേനൈവാലങ്കാരാണാമാനന്ത്യമപി വ്യാഖ്യാതം. ൮൭

ഭാ—ഇങ്ങനെ സ്ഥായിഗതാലങ്കാരങ്ങൾ ഏഴും ആരോഹിഗതങ്ങൾ പതിനൊന്നും അവരോഹിഗതങ്ങൾ പതിനൊന്നും സഞ്ചാരിഗതങ്ങൾ മുപ്പത്തഞ്ചുമായി അറുപത്തുനാലലങ്കാരങ്ങളെ ഓരോന്നിന്റെയും ലക്ഷണവും സ്വരൂപവും കാണിച്ചു വിവരിച്ചു. ആ വിവരണത്തിന്റെ സമ്പ്രദായത്തിൽനിന്നുതന്നെ ഓരോരോ തരത്തിൽ വരുന്ന സ്വരമേളനമാണ് ഓരോരോ അലങ്കാരങ്ങളെന്നു കാണാവുന്നതിനാൽ ഇവ കൂടാതെ വേറെയും അനേകം അലങ്കാരങ്ങൾ സംഭവിക്കുന്നതാണെന്നും അങ്ങനെ അലങ്കാരങ്ങൾ അസംഖ്യങ്ങളാണെന്നും അൎത്ഥസിദ്ധവുമായി. അതിന്നും പുറമെ ഷഡ്ജം മുതൽ തുടങ്ങുന്ന ഉത്തരമന്ദ്ര എന്ന മൂൎച്ഛനയെ അവലംബിച്ചു വരുന്ന അലങ്കാരങ്ങളെയാണ് ഇവിടെക്കാണിച്ചത്. അതുപോലെ മററു മൂൎച്ഛനകളിലും അസംഖ്യം അലങ്കാരങ്ങളുണ്ട്. ഓരോ മൂൎച്ഛനയിലും സ്വരങ്ങൾക്കുള്ള ശുദ്ധവികൃതഭേദംകൊണ്ടും അലങ്കാരങ്ങൾക്കു ഭേദമുണ്ടാകുന്നതുമാണ്. ഇങ്ങനെ ഇത്രയെന്നു ഗണിപ്പാനെളുപ്പമല്ലാത്തവിധത്തിൽ വളരെയധികം അലങ്കാരങ്ങളുണ്ടെന്നു താൽപൎയ്യം.

ഇനി ദക്ഷിണപ്രസ്ഥാനത്തിലെ സമ്പ്രദായം കാണിക്കുന്നു.

സൂ—ദക്ഷിണേ ത്വാരോഹാവരോഹയോസ്സൎവ്വസ്വരേഷ്വേകപ്രകാരേണാവ്യാപ്തസ്തഥാ വ്യാപ്തശ്ചേതി ദ്വിവിധോലങ്കാരഃ. ൮൮

ഭാ—ദക്ഷിണപ്രസ്ഥാനത്തിലാകട്ടേ അലങ്കാരം സാമാന്യമായി രണ്ടു വകയായിട്ടുണ്ട്. ആരോഹണത്തിലും അവരോഹണത്തിലും എല്ലാ സ്വരങ്ങളിലും ഒരേമാതിരി ക്രമത്തിൽ വ്യാപിച്ചിട്ടില്ലാത്തവ ഒരു വൎഗ്ഗം. അപ്രകാരം വ്യാപിച്ചിട്ടുള്ളവ മറെറാരു വൎഗ്ഗം. എന്നു വെച്ചാൽ ആരോഹണത്തിലും അവരോഹണത്തിലും ചില സ്വരങ്ങൾക്ക് ആവൃത്തി വരും. ചിലതിനു വരില്ല. അങ്ങനെ ഒരു തരം. എല്ലാ സ്വരങ്ങൾക്കും ഒരേ തരത്തിൽത്തന്നെ ആവൃത്തിയും ആരോഹണാദിക്രമനിയമവും വരും. അങ്ങനെ മറെറാരുതരം എന്നൎത്ഥം.

സൂ—പ്രഥമഃ പരിചയാഖ്യഃ ദ്വിതീയോലങ്കാരാഖ്യഃ. ൮൯

ഭാ—അതിൽ ആദ്യത്തെ വൎഗ്ഗത്തിന്ന് അതായത് എല്ലാ സ്വരങ്ങളിലും ഒരേവിധത്തിലുള്ള ക്രമം വ്യാപിക്കാത്തവക്ക് പരിചയമെന്ന പേരും എല്ലാ സ്വരങ്ങളിലും തുല്യക്രമവ്യാപ്തിയുള്ളവക്കുമാത്രം അലങ്കാരമെന്ന പേരും പറഞ്ഞുവരുന്നു. പരിചയമെന്ന ശബ്ദത്തിന്റെ അപഭ്രംശമായി 'പരിച' എന്നും 'വരിശ്' എന്നും മററും ഉള്ള ശബ്ദങ്ങളും സാധാരണ വ്യവഹാരത്തിൽ കാണുന്നുണ്ട്.

സൂ—തത്ര സംസൃഷ്ട വലിത കല്ലോല കൂജിത സംഗത വിഗത കുഞ്ചിത നിവൃത്ത വിപ്ലുത മിളിതാ ദശ പ്രസിദ്ധപരിചയാഃ. ൯൦

ഭാ—അവയിൽ അധികം പ്രസിദ്ധങ്ങളായ പരിചയങ്ങൾ സംസൃഷ്ടം, വലിതം, കല്ലോലം, കൂജിതം, സംഗതം, വിഗതം, കുഞ്ചിതം, നിവൃത്തം, വിപ്ലുതം, മിളിതം ഇങ്ങ

നെ പത്താണ്. പ്രസിദ്ധങ്ങൾ എന്നതിനാൽ വേറെ പലതുമുണ്ടെന്നും അവ വളരെ പ്രസിദ്ധങ്ങളല്ലാത്തതുകൊണ്ട് ഇവിടെക്കാണിക്കാത്തതാണെന്നും സൂചിപ്പിച്ചിരിക്കുന്നു.

ക്രമത്തിൽ ഓരോന്നിൻെറയും സ്വരൂപം വിവരിക്കുന്നു.

സൂ—ആദ്യദ്വയം ദ്വിരുച്ചാര്യാദിതസ്തൂര്യാന്തമഥ താരാന്തം ച ഗത്വാ തഥൈവാവരോഹേ സംസൃഷ്ടഃ. യഥാ—സരി, സരി, സരിഗമ, സരിഗമപധനിസ, സനി, സനി, സനിധപ സനിധപമഗരിസ. വൃ

ഭാ—ആദ്യത്തെ രണ്ടു സ്വരങ്ങൾ ചേർത്തു രണ്ടു തവണ ചൊല്ലി പിന്നെ ആദ്യം മുതൽ നാലു സ്വരങ്ങൾ ചൊല്ലി വീണ്ടും ആദ്യം മുതൽ താരഷഡ്ജംവരെ ചൊല്ലുക. അവരോഹണത്തിലും അതേവിധത്തിലുള്ള ക്രമത്തിൽത്തന്നെ ചൊല്ലുക. അതു സംസൃഷ്ടം എന്ന പരിചയമാണ്. സരി, സരി, സരിഗമ എന്നു മുതൽ ഉദാഹരണം. ആരോഹണത്തിലും അവരോഹണത്തിലും എട്ടുകലകൾ വീതമുള്ളതിനാൽ ഇതു ദ്വികലത്തിൽ ചേർന്നതാണ്. ഇവിടെ കല എന്നതു മാത്രയാണ്. ഒരു മാത്രക്കു രണ്ടക്ഷരം വീതമായാൽ ദ്വികലം.

സൂ—ആദ്യത്രയം ദ്വിരാദ്യദ്വയമേകവാരം ചോച്ചാര്യ പുനരാദിതസ്താരാന്തമാരുഹ്യ തഥൈവാവരോഹേ വലിതഃ. യഥാ—സരിഗ, സരിഗ, സരി, സരി ഗമ പധ നിസ, സനിധ, സനിധ, സനി, സനി ധപ മഗരിസ. വൃ

ഭാ—ആദ്യത്തെ മൂന്നു സ്വരങ്ങൾ ചേർത്തു രണ്ടു തവണയും ആദ്യത്തെ രണ്ടു സ്വരങ്ങൾ ചേർത്ത് ഒരു തവണയും ചൊല്ലി ആദ്യം മുതൽ താരംവരെ ആരോഹണവും അതേ ക്രമത്തിൽ അവരോഹണവുമുള്ളതു വലിതം. സരിഗ, സ രി ഗ എന്നു മുതൽ ഉദാഹരണം. ഇതും ദ്വികലമാണ്.

സൂ—ചതുർത്ഥാന്തം ദ്വിരുച്ചാര്യാദിതസ്താരാന്താരോഹേ തഥാവരോഹേ ച കല്ലോലഃ. യഥാ—സരി ഗമ, സരി ഗമ, സരി ഗമ പധ നിസ, സനി ധപ, സനി ധപ, സനി ധപ മഗ രിസ. വൃ

ഭാ—ആദ്യം മുതൽ നാലാമത്തെ സ്വരംവരെ രണ്ടു തവണ ചൊല്ലി വീണ്ടും ആദ്യം മുതൽ താരംവരെ ആരോഹണവും അതേ ക്രമത്തിൽ അവരോഹണവുമായിട്ടുള്ള പരിചയം കല്ലോലം. സരി ഗമ എന്നു മുതൽ ഉദാഹരണം. ഇതും ദ്വികലമാണ്.

സൂ—പഞ്ചമാന്തം പുനരാദ്യദ്വയം ച സകൃദുച്ചാര്യാദിതസ്താരാന്താരോഹേ തഥാവരോഹേ ച കൂജിതഃ. യഥാ—സരി ഗമ പാ, സരി, സരി ഗമ പധ നിസ, സനി ധപ മാ, സനി, സനി ധപ മഗ രിസ. വൃ

ഭാ—ആദ്യം മുതൽ അഞ്ചാമത്തെ സ്വരംവരെയും പിന്നെ ആദ്യത്തെ രണ്ടും ഓരോ തവണയും ചൊല്ലി ആദ്യം മുതൽ താരംവരെ ആരോഹണവും അതേ മാതിരിയിൽ അവരോഹണവും ആയിട്ടുള്ള പരിചയം കൂജിതം. സരി ഗമ പാ എന്നു മുതൽ ഉദാഹരണം. ഇതും ദ്വികലമാണ്. ആരോഹണത്തിൽ പാ എന്നതും അവരോഹണത്തിൽ മാ എന്നതും വ്യത്യസ്തം.

സൂ—ഷഷ്ഠാന്തമാദ്യദ്വയം ച സകൃദുച്ചാര്യാദിതസ്താരാന്താരോഹാത്സംഗതഃ. യഥാ—സരി ഗമ പധ, സരി, സരി ഗമ പധ നിസ, സനി ധപ മഗ, സനി, സനി ധപ മഗ രിസ. വൃ

ഭാ— ആദ്യം മുതൽ ആറാമത്തെ സ്വരംവരെയും പിന്നെ ആദ്യത്തെ രണ്ടും ഓരോ തവണ ചൊല്ലി ആദ്യം മുതൽ താരംവരെ ആരോഹണവും അപ്രകാരംതന്നെ അവരോഹണവും ആയിട്ടുള്ളതു സംഗതം എന്ന പേരായ പരിചയമാണ്. ഇതും ദ്വികലം.

സൂ—പഞ്ചമാന്തമാരുഹ്യ തുര്യഷഷ്ഠപഞ്ചമാൻ ഗത്വാ പുനരാദിതസ്താരാന്താരോഹാത്തഥാവരോഹാച്ച വിഗതഃ. യഥാ—സരി ഗമ പമ ധപ, സരി ഗമ പധ നിസ, സനി ധപ മപ ഗമ, സനി ധപ മഗ രിസ. ൮൧

ഭാ—ആദ്യം മുതൽ അഞ്ചാമത്തെ സ്വരംവരെ ആരോഹണം ചെയ്തു പിന്നെ നാലാമത്തെയും ആറാമത്തെയും അഞ്ചാമത്തെയും സ്വരങ്ങൾ ക്രമത്തിൽ ചൊല്ലി ആദ്യം മുതൽ താരംവരെ ആരോഹണവും അതേവിധത്തിൽത്തന്നെ അവരോഹണവുമായിട്ടുള്ളതു വിഗതം എന്ന പരിചയമാണ്. സരി ഗമ പമ ധപ എന്നു മുതൽ ഉദാഹരണം. ഇതും ദ്വികലംതന്നെ.

സൂ—പഞ്ചമാന്തമാരുഹ്യ തുര്യമവരുഹ്യൈകാന്തരക്രമേണ സ്വരത്രയാരോഹസന്നിഹിതാവരോഹാഭ്യാം പുനരാദിതസ്തുര്യാന്തമഥ താരാന്തം ചാരോഹാത്താദൃശാവരോഹാച്ച വിപ്ലുതഃ. യഥാ—സരി ഗമ പമ ധപ നിധ സനി, സരി ഗമ സരി ഗമ പധ നിസ, സനി ധപ മപ ഗമ രിഗ സരി, സനി ധപ സനി ധപ മഗ രിസ. ൮൨

ഭാ—ആദ്യം മുതൽ അഞ്ചാമത്തെ സ്വരത്തോളം ആരോഹണം ചെയ്തു നാലാമത്തേതിലേക്കവരോഹണം ചെയ്തു. പിന്നെ ഒന്നിടവിട്ട സ്വരത്തിലേക്കാരോഹണവും അടുത്തതിലേക്കവരോഹണവുമായ ക്രമത്തിൽ മുമ്മൂന്നു സ്വരങ്ങളിലേക്കാരോഹണാവരോഹണങ്ങൾ. പിന്നെ ആദ്യം മുതൽ നാലാമത്തെ സ്വരംവരെയും വീണ്ടും ആദ്യം മുതൽ താരംവരെയും ആരോഹണം. ഈ ക്രമത്തിന്നനുസരിച്ചുതന്നെ അവരോഹണവും. ഇങ്ങനെയുള്ള പരിചയമാണ് വിപ്ലുതം. സരി ഗമ പമ എന്നു മുതൽ ഉദാഹരണം. ഇതും ദ്വികലമാണ്.

സൂ—ആദ്യാത്തുര്യാന്തം ദ്വിതീയാൽ പഞ്ചമാന്തം ചാരുഹ്യ പുനരാദിതസ്താരാന്താരോഹാൽ കുഞ്ചിതഃ. യഥാ—സരി ഗമ, രിഗ മപ, സരി ഗമ പധ നിസ, സനി ധപ, നിധ പമ, സനി ധപ മഗ രിസ. ൮൩

ഭാ—ആദ്യം മുതൽ നാലാമത്തെ സ്വരംവരെ ആരോഹണം ചെയ്തു പിന്നെ രണ്ടാമത്തെ സ്വരം മുതൽ അഞ്ചാമത്തേതുവരെയും ആരോഹണം ചെയ്തു. അതിന്നുശേഷം ആദ്യം മുതൽ താരംവരെ ആരോഹണം. അതേ ക്രമത്തിൽത്തന്നെ അവരോഹണവും. ഇങ്ങനെയുള്ള പരിചയമാണ് കുഞ്ചിതം. സരി ഗമ, രിഗ മപ എന്നു മുതൽ ഉദാഹരണം. ഇതും ദ്വികലം.

സൂ—ആദ്യാൽ പഞ്ചമാന്തമാരുഹ്യ ക്രമാൽ ദ്വിതീയാന്തമവരുഹ്യാദിതസ്താരാന്താരോഹാത്തഥാവരോഹാച്ച നിവൃത്തഃ. യഥാ—സരി ഗമ പമ ഗരി, സരി ഗമ പധ നിസ, സനി ധപ മപ ധനി, സനി ധപ മഗ രിസ. ൮൦

ഭാ—ആദ്യം മുതൽ അഞ്ചാമത്തെ സ്വരംവരെ ആരോഹണം ചെയ്ത ക്രമത്തിൽ രണ്ടാമത്തെ സ്വരംവരെ അവരോഹണം ചെയ്ക. പിന്നെ ആദ്യം മുതൽ താരംവരെ ആരോഹണം. ഇതേക്രമമനുസരിച്ചുതന്നെ അവരോഹണവും. അങ്ങനെയുള്ളതു നിവൃത്തമെന്ന പരിചയമാണ്. സരി ഗമ പമ ഗരി എന്നു മുതൽ ഉദാഹരണം. ഇതും ദ്വികലം.

സൂ—ചതുൎത്ഥാന്തമാരുഹ്യ തൃതീയചതുൎത്ഥൌ ദ്വിഃ പുനശ്ചതുൎത്ഥാന്തമാരുഹ്യ പഞ്ചമചതുൎത്ഥൌ ദ്വിഃ പുനശ്ചതുൎത്ഥാന്തമഥ തൃതീയാന്തം ച ദ്വിശസ്തതഃ പ്രഥമദ്വിതീയൌ സകൃച്ചോച്ചാൎയ്യാദ്യാൽ പഞ്ചമാന്തമാരുഹ്യ ദ്വിതീയാന്തമവരുഹ്യ പുനരാദിതസ്താരാന്താരോഹാദുക്തക്രമേണാവരോഹാച്ച മിളിതഃ. യഥാ—സരി ഗമ, ഗമ, ഗമ, സരി ഗമ, പമ, പമ, സരി ഗമ, സരി ഗമ, സരി ഗ, സ രിഗ, സരി, സരി ഗമ പമ ഗരി, സരി ഗമ പ ധ നിസ, സനി ധപ, ധപ, ധപ, സനി ധപ, മപ, മപ, സനി ധപ, സനി ധപ, സനി ധ, സ നിധ, സനി, സനി ധപ മപ ധനി, സനി ധ പ മഗ രിസ. ൻ൧

ഭാ—ആദ്യം മുതൽ നാലാമത്തെ സ്വരംവരെ ആരോഹണം ചെയ്ത മൂന്നാമത്തെയും നാലാമത്തെയും സ്വരങ്ങൾ ചേൎത്തു രണ്ടു വട്ടം ചൊല്ലുക. പിന്നെയും ആദ്യം മുതൽ നാലാമത്തേതുവരെ ആരോഹണം ചെയ്ത് അഞ്ചാമത്തെയും നാലാമത്തെയും സ്വരങ്ങൾ ചേൎത്തു രണ്ടു വട്ടം ചൊല്ലുക. പിന്നെ ആദ്യം മുതൽ നാലാമത്തേതുവരെ രണ്ടു വട്ടം ചൊല്ലുക. പിന്നെ ആദ്യം മുതൽ മൂന്നു സ്വരങ്ങൾ രണ്ടു തവണയും ആദ്യത്തേതും രണ്ടാമത്തേതും ഒരു തവണയും ചൊല്ലുക. പിന്നെ ആദ്യം മുതൽ അഞ്ചാമത്തേതുവരെ ആരോഹണവും ക്രമത്തിൽ രണ്ടാമത്തേതുവരെ അവരോഹണവും ചെയ്ത് ആദി മുതൽ താരംവരെ ആരോഹണം ചെയ്ക. അവരോഹണത്തിലും ഈ മാതിരി ക്രമംതന്നെ. ഇങ്ങനെയുള്ള പരിചയമാണ് മിളിതം. സരി ഗമ, ഗമ, ഗമ എന്നു തുടങ്ങി ഉദാഹരണം. ഇതും ദ്വികലമാണ്.

സൂ—സൎവ്വേപ്യേതേ ഝമ്പടമനുഗതാഃ വിപ്ലുതമിളിതൌ വാ രൂപകം. ൻ൨.

ഭാ—മേൽ വിവരിച്ച പത്തുതരം പരിചയങ്ങളും ചതുരശ്രജാതിയിലെ ഝമ്പടതാളത്തിന്നനുസരിച്ചവയുമാണ്. അതിൽ പതിനാറു കലകളടങ്ങിയ സംസൃഷ്ടം, വലിതം, കല്ലോലം, കൂജിതം, സംഗതം, വിഗതം, കഞ്ചിതം, നിവൃത്തം ഈ എട്ടു പരിചയങ്ങളും ആരോഹണത്തിൽ ഒന്ന്, അവരോഹണത്തിൽ ഒന്ന് ഇങ്ങനെ രണ്ടു താളവട്ടങ്ങളടങ്ങിയവയാണ്. ഇരുപത്തിനാലു കലകളടങ്ങിയ വിപ്ലുതത്തിൽ മൂന്നു താളവട്ടവും നാല്പത്തെട്ടു കലകളടങ്ങിയ മിളിതത്തിൽ ആറു താളവട്ടവും അടങ്ങിയിരിക്കും. എന്നാൽ ആ രണ്ടു പരിചയങ്ങളും, ചതുരശ്രജാതിയിലെ രൂപകതാളത്തോടാണ് അധികം യോജിച്ചിരിക്കുന്നത്. അതിൽ വിപ്ലുതത്തിൽ ആരോഹണത്തിന്നു രണ്ടു താളവട്ടം അവരോഹണത്തിന്നു രണ്ടു താളവട്ടം, ഇങ്ങനെ നാലു താളവട്ടങ്ങളടങ്ങിയിരിക്കുന്നു. മിളിതത്തിൽ ആരോഹണത്തിന്നു നാലും അവരോഹണത്തിന്നു നാലുമായി എട്ടു താളവട്ടങ്ങളും അടങ്ങിയിരിക്കുന്നു. ഝമ്പടതാളമാകുമ്പോൾ വിപ്ലുതത്തിൽ ആരോഹണത്തിന്നും അവരോഹണത്തിന്നും ഒന്നരത്താളവട്ടം വീതമാണ് വരുന്നത. അതു ശാസ്ത്രയുക്തിക്കു ചേൎന്നതല്ലെന്നുള്ള അഭിപ്രായംകൊണ്ടാണ് രൂപകമാണെന്ന കല്പാന്തരത്തെപ്പറഞ്ഞിരിക്കുന്നതെന്നും ഗ്രഹിച്ചുകൊൾക. സൂത്രത്തിൽ രൂപകം എന്നതിന്നുശേഷം അനുഗതൌ എന്നു ചേൎക്കണം.

ഇനി അലങ്കാരങ്ങളെ വിവരിക്കുന്നു.

ന്ധ—അലങ്കാരാസ്തു വികീർണ്ണ, സങ്കർഷ, പ്രകർഷ, വികർഷാ, കർഷാ, നുകർഷ, പ്രതികർഷോ, ച്ചലിത, വിസ്തൃത, നിമ്ന, പ്രഭാസ, പ്രവൃത്താവൃത്താനുവൃത്ത സംവൃത്ത, സോമ,വിലോളിത, ഗതാഗത, രുദ്ധോ, പരുദ്ധ, വിരുദ്ധാഖ്യാ ഏകവിംശതിർദ്ധ്രുവപടാനുഗതാഃ. ൰൩

ഭാ—ദക്ഷിണപ്രസ്ഥാനത്തിലെ അലങ്കാരങ്ങളാകട്ടെ വികീർണ്ണം, സങ്കർഷം, പ്രകർഷം, ആകർഷം, അനുകർഷം, പ്രതികർഷം, ഉച്ചലിതം, വിസ്തൃതം, നിമ്നം, പ്രഭാസം, പ്രവൃത്തം, ആവൃത്തം, അനുവൃത്തം, സംവൃത്തം, സോമം, വിലോളിതം, ഗതാഗതം, രുദ്ധം, ഉപരുദ്ധം, വിരുദ്ധം, ഇങ്ങനെ ചതുരശ്ര ധ്രുവപടതാളത്തോടു ചേർന്നിട്ടുള്ളത് ഇരുപത്തൊന്നാണ്.

ന്ധ—ആദ്യദ്വയം ത്രിരുച്ചാര്യ തൃതീയം ഗത്വാ ദ്വിതീയാവരോഹാത്മകേ ക്രമേ വികീർണ്ണഃ. യഥാ—സരി, സരി, സരി ഗരി, രിഗ, രിഗ, രിഗ മഗ, ഗമ, ഗമ, ഗമ പമ, മപ, മപ, മപ ധപ, പധ, പധ, പധ നിധ, ധനി, ധനി, ധനി സനി; സനി, സനി, സനി ധനി, നിധ, നിധ, നിധ പധ, ധപ, ധപ, ധപ മപ, പമ, പമ, പമ ഗമ, മഗ, മഗ, മഗ രിഗ, ഗരി, ഗരി, ഗരി സരി. ൰൪

ഭാ—ആദ്യത്തെ രണ്ടു സ്വരങ്ങൾ ചേർത്തു മൂന്നു തവണ ചൊല്ലി മൂന്നാമത്തെ സ്വരം ചൊല്ലി വീണ്ടും രണ്ടാമത്തെ സ്വരം ചൊല്ലുക എന്ന ക്രമം എല്ലാ സ്വരങ്ങളിലും ആരോഹണത്തിലും അവരോഹണത്തിലും വ്യാപിച്ചിട്ടുള്ളതു വികീർണ്ണമെന്ന അലങ്കാരം. സരി സരി സരി ഗരി എന്നു മുതൽ ഉദാഹരണം. ഇതു ദ്വികലമാണ്. മാത്രക്കു രണ്ടക്ഷരം വീതമാണെന്നർത്ഥം. ഇവിടെ കല മാത്രയാണ്.

ന്ധ—ആദ്യാത്തൃതീയം ഗത്വാ ദ്വിതീയതൃതീയയോരാദിതസ്തുര്യാന്തസ്യ ചോച്ചാരണക്രമേ ക്രമേ സങ്കർഷഃ. യഥാ—സ ഗ രി ഗ സ രി ഗ മ; രി മ ഗ മ രി ഗ മ പ; ഗ പ മ പ ഗ മ പ ധ; മ ധ പ ധ മ പ ധ നി; പ നി ധ നി പ ധ നി സ; സ ധ നി ധ സ നി ധ പ; നി പ ധ പ നി ധ പ മ; ധ മ പ മ ധ പ മ ഗ; പ ഗ മ ഗ പ മ ഗ രി; മ രി ഗ രി മ ഗ രി സ. ൰൫

ഭാ—ആദ്യസ്വരവും അതിൽനിന്ന് ഒന്നിടവിട്ട സ്വരവും പിന്നെ രണ്ടാമത്തെയും മൂന്നാമത്തെയും സ്വരങ്ങളും ചൊല്ലി ആദ്യം മുതൽ നാലാമത്തെ സ്വരംവരെ ചൊല്ലുക എന്ന ക്രമത്തിലുള്ളതു സങ്കർഷാലങ്കാരം. സഗരി ഗസരിഗമ എന്നു മുതൽ ഉദാഹരണം. ഇത് ഏകകലമാണ്. മാത്രക്ക് ഒരക്ഷരം വീതമെന്നർത്ഥം.

ന്ധ—ആദ്യതൃതീയയോർദ്വിതീയചതുർത്ഥയോരാദിതസ്തുര്യാന്തസ്യ ചോച്ചാരണേ ക്രമേ പ്രകർഷഃ. യഥാ—സഗരിമസരിഗമ, രിമഗപരിഗമപ, ഗപമധഗമപധ, മധപനിമപധനി, പനിധസപധനിസ; സധനിപസനിധപ, നിപധമനിധപമ, ധമപഗധപമഗ, പഗമരിപമഗരി, മരിഗസമഗരിസ. ൰൬

ഭാ ആദ്യസ്വരവും മൂന്നാമത്തെ സ്വരവും പിന്നെ രണ്ടാമത്തെ സ്വരവും നാലാമത്തെ സ്വരവും ചൊല്ലി ആദ്യം മുതൽ നാലാമത്തെ സ്വരംവരെ ചൊല്ലുകയെന്ന ക്രമത്തിലുള്ളതു പ്രകർഷാലങ്കാരം. സഗരിമസരിഗമ എന്നു മുതൽ ഉദാഹരണം. ഇതും മാത്രക്ക് ഒരക്ഷരം വീതമായ ഏകകലമാണ്.

സൂ—ആദ്യാത്തുര്യം ഗത്വാ ദ്വിതീയാന്തമവരുഹ്യാദിതസ്തുര്യാന്തസ്യോച്ചാരണേ വികർഷഃ. യഥാ—സമഗരിസരിഗമ, രിപമഗരിഗമപ, ഗധപമഗമപധ, മനിധപമപധനി, പസനിധപധനിസ; സപധനിസനിധപ, നിമപധനിധപമ, ധഗമപധപമഗ, പരിഗമപമഗരി, മസരിഗമഗരിസ. ൯൭

ഭാ—ആദ്യസ്വരവും നാലാം സ്വരവും ചൊല്ലി നാലാമത്തേതിൽനിന്നു രണ്ടാംസ്വരംവരെ അവരോഹണം ചെയ്തു വീണ്ടും ആദ്യം മുതൽ നാലാമത്തെ സ്വരംവരെ ചൊല്ലുകയെന്ന ക്രമത്തിലുള്ളതു വികർഷാലങ്കാരം. സമഗരിസരിഗമ എന്നു തുടങ്ങി ഉദാഹരണം. ഇതും ഏകകലമാണ്.

സൂ—ആദ്യതുര്യയോസ്തൃതീയതുര്യയോരാദിതസ്തുര്യാന്തസ്യ ചോച്ചാരണ ആകർഷഃ. യഥാ—സമഗമസരിഗമ, രിപമപരിഗമപ, ഗധപധഗമപധ, മനിധനിമപധനി, പസനിസപധനിസ; സപധപസനിധപ, നിമപമനിധപമ, ധഗമഗധപമഗ, പരിഗരിപമഗരി, മസരിസമഗരിസ. ൯൮

ഭാ—ആദ്യസ്വരവും നാലാം സ്വരവും, പിന്നെ മൂന്നാം സ്വരവും നാലാം സ്വരവും ചൊല്ലി ആദ്യം മുതൽ നാലാം സ്വരംവരെ ചൊല്ലുകയെന്ന ക്രമമനുസരിച്ചുള്ളത് ആകർഷാലങ്കാരമാണ്. സമഗമസരിഗമ എന്നു മുതൽ ഉദാഹരണം. ഇതും ഏകകലമാണ്.

സൂ—ആദ്യതുര്യൌ ദ്വിരുച്ചാര്യാദിതസ്തുര്യാന്തോച്ചാരണേനുകർഷഃ. യഥാ—സമസമസരിഗമ, രിപരിപരിഗമപ, ഗധഗധഗമപധ, മനിമനിമപധനി, പസപസപധനിസ; സപസപസനിധപ, നിമനിമനിധപമ, ധഗധഗധപമഗ; പരിപരിപമഗരി, മസമസമഗരിസ. ൯൯

ഭാ—ആദ്യസ്വരവും നാലാം സ്വരവും ചേർത്തു രണ്ടു തവണ ചൊല്ലി ആദ്യം മുതൽ നാലാം സ്വരംവരെ ചൊല്ലുകയെന്ന ക്രമത്തിലുള്ളത് അനുകർഷമെന്ന അലങ്കാരമാണ്. സമസമസരിഗമ എന്നു മുതൽ ഉദാഹരണം. ഇതും ഏകകലം.

സൂ—ആദ്യതുര്യൌ തൃതീയതുര്യൌ ദ്വിതീയതൃതീയൌ പ്രഥമദ്വിതീയൌ ച ക്രമേണോച്ചാര്യ പുനരപ്യാദ്യം തുര്യം ച ഗീത്വാ ദ്വിതീയാന്തമവരുഹ്യാദിതസ്തുര്യാന്തോച്ചാരണേ പ്രതികർഷഃ. യഥാ—സമഗമരിഗസരിസമഗരിസരിഗമ, രിപമപഗമരിഗരിപമഗരിഗമപ, ഗധപധമപഗമഗധപമഗമപധ, മനിധനിപധമപമനിധപമപധനി, പസനിസധനിപധപസനിധ, പധനിസ; സപധപനിധസനിസപധനിസനിധപ, നിമപമധപനിധനിമപധനിധപമ, ധഗമഗപമധപധഗമപധപമഗ; പരിഗരിമഗപമപരിഗമപമഗരി, മസരിസഗരിമഗമസരിഗമഗരിസ. ൧൦൦

ഭാ—ആദ്യസ്വരവും നാലാം സ്വരവും ചൊല്ലി മൂന്നാമത്തെയും നാലാമത്തെയും സ്വരങ്ങളെ ചൊല്ലുക. പിന്നെ രണ്ടാമത്തെയും മൂന്നാമത്തെയും ചൊല്ലി ഒന്നാമത്തെയും

രണ്ടാമത്തെയും ചൊല്ലുക. പിന്നെ ഒന്നാമത്തെയും നാലാമത്തെയും വീണ്ടും ചൊല്ലി രണ്ടാമത്തേതുവരെ അവരോഹണം ചെയ്ത് ആദ്യത്തേതു മുതൽ നാലാമത്തേതുവരെ ചൊല്ലുക. ഇങ്ങനെയുള്ള ക്രമത്തിലുള്ളതു പ്രതികർഷമെന്ന അലങ്കാരമാണ്. സമഗമരിഗസരിസമഗരി സരിഗമ എന്നു മുതൽ ഉദാഹരണം. ഇതു ദ്വികലമാണ്. ഒരു മാത്രക്കു രണ്ടക്ഷരം വീതമുള്ളത്.

സൂ—ആദ്യം ചതുർദ്വിതീയം ദ്വിരുച്ചാര്യ തൃതീയതുര്യയോസ്സകൃദുച്ചാരണെ ഉച്ചലിതഃ. യഥാ—സസസസരിരിഗമ, രിരിരിരിഗഗമപ, ഗഗഗഗമമപധ, മമമമപപധനി, പപപപധധനിസ; സസസസനിനിധപ, നിനിനിനിധധപമ, ധധധധപപമഗ, പപപപമമഗരി, മമമമഗഗരിസ. ൧൦൧

ഭാ—ആദ്യത്തെ സ്വരം നാലു തവണയും രണ്ടാമത്തെ സ്വരം രണ്ടു തവണയും ചൊല്ലി മൂന്നാമത്തെയും നാലാമത്തെയും സ്വരങ്ങൾ ഓരോ തവണ ചൊല്ലുക എന്ന ക്രമത്തിലുള്ളത് ഉച്ചലിതം എന്ന അലങ്കാരം. സസസസരിരിഗമ എന്നു മുതൽ ഉദാഹരണം. ഇത് ഏകകലമാണ്.

സൂ—ആദ്യദ്വയം പുനരാദ്യം ത്രിശ്ശോച്ചാര്യ ദ്വിതിയസ്യ സകൃത്തൃതീയസ്യ ദ്വിശ്ശോച്ചാരണേ വിസ്തൃതഃ. യഥാ—സരിസസസരിഗഗ, രിഗരിരിരിഗമമ, ഗമഗഗഗമപപ, മപമമമപധധ, പധപപപധനിനി, ധനിധധധനിസസ; സനിസസസനിധധ, നിധനിനിനിധപപ, ധപധധധപമമ, പമപപപമഗഗ, മഗമമമഗരിരി, ഗരിഗഗഗരിസസ. ൧൦൨

ഭാ—ആദ്യത്തെയും രണ്ടാമത്തെയും സ്വരങ്ങൾ ഓരോ തവണ ചൊല്ലി വീണ്ടും ആദ്യത്തേതു മൂന്നു തവണയും രണ്ടാമത്തേത് ഒരു തവണയും മൂന്നാമത്തേതു രണ്ടു തവണയും ചൊല്ലുക എന്ന ക്രമത്തിലുള്ളതു വിസ്തൃതം എന്ന അലങ്കാരം. സരിസസസരിഗഗ എന്നു മുതൽ ഉദാഹരണം. ഇതു ദ്വികലമാണ്.

സൂ—ആദ്യതൃതീയൌ ദ്വിതീയതൃതീയൌ ചോച്ചാര്യ തുര്യാദാദ്യാന്താവരോഹണേ നിഷ്ക്കഃ. യഥാ—സഗരിഗമഗരിസ, രിമഗമപമഗരി, ഗപമപധപമഗ, മധപധനിധപമ, പനിധനിസനിധപ; സധനിധപധനിസ, നിപധപമപധനി, ധമപമഗമപധ, പഗമഗരിഗമപ, മരിഗരിസരിഗമ. ൧൦൩

ഭാ—ഒന്നാമത്തെയും മൂന്നാമത്തെയും സ്വരങ്ങളും പിന്നെ രണ്ടാമത്തെയും മൂന്നാമത്തെയും സ്വരങ്ങളും ചൊല്ലി നാലാം സ്വരം മുതൽ ഒന്നാം സ്വരംവരെ അവരോഹണം ചൊല്ലുക. അവരോഹണപ്രകൃതത്തിൽ നാലാം സ്വരംവരെ ആരോഹണമാണ് പകരം വരുന്നതെന്നു സ്പഷ്ടം. ഇങ്ങനെയുള്ള ക്രമത്തിലുള്ളതു നിഷ്കം എന്ന അലങ്കാരം. സഗരിഗമഗരിസ എന്നു തുടങ്ങി ഉദാഹരണം. ഇത് ഏകകലമാണ്.

സൂ—ആദ്യതൃതീയൌ ദ്വിത്യമഃതൃതീയൌ ചോച്ചാര്യ തുര്യാദാദ്യാന്താവരോഹണേ പ്രഭാസഃ. യഥാ—സഗരിമമഗരിസ, രിമഗപപമഗരി, ഗപമധധപമഗ, മധപനിനിധപമ, പനിധസസനിധപ; സധനിപപധനിസ, നിപധമമപധനി, ധമപഗഗമപധ, പഗമരിരിഗമപ, മരിഗസസരിഗമ. ൧൦൪

ഭാ—ഒന്നാമത്തെയും മൂന്നാമത്തെയും സ്വരങ്ങളും രണ്ടാമത്തെയും നാലാമത്തെയും സ്വരങ്ങളും ചേർത്തു ചൊല്ലി നാലാം സ്വരം മുതൽ ഒന്നാം സ്വരംവരെ അവരോഹണം

ചൊല്ലുക എന്ന ക്രമത്തിലുള്ളതു പ്രഭാസം എന്ന അലങ്കാരം. സഗരിമമഗരിസ എന്നു മുതൽ ഉദാഹരണം. ഇതും ഏകകലമാണ്.

സൂ—ക്രമേണ ദ്വിരുക്തസൎവ്വസ്വരഃ പ്രവൃത്തഃ. യഥാ—സസരിരിഗഗ മമപപധധനിനിസസ; സസനിനിധധപപമമഗഗരിരിസസ. ൧൦൩

ഭാ—ആദ്യം മുതൽ മൂർച്ഛനയിൽച്ചേൎന്ന എല്ലാ സ്വരങ്ങളും മൂർച്ഛനാക്രമമനുസരിച്ചുതന്നെ ഈരണ്ടുതവണ ചൊല്ലുന്നതു പ്രവൃത്തം എന്ന അലങ്കാരം. സസരിരി എന്നു മുതൽ ഉദാഹരണം. മാൎഗ്ഗപ്രസ്ഥാനത്തിൽ നിഷ്ഠുഷ്മെന്നു പേരുള്ള അലങ്കാരംതന്നെയാണ് ദക്ഷിണത്തിലെ പ്രവൃത്തം. ഇതു ദ്വികലമാണ്. ഈ അലങ്കാരത്തെ പരിചയത്തിന്റെ വൎഗ്ഗത്തിൽച്ചേൎത്തുകൊണ്ട് 'ഇരട്ടവരിശ' എന്നും മററം ചിലർ പറഞ്ഞുവരുന്നുണ്ടെങ്കിലും ആ പ്രവാദം പരിചയവും അലങ്കാരവും തമ്മിലുള്ള ഭേദം അറിയാത്തതിനാൽ അബദ്ധമായി വന്നുകൂടിട്ടുള്ളതാണെന്നറിഞ്ഞുകൊൾക.

സൂ—ആദ്യാത്തുൎയ്യാന്തം ദ്വിതീയാൽ പഞ്ചമാന്തം ചേതി ക്രമേണ ദ്വിരുക്തൈസ്സ്വരൈരാവൃത്തഃ. യഥാ—സസരിരിഗഗമമ, രിരിഗഗമമപപ, ഗഗമമപപധധ, മമപപധധനിനി, പപധധനിനിസസ; സസനിനിധധപപ, നിനിധധപപമമ, ധധപപമമഗഗ, പപമമഗഗരിരി, മമഗഗരിരിസസ. ൧൦൩

ഭാ—ആദ്യം മുതൽ നാലാമത്തെ സ്വരംവരെ ഓരോന്നും ഈരണ്ടുതവണ ചൊല്ലിക്കൊണ്ടാരോഹണം ചെയ്ക. പിന്നെ രണ്ടാമത്തേതു മുതൽ അഞ്ചാമത്തേതുവരെ അപ്രകാരം ആരോഹണം ചെയ്ക. ഈമാതിരി ക്രമത്തിൽ ആരോഹണാവരോഹണങ്ങളുള്ളത് ആവൃത്താലങ്കാരം. സസരിരിഗഗമമ എന്നു മുതൽ ഉദാഹരണം ഇത് ഏകകലമാണ്.

സൂ—ആദ്യദ്വിതീയയോരേകൈകം ഹ്രസ്വദീൎഘക്രമാത്തൃതീയം ഹ്രസ്വതയാ ച ദ്വിരുക്ത്വാ പുനരാദ്യദ്വിതീയയോസ്ത്രിസ്തൃതീയസ്യ ദ്വിരപ്യുക്ത്വാവനുവൃത്തഃ. യഥാ—സസാരിരീഗഗസസസരിരിരിഗഗ, രിരീഗഗാമമരിരിരിഗഗഗമമ, ഗഗാമമാപപഗഗഗമമമപപ, മമാപപാധധമമമപപപധധ, പപാധധാനിനിപപപധധധനിനി, ധധാനിനീസസധധധനിനിനിസസ; സസാനിനീധധസസസനിനിനിധധ, നിനീധധാപപനിനിനിധധധപപ, ധധാപപാമമധധധപപപമമ, പപാമമാഗഗപപപമമമഗഗ, മമാഗഗാരിരിമമമഗഗഗരിരി, ഗഗാരിരീസസഗഗഗരിരിരിസസ. ൧൦൬

ഭാ—ആദ്യത്തെയും രണ്ടാമത്തെയും സ്വരങ്ങളിലോരോന്നും ആദ്യം ഹ്രസ്വമായും പിന്നെ ദീൎഘമായും ചൊല്ലി മൂന്നാമത്തേതു രണ്ടുവട്ടം ഹ്രസ്വമായി, അതായത് ദ്രുതത്തിൽ രണ്ടുതവണ ചൊല്ലുക. പിന്നെ ആദ്യത്തെയും രണ്ടാമത്തെയും സ്വരങ്ങളിലോരോന്നും മുമ്മൂന്നു തവണയും മൂന്നാമത്തേതു രണ്ടുതവണയും ദ്രുതത്തിൽ ചൊല്ലുക. ഈമാതിരി ക്രമത്തിലുള്ളത് അനുവൃത്തമെന്ന അലങ്കാരം. സസാരിരീഗഗസസസരിരിരിഗഗ എന്നു തുടങ്ങി ഉദാഹരണം. ഇതു ദ്വികലമാണ്.

സൂ—ആദ്യദ്വയം ദ്വിസ്തൃതീയം സകൃച്ചോക്ത്വാ പുനസ്ത്രീനപി സകൃദുച്ചാൎയ്യാദ്യാത്തുൎയ്യന്തൈൎദ്വിരുക്തൈസ്സംവൃത്തഃ. യഥാ—സസരിരിഗസരിഗസ

സരിരിഗഗമമ, രിരിഗഗമരിഗമരിരിഗഗമമപപ, ഗഗമമപഗമപഗഗമമപപധധ, മമപപധമപധമമപപധധനിനി, പപധധനിപധനിപപധധനിനിസസ; സസനിനിധസനിധസസനിനിധധപപ, നിനിധധപനിധപനിനിധധപപമമ, ധധപപമധപമധധപപമമഗഗ, പപമമഗപമഗപപമമഗഗരിരി, മമഗഗരിമഗരിമമഗഗരിരിസസ. ൨൦൮

ഭാ—ആദ്യത്തെയും രണ്ടാമത്തെയും സ്വരങ്ങൾ ഈരണ്ടുവട്ടവും മൂന്നാം സ്വരം ഒരു തവണയും ചൊല്ലി പിന്നെ ആ മൂന്നു സ്വരങ്ങളും ഓരോതവണ ചൊല്ലി ആദ്യം മുതൽക്കു നാലു സ്വരങ്ങൾ ഓരോന്ന് ഈരണ്ടുതവണവീതമായി ചൊല്ലുക. ഈവിധം ക്രമത്തിലുള്ളതു സംവൃത്തമെന്ന അലങ്കാരം. സസരിരിഗസരിഗസസരിരിഗഗമമ എന്നു മുതൽ ഉദാഹരണം. ഇതും ദ്വികലമാണ്.

സൂ—ആദ്യതൃതീയദ്വിതീയാദ്യക്രമേണ ദ്വിരുക്തൈസ്സോമഃ. യഥാ—സസഗഗരിരിസസ, രിരിമമഗഗരിരി, ഗഗപപമമഗഗ, മമധധപപമമ, പപനിനിധധപപ, ധധസസനിനിധധ; സസധധനിനിസസ, നിനിപപധധനിനി, ധധമമപപധധ, പപഗഗമമപപ, മമരിരിഗഗമമ, ഗഗസസരിരിഗഗ. ൨൦൯

ഭാ—ആദ്യത്തേത്, മൂന്നാമത്തേത്, രണ്ടാമത്തേത് പിന്നെയും ആദ്യത്തേത് എന്നീ ക്രമത്തിൽ സ്വരങ്ങൾ ഈരണ്ടുതവണ വീതം ചൊല്ലുന്ന ക്രമത്തിലുള്ളതു സോമം എന്ന അലങ്കാരമാണ്. സസഗഗരിരിസസ എന്നു മുതൽ ഉദാഹരണം. ഇതും ദ്വികലമാണ്.

സൂ—ആദ്യതുര്യതൃതീയാൻ ദ്വിർദ്വിതീയാദ്യൗ സകൃച്ചോച്ചാര്യ പുനരാദ്യദ്വിതീയതൃതീയാൻ സകൃദുക്ത്വാ ദ്വിതീയമവരുഹ്യാദ്യാത്തുര്യാന്തോച്ചാരണേ വിലോളിതഃ. യഥാ—സസമമഗഗരിസസരിഗരിസരിഗമ, രിരിപപമമഗരിരിഗമഗരിഗമപ, ഗഗധധപപമഗഗമപമഗമപധ, മമനിനിധധപമമപധപമപധനി, പപസസനിനിധപപധനിധപധനിസ; സസപപധധനിസസനിധനിസനിധപ, നിനിമമപപധനിനിധപധനിധപമ, ധധഗഗമമപധധപമപധപമഗ, പപരിരിഗഗമപപമഗമപമഗരി, മമസസരിരിഗമമഗരിഗമഗരിസ. ൨൧൦

ഭാ—ആദ്യത്തെയും നാലാമത്തെയും മൂന്നാമത്തെയും സ്വരങ്ങൾ ഈരണ്ടുതവണ വീതവും പിന്നെ രണ്ടാമത്തെയും ആദ്യത്തെയും സ്വരങ്ങൾ ഓരോ തവണയും ചൊല്ലുക. പിന്നെ ആദ്യത്തെയും രണ്ടാമത്തെയും മൂന്നാമത്തെയും സ്വരങ്ങൾ ഓരോതവണ ചൊല്ലുക. അതിനുശേഷം രണ്ടാമത്തേതിലേക്കവരോഹണം ചെയ്തു ക്രമത്തിൽ ആദ്യം മുതൽ നാലാമത്തെ സ്വരംവരെ ഓരോതവണ ചൊല്ലുക. ഈവിധം ക്രമത്തിലുള്ളതു വിലോളിതം എന്ന അലങ്കാരമാണ്. സസമമഗഗരിസസരിഗരിസരിഗമ എന്നു മുതൽ ഉദാഹരണം. ഇതും ദ്വികലമാണ്.

സൂ—ദ്വിരുക്ത്യാ ക്രമാത്തുര്യതൃതീയദ്വിതീയാന്താരോഹൈസ്തഥായഥമന്തേവരോഹയുക്തൈഃ പുനസ്തുരീയാരോഹണേന ച ഗതാഗതഃ. യഥാ—സസരിരിഗഗമമഗഗരിരിസസരിരിഗഗരിരിസസരിരിസസരിരിഗഗമമ, രിരിഗഗ

മമപപമമഗഗരിരിഗഗമമഗഗരിരിഗഗരിരിഗഗമമപപ, ഗഗമമപപധധപപമമഗഗമമപപമമഗഗമമഗഗമമപപധധ, മമപപധധനിനിധധപപമമപപധധപപമമപപമമപപധധനിനി, പപധധനിനിസസനിനിധധപപധധനിനിധധപപധധപപധധനിനി; സസനിനിധധപപധധനിനിസസനിനിധധനിനിസസനിനിസസനിനിധധപപ, നിനിധധപപമമപപധധനിനിധധപപമമപപധധനിനിധധപപധധനിനിധധനിനിധധപപമമ, ധധപപമമഗഗമമപപധധപപമമപപധധപപധധപപമമഗഗ, പപമമഗഗരിരിഗഗമമപപമമഗഗമമപപമമപപമമഗഗരിരി, മമഗഗരിരിസസരിരിഗഗമമഗഗരിരിഗഗമമഗഗമമഗഗരിരിസസ. ൧൧൧

ഭാ—ഓരോ സ്വരവും ഈരണ്ടുതവണ ചൊല്ലിക്കൊണ്ട് ആദ്യത്തേതു മുതൽ നാലാമത്തേതുവരെ ആരോഹണം ചെയ്ക. പിന്നെ മൂന്നാമത്തേതിലേക്കും രണ്ടാമത്തേതിലേക്കും അവരോഹണം ചെയ്തു വീണ്ടും ആദ്യത്തേതു മുതൽ മൂന്നാമത്തേതുവരെ ആരോഹണം ചെയ്ക. പിന്നെ രണ്ടാമത്തേതിലേക്കവരോഹണം ചെയ്ത് ആദ്യത്തേതിൽനിന്നു രണ്ടാമത്തേതിലേക്കാരോഹണം ചെയ്ക. അതിനുശേഷം ആദ്യത്തേതു മുതൽ നാലാമത്തേതുവരെ പിന്നെയും ആരോഹണം ചെയ്ക. താരത്തിൽനിന്നവരോഹണക്രമം തുടങ്ങുമ്പോൾ ഇതിലെ ആരോഹണസ്ഥാനത്ത് അവരോഹണവും അവരോഹണസ്ഥാനത്ത് ആരോഹണവുമാവുമെന്നുമാത്രം ഭേദം. ഇങ്ങനെയുള്ള ക്രമത്തിലുള്ളതു ഗതാഗതം എന്ന അലങ്കാരമാണ്. ഇതും ദ്വികലമാണ്. സസരിരിഗഗമമഗഗരിരിസസരിരിഗഗരിരിസസരിരിസസരിരിഗഗമമ എന്നു തുടങ്ങി ഉദാഹരണം.

സൂ—ആദ്യാത്തുര്യാന്തമാരുഹ്യാദ്യാന്തമവരോഹഃ തതസ്തൃതീയാന്തമാരുഹ്യ ദ്വിതീയേവരോഹഃ. അഥ ചാദ്യാത്തുര്യാന്താരോഹശ്ച യത്ര സ ത്രുഢഃ. യഥാ—സരിഗമമഗരിസസരിഗരിസരിഗമ, രിഗമപപമഗരിരിഗമഗരിഗമപ, ഗമപധധപമഗഗമപമഗമപധ, മപധനിനിധപമമപധപമപധനി, പധനിസ്സനിധപപധനിധപധനിസ്; സ്നിധപപധനിസ്സനിധനിസ്നിധപ, നിധപമമപധനിനിധപധനിധപമ, ധപമഗഗമപധധപമപധപമഗ, പമഗരിരിഗമപപമഗമപമഗരി, മഗരിസസരിഗമമഗരിഗമഗരിസ. ൧൧൨

ഭാ—ആദ്യസ്വരം മുതൽ നാലാം സ്വരംവരെ ക്രമത്തിൽ ആരോഹണം ചെയ്ത് അതിൽനിന്നു തുടങ്ങി ആദ്യസ്വരംവരെ അവരോഹണം ചെയ്ക. പിന്നെ ആദ്യസ്വരം മുതൽ മൂന്നാം സ്വരംവരെ ആരോഹണം ചെയ്ത് രണ്ടാം സ്വരത്തിലേക്കവരോഹണം. അതിൽപ്പിന്നെ ആദ്യസ്വരം മുതൽ നാലാം സ്വരംവരെ ആരോഹണം. ഈ ക്രമത്തിലുള്ളതു ത്രുഢം എന്നു പേരായ അലങ്കാരം. സരിഗമമഗരിസസരിഗരിസരിഗമ എന്നു മുതൽ ഉദാഹരണം. ഇതും ദ്വികലമാണ്.

സൂ—ആദ്യാദേകാന്തരം ഗത്വാ ദ്വിതീയതൃതീയാവുച്ചാര്യ തുര്യാദാദ്യാന്തമവരോഹസ്തതസ്തൃതീയാന്തമാരുഹ്യ ദ്വിതീയേവരുഹ്യ തുര്യാന്താരോഹശ്ച യത്ര സ ഉപത്രുഢഃ. യഥാ—സഗരിഗമഗരിസസരിഗരിസരിഗമ, രിമഗമപമഗരിരിഗമഗരിഗമപ, ഗപമപധപമഗഗമപമഗമപധ, മധപധനിധപമമപധ

പമപധനി, പനിധനിസനിധപപധനിധപധനിസ; സധനിധപധനിസസനിധനിസനിധപ. നിപധപമപധനിനിധപധനിധപമ, ധമപമഗമപധധപമപധപമഗ, പഗമഗരിഗമപപമഗമപമഗരി, മരിഗരിസരിഗമമഗരിഗമഗരിസ. ൨൱൯

ഭാ—ആദ്യസ്വരവും ഒന്നിടവിട്ട സ്വരവും ചൊല്ലി രണ്ടാം സ്വരവും ചൊല്ലുക. പിന്നെ നാലാമത്തേതു മുതൽ ആദ്യംവരെ അവരോഹണം ചൊല്ലി ആദ്യം മുതൽ മൂന്നാം സ്വരംവരെ ആരോഹണവും രണ്ടാം സ്വരത്തിലേക്കവരോഹവും ചൊല്ലുക. പിന്നെ ആദ്യം മുതൽ നാലാം സ്വരംവരെ ആരോഹണം ചൊല്ലുക. ഈ ക്രമത്തിലുള്ളത് ഉപത്രുഡം എന്ന അലങ്കാരം. സഗരിഗമഗരിസസരിഗരിസരിഗമ എന്നു മുതൽ ഉദാഹരണം. ഇതും ദ്വികലം.

സൂ—ആദ്യാദേകാന്തരമാരുഹ്യ ദ്വിതീയാൽത്രയാണാമാരോഹഃ. തതോ ദ്വാവവരുഹ്യൈകമാരുഹ്യൈകാവരോഹഃ. അഥ ച തൃതീയാദാദ്യാന്തമവരുഹ്യാദ്യാത്തുര്യാന്താരോഹശ്ച യത്ര സ വിത്രുഡഃ. യഥാ—സഗരിഗമഗരിഗരിഗരിസസരിഗമ, രിമഗമപമഗമഗമഗരിരിഗമപ, ഗപമപധപമപമപമഗഗമപധ, മധപധനിധപധപധപമമപധനി, മനിധനിസനിധനിധനിധപമപധനി; സധനിധപധനിധനിധനിസസനിധപ, നിപധപമപധപധപധനിനിധപമ, ധമപമഗമപമപമപധധപമഗ, പഗമഗരിഗമഗമഗമപപമഗരി, മരിഗരിസരിഗരിഗരിഗമമഗരിസ. ൨൱൰

ഭാ—ആദ്യസ്വരവും ഒന്നിടവിട്ട സ്വരവും ചൊല്ലി രണ്ടാം സ്വരം മുതൽക്ക മൂന്നു സ്വരങ്ങം ആരോഹണം ചൊല്ലുക. പിന്നെ രണ്ടു സ്വരങ്ങം അവരോഹണം ചൊല്ലി മൂന്നാമത്തേതിലേക്കാരോഹണം ചെയ്തു രണ്ടാമത്തേതിലേക്കവരോഹണം ചെയ്തു. പിന്നെ മൂന്നാം സ്വരം മുതൽ ആദ്യസ്വരംവരെ അവരോഹണം ചെയ്ത് ആദ്യം മുതൽ നാലാം സ്വരംവരെ ആരോഹണം ചെയ്തു. ഈ ക്രമത്തിലുള്ളതു വിത്രുഡം എന്ന അലങ്കാരം. സഗരിഗമഗരിഗരിഗരിസസരിഗമ എന്നു മുതൽ ഉദാഹരണം. ഇതും ദ്വികലംതന്നെ.

സൂ—ഏതേഷ്വഷ്ടാഭിഃ കലാഭിസ്താളപൂർത്തിഃ. ൨൱൰൧

ഭാ—ചതുരശ്രത്രുഡമ്പടതാളത്തിന്നനുസരിച്ച ഈ ഇരുപത്തൊന്നലങ്കാരങ്ങളിലും എട്ടു കലകൾ കൂടുമ്പോൾ ഒരു താളവട്ടം പൂർത്തിയാകുന്നതാണ്. അതിനാൽ സങ്കഷം, പ്രകഷം, വികഷം, ആകഷം, അനുകഷം, പ്രതികഷം, ഉച്ചലിതം, നിമ്നം, പ്രഭാസം, ആവൃത്തം, സംവൃത്തം, ത്രുഡം, ഉപത്രുഡം, വിത്രുഡം ഈ പതിന്നാലലങ്കാരങ്ങളിൽ ആരോഹണക്രമത്തിന്ന് അഞ്ചും അവരോഹണക്രമത്തിന്ന് അഞ്ചുമായി പത്തു താളവട്ടം വീതവും അനുവൃത്തം, സോമം, വിലോളിതം ഈ മൂന്നലങ്കാരങ്ങളിൽ ആരോഹണക്രമത്തിന്നാറും അവരോഹണക്രമത്തിന്നാറുമായി പന്തിരണ്ടു താളവട്ടം വീതവും വികീർണ്ണം, വിസ്തൃതം ഈ രണ്ടിലും ആരോഹണത്തിന്നു മൂന്നും അവരോഹണത്തിന്നു മൂന്നുമായി ആറു താളവട്ടം വീതവും വരുന്നതാണ്. പ്രവൃത്താലങ്കാരത്തിൽ ആരോഹണത്തിന്നും അവരോഹണത്തിന്നും ഓരോന്നു വീതവും രണ്ടു താളവട്ടം മാത്രമാണ്. ഗതാഗതത്തിൽ ആരോഹണത്തിന്നു പത്തും അവരോഹണത്തിന്നു പത്തുമായി ഇരുപതു താളവട്ടമുണ്ട്. ആരോഹണക്രമവും അവരോഹണക്രമവും താളപൂർത്തിയിൽ അവസാനിക്കത്തക്കവിധത്തിലായിരിക്കണം കലാകാലമാനമെന്നു താൽപര്യം.

ഇനി ത്ര്യശ്രധ്രുവമ്പടതാളത്തിൽച്ചേർന്ന അലങ്കാരങ്ങളെപ്പറയുന്നു.

സൂ—ആദ്യാദേകാന്തരമുക്തപാദ്യമവരുഹ്യ ദ്വിതീയതൃതീയാവൃത്തൌ ഭാസുരസ്ത്രിപുടാനുഗതഃ. യഥാ—സഗസരിഗരിഗ, രിമരിഗമഗമ, ഗപഗമപമപ, മധമപധപധ, പനിപധനിധനി, ധസധനിസനിസ; സധസനിധനിധ, നിപനിധപധപ, ധമധപമപമ, പഗപമഗമഗ, മരിമഗരിഗരി, ഗസഗരിസരിസ. ൧൧൩

ഭാ—ആദ്യസ്വരത്തിൽനിന്ന് ഒന്നിടവിട്ട സ്വരം ചൊല്ലി വീണ്ടും ആദ്യസ്വരം ചൊല്ലി രണ്ടാമത്തെയും മൂന്നാമത്തെയും സ്വരങ്ങൾ ചേർത്തു രണ്ടാവൃത്തി ചൊല്ലുക എന്ന ക്രമത്തിലുള്ളതു ഭാസുരാലങ്കാരം. ഇതു ത്ര്യശ്രജാതിധ്രുവമ്പടമായ ത്രിപുടതാളത്തിനു ചേർന്നതാണ്. സഗസരിഗരിഗ എന്നു മുതൽ ഉദാഹരണം. ഇതു ഏകകലമാണ്. ഏഴു കലകളാണ് ഒരു താളവട്ടത്തിന്നുള്ളത്. ആരോഹണത്തിലും അവരോഹണത്തിലും ആറുവീതം ആകെ പന്ത്രണ്ടു താളവട്ടം.

സൂ—ആദ്യാത്തൃതീയാന്തം പുനർദ്വിരുക്തദ്വിതീയകം തച്ചേതി ക്രമേ വികസ്വരഃ. യഥാ—സരിഗസരിരിഗ, രിഗമരിഗഗമ, ഗമപഗമമപ, മപധമപപധ, പധനിപധധനി, ധനിസധനിനിസ; സനിധസനിനിധ, നിധപനിധധപ, ധപമധപപമ, പമഗപമമഗ, മഗരിമഗഗരി, ഗരിസഗരിരിസ. ൧൧൪

ഭാ—ആദ്യസ്വരം മുതൽ ക്രമത്തിൽ മൂന്നാംസ്വരംവരെ ചൊല്ലി വീണ്ടും ആദ്യത്തെ സ്വരവും രണ്ടാമത്തെ സ്വരം രണ്ടു തവണയും മൂന്നാംസ്വരവും ചൊല്ലുക എന്ന ക്രമത്തിലുള്ളതു വികസ്വരാലങ്കാരം. സരിഗസരിരിഗ എന്നു മുതൽ ഉദാഹരണം: ത്രിപുടാനുഗതഃ എന്ന അംശം പൂർവ്വസൂത്രത്തിൽനിന്നനുവർത്തിക്കുന്നു. ഇതും ഏകകലമാണ്. ആരോഹണത്തിലും അവരോഹണത്തിലുംകൂടി പന്ത്രണ്ടു താളവട്ടം.

സൂ—ആദ്യാത്തുര്യാന്തം ഗത്വാ തൃതീയദ്വിതീയൌ. പുനരാദ്യാത്തൃതീയാന്തം ഗത്വാ ദ്വിതീയഃ. അഥാദ്യാത്തുര്യാന്തം ചേതി ക്രമേ ത്വരിതഃ. യഥാ—സരിഗമഗരിസരിഗരിസരിഗമ, രിഗമപമഗരിഗമഗരിഗമപ, ഗമപധപമഗമപമഗമപധ, മപധനിധപമപധപമപധനി, പധനിസനിധപധനിധപധനിസ; സനിധപധനിസനിധനിസനിധപ, നിധപമപധനിധപധനിധപമ, ധപമഗമപധപമപധപമഗ, പമഗരിഗമപമഗമപമഗരി, മഗരിസരിഗമഗരിഗമഗരിസ. ൧൧൫

ഭാ—ആദ്യസ്വരം മുതൽ നാലാം സ്വരംവരെ ചൊല്ലി മൂന്നാം സ്വരവും രണ്ടാം സ്വരവും ചൊല്ലുക. പിന്നെ ആദ്യസ്വരം മുതൽ മൂന്നാം സ്വരംവരെ ചൊല്ലി രണ്ടാം സ്വരം ചൊല്ലുക. പിന്നെ ആദ്യസ്വരം മുതൽ നാലാം സ്വരംവരെ വീണ്ടും ചൊല്ലുക. ഈ ക്രമത്തിലുള്ളതു ത്വരിതാലങ്കാരം. സരിഗമഗരിസരിഗരിസരിഗമ എന്നു മുതൽ ഉദാഹരണം. ത്രിപുടാനുഗതഃ എന്ന അംശം ഇതിലും അനുവർത്തിക്കുന്നു. ഇതു ദ്വികലമാണ്. ഈ അലങ്കാരത്തിന്നു ചതുരശ്രജാതി ധ്രുവതാളമാണെന്നാണ് വെങ്കടമഖി തുടങ്ങി ചില ഗ്രന്ഥകാരന്മാരുടെ പക്ഷം. എന്നാൽ അങ്ങനെയുള്ള ധ്രുവതാളത്തിലും ഖണ്ഡജാതി അടതാളത്തിലും ഏകകലമായ റിഥത്തിലും ചതുരശ്രജാതി ചാപതാളത്തിലും പ്രകൃതമായ ത്രിപുട

താളത്തിലും ഇതു യോജിപ്പിക്കാമെങ്കിലും സ്വരഗതിക്രമമനുസരിച്ചുള്ള യോജിപ്പധികം ത്രിപുടതാളത്തിലായതിനാൽ ഇവിടെ അതിൽച്ചേർത്തു ഗണിച്ചതാണ്. ഇങ്ങനെ ഝമ്പടതാളത്തിൽ ഇരുപത്തിനാലലങ്കാരങ്ങൾ.

ഇനി രൂപകതാളത്തിൽച്ചേർന്ന അലങ്കാരങ്ങളെപ്പററയുന്നു.

സൂ—ഭദ്ര വിമല കരംബിത പരിപ്ലവ ശങ്കിതാന്ദോളിത സമാധി വിഭ്രമ സഞ്ചിത ചക്രിത വക്ര ത്രിഖണ്ഡ സുക്രമ ത്രിവർണ്ണാഖ്യാശ്ചതുർദശ രൂപകാനുഗതാഃ. ൨൧൯

ഭാ—രൂപകതാളത്തിൽ പ്രസിദ്ധങ്ങളായ അലങ്കാരങ്ങൾ ഭദ്രം, വിമലം, കരംബിതം, പരിപ്ലവം, ശങ്കിതം, ആന്ദോളിതം, സമാധി, വിഭ്രമം, സഞ്ചിതം, ചക്രിതം, വക്രം, ത്രിഖണ്ഡം, സുക്രമം, ത്രിവർണ്ണം ഇങ്ങനെ പതിന്നാലാണ്. ഇവയിൽ സുക്രമത്രിവർണ്ണങ്ങൾ ത്ര്യശ്രരൂപകത്തിലും മററതെല്ലാം ചതുരശ്രരൂപകത്തിലും ചേർന്നതാണെന്നുള്ള വിശേഷവും ഗ്രഹിച്ചുകൊൾക.

സൂ—ആദ്യദ്വയമുക്ത്വാ പുനരാദ്യാത്തുര്യാന്താരോഹേ ഭദ്രഃ. യഥാ—സരിസരിഗമ, രിഗരിഗമപ, ഗമഗമപധ, മപമപധനി, പധപധനിസ; സനിസനിധപ, നിധനിധപമ, ധപധപമഗ, പമപമഗരി, മഗമഗരിസ. ൨൨൦

ഭാ—ആദ്യത്തെ രണ്ടു സ്വരങ്ങൾ ക്രമത്തിൽ ചൊല്ലി വീണ്ടും ആദ്യം മുതൽ നാലാമത്തെ സ്വരംവരെ ചൊല്ലുക എന്ന ക്രമത്തിലുള്ളതു ഭദ്രാലങ്കാരം. സരിസരിഗമ എന്നു മുതൽ ഉദാഹരണം. ഇത് ഏകകലമാണ്.

സൂ—ആദ്യസ്യ സകൃദ്ദ്വിതീയതൃതീയയോർദ്വിസ്തുര്യസ്യ സകൃച്ചോക്ത്യാ വിമലഃ. യഥാ—സരിരിഗഗമ, രിഗഗമമപ, ഗമമപപധ, മപപധധനി, പധധനിനിസ; സനിനിധധപ, നിധധപപമ, ധപപമമഗ, പമമഗഗരി, മഗഗരിരിസ. ൨൨൧

ഭാ—ആദ്യസ്വരം ഒരിക്കലും രണ്ടാമത്തെയും മൂന്നാമത്തെയും സ്വരങ്ങൾ ഈരണ്ടുതവണയും നാലാമത്തെ സ്വരം ഒരുതവണയും ചൊല്ലുക എന്ന ക്രമത്തിലുള്ളതു വിമലാലങ്കാരം. സരിരിഗഗമ എന്നു മുതൽ ഉദാഹരണം. ഇതും ഏകകലം.

സൂ—ആദ്യാത്തുര്യം ത്രിരുക്ത്വാദ്യതുര്യയോസ്സകൃദുക്തൌ കരംബിതഃ. യഥാ—സമമമസമ, രിപപപരിപ, ഗധധധഗധ, മനിനിനിമനി, പസസസപസ; സപപപസപ, നിമമമനിമ, ധഗഗഗധഗ, പരിരിരിപരി, മസസസമസ. ൨൨൨

ഭാ—ആദ്യസ്വരത്തിന്നുശേഷം നാലാമത്തെ സ്വരം മൂന്നുതവണ ചൊല്ലി ആദ്യത്തെയും നാലാമത്തെയും സ്വരങ്ങൾ ഓരോതവണ ചൊല്ലുക എന്ന ക്രമത്തിലുള്ളതു കരംബിതാലങ്കാരം. സമമമസമ എന്നു മുതൽ ഉദാഹരണം. ഇതും ഏകകലം.

സൂ—ആദ്യം ദ്വിർദീർഘമുച്ചാര്യാദ്യദ്വയസ്യ ഹ്രസ്വതയാ പുനരാദ്യസ്യ സകൃത്തൃതീയസ്യ ദ്വിശ്ച ദീർഘതയോച്ചാരണേ പരിപ്ലവഃ. യഥാ—സാസാസരിസാഗാഗാ, രീരീരിഗരീമാമാ, ഗാഗാഗമഗാപാപാ, മാമാമപമാധാധാ, പാപാപധപാനീനീ, ധാധാധനിധാസാസാ; സാസാസനിസാധാധാ, നീനീനിധനീ

പാപാ, ധാധാധപധാമാമാ, പാപാപമപാഗാഗാ, മാമാമഗമാരീരി, ഗാഗാഗ രിഗാസാസാ. ൧൨൩

ഭാ—ആദ്യത്തെ സ്വരം ദീൎഘമായി അതായത് ഒരു മാത്രാപ്രമാണമായ കലയായി രണ്ടുതവണ ചൊല്ലുക. പിന്നെ ആദ്യത്തെ സ്വരവും രണ്ടാമത്തെ സ്വരവും ദ്രുതമാനത്തിൽ ചൊല്ലുക. പിന്നെ ആദ്യത്തെ സ്വരം ഒരു തവണയും മൂന്നാമത്തെ സ്വരം രണ്ടുതവണയും ദീൎഘമായി ചൊല്ലുക. ഈ ക്രമത്തിലുള്ളതു പരിപ്ലവാലങ്കാരം. സാസാസരിസാഗാഗാ എന്നു മുതൽ ഉദാഹരണം. ഇതും ഏകകലമാണ്. മൂന്നാമത്തെ കല മാത്രം ദ്വ്യക്ഷരമായതിനാൽ ഏകകലതക്കുതന്നെയാണ് പ്രാധാന്യമെന്നു സാരം. അല്ലെങ്കിൽ മിശ്രകലം.

സൂ—ആദ്യാത്തുര്യാന്തമാരുഹ്യാദ്യാദേകാന്തരാരോഹണേ ശങ്കിതഃ. യഥാ—സരിഗമസഗ, രിഗമപരിമ, ഗമപധഗപ, മപധനിമധ, പധനിസപനി; സനിധപസധ, നിധപമധമ, ധപമഗപഗ, പമഗരിപഗ, മഗരിസഗസ. ൧൨൪

ഭാ—ആദ്യസ്വരം മുതൽ നാലാമത്തെ സ്വരംവരെ ചൊല്ലി വീണ്ടും ആദ്യസ്വരവും അതിൽനിന്ന് ഒന്നിടവിട്ട സ്വരവും ചൊല്ലുക എന്ന ക്രമത്തിലുള്ളതു ശങ്കിതാലങ്കാരം. സരിഗമസഗ എന്നു മുതൽ ഉദാഹരണം. ഇതും ഏകകലമാണ്.

സൂ—ആദ്യാത്തൃതീയം ദ്വിതീയാച്ചതുൎത്ഥം ചാരുഹ്യ ദ്വാവവരുഹ്യ പുനരാദ്യാത്തുര്യാന്താരോഹണാദാന്ദോളിതഃ. യഥാ—സരിഗരിഗമഗരിസരിഗമ, രിഗമഗമപമഗരിഗമപ, ഗമപമപധപമഗമപധ, മപധപധനിധപമപധനി, പധനിധനിസനിധപധനിസ; സനിധനിധപധനിസനിധപ, നിധപധപമപധനിധപമ, ധപമപമഗമപധപമഗ, പമഗമഗരിഗമപഗമരി, മഗരിഗരിസരിഗമഗരിസ. ൧൨൫

ഭാ—ആദ്യസ്വരം മുതൽ മൂന്നാം സ്വരംവരെ ചൊല്ലി രണ്ടാം സ്വരം മുതൽ നാലാം സ്വരംവരെ ചൊല്ലുക. പിന്നെ രണ്ടു സ്വരങ്ങൾ അതായത് മൂന്നാമത്തെയും രണ്ടാമത്തെയും സ്വരങ്ങൾ അവരോഹണമായി ചൊല്ലി ആദ്യസ്വരം മുതൽ നാലാം സ്വരംവരെ ആരോഹണമായി ചൊല്ലുക. ഈ ക്രമത്തിലുള്ളത് ആന്ദോളിതാലങ്കാരം. സരിഗരിഗമഗരിസരിഗമ എന്നു മുതൽ ഉദാഹരണം. ഇതു ദ്വികലമാണ്. ചിലർ ചതുരശ്രജാതിയായ ഏകതാളത്തിൽ ചേൎത്തും ഈ അലങ്കാരത്തെ ചൊല്ലാറുണ്ട്. ആ പക്ഷത്തിൽ ത്രികലമാണ്.

സൂ—ആദ്യാത്തുര്യാന്തമാരുഹ്യാദ്യാന്തമവരുഹ്യ പുനരാരോഹേ സമാധിഃ. യഥാ—സരിഗമമഗരിസസരിഗമ, രിഗമപപമഗരിരിഗമപ, ഗമപധധപമഗഗമപധ, മപധനിനിധപമമപധനി, പധനിസസനിധപപധനിസ; സനിധപപധനിസസനിധപ, നിധപമമപധനിനിധപമ, ധപമഗഗമപധധപമഗ, പമഗരിരിഗമപപമഗരി, മഗരിസസരിഗമമഗരിസ. ൧൨൬

ഭാ—ആദ്യസ്വരം മുതൽ നാലാം സ്വരംവരെ ആരോഹണവും നാലാം സ്വരം മുതൽ ആദ്യസ്വരംവരെ അവരോഹണവും ചൊല്ലി വീണ്ടും ആദ്യം മുതൽ നാലാം സ്വരംവരെ ആരോഹണം ചൊല്ലുക. ഈ ക്രമത്തിലുള്ളതു സമാധി എന്ന അലങ്കാരം. സരിഗമമഗരിസസരിഗമ എന്നു മുതൽ ഉദാഹരണം. ഇതും ദ്വികലമാണ്.

സൂ—ആദ്യാദ്വിതീയാച്ചൈകാന്തരസ്വരാവാരുഹ്യ വ്യുൽക്രമേണ തൈവാവരുഹ്യാദ്യാത്തുര്യ്യാരോഹേ വിഭ്രമഃ. യഥാ—സഗരിമമരിഗസസരിഗമ, രിമഗപപഗമരിരിഗമപ, ഗപമധധമപഗഗമപധ, മധപനിനിപധമമപധനി, പനിധസസധനിപപധനിസ; സധനിപപനിധസസനിധപ, നിപധമമധപനിനിധപമ, ധമപഗഗപമധധപമഗ, പഗമരിരിമഗപപമഗരി, മരിഗസസഗരിമമഗരിസ. ൧൨൭

ഭാ—ആദ്യസ്വരത്തിൽനിന്ന് ഒന്നിടവിട്ട സ്വരം ചൊല്ലി രണ്ടാം സ്വരവും അതിൽനിന്ന് ഒന്നിടവിട്ട സ്വരവും ചൊല്ലുക. പിന്നെ ആ ക്രമത്തിന്നു വിപരീതമായി ആദ്യം രണ്ടാം സ്വരത്തിൻെറയും ഒന്നിടവിട്ട സ്വരത്തിൻെറയും അവരോഹണവും, രണ്ടാമത് ആദ്യസ്വരത്തിൻെറയും ഒന്നിടവിട്ട സ്വരത്തിൻെറയും അവരോഹണവും ചൊല്ലുക. അതായത്, ഒന്നാംസ്വരം, മൂന്നാംസ്വരം, രണ്ടാംസ്വരം, നാലാംസ്വരം എന്നീ ക്രമത്തിൽ ആരോഹണവും നാലാംസ്വരം, രണ്ടാംസ്വരം, മൂന്നാം സ്വരം,ഒന്നാംസ്വരം എന്നീ ക്രമത്തിൽ അവരോഹണവും ചൊല്ലുക എന്നർത്ഥം. പിന്നെ ആദ്യം മുതൽ നാലാംസ്വരംവരെ ആരോഹണംചൊല്ലുക. ഈ ക്രമത്തിലുള്ളത് വിഭ്രമാലങ്കാരം. സഗരിമമരിഗസസരിഗമ എന്നു മുതൽ ഉദാഹരണം. ഇതും ദ്വികലമാണ്.

സൂ—ആദ്യദ്വിതീയയോഃ പുനരാദ്യസ്യ ദ്വിരുക്ത്യാ സഞ്ചിതഃ. യഥാ—സസരിരിസസ, രിരിഗഗരിരി, ഗഗമമഗഗ, മമപപമമ, പപധധപപ, ധധനിനിധധ, നിനിസസനിനി; സസനിനിസസ, നിനിധധനിനി, ധധപപധധ, പപമമപപ, മമഗഗമമ, ഗഗരിരിഗഗ, രിരിസസരിരി. ൧൨൮

ഭാ—ആദ്യത്തെ സ്വരം രണ്ടുതവണ ചൊല്ലി രണ്ടാമത്തെ സ്വരം രണ്ടുതവണ ചൊല്ലുക. വീണ്ടും ആദ്യത്തേതു രണ്ടുതവണ ചൊല്ലുക. ഈ ക്രമത്തിലുള്ളതു സഞ്ചിതാലങ്കാരം. സസരിരിസസ എന്നു മുതൽ ഉദാഹരണം. ഇത് ഏകകലമാണ്.

സൂ—ആദ്യാത്തൃതീയാന്തം ദ്വിരുക്ത്വാ തുര്യ്യാദാദ്യാന്തമവരുഹ്യ പുനർദ്വിതീയതുര്യ്യയോസ്സകൃദുക്തൌ ചക്രിതഃ. യഥാ—സസരിരിഗഗമഗരിസരിമ, രിരിഗഗമമപമഗരിപ, ഗഗമമപപധപമഗമധ, മമപപധധനിധപമപനി, പപധധനിനിസ്സനിധപധസ; സ്സനിനിധധപധനിസ്സനിപ, നിനിധധപപമപധനിധമ, ധധപപമമഗമപധപഗ, പപമമഗഗരിഗമപമരി, മമഗഗരിരിസരിഗമഗസ. ൧൨൯

ഭാ—ആദ്യസ്വരം മുതൽ മൂന്നാംസ്വരംവരെ ഓരോന്നും ഇരട്ടി വീതമായി ചൊല്ലി നാലാംസ്വരം മുതൽ ആദ്യസ്വരംവരെ അവരോഹണം ചെയ്തു രണ്ടാം സ്വരവും നാലാം സ്വരവും ഓരോ തവണ ചൊല്ലുക. ഈ ക്രമത്തിലുള്ളതു ചക്രിതാലങ്കാരം. സസരിരിഗഗമഗരിസരിമ എന്നു മുതൽ ഉദാഹരണം. ഇതും ദ്വികലമാണ്.

സൂ—ആദ്യാത്തുര്യ്യാന്തം ദ്വിരുക്ത്വാ ദ്വിതീയതൃതീയയോർദ്വിതീയതുര്യ്യയോശ്ച സകൃദുക്തൌ വക്രഃ. യഥാ—സസരിരിഗഗമമരിഗരിമ, രിരിഗഗമമപപഗമഗപ, ഗഗമമപപധധമപമധ, മമപപധധനിനിപധപനി, പപധധനിനിസ്സധനിധസ; സ്സനിനിധധപപനിധനിപ, നിനിധധപപമമ

ധപധമ, ധധപപമമഗഗപമപഗ, പപമമഗഗരിരിമഗമരി, മമഗഗരിരി സസഗരിഗസ. ൧൩൦

ഭാ—ആദ്യസ്വരം മുതൽ നാലാംസ്വരംവരെ ഓരോന്നും ഈരണ്ടുതവണ ചൊല്ലി രണ്ടാമത്തേതും മൂന്നാമത്തേതും പിന്നെ രണ്ടാമത്തേതും നാലാമത്തേതും ഓരോ തവണ ചൊല്ലുക എന്ന ക്രമത്തിലുള്ളതു വക്രാലങ്കാരം. സസരിരിഗഗമമരിഗരിമ എന്നു മുതൽ ഉദാഹരണം. ഇതും ദ്വികലമാണ്.

സൂ—ഏകൈകസ്വരഹാനാദാനക്രമികൈസ്ത്രിഭിസ്ത്രിഭിസ്സ്വരൈസ്ത്രിഖണ്ഡഃ. യഥാ—സസസരിരിരിഗഗഗരിരിരിഗഗഗമമമ, ഗഗഗമമമപപപമമമപപപധധധ, പപപധധധനിനിനിധധധനിനിനിസ്സ്സ്; സ്സ്സ്നിനിനിധധധനിനിനിധധധപപപ, ധധധപപപമമമപപപമമമഗഗഗ, മമമഗഗഗരിരിരിഗഗഗരിരിരിസസസ. ൧൩൧

ഭാ—മൂന്നു സ്വരങ്ങളിലോരോന്നും മുമ്മൂന്നു തവണ ചൊല്ലുക. അവയിൽ താഴേയുള്ള ഓരോ സ്വരം വിട്ടും മേലേയുള്ള ഓരോന്നു സ്വീകരിച്ചും മൂന്നു സ്വരമാക്കി ക്രമത്തിൽ ആരോഹണവും അവരോഹണവും ചെയ്യുക. ഇങ്ങനെയുള്ളതു ത്രിഖണ്ഡാലങ്കാരം. ഇതു ത്രികലമാണ്. മാത്രക്കു മൂന്നക്ഷരം വീതം.

സൂ—ആദ്യദ്വയമുക്ത്വാ പുനരാദ്യത്രയോക്തൌ സുക്രമഃ. യഥാ—സരിസരിഗ, രിഗരിഗമ, ഗമഗമപ, മപമപധ, പധപധനി, ധനിധനിസ്; സനിസ്നിധ, നിധനിധപ, ധപധപമ, പമപമഗ, മഗമഗരി, ഗരിഗരിസ. ൧൩൨

ഭാ—ആദ്യസ്വരവും രണ്ടാമത്തെ സ്വരവും ചൊല്ലി വീണ്ടും ആദ്യം മുതൽ മൂന്നാമത്തെ സ്വരംവരെ ചൊല്ലുക എന്ന ക്രമത്തിലുള്ളതു സുക്രമാലങ്കാരം. സരിസരിഗ എന്നു മുതൽ ഉദാഹരണം. ഇത് ഏകകലമാണ്.

സൂ—ആദ്യാദേകാന്തരം ഗത്വാ ദ്വിതീയമവരുഹ്യ തൃതീയസ്യ ദ്വിരുക്തൌ ത്രിവർണ്ണഃ. യഥാ—സഗരിഗഗ, രിമഗമമ, ഗപമപപ, മധപധധ, പനിധനിനി; ധസ്നിസ്സ്; സ്ധനിധധ, നിപധപപ, ധമപമമ, പഗമഗഗ, മരിഗരിരി, ഗസരിസസ. ൧൩൩

ഭാ—ആദ്യസ്വരത്തിൽനിന്ന് ഒന്നിടവിട്ട സ്വരത്തിലേക്കു പോയി രണ്ടാമത്തേതിലേക്കവരോഹണം ചെയ്തു മൂന്നാംസ്വരം വീണ്ടും രണ്ടുതവണ ചൊല്ലുക എന്ന ക്രമത്തിലുള്ളതു ത്രിവർണ്ണാലങ്കാരം. സഗരിഗഗ എന്നു മുതൽ ഉദാഹരണം. ഇതും ഏകകലമാണ്.

സൂ—ഏതേഷ്വന്ത്യദ്വയവർജ്ജം ഷഡ്ഭിഃ കലാഭിസ്താളപൂർത്തിഃ അന്ത്യയോസ്തു പഞ്ചഭിഃ. ൧൩൪

ഭാ—രൂപകതാളത്തിന്നു ചേൎന്ന ഈ പതിന്നാലലങ്കാരങ്ങളിൽ ഒടുവിൽ പറഞ്ഞ സുക്രമം, ത്രിവർണ്ണം ഈ രണ്ടുമൊഴിച്ചു ശേഷമുള്ള പന്തിരണ്ടിലും ആറു കലകളെക്കൊണ്ടാണ് ഒരു താളവട്ടം പൂർണ്ണമാകുന്നത്. സുക്രമം, ത്രിവർണ്ണം എന്ന രണ്ടിലും അഞ്ചു കലകളെക്കൊണ്ടും പൂർണ്ണമാകും. അതിനാൽ ഭദ്രം, വിമലം, കരംബിതം, ശങ്കിതം, ആന്ദോളിതം, സമാധി, വിഭ്രമം, ചക്രിതം, വക്രം ഈ ഒമ്പതലങ്കാരങ്ങളിൽ ആരോഹണക്രമത്തിന്നഞ്ചും അവരോഹണക്രമത്തിന്നഞ്ചുമായി പത്തു താളവട്ടം വീതവും പരിപ്ലവാലങ്കാരത്തിൽ ആരോ

ഹണത്തിന്നും അവരോഹണത്തിന്നും ആറ വീതം പന്തിരണ്ടു താളവട്ടവും സഞ്ചിതാലങ്കാര ത്തിൽ ഓരോന്നിന്നും മൂന്നു വീതം ആറ താളവട്ടവും ത്രിഖണ്ഡത്തിൽ ഓരോന്നിന്നും മൂന്നു വീതം ആറ തളവട്ടവും വരുന്നതാണ്. ത്ര്യശ്രരൂപകത്തിന്നു ചേൎന്ന സുക്രമത്തിലും ത്രിവ ൎണ്ണത്തിലും ആരോഹണക്രമത്തിന്നാറം അവരോഹണക്രമത്തിന്നാറമായി പന്തിരണ്ടുതാളവ ട്ടം വീതമാണ് വരുന്നത്.

മററ താളങ്ങളിൽച്ചേൎന്ന അലങ്കാരങ്ങളെപ്പററയുന്നു.

സൂ—ആദ്യാത്തൃതീയാന്തം പുനസ്തുൎയ്യാന്തം ചേതി ക്രമേ ലീനശ്ചാപാനു ഗതഃ യഥാ—സരിഗസരിഗമ, രിഗമരിഗമപ, ഗമപഗമപധ, മപധമപധ നി, പധനിപധനിസ്; സ്നിധസ്നിധപ, നിധപനിധപമ, ധപമധപമഗ, പമഗപമഗരി, മഗരിമഗരിസ. ൧൩൯

ഭാ—ആദ്യസ്വരം മുതൽ മൂന്നാംസ്വരംവരെ ചൊല്ലി വീണ്ടും ആദ്യസ്വരം മുതൽ നാലാം സ്വരംവരെ ചൊല്ലുക എന്ന ക്രമത്തിലുള്ളതു ലീനം എന്ന അലങ്കാരം. ഇതു ചതുര ശ്രജാതി ചാപതാളത്തിന്നു ചേൎന്നതാണ്. സരിഗസരിഗമ എന്നു മുതൽ ഉദാഹരണം. താ ളവട്ടം പൂൎത്തിയാകുന്നത് എഴു കലകൾകൊണ്ടാണ്. ഇത് ഏകകലവുമാണ്.

സൂ—ആദ്യദ്വിതീയാദ്യാഃ പുനരാദ്യാദേകാന്തരോ ദ്വിതീയാദേകാന്തര ശ്ചേതി പ്രകടഃ. യഥാ—സരിസസഗരിമ, രിഗരിരിമഗപ, ഗമഗഗപമധ, മപ മമധപനി, പധപപനിധസ്; സനിസ്സ്ധനിപ, നിധനിനിപധമ, ധപധധ മപഗ, പമപപഗമരി, മഗമമരിഗസ. ൧൪൦

ഭാ—ആദ്യസ്വരവും രണ്ടാമത്തെ സ്വരവും വീണ്ടും ആദ്യസ്വരവും ചൊല്ലി ആദ്യ സ്വരവും അതിൽനിന്ന് ഒന്നിടവിട്ട സ്വരവും രണ്ടാംസ്വരവും അതിൽനിന്ന് ഒന്നിടവിട്ട സ്വരവും ചൊല്ലുക. ഈ ക്രമത്തിലുള്ളതു പ്രകടാലങ്കാരം. സരിസസഗരിമ എന്നു മുതൽ ഉദാഹരണം. ഇതും ഏകകലമാണ്. ചാപാനുഗതഃ എന്നതനുവൎത്തിക്കുന്നു. അതിനാൽ ഏഴു കലകൾകൊണ്ടു താളപൂൎത്തി. ആകെ പത്തു താളവട്ടം.

സൂ—ദ്വിരുക്തൈരാദ്യതൃതീയദ്വിതീയൈഃ പുനസ്താദൃശൈരാദ്യാത്തുൎയ്യാ ന്തൈശ്ച ജൃംഭിതഃ. യഥാ—സസഗഗരിരിസസരിരിഗഗമമ, രിരിമമഗഗരിരി ഗഗമമപപ, ഗഗപപമമഗഗമമപപധധ, മമധധപപമമപപധധനിനി, പപനിനിധധപപധധനിനിസ്സ്ഃ സ്സ്ധധനിനിസ്സ്നിനിധധപപ, നി നിപപധധനിനിധധപപമമ, ധധമമപപധധപപമമഗഗ, പപഗഗമമ പപമമഗഗരിരി, മമരിരിഗഗമമഗഗരിരിസസ. ൧൪൧

ഭാ—ആദ്യസ്വരം, മൂന്നാംസ്വരം, രണ്ടാംസ്വരം എന്നീ ക്രമത്തിൽ ഓരോന്നും ഇര ട്ടിച്ചു ചൊല്ലി ആദ്യസ്വരം മുതൽ നാലാം സ്വരംവരെ ഓരോന്നും ഇരട്ടിച്ചു ചൊല്ലുക എ ന്ന ക്രമത്തിലുള്ളതു ജൃംഭിതാലങ്കാരം. സസഗഗരിരിസസരിരിഗഗമമ എന്നു മുതൽ ഉദാഹര ണം. ഇതു ദ്വികലമാണ്. ചാപാനുഗതഃ എന്ന അംശം ഇതിലും അനുവൎത്തിക്കുന്നു. ആകെ പത്തു താളവട്ടം.

സൂ—ആദ്യദ്വയമാദ്യാത്തൃതീയാന്തം ദീൎഘതുൎയ്യാന്തം ചേതി സീരോ ഝ മ്പാനുഗതഃ. യഥാ—സരിസരിഗസരിഗമാ, രിഗരിഗമരിഗമപാ, ഗമഗമപഗ മപധാ, മപമപധമപധനീ, പധപധനിപധനിസാ; സ്നിസ്നിധസ്നിധപാ,

നിധനിധപനിധപമാ, ധപധപമധപമഗാ, പമപമഗപമഗരി, മഗമഗരിമ ഗരിസാ. ൧൩൮

ഭാ—ആദ്യസ്വരവും രണ്ടാംസ്വരവും ചൊല്ലി ആദ്യം മുതൽ മൂന്നുസ്വരങ്ങളും പിന്നെ ആദ്യം മുതൽ നാലുസ്വരങ്ങളും ചൊല്ലുക. നാലാംസ്വരം ദീൎഘമായി ചൊല്ലണം. ഈ ക്രമത്തിലുള്ളതു സീരാലങ്കാരം. ഇതു മിശ്രജാതി ഝമ്പതാളത്തിനു ചേൎന്നതാണ്. സരിസരിഗസരിഗമാ എന്നു മുതൽ ഉദാഹരണം. ഇത് ഏകകലമാണ്. പത്തു കലകൾകൊണ്ടു താളപൂൎത്തി. ദീൎഘത്തിനു രണ്ടു കലയാണ്. ആകെ പത്തു താളവട്ടംകൊണ്ട് അലങ്കാരപൂൎത്തി.

സൂ—ദ്വിരുക്തൈസ്സ്വരൈശ്ചതുൎത്ഥൈരുൽക്ഷിപ്തഃ. യഥാ—സസമമരിരിപപഗഗധധമമനിനിപപസ്സ; സ്സപപനിനിമമധധഗഗപപരിരിമമസസ. ൧൩൯

ഭാ—ഒരു സ്വരം രണ്ടുതവണ ചൊല്ലി അതിൽനിന്നു നാലാമത്തെ സ്വരം രണ്ടുതവണ ചൊല്ലുക എന്ന ക്രമത്തിലുള്ളത് ഉൽക്ഷിപ്താലങ്കാരം. ഝമ്പാനുഗതഃ എന്നതനുവൎത്തിക്കുന്നു. സസമമരിരിപപ എന്നു മുതൽ ഉദാഹരണം. ഇതു ദ്വികലമാണ്. ആരോഹണത്തിന്നൊന്നും അവരോഹണത്തിന്നൊന്നുമായി അലങ്കാരപൂൎത്തിക്കു രണ്ടു താളവട്ടം മാത്രം.

സൂ—ആദ്യതൃതീയൌ ദ്വിതീയതൃതീയാവാദ്യദ്വിതീയൌ ചോച്ചാൎയ്യാദ്യാത്തുൎയ്യാന്തോച്ചാരണേ വിക്രമഃ. യഥാ സഗരിഗസരിസരിഗമ, രിമഗമരിനിസ; ഗരിഗമപ, ഗപമപഗമഗമപധ, മധപധമപമപധനി, പനിധനിപധപധസ്ധനിധസ്നിസ്നിധപ, നിപധപനിധനിധപമ, ധമപമധപമഗ, ധവപഗമഗ പമപമഗരി, മരിഗരിമഗമഗരിസ. ൧൪൦

ഭാ—ആദ്യസ്വരവും മൂന്നാംസ്വരവും ചൊല്ലി രണ്ടാംസ്വരവും മൂന്നാംസ്വരവും പിന്നെ ആദ്യസ്വരവും രണ്ടാംസ്വരവും ചൊല്ലുക. പിന്നെ ആദ്യം മുതൽ നാലാംസ്വരംവരെ ക്രമത്തിൽ ചൊല്ലുക. ഈ ക്രമത്തിലുള്ളതു വിക്രമാലങ്കാരം. സഗരിഗസരിസരിഗമ എന്നു മുതൽ ഉദാഹരണം. ഝമ്പാനുഗതഃ എന്നത് ഇതിലും അനുവൎത്തിക്കുന്നു. ഇത് ഏകകലമാണ്. അലങ്കാരപൂൎത്തിക്കു പത്തു താളവട്ടം.

സൂ— ആദ്യാത്തൃതീയാന്തം ഗത്വൈകമവരുഹ്യ പുനരാദ്യദ്വയമാദ്യാത്തുൎയ്യാന്തം ചേതി ക്രമേ വജ്രകോ മണ്ഠാനുഗതഃ. യഥാ—സരിഗരിസരിസരിഗമ, രിഗമഗരിഗരിഗമപ, ഗമപമഗമഗമപധ, മപധപമപമപധനി, പധനിധപധപധനിസ്, സ്നിധനിസ്നിസ്നിധപ, നിധപധനിധനിധപമ, ധപമപധപധപമഗ, പമഗമപമപമഗരി, മഗരിഗമഗമഗരിസ. ൧൪൧

ഭാ—ആദ്യസ്വരം മുതൽ മൂന്നാംസ്വരംവരെ ചൊല്ലി രണ്ടാംസ്വരത്തിലേക്കവരോഹണം ചെയ്ക. പിന്നെ ആദ്യസ്വരവും രണ്ടാംസ്വരവും ചൊല്ലി ആദ്യം മുതൽ നാലാം സ്വരംവരെ ചൊല്ലുക. ഈ ക്രമത്തിലുള്ളതു വജ്രകാലങ്കാരം. ഇതു ചതുരശ്രമണ്ഠതാളത്തിന്നു ചേൎന്നതാണ്. ഈ മണ്ഠത്തിന്നു മിശ്രഝമ്പയെപ്പോലെ താളപൂൎത്തിക്കു പത്തു കലകളാണ്. സശബ്ദക്രിയകളുടെ സ്ഥാനഭേദംകൊണ്ടുമാത്രമാണ് വ്യത്യാസം. അതിനാൽ ആ ഝമ്പതാളത്തിന്നു യോജിച്ച അലങ്കാരങ്ങൾ ഇതിന്നും യോജിക്കും. സരിഗരിസരിസരിഗമ എന്നു മുതൽ ഉദാഹരണം. ഇത് ഏകകലമാണ്. ആകെ പത്തു താളവട്ടം.

സൂ—ദ്വിരുക്ത്യാദ്യാച്ചതുർത്ഥം ഗത്വാ സ്വരദ്വയമവരുഹ്യ പുനരാദ്യാത്തൃതീയം ഗത്വാദ്യതശ്ചതുർത്ഥാന്തഗമനാദ്രാജിതഃ. യഥാ—സസമമഗഗരിരിസസഗഗസസരിരിഗഗമമ, രിരിപപമമഗഗരിരിമമരിരിഗഗമമപപ, ഗഗധധപപമമഗഗപപഗഗമമപപധധ, മമനിനിധധപപമമധധമമപപധധനിനി, പപസ്സ്നിനിധധപപനിനിപപധധനിനിസ്സ; സ്സപപധധനിനിസ്സധധസ്സനിനിധധപപ, നിനിമമപപധധനിനിപപനിനിധധപപമമ, ധധഗഗമമപപധധമമധധപപമമഗഗ, പപരിരിഗഗമമപപഗഗപപമമഗഗരിരി, മമസസരിരിഗഗമമരിരിമമഗഗരിരിസസ. ൧൪൨

ഭാ—ഓരോ സ്വരവും ഇരട്ടിച്ചുകൊണ്ടുള്ള വിധത്തിൽ ആദ്യസ്വരവും നാലാംസ്വരവും ചൊല്ലി മൂന്നാംസ്വരവും രണ്ടാംസ്വരവും ചൊല്ലുക. പിന്നെ ആദ്യസ്വരവും മൂന്നാംസ്വരവും അപ്രകാരം ചൊല്ലുക അതിൽപ്പിന്നെ ആദ്യം മുതൽ നാലാംസ്വരംവരെ ക്രമത്തിൽ അപ്രകാരം ചൊല്ലുക. ഈ ക്രമത്തിലുള്ളതു രാജിതാലങ്കാരം. സസമമഗഗരിരിസസഗഗസസരിരിഗഗമമ എന്നു മുതൽ ഉദാഹരണം. മണ്ഠാനുഗതഃ എന്നതനുവർത്തിക്കുന്നതിനാൽ ഇതും മണ്ഠതാളത്തിന്നു ചേർന്നതാണ്. ദ്വികലവുമാണ്. ആകെ പത്തു താളവട്ടം തന്നെ.

സൂ—യരഗണരൂപാഭ്യാമാവൃത്തൈസ്തൃതീയാദ്യൈർദീർഘതയാ ദ്വിരുക്തേന ചതുർത്ഥേന ചാക്രീഡോട്ടാനുഗതഃ. യഥാ—സരീഗാസാരിഗാമാമാ, രിഗാമാരിഗമാപാപാ, ഗമാപാഗാമപാധാധാ, മപാധാമാപധാനീനീ, പധാനീപാധനീസ്സാസ്സാ; സ്സനീധാസ്സാനിധാപാപാ, നിധാപാനീധപാമാമാ, ധപാമാധാപമാഗാഗാ, പമാഗാപാമഗാരീരീ, മഗാരീമാഗരീസാസാ. ൧൪൩

ഭാ—ഹ്രസ്വങ്ങളോ ദീർഘങ്ങളോ ആയ മൂന്നക്ഷരങ്ങൾ കൂടിയതിന്ന് ഒരു ഗണമെന്നു പറയുന്നു. അതിൽ ആദ്യത്തെ അക്ഷരം ഹ്രസ്വവും മറ്റു രണ്ടും ദീർഘവുമായാൽ യഗണം. മദ്ധ്യത്തിൽ ഹ്രസ്വവും ആദ്യത്തിലും അവസാനത്തിലും ദീർഘവുമായാൽ രഗണം. അവസാനത്തേതു ഹ്രസ്വവും മറ്റു രണ്ടും ദീർഘവുമായാൽ തഗണം. ആദ്യമദ്ധ്യങ്ങൾ ഹ്രസ്വങ്ങളായാൽ സഗണം. ആദ്യന്തങ്ങൾ ഹ്രസ്വങ്ങളായാൽ ജഗണം. മദ്ധ്യാന്തങ്ങൾ ഹ്രസ്വങ്ങളായാൽ ഭഗണം. മൂന്നും ഹ്രസ്വങ്ങളായാൽ നഗണം. മൂന്നും ദീർഘങ്ങളായാൽ മഗണം. ഇങ്ങനെ വ്യവസ്ഥ. ആദ്യം മുതൽ മൂന്നു സ്വരങ്ങളിൽ ആദ്യത്തേതു ഹ്രസ്വമായും മറ്റു രണ്ടും ദീർഘമായും ചൊല്ലി വീണ്ടും രണ്ടാമത്തേതു ഹ്രസ്വമായും മറ്റു രണ്ടും ദീർഘമായും സ്വരക്രമപ്രകാരം ചൊല്ലുക. പിന്നെ നാലാംസ്വരം രണ്ടുതവണ ദീർഘമായി ചൊല്ലുക. ഈ ക്രമത്തിലുള്ളത് ആക്രീഡാലങ്കാരം. ഇതു ഖണ്ഡജാതി അട്ടതാളത്തിന്നു ചേർന്നതാണ്. ദീർഘങ്ങൾക്ക് ഈരണ്ടു കലയും ഹ്രസ്വങ്ങൾക്ക് ഓരോ കലയുമാകയാൽ സങ്കലിതകലവുമാണ്. സരീഗാസാരിഗാമാമാ എന്നു മുതൽ ഉദാഹരണം. ആകെ പത്തു താളവട്ടം.

സൂ—ആദ്യാത്തൃതീയാന്തമാദ്യദ്വയം പുനരാദ്യാത്തൃതീയാന്തം ദ്വിതീയതൃതീയൌ ചോക്ത്വാദ്യാത്തുര്യാന്തോച്ചാരണാന്നിഷ്ടടഃ. യഥാ—സരിഗസരിസരിഗരിഗസരിഗമ, രിഗമരിഗരിഗമഗമരിഗമപ, ഗമപഗമഗമപമപഗമപധ, മപധമപമപധപധമപധനി, പധനിപധപധനിധനിപധനിസ്; സ്നിധസ്

നിസ്നിധനിധസനിധപ, നിധപനിധനിധപധപനിധപമ, ധപമധപധപ മപമധപമഗ, പമഗപമപമഗമഗപമഗരി, മഗരിമഗമഗരിഗരിമഗരിസ.
൧൪൮

ഭാ—ആദ്യസ്വരം മുതൽ മൂന്നു സ്വരങ്ങൾ ചൊല്ലി ആദ്യത്തെയും രണ്ടാമത്തെയും സ്വരങ്ങൾ ചൊല്ലുക. പിന്നെ ആദ്യസ്വരം മുതൽ മൂന്നു സ്വരങ്ങൾ ചൊല്ലി രണ്ടാമത്തെയും മൂന്നാമത്തെയും സ്വരങ്ങൾ ചൊല്ലുക. പിന്നെ ആദ്യം മുതൽ നാലാംസ്വരംവരെ ചൊല്ലുക. ഈ ക്രമത്തിലുള്ളതു നിഷ്ണുടാലങ്കാരം. അട്ടാനുഗതഃ എന്നതനുവർത്തിക്കുന്നതിനാൽ ഇതും ഖണ്ഡജാതി അട്ടതാളത്തിനു ചേർന്നതാണ്. ഏകകലവുമാണ്. സരിഗസരിസരിഗരിഗസരിഗമ എന്നു മുതൽ ഉദാഹരണം. ആകെ പത്തു താളവട്ടം.

സൂ—ആദ്യാത്തൃതീയാന്തം ഗത്വാ ദ്വിതീയമവരുഹ്യാദ്യദ്വയം പുനരാദ്യാദേകാന്തരം ഗത്വാ സ്വരദ്വയമവരുഹ്യാദ്യാത്തുര്യാന്തം ചേതി ക്രമേ വിഭംഗോ ധ്രുവാനുഗതഃ. യഥാ—സരിഗരിസരിസഗരിസസരിഗമ, രിഗമഗരിഗരിമഗരിരിഗമപ, ഗമപമഗമഗപമഗഗമപധ, മപധപമപമധപമമപധനി, പധനിധപധപനിധപപധനിസ്; സനിധനിസനിസധനിസസനിധപ, നിധപധനിധനിപധനിനിധപമ, ധപമപധപധമപപധധപമഗ, പമഗമപമപഗമപപമഗരി, മഗരിഗമഗമരിഗമമഗരിസ. ൧൪൯

ഭാ—ആദ്യസ്വരം മുതൽ മൂന്നു സ്വരങ്ങൾ ചൊല്ലി രണ്ടാംസ്വരത്തിലേക്കവരോഹണം ചെയ്യൂ. പിന്നെ ആദ്യസ്വരവും രണ്ടാംസ്വരവും ചൊല്ലി വീണ്ടും ആദ്യസ്വരവും മൂന്നാംസ്വരവും അതിൽനിന്നവരോഹണമായി രണ്ടാംസ്വരവും ആദ്യസ്വരവും ചൊല്ലുക. പിന്നെ ആദ്യം മുതൽ നാലാംസ്വരംവരെ ചൊല്ലുക. ഈ ക്രമത്തിലുള്ളതു വിഭംഗാലങ്കാരം. ഇതു ചതുരശ്രധ്രുവതാളത്തിനു ചേർന്നതാണ്. ഖണ്ഡജാതി അട്ടതാളത്തിലെന്നപോലെ ഈ ചതുരശ്രധ്രുവത്തിലും പതിന്നാലുകലകൾകൊണ്ടാണ് താളപൂർത്തി വരുന്നത്. സശബ്ദക്രിയകളുടെ സ്ഥാനഭേദം മാത്രമാണ് രണ്ടും തമ്മിലുള്ള വ്യത്യാസം. സരിഗരിസരിസഗരിസസരിഗമ എന്നു മുതൽ ഉദാഹരണം. ഇത് ഏകകലമാണ്. ആകെ പത്തു താളവട്ടം.

സൂ—ആദ്യദ്വിതീയൌ ദീർഘതയാ പുനർഹ്രസ്വതയാ ചോക്ത്വാ തൃതീയതുരീയയോർദീർഘതയാദ്യാത്തുരിയാന്താനാം ഹ്രസ്വതയാ ചോച്ചാരണേ ലീലായിതഃ. യഥാ—സാരിസരിഗാമാസരിഗമ, രീഗാരിഗമാപാരിഗമപ, ഗാമാഗമപാധാഗമപധ, മാപാമപധാനീമപധനി, പാധാപധനീസാപധനിസ്; സ്വാനിസനിധാപാസനിധപ, നീധാനിധപാമാനിധപമ, ധാപാധപമാഗാധപമഗ, പാമാപമഗാരീപമഗരി, മാഗാമഗരിസാമഗരിസ. ൧൫൦

ഭാ—ആദ്യസ്വരവും രണ്ടാംസ്വരവും ആദ്യം ദീർഘമായും പിന്നെ ഹ്രസ്വമായും ചൊല്ലി മൂന്നാംസ്വരവും നാലാംസ്വരവും ദീർഘമായി ചൊല്ലുക. പിന്നെ ആദ്യം മുതൽ നാലുസ്വരങ്ങൾ ഹ്രസ്വമായി ചൊല്ലുക. ഈ ക്രമത്തിലുള്ളതു ലീലായിതാലങ്കാരം. ധ്രുവാനുഗതഃ എന്നതനുവർത്തിക്കുന്നതിനാൽ ഇതും ചതുരശ്രധ്രുവത്തിനു ചേർന്നതാണ്. ദീർഘാക്ഷരങ്ങൾക്ക് രണ്ടു കലകൾ വീതവും ഹ്രസ്വങ്ങൾക്ക് ഓരോ കലയുമാകയാൽ സങ്കലിതകലവുമാണ്. സാരിസരിഗാമാസരിഗമ എന്നു മുതൽ ഉദാഹരണം. ആകെ പത്തു താളവട്ടം തന്നെ.

സൂ—ഉച്ചരിത ദീപ്ത പ്രഹത പ്രസന്ന ചലിത സന്ദാനിത ലാംഗലിതാസ്സപ്തൈകതാളാനുഗതാഃ. ൧൫൧

ഭാ— ഏകതാളത്തിന്നു ചേൻന്ന അലങ്കാരങ്ങൾ ഉച്ചരിതം, ദീപ്തം, പ്രഹതം, പ്രസന്നം, ചലിതം, സന്ദാനിതം, ലാംഗലിതം ഇങ്ങനെ ഏഴാണ് പ്രസിദ്ധങ്ങളായിട്ടുള്ളത്. ക്രമത്തിൽ ഓരോന്നിൻെറയും സ്വരൂപം വിവരിക്കുന്നു.

സൂ—ക്രമികസ്വരത്രയസ്യ പൂൎവ്വഹാനോത്തരാദാനരൂപതയാരോഹാവരോഹാഭ്യാമുച്ചരിതഃ. യഥാ—സരിഗ, രിഗമ, ഗമപ, മപധ, പധനി, ധനിസ; സനിധ, നിധപ, ധപമ, പമഗ, മഗരി, ഗരിസ. ൧൪൮

ഭാ—ക്രമത്തിലുള്ള മൂന്നു സ്വരങ്ങളെ ക്രമേണ ആദ്യസ്വരത്തെ വിട്ടും ഉത്തരസ്വരത്തെ ചേൎത്തും ആരോഹണാവരോഹണങ്ങൾ ചൊല്ലുന്നത് ഉച്ചരിതാലങ്കാരം. സരിഗ, രിഗമ എന്നു മുതൽ ഉദാഹരണം. ഇത് ഏകകലമാണ്. ആകെ പന്തിരണ്ടു താളവട്ടം. ത്ര്യശ്രജാതി ഏകതാളം.

സൂ—തത്രാന്ത്യസ്യ ദീൎഘതായാം ദീപ്തഃ. യഥാ—സരിഗാ, രിഗമാ, ഗമപാ, മപധാ, പധനീ, ധനിസ്സാ; സ്സനിധാ, നിധപാ, ധപമാ, പമഗാ, മഗരീ, ഗരിസാ. ൧൪൯

ഭാ—ഉച്ചരിതാലങ്കാരത്തിൽപ്പറഞ്ഞ മുമ്മൂന്നു സ്വരങ്ങളിൽ അവസാനത്തെ സ്വരങ്ങൾ ദീൎഘങ്ങളാക്കി ചൊല്ലുന്നതു ദീപ്താലങ്കാരം. സരിഗാ, രിഗമാ എന്നു മുതൽ ഉദാഹരണം. ദീൎഘത്തിന്നു രണ്ടു കലയും ഹ്രസ്വത്തിന്ന് ഒരു കലയുമാകയാൽ ഇതു സങ്കലിതകലമാണ്. ചതുരശ്രജാതി ഏകതാളം. ആകെ പന്തിരണ്ടു താളവട്ടം.

സൂ—ക്രമികസ്വരചതുഷ്ടയേ പൂൎവ്വത്യാഗോത്തരഗ്രഹാഭ്യാമാരോഹാവരോഹക്രമാൽ പ്രോൽക്ഷിപ്തഃ. യഥാ—സരിഗമ, രിഗമപ, ഗമപധ, മപധനി, പധനിസ; സ്സനിധപ, നിധപമ, ധപമഗ, പമഗരി, മഗരിസ. ൧൫൦

ഭാ—ക്രമത്തിലുള്ള നാലു സ്വരങ്ങളെ ക്രമേണ ആദ്യസ്വരം വിട്ടും ഉത്തരസ്വരം ചേൎത്തും ആരോഹണവും അവരോഹണവും ചൊല്ലുന്നതു പ്രോൽക്ഷിപ്താലങ്കാരം. സരിഗമ, രിഗമപ എന്നു മുതൽ ഉദാഹരണം. ഇത് ഏകകലം. ചതുരശ്രജാതി ഏകതാളം. ആകെ പത്തു താളവട്ടം.

സൂ—സ്വരദ്വയമുച്ചാൎയ്യ പുനരാദ്യോച്ചരണാൽ പ്രസന്നഃ. യഥാ—സരിസ, രിഗരി, ഗമഗ, മപമ, പധപ, ധനിധ, നിസ്സനി; സ്സനിസ, നിധനി, ധപധ, പമപ, മഗമ, ഗരിഗ, രിസരി. ൧൫൧

ഭാ—ക്രമത്തിൽ രണ്ടു സ്വരങ്ങൾ ചൊല്ലി വീണ്ടും ആദ്യത്തെ സ്വരം ചൊല്ലുക എന്ന ക്രമത്തിലുള്ളതു പ്രസന്നാലങ്കാരം. സരിസ, രിഗരി എന്നു മുതൽ ഉദാഹരണം. ഇതും ഏകകലമാണ്. ത്ര്യശ്രജാതി. ആകെ പതിന്നാലു താളവട്ടം.

സൂ—ആദ്യം ദ്വിരുക്ത്വാ ദ്വിതീയമുച്ചാൎയ്യ തൃതീയസ്യ ദീൎഘതയോച്ചാരണാച്ചലിതഃ. യഥാ—സസരിഗാ, രിരിഗമാ, ഗഗമപാ, മമപധാ, പപധനീ, ധധനിസ്സാ; സ്സസ്സനിധാ, നിനിധപാ, ധധപമാ, പപമഗാ, മമഗരീ, ഗഗരിസാ. ൧൫൨

ഭാ—ആദ്യസ്വരം രണ്ടു തവണ ചൊല്ലി രണ്ടാമത്തെ സ്വരം ചൊല്ലി മൂന്നാമത്തെ സ്വരം ദീൎഘമായി ചൊല്ലുക എന്ന ക്രമത്തിലുള്ളതു ചലിതാലങ്കാരം. സസരിഗാ എന്നു മു

തൽ ഉദാഹരണം. ഇതു സങ്കലിതകലമാണ്. ഖണ്ഡജാതി ഏകതാളം. ആകെ പന്തിരണ്ടു താളവട്ടം.

സൂ—ആദ്യസ്വരാന്ത്യകാന്തരസ്യ ച ദ്വിരുക്തിരിതി ക്രമേ സന്ദാനിതഃ. യഥാ—സസഗഗ, രിരിമമ, ഗഗപപ, മമധധ, പപനിനി, ധധസ്സ്; സസ്ധധ, നിനിപപ, ധധമമ, പപഗഗ, മമരിരി, ഗഗസസ. ൧൯൨

ഭാ—ആദ്യസ്വരം രണ്ടു തവണ ചൊല്ലി ഒന്നിടവിട്ട സ്വരം രണ്ടു തവണ ചൊല്ലുകയെന്ന ക്രമത്തിലുള്ളതു സന്ദാനിതാലങ്കാരം. സസഗഗ, രിരിമമ എന്നതു മുതൽ ഉദാഹരണം. ഇത് ഏകകലമാണ്. ചതുരശ്രജാതി ഏകതാളം. ആകെ പന്തിരണ്ടു താളവട്ടം.

സൂ—ആദ്യാംസ്ത്രീൻ ദീർഘതയോച്ചാര്യ ദ്വിതീയസ്യ ഹ്രസ്വതയോച്ചാരണേ ലാംഗലിതഃ. യഥാ—സാസാസാരി, രിരിരിഗ, ഗാഗാഗാമ, മാമാമാപ, പാപാപാധ, ധാധാധാനി, നിനിനിസ്; സ്സാസ്സാസ്സാനി, നിനിനിധ, ധാധാധാപ, പാപാപാമ, മാമാമാഗ, ഗാഗാഗാരി, രിരിരിസ. ൧൯൩

ഭാ—ആദ്യസ്വരം മൂന്നു വട്ടം ദീർഘമായി ചൊല്ലിപ്പിന്നത്തെ സ്വരം ഹ്രസ്വമായി ച്ചൊല്ലുക എന്ന ക്രമത്തിലുള്ളതു ലാംഗലിതം എന്ന അലങ്കാരമാണ്. സാസാസാരി, രിരിരിഗ എന്നു മുതൽ ഉദാഹരണം. ഇതു സങ്കലിതകലമാണ്. മിശ്രജാതി ഏകതാളം. ആകെ പതിന്നാലു താളവട്ടം.

സൂ—ഏതേ സപ്തപഞ്ചാശദലങ്കാരാഃ പരിചിതാ ഗീതശോഭാം പരാമാദധതേ. തേഷാമാനന്ത്യം തൂക്തമേവേതി. ൧൯൪

ഇതി വർണ്ണാലങ്കാരപ്രകാശഃ.

ഭാ—പ്രസിദ്ധങ്ങളായ ഈ അയ്മ്പത്തേഴലങ്കാരങ്ങളിലുണ്ടാകുന്ന പരിചയം ഗീതങ്ങൾക്കു പലതരത്തിലും രഞ്ജകതാഗുണം വർദ്ധിപ്പിച്ച് ഉൽകൃഷ്ടമായ ശോഭയുണ്ടാക്കിത്തീർക്കുന്നതാണ്. അതുകൊണ്ടാണ് ഇവക്ക് അലങ്കാരങ്ങൾ എന്നു പേർ പറയുന്നതും. കടകകുണ്ഡലാദികളായ അലങ്കാരങ്ങൾ ശരീരത്തിനു ശോഭ വർദ്ധിപ്പിക്കുന്നതുപോലെ എന്നു ചുരുക്കം. ചതുരശ്രധ്രുവതാളത്തിൽ ഇരുപത്തൊന്നും ത്ര്യശ്രധ്രുവത്തിൽ അതായത് ത്രിപുടത്തിൽ മൂന്നുമായി ധ്രുവതാളത്തിൽ ഇരുപത്തിനാലു, ചതുരശ്ര രൂപകത്തിൽ പന്തിരണ്ടും ത്ര്യശ്രരൂപകത്തിൽ രണ്ടുമായി രൂപകതാളത്തിൽ പതിന്നാല്, ചതുരശ്ര ചാപതാളത്തിൽ മൂന്ന്, മിശ്രധ്രുവയിൽ മൂന്ന്, ചതുരശ്രമഠ്യത്തിലും ഖണ്ഡാട്ടത്തിലും ചതുരശ്ര ധ്രുവത്തിലും ഈരണ്ടുവീതം ആറ്, ചതുരശ്രത്തിൽ മൂന്നും ത്ര്യശ്രത്തിൽ രണ്ടും ഖണ്ഡത്തിൽ ഒന്നും മിശ്രത്തിൽ ഒന്നുമായി ഏകതാളത്തിൽ ഏഴ്. ഇങ്ങനെയാണ് മേൽക്കാണിച്ച അയ്മ്പത്തേഴലങ്കാരങ്ങൾ. ഈ അലങ്കാരങ്ങളോരോന്നും തമ്മിലുള്ള ഭേദങ്ങളുടെ സ്വരൂപം നോക്കിയാൽ ത്തന്നെ ഇവകൾ പുറമെ അസംഖ്യം അലങ്കാരങ്ങളുണ്ടെന്നു സ്പഷ്ടമാകുന്നതാണ്. അതു കൂടാതെ മേളഭേദമനുസരിച്ചും മൂർച്ഛനാഭേദമനുസരിച്ചും ആവക ഓരോ അലങ്കാരങ്ങളും സംഭവിക്കുന്നതുമാണ്. അതിനാൽ അലങ്കാരങ്ങൾ ഇത്രയെന്നു ഗണിപ്പാൻ പ്രയാസമായ വിധത്തിൽ അനന്തങ്ങളാണെന്നു മുമ്പുതന്നെ പറഞ്ഞിട്ടുണ്ട്. ഇതി എന്നതു പ്രകരണസമാപ്തിയെക്കാണിക്കുന്നു.

ഇങ്ങനെ വർണ്ണാലങ്കാരപ്രകാശം.

അഥ ഗമകസ്ഥായാദിപ്രകാശഃ

ത്രയീ യദ്ഗമകാ സര്‍വ്വഭൂതസ്ഥാ യസ്യ ചേതനാ
തദ്ഗീതിരിയം ഗീതാമൃതവര്‍ഷി മനഃ സ്തുമഃ.

ഇനി ഗമകം മുതലായതിനെപ്പററി വിവരിപ്പാന്‍ തുടങ്ങുന്നു. അതില്‍ ആദ്യമായി ഗമകം എന്നാല്‍ ഇന്നതെന്നറിവാനായി ഗമകസാമാന്യസ്വരൂപം കാണിക്കുന്നു—

സൂ— ഏകസ്ഥാനഗതഃ കമ്പനാദിനാന്യശ്രുതിച്ഛായാമപി ഗമയതീതി ഗമകഃ. ൧

ഭാ— ഒരു സ്വരസ്ഥാനത്തുള്ള നാദവിശേഷം വീണാതന്ത്രിയുടെയോ കണ്ഠത്തിന്റെയോ കമ്പനവിശേഷത്താല്‍ സ്വശ്രുതിക്കു പുറമെ അടുത്ത സ്വരത്തിനുള്ള ശ്രുതികളുടെ അംശങ്ങളെയും കൂടി ഗ്രഹിപ്പിക്കുന്നതിനാല്‍ ആ വിധത്തിലുള്ള കമ്പനവിശേഷണമാണ് ഗമകമെന്നത്. ഛായ ശോഭ. അംശമെന്നു സാരം. അന്യശ്രുത്യംശങ്ങളെയും ഗമിപ്പിക്കുന്നതു ഗമകം എന്നു ശബ്ദാര്‍ത്ഥം. കമ്പനാദി എന്നതിലെ ആദിപദംകൊണ്ടു സ്ഫുരണം അതായത് അല്പസ്പര്‍ശനം മുതലായതിനെ ഗ്രഹിച്ചിരിക്കുന്നു. "സ്വരസ്യ കമ്പോ ഗമകഃ ശ്രോതൃചിത്തസുഖാവഹഃ." എന്നു രത്നാകരത്തിലും "സ്വശ്രുതിസ്ഥാനസംഭൂതഃ ഛായാം ശ്രുത്യന്തരാശ്രയാം സ്വരോ യല്‍ ഗമയേദ്ഗീതേ ഗമകോസൌ നിരൂപിതഃ." എന്നു സമയസാരത്തിലും പറഞ്ഞിട്ടുണ്ട്.

സൂ— സ ച ത്രിരൂപസ്ഫുരിതകമ്പിതലീനാന്ദോളിതത്രിഭിന്നവലികുരളാഹതപ്രത്യാഹതോല്ലാസിതപ്ലാവിതഗുംഭിതമുദ്രിതനാമിതമിശ്രിതഃഭേദേന ഷോഡശധാ. ൨

ഭാ— ആ ഗമകം, ത്രിരൂപം, സ്ഫുരിതം, കമ്പിതം, ലീനം, ആന്ദോളിതം, ത്രിഭിന്നം, വലി, കുരളം, ആഹതം, പ്രത്യാഹതം, ഉല്ലാസിതം, പ്ലാവിതം, ഗുംഭിതം, മുദ്രിതം, നാമിതം, മിശ്രിതം ഇങ്ങനെ പതിനാറു തരത്തിലുണ്ട്. ഇതില്‍ ത്രിരൂപം എന്നതിന്റെ സ്ഥാനത്തു തിരിപം എന്നും തിരുപം എന്നും തിരിപ്പു എന്നും കുരളം എന്നതിന്റെ സ്ഥാനത്തു കുരുളം എന്നുമാണ് ചില ഗ്രന്ഥകാരന്മാര്‍ സംജ്ഞ കൊടുത്തിട്ടുള്ളത്.

ക്രമത്തില്‍ ഓരോന്നിന്റെയും സ്വരൂപം വിവരിക്കുന്നു—

സൂ— വിദ്രുതാര്‍ദ്ധവേഗേനാന്യശ്രുത്യംശദ്വയദര്‍ശനാല്‍ത്രിരൂപഃ. ൩

ഭാ— അനുദ്രുതകാലത്തിന്റെ പകുതി സമയംകൊണ്ടു മറെറാരു ശ്രുതിയുടെ രണ്ടംശങ്ങളെക്കാണിക്കത്തക്ക വേഗത്തിലുള്ള കമ്പനത്തിന്നാണ് ത്രിരൂപമെന്നു പറയുന്നത്. സ്വശ്രുതിയുടെ നാദവും മററു രണ്ടു ശ്രുത്യംശനാദങ്ങളും കൂടി മൂന്നു നാദരൂപങ്ങളെ കാണിക്കുന്നതിനാല്‍ ത്രിരൂപമെന്നു സംജ്ഞ. "ശ്രുതയോ യത്ര വേഗേന സ്ഫുരന്ത്യാവര്‍ത്തരൂപവല്‍ തമാഹുസ്തിരിപം" എന്നു പാര്‍ശ്വദേവഗ്രന്ഥം. ഇവിടെ ശ്രുത്യംശങ്ങളെന്നു പറഞ്ഞിട്ടുള്ളതു സ്ഥായിയില്‍ ഇരുപത്തിരണ്ടോ ഇരുപത്തിനാലോ ശ്രുതികളാണെന്ന മതങ്ങളനുസരിച്ചാണ്. നാല്പത്തെട്ടു ശ്രുതികളുണ്ടെന്ന നിഷ്കൃഷ്ടപക്ഷത്തില്‍ രണ്ടു ശ്രുതികളെത്തന്നെയാണ് കാണിക്കുന്നതെന്നു ഗ്രഹിച്ചുകൊള്ളുക.

സൂ— ദ്രുതതൃതീയഭാഗവേഗേന ശ്രുത്യംശസ്ഫുരണേ സ്ഫുരിതഃ. ൪

ഭാ— ദ്രുതകാലത്തിന്റെ മൂന്നിലൊന്നു വേഗത്തിലുള്ള കമ്പനം മുതലായതുകൊണ്ട് അപ്രകാരം അന്യശ്രുത്യംശങ്ങളെ സ്ഫുരിപ്പിക്കുന്നതു സ്ഫുരിതഗമകം. സാസാ എന്നീവക

ഇരട്ടിസ്വരങ്ങൾ വരുന്നേടത്തു കമ്പനംകൊണ്ടോ ഉത്തരസ്ഫുരണംകൊണ്ടോ സാരിസാ എന്നിങ്ങനെ ദ്രുതതൃതീയഭാഗവേഗത്തിൽ രിയുടെ അംശത്തെയും കൂടികാണിക്കയോ പൂർവ്വസ്ഫുരണംകൊണ്ട് സാനിസാ എന്നിങ്ങനെ നിയുടെ അംശത്തെയും കൂടി ആ കാലവേഗത്തിൽ കാണിക്കയോ ചെയ്യുന്നതു സ്ഫുരിതമെന്നു താല്പര്യം. അതിനാൽ പൂർവ്വസ്ഫുരിതം, ഉത്തരസ്ഫുരിതം ഇങ്ങനെ ഇതു രണ്ടു വിധമുണ്ട്.

സൂ—ദ്രുതാർദ്ധവേഗേന കമ്പനാത്തദാകരണേ കമ്പിതഃ. ൩

ഭാ—ദ്രുതകാലത്തിന്റെ പകുതി വേഗത്തിൽ അതായത് ഒരു ലഘ്വക്ഷരോച്ചാരണകാലമായ അനുദ്രുതവേഗത്തിൽ ഉള്ള കമ്പനത്താൽ അന്യശ്രുത്യംശങ്ങളെക്കാണിക്കുന്നതു കമ്പിതം. എല്ലാ ഗമകങ്ങൾക്കും പൊതുവായ സ്വരൂപമാണ് കമ്പനമെങ്കിലും അനുദ്രുതവേഗത്തിലുള്ള കമ്പനത്തെ കമ്പിതശബ്ദം പ്രത്യേകം കുറിക്കുന്നതാണ്. എങ്ങനെയെന്നാൽ മററതരത്തിലുള്ള കമ്പനങ്ങൾക്കെല്ലാം വേറെ വേറെസ്സംജ്ഞയുള്ളതിനാൽ സാമാന്യ സംജ്ഞതന്നെ വിശേഷങ്ങളിലൊന്നിനെക്കുറിപ്പാൻ മതിയാകുന്നതാണല്ലോ.

സൂ—ദ്രുതമാനവേഗേന കമ്പനാത്തദാകരണേ ലീനഃ. ൪

ഭാ—ദ്രുതകാലത്തിന്റെ വേഗത്തിലുള്ള കമ്പനത്താൽ അന്യശ്രുത്യംശങ്ങളെക്കാണിക്കുന്നതു ലീനഗമകം. ഈ ഗമകനാദത്തോടുകൂടിത്തന്നെ നാദം മസൃണമായിത്തീർന്നു ലയിക്കയും വേണം. "ദ്രുതമാനേന മസൃണഃ സ്വരോ യത്ര വിലീയതേ സ്വരാന്തരക്രമേണൈവ സ ഭവേല്ലീനസംജ്ഞകഃ." എന്നു പാർശ്വദേവവചനം.

സൂ—ലഘുമാനവേഗേനാന്ദോളിതഃ. ൫

ഭാ—ഒരു ലഘുകാലത്തിന്റെ അതായത് നാലക്ഷരകാലത്തിന്റെ വേഗത്തിലുള്ള കമ്പനത്താൽ അന്യശ്രുത്യംശത്തെക്കാണിക്കുന്നത് ആന്ദോളിതഗമകം. ആദ്യം അനുദ്രുതകാലത്തിലും പിന്നെ ദ്രുതകാലത്തിലും പിന്നെ ലഘുകാലത്തിലുമായി മൂന്നുതരം കമ്പനങ്ങൾ ചേൎന്നതാണ് ആന്ദോളിതമെന്നും ഒരു പക്ഷമുണ്ട്. എന്നാൽ അതു ത്രിഭിന്നമെന്ന ഗമകത്തിൽ ചേൎന്നതായിക്കരുതുന്നതാണ് യുക്തം.

സൂ—വിഭിന്നവേഗേന മുഹുഃ കമ്പനാൽത്രിഭിന്നഃ. ൬

ഭാ—പല വേഗത്തിലുമായി ഇടവിടാതെ മൂന്നോ നാലോ കമ്പനങ്ങൾ ചെയ്യുന്നതു ത്രിഭിന്നഗമകം. മൂന്നു സ്ഥായികളിലും വരുന്ന ഷഡ്ജം, ഋഷഭം മുതലായതിൽ ഏതെങ്കിലും ഒരു സ്വരത്തെ മൂന്നു സ്ഥാനങ്ങളിലായി ക്രമത്തിൽ ഇടവിടാതെ കമ്പനം ചെയ്യുന്നതാണ് ത്രിഭിന്നമെന്നും ഒരു മതമുണ്ട്. "ത്രിഭിന്നസ്തു ത്രിഷു സ്ഥാനേഷ്വവിശ്രാന്തഘനസ്വരഃ" എന്നു രത്നാകരവചനം. "രാഗഗതിപ്രഭിന്നവേഗസ്ത്രിഭിന്നഃ" എന്നു സുധാകരവചനവും.

സൂ—വക്രതയാ ഘനസ്വരാന്തരപ്രദൎശനാദ്വലിഃ. ൭

ഭാ—ഒരു സ്വരസ്ഥാനത്തിൽനിന്നു നാദത്തിന്ന് ഒട്ടും വിച്ഛേദം വരാത്ത വിധത്തിൽ നാദത്തെ വളച്ചുകൊണ്ടുപോയി യുക്തംപോലെ ഒന്നോ രണ്ടോ മൂന്നോ മേൽസ്വരനാദത്തെ ഘനമായിക്കാണിച്ചു തിരിയെ സ്വസ്ഥാനത്തിൽ വരുന്നതു വലിഗമകം. വീണയിൽ കമ്പി വലിച്ചുപിടിച്ചു മേൽസ്വരം കാണിക്കുമ്പോൾ ഈ ഗമകത്തിന്റെ സ്വരൂപം സ്പഷ്ടമാകും. ചിലർ ഈ മാതിരി ഗമകത്തിന്നു ത്രിഭിന്നസംജ്ഞയും ത്രിഭിന്നത്തിന്നു കാണിച്ച ലക്ഷണമുള്ളതിന്നു വലിസംജ്ഞയുമാണ് കൊടുത്തിട്ടുള്ളത്.

സൂ—ഗ്രന്ഥിലോ വലിഃ കരളഃ. ൮

ഭാ—വലിയെന്ന ഗമകത്തെത്തന്നെ ഓരോ പതനത്തിലും നാദത്തെ അടക്കിപ്പിടിച്ചു നാദപ്രവാഹത്തിന്നു ഇടക്കിടക്കു കെട്ടുണ്ടാകുന്ന വിധത്തിൽ പ്രയോഗിക്കുന്നതാണ് കുരുളമെന്ന ഗമകം. ഇതു വലിഗമകത്തിൽ വിവരിച്ച മാതിരി ഒരു സ്വരസ്ഥാനത്തിൽനിന്നു ഒന്നോ രണ്ടോ മൂന്നോ മേൽസ്വരത്തെ അതാതു സ്വരംവരെ നാദവിച്ഛേദം വരാതെയും സ്വരങ്ങളിൽ പിടിച്ചും കാണിച്ച് അപ്രകാരംതന്നെ പൂൎവ്വസ്വരസ്ഥാനത്തേക്കു വരിക എന്നത് ഒരുതരം. ഈ പ്രയോഗം രാഗാലാപങ്ങളിൽ പ്രത്യേകം രഞ്ജകമാണ്. അവരോഹണക്രമത്തിൽ ഓരോ സ്വരത്തിലും അതാതിന്റെ മേൽസ്വരശ്രുതിച്ഛായ കാണിച്ചുകൊണ്ട്, സനിധ എന്നതു സനി, നിസ, ധനി എന്ന മാതിരി അവരോഹണം ചെയ്യുന്നതു മറെറാരു തരം. ഈ പ്രയോഗം പൊതുവെ എല്ലാത്തരം ഗീതങ്ങളിലും രഞ്ജകമാണ്. കുരുളഗമകം ഇങ്ങനെ രണ്ടുവിധമുണ്ടെന്നു ചുരുക്കം.

സൂ—പരസ്വരമാഹത്യ നിവൎത്തനാദാഹതഃ. ൫൫

ഭാ—ഒരു സ്വരത്തിൽനിന്നു അതിന്റെ മേൽസ്വരത്തിൽ അടിച്ച് അതിവേഗത്തിൽ കീഴ്പ്പോട്ടു പോരുന്നത് ആഹതഗമകം. ഇതിന്റെ പ്രയോഗം വീണയിൽ ചൂണ്ടുവിരൽ കമ്പിമേൽ അമൎത്തി നടുവിരൽകൊണ്ടു മേൽസ്വരസ്ഥാനത്തു പെട്ടെന്നു അടിച്ചെടുക്കുകയോ രണ്ടു വിരലും കമ്പിമേൽ അമൎത്തി നടുവിരൽ മേൽസ്വരസ്ഥാനത്തേക്ക് അതിവേഗത്തിൽ നാദം തടയാത്തവിധം തട്ടിച്ചെടുക്കുകയോ ചെയ്യുന്നത് ഒരു തരം. ഇതിന്നു 'റവ' എന്നു സാധാരണമായിപ്പറഞ്ഞുവരുന്നു. മേൽസ്വരസ്ഥാനത്തു മീട്ടി നടുവിരൽകൊണ്ടു മാന്തി ചൂണ്ടുവിരൽ വെച്ച സ്ഥാനത്തെ സ്വരം കാണിച്ച് ഉടനെ അതിന്റെ താഴെയുള്ള സ്വരത്തിലേക്കു പോരുന്നതു മറെറാരു തരം. ഇങ്ങനെ ഈ ഗമകവും രണ്ടു തരമുണ്ട്. രണ്ടാമത്തെത്തരത്തിന്നു ഖണ്ഡിതമെന്നു പേർ. ആദ്യത്തേതിൽ സരിസ എന്നും രണ്ടാമത്തേതിൽ നിസനി എന്നും ഉള്ള മാതിരിയിൽ സ്വരങ്ങൾ പ്രകാശിക്കുന്നതാണ്.

സൂ—പരസ്വരാൽ പ്രതിനിവൃത്യ പൂൎവ്വസ്ഥാനേപ്യാഹത്യാ പരസ്വരച്ഛായാദൎശനാൽ പ്രത്യാഹതഃ. ൫൬

ഭാ—മേൽസ്വരത്തിൽനിന്നവരോഹണം ചെയ്തു താഴെയുള്ള സ്വരത്തിലെത്തുമ്പോൾ അവിടെയും പെട്ടെന്നുള്ള കമ്പനംകൊണ്ടു മേൽസ്വരച്ഛായ കാണിക്കുന്നതു പ്രത്യാഹതഗമകം. ഇതു വീണയിൽ മേൽസ്വരത്തിൽ മീട്ടി താഴേയുള്ള സ്വരത്തിന്റെ സ്ഥാനത്തു വരുന്നതു കമ്പി കീഴ്പ്പോട്ടു വലിച്ചുകൊണ്ടായാൽ പ്രത്യക്ഷമാകുന്നതാണ്.

സൂ—ക്രമേണോത്തരോത്തരസ്വരപ്രദൎശനാദുല്ലാസിതഃ. ൫൭

ഭാ—ഒരു സ്വരത്തെ അവലംബിച്ച് അതിന്നു മേലുള്ള ഓരോ സ്വരത്തെയും നാദവിച്ഛേദം വരാതെ കാണിക്കുന്നത് ഉല്ലാസിതമെന്ന ഗമകം. ഇത് സ—രി, സ—ഗ, സ—മ, സ—പ എന്ന മാതിരി ആരോഹണരൂപത്തെ അടിസ്ഥാനമാക്കിയും സ—നി, സ—ധ, സ—പ, സ—മ എന്ന മാതിരി അവരോഹണരൂപത്തെ അടിസ്ഥാനമാക്കിയും വരുന്നതാണ്. അതിൽ ആരോഹണമായിട്ടുള്ളതിന്നു 'മേൽക്കാൎവ്വാ' എന്നും അവരോഹണമായിട്ടുള്ളതിന്നു 'കീഴ്ക്കാൎവ്വാ' എന്നും പറഞ്ഞുവരുന്നു.

സൂ—പ്ലുതമാനവേഗേന കമ്പനാൽ പ്ലാവിതഃ. ൫൮

ഭാ—പ്ലുതപ്രമാണമായ കാലത്തിൽ അതായത് പന്തിരണ്ടു ലഘ്വക്ഷരോച്ചാരണകാലത്തിൽ സാവധാനമായിട്ടുള്ള കമ്പനത്താൽ അന്യശ്രുത്യംശങ്ങളെക്കാണിക്കുന്നതാണ്

പ്ലാവിതമെന്ന ഗമകം. ഇതു രാഗാലാപത്തിലും കീർത്തനങ്ങളുടെ വിരാമങ്ങളിലും പ്രത്യേകം രഞ്ജകവുമാണ്.

സൂ—ഹുങ്കാരാനുകാരാദ് ഗുംഭിതഃ. ൧൩

ഭാ—ഹുങ്കാരത്തിൻെറ മാതിരിയിൽ ഗംഭീരമായ നാദം പുറപ്പെടുവിക്കുന്നതു ഗുംഭിതം എന്ന ഗമകം. ഇതിൽ പല ഭിന്നസ്വരങ്ങളുടെ ശ്രുതികളും സ്ഫുരിക്കുന്നതാണ്. ഇതും ആരോഹണരൂപത്തിലും അവരോഹണരൂപത്തിലും വരുന്നതുമാണ്. ദൂരസ്വരങ്ങൾ ചേക്കുമ്പോഴാണ് ഇതും സംഭവിക്കുന്നത്.

സൂ—സ്വരനാദമുദ്രണാന്മുദ്രിതഃ. ൧൪

ഭാ—സ്വരനാദങ്ങളെ പസ്സസ്സനി എന്ന മാതിരി അക്ഷരത്തിൻെറ ഇരട്ടിപ്പിന്നു വേണ്ടിയും മറവും ഒളുക്കുന്നതു മുദ്രിതഗമകം. ശാരീരത്തിൽ ചുണ്ടുകൾ കൂട്ടിപ്പാടുന്നതും മുദ്രിതത്തിൻെറ വകഭേദമാണ്. "മുദ്രിതോ മുഖമുദ്രണാൽ" എന്നു രത്നാകരം.

സൂ—നാദനമനാന്നാമിതഃ. ൧൫

ഭാ—സ്വരങ്ങളുടെ നാദങ്ങളെ അല്പമാക്കി ചെറിയ ശബ്ദമാക്കുന്നതു നാമിതഗമകം. രഞ്ജനത്തിൽ വൈചിത്ര്യമുണ്ടാക്കുന്നതിന്നാണ് ഇതുപയോഗപ്പെടുന്നത്.

സൂ—ദ്വിത്രിമിശ്രണാന്മിശ്രിതഃ. ൧൬

ഭാ—മേൽപ്പറഞ്ഞ ഗമകങ്ങളിൽ രണ്ടോ മൂന്നോ കലൻവരുന്നതു മിശ്രിതഗമകം. ഉല്ലാസിതവലികൾ, ഉല്ലാസിതത്രിഭിന്നങ്ങൾ, ആഹതവലിലീനങ്ങൾ എന്നീ വിധത്തിൽ രണ്ടോ മൂന്നോ ഗമകങ്ങൾ കലരുന്നതല്ലാതെ അതിലധികം വകഭേദങ്ങൾ ഒരുമിച്ചു കൂടിക്കലൻ വരില്ലെന്നു കാണിപ്പാനാണ് സൂത്രത്തിൽ ദ്വിത്രി എന്നു പ്രത്യേകം പറഞ്ഞിട്ടുള്ളത്.

സൂ—മാൎഗ്ഗദക്ഷിണയോരത്ര ന വിശേഷഃ. ൧൭

ഭാ—ഈ ഗമകങ്ങളുടെ വകഭേദമെന്ന വിഷയത്തിൽ മാൎഗ്ഗപ്രസ്ഥാനത്തിലും ദക്ഷിണപ്രസ്ഥാനത്തിലും വ്യത്യാസമൊന്നുമില്ല. രണ്ടിലും ഒരുപോലെത്തന്നെ.

ഇനി വീണയിൽ ഈവക ഗമകങ്ങൾ വരുത്തുവാനുള്ള അംഗുലിപ്രയോഗവിശേഷങ്ങളെ കാണിപ്പാനായി വീണക്കയ്യുകളുടെ വകഭേദങ്ങൾ സാമാന്യമായി വിവരിക്കുന്നു.

സൂ—ചിത്രവീണായാം ഹസ്തക്രിയാവിശേഷൈരേതേഷാം പ്രകാശഃ. ൨൦

ഭാ—ഈവക ഗമകങ്ങളോരോന്നും ചിത്രവീണയിൽ ഓരോരോവിധത്തിലുള്ള ഹസ്തക്രിയകൾകൊണ്ടു സ്പഷ്ടമായിത്തീരുന്നതാണ്.

സൂ—തത്ര മാൎഗ്ഗേ പാതാവലേഖസല്ലേഖോല്ലേഖബിന്ദുഭ്രമരച്ഛിന്നഘാതസന്ധിതകൎത്ത്യാഖ്യാ ദശ ദക്ഷിണഹസ്തവ്യാപാരാഃ. ൨൧

ഭാ—ആവക ഹസ്തക്രിയകളുടെ സംഗതിയിൽ മാൎഗ്ഗപ്രസ്ഥാനപ്രകാരം പാതം, അവലേഖം, സല്ലേഖം, ഉല്ലേഖം, ബിന്ദു, ഭ്രമരം, ഛിന്നം, ഘാതം, സന്ധിതം, കൎത്തരി ഇങ്ങനെ വലത്തെക്കയ്യുകൊണ്ടുള്ള ക്രിയകളായ മീട്ടുകൾ പത്തുതരത്തിലുണ്ട്.

അവയിലോരോന്നിൻെറയും സ്വഭാവം ക്രമത്തിൽ വിവരിക്കുന്നു.

സൂ—കേവലയാ തജ്ജന്യാ തന്ത്ര്യാ ബഹിരാഹതിഃ പാതഃ. ൨൨

ഭാ—ചൂണ്ടുവിരൽകൊണ്ടു മാത്രമായി കമ്പിയുടെ മേൽ അതായത് കീഴ്പ്പോട്ടു മീട്ടുന്നതിന്നു പാതം എന്നു പറയുന്നു.

സൂ—മധ്യമയാ തഥാ ഹതിരവലേഖഃ. ൨൩

ഭാ—കേവലയാ എന്നതനുവൎത്തിക്കുന്നു. നടുവിരൽകൊണ്ടു മാത്രമായി കീഴ്പ്പോട്ടു മീട്ടുന്നതിന്ന് അവലേഖമെന്നു പറയുന്നു.

സൂ—തജ്ജന്യാന്തരാഹതിസ്സല്ലേഖഃ. ൨൪

ഭാ—ചൂണ്ടുവിരൽകൊണ്ടു മാത്രമായി കമ്പിയുടെ ഉള്ളിൽ അതായത് മേൽപ്പോട്ടു മീട്ടുന്നതു സല്ലേഖം.

സൂ—മധ്യമയാന്തരാഹതിരുല്ലേഖഃ. ൨൫

ഭാ—നടുവിരൽകൊണ്ടു മാത്രമായി മേല്പോട്ടു മീട്ടുന്നത് ഉല്ലേഖം. കീഴ്പ്പോട്ടു മീട്ടുന്നത് അതാതു വിരലിന്റെ തലയുടെ അകത്തുഭാഗംകൊണ്ടും മേൽപ്പോട്ടു മീട്ടുന്നതു പുറത്തുഭാഗംകൊണ്ടുമാണെന്ന വിശേഷവും അറിഞ്ഞുകൊൾക.

സൂ—മധ്യമയാ ബഹിരാഹത്യ തജ്ജന്യാ നാദധാരണേ ബിന്ദുഃ. ൨൬

ഭാ—നടുവിരൽകൊണ്ടു കമ്പിമേൽ കീഴ്പ്പോട്ടു മീട്ടി ചൂണ്ടുവിരൽ കമ്പിമേൽ വെച്ച് ആ നാദത്തെ അടക്കുന്നതു ബിന്ദു.

സൂ—ക്രമാച്ചതുരംഗുലീഭിരന്തൎബ്ബഹിർവ്വാഹതിർഭ്രമരഃ. ൨൭

ഭാ—ചെറുവിരൽ മുതൽ ചൂണ്ടുവിരൽവരെയുള്ള നാലു വിരൽകൊണ്ടും ക്രമത്തിൽ കമ്പിമേൽ മേൽപ്പോട്ടോ കീഴ്പ്പോട്ടോ വേഗത്തിൽ മീട്ടുന്നതു ഭ്രമരം. മൂന്നു കമ്പികളിലും കൂടിയോ നാലു കമ്പികളിലുംകൂടിയോ അപ്രകാരം നാലു വിരൽകൊണ്ടുമായി കീഴ്പ്പോട്ടു മീട്ടുന്നതും ഭ്രമരത്തിൽ ചേൎന്നതുതന്നെ.

സൂ—തജ്ജനീലഗ്നായാസ്തന്ത്ര്യാ അന്തൎമ്മധ്യമയാനാമയാ വാഹത്യ വിശ്ലേഷശ്ഛിന്നഃ. ൨൮

ഭാ—ചൂണ്ടുവിരൽ കമ്പിമേൽ വെച്ച് നടുവിരൽകൊണ്ടോ മോതിരവിരൽകൊണ്ടോ മേൽപ്പോട്ടു മീട്ടി രണ്ടു വിരലും എടുക്കുന്നതു ഛിന്നം. ഇതുകൊണ്ട് ഇരട്ടനാദംപോലെയുള്ള നാദമുണ്ടാകുന്നതാണ്. മേൽപ്പോട്ടു മീട്ടുന്നതിന്നു പകരം കീഴ്പ്പോട്ടു മീട്ടിയാലും ഛിന്നം തന്നെ.

സൂ—ബഹിൎല്ലഗ്നമധ്യമയാ തജ്ജന്യാ ബഹിരാഹതിൎഘാതഃ. ൨൯

ഭാ—നടുവിരൽ ചൂണ്ടുവിരലിന്റെ മേൽ കയററിവെച്ച് രണ്ടുകൊണ്ടുംകൂടി മീട്ടുന്നതു ഘാതം. ഇതിനാൽ രണ്ടു വിരലിന്റെയും തല ഉടനുടനായി കമ്പിമേൽ തട്ടി ഇരട്ടനാദം തന്നെയുണ്ടാകുന്നതാണ്.

സൂ—മധ്യമാനാമികാഭ്യാം ബഹിരാഹതിസ്സന്ധിതഃ. ൩൦

ഭാ—നടുവിരലും മോതിരവിരലും ചേൎത്തു രണ്ടുകൊണ്ടും കൂടി കമ്പിമേൽ കീഴ്പ്പോട്ടു മീട്ടുന്നതാണ് സന്ധിതം.

സൂ—ചതുൎഭിൎന്നഖൈരതിദ്രുതം ക്രമാദ് ബഹിരാഹതിഃ കൎത്തരീ. ൩൧

ഭാ—നാലു വിരലിന്റെയും നഖങ്ങൾകൊണ്ടു മാത്രമായി ക്രമത്തിൽ അതിവേഗം കീഴ്പ്പോട്ടു മീട്ടുന്നതു കൎത്തരി. ഇതിന്നു നഖകൎത്തരി എന്നും പേരുണ്ട്. ഇങ്ങനെയാണ് പത്തുവിധം ദക്ഷിണഹസ്തവ്യാപാരങ്ങൾ.

സൂ—ദക്ഷിണേ തു ഛിന്നം വിഹായ ഘാതാന്താസ്സപ്ത താളശ്ചേത്യഷ്ടൗ. ൩൨

ഭാ—ദക്ഷിണപ്രസ്ഥാനപ്രകാരമുള്ള ദക്ഷിണഹസ്തവ്യാപാരങ്ങളാകട്ടേ മേൽപ്പറഞ്ഞവയിൽ ഘാതംവരെയുള്ള എട്ടിൽ ഛിന്നം എന്നതൊഴിച്ച് ഏഴും താളം എന്നതുംകൂടി

എട്ടുവിധത്തിലാണ് പ്രസിദ്ധങ്ങളായിട്ടുള്ളത്. അതായത് പാതം, അവലേഖം, സല്ലേഖം, ഉല്ലേഖം, ബിന്ദു, ഭ്രമരം, ഘാതം ഇവയും താളവുംകൂടി എട്ടുതരമാണെന്നത്ഥം. അതിൽ പാതത്തിന്നു മാത്രമായും 'മീട്ട്' എന്ന സാമാന്യസംജ്ഞയും അവലേഖത്തിന്നു 'തട' എന്ന സംജ്ഞയും സല്ലേഖത്തിന്നു 'മേൽമീട്ട്' എന്ന സംജ്ഞയും ഉല്ലേഖത്തിന്നു 'മേത്തട' എന്ന സംജ്ഞയും ബിന്ദുവിന്ന് 'അട' എന്ന സംജ്ഞയും ഭാഷയിൽപ്പറഞ്ഞുവരുന്നു. ഭ്രമരത്തിന്നു ഭ്രമരി എന്നാണ് പ്രസിദ്ധി എന്നു വിശേഷം.

ദക്ഷിണത്തിലും പാതം, അവലേഖം മുതലായവയുടെ സ്വരൂപം മാൎഗ്ഗത്തിൽ കാണിച്ചതുതന്നെയാകയാൽ വിശേഷമായുള്ള താളത്തിന്റെ സ്വരൂപം വിവരിക്കുന്നു.

സൂ—കനിഷ്ഠാപൃഷ്ഠേന പാൎശ്വതന്ത്രീണാം യുഗപദന്തരാഹതിസ്താളഃ. ൩൩

ഭാ—വലത്തെ ചെറുവിരലിന്റെ തലയുടെ പുറംഭാഗംകൊണ്ടു പാൎശ്വത്തിലുള്ള മൂന്നു കമ്പികളിലും ഒരുമിച്ചു മേൽപ്പോട്ടു മീട്ടുന്നതിന്നാണ് വീണാഹസ്തവ്യാപാരങ്ങളിൽ താളമെന്നു പറഞ്ഞുവരുന്നത്.

സൂ—വാമവ്യാപാരാസ്തു ചിത്രായാം പ്രസ്ഥാനദ്വയേപി ദ്വാവിംശതിഃ. ൩൪

ഭാ—ഇടത്തെക്കയ്യിന്റെ വ്യാപാരങ്ങളാകട്ടേ ചിത്രവീണയെപ്പററിയേടത്തോളം മാൎഗ്ഗപ്രസ്ഥാനത്തിലും ദക്ഷിണപ്രസ്ഥാനത്തിലും ഇരുപത്തിരണ്ടു തരമാണ് പ്രസിദ്ധമായിട്ടുള്ളത്.

സൂ—തേ ചാഹത്യനുഹതി പ്രത്യാഹതി വിഹതി പീഡനാകൎഷണ ദോളനാന്ദോളന കമ്പന ഘൎഷണ മുദ്രണ സ്പൎശന മൎശന സ്ഫുരണ നാമന പ്ലവന ദ്രവണ നയന പ്രണയനാനയന ശമന മിശ്രണാഖ്യാഃ. ൩൫

ഭാ—ആ ഇരുപത്തിരണ്ടു ഹസ്തവ്യാപാരങ്ങൾ ആഹതി, അനുഹതി, പ്രത്യാഹതി, വിഹതി, പീഡനം, ആകൎഷണം, ദോളനം, ആന്ദോളനം, കമ്പനം, ഘൎഷണം, മുദ്രണം, സ്പൎശനം, മൎശനം, സ്ഫുരണം, നാമനം, പ്ലവനം, ദ്രവണം, നയനം, പ്രണയനം, ആനയനം, ശമനം, മിശ്രണം, ഇങ്ങനെ പ്രത്യേകം സംജ്ഞകളുള്ളവയുമാണ്.

ഓരോന്നിന്റെയും സ്വഭാവം വിവരിക്കുന്നു.

സൂ—തത്രാഹതിരേകസ്വരാഘാതേനൈവ സ്വരാന്തരശ്രാവണം. ൩൬

ഭാ—അവയിൽ ആഹതി എന്നത് ഒരു സ്വരസ്ഥാനത്തിൽ വിരൽ വെച്ചു മീട്ടി ആ സ്വരത്തിന്റെ നാദം പുറപ്പെട്ടുകൊണ്ടിരിക്കുമ്പോൾത്തന്നെ അടുത്ത സ്വരസ്ഥാനത്തേക്കോ അകന്ന സ്വരസ്ഥാനത്തേക്കോ മീട്ടുകൂടാതെതന്നെ വിരൽ മാററി ആ സ്വരത്തിന്റെ നാദം കേൾപ്പിക്കുന്നതാണ്. പ്രത്യേകം മീട്ടുകൂടാതെതന്നെ മററുള്ള സ്വരത്തിന്റെയും നാദം പുറപ്പെടത്തക്കവിധം വിരൽ മാററി വെക്കുന്നതാണ് ആഹതി എന്നത്ഥം. മാററുന്നതുമേലെയുള്ള സ്വരത്തിലേക്കായാലും കിഴെയുള്ള സ്വരത്തിലേക്കായാലും ആഹതിതന്നെ. മേൽസ്വരത്തിലേക്കാണെങ്കിൽ നടുവിരലാണ് മാറേറണ്ടത്. കീഴ്സ്വരത്തിലേക്കാണെങ്കിൽ ചൂണ്ടുവിരലാണ് എന്നുമാത്രം ഭേദം.

സൂ—ആഹത്യ മധ്യമാം കിഞ്ചിദുന്നമ്യ തയാ ദ്രുതം ഹതിരനുഹതിഃ. ൩൭

ഭാ—ഒരു സ്വരസ്ഥാനത്തു നടുവിരലും അതിന്റെ പൂൎവ്വസ്ഥാനത്തു ചൂണ്ടുവിരലും വെച്ചു മീട്ടി നടുവിരൽ എടുത്ത് അല്പം മാത്രം പൂൎവ്വസ്വരം കാണിച്ച് ഉടൻതന്നെ വേഗ

ത്തിൽ മീട്ടി ഗംഭീരമായി നാദം പുറപ്പെടത്തക്കവിധം നടുവിരൽകൊണ്ട് അതു വെച്ചിരുന്ന സ്ഥാനത്തു ബലമായി അടിക്കുന്നത് അനുഹതി. ഇതിനാൽ സാസാ, രീരീ എന്നീവക ഇരട്ടിച്ച സ്വരങ്ങൾ സാനിസാ, രീസരീ എന്ന മാതിരിയിൽ രണ്ടാമത്തേത് അല്പം പൂർവ്വസ്വരം കലൎന്നു പുറപ്പെടുന്നതാണ്.

സൂ—തൎജ്ജനീം വിന്യസ്യാഹത്യ മധ്യമയാ തൎജ്ജനീഘൎഷണപൂൎവ്വം തത്രൈവാഹതിഃ പ്രത്യാഹതിഃ. ൩൪

ഭാ—ചൂണ്ടുവിരൽ ഒരു സ്വരസ്ഥാനത്തു വെച്ചു മീട്ടിയതിനുശേഷം ആ വിരൽ പൂർവ്വസ്വരസ്ഥാനത്തേക്കു നീക്കുന്നതോടുകൂടിത്തന്നെ വീണ്ടും മീട്ടി നടുവിരൽകൊണ്ടു ചൂണ്ടുവിരലിരുന്ന സ്ഥാനത്ത് അതിവേഗത്തിൽ ബലത്തോടേ ചെരിച്ചടിക്കുന്നതു പ്രത്യാഹതി. ഇതിനാൽ സ്സാസ്സാ നീനീ എന്നീവക അവരോഹണത്തിലെ ഇരട്ടിച്ച സ്വരങ്ങൾ സാനിസാ, നീധനീ എന്ന മാതിരിയിൽ രണ്ടാമത്തേത് അല്പം പൂർവ്വസ്വരച്ഛായ കലൎന്നു പുറപ്പെടുന്നതാണ്. സാസാ രീരീ എന്നീവക ആരോഹണത്തിലും ഇതുകൊണ്ടു സാനിസാ, രീസരീ എന്ന മാതിരിയിൽ അപ്രകാരം പുറപ്പെടുന്നതാണ്.

സൂ—അനുഹതിപ്രത്യാഹത്യോൎവ്വിനാ ദ്വിതീയാഘാതം മധ്യമയാ ഹതിൎവ്വിഹതിഃ. ൩൫

ഭാ—അനുഹതിയിലും പ്രത്യാഹതിയിലും കാണിച്ച രണ്ടാമത്തെ മീട്ടുകൂടാതെ നടുവിരൽകൊണ്ടടിക്കുന്നതാണ് വിഹതി. അതായത് ഒരു സ്വരസ്ഥാനത്തു നടുവിരലും അതിന്റെ പൂർവ്വസ്വരസ്ഥാനത്തു ചൂണ്ടുവിരലും വെച്ചു മീട്ടി നടുവിരൽ എടുത്തു മീട്ടുകൂടാതെത്തന്നെ വീണ്ടും ആ സ്ഥാനത്തു ബലമായടിക്കുന്നതും ഒരു സ്ഥാനത്തു ചൂണ്ടുവിരൽ വെച്ചു മീട്ടി ആ വിരൽ പൂർവ്വസ്വരസ്ഥാനത്തേക്കു നീക്കുന്നതോടുകൂടിത്തന്നെ മീട്ടു കൂടാതെ നടുവിരൽകൊണ്ട് ആ സ്ഥാനത്തു ബലമായി ചെരിച്ചടിക്കുന്നതും വിഹതിയാണ് എന്നൎത്ഥം. ഇതുകൊണ്ടും സാസാ മുതലായതു സ്സാനിസാ എന്ന മാതിരിയിൽ പൂർവ്വസ്വരച്ഛായ ചേൎന്നു പുറപ്പെടുന്നതാണ്.

സൂ—അംഗുല്യഗ്രേണ പരസ്പരം ദൃഢം സംപീഡ്യാധൎവ്വിമുക്തിഃ പീഡനം. ൩൦

ഭാ—ഒരു സ്വരസ്ഥാനത്തു ചൂണ്ടുവിരലും അതിന്റെ മേൽസ്വരസ്ഥാനത്തു നടുവിരലും വെച്ചു മീട്ടിയോ ചൂണ്ടുവിരൽ ഒരു സ്വരസ്ഥാനത്തു വെച്ചു മേൽസ്വരസ്ഥാനത്തു നടുവിരൽകൊണ്ടു മിട്ടുകൂടാതെ അടിച്ചോ ആ നടുവിരലിന്റെ അററം കമ്പിമേൽ നല്ലവണ്ണം അമൎത്തി കീഴ്പ്പോട്ടു മാൎന്തിയെടുത്തു പൂർവ്വസ്വരത്തെ കാണിക്കുന്നതാണ് പീഡനം. ചൂണ്ടുവിരൽകൊണ്ടോ നടുവിരൽകൊണ്ടോ കമ്പിമേൽ ഒരു സ്വരസ്ഥാനത്തമൎത്തി മേൽപ്രകാരം കീഴ്പ്പോട്ടു മാൎന്തിയെടുത്തു സാരണിപഞ്ചമം എന്നീവക കമ്പികൾ നിൎത്തീട്ടുള്ള ഷഡ്ജപഞ്ചമസ്വരങ്ങളെ രിസാ, ഗസാ, നിപാ, സപാ എന്നീമാതിരി കാണിക്കുന്നതും പീഡനക്കൂത്തന്നെ.

സൂ—ആകൃഷ്യ സ്വരാന്തരശ്രുതിപ്രദൎശനമാകൎഷണം. ൩൧

ഭാ—ഏതെങ്കിലും സ്വരസ്ഥാനത്തു ചൂണ്ടുവിരലും നടുവിരലും ചേൎത്തു വെച്ചോ ഓരോ വിരൽകൊണ്ടു മാത്രമായോ കമ്പി അല്പം കീഴ്പ്പോട്ടമൎത്തി മേൽസ്വരത്തിന്റെ ഒന്നോ രണ്ടോ ശ്രുതികളെ മാത്രം കാണിക്കുന്നതാണ് ആകൎഷണം. ഇത് ആരോഹണക്രിയക്കു

ളിലും പ്രത്യേകിച്ചും അവരോഹണക്രിയകളിലും രഞ്ജകതയുണ്ടാക്കുന്നതാണ്. ഇതിന്നു 'കുനിപ്പ്'' എന്നും ഉഴപ്പ് എന്നും ഭാഷയിൽ പറഞ്ഞുവരുന്നു.

സൂ—ആകൃഷ്യ സ്വസ്ഥാനപ്രാപണം ദോളനം. ൪൨

ഭാ—മേൽപ്പറഞ്ഞപ്രകാരം മേൽ സ്വരത്തിന്റെ ഒന്നോ രണ്ടോ ശ്രുതികളെ മാത്രം കാണിക്കുന്ന ആകർഷണം ചെയ്തതിനുശേഷം വീണ്ടും സ്വസ്ഥാനത്തേക്കുതന്നെ കൊണ്ടുവരുന്നതാണ് ദോളനം.

സൂ—മുഹുർദോളനമാന്ദോളനം. ൪൩

ഭാ—ആകർഷണവും വികർഷണവും ചേർന്നതായ ദോളനത്തെ ഒന്നിലധികം തവണ ഒരേ സ്വരസ്ഥാനത്തുതന്നെ ചെയ്യുന്നതാണ് ആന്ദോളനം.

സൂ—ഝടിതി കിഞ്ചിന്മാത്രചാലനം കമ്പനം. ൪൪

ഭാ—ആന്ദോളനത്തെക്കാൾ വളരെയധികം വേഗത്തിലും മേൽസ്വരശ്രുതി അത്രത്തോളംതന്നെ സ്പഷ്ടമാകാത്തവിധത്തിൽ അല്പപ്രമാണമായും ഏതെങ്കിലും സ്വരസ്ഥാനത്തു രണ്ടു വിരലും ചേർത്തോ ഒരു വിരൽകൊണ്ടു മാത്രമായോ കമ്പിയെ സ്പന്ദനാകൃതിയിൽ ചലിപ്പിക്കുന്നതാണ് കമ്പനം.

സൂ—ആഹത്യ ദ്രുതം സ്വരാന്തരപ്രാപ്തിർഘർഷണം. ൪൫

ഭാ—ഏതെങ്കിലും സ്വരസ്ഥാനത്തു വിരൽവെച്ചു മീട്ടിയ ഉടനെ അതിവേഗത്തിൽ ഏതെങ്കിലും പൂർവ്വസ്വരസ്ഥാനത്തെക്കോ പരസ്വരസ്ഥാനത്തേക്കോ നാദവിച്ഛേദം വരാത്ത വിധത്തിൽ വിരൽ കമ്പിമേൽനിന്നു വിടാതെ ഉരസി മാറുന്നതാണ് ഘർഷണം. ഇതിൽ മീട്ട് ഒരു സ്വരസ്ഥാനത്തും മുഖ്യമായിപ്പുറപ്പെടുന്നതു വിരൽ മാററിയ സ്ഥാനത്തെ സ്വരവുമായിരിക്കുന്നതാണ്.

സൂ—പരമാഹത്യ പൂർവ്വം പ്രദർശ്യ പരന്യാസാത്തന്മുദ്രണം മുദ്രണം. ൪൬

ഭാ—ചൂണ്ടുവിരൽ പൂർവ്വസ്വരസ്ഥാനത്തും നടുവിരൽ പരസ്വരസ്ഥാനത്തും വെച്ച് ഒരു മീട്ടുകൊണ്ടുതന്നെ പരസ്വരത്തെയും നടുവിരൽ എടുത്തു പൂർവ്വസ്വരത്തെയും കാണിച്ചു വീണ്ടും നടുവിരൽ പരസ്വരസ്ഥാനത്തു നാദം അടയുന്ന മാതിരിയിൽ ബലപ്പെടുത്താതെ വെച്ചു പൂർവ്വസ്വരത്തെ അടക്കുന്നതിന്നാണ് മുദ്രണമെന്നു പറയുന്നത്.

സൂ—ഏകാഹത്യാ പരം സംസ്പൃശ്യാഞ്ജസാ തത്ത്യാഗഃ സ്പർശനം. ൪൭

ഭാ—ചൂണ്ടുവിരൽ ഒരു സ്ഥാനത്തുവെച്ചു മീട്ടി നടുവിരൽകൊണ്ട് അതിന്റെ മേൽ സ്വരസ്ഥാനത്ത് അടിച്ച് ആ സ്വരത്തെ സ്പർശിക്കമാത്രം ചെയ്തു വേഗത്തിൽ ആ വിരലെടുത്തു പൂർവ്വസ്വരത്തെത്തന്നെ കാണിക്കുന്നതാണ് സ്പർശനം. ഈ ഹസ്തക്രിയകൊണ്ടുണ്ടാകുന്ന നാദവിശേഷത്തിന്നു 'റവ'യെന്നു പറയാറുണ്ട്.

സൂ—തർജ്ജനീം പൂർവ്വസ്മിൻ നിധായാഹത്യ കിഞ്ചിദിവ പരശ്രുത്യംശം പ്രദർശ്യ മധ്യമയാ പരസ്ഥാനസ്പർശനം മർശനം. ൪൮

ഭാ—ചൂണ്ടുവിരൽ പൂർവ്വസ്വരസ്ഥാനത്തു വെച്ചു മീട്ടി ആ വിരൽ അല്പം വളച്ചു പരസ്വരശ്രുതിയുടെ അംശം അല്പം മാത്രം കാണിച്ച് ഉടൻതന്നെ നടുവിരൽ പരസ്വരസ്ഥാനത്തു നാദം ഒതുങ്ങത്തക്കവിധത്തിൽ വെക്കുന്നതാണ് മർശനം. സ്പർശനത്തിൽ നാദം ഒതുങ്ങാത്തവിധം നടുവിരൽ പരസ്വരസ്ഥാനത്തടിച്ചു പെട്ടെന്നെടുക്കുകയാണ്. മർശനത്തിൽ അടിക്കാതെ നാദം ഒതുങ്ങത്തക്കവിധം ആ വിരൽകൊണ്ടു പരസ്വരസ്ഥാനത്തു തൊടുകയാണ്. ഇങ്ങനെ രണ്ടും തമ്മിൽ ഭേദം.

സൂ—ആഹത്യ മധ്യമാമഗ്രതഃ പ്രക്ഷിപ്യ പരം പ്രദർശ്യ തജ്ജനീനിധാനേന പൂർവ്വദർശനം സ്ഫുരണം. ൧൯

ഭാ—ചൂണ്ടുവിരലും നടുവിരലും ചേർത്ത് ഏതെങ്കിലും സ്വരസ്ഥാനത്തുവെച്ചു മീട്ടിയ ഉടനെ നടുവിരൽ മട്ടിന്റെ മീതെ മേൽസ്വരസ്ഥാനത്തേക്കു വേഗത്തിൽ തെറിപ്പിച്ചു മേൽസ്വരശ്രുതി കാണിച്ച് ആ വിരൽ ഇരുന്നിരുന്ന സ്ഥാനത്തു ചൂണ്ടുവിരൽ വെച്ചു പൂർവ്വസ്വരത്തെ കാണിക്കുന്നതു സ്ഫുരണം. അപ്രകാരം നടുവിരലിരുന്ന സ്ഥാനത്തു ചൂണ്ടുവിരൽ വെച്ചതിനുശേഷം വീണ്ടും ആ സ്ഥാനത്തു നടുവിരൽകൊണ്ടു വേഗത്തിൽ അടിക്കുന്നതും സ്ഫുരണത്തിന്റെ വകഭേദംതന്നെയാണ്. ആദ്യത്തേതിൽ സാരിസ, നീസനി എന്നീ വിധത്തിലും രണ്ടാമത്തേതിൽ സാരിസസ, നീസനിനി എന്നീ വിധത്തിലും സ്വരങ്ങൾ പുറപ്പെടുന്നതാണ്. ഇതിനു 'പൃക്ക' എന്നു ഭാഷയിൽ പറഞ്ഞുവരാറുണ്ട്.

സൂ—കിഞ്ചിത്തന്ത്രീനമനഹേതുർദൃഢവിന്യാസോ നാമനം. ൨൦

ഭാ—മീട്ടോടുകൂടിയോ കൂടാതെയോ കമ്പി അല്പം വളഞ്ഞു പോകുന്നവിധത്തിൽ ബലത്തോടുകൂടി വിരൽ വെക്കുന്നതാണ് നാമനം. ഇതിനു 'ഞെക്കൽ' എന്നു പറയാറുണ്ട്.

സൂ—ഏകാന്തരസ്വരേഷു തജ്ജനീമധ്യമയോരുൽപ്ലുത്യ ന്യസനം പ്ലവനം. ൨൧

ഭാ—ഒന്നിടവിട്ടു വരുന്ന സ്വരങ്ങളിൽ ചൂണ്ടുവിരലും നടുവിരലും മാറി മാറി ചാടിച്ചു വെക്കുന്നതാണ് പ്ലവനം. അതായത് സഗരിമഗപമധപനിധസനിരി എന്നിങ്ങനെ സ്വരങ്ങൾ ഒന്നിടവിട്ടു വരുന്നേടത്തു ഗ എന്നതിനു നടുവിരൽ, രിക്കു ചൂണ്ടുവിരൽ, മക്കു നടുവിരൽ, പിന്നെ ഗക്കു ചൂണ്ടുവിരൽ, പക്കു നടുവിരൽ, മക്കു ചൂണ്ടുവിരൽ, ധക്കു നടുവിരൽ എന്ന മാതിരി വിരലുകൾ അങ്ങോട്ടുമിങ്ങോട്ടും ചാടുന്നപോലെ മാറി മാറി വെക്കുന്നതാണ് പ്ലവനമെന്നർത്ഥം.

സൂ—ഏകാഹത്യാഷ്ടസ്വരവാദനം ദ്രവണം. ൨൨

ഭാ—ഒരു മീട്ടുകൊണ്ടുതന്നെ സരിഗമപധനിസ എന്ന എട്ടു സ്വരങ്ങളും വേഗത്തിൽ വായിക്കുന്നതു ദ്രവണം. ഇവിടെ എട്ടു സ്വരങ്ങൾ എന്നതിന്ന് ആ സംഖ്യതന്നെയായിരിക്കണമെന്നു താൽപര്യമില്ല. എട്ടിലധികമായാലും ഒന്നോ രണ്ടോ ചുരുങ്ങിയാലും ദ്രവണംതന്നെയാണ്. എന്നാൽ ഒരു മീട്ടിൽ അഞ്ചു സ്വരംവരെ വായിക്കുന്നതു ഘർഷണം എന്നതിലാണ് ഉൾപ്പെടുന്നത്.

സൂ—ആകൃഷ്യ പൂർവ്വസ്ഥാനേ പരവാദനം നയനം. ൨൩

ഭാ—പൂർവ്വസ്വരസ്ഥാനത്തു ചൂണ്ടുവിരലും നടുവിരലും ചേർത്തുവെച്ചു കമ്പി കീഴ്പ്പോട്ടു വലിച്ചു പിന്നത്തെ സ്വരം വായിക്കുന്നതാണ് നയനം. പരസ്വരത്തെ നയിക്കൽ എന്ന് അവയവാർത്ഥം.

സൂ—തഥാ പൂർവ്വസ്മിൻ തൃതീയവാദനം പ്രണയനം. ൨൪

ഭാ—അപ്രകാരം പൂർവ്വസ്വരസ്ഥാനത്തു വിരലുകൾ ചേർത്തുവെച്ചു കീഴ്പ്പോട്ടു വലിച്ച് ആ സ്ഥാനത്തെ സ്വരത്തിന്റെ മൂന്നാമത്തെ സ്വരം വായിക്കുന്നതു പ്രണയനം. ആകർഷണത്തിൽ പരസ്വരത്തിന്റെ അംശമായ ശ്രുതിയെ മാത്രമാണ് കമ്പി വലിച്ചു വരുത്തുന്നത്. നയനപ്രണയനങ്ങളിൽ അതാതു സ്വരത്തെത്തന്നെ പൂർണ്ണമായി വരുത്തുന്നു. ഒരു സ്ഥാനത്ത് അതിന്റെ മൂന്നാം സ്വരംവരെയല്ലാതെ അതിലധികം അതായത് നാലാംസ്വ

രവും മററം പൂൎണ്ണമായി വരുത്തുന്നതു ദുൎല്ലഭവും കൃഛ്രസാദ്ധ്യവുമാണ്. അങ്ങനെ വരുത്തുക യാണെങ്കിൽ അതും പ്രണയനത്തിൽ ചേരുന്നു എന്നഭിപ്രായം.

സൂ—നയനപ്രണയനാഭ്യാം സാഹത്യനാഹതിവാവികൃഷ്യ പൂൎവ്വാനയ നമാനയനം. ൩൫

ഭാ—മേൽപ്രകാരം കമ്പി കീഴ്പ്പോട്ടു വലിച്ചു കാണിച്ച പരസ്വരത്തിൽനിന്നോ തൃതീയസ്വരത്തിൽനിന്നോ മീട്ടിയോ മീട്ടാതെയോ കമ്പിയുടെ വലിവയച്ചു പൂൎവ്വസ്വരത്തി ലേക്കുതന്നെ കൊണ്ടുവരുന്നത് ആനയനം.

സൂ—തന്ത്രീസാരികായോഗസ്യ കിഞ്ചിദ്വിമുക്ത്യാ നാദപ്രവാഹശമനം ശമനം. ൩൬

ഭാ—കമ്പി മട്ടിന്മേൽ അമൎത്തിപ്പിടിച്ചിട്ടുള്ളത് അല്പം അയച്ചു നാദപ്രവാഹത്തെ മന്ദമാക്കി ഒതുക്കുന്നതാണ് ശമനം. ഇത് ആകൎഷണത്തോടോ കമ്പനത്തോടോ ചേൎന്നു വരു മ്പോഴാണ് അധികം രഞ്ജകമായി വരുന്നതും.

സൂ—ദ്വയോസ്ത്രയാണാം വാ സമ്മിശ്രണാന്മിശ്രണം. ൩൭

ഭാ—മേൽപ്പറഞ്ഞ വാമഹസ്തവ്യാപാരങ്ങളിൽ രണ്ടോ മൂന്നോ യുക്തംപോലെ കലൎത്തുന്നതാണ് മിശ്രണം. എങ്ങനെയെന്നാൽ ഒരേ മീട്ടിൽ സനിനിധധപ എന്നു വായി ക്കുന്നതിൽ ആഹതിവിഹതിപീഡനങ്ങൾ കലൎന്നു വരുന്നതാണ്. രീമഗ എന്നതിലെ മദ്ധ്യ മത്തിന്റെ ശ്രുത്യംശംമാത്രം കാണിച്ച് അതു ഗാന്ധാരസ്ഥാനത്തു വായിക്കുമ്പോൾ നാമന ഘൎഷണങ്ങൾ കലൎന്നു വരുന്നു. ഇപ്രകാരം മററ മിശ്രണവും കണ്ടുകൊൾക.

സൂ—സാരിണീമന്ദ്രയോൎമ്മദ്ധ്യമാതൎജ്ജന്യൌ നിധായ ദക്ഷിണമദ്ധ്യമാ തൎജ്ജനീഭ്യാം യുഗപദാഹത്യ കമ്പനമപി കമ്പനാന്തൎഗ്ഗതമേവ. ൩൮

ഭാ—ഇവകൂടാതെ പുറമെ സാരണിക്കമ്പിമേൽ നടുവിരലും മന്ദ്രക്കമ്പിമേൽ ചൂണ്ടുവിര ലും വെച്ചു വലത്തെക്കയ്യിന്റെ നടുവിരൽകൊണ്ടു സാരണിക്കമ്പിയും ചൂണ്ടുവിരൽകൊണ്ടു മന്ദ്രക്കമ്പിയും ഒപ്പം മീട്ടി ഓരോ സ്വരസ്ഥാനങ്ങളിൽ കമ്പിപ്പിക്കുക എന്ന ഉഭയഹസ്ത വ്യാപാരവും പ്രസിദ്ധമായിട്ടുണ്ടെങ്കിലും അതു കമ്പനത്തിലുൾപ്പെടുന്നതുതന്നെയാണ്. അതി നാൽ വേറെഗ്ഗണിക്കേണ്ടതില്ല എന്നു താൽപൎയ്യം.

ഇനി ഗമകങ്ങൾക്കാശ്രയങ്ങളായ സ്ഥായങ്ങളെപ്പറയുന്നു. അതിൽ ആദ്യമായി സ്ഥായങ്ങളുടെ സാമാന്യസ്വരൂപം കാണിക്കുന്നു.

സൂ—ന്യാസാപന്യാസ സന്ന്യാസ വിന്യാസേഷ്വന്യതമസ്മിൻ വിശ്രാ ന്തോ രാഗാവയവഃ സ്ഥായഃ. ൩൯

ഭാ— ന്യാസം, അപന്യാസം, സന്ന്യാസം, വിന്യാസം എന്നിങ്ങനെ രാഗത്തിന്റെ അംഗങ്ങളായി വരുന്ന സ്വരങ്ങളിൽ ഏതെങ്കിലും ഒന്നിൽ അവസാനിക്കുന്ന രാഗഭാഗത്തി ന്നാണ് സ്ഥായമെന്നു പറയുന്നത്. "രാഗസ്യാവയവഃ സ്ഥായഃ" എന്നു രത്നാകരം. ഓ രോ രാഗത്തിലും ചില ചില സ്വരങ്ങളിൽ നിൎത്തി ആവക സ്വരത്തോടു രണ്ടോ മൂന്നോ നാലോ സ്വരങ്ങൾ ഓരോരോ വിശേഷമാതിരിയിൽ ചേൎത്ത് ആ സ്വരത്തിൽത്തന്നെ വന്നു വിരമിക്കുക എന്ന ഭാഗങ്ങളുണ്ടായിരിക്കുന്നതാണ്. ആ വിശേഷമാതിരികൾക്കു സംഗതികൾ എന്നു സാധാരണ പറഞ്ഞുവരുന്നു. അപ്രകാരം ഓരോ സംഗതികൾക്കവലംബമായ രാ ഗഭാഗമാണ് സ്ഥായമെന്നത് എന്നൎത്ഥം. സ്ഥായത്തിന്നു ഠായമെന്നും പറയാറുണ്ട്. ന്യാ സാപന്യാസാദികളുടെ സ്വഭാവം രാഗലക്ഷണപ്രകരണത്തിൽ വിവരിക്കും.

സൂ—തേ ചാനന്താ അപി ശബ്ദസ്ഥായാദയോതിപ്രസിദ്ധാശ്ചതസ്രഃ. ൩൦

ഭാ — അങ്ങനെയുള്ള സ്ഥായങ്ങൾ അനന്തങ്ങളായിട്ടുണ്ടെങ്കിലും അവയിൽ അതിപ്രസിദ്ധങ്ങളായിട്ടുള്ളതു ശബ്ദസ്ഥായം മുതലായി നാലുള്ളതു സ്ഥായങ്ങളാണ്. അവയെപ്പറ്റി മാത്രമാണ് ഇവിടെ വിവരിക്കുന്നത് എന്നഭിപ്രായം.

സൂ—തത്ര പൂൎവ്വോ യസ്മിൻ വിശ്രാന്തസ്തത ഏവ പുനർഗ്രഹണം ശബ്ദസ്ഥായഃ. ൩൧

ഭാ—അവയിൽ ശബ്ദസ്ഥായമെന്നത് ഒരു സ്ഥായം ഏതു സ്വരനാദത്തിൽ അവസാനിക്കുന്നുവോ ആ നാദത്തിൽനിന്നുതന്നെ രണ്ടാമത്തെയും മൂന്നാമത്തെയും മററും വീണ്ടും തുടങ്ങുന്നവിധത്തിലുള്ളതാണ്. സരിഗാ, ഗരിഗാ, ഗസഗാ, ഗമഗാ എന്ന മാതിരി ചക്രരീതിയിൽ പ്രയോഗിക്കുന്ന സ്ഥായമാണ് എന്നു ചുരുക്കം.

സൂ—സ്വരാണാം മുക്താഫലവല്ലുഠനം ഠാലസ്ഥായഃ. ൩൨

ഭാ—സ്വരങ്ങൾ മുത്തുമണിപോലെ ഉരുണ്ടുരുണ്ടു പോകുന്ന മാതിരിയിൽ ചലിച്ചുകൊണ്ടിരിക്കുന്നത് അതായത് സ്വരങ്ങൾക്കിടക്കുള്ള അന്തരശ്രുതികളിൽക്കൂടി വ്യാപിച്ചുകൊണ്ട് ഇടവിടാതെ ഉരുളുന്നവിധത്തിൽ തോന്നത്തക്കമാതിരിയിലുള്ള സ്വരസന്നിവേശം ഠാലസ്ഥായം.

സൂ— അതിസുകുമാരതയാനുച്ചാരണപ്രായം നമനം ലവനീസ്ഥായഃ. ൩൩

ഭാ — സ്വരാണാം എന്നതനുവൎത്തിക്കുന്നു. സ്വരനാദങ്ങളെ വളരെ സുകുമാരമാക്കിക്കൊണ്ട് ഉച്ചരിക്കുന്നില്ലെന്നുപോലും ശങ്ക തോന്നുന്നവിധം പതുക്കെ പ്രയോഗിക്കുന്നതിന്നു ലവനീസ്ഥായമെന്നു പേർ.

സൂ—ആരോഹിഗതാനാമവരോഹിഗതാനാം ച കമ്പനം സഞ്ചാരിഗതാനാം സ്ഥിരകമ്പനം ച വഹനീസ്ഥായഃ. ൩൪

ഭാ—സ്വരാണാം എന്നനുവൎത്തിക്കുന്നു. സ്ഥായത്തിലുൾപ്പെട്ട സ്വരങ്ങൾ ആരോഹിവൎണ്ണത്തിൻെറ നിലയിലോ അവരോഹിവൎണ്ണത്തിൻെറ നിലയിലോ ഉള്ളവയാണെങ്കിൽ അതായത് ആരോഹക്രമത്തിലോ അവരോഹക്രമത്തിലോ ആണെങ്കിൽ ആ സ്വരങ്ങൾക്കു വേഗത്തിലുള്ള കമ്പനവും സാവധാനത്തിലുള്ള കമ്പനവും ഉള്ളതു വഹനീസ്ഥായമാണ്. അതുപോലെ സഞ്ചാരിവൎണ്ണത്തിൻെറ നിലയിൽ ചേൎന്ന സ്വരങ്ങൾക്കു സാവധാനത്തിലുള്ള കമ്പനവും വഹനീസ്ഥായംതന്നെയാണ്. സഞ്ചാരിവൎണ്ണത്തിൻെറ നിലയിൽ ചേൎന്നവക്കു വേഗത്തിലുള്ള കമ്പനം പ്രായേണ സംഭവിക്കാത്തതിനാലാണ് അതിനെപ്പററി സൂത്രത്തിൽ വേറെപ്പറഞ്ഞിരിക്കുന്നത്.

സൂ—സ ച സുപ്തോൽഫുല്ലഭേദാദ്വിധാ. യത്ര സ്വരാസ്സംവരണപ്രയത്നാദന്തൎഗ്ഗച്ഛന്തീവ സ ആദ്യഃ; യത്ര തു ബഹിൎവ്വികസന്തീവ സ ദ്വിതീയഃ. ൩൫

ഭാ—ആ വഹനീസ്ഥായം സുപ്തവഹനി, ഉൽഫുല്ലവഹനി ഇങ്ങനെ രണ്ടു വിധത്തിലുണ്ട്. സ്വരങ്ങൾ ഒതുക്കിപ്പിടിക്കുന്നതു നിമിത്തം അകത്തേക്കു വലിയുന്ന മാതിരി തോന്നുന്നവിധത്തിൽ പ്രയോഗിക്കുന്നതു സുപ്തവഹനി. നേരെമറിച്ചു പുറത്തേക്കു വിരിഞ്ഞു തള്ളിവരുന്നവിധം തോന്നുന്നമാതിരിയിൽ പ്രയോഗിക്കുന്നത് ഉൽഫുല്ലവഹനി. സുപ്തവഹനിക്കു 'ഖുത്ത' എന്നും പേർ പറയാറുണ്ട്.

സൂ—ത്രിഭിന്നഗമകോക്തവദ്വിഭിന്നവേഗകമ്പനം ത്രിഭിന്നസ്ഥായഃ. ന്നന്ന

ഭാ—ത്രിഭിന്നഗമകത്തിന്നു പറഞ്ഞമാതിരിയിൽ സ്ഥായത്തിലുൾപ്പെട്ട സ്വരങ്ങളെ പലതരം വേഗത്തിലും പല പരിമാണത്തിലും കമ്പനം ചെയ്യുന്നതു ത്രിഭിന്നസ്ഥായം. പല തരം വേഗത്തിലുള്ള സ്വരകമ്പനം വലി എന്ന ഗമകമാണെന്നു പറയുന്നവരുടെ മതത്തിൽ ഇതിന്നു വലിസ്ഥായമെന്നു പേർ.

സൂ—ബാഹുല്യേന വീണാദിയന്ത്രമാത്രഗതോ യന്ത്രസ്ഥായഃ. ന്ന൭

ഭാ—വീണ മുതലായ യന്ത്രങ്ങളിൽ മാത്രം അധികമായി പ്രയോഗിച്ചുവരുന്നതും ശാരീരപ്രയോഗങ്ങളിൽ ദുല്ലഭമായ സ്ഥായം യന്ത്രസ്ഥായം. ഇത് ഓരോരോ രാഗങ്ങളിലെ താനപ്രയോഗങ്ങളിലാണ് അധികവും വരുന്നത്.

സൂ—ധ്വനിവികാരേണ പ്രയുജ്യമാനശ്ഛായാസ്ഥായഃ. ന്നൃ

ഭാ—ഓരോ സ്വരം മുതലായതിന്നു വ്യവസ്ഥിതമായ ധ്വനികൾക്കു ചില വികാരങ്ങൾ വരുത്തി പ്രയോഗിക്കുന്നതു ഛായാസ്ഥായം. ഛായ എന്നതിന്നു ധ്വനിവികാരം എന്നത്ഥം. ഇതിന്നു 'കാകു' എന്നും പറഞ്ഞുവരുന്നു. ഈ ഛായാസ്ഥായം സ്വരകാകു, രാഗകാകു, പരരാഗകാകു, യന്ത്രകാകു, ക്ഷേത്രകാകു, ദേശകാകു ഇങ്ങനെ വിഷയഭേദമനുസരിച്ചു പലതരത്തിലും വരുന്നതാണ്. അതിൽ ഏതെങ്കിലും സ്വരത്തിൻെറ ധ്വനിക്ക് അല്പം മാററം വരുത്തുന്നതു സ്വരകാകു. കല്യാണി, ശങ്കരാഭരണം മുതലായ രാഗങ്ങളിൽ കാകളിനിഷാദത്തിൻെറ ധ്വനിക്കു മാററം വരുത്തി ഷഡ്ജധ്വനിയുടെ ഛായ വരുത്തി പ്രയോഗിക്കുന്നതും മററം സ്വരകാകുവിന്നുദാഹരണം. ഒരു രാഗത്തിൽ ആ രാഗസ്വഭാവത്തിന്നു യോജിക്കുന്നവിധത്തിൽത്തന്നെ അതിൻെറ സ്ഥായത്തിൽ ധ്വനിവികാരം വരുത്തുന്നതു രാഗകാകു. ഒരു രാഗത്തിൻെറ ചില സ്ഥായങ്ങളിൽ മറെറാരു രാഗത്തിൻെറ ഛായ കലരുന്നവിധത്തിൽ ധ്വനിമാററം ചെയ്യുന്നതു പരരാഗകാകു. വീണ മുതലായ യന്ത്രങ്ങളിൽ അതാതിന്നു സ്വഭാവസിദ്ധമായ നാദത്തിന്നു ചിലേടത്തു മീട്ടിൻെറയും വിരൽ വെക്കുന്നതിൻെറയും മററം മാററംകൊണ്ടുണ്ടാകുന്ന ധ്വനിവികാരമാണ് യന്ത്രകാകു. ഓരോരുത്തരുടെയും ശാരീരങ്ങൾക്കു സ്വാഭാവികമായിത്തന്നെയുള്ള വ്യത്യാസംകൊണ്ടും അതുപോലെ ഓരോ വീണക്കും സ്വാഭാവികമായുള്ള വ്യത്യാസംകൊണ്ടും ഉണ്ടാകുന്ന നാദവികാരമാണ് ക്ഷേത്രകാകു. ക്ഷേത്രമെന്നതിന്നു നാദം പുറപ്പെടുവിക്കാൻ അവലംബമായിട്ടുള്ള ശരീരം മുതലായത് എന്നത്ഥം. ഓരോ രാഗത്തിലും ദേശഭേദം വഴിക്കു ചില ഭാഗങ്ങളിൽ വരുന്ന മാററമാണ് ദേശകാകു. എങ്ങനെയെന്നാൽ മലയാളം, തെലുങ്ക്, കണ്ണാടകം, തമിഴ് എന്നീ ദേശങ്ങളിലെല്ലാം കല്യാണി, കാമോദരി, ശങ്കരാഭരണം, തോടി എന്നീവക പ്രധാനരാഗങ്ങൾ സുലഭമായിപ്പാടിവരുന്നുണ്ടെങ്കിലും മലയാളത്തിലെ കഥകളിപ്പാട്ടിലും മററം പാടുന്ന ആവക രാഗങ്ങളും മറേറാരോ ദേശങ്ങളിലും പാടുന്ന ആവക രാഗങ്ങളും തമ്മിൽ പല അംശങ്ങളിലും പ്രസ്പഷ്ടമായ മാററമുണ്ട്. അതുപോലെ തെലുങ്ക്, കണ്ണാടകം, തമിഴ് എന്നീവക ദേശങ്ങളിൽ പാടുന്നവ തമ്മിലും പല ഭാഗങ്ങളിലും മാററമുണ്ട്. ഹിന്തുസ്ഥാനദേശങ്ങളിൽ പാടുന്നവക്കാകട്ടെ ഇവയിൽനിന്നു വളരെയധികം മാററം കാണുന്നു. ഇങ്ങനെ ഒരു രാഗത്തിൽത്തന്നെ ദേശഭേദത്താലുള്ള മാററമാണ് ദേശകാകുവെന്നു താൽപയ്യം. സ്വരകാകു മുതലായ ഇവയെല്ലാം ഛായാസ്ഥായത്തിൻെറതന്നെ അവാന്തരഭേദങ്ങളാണ്.

സൂ—യത്ര ദ്വിത്രസ്വരാണാമന്തരാലംഘനം സ ലംഘിതസ്ഥായഃ. ന്നൻ

ഭാ—ഏതൊരു സ്ഥായത്തിൽ രണ്ടോ മൂന്നോ സ്വരങ്ങൾ ഇടവിട്ടുകൊണ്ട് സമ, സപ, രിപ എന്ന മാതിരിയിൽ വരുന്നുവോ അതു ലംഘിതസ്ഥായമാണ്. ഇതിന്നു സ്വര ലംഘിതസ്ഥായമെന്നും പറയാറുണ്ട്.

സൂ—യത്ര സ്വരാ ഊർദ്ധ്വമധസ്തിര്യക് ച പ്രേര്യന്ത ഇവ സ പ്രേരിത സ്ഥായഃ. ൧൦

ഭാ—സ്വരങ്ങളെ മേല്പോട്ടും കീഴ്പോട്ടും വിലങ്ങത്തിലും മററും ബലത്തോടേ തള്ളി വിടുന്നതുപോലെ പ്രയോഗിക്കുന്ന സ്ഥായത്തിന്നു പ്രേരിതസ്ഥായമെന്നു പേർ.

സൂ—പൂർണ്ണശ്രുതിരപി സ്വരസ്താരേ സൂച്യഗ്രവത്തീക്ഷ്ണോ യത്ര ഭാസതേ സ തീക്ഷ്ണസ്ഥായഃ. ൧൧

ഭാ—ശ്രുതികൾ പൂർണ്ണമായിട്ടുണ്ടായാലും താരസ്ഥായിയിലെ സ്വരങ്ങൾ സൂചിമുനപോലെ കൂർത്തു തീക്ഷ്ണങ്ങളായിത്തോന്നുന്നവിധത്തിൽ ചേർത്തു പ്രയോഗിക്കുന്ന സ്ഥായത്തിന്നു തീക്ഷ്ണസ്ഥായമെന്നു പേർ. തീക്ഷ്ണസ്വരസ്ഥായമെന്നും പറയാറുണ്ട്.

സൂ—യത്ര തത്തദ്രാഗാണാമതിശയോ ഭാസതേ സ ഭാനസ്ഥായഃ. ൧൨

ഭാ—ഓരോ രാഗങ്ങളുടെയും പ്രത്യേകതകളുള്ള ആധിക്യം ഏതു സ്ഥായത്തിൽ സ്പഷ്ടമായി പ്രകാശിക്കുന്നുവോ അതു ഭാനസ്ഥായമാണ്. ഇതിന്നു ഭജനസ്ഥായമെന്നും പേരുണ്ട്. രാഗാതിശയത്തെ ഭജിക്കുന്ന സ്ഥായം എന്നർത്ഥം.

സൂ—സ്ഥാപയിത്വാ സ്ഥാപയിത്വാ സ്വരപ്രയോഗഃ സ്ഥാപനസ്ഥായഃ. ൧൩

ഭാ—ഓരോ സ്വരത്തെയും അതാതിൻെറ സ്ഥാനങ്ങളിൽ നിർത്തിനിർത്തിക്കൊണ്ടു പ്രയോഗിക്കുന്നതു സ്ഥാപനസ്ഥായം.

സൂ—യത്ര ഗീതം സവിലാസം മന്ദം ഗച്ഛതി സ ഗതിസ്ഥായഃ. ൧൪

ഭാ—ഗീതത്തിൻെറ ഗതി ഏതു സ്ഥായത്തിൽ അതിഭംഗിയോടുകൂടിയും സാവധാനമായും ഇരിക്കുന്നുവോ അതായത് വിളംബിതകാലത്തിലും മനോഹരമായും ഇരിക്കുന്നുവോ അതു ഗതിസ്ഥായം.

സൂ—യത്ര നാദോ വിച്ഛിന്നഃ സ്നിഗ്ധമധുരമാംസളശ്ച സ നാദസ്ഥായഃ. ൧൫

ഭാ—നാദം അക്ഷരംകൊണ്ടോ അന്തംകൊണ്ടോ ഇടമുറിയാത്തവിധത്തിലും സ്നിഗ്ധതയും മാധുര്യവും നിറവുമുള്ളതായും ഇരിക്കുന്നതു നാദസ്ഥായം.

സൂ—യത്ര പുനരസ്ഥാപിതാ ദീർഘതരാശ്ച സ്വരധ്വനയസ്സ ധ്വനിസ്ഥായഃ. ൧൬

ഭാ—സ്വരങ്ങളെ ധ്വനി ചുരുക്കാതെയും ഇടക്കു നിർത്താതെയും അതിദീർഘമായും ഏതു സ്ഥായത്തിൽ പ്രയോഗിക്കുന്നുവോ അതു ധ്വനിസ്ഥായം.

സൂ—യത്ര സുകുമാരതയാ കാന്തിവിശേഷമിവ ഭജന്തേ സ കാന്തിസ്ഥായഃ. ൧൭

ഭാ—സ്വരങ്ങളെ ബലപ്പെടുത്തി പ്രയോഗിക്കാത്തതിനാലും മററുമുണ്ടാകുന്ന കോമളതകൊണ്ടു പ്രത്യേകം ഒരു ശോഭാവിശേഷം പുറപ്പെടുന്നതുപോലെയിരിക്കുന്ന സ്ഥായം കാന്തിസ്ഥായം.

സൂ—യസ്മിൻ രഞ്ജകതാതിശയസ്സ രക്തിസ്ഥായഃ. ൧൮

ഭാ—ഏതൊരു സ്ഥായത്തിലാണോ ഓരോ രാഗത്തിൻെറയും രഞ്ജകതാഗുണത്തിന്ന് ആധിക്യമുണ്ടാകുന്നത് അതു രക്തിസ്ഥായം.

സൂ—യേന നിബദ്ധേനിബദ്ധേവാ രാഗപൂരണം സ ഭരണസ്ഥായഃ. ൯൯

ഭാ—ഗീതങ്ങളിലോ ആലാപങ്ങളിലോ ഏതു സ്ഥായംകൊണ്ടു രാഗം പൂൎണ്ണമായി വരുന്നുവോ അതായത് ഏതു ഭാഗം രാഗപൂൎത്തിയെക്കാണിക്കുന്നുവോ അതു ഭരണസ്ഥായം. ഇതു ന്യാസസ്വരത്തിൽ മാത്രം അവസാനിക്കുന്നതായിരിക്കുമെന്നു സ്പഷ്ടം. ഇതിനു ഭൃതസ്ഥായമെന്നും പേരുണ്ടു്.

സൂ—തദ്വിപരീതോ ധരണസ്ഥായഃ. ൱൦

ഭാ—ഭരണസ്ഥായത്തിന്റെ സ്വഭാവത്തിന്നു വിപരീതമായ സ്വഭാവമുള്ളത്. അതായത് രാഗഗതി പൂൎത്തിയായിക്കഴിഞ്ഞിട്ടില്ലെന്നു കാണിക്കുന്ന സ്ഥായം ധരണസ്ഥായം. ഇതിന്നു ധൃതസ്ഥായമെന്നും പറയാറുണ്ട്. ഈ സ്ഥായം പ്രായേണ വിന്യാസസ്വരത്തിലോ അപന്യാസസ്വരത്തിലോ അവസാനിക്കുന്നതായിരിക്കും.

സൂ—രാഗേ രാഗാന്തരാവയവോംശസ്തദ്രൂപസ്ഥായാ അംശസ്ഥായാഃ. ൱൧

ഭാ—ഒരു രാഗത്തിൽ രഞ്ജനക്കുവേണ്ടി മറെറാരു രാഗത്തിന്റെ ഏതെങ്കിലും ഒരു ഭാഗം ചേൎത്തു പ്രയോഗിക്കുന്നതിന്നാണ് ഇവിടെ അംശമെന്നു പറയുന്നത്. അപ്രകാരം ചേൎത്ത അന്യരാഗഭാഗങ്ങളായ സ്ഥായങ്ങൾക്ക് അംശസ്ഥായങ്ങൾ എന്നു പറയുന്നു. മുമ്പു വിവരിച്ച അന്യരാഗകാകു എന്നതാകട്ടേ പ്രകൃതരാഗത്തിൽതന്നെ അടങ്ങീട്ടുള്ളതും പക്ഷേ അന്യരാഗത്തിലും അതിനോടുതുല്യമായ ഭാഗമുള്ളതിനാൽ ആ അന്യരാഗഭാഗമാണെന്നു പ്രഥമദൃഷ്ടിയിൽ തോന്നിക്കുന്നതുമായ ഭാഗമാണ്. കല്യാണിയിലെ സരിഗാ എന്ന ഭാഗം ചിലപ്പോൾ ശങ്കരാഭരണത്തിലെ ഭാഗമാണോ എന്നു തോന്നിക്കുന്നതുപോലെ എന്നു ചുരുക്കം. ഇവിടെപ്പറഞ്ഞ അംശം എന്നതു പ്രകൃതരാഗത്തിലില്ലാത്തതും രഞ്ജനവൈചിത്ര്യത്തിന്നുവേണ്ടി അന്യരാഗത്തിൽനിന്ന് ഇരന്നുവാങ്ങിക്കെട്ടുന്ന പണ്ടംപോലെ തൽക്കാലത്തേക്കു മാത്രമായി സ്വീകരിച്ചിട്ടുള്ളതുമായ അന്യരാഗത്തിന്റെതന്നെ ഭാഗമാണ്. ഇങ്ങനെ അന്യരാഗകാകുവും അന്യരാഗാംശവും തമ്മിലുള്ള വ്യത്യാസവും ഗ്രഹിച്ചുകൊള്ളുക.

സൂ—സ ചാംശഃ കാരണകാൎയ്യസജാതീയസദൃശവിസദൃശമധ്യസ്ഥഭേദാദ്രാഗാന്തരസ്യ ഷോഢാ. സപ്തമശ്ചാംശാംശഃ. ൱൨

ഭാ—അപ്രകാരം വരുന്ന അന്യരാഗാംശം ആ അന്യരാഗം പ്രകൃതരാഗത്തിന്റെ ജനകരാഗമോ ജന്യരാഗമോ സജാതീയരാഗമോ സദൃശരാഗമോ വിസദൃശരാഗമോ അതു രണ്ടു മല്ലാതെ മധ്യസ്ഥരാഗമോ ആയി വരുന്നതനുസരിച്ചു കാരണാംശം, കാൎയ്യാംശം, സജാതീയാംശം സദൃശാംശം, വിസദൃശാംശം, മധ്യസ്ഥാംശം ഇങ്ങനെ ആറുതരത്തിലും അംശാംശം എന്ന് ഏഴാമതൊരു തരത്തിലുമായി ഏഴുവിധം വരുന്നതാണ്.

സൂ—ജന്യേ പ്രകൃതേ ജനകസ്യാംശഃ കാരണാംശഃ. ൱൩

ഭാ—ജന്യരാഗമാണ് പ്രകൃതമെങ്കിൽ അതിൽ ചേൎക്കുന്ന ജനകരാഗത്തിന്റെ അംശം കാരണാംശമാണ്. കാമോദരിരാഗം മുതലായവയിൽ ഹരികാമോദരിയുടെ അംശം ചേൎക്കുന്നതും ബലഹരി മുതലായതിൽ ശങ്കരാഭരണത്തിന്റെ അംശം ചേൎക്കുന്നതും മററും അതിന്നുദാഹരണം. രാഗാംഗരാഗാംശം ഉപാംഗരാഗത്തിൽ ചേൎക്കുന്നതെന്നു സാരം.

സൂ—ജനകേ ജന്യസ്യാംശഃ കാൎയ്യാംശഃ ൱൪

ഭാ—ജനകരാഗം പ്രകൃതമാണെങ്കിൽ അതിൽ ചേൎക്കുന്ന ജന്യരാഗത്തിന്റെ അംശം കാൎയ്യാംശമാണ്. മുമ്പു കാണിച്ചതിൽനിന്നു നേരേമറിച്ചു ഹരികാമോദരിയിൽ കാമോദരി,

നാട്ടക്കുറഞ്ഞി മുതലായതിന്റെ അംശം ചേക്കുന്നതും ശങ്കരാഭരണത്തിൽ ബലഹരി, ആരഭി മുതലായതിന്റെ അംശം ചേക്കുന്നതും മററും അതിന്നുദാഹരണം.

സൂ—ഏകജന്യാ ഗൌഡത്വാദ്യേകജാതിമന്തസ്സജാതിയാഃ. തേഷ്വേക സ്മിന്നപരാംശസ്സജാതീയാംശഃ. ൮൭

ഭാ—ഒരേരാഗത്തിൽനിന്നു ജന്യങ്ങളും ഗൌഡം മുതലായ ഒരേവഗ്ഗത്തിൽ ചേന്നവയുമായ രാഗങ്ങളാണ് സജാതീയരാഗങ്ങൾ. അവയിൽ പ്രകൃതമായ ഒന്നിൽ മറെറാന്നിന്റെ ഭാഗം ചേക്കുന്നതു സജാതീയാംശമാണ്. കേദാരഗൌഡത്തിൽ നാരായണഗൌഡത്തിന്റെ അംശം ചേക്കുന്നതും മററും ഉദാഹരണം.

സൂ—സദൃശരാഗയോരേകസ്മിന്നന്യസ്യാംശസ്സദൃശാംശഃ. ൮൮

ഭാ—ഏതെല്ലാം രാഗങ്ങളിലാണോ ഒന്നു കേൾക്കുമ്പോൾ മറെറാന്നാണോ എന്ന ഭ്രമം വരികയും ചില പ്രത്യേകഭാഗങ്ങളിൽ മനസ്സിരുത്തിയാൽ മാത്രം വേർതിരിച്ചറിവാൻ സാധിക്കയും ചെയ്യുന്നത് ആ രാഗങ്ങൾ സദൃശരാഗങ്ങളാണ്. അവയിൽ പ്രകൃതമായ ഒരു രാഗത്തിൽ മറെറാന്നിന്റെ ഭാഗം ചേക്കുന്നതു സദൃശാംശമാണ്. ഗുജ്ജരിരാഗത്തിൽ ലളിതരാഗത്തിന്റെ അംശം ചേക്കുന്നതും മററും അതിന്നുദാഹരണം.

സൂ—വിസദൃശരാഗയോരേകസ്മിന്നന്യാംശോ വിസദൃശാംശഃ. ൮൯

ഭാ—പരസ്പരസാദൃശ്യം തോന്നാത്ത രാഗങ്ങളിൽ പ്രകൃതമായ ഒന്നിൽ മറെറാന്നിന്റെ അംശം ചേക്കുന്നതു വിസദൃശാംശമാണ്. ദ്വിജാവന്തിരാഗത്തിൽ സഹനരാഗത്തിന്റെ അംശം ചേക്കുന്നതും മററും ഉദാഹരണം.

സൂ—സാദൃശ്യാസാദൃശ്യഹീനൌ മധ്യസ്ഥൌ. തയോരേകസ്മിന്നന്യാംശോ മധ്യസ്ഥാംശഃ. ൯൦

ഭാ—പരസ്പരം സാദൃശ്യവുമില്ല, തീരെ വിരോധം തോന്നത്തക്കസ്ഥിതിയുമില്ല. അങ്ങനെയുള്ള രണ്ടു രാഗങ്ങളിൽ ഒന്നു മററതിന്നു മധ്യസ്ഥരാഗമാണ്. അവയിൽ പ്രകൃതമായ ഒന്നിൽ മററതിന്റെ അംശം ചേക്കുന്നതു മധ്യസ്ഥാംശമാണ്. മുഖാരിയിൽ ആനന്ദഭൈരവിയുടെ അംശം ചേക്കുന്നതും മററും അതിന്നുദാഹരണം.

സൂ—അംശേംശാന്തരപ്രവേശോംശാംശഃ. ൯൧

ഭാ—ഒരു രാഗത്തിൽ ചേക്കുന്ന അന്യരാഗാംശത്തിന്നുള്ളിൽ മറെറാരു രാഗാംശത്തിന്റെ ഏതാനും ഭാഗവും കൂട്ടിക്കലത്തുന്നതിന്നാണ് അംശാംശം എന്നു പറയുന്നത്. ഇപ്രകാരം അംശസ്ഥായങ്ങൾ കാരണാംശസ്ഥായം, കായ്യാംശസ്ഥായം, സജാതീയാംശസ്ഥായം, സദൃശാംശസ്ഥായം, വിസദൃശാംശസ്ഥായം, മധ്യസ്ഥാംശസ്ഥായം, അംശാംശസ്ഥായം ഇങ്ങനെ ഏഴുവിധമുണ്ട് എന്നു ചുരുക്കം.

സൂ—തദേകാഗ്രതാമാത്രസാധ്യോവധാനസ്ഥായഃ. ൯൨

ഭാ—ഏകാഗ്രമായി അതിൽത്തന്നെ മനസ്സിരുത്തിയാൽ മാത്രം പ്രയോഗിക്കാവുന്നതും മനസ്സ് അല്പം മാറിയാൽ തെററിപ്പോകുന്നതുമായ വിഷമസംഘടനകളെക്കാണിക്കുന്ന സ്ഥായം അവധാനസ്ഥായമാണ്.

സൂ—അത്യായാസേനൈവ യസ്മിൻ ധ്വനിപ്രാചുയ്യം പ്രകാശതേ സോപസ്ഥാനസ്ഥായഃ. ൯൩

ഭാ—അത്യായാസംകൊണ്ടുമാത്രം വേണ്ടേടത്തോളം നാദബാഹുല്യം ലഭിക്കാവുന്ന സ്ഥായത്തിന്ന് അപസ്ഥാനസ്ഥായമെന്നു പേർ. ഇതു ദൂരസ്വരങ്ങളിൽ ത്രിഭിന്നം, വലി മുതലായ ഗമകങ്ങൾ വേണ്ടിവരുന്നേടത്താണ് പ്രായേണ സംഭവിക്കുന്നത്.

സൂ—വിവൃദ്ധ്യന്യൂനാധികതയാ സംസ്ഥാപനം നിഗീതിസ്ഥായഃ. ൯൨

ഭാ—സ്ഥായങ്ങളുടെ പ്രസ്താരത്തിൽ സ്വരങ്ങളെയും കാലമാനത്തെയും വർദ്ധിപ്പിച്ച ക്രമത്തിന്ന് ഏററക്കുറവുവരാതെ ചുരുക്കിക്കൊണ്ടുവന്നവസാനിപ്പിക്കുന്നതിനു നിഗീതിസ്ഥായമെന്നു പേർ. ഇതിന്നു നികൃതിസ്ഥായമെന്നും പറയാറുണ്ട്.

സൂ—നാനാരീതിമിശ്രിതോ വിവിധസ്ഥായഃ. ൯൩

ഭാ—വൈചിത്ര്യത്തിന്നുവേണ്ടി പലതരം രീതികളും കൂട്ടിച്ചേർത്തു ഭംഗിവരുത്തുന്നതിന്നു വിവിധസ്ഥായമെന്നു പേർ.

സൂ—തീവ്രധ്വനിതോ ഝടിതി പ്രശമനമുപശമസ്ഥായഃ. ൯൪

ഭാ—തീവ്രമായ ധ്വനി പുറപ്പെടുവിച്ചതിന്നുശേഷം പെട്ടെന്നു നാദം നിർത്തുന്നത് ഉപശമസ്ഥായമാണ്. താരസ്ഥായിയിൽനിന്നു പെട്ടെന്നു മന്ദ്രസ്ഥായിയിൽ വന്നവസാനിപ്പിക്കുന്നതാണ് ഉപശമസ്ഥായം എന്നും ഒരഭിപ്രായമുണ്ട്.

സൂ—മന്ദ്രമദ്ധ്യതാരേഷ്വവ്യവഹിതപ്രയോഗഃ കാണ്ഡാരണസ്ഥായഃ. ൯൫

ഭാ—മന്ദ്രസ്ഥായിയിലും മദ്ധ്യസ്ഥായിയിലും താരസ്ഥായിയിലും ഒരേമാതിരി സംഗതിതന്നെ ഇടവിടാതെ പ്രയോഗിക്കുന്നതു കാണ്ഡാരണസ്ഥായമാണ്. സ്വരകാണ്ഡങ്ങളായ മന്ദ്രമദ്ധ്യതാരസ്ഥായികളിലെല്ലാം ആരണനം ചെയ്യുന്നത് എന്നു കാണ്ഡാരണശബ്ദത്തിൻെറ അവയവാൎത്ഥം. കൽത്തൂണിന്മേലും മററും കൊത്തിയുണ്ടാക്കുന്ന പലതരം താമരപ്പൂവിന്നാണ് കാണ്ഡാരണമെന്നു പറയുന്നതെന്നും അതുപോലെ സ്വരങ്ങൾ പലതരത്തിലും ഘടിപ്പിച്ചു വൈചിത്ര്യം വരുത്തുന്നതിന്നാണ് കാണ്ഡാരണസ്ഥായമെന്നു പറയുന്നതെന്നും ചിലർ അഭിപ്രായപ്പെടുന്നുണ്ട്. എന്നാൽ ആമാതിരി വൈചിത്ര്യം വരുത്തുന്നതു വിവിധസ്ഥായത്തിലുൾപ്പെടുന്നതിനാൽ അവരുടെ അഭിപ്രായം സ്വീകാൎയ്യമല്ലെന്നറിഞ്ഞുകൊൾക.

സൂ—സരളകോമളസ്വരാണാം ക്രമാദതിസൂക്ഷ്മനാദതാനയനം നിർജ്ജവനസ്ഥായഃ. ൯൬

ഭാ—സരളങ്ങളും തീവ്രതയില്ലാത്തവയുമായ മന്ദ്രസ്ഥായിസ്വരങ്ങളുടെയോ മദ്ധ്യസ്ഥായിസ്വരങ്ങളുടേയോ നാദത്തെ ക്രമത്തിൽ ചുരുക്കിച്ചുരുക്കി അതിസൂക്ഷ്മമാക്കുന്നതു നിർജ്ജവനസ്ഥായമാണ്. ശാരീരത്തിൽ ശ്വാസം നിർത്തിപ്പാടിക്കൊണ്ടു നാദത്തെ ക്രമത്തിൽ സൂക്ഷ്മമാക്കുന്നതും നിർജ്ജവനസ്ഥായംതന്നെ.

സൂ—സ്വരാണാം ശൈഥില്യപരിഹാരേണ പ്രയോഗോ ഗാഢസ്ഥായഃ.

ഭാ—സ്വരനാദങ്ങളെ ശിഥിലത അതായത് പരസ്പരം അയവുവരാതെ കട്ടിയാക്കി ചേൎക്കുന്നതുപോലെ ദൃഢമാക്കി പ്രയോഗിക്കുന്നതു ഗാഢസ്ഥായമാണ്.

സൂ—ഗാഢതാശൈഥില്യയോസ്സങ്കലനം ലളിതഗാഢസ്ഥായഃ. ൯൮

ഭാ—സ്വരങ്ങൾക്കു ഗാഢതയും ശൈഥില്യവും ഇടകലൎത്തി പ്രയോഗിക്കുന്നതു ലളിതഗാഢസ്ഥായം. താരസ്ഥായിസ്വരങ്ങളെ തീവ്രതാഗുണം കുറച്ചു ലളിതമാക്കി പ്രയോഗിക്കുന്നതാണ് ലളിതഗാഢസ്ഥായമെന്നും ഒരു പക്ഷമുണ്ട്.

സൂ—ഗാഢതായാഃ ക്രമേണ ശൈഥില്യാനയനം ലളിതസ്ഥായഃ. ൯൯

ഭാ—ഗാഢതയിൽ തുടങ്ങി ക്രമത്തിൽ ശൈഥില്യത്തിലേക്കു കൊണ്ടുവരുന്നതു ലളിതസ്ഥായം.

സൂ—സവിലാസമിവ ശിഥിലതയാ സ്വരയോഗോ ലുളിതസ്ഥായഃ. ൧൦൦

ഭാ—വിലാസത്തോടുകൂടിയ വിധത്തിൽ, എന്നു വെച്ചാൽ സ്ത്രീകളുടെ ശൃംഗാര ചേഷ്ടയോ എന്നു തോന്നത്തക്കവിധം മാത്രവത്തോടുകൂടിയ വിധത്തിൽ സ്വരങ്ങളെ ശിഥിലമാക്കി പ്രയോഗിക്കുന്നതു ലുളിതസ്ഥായം.

സൂ—വേഗവിളംബരഹിതഃ സ്വരയോഗസ്സമസ്ഥായഃ. ൧൦൧

ഭാ—ദ്രുതകാലത്തിലോ വിളംബിതകാലത്തിലോ അല്ലാതെ സ്വരങ്ങളെ ചേൎത്തു പ്രയോഗിക്കുന്നതു സമസ്ഥായം.

സൂ—മന്ദ്രസ്ഥാനേതികോമളസ്വരയോഗഃ കോമളസ്ഥായഃ. ൧൦൨

ഭാ—മന്ദ്രസ്ഥായിയിൽ അതിമാത്രവത്തോടുകൂടിയുള്ള സ്വരപ്രയോഗത്തിനു കോമളസ്ഥായമെന്നു പറയുന്നു. ഇതിന്നു് അപഖല്ലസ്ഥായമെന്നും ഒരു പേരുണ്ടു്.

സൂ—വിസ്തീൎണ്ണസ്വരയോഗഃ പ്രസൃതസ്ഥായഃ. ൧൦൩

ഭാ—സ്വരങ്ങളെ വിളംബിതകാലത്തിൽ നാദവിച്ഛേദം കൂടാതെ പ്രയോഗിക്കുന്നതു പ്രസൃതസ്ഥായമാണു്. സ്ഥാപനാസ്ഥായത്തിൽ സ്വരങ്ങളെ നാദവിച്ഛേദത്തോടുകൂടി നിൎത്തി നിൎത്തിക്കൊണ്ടു പോകണം. അതു വിളംബിതത്തിലും മദ്ധ്യത്തിലും വരികയും ചെയ്യും. ധ്വനിസ്ഥായത്തിൽ മദ്ധ്യകാലമായിരിക്കണം. ഇങ്ങനെ തമ്മിൽ ഭേദം.

സൂ—പ്രസാൎയ്യ കുഞ്ചിതധ്വനിഃ പ്രസൃതകുഞ്ചിതസ്ഥായഃ. ൧൦൪

ഭാ—ദീൎഘമായ ധ്വനിക്കുശേഷം അതു ക്രമത്തിൽ ചുരുക്കി അവസാനിപ്പിക്കുന്നതു പ്രസൃതകുഞ്ചിതസ്ഥായം. ഇതു് അധികവും ആലാപത്തിലാണു് വരുന്നതു്.

സൂ—രൂക്ഷതാഹീനസ്വരയോഗഃ സ്നിഗ്ദ്ധസ്ഥായഃ. ൧൦൫

ഭാ—കേൾക്കുമ്പോൾ രൂക്ഷത തോന്നാത്തവിധത്തിൽ സ്വരങ്ങളെ ദ്രുതകാലത്തിൽ ഇണക്കി പ്രയോഗിക്കുന്നതു സ്നിഗ്ദ്ധസ്ഥായമാണു്.

സൂ—താരസ്ഥാനേ ദീപ്ത്യാ പ്രയുക്തസ്ഫുരിതയുക്തശ്ചോക്ഷസ്ഥായഃ. ൧൦൬

ഭാ—താരസ്ഥായിയിൽ ഉജ്വലമായിട്ടും സ്ഫുരിതം, ത്രിഭിന്നം മുതലായ ഗമകത്തോടുകൂടിയും പ്രയോഗിക്കുന്ന സ്വരയോഗം ചോക്ഷസ്ഥായം.

സൂ—പൂൎവ്വാനുഗുണതയാ പ്രയുക്തോ ദ്വിതീയ ഉചിതസ്ഥായഃ. ൧൦൭

ഭാ—ഒരു സ്ഥായം പ്രയോഗിച്ചതിന്നുശേഷം അതിന്റെ ആകൃതിവിശേഷത്തിന്നും ഗതിവിശേഷത്തിന്നും ഉചിതമായവിധത്തിൽ ശ്രോതൃചിത്തത്തെ രഞ്ജിപ്പിക്കത്തക്കവിധം ചേൎത്തിണക്കുന്ന പിന്നത്തെ സ്ഥായത്തിന്നു് ഉചിതസ്ഥായമെന്നു പേർ. രണ്ടുസ്ഥായങ്ങളും തമ്മിലിണങ്ങുന്ന ഭാഗം ഉചിതസ്ഥായമെന്നു താല്പൎയ്യം.

സൂ—പൂൎത്ത്യൎത്ഥം പൂൎവ്വാപേക്ഷി ദ്വിതീയോപേക്ഷിതസ്ഥായഃ. ൧൦൮

ഭാ—മുമ്പു പ്രയോഗിച്ച സ്ഥായത്തെക്കൂടി ആദ്യത്തിലോ ഒടുവിലോ ചേൎത്താൽമാത്രം സ്ഥായപൂൎത്തിവരുന്ന രണ്ടാമത്തെ സ്ഥായം അപേക്ഷിതസ്ഥായം. പൂൎവ്വസ്ഥായം അംശമായിട്ടുള്ള സ്ഥായം അപേക്ഷിതസ്ഥായമെന്നൎത്ഥം.

സൂ—യഥായഥം മിശ്രണാന്മിശ്രസ്ഥായഃ. ൧൦൯

ഭാ—മേൽപ്പറഞ്ഞ സ്ഥായങ്ങളിൽ രണ്ടോ മൂന്നോ യുക്തംപോലെ ചേൎത്ത ഒരു സ്ഥായത്തിന്റെ നിലയിൽ പ്രയോഗിക്കുന്നതു മിശ്രസ്ഥായം. എങ്ങനെയെന്നാൽ ശബ്ദ സ്ഥായവും ഠാലസ്ഥായവും ചേൎന്നു ശബ്ദഠാലസ്ഥായം എന്ന മിശ്രസ്ഥായം. ഠാലവും വഹനിയും ചേൎന്നു ഠാലവഹനീസ്ഥായം എന്നീ മാതിരിയിലെന്നൎത്ഥം. ഓരോ സ്ഥായത്തിലും ഗമകങ്ങൾ ചേരുന്നതാകട്ടേ സ്ഥായസ്വരൂപത്തെയും ഗമകസ്വഭാവത്തെയും അനുസരിച്ചു യുക്തംപോലെയായിരിക്കുന്നതാണെന്നും ഗ്രഹിച്ചുകൊൾക.

സൂ—ഏതേഷ്വാദിതോ ദശ സ്വരൂപഭേദഭിന്നാഃ. അന്യേ ഗുണഭിന്നാഃ. ൮൮൦

ഭാ—ഈ സ്ഥായങ്ങളിൽ ആദ്യം മുതൽ പത്തു സ്ഥായങ്ങൾ അതായത് ശബ്ദസ്ഥായം മുതൽ തീക്ഷ്ണസ്ഥായംവരെ പറഞ്ഞ പത്തും ഓരോന്നിന്റെയും സ്വരൂപഭേദത്താൽ തന്നെ പരസ്പരം വ്യത്യാസമുള്ളവയാണ്. ശേഷം മിക്കതും ഓരോന്നിന്റെ പ്രധാനഗുണം അടിസ്ഥാനമാക്കി മാത്രം വ്യത്യാസപ്പെട്ടുന്നവയുമാണ്.

സൂ—ശാർങ്ഗദേവാസ്തു സ്ഥായാനാം ഷണ്ണവതിം പ്രദശ്യ തേഷാമാനന്ത്യമാഹുഃ. ൮൮൧

ഭാ—രത്നാകരകാരനായ നിശ്ശങ്കശാർങ്ഗദേവൻ പ്രസിദ്ധങ്ങളും ഈഷൽപ്രസിദ്ധങ്ങളുമായ തൊണ്ണൂററാറു സ്ഥായങ്ങളെ വിവരിച്ചതിനുശേഷം അവ അസംഖ്യങ്ങളായിട്ടുണ്ടെന്നു പറയുന്നു. ഇവിടെ നാല്പതെണ്ണം കാണിച്ചതു സ്ഥായങ്ങളുടെ സ്വരൂപഭേദങ്ങളും ഗുണഭേദങ്ങളും അറിവാനുള്ള മാൎഗ്ഗപ്രദൎശനം മാത്രമാണെന്നും അതനുസരിച്ചുതന്നെ സ്ഥായങ്ങൾ അനന്തങ്ങളായി വരുമെന്നറിയേണ്ടതാണെന്നും താല്പൎയ്യം.

സൂ—വെങ്കടാധ്വരിണസ്തു യംകമപി സ്വരം സ്ഥായിനം കൃത്വാ തതസ്തദുത്തരഗതേഷു പൂൎവ്വഗതേഷു ച ചതുൎഷു സ്വരേഷു ക്രമേണ പൃഥഗാരുഹ്യാവരുഹ്യ ച താനാഷ്ടകം പ്രദശ്യ പുനസ്തമാരഭ്യ മധ്യഷഡ്ജേ ന്യാസമപി രാഗഭേദഭിന്നം കഞ്ചന സ്ഥായമാഹുഃ. ൮൮൨

ഭാ—വെങ്കടമഖിയാകട്ടേ രാഗഭേദത്തെ അടിസ്ഥാനമാക്കി ഒരുതരം സ്ഥായത്തെപ്പറയുന്നുണ്ട്. അതിന്റെ സ്വരൂപം ഇങ്ങനെയാണ്. രാഗത്തിന്റെ സ്വഭാവമനുസരിച്ച് ഏതെങ്കിലും ഒരു സ്വരത്തെ സ്ഥായിസ്വരമാക്കി ആ സ്വരത്തിനു മേലെ അതാതുരാഗമനുസരിച്ചു വരുന്ന നാലു സ്വരങ്ങളിൽ ക്രമത്തിൽ ഓരോന്നോരോന്നധികമായിട്ടുള്ളവിധം നാലു താനങ്ങൾ കാണിക്കുക. പിന്നെ ആ സ്ഥായിസ്വരത്തിനു കീഴേയുള്ള നാലു സ്വരങ്ങളിലും അപ്രകാരം നാലു താനങ്ങൾ കാണിക്കുക. അതിനുശേഷം ആ സ്ഥായിസ്വരത്തിൽനിന്നാരംഭിച്ചു മധ്യസ്ഥായിഷഡ്ജത്തിൽ ന്യസിക്കുക. എങ്ങനെയെന്നാൽ ഗാന്ധാരത്തെ സ്ഥായിസ്വരമാക്കിക്കല്പിച്ചിരിക്കുന്നുവെന്നു വെക്കുക. എന്നാൽ ഗമ, ഗമപ, ഗമപധ, ഗമപധനി ഇങ്ങനെ ആരോഹരൂപത്തിലും ഗരി, ഗരിസ, ഗരിസനി, ഗരിസനിധ ഇങ്ങനെ അവരോഹരൂപത്തിലും നന്നാലു താനങ്ങൾ കാണിച്ചു ഗരിസാ എന്നു ന്യാസം ചെയ്യു എന്നൎത്ഥം. ഇതു രാഗഭേദമനുസരിച്ചു വിഭിന്നമായിട്ടുള്ള സ്ഥായം അല്ലെങ്കിൽ ഠായമാണ്. എന്നെല്ലാമാണ് ആ ഗ്രന്ഥകാരന്റെ മതം.

സൂ—വസ്തുതസ്തു ഗമകസ്ഥായാധികരണസ്യാലാപനസ്യൈവ രൂപേഷ്വയമന്തൎഭവതീത്യവധേയം. ൮൮൩

ഭാ—എന്നാൽ വസ്തുസ്ഥിതിയനുസരിച്ചു നോക്കുമ്പോൾ ഓരോതരം ഗമകങ്ങൾക്കാശ്രയങ്ങളായ സ്ഥായങ്ങൾക്കും ആശ്രയമായിരിക്കുന്ന രാഗാലാപനത്തിന്റെ ഒരു വ്യവസ്ഥിതസ്വരൂപം മാത്രമാണ് മേൽപ്പറഞ്ഞ സംഗതിയെന്നുള്ളതിനാൽ അതു സ്ഥായമായി ഗ്ഗണിക്കുന്നതു യുക്തമല്ലെന്നറിഞ്ഞുകൊൾക.

ഇനി ആലപ്തിയെപ്പററിപ്പറയുന്നു.

സൂ—രാഗസ്യാലാപനമീഷൽപ്രകടീകരണമാലപ്തിഃ. ൧൧൪

ഭാ—ആലപ്തിയെന്നത് രാഗത്തിന്റെ ആലാപനമാണ്. അതായത് അതാതു രാഗത്തിന്നുള്ള മേളത്തെ അവലംബിച്ചു യുക്തംപോലെയുള്ള അംശാദിസ്വരങ്ങളെ കാണിച്ചും ഉചിതങ്ങളായ ഗമകങ്ങളും സ്ഥായങ്ങളും സ്വീകരിച്ചും ഓരോ രാഗത്തെ ഏതാനും സ്പഷ്ടമാക്കിത്തീക്കുകയാണെന്നത്ഥം.

സൂ—സാ ത്രിവിധാ, രാഗാലപ്തിരൂപകാലപ്തികടകാലപ്തിഭേദാൽ. ൧൧൫

ഭാ—അങ്ങനെയുള്ള ആലപ്തി രാഗാലപ്തി, രൂപകാലപ്തി, കടകാലപ്തി ഇങ്ങനെ മൂന്നുതരത്തിലുണ്ട്. അതിൽ രാഗവിശേഷത്തെ മാത്രം കാണിക്കുന്നതു രാഗാലപ്തി. രാഗത്തോടുകൂടി നിബദ്ധരൂപങ്ങളായ ഗീതം, കീത്തനം മുതലായതിന്റെ ആലപ്തി രൂപകാലപ്തി. ഓരോരാഗത്തിന്നനുസരിച്ചു പ്രയോഗിക്കുന്ന താനവിശേഷങ്ങൾക്കാണ് കടകങ്ങളെന്നു പറയുന്നത്. അവയുടെ ആലപ്തി കടകാലപ്തി. രാഗങ്ങൾ അനിബദ്ധങ്ങളെന്നും നിബദ്ധങ്ങളെന്നും രണ്ടുവിധത്തിൽ വരുമെന്നും അതിൽ പ്രത്യേകസ്വരൂപം വ്യവസ്ഥിതമാക്കീട്ടില്ലാതെ രാഗത്തെ മാത്രം കാണിക്കുന്നത് അനിബദ്ധവും സ്വരൂപം വ്യവസ്ഥാപിതമായിട്ടുള്ള ഗീതകീത്തനാദികൾ നിബദ്ധവുമാണെന്നും മേലിൽ പറയും. അതിനാൽ അനിബദ്ധാലപ്തി, നിബദ്ധാലപ്തി ഇങ്ങനെ രാഗാലപ്തി ചുരുക്കത്തിൽ രണ്ടുവിധം. അതിൽ അനിബദ്ധാലപ്തി രാഗാലപ്തി, കടകാലപ്തി എന്നു രണ്ടുവിധം. നിബദ്ധത്തിന്നുള്ള പയ്യായമാണ് രൂപകമെന്നത്. ഇങ്ങനെ ആലപ്തി വിഷയഭേദമനുസരിച്ചു മൂന്നുവിധത്തിലുണ്ട് എന്നു താൽപയ്യം.

സൂ—തത്രാനപേക്ഷിതവസ്തുബന്ധാ ചതുസ്സ്വസ്ഥാനലക്ഷണാ രാഗാലപ്തിഃ. ൧൧൬

ഭാ—അവയിൽ രാഗാലപ്തി എന്നത് ഗീതം, കീത്തനം, പദം, പ്രബന്ധം മുതലായി സ്വരൂപം വ്യവസ്ഥിതമാക്കീട്ടുള്ള വസ്തുബന്ധത്തിന്റെ അപേക്ഷയില്ലാത്തതും നാലു സ്വസ്ഥാനങ്ങൾ ചേന്നിരിക്കയെന്ന സ്വരൂപത്തോടുകൂടിയതുമാണ്.

സ്വസ്ഥാനമെന്നാൽ ഇന്നതെന്നു പറയുന്നു.

സൂ—ആലാപനാംശവിശ്രാന്തിസ്ഥാനം സ്വസ്ഥാനം. ൧൧൭

ഭാ—രാഗാലപ്തിയുടെ അംശമായിട്ടുള്ള അവാന്തരഭാഗം അവസാനിക്കുന്ന സ്ഥാനത്തിന്നാണ് സ്വസ്ഥാനമെന്നു പറയുന്നത്. അതിനാൽ അപ്രകാരമുള്ള നാലു ഭാഗങ്ങൾ രാഗാലപ്തിയിലുണ്ടായിരിക്കുമെന്ന് അത്ഥസിദ്ധമായി.

ആദ്യത്തെ സ്വസ്ഥാനത്തിന്റെ സ്വരൂപം വിവരിക്കുന്നു.

സൂ—രാഗസ്യ യം കഞ്ചിദംശസ്വരം സ്ഥായിനം ജീവസ്വരം കൃത്വാ ദ്ധ്യദ്ധസംജ്ഞാത്തുരീയാൽ പൂവ്വേഷു യഥാ സംസ്കരിതകമ്പിതാദികം വിധായ സ്ഥായിനി ന്യാസേ പ്രഥമം മുഖചാലാഖ്യം സ്വസ്ഥാനം. ൧൧൮

ഭാ—ഏതു രാഗം ആലാപിക്കാൻ തുടങ്ങുമ്പോ ആ രാഗത്തിന്നുള്ള ഏതെങ്കിലും അംശസ്വരത്തെ ആദ്യമായി അവലംബിക്കുക. അങ്ങനെയുള്ള സ്വരത്തിന്നു സ്ഥായിസ്വരമെന്നും

ജീവസ്വരമെന്നും പറയുന്നു. അതിന്നു മേൽ നാലാമത്തെ സ്വരത്തിന്നു ദ്വ്യർദ്ധസ്വരമെന്നുപേർ. എട്ടാമത്തെ സ്വരം ദ്വിഗുണസ്വരമാണ് എന്നു വെച്ചാൽ സ്ഥായിയായി സ്വീകരിച്ച സ്വരത്തിന്നു ഹേതുവായ പരികമ്പസംഖ്യയുടെ ഇരട്ടിപ്പരികമ്പങ്ങൾ ഒരു നിമേഷത്തിൽ ഉണ്ടായാൽ മാത്രം പുറപ്പെടുന്ന സ്വരമാകയാൽ ദ്വിഗുണഹേതുകസ്വരമെന്നതു ചുരുക്കി ദ്വിഗുണസ്വരമെന്ന് എട്ടാമത്തെ സ്വരത്തിന്നു പറഞ്ഞുവരുന്നുവെന്നർത്ഥം. മന്ദ്രസ്ഥായിയിലെ ഓരോ സ്വരത്തിന്നും മദ്ധ്യസ്ഥായിയിലേ അതാതു സ്വരവും അവയിലോരോന്നിന്നും താരസ്ഥായിയിലേ അതാതു സ്വരവും ദ്വിഗുണസ്വരമാണെന്നു താൽപര്യം. ദ്വിഗുണസ്വരമായ എട്ടാമത്തേതിൻെറ അർദ്ധത്തിൽ വരുന്ന നാലാമത്തെ സ്വരത്തിന്നു ദ്വിഗുണാർദ്ധസ്വരം എന്നതു ചുരുക്കി ദ്വ്യർദ്ധസ്വരമെന്നും പറയുന്നു. ആ ദ്വ്യർദ്ധസ്വരത്തിൻെറ മുമ്പുള്ള സ്വരങ്ങളിലും സ്ഥായിസ്വരത്തിലുമായി സ്ഫുരിതം, കമ്പിതം മുതലായ ഗമകങ്ങൾ വീണ്ടും വീണ്ടും പ്രയോഗിച്ചു സ്ഥായിസ്വരത്തിൽ ന്യാസം ചെയ്തവസാനിപ്പിക്കുക. ഏതു രാഗത്തിൽ ദ്വ്യർദ്ധസ്വരത്തിന്നു മുമ്പിൽ ഏതെങ്കിലും സ്വരം വർജ്ജ്യമായിരിക്കുന്നുവോ അതിൽ സ്ഥായിസ്വരത്തിന്നു മുമ്പുള്ള ഒന്നോ രണ്ടോ സ്വരത്തെ സ്വീകരിച്ച് അവയെക്കൂടി ചേർത്തു മേൽപ്രകാരം ഗമകങ്ങളോടുകൂടിയ സ്ഥായങ്ങൾ പ്രയോഗിച്ചു സ്ഥായിസ്വരത്തിൽ ന്യസിക്കേണ്ടതാണ്. എന്തുകൊണ്ടെന്നാൽ ഒന്നോ രണ്ടോ സ്വരങ്ങളിൽ മാത്രമായി രാഗവിശേഷം സ്ഫുരിക്കുവാൻ പ്രയാസമാണ്. മേൽപ്രകാരം ഒന്നാമതായി രാഗവിശേഷത്തെ സ്ഫുരിപ്പിക്കുന്ന പ്രയോഗത്തിന്നു മുഖചാലം എന്നു പേർ പറയുന്നു. അതാണ് ആദ്യത്തെ സ്വസ്ഥാനം. മുഖചാലശബ്ദത്തിന്നു പ്രാരംഭചലനമെന്നർത്ഥം. സ്വരങ്ങൾ രാഗമായിത്തീരാനുള്ള ആദ്യത്തെ ചലനമെന്നു താൽപര്യം.

സൂ—ദ്വ്യർദ്ധസ്വരമപ്യഭിവ്യാപ്യ തഥാ വിധായ സ്ഥായിനി ന്യസനം ദ്വിതീയം സ്വസ്ഥാനം. ൧൯൯

ഭാ—സ്ഥായിസ്വരത്തിൽനിന്നു നാലാമത്തേതായ ദ്വ്യർദ്ധസ്വരത്തെയുംകൂടി ചേർത്ത് അവയിൽ മേൽപ്രകാരം ഓരോതരം ഗമകങ്ങൾ പ്രയോഗിച്ചു സ്ഥായിസ്വരത്തിൽ വീണ്ടും ന്യസിക്കുന്നതു രണ്ടാമത്തെ സ്വസ്ഥാനം. ഇതിലും യുക്തംപോലെ സ്ഥായിസ്വരത്തിന്നു മുമ്പുള്ള സ്വരത്തെയും സ്വീകരിക്കേണ്ടതാണ്. ഈ സ്വസ്ഥാനത്താൽ രാഗവിശേഷം കുറച്ചുകൂടി പ്രകാശിക്കുന്നു.

സൂ—ദ്വ്യർദ്ധാദുപരി ദ്വിഗുണാദ്ധ്യാദഷ്ടമാദധശ്ച സ്ഥിതാ അർദ്ധസ്ഥിതസ്വരാഃ. തേഷ്വപി തഥാ ചാലയിത്വാ സ്ഥായിനി ന്യസനം തൃതീയം. ൨൦൦

ഭാ—ദ്വ്യർദ്ധസ്വരത്തിന്നു മേലെയും ദ്വിഗുണസ്വരമെന്നു പേരുള്ള എട്ടാമത്തെ സ്വരത്തിന്നു താഴെയും ഉള്ള സ്വരങ്ങൾക്ക് അർദ്ധസ്ഥിതസ്വരങ്ങളെന്നു പറയുന്നു. സ്ഥായിസ്വരവും അതിൻെറ ദ്വിഗുണസ്വരവും തമ്മിലുള്ള അന്തരത്തെ രണ്ടായി ഭാഗിച്ചാൽ അതിലെ ഉത്തരാർദ്ധത്തിൽ സ്ഥിതങ്ങളായ സ്വരങ്ങൾ എന്നർത്ഥം. ആ അർദ്ധസ്ഥിതസ്വരങ്ങളിൽകൂടി ഓരോതരം ഗമകങ്ങളും സ്ഥായങ്ങളും പ്രയോഗിച്ചു വീണ്ടും സ്ഥായിയിൽ ന്യസിക്കുന്നതാണ് മൂന്നാമത്തെ സ്വസ്ഥാനം. ഇതിൽ സ്ഥായിപൂർവ്വസ്വരത്തെ സ്വീകരിക്കണമെന്നില്ല. സ്വീകരിക്കുന്നതിന്നു വിരോധവുമില്ല.

സൂ—ദ്വിഗുണമപ്യഭിവ്യാപ്യ തഥാ ചാലയിത്വാ സ്ഥായിനി ന്യസനം ചതുർത്ഥം. ൨൦൧

ഭാ—എട്ടാമത്തേതായ ദ്വിഗുണസ്വരത്തെയുംകൂടിച്ചേൎത്തു സ്ഥായി മുതൽക്ക് അവയിലെല്ലാം മേൽപ്രകാരം ഗമകസ്ഥായങ്ങൾ പ്രയോഗിച്ച് ക്രമത്തിൽ സ്ഥായിസ്വരത്തിൽത്തന്നെ വന്നു ന്യസിക്കുന്നതു നാലാമത്തെ സ്വസ്ഥാനം. ഇവിടെ ദ്വിഗുണമെന്നു പറഞ്ഞിട്ടുള്ളത് അതിന്നുമേലെയുള്ള സ്വരങ്ങളുടേയും ഉപലക്ഷണമാണ്. അതിനാൽ ദ്വിഗുണസ്വരത്തിന്നു മേലുള്ള രണ്ടോ മൂന്നോ സ്വരങ്ങളെയുംകൂടി ഈ നാലാമത്തെ സ്വസ്ഥാനത്തിൽ യുക്തംപോലെ ചേൎക്കുന്നതിന്നു വിരോധമില്ലെന്നറിഞ്ഞുകൊൾക.

ഇങ്ങനെ സ്വസ്ഥാനങ്ങളുടെ സ്വരൂപം വിവരിച്ചതിന്നുശേഷം അതിന്നു മേൽ പ്രയോഗിക്കേണ്ട രാഗസ്ഥാപനയുടെ സ്വരൂപം വിവരിക്കുന്നു.

സൂ—അഥ ച ജീവസ്വരവ്യാപനപ്രധാനൈൎവ്വിചിത്രൈരല്പാല്പൈശ്ച തുരഗമകയുക്തൈഃ സ്ഥായൈഃ സ്ഥായിന്യസ്തൈ രാഗസ്ഥാപനാ. ൧൨൨

ഭാ—മേൽപ്രകാരം നാലു സ്വസ്ഥാനങ്ങൾ പ്രയോഗിച്ചതിന്നുശേഷം രഞ്ജകങ്ങളായ ഗമകങ്ങളടങ്ങിയവയും സ്ഥായിസ്വരമായ രാഗാംശസ്വരത്തിൽ പല തവണയും വ്യാപിച്ചവയും അതായത് അംശസ്വരത്തെ ഇടക്കിടക്കു കാണിക്കുന്നവയുമായ ചെറിയ ചെറിയ സ്ഥായങ്ങൾ ഭംഗിയുണ്ടാകുന്നവിധം വൈചിത്ര്യത്തോടുകൂടി പ്രയോഗിച്ച് സ്ഥായിസ്വരത്തിൽ ന്യസിക്കുക. ഇതിന്നു രാഗസ്ഥാപന എന്നു പറഞ്ഞുവരുന്നു. ജീവസ്വരവ്യാപനപ്രധാനൈഃ എന്ന അംശത്താൽ സ്ഥായിസ്വരത്തിന്നടുത്തുള്ള സ്വരങ്ങളെച്ചേൎത്താണ് ഈ ചെറിയ സ്ഥായങ്ങൾ അധികവും പ്രയോഗിക്കേണ്ടതെന്നും മററു സ്വരങ്ങളെ ചേൎക്കുന്നതായാലും അവയിൽ അധികം വൈചിത്ര്യം കാണിച്ചുനില്ക്കാതെ ഉടനെ സ്ഥായിസ്വരത്തിലെത്തണമെന്നും കാണിച്ചിരിക്കുന്നു. അങ്ങനെ പ്രയോഗിക്കുന്ന ചെറിയ സ്ഥായങ്ങളിൽ ചിലതു മററു രാഗങ്ങളിലും സാധാരണമായി വരുന്നതിനാൽ ആ അംശംകൊണ്ടു പ്രകൃതരാഗം അല്പം മറഞ്ഞുവരികയും സ്ഥായിസ്വരം ഇടക്കിടക്കു വരുന്നതിനാൽ വീണ്ടും തെളിഞ്ഞു വരികയും ഒടുവിൽ സ്ഥായിന്യാസംകൊണ്ടു സ്ഥാപിതമാകയും ചെയ്യുന്നതനുസരിച്ച് ഇതിന്നു രാഗസ്ഥാപന എന്നു പേർപറയുന്നുവെന്നു താൽപൎയ്യം.

ഇനി രൂപകാലപ്തിയുടെ സമ്പ്രദായം കാണിക്കുന്നു.

സൂ—രൂപകസ്യ തദ്ഗതരാഗതാളാഭ്യാമാലാപനം രൂപകാലപ്തിഃ. ൧൨൩

ഭാ—നിബദ്ധമായ ഗീതം കീൎത്തനം മുതലായത് അതാതിന്നു നിബന്ധനകൎത്താവ് ഏൎപ്പെടുത്തീട്ടുള്ള രാഗത്തോടുംതാളത്തോടുംകൂടി ആലാപനം ചെയ്യുന്നതിന്നാണ് രൂപകാലപ്തിയെന്നു പറയുന്നത്.

സൂ—സാ ദ്വിവിധാ പ്രതിഗ്രഹണി ഭഞ്ജനി ചേതി. ൧൨൪

ഭാ—ആ രൂപകാലപ്തി പ്രതിഗ്രഹണി, ഭഞ്ജനി ഇങ്ങനെ രണ്ടുതരത്തിൽ പ്രസിദ്ധമായിട്ടുണ്ട്. രൂപകത്തെ പ്രതിഗ്രഹിക്കമാത്രം ചെയ്ത് അതിന്നു വ്യവസ്ഥിതമായ രീതിയിൽ പാടുന്നതു പ്രതിഗ്രഹണി. രൂപകത്തെ അംശമാക്കി ഭഞ്ജനം ചെയ്തു പാടുന്നതു ഭഞ്ജിനി. ഇങ്ങനെ ആ ശബ്ദങ്ങളുടെ അവയവാൎത്ഥം.

സൂ—രാഗാലപ്തിസ്ഥായം ഗീത്വാ രൂപകാംഗസ്യ പ്രതിഗ്രഹണേ പ്രതിഗ്രഹണീ. ൧൨൫

ഭാ—രാഗാലപ്തിക്കുള്ള ആദ്യത്തെ സ്വസ്ഥാനമായ മുഖചാലം രൂപകത്തിന്നു യോജിച്ച താളകാലപ്രമാണത്തിൽ പാടിയതിന്നുശേഷം ഗീതകീൎത്തനാദി പ്രബന്ധത്തിന്റെ ആദ്യഭാഗം സ്വീകരിച്ചു ക്രമത്തിൽ പാടുന്നതു പ്രതിഗ്രഹണിയാണ്.

സൂ—ഭഞ്ജനി തു സ്ഥായഭഞ്ജനീ രൂപകഭഞ്ജനീ ചേതി ദ്വിധാ. ൧൨൩

ഭാ—ഭഞ്ജനിയാകട്ടേ, സ്ഥായഭഞ്ജനി രൂപകഭഞ്ജനി ഇങ്ങനെ രണ്ടുമാതിരിയില്യുണ്ട്'. പ്രബന്ധത്തിൻെറ ഒരു ഭാഗത്തെ മാത്രം ഭഞ്ജനം ചെയ്തു പാടുന്നതായാൽ അതു സ്ഥായഭഞ്ജിനി. എല്ലാ ഭാഗങ്ങളും ഭഞ്ജനം ചെയ്തു പാടുന്നതായാൽ അതു രൂപകഭഞ്ജനി.

സൂ—വിദാര്യംഗപദമാനമനുസൃത്യ രൂപകാവയവസ്യ വിചിത്രതയാ മുഹുരാവർത്തനേ സ്ഥായഭഞ്ജനീ. ൧൨൪

ഭാ—വിദാരി എന്നതു കീർത്തനാദികളിൽ പല്ലവം, അനുപല്ലവം മുതലായതിലെ രണ്ടാമത്തെ ഭാഗത്തിന്ന് അതായത് വിരാമത്തെ കാണിക്കുന്നതും മുക്തായിയെന്നു ഭാഷയിൽ പറഞ്ഞുവരുന്നതുമായ ഭാഗത്തിന്നു പ്രത്യേകമായും പല്ലവഭാഗത്തിന്നെല്ലാം പൊതുവായും ഉള്ള സംജ്ഞയാണ്'. ഇവിടെ അംഗശബ്ദം ചേർത്തിട്ടുള്ളതിനാൽ പല്ലവഭാഗം എന്നർത്ഥം. പല്ലവഭാഗത്തിലുള്ള അംഗമായ പദത്തിന്ന് അതായത് ആദ്യഭാഗത്തിന്നോ രണ്ടാമത്തെ ഭാഗത്തിന്നോ ഉള്ള താളകാലപ്രമാണമനുസരിച്ചു രൂപകത്തിലെ ഏതെങ്കിലും ഭാഗത്തെ ഗായകൻെറ പ്രതിഭാവിശേഷത്താൽ പലതരം വൈചിത്ര്യത്തോടുകൂടി ആവർത്തിച്ചാവർത്തിച്ച്', എന്നു വെച്ചാൽ പല സംഗതികളും ചേർത്തു പാടുന്നതു സ്ഥായഭഞ്ജനിയാണ്'.

സൂ—തൽപദമാനേന സർവ്വേഷാമപി രൂപകാവയവാനാം വിചിത്രതയാ മുഹുരാവർത്തനേ രൂപകഭഞ്ജനീ. ൧൨൫

ഭാ—വിദാരിയുടെ ഭാഗത്തിന്നുള്ള താളകാലപ്രമാണമനുസരിച്ചു രൂപകത്തിലെ എല്ലാ ഭാഗങ്ങളും പലതരം വൈചിത്ര്യത്തോടുകൂടി ആവർത്തിച്ചു പാടുന്നതു രൂപകഭഞ്ജനിയാണ്'. വിചിത്രതയാ എന്ന അംശത്താൽ സംഗതികൾ തമ്മിൽ ഒന്നോടൊന്നിന്നു യോജിപ്പും വിശേഷവും ഉണ്ടായിരിക്കേണ്ടതാണെന്നും അതിനാൽ മാതു എന്നു പറയുന്ന സാഹിത്യാക്ഷരങ്ങൾക്കു മാററമില്ലെങ്കിലും ധാതുവായ സ്വരഭാഗം ഒന്നിനൊന്നു വ്യത്യാസപ്പെട്ടിരിക്കേണ്ടതാണെന്നും ഏതെങ്കിലും സ്വരങ്ങളിൽ ഒന്നോ രണ്ടോ ഗമകം മാത്രം ചേർത്തു പേരിന്നുമാത്രം വ്യത്യാസപ്പെടുത്തിയാൽ പോരാ എന്നും സൂചിപ്പിച്ചിരിക്കുന്നു.

ഇനി കടകാലപ്തിസ്വരൂപം വിവരിക്കുന്നു.

സൂ—രാഗയുക്തസ്ഥാനഃ കടകഃ. തദാലപ്തിസ്സതാളമാനാതാളമാനാ ച. ൧൨൬

ഭാ—ഓരോരോ രാഗം ചേർത്തിട്ടുള്ള താനത്തിന്നാണ് കടകം എന്നു പറയുന്നത്. അതിൻെറ ആലാപനം ഏതെങ്കിലും ഒരു താളമാനത്തിന്നു ചേർന്നവിധത്തിലും ഉണ്ട്'. രാഗാലപ്തിപോലെ പ്രത്യേകം ഒരു താളകാലത്തെ അടിസ്ഥാനമാക്കാതെയുമുണ്ട്'. അതിൽ താളകാലം ചേർന്നതിന്നു താനാകാരം എന്നും അതു ചേർന്നിട്ടില്ലാത്തതിന്നു താനം എന്നു മാത്രവും ഭാഷയിൽ പറഞ്ഞുവരുന്നു.

സൂ—തത്രാംശസ്വരം കിഞ്ചിച്ചാലയിത്വാ തദുത്തരമഥ പൂർവ്വം ച ഗത്വാ സ ഗമകാൻ സ്ഥായാൻ വിധായ സ്ഥിത്വാ സ്ഥായിനി ന്യാസോ മുഖചാലഃ. ൧൨൭

ഭാ—അങ്ങനെയുള്ള കടകാലപ്തിയിൽ ആദ്യമായി ഓരോ രാഗത്തിൻെറയും അംശസ്വരത്തിൽ ഒന്നിനെ സ്ഥായിസ്വരമാക്കി ആ സ്വരത്തെ അല്പം ചലിപ്പിച്ചതിനുശേഷം അതിന്നു മേലുള്ള സ്വരത്തെയും പിന്നെ അംശസ്വരത്തിൽക്കൂടി കീഴെയുള്ള സ്വരത്തെയും കാണിച്ചു ചില ഗമകങ്ങളോടുകൂടിയ സ്ഥായങ്ങൾ പ്രയോഗിച്ചു കീഴെയുള്ള സ്വരത്തിൽ

നാദം മുറിയാതെ കുറച്ചു നിന്നു സ്ഥായിസ്വരത്തിൽ ന്യസിക്കുക. ഇങ്ങനെയാണ് അതിലെ മുഖചാലം എന്ന ഒന്നാമത്തെ സ്വസ്ഥാനം.

സൂ—ദ്വ്യർദ്ധസ്വരമഭിവ്യാപ്യ തഥാ വിധായ പൂർവ്വവന്ന്യാസോ ദ്വിതീയം സ്വസ്ഥാനം. ൧൩൧

ഭാ—സ്ഥായിസ്വരം മുതൽ നാലാമത്തെ സ്വരംവരെയും വ്യാപിച്ചുകൊണ്ടു ഗമകസ്ഥായങ്ങൾ പലതരത്തിലും പ്രയോഗിച്ചു സ്ഥായിയുടെ പൂർവ്വസ്വരത്തിൽ വന്നു മുൻപോലെ നാദവിച്ഛേദം വരാത്തവിധം അല്പം നിന്നു സ്ഥായിയിൽ ന്യസിക്കുന്നതു രണ്ടാമത്തെ സ്വസ്ഥാനം.

സൂ—സ്ഥായിനോധശ്ചതുസ്വരേഷു തഥാ കൃത്വാ തദ്വൽ സ്ഥായിനിന്യാസസ്തൃതീയം. ൧൩൨

ഭാ—സ്ഥായിസ്വരം മുതൽ തുടങ്ങി അതിന്നു കീഴെയുള്ള നാലു സ്വരങ്ങളിൽ ക്രമത്തിൽ വ്യാപിച്ചുകൊണ്ടു രാഗാനുകൂലമായവിധം ചില ഗമകസ്ഥായങ്ങൾ പ്രയോഗിച്ചു മേൽപ്രകാരം സ്ഥായിയുടെ പൂർവ്വസ്വരത്തിൽനിന്നു സ്ഥായിയിൽ ന്യസിക്കുന്നതു മൂന്നാമത്തെ സ്വസ്ഥാനം.

സൂ—ദ്വ്യർദ്ധാന്തമൂർദ്ധ്വം പുനസ്തുരീയാന്തമധശ്ചാഭിവ്യാപ്യ ബഹൂൻ സ്ഥായാൻ പ്രദർശ്യ തഥാ ന്യാസശ്ചതുർത്ഥം. ൧൩൩

ഭാ—ദ്വ്യർദ്ധസ്വരംവരെയും മേൽപ്പോട്ടും സ്ഥായി മുതൽ തുടങ്ങി അവരോഹക്രമത്തിൽ നാലാംസ്വരംവരെ കീഴ്പോട്ടും വ്യാപിച്ചുകൊണ്ടു ചെറുതും വലുതുമായി പല സ്ഥായങ്ങളും പ്രയോഗിച്ചു മേൽപ്രകാരം പൂർവ്വസ്വരത്തിൽനിന്നു സ്ഥായിയിൽ ന്യസിക്കുന്നതു നാലാമത്തെ സ്വസ്ഥാനം. ഇങ്ങനെ രാഗാലപ്തിയിലെന്നപോലെ നാലു സ്വസ്ഥാനങ്ങളാണ് കടകാലപ്തിയിലും സാമാന്യമായി പ്രയോഗിക്കേണ്ടത് എന്നു താൽപര്യം.

ഇങ്ങനെ രാഗത്തിന്റെ പ്രകടീകരണരൂപമായ ആലപ്തിയുടെ സ്വരൂപം കാണിച്ചതിന്നുശേഷം രാഗത്തിന്റെ വിസ്തരണരൂപമായ ആലാപത്തിന്നനുസരിക്കേണ്ട സാമാന്യനിയമങ്ങൾ കാണിപ്പാനായി ആലാപത്തിന്റെ സാമാന്യലക്ഷണം പറയുന്നു.

സൂ—ഗ്രഹാംശന്യാസാപന്യാസസന്ന്യാസവിന്യാസതാരമന്ദ്രാല്പത്വബഹുത്വഷാഡവൌഡവപ്രയോഗദർശനം രാഗാലാപഃ. ൧൩൪

ഭാ—ഗ്രഹം, അംശം, ന്യാസം, അപന്യാസം, സന്ന്യാസം, വിന്യാസം, താരസ്ഥായി, മന്ദ്രസ്ഥായി, സ്വരങ്ങളിൽ ചിലതിന്റെ അല്പീകരണം, ചിലതിന്റെ ബഹുീകരണം, ഷാഡവീകരണം, ഔഡവീകരണം ഇവയുടെയെല്ലാം പ്രയോഗങ്ങളെ പ്രകാശിപ്പിക്കുന്നതാണ് രാഗാലാപമെന്നത്. "ഗ്രഹാംശതാരമന്ദ്രാണാം ന്യാസാപന്യാസയോസ്തഥാ അല്പത്വസ്യ ബഹുത്വസ്യ ഷാഡവൌഡവയോരപി അഭിവ്യക്തിര്യത്ര ദൃഷ്ടാ സ രാഗാലാപ ഉച്യതേ" എന്നു രത്നാകരവചനം. അതിലെ ന്യാസാപന്യാസയോഃ എന്നതു വിന്യാസസന്ന്യാസങ്ങളെക്കൂടി ഉപലക്ഷണമായിക്കാണിക്കുന്നതാണ്. രാഗാലപ്തി, രാഗാലപനം, രാഗാലാപം എന്നീ ശബ്ദങ്ങൾക്ക് അവയവാർത്ഥം മിക്കതും ഒന്നുതന്നെയാണെങ്കിലുംശാസ്ത്രസങ്കേതത്താൽ അർത്ഥവ്യത്യാസം ഏർപ്പെട്ടതീട്ടുണ്ട്. രാഗത്തെ ചില പ്രയോഗവിശേഷങ്ങൾ കാണിച്ചു സ്പഷ്ടമാക്കിത്തീർക്കുന്നതു മാത്രമാണ് രാഗാലപ്തി. അപ്രകാരം സ്പഷ്ടമാക്കിത്തീർക്കാനുള്ള വഴിയാണ് മുമ്പുകാണിച്ചിരിക്കുന്നതും. സ്പഷ്ടമാക്കിയ രാഗത്തെ പല പ്രയോഗവിശേഷങ്ങളും കാണിച്ചു വർണ്ണിക്കുന്നതാണ് രാഗാലാപം. ആ വർണ്ണനത്തിൽ ഇവിടെ

പ്പറഞ്ഞ ഗ്രഹാംശതാരമന്ദ്രാദികൾ അടങ്ങീട്ടുണ്ടായിരിക്കേണ്ടതുമാണ്. ഇങ്ങനെ രാഗാല പ്തിയും രാഗാലാപവും തമ്മിൽ ഭേദം. അതനുസരിച്ചുതന്നെയാണ് രാഗവിബോധകാരൻ രാഗങ്ങളെ ഉത്തമങ്ങളെന്നും മദ്ധ്യമങ്ങളെന്നും അധമങ്ങളെന്നും വകതിരിച്ച്, ആലാപം, ആലപ്തി, പ്രബന്ധം ഈ മൂന്നിനും യോഗ്യതയും പ്രചാരവുമുള്ള രാഗങ്ങൾ ഉത്തമങ്ങളും ആ മൂന്നിനും കഷ്ടിച്ചു യോഗ്യതയുണ്ടെങ്കിലും പ്രചാരമില്ലാത്തവ മധ്യമങ്ങളും മൂന്നിനും യോഗ്യതയില്ലാത്തവ അധമങ്ങളുമാണെന്നും പ്രസ്താവിച്ചിട്ടുള്ളത്.ആലപ്തിയോഗ്യതയും കീർത്ത നാദിപ്രബന്ധയോഗ്യതയും ഇല്ലാത്ത രാഗങ്ങളില്ലാത്തതിനാൽ ആലാപയോഗ്യതയില്ലാത്ത തിനാലാണ് മൂന്നിനുംകൂടി യോഗ്യതയില്ലാതായിവരുന്നത് എന്ന സംഗതി അർത്ഥസിദ്ധവു മാണ്. ഈ വിഷയം മേലിൽ വിവരിക്കും.

ഗ്രഹാംശാദികളുടെ സ്വഭാവം പറയുന്നു.

സൂ—തത്ര ഗീതാദൌ ഗൃഹീതോംശസ്വരോ ഗ്രഹഃ. ൧൩൮

ഭാ—ഗീതത്തിന്റെ എന്നു വെച്ചാൽ രാഗം, കീർത്തനം മുതലായ രഞ്ജകസ്വരസന്ദ ർഭത്തിന്റെ ആരംഭത്തിൽ സ്വീകരിക്കുന്നസ്വരത്തിന്നാണ് ഗ്രഹമെന്നു പറയുന്നത്. ഗീതം ഏതു സ്വരത്തിൽനിന്നു തുടങ്ങുന്നുവോ ആ സ്വരമാണ് ഗ്രഹസ്വരം എന്നർത്ഥം. അങ്ങനെ യുള്ള ഗ്രഹസ്വരം അംശസ്വരങ്ങളിലൊന്നായിട്ടേ മിക്കതും വരികയുമുള്ളു.

"ഗ്രഹസ്തു സർവ്വജാതീനാമംശ ഏവ ഹി കീർത്തിതഃ
യൽ പ്രവൃത്തം ഭവേദ്ഗാനം സോംശോ ഗ്രഹവികല്പിതഃ."

എന്നു ഭരതമുനിവചനം. എല്ലാ ജാതി ഗാനങ്ങളിലും അംശസ്വരംതന്നെയാണ് ഗ്രഹ സ്വരമായി വരുന്നത്. ഗാനം ഏതംശസ്വരത്തിൽനിന്നാരംഭിക്കുന്നുവോ ആ അംശസ്വര ത്തെ ഗ്രഹസ്വരമായിട്ടും വികല്പിച്ചിരിക്കയാണ് എന്ന് അതിന്നർത്ഥം. ഗ്രഹസ്വരത്തിന്നു ള്ള ഈ സ്വഭാവംകൊണ്ടുതന്നെയാണ് രാഗവിശേഷലക്ഷണങ്ങളിൽ ഗ്രഹാംശങ്ങൾ രണ്ടും പ്രത്യേകം പറയാതെ ഏതെങ്കിലും ഒന്നുമാത്രം പറഞ്ഞിട്ടുള്ള സ്ഥലങ്ങളിൽ മററതും ആ സ്വരംതന്നെയാണെന്നു ഗ്രഹിക്കേണ്ടതാണ് എന്നിങ്ങനെ "അംശഗ്രഹയോരന്യതരോക്താ വുഭയഗ്രഹഃ" എന്ന ഗ്രന്ഥത്താൽ രത്നാകരകാരൻ കാണിച്ചിരിക്കുന്നത്.

സൂ—രാഗാലംബനമനുവൃത്തോ മന്ദ്രതാരഗതിപ്രവർത്തകസ്സംവാദാനുവാദപ്രയോക്താ ഗ്രഹന്യാസാപന്യാസവിന്യാസസന്യാസവിഷയസ്സ്വയമപി . സംവാദീ ദേശലക്ഷണസ്സ്വരോംശഃ. ൧൩൯

ഭാ—ഏതുരാഗം പ്രയോഗിക്കുന്നുവോ ആ രാഗത്തിന്റെ രഞ്ജനവിശേഷത്തിന്നാ സ്പദമായിരിക്ക, പ്രയോഗത്തിൽ തുടരെത്തുടരെ വന്നുകൊണ്ടിരിക്ക, മന്ദ്രസ്ഥായിയിലേ ക്കുള്ള ഗതിക്കും താരസ്ഥായിലേക്കുള്ള ഗതിക്കുംഅവലംബമായിരിക്ക എന്നു വെച്ചാൽ ആ സ്വരത്തിൽനിന്നു തുടങ്ങിയായിരിക്കണം മന്ദ്രത്തിലേക്കോ താരത്തിലേക്കോ ഉള്ള ഗതി എന്ന നിലയിലിരിക്ക, മററു ചില സ്വരങ്ങളെ അധികവും തന്റെ സംവാദിസ്വരങ്ങളോ അനുവാദിസ്വരങ്ങളോ ആക്കുന്ന വാദിസ്വരമായിരിക്ക, ഗ്രഹസ്വരമായും ന്യാസസ്വരമാ യും ചിലപ്പോൾ അപന്യാസസ്വരമായും ചിലപ്പോൾ വിന്യാസസ്വരമായും ചിലപ്പോൾ സന്യാസസ്വരമായും വരിക, ദുർല്ലഭം ചിലപ്പോൾ രാജാവു മന്ത്രി ചെയ്യേണ്ട കാര്യങ്ങൾ ചെ യ്യുന്നതുപോലെ മറെറാരുസ്വരത്തിന്റെ സംവാദിസ്വരമായിത്തീരുക ഇങ്ങനെ പത്തു ലക്ഷ ണങ്ങളും തികഞ്ഞ ജീവസ്വരത്തിന്നാണ് അംശസ്വരമെന്നു പറയുന്നത്. രാഗത്തിന്റെ പ്രധാനാംശമായ സ്വരം എന്നു ശബ്ദാർത്ഥം. ചുരുക്കത്തിൽ രാഗവിശേഷം അനുസരിച്ചു പ്രയോഗത്തിൽ ബഹുലമായി വരുന്ന സ്വരം അംശസ്വരം എന്നു പറയാം.

"യസ്മിൻ വസതി രാഗസ്സ യസ്മാച്ചൈവ പ്രവ:ത്തതേ
മന്ദ്രാഖ്യതാരവിഷയാ പഞ്ചസ്വരപരാ ഗതിഃ.
അനേകസ്വരസംയോഗേ യോത്യത്ഥമുപലഭ്യതേ
അന്യശ്ച ബലിനോ യസ്യ സംവാദീ ചാനുവാദ്യപി
ഗ്രഹാപന്യാസവിന്യാസന്യാസസന്യാസഗോചരഃ
പരിവാര്യ്യ സ്ഥിതോ യശ്ച സോംശസ്സ്യാത്ദശലക്ഷണഃ."

എന്നു ഭരതമുനിവചനം. അംശസ്വരത്തിൽനിന്ന് അഞ്ചു സ്വരംവരെ മാത്രമാണ് താരത്തിലേക്കും മന്ദ്രത്തിലേക്കും ഉള്ള ഗതി എന്നത്ഥമായ 'പഞ്ചസ്വരപരാ ഗതിഃ' എന്ന മുനിവചനഭാഗമാകട്ടേ മേൽപ്പറയുന്ന രാഗമൂലജാതികളെ സംബന്ധിച്ചേടത്തോളം മാത്രമാണ്. ആലാപം, കീത്തനം മുതലായവയിൽ താരഗതിയും മന്ദ്രഗതിയും അഞ്ചിലധികം സ്വരങ്ങളെയും വ്യാപിച്ചിരിക്കും. "കദാചിൽ ഷഷ്ഠാദ്യാരോഹണമപി താരഃ" എന്നു മതംഗമുനിവചനമുണ്ട്. രത്നാകരകാരനാകട്ടേ "പഞ്ചസ്വരപരാ ഗതിഃ" എന്ന മുനിവചനത്തിന്നുള്ള താൽപര്യം ഇപ്രകാരമാണെന്നു പറയുന്നു. മദ്ധ്യസ്ഥായിയിലെ ഏതെങ്കിലും സ്വരമാണ് അംശസ്വരമായി വരുന്നത്. ആ ഏഴു സ്വരങ്ങളിൽ ഏതാണോ ഒരു രാഗത്തിൽ അംശസ്വരമാകുന്നത് അതിന്റെ താരസ്വരം മുതൽ അഞ്ചാമത്തെ സ്വരംവരെ മാത്രമാണ് പരമാവധിയായ താരഗതി വ്യവസ്ഥിതമായിട്ടുള്ളത്. അതായത് മദ്ധ്യഷഡ്ജം അംശസ്വരമായിട്ടുള്ള രാഗങ്ങളിൽ താരഷഡ്ജം മുതൽ അഞ്ചാമത്തേതായ താരപഞ്ചമംവരെ മാത്രവും മദ്ധ്യമദ്ധ്യമം അംശസ്വരമായിട്ടുള്ള രാഗങ്ങളിൽ താരമദ്ധ്യമം മുതൽ നാലാമത്തേ സ്വരമായ താരനിഷാദംവരെ മാത്രവുമാണ് പരമാവധിയായ താരഗതി എന്നു താൽപര്യം. മദ്ധ്യമാംശത്തിൽ താരനിഷാദത്തിന്നുശേഷം താരസ്ഥായിസ്വരമില്ലാത്തതിനാൽ അവിടുന്നങ്ങോട്ടു താരഗതി സംഭവിക്കതന്നെയില്ല. ഷഡ്ജാംശത്തിൽ താരപഞ്ചമത്തിന്നു ശേഷവും താരഗതി സംഭവിക്കാമെങ്കിലും അവിടുന്നങ്ങോട്ടുള്ള താരസ്വരങ്ങൾക്ക തീക്ഷ്ണതാധിക്യത്താൽ രഞ്ജകത കുറയുന്നതുകൊണ്ട് അവയിൽ ഗതി സ്വീകരിച്ചിട്ടില്ല എന്നഭിപ്രായം. ഇപ്രകാരം നോക്കിയാൽ മദ്ധ്യഷഭം അംശമായിട്ടുള്ള രാഗങ്ങൾക്ക താരധൈവതംവരെയും മദ്ധ്യഗാന്ധാരം മുതൽ മദ്ധ്യനിഷാദംവരെയുള്ള സ്വരങ്ങളിലോരോന്നും അംശമായി വരുന്ന രാഗങ്ങൾക്കെല്ലാം താരനിഷാദംവരെയും ആണ് പരമാവധിയായ താരഗതി എന്ന് അത്ഥസിദ്ധമായി ത്തീരുകയും ചെയ്യുന്നു. "മദ്ധ്യമേ സപ്തകേംശസ്സ്യാത്തസ്മാൽ താരസ്ഥിതാൽ പരാൻ സ്വരാംശ്ചതുര ആരോഹേദേഷ താരാവധിഃ പരഃ" എന്ന രത്നാകരഗ്രന്ഥം നോക്കുക. എന്നാൽ മേൽക്കാണിച്ച 'യസ്മാച്ചൈവ പ്രവത്തതേ മന്ദ്രാഖ്യതാരവിഷയാ പഞ്ചസ്വരപരാഗതിഃ' എന്ന മുനിവചനത്തിന്ന് മന്ദ്രസ്ഥായിയിലും താരസ്ഥായിയിലും അഞ്ചു സ്വരംവരെ അതായത് മന്ദ്രത്തിൽ നിഷാദം മുതൽ ഗാന്ധാരംവരെ അവരോഹണക്രമത്തിൽ അഞ്ചും താരത്തിൽ ഷഡ്ജം മുതൽ പഞ്ചമംവരെ ആരോഹണക്രമത്തിൽ അഞ്ചും സ്വരങ്ങൾവരെ അവധിയായിട്ടുള്ള ഗതിയുടെ പ്രവത്തകമായിട്ടുള്ളതും അംശസ്വരമാണ് എന്നുള്ള യഥാശ്രുതാത്ഥംതന്നെ അധികം യുക്തമായിത്തോന്നുന്നുണ്ട്. താരപഞ്ചമത്തിൽനിന്നു മേല്പോട്ടുള്ള സ്വരങ്ങൾ അതിതീക്ഷ്ണതകൊണ്ടും മന്ദ്രഗാന്ധാരത്തിൽനിന്നു കീഴ്പ്പോട്ടുള്ള സ്വരങ്ങൾ അതിമന്ദതകൊണ്ടും രഞ്ജനക്ക കുറവുവരുത്തുന്നതിനാലാണ് രണ്ടിലും പഞ്ചസ്വരപരത്വം പറഞ്ഞിരിക്കുന്നതും. പ്രയോഗങ്ങളിലും താരപഞ്ചമംവരെ മേല്പോട്ടും മന്ദ്രഗാന്ധാരംവരെ കീഴ്പ്പോട്ടും മദ്ധ്യസ്ഥായി മുഴുവനുമാണ് രഞ്ജകമായി പ്രസിദ്ധമായിട്ടുള്ളത്. ഈവക സം

ഗതികൾ "പഞ്ചസ്വരപരാ താരഗതിഃ. യഥാ— അംശാത്താരഗതിം വിദ്യാദാ ചതുൎത്ഥസ്വരാദിഹ ആപഞ്ചമാത്സപ്തമാദ്വാ നാതഃ പരമിഹേഷ്യതേ. ത്രിവിധാ മന്ദ്രഗതിഃ അംശപരാ ന്യാസപരാ അപന്യാസപരാ ച. മന്ദ്രസ്ത്വംശാൽപരോ നാസ്തി ന്യാസേ തു ദ്വൌ വ്യവസ്ഥിതൌ ഗാന്ധാരേ ന്യാസലിംഗേന ദൃഷ്ടമാഷഭധൈവതം. എന്ന ഗ്രന്ഥത്താൽ ഭരതമുനിതന്നെ കാണിച്ചിട്ടുണ്ട്. ഇതിന്റെ അൎത്ഥം". മന്ദ്രാഖ്യതാരവിഷയാ പഞ്ചസ്വരപരാഗതിഃ എന്ന് അംശലക്ഷണത്തിൽ പറഞ്ഞിട്ടുള്ളതിൽ പഞ്ചസ്വരപരയായ താരഗതിയുടെ സ്ഥിതി ഇങ്ങനെയാണ്. അംശസ്വരത്തിൽനിന്നു താരസ്ഥായിയിലേക്കുള്ള ഗതി താരസ്ഥായിയിലെ നാലാമത്തെ സ്വരംവരെയോ അഞ്ചാമത്തെ സ്വരംവരെയോ ദുല്ലഭമായി ഏഴാമത്തെ സ്വരംവരെത്തന്നെയോ വരും. അതായത് താരമദ്ധ്യമംവരെയോ താരപഞ്ചമംവരെയോ പരമാവധിയായ താരനിഷാദംവരെയോ വരാവുന്നതാണ്. ആ മൂന്നു പക്ഷത്തിൽ മധ്യസ്ഥമായ പഞ്ചമാന്തപക്ഷത്തെ അനുസരിച്ചാണ് പഞ്ചസ്വരപരാ എന്നു പറഞ്ഞിട്ടുള്ളതെന്നു ഹൃദയം. മന്ദ്രഗതിയാകട്ടേ അംശപരം, ന്യാസപരം, അപന്യാസപരം ഇങ്ങനെ മൂന്നുതരത്തിലുണ്ട്. അതിൽ അംശപരം എന്നത് മധ്യസ്ഥായിയിലെ ഏതു സ്വരം ഒരു രാഗത്തിൽ അംശമായിരിക്കുന്നുവോ മന്ദ്രസ്ഥായിയിലെ ആ സ്വരംവരെയുള്ള ഗതിയാണ്. ഷഡ്ജം അംശമായതിൽ മന്ദ്രഷഡ്ജംവരെയുള്ളതെന്നൎത്ഥം. ന്യാസപരമെന്ന പദത്തിലെ ന്യാസശബ്ദത്തിന്നു ഷഡ്ജമദ്ധ്യമഗ്രാമങ്ങളിലെ അവസാനസ്വരമെന്നാണ് അൎത്ഥം. അല്ലാതെ ന്യാസസ്വരമെന്നല്ല. അതിനാൽ നിഷാദപരമെന്നും ഗാന്ധാരപരമെന്നും താൽപര്യം. അതിലും ക്രമം വ്യത്യാസപ്പെടുത്തി ഷഡ്ജഗ്രാമരാഗമായിട്ടുള്ളതിന്റെ മന്ദ്രഗതി ഗാന്ധാരപരവും മദ്ധ്യമഗ്രാമരാഗമായിട്ടുള്ളതിന്റെ മന്ദ്രഗതി നിഷാദപരവുമായിട്ടാണ് വിവക്ഷിച്ചിട്ടുള്ളതും. അങ്ങനെ അവരോഹണക്രമത്തിൽ അഞ്ചാമത്തേതായ മന്ദ്രഗാന്ധാരംവരെയാണ് ഷഡ്ജഗ്രാമരാഗങ്ങളുടെ മന്ദ്രഗതിയെന്നും മദ്ധ്യമഗ്രാമരാഗങ്ങൾക്കു മന്ദ്രഗതി മദ്ധ്യമദ്ധ്യമത്തിൽനിന്ന് അഞ്ചാമത്തേതായ മന്ദ്രനിഷാദംവരെ മാത്രമാണെന്നുമാണ് ന്യാസപരം എന്നുതുപ്രകാരം സിദ്ധിക്കുന്നത്. ചില ഷഡ്ജഗ്രാമരാഗങ്ങളിലും രാഗമൂലജാതികളിലും ഗാന്ധാരം ന്യാസസ്വരമായിട്ടുള്ളതനുസരിച്ചാണ് ന്യാസപരമെന്നതിന്ന് ഈ അൎത്ഥം സിദ്ധിക്കുന്നതെന്നു 'ഗാന്ധാരേ ന്യാസലിംഗേന' എന്ന അംശത്താൽ കാണിച്ചിരിക്കുന്നു. അപന്യാസപരം എന്നതിലെ അപന്യാസശബ്ദത്തിന്നും ന്യാസസ്വരങ്ങളായ ഗാന്ധാരനിഷാദങ്ങളെ അവരോഹക്രമത്തിൽ അപഗമിച്ചിട്ടുള്ള ഋഷഭധൈവതങ്ങൾ എന്നാണ് പ്രകൃതത്തിൽ അൎത്ഥം. അതിനാൽ ഷഡ്ജഗ്രാമരാഗങ്ങളിൽ മന്ദ്രഗതി ഋഷഭംവരെയും മദ്ധ്യമഗ്രാമരാഗങ്ങളിൽ മന്ദ്രഗതി ധൈവതംവരെയുമായിട്ടും വരാവുന്നതാണ്. ഇങ്ങനെ മന്ദ്രഗതിക്ക് ഷഡ്ജം, ഗാന്ധാരം, ഋഷഭം ഈ മൂന്നിലൊന്നാണ് അവധി എന്നും അതിനാൽ ഗാന്ധാരാവധിപക്ഷത്തെ അനുസരിച്ചാണ് പഞ്ചസ്വരപരാ എന്നു പറഞ്ഞിട്ടുള്ളതെന്നും താൽപര്യം. രത്നാകരകാരനും ഈ അഭിപ്രായത്തെ

> "മദ്ധ്യസ്ഥാനസ്ഥിതാദംശാദാമന്ദ്രസ്ഥാംശമാവ്രജേൽ
> ആമന്ദ്രന്യാസമഥവാ തദധസ്ഥരിധാവപി
> ഏഷാ മന്ദ്രഗതേസ്സീമാ തതോവ്വാക്കാമചാരിതാ"

എന്ന ഗ്രന്ഥത്താൽ കാണിച്ചിട്ടുമുണ്ട്. "ബഹുലത്വം പ്രയോഗേഷു വ്യാപകം ത്വംശലക്ഷണം" എന്നു രത്നാകരം. പ്രയോഗത്തിൽ മററു സ്വരങ്ങളെക്കാൾ വളരെയധികം ആവൎത്തനം വരികയെന്നുള്ളതാണ് അംശസ്വരത്തിന്റെ സാമാന്യലക്ഷണം എന്ന് അതിന്നൎത്ഥം. അംശസ്വരം മിക്കതും വാദിസ്വരമായിട്ടേ ഇരിക്കയുള്ളൂ. ദുല്ലഭം ചിലപ്പോൾമാത്രം ചില സ്ഥായപ്രയോഗങ്ങളിൽ മറെറാന്നിന്റെ സംവാദിത്വംകൂടി സ്വീകരിച്ചേക്കാമെന്നേ

യുള്ളൂ. മററൊന്നിൻെറ അനുവാദിയായോ വിവാദിയായോ ഒരിക്കലും വരികയില്ല. വാദി സംവാദി മുതലായി നാലുതരത്തിലുള്ള സ്വരങ്ങളിലേതും ഒരു രാഗത്തിലേ ഗ്രഹസ്വരമായി വരാവുന്നതാണ്. എന്നു വെച്ചാൽ ഒരു രാഗത്തിൻെറ അംശസ്വരമായ വാദിസ്വരമോ അതിൻെറ സംവാദിസ്വരമോ അനുവാദിസ്വരമോ വിവാദിസ്വരംപോലുമോ ആ രാഗത്തിലെ ഗ്രഹസ്വരമായി വരാമെന്നത്ഥം. ഇങ്ങനെ ഗ്രഹവും അംശവും തമ്മിലുള്ള സ്വഭാവവ്യത്യാസവും ഗ്രഹിച്ചുകൊൾക.

സൂ—ഗീതിസമാപകോ ന്യാസഃ. ൫൩൭

ഭാ—ഗാനം ഏതു സ്വരത്തിൽ അവസാനിപ്പിക്കുന്നുവോ ആ സ്വരത്തിന്നാണ് ന്യാസ സ്വരമെന്നു പറയുന്നത്.

സൂ—വിദാരിസമാപകോപന്യാസഃ. ൫൩൮

ഭാ—ഗീതഭാഗസ്വരൂപമായ വിദാരിയുടെ അതായത്: പല്ലവം, അനുപല്ലവം, ചരണം മുതലായ ഗീതഭാഗങ്ങളിലെ മുക്തായിയുടെ അവസാനത്തിലുള്ള സ്വരത്തിന്നാണ് അപന്യാസസ്വരമെന്നു പറയുന്നത്. "യത്ര ഗീതേ സമാപ്തിരിതി സംഭാവ്യതേ സോപന്യാസഃ. സ ച വിദാരീസമാപ്തൌ." എന്നു മതംഗമുനിവചനം. ഗീതത്തിൽ ഏതെല്ലാം ഭാഗങ്ങളിലാണ് ഒന്നവസാനിച്ചുവെന്നു തോന്നുന്നത് ആ അവസാനസ്വരമാണ് അപന്യാസസ്വരം. അതുവിദാരിയുടെ സമാപ്തിയിലാണ് വരുന്നതും, എന്ന് അതിൻെറ താൽപര്യം. വിദാരണാൽ വിഭജനാൽ വിദാരീ എന്ന വ്യുൽപത്തികൊണ്ടു വിദാരീശബ്ദത്തിന്നു ഗീതാദികളെ ഭാഗം ഭാഗമായിത്തിരിച്ചിട്ടുള്ളത് എന്നത്ഥം. അതു ഗീതവിദാരി, ഖണ്ഡവിദാരി, പദവിദാരി ഇങ്ങനെ മൂന്നുവിധമാണ്. ആ വക വിദാരികളായ പല്ലവം, അനുപല്ലവം മുതലായതിൻെറ അവസാനം അതായത് മുക്തായിയുടെ അവസാനം കാണിക്കുന്ന സ്വരം അപന്യാസസ്വരം എന്നു പര്യ്യവസിതാത്ഥം. വൈചിത്ര്യത്തിന്നുവേണ്ടി അംശവിവാദിസ്വരത്തിൽ അല്പമായി മാത്രം ന്യസിക്കുന്നതും അപന്യാസമെന്നു ചിലർ പറയുന്നു.

സൂ—അംശാവിവാദീ പ്രഥമവിദാരീമധ്യസമാപകസ്സന്ന്യാസഃ. ൫൩൯

ഭാ—അംശസ്വരത്തിൻെറ വിവാദിയല്ലാത്തതും എന്നു വെച്ചാൽ സംവാദിയോ അനുവാദിയോ ആയിട്ടുള്ളതും ആദ്യത്തെ വിദാരിയുടെ അതായത് പല്ലവത്തിൻെറ പകുതി ഭാഗത്തിൻെറ അവസാനത്തെ കാണിക്കുന്നതുമായ സ്വരത്തിന്നാണ് സന്ന്യാസസ്വരമെന്നു പറയുന്നത്. പല്ലവഭാഗത്തിലെ ഖണ്ഡവിദാരിയുടെ അവസാനത്തെ സ്വരം സന്ന്യാസ സ്വരം എന്നു ചുരുക്കം. "തത്ര പ്രഥമവിദാരീമധ്യേ യോ ന്യാസസ്വരഃ പ്രയുക്തഃ സന്ന്യാസസ്സോഭിധീയതേ" എന്നു മതംഗമുനിവചനം. രത്നാകരകാരനാകട്ടേ പ്രഥമവിദാരിയായ പല്ലവം അവസാനിക്കുന്ന സ്വരമാണ് സന്ന്യാസസ്വരമെന്നു പറയുന്നു. "അംശാവിവാദീ ഗീതസ്യാദ്യവിദാരീസമാപ്തികൃത്സന്ന്യാസഃ" എന്നു രത്നാകരം. ആ മതപ്രകാരം ദ്വിതീയാദി വിദാരികളായ അനുപല്ലവം, ചരണങ്ങൾ ഇവയുടെ സമാപ്തിയെക്കാണിക്കുന്ന സ്വരങ്ങൾ മാത്രം അപന്യാസസ്വരങ്ങളും പ്രഥമവിദാരിയായ പല്ലവത്തിൻെറ സമാപകസ്വരം സന്ന്യാസസ്വരവുമായിട്ടാണിരിക്കുന്നത്. എന്നാൽ ആദ്യവിദാരിയായ പല്ലവത്തിന്നു ഗീതത്തിൽ പ്രാധാന്യം അധികമുണ്ടെങ്കിലും സമാപ്തിയെപ്പററിയേടത്തോളം എല്ലാ വിദാരികളും തുല്യങ്ങളാകയാൽ മതംഗമതംതന്നെയാണ് അധികം യുക്തമായിരിക്കുന്നതെന്നറിഞ്ഞുകൊൾക.

സൂ—തഥാവിധഃ പദവിദാരീസമാപകോ വിന്യാസഃ. ൫൪൦

94 *

ഭാ—ഇതിലെ പദശബ്ദത്തിന്നു പദസ്ഥാനീയമെന്നാണൎത്ഥം. പദ്യത്തിൽ പദങ്ങൾക്ക് ഏതു സ്ഥാനമാണോ ഗീതത്തിൽ ആ സ്ഥാനം വഹിക്കുന്ന വൎണ്ണാലങ്കാരസ്ഥായങ്ങൾ എന്നു താൽപൎയ്യം. അംശസ്വരത്തിന്റെ വിവാദിസ്വരമല്ലാത്തതും വൎണ്ണം, അലങ്കാരം സ്ഥായം ഇവയിലൊന്നിന്റെയോ രണ്ടിന്റെയോ മൂന്നിന്റെയുമോ സമാപ്തിയെക്കാണിക്കുന്നതുമായ സ്വരമാണ്' വിന്യാസസ്വരം. മുൻ സൂത്രത്തിലും ഇതിലും അംശത്തിന്റെ വിവാദിസ്വരമായിരിക്കരുതെന്നു പറഞ്ഞതുകൊണ്ട് ഓരോ രാഗത്തിലും ഖണ്ഡവിദാരിയും പദവിദാരിയും ആ രാഗത്തിലെ ജീവസ്വരത്തിന്റെ വിവാദിസ്വരത്തിൽ അവസാനിപ്പിക്കരുതെന്ന തത്വം കാണിച്ചിരിക്കുന്നു. "ഏഷ ഏവ തു സന്യാസസ്വരോ യദാ പദാന്തേ വിന്യസ്യതേ തദാ വിന്യാസഃ." എന്നു മതംഗമുനിവചനം. അതിലെ ഏഷ ഏവ എന്നതിന്നു ജീവസ്വരത്തിന്റെ സംവാദിയോ അനുവാദിയോ ആയിരിക്കുന്നത് എന്നൎത്ഥം. അങ്ങനെയുള്ള സ്വരം ആദ്യവിദാരീമധ്യസമാപ്തിയെക്കാണിക്കുമ്പോൾ സന്യാസസ്വരം. പദവിദാരീസമാപ്തിയെക്കാണിക്കുമ്പോൾ വിന്യാസസ്വരം. ഇങ്ങനെ മുനിവചനതാൽപൎയ്യം. "അംശാവിവാദ്യേവ വിന്യാസസ്സു തു കഥ്യതേ യോ വിദാരീഭാഗരൂപപദപ്രാന്തേവതിഷ്ഠതേ." എന്നു രത്നാകരവുമുണ്ട്. ആലാപത്തിൽ പല്ലവം, അനുപല്ലവം മുതലായ വ്യവസ്ഥിതവിഭാഗങ്ങളില്ലെങ്കിലും അതിലും ഗാനത്തെ പല ഭാഗങ്ങളായി വിഭജിക്കേണ്ടതുള്ളതിനാൽ ഓരോ തരം വിദാരികളും മേൽക്കാണിച്ച അപന്യാസസന്യാസവിന്യാസങ്ങളും കീൎത്തനാദികളിലേക്കാൾ വളരെയധികമുണ്ടായിരിക്കുന്നതാണ്. വിഷയസ്വഭാവം എളുപ്പത്തിൽ ഗ്രഹിക്കാൻ വേണ്ടിമാത്രമാണ് പല്ലവാനുപല്ലങ്ങളെയും മററും ഇവിടെ ഉദാഹരണത്തിന്നു കാണിച്ചത്.

സൂ—താരമന്ദ്രൌ സ്പഷ്ടൌ. അല്പത്വമനഭ്യാസോ ലംഘനം വാ. ൧൪൧

ഭാ—താരവും മന്ദ്രവും ഇന്നതെന്നു സ്പഷ്ടം. അല്പത്വമെന്നത് ഏതെങ്കിലും സ്വരം രാഗവിശേഷസ്വഭാവം നിമിത്തം വളരെച്ചുരുക്കം മാത്രമായിരിക്കയാണ്. അതു രണ്ടുതരത്തിൽ വരാവുന്നതുമാണ്. ഒന്നോ ദുൎല്ലഭമായി രണ്ടോ തവണമാത്രം ഒരു രാഗത്തിന്നിടയിൽ വരിക. ശ്രീരാഗത്തിൽ ചതുശ്രുതികധൈവതം വരുന്നതുപോലെ എന്നു സാരം. അതിന്ന് അനഭ്യാസമെന്നു പേർ. ആവൃത്തിയായി വരാതിരിക്കയെന്നൎത്ഥം. അല്ലെങ്കിൽ അതിവേഗത്തിൽ ആ സ്വരം ഒന്നു തൊട്ടകമാത്രം ചെയ്തുകൊണ്ടു ചാടിക്കടന്നു പോക. കാമോദരിയിലും മററും പാധാമാ എന്ന സ്വരങ്ങൾ പാധാപ്മാ എന്നിങ്ങനെ അവരോഹണത്തിൽ പഞ്ചമം തൊട്ടകമാത്രം ചെയ്തു മദ്ധ്യമത്തിലേക്കു പോകുന്നതുപോലെ എന്നു സാരം. "ദ്വിവിധമല്പത്വം ലംഘനാദനഭ്യാസാച്ച." എന്നു ഭരതസൂത്രം. ഇപ്രകാരം രണ്ടു തരത്തിലുള്ള അല്പത്വവും രാഗത്തിലെ അംശസ്വരങ്ങൾക്കോ അവയുടെ സംവാദിസ്വരങ്ങൾക്കോ വരികയില്ല. ഒരു രാഗത്തിൽ ഒന്നിലധികം അംശസ്വരങ്ങളുണ്ടെങ്കിൽ അവയിൽ ഒന്നു വാദിയായ ജീവസ്വരവും മററുപൎയ്യായാംശസ്വരവുമായിരിക്കും. അങ്ങനെയുള്ള പൎയ്യായാംശസ്വരത്തിന്നും അല്പത്വം വരുന്നതല്ല. അധികവും അംശസ്വരവിവാദികൾക്കും ചിലപ്പോൾ അനുവാദികൾക്കുംമാത്രമാണ് അതു വരുന്നതെന്നൎത്ഥം.

അങ്ങനെയുള്ള അല്പത്വം ഏതു സ്ഥലങ്ങളിലെല്ലാമാണ് വരിക എന്നു പറയുന്നു.

സൂ—തച്ചാന്തരമാൎഗ്ഗമുപഗതാനാം പ്രായഃ ഷാഡവൌഡവയോൎല്ലോപ്യാനാം ച. ൧൪൨

ഭാ—അപ്രകാരമുള്ള രണ്ടുവിധം അല്പത്വവും അന്തരമാൎഗ്ഗമെന്ന പ്രയോഗവിശേഷത്തിലുൾപ്പെട്ട സ്വരങ്ങൾക്കാണ് വരുന്നത്. അന്തരമാൎഗ്ഗമെന്നതിന്റെ സ്വഭാവം അടുത്ത

സൂത്രത്താൽ വിവരിക്കും. ഷാഡവരാഗങ്ങളിലും ഔഡവരാഗങ്ങളിലും ലോപിച്ചിട്ടുള്ള സ്വരങ്ങളിലും വൈചിത്ര്യവിശേഷത്തിന്നുവേണ്ടി സകൃദുച്ചാരണസ്വരൂപമായ അനഭ്യാസവും മിക്കവാറും അല്പസ്പർശരൂപമായ ലംഘനവും വരുന്നതാണ്. "തച്ച ഷാഡവൌഡവിതകരണമനംശാനാം ഗീതാന്തരമാർഗ്ഗമുപഗതാനാം സ്വരാണാം ലംഘനമനഭ്യാസശ്ച സകൃദുച്ചാരണം" എന്നു ഭരതസൂത്രം. ആ അല്പത്വമെന്നത് അംശസ്വരമല്ലാത്തവയും ഗീതത്തിലെ അന്തരമാർഗ്ഗത്തെ പ്രാപിച്ചവയുമായ സ്വരങ്ങളുടെ ലംഘനവും ഒരിക്കൽ മാത്രം ഉച്ചരിക്കുകയെന്ന അനഭ്യാസവുമായ ഷാഡവീകരണവും ഔഡവീകരണവുമാണ് എന്ന് അതിന്റെ അർത്ഥം. "അനഭ്യാസസ്ത്വനംശേഷു പ്രായോ ലോപ്യേഷ്വപീഷ്യതേ." എന്നും "ഈഷൽസ്പർശോ ലംഘനം തു പ്രായസ്തല്ലോപ്യഗോചരം" എന്നും രത്നാകരത്തിലുമുണ്ട്.

സൂ—ന്യാസാദികം വിഹായ മധ്യഗാനാമല്പതാഭാജാം സ്വരാണാമനഭ്യാസേന ലംഘനേന വാ വചിത്രതാഹേതുരംശാദിസ്വരസംഗമനമന്തരമാർഗ്ഗഃ ൪൮൨

ഭാ—ന്യാസം, അപന്യാസം, സന്യാസം, വിന്യാസം എന്നീ സ്വരങ്ങളല്ലാത്തവയും അവയുടെ ഇടയിൽ വരുന്നവയും മേൽക്കാണിച്ചവിധത്തിലുള്ള അല്പത്വമുള്ളവയുമായ സ്വരങ്ങളെ സകൃദുച്ചാരണം ചെയ്തോ അല്പമാത്രസ്പർശനം ചെയ്തോ പെട്ടെന്നു ജീവസ്വരത്തിലേക്ക് അല്ലെങ്കിൽ സംവാദിസ്വരത്തിലേക്കു പോകുന്നതിനാൽ ആ വക സ്വരങ്ങൾക്ക് അംശാദിസ്വരങ്ങളോടു ബന്ധം തോന്നിച്ചു വൈചിത്ര്യവിശേഷമുണ്ടാക്കുന്ന സമ്പ്രദായത്തിന്നാണ് അന്തരമാർഗ്ഗമെന്നു പറയുന്നത്.

> "ന്യാസാദിസ്ഥാനമുജ്ഝിത്വാ മധ്യേ മധ്യേല്പതാജുഷാം
> സ്വരാണാം യാ വിചിത്രത്വകാരിണ്യംശാദിസംഗതിഃ
> അനഭ്യാസൈഃ ക്വചിൽ ക്വാപി ലംഘനൈരേവ കേവലൈഃ
> കൃതാ സാന്തരമാർഗ്ഗഃ സ്യാൽ."

എന്നു രത്നാകരവചനം നോക്കുക.

സൂ—അല്പത്വവിപര്യയോ ബഹുത്വമഭ്യാസാദലംഘനാച്ച. ൪൮൩

ഭാ—അല്പത്വത്തിന്റെ വിപരീതമായിട്ടുള്ളതാണ് ബഹുത്വമെന്നത്. അതിനാൽ ബഹുത്വവും അഭ്യാസം, അലംഘനം ഇങ്ങനെ രണ്ടുവിധമുണ്ട്. അതിൽ അഭ്യാസമെന്നത് ഒരേസ്വരംതന്നെ ആവൃത്തിയായി വരുന്നതാണ്. ആ ആവൃത്തി നിരന്തരമായി മൂന്നോ നാലോ അതിലധികമോ തവണ ഒരു സ്വരംതന്നെ സാസാസാസാ എന്ന മാതിരിയിൽ ആവർത്തിക്കുന്നതായിട്ടും വരാം. ഇടയിൽ മററു സ്വരങ്ങൾ കലന്ന് സാരീസാഗാസാ എന്ന മാതിരിയിൽ വീണ്ടും വീണ്ടും വരുന്നതായിട്ടുമാകാം. അലംഘനമെന്നത് ഈഷൽസ്പർശരൂപമായ ലംഘനത്തിന്നു നേരെ വിപരീതമായി സ്വരത്തെ പൂർണ്ണനാദത്തോടുകൂടിക്കാണിക്കുന്നതാണ്. "തദ്വൽബഹുത്വമല്പത്വവിപര്യയാദ്വിവിധമേവാന്യേഷാമപി ബലിനാം സഞ്ചാരഃ." എന്നു ഭരതസൂത്രം. ഇങ്ങനെ രണ്ടുതരത്തിലുള്ള ബഹുത്വവും വാദിസ്വരവുമായ ജീവസ്വരത്തിന്നും പര്യായാംശസ്വരത്തിന്നും അവയുടെ സംവാദിസ്വരങ്ങൾക്കുമാണ വരുന്നത് എന്നാണ് അന്യേഷാമപി ബലിനാം സഞ്ചാരഃ എന്ന ഭാഗത്താൽ കാണിച്ചിരിക്കുന്നത്. "പര്യായാംശേ സ്ഥിതം തച്ച വാദിസംവാദിനോരപി" എന്നു രത്നാകരം.

സൂ—ഷാഡവിതം പൂർണ്ണേഷ്വൌഡവിതം പൂർണ്ണഷാഡവേഷു. ൪൮൪

ഭാ—സമ്പൂർണ്ണസ്വരങ്ങളായ രാഗങ്ങളിൽ അംശസ്വരങ്ങളല്ലാത്ത ഏതെങ്കിലും

ഒരു സ്വരത്തെ വൈചിത്ര്യവിശേഷത്തിന്നുവേണ്ടി ആരോഹണാവരോഹണങ്ങളിൽ വിട്ടുകൊണ്ടു പ്രയോഗിക്കുന്നതാണ് ഷാഡവീകരണമെന്നത്. അപ്രകാരം രണ്ടു സ്വരങ്ങളെ വിട്ടു പ്രയോഗിക്കുന്നത് ഔഡുവീകരണം. അതു സമ്പൂർണ്ണരാഗങ്ങളിലും ഷാഡവരാഗങ്ങളിലും വരുന്നതാണ്. അതിൽ സമ്പൂർണ്ണരാഗങ്ങളിലെ ഔഡവപ്രയോഗങ്ങളിൽ വിടുന്ന രണ്ടു സ്വരങ്ങളിൽ ഒന്നിന്നു മേൽക്കാണിച്ച ഈഷൽസ്പർശസ്വരൂപമായ അല്പത്വവും മറ്റൊന്നിന്ന് അതിനേക്കാളും ന്യൂനസ്പർശമായ അല്പതരത്വവും വരുന്നു. സമ്പൂർണ്ണരാഗങ്ങളിലെ ഷാഡവപ്രയോഗങ്ങളിലും ഷാഡവരാഗങ്ങളിലെ ഔഡവപ്രയോഗങ്ങളിലും വിടുന്ന സ്വരത്തിന്ന് അല്പത്വമാത്രമാണ് വരുന്നത്. ഇങ്ങനെയുള്ള വിശേഷങ്ങളും അറിഞ്ഞുകൊൾക. "ക്രമാദല്പാല്പതരതേ ഷാഡവൌഡവകാരിണൌ സമ്പൂർണ്ണത്വദശായാം സ്തഃ" എന്നു രത്നാകരം.

ഇപ്രകാരം ആലാപത്തിന്റെ സ്വഭാവം കാണിച്ചതിന്നുശേഷം അതിന്നുള്ള സാധാരണക്രമം വിവരിക്കുന്നു.

സൂ—ആയാതകരണമുക്താഭികരണസ്ഥായിവർത്തനീന്യാസാസ്സാമാന്യതസ്സപ്ത രാഗാലാപാംഗാനി. ൧൪൯

ഭാ—ആയാതം, കരണം, മുക്തം, അഭികരണം, സ്ഥായി, വർത്തനി, ന്യാസം ഇങ്ങനെ ചുരുക്കത്തിൽ ഏഴംഗങ്ങളാണ് രാഗാലാപത്തിന്നുള്ളത്.

സൂ—തത്ര ഗ്രഹാത്തത്താരാന്തം തത്തദ്രാഗവ്യഞ്ജകതയാരുഹ്യ തതസ്തദുത്തരാന്തമവരുഹ്യ ദ്വിത്രാംസ്ഥാനവിശേഷാൻ പ്രദർശ്യ ഗ്രഹേ മധ്യഷഡ്ജേ വാ ന്യസനമായാതം. ൧൫൦

ഭാ—അവയിൽ ആയാതം എന്നതിന്റെ സ്വഭാവം ഇങ്ങനെയാണ്. രാഗത്തിന്റെ ഗ്രഹസ്വരത്തിൽനിന്ന് അതിന്റെ താരസ്ഥായിസ്വരംവരെ അതാതു രാഗം വ്യഞ്ജിപ്പിക്കുന്ന ഗമകവിശേഷങ്ങളെക്കാണിച്ചുകൊണ്ട് ആരോഹണം ചെയ്യു. പിന്നെ ആ താരസ്വരത്തിൽനിന്ന് ഗ്രഹസ്വരത്തിന്റെ മേൽസ്വരംവരെ അപ്രകാരംതന്നെ അവരോഹണം ചെയ്തു രണ്ടോ മൂന്നോ താനവിശേഷങ്ങൾ എന്നു വെച്ചാൽ സംഗതികൾ പ്രകാശിപ്പിച്ച് ആ ഗ്രഹസ്വരത്തിൽ ന്യസിക്കുക. ഗ്രഹസ്വരം മധ്യസ്ഥായിഷഡ്ജമല്ലാത്തവയിൽ മധ്യസ്ഥായിഷഡ്ജത്തിലും ന്യസിക്കാവുന്നതാണ്. ആയാതം എന്ന ശബ്ദത്തിന്ന് വന്നത് എന്നർത്ഥം. ഏതുകൊണ്ടു രാഗം വന്നതായിരുന്നുവോ അത് എന്നു താൽപര്യം. ഇതിന്ന് ആക്ഷിപ്തിക എന്നും പറയാറുണ്ട്. രാഗത്തെ ആക്ഷേപപ്രമാണത്താൽ അല്ലെങ്കിൽ അനുമാനത്താൽ ഗ്രഹിപ്പിക്കുന്നതെന്നർത്ഥം. ആയാതശബ്ദത്തിന്റെ അപഭ്രംശമായി ആയത്തം, ആയിത്തം എന്നിങ്ങനെയും ചിലർ വ്യവഹരിച്ചുവരാറുമുണ്ട്. ചില ഗ്രന്ഥകാരന്മാർ ആദ്യം താരസ്ഥായിയിലെ ഗ്രഹസ്വരത്തിൽനിന്നു മധ്യസ്ഥായിഗ്രഹംവരെ അവരോഹണവും പിന്നെ മേല്പോട്ടാരോഹണവും ചെയ്തു ചില താനങ്ങൾ കാണിച്ചു താരഷഡ്ജത്തിൽ ന്യസിക്കയാണ് ഇതിന്റെ സ്വരൂപമെന്നും അഭിപ്രായപ്പെടുന്നു. മററു ചിലർ മധ്യഷഡ്ജത്തിൽനിന്നു മന്ദ്രസ്ഥായിസ്വരങ്ങളിൽ ചിലതിലേക്കു പോയി തിരിയെ മധ്യസ്ഥായിഗാന്ധാരംവരെയോ ഋഷഭംവരെയോ വന്നു വീണ്ടും മധ്യഷഡ്ജം മുതൽ താരപഞ്ചമംവരെ പോയി തിരിയെ മധ്യഷഡ്ജംവരെ ക്രമത്തിൽ പോന്നു ന്യസിക്കുന്നതാണ് ആയാതസ്വരൂപമെന്നും പറയുന്നുണ്ട്.

സൂ—തതോ മധ്യമധ്യമാൽ പഞ്ചമാദ്വാ യഥായഥം തന്മന്ദ്രാന്തമവരോഹാരോഹാഭ്യാം ക്രമാദഭിവ്യാപ്യ വിചിത്രവർണ്ണാലങ്കാരസ്ഥായഗമകാൻ കാംശ്ചി

ദ്വിളംബിതേ പുനർമ്മധ്യദ്രുതയോശ്ച പ്രദർശ്യ താരഷഡ്ജേ ന്യസനം കരണം ദ്വിതീയമംഗം. ൪൪൭

ഭാ—മേൽവിവരിച്ചപ്രകാരം ആയാതമെന്ന ഒന്നാമത്തെ ആലാപാംഗം പ്രകടിപ്പിച്ചതിന്നുശേഷം ഓരോ രാഗത്തിൻെറയും യുക്തംപോലെ മധ്യസ്ഥായിയിലെ മധ്യമത്തിൽനിന്നോ പഞ്ചമത്തിൽനിന്നോ തുടങ്ങി ആദ്യം അവരോഹണക്രമത്തിൽ ചില സ്വരങ്ങളിൽ പലമാതിരി വർണ്ണങ്ങൾ, അലങ്കാരങ്ങൾ, സ്ഥായങ്ങൾ, ഗമകങ്ങൾ ഇവയെ മനോധർമ്മമനുസരിച്ച പ്രകടിപ്പിക്കുക. അങ്ങനെ ചെയ്തതിന്നുശേഷം മന്ദ്രസ്ഥായിയിലെ മധ്യമംവരെയോ പഞ്ചമംവരെയോ അവരോഹണക്രമത്തിൽ പോയി തിരിയെ വരുമ്പോൾ ആരോഹണക്രമത്തിലും അപ്രകാരം ചിലതു പ്രകടിപ്പിക്ക. ഇങ്ങനെ പ്രകടിപ്പിക്കുന്നത് ആദ്യം വിളംബിതകാലത്തിലും പിന്നെ മധ്യദ്രുതകാലങ്ങളിൽ അല്പം മാത്രവും വേണ്ടതാണ്. പിന്നെ ആ മധ്യമത്തിൽനിന്നോ പഞ്ചമത്തിൽനിന്നോ താരഷഡ്ജംവരെപ്പോയി അതിൽ ന്യസിക്കുക. ഇങ്ങനെയാണ് രണ്ടാമത്തെ അംഗമായ കരണത്തിൻെറ സ്വഭാവം. മധ്യമധ്യമത്തിൽനിന്നോ മധ്യപഞ്ചമത്തിൽനിന്നോ താരമധ്യമംവരെ ആരോഹക്രമത്തിൽ പോയി അവിടെനിന്നു മധ്യമധ്യമംവരെ അവരോഹണം ചെയ്തതിന്നുശേഷം മധ്യസ്ഥായിയിൽ ചില വർണ്ണാലങ്കാരസ്ഥായഗമകങ്ങൾ കാണിച്ചു മധ്യഷഡ്ജത്തിൽ ന്യസിക്കുന്നതാണ് കരണസ്വരൂപമെന്നും ചിലർ പറയുന്നുണ്ട്. ഈ കരണത്തിന്ന് പ്രഥമരാഗവർദ്ധിനി എന്നും ഭാഷയിൽ എടുപ്പ് എന്നും പറഞ്ഞുവരുന്നു.

സൂ—തതോ മധ്യപഞ്ചമാദ്ധൈവതാദ്വാ താരഷഡ്ജമൃഷഭം വാ ഗുംഭിതേന ഗത്വാ മധ്യഷഡ്ജാന്തമവരുഹ്യ ദ്വിത്രാൻ സ്ഥായാൻ പ്രദർശ്യ മധ്യഷഡ്ജേ ന്യസനം മുക്തം തൃതീയം. ൪൪൯

ഭാ—പിന്നെ മധ്യസ്ഥായിയിലെ പഞ്ചമത്തിൽനിന്നോ ധൈവതത്തിൽനിന്നോ താരഷഡ്ജത്തിലേക്കോ താരഋഷഭത്തിലേക്കോ ഗുംഭിതമെന്ന ഗമകം കാണിച്ചുകൊണ്ടു പോയി അവിടെനിന്നു മുറക്കു മധ്യഷഡ്ജംവരെ അവരോഹണം ചെയ്തു രണ്ടോ മൂന്നോ സ്ഥായങ്ങൾ യുക്തംപോലെ പ്രകടിപ്പിച്ചു മധ്യഷഡ്ജത്തിൽ ന്യസിക്കുക. ഇതാണ് മുക്തം എന്ന മൂന്നാമത്തെ അംഗത്തിൻെറ സ്വഭാവം. മധ്യപഞ്ചമത്തിൽനിന്നോ മധ്യമത്തിൽനിന്നോ മധ്യഷഡ്ജത്തിലേക്കും അവിടെനിന്നു താരഷഡ്ജത്തിലേക്കും ഗുംഭിതഗമകം കാണിച്ചുകൊണ്ടു പോയി മധ്യഋഷഭംവരെ മാത്രം അവരോഹണം ചെയ്തു ചില സ്ഥായങ്ങൾ പ്രകടിപ്പിച്ചു മധ്യഷഡ്ജത്തിൽ ന്യസിക്കുന്നതാണ് മുക്തസ്വരൂപമെന്നും ചിലർ പറയുന്നു. ഇതിന്നു ഭാഷയിൽ മുക്തായി എന്നു പറഞ്ഞുവരുന്നു. കരണാദികരണങ്ങളുടെ ഇടയിൽനിന്ന് അവയെ വേർതിരിക്കുന്ന ഗീതഖണ്ഡമാകയാൽ ആലാപവിദാരി എന്ന സംജ്ഞയും ചിലർ കൊടുത്തിട്ടുണ്ട്.

സൂ—അഥ താരഷഡ്ജാത്തൽപഞ്ചമാന്തം ധൈവതാന്തം വാ വിചിത്രവർണ്ണാലങ്കാരാദിഭിരാരുഹ്യ തതഃ ക്രമാദവരുഹ്യ മധ്യസ്ഥായിസ്വരേഷു ബഹുവിധാംസ്താൻ പ്രദർശ്യ മധ്യഷഡ്ജേ ന്യസനമഭികരണം ചതുർത്ഥം. ൪൫൦

ഭാ—മേൽപ്രകാരം മുക്തായിച്ചതിന്നുശേഷം താരഷഡ്ജത്തിൽനിന്നു തുടങ്ങി ഓരോതരം വർണ്ണാലങ്കാരസ്ഥായഗമകങ്ങൾ പ്രകടിപ്പിച്ചുകൊണ്ടു താരപഞ്ചമംവരെയോ ധൈവതംവരെയോ ക്രമത്തിൽ ക്രമത്തിൽ ആരോഹണം ചെയ്യു. പിന്നെ അവിടെനിന്നു ക്രമത്തിൽ താരഷഡ്ജംവരെ അവരോഹണം ചെയ്തു മധ്യസ്ഥായിസ്വരങ്ങളിൽ പല തരത്തിലും മനോധർമ്മംപോലെ വർണ്ണാലങ്കാരസ്ഥായഗമകങ്ങളെ പ്രധാനമായി വിളംബിതത്തിലും പിന്നെ

മധ്യകാലത്തിലും പിന്നെ ദ്രുതകാലത്തിലും പ്രദർശിപ്പിക്കുക. അങ്ങനെ മധ്യഷഡ്ജംവരെ അവരോഹണക്രമത്തിൽ വന്നു മധ്യഷഡ്ജത്തിൽ ന്യസിക്കുക. ഇങ്ങനെയാണ് അഭികരണത്തിന്റെ സ്വരൂപം. താരഷഡ്ജം മുതൽ താരനിഷാദംവരെ ആരോഹണം ചെയ്യണമെന്നും ഒരു പക്ഷമുണ്ട്. ഈ അഭികരണത്തിന്നു ദ്വിതീയരാഗവർദ്ധിനി എന്നും സംജ്ഞയുണ്ട്. രണ്ടാം എടുപ്പ് എന്നു ഭാഷയിലും പറഞ്ഞുവരുന്നുണ്ട്. അഭികരണപ്രയോഗത്തിന്നു ശേഷവും മധ്യഷഭം മുതൽക്കോ ഗാന്ധാരം മുതൽക്കോ താരസ്ഥായിയിലെ ആ സ്വരത്തോളം ആരോഹണവും അവിടെനിന്ന് ആരംഭസ്വരംവരെ അവരോഹണവും ഗുംഭിതഗമകരീതിയിൽച്ചെയ്തു ചില സ്ഥായാലങ്കാരങ്ങൾ കാണിച്ചു മുക്തായിക്കണമെന്നു സുധാകാരാദികൾ അഭിപ്രായപ്പെടുന്നു. വെങ്കടമഖിയാകട്ടെ അല്പാല്പം വ്യത്യാസത്തോടുകൂടി വർണ്ണാലങ്കാരാദി പ്രയോഗങ്ങൾ ക്രമത്തിൽ ഒന്നിനൊന്ന് അധികമാക്കിക്കൊണ്ട് മൂന്നുതരം കരണങ്ങളും ഓരോന്നിനും ശേഷം മുക്തവും പ്രയോഗിക്കണമെന്നും പ്രത്യേകം ചിലേടത്തുമാത്രം രണ്ടു കരണങ്ങളും അവയുടെ മുക്തങ്ങളും പക്ഷേ മതിയായേക്കാമെന്നും പറയുന്നു.

സൂ—അഥ തത്തദ്രാഗാനുസാരാദേകൈകം സ്വരമവധികൃത്യാരോഹക്രമേ പൂർവ്വേഷാമവരോഹക്രമേ പരേഷാഞ്ച സഹകാരേണ സ്ഥാനത്രയേ ദ്വിത്രാദിവിചിത്രസ്ഥായപ്രദർശനം സ്ഥായി പഞ്ചമം. ൧൫൫

ഭാ—അതിന്നുശേഷം ഓരോരോ രാഗത്തിലും അതാതിന്നുള്ള വ്യവസ്ഥയനുസരിച്ചു വരുന്ന ഓരോ സ്വരത്തെയും അവധിയാക്കിക്കൊണ്ട് ആരോഹണക്രമത്തിലും അവരോഹണക്രമത്തിലും രണ്ടോ മൂന്നോ വീതം സ്ഥായവിശേഷങ്ങളെ പ്രകടിപ്പിക്കുന്നതാണ് സ്ഥായി എന്ന അഞ്ചാമത്തെ ആലാപാംഗം. ഇവിടെ രണ്ടോ മൂന്നോ എന്നു പറഞ്ഞിട്ടുള്ളതു സാമാന്യമായിട്ടാണ്. രാഗത്തിന്റെ അംശസംവാദ്യനുവാദിസ്വരങ്ങളിൽ പ്രതിഭാവിശേഷമനുസരിച്ചു മൂന്നിലധികം സ്ഥായങ്ങളും പ്രയോഗിക്കാവുന്നതാണ്. അതുകൊണ്ടാണ് ദ്വിത്രാദി എന്ന് ആദിശബ്ദം ചേർത്തിരിക്കുന്നത്. അതിൽ ആരോഹക്രമത്തിൽ പ്രയോഗിക്കുമ്പോൾ ഏതു സ്വരത്തെ അവധിയാക്കുന്നുവോ അതിന്റെ കീഴെയുള്ള സ്വരങ്ങളെയല്ലാതെ മേലെയുള്ള സ്വരത്തെച്ചേർത്തുകൊണ്ടുള്ള സ്ഥായം പ്രയോഗിക്കരുത്. അവരോഹക്രമത്തിൽ പ്രയോഗിക്കുമ്പോൾ അവധിയാക്കുന്ന സ്വരത്തിന്റെ മേലെയുള്ള സ്വരങ്ങളെയല്ലാതെ കീഴെയുള്ള സ്വരത്തെച്ചേർത്തുകൊണ്ടുള്ള സ്ഥായവും പ്രയോഗിക്കരുത്. ഇങ്ങനെയാണ് നിയമം. "അവരോഹേ തു ഗ്രാഹ്യാ നാധസ്തനാഃ സ്വരാഃ. ആരോഹേ ത്വഗ്രിമാ നൈവ സ്വരാ ഗ്രാഹ്യാ ഇതി സ്ഥിതിഃ." എന്നു വെങ്കടമഖിവചനം. സൂത്രത്തിലെ തത്തദ്രാഗാനുസാരാൽ എന്ന അംശത്താൽ പൂർണ്ണസ്വരരാഗങ്ങളിൽ മധ്യസ്ഥായിയിൽ ഷഡ്ജം മുതൽ ഏഴു സ്വരങ്ങളിലോരോന്നും ഷാഡവരാഗങ്ങളിൽ ആറു സ്വരങ്ങളിലോരോന്നും ഔഡവരാഗങ്ങളിൽ അഞ്ചു സ്വരങ്ങളിലോരോന്നും അവധിയാക്കിക്കൊണ്ടാണ് സ്ഥായങ്ങൾ ക്രമത്തിൽ പ്രയോഗിക്കേണ്ടതെന്നും കാണിച്ചിരിക്കുന്നു. താരസ്ഥായിയിൽ പഞ്ചമംവരെയും മന്ദ്രസ്ഥായിയിൽ അവരോഹണക്രമത്തിൽ ഗാന്ധാരംവരെയും ഉള്ള സ്വരങ്ങളെമാത്രം സ്വീകരിക്കുന്നതാണ് ഏതു രാഗത്തിലും പ്രായേണ ഉചിതം. അവയിലെ മററു സ്വരങ്ങളിൽ പ്രയോഗിക്കുന്ന സ്ഥായങ്ങൾക്കു തീക്ഷ്ണതാധിക്യംകൊണ്ടും മന്ദതാധിക്യംകൊണ്ടും രഞ്ജകത കുറവായിരിക്കുന്നതാണ്. അതുപോലെ ഏതു രാഗത്തിലും അംശസ്വരത്തിന്റെ വിവാദിസ്വരങ്ങളിൽ വൈചിത്ര്യവിശേഷത്തിന്നുവേണ്ടി ഒന്നോ രണ്ടോ സ്ഥായങ്ങൾ മാത്രമല്ലാതെ അതിലധികം പ്രയോഗിച്ചാൽ രാഗത്തിന്റെ രഞ്ജകതാവിശേഷത്തിന്നും കുറവു വന്നേക്കുമെന്നറിഞ്ഞുകൊൾക.

സൂ—തൽക്രമസ്തു പ്രഥമം മധ്യഷഡ്ജാത്താരപഞ്ചമാന്തേഷ്വേകൈകം സ്ഥായിനം കൃത്വാരോഹഃ. തതോ മന്ദ്രഗാന്ധാരാന്തം തഥാവരോഹഃ. പുനസ്ത സ്മാന്മധ്യഷഡ്ജാന്തമാരുഹ്യ തത്ര ന്യാസ ഇതി. ൮൨

ഭാ—അപ്രകാരം ഓരോ സ്വരത്തെയും സ്ഥായിയാക്കി സ്ഥായങ്ങൾ പ്രയോഗിക്കു ന്നതിനുള്ള സ്വരക്രമമാകട്ടേ ഇപ്രകാരമാണ്. ആദ്യം മധ്യഷഡ്ജത്തെ സ്ഥായിയാക്കി അ തിന്നു കീഴെ മൂന്നോ നാലോ അഞ്ചോ സ്വരങ്ങൾ ചേൎത്തു മധ്യഷഡ്ജത്തിൽ അവസാനിക്കു ന്ന ചില സ്ഥായങ്ങൾ പ്രകടിപ്പിക്കുക. പിന്നെ മധ്യഋഷഭത്തെ സ്ഥായിയാക്കി അപ്രകാ രം അതിന്നു കീഴെയുള്ള ചില സ്വരങ്ങൾ ചേൎത്തു സ്ഥായങ്ങൾ പ്രയോഗിക്കുക. ഇങ്ങനെ ക്രമത്തിൽ ഓരോ മേൽസ്വരം സ്ഥായിയാക്കി താരപഞ്ചമംവരെ ആരോഹണം ചെയ്യു. അതിന്നുശേഷം താരമധ്യമത്തെ സ്ഥായിയാക്കി താരനിഷാദധൈവതപഞ്ചമങ്ങളെ യുക്തംപോലെ ചേൎത്തു സ്ഥായങ്ങൾ പ്രകടിപ്പിക്ക. പിന്നെ താരഗാന്ധാരത്തെ സ്ഥായി യാക്കി ധൈവതപഞ്ചമമധ്യമങ്ങൾ ചേൎത്തു പ്രയോഗിക്ക. ഇപ്രകാരം ക്രമത്തിൽ താരഋഷ ഭം മുതൽ ഓരോ കീഴ്സ്വരത്തെ സ്ഥായിയാക്കി മന്ദ്രഗാന്ധാരംവരെയും അവരോഹണം ചെയ്യു. പിന്നെ മന്ദ്രമധ്യമം സ്ഥായിയാക്കി മന്ദ്രഷഡ്ജഋഷഭഗാന്ധാരങ്ങൾ ചേൎത്തു സംഗ തികൾ പ്രകടിപ്പിക്കുക. പിന്നെ മന്ദ്രപഞ്ചമത്തെ സ്ഥായിയാക്കി അതിന്റെ കീഴ്സ്വര ങ്ങൾ ചേൎത്തു പ്രയോഗിക്കുക. അങ്ങനെ മധ്യഷഡ്ജംവരെ ആരോഹണംചെയ്തു മധ്യഷ ഡ്ജത്തിൽ ന്യസിക്കുക. ഓരോ സ്ഥായിസ്വരത്തിലും അവസാനത്തെ സ്ഥായം പ്രയോഗി ക്കുന്നതുമാത്രം ആരോഹണക്രമത്തിലും അവരോഹണക്രമത്തിലും അടുത്ത സ്ഥായിസ്വരത്തെ അല്പമൊന്നു സ്പൎശിച്ചിട്ടായിരിക്കണമെന്നാണ് സമ്പ്രദായം. അങ്ങനെ ചെയ്യുന്നത് അടുത്ത സ്ഥായിയിലെ സ്ഥായരഞ്ജനത്തിന്നു സഹായമായിത്തീരുന്നതാണ്. ഇങ്ങനെയുള്ള സ്ഥാ യിപ്രയോഗങ്ങൾ പ്രധാനമായി വിളംബിതകാലത്തിലും ഇടക്കിടക്കു മധ്യകാലത്തിലും ചി ലപ്പോൾ മാത്രം ദ്രുതകാലത്തിലുമായിരിക്കണം. ആദ്യം താരഷഡ്ജം മുതൽ തുടങ്ങി ആരോ ഹണക്രമത്തിന്നു ഓരോ സ്വരം സ്ഥായിയാക്കിക്കൊണ്ടു താരപഞ്ചമംവരെപ്പോയി അവി ടെനിന്ന് അവരോഹണക്രമത്തിൽ ഓരോന്നു സ്ഥായിയാക്കി മന്ദ്രഗാന്ധാരംവരെ വരിക. പിന്നെ അവിടെനിന്ന് ആരോഹക്രമത്തിൽ താരഷഡ്ജംവരെപ്പോയി ആ താരഷഡ്ജത്തിൽ അവസാനിപ്പിക്കുക. ഇങ്ങനെയാണ് സ്ഥായിപ്രയോഗത്തിന്റെ ക്രമമെന്നും ചിലർ അഭി പ്രായപ്പെടുന്നുണ്ട്.

സൂ—വെങ്കടമഖിനസ്തു സതാരഷഡ്ജമധ്യമന്ദ്രസ്വരേഷ്വേവ സ്ഥായി പ്രയോഗം തത്രാപി മധ്യസ്വരേഷ്വാരോഹാവരോഹൌ വിധായ മന്ദ്രസ്വരേഷു താവിതി ക്രമവിശേഷം സ്ഥാനകൃതം സ്ഥായസംഖ്യാനിയമമപ്യാഹുഃ. ൮൩

ഭാ—വെങ്കടമഖിയാകട്ടേ മധ്യസ്ഥായിയിലെ ഏഴു സ്വരങ്ങളിലും താരസ്ഥായിയി ലെ ഷഡ്ജത്തിലും മന്ദ്രസ്ഥായിസ്വരങ്ങളിലും മാത്രമാണ് ആലാപസ്ഥായിപ്രയോഗമെന്നു പറയുന്നു. അതിലും ആദ്യം മധ്യഷഡ്ജത്തിൽനിന്നു തുടങ്ങി താരഷഡ്ജംവരെയുള്ള ഓരോ സ്വരത്തേയും സ്ഥായിയാക്കി ആരോഹണക്രമത്തിൽ പ്രയോഗിച്ചതിന്നുശേഷം മധ്യനിഷാ ദംമുതൽ ഓരോന്നു സ്ഥായിയാക്കി മധ്യഷഡ്ജംവരെ പ്രയോഗിക്ക. പിന്നെ മന്ദ്രസ്വരങ്ങ ളിൽ ആരോഹക്രമമനുസരിച്ചു ഓരോന്നും സ്ഥായിയാക്കി മധ്യഷഡ്ജംവരെയും പ്രയോഗിച്ച തിന്നുശേഷം മന്ദ്രനിഷാദം മുതൽ അവരോഹണക്രമമനുസരിച്ചും പ്രയോഗിക്കുക. ഇങ്ങ നെയാണ് സ്ഥായിപ്രയോഗത്തിന്നുള്ള ക്രമമെന്നും പറയുന്നു. മധ്യസ്ഥായിസ്വരങ്ങളിലും

താരഷഡ്ജത്തിലും ഈരണ്ടു സംഗതികൾവീതം മാത്രവും മന്ദ്രസ്ഥായിസ്വരങ്ങളിൽ നന്നാലു സംഗതികൾവീതം മാത്രവുമാണ് പ്രയോഗിക്കേണ്ടതെന്നു നിയമിക്കുകയും ചെയ്തിരിക്കുന്നു.

"തത്രാദൌ മധ്യഷഡ്ജാഖ്യഃ സ്ഥായീ സമനുവർണ്ണ്യതേ
മധ്യഷഡ്ജം സമാരഭ്യ താരഷഡ്ജാവധി ക്രമാൽ
ഭവന്ത്യഷ്ടൗ സ്വരാ രാഗേ സമ്പൂർണ്ണേ സപ്ത ഷാഡവേ
ഔഡവേ ഷട് ക്രമാത്തേഷാമാരോഹക്രമതഃ പുനഃ
ഏകൈകസ്യ സ്വരസ്യൈഷാം താനദ്വിതയസംഖ്യയാ
മധ്യഷഡ്ജാദിതാരാന്തസ്വരേഷ്വഷ്ടസ്വപി സ്മൃതാഃ
ദ്വ്യഷ്ടതാനാ മധ്യഷഡ്ജന്യാസവന്തോ ഭവന്ത്യമീ."

എന്നു തുടങ്ങി

"ഏവം മന്ദ്രനിഷാദാഖ്യസ്വരാദാമന്ദ്രഷഡ്ജകം
സപ്ത സ്വരാസ്സംഭവന്തി തേഷു സപ്തസ്വരേഷ്വപി
നിധപാദ്യാ സ്വരാ യേ യേ സഹന്തേവസ്ഥിതിം പൃഥക്
താൻ സ്വരാൻ സ്ഥായിനഃ കൃത്വാ പശ്ചാദാരോഹമാർഗ്ഗതഃ
തത്തത്സ്വരാപേക്ഷയാഷ്ടൗ സ്വരാ ഗ്രാഹ്യാ യഥാക്രമം
തദൂർധ്വം വിദ്യമാനാംസ്തു സ്വരാംസ്താന്നൈവ സംസ്പൃശേൽ
ഏവം മന്ദ്രസ്വരേഷ്വേവാരോഹേ താനചതുഷ്ടയം
അവരോഹേ ചതുസ്താനാൻ ഗീത്വാ സ്ഥായിസ്വരേഷ്വഥ
ന്യാസഃ കർത്തവ്യ ഇത്യേവം സമ്പ്രദായഃ പ്രദർശിതഃ."

എന്നുവരെയുള്ള ചതുർദ്ദണ്ഡീപ്രകാശിക നോക്കുക.

സൂ—തദനാദേയം. സമ്പ്രദായവിരോധാൽ പൂർവ്വഗ്രന്ഥവിരോധാദ്രഞ്ജനാനനുഗുണത്വാച്ച. ൧൭൪

ഭാ—ആ അഭിപ്രായം സ്വീകാര്യമായിരിക്കുന്നില്ല. എന്തുകൊണ്ടെന്നാൽ പ്രസിദ്ധമായ ആലാപസമ്പ്രദായത്തിന്ന് അതു യോജിക്കുന്നില്ല. താരസ്ഥായിസ്വരങ്ങളെ സ്ഥായിയാക്കിക്കൊണ്ടുള്ള ആലാപം പ്രസിദ്ധമാണല്ലോ. മുമ്പുള്ള ഗ്രന്ഥകാരന്മാർ ആലാപനിർവ്വചനത്തിൽ മന്ദ്രതാരങ്ങളിൽ ആലാപം സ്പഷ്ടമായി പ്രതിപാദിച്ചിരിക്കുന്നതിനാൽ പൂർവ്വഗ്രന്ഥങ്ങൾക്കും അതു വിരുദ്ധമാണ്. അതുപോലെ സ്ഥായങ്ങൾ അനന്തങ്ങളാണെന്നും രഞ്ജനമനുസരിച്ചു യുക്തംപോലെ പ്രയോഗിക്കേണ്ടവയാണെന്നും രത്നാകരത്തിലും മററും പറഞ്ഞിട്ടുള്ളതിനാൽ ഓരോ സ്ഥായിസ്വരത്തിലും ഈരണ്ടു സംഗതികൾ മാത്രമെന്നു നിയമിക്കുന്നതും പൂർവ്വഗ്രന്ഥത്തിന്നും സമ്പ്രദായത്തിന്നും യോജിക്കുന്നതല്ല. മധ്യസ്ഥായിസ്വരങ്ങളിൽ ആരോഹാവരോഹക്രമത്തിൽ സ്ഥായികളെ പ്രയോഗിച്ചതിനുശേഷം മന്ദ്രസ്ഥായി സ്വരങ്ങളിൽ ആരോഹക്രമത്തിൽ ആരംഭിക്കുന്ന ആലാപക്രമവും സമ്പ്രദായത്തിന്നും പൂർവ്വഗ്രന്ഥങ്ങൾക്കും ശ്രോതാക്കന്മാർക്കു രഞ്ജനയുണ്ടാക്കുന്നതിന്നും അനുഗുണമായിരിക്കുന്നതുമില്ല. അതിനാൽ മുമ്പു കാണിച്ചവിധംതന്നെയാണ് ഈ അഭിപ്രായത്തേക്കാൾ സ്വീകാര്യമെന്നു താൽപര്യം.

സൂ—പുനരംശസ്വരേ മധ്യേ ഷഡ്ജേ വാ വിളംബ്യ താരഷഡ്ജാന്തം ദ്രുതമാനേനാരുഹ്യ പഞ്ചമാന്തമവരുഹ്യ തതസ്താരപഞ്ചമാന്തം തന്നിഷാദാന്തം വാരുഹ്യ മധ്യഷഡ്ജാന്തമവരുഹ്യ ച കാംശ്ചിൽ സ്ഥായാൻ പ്രദർശ്യ മധ്യഷഡ്ജ ഏവ ന്യസനം വർത്തനീ ഷഷ്ഠമംഗം. ൧൭൫

ഭാ—മുൻവിവരിച്ചപ്രകാരമുള്ള സ്ഥായിപ്രയോഗത്തിനുശേഷം ജീവസ്വരത്തിലോ ജീവസ്വരം ഷഡ്ജമല്ലെങ്കിൽ മധ്യസ്ഥായിഷഡ്ജത്തിലോ അല്പം ആലാപിച്ചുനിന്ന് അതിൽനിന്നു താരഷഡ്ജംവരെയും ദ്രുതകാലത്തിൽ ആരോഹണംചെയ്തു മധ്യമംവരെ അവരോഹണം ചെയ്ത് അവിടെനിന്നു വീണ്ടും താരപഞ്ചമംവരെയോ താരനിഷാദത്തോളംതന്നെയോ ആരോഹണംചെയ്ത് അവിടെനിന്നു മധ്യഷഡ്ജംവരെയും അവരോഹണംചെയ്തു. പിന്നെ ചില സംഗതികൾ പ്രകടിപ്പിച്ചു മധ്യഷഡ്ജത്തിൽ ന്യസിക്കുക. ഇങ്ങനെയാണ് ആറാമത്തെ ആലാപാംഗമായ വർത്തനിയുടെ സ്വരൂപം. ജീവസ്വരത്തിൽ അല്പം ആലാപിച്ചുനിന്ന് ഏതെങ്കിലും ഒരു മേൽസ്വരത്തിലേക്കു പോയി അവസാനിപ്പിക്കുക. പിന്നെ ആ സ്വരത്തിൽ ആലാപിച്ചുകൊണ്ട് അല്പം നിന്ന് തിരിയെ ജീവസ്വരത്തിൽ വന്നവസാനിപ്പിക്കുക. ഈ രീതിയിൽ ജീവസ്വരത്തിലും വേറെവേറെ മേൽസ്വരങ്ങളിലുമായി മൂന്നു തവണ ആലാപവിരാമങ്ങൾ പ്രകടിപ്പിച്ചതിനുശേഷം നാലാമതു ജീവസ്വരത്തിൽ ആലാപംചെയ്ത് അവിടെനിന്നു മന്ദ്രഷഡ്ജംവരെയോ ഗാന്ധാരംവരെയോ അവരോഹണവും അവിടെനിന്നു താരപഞ്ചമംവരെയോ നിഷാദംവരെയോ ആരോഹണവും ചെയ്തു വീണ്ടും മധ്യഷഡ്ജത്തിലേക്കവരോഹിച്ച് അവിടെ ന്യസിക്കുക. ഇങ്ങനെയും വർത്തനീപ്രയോഗമാകാമെന്നു ചിലർ പറയുന്നുണ്ട്. ഈ വർത്തനിക്ക് 'മകരിണി' എന്നും ഒരു സംജ്ഞ പ്രസിദ്ധമാണ്. വെങ്കടമഖിയാകട്ടേ സ്ഥായ്യാലാപത്തിനുശേഷം പിന്നെയും കരണവും മുക്തവും അതായത് നാലാമത്തെ രാഗവർദ്ധനിയും നാലാമത്തെ മുക്തായിയും രണ്ടാമത്തേയോ മൂന്നാമത്തേയോ രാഗവർദ്ധനിപോലെയും മുക്തായിപോലെയും പ്രയോഗിച്ചിട്ടുവേണം വർത്തനി പ്രയോഗിപ്പാൻ എന്നഭിപ്രായപ്പെടുന്നു.

സൂ—അഥ മധ്യപഞ്ചമാദാഷഡ്ജമവരുഹ്യാതാരഷഡ്ജമാരുഹ്യ ചിത്രാൻ സ്ഥായാൻ പ്രദർശ്യ മധ്യഷഡ്ജാന്തമവരുഹ്യ ന്യസനം ന്യാസാഖ്യം സപ്തമം. ൧൭൩

ഭാ—പിന്നെ മധ്യസ്ഥായിപഞ്ചമത്തിൽനിന്നു മധ്യഷഡ്ജംവരെ അവരോഹണവും അവിടെനിന്നു താരഷഡ്ജംവരെ ആരോഹണവും ചെയ്ത് അവിടെ രണ്ടോ മൂന്നോ സംഗതികൾ പ്രയോഗിച്ചു മധ്യഷഡ്ജംവരെ അവരോഹണം ചെയ്ത് ആ സ്വരത്തിൽ ആലാപം അവസാനിപ്പിക്ക. ഇങ്ങനെ ഏഴാമത്തെ അംഗമായ ന്യാസത്തിന്റെ സ്വഭാവം.

ഇപ്രകാരം രാഗാലാപത്തിന്റെ സാമാന്യസ്വഭാവം കാണിച്ചതിനുശേഷം ഓരോരോ രാഗത്തിൽ പ്രത്യേകം വരുന്ന വിശേഷസ്വഭാവത്തെപ്പററിപ്പറയുന്നു—

സൂ—അംശസംവാദിന്യാസാദിഭേദകൃതസ്തു തത്ര തത്ര വിശേഷഃ. ൧൭൪

ഭാ—ഓരോരോ രാഗത്തിന്റെ ജീവസ്വരം അതിന്റെ സംവാദിസ്വരം, രാഗത്തിന്റെ ന്യാസാപന്യാസാദിസ്വരങ്ങൾ ഇവകളുള്ള വ്യത്യാസമനുസരിച്ച് ഇവിടെ വിവരിച്ച ആരോഹണാവരോഹണങ്ങളിൽ ആരംഭിക്കേണ്ട സ്വരത്തിനും അവസാനിപ്പിക്കേണ്ട സ്വരത്തിനും വ്യത്യാസം വരുന്നതാണ്. അതുപോലെ ന്യാസസ്വരങ്ങൾക്കും മാററം വരുന്നതാണ്. സാമാന്യമായ രാഗാലാപങ്ങളുടെ സ്വഭാവവും ക്രമവുമാണ് ഇവിടെക്കാണിച്ചതെന്നു താൽപര്യം. എന്നാൽ ആലാപം അവസാനിക്കുന്ന ന്യാസം അധികം രാഗങ്ങളിലും മധ്യഷഡ്ജത്തിൽത്തന്നെയാണെന്നറിഞ്ഞുകൊൾക.

സൂ—ഏതേന കടകാലാപോപി വ്യാഖ്യാതഃ. ൧൭൫

ഇതി ഗമകസ്ഥായാദിപ്രകാശഃ.

ഭാ—രാഗാലാപത്തിൻെറ സമ്പ്രദായം വിവരിച്ചതുകൊണ്ടുതന്നെ കടകമെന്നു പറഞ്ഞുവരുന്ന രാഗതേനത്തിൻെറ ആലാപസമ്പ്രദായവും വിവരിച്ചുകഴിഞ്ഞു. കടകാലാപത്തിലും ആയാതം, കരണം, മുക്തം, അഭികരണം, സ്ഥായി, വത്തനി, ന്യാസം ഇങ്ങനെ ഏഴംഗങ്ങളുണ്ടെന്നും അവയിലോരോന്നിൻെറയും സ്വഭാവം മിക്കതും രാഗാലാപത്തിലേ അംഗങ്ങളുടെ സ്വഭാവംപോലെതന്നെയാണെന്നും പ്രത്യാഘാതാദിഗമകങ്ങളും, സ്ഥായവിശേഷങ്ങളും എന്നീ അംഗങ്ങളിലാണ് പ്രധാനമായ വ്യത്യാസമെന്നും താൽപര്യം.

ഇങ്ങനെ ഗമകസ്ഥായാദിപ്രകാശം.

അഥ പ്രബന്ധപ്രകാശഃ

സ്തവപ്രബന്ധൈർബ്ബുധാ നിബദ്ധൈ-
സ്സംസ്തൂയമാനാം സുരസിദ്ധസംഘൈഃ
വിദ്യാഭിധാനാം ഹൃദയാന്ധകാര-
വിനാശിനീം താം പ്രണമാമി ശക്തിം.

ഇനി പ്രബന്ധങ്ങൾ എന്നു പറഞ്ഞുവരുന്ന ഗീതവിശേഷങ്ങളെപ്പററി വിവരിപ്പാൻ തുടങ്ങുന്നു. അതിൽ ആദ്യമായി പ്രബന്ധമെന്നതിൻെറ സാമാന്യസ്വരൂപം കാണിപ്പാൻവേണ്ടി ഗീതത്തിന്നുള്ള പ്രധാന വകഭേദങ്ങൾ പറയുന്നു—

സൂ—നിബദ്ധാനിബദ്ധഭേദാദ്വിവിധം ഗീതം. ൧

ഭാ—ഗീതമാകട്ടേ നിബദ്ധഗീതം അനിബദ്ധഗീതം ഇങ്ങനെ രണ്ടുവിധത്തിലുണ്ട്. ഗീതം പാട്ട്. ഏതെങ്കിലും ഒരു രീതിയിൽ വ്യവസ്ഥിതമാക്കി നിബന്ധനം ചെയ്തിട്ടുള്ളതു നിബദ്ധം. അങ്ങിനെ ചെയ്തിട്ടില്ലാത്ത പാട്ട് അനിബദ്ധം.

സൂ— വ്യവസ്ഥിതരാഗതാളാഭ്യാം ഗേയകാരനിർമ്മിതം നിബദ്ധം. അതാദൃശമനിബദ്ധം. ൨

ഭാ—അതിൽ നിബദ്ധമെന്നത് ചഞ്ചൽപുടം മുതലായ മാർഗ്ഗതാളങ്ങളിലോ ത്രിപുടം മുതലായ ദക്ഷിണതാളങ്ങളിലോ ഇന്ന താളമാണ് പ്രയോഗിക്കേണ്ടതെന്നും അതീതാദിഗ്രഹങ്ങളിൽ ഇന്ന ഗ്രഹമാണെന്നും ശുദ്ധസാധാരിതം മുതലായ മാർഗ്ഗരാഗങ്ങളിലോ തോഡി മുതലായ ദക്ഷിണരാഗങ്ങളിലോ ഇന്ന രാഗത്തിലാണ് പ്രയോഗിക്കേണ്ടതെന്നും ഓരോരോ ഗാനകവികൾ നിശ്ചയിച്ചേപ്പടുത്തിട്ടുള്ള ജാതിസ്വരം, ഗീതകം, ഏല, കീർത്തനം മുതലായതെല്ലാമാണ്. അപ്രകാരം വ്യവസ്ഥിതമായ താളമോ അതീതാദി ഗ്രഹവ്യവസ്ഥയോ ഇല്ലാത്ത ആലാപം, ആലപ്തി, കടകം മുതലായി ഗായകൻെറ പ്രതിഭാവിശേഷമനുസരിച്ച് അതാതിന്നുള്ള നിയമം തെററാതെ പ്രയോഗിക്കുന്നത് അനിബദ്ധം. ഇവിടെ വ്യവസ്ഥിത താളം എന്നിങ്ങനെ താളത്തിന്നു വ്യവസ്ഥിതത്വമെന്ന വിശേഷണം കാണിച്ചതുകൊണ്ടു രാഗാലാപാദികളായ അനിബദ്ധങ്ങളിൽ ചഞ്ചൽപുടാദിയോ ത്രിപുടാദിയോ ആയ വ്യവസ്ഥിതതാളമൊന്നുമില്ലെങ്കിലും വിളംബിതം, മധ്യം, ദ്രുതം മുതലായ കാലമാനത്തിന്ന് അവയിലും ചില നിയമങ്ങളെ അനുസരിക്കേണ്ടതുണ്ടെന്നും അതില്ലെങ്കിൽ രഞ്ജകതയുണ്ടാകയില്ലെന്നും സൂചിപ്പിച്ചിരിക്കുന്നു. ഗായകന്മാർ ചിലപ്പോൾ രാഗതേനങ്ങളെ വ്യവസ്ഥിതതാളങ്ങളിൽ ഏതെങ്കിലും ഒന്നിനു യോജിപ്പിച്ചുകൊണ്ടു പ്രയോഗിക്കാറുണ്ടെങ്കിലും അവ നിബദ്ധത്തിലുൾപ്പെട്ടില്ലെന്നു കാണിപ്പാനാണ് വ്യവസ്ഥിതതാളനിബദ്ധമെന്നു പറയാതെ ഗേയകാരനിർമ്മിതമെന്നുകൂടിപ്പറഞ്ഞിട്ടുള്ളത്. രാഗത്തിന്നു വ്യവസ്ഥിതത്വം കാണിച്ചതുകൊണ്ട് താളവ്യവസ്ഥയില്ലാത്തവയും രാഗംമാത്രം വ്യവസ്ഥിതമായിട്ടുള്ളവയുമായ ശ്ലോകപദ്യപ്രബന്ധങ്ങളെയും മററും സംഗ്രഹിച്ചിരിക്കുന്നു. ഇങ്ങനെ വ്യവസ്ഥിതരാഗതാളാഭ്യാം എന്നതിലെ വ്യവസ്ഥിതമെന്നത് വ്യവസ്ഥിതങ്ങളായ രാഗതാളങ്ങൾ എന്നും വ്യവസ്ഥിതരാഗമെന്നും അർത്ഥം വരത്തക്കവിധം രാഗതാളങ്ങൾ രണ്ടിനോടും രാഗത്തോടു പ്രത്യേകിച്ചും ചേരുന്നതാണെന്നും ഗ്രഹിച്ചുകൊൾക.

സൂ—പ്രബന്ധോ വസ്തുരൂപകം ചേതി നിബദ്ധപര്യായഃ ൩

ഭാ—നിബദ്ധത്തിന്നു പ്രബന്ധമെന്നും വസ്തുവെന്നും രൂപകമെന്നും സംജ്ഞകളു ണ്ട്. പ്രബന്ധം, വസ്തു, രൂപകം, എന്നതെല്ലാം എല്ലാ നിബദ്ധഗീതങ്ങൾക്കും പൊതുവാ യ സാമാന്യസംജ്ഞകളാണെന്നർത്ഥം.

സൂ—സോപ്യനിര്യുക്തനിര്യുക്താഭയഭേദാൽ ത്രിവിധഃ. ർ

ഭാ—അങ്ങനെയുള്ള പ്രബന്ധമാകട്ടേ അനിര്യുക്തം, നിര്യുക്തം, ഉഭയരൂപം എന്നി ങ്ങനെ മൂന്നുവിധത്തിലുണ്ട്. നിര്യുക്തമെന്ന പദത്തിന്നു നിതരാം യുക്തം എന്ന വ്യുൽപ ത്തിവഴിക്ക് എല്ലാ അംശങ്ങളും നല്ലവണ്ണം യോജിച്ചിട്ടുള്ളത് എന്നർത്ഥം. അങ്ങിനെയല്ലാ ത്തത് അനിര്യുക്തം.

സൂ—അനിയതതാളോത്യുക്താദിച്ഛന്ദോബദ്ധോ ഗദ്യാത്മകശ്ചാനിര്യു ക്തഃ. തദന്യോ നിര്യുക്തഃ. ൧

ഭാ—ചഞ്ചൽപുടം മുതലായതോ ത്രിപുടം മുതലായതോ ആയ താളത്തെ നിയമി ക്കാതെയും രാഗങ്ങൾ ചേർത്തും അത്യുക്ത, ത്രിഷ്ടുപ്പ് തുടങ്ങിയ വൃത്തങ്ങളിൽ നിബന്ധി ച്ചും ഇരിക്കുന്ന ശ്ലോകങ്ങളും ചില ഗദ്യപ്രബന്ധങ്ങളും അനിര്യുക്തമാണ്. അപ്രകാരമല്ലാ തെ രാഗതാളങ്ങൾ മുതലായതു നിയമിച്ചു നിർമ്മിച്ചിട്ടുള്ളതു നിര്യുക്തം. ഇത്രയുംകൊണ്ടുത ന്നെ ചില ഭാഗങ്ങളിൽ താളനിയമമില്ലാതെയും ചില ഭാഗങ്ങളിൽ താളം നിയമിച്ചും ഇരി ക്കുന്ന ദണ്ഡകം മുതലായത് ഉഭയരൂപമാണെന്നും അർത്ഥത്താൽ സിദ്ധിച്ചുകഴിഞ്ഞു. "അ നിര്യുക്താശ്ച നിര്യുക്താസ്തഥാ ചൈവോഭയാത്മകാഃ പ്രബന്ധാസ്ത്രിവിധാഃ" എന്നു പാ ർശ്വദേവവചനം.

സൂ—രാഗതാളാദീനാമനിയമാദപ്യനിര്യുക്ത ഇത്യന്യേ. ന്ന

ഭാ—രാഗം, താളം, ഛന്ദസ്സ മുതലായവ ഇന്നിന്നതായിരിക്കണമെന്നു പൂർവ്വാചാര്യ ന്മാർ വ്യവസ്ഥ ചെയ്തിട്ടില്ലാത്തതിനാൽ ഗായകൻെറ ഇച്ഛപോലെ സ്വീകരിച്ചു പ്രയോഗി ക്കാവുന്ന പ്രബന്ധവും അനിര്യുക്തത്തിലുൾപ്പെടുന്നതാണെന്നു ചിലർ പറയുന്നു. "അനിര്യു ക്തശ്ച നിര്യുക്തഃ പ്രബന്ധോ ദ്വിവിധോ മതഃ. ഛന്ദസ്താളാദ്യനിയമാദാദ്യഃ." എന്നു രത്നാകാരവചനം. അതിലെ താളാദി എന്ന ആദിപദത്താൽ അംഗങ്ങൾ, ധാതുക്കൾ, രാ ഗങ്ങൾ, ഭാഷ മുതലായതിനെ ഗ്രഹിച്ചിരിക്കുന്നുവെന്നു കല്ലിനാഥസൂരിവ്യാഖ്യാനം. "നി ര്യുക്തസ്സ ഭവേച്ഛന്ദസ്താളരാഗാദികസ്യ യഃ നിയമേനോപബദ്ധസ്സ്യാത്തസ്യൈവ നിയമം വിനാ നിബദ്ധസ്സ്യാദനിര്യുക്തഃ." എന്നു വെങ്കടമഖിയും.

സൂ—തസ്യ ചോദ്ഗ്രാഹമേളാപകധ്രുവാഭോഗാഖ്യാശ്ചത്വാരോ ധാത വഃ. ൧

ഭാ—അങ്ങനെയുള്ള പ്രബന്ധത്തിന്ന് ഉദ്ഗ്രാഹം, മേളാപകം, ധ്രുവം, ആഭോ ഗം ഇങ്ങനെ നാലു ധാതുക്കളുണ്ട്. ശരീരത്തിന്നു രസം, രക്തം, മേദസ്സ്, അസ്ഥി, മജ്ജ, ശുക്ലം ഇങ്ങനെ ഏഴു ധാതുക്കൾ ശരീരധാരകങ്ങളായിട്ടുള്ളതുപോലെ പ്രബന്ധശരീരധാരക ങ്ങളായി ഉദ്ഗ്രാഹം മുതലായ നാലു ധാതുക്കളുണ്ടെന്നർത്ഥം. ഈ ധാതുക്കൾക്കു ക്രമത്തിൽ പല്ലവം, അനുപല്ലവം, ചരണം, പൂരണം എന്നിങ്ങനെ ഭാഷയിൽ പേർ പറഞ്ഞുവരുന്നു.

സൂ—സ്വരപദതേനതാളപാടാഖ്യാനി പഞ്ചാംഗാനി. വ്വ

ഭാ—തസ്യ എന്നനുവർത്തിക്കുന്നു. ആ പ്രബന്ധത്തിന്നു സ്വരം, പദം, തേനം, താളം, പാടം, ഇങ്ങനെ അഞ്ചംഗങ്ങളുമുണ്ട്. ശരീരത്തിന്നു ഹൃദയം, ശിരസ്സ്, കണ്ണ്, ക

ഷ്, കാല് ഇങ്ങനെ അഞ്ചു പ്രധാനാംഗങ്ങളുള്ളതുപോലെ എന്നു ഭാവം. അതിൽ സ്വര മെന്നതു ഷഡ്ജഷഭാദി സ്വരങ്ങളെ പ്രകാശിപ്പിക്കുന്ന സരിഗാദിശബ്ദം. പദമെന്നത് ഓ രോ സ്വരനാദത്തിലുള്ള അക്ഷരങ്ങൾ ചേൎന്നതും അൎത്ഥത്തെക്കുറിക്കുന്നതുമായ ശബ്ദം. അ പ്രകാരം സ്വരനാദങ്ങളിൽ പ്രയോഗിക്കുന്ന തേനം എന്ന ശബ്ദമാണ് തേനം. ആ ശബ്ദം ബ്രഹ്മത്തെക്കുറിക്കുന്ന ഓം, തൽ, സൽ എന്ന ശബ്ദങ്ങളിലെ തൽ എന്ന ശബ്ദത്തിന്റെ വികാരവും നാദബ്രഹ്മത്തെക്കുറിക്കുന്നതുമാകയാൽ മംഗളാൎത്ഥകമാണെന്നു പൂൎവ്വാചാൎയ്യന്മാർ പറഞ്ഞിട്ടുണ്ട്. താളം സ്പഷ്ടം. പാടമെന്നതു മൃദംഗാദിവാദ്യശബ്ദങ്ങളെ അനുകരിപ്പാനു ള്ള തത്തോം, തങ്ങധ മുതലായ ശബ്ദമാണ്. രത്നാകരകാരൻ മുതലായവർ ഇവകൾ പുറമെ ബിരുദം എന്ന ഒന്നുകൂടിച്ചേൎത്ത് ആറംഗങ്ങളെപ്പറയുന്നുണ്ട്. ബിരുദമെന്നതു വീൎയ്യശൌ ൎയ്യസൌന്ദൎയ്യാദിഗുണങ്ങളെക്കുറിക്കുന്ന പദമാണ്. അതു പദം എന്ന അംഗത്തിലുൾപ്പെടുന്ന തിനാൽ ഇവിടെ പ്രത്യേകമായിഗ്ഗണിക്കാഞ്ഞതാണ്.

സൂ—ദ്വിത്രിധാതുകദ്വാദ്യംഗകാശ്ച പ്രബന്ധാഃ. ൯

ഭാ—ചില പ്രബന്ധങ്ങൾ മേൽപ്പറഞ്ഞ നാലു ധാതുക്കളിൽ രണ്ടു ധാതുക്കൾ മാ ത്രമുള്ളതായും മററു ചിലതു മൂന്നു ധാതുക്കൾ മാത്രമുള്ളതായും ഉണ്ട്. അപ്രകാരം ചിലതു മേൽപ്പറഞ്ഞ അഞ്ചംഗങ്ങളിൽ രണ്ടംഗങ്ങൾ മാത്രമുള്ളതായിട്ടും ചിലതു മൂന്നംഗങ്ങൾ മാ ത്രമുള്ളതായിട്ടും ചിലതു നാലംഗങ്ങൾ മാത്രമുള്ളതായിട്ടും വരുന്നതാണ്. രണ്ടു ധാതുക്കൾ മാത്രമുള്ളതിന്നു ദ്വിധാതുകമെന്നും മൂന്നു ധാതുക്കൾ മാത്രമുള്ളതിന്നു ത്രിധാതുകമെന്നും പറ ഞ്ഞുവരുന്നു.

സൂ—മേളാപകാഭോഗയോൎമ്മേളാപകസ്യ ച ത്യാഗാൽ ദ്വിത്രിധാതു കൌ. ൮൦

ഭാ—അതിൽ ദ്വിധാതുകപ്രബന്ധങ്ങളിൽ മേളാപകവും ആഭോഗവുമാണ് ഇല്ലാ തെ വരിക. ത്രിധാതുകങ്ങളിൽ മേളാപകമാണില്ലാതെ വരിക. അതായത്, ദ്വിധാതു കങ്ങളിൽ അനുപല്ലവവും പൂരണമുണ്ടായിരിക്കയില്ല. ത്രിധാതുകങ്ങളിൽ അനുപല്ലവം മാത്രമുണ്ടായിരിക്കയില്ല. പല്ലവവും ചരണവും എല്ലാ പ്രബന്ധങ്ങളിലും നിയതങ്ങളാ ണെന്നും അവ രണ്ടിന്നും ലോപം വരില്ലെന്നും കാണിപ്പാനാണ് മേളാപകാഭോഗങ്ങൾ ക്കേ ത്യാഗം വരുള്ളൂ എന്ന് ഈ സൂത്രത്താൽ പ്രത്യേകം പറഞ്ഞിരിക്കുന്നത്.

സൂ—സ്വരതാളാഭ്യാം പദതാളാഭ്യാം സ്വരപദതാളൈസ്സതേനകൈ സ്സൈശ്ച ദ്വ്യംഗകാദ്യാഃ. ൮൧

ഭാ—സ്വരതാളങ്ങൾ ചേൎന്നോ പദതാളങ്ങൾ ചേൎന്നോ ദ്വ്യംഗകപ്രബന്ധങ്ങൾ വരുന്നതാണ്. സ്വരപദതാളങ്ങൾ ചേൎന്നു ത്ര്യംഗകങ്ങളും സ്വരപദതാളതേനങ്ങൾ ചേ ൎന്നു ചതുരംഗകങ്ങളും മിക്കതും വരുന്നു. ദുല്ലഭം ചില ചതുരംഗകങ്ങൾ പദതാളതേനപാട ങ്ങൾ ചേൎന്നും ചില ത്ര്യംഗകങ്ങൾ പദതാളപാടങ്ങൾ ചേൎന്നും ഉണ്ടാകാമെന്നു ചശ ബ്ദംകൊണ്ടു സൂചിപ്പിച്ചിരിക്കുന്നു.

സൂ—ദ്വ്യംഗകാദീനാം ക്രമാൽ പക്ഷഗുണോപായബാണപൂൎവ്വാസ്സം ജ്ഞാഃ. ൮൨

ഭാ—ദ്വ്യംഗകങ്ങളായ പ്രബന്ധങ്ങൾക്കു പക്ഷപ്രബന്ധങ്ങളെന്നും ത്ര്യംഗകങ്ങൾ ക്കു ഗുണപ്രബന്ധങ്ങളെന്നും ചതുരംഗകങ്ങൾക്ക് ഉപായപ്രബന്ധങ്ങളെന്നും പഞ്ചാംഗക ങ്ങൾക്കു ബാണപ്രബന്ധങ്ങളെന്നും പ്രത്യേകസംജ്ഞകളുമുണ്ട്. പക്ഷങ്ങൾ ശുക്ലപക്ഷം, കൃ ഷ്ണപക്ഷം ഇങ്ങനെ രണ്ടാകയാൽ അതനുസരിച്ചു രണ്ടംഗങ്ങളുള്ളവക്കു പക്ഷപ്രബന്ധങ്ങളെ

ന്നു പേർപറഞ്ഞുവരുന്നു. അല്ലെങ്കിൽ പക്ഷപത്തിന്നു ചിറക് എന്നർത്ഥം. പക്ഷികൾക്കു പക്ഷങ്ങൾ രണ്ടാകയാൽ അതനുസരിച്ചു ദ്വ്യംഗകങ്ങൾക്കു പക്ഷപ്രബന്ധങ്ങളെന്നു പറയുന്നു. ഗുണങ്ങൾ സത്വം, രജസ്സ്, തമസ്സ് ഇങ്ങനെ മൂന്നാണെന്നുള്ളതനുസരിച്ചു ത്ര്യംഗകങ്ങൾക്കു ഗുണപ്രബന്ധങ്ങളെന്നു പേർ പറഞ്ഞുവരുന്നു. ഉപായങ്ങൾ സാമം, ദാനം, ഭേദം, ദണ്ഡം ഇങ്ങനെ നാലാണെന്നുള്ളതനുസരിച്ചു ചതുരംഗകങ്ങൾക്ക് ഉപായപ്രബന്ധങ്ങളെന്നു പേർ പറയുന്നു. കാമബാണങ്ങൾ മോഹനം, മാദനം, ശോഷണം, താപനം, സ്തംഭനം ഇങ്ങനെ അഞ്ചായതിനാൽ അല്ലെങ്കിൽ താമര, കരിങ്കുവളം, മുല്ല, അശോകം, മാമ്പൂവ്, ഇങ്ങനെ അഞ്ചായതിനാൽ അതനുസരിച്ചു പഞ്ചാംഗങ്ങൾക്കു ബാണപ്രബന്ധങ്ങളെന്നും പേർ പറയുന്നുവെന്നർത്ഥം. "പക്ഷൌ പൂർവ്വാപരൌ ശുക്ലകൃഷ്ണൌ; ഗുണാസ്സത്വം രജസ്തമഃ; സാമദാനേ ഭേദദണ്ഡാവിത്യുപായചതുഷ്ടയം; സമ്മോഹനോന്മാദനൌ ച ശോഷണസ്താപനസ്തഥാ സ്തംഭനശ്ചേതി കാമസ്യ ബാണാഃ പഞ്ച പ്രകീർത്തിതാഃ; അരവിന്ദമശോകഞ്ച ചൂതഞ്ച നവമാലികാ നീലോല്പലം ച പഞ്ചൈതേ പഞ്ചബാണസ്യ സായകാഃ." എന്നിവക പ്രമാണങ്ങൾ കണ്ടുകൊൾക.

സൂ—താരാവലീ ഭാവനീ ദീപന്യാനന്ദിന്യസ്തജ്ജാതയഃ. ൧൩

ഭാ—ക്രമാൽ എന്ന പദം പൂർവ്വസൂത്രത്തിൽനിന്നനുവർത്തിക്കുന്നു. ദ്വ്യംഗകപ്രബന്ധത്തിന്നു താരാവലീജാതിയെന്നും ത്ര്യംഗകത്തിന്നു ഭാവനീജാതിയെന്നും ചതുരംഗകത്തിന്നു ദീപനീജാതിയെന്നും പഞ്ചാംഗകത്തിന്ന് ആനന്ദിനീജാതിയെന്നും ജാതിഭേദവും പറഞ്ഞുവരാറുണ്ട്.

സൂ—ചമ്പൂകവിതാസേനാനീതയസ്തജ്ജാതയ ഇത്യന്യേ. ൧൪

ഭാ—ചിലർ ദ്വ്യംഗകങ്ങൾ ചമ്പൂജാതിയും ത്ര്യംഗകങ്ങൾ കവിതാജാതിയും ചതുരംഗകങ്ങൾ സേനാജാതിയും പഞ്ചാംഗകങ്ങൾ നീതിജാതിയുമാണെന്നു പറയുന്നു. അവരുടെ അഭിപ്രായം ഇതാണ്—ചമ്പൂപ്രബന്ധങ്ങൾക്കു ഗദ്യം, പദ്യം എന്നു രണ്ടംഗങ്ങളുള്ളതനുസരിച്ചു രണ്ടംഗങ്ങളുള്ളതു ചമ്പൂജാതി. കവിതക്കു വാസന, വ്യുൽപത്തി, അഭ്യാസം ഇങ്ങനെ മൂന്നംഗങ്ങളുള്ളതനുസരിച്ചു മൂന്നംഗങ്ങളുള്ളതു കവിതാജാതി. സേനക്ക് ആന, കുതിര, കാലാൾ, തേർ ഇങ്ങനെ നാലംഗങ്ങളുള്ളതനുസരിച്ചു നാലംഗങ്ങളുള്ളതു സേനാജാതി. രാജനീതിക്ക് ഭേദം, പരീക്ഷ, വിശ്വാസം, വചനം, മിത്രകാര്യം ഇങ്ങനെ അഞ്ചംഗങ്ങളുള്ളതനുസരിച്ച് അഞ്ചംഗങ്ങളുള്ളതു നീതിജാതി. ഗുണവാചകപദമായ ബിരുദത്തെ പദമെന്ന അംഗത്തിലുൾപ്പെടുത്താതെ മറെറാരംഗമായിഗ്ഗണിക്കുന്നവരുടെ മതത്തിൽ ആറംഗങ്ങളുള്ള പ്രബന്ധം മുമ്പു പറഞ്ഞ പക്ഷത്തിൽ മേദിനീജാതിയും രണ്ടാമതു പറഞ്ഞ ഈ പക്ഷത്തിൽ ശ്രുതിജാതിയുമാണ്. ശ്രുതി എന്നതിന്നു വേദമെന്നർത്ഥം. വേദത്തിന്നു ശിക്ഷ, വ്യാകരണം, ഛന്ദസ്സ്, നിരുക്തം, ജ്യോതിഷം, കല്പം ഇങ്ങനെ ആറംഗങ്ങളുള്ളതനുസരിച്ച് ആറംഗങ്ങളുള്ള പ്രബന്ധം ശ്രുതിജാതി എന്നഭിപ്രായം. "ചമ്പൂശ്ച കവിതാ സേനാ നീതിശ്ചേതി തഥാ ശ്രുതിഃ ദ്വ്യംഗാദീനാം പ്രബന്ധാനാം ജാതയഃ പഞ്ച കീർത്തിതാഃ" എന്നു പാർശ്വദേവവചനം.

സൂ—സ ച പ്രബന്ധസ്ത്രിവിധഃ സൂഡഗതഃ ആളിഗതഃ പ്രകീർണ്ണകശ്ചേതി. ൧൫

ഭാ—അപ്രകാരം ഉദ്ഗ്രാഹാദി ധാതുക്കളും സ്വരാദ്യംഗങ്ങളുമുള്ള നിര്യുക്തപ്രബന്ധം സൂഡഗതം, ആളിഗതം, പ്രകീർണ്ണകം ഇങ്ങനെ മൂന്നു തരത്തിൽ വരുന്നതാണ്. ചില

പ്രത്യേകതരത്തിലുള്ള നിബദ്ധഗീതങ്ങൾ കൂടിച്ചേർന്ന പ്രബന്ധസമൂഹത്തിന്നാണ് സൂഡമെന്നു പറയുന്നത്. വേറെച്ചിലതരം നിബദ്ധഗീതങ്ങളുടെ സമൂഹത്തിന്ന് ആളി എന്നും പറയുന്നു. മലയാളത്തിൽ ചിലതരം പാട്ടുകൾ ചേർന്ന ഗീതസമുദായത്തിന്നു പത്തു വൃത്തമെന്നും മററ ചിലതരം പാട്ടുകൾ ചേർന്ന സമുദായത്തിന്നു പതിനാലു വൃത്തമെന്നും മററും പറഞ്ഞുവരുന്നതുപോലെ എന്നു ചുരുക്കം. സൂഡം എന്നതും ആളി എന്നതും പ്രത്യേകഗീതസമൂഹങ്ങൾക്കു പ്രാചീനന്മാർ കൊടുത്തിട്ടുള്ള പാരിഭാഷികസംജ്ഞകളാണ്. സൂഡക്രമത്തിലും ആളിക്രമത്തിലും ഉൾപ്പെടാത്ത പ്രബന്ധങ്ങളാണ് പ്രകീർണ്ണകങ്ങൾ.

സൂ—ശുദ്ധസാലഗഭേദേന സൂഡോപി ദ്വിവിധഃ. ൰൬

ഭാ—അവയിൽ സൂഡമെന്ന ഗീതസമൂഹം ശുദ്ധസൂഡം സാലഗസൂഡം എന്നിങ്ങനെ രണ്ടു തരത്തിലുണ്ട്. പൂർവ്വാചാര്യന്മാർ സൂഡക്രമത്തിലുൾപ്പെട്ട ഓരോ ഗീതപ്രബന്ധത്തിന്നും ഏർപ്പെടുത്തീട്ടുള്ള നിയമങ്ങൾക്കെല്ലാം അനുസരിച്ചു നിർമ്മിച്ച ആവക പ്രബന്ധങ്ങളുടെ സമുദായം ശുദ്ധസൂഡം. അങ്ങനെയുള്ള പ്രബന്ധങ്ങളുടെ ഛായമാത്രം വരുത്തി നിർമ്മിച്ചിട്ടുള്ള പ്രബന്ധസമുദായം സാലഗസൂഡം. ഛായാലഗം എന്ന ശബ്ദത്തിന്റെ അപഭ്രംശമാണ് സാലഗം എന്ന ശബ്ദം. ഛായ അടങ്ങീട്ടുള്ളത് എന്നർത്ഥം.

സൂ—തത്ര മാർഗ്ഗേ ത്വേലാകരണഢേങ്കീവർത്തനീഝോംബഡലംഭരാസൈകതാളീസംജ്ഞാനാമഷ്ടപ്രബന്ധാനാം സമുദായഃ ശുദ്ധസൂഡഃ. ൰൭

ഭാ—അവയിൽ മാർഗ്ഗപ്രസ്ഥാനപ്രകാരമാകട്ടേ ഏല, കരണം, ഢേങ്കി, വർത്തനി, ഝോംബഡം, ലംഭം, രാസം, ഏകതാളി ഇങ്ങനെ പ്രത്യേകസംജ്ഞകളുള്ള എട്ടുതരം പ്രബന്ധങ്ങൾ അടങ്ങിയ സമുദായമാണ് ശുദ്ധസൂഡമെന്നത്. ഏല മുതലായ സംജ്ഞകളെല്ലാം പാരിഭാഷികങ്ങളാണ്. ആവക പ്രബന്ധങ്ങളിലോരോന്നിന്റെയും ലക്ഷണങ്ങൾ അടുത്തുതന്നെ വിവരിക്കും.

സൂ—വർണ്ണവർണ്ണസരഗദ്യകൈവാടാങ്കചാരിണീകന്ദതുരഗലീലാഗജലീലാദ്വിപദീചക്രവാളക്രൌഞ്ചപാദസ്വരാർത്ഥധ്വനികുട്ടിന്യാർയ്യാഗാഥാദ്വിപഥകളഹംസതോടകഘടവൃത്തമാതൃകാരാഗകദംബപഞ്ചതാളേശ്വരതാളാർണ്ണവാഖ്യാനാം ചതുർവ്വിംശതിപ്രബന്ധാനാം സമുദായ ആളിഃ. ൰൮

ഭാ—വർണ്ണം, വർണ്ണസരം, ഗദ്യം, കൈവാടം, അങ്കചാരിണി, കന്ദം, തുരഗലീല, ഗജലീല, ദ്വിപദി, ചക്രവാളം, ക്രൌഞ്ചപാദം, സ്വരാർത്ഥം, ധ്വനികുട്ടിനി, ആർയ്യ, ഗാഥ, ദ്വിപഥം, കളഹംസം, തോടകം, ഘടം, വൃത്തം, മാതൃക, രാഗകദംബം, പഞ്ചതാളേശ്വരം, താളാർണ്ണവം ഇങ്ങനെ പ്രത്യേകസംജ്ഞകളുള്ള ഇരുപത്തിനാലുതരം പ്രബന്ധങ്ങളുടെ സമുദായമാണ് ആളിക്രമമെന്നു പറയുന്നത്.

സൂ—ഏതേഷ്വന്യതമസ്യ സൂഡമധ്യഗതാവപി. ൰൯

ഭാ—മേൽക്കാണിച്ച ഇരുപത്തിനാലുതരം പ്രബന്ധങ്ങളിൽ ഏതെങ്കിലും സൂഡപ്രബന്ധങ്ങൾക്കിടയിൽ ചേർത്തിട്ടുണ്ടാകുന്ന പ്രബന്ധസമൂഹത്തിന്നും അതായത് സൂഡപ്രബന്ധങ്ങളിൽ ചിലതും ആളിപ്രബന്ധങ്ങളിൽ ചിലതും ചേർന്നുണ്ടാകുന്ന സമൂഹത്തിന്നും ആളിക്രമമെന്നുതന്നെയാണ് സംജ്ഞ എന്നർത്ഥം.

സൂ—ഏതദ്വാത്രിശദ്ഭിന്നാഃ പ്രകീർണ്ണകാഃ. ൨൰

ഭാ—ഇങ്ങനെ സൂഡക്രമത്തിൽച്ചേർന്ന എട്ടുതരവും ആളിക്രമത്തിൽച്ചേർന്ന ഇരുപത്തിനാലുതരവുംകൂടി മുപ്പത്തിരണ്ടുതരം പ്രബന്ധങ്ങളൊഴിച്ചു ശേഷമുള്ളവയെല്ലാം അതായ

ത് അവയിലൊന്നിൻെറയും ലക്ഷണം യോജിക്കാത്ത പ്രബന്ധങ്ങളെല്ലാം പ്രകീർണ്ണകമെന്ന വർഗ്ഗത്തിൽച്ചേൎന്നവയാണ്. അവ അനവധി തരത്തിൽ വരുന്നതുമാണെന്നു താൽപൎയ്യം.

ഇനി ഏലാപ്രബന്ധത്തിൻെറ സ്വഭാവം വിവരിക്കുന്നു —

സൂ—തത്ര ചതുഷ്പാദാ പദാഭിധാനഷോഡശകലാ ത്വേലാ. ൨൭

ഭാ—അവയിൽ സൂഡക്രമത്തിലുൾപ്പെട്ട ഏലാപ്രബന്ധത്തിന്നാകട്ടെ നാലു പാദങ്ങളുണ്ടായിരിക്കും. ആ നാലു പാദങ്ങളിലുമായി പദങ്ങൾ എന്നു പറഞ്ഞുവരുന്ന പതിനാറു ഭാഗങ്ങൾ അടങ്ങീട്ടുമുണ്ടായിരിക്കും.

അതിലെ ഉദ്ഗ്രാഹാദി ധാതുക്കൾക്കുള്ള പദപാദനിയമങ്ങൾ പറയുന്നു—

സൂ—ദ്വാദശകലാഘടിതൈസ്ത്രിഭിഃ പാദൈരുദ്ഗ്രാഹഃ തിസൃഭിഃ കലാഭിർദ്ധ്രുവ ഏകയാഭോഗഃ. ൨൮

ഭാ—ആ പതിനാറു ഭാഗങ്ങളിൽ പന്തിരണ്ടു ഭാഗങ്ങൾ അടങ്ങിയ മൂന്നു പാദങ്ങൾ ഉദ്ഗ്രാഹധാതുവാണ്. പിന്നെ മൂന്നു ഭാഗങ്ങൾ ധ്രുവധാതു. അവസാനത്തേതായ പതിനാറാമത്തെ ഭാഗം ആഭോഗധാതുവും. അങ്ങനെ ധ്രുവാഭോഗങ്ങൾ ചേൎന്നതാണ് നാലാം പാദം. മേളാപകമെന്ന രണ്ടാമത്തെ ധാതു ഈ ഏലാപ്രബന്ധത്തിലില്ലാത്തതിനാൽ ഇതു ത്രിധാതുകമാണെന്നും സിദ്ധിക്കുന്നു.

ഏലാപ്രബന്ധം ചതുൎദ്ധാതുകമാണെന്നും ഒരു മതമുണ്ട്. ആ മതപ്രകാരമുള്ള പദനിയമം പറയുന്നു —

സൂ—ഏകാദശകലാഭിരുദ്ഗ്രാഹഃ പുനരേകയാ മേളാപക ഇതി സോമേശ്വരാദയഃ. ൨൯

ഭാ—പതിനൊന്നു ഭാഗങ്ങൾ അടങ്ങിയതാണ് ഉദ്ഗ്രാഹമെന്നും പന്തിരണ്ടാമത്തെ ഭാഗം മേളാപകധാതുവാണെന്നും സോമേശ്വരൻ മുതലായ ഗ്രന്ഥകാരന്മാർ പറയുന്നു. അവരുടെ മതപ്രകാരം ഏല ചതുൎദ്ധാതുകമാണ്. അതിൽ പതിനൊന്നു ഭാഗങ്ങൾകൂടി മൂന്നു പാദങ്ങൾ. മേളാപകഭാഗം, ധ്രുവഭാഗങ്ങൾ മൂന്ന്, ആഭോഗഭാഗം ഇങ്ങനെ അഞ്ചു ഭാഗങ്ങൾ ചേൎന്നു നാലാംപാദം. ഇപ്രകാരമാണ് അവരുടെ മതത്തിലെ പദപാദധാതുനിയമങ്ങളെന്നു താൽപൎയ്യം.

ഓരോ പാദത്തിലും ഉള്ള പദനിയമം കാണിക്കുന്നു—

സൂ—ക്രമാത്സമാനധാതുകാഭിൎഭിന്നമാതുകാഭിശ്ച പഞ്ചഭിഃ പഞ്ചഭിഃ കലാഭിരുദ്ഗ്രാഹേ പ്രഥമദ്വിതീയൌ പാദൌ. താസ്വാദ്യസമാനധാതുകയൈകയാ ഭിന്നധാതുകസംബോധനപദാത്മികയാ ദ്വിതീയയാ തൃതീയശ്ച. പക്ഷാന്തരേ ത്വേകയാ. ൩൦

ഭാ—ധാതുവെന്നതിന്നു പ്രകൃതത്തിൽ സ്വരങ്ങൾ എന്നും മാതുവെന്നതിന്ന് ആ സ്വരങ്ങളെ അവലംബിച്ചുണ്ടാകുന്ന സാഹിത്യമെന്നുമാണൎത്ഥം. ഏലാപ്രബന്ധത്തിൻെറ ഉദ്ഗ്രാഹത്തിന്നു പന്തിരണ്ടു കലകളടങ്ങിയ മൂന്നു പാദങ്ങളുള്ളതിൽ ഒന്നാമത്തെയും രണ്ടാമത്തെയും പാദങ്ങൾക്ക് അഞ്ചു കലകൾവീതമാണുണ്ടായിരിക്കേണ്ടത്. അങ്ങനെ രണ്ടു പാദത്തിലുംകൂടി പത്തു ഭാഗങ്ങൾ അടങ്ങിയിരിക്കും. അതിൽ ആദ്യത്തെ പാദത്തിൻെറയും രണ്ടാമത്തെ പാദത്തിൻെറയും ഒന്നാമത്തെ ഭാഗങ്ങൾക്കു സ്വരങ്ങൾ ഒന്നുതന്നെയായും സാഹിത്യം വേറെവേറെയായും ഇരിക്കണം. രണ്ടു പാദങ്ങളിലെയും രണ്ടാമത്തെ മുതൽക്കുള്ള ഭാഗങ്ങൾക്കും അപ്രകാരം സ്വരങ്ങൾ ഒന്നുതന്നെയായും സാഹിത്യങ്ങൾ മാറിയും ഇരിക്ക

ണം. മൂന്നാമത്തെ പാദത്തിൽ രണ്ടു ഭാഗങ്ങൾ മാത്രമാണുണ്ടായിരിക്കു. അതിൽ ആദ്യ ത്തെ ഭാഗത്തിന്ന് ഒന്നും രണ്ടും പാദങ്ങളിലെ ആദ്യഭാഗങ്ങളുടെ സ്വരങ്ങൾതന്നെയാവണം. സാഹിത്യം മാറിയിരിക്കയും വേണം. രണ്ടാമത്തെ ഭാഗത്തിന്നാകട്ടേ സ്വരങ്ങൾ വേറെത്ത ന്നെയായിരിക്കണം. സാഹിത്യം സംബോധനരൂപമായ പദവുമായിരിക്കണം. ഉദ്ഗ്രാ ഹത്തിന്നു പതിനൊന്നു ഭാഗങ്ങൾ മാത്രമാണുള്ളതെന്ന ചതുർധാതുകപക്ഷത്തിൽ മൂന്നാംപാ ദത്തിൽ ഒന്നും രണ്ടും പാദങ്ങളിലെ ഒന്നാമത്തെ ഭാഗങ്ങളോടു സമാനസ്വരവും ഭിന്നസാ ഹിത്യവുമായ ഒരു ഭാഗം മാത്രമാണുള്ളത്. സംബോധനപദസ്വരൂപമായ പിന്നത്തെ ഭാ ഗം അതായത് മേളാപകമായ പന്തിരണ്ടാമത്തെ ഭാഗം നാലാമത്തെ പാദത്തിൽ ചേർന്നതാ ണെന്നാണ് അവരുടെ പക്ഷം.

ഓരോ പാദത്തിലും ഉള്ള ഭാഗങ്ങളുടെ സ്വഭാവം വിവരിക്കുന്നു—

സൂ—പാദത്രയേപി ഖണ്ഡദ്വയാത്മികാസ്സമാനധാതുകാസ്സാനുപ്രാസ വിഭിന്നമാതുകാഃ പ്രഥമകലാഃ. ആദ്യദ്വിതീയപാദയോരേവമേകപദാത്മികേ പ്രയോഗപ്രധാനേ ദ്വിതീയകലേ. തതസ്തഥാ പല്ലവാഖ്യം കലാത്രയം ച വി ളംബിതപ്രഥമദ്വിതീയം ദ്രുതാന്ത്യം. ൨൭

ഭാ—ആദ്യത്തെ പാദം മുതൽക്കുള്ള മൂന്നു പാദങ്ങളിലും ഒന്നാമത്തെ ഭാഗത്തിൽ ര ണ്ടു ഖണ്ഡങ്ങളടങ്ങിയിരിക്കുന്നതാണ്. മൂന്നു പാദത്തിലും ആ ഭാഗത്തിന്റെ സ്വരങ്ങൾ ഒന്നു തന്നെയായിരിക്കും. സാഹിത്യങ്ങൾ വേറെവേറെയുമായിരിക്കും. ആ സാഹിത്യങ്ങളിൽ ഒരേ അക്ഷരംതന്നെ അടുത്തടുത്ത് ആവർത്തിച്ചുവരികയെന്ന അനുപ്രാസാലങ്കാരമുണ്ടായിരി ക്കയും ചെയ്യും. ഇങ്ങനെയാണ് മൂന്നിലും ഒന്നാമത്തെ ഭാഗത്തിന്റെ സ്വഭാവം. ഒന്നും രണ്ടും പാദങ്ങളിലെ രണ്ടാമത്തെ ഭാഗത്തിന്നും സ്വരങ്ങൾ ഒന്നുതന്നെയായിരിക്കും. സാ ഹിത്യം ഓരോ പദം മാത്രമേ ഉണ്ടായിരിക്കയുള്ളു. അതിൽ അധികവും അക്ഷരം കൂടാത്ത ഗമകാലപ്തി എന്ന പ്രയോഗവിശേഷമാണ് ഉണ്ടായിരിക്കു. ഇങ്ങനെ രണ്ടു പാദത്തിലെ യും രണ്ടാമത്തെ ഭാഗങ്ങളുടെ സ്വഭാവം. പിന്നെ ഒന്നും രണ്ടും പാദങ്ങളിൽ സ്വരങ്ങൾ ഓരോ പാദത്തിലും ഒന്നുതന്നെയായും സാഹിത്യങ്ങൾ വേറെവേറെയായും ഇരിക്കുന്നവയും പല്ലവം എന്നു പേരുള്ളവയുമായ മുമ്മൂന്നു ഭാഗങ്ങൾ. അവയിൽ ഒന്നാമത്തെയും രണ്ടാമ ത്തെയും ഭാഗങ്ങൾ വിളംബിതകാലത്തിലും മൂന്നാംഭാഗം ദ്രുതകാലത്തിലുമായിരിക്കയും ചെ യ്യും. ഇങ്ങനെയാണ് ഒന്നും രണ്ടും പാദങ്ങളിൽ അയ്യഞ്ചു ഭാഗങ്ങളുള്ളതിന്റെ സ്വരൂപം. മൂന്നാംപാദത്തിൽ പല്ലവമെന്നു പേരുള്ള മൂന്നു ഭാഗങ്ങളുണ്ടായിരിക്കില്ല. പ്രയോഗപ്രധാ നമായ രണ്ടാംഭാഗത്തിന്റെ സ്ഥാനത്തു മൂന്നാംപാദത്തിൽ സംബോധനരൂപമായ പദമാ ണെന്നു പൂർവ്വസൂത്രത്താൽ വിവരിച്ചിട്ടുമുണ്ടല്ലോ. അതിനാൽത്തന്നെ സംബോധനരൂപമല്ലാ ത്ത പദം മൂന്നാംപാദത്തിലെ രണ്ടാംഭാഗത്തിൽ ചേർന്നിരിക്കരുതെന്നും ഒന്നും രണ്ടും പാദങ്ങ ളിലെ രണ്ടാംഭാഗത്തുള്ള പദം സംബോധനരൂപമായിരിക്കരുതെന്നും അർത്ഥസിദ്ധമാകയും ചെയ്യു.

സൂ—ചതുർത്ഥപാദേ ധ്രുവാഖ്യം വർണ്ണ്യനാമഘടിതം മധ്യമാനപ്രഥമ ദ്വിതീയം വിളംബിതതൃതീയം കലാത്രയം പുനരാഭോഗാഖ്യാ കർത്തൃനാമാങ്കി താ കലാ ച. പക്ഷാന്തരേ പ്രഥമതസ്സംബോധനാത്മികാ ചേതി പഞ്ച ക ലാഃ. ൨൮

ഭാ—നാലാമത്തെ പാദത്തിൽ ധ്രുവധാതുവായ മൂന്നു ഭാഗങ്ങളാണ് ആദ്യം മുതൽക്കുണ്ടായിരിക്കേണ്ടത്. ആ ഭാഗങ്ങളിൽ ആരെ വർണ്ണിച്ചുകൊണ്ട് ഗാനപ്രബന്ധം നിർമ്മിക്കുന്നുവോ ആ ദേവൻെറയോ ദേവിയുടെയോ നാമം ഉണ്ടായിരിക്കണം. അങ്ങനെയുള്ള മൂന്നു ഭാഗങ്ങളിൽ ഒന്നാമത്തെയും രണ്ടാമത്തെയും ഭാഗങ്ങൾ മധ്യകാലത്തിലും മൂന്നാമത്തെ ഭാഗം വിളംബിതകാലത്തിലുമായിരിക്കണം. സ്വരങ്ങളും സാഹിത്യങ്ങളും ഓരോ ഭാഗത്തിന്നും വേറെവേറെത്തന്നെ. അതിന്നുശേഷം ആഭോഗധാതുവായ നാലാമത്തെ ഭാഗം. അതിൽ പ്രബന്ധം നിർമ്മിക്കുന്ന വാഗ്ഗേയകാരൻെറ പേർ ഉണ്ടായിരിക്കണം. ഇങ്ങനെയാണ് നാലാംപാദത്തിലെ നാലു ഭാഗങ്ങളുടെയും സ്വഭാവം. സോമേശ്വരപക്ഷത്തിൽ ധ്രുവധാതുവിന്നു മുമ്പിലുള്ളതും സംബോധനപദസ്വരൂപവും ആയ ഭാഗവുംകൂടി നാലാംപാദത്തിൽ ചേർന്നതാകയാൽ ഒന്നും രണ്ടും പാദങ്ങളിലെപ്പോലെ നാലാംപാദത്തിലും അഞ്ചു ഭാഗങ്ങളുണ്ടെന്നുമാത്രം ഭേദം.

സൂ—ഏതാഃ ഷോഡശ കലാ ദ്വിവാരം ഗീത്വാ പുനർധ്രുവപ്രഥമകലായാം വർണ്ണ്യനാമയുക്തായാം ന്യാസഃ. ൨൭

ഭാ—മേൽ വിവരിച്ചപ്രകാരമുള്ള പതിനാറു ഭാഗങ്ങളും ഒരിക്കൽ പാടിക്കഴിഞ്ഞാൽ വീണ്ടും ആദ്യം മുതൽ അവസാനംവരെ ഒരിക്കൽക്കൂടിപ്പാടണം. അങ്ങനെ രണ്ടാവൃത്തി പാടിയതിന്നുശേഷം ധ്രുവധാതുവിൻെറ ആദ്യത്തെക്കലയും വർണ്ണ്യനാമം ചേർന്നിട്ടുള്ളതുമായ പതിമ്മൂന്നാംഭാഗത്തിൻെറ അവസാനത്തിൽ ന്യസിക്കണം. ഇങ്ങനെ എലാപ്രബന്ധം ഇന്ന തരത്തിൽ പാടിക്കൊള്ളണമെന്നും നിയമമുണ്ടെന്നു താൽപര്യം.

സൂ—താസാം ച കലാനാം ദശ പ്രാണധാതവഃ. ൨൮

ഭാ—ആ പതിനാറു കലകൾക്കുംകൂടി പത്തു പ്രാണധാതുക്കളാണുള്ളത്. പ്രാണധാതുക്കൾ എന്നതിന്ന് ആസ്പദങ്ങളായ സ്വരമേളനങ്ങൾ എന്നർത്ഥം. അതിൽ മൂന്നു പാദത്തിലെയും ഖണ്ഡദ്വയരൂപമായ ആദ്യത്തെ ഭാഗങ്ങൾ മൂന്നിന്നുംകൂടി ഒരു പ്രാണധാതു. ഒന്നും രണ്ടും പാദങ്ങളിലെ പ്രയോഗപ്രധാനമായ രണ്ടാമത്തെ ഭാഗങ്ങൾ രണ്ടിന്നുംകൂടി ഒന്ന്. രണ്ടു പാദങ്ങളിലും പല്ലവഭാഗങ്ങൾ മുമ്മൂന്നുവീതം ആറുള്ളതിന്ന് മൂന്ന്. മൂന്നാംപാദത്തിലെ സംബോധനരൂപമായ ഭാഗത്തിന്ന് ഒന്ന്. നാലാംപാദത്തിലെ നാലു ഭാഗങ്ങൾക്കു നാല്. ഇങ്ങനെ പതിനാറു ഭാഗങ്ങൾക്കുംകൂടി പത്തു പ്രാണധാതുക്കൾ എന്നു താൽപര്യം.

സൂ—അസ്യ ത്തുത്തരമണ്ഠകങ്കാളദ്വിതീയപ്രതിതാളാഖ്യേഷ്വന്യതമസ്താളഃ. അതീതാനാഗതയോരന്യതരോ ഗ്രഹഃ. ൨൯

ഭാ—ഈ എലാപ്രബന്ധത്തിന്നുള്ള താളം ഉത്തരമണ്ഠം, കങ്കാളം, ദ്വിതീയതാളം, പ്രതിതാളം ഈ നാലിൽ ഒന്നായിരിക്കണമെന്നും ഗ്രഹം അതീതമോ അനാഗതമോ ആയിരിക്കണമെന്നും നിയമമുണ്ട്. ഉത്തരമണ്ഠം മുതലായ താളങ്ങൾ മാർഗ്ഗതാളങ്ങളായ ത്ര്യശ്രചതുരശ്രജാതികളെ ആസ്പദമാക്കിട്ടുള്ളവയും ചഞ്ചൽപുടചാചപുടാദികളിലെ ലഘുഗുരുനിയമങ്ങൾക്ക പലതരത്തിലും വ്യത്യാസം വരുത്തീട്ടുള്ളവയുമായ ജന്യതാളങ്ങളിൽച്ചേർന്നവയാണ്. ആവക ജന്യതാളങ്ങൾ അസംഖ്യങ്ങളാണെന്നു താളപ്രകാശത്തിൽക്കാണിച്ചിട്ടുണ്ട്. അങ്ങനെയുള്ള താളങ്ങൾക്ക ഖണ്ഡതാളങ്ങളെന്നും ദേശീതാളങ്ങളെന്നും സാമാന്യസംജ്ഞകളും പ്രാചീനാചാര്യന്മാർ ഏർപ്പെടുത്തീട്ടുണ്ട്. അവയിൽ ഉത്തരമണ്ഠമെന്നതിന്ന് ആകെ എട്ടു ലഘുക്കളാണ്. ആവക താളങ്ങളിലെ ലഘുവിന്നു നാലോ അഞ്ചോ ആറോ അക്ഷരങ്ങ

ളുടെ ഉച്ചാരണത്തിനുള്ള കാലങ്ങളിൽ ഏതെങ്കിലും യുക്തംപോലെ പ്രമാണമാകാവുന്നതുമാണ്. ഉത്തരമണ്ഠത്തിലെ എട്ടു ലഘുക്കളിൽ ഒന്നാമത്തെയും രണ്ടാമത്തെയും നാലാമത്തെയും ലഘുക്കളിൽ സശബ്ദക്രിയ. പിന്നത്തെ നാലു ലഘുക്കളിലും മൂന്നാമത്തെ ലഘുവിലും നിശ്ശബ്ദക്രിയ. ഇങ്ങനെയാണ് അതിന്റെ സ്വഭാവം. കങ്കാളതാളത്തിന്ന് അഞ്ചു ലഘുക്കളാണ്. അതിൽ ഒന്നാമത്തെയും രണ്ടാമത്തെയും നാലാമത്തെയും ലഘുക്കളിൽ സശബ്ദക്രിയ. ദ്വിതീയതാളത്തിന്നു രണ്ടു ദ്രുതങ്ങൾക്കുശേഷം ഒരു ലഘു. മൂന്നിലും സശബ്ദക്രിയ. ഇത് ദക്ഷിണത്തിൽ അതിദ്രുതകാലത്തിലെ ധമ്പടയോടു തുല്യമാണ്. പ്രതിതാളത്തിന്ന് ഒരു ലഘുവും രണ്ടു ദ്രുതങ്ങളും. മൂന്നിലും സശബ്ദക്രിയ. ഇതു ദ്വിതീയതാളത്തിന്റെ ക്രമം മറിച്ചിട്ടതാകയാൽ ദക്ഷിണത്തിലെ ദ്രുതധമ്പടതന്നെയാണ്. ഗ്രഹത്തിന്റെ അതീതാനാഗതഭേദങ്ങളുടെ സ്വഭാവം മുമ്പു വിവരിച്ചിട്ടുണ്ട്.

സൂ—ത്യാഗസൌന്ദൎയ്യധൈൎയ്യശൌൎയ്യാദിഗുണാ വിഷയാഃ. ൩൦

ഭാ—അസ്യ എന്നതനുവൎത്തിക്കുന്നു. എല്ലാപ്രബന്ധത്തിൽ വൎണ്ണിക്കുന്ന വിഷയം വൎണ്ണനീയനും സംബോധ്യനുമായ ദേവൻ, ദേവി, രാജാവ്, മഹാപുരുഷൻ മുതലായവരുടെ ത്യാഗം, സൌന്ദൎയ്യം, ധൈൎയ്യം, ശൌൎയ്യം തുടങ്ങിയ ഗുണങ്ങളായിരിക്കണമെന്നും നിയമമുണ്ട്.

സൂ—സ ച പ്രബന്ധഃ പ്രഥമകലാരൂപഭേദാദ്ഗണമാത്രാവൎണ്ണദേശാങ്കിതശ്ചതുൎവ്വിധഃ. ൩൧

ഭാ—മേൽ വിവരിച്ചപ്രകാരം സാമാന്യലക്ഷണമായിട്ടുള്ള എല്ലാപ്രബന്ധം അതിലെ ഖണ്ഡദ്വയസ്വരൂപമായ പ്രഥമഭാഗത്തിന്നു വരുന്ന ആകൃതിവ്യത്യാസമനുസരിച്ചു ഗണൈല മാത്രൈല, വൎണ്ണൈല, ദേശൈല ഇങ്ങനെ നാലു വിധത്തിലുണ്ട്. പ്രഥമകലാരൂപഭേദാത് എന്നതുകൊണ്ടു പ്രഥമഭാഗത്തിന്നു മാത്രമാണ് ഇപ്രകാരം ആകൃതിഭേദനിയമമുള്ളതെന്നും ആദ്യത്തെ മൂന്നു പാദങ്ങളിലും സമാനങ്ങളായ ആ മൂന്നു പ്രഥമഭാഗങ്ങളൊഴിച്ചു ശേഷം പതിമ്മൂന്നു ഭാഗങ്ങളും വാഗ്ഗേയകാരനായ ഗാനകവിയുടെ യുക്തംപോലെ താളാദികൾക്കു യോജിപ്പിച്ചു നിൎമ്മിക്കാവുന്നതാണെന്നും കാണിച്ചിരിക്കുന്നു.

ഗണൈല മുതലായതിന്റെ സ്വഭാവം വിവരിപ്പാൻവേണ്ടി ഗണത്തിന്റെ സ്വരൂപം വിവരിക്കുന്നു—

സൂ—ഗുരുലഘുഘടിതോക്ഷരഗണോ ഗണഃ. ൩൨

ഭാ—ഗുരുക്കളോ ലഘുക്കളോ രണ്ടും കലൎന്നതോ ആയ അക്ഷരസമുദായത്തിന്നാണ് ഗണമെന്നു പറയുന്നത്. ഛന്ദശ്ശാസ്ത്രപ്രകാരം ലഘുവിന്ന് ഒരു മാത്രയും ഗുരുവിന്ന് രണ്ടു മാത്രയുമാണ്. അ, ക മുതലായ ഹ്രസ്വാക്ഷരങ്ങൾ ലഘുവും ആ, കാ മുതലായ ദീൎഘാക്ഷരങ്ങൾ ഗുരുവുമാണ്. അതുപ്രകാരമുള്ള ഗുരുലഘുക്കളെയാണ് പ്രകൃതത്തിൽ വിവക്ഷിച്ചിട്ടുള്ളത്. അല്ലാതെ താളമാനത്തിന്നവലംബമായ വിദ്രുതം, ദ്രുതം, ലഘു, ഗുരു, പ്ലുതം എന്നിവയിലെ ലഘുഗുരുവ്യവസ്ഥയനുസരിച്ചിട്ടുള്ളവയെയല്ല.

ഇന്നിന്ന വിധത്തിലുള്ള അക്ഷരമാണ് ഗുരുവാകുന്നതെന്നും ഇന്ന വിധത്തിലുള്ളവയാണ് ലഘുവാകുന്നതെന്നും പറയുന്നു—

സൂ—ദീൎഘസവിസൎഗ്ഗസാനുസ്വാരസംയുക്താദ്യാ ഗുരവഃ. ഏകമാത്രാ ലഘവഃ. ൩൩

ഭാ—ദീർഘാക്ഷരങ്ങളും വിസർഗ്ഗത്തോടുകൂടിയ കഃ, പഃ മുതലായ അക്ഷരങ്ങളും അനുസ്വാരത്തോടുകൂടിയ കം, പം മുതലായ അക്ഷരങ്ങളും കൂട്ടക്ഷരങ്ങൾക്ക മുമ്പിലുള്ള അക്ഷരങ്ങളും ഗുരുക്കളാണ്. ആ വിധത്തിലൊന്നുമല്ലാതെ ഒരു മാത്ര മാത്രമുള്ള അക്ഷരങ്ങളെല്ലാം ലഘുക്കളുമാണ്. ഉച്ചാരണത്തിന്ന് അവശ്യം വേണ്ടിവരുന്ന കാലമാനത്തിൻെറ ഏററക്കുറവനുസരിച്ചാണ് ഗുരുവും ലഘുവുമാകുന്നതെന്നു ചുരുക്കം.

സൂ—സ ദ്വിധാക്ഷരഗണോ മാത്രാഗണശ്ചേതി. ൯൪

ഭാ—അങ്ങനെ ഗുരുലഘുക്കൾ ചേൎന്ന അക്ഷരസമുദായമായ ഗണം അക്ഷരഗണമെന്നും മാത്രാഗണമെന്നും രണ്ടു വിധത്തിലുണ്ട്. ഗുരുവിന്നു രണ്ടു മാത്രയും ലഘുവിന്ന് ഒരു മാത്രയുമാണെന്നു കാണിച്ചുവല്ലോ. അക്ഷരസമുദായത്തിലെ ഗുരുലഘുവ്യവസ്ഥയെക്കൂടി അവലംബിച്ചിട്ടുള്ള ഗണം അക്ഷരഗണമാണ്. ഗുരുലഘുവ്യവസ്ഥയെ അവലംബിക്കാതെ ആകെ വരുന്ന മാത്രകളെ മാത്രം ആസ്പദമാക്കീട്ടുള്ളതു മാത്രാഗണം.

സൂ—തത്രാക്ഷരത്രയഗതലഘുഗുരുസ്ഥാനഭേദാദഷ്ടാവക്ഷരഗണാ യരതഭജസനമസംജ്ഞാഃ. ൯൫

ഭാ—അതിൽ അക്ഷരഗണങ്ങൾ മൂന്നക്ഷരങ്ങൾ ചേൎന്ന സമുദായത്തിലുൾപ്പെട്ട ലഘ്വക്ഷരങ്ങൾക്കും ഗുൎവ്വക്ഷരങ്ങൾക്കും വരുന്ന സ്ഥാനഭേദങ്ങളനുസരിച്ച് എട്ടു തരത്തിൽ വരുന്നതാണ്. അവക്ക യഗണം, രഗണം, തഗണം, ഭഗണം, ജഗണം, സഗണം, നഗണം, മഗണം ഇങ്ങനെ പ്രത്യേകം പരിഭാഷികസംജ്ഞകളും ഏൎപ്പെടുത്തീട്ടുണ്ട്.

സൂ—ക്രമാദാദിമധ്യാന്തേഷു ലഘവോ യരതാ ഗുരവോ ഭജസാസ്ത്രിലഘുൎന്നസ്ത്രിഗുരുൎമ്മഃ. ൯൬

ഭാ—ക്രമത്തിൽ ആദ്യത്തിൽ, മധ്യത്തിൽ, അവസാനത്തിൽ ഇങ്ങനെ ലഘുവായി വരുന്നവ യഗണവും രഗണവും തഗണവുമാണ്. അതായത് മൂന്നക്ഷരങ്ങളിൽ ആദ്യത്തെ അക്ഷരം ലഘുവായതു യഗണം. നടുവിലത്തെ അക്ഷരം ലഘുവായതു രഗണം. ഒടുവിലത്തെ അക്ഷരം ലഘുവായതു തഗണം. ഓരോന്നിലും ലഘു ഇന്നതെന്നു നിൎദ്ദേശിച്ചതിനാൽത്തന്നെ മററു രണ്ടും ഗുരുക്കളായിരിക്കണമെന്നു അൎത്ഥസിദ്ധവുമാണ്. ആദിമധ്യാന്തേഷു എന്നും ക്രമാൽ എന്നും ഗുരവഃ എന്നതിനോടും അന്വയിക്കുന്നു. അതിനാൽ ആദ്യത്തിൽ ഗുരുവായതു ഭഗണം. നടുവിൽ ഗുരുവായതു ജഗണം. ഒടുവിൽ ഗുരുവായതു സഗണം. ഇവിടെ ഗുരു ഇന്നതെന്നു പ്രത്യേകം നിൎദ്ദേശിച്ചതിനാൽ ഓരോന്നിലും മററു രണ്ടും ലഘുക്കളായിരിക്കണമെന്ന് അൎത്ഥസിദ്ധം. മൂന്നക്ഷരങ്ങളും ലഘുക്കളായതു നഗണം. മൂന്നും ഗുരുക്കളായതു മഗണം. ഇങ്ങനെ എട്ടു ഗണങ്ങളുടെയും സ്വരൂപങ്ങൾ. "ആദിമധ്യാവസാനേഷു യരതാ യാന്തി ലാഘവം ഭജസാ ഗൌരവം യാന്തി മനൌ സൎവ്വഗലൌ മതൌ." എന്നു ഛന്ദശ്ശാസ്ത്രവചനം. ഉദാഹരണങ്ങൾ—കുമാരീ എന്നതു യഗണം. കന്യകാ=രഗണം. സംസാര=തഗണം. സാഗര=ഭഗണം. തരംഗ=ജഗണം. തരണിഃ=സഗണം. ദിശതു=നഗണം. കല്യാണം=മഗണം.

അക്ഷരഗണങ്ങളുടെ സ്വഭാവം വിവരിച്ചതിന്നുശേഷം മാത്രാഗണസ്വഭാവം വിവരിക്കുന്നു—

സൂ—ലഘുരേകമാത്രോ ഗുരുൎദ്വിമാത്രഃ. ൯൭

ഭാ—ലഘുവായ അക്ഷരത്തിന്ന് ഒരു മാത്രയും ഗുരുവായ അക്ഷരത്തിന്നു രണ്ടു മാത്രയുമാണുള്ളത്. ലഘ്വക്ഷരം ഉച്ചരിപ്പാൻ വേണ്ടിവരുന്ന കാലമാനത്തിൻെറ ഇരട്ടിക്കാലം ഗുൎവ്വക്ഷരം ഉച്ചരിപ്പാൻ വേണ്ടിവരുന്നുണ്ടെന്നുള്ള സംഗതിതന്നെ അതിന്നടിസ്ഥാനം. ദീർഘം,

അനുസ്വാരം, വിസർഗ്ഗം ഇവ ചേൎന്നുണ്ടാകുന്ന ഗുരുക്കളിൽ ആവക ദീൎഘോച്ചാരണത്തിന്നു കാലാധിക്യം വേണ്ടതുകൊണ്ടും സംയുക്താക്ഷരത്തിന്റെ മുമ്പിൽ വരുന്നതിനാൽ ഗുരുവായിത്തീരുന്നവയിൽ ആ സംയുക്താക്ഷരം ഉച്ചരിപ്പാൻ പ്രയത്നാധിക്യം വേണ്ടതുകൊണ്ടും ലഘ്വക്ഷരോച്ചാരണകാലത്തേക്കാൾ ഗുൎവ്വക്ഷരോച്ചാരണത്തിന്നു കാലമാനം അധികമാകുന്നതാണെന്നുള്ള തത്വവും ഗ്രഹിച്ചുകൊൾക.

സൂ—ലഘുഗുരുസ്ഥാനനിയമം വിനാ മാത്രാസംഖ്യാമാത്രവ്യവസ്ഥിതോ മാത്രാഗണഃ. ൩൨

ഭാ—അക്ഷരഗണങ്ങളിലെപ്പോലെ അക്ഷരസമുദായത്തിൽ ഇത്രാമത്തേതു ലഘു, ഇത്രാമത്തേതു ഗുരു എന്ന നിയമവ്യവസ്ഥയില്ലാതെ ലഘുക്കളോ ഗുരുക്കളോ രണ്ടും കലൎന്നോ ആകെ ഇത്ര മാത്രയുണ്ടായിരിക്കണമെന്നുമാത്രം വ്യവസ്ഥയുള്ള ഗണം മാത്രാഗണം. എങ്ങനെയെന്നാൽ—ഭവാനീ, ഇന്ദിരാ, ഗോവിന്ദ എന്നീ പദങ്ങളിൽ അക്ഷരഗണപ്രകാരം ആദ്യത്തേതു യഗണവും രണ്ടാമത്തേതു രഗണവും മൂന്നാമത്തേതു തഗണവുമാണല്ലോ. മാത്രാഗണപ്രകാരമാകട്ടേ മൂന്നിലും ഓരോ ലഘുവും ഈരണ്ടു ഗുരുക്കളുമാണുള്ളതെന്നതനുസരിച്ചു മൂന്നും അഞ്ചു മാത്രകളടങ്ങിയ ഒരേ ഗണംതന്നെയായിട്ടാണിരിക്കുന്നത്. അതുപോലെ അക്ഷരഗണപ്രകാരം ഗിരിജാ എന്നതു സഗണവും ഗിരീശ എന്നതു ജഗണവും മാധവ എന്നതു ഭഗണവുമാണ്. മാത്രാഗണപ്രകാരം മൂന്നും ഈരണ്ടു ലഘുക്കളും ഓരോ ഗുരുവും അടങ്ങിയവയാകയാൽ നാലു മാത്രകളുള്ള ഒരേ ഗണംതന്നെയായിട്ടാണിരിക്കുന്നത്.

സൂ—സ ച ദ്വ്യാദിഷഡന്തമാത്രഃ ക്രമാന്നേത്രഗുണവേദഭൂതരസാങ്കഃ പഞ്ചവിധഃ. ൩൩

ഭാ—അങ്ങനെയുള്ള മാത്രാഗണം രണ്ടു മാത്ര മുതൽ ആറു മാത്രവരെയും ചേൎന്നതായി അഞ്ചു തരത്തിലായിട്ടാണ് ഈ ശാസ്ത്രത്തിൽ വേർതിരിച്ചിട്ടുള്ളത്. ഒരു മാത്ര മാത്രമുള്ള അക്ഷരത്തെ പ്രത്യേകഗണമായിഗ്ഗണിച്ചിട്ടു പ്രയോജനമില്ല. എന്നുവെച്ചാൽ ഓരോ തരം ഏലാപ്രബന്ധങ്ങളുടെ സ്വരൂപങ്ങൾ കാണിക്കുന്നതിൽ ലാഘവത്തിന്നുവേണ്ടിയാണ് അക്ഷരസമുദായവിശേഷത്തെ ഓരോ ഗണങ്ങളായിഗ്ഗണിച്ചിട്ടുള്ളത്. ഒരു മാത്ര മാത്രമുള്ള ലഘുവിനെ ഒരു ഗണമായിഗ്ഗണിച്ചാലും ലഘുവെന്ന നിലയിൽത്തന്നെ ഗണിച്ചാലും ലാഘവഗൌരവാംശത്തിൽ വ്യത്യാസം വരാനില്ലെന്നു താൽപൎയ്യം. രണ്ടു മാത്രയുള്ളതിന്നു നേത്രഗണമെന്നും മൂന്നു മാത്രയുള്ളതിന്നു ഗുണഗണമെന്നും നാലു മാത്രയുള്ളതിന്നു വേദഗണമെന്നും അഞ്ചു മാത്രയുള്ളതിന്നു ഭൂതഗണമെന്നും ആറുമാത്രയുള്ളതിന്നു രസഗണമെന്നും ക്രമത്തിൽ സംജ്ഞകൾ. നേത്രങ്ങൾ രണ്ടും ഗുണങ്ങൾ സത്വം, രജസ്സ്, തമസ്സ്, എന്നിങ്ങനെ മൂന്നും വേദങ്ങൾ ഋക്, യജുസ്സ്, സാമം, അഥൎവ്വം ഇങ്ങനെ നാലും ഭൂതങ്ങൾ പൃഥിവി, ജലം, തേജസ്സ്, വായു, ആകാശം ഇങ്ങനെ അഞ്ചും രസങ്ങൾ മധുരം, പുളി, ഉപ്പ്, കയ്പ്, ചവൎപ്പ്, എരുവ് ഇങ്ങനെ ആറും ആയിട്ടാണ് പ്രസിദ്ധങ്ങളായിരിക്കുന്നതെന്ന സംഗതിയാണ് ഈ സംജ്ഞകൾക്കടിസ്ഥാനമെന്നും ഗ്രഹിച്ചുകൊൾക. ആറിലധികം മാത്രകൾ വരുന്ന അക്ഷരസമുദായത്തെ അക്ഷരഗണവിഷയത്തിലെന്നപോലെ മാത്രാഗണവിഷയത്തിലും ഈവക ഗണങ്ങളുടെ പരസ്പരയോഗമായിഗ്ഗണിക്കേണ്ടതാണ്. ചില ഗ്രന്ഥകാരന്മാർ രണ്ടു മാത്ര മുതൽ ആറു മാത്രവരെയുള്ള സമുദായങ്ങൾക്കു ക്രമത്തിൽ ദഗണം, തഗണം, ചഗണം, പഗണം, ഷഗണം എന്നിങ്ങനെ സംജ്ഞകൾ നിൎദ്ദേശിച്ചിട്ടുണ്ട്. ദ്വി, ത്രി, ചതുഃ, പഞ്ച, ഷട് എന്ന സംഖ്യാവാചകപദങ്ങളിലെ ആദ്യവൎണ്ണങ്ങളെയാണ് അവർ സംജ്ഞകൾക്കവലംബമാക്കീട്ടുള്ള

ത്. രത്നാകരകാരൻ ഷഗണമെന്നതിന്റെ സ്ഥാനത്തു ഛഗണം എന്നാണ് സംജ്ഞ കൊടുത്തിരിക്കുന്നത്. ആ സംജ്ഞ വെറും പാരിഭാഷികം മാത്രമാണ്. "മാത്രാ കലാ ലഘ്വല്ല സ്സ്യാത്തദ്ഗണാഃ ഛാപചാസ്തഥൌ." എന്ന രത്നാകരവചനവും "മാത്രാ കലാ സ്യാദിഹ ലോ ലഘുസ്സ്യാദ്ഗണാഃ പ്രതീതാഃ ഷപചാസ്തഥൌ ച" എന്ന സുധാകരവചനവും നോക്കുക. അക്ഷരഗണങ്ങളിലും മാത്രാഗണങ്ങളിലും തഗണം എന്ന ഒരേ സംജ്ഞ വരുന്നതു നല്ല യുക്തമല്ലെന്നതുകൊണ്ടാണ് ഈ ഗ്രന്ഥത്തിൽ വേറെ വിധത്തിൽ മാത്രാഗണങ്ങൾക്കു സംജ്ഞകൾ നിർദ്ദേശിച്ചിട്ടുള്ളതെന്നറിഞ്ഞുകൊൾക.

സൂ—തത്രൈലാപാദത്രയേ ഖണ്ഡദ്വയാത്മകപ്രഥമകലാനാമക്ഷരഗണനിയന്ത്രിതത്വേ ഗണൈലാ. മാത്രാഗണനിയന്ത്രിതത്വേ മാത്രൈലാ. ൪൦

ഭാ—മേൽപ്രകാരം അക്ഷരഗണങ്ങൾ, മാത്രാഗണങ്ങൾ, എന്നിങ്ങനെ രണ്ടു വക ഗണങ്ങളുള്ളതിൽ ഏലാപ്രബന്ധത്തിന്റെ ആദ്യത്തെ മൂന്നു പാദങ്ങളിലും ഒന്നാമതായിട്ടുള്ളവയും ഏകധാതുക്കളും ഭിന്നമാതുക്കളും ഖണ്ഡദ്വയരൂപങ്ങളുമായ കലകൾ അക്ഷരഗണനിയമത്തെ ആസ്പദമാക്കീട്ടുള്ളതാകയാൽ ഗണൈലാപ്രബന്ധമാണ്. ആ കലകൾ മാത്രാഗണനിയമത്തെ അവലംബിച്ചുള്ളവയായാൽ മാത്രൈലാപ്രബന്ധവുമാണ്. ഖണ്ഡദ്വയാത്മകങ്ങളായ പ്രഥമകലകൾക്കു മാത്രമാണ് ഈ വക നിയമവിശേഷം ഏൎപ്പെടുത്തിട്ടുള്ളതെന്നും മററുള്ള കലകളായ പ്രയോഗങ്ങൾ, പല്ലവങ്ങൾ, ധ്രുവങ്ങൾ, ആഭോഗം ഇവയെല്ലാം യുക്തംപോലെ നിൎമ്മിക്കാവുന്നതാണെന്നും മുമ്പുതന്നെ വിവരിച്ചിട്ടുണ്ടല്ലോ.

സൂ—ഗണൈലാ ച ശുദ്ധവികൃതഭേദേന ദ്വിവിധാ. ശുദ്ധാശ്ച നാദാവതി ഹംസാവതി നന്ദാവതീ ഭദ്രാവത്യാഖ്യാശ്ചതസ്രഃ. ൪൧

ഭാ—അവയിൽ ഗണൈല ശുദ്ധയെന്നും വികൃതയെന്നും രണ്ടു തരത്തിലുണ്ട്. ആറക്ഷരഗണങ്ങളാണ് ഖണ്ഡദ്വയരൂപമായ കലയിൽ ഉണ്ടായിരിക്ക. അതിൽ ആദ്യത്തെ അഞ്ചും ഒരേ ഗണംതന്നെയാണെങ്കിൽ ശുദ്ധഗണൈല. ആ അഞ്ചിലേതെങ്കിലും ഒന്നോ രണ്ടോ അതിലും അധികമോ വേറെ വേറെഗ്ഗണങ്ങളായി വന്നാൽ വികൃതഗണൈല. ഇങ്ങനെയാണ് രണ്ടും തമ്മിലുള്ള വ്യത്യാസമെന്നു മേലിലുള്ള വിവരണംകൊണ്ടു സ്പഷ്ടമാകും. അതിൽ ശുദ്ധഗണൈലകൾ നാദാവതി, ഹംസാവതി, നന്ദാവതി, ഭദ്രാവതി ഇങ്ങനെ പ്രത്യേകസംജ്ഞകളോടുകൂടി നാലാണ് പ്രസിദ്ധങ്ങളായിട്ടുള്ളത്.

"ആദൌ നാദാവതീ പ്രോക്താ തതോ ഹംസാവതീ മതാ
നന്ദാവതീ തൃതീയാ ച തുൎയ്യാ ഭദ്രാവതീ സ്മൃതാ."

എന്നു മതംഗമുനിവചനം.

സൂ—നഗണാന്തൈഃ പഞ്ചഭിൎഗ്ഗണൈൎന്നാദാവതീ. തസ്യാശ്ച ടക്കമെന്നൌ രാഗതാളൌ. കൈശികീ വൃത്തിഃ. പാഞ്ചാലീ രീതിഃ. ശൃംഗാരോ രസഃ. ഭാരതീ ദേവതാ. ൪൨

ഭാ—ആ ശുദ്ധൈലകളിൽ ക്രമത്തിൽ അഞ്ചു ഭഗണങ്ങളും ഒടുവിൽ ഒരു നഗണവും ഖണ്ഡദ്വയരൂപമായ പ്രഥമകലയിൽ വരുന്നതാണ് നാദാവതി. ടക്കം എന്ന മാൎഗ്ഗരാഗത്തിലാണ് അതു പാടേണ്ടത്. ആ രാഗത്തിന്റെ ലക്ഷണം മേലാൽ വിവരിക്കും. മണ്ഠമാണ് താളം. അതിന്റെ സാഹിത്യരചന കൈശികി എന്ന വൃത്തിയിലായിരിക്കണം. പാഞ്ചാലീരീതിയിലുമായിരിക്കണം. വൃത്തി എന്നത് ധൎമ്മാൎത്ഥകാമമോക്ഷങ്ങളായ നാലു പുരുഷാൎത്ഥങ്ങളിൽ ഏതിനെങ്കിലും ഉപയോഗപ്പെടുന്നതും ശരീരം, വാക്ക്, മനസ്സ് ഇവകൾ

ണ്ടു ചെയ്യുന്നതുമായ പ്രവൃത്തിയാണ്. അതിനെ പ്രതിപാദിക്കുന്ന സാഹിത്യസന്ദർഭത്തിന്നും വൃത്തി എന്നു പറഞ്ഞുവരുന്നു. "വാങ്മനഃകായജാ ചേഷ്ടാ പുരുഷാർത്ഥോപയോഗിനീ വൃത്തിഃ." എന്നു പ്രമാണം. ആ വൃത്തി കൈശികി, ആരഭടി, സാത്വതി, ഭാരതി ഇങ്ങനെ നാലു വിധത്തിലുണ്ട്.

"അത്യർത്ഥസുകുമാരാർത്ഥസന്ദർഭാ കൈശികീ മതാ
അത്യുദ്ധതാർത്ഥസന്ദർഭാ വൃത്തിരാരഭടീ മതാ
ഈഷൽപ്രൌഢാർത്ഥസന്ദർഭാ സാത്വതീ വൃത്തിരിഷ്യതേ
ഈഷന്മൃദ്വർത്ഥസന്ദർഭാ ഭാരതീ വൃത്തിരിഷ്യതേ."

എന്ന വിവരണപ്രകാരം ഏററവും സുകുമാരമായ അർത്ഥത്തെ അതിന്നു യോജിച്ച ശബ്ദങ്ങളെക്കൊണ്ടു പ്രതിപാദിക്കുന്നതു കൈശികീവൃത്തിയും അതിന്നു നേരെ മറിച്ച് ഏററവും ഉദ്ധതമായ അർത്ഥത്തെ അതിന്നനുസരിച്ച ശബ്ദങ്ങളെക്കൊണ്ടു പ്രതിപാദിക്കുന്നത് ആരഭടീവൃത്തിയും അല്പം പ്രൌഢമായ അർത്ഥത്തെ അതിന്നനുസരിച്ച ശബ്ദങ്ങളെക്കൊണ്ടു പ്രതിപാദിക്കുന്നത് സാത്വതീവൃത്തിയും അല്പം ലളിതമായ അർത്ഥത്തെ അതിന്നു യോജിച്ച ശബ്ദങ്ങളെക്കൊണ്ടു പ്രതിപാദിക്കുന്നതു ഭാരതീവൃത്തിയുമാണെന്നറിഞ്ഞുകൊൾക. രീതി എന്നതു പദസംഘടനയുടെ വകഭേദമാണ്. അതിൽ അർത്ഥത്തിന്നുള്ള സൌകുമാര്യം, ഔദ്ധത്യം മുതലായ സ്വഭാവവിശേഷത്തെപ്പററിഗ്ഗണിക്കേണ്ടതില്ല. അതാണ് വൃത്തിയും രീതിയും തമ്മിലുള്ള വ്യത്യാസം. "രീതിർന്നാമ ഗുണശ്ലിഷ്ടപദസംഘടനാ മതാ" എന്നു പ്രമാണം. ആ രീതിയും പാഞ്ചാലി, വൈദർഭി, ഗൌഡി, ലാടി എന്നിങ്ങനെ നാലു വിധത്തിലുണ്ട്.

"പാഞ്ചാലീ തത്ര വൈദർഭീ ഗൌഡീരീത്യുഭയാത്മികാ
ബന്ധപാരുഷ്യരഹിതാ ശബ്ദകാഠിന്യവർജ്ജിതാ
നാതിദീർഘസമാസാ ച വൈദർഭീ രീതിരിഷ്യതേ,
ഓജഃകാന്തിഗുണോപേതാ ഗൌഡീയാ രീതിരിഷ്യതേ.
ലാടീ സമാസാനുപ്രാസപ്രായാ രീതിരുദീര്യതേ.

എന്ന് ഓരോ രീതിയുടെയും വിവരണം. വൈദർഭീരീതിയും അല്പം മാത്രം ഗൌഡീരീതിയും, കലർന്നുവരുന്ന പദഘടനയാണ് പാഞ്ചാലീരീതി. പദങ്ങളുടെ ബന്ധനത്തിൽ ക്ഷ, ശ്ച മുതലായ പരുഷാക്ഷരങ്ങളില്ലാതെയും ഉച്ചരിപ്പാൻ പ്രയാസമുള്ള കഠിനശബ്ദങ്ങളില്ലാതെയും സമാസം വളരെക്കുറഞ്ഞും ഇരിക്കുന്ന പദഘടന വൈദർഭീരീതി. ദീർഘസമാസങ്ങളും ആവഴിക്ക് ഓജസ്സും കാന്തിയും ഉള്ള ഘടന ഗൌഡീരീതി. സമാസങ്ങളും അനുപ്രാസാലങ്കാരവും ധാരാളമുള്ള ഘടന ലാടീരീതി. ഇങ്ങനെ അതിന്നർത്ഥം. ഈ നാദാവതി എന്ന ഗണെലയിലെ സാഹിത്യവും സംഗീതവും ശൃംഗാരരസദ്യോതകമായിരിക്കണം. ഇതിൻെറ ആരാധ്യദേവത സരസ്വതീദേവിയാണ്. അതിനാൽ പ്രായേണ സരസ്വതീസ്തുതിപരമായിരിക്കേണ്ടതുമാണ്.

"ഏലാ നാദാവതീ രമ്യാ വർണ്ണാലങ്കാരശോഭിതാ
ഗീയതേ മണ്ഠതാളേന നാദയുക്താ പദേപദേ
ടക്കരാഗോ ഭവേത്തത്ര സർവ്വേഷാമനുരഞ്ജകഃ
ശ്വേതോ വർണ്ണശ്ച വിജ്ഞേയഃ ശൃംഗാരഃ കഥിതോ രസഃ
കൈശികീ വൃത്തിരാഖ്യാതാ പാഞ്ചാലീ രീതിരിഷ്യതേ
ഭാരതീ ദേവതാ തസ്യാ ബ്രാഹ്മണാനാം കുലം തഥാ."

എന്നു മതംഗമുനിവചനം.

സൂ—സഗണാന്തൈഃ പഞ്ചരഗണൈഹംസാവതി. തസ്യാശ്ച ഹിന്ദോളദ്വിതീയൌ രാഗതാളൌ. ആരഭടീ വൃത്തിഃ. ലാടി രീതിഃ. രൌദ്രോ രസഃ. ചണ്ഡികാ ദേവതാ. ൪൭

ഭാ—ഖണ്ഡദ്വയാത്മകങ്ങളായ കലകൾ അഞ്ചു രഗണങ്ങളും ഒടുവിൽ ഒരു സഗണവും ചേർത്തു നിബന്ധനം ചെയ്യുന്നതാണ് ഹംസാവതി എന്ന ശുദ്ധൈല. അതു ഹിന്ദോളരാഗത്തിലാണ് പാടേണ്ടത്. രണ്ടു ദ്രുതങ്ങളും ഒരു ലഘുവും ചേർന്നതും ദ്വിതീയമെന്നു പേരുള്ളതുമാണ് അതിൻെറ താളം. വൃത്തി ആരഭടിയായിരിക്കണം. രീതി ലാടിയുമായിരിക്കണം. സംഗീതസാഹിത്യങ്ങളാൽ വ്യംഗ്യമായ രസം രൌദ്രമാവണം. ചണ്ഡികാദേവിയാണ് അതിൻെറ ആരാധ്യദേവത.

"ഹംസസ്യേവ ഗതിര്യസ്യാ നാദേന ച പദേന ച
സമം പ്രവർത്തതേ യസ്മാത്തതോ ഹംസാവതീ സ്മൃതാ.
താളോ ദ്വിതീയകസ്തത്ര ഹിന്ദോളേന തു ഗീയതേ
രക്തോ വർണ്ണസ്സമാഖ്യാതശ്ചണ്ഡികാ ദേവതാ ഭവേൽ.
വൃത്തിരാരഭടീ പ്രോക്താ ലാടീയാ രീതിരിഷ്യതേ
ക്ഷത്രിയാണാം കുലം ചൈവ രസോ രൌദ്രഃ പ്രകീർത്തിതഃ."

എന്നു മതംഗമുനിവചനം.

സൂ ജഗണാന്തൈഃ പഞ്ചതഗണൈർന്നന്ദാവതീ. തസ്യാശ്ച മാളവകൈശികപ്രതിതാളൌ രാഗതാളൌ. സാത്വതീ വൃത്തിഃ. ഗൌഡീ രീതിഃ. വീരോ രസഃ. ഇന്ദ്രാണീ ദേവതാ. ൪൮

ഭാ—ഖണ്ഡദ്വയാത്മകങ്ങളായ കലകൾ അഞ്ചു തഗണങ്ങളും ഒടുവിൽ ഒരു ജഗണവും ചേർത്തു നിർമ്മിക്കുന്നതാണ് നന്ദാവതീ. മാളവകൈശികം എന്ന രാഗത്തിലാണ് അതു പാടേണ്ടത്. ഒരു ലഘുവും രണ്ടു ദ്രുതങ്ങളും ചേർന്നതായ പ്രതിതാളമാണ് ഇതിൻെറ താളം. സാത്വതിയാണ് വൃത്തി. ഗൌഡിയാണ് രീതി. വ്യംഗ്യമായ രസം വീരമായിരിക്കണം. ഇന്ദ്രാണീദേവിയാണ് അതിൻെറ ആരാധ്യദേവത.

"ലഘുഭിർഗ്ഗമകൈര്യുക്തോ രാഗോ മാളവകൈശികഃ
ഏലാ നന്ദാവതീ നാമ പ്രതിതാളേന ഗീയതേ.
ഇന്ദ്രാണീ ദേവതാ വൃത്തിസ്സാത്വതീ തത്ര കീർത്തിതാ
ഗൌഡീയാ കഥ്യതേ രീതിഃ പീതോ വർണ്ണഃ സ്മൃതോ ബുധൈഃ.
രസോ വീരസ്സമാഖ്യാതോ വൈശ്യാനാം കുലസംഭവഃ."

എന്നു മതംഗമുനിവചനം.

സൂ യഗണാന്തൈഃ പഞ്ചമഗണൈർഭദ്രാവതീ. തസ്യാശ്ച കകുഭകങ്കാളൌ രാഗതാളൌ. ഭാരതീ വൃത്തിഃ. വൈദർഭീ രീതിഃ. ബീഭത്സസങ്കലിതോ രസഃ. വാരാഹീ ദേവതാ. ൪൯

ഭാ—ഖണ്ഡദ്വയരൂപകലകൾ അഞ്ചു മഗണങ്ങളും ഒടുവിൽ ഒരു യഗണവും ചേർത്തു നിബന്ധനം ചെയ്തതാണ് ഭദ്രാവതി. കകുഭം എന്ന രാഗത്തിലാണ് അതു പാടേണ്ടത്. അഞ്ചു ലഘുക്കൾ ചേർന്നതായ കങ്കാളതാളമാണ് അതിൻെറ താളം. ഭാരതിയാണ്

വൃത്തി. വൈദർഭിയാണ് രീതി. വ്യംഗ്യമായ രസം ബീഭത്സമിശ്രിതമായിരിക്കണം. വാരാഹീദേവിയാണ് അതിന്റെ ആരാധ്യദേവത.

"ഏകൈകപാദസംയുക്താ മൂർച്ഛനാധ്വനിസങ്കുലാ
കങ്കാളതാളസംബദ്ധാ കകുഭേന പ്രഗീയതേ.

ഏലാ ഭദ്രാവതീ നാമ ശൂദ്രജാതിസമുദ്ഭവാ
കൃഷ്ണവർണ്ണാ ച വിജ്ഞേയാ വൈദർഭീരീതിശോഭിതാ.
ഭാരതീവൃത്തിയുക്താ ച ബീഭത്സരസഭൂഷിതാ
വാരാഹീദേവതോപേതാ കഥിതാ ഗീതകോവിദൈഃ."

എന്ന മതംഗമുനിവചനവും ഗ്രഹിച്ചുകൊൾക.

ഇനി വികൃതൈലകളെപ്പററിപ്പറയുന്നു—

സൂ—ശുദ്ധൈലാസ്വാദ്യത്രയവ്യവസ്ഥിതപഞ്ചഗണേഷു ഗുരുലഘുസ്ഥാനവിനിമയേന ഗണാന്തരത്വമിഹ വികാരഃ. ൪൧

ഭാ—മേൽക്കാണിച്ച ശുദ്ധൈലകളിൽ ആദ്യത്തെ മൂന്നിൽ വ്യവസ്ഥിതങ്ങളായ ആദ്യത്തെ അഞ്ചു ഗണങ്ങളിൽ ഏതിനെങ്കിലും ഗുരുലഘുക്കളുടെ സ്ഥാനമാററം വരുത്തുന്നതുകൊണ്ടു മറെറാരു ഗണമാക്കിത്തീക്കുന്നതാണ് ഇവിടെ വികാരമെന്നത്. ആ മാതിരി വികാരംവന്ന ഗണങ്ങൾ ചേന്നതാണ് വികൃതൈലാപ്രബന്ധമെന്നു താൽപര്യം. ഓരോന്നിലും അവസാനത്തേതായ നഗണം, സഗണം, ജഗണം, യഗണം ഇവക്കു വികാരം വരുന്നതല്ല. എന്തുകൊണ്ടെന്നാൽ, അതുംകൂടി മാറിയാൽ ഇന്ന ശുദ്ധൈലയുടെ വികൃതരൂപമാണെന്നുള്ള വ്യവസ്ഥതന്നെയില്ലാതായിത്തീന്നേക്കും. അതുകൊണ്ടു ആദ്യത്തെ അഞ്ചു ഗണങ്ങളിൽ ഒന്നിനോ രണ്ടിനോ മൂന്നിനോ നാലിനോ അഞ്ചിനുംതന്നെയോ ആണ് മാററംകൊണ്ടു ഗണാന്തരത്വം വരുന്നതെന്നു കാണിപ്പാനാണ് സൂത്രത്തിൽ പഞ്ചഗണേഷു എന്നു പ്രത്യേകം പറഞ്ഞിരിക്കുന്നത്. ഭദ്രാവതിയെന്ന നാലാമത്തെ ശുദ്ധൈലയിലെ അഞ്ചു ഗണങ്ങൾ സർവ്വഗുരുവായ മഗണമാകയാൽ ഗുരുലഘുസ്ഥാനഭേദം വരുവാൻ നിവൃത്തിയില്ലാത്തതുകൊണ്ട് ആ ഏലാപ്രബന്ധത്തിന്നു വികൃതരൂപം വരുന്നതല്ല. അതുകൊണ്ടാണ് ആദ്യത്രയം എന്നു പറഞ്ഞിട്ടുള്ളത്.

സൂ—തത്ര ഭസ്യ ജസൌ രസ്യ യതൌ തസ്യ യരൌ ച വികാരൌ. ൪൨

ഭാ—അതിൽ നാദാവതിയിലെ ഭഗണത്തിന്നു ജഗണമായിട്ടോ സഗണമായിട്ടോ ആണ് വികാരം വരാവുന്നത്. ആദ്യാക്ഷരം ഗുരുവും പിന്നത്തെ രണ്ടും ലഘുക്കളുമായിട്ടുള്ളതാണല്ലോ ഭഗണം. അപ്രകാരം ഒരു ഗുരുവും രണ്ടു ലഘുക്കളുമായിട്ടുള്ളു ജഗണവും സഗണവും മാത്രമാണ്. അതിനാൽ ഭഗണത്തിന്നു ജഗണത്തോടും സഗണത്തോടും മാത്രമാണ് താളകാലാനുസൃതമായ ലഘുസംഖ്യ തുല്യമായി വരുന്നത്. അതുപോലെ ഹംസാവതിയിലെ രഗണത്തിന്നു യഗണമായിട്ടോ തഗണമായിട്ടോ മാത്രമേ മാററം വരികയുള്ളൂ. രണ്ടു ഗുരുക്കളും ഒരു ലഘുവും ചേന്നതായ രഗണം അപ്രകാരമുള്ള യഗണതഗണങ്ങളോടു മാത്രമാണല്ലോ തുല്യലഘുസംഖ്യമായി വരുന്നത്. നന്ദാവതിയിലെ തഗണവും ആ നിയമമനുസരിച്ചു യഗണമായിട്ടോ രഗണമായിട്ടോ മാത്രമേ മാറുകയുള്ളൂ. ഈ യുക്തികൊണ്ടുതന്നെ മഗണനഗണങ്ങൾക്കു വികാരം വരില്ലെന്നുള്ളതും സിദ്ധമായി.

സൂ—ക്രമാദേകദ്വിത്രിചതുഷ്പഞ്ചവികൃതാ വാസവീ സംഗതാ ത്രേതാ ചതുരാ ബാണസംജ്ഞിതാഃ. ൪൩

ഭാ—നാദാവതി, ഹംസാവതി, നന്ദാവതി ഈ മൂന്നിലും അയ്യഞ്ചു ഗണങ്ങളുള്ളതിൽ അഞ്ചിലേതെങ്കിലും ഒരു ഗണത്തിന്നുമാത്രം വികൃതത്വമുള്ളതിന്നു വാസവി എന്നും രണ്ടു ഗണങ്ങൾ വികൃതങ്ങളായിട്ടുള്ളതിന്നു സംഗത എന്നും മൂന്നു ഗണങ്ങൾ വികൃതങ്ങളായിട്ടുള്ളതിന്നു ത്രേതയെന്നും നാലുഗണങ്ങൾ വികൃതങ്ങളായിട്ടുള്ളതിന്നുചതുര എന്നും അഞ്ചു ഗണങ്ങളും വികൃതങ്ങളായിട്ടുള്ളതിന്നു ബാണമെന്നും സംജ്ഞകളാണ്. അതായത് നാദാവതിയിലെ അഞ്ചു ഭഗണങ്ങളിൽ ഏതെങ്കിലും ഒന്നുമാത്രം ജഗണമോ സഗണമോ ആയി വികൃതമായാൽ ആ ഏലാപ്രബന്ധത്തിന്നു വാസവി എന്നു പേർ. അപ്രകാരം ഹംസാവതിയിലെ അഞ്ചു രഗണങ്ങളിൽ ഏതെങ്കിലും ഒന്നുമാത്രം തഗണമോ യഗണമോ ആയി വികൃതമായാൽ ആ ഏലാപ്രബന്ധത്തിന്നും നന്ദാവതിയിലെ അഞ്ചു തഗണങ്ങളിൽ ഏതെങ്കിലും ഒന്നു മാത്രം രഗണമോ യഗണമോ ആയി വികൃതമായാൽ ആ ഏലാപ്രബന്ധത്തിന്നും വാസവി എന്നു പേർ. സംഗത, ത്രേത മുതലായ സംജ്ഞകളും അതുപോലെതന്നെ എന്നൎത്ഥം.

സൂ—തത്ര നാദാവത്യാഃ പഞ്ചഭഗണേഷു പ്രഥമാദ്യേകൈകവികാരാൽ പഞ്ച വാസവ്യഃ. ൪൯

ഭാ—അവയിൽ നാദാവതിയുടെ അഞ്ചു ഭഗണങ്ങളിൽ ഒന്നാമത്തേതു മുതൽ പ്രത്യേകം ഓരോന്നിൻെറയും വികാരത്താൽ അതിൽ അഞ്ചു വാസവീഭേദങ്ങൾ വരുന്നതാണ്. ഒന്നാമത്തെ ഗണം വികൃതം ശേഷം നാലും ഭഗണം ഇങ്ങനെ ഒരു തരം. രണ്ടാമത്തെ ഗണം വികൃതം ശേഷം നാലും ഭഗണം ഇങ്ങനെ മറെറാരു തരം. ഈ ക്രമത്തിൽ അഞ്ചു തരം വാസവികൾ നാദാവതിയിൽത്തന്നെ വരുന്നതാണെന്നൎത്ഥം.

സൂ—പ്രഥമസ്യ പ്രത്യേകം ദ്വിതീയാദിഭിർദ്വിതീയസ്യ തൃതീയാദിഭിസ്തൃതീയസ്യ തുൎയ്യപഞ്ചമാഭ്യാം തുൎയ്യസ്യ പഞ്ചമേന ച സഹ ദ്വയോൎദ്വയോൎവ്വികാരാദ്ദശ സംഗതാഃ. ൫൦

ഭാ—അപ്രകാരം രണ്ടു ഭഗണങ്ങൾക്കു വികാരം വരുന്ന സംഗത പത്തു വിധത്തിൽ വരുന്നതാണ്. എങ്ങനെയെന്നാൽ ഒന്നാമത്തേതും രണ്ടാമത്തേതും വികൃതങ്ങൾ, ഒന്നാമത്തേയും മൂന്നാമത്തേയും വികൃതങ്ങൾ, ഒന്നാമത്തേയും നാലാമത്തേയും വികൃതങ്ങൾ, ഒന്നാമത്തേയും അഞ്ചാമത്തേയും വികൃതങ്ങൾ ഇങ്ങനെ നാലു തരം. രണ്ടും മൂന്നും വികൃതങ്ങൾ, രണ്ടും നാലും വികൃതങ്ങൾ, രണ്ടും അഞ്ചും വികൃതങ്ങൾ ഇങ്ങനെ മൂന്നു തരം. മൂന്നും നാലും വികൃതങ്ങൾ, മൂന്നും അഞ്ചും വികൃതങ്ങൾ ഇങ്ങനെ രണ്ടു തരം. നാലും അഞ്ചും വികൃതങ്ങൾ എന്ന ഒരു തരം. ഇപ്രകാരം ഒന്നാമത്തേതു രണ്ടു മുതൽ അഞ്ചു വരെയുള്ള നാലിൽ ഓരോന്നിനോടും ചേൎന്നും രണ്ടാമത്തേതു മൂന്നു മുതൽ അഞ്ചു വരെയുള്ള മൂന്നിൽ ഓരോന്നിനോടും ചേൎന്നും, മൂന്നാമത്തേതു നാലിനോടു ചേൎന്നും അഞ്ചിനോടു ചേൎന്നും, നാലാമത്തേതു അഞ്ചിനോടു ചേൎന്നും വികൃതങ്ങളായി വരുന്നതിനാൽ ആകെ പത്തു തരം സംഗതകളുണ്ട്.

സൂ—ത്രേതാപി പ്രഥമദ്വിതീയയോഃ പ്രഥക്തൃതീയാദിഭിസ്ത്രിഭിഃ, പ്രഥമതൃതീയയോസ്തുൎയ്യപഞ്ചമാഭ്യാം, പ്രഥമതുൎയ്യയോഃ പഞ്ചമേന, ദ്വിതീയതൃതീയയോസ്തുൎയ്യപഞ്ചമാഭ്യാം, ദ്വിതീയതുൎയ്യയോസ്തൃതീയതുൎയ്യയോശ്ച പഞ്ചമേന സഹ വികാരാദ്ദശവിധാ. ൫൧

ഭാ—മൂന്നു ഭഗണങ്ങൾ വികൃതങ്ങളായിട്ടുള്ള ത്രേതയും പത്തു വിധത്തിലുണ്ട്. ഒന്നും രണ്ടും മൂന്നും വികൃതങ്ങൾ. ഒന്നും രണ്ടും നാലും വികൃതങ്ങൾ. ഒന്നും രണ്ടും അഞ്ചും വികൃതങ്ങൾ. ഒന്നും മൂന്നും നാലും വികൃതങ്ങൾ. ഒന്നും മൂന്നും അഞ്ചും വികൃതങ്ങൾ. ഒന്നും

നാലും അഞ്ചും വികൃതങ്ങൾ. രണ്ടും മൂന്നും നാലും വികൃതങ്ങൾ, രണ്ടും മൂന്നും അഞ്ചും വികൃതങ്ങൾ. രണ്ടും നാലും അഞ്ചും വികൃതങ്ങൾ. മൂന്നും നാലും അഞ്ചും വികൃതങ്ങൾ. ഇങ്ങനെ പത്തുവിധമെന്നൎത്ഥം.

സൂ—പ്രഥമാദേകൈകം പരിത്യജ്യാന്യേഷാം ചതുൎണ്ണാം വികാരാച്ചതുരാ പഞ്ചവിധാ. ൨൨

ഭാ—ആദ്യത്തെ ഭഗണം മുതൽ ഓരോന്നായി ഒഴിച്ച ശേഷമുള്ള നന്നാലു ഗണങ്ങളും വികൃതങ്ങളെന്ന ക്രമത്തിൽ ചതുരയും അഞ്ചു വിധത്തിൽ വരുന്നതാണ്. ആദ്യത്തേതൊഴിച്ച രണ്ടാമത്തേതു മുതൽ നാലും വികൃതങ്ങൾ. രണ്ടാമത്തേതൊഴിച്ച ശേഷം നാലും വികൃതങ്ങൾ. എന്നീ ക്രമത്തിൽ അഞ്ചുതരം ചതുരകൾ എന്നൎത്ഥം.

സൂ—പഞ്ചവികൃതാ ബാണാഖ്യാപ്യേകേതി നാദാവത്യാമേകത്രിംശൽ. ൨൩

ഭാ—അഞ്ചു ഭഗണങ്ങളും വികൃതങ്ങളായിട്ടുള്ള ബാണൈല ഒന്ന്. ഇങ്ങനെ നാദാവതിയിൽത്തന്നെ മുപ്പത്തൊന്നു തരം വികൃതൈലകൾ വരുന്നതാണ്. ഒരു ഭഗണം മാത്രം വികൃതമായ വാസവി അഞ്ചുവിധം. രണ്ടു ഭഗണങ്ങൾ വികൃതങ്ങളായ സംഗത പത്തുവിധം. മൂന്നു ഭഗണങ്ങൾ വികൃതങ്ങളായ ത്രേതയും പത്തുവിധം. നാലു ഭഗണങ്ങൾ വികൃതങ്ങളായ ചതുര അഞ്ചു വിധം. അഞ്ചും വികൃതങ്ങളായത് ഒന്ന്. ഇങ്ങനെ മുപ്പത്തൊന്ന്.

സൂ—തഥാ ഹംസാവതീനന്ദാവത്യോരപീതി ത്രിനവതിൎവ്വികൃതഗണൈലാഃ ൨൪

ഭാ—നാദാവതിയിൽപ്പറഞ്ഞ മാതിരിയിൽത്തന്നെ ഹംസാവതിയിൽ രഗണത്തിന്നു വികാരം വരുന്നതുകൊണ്ടും നന്ദാവതിയിൽ തഗണത്തിന്നു വികാരം വരുന്നതുകൊണ്ടും മുപ്പത്തൊന്നുവീതം വികൃതൈലകൾ വരുന്നതിനാൽ ആകെ തൊണ്ണൂററിമൂന്നു വികൃതഗണൈലകളുണ്ട്.

സൂ—കേചിത്തു നാദാവത്യാവാസവ്യാം ഭസ്യ ജതേ സാവിത്രീ, സതേ പാവനീ, സംഗതായാം ഭയോസ്യ ജതേ സതേ ച, ജസതയോസ്തു പവനസാവിത്രീ, തദ്രീത്യാ ഹംസാവതീനന്ദാവത്യോരപി തയതയോ രയതയോശ്ചേതി പഞ്ചദശാന്യേപി വികൃതാ ഭവന്തീത്യാഹുഃ ൨൫

ഭാ—ചില ഗ്രന്ഥകാരന്മാരാകട്ടേ, നാദാവതിയിലെ വാസവി എന്ന ഏക വികൃതത്തിൽ ഭഗണം ജഗണമായിട്ടാണ് മാറുന്നതെങ്കിൽ സാവിത്രി എന്നു പേരായ വകഭേദം. ജഗണം സൂൎയ്യദേവതാകമാകയാൽ സവിതാവിനെസ്സംബന്ധിച്ചത് എന്നു സാവിത്രീപദത്തിന്റെ അവയവാൎത്ഥം. ഭഗണം സഗണമായിട്ടാണ് മാറുന്നതെങ്കിൽ പാവനി എന്ന വകഭേദം. സഗണം വായുദൈവതമാകയാൽ പവനനെസ്സംബന്ധിച്ചത് എന്നു പാവനീശബ്ദാൎത്ഥം. അതുപോലെ അതിലെ ദ്വിവികൃതമായ സംഗതയിൽ രണ്ടു ഭഗണവും ജഗണമായി മാറുന്നതായാൽ സാവിത്രി. സഗണമായിട്ടു മാറുന്നതായാൽ പാവനി. ഒരു ഭഗണം ജഗണമായും ഒന്നു സഗണമായും മാറുന്നതായാൽ പവനസാവിത്രി എന്നിങ്ങനെ നാദാവതിയിൽ വാസവിയിൽ രണ്ടും സംഗതയിൽ മൂന്നുമായി വേറെയും അഞ്ചുതരം വികൃതങ്ങളുണ്ട്. ആ രീതിയിൽ ഹംസാവതിയിലും വാസവിയിൽ രഗണം തഗണമായി മാറുന്നതായാൽ വ്യോമജ. യഗണമായിട്ടായാൽ വാരുണി. തഗണം ആകാശദൈവതവും യഗണം

വരുണദൈവതവുമാകയാലാണ് ആ സംജ്ഞകൾ. അതുപോലെ അതിലെ സംഗതയിൽ രണ്ടു രഗണവും തഗണമായാൽ വ്യോമജ. രണ്ടും യഗണമായാൽ വാരുണി. ഒന്നു തഗണവും ഒന്നു യഗണവുമായാൽ വ്യോമവാരുണി. ഇങ്ങനെ ഹംസാവതിയിലും വേറെ അഞ്ചു തരം വികൃതങ്ങളുണ്ട്. അപ്രകാരം നന്ദാവതിയിലെ വാസവിയിൽ തഗണം രഗണമായി മാറുന്നതായാൽ വഹ്നിജ. രഗണം വഹ്നിദൈവതമാണ്. യഗണമായി മാറുന്നതായാൽ വാരുണി. അതിലെ സംഗതയിലും രണ്ടു തഗണവും രഗണമായാൽ വഹ്നിജ. രണ്ടും യഗണമായാൽ വാരുണി. ഒന്നു രഗണവും ഒന്നു യഗണവുമായാൽ വഹ്നിവാരുണി. ഇപ്രകാരം നന്ദാവതിയിലും അഞ്ചുതരം വികൃതങ്ങൾ വേറെയുണ്ട്. അതിനാൽ മുൻപറഞ്ഞ തൊണ്ണൂററിമൂന്നു വികൃതങ്ങൾക്കു പുറമെ ഈ പതിനഞ്ചു വികൃതങ്ങളുംകൂടി ആകെ നൂററെട്ടുതരം വികൃതഗണൈലകളുണ്ടെന്നു പറയുന്നു.

"ഭേദാസ്ത്രിനവതിർയ്യുക്താ അന്യേ പഞ്ചദശ ത്വിമേ
സാവിത്രീ പാവനീ വാതസാവിത്രീ ച ത്രിധാ മതാ
സംഗതാസവിതുഃ ക്ഷിപ്തേ പവനസ്യ ഗണേ ക്രമാൽ
ദ്വിതയേ ചാദ്യഭേദാഭ്യാം ദ്വിവിധാ വാസവീ മതാ
നാദാവത്യാമിമേ ഭേദാ ഹംസാവത്യാമപി ത്രിധാ
വ്യോമജാ വാരുണീ വ്യോമവാരുണീ ചേതി സംഗതാ
തദ്ദൈവത്യഗണോപേതാ തഥാ സ്യാദ്വാസവീ ദ്വിധാ
നന്ദാവത്യാം വഹ്നിജാ ച വാരുണീ വഹ്നിവാരുണീ
തദ്ഗണൈസ്സംഗതാത്രേധാ തഥാദ്വേധാചവാസവീ
ഇത്യേതേ വികൃതാ ഭേദാ അഷ്ടോത്തരശതം മതാഃ"

എന്നു രത്നാകരഗ്രന്ഥവും മററും നോക്കുക.

സു—തച്ചിന്ത്യം. ഭവികാരസ്യ ജസാന്യതരതായാ രവികാരസ്യ തയാന്യതരതായാസ്തവികാരസ്യ രയാന്യനരതായാ നിയതതയാ തേഷാം ത്രിനവത്യന്തർഭാവേണ പൃഥഗ്ഗണനാനൌചിത്യാൽ. സംജ്ഞാഭേദമാത്രസ്യാവ്യാവർത്തകത്വാൽ. ഉന്നേ

ഭാ—ആ ഗ്രന്ഥകാരവചനങ്ങൾ നല്ല ശരിയാകുന്നതല്ല. എന്തുകൊണ്ടെന്നാൽ, ഭഗണത്തിന്നു ജഗണമായിട്ടോ സഗണമായിട്ടോ മാത്രമാണ് വികാരം വരുന്നതെന്നു മുമ്പുതന്നെ കാണിച്ചിട്ടുണ്ട്. അത് ആ ഗ്രന്ഥകാരന്മാൎക്കും സമ്മതവുമാണ്. അപ്പോൾ നാദാവതിയിലെ വാസവിക്കുള്ള അഞ്ചു വകഭേദങ്ങളിലോരോന്നും ഒരു ഭഗണം ജഗണമായിട്ടോ സഗണമായിട്ടോ മാറിയിട്ടുള്ളതായിട്ടേ വരികയുള്ളൂ. അതിൽ ജഗണമായി മാറീട്ടുള്ള ഓരോന്നിന്നും പാവനിയെന്നും സംജ്ഞകളുണ്ടെന്നല്ലാതെ രണ്ടു വികൃതസ്വരൂപങ്ങൾ അധികമാകുന്നില്ല. അതുപോലെ അതിലെസ്സംഗതയിലും രണ്ടു ഭഗണങ്ങൾ ജഗണങ്ങളായാൽ സാവിത്രീസംഗതയെന്നും സഗണങ്ങളായാൽ പാവനീസംഗതയെന്നും ഒരു ഭഗണം ജഗണവും ഒന്നു സഗണവുമായാൽ പാവനസാവിത്രീസംഗതയെന്നും സംജ്ഞകളുണ്ടെന്നല്ലാതെ മൂന്നു വികൃതസ്വരൂപങ്ങൾ അധികമാകുന്നില്ല. എല്ലാം മുമ്പു പറഞ്ഞിട്ടുള്ള വകഭേദങ്ങളിൽത്തന്നെ ഉൾപ്പെട്ടവയാണ്. അതുപോലെ രഗണത്തിന്നു തഗണമായോ യഗണമായോ മാത്രമേ മാററം വരികയുള്ളൂ. അതിനാൽ ഹംസാവതിയിലെ വാസവീസംഗതകളിലും തഗണമായി മാറുന്നതുകൊണ്ടോ യഗണമായി മാറുന്നതുകൊണ്ടോ വികൃതസ്വ

ത്രപങ്ങളുടെ സംഖ്യ അധികമാകുന്നില്ല. നന്ദാവതിയിലെ തഗണവും രഗണമായോ യഗണമായോ മാത്രമേ മാറുകയുള്ളൂ. അതിനാൽ അതിലും മേൽപ്രകാരം വാസവീസംഗതകളുടെ സംഖ്യ അധികമാകുന്നതല്ല. സംജ്ഞാവിശേഷങ്ങളുണ്ടെന്നു മാത്രമേയുള്ളൂ. എല്ലാം തൊണ്ണൂററിമൂന്നിൽ ഉൾപ്പെട്ട വികൃതഗണൈലകൾതന്നെയാണ്. നാദാവതിയിൽ ജഗണമായി മാറുന്നതിനെയും സഗണമായി മാറുന്നതിനെയും പ്രത്യേകം ഗണിക്കുന്നതായാലാകട്ടെ അതിലെ വാസവിയിൽ രണ്ടു വകഭേദമല്ല അഞ്ചു വകഭേദങ്ങൾ അധികം വരുന്നതാണ്. സംഗതയിലും മൂന്നല്ല ഇരുപതു വകഭേദങ്ങൾ അധികം വരുന്നതാണ്. മുമ്പു കാണിച്ച പത്തു വികൃതങ്ങൾ രണ്ടു ഭാഗങ്ങളും ജഗണങ്ങളായി മാറുന്നതാണ്, അതുപോലെ രണ്ടും സഗണങ്ങളായി മാറുന്നതു പത്തും ഒന്നു ജഗണവും ഒന്നു സഗണവുമായി മാറുന്നതു പത്തും അധികമാകുന്നതാണല്ലോ. ത്രേത മുതലായവയിൽ അതിലുമധികം ഭേദങ്ങൾ വരികയും ചെയ്യും അതിനാൽ സാമാന്യമായി വികൃതഗണൈലകൾ തൊണ്ണൂററിമൂന്നാണെന്നും അവയുടെ അവാന്തരഭേദങ്ങളായ സങ്കീർണ്ണങ്ങളും മററും അസംഖ്യങ്ങളാണെന്നും ഗ്രഹിച്ചുകൊൾക.

ഇങ്ങനെ ഗണൈലകൾ.

ഇനി മാത്രൈലകളുടെ സ്വഭാവം വിവരിക്കുന്നു.

സൂ—മാത്രൈലായാന്തു ഗൌരിമതേ വേദഗണാന്തർഗ്ഗതസ്യ ഗുരുദ്വയസ്യ ലഘുദ്വയപൂർവ്വകഗുരോർഗ്ഗുണഗണാന്തർഗ്ഗതസ്യ ഗുരുപൂർവ്വകലഘോർല്ലഘുത്രയസ്യ ച സാമാന്യതോ രതിഗണാഖ്യാ. ൭൭

ഭാ—മാത്രൈലാവിഷയത്തിൽ ശ്രീപാർവ്വതീമതപ്രകാരം നാലു മാത്രകളായ വേദഗണത്തിലുൾപ്പെട്ട രണ്ടു ഗുർവ്വക്ഷരങ്ങൾ, രണ്ടു ലഘുക്കൾക്കു ശേഷം ഒരു ഗുരു എന്നീ രണ്ടുതരം അക്ഷരസമുദായത്തിന്നും മൂന്നു മാത്രകളായ ഗുണഗണത്തിലുൾപ്പെട്ട ഒരു ഗുരുവിന്നു ശേഷം ഒരു ലഘു, മൂന്നു ലഘുക്കൾ എന്നീ രണ്ടുതരം അക്ഷരസമുദായത്തിന്നും പൊതുവെ രതിഗണങ്ങൾ എന്നു പേരുണ്ട്. ഗൌരീ, ചരണ, നളിനം, നൌമി ഈ നാലും രതിഗണങ്ങൾക്കുദാഹരണങ്ങളാകുന്നതാണ്.

സൂ—തഥാ രസഗണാന്തർഗ്ഗതസ്യ ഗുരുത്രയസ്യ ലഘുദ്വയപൂർവ്വകഗുരുദ്വയസ്യ ഭൂതഗണാന്തർഗ്ഗതസ്യ ലഘുത്രയപൂർവ്വകഗുരോർല്ലഘുദ്വയപൂർവ്വകഗുരൂത്തരലഘോർഗ്ഗുരുദ്വയപൂർവ്വകലഘോർഗ്ഗുരുപൂർവ്വകലഘൂത്തരഗുരോർവ്വേദഗണാന്തർഗ്ഗതസ്യ ഗുരുപൂർവ്വകലഘുദ്വയസ്യ ലഘുചതുഷ്ടയസ്യ ചേത്യഷ്ടാനാം സാമാന്യതഃ കാമഗണാഖ്യാ. ൭൮

ഭാ—അതുപോലെ ആ മതപ്രകാരം ആറു മാത്രകളായ രസഗണത്തിലുൾപ്പെട്ട മൂന്നു ഗുരുക്കൾ, രണ്ടു ലഘുവിന്നുശേഷം രണ്ടു ഗുരുക്കൾ ഈ രണ്ടും അഞ്ചു മാത്രകളായ ഭൂതഗണത്തിലുൾപ്പെട്ട മൂന്നു ലഘുക്കൾക്കുശേഷം ഒരു ഗുരു, രണ്ടു ലഘുക്കൾക്കുശേഷം ഒരു ഗുരു പിന്നെ ഒരു ലഘു, രണ്ടു ഗുരുക്കൾക്കുശേഷം ഒരു ലഘു, ഒരു ഗുരുവിന്നുശേഷം ഒരു ലഘു പിന്നെ ഒരു ഗുരു ഈ നാലും വേദഗണത്തിലുൾപ്പെട്ട ഒരു ഗുരുവിന്നുശേഷം രണ്ടു ലഘുക്കൾ, നാലു ലഘുക്കൾ ഈ രണ്ടുംകൂടി എട്ടുതരം അക്ഷരസമുദായങ്ങൾക്കു പൊതുവെ കാമഗണങ്ങൾ എന്നു പേരുണ്ട്. രുദ്രാണി, കരുണാദ്രാ, ശരണാഗ, സകലാനി, ഭദ്രാണി, സന്തതം, സാമയി, വിതരൂ. ഈ എട്ടും കാമഗണങ്ങൾക്കുദാഹരണങ്ങൾ.

സൂ ഏവം ഗചതുഷ്ടയം, ലദ്വയഗത്രയേ ചേത്യഷ്ടമാത്രികൌ ദ്വൌ. ഗലഗദ്വയാനി, ലത്രയഗദ്വയേ, ഗദ്വയലഗൌ, ഗത്രയലൌ, ലദ്വയഗദ്വ

യഥാശ്യോതിസ്സപ്തമാത്രികാഃ ഷട്. ഗലദ്വയഗാഃ, ലചതുഷ്ടയഗൌ. ഗലഗലാഃ, ലത്രയഗലാഃ, ഗദ്വയലദ്വയേ, ലദ്വയഗലദ്വയാനിചേതിഷൺമാത്രികാഃ ഷഠ, ഗലത്രയേ ലപഞ്ചകം ചേതി പഞ്ചമാത്രികൌ ദ്വൌ. ഷോഡശൈതേ ബാണാഖ്യാഃ. ൫൯

ഭാ—ഗ എന്നതു ഗുരുവിനെയും ല എന്നതു ലഘുവിനെയും ആദ്യവർണ്ണന്യായത്താൽ കുറിക്കുന്നു. നാലു ഗുരുക്കൾ, രണ്ടു ലഘുക്കൾക്കുശേഷം മൂന്നു ഗുരുക്കൾ. ഇങ്ങനെ എട്ടു മാത്രകളുള്ളതു് രണ്ടു്. ക്രമത്തിൽ ഗുരു, ലഘു, രണ്ടു ഗുരുക്കൾ. മൂന്നു ലഘുക്കളുംരണ്ടു ഗുരുക്കളും. രണ്ടു ഗുരുക്കളും ലഘുവും ഗുരുവും ഗുരുവും രണ്ടു ലഘുക്കളും ഗുരുവും. ലഘുവും മൂന്നു ഗുരുക്കളും ലഘുവും രണ്ടു ലഘുക്കളും രണ്ടു ഗുരുക്കളും ലഘുവും. ഇങ്ങനെ ഏഴു മാത്രകളടങ്ങിയതു് ആറ്. ഗുരുവും രണ്ടു ലഘുക്കളും ഗുരുവും. നാലു ലഘുക്കളും ഗുരുവും, ഗുരു ലഘു ഗുരു ലഘുക്കൾ. മൂന്നു ലഘുക്കളും ഗുരുവും ലഘുവും. രണ്ടു ഗുരുക്കളും രണ്ടു ലഘുക്കളും. രണ്ടു ലഘുക്കളും ഗുരുവും രണ്ടു ലഘുക്കളും. ഇങ്ങനെ ആറു മാത്രകളടങ്ങിയതു് ആറ്. ഗുരുവും മൂന്നു ലഘുക്കളും. അഞ്ചു ലഘുക്കൾ. ഇങ്ങനെ അഞ്ചു മാത്രകളടങ്ങിയതു രണ്ടു്. ഈ പതിനാറുതരം അക്ഷരസമുദായങ്ങൾക്കും പൊതുവേ ബാണഗണങ്ങളെന്നും പേരുണ്ടു്. കാത്യായന്യാഃ, കരുണാമയ്യാഃ, കാമദായാഃ, കമലശോഭം, പാദദ്വയം, ഭവതാരകം, ഉദ്രിക്താനി, ചിരസക്താനി, ദുഃഖമയം, ഭുവനതലം, സാധയന്തി, ബഹുതരാണി, കർമ്മാണിച, ജനനാനിച, സംഹരതു, സപദിമമ, ഈ പതിനാറും ക്രമത്തിൽ കാമഗണങ്ങൾക്കുദാഹരണങ്ങൾ.

സൂ—തദനുസാരാദ്രതിലേഖാ കാമലേഖാ ബാണലേഖാ ചന്ദ്രലേഖാ ചേതി ചതസ്രോ മാത്രൈലാഃ. ൬൦

ഭാ—അങ്ങനെയുള്ള ഗണങ്ങളെ അവലംബിച്ചു ഗൌരീമതപ്രകാരം മാത്രൈലകൾ രതിലേഖ, കാമലേഖ. ബാണലേഖ, ചന്ദ്രലേഖ, ഇങ്ങനെ നാലുതരത്തിലാണ്.

സൂ—യത്ര യഥായോഗം രതിഗണൈരുദ്ഗ്രാഹപ്രഥമദ്വിതീയപാദയോരാദ്യകലായാം പൃഥഗേകാദശ മാത്രാസ്തൃതീയേ ദശ ച സാ രതിലേഖാ. ൬൧

ഭാ—ഉദ്ഗ്രാഹഭാഗത്തിലെ ഒന്നും രണ്ടും പാദങ്ങളിലെ ആദ്യകലകളിൽ രതിഗണങ്ങൾ യോജിപ്പപോലെ, അതായതു് നാലു മാത്രകളുള്ള ഈരണ്ടു ഗണങ്ങളും മൂന്നു മാത്രകളുള്ള ഓരോ ഗണവും ചേർന്നു പതിനൊന്നു മാത്രകൾ വീതവും മൂന്നാംപാദത്തിലെ ആദ്യകലയിൽ അപ്രകാരം നാലു മാത്രകളുള്ള ഒരു ഗണവും മൂന്നു മാത്രകളുള്ള രണ്ടു ഗണങ്ങളും ചേർന്നു പത്തു മാത്രയും വരുന്നതു രതിലേഖ എന്ന മാത്രൈലയാണ്.

സൂ—യത്ര യഥായോഗം കാമഗണൈഃ പ്രഥമപാദേഷു തസ്യാം രതിലേഖാദ്വിഗുണാ മാത്രാസ്സാ കാമലേഖാ. ൬൨

ഭാ—മേൽക്കാണിച്ച കാമഗണങ്ങൾ യോജിപ്പപോലെച്ചേർന്നു പ്രഥമദ്വിതീയപാദങ്ങളിലെ ആദ്യകലകളിൽ രതിലേഖയിലെ മാത്രകളുടെ ഇരട്ടിയായ ഇരുപത്തിരണ്ടു മാത്രകൾ വീതവും മൂന്നാംപാദത്തിലെക്കലയിൽ അപ്രകാരം ഇരുപതുമാത്രകളും വരുന്നതു കാമലേഖ.

സൂ—യത്ര യഥായോഗം ബാണഗണൈസ്തേഷു തസ്യാം രതിലേഖാത്രിഗുണാ മാത്രാസ്സാ ബാണലേഖാ. ൬൩

ഭാ—മേൽപ്പറഞ്ഞ ബാണഗണങ്ങൾ യോജിപ്പുപോലെച്ചേൎന്ന പ്രഥമദ്വിതീയപാദങ്ങളിലെ പ്രഥമകലകളിൽ രതിലേഖയിലെ മാത്രകളുടെ മൂന്നിരട്ടിയായ മുപ്പത്തിമൂന്നു മാത്രകൾവീതവും മൂന്നാംപാദത്തിലെ പ്രഥമകലയിൽ അതുപ്രകാരം മുപ്പതു മാത്രകളും വരുന്നതു ബാണലേഖ.

സൂ—യത്ര രതികാമബാണഗണൈൎയ്യഥായോഗം മിശ്രിതൈസ്ത്രേഷു തസ്യാം രതിലേഖാചതുൎഗ്ഗുണാ മാത്രാസ്സംഭവന്തി സാ ചന്ദ്രലേഖേതി. ൫൪

ഭാ—ഏതിൽ രതിഗണങ്ങളും കാമഗണങ്ങളും ബാണഗണങ്ങളും യോജിപ്പുപോലെ കലൎത്തിച്ചേൎത്തു പ്രഥമദ്വിതീയപാദങ്ങളിലെ പ്രഥമകലകളിൽ രതിലേഖയിലെ മാത്രകളുടെ നാലിരട്ടിയായ നാല്പത്തിനാലു മാത്രകൾവീതവും മൂന്നാംപാദത്തിലെക്കലയിൽ അപ്രകാരം നാല്പതു മാത്രകളും വരുന്നുവോ അതു ചന്ദ്രലേഖയാണ്. സൂത്രത്തിലെ ഇതി എന്നതു ഗൌരീമതപ്രകാരമുള്ള മാത്രൈലകളുടെ വിവരണം കഴിഞ്ഞുവെന്നു കാണിക്കുന്നു.

ഇനി മതാന്തരമനുസരിച്ചുള്ള മാത്രൈലകളുടെ സ്വഭാവം വിവരിക്കുന്നു—

സൂ—നന്ദിശമതേ ത്വിന്ദുമതിജ്യോതിഷ്മതിനഭസ്വതീവസുമത്യാഖ്യാന്യാശ്ചതസ്രോ മാത്രൈലാഃ. ൫൫

ഭാ—നന്ദികേശ്വരമതപ്രകാരമാകട്ടേ ഇന്ദുമതി, ജ്യോതിഷ്മതി, നഭസ്വതി, വസുമതി ഇങ്ങനെ പ്രത്യേകസംജ്ഞകളോടു വേറെയും നാലു തരത്തിൽ മാത്രൈലകളുണ്ട്.

സൂ—തത്ര രസഗണൈഃ പഞ്ചഭിൎഗ്ഗുണഗണസഹിതൈരിന്ദുമതീ. ൫൬

ഭാ—അവയിൽ ഇന്ദുമതി എന്നതു ഖണ്ഡദ്വയാത്മകമായ പ്രഥമകലയിൽ ആറു മാത്രകൾവീതമുള്ള അഞ്ചു രസഗണങ്ങളും ഒടുവിൽ മൂന്നു മാത്രകളുള്ള ഒരു ഗുണഗണവും ഉള്ളതാണ്. അങ്ങനെ മുപ്പത്തിമൂന്നു മാത്രകൾ. ഓരോ രസഗണത്തിലും യതിയുണ്ടായിരിക്കണമെന്നു താൽപൎയ്യം.

സൂ—പഞ്ചഭിൎഭൂതഗണൈൎവ്വേദഗണാന്തൈൎജ്ജ്യോതിഷ്മതി. ൫൭

ഭാ—അഞ്ചു മാത്രകളുള്ള ഭൂതഗണങ്ങൾ അഞ്ചും ഒടുവിൽ നാലു മാത്രകളുള്ള ഒരു വേദഗണവും പ്രഥമകലയിൽ ഉള്ളതാണ് ജ്യോതിഷ്മതി. അങ്ങനെ ഇരുപത്തൊമ്പതു മാത്രകൾ. അയ്യഞ്ചു മാത്രകൾ കൂടുമ്പോൾ യതിയും.

സൂ—രസാദിഭിസ്ത്രിഭിൎവ്വേദൈൎഭൂതേന രസാന്തേന ച നഭസ്വതീ. ൫൮

ഭാ—ആദ്യത്തിൽ ഒരു രസഗണം, പിന്നെ മൂന്നു വേദഗണങ്ങൾ, പിന്നെ ഒരു ഭൂതഗണം, പിന്നെ ഒരു രസഗണം. ഇങ്ങനെ ക്രമത്തിൽ ആറു ഗണങ്ങൾ പ്രഥമകലയിലുള്ളതാണ് നഭസ്വതി. അപ്രകാരം അതിൽ ആകെ ഇരുപത്തൊമ്പതു മാത്രകൾ. ഓരോ ഗണാവസാനത്തിലും യതി. ആ യതിസ്ഥാനഭേദമാണ് ജ്യോതിഷ്മതിയിൽനിന്നു വ്യാവൎത്തകം.

സൂ—ക്രമാന്നേത്രഭൂതവേദഭൂതത്രയരസഗുണൈൎവ്വസുമതീ. ൫൯

ഭാ—ആദ്യം രണ്ടു മാത്രകളുള്ള നേത്രഗണം, പിന്നെ ഒരു ഭൂതഗണം, പിന്നെ ഒരു വേദഗണം, പിന്നെ മൂന്നു ഭൂതഗണങ്ങൾ, പിന്നെ ഒരു രസഗണം, പിന്നെ ഒരു ഗുണഗണം എന്നീ ക്രമത്തിൽ മുപ്പത്തഞ്ചു മാത്രകൾ പ്രഥമകലയിലുള്ളതാണ് വസുമതി.

ഇനി അൎജ്ജുനമതപ്രകാരമുള്ള മാത്രൈലകളുടെ സ്വഭാവം വിവരിക്കുന്നു—

സൂ—അൎജ്ജുനമതേന പുനൎന്നാദാവത്യാദിഗണൈലാസു ഗുരുസ്ഥാനേ ലഘുദ്വയം നിക്ഷിപ്യ വേദഗണേന വിഭജനേ തത്തത്സംജ്ഞാ ഏവ ചതസ്രോ മാത്രൈലാഃ. ൬൦

ഭാ—അജ്ജ്ഞനമതപ്രകാരമാകട്ടേ, നാദാവതി മുതലായ ഗണൈലകളിൽ ഗുർവ്വക്ഷര ങ്ങളുടെ സ്ഥാനത്തെല്ലാം ഒരു ഗുരുവിനു രണ്ടു ലഘുക്കൾ വീതമായി മാററി ഓരോന്നിലും വരുന്ന മാത്രകളെ വേദഗണമെന്ന മാത്രാഗണംകൊണ്ടു വിഭജിച്ച് ആ ഓരോ വേദഗണത്തി ലും യതിയുണ്ടായിരിക്കുന്നതായാൽ മാത്രൈലകളാകുന്നതാണ്. അങ്ങനെയുള്ള നാലു മാ ത്രൈലകൾക്കും നാദാവതി, ഹംസാവതി, നന്ദാവതി, ഭദ്രാവതി എന്നിങ്ങനെതന്നെ ക്രമ ത്തിൽ സംജ്ഞയുമാണ്.

സൂ—തത്ര നാദാവത്യാം പഞ്ച ഗണാ മാത്രാത്രയം ച. ൫൫

ഭാ—അതിൽ നാദാവതിയെന്ന മാത്രൈലയിൽ അഞ്ചു വേദഗണങ്ങളും അവസാ നത്തിൽ മൂന്നു മാത്രകളുമാണുള്ളത്. അഞ്ചു ഭഗണങ്ങളും ഒരു നഗണവുമാണല്ലോ ഗണൈ ലയായ നാദാവതിയിൽ ഉണ്ടായിരിക്കുന്നത്. ആദ്യം ഒരു ഗുരുവും പിന്നെ രണ്ടു ലഘുക്ക ളുമായ ഭഗണത്തിലെ ഗുരുവിന്റെ സ്ഥാനത്തു രണ്ടു ലഘുക്കളാക്കിയാൽ ആകെ നാലു ല ഘുക്കളായി. അപ്പോൾ ഒരു ലഘുവിന്ന് ഒരു മാത്രവീതം നാലു മാത്രകളുള്ള ഒരു വേദഗ ണവുമായി. അങ്ങനെ അഞ്ചു ഭഗണങ്ങൾക്ക് അഞ്ചു വേദഗണങ്ങൾ. മൂന്നക്ഷരങ്ങളും ലഘുക്കളായ നഗണത്തിന്നു മൂന്നു മാത്രകളും, അങ്ങനെ ആകെ ഇരുപത്തിമൂന്നു മാത്രകളാണ് നാദാവതീമാത്രൈലയിൽ വരുന്നത്.

സൂ—ഹംസാവത്യാം നന്ദാവത്യാമപി സപ്ത ഗണാഃ പുനരേകാ മാത്രാ ച. ൫൬

ഭാ—ഹംസാവതീമാത്രൈലയിലും നന്ദാവതീമാത്രൈലയിലും ഏഴു വേദഗണങ്ങളും പിന്നെ ഒരു മാത്രയുമാണുള്ളത്. ഹംസാവതീഗണൈലയിൽ അഞ്ചു രഗണങ്ങളും ഒരു സ ഗണവുമാണല്ലോ. ആദ്യത്തെയും മൂന്നാമത്തെയും ഗുരുക്കളും മദ്ധ്യത്തിലെ അക്ഷരം ലഘുവു മായിട്ടുള്ളതാണ് രഗണം. അതിൽ ഓരോ ഗുരുവിന്റെയും സ്ഥാനത്ത് ഈരണ്ടു ലഘുക്ക ളാകുമ്പോൾ അഞ്ചു ലഘുക്കളായി. അതിന്ന് ഒരു വേദഗണവും ഒരു മാത്രയും. അങ്ങനെ അഞ്ചു രഗണങ്ങൾക്ക് ഇരുപത്തഞ്ചു ലഘുക്കൾ വരുന്നതിനാൽ ആറു വേദഗണങ്ങളും ഒരു മാത്രയുമായി. ഒന്നാമത്തെയും രണ്ടാമത്തെയും അക്ഷരങ്ങൾ ലഘുക്കളും മൂന്നാമത്തേതു ഗുരു വുമായ സഗണത്തിലേ ഗുരുവിന്റെ സ്ഥാനത്തു രണ്ടു ലഘുക്കളാകുമ്പോൾ നാലു ലഘുക്കൾ ക്ക് ഒരു വേദഗണം. അങ്ങനെ ഏഴു വേദഗണങ്ങളും ഒരു മാത്രയും. അതുപോലെ അഞ്ചു തഗണങ്ങളും ഒരു ജഗണവുമാണല്ലോ ഗണൈലയായ നന്ദാവതിയിലുള്ളത്. ഒന്നാമത്തെയും രണ്ടാമത്തെയും അക്ഷരങ്ങൾ ഗുരുക്കളും മൂന്നാമത്തേതു ലഘുവുമായ തഗണത്തിലെ ഗുരുക്ക ളെ ഈരണ്ടു ലഘുക്കളാകുമ്പോഴും ഒരു തഗണത്തിന്റെ സ്ഥാനത്തു അഞ്ചു ലഘുക്കൾവീതം വരുന്നു. ആദിയിലും അന്തത്തിലും ലഘുവും മദ്ധ്യത്തിൽ ഗുരുവുമായ ജഗണത്തിലെ ഗുരു വിന്റെ സ്ഥാനത്തു രണ്ടു ലഘുക്കളാകുമ്പോൾ അതിന്നു നാലു ലഘുക്കളും വരുന്നു. അങ്ങ നെ ഇരുപത്തൊമ്പതു ലഘുക്കൾക്ക് ഏഴു വേദഗണങ്ങളും ഒരു മാത്രയും അതിലും വരുന്നു. ഈ മാത്രൈലകൾ രണ്ടിന്നും മാത്രകളുടെ സംഖ്യകൊണ്ടോ യതികൊണ്ടോ വ്യത്യാസമില്ലെ ങ്കിലും രസരീതിവൃത്തികളുടെ ഭേദത്താൽ വ്യത്യാസമുണ്ടാകുന്നതാണ്. ഹംസാവതിയിൽ ര സം രൌദ്രവും രീതി ലാടിയും വൃത്തി ആരഭടിയുമാണ്. നന്ദാവതിയിൽ വീരരസവും ഗൌ ഡീരീതിയും സാത്വതിവൃത്തിയുമാണ്.

സൂ—ഭദ്രാവത്യാമഷ്ടൌ ഗണാ മാത്രാത്രയം ച. ൫൭

ഭാ—ഭദ്രാവതീമാത്രൈലയിൽ എട്ടു വേദഗണങ്ങളും പിന്നെ മൂന്നു മാത്രകളുമാണു ള്ളത്. മൂന്നക്ഷരങ്ങളും ഗുരുക്കളായ മഗണം അഞ്ചും ഒരു യഗണവുമാണല്ലോ ഗണൈല

യായ ഭദ്രാവതിക്കുള്ളത്. മേൽപ്രകാരം ഗുരുസ്ഥാനങ്ങളിൽ ഈരണ്ടു ലഘുക്കൾ വീതമാക്കു മ്പോൾ ഒരു മഗണത്തിന്ന് ആറു ലഘുക്കൾ വീതം അഞ്ചു മഗണങ്ങൾക്കു മുപ്പതു ലഘുക്കൾ വരുന്നു. ആദ്യത്തേതു ലഘുവും ശേഷം രണ്ടും ഗുരുക്കളുമായ യഗണത്തിന്ന് അഞ്ചു ലഘു ക്കളും വരുന്നു. അങ്ങനെ മുപ്പത്തഞ്ചു ലഘുക്കൾക്കു എട്ടു വേദഗണങ്ങളും മൂന്നു മാത്രയും എന്നു സാരം.

സൂ—നാദാവത്യാദിഷൂക്തമാത്രാത ഏകാദിപഞ്ചമാത്രാന്തമാധിക്യേ വിചിത്രമാത്രൈലാഃ. ൪൪

ഭാ—അജ്ജുനമതമനുസരിച്ചു തന്നെ നാദാവതി മുതലായ നാലു മാത്രൈലകൾ ക്കും മേൽക്കാണിച്ച മാത്രാസംഖ്യകളിൽനിന്ന് ഒന്നോ രണ്ടോ മൂന്നോ നാലോ അഞ്ചോ മാത്രകൾ ഖണ്ഡദ്വയാത്മകകലയിൽ അധികമുണ്ടാകുന്നതായാൽ അവക്കെല്ലാം പൊതുവാ യി വിചിത്രമാത്രൈലകൾ എന്ന സംജ്ഞയുണ്ട്. അതായത് നാദാവതീമാത്രൈലക്കു മേൽക്കാണിച്ച ഇരുപത്തിമൂന്നു മാത്രകളിൽനിന്ന് ഒന്നുമുതൽ അഞ്ചുവരെ മാത്രകൾ അധിക മായാൽ, എന്നുവെച്ചാൽ ഇരുപത്തിനാലുമുതൽ ഇരുപത്തെട്ടുവരെ മാത്രകളായാൽ ആ അ ഞ്ചു വകഭേദങ്ങൾക്കും വിചിത്രനാദാവതീമാത്രൈല എന്നു പേർ. ഹംസാവതിക്കു മേൽ ക്കാണിച്ച ഇരുപത്തൊമ്പതു മാത്രകളിലധികമായി മുപ്പതുമുതൽ മുപ്പത്തിനാലു മാത്രകൾവ രെയുണ്ടായാൽ അവക്കു പൊതുവായി വിചിത്രഹംസാവതീമാത്രൈല എന്നു പേർ. അതു പോലെതന്നെ നന്ദാവതിക്കും. ഭദ്രാവതിക്കു മേൽക്കാണിച്ച മുപ്പത്തഞ്ചു മാത്രകളിലധിക മായി മുപ്പത്താറുമുതൽ നാല്പതുവരെ മാത്രകളുണ്ടായാൽ ആ അഞ്ചു വകഭേദങ്ങൾക്കും പൊ തുവായി വിചിത്രഭദ്രാവതീമാത്രൈലയെന്നും പേർ. ഇങ്ങനെ താൽപര്യാത്ഥം.

സൂ—രതിലേഖാദിഷു രത്യാദിഗണാനിയമേ ക്രമാന്നന്ദിനീചിത്രിണീ ചിത്രാവിചിത്രാഖ്യാഃ. ൪൭

ഭാ—മുമ്പു പറഞ്ഞ രതിലേഖ, കാമലേഖ, ബാണലേഖ, ചന്ദ്രലേഖ ഇവയിൽ രതിഗണം, കാമഗണം, ബാണഗണം, അവയുടെ മിശ്രണം എന്നീ യതിനിയമം അനുസരി ക്കാതെ ഓരോന്നിനും ഓരോ പാദത്തിൽ ആകെ വരേണ്ട മാത്രകളുടെ സംഖ്യയെ മാത്രം അവലംബിച്ചു നിമ്മിച്ചിട്ടുള്ള മാത്രൈലകൾക്കു ക്രമത്തിൽ നന്ദിനി, ചിത്രിണി, ചിത്ര വി ചിത്ര ഇങ്ങനെ സംജ്ഞകളാണ്. എന്നുവെച്ചാൽ, രതിഗണവ്യവസ്ഥ നോക്കാതെ ഖ ണ്ഡദ്വയാത്മകമായ കലയിൽ പതിനൊന്നു മാത്രകൾ എന്നതു മാത്രം അടിസ്ഥാനമാക്കി ട്ടുള്ളതു നന്ദിനി. രതിലേഖയിൽനിന്നു മറെറാരു വിശേഷവും ഇതിന്നുണ്ട്. രതിലേഖ യിൽ ഒന്നും രണ്ടും പാദങ്ങളിലെക്കലയിൽ പതിനൊന്നു മാത്രകളും മൂന്നാം പാദത്തിലേതിൽ പത്തു മാത്രകളുമാണല്ലോ. എന്നാൽ നന്ദിനിയിൽ ഒന്നും മൂന്നും പാദങ്ങളിലേതിൽ പതി നൊന്നു മാത്രകളും രണ്ടാം പാദത്തിലേതിൽ പത്തു മാത്രകളുമാണ്. കാമഗണവ്യവസ്ഥ യില്ലാതെ പ്രഥമകലയിൽ ഇരുപത്തിരണ്ടു മാത്രകൾ എന്നു മാത്രം അവലംബിച്ചിട്ടുള്ളതു ചി ത്രിണി. ഇതിലും ഒന്നും മൂന്നും പാദങ്ങളിലെക്കലകളാണ് തുല്യമാത്രകളായിരിക്കേണ്ടത്. രണ്ടാം പാദത്തിൽ ഇരുപതു മാത്രകൾ. ഇങ്ങനെയും കാമലേഖയിൽനിന്നു വിശേഷമുണ്ട്. ബാണഗണവ്യവസ്ഥയില്ലാതെ ഒന്നും രണ്ടും പാദങ്ങളിലെക്കലകളിൽ മുപ്പത്തിമൂന്നു മാത്ര കൾവീതവും മൂന്നാം പാദത്തിലേതിൽ മുപ്പതുമാത്രകളും ആകെ ഉണ്ടായിരിക്കണമെന്നു മാത്രമായിട്ടുള്ളതു ചിത്ര. രതികാമബാണഗണങ്ങളുടെ കലപ്പായിരിക്കണം, അതായത് ആ ഗണങ്ങളിലേതിലെങ്കിലുമായിരിക്കണം യതികൾ വരുന്നത് എന്നുള്ള വ്യവസ്ഥയില്ലാ

തെ ഒന്നും രണ്ടും പാദങ്ങളിലെക്കലകളിൽ ആകെ നാല്പത്തിനാലു മാത്രകൾവീതവും മൂന്നാം പാദത്തിലേതിൽ ആകെ നാല്പതു മാത്രകളും ഉണ്ടായിരിക്കണമെന്നു മാത്രം വ്യവസ്ഥയുള്ളതു വിചിത്ര. ഇങ്ങനെ താൽപര്യം.

സൂ—ഇത്ഥം വിംശതിർമ്മാത്രേലാഃ. ൭൩

ഭാ—ഇപ്രകാരം രതിലേഖാദികൾ നാലും ഇന്ദുമതി മുതലായവ നാലും നാദാവത്യാദികൾ നാലും അവയിലെ വിചിത്രമാത്രേലകൾ നാലും നന്ദിന്യാദികൾ നാലുമായി ഇരുപതുതരത്തിലാണ് മാത്രേലകളുള്ളത്.

ഇങ്ങനെ മാത്രേലകൾ.

ഇനി വർണ്ണേലാസ്വഭാവം വിവരിക്കുന്നു.

സൂ—ലഘുഗുരുഭേദഗണഭേദമാത്രാനിയമമഗണയ്യാക്ഷരസംഖ്യാമാത്രനിബദ്ധാ വർണ്ണേലാ. ൭൪

ഭാ—ലഘു ഗുരു എന്നുള്ള വകഭേദമോ അതടിസ്ഥാനമാക്കിയുള്ള ഗണഭേദമോ മാത്രാഭേദമോ കണക്കാക്കാതെ ഖണ്ഡദ്വയാത്മകമായ കലയിൽ ആകെ ഇത്ര അക്ഷരങ്ങൾ എന്ന നിയമം മാത്രം ആസ്പദമാക്കി നിർമ്മിച്ചിട്ടുള്ളതാണ് വർണ്ണേല. ഇതിൽ താളമാനമനുസരിച്ചു ലഘുവിനെ ഗുരുവാക്കി നീട്ടിയും ഗുരുവിനെ ലഘുവാക്കിച്ചുരുക്കിയും പ്രയോഗിക്കാവുന്നതുമാണ്.

സൂ—താശ്ച പ്രഥമകലായാം ഷഡക്ഷരാദേകോനത്രിംശദക്ഷരാന്തം ഭവന്തീതി ചതുർവ്വിംശതിഃ. ൭൫

ഭാ—ആ വർണ്ണേലകൾ ഖണ്ഡദ്വയാത്മകപ്രഥമകലയിൽ ആറക്ഷരമായിട്ടുള്ളതുതുടങ്ങി ഓരോ അക്ഷരം അധികമായി വരുന്ന നിലയിൽ ഇരുപത്തൊമ്പതക്ഷരംവരെ ഉള്ളവയായിട്ടുണ്ട്. അങ്ങനെ വർണ്ണേലകൾ ഇരുപത്തിനാലു തരത്തിൽ വരുന്നതാണ്.

ദേശൈലാസ്വഭാവം വിവരിക്കുന്നു.

സൂ—നാദാവത്യാദ്യനുസാരേണ കർണ്ണാടാന്ധ്രകേരളദ്രമിഡാദിഭാഷാനിബദ്ധാ അനിയതരാഗതാളാ ദേശൈലാഃ. ൭൬

ഭാ—നാദാവതി മുതലായ ഏലാപ്രബന്ധങ്ങളുടെ രീതികളനുസരിച്ചു കർണ്ണാടകം, തെലുങ്ക്, കേരളം, തമിഴ്, മഹാരാഷ്ട്രം മുതലായ ദേശഭാഷകളിൽ നിർമ്മിച്ചിട്ടുള്ളവയാണ് ദേശൈലകൾ. എന്നാൽ നാദാവതിയിലും മററും നിയമിച്ചിട്ടുള്ളതുപോലെ ഇന്ന രാഗത്തിലും ഇന്ന താളത്തിലുമായിരിക്കണമെന്ന നിർബ്ബന്ധം അവയിലില്ല. വാഗ്ഗേയകാരന്റെ ഇഷ്ടംപോലെയുള്ള രാഗവും താളവുമാകാം. അങ്ങനെയുള്ള ദേശൈലകൾ പലതരത്തിലും വരുന്നതുമാണ്.

സൂ—കേചിത്തു കർണ്ണാടൈലാസു മണ്ഠാദിതാളനിയമമപ്യാഹുഃ. ൭൭

ഭാ—ചിലർ കർണ്ണാടൈലകളിൽ മണ്ഠം, ദ്വിതീയതാളം, കങ്കാളം, പ്രതിതാളം ഇവയിലൊന്നായിരിക്കണം താളമെന്നു നിയമമുണ്ടെന്നു അഭിപ്രായപ്പെടുന്നുണ്ട്.

ഇങ്ങനെ ഏലാപ്രബന്ധവിവരണം.

ഇനി കരണപ്രബന്ധങ്ങളെപ്പററിപ്പറയുന്നു—

സൂ—ത്രിധാതുകമിഷ്ടസ്വരഗ്രഹമംശന്യാസം രാസതാളം ദ്രുതലയം കരണം. ൭൮

ഭാ—കരണപ്രബന്ധത്തിൽ ഉദ്ഗ്രാഹം, ധ്രുവം, ആഭോഗം ഇങ്ങനെ മൂന്നു വക ധാതുക്കൾ മാത്രമേ ഉണ്ടായിരിക്കയുള്ളു. മേലാപകധാതു ഉണ്ടായിരിക്കയില്ല. അതിൻെറ ആരംഭം ഇഷ്ടംപോലെ ഏതു സ്വരത്തിൽനിന്നും ആകാം. എന്നാൽ അവസാനം അതാതു രാഗത്തിൻെറ അംശസ്വരത്തിലായിരിക്കണമെന്നു നിയമമുണ്ട്. ഇതിനാൽത്തന്നെ കരണപ്രബന്ധം ഏതു രാഗത്തിലും വരാമെന്നും അർത്ഥസിദ്ധമായി. രാസതാളം എന്നു പേരുള്ളതും മാത്രതോറം സശബ്ദക്രിയയുള്ളതുമായ ഏകതാളമാണ് അതിന്നുള്ള താളം. ലയം ദ്രുതവുമാണ്. ഇങ്ങനെ കരണപ്രബന്ധങ്ങളുടെ സാമാന്യസ്വഭാവം.

സൂ—തച്ച സ്വരതേനപാടപദമിശ്രാങ്കിതം പഞ്ചവിധം. വ്യ

ഭാ—അങ്ങനെയുള്ള കരണപ്രബന്ധം സ്വരകരണം, തേനകരണം, പാടകരണം, പദകരണം, മിശ്രകരണം ഇങ്ങനെ അഞ്ചുവിധം വരുന്നതാണ്.

സൂ - ആഭോഗസ്യ സർവ്വത്ര ഗേയകാരസ്തുത്യനാമനിബദ്ധത്വാദുദ്ഗ്രാഹധ്രുവയോർഭേദഃ. വ്യ

ഭാ—എല്ലാ കരണപ്രബന്ധങ്ങളിലെയും ആഭോഗഭാഗത്തിൽ ഗാനകവിയുടെ പേരും സ്തുത്യനായ നായകൻെറ പേരും ഉണ്ടായിരിക്കണമെന്നു നിയമമുണ്ട്. അതിനാൽ ആഭാഗം എല്ലാത്തിലും വാചകപദങ്ങൾ തന്നെയായിരിക്കണമെന്നു സിദ്ധിക്കുന്നതുകൊണ്ടു് ഉദ്ഗ്രാഹഭാഗത്തിലും ധ്രുവഭാഗത്തിലുമാണ് അഞ്ചും തമ്മിൽ ഒന്നിനൊന്നു വ്യത്യാസമുള്ളത്. അതിലും ഇഷ്ടസ്വരത്തിൽ ആരംഭിക്കാമെന്നു സാമാന്യലക്ഷണത്തിൽ കാണിച്ചിട്ടുള്ളതുകൊണ്ടു് എല്ലാത്തിലും ഉദ്ഗ്രാഹഭാഗം സ്വരംകൊണ്ടാരംഭിക്കണമെന്നു സിദ്ധിക്കുന്നതിനാൽ ധ്രുവഭാഗത്തിന്നു വരുന്ന വിശേഷംകൊണ്ടാണ് പ്രധാനമായി ഒന്നിനൊന്നു വ്യത്യാസപ്പെടുന്നതെന്നും വന്നുകൂടുന്നു.

സൂ—യത്രോദ്ഗ്രാഹധ്രുവൌ സ്വരനിബദ്ധൌ തത്സ്വരകരണം. വ്യ

ഭാ—ഏതൊരു കരണപ്രബന്ധത്തിൽ ഉദ്ഗ്രാഹഭാഗവും ധ്രുവഭാഗവും സ്വരങ്ങൾമാത്രം അതായതു് ഷഡ്ജാദിസ്വരങ്ങളെക്കുറിക്കുന്ന സരിഗാദികൾമാത്രം ആയിരിക്കുന്നുവോ അതാണ് സ്വരകരണം.

സൂ—യത്രോദ്ഗ്രാഹസ്സ്വരഃ ധ്രുവസ്തേനസ്തത്തേനകരണം. വ്യ

ഭാ—ഏതിൽ ഉദ്ഗ്രാഹഭാഗം സ്വരവും ധ്രുവഭാഗം തേനകാരവും അതായതു് താനകാരമെന്നും തന്നകാരമെന്നും സാധാരണ ലോകത്തിൽ അപ്രഭ്രംശമായിപ്പറഞ്ഞുവരുന്ന തേനകാരവും ആയിരിക്കുന്നുവോ അതാണ് തേനകരണപ്രബന്ധം.

സൂ—യത്രോദ്ഗ്രാഹസ്സ്വരനിബദ്ധോ ധ്രുവഃ പാടനിബദ്ധസ്തൽ പാടകരണം. വ്യ

ഭാ—ഉദ്ഗ്രാഹഭാഗം സ്വരനിബദ്ധവും ധ്രുവഭാഗം പാടനിബദ്ധവുമായിട്ടുള്ളതാണ് പാടകരണപ്രബന്ധം. പാടമാകട്ടേ ഹസ്തപാടമെന്നും മുരജപാടമെന്നും രണ്ടു വകയായിട്ടുണ്ട്. അതിൽ തതകിട, കിടതകി മുതലായ അക്ഷരങ്ങളെക്കൊണ്ടു നിർദ്ദേശിക്കുന്ന പടഹാദിവാദ്യങ്ങളിലെ പാടക്കയ്യുകളാണ് ഹസ്തപാടങ്ങൾ. അവ അസംഖ്യങ്ങളായിട്ടുണ്ട്. തത്തട്ടിണ്ണാം തകധണ എന്നീവക അക്ഷരങ്ങളെക്കൊണ്ടു നിർദ്ദേശിക്കുന്ന മൃദംഗാദിവാദ്യങ്ങളിലെ പാടക്കയ്യുകളാണ് മുരജപാടങ്ങൾ. അവയും അസംഖ്യങ്ങളായിട്ടുണ്ട്. ആ രണ്ടുവക പാടാക്ഷരങ്ങളിൽ ഏതുകൊണ്ടെങ്കിലും ധ്രുവഭാഗം നിബദ്ധമായിട്ടുള്ളതു പാടക

രണപ്രബന്ധമെന്നർത്ഥം. ചില ഗ്രന്ഥകാരന്മാർ ധ്രുവഭാഗം ഹസ്തപാടമായിട്ടുള്ളതു പാട കരണവും മുരജപാടമായിട്ടുള്ളതു ബന്ധകരണം എന്നു പേരായ മറെറാരു കരണപ്രബന്ധവു മാണെന്നു പറയുന്നുണ്ട്. അങ്ങനെ പാടഭേദമനുസരിച്ചും വേറെവേറെയാക്കി വിഭജിക്കു ന്നതു യുക്തമല്ലാത്തതിനാലാണ് ഇവിടെ രണ്ടുവക പാടങ്ങളെയും ഉൾപ്പെടുത്തി ഒരു വിഭാഗ മാക്കിഗ്ഗണിച്ചിരിക്കുന്നതെന്നും ഗ്രഹിച്ചുകൊൾക.

സൂ—ഉദ്ഗ്രാഹധ്രുവയോഃ ക്രമാത്സ്വരപദനിബദ്ധത്വേ പദകരണം.

വ്യ

ഭാ—ഉദ്ഗ്രാഹം സ്വരനിബദ്ധമായും ധ്രുവം പദനിബദ്ധമായും ഇരിക്കുന്നതാണ് പദകരണപ്രബന്ധം. ഇവിടെ പദമെന്നതുകൊണ്ട് അർത്ഥവാചകമായ അക്ഷരസമുദായത്തെയെല്ലാം സംഗ്രഹിച്ചിരിക്കുന്നു. അതിനാൽ വർണ്ണനീയനായകാദികളുടെ ബിരുദങ്ങളെക്കുറിക്കുന്ന പദങ്ങളെ പ്രത്യേകം ഗണിച്ചു ധ്രുവഭാഗം ആവക ബിരുദങ്ങളെ പ്രതിപാദിക്കുന്ന പദങ്ങളായാൽ അതു ബിരുദകരണം എന്നു പേരായി പ്രത്യേകം ഒരു കരണപ്രബന്ധവിഭാഗമാണെന്നു ചില ഗ്രന്ഥകാരന്മാർ പറയുന്നതു ശരിയല്ലെന്നും പദകരണത്തിൽ അതും ഉൾപ്പെടുന്നതാണ് സാമാന്യവിഭാഗരീതിക്കു യുക്തമായിട്ടുള്ളതെന്നും കാണിച്ചിരിക്കുന്നു. അല്ലാത്തപക്ഷം പദങ്ങളുടെ അർത്ഥഭേദവും അവക്കുള്ള ശൃംഗാരവീരാത്ഭുതാദിരസദ്യോതകത്വവും ആസ്പദമാക്കി പല വിഭാഗങ്ങളെയും പ്രത്യേകം ഗണിക്കേണ്ടതായി വരുമെന്നും താൽപര്യം.

സൂ – ഉദ്ഗ്രാഹധ്രുവയോസ്സ്വരാദിഷു ദ്വയോസ്ത്രയാണാം വാ സങ്കലനാന്മിശ്രകരണം. വ്യ

ഭാ—ഉദ്ഗ്രാഹഭാഗത്തും ധ്രുവഭാഗത്തും സ്വരം, തേനകാരം, പാടം, പദം ഇവയിൽ ഏതെങ്കിലും രണ്ടോ മൂന്നോ ചേർന്നു വരുന്നതാണ് മിശ്രകരണപ്രബന്ധം. നാലുംകൂടി വരുന്നതു പ്രസിദ്ധമല്ലെന്നു താൽപര്യം. അതുപോലെ ഉദ്ഗ്രാഹഭാഗത്തു സ്വരം ചേരാത്ത മിശ്രണവും പ്രസിദ്ധമല്ല. അതിനാൽ ആ ഭാഗത്തു സ്വരം തേനം, സ്വരം, പാടം, സ്വരം, പദം ഇങ്ങനെ ദ്വിസങ്കലനം മൂന്നു വിധത്തിലും സ്വരം, തേനം, പാടം; സ്വരം, തേനം, പദം; സ്വരം, പാടം, പദം ഇങ്ങനെ ത്രിസങ്കലനം മൂന്നു വിധത്തിലുമാണ് വരുന്നത്. ധ്രുവഭാഗത്താകട്ടെ സ്വരതേനങ്ങൾ, സ്വരപാടങ്ങൾ, സ്വരപദങ്ങൾ, തേനപാടങ്ങൾ, തേനപദങ്ങൾ, പാടപദങ്ങൾ ഇങ്ങനെ ദ്വിസങ്കലനം ആറു തരത്തിലും സ്വരതേനപാടങ്ങൾ, സ്വരതേനപദങ്ങൾ, സ്വരപാടപദങ്ങൾ, തേനപാടപദങ്ങൾ ഇങ്ങനെ ത്രിസങ്കലനം നാലുതരത്തിലും വരുന്നതാണ്. രത്നാകരകാരൻ ഉദ്ഗ്രാഹഭാഗത്തു സ്വരപാടങ്ങളും ധ്രുവഭാഗത്തു പാടപദങ്ങളുമായിട്ടുള്ള ദ്വിസങ്കലനത്തിന്നു ചിത്രകരണപ്രബന്ധം എന്ന പ്രത്യേകസംജ്ഞ കാണിച്ചിരിക്കുന്നു. ത്രിസങ്കലനങ്ങളിൽ ഉദ്ഗ്രാഹഭാഗത്തും ധ്രുവഭാഗത്തും സ്വരതേനപാടങ്ങളായിട്ടുള്ളതിനെമാത്രം മിശ്രകരണപ്രബന്ധമായി ആ ഗ്രന്ഥകാരൻ ഗണിക്കയും ചെയ്യുന്നു. ഉദ്ഗ്രാഹത്തെ ആദ്യം സ്വരനിബദ്ധമായും പിന്നെ ആ സ്വരങ്ങൾക്കനുസരിച്ചു പാടനിബദ്ധമായും ചേർക്കുക. അതുപോലെ ധ്രുവത്തെ ആദ്യം പാടനിബദ്ധമായും പിന്നെ അതിന്നനുസരിച്ചു പദനിബദ്ധമായും ചേർക്കുക. ഇങ്ങനെ തിലതണ്ഡുലന്യായത്തിൽ അവയവികളെക്കലർത്തിട്ടുള്ളതാണ് ചിത്രകരണപ്രബന്ധം. ഒരംശം സ്വരവും മറെറാരംശം തേനവും വേറൊരംശം പാടവുമായി ഉദ്ഗ്രാഹവും ധ്രുവവും നിബന്ധിക്കുന്നത് അതായത് നീരക്ഷീരന്യായത്തിൽ അവയവയങ്ങളെത്തന്നെ കലർത്തി നിർമ്മി

ക്കുന്നതു മിശ്രകരണപ്രബന്ധം. ഇങ്ങനെ ചിത്രവും മിശ്രവും തമ്മിൽ വ്യത്യാസമെന്നു ചിലർ പറയുന്നു. അവയവസങ്കലനത്തെയല്ലാതെ ഒരവയവിയെത്തന്നെ പല രൂപത്തിൽ ആവർത്തിച്ചു കാണിക്കുന്നതിനെ ഒരു പ്രത്യേക വിഭാഗമായിഗ്ഗണിക്കുന്നതു യുക്തമല്ലെന്ന അഭിപ്രായത്താലാണ് ദ്വിസങ്കലനത്തെയും ത്രിസങ്കലനത്തെയും ഇവിടെ മിശ്രകരണമെന്ന ഒരു വിഭാഗമായിപ്പറഞ്ഞിട്ടുള്ളതെന്നറിഞ്ഞുകൊൾക.

ഇങ്ങനെ കരണപ്രബന്ധങ്ങൾ.

ഇനി ഢേങ്കീപ്രബന്ധത്തെപ്പററിപ്പറയുന്നു—

സൂ ഢേങ്കീകാ തൂദ്ഗ്രാഹപൂർവ്വാർദ്ധം ദ്വിസ്സകൃദുത്തരാർദ്ധം വാ മേളാപകഞ്ചാതാളം വിളംബിതഢേങ്കീകങ്കാളാന്യതരതാളം വാ പ്രയുജ്യ ത്രിഖണ്ഡധ്രുവസ്യ ഖണ്ഡദ്വയം സമധാതുകം തൃതീയം താരഗതം ച ദ്വിവാരം പുനരാഭോഗം ച സകൃത്താളാന്തരേണ മദ്ധ്യദ്രുതയോരന്യതരസ്മിൻ ഗീത്വാദിത ആരഭ്യ ധ്രുവപ്രഥമേ ന്യാസഃ. വ്ൻ

ഭാ—ഢേങ്കിപ്രബന്ധത്തിന്റെ സാമാന്യസ്വരൂപം ഇങ്ങനെയാണ്. ഉദ്ഗ്രാഹത്തിന്റെ പൂർവ്വഭാഗം അതായത് പല്ലവം എന്നു സാധാരണയായിപ്പറഞ്ഞുവരുന്ന ഗീതാദ്യവിദാരിയുടെ പൂർവ്വഭാഗം ധാതുമാതുക്കളായ സ്വരസാഹിത്യങ്ങൾക്കു ഭേദംകൂടാതെ രണ്ടു വട്ടവും അതിന്റെ ഉത്തരഭാഗം ഒരിക്കലും പാടി മേളാപകമായ അനുപല്ലവം പാടുക. എന്നാൽ മേളാപകഭാഗം ഗമകപ്രയോഗരൂപവും ഈ പ്രബന്ധത്തിൽ വികല്പിതവുമാകയാൽ ആ ഭാഗമില്ലാതെയും വരുന്നതാണ്. ഉദ്ഗ്രാഹഭാഗവും മേളാപകമുണ്ടെങ്കിൽ അതും താളത്തോടു കൂടാതെയും ഇതിൽ പാടാം, വിളംബിതലയത്തിൽ ഢേങ്കിതാളമോ കങ്കാളതാളമോ രണ്ടിലൊന്നിലും പാടാം. ഢേങ്കിതാളമെന്നത് അഞ്ചു മാത്രകളടങ്ങിയതും ഒന്ന്, രണ്ട്, മൂന്ന്, നാല് ഈ മാത്രകളിൽ സശബ്ദക്രിയയുള്ളതുമാണ്. കങ്കാളതാളം അഞ്ചു മാത്രകളടങ്ങിയതും ഒന്ന്, രണ്ട്, നാല് ഇവയിൽ സശബ്ദക്രിയകളുള്ളതുമാണ് എന്നു മുമ്പു പറഞ്ഞിട്ടുണ്ട്. പിന്നെ മൂന്നു ഖണ്ഡങ്ങളടങ്ങിയ ധ്രുവഭാഗം. അതിൽ ഒന്നും രണ്ടും ഖണ്ഡങ്ങൾ തുല്യധാതുവും വിഭിന്നമാതുവുമായിരിക്കുന്നതാണ്: മൂന്നാമത്തെ ഖണ്ഡം താരസ്ഥായിയിലുമായിരിക്കണം. ആ മൂന്നു ഖണ്ഡങ്ങളും രണ്ടുവട്ടം പാടേണ്ടതാണ്. അതിൽ പിന്നെ ആഭോഗഭാഗം. അതിൽ ഒരിക്കൽ പാടിയാൽ മതി. ധ്രുവഭാഗവും ആഭോഗഭാഗവും ഉദ്ഗ്രാഹഭാഗത്തിനുള്ള താളത്തിലല്ലാതെ മറെറാരു താളത്തിൽ മദ്ധ്യലയത്തിലോ ദ്രുതലയത്തിലോ പാടേണ്ടതാണ്. അതിനുശേഷം വീണ്ടും ഉദ്ഗ്രാഹം മുതൽത്തുടങ്ങി ധ്രുവത്തിന്റെ ആദ്യഖണ്ഡത്തിൽ അവസാനിപ്പിക്കുക.

സൂ—സാ ച ഛന്ദോഹീനാ തദനുസൃതാ ചേതി ദ്വിധാ. ൻ൦

ഭാ—ആ ഢേങ്കിപ്രബന്ധത്തെ വൃത്തശാസ്ത്രത്തിൽ വിധിച്ചിട്ടുള്ള അത്യുക്ത, മദ്ധ്യ, പ്രതിഷ്ഠ മുതലായ ഏതെങ്കിലും ഒരു വൃത്തത്തോടുകൂടി യോജിക്കുന്ന വിധത്തിലല്ലാതെയും നിബന്ധിക്കാം. അവയിലേതിനോടെങ്കിലും യോജിച്ച വിധത്തിലും നിബന്ധിക്കാം. അതിൽ ആദ്യത്തേതു ഛന്ദോഹീന. രണ്ടാമത്തേതു ഛന്ദോനുസൃത. അങ്ങനെ ചുരുക്കത്തിൽ ഢേങ്കിപ്രബന്ധം രണ്ടുവിധം വരുന്നതാണ് എന്നർത്ഥം.

സൂ—ആദ്യാ മുക്താവലീസംജ്ഞാ. ൻ൧

ഭാ—അതിൽ ഒരു വൃത്തത്തിനും യോജിക്കാത്ത വിധത്തിൽ നിബന്ധിച്ചിട്ടുള്ളതിനു മുക്താവലി എന്നു പേർ പറഞ്ഞുവരുന്നു.

സൂ—ദ്വിതീയാ വൃത്തബന്ധിനി, യുഗ്മിനീ, വൃത്തമാലാ ചേതി ത്രിവിധാ. ൯൨

ഭാ—ഏതെങ്കിലും വൃത്തത്തിന്നനുസരിച്ച നിബന്ധനം ചെയ്യതാകട്ടേ വൃത്തബന്ധിനീ, യുഗ്മിനീ, വൃത്തമാല ഇങ്ങനെ പ്രത്യേകസംജ്ഞകളോടുകൂടി മൂന്നു വിധത്തിലുണ്ട്.

സൂ—ഏകവൃത്താ വൃത്തബന്ധിനീ. ദ്വിവൃത്താ യുഗ്മിനീ. ബഹുവൃത്താ വൃത്തമാലാ. ൯൩

ഭാ—ഉദ്ഗ്രാഹം മുതൽ ആഭോഗം കഴിയുന്നതുവരെയും ഒരേ വൃത്തത്തിന്നു യോജിപ്പിച്ച നിബന്ധനം ചെയ്തിട്ടുള്ളതു വൃത്തബന്ധിനി. ചില ഭാഗം ഒരു വൃത്തത്തിന്നും മററു ചില ഭാഗം മറെറാരു വൃത്തത്തിന്നും യോജിച്ച വിധത്തിൽ രണ്ടു വൃത്തങ്ങൾ ചേൎത്തു നിബന്ധനം ചെയ്തിട്ടുള്ളതു യുഗ്മിനി. രണ്ടിലധികം വൃത്തങ്ങൾ ചേൎത്തു നിബന്ധനം ചെയ്തിട്ടുള്ളതു വൃത്തമാല.

സൂ—താശ്ച ഗണമാത്രാക്ഷരച്ഛന്ദോഭേദാൽ പ്രത്യേകം ത്രിധേതി ദശ ഢേങ്കികാഃ. ൯൪

ഭാ—ആ വൃത്തബന്ധിനി മുതലായതിലോരോന്നും ഗണവൃത്തത്തിന്നു യോജിച്ചത്, മാത്രാവൃത്തത്തിന്നു യോജിച്ചത്, അക്ഷരവൃത്തത്തിന്നു യോജിച്ചത് ഇങ്ങനെ ഏലാപ്രകരണത്തിൽ കാണിച്ച മാതിരിയിൽ മുമ്മൂന്നു വിധം വരുന്നതിനാൽ ഒമ്പതു വിധം വൃത്താനുസൃതഢേങ്കികളും ഒരു വൃത്തത്തിന്നും യോജിക്കാത്ത മുക്താവലിയും കൂടി ഢേങ്കിപ്രബന്ധങ്ങൾ പത്തു വിധത്തിലുണ്ട്.

ഇങ്ങനെ ഢേങ്കിപ്രബന്ധങ്ങൾ.

ഇനി വൎത്തനീപ്രബന്ധത്തിൻെറ സ്വഭാവം പറയുന്നു—

സൂ—സ്വരകരണസ്യ രാസാന്യതാളവിളംബിതലയതായാം വൎത്തനീപ്രബന്ധഃ. ൯൫

ഭാ—കരണപ്രബന്ധത്തിൽ പ്രസ്താവിച്ച പ്രകാരം ഉദ്ഗ്രാഹഭാഗവും ധ്രുവഭാഗവും സ്വരങ്ങളായിട്ടും ആഭോഗഭാഗം പദങ്ങളായിട്ടും വരുന്ന സ്വരകരണത്തിൻെറ സ്വരൂപം തന്നെയാണ് വൎത്തനീപ്രബന്ധത്തിൻെറയും സ്വരൂപം. എന്നാൽ ഇതിൽ രാസതാളം അല്ലാത്ത ഏതെങ്കിലും താളമായിരിക്കണമെന്നും ലയം വിളംബിതമായിരിക്കണമെന്നും നിൎബ്ബന്ധമുണ്ട്. അതാണ് രണ്ടും തമ്മിലുള്ള വിശേഷം.

വേറെയും വിശേഷം കാണിക്കുന്നു—

സൂ—അത്രോദ്ഗ്രാഹോ ദ്വിവാരം ധ്രുവാഭോഗൌ തു സകൃച്ച ഗീത്വാ ധ്രുവേ മോക്ഷഃ. ൯൬

ഭാ—ഈ വൎത്തനീപ്രബന്ധത്തിൽ ഉദ്ഗ്രാഹഭാഗം രണ്ടു തവണ പാടണം. പിന്നെ ധ്രുവഭാഗവും ആഭോഗഭാഗവും ഓരോ തവണ പാടി ഉദ്ഗ്രാഹം ഒരു തവണ പാടി ധ്രുവത്തിൽ അവസാനിപ്പിക്കണം. ഇങ്ങനെയും സ്വരകരണത്തിൽനിന്ന് ഇതിന്നു വിശേഷമുണ്ട്.

ഇങ്ങനെ വൎത്തനീപ്രബന്ധം.

ഇനി ഝോംബഡപ്രബന്ധത്തിൻെറ സ്വഭാവം പറയുന്നു—

സൂ—ഝോംബഡ ഉദ്ഗ്രാഹപൂൎവ്വാൎദ്ധം ദ്വിരുത്തരാൎദ്ധം സകൃദ്വികല്പിതോ മേളാപകഃ പ്രയോഗാദിൎദ്ധ്രുവോ ദ്വിരാഭോഗസ്സകൃദഥ ധ്രുവേ ന്യാസശ്ച. ൯൭

ഭാ—ഝോംബഡപ്രബന്ധത്തിൽ ഉദ്ഗ്രാഹത്തിൻെറ പൂവ്വഭാഗം രണ്ടു തവണയും ഉത്തരഭാഗം ഒരു തവണ മാത്രവും ചൊല്ലണം. മേളാപകഭാഗം ഉണ്ടായിട്ടും ഇല്ലാതെയും വരാം. ഉദ്ഗ്രാഹത്ത് അതു ഗമകപ്രയോഗമായിത്തുടങ്ങി പദപ്രയോഗത്തിലവസാനിപ്പിക്ക ണം. പിന്നെ ധ്രുവഭാഗം രണ്ടു തവണയും ആഭോഗം ഒരു തവണയും ചൊല്ലി വീണ്ടും ആദ്യം മുതൽ തുടങ്ങി ധ്രുവഭാഗത്തിൽ അവസാനിപ്പിക്കുക. ഇങ്ങനെയാണ് ഝോംബഡപ്രബന്ധത്തിൻെറ സ്വരൂപം.

സൂ—തത്ര ച ത്രിപുടമണ്ഠപ്രതിമണ്ഠകുഡുക്കനിസ്സാരുഗാരുകിദ്വിതീയ രാസയതിലഗ്നാട്ടൈകാന്യതമതാളോ നിയതഃ. ൯൨

ഭാ—ആ ഝോംബഡപ്രബന്ധത്തിൻെറ താളം ത്രിപുടം, മണ്ഠം, പ്രതിമണ്ഠം, കുഡുക്കം, നിസ്സാരു, ഗാരുകി, ദ്വിതീയം, രാസം, യതിലഗ്നം, അടതാളം, ഏകതാളം എന്നിങ്ങനെ പതിനൊന്നു ജന്യതാളങ്ങളിൽ ഏതെങ്കിലും ഒന്നായിരിക്കണമെന്നും നിയമമുണ്ട്. ഈ താളങ്ങൾ മാൎഗ്ഗജന്യങ്ങളായ ദേശീയതാളങ്ങളിൽ ഉൾപ്പെട്ട ഖണ്ഡതാളങ്ങളാണ്. അവയി ലോരോന്നിൻെറയും സ്വഭാവം വിദ്രുതദ്രുതലഘുഗുരുചിഹ്നങ്ങളെക്കൊണ്ടു കാണിക്കാം. ആ ചിഹ്നങ്ങളോരോന്നും അതാതു താളങ്ങളിലെ സശബ്ദക്രിയകളെക്കുറിക്കുന്നു. X ഈ അടയാളം നിശ്ശബ്ദലഘുവിനെയും കുറിക്കുന്നു. ത്രിപുടം—SS X X X I. മണ്ഠം—IIIISII. പ്രതിമണ്ഠം—IISSII. കുഡുക്കം—OOII. നിസ്സാരു—IỦIỦ. ഗാരുകി—OOOỦ. ദ്വിതീയതാളം—OOI. രാസതാളം—I. യതിലഗ്നം—OI. അടതാളം—OII. ഏകതാളം—O. ഇങ്ങനെ ഓരോന്നിൻെറയും സ്വഭാവം.

സൂ—തസ്യ താരജാതാരജാദിഭേദാസ്തു കൈശ്ചിദുക്താ നാതിവിശേഷാ ധായകാഃ. ൯൩

ഭാ—ചില ഗ്രന്ഥകാരന്മാർ പറയുന്നു—ഈ ഝോംബഡപ്രബന്ധം താരജം അതാരജം ഇങ്ങനെ രണ്ടു വിധത്തിലുണ്ട്. ഉദ്ഗ്രാഹം മേളാപകം, ധ്രുവം, ആഭോഗം ഇവയിൽ ഏതെങ്കിലും ഒന്നു താരസ്ഥാനത്തിൽ പ്രയോഗിക്കുന്നതായിട്ടുള്ളതു താരജം. താരസ്ഥാനത്തിൽ ഒന്നിൻെറയും പ്രയോഗമില്ലാത്തത് അതാരജം. അതിനാൽ മേളാപകം ചേൎന്ന ചതുൎദ്ധാതുകഝോംബഡം നാലു ധാതുക്കളിലോരോന്നും താരസ്ഥാനഗമായി വരുന്നതനുസരിച്ചു നാലുവിധം. അതാരകചതുൎദ്ധാതുകം ഒന്ന്. മേളാപകമില്ലാത്ത ത്രിധാതുകഝോംബഡത്തിൽ മൂന്നു ധാതുക്കളിലോരോന്നും താരസ്ഥാനകമാകുന്നതനുസരിച്ചു താരജം മൂന്നു വിധം. അതാരജം ഒന്ന്. ഇങ്ങനെ ആകെ ഝോംബഡം ഒമ്പതുവിധം. അവയിലോരോന്നും പ്രഭൂതഗമകം, അല്പഗമകം ഇങ്ങനെ രണ്ടുതരത്തിൽ വരുന്നതാണ്. ഗമകപ്രയോഗം അധികമുള്ളതു പ്രഭൂതഗമകം. അതു കുറഞ്ഞത് അല്പഗമകം. അങ്ങനെ ഝോംബഡം പതിനെട്ടു തരമായി. അവയിലോരോന്നിലെയും ഉദ്ഗ്രാഹഭാഗം നാലക്ഷരഗണം അതായത് പന്തിരണ്ടക്ഷരം മുതൽ എട്ടക്ഷരഗണം വരുന്നതായി അഞ്ചു തരത്തിൽ വരുന്നതിനാൽ തൊണ്ണൂറ വിധമായി. പിന്നെ അതിലോരോന്നിലും വൎണ്ണിക്കുന്ന ശൃംഗാരവീരാദിരസഭേദങ്ങളനുസരിച്ചും ഉപമ, രൂപകം മുതലായ അൎത്ഥാലങ്കാരഭേദങ്ങളനുസരിച്ചും അനേകം വകഭേദങ്ങൾ വരുന്നതുമാണ്. ഇങ്ങനെ ഝോംബഡപ്രബന്ധങ്ങൾ പലതരത്തിലുമുണ്ട്. എന്നാൽ ആവക വ്യത്യാസങ്ങൾ മററ ചിലതിലും വരുന്നതുകൊണ്ട് അതു പ്രത്യേകം ഗണിക്കത്തക്ക വിശേഷങ്ങളല്ലാത്തതിനാൽ ഇവിടെപ്പറയുന്നില്ല എന്നു താൽപൎയ്യം.

ഇങ്ങനെ ഝോംബഡപ്രബന്ധങ്ങൾ.

ഇനി ലംഭകപ്രബന്ധസ്വരൂപം പറയുന്നു—

സൂ—ഏകഖണ്ഡോ ദ്വിഖണ്ഡോ വോദ്ഗ്രാഹ ഏകവാരം ദ്വിവാരം വാ ധ്രുവോ ദ്വിരാഭോഗോ വികല്പിതസ്സകൃത്തതോ ധ്രുവേ ന്യാസശ്ച ലംഭേ. ൧൦൦

ഭാ—ഉദ്ഗ്രാഹഭാഗം ഒരു ഖണ്ഡം മാത്രമുള്ളതായും വരാം, രണ്ടു ഖണ്ഡങ്ങളുള്ളതായും വരാം. രണ്ടു വിധത്തിലുള്ളതും ഒരു തവണമാത്രം പാടേണ്ടതായിട്ടുമുണ്ട്, രണ്ടു തവണ പാടേണ്ടതായിട്ടുമുണ്ട്. മേളാപകമുണ്ടായിരിക്കില്ല. ഉദ്ഗ്രാഹത്തിന്നുശേഷം ധ്രുവഭാഗമാണ്. അതു രണ്ടു തവണ പാടണം. ആഭോഗം ഉണ്ടായിട്ടും ഇല്ലാതെയും വരും. ഉള്ളതിൽ ഒരു തവണ പാടിയാൽ മതി. പിന്നെ വീണ്ടും ധ്രുവഭാഗം ആരംഭിച്ച് അവിടെ അവസാനിപ്പിക്കുക. ഇങ്ങനെയാണ് ലംഭകത്തിന്റെ സാമാന്യസ്വരൂപം.

സൂ—ധ്രുവസ്യാപ്യുദ്ഗ്രാഹസമധാതുദ്വിതീയഖണ്ഡോത്രേതി കേചിൽ. ൧൦൧

ഭാ—ലംഭപ്രബന്ധത്തിൽ ധ്രുവഭാഗവും രണ്ടു ഖണ്ഡങ്ങളായിട്ടുണ്ടെന്നും അതിൽ രണ്ടാമത്തെ ഖണ്ഡം ഉദ്ഗ്രാഹം ഏകഖണ്ഡമായിട്ടുള്ളതിലെ ആ ഉദ്ഗ്രാഹഭാഗത്തോടു തുല്യധാതുകമായിരിക്കുമെന്നും ചിലർ പറയുന്നുണ്ട്.

ഇങ്ങനെ ലംഭപ്രബന്ധം.

ഇനി രാസപ്രബന്ധസ്വരൂപം കാണിക്കുന്നു—

സൂ—ഗമകവർജ്ജിതോ ഝോംബഡലക്ഷ്മാ രാസതാളനിയതോ രാസഃ. ൧൦൨

ഭാ—ഝോംബഡപ്രബന്ധത്തിന്നു കാണിച്ച ലക്ഷണത്തിൽ ഗമകപ്രയോഗമില്ലാതിരിക്കയും അതായത് മേളാപകഭാഗം ഗമകാദിയായിരിക്കുമെന്ന അംശം ഉണ്ടാകാതിരിക്കയും ശേഷമെല്ലാം ഝോംബഡംപോലെതന്നെയിരിക്കയും ചെയ്താൽ അതാണ് രാസപ്രബന്ധം. എന്നാൽ അതിന്നു പറഞ്ഞ താളങ്ങളും മുഴുവനും രാസപ്രബന്ധത്തിന്നു വരില്ല. ഇതിൽ ലഘുതോറും സശബ്ദക്രിയയുള്ള രാസതാളം മാത്രമാണെന്നു നിയമമുണ്ട്.

ഇങ്ങനെ രാസപ്രബന്ധം.

ഇനി ഏകതാളീലക്ഷണം പറയുന്നു—

സൂ—ദ്വിരുദ്ഗ്രാഹധ്രുവൌ പുനരാഭോഗം ധ്രുവം ച സകൃൽ പ്രയുജ്യ തത്ര ന്യാസ ഏകതാളിപ്രബന്ധേ. ൧൦൩

ഇതി സൂഡക്രമഃ.

ഭാ—ഉദ്ഗ്രാഹം രണ്ടു തവണ പാടി ധ്രുവം രണ്ടു തവണ പാടുക. പിന്നെ ആഭോഗം ഒരിക്കൽ പാടി ധ്രുവം ഒരിക്കൽകൂടി പാടി അവിടെ അവസാനിപ്പിക്കുക. ഇങ്ങനെയാണ് ഏകതാളീപ്രബന്ധത്തിന്റെ സ്വരൂപം. ദ്രുതംതോറും സശബ്ദക്രിയയുള്ള ഏകതാളം ഇതിന്നു താളം. ഇങ്ങനെ ഏകതാളീപ്രബന്ധം.

ഇപ്രകാരമാണ് സൂഡക്രമങ്ങൾ.

സൂ—ഏതേഷു ലംഭവർജ്ജം നിര്യുക്താഃ. ഏലാഢേങ്കീഝോംബഡാസ്ത്രിചതുർദ്ധാതവഃ. ഏകതാളിവർത്തനികരണരാസാസ്ത്രിധാതവഃ. ലംഭോ നിര്യുക്തോ ദ്വിത്രിധാതുഃ. ൧൦൪

ഭാ—ഈ സൂഡക്രമപ്രബന്ധങ്ങളിൽ ലംഭകം ഒഴികെ ശേഷമുള്ള ഏഴും താളാദിവ്യവസ്ഥ ഏർപ്പെടുത്തീട്ടുള്ളതിനാൽ നിയ്യ്ക്തവർഗ്ഗത്തിൽചേർന്നവയാണ്. ലംഭപ്രബന്ധത്തിൽ ഇന്ന താളമെന്നു പ്രത്യേകവ്യവസ്ഥ പ്രാചീനന്മാർ ഏർപ്പെടുത്തീട്ടില്ലാത്തതിനാൽ യുക്തംപോലെയുള്ള താളം സ്വീകരിക്കാവുന്നതുകൊണ്ട് അത് അനിയ്യ്ക്തവുമാണ്. അപ്രകാരം ഏല, ഢേങ്കി, ഝോംബഡം ഈ മൂന്നും മേളാപകഭാഗമില്ലാതെയും ഉണ്ടായിട്ടും വരാവുന്നതിനാൽ ത്രിധാതുക്കളായിട്ടും ചതുർധാതുക്കളായിട്ടും വരും. ഏകതാളി, വർത്തനി, കരണം, രാസം ഈ നാലും മേളാപകമില്ലെന്നു വ്യവസ്ഥിതമാകയാൽ ത്രിധാതുക്കൾ മാത്രമാണ്. ലംഭമാകട്ടേ മേളാപകവും ആഭോഗവും ഇല്ലാതെയും ചിലപ്പോൾ ആഭോഗമുണ്ടായിട്ടും വരുന്നതിനാൽ ദ്വിധാതുകമായും ത്രിധാതുകമായും ഇരിക്കും.

ഇനി ആലിക്രമപ്രബന്ധങ്ങളെപ്പററിപ്പറയുന്നു—

സൂ—വർണ്ണേ നിയബിരുദവാചകൈരുദ്ഗ്രാഹധ്രുവൌ തദന്യപദൈരാഭോഗശ്ച വർണ്ണതാളേന വർണ്ണേ. ൧൦൫

ഭാ—വർണ്ണപ്രബന്ധത്തിൽ ഉദ്ഗ്രാഹഭാഗവും ധ്രുവഭാഗവും പ്രബന്ധത്തിൽ വർണ്ണിക്കുന്ന നായകാദികളുടെ വീര്യൌദാര്യാദി ഗുണങ്ങൾ കാണിക്കുന്ന ബിരുദനാമങ്ങളായിരിക്കും. ആഭോഗഭാഗം മററതരത്തിലുള്ള പദങ്ങളുമായിരിക്കും. വർണ്ണതാളത്തിലാണ് അതു പാടേണ്ടത്. വർണ്ണതാളം ത്ര്യശ്രം, ചതുരശ്രം, മിശ്രം ഇങ്ങനെ മൂന്നു വിധമുണ്ട്. അതിൽ ത്ര്യശ്രവർണ്ണത്തിന്ന് അഞ്ചു മാത്ര. ഒന്നും രണ്ടും മാത്രകളിലും പിന്നെ രണ്ടു ദ്രുതത്തിലും നാലും അഞ്ചും മാത്രകളിലും സശബ്ദക്രിയ. IIOOII എന്നുദാഹരണം. ചതുരശ്രവർണ്ണത്തിന്ന് ആറ മാത്ര. രണ്ടും മൂന്നും മാത്രകളിലും പിന്നെ രണ്ടു ദ്രുതത്തിലും ആറാംമാത്രയിലും സശബ്ദക്രിയ. SIOOS എന്നുദാഹരണം. മിശ്രവർണ്ണത്തിന്ന് പതിനെട്ടര മാത്ര. ആദ്യം നാലു ദ്രുതങ്ങളിലും പിന്നത്തെ വിദ്രുതത്തിലും സശബ്ദക്രിയ. അങ്ങനെ മൂന്നാവൃത്തി. പിന്നെ പ്ലുതത്തിൽ, പിന്നെ ഗുരുവിൽ, പിന്നെ രണ്ടു ദ്രുതങ്ങളിൽ, പിന്നെ ലഘുവിൽ, പിന്നെ ഗുരുവിൽ. ഇങ്ങനെ ക്രമം. OOOOǜ, OOOOǜ, OOOOǜ, ŚSOOIS എന്നുദാഹരണം. ഇവയിൽ ത്ര്യശ്രചതുരശ്രങ്ങളാണ് അധികം പ്രസിദ്ധങ്ങൾ. താളാദിവ്യവസ്ഥയുള്ളതിനാൽ ഈ പ്രബന്ധം നിയ്യ്ക്തവും മേളാപകമില്ലാത്തതിനാൽ ത്രിധാതുകവുമാണ്.

ഇങ്ങനെ വർണ്ണപ്രബന്ധം.

സൂ—സ്വരപാടതേനപദേഷു യഥേച്ഛം ദ്വാഭ്യാം ദ്വാഭ്യാമുദ്ഗ്രാഹധ്രുവൌ പദൈരാഭോഗസ്തേനേന ന്യാസശ്ച വർണ്ണസരേ. ൧൦൬

ഭാ—വർണ്ണസരപ്രബന്ധത്തിൽ സ്വരം, പാടം, തേനം, പദം ഇവയിൽ ഏതെങ്കിലും രണ്ടംഗങ്ങൾ ഇഷ്ടംപോലെ ചേർത്ത് ഉദ്ഗ്രാഹഭാഗവും അപ്രകാരം രണ്ടംഗങ്ങൾ ചേർത്തു ധ്രുവഭാഗവും നിർമ്മിച്ചിരിക്കും. ആഭോഗഭാഗം പദങ്ങൾതന്നെയുമായിരിക്കും. തേനം കൊണ്ടായിരിക്കും അവസാനിക്കുന്നത്. യുക്തംപോലെ ഏതു താളമെങ്കിലും സ്വീകരിക്കാവുന്നതിനാൽ ഈ പ്രബന്ധം അനിയ്യ്ക്തമാണ്. മേളാപകമില്ലാത്തതിനാൽ ത്രിധാതുകവുമാണ്.

ഇങ്ങനെ വർണ്ണസരപ്രബന്ധം.

സൂ—ഛന്ദോഹീനപദകദംബരൂപഗദ്യപ്രബന്ധേ പ്രണവാദികമതാളം വിവിധഗമകം സ്ഥായ്യാദിവർണ്ണയുക്തമന്തരാന്തരാന്തേ ച സ്വരസഹിതം പദനിവഹം ഗീത്വാ പ്രബന്ധനാമാങ്കിതം വാക്യദ്വയാത്മകം വിഭിന്നവിഭക്തി

കപദഘടിതം വാ ഖണ്ഡദ്വയം സതാളം ധ്രുവഭാഗം ദ്വിവാരം ഗായേൽ. തതോ വിളംബിതേന പ്രയോഗരൂപം ഖണ്ഡദ്വയം സതാളമഥ താളാന്തരേണ ഗാതൃനാമാങ്കിതം വർണ്ണ്യനാമാങ്കിതം ചാഭോഗം ഗീത്വാ സകലമപി പ്രബന്ധം ദ്രുതമാനേന ഗായേൽ. അഥ ധ്രുവാദ്യഭാഗം വിളംബിതേന പ്രയുജ്യ താളാപവർഗ്ഗേ ന്യസ്യേൽ. ൧൦

ഭാ—ഛന്ദശ്ശാസ്ത്രത്തിൽ വിധിച്ച വൃത്തങ്ങൾക്കൊന്നിന്നും യോജിക്കാത്ത പദസമൂദായത്തിന്നാണ് ഗദ്യമെന്നു പറയുന്നത്. ഗദ്യരൂപമായ പ്രബന്ധത്തിലാകട്ടേ ഉദ്ഗ്രാഹഭാഗം ഓം എന്ന പ്രണവംകൊണ്ടു തുടങ്ങുന്നതും പലതരത്തിലുള്ള ഗമകങ്ങൾ ചേൎന്നതും താളത്തോടു കൂടാത്തതും സ്ഥായി, ആരോഹി, അവരോഹി, സഞ്ചാരി എന്നീ നാലുതരം വർണ്ണങ്ങളും കലൎന്നതും ഇടക്കിടക്കു അവസാനത്തിലും സ്വരപ്രയോഗം കലൎന്നതും അനേകം പദങ്ങളടങ്ങിയതുമായിരിക്കണം. അങ്ങനെയുള്ള ഉദ്ഗ്രാഹത്തിന്നുശേഷം ധ്രുവഭാഗമാണ്. അതിൽ രണ്ടു ഖണ്ഡങ്ങളുണ്ടായിരിക്കണം. ഓരോ ഖണ്ഡവും ഒന്നുകിൽ പ്രത്യേകം വാക്യങ്ങളായിരിക്കണം, അല്ലെങ്കിൽ രണ്ടു ഖണ്ഡത്തിലെയും പദങ്ങൾ വേറെവേറെ വിഭക്തികളിലുള്ളവയാകണം. പ്രബന്ധത്തിൻെറ പേർ കാണിക്കുന്ന പദവും അതിലടങ്ങിയിരിക്കണം. അങ്ങനെയുള്ള ധ്രുവഭാഗം താളത്തോടുകൂടി രണ്ടു തവണ പാടുകയും വേണം. പിന്നെ ഗമകപ്രയോഗരൂപത്തിൽ രണ്ടു ഖണ്ഡങ്ങൾ താളത്തോടുകൂടി വിളംബിതകാലത്തിൽ പാടണം. അതിന്നുശേഷമാണ് ആഭോഗഭാഗം. അതു മുമ്പു പ്രയോഗിച്ച താളത്തിലല്ലാതെ മറെറാരു താളത്തിൽ വിളംബിതകാലത്തിൽ പാടേണ്ടതാണ്. ഗാനകവിയുടെയും വർണ്ണിക്കുന്ന നായകാദികളുടെയും പേരുകൾ ആ ഭാഗത്തിലുണ്ടായിരിക്കണം. അങ്ങനെ ആഭോഗം പാടിയതിന്നുശേഷം ആദ്യം മുതൽ പ്രബന്ധം മുഴുവനും ദ്രുതകാലത്തിൽ പാടണം. പിന്നെ ധ്രുവത്തിൻെറ ആദ്യഭാഗം വിളംബിതകാലത്തിൽ താളത്തോടുകൂടിപ്പാടി ആദ്യത്തെ താളവട്ടം അവസാനിക്കുന്നേടത്തു ന്യസിക്കുക. ഇങ്ങനെയെല്ലാമാണ് ഗദ്യപ്രബന്ധത്തിന്നുള്ള നിയമം. യുക്തംപോലെയുള്ള താളം സ്വീകരിക്കാവുന്നതിനാൽ ഇതും അനിൎയ്യുക്തമാണ്. മേളാപകമില്ലെങ്കിലും പ്രയോഗം എന്ന പ്രത്യേകധാതുവും കൂടിയുള്ളതിനാൽ ചതുൎദ്ധാതുകവുമാണ്.

സൂ—തച്ച ഗദ്യം ചൂൎണ്ണകോൽകലികലളിതവൃത്തഗന്ധിഭേദേന ചതുൎവ്വിധം. ൧൦൧

ഭാ—ആ ഗദ്യമാകട്ടേ ചൂൎണ്ണകം, ഉൽകലികം, ലളിതം, വൃത്തഗന്ധി ഇങ്ങനെ നാലുവിധത്തിലുണ്ട്. ഗദ്യത്തിന്നുള്ള ആവക ഭേദമനുസരിച്ചു മേൽക്കാണിച്ച സാമാന്യലക്ഷണമുള്ള ഗദ്യപ്രബന്ധം ചൂൎണ്ണകപ്രബന്ധം, ഉൽകലികപ്രബന്ധം, ലളിതപ്രബന്ധം, വൃത്തഗന്ധിപ്രബന്ധം ഇങ്ങനെ നാലു തരത്തിലുണ്ടെന്നു താൽപൎയ്യം.

സൂ—പ്രായോസമസ്തപദഘടിതം വൈദൎഭീരീതിസമ്പന്നം സാത്വതീവൃത്തികം ശാന്തരസവ്യഞ്ജകം ചൂൎണ്ണകം. ൧൦൨

ഭാ—സമസ്തപദങ്ങൾ വളരെക്കുറഞ്ഞതും വൈദൎഭീരീതിയിലുള്ളതും അൎത്ഥസന്ദൎഭത്തിന്നല്പം പ്രൌഢതയുള്ള സാത്വതീവൃത്തിയെ അവലംബിച്ചതും ശാന്തരസത്തെ വ്യഞ്ജിപ്പിക്കുന്നതുമാണ് ചൂൎണ്ണകഗദ്യപ്രബന്ധം.

സൂ—ദീൎഘസമാസബഹുലം ഗൌഡീരീതിസമ്പന്നമാരഭടീവൃത്തിമാശ്രിതം വീരരൌദ്രവ്യഞ്ജകമുൽകലികം. ൧൦൩

ഭാ — ഒന്നിനുമേൽ ഒന്നായും മററും ദീൎഘമായിസ്സമാസിച്ചിട്ടുള്ള പദങ്ങൾ അധികമുള്ളതും ഗൌഡീരീതിയെയും ആരഭടീവൃത്തിയെയും അവലംബിച്ചതും വീരരസത്തെയോ രൌദ്രരസത്തെയോ വ്യഞ്ജിപ്പിക്കുന്നതുമാണ് ഉൽകലികഗദ്യപ്രബന്ധം.

സൂ—നാതിദീൎഘസമാസം ലളിതപദബന്ധം പാഞ്ചാലീരീതിസമ്പന്നം കൈശികീം വൃത്തിമാശ്രിതം ശൃംഗാരവ്യഞ്ജകം ലളിതം. ൧൱൧

ഭാ—അതിദീൎഘസമാസങ്ങളില്ലാത്തതും ഉച്ചാരണത്തിൽ കാഠിന്യമില്ലാത്ത ലളിതപദങ്ങൾ ചേൎത്തു നിബന്ധനം ചെയ്തതും പാഞ്ചാലീരീതിയെയും കൈശികീവൃത്തിയെയും അവലംബിച്ചതും ശൃംഗാരരസത്തെ വ്യഞ്ജിപ്പിക്കുന്നതുമായ ഗദ്യമാണ് ലളിതപ്രബന്ധം.

സൂ—കചിൽ പദ്യഭാഗച്ഛായാമിശ്രിതം പാഞ്ചാലീരീതിസമ്പന്നം ഭാരതീം വൃത്തിമാശ്രിതം ശാന്തവ്യഞ്ജകം വൃത്തഗന്ധി. ൧൱൨

ഭാ—ചില ഭാഗങ്ങളിൽ ഏതെങ്കിലും വൃത്തത്തിന്റെ ഛായ കലൎന്നതും പാഞ്ചാലീരീതിയെയും ഭാരതീവൃത്തിയെയും അവലംബിച്ചതും ശാന്തരസത്തെ വ്യഞ്ജിപ്പിക്കുന്നതുമായ ഗദ്യമാണ് വൃത്തഗന്ധിപ്രബന്ധം. ചിലർ ഏതെങ്കിലും രണ്ടു രീതികളെ അവലംബിച്ചു നിൎമ്മിച്ചിട്ടുള്ള ഗദ്യത്തിന്നു ഖണ്ഡപ്രബന്ധമെന്നും പല രീതികളെയും കലൎത്തി നിൎമ്മിച്ചിട്ടുള്ളതിന്നു ചിത്രപ്രബന്ധമെന്നും പറയുന്നുണ്ട്. അതിനാൽ ഗദ്യപ്രബന്ധം ആറു വിധത്തിലുണ്ടെന്നഭിപ്രായപ്പെടുന്നതുമുണ്ട്. എന്നാൽ വസ്തുസ്ഥിതിയിൽ ആവക ഗദ്യങ്ങളിൽ ഓരോ ഭാഗത്ത് ഓരോ രീതിയായിരിക്കുന്നുണ്ടെങ്കിലും ആധിക്യമനുസരിച്ച് അവയും മേൽക്കാണിച്ച നാലു വകയിൽ ഏതിലെങ്കിലും ഉൾപ്പെടുന്നതാണെന്നും ആധിക്യം ആസ്പദിച്ചു മാത്രമാണ് ഈ വിഭാഗമെന്നും ഗ്രഹിച്ചുകൊൾക.

ഇങ്ങനെ ഗദ്യപ്രബന്ധം.

സൂ—യത്ര ഹസ്തപാദൈരുദ്ഗ്രാഹധ്രുവൌ പദൈൎഗ്ഗായകവൎണ്ണ്യനാമാങ്കിതൈരാഭോഗോ ന്യാസശ്ചോദ്ഗ്രാഹേ കൈവാടഃ. ൧൱൩

ഭാ—ഉദ്ഗ്രാഹഭാഗവും ധ്രുവഭാഗവും തതികിട, കിടതകി മുതലായ കരപാടാക്ഷരങ്ങളെക്കൊണ്ടും ആഭോഗഭാഗം ഗാനകവിനാമവും നായകനാമവും അടങ്ങിയ പദങ്ങളെക്കൊണ്ടും നിൎമ്മിച്ചിട്ടുള്ളതും ഉദ്ഗ്രാഹത്തിൽ ന്യാസമുള്ളതുമാണ് കൈവാടപ്രബന്ധം. കരപാടം എന്ന ശബ്ദത്തിന്റെ അപഭ്രംശമാണ് കൈവാടശബ്ദം. ഇതു താളനിയമമില്ലാത്തതിനാൽ അനിൎയ്യുക്തവും ത്രിധാതുകവുമാണ്.

ഇങ്ങനെ കൈവാടപ്രബന്ധം.

സൂ—നായകവീരരൌദ്രവ്യഞ്ജകൈരുദ്ഗ്രാഹധ്രുവൌ നായകകവിപ്രബന്ധനാമാങ്കിതൈരാഭോഗശ്ചാങ്കചാരിണ്യാം. ൧൱൪

ഭാ—വൎണ്ണിക്കുന്ന നായകാദികളെസ്സംബന്ധിച്ച വീരരസം രൌദ്രരസം ഇവയെ വ്യഞ്ജിപ്പിക്കുന്ന പദങ്ങളെക്കൊണ്ട് ഉദ്ഗ്രാഹധ്രുവഭാഗങ്ങളും ആ നായകാദികളുടെ നാമം, ഗാനകവിനാമം, പ്രബന്ധനാമം ഇവയെക്കുറിക്കുന്ന പദങ്ങളെക്കൊണ്ട് ആഭോഗഭാഗവുമായി നിൎമ്മിച്ചിട്ടുള്ളത് അങ്കചാരിണീപ്രബന്ധമാണ്. താളം യുക്തംപോലെ ചേൎക്കാവുന്നതിനാൽ ഇതും അനിൎയ്യുക്തവും മേളാപകമില്ലാത്തതിനാൽ ത്രിധാതുകവുമാണ്.

ഇങ്ങനെ അങ്കചാരിണി.

സൂ—ആൎയ്യാഗീതിനിബദ്ധോദ്ധോദ്ഗ്രാഹഃ പാടബിരുദപദൈഘടിതോത്തരാൎദ്ധധ്രുവഃ പദാഭോഗഃ പാടന്യാസസ്സംസ്കൃതാന്യഭാഷാമയസ്താളശൂന്യഃ കന്ദഃ. ൧൱൫

ഭാ—കന്ദപ്രബന്ധം ആയ്യാഗീതി എന്ന മാത്രാവൃത്തത്തിൽ നിബന്ധനം ചെയ്യതായിരിക്കും. ഒന്നും മൂന്നും പാദങ്ങളിൽ പന്തിരണ്ടു മാത്രവീതവും രണ്ടും നാലും പാദങ്ങളിൽ പതിനെട്ടു മാത്രവീതവും വരുന്ന വൃത്തമാണ് ആയ്യാഗീതി എന്നു ഛന്ദശ്ശാസ്ത്രത്തിൽ വിവരിച്ചിട്ടുണ്ട്.

"ജലകേളി സുഭഗമേററം, വനവായുവിനുണ്ടു പാടലസുഗന്ധം
സുലഭം തണലിലുറക്കം ദിനമതിലവസാനഭാഗമതിരമ്യം."

എന്നീവക പദ്യങ്ങൾ ഉദാഹരണം. അങ്ങനെയുള്ള വൃത്തത്തിൽ ആദ്യത്തെ രണ്ടു പാദങ്ങളായ പൂർവ്വാർദ്ധം മുഴുവനും പദങ്ങൾകൊണ്ടുതന്നെ നിബന്ധിച്ചിരിക്കും. അത് ഉദ്ഗ്രാഹഭാഗം. പിന്നത്തെ രണ്ടു പദങ്ങളായ ഉത്തരാർദ്ധം ആദ്യം 'തധണം തതികിടതിത്തോം' എന്ന മാതിരി പാടാക്ഷരങ്ങളെക്കൊണ്ടും പിന്നെ നായകബിരുദങ്ങളെ പ്രതിപാദിക്കുന്ന പദങ്ങളെക്കൊണ്ടും നിബന്ധിച്ചിരിക്കും. അതു ധ്രുവഭാഗം ഇവകൂ പുറമെ പദങ്ങൾകൊണ്ട് ആഭോഗഭാഗവും ഉണ്ടായിരിക്കും. അതിനുശേഷം ധ്രുവത്തിലെ പാടഭാഗം പാടി അവിടെ ന്യസിക്കണം. ഈ പ്രബന്ധം സംസ്കൃതത്തിലല്ലാതെ കർണ്ണാടകം മുതലായ ഏതെങ്കിലും ദേശഭാഷയിൽ നിർമ്മിച്ചതായും ഇരിക്കണം. ഇതിനു ഒരു താളവുമില്ല. വൃത്തനിയമമുള്ളതിനാൽ ഇതു നിയ്യുക്തവും ത്രിധാതുകവുമാണ്.

ഇങ്ങനെ കന്ദപ്രബന്ധം.

സൂ—ആയ്യാനിബദ്ധാ ഹയലീലതാളയുക്താ ഗദ്യമയി വാ താദൃശി ഹയലീലാ. ൧൧൩

ഭാ—ആയ്യാവൃത്തത്തിൽ നിബന്ധനം ചെയ്യിട്ടുള്ളതും ഹയലീലം എന്ന താളത്തിൽ പാടേണ്ടതുമായ പ്രബന്ധമാണ് ഹയലീല. അപ്രകാരം വൃത്തനിയമം അനുസരിക്കാതെ ഹയലീലതാളത്തിൽ പാടുന്ന ഗദ്യമയമായിട്ടുള്ളതും ഹയലീലപ്രബന്ധത്തിൻെറ വകഭേദമാണ്. ആയ്യാവൃത്തവും മാത്രാവൃത്തങ്ങളിൽ ചേൎന്നതാണ്. ഒന്നും മൂന്നും പാദങ്ങളിൽ പന്തിരണ്ടു മാത്രവീതവും രണ്ടാംപാദത്തിൽ പതിനെട്ടു മാത്രയും നാലാംപാദത്തിൽ പതിനഞ്ചു മാത്രയും ഉള്ള വൃത്തമാണ് ആയ്യ എന്നു ഛന്ദശ്ശാസ്ത്രത്തിൽ പറഞ്ഞിട്ടുണ്ട്.

"ഒട്ടൊട്ടളികൾ നുകന്നൊരു, മട്ടോലും മൃദുലകേസരശിഖാഢ്യം,
ചട്ടററ ശിരീഷസുമം, പൊട്ടിച്ചണിയുന്നു സുന്ദരിമാർ."

എന്നീവക അതിനുദാഹരണം. ഹയലീലതാളത്തിനു അഞ്ചു ദ്രുതങ്ങളാണുള്ളത്. അതിൽ രണ്ടുതവണ ദ്രുതത്തിലും അനുദ്രുതത്തിലുമായി രണ്ടു തവണയും പിന്നെ രണ്ടു ദ്രുതത്തിലുംകൂടി ആറു സശബ്ദക്രിയകളും. ഇങ്ങനെ താളനിയമത്തോടുകൂടി പദ്യമയമായിട്ടും ഗദ്യമയമായിട്ടും ഹയലീലാപ്രബന്ധം രണ്ടുവിധത്തിലുണ്ടെന്നു ചുരുക്കം. അതിൽ പദ്യമായിട്ടുള്ളതിൽ പൂർവ്വാർദ്ധം ഉദ്ഗ്രാഹവും ഉത്തരാർദ്ധം ധ്രുവവുമാണ്. ആഭോഗഭാഗം സാമാന്യരീതിയനുസരിച്ചു നായകനാമം, കവിനാമം ഇവ ചേൎത്തു പദങ്ങളെക്കൊണ്ടുതന്നെ പ്രത്യേകമുണ്ടായിരിക്കും. ഗദ്യമയത്തിലും ആദ്യത്തെ അർദ്ധഭാഗം ഉദ്ഗ്രാഹവും പിന്നത്തെ അർദ്ധം ധ്രുവവുമാണ്. ആഭോഗം പുറമെ ചേൎത്തിരിക്കും. ഇങ്ങനെ ഉദ്ഗ്രാഹം, ധ്രുവം, ആഭോഗം ഈ മൂന്നു ഭാഗങ്ങളുമുണ്ടായിരിക്കുന്നതാണ്. അതിനാൽ ഇതും ത്രിധാതുകവും താളനിയമത്താൽ നിയ്യുക്തവുമാണ്.

സൂ—ഹയലീലാഖ്യച്ഛന്ദസാ നിബദ്ധാപീത്യന്യേ. ൧൧൪

ഭാ—ഹയലീലമെന്ന വൃത്തത്തിൽ നിബന്ധനം ചെയ്തിട്ടുള്ളതും ഹയലീലാപ്രബന്ധംതന്നെയാണെന്നു ചിലർ പറയുന്നുണ്ട്. ഹയലീലവൃത്തമാകട്ടെ നാലു പാദങ്ങളിലും നഗണം, ജഗണം, ഭഗണം, ജഗണം, ഭഗണം, ജഗണം, ഭഗണം, ലഘു, ഗുരു ഇങ്ങനെ 'നജഭജഭജഭാലഗൌ.' എന്ന ക്രമത്തിൽ ഇരുപത്തുമൂന്നക്ഷരങ്ങൾ വീതമുള്ള ഗണവൃത്തമാണ്.

"കമലസുഗന്ധമാൎന്നുവരുമീസ്സമീരണവിലോളനം സുഖകരം
തടഭുവി ചൂതശാഖയിലെഴും പികങ്ങളുടെ നാദവും സുമധുരം
പരിണതസൂൎയ്യകാന്തി കലരും പ്രദേശവുമിതേററമക്ഷിരുചിരം
കുസുമരസം നുകൎന്നു സതതം മദാകുലമെഴുന്നു ഭൃംഗനികരം."

എന്നിവക ഉദാഹരണം. ഇതിലും പൂൎവ്വാൎദ്ധം ഉദ്ഗ്രാഹവും ഉത്തരാൎദ്ധം ധ്രുവവുമാണ്. ആഭോഗഭാഗം നായകകവിപ്രബന്ധനാമങ്ങൾ ചേൎത്തു പുറമേ നിൎമ്മിച്ചിരിക്കും. താളവും ഹയലീലംതന്നെ. അതിനാൽ നിൎയ്യുക്തവും ത്രിധാതുകവുമാണ്. ഇപ്രകാരം ആൎയ്യാവൃത്തനിബദ്ധം, ഗദ്യമയം, ഹയലീലവൃത്തനിബദ്ധം എന്നിങ്ങനെ ഹയലീലാപ്രബന്ധം ചുരുക്കത്തിൽ മൂന്നു വകയായിട്ടുണ്ട്.

ഇങ്ങനെ ഹയലീല.

സൂ—ആൎയ്യാനിബദ്ധാ ഗദ്യാത്മികാ വാ ഗജലീലതാളാ ഗജലീലാ. ൧൧൯

ഭാ—ആൎയ്യാവൃത്തത്തിൽ നിബന്ധനം ചെയ്തതോ ഗദ്യരൂപത്തിൽ നിബന്ധനം ചെയ്തതോ ആയിട്ടുള്ളതും ഗജലീലം എന്ന താളത്തോടുകൂടിയതുമാണ് ഗജലീലാപ്രബന്ധം. ഗജലീലതാളത്തിന്നു നാലു ലഘുക്കളും ഒരു വിദ്രുതവുമാണ്. ലഘുക്കളിലും വിദ്രുതത്തിലും സശബ്ദക്രിയകളും. ഇതിലും പൂൎവ്വാൎദ്ധം ഉദ്ഗ്രാഹവും ഉത്തരാൎദ്ധം ധ്രുവവും നായകാദിനാമങ്ങൾ ചേൎത്തുള്ള ആഭോഗഭാഗം വേറെയുമാണ്. താളനിയമത്താൽ ഇതും നിൎയ്യുക്തവും ത്രിധാതുകവും തന്നെ.

ഇങ്ങനെ ഗജലീല.

സൂ—യത്രൈകോ രസഗണഃ പഞ്ച ഭഗണാ ദ്വിതീയഷഷ്ഠൌ ജഗണാവന്തേ ഗുരുശ്ച പ്രതിപാദം ചതുൎഷ്വ പാദേഷു കരുണാഖ്യശ്ച താളസ്സാ ശുദ്ധദ്വിപദീ. ൧൨൦

ഭാ—ആറു മാത്രകളുള്ള രസഗണമെന്ന മാത്രാഗണവും വൎണ്ണഗണങ്ങളിൽ ആദിഗുരുവായിട്ടുള്ള ഭഗണങ്ങൾ അഞ്ചും രണ്ടാമത്തെയും ആറാമത്തെയുമായി മദ്ധ്യഗുരുവായ ജഗണങ്ങൾ രണ്ടും അവസാനത്തിൽ ഒരു ഗുരുവും ഓരോ പാദത്തിലും ഉള്ളതായി നാലു പാദങ്ങൾ ഏതിൽ ഉണ്ടായിരിക്കുന്നുവോ കരുണമെന്ന പേരായ താളത്തിൽ പാടേണ്ട ആ പ്രബന്ധമാണ് ദ്വിപദീപ്രബന്ധങ്ങളിൽ ശുദ്ധദ്വിപദി എന്നത്. കരുണതാളത്തിന്ന് ഒരു ഗുരുവാണ്. അതായത് രണ്ടു ലഘുക്കൾ കൂടുമ്പോൾ സശബ്ദക്രിയ എന്നൎത്ഥം. ഇതിലെ രസഗണത്തിന്നും ഭഗണങ്ങൾക്കും സ്ഥാനനിയമമില്ല. ജഗണങ്ങൾക്കും ഗുരുവിന്നും സ്ഥാനനിയമമുണ്ട്.

സൂ—ഉക്തലക്ഷണലക്ഷിതപൂൎവ്വാൎദ്ധാ അനിയതലക്ഷണോത്തരാൎദ്ധാ ഖണ്ഡദ്വിപദീ. ൧൨൧

ഭാ—ആദ്യത്തെ രണ്ടു പാദങ്ങൾ മാത്രം മേൽപ്പറഞ്ഞ ലക്ഷണത്തിന്നു യോജിച്ച വിധത്തിലും പിന്നത്തെ രണ്ടു പാദങ്ങളിൽ ആ ലക്ഷണം യോജിക്കാതെയും ഇരിക്കുന്ന പ്രബന്ധം ഖണ്ഡദ്വിപദിയാണ്.

സൂ—ഷഷ്ഠജഗണസ്ഥാനേ ഗുരുമാത്രാ മാത്രാദ്വിപദീ. ൧൨൧

ഭാ—മേല്പ്പറഞ്ഞ ലക്ഷണത്തിൽ ആറാമത്തെ വണ്ണഗണമായി വരേണ്ട ജഗണത്തിൻെറ സ്ഥാനത്ത് ഒരു ഗുരു മാത്രവും മററ ഭാഗങ്ങളെല്ലാം ആ ലക്ഷണത്തിന്നു യോജിച്ചവിധത്തിലുമായി നാലു പാദങ്ങളിലും വരുന്നതു മാത്രാദ്വിപദിയാണ്.

സൂ—അന്തേ ഗുരാവേകസ്മിന്നധികേ പൂണ്ണദ്വിപദി. ൧൨൨

ഭാ—മേല്പ്പറഞ്ഞ ലക്ഷണത്തിന്നനുസരിച്ചും എന്നാൽ അവസാനത്തിൽ ഒരു ഗുരുവുംകൂടി അധികമായും നാലു പാദങ്ങളും നിൎമ്മിച്ചിട്ടുള്ളതു പൂണ്ണദ്വിപദിയാണ്.

സൂ—പ്രതിപാദം രസതദ്വയാഭ്യാം മാനവിദ്വിപദീ. ൧൨൩

ഭാ—ഓരോ പാദത്തിലും ആദ്യത്തിൽ ഒരു രസഗണവും പിന്നെ രണ്ടു തഗണങ്ങൾ വീതവുമായി നാലു പാദങ്ങളും നിൎമ്മിച്ചിട്ടുള്ളതു മാനവീദ്വിപദിയാണ്.

സൂ—യദ്വയനലഗൈശ്ചന്ദ്രികാദ്വിപദീ. ൧൨൪

ഭാ—ഓരോ പാദത്തിലും അഞ്ചു മാത്രയുള്ള യഗണം രണ്ടും പിന്നെ മൂന്നു മാത്രയുള്ള ഒരു നഗണവും ഒരു ലഘുവും ഒരു ഗുരുവും വീതമായി നാലു പാദങ്ങളും നിൎമ്മിച്ചിട്ടുള്ളതു ചന്ദ്രികാദ്വിപദിയാണ്.

സൂ—രസഭജസൈദ്ധ്യുതിദ്വിപദീ. ൧൨൫

ഭാ—ആദ്യം ഒരു രസഗണവും പിന്നെ നാലു മാത്രകൾ വീതമുള്ള ഭഗണം, ജഗണം, സഗണം ഇവയും ഓരോ പാദത്തിലും ചേൎത്തു നാലു പാദങ്ങളും നിൎമ്മിച്ചിട്ടുള്ളതു ധ്യുതിദ്വിപദിയാണ്.

സൂ—രസയചതുഷ്ടയഗൈസ്താരാദ്വിപദീ. ൧൨൬

ഭാ—ആദ്യം ഒരു രസഗണം. പിന്നെ നാലു യഗണങ്ങൾ. പിന്നെ ഒരു ഗുരു ഇങ്ങനെ ഓരോ പാദത്തിലും ചേൎത്തു നാലു പാദങ്ങളും നിൎമ്മിച്ചിട്ടുള്ളതു താരാദ്വിപദിയാണ്. ഇപ്രകാരം എട്ടുവിധത്തിൽ ദ്വിപദീപ്രബന്ധമുണ്ട്. അവയിലെല്ലാം പൂൎവ്വാദ്ധം ഉദ്ഗ്രാഹവും ഉത്തരാദ്ധം ധ്രുവവുമാണ്. ആഭോഗഭാഗം നായകാദിനാമങ്ങൾ ചേൎത്തു വേറെ നിൎമ്മിച്ചിരിക്കണം. താളനിയമമുള്ളതിനാൽ എല്ലാം നിയ്യുക്തവും ത്രിധാതുകവുമാണ്.

ഇങ്ങനെ ദ്വിപദീപ്രബന്ധം.

സൂ—പൂൎവ്വപൂൎവ്വപദസമൂഹഗതാന്ത്യപദസ്യോത്തരോത്തരപദസമൂഹാദാവപി സംഭവേ ചക്രവാളഃ. ൧൨൭

ഭാ—ഉദ്ഗ്രാഹത്തിൻെറയും ധ്രുവത്തിൻെറയും അംശങ്ങളായിട്ടുള്ള രണ്ടു ഭാഗങ്ങളിൽ ആദ്യത്തെ ഭാഗത്തിലെ അവസാനപദവും രണ്ടാമത്തെ ഭാഗത്തിലെ ആദ്യപദവും ഒരേ ശബ്ദംതന്നെ ആവൎത്തിച്ചു വരുന്നതായാൽ അതു ചക്രവാളപ്രബന്ധമാണ്. ആഭോഗഭാഗത്തിൽ അപ്രകാരം ശബ്ദാവൃത്തി വേണമെന്നു നിയമമില്ല. ഈ ചക്രവാളപ്രബന്ധം ഗദ്യരൂപത്തിലും പദ്യരൂപത്തിലും വരുന്നതാണ്. താളാദിനിയമവുമില്ല. അതിനാൽ അനിയ്യുക്തവും ത്രിധാതുകവുമാണ്.

ഇങ്ങനെ ചക്രവാളം.

സൂ—സ്വരപദാഭ്യാമുദ്ഗ്രാഹധ്രുവൌ സ്വരന്യാസശ്ച പ്രതിതാളഃ ക്രൌഞ്ചപദവൃത്തം വാ ക്രൌഞ്ചപദേ. ൧൨൮

ഭാ—ക്രൌഞ്ചപദപ്രബന്ധത്തിൽ ഉദ്ഗ്രാഹം സ്വരങ്ങളെക്കൊണ്ടും ധ്രുവം പദങ്ങളെക്കൊണ്ടും നിൎമ്മിച്ചിരിക്കും. കവിനാമവും പ്രബന്ധനാമവും ചേൎത്ത ആഭോഗഭാഗം

വേറെയും ഉണ്ടായിരിക്കം. ഉദ്ഗ്രാഹസ്വരത്തിലാണ് ന്യാസം. പ്രതിതാളത്തിലാണ് പാടേണ്ടത്. പ്രതിതാളത്തിന്ന് ഒരു ലഘുവും ഒരു ദ്രുതവുമാണെന്ന മുമ്പുതന്നെ കാണിച്ചിട്ടുണ്ട്. ഈ പ്രബന്ധം ക്രൌഞ്ചപദമെന്ന പേരായ വൃത്തത്തിൽ നിബന്ധിച്ചിരിക്കാം, വൃത്തമൊന്നുമില്ലാതെ ഗദ്യമായിട്ടുമിരിക്കാം. ക്രൌഞ്ചപദവൃത്തത്തിന്ന് ഭഗണം, മഗണം, സഗണം, ഭഗണം, പിന്നെ നാലു നഗണങ്ങൾ, ഒരു ഗുരു ഇങ്ങനെ ക്രമത്തിൽ ഇരുപത്തഞ്ചക്ഷരങ്ങളാണ് ഒരു പാദത്തിൽ. അഞ്ച്, പത്ത്, പതിനെട്ട്, ഇരുപത്തഞ്ച് ഈ അക്ഷരങ്ങളിൽ യതിയും. അങ്ങനെ നാലു പാദങ്ങൾ.

സുന്ദരരൂപേ ശുഭ്രകലാപേ സുവിമലശരദുഡുശശിസമവദനേ
പങ്കജവാസേ പങ്കനിരാസേ പരിധൃതനിരുപമസിതരുചിവസനേ
ഭക്തജനാനാം ഭദ്രവിധാനവ്രതപരസുരുചിരസുരനതചരണേ
ഭാരതി വീണാപുസ്തകപാണേ ഭഗവതി ജയജയ ബുധജനശരണേ.

എന്നിവക ഉദാഹരണം. ഇതിൽ ക്രൌഞ്ചപദപ്രബന്ധമാകുമ്പോൾ ഉദ്ഗ്രാഹഭാഗമായ പൂർവ്വാർദ്ധം സ്വരനിർമ്മിതമായിരിക്കുമെന്ന വിശേഷം. താളനിയമമുള്ളതിനാൽ ഇതു നിര്യുക്തവും ത്രിധാതുകവുമാണ്.

ഇങ്ങനെ ക്രൌഞ്ചപദം.

സൂ—യത്ര സ്വരാക്ഷരൈരേവാർത്ഥാഭിധാനം സ സ്വരാർത്ഥഃ. ൧൨൯

ഭാ—സ്വരാക്ഷരങ്ങളായ സരിഗമപധനി എന്നിവതന്നെ അർത്ഥമുള്ള പദങ്ങളായി വരുന്ന വിധത്തിൽ യോജിപ്പിച്ചുണ്ടാക്കുന്ന പ്രബന്ധം സ്വരാർത്ഥപ്രബന്ധമാണ്. ഇതു പലതരത്തിലും വരും. തുല്യധനന്മാരുടെ സമാഗമം എന്ന അർത്ഥത്തിൽ സമധനിപരിഗമ എന്നിങ്ങനെ എല്ലാ സ്വരാക്ഷരങ്ങളും അർത്ഥവാചകപദത്തിൽ ചേർന്നുവരാം. 'സ്വരസ സമമുഖപരമവമാ' എന്നിങ്ങനെ ഒന്നോ രണ്ടോ സ്വരാക്ഷരം മാത്രം അപ്രകാരം അർത്ഥവാചകമായും അതാതു സ്വരസ്ഥാനങ്ങളെത്തന്നെ കാണിക്കുന്നതായും വരാം. സ്വാതിതിരുനാൾ ഉണ്ടാക്കിയ കീർത്തനങ്ങളിലും മററും ഈ മാതിരി പ്രയോഗങ്ങൾ സുലഭങ്ങളാണ്. ഉദ്ഗ്രാഹഭാഗവും ധ്രുവഭാഗവുമാണ് സ്വരാർത്ഥപ്രബന്ധത്തിൽ മേൽപ്രകാരം നിർമ്മിച്ചിരിക്കുക. ആഭോഗഭാഗത്തിൽ സ്വരാക്ഷരങ്ങൾ ഉണ്ടായിരിക്കണമെന്നില്ല. താളനിയമമില്ലാത്തതിനാൽ ഇത് അനിര്യുക്തവും ത്രിധാതുകവുമാണ്.

ഇങ്ങനെ സ്വരാർത്ഥം.

സൂ—മണ്ഠകങ്കാളഭിന്നാഭ്യാം ഭിന്നലയാഭ്യാം ഭിന്നതാളാഭ്യാമുദ്ഗ്രാഹ ധ്രുവൌ ധ്വനികുട്ടിന്യാം. ൧൩൦

ഭാ—ധ്വനികുട്ടിനി എന്ന പ്രബന്ധത്തിൽ ഉദ്ഗ്രാഹഭാഗം ഒരു താളത്തിലും ധ്രുവഭാഗം മറെറാരു താളത്തിലുമായിരിക്കും. രണ്ടു താളത്തിൻെറയും ലയവും വേറെ വേറെയായിരിക്കും. ആ താളങ്ങൾ മണ്ഠതാളം, കങ്കാളതാളം എന്ന രണ്ടും ഒഴിച്ചു മറേറതെങ്കിലും രണ്ടു താളങ്ങളായിരിക്കയും ചെയ്യും. ഉദ്ഗ്രാഹധ്രുവഭാഗങ്ങളെപ്പററിയേടത്തോളമാണ് ഈ വ്യവസ്ഥ. ആഭോഗഭാഗം വേറെയുണ്ടായിരിക്കുന്നതാണ്. ഢേങ്കീപ്രബന്ധത്തിലും വിഭിന്നലയങ്ങളായ രണ്ടു താളങ്ങളുണ്ടെങ്കിലും അതിൽ മേളാപകധാതുവുംകൂടി ഉണ്ടാകാവുന്നതാണ്. ഇതിൽ മേളാപകമില്ലെന്ന നിയമമുണ്ട്. അതാണ് രണ്ടും തമ്മിൽ വ്യത്യാസം. ഈ പ്രബന്ധം താളവ്യവസ്ഥയുള്ളതിനാൽ നിര്യുക്തവും ത്രിധാതുകവുമാണ്.

ഇങ്ങനെ ധ്വനികുട്ടിനി.

സൂ—ആൎയ്യാവൃത്തബദ്ധോൎദ്ധാന്തേ പാദാന്തേ വാ സസ്വരശ്ച ദ്വിവാര ഗീതപൂൎവ്വാൎദ്ധസ്സകൃദ്ഗീതോത്തരാൎദ്ധ ഉദ്ഗ്രാഹന്യാസശ്ചാൎയ്യാപ്രബന്ധഃ. ൧൩൧

ഭാ—ആൎയ്യാവൃത്തത്തിൽ നിബന്ധനം ചെയ്തിട്ടുള്ളതാണ് ആൎയ്യാപ്രബന്ധം. അതിൽ പൂൎവ്വാൎദ്ധത്തിന്റെ അവസാനത്തിലോ ആദ്യത്തെ പാദത്തിന്റെ അവസാനത്തിലോ സ്വരങ്ങളുണ്ടായിരിക്കണം. പൂൎവ്വാൎദ്ധം രണ്ടു തവണയും ഉത്തരാൎദ്ധം ഒരു തവണ മാത്രവും പാടേണ്ടതാണ്. പൂൎവ്വാൎദ്ധം ഉദ്ഗ്രാഹവും ഉത്തരാൎദ്ധം ധ്രുവവുമാണ്. സാമാന്യന്യായമനുസരിച്ചു കവിനായകാദിനാമങ്ങളടങ്ങിയ ആഭോഗം വേറെ ഉണ്ടായിരിക്കും. ഉദ്ഗ്രാഹഭാഗത്താണ് ന്യസിക്കേണ്ടത്. വൃത്തനിയമമുള്ളതിനാൽ ഇതും നിൎയ്യുക്തവും ത്രിധാതുകവുമാണ്.

ഇങ്ങനെ ആൎയ്യ.

സൂ—പ്രാകൃതാദിനിബദ്ധാ ത്രിപഞ്ചഷട്പാദാ വാൎയ്യാ ഗാഥാ. ൧൩൨

ഭാ—ആൎയ്യാവൃത്തത്തിൽത്തന്നെ പ്രാകൃതഭാഷയിലോ ദേശഭാഷകളിലോ നിബന്ധിച്ചിട്ടുള്ളതും മററു ലക്ഷണങ്ങളെല്ലാം ആൎയ്യാപ്രബന്ധത്തിന്നനുസരിച്ചിരിക്കുന്നതുമാണ് ഗാഥാപ്രബന്ധം. ആൎയ്യാവൃത്തമനുസരിച്ചു മൂന്നു പാദമോ അഞ്ചു പാദമോ ആറു പാദമോ ആയി നിബന്ധിച്ചിട്ടുള്ളതിന്നും ഗാഥയെന്നു പറയാറുണ്ട്. ആ മതത്തിലും ആദ്യത്തെ രണ്ടു പാദം ഉദ്ഗ്രാഹവും ശേഷം ഭാഗം ധ്രുവവുമാണ്. ഇതും നിൎയ്യുക്തവും ത്രിധാതുകവുംതന്നെ.

ഇങ്ങനെ ഗാഥ.

സൂ—ദോധകവൃത്തബദ്ധോ വൈകല്പികൈകതാളോ ദ്വിപഥഃ സ ചോദ്ഗ്രാഹധ്രുവയോസ്സ്വരഗമകോഭയപദരൂപശ്ചതുൎവ്വിധഃ. ൧൩൩

ഭാ—ദോധകം എന്നു പേരായ ഗണവൃത്തത്തിൽ നിബന്ധിച്ച പ്രബന്ധമാണ് ദ്വിപഥം. അത് ഏകതാളത്തോടുകൂടിയതായും വരും, താളമൊന്നുമില്ലാതെയും വരും. ആ ദ്വിപഥപ്രബന്ധമാകട്ടെ ഉദ്ഗ്രാഹവും ധ്രുവവും സ്വരങ്ങൾതന്നെയായിട്ടൊരുവിധം. രണ്ടും ചില അക്ഷരങ്ങൾ മാത്രം ചേൎത്തു ഗമകങ്ങളായിട്ടൊരുവിധം. ഉദ്ഗ്രാഹധ്രുവങ്ങളിലൊന്നു സ്വരങ്ങളായിട്ടും ഒന്നു ഗമകങ്ങളായിട്ടും ഒരുവിധം. രണ്ടും പദങ്ങളായിട്ടൊരുവിധം. ഇങ്ങനെ നാലു വിധത്തിലുണ്ട്. നാലിലും ആഭോഗഭാഗം കവിനാമാദികൾ ചേൎത്തു പദങ്ങളെക്കൊണ്ടു നിൎമ്മിച്ചിരിക്കും. പൂൎവ്വാൎദ്ധം ഉദ്ഗ്രാഹവും ഉത്തരാൎദ്ധം ധ്രുവവുമാണ്. ദോധകവൃത്തത്തിന്നു 'ത്രിഭഗൗ' എന്നു ലക്ഷണം. അതായത് ഓരോ പാദത്തിലും മൂന്നു ഭഗണങ്ങളും രണ്ടു ഗുരുക്കളുമായി പതിനൊന്നക്ഷരംവീതം ഉണ്ടായിരിക്കുമെന്നൎത്ഥം.

കുന്ദസുധേന്ദുപയസ്സമവൎണ്ണേ വൎണ്ണതനോ ബുധവൃന്ദശരണ്യേ
മഞ്ജുളഹാസിനി പുസ്തകഹസ്തേ ഭഞ്ജയ മേ ഭവമംബ നമസ്തേ.

എന്നു മുതലായതുദാഹരണം. ഇതും നിൎയ്യുക്തവും ത്രിധാതുകവുമാണ്.

ഇങ്ങനെ ദ്വിപഥം.

സൂ—ഹംസവൃത്തബദ്ധഃ പാദാന്തസ്വരഃ പ്രഥമപാദസ്വരന്യാസോ ഝമ്പാതാളഃ കളഹംസഃ. ൧൩൪

ഭാ—ഹംസം എന്നു പേരായ വൃത്തത്തിൽ നിബന്ധനം ചെയ്തിട്ടുള്ളതും ഓരോ പാദത്തിന്റെ അവസാനത്തിൽ സ്വരങ്ങളുള്ളതും ആദ്യപാദം കഴിഞ്ഞിട്ടുള്ള സ്വരത്തിൽ അവസാനിപ്പിക്കേണ്ടതും ഝമ്പതാളത്തിൽ പാടേണ്ടതുമാണ് കളഹംസപ്രബന്ധം. ഹംസവൃത്തത്തിന്നു 'ജാഗതേ പാദേ ദ്വിതീയചതുൎത്ഥഷഷ്ഠസപ്തമദശമാന്ത്യാനാം ഗുരുത്വേ ഹംസാ

ഖ്യം' എന്നു ലക്ഷണം. പന്തിരണ്ടക്ഷരങ്ങൾ ഒരു പാദത്തിൽ വരുന്ന ജഗതി എന്ന ഛന്ദസ്സിൽ രണ്ട്, നാല്, ആറ്, ഏഴ്, പത്ത്, പന്തിരണ്ട് ഈ അക്ഷരങ്ങൾ ഗുരുക്കളാണെങ്കിൽ ഹംസം എന്നു പേരായ വൃത്തമാണ് എന്ന് അതിന്നൎത്ഥം.

"ദ്വിതീയസപ്തമാന്ത്യാസ്സ്വചതുൎത്ഥകം ഗുരുണ്യദാപി ഷഷ്ഠോ ദശമോപി വാ
അഥോദിതോ ഹി പാദേ ഖലു ജാഗതേ ഭവേദിദം തു ഹംസാഖ്യമിതി സ്മൃതം."

എന്നു ഭരതമുനിവചനമുണ്ട്. മുനിയുടെ ഈ ലക്ഷണനിൎവ്വചനപദ്യംതന്നെയും,

സുരാൎച്ചിതാംഘ്രിപത്മാം വരദാം ശിവാം സരോരുഹാസിനീമിന്ദുസമപ്രഭാം
സിതാംബരാവൃതാമാത്തവിപഞ്ചികാം വചോധിദേവതാം താം കലയേ സദാ.

എന്നു മുതലായതും ഉദാഹരണം. മാൎഗ്ഗത്തിലെ ഝമ്പതാളത്തിന്നു മൂന്നു ലഘുവും ഒരു ദ്രുതവുമാണ്. രണ്ടു തവണ ദ്രുതാനുദ്രുതങ്ങളിലും പിന്നെ രണ്ടു ലഘുക്കളിലും സശബ്ദക്രിയകൾ. അല്ലെങ്കിൽ മൂന്നു ലഘുക്കളിലും ഒരു ദ്രുതത്തിലും സശബ്ദക്രിയകൾ. ഇതിലും പൂൎവ്വാൎദ്ധം ഉദ്ഗ്രാഹവും ഉത്തരാൎദ്ധം ധ്രുവവും ആണ്. ആഭോഗം വേറെ ഉണ്ടായിരിക്കും. താളാദിനിയമമുള്ളതിനാൽ നിൎയ്യുക്തവും ത്രിധാതുകവുമാണ്.

ഇങ്ങനെ കളഹംസം.

സൂ തോടകവൃത്തബദ്ധഃ പാദാന്തസ്വരസ്തോടകഃ. ൧൩൫

ഭാ—തോടകമെന്ന വൃത്തത്തിൽ നിബന്ധിച്ചിട്ടുള്ളതും ഓരോ പാദത്തിന്റെയും അവസാനത്തിൽ സ്വരങ്ങളുള്ളതുമാണ് തോടകപ്രബന്ധം. ഇതിലും ആദ്യപാദാവസാനത്തിലെ സ്വരത്തിലാണ് ന്യാസം. പൂൎവ്വാൎദ്ധം ഉദ്ഗ്രാഹവും ഉത്തരാൎദ്ധം ധ്രുവവും ആഭോഗം വേറെ ഉണ്ടായിരിക്കുന്നതുമാണ്. 'സചതുഷ്ടയം തോടകം.' എന്നു തോടകവൃത്തലക്ഷണം. നാലു സഗണങ്ങൾ തോടകവൃത്തമെന്നൎത്ഥം.

മൃദുഹാസലസദ്വദനാംബുരുഹാം മുകുടോല്ലസദിന്ദുകലാം വരദാം
ജപമാല്യസുധാകലശാഢ്യകരാം കലയാമി സദാ ഹൃദി വാഗധിപാം.

എന്നുദാഹരണം. ഇതും നിൎയ്യുക്തവും ത്രിധാതുകവുമാണ്.

ഇങ്ങനെ തോടകം.

സൂ—ദ്വിപദ്യാമൎദ്ധസ്യ തേനബദ്ധതേ തേനന്യാസേ ഘടഃ. ൧൩൬

ഭാ—രസഗണമെന്ന മാത്രാഗണവും അഞ്ചു ഭഗണങ്ങളും രണ്ടു ജഗണങ്ങളും ഒടുക്കം ഒരു ഗുരുവുമായ ദ്വിപദിപ്രബന്ധത്തിലെ പൂൎവ്വാൎദ്ധം ആ ബന്ധരീതിയുള്ള തേനകവും ഉത്തരാൎദ്ധംമാത്രം അപ്രകാരം പദബദ്ധദ്വിപദിയും തേനകത്തിൽ ന്യാസവുമായിട്ടുള്ളതാണ് ഘടപ്രബന്ധം. ഇതിലും സാമാന്യനിയമമനുസരിച്ച് ആഭോഗം വേറെച്ചേൎത്തിരിക്കും. അതിനാൽ നിൎയ്യുക്തവും ത്രിധാതുകവുമാണ്.

ഇങ്ങനെ ഘടം.

സൂ—വൃത്താഖ്യവൃത്തബദ്ധോന്തേ പാദാന്തേ വാ സസ്വരോ വൃത്താഖ്യഃ. ൧൩൭

ഭാ—വൃത്തം എന്നു പേരായ വൃത്തത്തിൽ നിബന്ധിച്ചിട്ടുള്ളതും അവസാനത്തിലോ ഓരോ പാദത്തിന്റെയും അവസാനത്തിലോ സ്വരങ്ങളുള്ളതുമാണ് വൃത്തപ്രബന്ധം. ഇതിലും പൂൎവ്വാൎദ്ധം ഉദ്ഗ്രാഹവും ഉത്തരാൎദ്ധം ധ്രുവവുമാണ്. ആഭോഗം വേറെയുണ്ടായിരിക്കും. വൃത്തവൃത്തത്തിന്നു ഗുരു, ലഘു, എന്ന ക്രമത്തിൽ ഇരുപതക്ഷരമാണ് ഒരു പാദത്തിൽ ഉണ്ടായിരിക്കു.

ഭാരതീ ഭവാംബുരാശിതാരിണീ കവീന്ദ്രവൃന്ദവന്ദ്യമാന–
പാവനാംഘ്രിസാരസാ സരോരുഹാസനാ സരസ്വതീ സദാപി
ഭക്തലോകഭാവുകപ്രദായിനീ സുഹാസിനീ വിപഞ്ചികാക്ഷ–
സൂത്രപുസ്തകാഢ്യഹസ്തപങ്കജാ ചിരായ മേ ശുഭം തനോതു.

എന്നീവക ഉദാഹരണം. ഇതും നിയ്യുക്തവും ത്രിധാതുകവുമാണ്.

സൂ—മാതൃകാക്രമാനുസൃതാരബ്ധവര്‍ണ്ണപദനിബദ്ധോ മാതൃകഃ പ്രബന്ധഃ. ൧൩൨൪

ഭാ—അ, ആ,ഇ, ഈ എന്നു തുടങ്ങിയുള്ള മാതൃകാക്ഷരമാലയിലെ ക്രമത്തെ അവലംബിച്ച് ഓരോ അക്ഷരത്തിലും ആരംഭിക്കുന്ന പദങ്ങരം ക്രമത്തിൽ ചേര്‍ത്തു നിബന്ധിച്ചിട്ടുള്ളതാണ് മാതൃകാപ്രബന്ധം. ഇതിൽ അ മുതൽ അഃ വരെയുള്ള പതിനാറു സ്വരാക്ഷരങ്ങളിൽ ആരംഭിക്കുന്ന പദങ്ങരം ചേൎന്ന ഭാഗം ഉദ്ഗ്രാഹവും ക മുതൽ ക്ഷ വരെയുള്ള മുപ്പത്തഞ്ചു വ്യഞ്ജനാക്ഷരങ്ങളിൽ ആരംഭിക്കുന്ന പദങ്ങരം ചേൎന്ന ഭാഗം ധ്രുവവുമാണ്. ആഭോഗം കവിനായകപ്രബന്ധനാമങ്ങരം ചേര്‍ത്തും മാതൃകാക്രമം നോക്കാതെയുള്ള പദങ്ങളെക്കൊണ്ടും വേറെ നിര്‍മ്മിച്ചിരിക്കുന്നതുമാണ്. മാതൃകാക്രമനിയമമുള്ളതിനാൽ നിയ്യുക്തവും ത്രിധാതുകവുംതന്നെ. ഈ പ്രബന്ധം പദ്യമായും ഗദ്യമായും വരും. അതുപോലെ സംസ്കൃതഭാഷാമയമായും ദേശഭാഷാമയമായും ഉണ്ടാകുന്നതാണ്. ദേശഭാഷകളിൽ അതാതു ഭാഷയിലെ മാതൃകാവര്‍ണ്ണക്രമമാണനുസരിക്കുക.

ഇങ്ങനെ മാതൃക.

സൂ—അനേകരാഗതാളവൃത്തഘടിതോ രാഗകദംബഃ. ബഹുരാഗതാളനിബദ്ധോ വാ ഗദ്യാത്മകഃ. ൧൩൨൫

ഭാ — പല രാഗങ്ങളിലും പല താളങ്ങളിലും പല വൃത്തങ്ങളിലുമായി നിബന്ധനം ചെയ്തിട്ടുള്ളതാണ് രാഗകദംബപ്രബന്ധം. ഓരോരോ വൃത്തത്തിന്നും ഓരോരോ രാഗവും ഓരോരോ താളവും എന്ന മട്ടിലോ, ഓരോ വൃത്തത്തിലെയും പൂര്‍വ്വാര്‍ദ്ധത്തിന്നും ഉത്തരാര്‍ദ്ധത്തിന്നും വേറെവേറെ രാഗവും താളവും എന്ന മട്ടിലോ, പാദംതോറും രാഗവും താളവും മാറിക്കൊണ്ടോ അതു വരുന്നതാണ്. വൃത്തബന്ധമില്ലാതെ ഗദ്യരൂപത്തിലും പല രാഗങ്ങളും താളങ്ങളുമായി രാഗകദംബപ്രബന്ധം സംഭവിക്കയും ചെയ്യും. ഇതിലും ഓരോ രാഗത്തിലും ഉദ്ഗ്രാഹധ്രുവഭാഗങ്ങരം അടങ്ങിയിരിക്കുന്നതാണ്. ആദ്യത്തെ ഭാഗം ഉദ്ഗ്രാഹവും രണ്ടാമത്തെ ധ്രുവവും. അങ്ങനെ ഒന്നിലധികം ഉദ്ഗ്രാഹധ്രുവങ്ങളുള്ളതാണ് രാഗമാലാസ്വരൂപമായ ഈ രാഗകദംബപ്രബന്ധം. രാഗതാളങ്ങരം ഇന്നിന്നവയായിരിക്കണമെന്നു നിയമമില്ലാത്തതിനാൽ ഇതു അനിയ്യുക്തവും ദ്വിധാതുകവുമാണ്. ഒടുവിലത്തെ രാഗത്തിൽ നായകാദിനാമങ്ങരം ചേര്‍ത്ത ആഭോഗം വേറെ യോജിപ്പിക്കണമെന്നും ഒരു മതമുണ്ട്. ആ പക്ഷത്തിൽ ത്രിധാതുകം. ആദ്യരാഗത്തിലെ ഉദ്ഗ്രാഹഭാഗത്താണ് ന്യാസം സമ്പ്രദായസിദ്ധമായിട്ടുള്ളതും. സ്വരം, പാടം, പദം, മുതലായ അഞ്ചംഗങ്ങളിൽ ഏതും കവിയുടെ യുക്തംപോലെ ഓരോ രാഗത്തിലും ഇതിൽ ചേര്‍ക്കാവുന്നതുമാണ്.

സൂ—സ ച നന്ദ്യാവര്‍ത്തഃ സ്വസ്തികശ്ചേതി ദ്വിവിധഃ. ൧൩൨൬

ഭാ—അങ്ങനെയുള്ള രാഗകദംബപ്രബന്ധം നന്ദ്യാവര്‍ത്തപ്രബന്ധം, സ്വസ്തികപ്രബന്ധം ഇങ്ങനെ ചുരുക്കത്തിൽ രണ്ടുവിധത്തിലുണ്ട്.

സൂ—ചതുസ്താളചതുർവൃത്തോ നന്ദ്യാവർത്തഃ. തദധികഃ സ്വസ്തികാഖ്യഃ. ൧൪൧

ഭാ—നാലുതരം താളങ്ങളും നാലുതരം വൃത്തങ്ങളും മാത്രമായി നിബന്ധനം ചെയ്തിട്ടുള്ളതു നന്ദ്യാവർത്തമാണ്. രാഗങ്ങൾ അതിലും നാലിലധികം വരുന്നതിന്നു വിരോധമില്ല. നാലിലധികം താളങ്ങളും വൃത്തങ്ങളുമുള്ള രാഗകദംബം സ്വസ്തികമാണ്.

സൂ—താളഭേദേപീത്യന്യേ. ൧൪൨

ഭാ—താളം ഒന്നുതന്നെയായാലും രാഗം പലതായി നിബന്ധിച്ചിട്ടുണ്ടെങ്കിൽ അതും രാഗകദംബപ്രബന്ധത്തിൽ ചേർന്നതാണെന്നാണ് ചിലരുടെ മതം.

ഇങ്ങനെ രാഗകദംബം.

സൂ—യത്ര പ്രഥമമാലാപോതാളസ്തതശ്ചച്ചൽപുടേന ഭിന്നധാതുകമേകമാതുകമന്തേ സ്വരപാടകയുക്തം പദാനാം പഞ്ചകം ദ്വിവാരമഥ ദ്വിരാവൃത്തേന തേനപടഹപാടാത്മകോന്തരശ്ച തതശ്ചാചപുടേന തഥാ ദ്വിമാനേന തേന ഹുഡുക്കപാടാത്മകോന്തരസ്തദനന്തരം ഷട്പിതാപുത്രകേണ തഥാ ദ്വിമാനേന തേനശംഖപാടാത്മകോന്തരസ്തദനു സമ്പക്വേഷ്ടാകേന താദൃശം പദഷട്കം പ്രത്യേകം സസ്വരപാടം ദ്വിമാനേനതേന കാംസ്യതാളപാടാത്മകോന്തരശ്ചോഘോദ്ഘട്ടേന തഥാ ദ്വിമാനേന തേന മുരജപാടാത്മകോന്തരസ്തതശ്ചാഭോഗേദ്രുതമാനേന തേന പ്രബന്ധനാമപൂർവ്വമാനേന നേതൃനാമതേനകൈഃ പുനരാലാപേ ന്യാസശ്ച സ പഞ്ചതാളേശ്വരോ വീരശൃംഗാരാന്യതരപ്രധാനഃ. ൧൪൩

ഭാ—ഇനി പഞ്ചതാളേശ്വരപ്രബന്ധത്തിന്റെ സ്വഭാവം വിവരിക്കുന്നു. ആദ്യം താളമൊന്നുമില്ലാതെ രാഗാലാപം ചെയ്യു. പിന്നെ ചച്ചൽപുടതാളത്തിൽ അഞ്ചു പദങ്ങൾ സ്വരങ്ങളും വാദ്യാക്ഷരങ്ങളായ പാടങ്ങളും ചേർത്തു പാടുക. ഓരോ പദവും ധാതുക്കൾ മാററിക്കൊണ്ട് ഈരണ്ടാവൃത്തി പാടണം. എന്നു വെച്ചാൽ, രാഗാലാപത്തിന്നുശേഷം ചച്ചൽപുടത്തിൽ ഒരു ഖണ്ഡസ്വരൂപമായ പദം ഒരു ധാതുവിൽ പാടി ആ പദംതന്നെ ധാതു മാററി ഒരിക്കൽക്കൂടി പാടുക. പിന്നെ അതിനെത്തുടന്ന് സ്വരവും പാടവും ഓരോ താളവട്ടം പാടുക എന്നർത്ഥം. സ്വരപാടങ്ങൾ രണ്ടും പാടണമെന്നല്ലാതെ അതിൽ ഇന്നതു മുമ്പിൽ വേണമെന്നു നിയമമില്ല. അതുപോലെ പാടം ഇന്ന വാദ്യാക്ഷരങ്ങൾതന്നെയായിരിക്കണമെന്നും ഈ പാടത്തെപ്പററിയേടത്തോളം നിയമമില്ല. ഇഷ്ടംപോലെ പലതരം വാദ്യാക്ഷരങ്ങളും കലത്താവുന്നതാണ്. അതിന്നുശേഷം ആ ചച്ചൽപുടത്തിൽത്തന്നെ രണ്ടു താളവട്ടം പടഹപാടസ്വരൂപമായ അന്തരം എന്ന ഭാഗം പാടുക. പിന്നെ ചാചപുടതാളത്തിൽ അപ്രകാരം അഞ്ചു പദങ്ങൾ ഭിന്നതാളകമായും ഏകധാതുകമായും രണ്ടാവൃത്തി പാടുക. ഓരോ പദത്തിന്നും സ്വരങ്ങളും പാടങ്ങളും മേൽപ്രകാരം പാടണം. അതിന്നുശേഷം ആ ചാചപുടതാളത്തിൽത്തന്നെ രണ്ടു താളവട്ടം ഉടുക്കിന്റെ പാടാക്ഷരങ്ങളെക്കൊണ്ട് അന്തരം പാടുക. കിടധി ഖിഥരിഖിടധാം എന്ന മാതിരിയിൽ പടഹവാദ്യത്തിന്റെ പാടാക്ഷരങ്ങൾ കഖഗഘടാഡഢണ തഥദധനരഹ എന്നിങ്ങനെ പതിനാറക്ഷരങ്ങളിലുൾപ്പെട്ടവയാണ്. ഉടുക്ക് എന്ന വാദ്യത്തിന്റെ പാടാക്ഷരങ്ങൾ പടഹപാടാക്ഷരങ്ങൾക്കു പുറമെ മകാരവും ങ്കാരവും കൂടിച്ചേർന്നവയാണ്. അന്തരമെന്ന ഇതിലെ ഗീതാംഗം ഓരോന്നും ഇന്നിന്ന വാദ്യത്തിന്റെ പാടാക്ഷരങ്ങളെക്കൊണ്ടായിരിക്കണമെന്നു നിയമമുണ്ട്.

മേൽപ്രകാരം ചാചപുടതാളത്തിൽ പാടിയതിന്നുശേഷം ഷട്പിതാപുത്രകമെന്ന താളത്തിൽ അഞ്ചു പദങ്ങൾ മേൽപ്പറഞ്ഞവിധം രണ്ടാവൃത്തി പാടുക. ഓരോ പദത്തിന്നും സ്വരപാടങ്ങളും പാടണം. പിന്നെ ആ താളത്തിൽ രണ്ടു താളവട്ടം ശംഖപാടാക്ഷരങ്ങളെക്കൊണ്ട് അന്തരമെന്ന ഗീതഭാഗം പാടുക. ഘും ഘും ധോം ധോം ഘുംധോങ്കു എന്ന മാതിരിയിലാണ് ശംഖിൻെറ പാടങ്ങൾ. പിന്നെ സമ്പകേഷ്ടാകമെന്ന താളത്തിൽ മേൽപ്രകാരം ആറു പദങ്ങൾ രണ്ടാവൃത്തി പാടുക. അതിലും ഓരോ പദത്തിന്നും പാടസ്വരങ്ങൾ പാടണം. പിന്നെ ആ താളത്തിൽ രണ്ടു താളവട്ടം കുഴിതാളം മുതലായ കാംസ്യവാദ്യങ്ങളുടെ പാടാക്ഷരങ്ങളെക്കൊണ്ട് അന്തരം പാടുക. തതകതതകുതമി എന്ന മാതിരിയിലാണ് കാംസ്യതാളപാടങ്ങൾ. പിന്നെ ഉദ്ഘട്ടമെന്ന താളത്തിൽ മേൽപ്രകാരം ആറു പദങ്ങൾ രണ്ടാവൃത്തി പാടുക. അതിലും ഓരോ പദത്തിന്നും പാടസ്വരങ്ങൾ പാടണം. പിന്നെ ആ താളത്തിൽ രണ്ടു താളവട്ടം മുരജപാടാക്ഷരങ്ങളെക്കൊണ്ട് അന്തരഭാഗം പാടുക. തകിതോന്തോം എന്നീമാതിരി അക്ഷരങ്ങൾ പ്രധാനമായിട്ടുള്ളവയാണ് മുരജപാടങ്ങൾ. പിന്നെ ആ താളത്തിൽത്തന്നെ ദ്രുതകാലത്തിൽ പ്രബന്ധനാമം ചേർത്ത ആഭോഗാംശം പാടി മുമ്പു പാടിയിരുന്ന മദ്ധ്യവിളംബിതകാലങ്ങളിലൊന്നിൽത്തന്നെ നായകനാമം ചേർത്ത ആഭോഗാംശം പാടുക. പിന്നെ അതിൽ ഒരു താളവട്ടം തേനകം(താനം)പാടി രാഗാലാപം ചെയ്തു ന്യസിക്കുക. കവിനാമംചേക്കുന്നതിൽ ആ ആഭോഗാംശവും ദ്രുതകാലത്തിൽ പ്രബന്ധനാമത്തിന്നുശേഷം പാടേണ്ടതാണ്. ഇതിലെ ഓരോ താളത്തിലുള്ള പദങ്ങളിലും ആദ്യത്തെ ഈരണ്ടു പദം ഉദ്ഗ്രാഹവും ശേഷം പദങ്ങൾ ധ്രുവവുമാണ്. അങ്ങനെ ഉദ്ഗ്രാഹം, ധ്രുവം, അന്തരം, ആഭോഗം ഇങ്ങനെ നാലു ധാതുക്കളുള്ളതിനാൽ ഈ പ്രബന്ധം ചതുർധാതുകവും താളനിയമമുള്ളതിനാൽ നിയ്യുക്തവുമാണ്. ഇപ്രകാരമാണ് പഞ്ചതാളേശ്വരപ്രബന്ധത്തിൻെറ സ്വഭാവം.

ഇങ്ങനെ പഞ്ചതാളേശ്വരം.

സൂ—ബഹുതാളസ്താളാർണ്ണവഃ. ൧൪൮

ഭാ—അനേകം താളങ്ങൾ ചേർത്തു പാടുന്ന പ്രബന്ധമാണ് താളാർണ്ണവം. ഇതിൽ ഓരോ താളത്തിലും ഒരു താളവട്ടം മാത്രമാണ് പാടുന്നത്. അതിനാൽ പഞ്ചതാളേശ്വരം മുതലായതിൽനിന്നു വ്യത്യാസം. ഇഷ്ടംപോലെ ഏതു താളത്തിൽ തുടങ്ങുന്നുവോ അതു മുതൽ രണ്ടു താളങ്ങളാൽ ഉദ്ഗ്രാഹഭാഗം, ശേഷം ധ്രുവഭാഗം. ഇങ്ങനെയാണ് ഇതിലെ വ്യവസ്ഥ. കവിനായകാദിനാമങ്ങൾ ചേർത്തിട്ടുള്ള അവസാനഭാഗം ആഭോഗം. ആ ഭാഗത്തു താളഭേദം വേണമെന്ന നിയമവുമില്ല. ഇങ്ങനെ താളാദിനിയമമില്ലാത്തതിനാൽ ഇത് അനിയ്യുക്തവും ത്രിധാതുകവുമാണ്.

ഇങ്ങനെ താളാർണ്ണവം.

ഇപ്രകാരം ആളിക്രമപ്രബന്ധങ്ങൾ.

സൂ—പ്രകീർണ്ണകേഷു തു ശ്രീരംഗശ്രീവിലാസപഞ്ചഭംഗിപഞ്ചാനനോമാതിലകത്രിപദീചതുഷ്പദീഷട്പദിവസ്തുവിജയത്രിപഥചതുർമ്മുഖാഃ, സിംഹലീലഹംസലീലദണ്ഡകസമ്പുടകന്ദുകാഃ, ത്രിഭംഗിഹരവിലാസസുദർശനസ്വരാങ്കാഃ, ശ്രീവർദ്ധനഹർഷവർദ്ധനൌ, വദനചച്ചരീചര്യ്യാഃ പദ്ധഡീരാഹഡ്യൌ, വീരശ്രീമംഗളാചാരധവളമംഗളാഃ, ഓവീലോലീഢോല്ലരീദന്ത്യാഖ്യാശ്ച ഷട്ത്രിംശൽ പ്രസിദ്ധാഃ. ൧൪൯

ഭാ—പ്രകീർണ്ണകപ്രബന്ധങ്ങൾ അസംഖ്യങ്ങളാണെന്നു മുമ്പുതന്നെ പറഞ്ഞിട്ടുണ്ട്. അവയിൽ മുപ്പത്താറുപ്രബന്ധങ്ങൾ സാമാന്യം പ്രസിദ്ധങ്ങളാണ്. ആ മുപ്പത്താറിന്റെ മാത്രം സ്വരൂപമാണ് ഇവിടെ വിചാരിക്കാൻ തുടങ്ങുന്നതെന്നു താൽപര്യം. അവ ശ്രീരംഗം, ശ്രീവിലാസം, പഞ്ചഭംഗി, പഞ്ചാനനം, ഉമാതിലകം, ത്രിപദി, ചതുഷ്പദി, ഷട്പദി, വസ്തു, വിജയം, ത്രിപഥം, ചതുർമ്മുഖം, സിംഹലീലം, ഹംസലീലം, ദണ്ഡകം, സമ്പുടം, കന്ദുകം, ത്രിഭംഗി, ഹരവിലാസം, സുദർശനം, സ്വരാങ്കം, ശ്രീവർദ്ധനം, ഹർഷവർദ്ധനം, വദനം, ചച്ച്വരി, ചര്യ്യ, പദ്ധഡി, രാഹഡി, വീരശ്രീ, മംഗളാചാരം, ധവളം, മംഗളം, ഓവി, ലോലി, ഢോല്ലരി, ദന്തി ഇങ്ങനെ പ്രത്യേകസംജ്ഞയുള്ളവയുമാണ്.

ക്രമത്തിൽ ഓരോന്നിന്റെയും ലക്ഷണം വിവരിക്കുന്നു:—

സൂ—ചതുസ്താളരാഗഃ പ്രതിരാഗം പദാന്തസർവ്വാംഗഃ ശ്രീരംഗഃ. ൧൪൩

ഭാ—നാലു രാഗങ്ങളും ഓരോ രാഗത്തിനും ഓരോ പ്രത്യേകതാളങ്ങളുമുള്ളതും ഓരോ രാഗത്തിന്റെയും അവസാനത്തിൽ പദങ്ങളും അതിനു മുമ്പിൽ ഇഷ്ടക്രമമനുസരിച്ചു സ്വരതേനപാടങ്ങളുമായി താളത്തോടുകൂടി അഞ്ചംഗങ്ങളും ഓരോരാഗത്തിലും അടങ്ങിയതുമാണ് ശ്രീരംഗപ്രബന്ധം. രാഗകദംബത്തിന്റെ വകഭേദമായ നന്ദ്യാവർത്തത്തിൽ താളങ്ങൾ നാലുതന്നെയാണെങ്കിലും രാഗങ്ങൾ നാലിലധികമുണ്ടാകാം. നാലുവൃത്തങ്ങളുണ്ടായിരിക്കണമെന്നു നിയമവുമുണ്ട്. ശ്രീരംഗത്തിൽ രാഗം നാലാണെന്നു വ്യവസ്ഥിതമാണ്. വൃത്തനിയമമില്ല. ഗദ്യമായിട്ടും വരാം. ഇങ്ങനെ രണ്ടും തമ്മിൽ വ്യത്യാസം. ഇതിലും ഓരോ രാഗത്തിലും ഉദ്ഗ്രാഹധ്രുവഭാഗങ്ങൾ അടങ്ങിയിരിക്കുന്നതാണ്. അവസാനത്തെ രാഗത്തിൽ പദങ്ങൾക്കു പുറമെ കവിനായകാദിനാമങ്ങൾ ചേർത്തിട്ടുള്ള പദങ്ങൾ ആഭോഗമായി വേറെ ഉണ്ടായിരിക്കയും വേണം. രാഗതാളങ്ങൾ ഇന്നിന്നവയായിരിക്കണമെന്നു നിയമമില്ലാത്തതിനാൽ അനിര്യ്യുക്തവും ത്രിധാതുകവുമാണ്.

അങ്ങനെ ശ്രീരംഗം.

സൂ—പഞ്ചതാളരാഗഃ പ്രതിരാഗം സ്വരാന്തസർവ്വാംഗഃ ശ്രീവിലാസഃ. ൧൪൪

ഭാ—അഞ്ചു രാഗങ്ങളും ഓരോ രാഗത്തിനും പ്രത്യേകതാളങ്ങളും ഓരോ രാഗത്തിന്റെയും അവസാനത്തിൽ സ്വരവും അതിനു മുമ്പിൽ ഇഷ്ടക്രമമനുസരിച്ചു തേനപാടപദങ്ങളുമായിട്ടുള്ളതാണ് ശ്രീവിലാസപ്രബന്ധം. ശേഷം ശ്രീരംഗംപോലെ. ഇതും അനിര്യ്യുക്തവും ത്രിധാതുകവുമാണ്.

ഇങ്ങനെ ശ്രീവിലാസം.

സൂ ദ്വിതാളരാഗസ്തേനകാന്തസർവ്വാംഗഃ പഞ്ചഭംഗിഃ. ൧൪൫

ഭാ—രണ്ടു രാഗങ്ങളും ഓരോ രാഗത്തിനും പ്രത്യേകതാളങ്ങളും ഓരോ രാഗത്തിന്റെയും ഒടുവിൽ തേനവും അതിനു മുമ്പിൽ ഇഷ്ടക്രമമനുസരിച്ചു പദസ്വരപാടങ്ങളുമായിട്ടുള്ളതാണ് പഞ്ചഭംഗിപ്രബന്ധം. ഉദ്ഗ്രാഹധ്രുവങ്ങൾ / ശ്രീരംഗത്തിലെപ്പോലെ. അനിര്യ്യുക്തവും ത്രിധാതുകവും തന്നെ.

ഇങ്ങനെ പഞ്ചഭംഗി.

സൂ—പാടാന്തസർവ്വാംഗഃ പഞ്ചാനനഃ. ൧൪൬

ഭാ—ദ്വിരാഗതാളഃ എന്നതനുവർത്തിക്കുന്നു. രണ്ടു രാഗങ്ങളും ഓരോ രാഗത്തിലും ഓരോ പ്രത്യേകതാളവുമായിട്ടുള്ളതും ഇഷ്ടക്രമമനുസരിച്ചു പദസ്വരതേനങ്ങളും അവസാന

ത്തിൽ പാടവുമായിട്ടുള്ളതാണ് പഞ്ചാനനപ്രബന്ധം. ശേഷം ശ്രീരംഗംപോലെ. അനിയ്യു-ക്തവും ത്രിധാതുകവും തന്നെ.

ഇങ്ങനെ പഞ്ചാനനം.

സൂ—ത്രിരാഗതാളഃ പദാന്തസൎവ്വാംഗ ഉമാതിലകഃ. ൧൪൦

ഭാ—മൂന്നു രാഗങ്ങളും ഓരോ രാഗത്തിലും പ്രത്യേകതാളവുമായിട്ടുള്ളതും ഇഷ്ടക്രമമനുസരിച്ചു സ്വരതേനപാടങ്ങളും അവസാനത്തിൽ പദങ്ങളുമായിട്ടുള്ളതാണ് ഉമാതിലകപ്രബന്ധം. പദങ്ങൾ നായകാദിബിരുദങ്ങളെ പ്രതിപാദിക്കുന്നവതന്നെയായിരിക്കണമെന്നും ഒരു മതമുണ്ട്. ശേഷം ശ്രീരംഗംപോലെ. അനിയ്യുക്തവും ത്രിധാതുകവുംതന്നെ.

ഇങ്ങനെ ഉമാതിലകം.

സൂ—യത്ര പ്രഥമദ്വിതീയപാദയോൎദ്വൌ ദ്വൌ തൃതീയേ ചത്വാരശ്ച തുൎയ്യേ ത്രയശ്ച ഗണാഃ ഷഷ്ഠദശമൌ രതേരന്യേ കാമസ്യ സാ ത്രിപദീ താളഹീനാ. ൧൪൧

ഭാ—ഒന്നാമത്തെയും രണ്ടാമത്തെയും പാദങ്ങളിൽ ഈരണ്ടു ഗണങ്ങൾവീതവും മൂന്നാംപാദത്തിൽ നാലും നാലാംപാദത്തിൽ മൂന്നുമായി പതിനൊന്നു ഗണങ്ങളുള്ളതും അവയിൽ ആറാമത്തെയും പത്താമത്തെയും ഗണങ്ങൾ അതായത് മൂന്നാംപാദത്തിലെയും നാലാംപാദത്തിലെയും രണ്ടാമത്തെഗ്ഗണങ്ങൾ രതിഗണങ്ങളും ശേഷം ഒമ്പതും കാമഗണങ്ങളുമായിരിക്കുന്നതും താളമില്ലാത്തതുമാണ് ത്രിപദീപ്രബന്ധം.

സൂ—തത്ര ചാദ്യദ്വിതീയപാദൌ തൃതീയേ ഗണത്രയം ച ഗീത്വാ സ്വരാൻ പുനസ്തൃതീയമാദിതസ്സമഗ്രം ചതുൎത്ഥം ച ഗായേദിതി. ൧൪൨

ഭാ—അങ്ങനെയുള്ള ത്രിപദീപ്രബന്ധം പാടേണ്ട ക്രമത്തിന്നു വ്യവസ്ഥയുമുണ്ട്. ഒന്നാംപാദവും രണ്ടാംപാദവും മൂന്നാംപാദത്തിലെ മൂന്നു ഗണങ്ങളും പാടിയതിന്നുശേഷം സ്വരങ്ങൾ പാടി മൂന്നാംപാദം ആദ്യം മുതൽ വീണ്ടും തുടങ്ങി ആ പാദം മുഴവനും പാടീട്ടു നാലാംപാദം പാടേണ്ടതാണ്. ഇതിലെ ഒന്നും രണ്ടും പാദങ്ങൾ ഉദ്ഗ്രാഹഭാഗവും മൂന്നും നാലും പാദങ്ങൾ ധ്രുവഭാഗവുമാണ്. ആഭോഗം ഇതിലും വേറെ ഉണ്ടായിരിക്കും. രതിഗണകാമഗണങ്ങളുടെ സ്വഭാവം ഏലാപ്രബന്ധപ്രകരണത്തിൽ വിവരിച്ചിട്ടുണ്ട്. ഒന്നും രണ്ടും പാദങ്ങൾ വളരെച്ചെറുതായതിനാൽ അതു രണ്ടും ഒന്നായിഗ്ഗണിച്ചിട്ടാണ് ത്രിപദി എന്നു പറഞ്ഞുവരുന്നത്. ഗണനിയമമുള്ളതിനാൽ ഇതും നിയ്യുക്തവും ത്രിധാതുകവുമാണ്.

ഇങ്ങനെ ത്രിപദി.

സൂ—യത്ര പാദയോരാദ്യതൃതീയയോഃ പഞ്ചദശ ദ്വിതീയചതുൎത്ഥയോഃ ഷോഡശ ച മാത്രാ യമകാലംകൃതാൎദ്ധാ സ്വരതേനയുക്തപൂൎവ്വോത്തരാൎദ്ധാ തേനന്യാസാ ച സാ ചതുഷ്പദീ. ൧൪൩

ഭാ—ആദ്യത്തെയും മൂന്നാമത്തെയും പാദങ്ങളിൽ പതിനഞ്ചു മാത്രകൾവീതം. രണ്ടാമത്തെയും നാലാമത്തെയും പാദങ്ങളിൽ പതിനാറു മാത്രകൾവീതം. പൂൎവ്വാൎദ്ധത്തിന്റെയും ഉത്തരാൎദ്ധത്തിന്റെയും അവസാനഭാഗത്തു യമകമെന്ന ശബ്ദാലങ്കാരമുണ്ടായിരിക്കണം. അതായത് രണ്ടൎദ്ധത്തിന്റെയും അവസാനത്തിലെ മൂന്നക്ഷരത്തിൽ കുറയാതെയുള്ള ഭാഗം ഒരേ ശബ്ദംതന്നെയായിരിക്കയും അവയുടെ അൎത്ഥങ്ങൾ വിഭിന്നങ്ങളായിരിക്കയും വേണം. പൂൎവ്വാൎദ്ധത്തിന്നുശേഷം സ്വരങ്ങളും ഉത്തരാൎദ്ധത്തിന്നുശേഷം തേനങ്ങളും ഉണ്ടായിരിക്കണം. തേനത്തിൽ അവസാനിക്കയും വേണം. ഇങ്ങനെയുള്ളതാണ് ചതുഷ്പദീപ്രബന്ധം.

ഏണാങ്കകലാകലിതമുകുടാ, വീണാധരാ കുന്ദവിശദരദാ
വേണീജിതജീമൂതശോഭാ, വാണീ സാവതു ബാലിശദരദാ.

എന്നിവകയിലെ രണ്ടും നാലും പാദങ്ങളിലെ അവസാനത്തിലുള്ള 'ശദരദാ' എന്ന ചതുരക്ഷരൈക്യം യമകത്തിനുദാഹരണം. ഇതിൽ പൂർവ്വാർദ്ധവും അതിനുശേഷമുള്ള സ്വരങ്ങളും ഉദ്ഗ്രാഹം. ഉത്തരാർദ്ധവും തേനങ്ങളും ധ്രുവം. ആഭോഗം വേറെയുണ്ടായിരിക്കും. അതിനുശേഷം തേനത്തിൽ ന്യാസം. ഇതും താളഹീനമാണ്. ത്രിധാതുകവും നിഷ്കൃതവുംതന്നെ.

ഇങ്ങനെ ചതുഷ്പദി.

സൂ—യത്ര ഷട്സു പാദേഷു പ്രഥമദ്വിതീയേ തുരീയപഞ്ചമാ ദ്വിദ്വികാമഗണാസ്തൃതിയഷഷ്ഠാവന്തേ സബാണഗണൌ ച സാരാംശന്യാസാ ഷട്പദീ. ൧൨൭

ഭാ—ആറു പാദങ്ങളുണ്ടായിരിക്കണം. അതിൽ ഒന്നും രണ്ടും നാലും അഞ്ചും പാദങ്ങളിൽ ഈരണ്ടു കാമഗണങ്ങൾ മാത്രവും മൂന്നും ആറും പാദങ്ങളിൽ ഈരണ്ടു കാമഗണങ്ങൾക്കുശേഷം ഓരോ ബാണഗണവും ഉണ്ടായിരിക്കണം. അംശസ്വരം നാദരൂപത്തിൽ മാത്രാ, അതായത് സരിഗ മുതലായ സ്വരാക്ഷരങ്ങൾ കൂടാതെ നാദമാത്രമായി പ്രയോഗിച്ചു ന്യസിക്കയും വേണം. ഇങ്ങനെയുള്ളതാണ് ചതുഷ്പദിപ്രബന്ധം. ഇതും താളശൂന്യമാണ്. ആദ്യത്തെ മൂന്നു പാദങ്ങൾ ഉദ്ഗ്രാഹം. പിന്നത്തെ മൂന്നും ധ്രുവം. ആഭോഗം വേറെയുണ്ടാകും. ത്രിധാതുകവും നിഷ്കൃതവുംതന്നെ. ത്രിപദി, ചതുഷ്പദി, ഷട്പദി ഈ മൂന്നു പ്രബന്ധങ്ങളും കർണ്ണാടാദിദേശഭാഷാമയങ്ങളുംകൂടിയായിരിക്കണമെന്നാണ് രത്നാകരമതം. എന്നാൽ സംസ്കൃതപ്രാകൃതഭാഷാമയങ്ങളായിട്ടും പ്രാചീനഗ്രന്ഥങ്ങളിൽ ഇവ കാണുന്നുണ്ട്. അതനുസരിച്ചാണ് ഭാഷാവിശേഷത്തെ ഇവിടെ സ്വീകരിക്കാഞ്ഞത്.

ഇങ്ങനെ ഷട്പദി.

സൂ—യത്ര പഞ്ചസു പാദേഷു വിഷമേഷു പഞ്ചദശ സമയോർദ്വാദശ മാത്രാസ്സന്തി. സ്വരപാടാന്തദ്വിതീയസ്വരതേനാന്തപഞ്ചമഃ പുനർദ്ദോധകവൃത്തനിബദ്ധഭാഗഃ പ്രബന്ധനായകനാമാങ്കിതാഭോഗസ്തേനകന്യാസോ വസ്തുപ്രബന്ധഃ. ൧൨൮

ഭാ—അഞ്ചു പാദങ്ങളുണ്ടായിരിക്കും. അതിൽ ഒന്നും മൂന്നും അഞ്ചും പാദങ്ങളിൽ പതിനഞ്ചു മാത്രകളും രണ്ടും നാലും പാദങ്ങളിൽ പന്തിരണ്ടു മാത്രകൾവീതവുമുണ്ടായിരിക്കും. രണ്ടാംപാദത്തിനുശേഷം സ്വരങ്ങളും പാടങ്ങളും അഞ്ചാംപാദത്തിനുശേഷം സ്വരങ്ങളും തേനങ്ങളും ഉണ്ടാകും. പിന്നെ ദോധകവൃത്തത്തിൽ നാലു പാദങ്ങളടങ്ങിയ ഒരു ഭാഗവും അതിനുശേഷം പ്രബന്ധനാമവും നായകാദിനാമവും അടങ്ങിയ ആഭോഗവും ഉണ്ടാകും. പിന്നെ തേനത്തിൽ ന്യാസം. ഇങ്ങനെയുള്ളതാണ് വസ്തുപ്രബന്ധം. ദോധകമെന്നതു ദ്വിപഥവൃത്തത്തിന്റെതന്നെ മറെറാരു പേരാണ്. അതിന്റെ ലക്ഷണം ദ്വിപഥപ്രബന്ധപ്രസ്താവത്തിൽ വിവരിച്ചിട്ടുമുണ്ട്. ഇതിൽ അഞ്ചു പാദങ്ങളും സ്വരതേനങ്ങളും കഴിയുന്നതുവരെയുള്ള ഭാഗമെല്ലാം ഉദ്ഗ്രാഹമാണ്. ദോധകവൃത്തത്തിലുള്ള ഭാഗം ധ്രുവം. ശേഷമുള്ളത് ആഭോഗം. ഇതും നിഷ്കൃതവും ത്രിധാതുകവുംതന്നെ. താളം ഉണ്ടെങ്കിലും ഇന്നതെന്നു നിയമമില്ല

ഇങ്ങനെ വസ്തുപ്രബന്ധം.

സൂ—ക്രമാത്തേനസ്വരപാടപദൈർവ്വിജയതാളേന ച വിരചിതസ്തേനന്യാസോ വിജയഃ. ൧൨൯

ഭാ—ആദ്യത്തെ പാദം തേനങ്ങളം, രണ്ടാമത്തേതു സ്വരങ്ങളം, മൂന്നാമത്തേതു പാടങ്ങളം, നാലാമത്തേതു പദങ്ങളം ഇങ്ങനെ നിൎമ്മിച്ചതും വിജയതാളത്തിൽ പാടേണ്ടതും തേനത്തിൽ ന്യസിക്കേണ്ടതുമാണ് വിജയപ്രബന്ധം. ഇതിലും പദങ്ങളാൽ ആഭോഗം വേറെ ച്ചേൎത്തിരിക്കും. വിജയതാളത്തിന്നു എട്ടു ലഘുക്കളാണ്. മൂന്നാമത്തേതിലും അഞ്ചാമത്തേതിലും എട്ടാമത്തേതിലും സശബ്ദക്രിയ. ഇതും നിൎയ്യുക്തവും ത്രിധാതുകവുമാണ്. തേനസ്വരങ്ങളം ഉദ്ഗ്രാഹം. പാടപാദങ്ങളം ധ്രുവം.

ഇങ്ങനെ വിജയം.

സൂ—പാടപദസ്വരത്രിപാദസ്ത്രിപഥഃ. ൧൫൯

ഭാ—ക്രമത്തിൽ പാടങ്ങളം, പദങ്ങളം, സ്വരങ്ങളം ഇങ്ങനെ മൂന്നു പാദങ്ങളം നിൎമ്മിച്ചിട്ടുള്ളതാണ് ത്രിപഥപ്രബന്ധം. ഇതിൽ പാടപദങ്ങളം ഉദ്ഗ്രാഹം. സ്വരങ്ങളം ധ്രുവം. പദങ്ങളാൽ ആഭോഗം ചേൎക്കണം. ഇത് അനിൎയ്യുക്തവും ത്രിധാതുകവുമാണ്.

ഇങ്ങനെ ത്രിപഥം.

സൂ - ക്രമേണ സ്ഥായ്യാദിവൎണ്ണചതുഷ്ടയാത്മകൈസ്സ്വരപാടതേനൈൎവ്വിരചിതചതുഷ്പാദോ ഗ്രഹന്യാസശ്ചതുൎമ്മുഖഃ ൧൬൦

ഭാ—ക്രമത്തിൽ സ്ഥായി, ആരോഹി, അവരോഹി, സഞ്ചാരി എന്നീ വൎണ്ണസ്വരൂപങ്ങളായ സ്വരങ്ങളം, പാടങ്ങളം, പദങ്ങളം, തേനങ്ങളം ഇവയാൽ നാലു പാദങ്ങളം നിൎമ്മിച്ചിട്ടുള്ളത് അതായത് സ്ഥായിവൎണ്ണസ്വരൂപത്തിലുള്ള സ്വരങ്ങളാൽ ഒന്നാംപാദം, ആരോഹിവൎണ്ണരൂപത്തിലുള്ള പാടങ്ങളാൽ രണ്ടാംപാദം, അവരോഹിവൎണ്ണരൂപത്തിലുള്ള പദങ്ങളാൽ മൂന്നാംപാദം, സഞ്ചാരിവൎണ്ണരൂപത്തിലുള്ള തേനങ്ങളാൽ നാലാംപാദം ഇങ്ങനെ നിൎമ്മിച്ചിട്ടുള്ളതു ചതുൎമ്മുഖപ്രബന്ധം. ഗ്രഹസ്വരത്തിൽ അല്ലെങ്കിൽ ഉദ്ഗ്രാഹാവസാനത്തിലാണ് ഇതിലെ ന്യാസം. ആദ്യത്തെ രണ്ടു പാദങ്ങളം ഉദ്ഗ്രാഹവും പിന്നത്തെ രണ്ടു പാദങ്ങളം ധ്രുവവുമാണ്. ആഭോഗം പദങ്ങളാൽ വേറെച്ചേൎക്കണം. ഇതും അനിൎയ്യുക്തത്രിധാതുകംതന്നെ.

ഇങ്ങനെ ചതുൎമ്മുഖം.

സൂ—സ്വരപാടപദതേനകൃതചതുഷ്പാദസ്സിംഹലീലതാളസ്സിംഹലീലഃ. ൧൬൧

ഭാ—ഒന്നാംപാദം സ്വരങ്ങളം, രണ്ടാംപാദം പാടങ്ങളം, മൂന്നാംപാദം പദങ്ങളം, നാലാംപാദം തേനങ്ങളം ഇങ്ങനെ നിൎമ്മിച്ചിട്ടുള്ളതും സിംഹലീലമെന്ന താളത്തിൽ പാടേണ്ടതുമാണ് സിംഹലീലപ്രബന്ധം. ഇതിലെ മൂന്നാംപാദത്തിലെ പദങ്ങളം മിക്കതും നായകാദിബിരുദങ്ങളെക്കുറിക്കുന്നവയായിരിക്കണം. സിംഹലീലതാളത്തിന്നു സശബ്ദക്രിയയുള്ള ഒരു ലഘുവും മൂന്നു ദ്രുതങ്ങളുമാണ്. 1000 എന്നു് അതിന്നടയാളം. ഇതിൽ പൂൎവ്വാൎദ്ധം ഉദ്ഗ്രാഹം ഉത്തരാൎദ്ധം ധ്രുവം. ആഭോഗം വേറെപ്പദങ്ങളാൽ ചേൎക്കണം. താളനിയമത്താൽ നിൎയ്യുക്തത്രിധാതുകം.

ഇങ്ങനെ സിംഹലീലം.

സൂ—പദപാടകൃതദ്വിപാദോ ഹംസലീലതാളശ്ച ഹംസലീലഃ. ൧൬൨

ഭാ—ഒന്നാംപാദം പദങ്ങളം, രണ്ടാംപാദം പാടങ്ങളം ഇങ്ങനെ രണ്ടു പാദങ്ങളം മാത്രമുള്ളതും ഹംസലീലമെന്ന താളത്തിൽ പാടേണ്ടതുമാണ് ഹംസലീലപ്രബന്ധം. ഹംസലീലതാളത്തിന്നു ISSIOS ഇങ്ങനെ ലഘു, ഗുരു, ഗുരു, ലഘു, ദ്രുതം, ഗുരു എന്നീ കണക്കിൽ

സശബ്ദക്രിയയുള്ള എട്ടു ലഘുക്കളും ഒരു ദ്രുതവുമാണ്. ഇതിൽ ഒന്നാംപാദം ഉദ്ഗ്രാഹം. രണ്ടാംപാദം ധ്രുവം. ആഭോഗം വേറെച്ചേൎക്കണം. നിയ്യുക്തത്രിധാതുകംതന്നെ.

ഇങ്ങനെ ഹംസലീലം.

സൂ—പദസ്വരാഭ്യാം ദണ്ഡകച്ഛന്ദസാ നിൎമ്മിതോ ദണ്ഡകഃ. ൧൩൧

ഭാ—ദണ്ഡകമെന്നു പറയുന്ന വൃത്തത്തിൽ പൂൎവ്വാൎദ്ധം പദങ്ങളും ഉത്തരാൎദ്ധം സ്വരങ്ങളുമായി നാലു പാദങ്ങളാൽ നിൎമ്മിച്ചിട്ടുള്ളതാണ് ദണ്ഡകപ്രബന്ധം. ദണ്ഡകവൃത്തം പലതരത്തിലുമായി അനേകമുണ്ട്. 'സരസിജദളലോചനാ ഫുല്ലപത്മാനനാ സാ സരോജാസനാ ഭാരതീ പാതു മാം.' എന്ന മാതിരി ഒരു പാദത്തിൽ ആദ്യം രണ്ടു നഗണങ്ങളും പിന്നെ ഏഴു രഗണങ്ങളുമായി ഇരുപത്തേഴക്ഷരം വീതമായി ഒരുവിധം. ആ ജാതിയിൽത്തന്നെ ഓരോ രഗണം അധികമധികമായി മുപ്പതക്ഷരം, മുപ്പത്തിമൂന്നക്ഷരം എന്ന ക്രമത്തിൽ പലതുമുണ്ട്. പിന്നെ 'ശോണാധരിമധുര, വാണീനവാംബുധര, വേണീവിലോലനയനാസാ, തിലകുസുമനാസാ, സരസിജനിവാസാ, ലസതു ഹൃദി സതതമപി, ശരദുദിതശശികിരണ, മദശമനപടുരുചിരഹാസാ.' എന്ന മാതിരി ഒരു പാദത്തിൽ ൭, ൧൪, ൨൧, ൨൮, ൩൭, ൪൭, ൫൭, ൬൬ എന്നീ അക്ഷരങ്ങളിൽ യതി വരുന്ന വിധത്തിൽ അനേകഗണഘടിതങ്ങളായുള്ള ദണ്ഡകങ്ങളും പലതുമുണ്ട്. അവയെല്ലാം വൃത്തശാസ്ത്രത്തിൽനിന്നു ഗ്രഹിച്ചുകൊൾക. ഇതിൽ പൂൎവ്വാൎദ്ധം ഉദ്ഗ്രാഹവും ഉത്തരാൎദ്ധം ധ്രുവവുമാണ്. ആഭോഗം പദഘടിതമായി വേറെച്ചേൎത്തിരിക്കും. ഛന്ദോനിയമമുള്ളതിനാൽ നിയ്യുക്തത്രിധാതുകം.

ഇങ്ങനെ ദണ്ഡകം.

സൂ—ത്രിപാദഗാഥാബദ്ധഃ ക്രീഡാതാളസ്സമ്പുടഃ. ൧൩൨

ഭാ— മൂന്നു പാദങ്ങൾ മാത്രമായ ഗാഥയിൽ നിബന്ധനം ചെയ്തിട്ടുള്ളതും ക്രീഡാതാളത്തിൽ പാടുന്നതുമാണ് സമ്പുടപ്രബന്ധം. ഗാഥാലക്ഷണം മുമ്പു കാണിച്ചിട്ടുണ്ട്. ക്രീഡാതാളത്തിന്നു സശബ്ദക്രിയയുള്ള രണ്ടു ദ്രുതങ്ങളും ഒരു വിദ്രുതവുമാണ്. ഇതിൽ ഒന്നും രണ്ടും പാദങ്ങൾ ഉദ്ഗ്രാഹം. മൂന്നാംപാദം ധ്രുവം. ആഭോഗം വേറെയുണ്ടാകുന്നതാണ്. ഇതും നിയ്യുക്തത്രിധാതുകംതന്നെ.

ഇങ്ങനെ സമ്പുടം.

സൂ—പദപാടപദത്രിപാദഃ കന്ദുകഃ. ൧൩൩

ഭാ—ഗാഥാബദ്ധഃ എന്നതനുവൎത്തിക്കുന്നു. ഗാഥാവൃത്തത്തിൽ ഒന്നാംപാദം പദങ്ങളും രണ്ടാംപാദം പാടങ്ങളും മൂന്നാംപാദം പദങ്ങളുമായി മൂന്നു പാദങ്ങൾ നിൎമ്മിച്ചിട്ടുള്ളതാണ് കന്ദുകപ്രബന്ധം. അതിൽ മൂന്നാംപാദത്തിലെ പദങ്ങൾ മിക്കതും നായകാദിബിരുദവാചകങ്ങളായിരിക്കണമെന്നാണ് സമ്പ്രദായം. ഉദ്ഗ്രാഹാദികളുടെ വിഭാഗം സമ്പുടത്തിലെപ്പോലെതന്നെ. ഇതും വൃത്തനിയമമുള്ളതിനാൽ നിയ്യുക്തത്രിധാതുകം.

ഇങ്ങനെ കന്ദുകം.

സൂ—സ്വരപാടപദത്രിപാദസ്ത്രിഭംഗിതാളസ്ത്രിഭംഗിഃ. ൧൩൪

ഭാ—ഗാഥാബദ്ധഃ എന്നതനുവൎത്തിക്കുന്നു. ഗാഥാവൃത്തത്തിൽ ഒന്നാംപാദം സ്വരങ്ങൾ, രണ്ടാംപാദം പാടങ്ങൾ, മൂന്നാംപാദം പദങ്ങൾ ഇങ്ങനെ നിൎമ്മിച്ച മൂന്നു പാദങ്ങളുള്ളതും ത്രിഭംഗി എന്ന താളത്തിൽ പാടേണ്ടതുമാണ് ത്രിഭംഗിപ്രബന്ധം. ത്രിഭംഗിതാളത്തിന്ന് ആറു ലഘുക്കളാണ്. ഒന്നും രണ്ടും നാലും ആറും ലഘുക്കളിൽ സശബ്ദക്രിയ. ഉദ്ഗ്രാഹാദിവിഭാഗം സമ്പുടത്തിലെപ്പോലെതന്നെ. നിയ്യുക്തത്രിധാതുകം.

ഇങ്ങനെ ത്രിഭംഗി.

സൂ—പദപാടതേനൈഃ ക്രമാന്നിർമ്മിതത്രിഖണ്ഡോ ഹരവിലാസഃ. ൧൬൭

ഭാ—പദങ്ങളാൽ ആദ്യഖണ്ഡവും പാടങ്ങളാൽ രണ്ടാംഖണ്ഡവും തേനങ്ങളാൽ മൂന്നാംഖണ്ഡവുമായി മൂന്നു ഖണ്ഡങ്ങളുള്ളതാണ് ഹരവിലാസപ്രബന്ധം. ആദ്യത്തെ ഖണ്ഡത്തിൽ നായകാദിബിരുദവാചകപദങ്ങളും അടങ്ങിയിരിക്കണമെന്നു സമ്പ്രദായം. ഇതിൽ ആദ്യത്തെ ഖണ്ഡം ഉദ്ഗ്രാഹം. രണ്ടും മൂന്നും ഖണ്ഡങ്ങൾ ധ്രുവം. ആഭോഗം വേറെപ്പദങ്ങളാൽ ഉണ്ടായിരിക്കും. താളാദിനിയമമില്ലാത്തതിനാൽ അനിർയ്യുക്തവും ത്രിധാതുകവുമാണിത്.

ഇങ്ങനെ ഹരവിലാസം.

സൂ—പദതേനാഭ്യാം സുദർശനഃ. ൧൬൮

ഭാ—പദങ്ങളാൽ ആദ്യത്തെ ഖണ്ഡവും തേനങ്ങളാൽ രണ്ടാംഖണ്ഡവുമായി രണ്ടു ഖണ്ഡങ്ങളുള്ളതു സുദർശനപ്രബന്ധം. പദങ്ങളിൽ ബിരുദവാചകങ്ങളുമുണ്ടായിരിക്കണം. ആദ്യഖണ്ഡം ഉദ്ഗ്രാഹം. രണ്ടാംഖണ്ഡം ധ്രുവം. ആഭോഗം വേറെയുണ്ടായിരിക്കും. ഇതും അനിർയ്യുക്തത്രിധാതുകം.

ഇങ്ങനെ സുദർശനം.

സൂ—പദസ്വരപദക്രമാദുദ്ഗ്രാഹമേളാപകധ്രുവാ ഏകദ്വിത്രിതാളാ യത്ര മാളവശ്രീരാഗശ്ച സ സ്വരാങ്കഃ. ൧൬൯

ഭാ—പദങ്ങളാൽ ഉദ്ഗ്രാഹം. സ്വരങ്ങളാൽ മേളാപകം. പിന്നെ പദങ്ങളാൽ ധ്രുവം. അതിൽ ബിരുദവാചകങ്ങളായ വാക്കുകളും ഉണ്ടായിരിക്കണം. ഉദ്ഗ്രാഹം ഏതെങ്കിലും ഒരു താളത്തിലും മേളാപകം രണ്ടു വിഭിന്ന താളങ്ങളിലും ധ്രുവം മൂന്നു വിഭിന്ന താളങ്ങളിലും പാടണം. മാളവശ്രീ എന്ന രാഗവുമായിരിക്കണം. ആഭോഗം പദങ്ങളാൽ വേറെയുമുണ്ടായിരിക്കും. ഇങ്ങനെയുള്ളതാണ് സ്വരാങ്കപ്രബന്ധം. ഇതു നിർയ്യുക്തവും ചതുർധാതുകവുമാണ്.

ഇങ്ങനെ സ്വരാങ്കം.

സൂ—പദപാടപദസ്വരക്രമസ്താളയുഗ്മയുക്തഃ ശ്രീവർദ്ധനഃ. ൧൭൦

ഭാ—പദങ്ങൾ,പാടങ്ങൾ,പദങ്ങൾ സ്വരങ്ങൾ ഈ ക്രമത്തിലുള്ളതും ഉദ്ഗ്രാഹവും ധ്രുവവും വേറെവേറെത്താളങ്ങളിൽ പാടേണ്ടതുമാണ് ശ്രീവർദ്ധനപ്രബന്ധം. ഇതിൽ ആദ്യത്തെ പദങ്ങളും പാടങ്ങളും ചേർന്നുദ്ഗ്രാഹം. പിന്നത്തെ പദങ്ങളും സ്വരങ്ങളും ധ്രുവം. ആഭോഗം വേറെയുണ്ടായിരിക്കും. അതിന്നു ധ്രുവത്തിന്നുള്ള താളംതന്നെ. ഉദ്ഗ്രാഹത്തിലെപ്പദങ്ങളിൽ ബിരുദപദങ്ങളും അടങ്ങിയിരിക്കണം. ഇത് അനിർയ്യുക്തത്രിധാതുകം.

ഇങ്ങനെ ശ്രീവർദ്ധനം.

സൂ—പദസ്വരപാടൈർഹർഷവർദ്ധനഃ. ൧൭൧

ഭാ—പദങ്ങൾ, സ്വരങ്ങൾ, പാടശബ്ദങ്ങൾ ഈ ക്രമത്തിലുള്ളതാണ് ഹർഷവർദ്ധനപ്രബന്ധം. ഇതിൽ പദങ്ങൾ ഉദ്ഗ്രാഹം. അതിൽ അവസാനത്തിൽ ബിരുദപദങ്ങളായിരിക്കണം. സ്വരങ്ങളും പാടങ്ങളും ധ്രുവം. ആഭോഗപദങ്ങൾ വേറെയുണ്ടായിരിക്കും. ഇതും അനിർയ്യുക്തത്രിധാതുകം.

ഇങ്ങനെ ഹർഷവർദ്ധനം.

സൂ—രസഭൃതഗണദ്വയം നേത്രഗണശ്ച യസ്മിന്നുദ്ഗ്രാഹേ സ്വരപാടാത്മകേ ച ധ്രുവേ തദ്വദനം. ൧൨൦

ഭാ—ആറ മാത്രയുള്ള രസഗണവും അഞ്ചു മാത്രയുള്ള ഭൃതഗണവും രണ്ടു വീതവും പിന്നെ രണ്ടു മാത്രയുള്ള ഒരു നേത്രഗണവും അതായത് രസഗണം, ഭൃതഗണം, രസഗണം, ഭൃതഗണം, നേത്രഗണം എന്ന ക്രമത്തിൽ ഉദ്ഗ്രാഹഭാഗവും സ്വരപാടസ്വരൂപമായ ധ്രുവഭാഗവും ഏതിൽ വരുന്നുവോ അതാണ് വദനപ്രബന്ധം. ആഭോഗം വേറെയുണ്ടായിരിക്കം. ഇതിൽ ധ്രുവം സ്വരങ്ങളും പാടശബ്ദങ്ങളുമാണെന്നു കാണിച്ചതുകൊണ്ട് ഉദ്ഗ്രാഹഭാഗം പദങ്ങളാണെന്ന് അൎത്ഥസിദ്ധമെന്നറിഞ്ഞുകൊൾക. ഇതും അനിൎയ്യുക്തത്രിധാതുകം.

ഇങ്ങനെ വദനം.

സൂ—ഷോഡശമാത്രകബഹുപാദാ പാദദ്വയാനുപ്രാസാ ഹിന്ദോളരാഗഗേയാ ചച്ചരിതാളാ പ്രാകൃതഭാഷാനിബദ്ധാ ചച്ചരീ. ൧൨൧

ഭാ—ഓരോ പാദത്തിലും പതിനാറ മാത്രകൾവീതമുണ്ടായിരിക്കം. അങ്ങനെയുള്ള പാദങ്ങൾ പലതുമുണ്ടാകാം. ഈരണ്ടു പാദങ്ങൾ കൂടുമ്പോൾ, അതായത് ഒന്ന്, മൂന്ന്, അഞ്ച്, എന്നീ ക്രമത്തിലുള്ള പാദങ്ങളിലും രണ്ട്, നാല്, ആറ് എന്നീ ക്രമത്തിലുള്ളവയിലും പാദാനുപ്രാസമെന്ന ശബ്ദാലങ്കാരമുണ്ടായിരിക്കം. പാദങ്ങളിലെ രണ്ടാമത്തെയോ മൂന്നാമത്തെയോ അക്ഷരം ഒന്നുതന്നെയായിരിക്കയെന്നതാണ് പാദാനുപ്രാസത്തിൻെറ സ്വരൂപം. പാട്ടന്നതു ഹിന്ദോളരാഗത്തിലായിരിക്കണം. ചച്ചരി എന്ന താളമായിരിക്കണം. പ്രാകൃതഭാഷയിലുമായിരിക്കണം. ഇങ്ങനെയുള്ളതാണ് ചച്ചരീപ്രബന്ധം. ചച്ചരീതാളത്തിന്നു ദ്രുതം വിദ്രുതം എന്ന ക്രമത്തിൽ എട്ടു ദ്രുതവിദ്രുതങ്ങളും ഒരു ലഘുവുമാണ്. അങ്ങനെ ഏഴു ലഘുക്കൾ. ഈ ചച്ചരീപ്രബന്ധത്തിന്നു നാടകാദികളിൽ പലവക ഭേദങ്ങളും കാണുന്നുണ്ട്. ഇതിൽ ആദ്യത്തെ രണ്ടു പാദം ഉദ്ഗ്രാഹം. പിന്നെയുള്ളതു ധ്രുവം. വിഷയം വസന്താദിവൎണ്ണനമായിരിക്കം. ആഭോഗം വേറെയുണ്ടാകുന്നതുമാണ്. താളാദിനിയമത്താൽ നിൎയ്യുക്തത്രിധാതുകം.

ഇങ്ങനെ ചച്ചരി.

സൂ—പദ്ധടികാവൃത്തബദ്ധാ പാദാന്തപ്രാസാ അധ്യാത്മവിഷയാ ദ്വിതീയാദിതാളാ ചൎയ്യാ. സാ ച സമധ്രുവാ വിഷമധ്രുവാ വാ. ൧൨൨

ഭാ—പദ്ധടികാവൃത്തത്തിൽ നിൎമ്മിച്ചതും പാദാന്തപ്രാസമുള്ളതും. അധ്യാത്മവിഷയങ്ങളെ പ്രതിപാദിക്കുന്നതും ദ്വിതീയതാളത്തിലോ അതിനോടു തുല്യമായ താളത്തിലോ പാട്ടന്നതുമാണ് ചൎയ്യാപ്രബന്ധം. പദ്ധടികാവൃത്തത്തിന്ന് ഓരോ പാദത്തിലും പതിനാറ മാത്ര വീതമാണ്. അതിലെ അക്ഷരങ്ങളെ ഓരോ ഗണങ്ങളാക്കിത്തിരിക്കുമ്പോൾ മധ്യഗുരുവായ ജഗണം വരികയുമരുത്. എല്ലാ പാദത്തിലും അവസാനത്തെ അക്ഷരം ഗുരുവായിരിക്കയും വേണം.

'ചിന്മയരൂപാ ബിന്ദുപ്രായാ നാദബ്രഹ്മമയീ മഹനീയാ
പാതു മഹത്വാഹങ്കൃതികായാ നിശ്ശേഷജഗന്മൂലം മായാ.'

എന്നീ വക ഉദാഹരണം. പാദാവസാനങ്ങളിൽ ഒരേ അക്ഷരംതന്നെ വരുന്നതാണ് പാദാന്തപ്രാസം. ദ്വിതീയതാളത്തിന്നു രണ്ടു ലഘുക്കളാണ്. അതായത് രണ്ടു ലഘുക്കൾ കൂടുമ്പോൾ സശബ്ദക്രിയ എന്നൎത്ഥം. ഈ ചൎയ്യാപ്രബന്ധം സമധ്രുവമായിട്ടും വിഷമധ്രുവമാ

യിട്ടും വരുന്നതാണ്. പൂർവ്വാർദ്ധം ഉദ്ഗ്രാഹവും ഉത്തരാർദ്ധം ധ്രുവവുമായിട്ടുള്ളതു സമധ്രുവം. ആദ്യപാദം ഉദ്ഗ്രാഹവും മററ മൂന്നു പാദങ്ങളും ധ്രുവവുമായിട്ടുള്ളതു വിഷമധ്രുവം. ആഭോഗം രണ്ടിലും വേറെയുണ്ടായിരിക്കും. നിര്യുക്തത്രിധാതുകം തന്നെ.

ഇങ്ങനെ ഛന്ദ്യ.

സൂ—തദ്വൃത്തബദ്ധാ പാദദ്വയാന്തപ്രാസാ സംബുദ്ധിപദസ്വരോദ്ഗ്രാഹാ താദൃശപദപാടധ്രുവാ പദ്ധടി ൧൪൭

ഭാ—മേൽപ്പറഞ്ഞ പദ്ധടികാവൃത്തത്തിൽ നിർമ്മിച്ചതും ഈരണ്ടു പാദങ്ങളുടെ അവസാനാക്ഷരം മാത്രം ഒന്നായിട്ടുള്ളതും സംബോധനരൂപങ്ങളായ പദങ്ങളെക്കൊണ്ടു പൂർവ്വാർദ്ധവും അതിന്നുശേഷം സ്വരങ്ങളും ചേർന്നത് ഉദ്ഗ്രാഹഭാഗവും സംബോധനരൂപപദങ്ങളെക്കൊണ്ടുതന്നെ ഉത്തരാർദ്ധവും അതിന്നുശേഷം പാടങ്ങളും ചേർന്നതു ധ്രുവഭാഗവുമായിട്ടുള്ളതുമാണ് പദ്ധടീപ്രബന്ധം. ഇതിലും ആഭോഗം വേറെയുണ്ടാകും. നിര്യുക്തത്രിധാതുകം തന്നെ.

ഇങ്ങനെ പദ്ധടി.

സൂ—യുദ്ധവീരരസവ്യഞ്ജികാ ബഹുപാദാ രാഹടീ. ൧൪൮

ഭാ—യുദ്ധവീരനായ നായകൻെറ വീരരസത്തെ വർണ്ണിക്കുന്നതും വളരെപ്പാദങ്ങളുള്ളതുമാണ് രാഹടിപ്രബന്ധം. ഇതിൽ ആദ്യത്തെ രണ്ടു പാദങ്ങൾ ഉദ്ഗ്രാഹം. ശേഷമെല്ലാം ധ്രുവം. ആഭോഗം വേറെ ചേർക്കണം. താളാദിനിയമമില്ലാത്തതിനാൽ അനിര്യുക്തത്രിധാതുകം.

ഇങ്ങനെ രാഹടി.

സൂ—യത്ര സംബുദ്ധ്യന്തഭിന്നപദൈരുദ്ഗ്രാഹസ്തദന്തൈശ്ച ധ്രുവസ്സ വീരശ്രീഃ. ൧൪൯

ഭാ—സംബോധനരൂപത്തിലല്ലാത്ത പദങ്ങളാൽ ഉദ്ഗ്രാഹവും സംബോധനപദങ്ങളാൽ ധ്രുവവുമായിട്ടുള്ളതാണ് വീരശ്രീപ്രബന്ധം. ആഭോഗം വേറെ ചേർക്കണം. ഇതും അനിര്യുക്തത്രിധാതുകം.

ഇങ്ങനെ വീരശ്രീ.

സൂ—കൈശികീരാഗോ നിസ്സാരുതാളസ്സസ്വരോ ഗദ്യപദ്യോഭയാന്യതമാത്മകോ മംഗളാചാരഃ. ൧൫൦

ഭാ—കൈശികി എന്ന രാഗത്തിലും നിസ്സാരു എന്ന താളത്തിലും പാടേണ്ടതും ഗദ്യരൂപത്തിലോ പദ്യരൂപത്തിലോ ഗദ്യപദ്യങ്ങൾ രണ്ടും ചേർന്നിട്ടുള്ള രൂപത്തിലോ ഉള്ളതും ഉദ്ഗ്രാഹത്തിന്നുശേഷം സ്വരങ്ങളുള്ളതുമാണ് മംഗളാചാരപ്രബന്ധം. കൈശികിയെന്ന രാഗം മാർഗ്ഗരാഗങ്ങളിൽ ശുദ്ധപഞ്ചമരാഗത്തിൻെറ ഭാഷാരാഗമാണ്. നിസ്സാരുതാളത്തിന്നു വിദ്രുതാവസാനങ്ങളായ രണ്ടു ലഘുക്കളാണ്. |\`|\`| എന്ന് അതിൻെറ ചിഹ്നം. ഇതിൽ ആദ്യത്തെ അർദ്ധം ഉദ്ഗ്രാഹം. ഉത്തരാർദ്ധം ധ്രുവം. ആഭോഗം വേറെ ചേർക്കണം. നിര്യുക്തത്രിധാതുകം.

ഇങ്ങനെ മംഗളാചാരം.

സൂ—കീർത്തിവിജയവിക്രമാഃ പ്രത്യേകം ഷഡഷ്ടപാദസ്ത്രിവിധോ ധവളഃ. ൧൫൧

ഭാ—ധവളപ്രബന്ധം കീത്തിധവളം, വിജയധവളം, വിക്രമധവളം ഇങ്ങനെ മൂന്ന വകയായിട്ടുണ്ട്. കീത്തിധവളത്തിന്ന നാല്യ പാദങ്ങളും വിജയധവളത്തിന്ന് ആറ പാദങ്ങളും വിക്രമധവളത്തിന്ന് എട്ടു പാദങ്ങളും ഉണ്ടായിരിക്കുന്നതാണ്.

കീത്തിധവളത്തിന്റെ സ്വഭാവം വിവരിക്കുന്നു—

സൂ—വിഷമപാദയോർദ്വാദശ സമയോശ്ചതുർദശ വാ പഞ്ചദശ മാത്രാഃ കീത്തിധവളേ. ൧൮൬

ഭാ—കീത്തിധവളത്തിൽ ഒന്നും മൂന്നും പാദങ്ങളിൽ പന്തിരണ്ടു മാത്രകൾ വീതമുണ്ടാകുന്നതാണ്. രണ്ടും നാലും പാദങ്ങളിൽ പതിന്നാലു മാത്രകൾ വീതവും വരാം. പതിനഞ്ചു മാത്രകൾ വീതവും വരാം. അവയിലൊന്നിൽ പതിന്നാലും ഒന്നിൽ പതിനഞ്ചും മാത്രകളായിട്ടും വരാം.

വിജയധവളസ്വഭാവം വിവരിക്കുന്നു—

സൂ—വിജയേ ത്വാദ്യദ്വിതീയതുര്യ്യഷഷ്ഠേഷു ദ്വേ ശേഷയോഃ പഞ്ച ഷഡ്വാധികാഃ. ൧൮൭

ഭാ—വിജയധവളത്തിലാകട്ടെ ഒന്നും രണ്ടും നാലും ആറും പാദങ്ങളിൽ കീത്തിധവളത്തിലെ വിഷമസമപാദങ്ങളേക്കാൾ ഈരണ്ടു മാത്രകൾ അധികമായിരിക്കും. അതായത് ഒന്നാം പാദത്തിൽ പതിന്നാലു മാത്രകളും രണ്ടും നാലും ആറും പാദങ്ങളിൽ പതിനാറോ പതിനേഴോ മാത്രകൾ വീതവും ഉണ്ടാകുമെന്നൎത്ഥം. മൂന്നും അഞ്ചും പാദങ്ങളിൽ കീത്തിധവളത്തിലെ വിഷമപാദത്തേക്കാൾ അഞ്ചോ ആറോ മാത്രകൾ അധികമായിരിക്കും. അതായത് ആ രണ്ടു പാദങ്ങളിലും പതിനേഴോ പതിനെട്ടോ മാത്രകൾ വീതമുണ്ടാകുമെന്നൎത്ഥം.

വിക്രമധവളസ്വഭാവം വിവരിക്കുന്നു—

സൂ—വിക്രമേ പുനരാദ്യതുര്യ്യപഞ്ചമേഷു ചതുർദശ ദ്വിതീയതൃതീയസപ്തമേഷു ഷണ്മാത്രാഃ ഷഷ്ഠാഷ്ടമയോരഷ്ടൌ. ൧൮൮

ഭാ—വിക്രമധവളത്തിലാകട്ടെ ഒന്നും നാലും അഞ്ചും പാദങ്ങളിൽ പതിന്നാലു മാത്രകൾ വീതവും രണ്ടും മൂന്നും ഏഴും പാദങ്ങളിൽ ആറ മാത്രകൾ വീതവും ആറും എട്ടും പാദങ്ങളിൽ എട്ടു മാത്രകൾ വീതവും വരുന്നതാണ്.

സൂ—ആശീർവ്വാദാത്മകോ ധവളഃ. ൧൮൯

ഭാ—മേൽകാണിച്ച മൂന്ന വിധത്തിലുള്ള ധവളപ്രബന്ധവും ആശീർവ്വാദരൂപത്തിലുള്ളതായിരിക്കണം. എല്ലാത്തരം ധവളത്തിലും പൂർവ്വാൎദ്ധം ഉദ്ഗ്രാഹം. ഉത്തരാൎദ്ധം ധ്രുവം. ആഭോഗം വേറെച്ചേർക്കണം. ഇത് അനിര്യ്യുക്തത്രിധാതുകം.

ഇങ്ങനെ ധവളം.

സൂ—ബോട്ടകൈശിക്യന്യതരരാഗോ വിളംബിതലയോ മംഗളാൎത്ഥപദബഹുലോ മംഗളവൃത്തശ്ച മംഗളഃ. ൧൯൦

ഭാ—ബോട്ടരാഗത്തിലോ കൈശികിരാഗത്തിലോ പാടേണ്ടതും വിളംബിതലയത്തിലുള്ളതും മംഗളവാചകങ്ങളായ ശ്രീ, ശംഖ, ചക്ര, പത്മ, ചന്ദ്രാദിപദങ്ങൾ അധികം ചേൎന്നതും മംഗളമെന്ന വൃത്തത്തിൽ നിൎമ്മിച്ചിട്ടുള്ളതുമാണ് മംഗളപ്രബന്ധം. ബോട്ടരാഗം മധ്യമഗ്രാമരാഗങ്ങളിൽച്ചേൎന്നതാണ്. കൈശികീരാഗം ശുദ്ധപഞ്ചമമെന്ന ഗ്രാമരാഗത്തിന്റെ ഭാഷാരാഗമാണെന്ന മുമ്പു വീരശ്രീപ്രകൃതത്തിൽത്തന്നെ പറഞ്ഞിട്ടുണ്ട്. മംഗളവൃത്തത്തിന്ന പാദംതോറും അഞ്ചു വേദഗണങ്ങൾ അതായത് ഇരുപതു മാത്രകൾവീതമാണ്.

സാരസവാസരതാ ശശിസുന്ദരവദനാ
ഭാസതു ഹൃദയേ മേ സരസീരുഹനയനാ
പൂരിതഭക്തജനാഭിമതാ ധൃതവീണാ
പുസ്തകമാലാലസിതകരാ വരവാണീ.

എന്നുദാഹരണം. ഇതിലും പൂർവ്വാൎദ്ധം ഉദ്ഗ്രാഹം. ഉത്തരാൎദ്ധം ധ്രുവം. ആഭോഗം വേറെ ച്ചേൎക്കണം. നിൎയ്യുക്തത്രിധാതുകം.

ഇങ്ങനെ മംഗളം.

സൂ—സപ്രാസഖണ്ഡത്രയവതി ദേശഭാഷാനിബദ്ധാ ഓവീപദാന്താ ആഭോഗശൂന്യാ ചോവീ. ൧൮൨

ഭാ—മൂന്നു ഖണ്ഡങ്ങളുള്ളതും കൎണ്ണാടാദിദേശഭാഷകളിൽ നിൎമ്മിച്ചതും ഓരോ ഖണ്ഡത്തിനും ആദിയിലോ അവസാനത്തിലോ അക്ഷരൈക്യംകൊണ്ടുള്ള ആദിപ്രാസമോ അന്ത്യപ്രാസമോ ഉള്ളതും പ്രബന്ധാവസാനത്തിൽ ഓവീ എന്ന ശബ്ദം ചേൎന്നതും ആഭോഗഭാഗം ഇല്ലാത്തതുമാണ് ഓവീപ്രബന്ധം. ഇതിൽ ആദ്യത്തെ രണ്ടു ഖണ്ഡങ്ങൾ ഉദ്ഗ്രാഹം. മൂന്നാംഖണ്ഡം ധ്രുവം. ഇത് അനിൎയ്യുക്തത്രിധാതുകമാണ്.

ഇങ്ങനെ ഓവി.

സൂ—സാനുപ്രാസഖണ്ഡത്രയവതി പ്രാകൃതനിബദ്ധാ ലോലീപദാന്താ ച ലോലീ. ൧൮൩

ഭാ—മൂന്നു ഖണ്ഡങ്ങളുള്ളതും മാഗധി, ശൌരസേനി മുതലായ പ്രാകൃതഭാഷകളിൽ നിൎമ്മിച്ചതും അടുത്തടുത്ത് അക്ഷരൈക്യംകൊണ്ടു വരുന്ന അനുപ്രാസമുള്ളതും അവസാനത്തിൽ ലോലീ എന്ന ശബ്ദം ചേൎന്നതും ആഭോഗമില്ലാത്തതുമാണ് ലോലീപ്രബന്ധം. ഇതിലും ഉദ്ഗ്രാഹധ്രുവഭാഗവിഭാഗം ഓവിയിലെപ്പോലെതന്നെ. അനിൎയ്യുക്തദ്വിധാതുകം.

ഇങ്ങനെ ലോലി.

സൂ—തഥാവിധാ ലാടഭാഷാനിബദ്ധാ ഢോല്ലരിപദാന്താ ഢോല്ലരി. ൧൮൪

ഭാ—അപ്രകാരം മൂന്നു ഖണ്ഡങ്ങളുള്ളതും ലാടഭാഷയിൽ നിൎമ്മിച്ചതും അവസാനത്തിൽ ഢോല്ലരീ എന്ന ശബ്ദം ചേൎന്നതും ആഭോഗമില്ലാത്തതുമാണ് ഢോല്ലരീപ്രബന്ധം. ലോല്ലരീപ്രബന്ധമെന്നും ഇതിന്നു പേരുണ്ട്. ഉദ്ഗ്രാഹധ്രുവവിഭാഗം ഓവിയിലെപ്പോലെ. അനിൎയ്യുക്തദ്വിധാതുകം.

ഇങ്ങനെ ലോല്ലരി.

സൂ—താദൃശീ സംസ്കൃതഭാഷാനിബദ്ധാനുപ്രാസബഹുലാ ദന്തീപദാന്താ ദന്തീ. ൧൮൫

ഭാ—അപ്രകാരം മൂന്നു ഖണ്ഡങ്ങളുള്ളതും സംസ്കൃതഭാഷയിൽ നിൎമ്മിച്ചതും അനുപ്രാസാലങ്കാരം നിറഞ്ഞതും അവസാനത്തിൽ ദന്തീ എന്ന ശബ്ദം ചേൎന്നതും ആഭോഗഭാഗമില്ലാത്തതുമാണ് ദന്തീപ്രബന്ധം. ഉദ്ഗ്രാഹധ്രുവവിഭാഗം ഓവിയിലെപ്പോലെ. അനിൎയ്യുക്തദ്വിധാതുകംതന്നെ. ഓവി മുതൽക്കുള്ള നാലും ദക്ഷിണപ്രസ്ഥാനത്തിലെ ജ്യാവലീപ്രബന്ധങ്ങളോടു തുല്യങ്ങളാണെന്നും ഗ്രഹിച്ചുകൊൾക.

ഇങ്ങനെ ദന്തി.

സൂ—അനുക്തന്യാസാനാമുദ്ഗ്രാഹേ ന്യാസോനുക്താഭോഗാനാം പരൈരാഭോഗഃ. ൧൨൭

ഭാ—മേൽക്കാണിച്ച പ്രബന്ധങ്ങളിൽ ന്യാസസ്ഥാനം കാണിച്ചിട്ടില്ലാത്തതിന്നെല്ലാം ഉദ്ഗ്രാഹത്തിൽ ന്യാസമാണെന്നും ആഭോഗത്തെപ്പററി പ്രത്യേകം പറയാത്തതിന്നെല്ലാം പദങ്ങൾകൊണ്ട് ആഭോഗഭാഗം നിമ്മിക്കേണ്ടതാണെന്നും അറിഞ്ഞുകൊൾക.

ഇങ്ങനെ പ്രകീണ്ണപ്രബന്ധങ്ങൾ.

ഇനി സാലഗസൂഡപ്രബന്ധങ്ങളെപ്പററിപ്പറയുന്നു. അതിൽ ആദ്യം സാലഗസൂഡത്തിൻെറ അത്ഥം കാണിക്കുന്നു—

സൂ—ശുദ്ധസൂഡച്ഛായാലഗസ്സാലഗസൂഡഃ. ൧൨൮

ഭ—സൂഡമെന്നതു ഭരതമുനി തുടങ്ങിയ പ്രാചീനാചായ്യന്മാർ ഗീതങ്ങൾക്കുള്ള നിയമങ്ങൾ കാണിച്ച് ആവക നിയമങ്ങൾക്കനുസൃതമായ ഗീതവിശേഷത്തിന്നു പാരിഭാഷികമായിക്കൊടുത്തിട്ടുള്ള സംജ്ഞയാണ്. അപ്രകാരം സംഗീതശാസ്ത്രദ്രഷ്ടാക്കളായ മുനിമാർ നിയമങ്ങളേപ്പെടുത്തിട്ടുള്ളതാകട്ടേ രാഗമൂലജാതിസ്വരങ്ങൾ, കമ്പളങ്ങൾ, കപാലങ്ങൾ, ഗീതികൾ, മന്ദ്രകാദിപ്രകരണങ്ങൾ, ഗ്രാമരാഗങ്ങൾ, ഉപരാഗങ്ങൾ, ശുദ്ധരാഗങ്ങൾ, ഭാഷാരാഗങ്ങൾ, വിഭാഷാരാഗങ്ങൾ, അന്തരഭാഷാരാഗങ്ങൾ ഇങ്ങനെ പതിനൊന്നു വകക്കാണ്. ഏലാദികളായ എട്ടുതരം ഗീതവിശേഷങ്ങളും ആവക നിയമങ്ങൾക്കു യോജിച്ചവയാകയാൽ അവക്കു ശുദ്ധസൂഡങ്ങളെന്നു പേർ നൽകിയിരിക്കുന്നു. ആ നിയമങ്ങളെ മുഴുവൻ അനുസരിക്കാതെയും സൂഡച്ഛായയെ അവലംബിച്ചും നിമ്മിച്ചിട്ടുള്ള ഗീതവിശേഷങ്ങൾക്കാണ് സാലഗസൂഡങ്ങൾ എന്നു പറയുന്നത് എന്നു താൽപയ്യം. സാലഗമെന്നതു ഛായാലഗം എന്ന പദത്തിൻെറ അപഭ്രംശമാണെന്നു മുമ്പുതന്നെ കാണിച്ചിട്ടുണ്ട്. ഛായയെ ലഗിച്ചിട്ടുള്ളത് അതായതു സംഗമിച്ചിട്ടുള്ളതു ഛായാലഗം.

സാലഗസൂഡങ്ങളുടെ വകഭേദം കാണിക്കുന്നു—

സൂ—സ ച ധ്രുവമണ്ഠപ്രതിമണ്ഠനിസ്സാരുകാട്ടരാസൈകതാളീഭേദാത്സപ്തവിധഃ. ൧൨൯

ഭാ—ആ സാലഗസൂഡപ്രബന്ധം ധ്രുവം, മണ്ഠം, പ്രതിമണ്ഠം, നിസ്സാരുകം, അട്ടം, രാസം, ഏകതാളി ഇങ്ങനെ ഏഴു വകയായിട്ടുണ്ട്. ഈ ധ്രുവാദിസംജ്ഞകൾ ഓരോ തരം ഗീതവിശേഷങ്ങൾക്കു പാരിഭാഷികങ്ങളായ സംജ്ഞകളാണ്. അതിനാൽ അവയിൽപ്പെട്ട ചില പ്രബന്ധങ്ങൾക്ക് അതേ സംജ്ഞയുള്ള താളമല്ലാതെ മററു ചില താളങ്ങളാണ് വിധിച്ചിട്ടുള്ളതെങ്കിലും വിരോധമില്ലെന്നറിഞ്ഞുകൊൾക. അതുപോലെ ഇതിലെ മണ്ഠം, ആദിതാളം മുതലായ താളസംജ്ഞകളും ദക്ഷിണപ്രസിദ്ധങ്ങളായ ആവക താളങ്ങളിൽനിന്നു വിഭിന്നങ്ങളും പ്രത്യേകം പാരിഭാഷികങ്ങളുമാണ്.

ധ്രുവസാമാന്യലക്ഷണം പറയുന്നു—

സൂ—യത്രൈകധാതുദ്വിഖണ്ഡ ഉദ്ഗ്രാഹസ്തതഃ കിഞ്ചിദുച്ചഖണ്ഡശ്ച ധ്രുവസ്തേഷാം ദ്വിരാവൃത്ത്യനന്തരമേകധാതുദ്വിഖണ്ഡ ഉച്ചതരപരഖണ്ഡശ്ചാഭോഗഃ സ്തുത്യനാമാങ്കിതോച്ചതരൈകഖണ്ഡോ വാ സ ഖലൂദ്ഗ്രാഹാദ്യഖണ്ഡന്യാസോ ധ്രുവഃ. ൧൩൦

ഭാ—ഉദ്ഗ്രാഹഭാഗത്തിൽ രണ്ടു ഖണ്ഡമുണ്ടായിരിക്കും. രണ്ടിനും ധാതുവായ സ്വരസമുദായം ഒന്നുതന്നെയും മാതുവായ സാഹിത്യം വേറെയുമായിരിക്കും. പിന്നെ ആ സ്വ

രസമുദായത്തേക്കാാം അല്പം ഉച്ചസ്ഥാനങ്ങളിലുള്ള സ്വരസമുദായത്തിലുള്ള സാഹിത്യംകൊണ്ട് ഒരു ഖണ്ഡം ധ്രുവഭാഗമായി നിർമ്മിച്ചിരിക്കും. ആ ധ്രുവം പാടിയതിന്നുശേഷം ഉദ്ഗ്രാഹം മുതൽ വീണ്ടും തുടങ്ങി ആ മൂന്നു ഖണ്ഡങ്ങളും ഒരാവൃത്തികൂടിപ്പാടണം. അതിൽപ്പിന്നെ മൂന്നു ഖണ്ഡങ്ങളുള്ള ആഭോഗഭാഗം പാടുക. ആ മൂന്നു ഖണ്ഡങ്ങളിൽ ആദ്യത്തെ രണ്ടു ഖണ്ഡങ്ങൾക്കും ധാതു ഒന്നു തന്നെയും മാതു വേറെവേറെയുമായിരിക്കും. മൂന്നാമത്തെ ഖണ്ഡം ഉച്ചതരസ്ഥായിയിൽ അതായത് താരസ്ഥായിയിലുമായിരിക്കും. ഉച്ചതരസ്ഥായിയിലുള്ള ഒരു ഖണ്ഡം മാത്രമായിട്ടും ആഭോഗം വരുന്നതാണ്. ആഭോഗഭാഗത്തിൽ സ്തുത്യനായ ദേവന്റെ നാമം ഉണ്ടായിരിക്കയും ചെയ്യും. ഉദ്ഗ്രാഹത്തിന്റെ ആദ്യത്തെ ഖണ്ഡത്തിലാണ് ന്യസിക്കേണ്ടത്. ഇങ്ങനെയെല്ലാമാണ് ധ്രുവപ്രബന്ധത്തിന്റെ സാമാന്യസ്വരൂപം.

സൂ—സ ചൈകാദശാദിഷഡ്വിംശാന്തം ഖണ്ഡാക്ഷരവൃദ്ധ്യാ ഷോഡശവിധഃ. ൧൮൯

ഭാ—അങ്ങനെയുള്ള ധ്രുവപ്രബന്ധം അതിലെ ഖണ്ഡത്തിൽ പതിനൊന്നു മുതൽ ക്രമത്തിൽ ഇരുപത്താറുവരെ അക്ഷരസംഖ്യ വരുന്നതനുസരിച്ച പതിനാറു തരത്തിലുണ്ട്.

സൂ—ഖണ്ഡാക്ഷരനിയമസ്സർവ്വേഷ്വാദ്യഖണ്ഡദ്വയേ വാ. ൧൯൦

ഭാ—അങ്ങനെ ഖണ്ഡത്തിലെ അക്ഷരസംഖ്യാനിയമം എല്ലാ ഖണ്ഡങ്ങളിലുമായിട്ടും വരാം. ഉദ്ഗ്രാഹത്തിലെ രണ്ടു ഖണ്ഡങ്ങളിൽ മാത്രമായിട്ടും വരാം. ആറു ഖണ്ഡങ്ങളിലും ഒരേ അക്ഷരസംഖ്യയായിട്ടുള്ള ധ്രുവപ്രബന്ധങ്ങളും ഉദ്ഗ്രാഹഖണ്ഡങ്ങൾ രണ്ടിലും ഒരേ സംഖ്യയും മററു ഖണ്ഡങ്ങളിൽ വിഭിന്നസംഖ്യകളുമായിട്ടുള്ള ധ്രുവപ്രബന്ധങ്ങളുമുണ്ട് എന്നു സാരം. എന്നാൽ ഇരുപത്താറിലധികം അക്ഷരങ്ങൾ ഒരു ഖണ്ഡത്തിലും വരുന്നതല്ല.

സൂ—തേ ച ക്രമാജ്ജയന്തശേഖരോത്സാഹമധുരനിർമ്മലകുന്തളകോമളചാരനന്ദനചന്ദ്രശേഖരകാമദവിജയകന്ദർപ്പജയമംഗളതിലകലളിതാഖ്യാഃ. ൧൯൧

ഭാ—അപ്രകാരം ഖണ്ഡത്തിൽ പതിനൊന്നു മുതൽ ക്രമത്തിൽ ഓരോന്നധികമായിട്ടുള്ള അക്ഷരസംഖ്യയെ ആസ്പദമാക്കി വരുന്ന ധ്രുവപ്രബന്ധങ്ങൾക്ക ക്രമത്തിൽ ജയന്തം, ശേഖരം, ഉത്സാഹം, മധുരം, നിർമ്മലം, കുന്തളം, കോമളം, ചാരം, നന്ദനം, ചന്ദ്രശേഖരം, കാമദം, വിജയം, കന്ദർപ്പം, ജയമംഗളം, തിലകം, ലളിതം ഇങ്ങനെ പ്രത്യേകസംജ്ഞകളും പ്രസിദ്ധങ്ങളായിട്ടുണ്ട്. ഖണ്ഡത്തിൽ പതിനൊന്നക്ഷരമുള്ളതു ജയന്തധ്രുവം. പന്തിരണ്ടക്ഷരമുള്ളതു ശേഖരധ്രുവം എന്നീ മാതിരിയിലെന്നർത്ഥം.

ഇനി അവയിലോരോന്നിന്റെയും പ്രത്യേകസ്വഭാവം കാണിക്കുന്നു—

സൂ—ഏകാദശാക്ഷരഖണ്ഡഃ ശൃംഗാരപ്രധാനസ്സാദിതാളോ ജയന്തഃ. ൧൯൨

ഭാ—ഖണ്ഡത്തിൽ പതിനൊന്നക്ഷരം വീതമുള്ളതും ശൃംഗാരരസത്തെ വ്യഞ്ജിപ്പിക്കുന്ന വർണ്ണനയുള്ളതും ലഘുതോറും സശബ്ദക്രിയയുള്ള ആദിതാളത്തിൽ പാടേണ്ടതുമാണ് ജയന്തധ്രുവം.

ഇങ്ങനെ ജയന്തധ്രുവം.

സൂ—ദ്വാദശാക്ഷരഖണ്ഡോ വീരപ്രധാനസ്സനിസ്സാരുശ്ശേഖരഃ. ൧൯൩

ഭാ ഖണ്ഡത്തിൽ പന്തിരണ്ടക്ഷരം വീതമുള്ളതും വീരരസപ്രധാനമായ വർണ്ണനയുള്ളതും നിസ്സാരുതാളത്തിൽ പാടേണ്ടതുമാണ് ശേഖരധ്രുവം. നിസ്സാരുതാളം പല തരത്തി

ലുമുണ്ടെന്നു നിസ്സാരുകപ്രബന്ധപ്രസ്താവത്തിൽ വിവരിക്കും. അവയിൽ രണ്ടു ലഘുക്കൾക്കു ശേഷം ഒരു ദ്രുതം എന്ന സമരനിസ്സാരുതാളമാണിവിടെ വിവക്ഷിതമെന്നറിഞ്ഞു കൊൾക.

ഇങ്ങനെ ശേഖരധ്രുവം.

സൂ — ത്രയോദശാക്ഷരഖണ്ഡോ ഹാസ്യപ്രധാനഃ പ്രതിമണ്ഠതാളശ്ചോത്സാഹഃ. ൧൯൪

ഭാ— ഖണ്ഡത്തിൽ പതിമ്മൂന്നക്ഷരം വീതമുള്ളതും ഹാസ്യരസപ്രധാനമായ വർണ്ണനമുള്ളതും പ്രതിമണ്ഠതാളത്തിൽ പാടേണ്ടതുമാണ് ഉത്സാഹധ്രുവം. ഈ പ്രതിമണ്ഠതാളത്തിന്നു രണ്ടു ലഘുക്കളും ഒരു ഗുരുവുമാണ്. മേലിൽ പ്രതിമണ്ഠപ്രബന്ധത്തിൻെറ വകഭേദങ്ങളിൽ പ്പറയുന്നതല്ല.

ഇങ്ങനെ ഉത്സാഹധ്രുവം.

സൂ— ചതുർദ്ദശാക്ഷരഖണ്ഡഃ കരുണപ്രധാനോ ഹയലീലാതാളോ മധുരഃ. ൧൯൫

ഭാ— ഖണ്ഡത്തിൽ പതിന്നാലക്ഷരംവീതമുള്ളതും കരുണരസപ്രധാനവും ഹയലീല എന്ന താളത്തിൽ പാടേണ്ടതുമാണ് മധുരധ്രുവം.

ഇങ്ങനെ മധുരധ്രുവം.

സൂ— പഞ്ചദശാക്ഷരഖണ്ഡഃ ശൃംഗാരപ്രധാനഃ ക്രീഡാതാളഗേയോ നിർമ്മലഃ. ൧൯൬

ഭാ— ഖണ്ഡത്തിൽ പതിനഞ്ചക്ഷരം വീതമുള്ളതും ശൃംഗാരരസപ്രധാനമായതും ക്രീഡാതാളത്തിൽ പാടേണ്ടതുമാണ് നിർമ്മലധ്രുവം.

ഇങ്ങനെ നിർമ്മലധ്രുവം.

സൂ— ഷോഡശാക്ഷരഖണ്ഡോത്ഭുതപ്രധാനോ ലഘുശേഖരതാളഃ കുന്തളഃ. ൧൯൭

ഭാ— ഖണ്ഡത്തിൽ പതിനാറക്ഷരം വീതമുള്ളതും അത്ഭുതരസപ്രധാനമായതും ലഘുശേഖരം എന്ന താളത്തിൽ പാടേണ്ടതുമാണ് കുന്തളധ്രുവം. ലഘുശേഖരം=IU.

ഇങ്ങനെ കുന്തളധ്രുവം.

സൂ— സപ്തദശാക്ഷരഖണ്ഡോ വിപ്രലംഭപ്രധാനോ ഝമ്പാതാളഃ കോമളഃ. ൧൯൮

ഭാ— ഖണ്ഡത്തിൽ പതിനേഴക്ഷരം വീതമുള്ളതും വിപ്രലംഭശൃംഗാരരസം പ്രധാനമായതും ഝമ്പ എന്ന താളത്തിൽ പാടേണ്ടതുമാണ് കോമളധ്രുവം. ഈ ഝമ്പതാളത്തിന്നു വിരുതാന്തങ്ങളായ രണ്ടു ദ്രുതങ്ങളും ഒരു ലഘുവുമാണ്. ഝമ്പ OUOUI.

ഇങ്ങനെ കോമളധ്രുവം.

സൂ— അഷ്ടാദശാക്ഷരഖണ്ഡോ വീരപ്രധാനോ നിസ്സാരുതാളശ്ചാരഃ. ൧൯൯

ഭാ— പതിനെട്ടക്ഷരംവീതം ഖണ്ഡത്തിലുള്ളതും വീരരസപ്രധാനമായതും നിസ്സാരുതാളത്തിൽ പാടേണ്ടതുമാണ് ചാരധ്രുവം. ഈ നിസ്സാരുതാളവും സമരനിസ്സാരുവാണ്.

ഇങ്ങനെ ചാരധ്രുവം.

സൂ—ഏകോനവിംശത്യക്ഷരഖണ്ഡോ വീരശൃംഗാരപ്രധാന ഏകതാളീഗേയോ നന്ദനഃ. ൨൦൦

ഭാ—പത്തൊമ്പക്ഷരംവീതം ഖണ്ഡത്തിലുള്ളതും വീരരസവും ശൃംഗാരരസവും വർണ്ണനവിഷയമായിട്ടുള്ളതും ദ്രുതംതോറം സശബ്ദക്രിയയുള്ള ഏകതാളീതാളത്തിൽ പാടേണ്ടതുമാണ് നന്ദനധ്രുവം.

ഇങ്ങനെ നന്ദനധ്രുവം.

സൂ—വിംശത്യക്ഷരഖണ്ഡോ വീരശൃംഗാരഹാസ്യാന്യതമപ്രധാനഃ പ്രതിമണ്ഠതാളശ്ചന്ദ്രശേഖരഃ. ൨൦൧

ഭാ—ഇരുപതക്ഷരംവീതം ഖണ്ഡത്തിലുള്ളതും വീരം, ശൃംഗാരം, ഹാസ്യം ഈ രസങ്ങളിലൊന്നു പ്രധാനവർണ്ണനീയമായതും പ്രതിമണ്ഠതാളത്തിൽ പാടേണ്ടതുമാണ് ചന്ദ്രശേഖരധ്രുവം. പ്രതിമണ്ഠം—IIS.

ഇങ്ങനെ ചന്ദ്രശേഖരധ്രുവം.

സൂ—ഏകവിംശത്യക്ഷരഖണ്ഡഃ ശൃംഗാരപ്രധാനഃ പ്രതിമണ്ഠതാളഃ കാമദഃ. ൨൦൨

ഭാ—ഇരുപത്തൊന്നക്ഷരം വീതം ഖണ്ഡത്തിലുള്ളതും ശൃംഗാരരസപ്രധാനമായതും പ്രതിമണ്ഠതാളത്തിൽ പാടേണ്ടതുമാണ് കാമദധ്രുവം.

ഇങ്ങനെ കാമദധ്രുവം.

സൂ—ദ്വാവിംശത്യക്ഷരഖണ്ഡോ ഹാസ്യപ്രധാനോ ദ്വിതീയതാളോ വിജയഃ. ൨൦൩

ഭാ—ഇരുപത്തിരണ്ടക്ഷരം വീതം ഖണ്ഡത്തിലുള്ളതും ഹാസ്യരസപ്രധാനമായതും ദ്വിതീയതാളത്തിൽ പാടേണ്ടതുമാണ് വിജയധ്രുവം. ദ്വിതീയതാളം—OOI.

ഇങ്ങനെ വിജയധ്രുവം.

സൂ—ത്രയോവിംശത്യക്ഷരഖണ്ഡോ ഹാസ്യശൃംഗാരകരുണാന്യതമപ്രധാന ആദിതാളഗേയഃ കന്ദർപ്പഃ. ൨൦൪

ഭാ—ഖണ്ഡത്തിൽ ഇരുപത്തിമൂന്നക്ഷരം വീതമുള്ളതും, ഹാസ്യം ശൃംഗാരം, കരുണം ഇവയിലൊരു രസം പ്രധാനമായതും ആദിതാളത്തിൽ പടേണ്ടതുമാണ് കന്ദർപ്പധ്രുവം.

ഇങ്ങനെ കന്ദർപ്പധ്രുവം.

സൂ—ചതുർവിംശത്യക്ഷരഖണ്ഡഃ ശൃംഗാരവീരാന്യതരപ്രധാനഃ ക്രീഡാതാളഗേയോ ജയമംഗളഃ. ൨൦൫

ഭാ—ഖണ്ഡത്തിൽ ഇരുപത്തിനാലക്ഷരം വീതമുള്ളതും ശൃംഗാരവീരങ്ങളിലൊരു രസം പ്രധാനമായതും ക്രീഡാതാളത്തിൽ പാടേണ്ടതുമാണ് ജയമംഗളധ്രുവം.

ഇങ്ങനെ ജയമംഗളധ്രുവം.

സൂ—പഞ്ചവിംശത്യക്ഷരഖണ്ഡോ വീരശൃംഗാരാന്യതരപ്രധാന ഏകതാളീഗേയസ്തിലകഃ. ൨൦൬

ഭാ—ഖണ്ഡത്തിൽ ഇരുപത്തഞ്ചക്ഷരം വീതമുള്ളതും ശൃംഗാരവീരരസങ്ങളിലൊന്നു പ്രധാനമായതും ഏകതാളിയെന്ന താളത്തിൽ പാടേണ്ടതുമാണ് തിലകധ്രുവം.

ഇങ്ങനെ തിലകധ്രുവം.

സൂ — ഷഡ്വിംശത്യക്ഷരഖണ്ഡഃ ശൃംഗാരപ്രധാനഃ പ്രതിമണ്ഠതാളോ ലളിതഃ. ൨൦൭

ഭാ — ഖണ്ഡത്തിൽ ഇരുപത്താറക്ഷരമുള്ളതും ശൃംഗാരരസം പ്രധാനമായതും പ്രതിമണ്ഠതാളത്തിൽ പാടേണ്ടതുമാണ് ലളിതധ്രുവം.

ഇങ്ങനെ ലളിതധ്രുവം.

ഇനി മണ്ഠപ്രബന്ധത്തിന്റെ സാമാന്യസ്വഭാവം പറയുന്നു—

സൂ — യത്ര ദ്വിയതിരേകയതിർവ്വോദ്ഗ്രാഹഖണ്ഡസ്തതോ ദ്വിവാരം ഗേയോ ധ്രുവഖണ്ഡോനന്തരമന്തരാഖ്യോ വൈകല്പികഃ ഖണ്ഡഃ പുനശ്ച ധ്രുവം ഗീത്വാഭോഗോ ധ്രുവേ ന്യാസശ്ച സ മണ്ഠതാളാശ്രയണാന്മണ്ഠഃ. ൨൦൮

ഭാ — സമയതി, സ്രോതോവഹയതി, ഗോപുച്ഛയതി എന്നീ യതികളിൽ ഏതെങ്കിലും ഒരു യതിയെയോ രണ്ടു യതികളെയോ അനുസരിച്ചു രചിച്ചതായിരിക്കണം ഉദ്ഗ്രാഹഖണ്ഡം. പല യതികളും വീണ്ടും വീണ്ടും കലർത്തി രചിക്കരുത് എന്നർത്ഥം. പിന്നെ ധ്രുവഖണ്ഡം. അതു രണ്ടാവൃത്തി പാടണം. അതിനുശേഷം അന്തരം എന്നു പേരായ ഒരു പ്രത്യേകഖണ്ഡം. ഈ ഖണ്ഡത്തിന്ന് ഉപാന്തരമെന്നും അന്തരിയെന്നും നാമാന്തരങ്ങളുമുണ്ട്. അങ്ങനെയുള്ള അന്തരഖണ്ഡം വൈകല്പികമാണ്. ചില മണ്ഠപ്രബന്ധങ്ങൾ ആ ഖണ്ഡമില്ലാതെയും ഉണ്ടായിരിക്കുമെന്നർത്ഥം. അതുള്ളവയിൽ അന്തരഖണ്ഡം പാടിയതിന്നു ശേഷം വീണ്ടും ധ്രുവഖണ്ഡം പാടീട്ട് ആഭോഗഖണ്ഡം പാടണം. പിന്നെ ഉദ്ഗ്രാഹവും ധ്രുവവും പാടി ധ്രുവത്തിൽ ന്യസിക്കയും വേണം. ഇങ്ങനെയാണ് മണ്ഠപ്രബന്ധത്തിന്റെ സാമാന്യസ്വഭാവം. ഈവകയിലുള്ള പ്രബന്ധങ്ങളെല്ലാം മണ്ഠതാളത്തിന്റെ ചില വകഭേദങ്ങളെ അവലംബിച്ചിരിക്കുന്നതിനാൽ അവക്കു മണ്ഠപ്രബന്ധങ്ങളെന്നു പേർ പറയുന്നു.

സൂ — സ ച മണ്ഠതാളഭേദാജ്ജയപ്രിയമംഗളസുന്ദരവല്ലഭകലാപകമലാഖ്യയാ ഷഡ്വിധഃ. ൨൦൯

ഭാ — അങ്ങനെയുള്ള മണ്ഠപ്രബന്ധം അതിനുള്ള മണ്ഠതാളത്തിന്റെ ഭേദം അനുസരിച്ച് ആറു വിധത്തിലുണ്ട്. അവക്കു ജയപ്രിയം, മംഗളം, സുന്ദരം, വല്ലഭം, കലാപം, കമലം ഇങ്ങനെ പ്രത്യേകം സംജ്ഞകളുമുണ്ട്.

സൂ — വീരപ്രധാനോ ജഗണമണ്ഠോ ജയപ്രിയഃ. ൨൧൦

ഭാ — വീരരസത്തെ പ്രധാനമായി വർണ്ണിക്കുന്നതും ജഗണാകൃതിയിലുള്ള മണ്ഠതാളത്തിൽ പാടേണ്ടതുമായ 'മണ്ഠപ്രബന്ധമാണ്' ജയപ്രിയമണ്ഠം. ജഗണത്തിന്ന് ആദിയിലും അന്തത്തിലും ലഘുവും മദ്ധ്യത്തിൽ ഗുരുവുമാകയാൽ ആ മാതിരിയിലുള്ള മണ്ഠതാളം ജഗണമണ്ഠം. ISI.

ഇങ്ങനെ ജയപ്രിയമണ്ഠം.

സൂ — ശൃംഗാരപ്രധാനോ ഭഗണമണ്ഠോ മംഗളഃ. ൨൧൧

ഭാ — ശൃംഗാരരസത്തെ വർണ്ണിക്കുന്നതും ഭഗണാകൃതിയിലുള്ള മണ്ഠതാളത്തിൽ പാടേണ്ടതുമാണ് മംഗളമണ്ഠം. ഭഗണമണ്ഠം—SII.

ഇങ്ങനെ മംഗളമണ്ഠം.

സൂ — തൽപ്രധാനസ്സഗണമണ്ഠസ്സുന്ദരഃ ൨൧൨

ഭാ—ശൃംഗാരരസത്തെ വൎണ്ണിക്കുന്നതും സഗണാകൃതിയിലുള്ള മണ്ഠതാളത്തിൽ പാടേണ്ടതുമാണ് സുന്ദരമണ്ഠം. സഗണമണ്ഠം — IIS.

ഇങ്ങനെ സുന്ദരമണ്ഠം.

സൂ—കരുണപ്രധാനോ രഗണമണ്ഠോ വല്ലഭഃ. ൨൧൩

ഭാ—കരുണരസത്തെ വൎണ്ണിക്കുന്നതും രഗണാകൃതിയിലുള്ള മണ്ഠതാളത്തിൽ പാടേണ്ടതുമാണ് വല്ലഭമണ്ഠം. രഗണമണ്ഠം—SIS.

ഇങ്ങനെ വല്ലഭമണ്ഠം.

സൂ—ഹാസ്യപ്രധാനോ വിദ്രുതാന്തനഗണമണ്ഠഃ കലാപഃ. ൨൧൪

ഭാ—ഹാസ്യരസത്തെ വൎണ്ണിക്കുന്നതും അവസാനത്തിൽ ഒരനുദ്രുതം ചേൎത്ത നഗണാകൃതിയിലുള്ള മണ്ഠതാളത്തിൽ പാടേണ്ടതുമാണ് കലാപമണ്ഠപ്രബന്ധം. വിദ്രുതം ചേൎത്ത നഗണം—IIIU.

ഇങ്ങനെ കലാപമണ്ഠം.

സൂ—അൽഭുതപ്രധാനോ വിദ്രുതാന്തദ്രുതദ്വയോത്തരലഘുരൂപമണ്ഠഗേയഃ കമലഃ. ൨൧൫

ഭാ—അൽഭുതരസത്തെ വൎണ്ണിക്കുന്നതും അവസാനത്തിൽ ഓരോ വിദ്രുതത്തോടുകൂടിയ രണ്ടു ദ്രുതങ്ങൾക്കുശേഷം ഒരു ലഘു എന്ന രൂപത്തിലുള്ള മണ്ഠതാളത്തിൽ പാടേണ്ടതുമാണ് കമലമണ്ഠം. ആ മണ്ഠതാളത്തിൻെറ ചിഹ്നം—OUOUI.

ഇങ്ങനെ കമലമണ്ഠം.

ഇനി പ്രതിമണ്ഠപ്രബന്ധം മുതലായതിൻെറ സാമാന്യസ്വഭാവം പറയുന്നു—

സൂ—പ്രതിമണ്ഠാദേരപ്യുദ്ഗ്രാഹാദിൎമ്മണ്ഠവൽ. താളാദിവിശേഷാദ്വിശേഷഃ. ൨൧൬

ഭാ—പ്രതിമണ്ഠപ്രബന്ധം മുതലായ മററുഞ്ചു സാലഗസൂഡപ്രബന്ധങ്ങളുടെയും ഉദ്ഗ്രാഹം, ധ്രുവം, അന്തരം, ആഭോഗം ഇവയുടെ സ്വഭാവവും അവ പാടേണ്ട ക്രമവും ന്യാസവും എല്ലാം മണ്ഠപ്രബന്ധത്തിൻേറതുപോലെതന്നെ. താളങ്ങൾമാത്രം പ്രതിമണ്ഠം, നിസ്സാരു മുതലായതിൻെറ ഓരോരോ വകഭേദങ്ങളാണെന്നുള്ളതാണ് പ്രധാനവിശേഷം. ചിലതിൽ മററു ചില ധൎമ്മങ്ങളും സ്വരൂപഭേദത്തിന്നു കാരണമാണ്.

സൂ—തത്ര പ്രതിമണ്ഠതാളഭേദാദമരതാരവിചാരകുന്ദാഖ്യയാ ചതുൎവ്വിധഃ പ്രതിമണ്ഠഃ. ൨൧൭

ഭാ—അവയിൽ പ്രതിമണ്ഠപ്രബന്ധം അതിന്നുള്ള പ്രതിമണ്ഠതാളത്തിൻെറ വകഭേദമനുസരിച്ചു നാലു വിധത്തിലുണ്ട്. അവക്ക് അമരം, താരം, വിചാരം, കുന്ദം ഇങ്ങനെ പ്രത്യേകം സംജ്ഞകളുമുണ്ട്.

സൂ—ശൃംഗാരവിഷയ ഏകഗുരുപ്രതിമണ്ഠഗേയോമരഃ. ൨൧൮

ഭാ—ശൃംഗാരരസം വിഷയമായിട്ടുള്ളതും ഗുരുതോറും സശബ്ദക്രിയയുള്ള പ്രതിമണ്ഠതാളത്തിൽ പാടേണ്ടതുമാണ് അമരപ്രതിമണ്ഠം.

ഇങ്ങനെ അമരപ്രതിമണ്ഠം.

സൂ—വീരരൌദ്രവിഷയോ വിദ്രുതാന്തദ്രുതദ്വയോത്തരലഘുദ്വയാത്മകപ്രതിമണ്ഠഗേയസ്താരഃ. ൨൧൯

ഭാ—വീരരസമോ രൌദ്രരസമോ വിഷയമായിട്ടുള്ളതും വിദ്രുതാന്തങ്ങളായ രണ്ടു ദ്രുതങ്ങൾക്കുശേഷം രണ്ടു ലഘുക്കൾ OUOU|| എന്ന രൂപത്തിലുള്ള പ്രതിമണ്ഠതാളത്തിൽ പാടേണ്ടതുമാണ് താരപ്രതിമണ്ഠം.

ഇങ്ങനെ താരപ്രതിമണ്ഠം.

സൂ—കരുണവിഷയോ വിദ്രുതാന്തലഘുത്രയാത്മകപ്രതിമണ്ഠഗേയോ വിചാരഃ. ൧൧൦

ഭാ—കരുണരസം വിഷയമായിട്ടുള്ളതും അവസാനത്തിൽ ഒരു വിദ്രുതവും മൂന്നു ലഘുക്കളും |||U എന്ന രൂപത്തിലുള്ള പ്രതിമണ്ഠതാളത്തിൽ പാടേണ്ടതുമാണ് വിചാരപ്രതിമണ്ഠം. വരട്ടേ, മണ്ഠപ്രബന്ധങ്ങൾക്കും പ്രതിമണ്ഠനിസ്സാരുകാദിപ്രബന്ധങ്ങൾക്കും ഉള്ള ഉദ്ഗ്രാഹധ്രുവാദിധാതുക്കളുടെ സ്വരൂപം ഒരുപോലെയാണെന്നും താളസ്വരൂപഭേദംകൊണ്ടാണ് പരസ്പരവ്യത്യാസമുള്ളതെന്നും പറഞ്ഞിട്ടുണ്ടല്ലോ. മണ്ഠപ്രബന്ധങ്ങളിൽ കലാപത്തിന്നുള്ള മണ്ഠതാളം വിദ്രുതാന്തനഗണം അതായത് മൂന്നു ലഘുക്കളും ഒരു വിദ്രുതവും എന്ന രൂപത്തിലുള്ളതാണെന്നു കാണിച്ചു. ഈ വിചാരപ്രബന്ധത്തിന്നുള്ള പ്രതിമണ്ഠതാളവും മൂന്നു ലഘുക്കളും ഒരു വിദ്രുതവും എന്ന രൂപത്തിലാണെന്നു പറയുന്നു. ഒരേ രൂപത്തിലുള്ള താളംതന്നെ മണ്ഠമായും പ്രതിമണ്ഠമായും വരുന്നതെങ്ങനെ? താളങ്ങളുടെ സ്വരൂപഭേദംകൊണ്ടു മാത്രമാണല്ലോ അവക്കു സംജ്ഞാഭേദമുള്ളത്. കലാപപ്രബന്ധം ഹാസ്യരസപ്രധാനമാണ്. വിചാരപ്രബന്ധം കരുണരസപ്രധാനമാണ് എന്നുള്ള ആന്തരാത്മവ്യത്യാസത്താൽ ആ പ്രബന്ധങ്ങൾ രണ്ടും തമ്മിൽ വ്യത്യാസം പറയാമെങ്കിലും ഒരേ രൂപത്തിലുള്ള താളം വിഭിന്നങ്ങളായ രണ്ടു താളവൎഗ്ഗത്തിലും ചേരുന്നുവെന്നതിലെക്ക് അതു സാധകമാകയില്ല. അങ്ങനെ ചേരുമെന്നു സ്വീകരിക്കാവുന്നതുമല്ല. സ്വീകരിക്കുന്നതായാൽ താളങ്ങളുടെ വൎഗ്ഗവിഭാഗത്തിന്നുതന്നെ അടിസ്ഥാനമില്ലാതായിത്തീരും. എന്നെല്ലാം ആക്ഷേപമുണ്ടെങ്കിൽ സമാധാനം പറയാം. മണ്ഠത്തിലെ കലാപത്തിന്നും പ്രതിമണ്ഠത്തിലെ വിചാരത്തിന്നും മൂന്നു ലഘുക്കളും ഒരു വിദ്രുതവുമായിട്ടുള്ള രൂപത്തിലാണ് താളമെങ്കിലും രണ്ടിലെയും ലഘുവിന്നുള്ള അക്ഷരകാലം ഒന്നല്ല. മണ്ഠത്തിലെ കലാപത്തിന്റെ താളത്തിൽച്ചേൎന്ന ലഘുവിന്നു നാലു ഹ്രസ്വാക്ഷരോച്ചാരണകാലമാണ് പ്രമാണം. അതിലെ വിദ്രുതത്തിന്ന് ഒരു ഹ്രസ്വാക്ഷരകാലവുമാണ്. പ്രതിമണ്ഠത്തിലെ വിചാരത്തിന്റെ താളത്തിൽച്ചേൎന്ന ലഘുവിന്നുള്ള പ്രമാണം ആറു ഹ്രസ്വാക്ഷരോച്ചാരണകാലമാണ്. അതിലെ വിദ്രുതത്തിന്ന് ഒന്നര അക്ഷരകാലവുമാണ്. ഇങ്ങനെ രണ്ടിലെയും ലഘുവിന്നുള്ള കാലമാനങ്ങൾക്കു ഭേദമുള്ളതിനാൽ താളങ്ങൾക്കും കാലമാനഭേദമുള്ളതുകൊണ്ടു രണ്ടും രണ്ടുവക താളങ്ങളാണെന്നും ഒന്നു മണ്ഠവൎഗ്ഗത്തിലും ഒന്നു പ്രതിമണ്ഠവൎഗ്ഗത്തിലും ഉൾപ്പെടുന്നതിന്നു വിരോധമില്ലെന്നും അറിഞ്ഞുകൊൾക. മററു ചിലതിലും മേൽപ്രകാരം താളൈക്യശങ്ക തോന്നുന്ന സ്ഥലങ്ങളിൽ അക്ഷരകാലഭേദത്താൽ വ്യത്യാസം ഗ്രഹിക്കേണ്ടതാണ്.

ഇങ്ങനെ വിചാരപ്രതിമണ്ഠം.

സൂ—അത്ഭുതവിഷയോ ലഘുദ്വയവിദ്രുതലഘുരൂപപ്രതിമണ്ഠഗേയഃ കന്ദഃ. ൧൧൧

ഭാ—അത്ഭുതവിഷയമായിട്ടുള്ളതും രണ്ടു ലഘുക്കൾക്കു ശേഷം ഒരു വിദ്രുതം, പിന്നെ ഒരു ലഘു ഇങ്ങനെയുള്ള പ്രതിമണ്ഠതാളത്തിൽ പാടേണ്ടതുമാണ് കന്ദപ്രതിമണ്ഠം.

ഇങ്ങനെ കന്ദപ്രതിമണ്ഠം.

സൂ—ചത്വാരോപി പ്രതിമണ്ഠാഃ ശൃംഗാരവിഷയാ ഇത്യന്യേ. ൨൨൨

ഭാ—മേൽപ്പറഞ്ഞ നാലുതരം പ്രതിമണ്ഠതാളങ്ങളിലുള്ള പ്രതിമണ്ഠപ്രബന്ധങ്ങൾ നാലിലും ശൃംഗാരരസം വിഷയമാകാവുന്നതാണെന്നും ചിലർ പറഞ്ഞിട്ടുണ്ട്.

ഇനി നിസ്സാരുകപ്രബന്ധങ്ങളെപ്പററിപ്പറയുന്നു—

സൂ—നിസ്സാരുതാളബദ്ധോ നിസ്സാരുകഃ. സോപി തത്താളഭേദാദ്വൈകുന്ദാനന്ദകാന്താരസമരവാഞ്ഛിതവിശാലാഖ്യയാ ഷഡ്വിധഃ. ൨൨൩

ഭാ—നിസ്സാരു എന്ന താളം അവലംബിച്ച് നിബന്ധനം ചെയ്തിട്ടുള്ളതാണ് നിസ്സാരുകപ്രബന്ധം. അതിലും ഉദ്ഗ്രാഹാദികളുടെ സ്വഭാവം മണ്ഠപ്രബന്ധത്തിലെപ്പോലെയാണെന്നു പറഞ്ഞിട്ടുള്ളതോർത്തുകൊൾക. നിസ്സാരുതാളത്തിൻെറ വകഭേദമനുസരിച്ച് ഈ പ്രബന്ധവും വൈകുന്ദം, ആനന്ദം, കാന്താരം, സമരം, വാഞ്ഛിതം, വിശാലം ഇങ്ങനെ പ്രത്യേകസംജ്ഞകളോടുകൂടി ആറു വിധത്തിലുണ്ട്.

സൂ—മംഗളാത്ഥനിബദ്ധോ ദ്രുതദ്വയോത്തരലഘുദ്വയാത്മകനിസ്സാരുർവ്വൈകുന്ദഃ. ൨൨൪

ഭാ—മംഗളപ്രാത്ഥന മുതലായ ശുഭവിഷയത്തെ പ്രതിപാദിക്കുന്നതും രണ്ടു ദ്രുതങ്ങൾക്കശേഷം രണ്ടു ലഘുക്കൾ എന്നീ രൂപത്തിലുള്ള നിസ്സാരുതാളത്തിൽ പാടേണ്ടതുമാണ് വൈകുന്ദനിസ്സാരുകം.

ഇങ്ങനെ വൈകുന്ദനിസ്സാരുകം.

സൂ—ആനന്ദാത്ഥകോ വിദ്രുതാന്തദ്രുതദ്വയാത്മകനിസ്സാരുരാനന്ദഃ. ൨൨൫

ഭാ—ആനന്ദപ്രദങ്ങളായ അത്ഥങ്ങളെ പ്രതിപാദിക്കുന്നതും രണ്ടു ദ്രുതങ്ങൾക്കശേഷം ഒരു വിദ്രുതം എന്ന രൂപത്തിലുള്ള നിസ്സാരുതാളത്തിൽ പാടേണ്ടതുമാണ് ആനന്ദനിസ്സാരുകം.

ഇങ്ങനെ ആനന്ദനിസ്സാരുകം.

സൂ—വിപ്രലംഭവ്യഞ്ജകോ ലഘൂത്തരഗുരുനിസ്സാരുഃ കാന്താരഃ. ൨൨൬

ഭാ—വിപ്രലംഭശൃംഗാരത്തെ വർണ്ണിക്കുന്നതും ഒരു ലഘുവും ഒരു ഗുരുവും എന്ന രൂപത്തിലുള്ള നിസ്സാരുതാളത്തിൽ പാടേണ്ടതുമാണ് കാന്താരനിസ്സാരുകം.

ഇങ്ങനെ കാന്താരനിസ്സാരുകം.

സൂ—വീരവ്യഞ്ജകോ വിദ്രുതാന്തലഘുദ്വയാത്മകനിസ്സാരുസ്സമരഃ. ൨൨൭

ഭാ—വീരരസത്തെ വർണ്ണിക്കുന്നതും രണ്ടു ലഘുവിന്നുശേഷം ഒരു വിദ്രുതം എന്ന രൂപത്തിലുള്ള നിസ്സാരുതാളത്തിൽ പാടേണ്ടതുമാണ് സമരനിസ്സാരുകം.

ഇങ്ങനെ സമരനിസ്സാരുകം.

സൂ — വാഞ്ഛിതാത്ഥവർണ്ണനപരോ ലഘുത്രയദ്രുതദ്വയരൂപനിസ്സാരുർവ്വാഞ്ഛിതഃ. ൨൨൮

ഭാ—ആഗ്രഹിക്കുന്ന വിഷയത്തെ വിവരിക്കുന്നതും മൂന്നു ലഘുക്കൾക്കുശേഷം രണ്ടു ദ്രുതങ്ങൾ എന്ന രൂപത്തിലുള്ള നിസ്സാരുതാളത്തിൽ പാടേണ്ടതുമാണ് വാഞ്ഛിതനിസ്സാരുകപ്രബന്ധം.

ഇങ്ങനെ വാഞ്ഛിതനിസ്സാരുകം.

സൂ—സംഭോഗവ്യഞ്ജകോ ലഘുദ്രുതദ്വയലഘുരൂപനിസ്സാരുർവ്വിശാലഃ. ൨൨൯

ഭാ—സംഭോഗശൃംഗാരരസത്തെ വൎണ്ണിക്കുന്നതും ഒരു ലഘുവിന്നുശേഷം രണ്ടു ദ്രുതങ്ങൾ പിന്നെ ഒരു ലഘു എന്ന രൂപത്തിലുള്ള നിസ്സാരുതാളത്തിൽ പാടേണ്ടതുമാണ് വിശാലനിസ്സാരുകം.

ഇങ്ങനെ വിശാലനിസ്സാരുകം.

ഇനി അട്ടപ്രബന്ധങ്ങളെപ്പററിപ്പറയുന്നു—

സൂ—അട്ടതാളബദ്ധോട്ടഃ. സോപി തത്താളഭേദാന്നിശ്ശങ്കശങ്കശീലചാരമകരന്ദവിജയാഖ്യയാ ഷഡ്വിധഃ. ൨൩൦

ഭാ—അട്ടതാളം എന്ന താളത്തെ അവലംബിച്ചു നിബന്ധനം ചെയ്തിട്ടുള്ളതാണ് അട്ടപ്രബന്ധം. അതും ആ താളത്തിന്നുള്ള വകഭേദത്താൽ ആറു തരത്തിലുണ്ട്. അവക്കു നിശ്ശങ്കം, ശങ്കം, ശീലം, ചാരം, മകരന്ദം, വിജയം ഇങ്ങനെ പ്രത്യേകസംജ്ഞകളുമുണ്ട്.

സൂ—അത്ഭുതവ്യഞ്ജകോ ലഘുഗുരുദ്രുതദ്വയാത്മകാട്ടതാളോ നിശ്ശങ്കഃ. ൨൩൧

ഭാ—അത്ഭുതരസത്തെ വൎണ്ണിക്കുന്നതും ലഘുവിന്നുശേഷം ഗുരു, പിന്നെ രണ്ടു ദ്രുതങ്ങൾ എന്ന രൂപത്തിലുള്ള അട്ടതാളത്തിൽ പാടേണ്ടതുമാണ് നിശ്ശങ്കാട്ടപ്രബന്ധം.

ഇങ്ങനെ നിശ്ശങ്കാട്ടം.

സൂ - വീരശൃംഗാരാന്യതരവ്യഞ്ജകോ ലഘുദ്രുതദ്വയാത്മകാട്ടതാളശ്ശങ്കഃ. ൨൩൨

ഭാ—വീരരസത്തെയോ ശൃംഗാരരസത്തെയോ വൎണ്ണിക്കുന്നതും ലഘുവിന്നുശേഷം രണ്ടു ദ്രുതങ്ങൾ എന്ന രൂപത്തിലുള്ള അട്ടതാളത്തിൽ പാടേണ്ടതുമാണ് ശങ്കാട്ടപ്രബന്ധം.

ഇങ്ങനെ ശങ്കാട്ടം.

സൂ—ശാന്തവ്യഞ്ജകോ വിദ്രുതാന്തദ്രുതദ്വയലഘുരൂപാട്ടതാളശ്ശീലഃ. ൨൩൩

ഭാ—ശാന്തരസത്തെ വൎണ്ണിക്കുന്നതും രണ്ടു ദ്രുതങ്ങൾക്കുശേഷം ഒരു വിദ്രുതം, പിന്നെ ഒരു ലഘു എന്ന രൂപത്തിലുള്ള അട്ടതാളത്തിൽ പാടേണ്ടതുമാണ് ശീലാട്ടപ്രബന്ധം.

ഇങ്ങനെ ശീലാട്ടം.

സൂ—വീരാത്ഭുതാന്യതരവ്യഞ്ജകോ ദ്രുതദ്വയലഘുഗുരുരൂപാട്ടതാളശ്ചാരഃ. ൨൩൪

ഭാ .. വീരരസാത്ഭുതരസങ്ങളിൽ ഒന്നിനെ വൎണ്ണിക്കുന്നതും രണ്ടു ദ്രുതങ്ങൾക്കുശേഷം ഒരു ലഘു, പിന്നെ ഒരു ഗുരു എന്ന രൂപത്തിലുള്ള അട്ടതാളത്തിൽ പാടേണ്ടതുമാണ് ചാരാട്ടപ്രബന്ധം.

ഇങ്ങനെ ചാരാട്ടം.

സൂ—ശൃംഗാരവ്യഞ്ജകോ ദ്രുതദ്വയഗുരുരൂപാട്ടതാളോ മകരന്ദഃ. ൨൩൫

ഭാ—ശൃംഗാരരസത്തെ വൎണ്ണിക്കുന്നതും രണ്ടു ദ്രുതങ്ങൾക്കുശേഷം ഒരു ഗുരു എന്ന രൂപത്തിലുള്ള അട്ടതാളത്തിൽ പാടേണ്ടതുമാണ് മകരന്ദാട്ടപ്രബന്ധം.

ഇങ്ങനെ മകരന്ദാട്ടം.

സൂ—വീരവ്യഞ്ജകോ ദ്രുതദ്വയലഘുരൂപാട്ടതാളോ വിജയഃ. ൨൩൬

ഭാ—വീരരസത്തെ വ്യഞ്ജിപ്പിക്കുന്നതും രണ്ടു ദ്രുതങ്ങൾക്കുശേഷം ഒരു ലഘു എന്ന രൂപത്തിലുള്ള അട്ടതാളത്തിൽ പാടേണ്ടതുമാണ് വിജയാട്ടപ്രബന്ധം.

ഇങ്ങനെ വിജയാട്ടം

ഇനി രാസപ്രബന്ധങ്ങളെപ്പററിപ്പറയുന്നു —

സൂ—രാസതാളബദ്ധോ രാസസ്സ ച വിഷയസ്വരൂപയോർഭേദാദ്വിനോദവരദനന്ദകംബുജാഖ്യയാ ചതുർവ്വിധഃ. ൨൩൭

ഭാ—രാസതാളത്തെ അവലംബിച്ച നിബന്ധനം ചെയ്തിട്ടുള്ളതാണ് രാസപ്രബന്ധം. അതു പ്രതിപാദ്യവിഷയത്തിൻെറയും ഉദ്ഗ്രാഹാദിധാതുസ്വരൂപത്തിൻെറയും വക ഭേദമനുസരിച്ച നാലു വിധത്തിലുണ്ട്. അവക്കു വിനോദം, വരദം, നന്ദം, കംബുജം ഇങ്ങനെ പ്രത്യേകസംജ്ഞകളുമുണ്ട്.

സൂ—കൌതുകപരശ്ചാലാപാന്തധ്രുവോ വിനോദഃ. ൨൩൮

ഭാ—അപൂർവ്വപദാൎത്ഥങ്ങളെക്കാണുന്നതിനും മററുമുള്ള ഉൽകണ്ഠയെ വർണ്ണിക്കുന്നതും ധ്രുവഭാഗത്തിൻെറ അവസാനം ഗമകാലാപസ്വരൂപത്തിലിരിക്കുന്നതും ലഘുതോറും സശബ്ദക്രിയയുള്ള രാസതാളത്തിൽ പാടേണ്ടതുമാണ് വിനോദരാസപ്രബന്ധം.

ഇങ്ങനെ വിനോദരാസം.

സൂ—ദേവതാസ്തുതിപരോ ധ്രുവമദ്ധ്യാലാപോ വരദഃ. ൨൩൯

ഭാ—ഈശ്വരസ്തുതിരൂപവും ധ്രുവഭാഗത്തിൻെറ മദ്ധ്യം ഗമകാലാപരൂപമായിട്ടുള്ളതും രാസതാളത്തിൽ പാടേണ്ടതുമാണ് വരദരാസപ്രബന്ധം.

ഇങ്ങനെ വരദരാസം.

സൂ—അഭ്യുദയപ്രതിപാദക ആലാപാത്മകോദ്ഗ്രാഹാദ്യഖണ്ഡോ നന്ദഃ. ൨൪൦

ഭാ—അഭ്യുദയത്തെ വർണ്ണിക്കുന്നതും രണ്ടു ഖണ്ഡങ്ങളുള്ള ഉദ്ഗ്രാഹഭാഗത്തിലെ ആദ്യഖണ്ഡം ഗമകാലാപരൂപമായിട്ടുള്ളതും രാസതാളത്തിൽ പാടേണ്ടതുമാണ് നന്ദരാസപ്രബന്ധം.

ഇങ്ങനെ നന്ദരാസം.

സൂ—കരുണവ്യഞ്ജകോ ധ്രുവാദ്യാലാപഃ കംബുജഃ. ൨൪൧

ഭാ—കരുണരസത്തെ വർണ്ണിക്കുന്നതും ധ്രുവത്തിൻെറ ആദ്യഭാഗം ഗമകാലാപരൂപമായിട്ടുള്ളതും രാസതാളത്തിൽ പാടേണ്ടതുമാണ് കംബുജരാസപ്രബന്ധം.

ഇങ്ങനെ കംബുജരാസം.

ഇനി ഏകതാളീപ്രബന്ധത്തെപ്പറയുന്നു —

സൂ—ഏകതാളീതാളബദ്ധൈകതാളീ. സാ ചോദ്ഗ്രാഹസ്വരൂപഭേദേന രമാ ചന്ദ്രികാ വിപുലേതി ത്രിധാ. ൨൪൨

ഭാ—ഏകതാളിയെന്ന താളം അവലംബിച്ച നിബന്ധനം ചെയ്തിട്ടുള്ളതാണ് ഏകതാളീപ്രബന്ധം. ഏകതാളീതാളത്തിന്നു ദ്രുതംതോറും സശബ്ദക്രിയയാണെന്നു മുമ്പുതന്നെ കാണിച്ചിട്ടുണ്ട്. ആ ഏകതാളീപ്രബന്ധം ഉദ്ഗ്രാഹസ്വരൂപത്തിന്നുണ്ടാകുന്ന വ്യത്യാസം കൊണ്ടു രമ, ചന്ദ്രിക, വിപുല എന്നിങ്ങനെ പ്രത്യേകം സംജ്ഞകളോടുകൂടി മൂന്നു വിധത്തിലുണ്ട്.

സൂ—സകൃദ്വിരാമാലാപോദ്ഗ്രാഹാ പദകൃതധ്രുവാ രമാ. ൨൪൩

ഭാ—ഒരിക്കൽ മാത്രം വിരാമമുള്ള ഗമകാലാപരൂപത്തിലായിരിക്കണം ഉദ്ഗ്രാഹം. അതായത് ഇടയിൽ വിരമിക്കാതെ തുടൎന്നുകൊണ്ടുള്ള ഗമകാലാപരൂപത്തിലായിരിക്കണ

മെന്നൎത്ഥം. ധ്രുവഭാഗം പദങ്ങളെക്കൊണ്ടു നിൎമ്മിച്ചതുമായിരിക്കണം. ഇങ്ങനെയുള്ളതും ഏകതാളീതാളത്തിൽ പാടേണ്ടതുമാണ് രമ എന്ന ഏകതാളീപ്രബന്ധം.

ഇങ്ങനെ രമൈകതാളി.

സൂ—ദ്വിദളോദ്ഗ്രാഹാലാപധ്രുവാ ഘനദ്രുതഗേയാ സാനുപ്രാസാ ച ചന്ദ്രികാ. ൨൪൪

ഭാ—ഉദ്ഗ്രാഹഭാഗത്തിൽ രണ്ടു ഖണ്ഡങ്ങളടങ്ങിയതും ധ്രുവഭാഗം ഗമകാലാപരൂപമായിട്ടുള്ളതും ഏകതാളീതാളത്തിൽ മധ്യകാലത്തിലും ദ്രുതകാലത്തിലും പാടേണ്ടതും അനുപ്രാസാലങ്കാരമുണ്ടാകുന്നവിധം പദങ്ങൾ ചേൎത്തു നിൎമ്മിച്ചിട്ടുള്ളതുമാണ് ചന്ദ്രിക എന്ന ഏകതാളീപ്രബന്ധം.

ഇങ്ങനെ ചന്ദ്രികൈകതാളി.

സൂ—ആലാപാരബ്ധോദ്ഗ്രാഹാ വിപുലാ. ൨൪൫

ഭാ—ഉദ്ഗ്രാഹഖണ്ഡത്തിന്റെ ആരംഭഭാഗം ഗമകാലാപസ്വരൂപവും ശേഷമെല്ലാം പദനിൎമ്മിതവും ഏകതാളീതാളത്തിൽ പാടേണ്ടതുമാണ് വിപുലൈകതാളീപ്രബന്ധം. ഈ സാലഗസൂഡപ്രബന്ധങ്ങളെല്ലാം താളനിയമമുള്ളതിനാൽ നിൎയ്യുക്തങ്ങളാണ്. അവയിൽ ധ്രുവപ്രബന്ധങ്ങൾ പതിനാറും ത്രിധാതുകങ്ങൾ. മണ്ഠാദിപ്രബന്ധങ്ങളിൽ അന്തരധാതു ചേൎന്നിട്ടുള്ളവ ചതുൎദ്ധാതുകങ്ങൾ. അതു ചേരാതെയുള്ളവ ത്രിധാതുകങ്ങൾ. ഇങ്ങനെ വിവേചിച്ചറിഞ്ഞുകൊൾക.

ഇങ്ങനെ വിപുലൈകതാളി.

ഇങ്ങനെ സാലഗസൂഡപ്രബന്ധങ്ങൾ.

സൂ—ഏതേ ച സൂഡക്രമാദിപ്രബന്ധോക്തതാളാശ്ചച്ചൽപുടാദീനാമക്ഷരകാലാൻ ബഹുധാ ഖണ്ഡയിത്വാ നിൎമ്മിതാ ഇതി ഖണ്ഡതാളാന്തൎഗ്ഗതാഃ. ൨൪൬

ഭാ - ഏലാപ്രബന്ധം മുതലായ സൂഡക്രമംമുതൽ ഇതുവരെപ്പറഞ്ഞിട്ടുള്ള പ്രബന്ധങ്ങളിൽക്കാണിച്ച പലതരം താളങ്ങളും ചച്ചൽപുടം മുതലായ മാൎഗ്ഗതാളങ്ങളിലെയും മററും അക്ഷരകാലങ്ങളെ പല മാതിരിയിലും വിഭജിച്ചുണ്ടാക്കിയവയാണ്. അങ്ങനെയുണ്ടാക്കാവുന്ന താളങ്ങൾ അനന്തങ്ങളാണെന്നു താളപ്രകാശത്തിൽ കാണിച്ചിട്ടുണ്ട്. ഒരു ലഘുവിന്നു നാലക്ഷരകാലമാണെങ്കിൽ എട്ടക്ഷരകാലമുള്ള ഒരു ഗുരുവിനെത്തന്നെ എട്ടു വിദ്രുതങ്ങൾ, നാലു ദ്രുതങ്ങൾ, രണ്ടു ലഘുക്കൾ, ഒരു ലഘുവും നാലു വിദ്രുതങ്ങളും, ഒരു ലഘുവും ഒരു ദ്രുതവും രണ്ടു വിദ്രുതങ്ങളും ഇങ്ങനെ തുടങ്ങി പല തരത്തിലും വിഭജിക്കാം. ലഘുദ്രുതവിദ്രുതങ്ങളുടെ ക്രമം മാററിയും പല വിഭാഗങ്ങളുണ്ടാക്കാം.അങ്ങനെ താളങ്ങൾ അസംഖ്യേയങ്ങളുമായി വരുന്നു. അവയെല്ലാം പ്രസിദ്ധതാളങ്ങളുടെ ലഘു, ഗുരു മുതലായതിന്റെ അക്ഷരകാലങ്ങളെ ഖണ്ഡിച്ചുണ്ടാക്കിയവയാകയാൽ അവകളെ ഖണ്ഡതാളങ്ങളെന്നു പറയുന്നു. അങ്ങനെയുള്ള ഖണ്ഡതാളങ്ങളിൽച്ചേൎന്ന ചിലതാണ് മേൽപ്പറഞ്ഞ പ്രബന്ധങ്ങൾക്കു കാണിച്ച പലതരം താളങ്ങൾ എന്നു ചുരുക്കം.

ഇനി ദക്ഷിണപ്രബന്ധങ്ങളെപ്പററി പ്രസ്താവിക്കുന്നു—

സൂ—ദക്ഷിണേ തു സവൃത്തനിൎവൃത്തഭേദേന ദ്വിവിധഃ പ്രബന്ധഃ. ൨൪൭

ഭാ—ദക്ഷിണപ്രസ്ഥാനത്തിലാകട്ടേ സവൃത്തം നിർവൃത്തം ഇങ്ങനെ സാമാന്യമായി പ്രബന്ധം രണ്ടു വിധത്തിലാണ്. സവൃത്തം വൃത്തത്തിന്നനുസരിച്ചത്. നിർവൃത്തം വൃത്തത്തെ അനുസരിക്കാത്തത്.

സൂ—തത്ര വൃത്തശാസ്ത്രോക്തലക്ഷണാനുഗത ഉദ്ഗ്രാഹധ്രുവമാത്രഘടിതോ ധ്രുവാന്തന്യാസോ വൃത്തബഹുത്വാദ്ബഹുവിധശ്ച സവൃത്തഃ. ൨൪൭

ഭാ—അതിൽ സവൃത്തമെന്നത് വൃത്തശാസ്ത്രത്തിൽ കർണ്ണാടകേരളാദിഭാഷാവൃത്തങ്ങളിലോരോന്നിന്റെയും ലക്ഷണങ്ങൾ അക്ഷരങ്ങളുടെ ലഘുഗുരുക്രമവും മററും ആസ്പദമാക്കി വിവരിച്ചിട്ടുള്ളതിൽ ഏതെങ്കിലും ഒരു വൃത്തലക്ഷണത്തിന്നു യോജിച്ചവിധം നിബന്ധനം ചെയ്തിട്ടുള്ളതാണ്. അങ്ങനെയുള്ള സവൃത്തപ്രബന്ധത്തിൽ ഉദ്ഗ്രാഹം, ധ്രുവം ഇങ്ങനെ രണ്ടു ധാതുക്കൾ മാത്രമാണുണ്ടായിരിക്കുന്നതും. ന്യാസവും ധ്രുവാവസാനത്തിലായിരിക്കും. അപ്രകാരമുള്ള വൃത്തങ്ങൾ ആവക ഓരോ ഭാഷകളിലും വളരെയധികമുള്ളതനുസരിച്ചു ദക്ഷിണപ്രസ്ഥാനത്തിലെ സവൃത്തപ്രബന്ധങ്ങളും അസംഖ്യം തരത്തിലുണ്ട്. അവക്കെല്ലാം പൊതുവായ സ്വരൂപം അതാതു വൃത്തലക്ഷണത്തിന്നു യോജിച്ചിരിക്ക, ഉദ്ഗ്രാഹധ്രുവങ്ങൾ മാത്രമായിരിക്ക, ധ്രുവാന്തത്തിൽ ന്യസിക്ക ഇവയാണെന്നും വിശേഷസ്വരൂപങ്ങൾ വൃത്തശാസ്ത്രങ്ങളിൽനിന്നറിയേണ്ടതാണെന്നും താൽപര്യം.

സൂ—തദന്യസ്താളമാനമാത്രാനുബദ്ധോ നിർവൃത്തഃ. ൨൪൮

ഭാ—അപ്രകാരം വൃത്തശാസ്ത്രങ്ങളിൽ കാണിച്ച വൃത്തലക്ഷണങ്ങളിലൊന്നിന്നും യോജിക്കാതെയും ധ്രുവാദിയായി ദക്ഷിണപ്രസ്ഥാനത്തിലുള്ള ഓരോരോ താളത്തിന്റെ കാലമാനത്തെമാത്രം അനുസരിച്ചും നിബന്ധനം ചെയ്തിട്ടുള്ളതാണ് നിർവൃത്തപ്രബന്ധം. ഇവിടെ താളമാനമാത്രാനുബദ്ധമെന്നതിലെ മാത്രപദത്തിനാൽ സവൃത്തപ്രബന്ധങ്ങളിലും കാകളി മുതലായ ചില വൃത്തങ്ങളിൽ നിബന്ധിച്ചിട്ടുള്ളതു ഝമ്പാദിതാളമാനത്തിന്നനുസരിച്ചു വരാമെന്നും, അതിനാൽ താളമാനം അനുസരിച്ചിരിക്കയെന്നതു സവൃത്തപ്രബന്ധങ്ങളിലും സംഭവിക്കുന്നതാണെന്നും, വൃത്തലക്ഷണത്തിന്നു യോജിക്കയും യോജിക്കാതിരിക്കയുമാണ് സവൃത്തനിർവൃത്തങ്ങൾ തമ്മിലുള്ള വ്യാവൎത്തകധൎമ്മങ്ങളെന്നും കാണിച്ചിരിക്കുന്നു. ആ വഴിക്കു സവൃത്തപ്രബന്ധങ്ങൾ താളാനുസൃതമായും വരാം, താളമൊന്നുമില്ലാതെയും വരാം. നിർവൃത്തപ്രബന്ധങ്ങളാകട്ടേ താളാനുസൃതങ്ങളായിട്ടു മാത്രമേ പ്രസിദ്ധങ്ങളായിട്ടുള്ളു എന്നും അൎത്ഥസിദ്ധമായിത്തീരുന്നു. വൃത്തലക്ഷണത്തിന്നും താളമാനത്തിന്നും യോജിക്കാതെയുള്ള ഗദ്യപ്രബന്ധങ്ങൾ ചിലതു ദക്ഷിണത്തിലും കാണുന്നുണ്ടെങ്കിലും അവ മാൎഗ്ഗത്തിലും ദേശീയത്തിലും സാധാരണങ്ങളാകയാൽ ഈ ദക്ഷിണനിർവൃത്തങ്ങളിലുൾപ്പെട്ടതാണെന്നതാണ് എന്നഭിപ്രായം.

ഇനി നിർവൃത്തങ്ങളുടെ വകഭേദങ്ങൾ കാണിക്കുന്നു —

സൂ—സ ച ഗീതഗീതകജാതിസ്വരസ്വരയതിവൎണ്ണകീൎത്തനപദജ്വാവലിദരുഝല്ലിതില്ലാനഭേദാദേകാദശവിധഃ. ൨൪൯

ഭാ—അങ്ങനെയുള്ള നിർവൃത്തപ്രബന്ധം ഗീതം, ഗീതകം, ജാതിസ്വരം, സ്വരയതി, വൎണ്ണം, കീൎത്തനം, പദം, ജ്വാവലി, ദരു, ഝല്ലി, തില്ലാനം ഇങ്ങനെ പ്രത്യേകനാമങ്ങളോടുകൂടി പതിനൊന്നു തരത്തിലുണ്ട്. ഗീതമെന്ന സംജ്ഞ പൊതുവേ ഗാനത്തിന്നു വിഷയമായ എല്ലാത്തരം പാട്ടുകൾക്കും സാധാരണവും പ്രസിദ്ധവുമാണെങ്കിലും സാമാന്യവാചകപദങ്ങൾക്കു വിശേഷാൎത്ഥത്തിൽ നിരൂഢലക്ഷണയുള്ളതുകൊണ്ടും അഭിജ്ഞസങ്കേതംകൊ

ണ്ടും പാരിഭാഷികമായി പ്രത്യേകം ഒരു തരത്തിലുള്ള ഗീതത്തെയാണ് ഇവിടെക്കുറിക്കുന്നത്. ഗീതകസംജ്ഞയും അപ്രകാരംതന്നെ. ജാതിസ്വരമെന്നത് ഓരോ രാഗത്തിന്റെ ഗതികളുടെ സാമാന്യസമ്പ്രദായത്തെക്കാണിക്കുന്ന സ്വരവിന്യാസവിശേഷത്തെക്കുറിക്കുന്ന പ്രബന്ധത്തിന്നുള്ള സംജ്ഞയാണ്. അതുപോലെ സ്വരങ്ങളുടെ പ്രത്യേകതരത്തിലുള്ള മേളനമാണ് സ്വരയതി. വണ്ണമെന്നതും ഓരോ രാഗത്തിലും സംഭവിക്കുന്ന സ്ഥായി, ആരോഹി, അവരോഹി, സഞ്ചാരി എന്നീ നാലുവക വണ്ണങ്ങളെയും അംശവിന്യാസാദിസ്വരങ്ങൾക്കനുസരിച്ചവിധം ഓരോ രാഗത്തിലും പലതരം യോജിപ്പിച്ചും ആവക യോജനങ്ങൾക്കു തക്കതായ പദങ്ങൾ അകാരം ഇകാരം മുതലായ അന്തശബ്ദങ്ങളെ പ്രധാനമാക്കിച്ചേർത്തും നിർമ്മിച്ചിട്ടുള്ള പ്രബന്ധത്തിന്നു പാരിഭാഷികമായിക്കൊടുത്തിട്ടുള്ള സംജ്ഞയാണ്. സ്ഥായ്യാദിവണ്ണങ്ങൾക്കു പ്രാധാന്യം വരുത്തി നിർമ്മിച്ച പ്രബന്ധമാണ് വണ്ണമെന്നത് എന്നു ചുരുക്കം. അതുപോലെ കീർത്തിക്കുന്നതു കീർത്തനം എന്ന അവയവാർത്ഥമനുസരിച്ച് ഏതു വിഷയത്തെപ്പററി വണ്ണിക്കുന്നതും കീർത്തനപദത്തിന്റെ അർത്ഥമാകുമെങ്കിലും പ്രകൃതത്തിൽ ആ പദവും ചില പ്രത്യേകലക്ഷണങ്ങളുള്ള പ്രബന്ധവിശേഷത്തെക്കുറിക്കുന്ന പാരിഭാഷികസംജ്ഞയാണ്. പദം മുതലായ സംജ്ഞകളും അപ്രകാരംതന്നെ പ്രത്യേകാർത്ഥങ്ങളിൽ പാരിഭാഷികങ്ങളാണെന്നറിക.

ഇനി ഓരോന്നിന്റെയും പ്രത്യേകസ്വഭാവം വിവരിക്കുന്നു—

സൂ—തത്രോദ്ഗ്രാഹമേലാപകധ്രുവത്രുപത്രിധാതുകം പ്രായോ മേലാപകധ്രുവാന്ത്യഖണ്ഡയോരേകധാതുമാതുകമുദ്ഗ്രാഹന്യാസം ഗീതം. ൨൫൫

ഭാ—അവയിൽ ഗീതപ്രബന്ധത്തിന്റെ സാമാന്യസ്വഭാവമാകട്ടേ, ഉദ്ഗ്രാഹം, മേലാപകം, ധ്രുവം ഇങ്ങനെ മൂന്നു ധാതുക്കളുണ്ടായിരിക്കും. മേലാപകത്തിന്നും രണ്ടു ഖണ്ഡങ്ങളടങ്ങിയ ധ്രുവത്തിലെ അവസാനത്തെ ഖണ്ഡത്തിന്നും ധാതുവും മാതുവും പ്രായേണ ഒന്നുതന്നെയായിരിക്കും. ഉദ്ഗ്രാഹഖണ്ഡത്തിൽ ന്യാസവുമായിരിക്കും. ഇങ്ങനെയെല്ലാമാണ്.

ഇങ്ങനെ ഗീതം.

സൂ—ദ്വിത്രിഖണ്ഡോദ്ഗ്രാഹമന്തരാഭോഗയുക്തം മേലാപരഹിതമന്തരന്യാസം ഗീതകം. ൨൫൬

ഭാ—ഉദ്ഗ്രാഹത്തിൽ രണ്ടോ മൂന്നോ ഖണ്ഡങ്ങളുണ്ടായിരിക്കും. പിന്നെ അന്തരമെന്ന ധാതു. അതിന്നുശേഷം ധ്രുവം. പിന്നെ ആഭോഗം. വീണ്ടും ഉദ്ഗ്രാഹവും അന്തരവും ഇങ്ങനെ അന്തരധാതുവിൽ അവസാനിക്കുന്നതാണ് ഗീതകപ്രബന്ധം. ചില ഗീതകങ്ങളിൽ ധ്രുവത്തിന്നുശേഷവും അന്തരധാതുവുണ്ടായിരിക്കും. അവയിൽ ധ്രുവാവസാനത്തിന്നു ഗീതകമദ്ധ്യം എന്നും പറയാറുണ്ട്. അങ്ങനെയുള്ള ഗീതകങ്ങളിലെ അന്തരധാതുവിലെല്ലാം ധാതുമാതുക്കൾ ഒന്നുതന്നെയായിരിക്കയും ചെയ്യും. ഇവയിൽ ധ്രുവാഭോഗങ്ങൾ രണ്ടു മുതൽ നാലുവരെ ഖണ്ഡങ്ങളുള്ളവയാകാം. പ്രാചീനന്മാർ "സംസ്കൃതാപഭ്രംശപദൈരയ്യ അംബോതിയാനാദിതൈഃ താളരാഗസ്വരാബദ്ധം ഗീതകം സമ്പ്രചക്ഷതേ." എന്നിങ്ങനെ സംസ്കൃതഭാഷാപദങ്ങളോ അപഭ്രംശഭാഷകളായ പ്രാകൃതം, കണ്ണാടകം മുതലായ ഭാഷകളിലെ പദങ്ങളോ ചേർത്തു നിർമ്മിച്ചതും അയ്യ, അംബോ, തിയ, അരേ എന്നീവക ശ

ബ്ദങ്ങൾ ഇടക്ക കലൎത്തിയതും, താളം, രാഗം, സ്വരങ്ങൾ ഇവകൊണ്ടു നിബന്ധനംചെയ്തതുമാണ് ഗീതകമെന്നു പറഞ്ഞിട്ടുണ്ട്.

ഇങ്ങനെ ഗീതകം.

സൂ—വിളംബമധ്യാന്യതരോദ്ഗ്രാഹോ മധ്യദ്രുതാന്യതരമേളാപകാദിഃ ക്രമവൃദ്ധാൎദ്ധാവൃത്തധ്രുവാഭോഗഭാഗസ്സ്വരരാഗതാളമാത്രബദ്ധോ വാ ധാതന്താവൃത്തോദ്ഗ്രാഹന്യാസോ ജാതിസ്വരഃ. ൨൪൩

ഭാ—ഉദ്ഗ്രാഹമായ പല്ലവം വിളംബിതകാലത്തിലോ മധ്യകാലത്തിലോ ആയിരിക്കും. മേളാപകം, ധ്രുവം, ആഭോഗം ഈ മൂന്നും മധ്യകാലത്തിലോ ദ്രുതകാലത്തിലോ രണ്ടും കലൎന്ന വിധത്തിലോ ആയിരിക്കും. താളവട്ടത്തിൽ സ്വരങ്ങൾ യോജിപ്പിക്കുന്നതിനെയാണ് ഇവിടെ വിളംബിതമധ്യദ്രുതപദങ്ങളെക്കൊണ്ടു വിവക്ഷിച്ചിട്ടുള്ളതെന്നും താളത്തിന്റെ കാലഭേദത്തെയല്ലെന്നും ഗ്രഹിച്ചുകൊൾക. അപ്രകാരം മേളാപകത്തേക്കാൾ ധ്രുവവും അതിനേക്കാൾ ആഭോഗവും അധികം വലുതായിരിക്കും. മേളാപകം രണ്ടു താളവട്ടമാണെങ്കിൽ ധ്രുവം നാലു താളവട്ടവും ആഭോഗം ആറോ എട്ടോ താളവട്ടവുമുണ്ടായിരിക്കുമെന്നൎത്ഥം. ധ്രുവത്തിന്റെ പൂൎവ്വാൎദ്ധം രണ്ടുതവണ പാടീട്ടുവേണം ഉത്തരാൎദ്ധം പാടുവാൻ. ആഭോഗത്തിലും അപ്രകാരംതന്നെ. മേളാപകം, ധ്രുവം, ആഭോഗം ഇവയോരോന്നിന്റെയും അവസാനത്തിൽ ഉദ്ഗ്രാഹം പാടേണ്ടതും ഒടുവിൽ ഉദ്ഗ്രാഹാവസാനത്തിൽ ന്യസിക്കേണ്ടതുമാണ്. പ്രായേണ സ്വരരാഗതാളങ്ങൾ മാത്രമേ ഈ വക പ്രബന്ധങ്ങളിലുണ്ടായിരിക്കയുള്ളൂ. പദരൂപമായ സാഹിത്യമുണ്ടായിരിക്കില്ല. ദുല്ലഭം ചിലതിൽ സാഹിത്യവും നിബന്ധിച്ചിരിക്കാവുന്നതാണെന്നു 'വാ' എന്നതിനാൽ കാണിച്ചിരിക്കുന്നു. എന്നാൽ അതു ജാതിസ്വരത്തിന്റെ സാമാന്യസ്വഭാവത്തിലുൾപ്പെട്ടതല്ലെന്നു താല്പൎയ്യം. ഇങ്ങനെയെല്ലാമിരിക്കുന്നതാണ് ജാതിസ്വരപ്രബന്ധം.

ഇങ്ങനെ ജാതിസ്വരം.

സൂ—പ്രതിസ്വരാക്ഷരസാഹിത്യോദ്ഗ്രാഹാദിസ്വരപാടാന്തോദ്ഗ്രാഹന്യാസമേളാപകാ ധ്രുവന്യാസത്രിഖണ്ഡാഭോഗാ മധ്യകാലാനുബദ്ധാ സ്വരയതിഃ. ൨൪൪

ഭാ— ഓരോ സ്വരത്തിന്നും ലഘുഗുരുഭേദമനുസരിച്ചുള്ള അക്ഷരങ്ങൾ ചേൎത്തു നിൎമ്മിച്ച സാഹിത്യം പല്ലവം, അനുപല്ലവം, ചരണം, ആഭോഗം എന്നീ നാലു ധാതുക്കളിലുമുണ്ടായിരിക്കണം. അതുകൊണ്ടുതന്നെ പല്ലവം മുതലായ ഓരോന്നും ആദ്യത്തിൽ സ്വരങ്ങൾ പാടി പിന്നെ സാഹിത്യാക്ഷരങ്ങൾ പാടുകയെന്ന ക്രമത്തിൽ വേണമെന്നു സിദ്ധിക്കുന്നു. മേളാപകമായ അനുപല്ലവത്തിൽ അപ്രകാരം സ്വരങ്ങളും സാഹിത്യവും കഴിഞ്ഞതിന്നുശേഷം സ്വരം മാത്രമായ ഒരു ഭാഗവുംകൂടിയുണ്ടായിരിക്കുന്നതാണ്. ആ ഭാഗത്തിന്നു മുക്തിസ്വരമെന്നും ചിലർ മുക്തായിസ്വരമെന്നും പറഞ്ഞുവരുന്നു. അതിന്നുശേഷം തതികിണതകധണതോം എന്ന മാതിരിയിലുള്ള മുരജപാടശബ്ദങ്ങളും പാടേണ്ടതുണ്ട്. പിന്നെ ഉദ്ഗ്രാഹം പാടി അതിന്റെ അവസാനത്തിൽ ന്യസിക്കണം. അതിന്നുശേഷം ധ്രുവത്തിന്റെ സ്വരങ്ങളും അതിന്നു മേൽപ്രകാരമുള്ള സാഹിത്യവും പാടണം. പിന്നെ ആഭോഗം പാടുക. ആഭോഗത്തിൽ മൂന്നോ നാലോ ഖണ്ഡങ്ങളുണ്ടായിരിക്കും. ഓരോ ഖണ്ഡവും ആദ്യം സ്വരവും പിന്നെ മേൽപ്രകാരമുള്ള സാഹിത്യവും പാടിയതിന്നുശേഷം ധ്രുവത്തി

ൻെറ സാഹിത്യംമാത്രം പാടി ന്യസിക്കണം. ഇതെല്ലാം മദ്ധ്യകാലത്തെ അവലംബിച്ചുള്ളവയുമായിരിക്കണം. ഇപ്രകാരമാണ് സ്വരയതിപ്രബന്ധത്തിൻെറ സ്വരൂപം.

ഇങ്ങനെ സ്വരയതി.

സൂ—ശൃംഗാരപരസ്സ്വരാന്തോദ് ഗ്രാഹാദ്ധ്യാസമേളാപകോ വിളംബിതമദ്ധ്യദ്രുതസ്വരമയാഭോഗഃ പ്രതിഖണ്ഡം പദബദ്ധധ്രുവന്യാസശ്ച മിളിതസ്ഥായ്യാദിവർണ്ണോ വർണ്ണഃ. ൨൫൭

ഭാ—ശൃംഗാരരസത്തെ വ്യഞ്ജിപ്പിക്കുന്നതായിരിക്കണം പല്ലവം, അനുപല്ലവം, ചരണം ഇവയിലെ സാഹിത്യം. അനുപല്ലവത്തിൻെറ അവസാനത്തിൽ രണ്ടു താളവട്ടമെങ്കിലും മുക്തിസ്വരമെന്ന സ്വരഭാഗമുണ്ടായിരിക്കണം. ആ സ്വരത്തിനുശേഷം പല്ലവത്തിൻെറ അദ്ധത്തിൽ ന്യസിക്കണം. പിന്നെ പദബദ്ധചരണം. ആഭോഗഭാഗമെല്ലാം പല ഖണ്ഡങ്ങളടങ്ങിയതും സ്വരവുമായിരിക്കണം. അതിൽ ആദ്യത്തെ ഖണ്ഡം വിളംബിതകാലത്തിലുള്ള സ്വരങ്ങളും രണ്ടാമത്തേതു മദ്ധ്യകാലത്തിലുള്ള സ്വരങ്ങളും പിന്നത്തെ ഖണ്ഡങ്ങൾ ദ്രുതത്തിലുള്ള സ്വരങ്ങളുമായിരിക്കണം. രണ്ടാമത്തെ ഖണ്ഡം മുതൽ മദ്ധ്യദ്രുതസ്വരങ്ങൾ കലന്നിട്ടും വരാവുന്നതാണ്. എല്ലാ ഖണ്ഡങ്ങളും പദബദ്ധമായ ചരണത്തിൽ ന്യസിച്ചിരിക്കണം. സ്ഥായി, ആരോഹി, അവരോഹി, സഞ്ചാരി എന്നീ നാലുതരത്തിലുള്ള വർണ്ണബന്ധങ്ങളും ഇതിൽ ഉണ്ടായിരിക്കയും വേണം. ആ വക വർണ്ണങ്ങളുടെ മേളനമായിരിക്കണം ഇതിലെ നിബന്ധനരീതിയുടെ സമ്പ്രദായമെന്നത്ഥം. ഇങ്ങനെയുള്ളതാണ് വർണ്ണപ്രബന്ധം.

സൂ—സ ച നാട്യതാനവർണ്ണഭേദേന ദ്വിവിധഃ. ൨൫൮

ഭാ—അങ്ങനെയുള്ള വർണ്ണപ്രബന്ധമാകട്ടേ നാട്യവർണ്ണം, താനവർണ്ണം എന്നിങ്ങനെ സാമാന്യമായി രണ്ടു തരത്തിലുണ്ട്.

സൂ—തത്ര നാട്യാനുഗുണോ ദക്ഷിണപ്രവൃത്തോ ദക്ഷിണവാത്തികാനുവിദ്ധമേളാപകാന്തസ്വരശ്ച നാട്യവർണ്ണഃ. ൨൫൯

ഭാ—നടനത്തിനു യോജിക്കുന്നവിധം നിമ്മിച്ചിട്ടുള്ളതും ചിത്രം, വാത്തികം, ദക്ഷിണം ഇങ്ങനെ മൂന്നു താളകലാമാഗ്ഗങ്ങളുള്ളതിൽ ദക്ഷിണകലയെ അവലംബിച്ചിട്ടുള്ളതും അതായത് വളരെപ്പതിഞ്ഞ കാലത്തിൽ പ്രവൃത്തിച്ചിട്ടുള്ളതും എന്നാൽ അനുപല്ലവത്തിൻെറ അവസാനത്തിലുള്ള മുക്തിസ്വരം ദക്ഷിണകലയെയും വാത്തികകലയെയും അതായത് ആദ്യംപതിഞ്ഞ കാലത്തെയും പിന്നെ മദ്ധ്യകാലത്തെയും അവലംബിച്ചിട്ടുള്ളതും ആയ വർണ്ണമാണ് നാട്യവർണ്ണം. ഇതിലെ ധ്രുവഭാഗമായ ചരണവും ആഭോഗസ്വരങ്ങളും വാത്തികകലയെ അവലംബിച്ചിരിക്കുന്നതാണ്. നാട്യവർണ്ണത്തിനു ഭാഷയിൽ സവുക്കവർണ്ണമെന്നും പറഞ്ഞുവരാറുണ്ട്.

സൂ—ഗാനാനുഗുണസ്താനഘടനപ്രധാനോ വാത്തികചിത്രപ്രവൃത്തസ്താനവർണ്ണഃ. ൨൬൦

ഭാ—നാട്യത്തേക്കാൾ ഗാനത്തിന്നധികം അനുഗുണമായതും കൂടതാനരീതിയിലുള്ള സ്വരഘടനകൾ പ്രധാനമായിട്ടുള്ളതും വാത്തികകലയെയോ ചിത്രകലയെയോ അവലംബിച്ചതും അതായത് മദ്ധ്യകാലദ്രുതകാലങ്ങൾക്കനുസരിച്ച വിധത്തിലുള്ളതുമാണ് താനവർണ്ണം.

ഈ താനവണ്ണത്തിലെ സാഹിത്യം അക്ഷരങ്ങാം വളരെച്ചുരുങ്ങിയും അകാരേകാരാദിയായ അന്തം അധികമായും ഉള്ള വിധത്തിലായിരിക്കണമെന്നു ധരിച്ചുകൊാംക.

ഇങ്ങനെ വണ്ണം.

സൂ—ദേവതാസ്തവത്രൂപം വിളംബമദ്ധ്യാന്യതരബദ്ധം വികല്പിതമേളാപമേകാദിചതുരന്തഖണ്ഡധ്രുവം പ്രായോ മേളാപസമധാതുധ്രുവോത്തരാദ്ധം കചചിത്സ്വരാന്തമേളാപമുദ്ഗ്രാഹപ്രഥമാദ്ധ്ന്യാസം കീത്തനം. വദൻ

ഭാ—ഈശ്വരസ്തുതിരൂപമായിരിക്കും. വിളംബിതകാലത്തിലോ മദ്ധ്യകാലത്തിലോ നിബന്ധനം ചെയ്തിരിക്കും. അനുപല്ലവം ഉണ്ടായിട്ടും വരാം ഇല്ലാതെയും വരാം. ചരണത്തിൽ ഒന്നു മുതൽ നാലുവരെ ഖണ്ഡങ്ങാം ഉണ്ടാകാവുന്നതാണ്. അതായത് ചില കീത്തനങ്ങളിൽ ഒരു ഖണ്ഡം മാത്രമായിരിക്കും; മററു ചിലതിൽ രണ്ടു ഖണ്ഡങ്ങളുണ്ടാകും; ചിലതിൽ മൂന്നു ഖണ്ഡങ്ങളും വേറെച്ചിലതിൽ നാലു ഖണ്ഡങ്ങളും ഉണ്ടാകുമെന്നത്ഥം. പ്രായേണ ഓരോ ചരണഖണ്ഡത്തിലെയും ഉത്തരാദ്ധം അനുപല്ലവമുള്ള കീത്തനങ്ങളിൽ ആ അനുപല്ലവത്തോടു തുല്യധാതുകമായിരിക്കും. മാതുവായ സാഹിത്യം മാത്രമേ മാറിയിരിക്കയുള്ളു. പ്രായേണ എന്നതിനാൽ ചില കീത്തനങ്ങളിൽ അപ്രകാരമല്ലാതെ മുഴുവനും വിഭിന്നധാതുകമായും ഓരോ ചരണഖണ്ഡമുണ്ടാകുമെന്നു കാണിച്ചിരിക്കുന്നു. അനുപല്ലവമുള്ള ചിലതിൽ ആ അനുപല്ലവത്തിൻെറ അവസാനത്തിൽ സ്വരങ്ങളുമുണ്ടാകാം. അനുപല്ലവത്തിനുശേഷവും ചരണത്തിലേ ഓരോ ഖണ്ഡത്തിന്നുംശേഷവും പല്ലവത്തിൻെറ ആദ്യത്തെ പകുതിയിൽ ന്യസിച്ചിരിക്കുന്നതാണ്. പല്ലവം, അനുപല്ലവം ഇവയിൽ ഈരണ്ടു ഭാഗങ്ങളും അതായത് വിദാരികാം എന്നു പറയുന്ന ഗാനാംശങ്ങളും ചരണഖണ്ഡത്തിലോരോന്നിലും നന്നാലു ഭാഗങ്ങളും മിക്ക കീത്തനങ്ങളിലും ഉണ്ടായിരിക്കും. ചില കീത്തനങ്ങളിൽ ചരണഖണ്ഡത്തിലും രണ്ടു വിദാരികാം മാത്രമേ ഉണ്ടായിരിക്കുള്ളു. അവയിൽ ചരണഖണ്ഡം അനുപല്ലവസമധാതുകമായിരിക്കയുമില്ല. ഇങ്ങനെയെല്ലാമുള്ളതാണ് കീത്തനപ്രബന്ധം.

സൂ—കചചിദ്വിളംബബദ്ധേ മേളാപധ്രുവയോമ്മദ്ധ്യദ്രുതബന്ധൌ മദ്ധ്യബദ്ധേ ദ്രുതബന്ധശ്ച. വന്ദാ

ഭാ—വിളംബിതലയത്തിൽ നിബന്ധിച്ചിട്ടുള്ള ചില കീത്തനങ്ങളിൽ അനുപല്ലവത്തിലും ചരണഖണ്ഡത്തിലും വിളംബിതലയത്തിലുള്ള ബന്ധത്തിന്നു പുറമേ മദ്ധ്യലയത്തിലും ദ്രുതലയത്തിലും ഉള്ള ബന്ധങ്ങളും മദ്ധ്യലയത്തിൽ നിബന്ധിച്ചിട്ടുള്ള ചിലതിലെ അനുപല്ലവത്തിലും ചരണഖണ്ഡത്തിലും മദ്ധ്യലയത്തിന്നു പുറമെ ദ്രുതലയത്തിലുള്ള ബന്ധവും ഉണ്ടാകാവുന്നതാണ്. അവയിൽ ആവക വിദാരികാം മുമ്പു പറഞ്ഞതിൽനിന്നധികമായി വരുന്നവയുമാണ്. ദുല്ലഭം ചില വിളംബിതലയകീത്തനങ്ങളിലെ ചരണഖണ്ഡം മുഴുവനും മദ്ധ്യലയത്തിൽത്തന്നെയായിട്ടും പ്രയോഗത്തിൽ കാണുന്നുണ്ട്. എന്നാൽ അതു വ്യവസ്ഥിതമായ ലയസ്വഭാവത്തിന്നു വിരുദ്ധമാകയാൽ ഹൃദ്യതക്കു കുറവു വരുത്തുന്നതാണെന്നറിഞ്ഞുകൊാംക.

ഇങ്ങനെ കീത്തനം.

സൂ—തദന്യശൃംഗാരാദിപരം താദൃശരൂപം പദം. വന്ഥ

ഭാ—തൽ എന്നതു ദേവതാസ്തുതിയെ പരാമശിക്കുന്നു. ദേവതാസ്തുതിയല്ലാതെ ശൃംഗാരം, വീരം, കരുണം മുതലായ രസങ്ങളോ മററു വിഷയങ്ങളോ പ്രതിപാദിക്കുന്നതും പല്ല

വം, അനുപല്ലവം, ചരണം, ഇവയുടെ സ്വഭാവങ്ങളും ലയഭേദങ്ങളുമെല്ലാം കീർത്തനത്തിലേതുപോലെതന്നെയിരിക്കുന്നതുമാണ് പദപ്രബന്ധം.

സൂ—കേചിന്നാട്യഗേയഭേദേന പദദ്വൈവിധ്യം പ്രശ്യ നാട്യപദം ദക്ഷിണപ്രവൃത്തം ശൃംഗാരപരം ചൈവേത്യാഹുഃ. തന്ന വീരരൌദ്രാദാവപി നാട്യസ്വാദ്വാത്തികാദിപ്രവൃത്തസ്യാപി തത്ര ദർശനാച്ച. ൨൩൨

ഭാ—ചില ഗ്രന്ഥകാരന്മാർ പദപ്രബന്ധം നാട്യപദമെന്നും ഗേയപദമെന്നും രണ്ടു വകയായിട്ടുണ്ടെന്നു പറയുന്നു. അതിൽ നാട്യപദം വളരെപ്പതിഞ്ഞ കാലമായ ദക്ഷിണകലയെമാത്രം അനുസരിച്ചിട്ടുള്ളതും ശൃംഗാരരസപ്രധാനവുമാണെന്നും ഗേയപദം വാത്തികചിത്രകലകളെ അനുസരിച്ചാണ് അധികവും ഇരിക്കുന്നതെന്നും രണ്ടിന്നും വ്യത്യാസവും പറയുന്നു. അതു ശരിയല്ല. വീരം, രൌദ്രം, അദ്ഭുതം മുതലായ മററു രസങ്ങൾ പ്രധാനമായിട്ടുള്ള നാട്യപദങ്ങളും സുലഭങ്ങളാണ്. അവയിൽ വാത്തികകല, ചിത്രകല ഇവ രണ്ടിനെയും യുക്തംപോലെ അനുസരിച്ചു നിർമ്മിച്ച പദങ്ങൾ കാണുന്നതുമുണ്ട്.

ഇങ്ങനെ പദം.

സൂ—ബഹുവിധധാതേകവിദാരികോദ്ഗ്രാഹാ താദൃശധ്രുവാന്തവിദാരികാ ശൃംഗാരപരാ ജ്യാവലീ. ൨൩൩

ഭാ—പല്ലവഭാഗത്തിൽ ഒരു വിദാരി മാത്രമാണുണ്ടായിരിക്കു. അതിന്റെ ധാതുവായ സ്വരങ്ങൾ പല തരത്തിലും പല സ്ഥാനങ്ങളിലും ആവത്തിച്ചാവത്തിച്ചു വരുന്നതാണ്. ഓരോ ആവത്തനത്തിലും ഓരോ തരത്തിലായിരിക്കുമെന്നത്ഥം. ആവത്തനങ്ങളിലെല്ലാം മാതു ഒന്നുതന്നെ. അതുപോലെ ചരണഖണ്ഡത്തിന്റെ ഒടുവിലത്തെ ഭാഗമായ വിദാരിയും ധാതുവായ സ്വരങ്ങൾ പല തരത്തിലുമായി ആവത്തിച്ചും മാതു ഒന്നുതന്നെയായുമിരിക്കും. ചരണഖണ്ഡങ്ങൾ ഒന്നോ രണ്ടോ മൂന്നോ ഉണ്ടായിരിക്കാം. മേളാപകമായ അനുപല്ലവം പ്രായേണ ഉണ്ടായിരിക്കില്ല. ഭാഷ ദേശ്യവും അത്ഥം സംഭോഗശൃംഗാരപരവും ചിലപ്പോൾ ഗ്രാമ്യംതന്നെയുമായിരിക്കുന്നതാണ്. ഇങ്ങനെയുള്ളതാണ് ജ്യാവലി.

സൂ—ഉദ്ഗ്രാഹസ്യ ദ്വിത്രിവിദാരികതേന്ത്യായാ വാ ബഹുധാതുകതാ. ൨൩൪

ഭാ—ചില ജ്യാവലികളിൽ പല്ലവധാതുവിൽ രണ്ടോ മൂന്നോ വിദാരികളുണ്ടാകാം. അങ്ങനെയുള്ളവയിൽ പ്രായേണ ഒടുവിലത്തെ വിദാരിയിലാണ് ധാതുവായ സ്വരങ്ങൾ പല തരത്തിൽ വരുന്നത്. ചിലതിൽ ആദ്യവിദാരിയിൽത്തന്നെ അപ്രകാരം വരികയും ചെയ്യും.

ഇങ്ങനെ ജ്യാവലി.

സൂ—സമധാതുകാദ്യദ്വിതിയാനദ്വിതചതുർവിദാരികോദ്ഗ്രാഹസ്തത്സമധ്രുവഃ ശൃംഗാരപരോ ദരുഃ. ൨൩൫

ഭാ—പല്ലവത്തിൽ നാലു വിദാരികളുണ്ടായിരിക്കും. അതിൽ ഒന്നാമത്തെയും രണ്ടാമത്തെയും വിദാരികളിൽ ധാതുവായ സ്വരങ്ങൾ ഒന്നുതന്നെയും മാതുവായ സാഹിത്യം വേറെയുമായിരിക്കും. മൂന്നാമത്തെയും നാലാമത്തെയും വിദാരികളിൽ ധാതുവും മാതുവും വേറെവേറെത്തന്നെയായിരിക്കുമെന്നത്ഥസിദ്ധം. പല്ലവംപോലെത്തന്നെയായിരിക്കും ചരണവും. എന്നുവെച്ചാൽ ധാതുവായ സ്വരങ്ങൾ പല്ലവത്തിലും ഒന്നുതന്നെയായിരിക്കും സാ

ഹിത്യത്തിന്നു മാത്രമേ മാററമുണ്ടായിരിക്കുള്ളു എന്നൎത്ഥം. ഇങ്ങനെയുള്ളതാണ് ദരുപ്രബന്ധം. ഇതിന്നു ദേശഭാഷയിൽ ചിന്ത് എന്നും പറയാറുണ്ട്.

ഇങ്ങനെ ദരു.

സൂ—യത്രോദ്ഗ്രാഹോ നവവിദാരികസ്തൃതീയതുൎയ്യപഞ്ചമാസ്സമധാതുകാസ്തത്സമശ്ച ധ്രുവസ്സാ ഗ്രല്മീ. ൨൬൬

ഭാ—പല്ലവത്തിൽ ഒമ്പതു വിദാരികളുണ്ടായിരിക്കും. അതിൽ മൂന്നാമത്തെയും നാലാമത്തെയും അഞ്ചാമത്തെയും വിദാരികൾക്ക ധാതുവായ സ്വരങ്ങൾ ഒന്നുതന്നെയും മാതുവായ സാഹിത്യങ്ങൾ വേറെവേറെയുമായിരിക്കും. ഒന്നും രണ്ടും വിദാരികൾക്ക ധാതു വേറെയായും ബന്ധരീതി ഒന്നായും ഇരിക്കും. മൂന്നും നാലും അഞ്ചും വിദാരികൾക്ക ധാതുവും ബന്ധരീതിയും ഒന്നുതന്നെ. ആറും ഏഴും വിദാരികൾക്ക ധാതുക്കൾ വേറെയും ബന്ധരീതി ഒന്നുതന്നെയുമായിരിക്കും. എട്ടും ഒമ്പതും വിദാരികളിലും അപ്രകാരംതന്നെ. എന്നു നിഷ്കൎഷം. ചരണവും പല്ലവത്തോടു തുല്യധാതുകമായിരിക്കും. ഇങ്ങനെയുള്ളതാണ് ഗ്രല്മീപ്രബന്ധം. ചിലർ ഇതിലെ മൂന്നും നാലും അഞ്ചും വിദാരികൾക്ക താളഭേദമുണ്ടായിരിക്കണമെന്നും പറയുന്നുണ്ട്. ഗ്രല്മീപ്രബന്ധത്തിന്നു ദേശഭാഷയിൽ കുമ്മി എന്നു പറയാറുണ്ട്.

ഇങ്ങനെ ഗ്രല്മി.

സൂ—പാടമാത്രരചിത ഉദ്ഗ്രാഹന്യാസസ്തില്ലാനഃ. ൨൬൭

ഭാ—പല്ലവവും അനുപല്ലവവും ചരണവും എല്ലാം ധിംധിം തനതിരനാ എന്നീവക പാടശബ്ദങ്ങൾകൊണ്ടുതന്നെ നിൎമ്മിച്ചതും പല്ലവത്തിൽ ന്യാസമായിട്ടുള്ളതുമാണ് തില്ലാനപ്രബന്ധം.

ഇങ്ങനെ തില്ലാനം.

ഇപ്രകാരം പലതരം പ്രബന്ധങ്ങളുടെയും പ്രത്യേകസ്വരൂപങ്ങൾ കാണിച്ചതിന്നു ശേഷം മേൽപ്പറഞ്ഞ ഓരോ തരത്തിൽ ചേരുന്ന പ്രബന്ധങ്ങളും പുതുതായി നിൎമ്മിക്കുമ്പോൾ മുമ്പുള്ള ആവക പ്രബന്ധങ്ങളെ അപേക്ഷിച്ച പുതുതായി നിൎമ്മിക്കുന്നതിന്നു പ്രത്യേകം പുതുമയുണ്ടാക്കാനുള്ള ഉപായം പറയുന്നു—

സൂ—രാഗതാളലയധാതുമാതുരചനാവിശേഷൈരന്വികൃതൈരന്വതാ പ്രബന്ധസ്യ. ൨൬൮

ഭാ—പ്രബന്ധനിൎമ്മാണത്തിൽ നിൎമ്മിക്കുന്ന പ്രബന്ധത്തിന്നു പൂൎവ്വപ്രബന്ധത്തിൽനിന്നു വ്യത്യാസം വരുത്തിപ്പുതുമയുണ്ടാക്കുവാനാകട്ടേ, ഏതു പൂൎവ്വപ്രബന്ധത്തെ മാതൃകയാക്കി സ്വീകരിക്കുന്നുവോ ആ പ്രബന്ധത്തിന്നു പൂൎവ്വികന്മാർ നിയമിച്ചിട്ടുള്ള രാഗരീതിയിൽനിന്നു ഭിന്നമായ രാഗരീതി സ്വീകരിക്ക; അതുപോലെ താളം, ലയം, ധാതുവായ സ്വരഘടന, മാതുവായ സാഹിത്യം, രചനാസമ്പ്രദായം ഇവയും പൂൎവ്വപ്രബന്ധത്തിന്നുള്ളവയിൽനിന്നു വ്യത്യസ്തങ്ങളാക്കി സ്വീകരിക്ക; ഇങ്ങനെയാണ് ഉപായം.

രാഗരീതിയായ മേളനപ്രകാരം മാറുന്നതിന്നുള്ള മാൎഗ്ഗം പറയുന്നു—

സൂ—സ്ഥായഭേദാദ്രാഗസ്യാപൂൎവ്വതാ. ൨൬൯

ഭാ—രാഗാവയവങ്ങളായ സ്ഥായങ്ങളും അവ ചേൎത്തിട്ടുള്ള ക്രമവും പൂൎവ്വപ്രബന്ധത്തിലുള്ളവയല്ലാതെ വേറെയാക്കിയാൽ രാഗത്തിൻെറ രീതിക്ക് അപൂൎവ്വതയുണ്ടാകുന്നതാണ്.

സൂ—ലയഗ്രഹയോൎഭേദാത്താളസ്യ. ൨൭൦

ഭാ — അപൂൎവ്വതാ എന്നതനുവൎത്തിക്കുന്നു. വിളംബിതം, മധ്യം, ദ്രുതം എന്നീ ലയങ്ങളിലും അതീതം, അനാഗതം, സമം എന്നീ ഗ്രഹങ്ങളിലും ഏതു ലയവും ഏതു ഗ്രഹവുമാണോ പൂൎവ്വപ്രബന്ധത്തിലുള്ളത് അതിൽനിന്നു ഭിന്നമായ ലയവും ഗ്രഹവും സ്വീകരിക്ക. അതായത് പൂൎവ്വപ്രബന്ധത്തിൽ മധ്യലയമാണെങ്കിൽ വിളംബിതലയമോ ദ്രുതലയമോ സ്വീകരിക്ക; പൂൎവ്വപ്രബന്ധത്തിൽ അതീതഗ്രഹമാണെങ്കിൽ അനാഗതഗ്രഹമോ സമഗ്രഹമോ സ്വീകരിക്ക. എന്നാൽ താളത്തിന്ന് അപൂൎവ്വതയുണ്ടാകുന്നതാണ്.

സൂ — താളവിശ്രാമാദന്യേന വിശ്രാമേണ ലയസ്യ. വൈഫ

ഭാ — പൂൎവ്വപ്രബന്ധത്തിൽ താളത്തിന്നുള്ള വിശ്രാമം ഏതുവിധത്തിലിരിക്കുന്നുവോ അതിൽനിന്നു വ്യത്യസ്തമായ വിധത്തിലുള്ള വിശ്രാമം സ്വീകരിക്ക. അതായത് അക്ഷരകാലത്തിന്നും ത്ര്യശ്രാദിഗതികൾക്കും ഭേദം വരുത്തിയോ താളാവയവത്തിൽ വിശ്രാമം സ്വീകരിച്ചോ മാററുക. എന്നാൽ ലയത്തിന്നു പുതുമയുണ്ടാകും.

സൂ — രാഗാംശഭേദേന ധാതോഃ. വവെ

ഭാ — ഒരു രാഗത്തിൽ ചേരുന്ന മറെറാരു രാഗത്തിൻെറ അംശമായ സ്ഥായത്തിന്നാണ് രാഗാംശമെന്നു പറയുന്നത്. ഇതു ജന്യരാഗത്തിൽ ജനകരാഗാംശം, ജനകരാഗത്തിൽ ജന്യരാഗാംശം ഇങ്ങനെ തുടങ്ങി ഏഴു തരത്തിലുണ്ടെന്നു സ്ഥായപ്രകാശത്തിൽ വിവരിച്ചിട്ടുണ്ട്. പൂൎവ്വപ്രബന്ധത്തിൽ ഏതെല്ലാം അന്യരാഗാംശങ്ങളുണ്ടോ അതെല്ലാം മാററി വേറെ അന്യരാഗാംശങ്ങൾ സ്വീകരിക്കുന്നതുകൊണ്ടു സ്വരസംഘടനസ്വരൂപമായ ധാതുവിന്നു പുതുമയുണ്ടാകും.

സൂ — പ്രതിപാദ്യാൎത്ഥരസാലങ്കാരഭേദൈൎമ്മാതോഃ. വൈന

ഭാ — പ്രതിപാദിക്കുന്ന അൎത്ഥം, രസം, ഉപമാദ്യലങ്കാരം ഇവ പൂൎവ്വപ്രബന്ധത്തിലുള്ളവയിൽനിന്നു വ്യത്യാസം ചെയ്തു ചേൎത്താൽ സാഹിത്യരൂപമായ മാതുവിന്നു പുതുമയുണ്ടാകും.

സൂ — ഗണവൃത്തഗ്രഹന്യാസഭേദേന ച രചനായാഃ. വർ

ഭാ — പൂൎവ്വപ്രബന്ധത്തിൽനിന്നു ഗണക്രമം, വൃത്തം, ഗ്രഹസ്വരം, ന്യാസസ്വരം ഇവ വ്യത്യാസപ്പെടുത്തി നിൎമ്മിക്കുന്നതായാൽ രചനക്കും പുതുമയുണ്ടാകുന്നതാണ്.

സൂ — സ ചനവീകൃതഃ പ്രബന്ധസ്സാമാന്യതഃ പരിവൃത്തപദാന്തരഭഞ്ജനിശ്രിതഖല്ലോത്താരാനുസാരസംജ്ഞാഭിഃ പഞ്ചവിധഃ. വൈ

ഭാ — മേൽപ്രകാരം പുതുമയുണ്ടാക്കിനിൎമ്മിച്ചിരിക്കുന്ന പ്രബന്ധങ്ങളെ ചുരുക്കത്തിൽ അഞ്ചുവകയായിത്തിരിക്കാം. അവക്ക് പരിവൃത്തം, പദാന്തരം, ഭഞ്ജനീശ്രിതം, ഖല്ലോത്താരം, അനുസാരം ഇങ്ങനെ പ്രത്യേകം പേരുകളും പറഞ്ഞുവരാറുണ്ട്.

അവയിലോരോന്നിൻെറയും സ്വഭാവം വിവരിക്കുന്നു—

സൂ — പൂൎവ്വസ്മാൽ സ്ഥായിനം പരിവൎത്ത്യ നവസ്വസ്ഥാനരചനാന്നവരാഗതാളരചനാഭ്യാ പരിവൃത്തഃ. വന്റെ

ഭാ — പൂൎവ്വപ്രബന്ധത്തിലെ പല്ലവം, അനുപല്ലവം മുതലായതിൻെറ ഗ്രഹസ്വരമായ സ്ഥായിസ്വരത്തെ മാററി മറെറാരു സ്വരത്തെ സ്ഥായിയാക്കി സ്വീകരിച്ചു പുതിയ സ്വസ്ഥാനം നിൎമ്മിച്ചു രചിച്ചിട്ടുള്ളതിന്നാണ് പരിവൃത്തമെന്നു പറയുന്നത്. പൂൎവ്വപ്രബ

ന്ധത്തിൻെറ രാഗവും താളവും മാററി മററൊരു രാഗത്തിലും താളത്തിലുമായി പൂർവ്വരചനയെ അവലംബിച്ചു രചിച്ചിട്ടുള്ളതിനും പരിവൃത്തമെന്നു പറയാറുണ്ട്.

സൂ—രസരാഗതാളേഷു തേഷ്വേവ മാതുഭേദസ്ഥായവൈചിത്ര്യാഭ്യാം രചിതഃ പദാന്തരാഭിധാനഃ. ൨൫൬

ഭാ—രസം, രാഗം, താളം ഇവ പൂർവ്വപ്രബന്ധത്തിലെത്തന്നെ സ്വീകരിച്ചും സാഹിത്യം പുതുതായി നിർമ്മിച്ചും സ്ഥായങ്ങൾക്കു പല വ്യത്യാസങ്ങളും വൈചിത്ര്യങ്ങളും വരുത്തിയും രചിച്ചിട്ടുള്ളതാണ് പദാന്തരമെന്നത്. ഇതിന്നു പടാന്തരമെന്നും പറയാറുണ്ട്.

സൂ—അന്യധാതുനാ ഗീതോ ഭഞ്ജനിശ്രിതഃ. ൨൫൭

ഭാ—ഏതു മാതിരി സ്വരസംഘടനയെ അവലംബിച്ചു പ്രബന്ധം നിർമ്മിച്ചിരിക്കുന്നുവോ ആ സ്വരസംഘടന മാററി വേറെ സ്വരസംഘടനയിൽ സാഹിത്യത്തിന്നു മാററം കൂടാതെതന്നെ പാടുന്നതിന്നാണ് ഭഞ്ജനിശ്രിതമെന്നു പറയുന്നത്.

സൂ—പൂർവ്വരൂപകഗതസ്ഥായാനാമേവ സ്ഥാനാന്തരഗതേന മാതന്തരേണ രചനാൽ ഖല്ലോത്താരഃ. ൨൫൮

ഭാ—പൂർവ്വപ്രബന്ധത്തിലുള്ള സ്ഥായങ്ങളെത്തന്നെ സ്ഥാനംമാത്രം മാററി സാഹിത്യം പുതുതായി നിർമ്മിച്ചിട്ടുള്ളതാണ് ഖല്ലോത്താരം.

സൂ—പൂർവ്വരാഗതാളയോരേവ കിഞ്ചിന്മാത്രം ധാതുവൈജാത്യം കൃത്വാ മാതന്തരേണ രചനാദനുസാരഃ. ൨൫൯

ഭാ—പൂർവ്വപ്രബന്ധത്തിൻെറ രാഗത്തിലും താളത്തിലുംതന്നെ ധാതുവിൽ ചിലേടത്ത് അല്പംമാത്രം വ്യത്യാസം ചെയ്തും മാതുവായ സാഹിത്യം പുതുതായും നിർമ്മിച്ചിട്ടുള്ളതാണ് അനുസാരം.

സൂ—അന്ത്യാവധമൌ. ൨൬൦

ഇതി പ്രബന്ധപ്രകാശഃ.

ഭാ—ഇങ്ങനെ അഞ്ചു തരം നവീകൃതപ്രബന്ധങ്ങളുള്ളതിൽ ഒടുക്കം പറഞ്ഞ രണ്ടും അതായത് ഖല്ലോത്താരവും അനുസാരവും നവീകരണത്തെപ്പററിയേടത്തോളം പുതുമ കുറവായതിനാൽ അധമങ്ങളാണ്.

ഇങ്ങനെ പ്രബന്ധപ്രകാശം.

അഥ രാഗപ്രകാശഃ

രാഗൈഃ പ്രകൃതിസമ്പന്നവികാരൈർവ്വിവിധൈരപി
ജഗച്ചിത്രം വിദധതേ പരസ്മൈ ബ്രഹ്മണേ നമഃ.

അനന്തരം രാഗങ്ങളെപ്പററി വിവരിപ്പാൻ തുടങ്ങുന്നു. അതിൽ ആദ്യം രാഗങ്ങൾക്കെല്ലാം സാമാന്യമായ ലക്ഷണം കാണിച്ചുകൊണ്ടു രാഗപദത്തിൻെറ അൎത്ഥം പറയുന്നു.

സൂ—വൎണ്ണാലങ്കാരസ്ഥായഗമകവിഭൂഷിതോ ഗ്രഹാംശന്യാസാദിനിയമിതോ രഞ്ജകസ്വരഃ. ൧

ഭാ—രാഗമെന്നത് സ്ഥായി, സഞ്ചാരി മുതലായ വൎണ്ണങ്ങൾ, സങ്കൎഷം, പ്രകൎഷം മുതലായ അലങ്കാരങ്ങൾ, ശബ്ദസ്ഥായം, ഠാലസ്ഥായം തുടങ്ങിയ സ്ഥായങ്ങൾ, ത്രിരൂപം, സ്ഫുരിതം മുതലായ ഗമകങ്ങൾ ഇവ യുക്തംപോലെ ചേൎത്തു ഭംഗിവരുത്തീട്ടുള്ളതും ഗ്രഹസ്വരം, അംശസ്വരം, ന്യാസസ്വരം മുതലായതിന്നു വ്യവസ്ഥയുള്ളതും ഹൃദയത്തിന്നു രഞ്ജനയുണ്ടാക്കുന്നവിധം ക്രമപ്പെടുത്തിയതുമായ സ്വരസമുദായമാണ്. ഇതിൽ രഞ്ജകമായ സ്വരസന്ദൎഭം എന്നതുകൊണ്ടു രാഗപദത്തിൻെറ അവയവാൎത്ഥം കാണിച്ചിരിക്കുന്നു. രഞ്ജയതീതി രാഗഃ എന്നു വിഗ്രഹം. അല്ലെങ്കിൽ രജ്യതേ ജനോ യേന സ രാഗഃ എന്നു വിഗ്രഹം

"യോസൌ ധ്വനിവിശേഷസ്തു സ്വരവൎണ്ണവിഭൂഷിതഃ
രഞ്ജകോ ജനചിത്താനാം സ തു രാഗ ഉദാഹൃതഃ.
സ്വരവൎണ്ണവിശിഷ്ടേന ധ്വനിഭേദേന വാ ജനഃ
രജ്യതേ യേന കഥിതസ്സരാഗസ്സമ്മതസ്സതാം."

എന്നു മതംഗമുനിഗ്രന്ഥവുമുണ്ട്. സൂത്രത്തിലെ മററു ഭാഗങ്ങൾ രാഗത്തിൻെറ സാമാന്യസ്വരൂപം കാണിക്കുന്നു.

സൂ—തേ ച സിന്ധുതരംഗവദസംഖ്യാതാഃ. ദേശീരാഗാസ്തു ദേശഭേദേന നാമലക്ഷണപൂൎണ്ണതാദിഷു സങ്കുലിതാശ്ച. ൨

ഭാ—അങ്ങനെയുള്ള രാഗങ്ങളാകട്ടെ സമുദ്രതരംഗങ്ങൾപോലെ ഇത്രയുണ്ടെന്നു ഗണിപ്പാൻ സാധിക്കാത്തവയാണ്. വിശേഷിച്ചും ദേശീയരാഗങ്ങൾ. "ഏതേഷാം ഛായയാ ജാതാഃ ഛായാലഗസമാഹ്വയാഃ അസംഖ്യാതാസ്തു തേ." എന്ന് ഉമാപതിഗ്രന്ഥം. "ദേശജാനാന്തു രാഗാണാമനിബദ്ധത്വാത്സംഖ്യാ നാസ്തീത്യവഗന്തവ്യം" എന്നു മതംഗമുനിയും. എന്നുതന്നെയുമല്ല, ദേശഭേദത്താൽ ഓരോ രാഗത്തിൻെറ പേരിനും മാററമുണ്ട്. എന്നുവെച്ചാൽ ഒരേ രാഗത്തിന്നുതന്നെ ഓരോ ദേശത്തു വേറെ വേറെയാണ് പേർ പറഞ്ഞുവരുന്നതെന്നൎത്ഥം. അതുപോലെ ഒരേ പേരായിത്തന്നെ വിഭിന്ന രാഗങ്ങൾ വിഭിന്ന ദേശങ്ങളിൽ വ്യവഹരിച്ചുവരുന്നുണ്ട്. ലക്ഷണങ്ങളും വേറെ വേറെയായി ഓരോ ഗ്രന്ഥകാരന്മാർ പ്രതിപാദിച്ചിട്ടുണ്ട്. "ആദ്യന്താംശാ നിബഹുളാ ഗമകോഗ്രാ രിപോജ്ഝിതാ കാംബോജീ" എന്നു കാംബോജി എന്ന പേരായ രാഗത്തിൽ പഞ്ചമഷഭങ്ങൾ വൎജ്ജ്യങ്ങളാണെന്ന് ഒരു ഗ്രന്ഥകാരനും "പൂൎണ്ണാ സാദിരനിൎവ്വാ കാംബോജീ" എന്നു കാംബോജിയെന്നു പേരായ രാഗം പൂൎണ്ണസപ്തസ്വരമാണെന്നു മറെറാരു ഗ്രന്ഥകാരനും പറയുന്നു. ഒരാൾ കാംബോജിയിൽ നിഷാദം ബഹുളമാണെന്നും മറേറ ആൾ നിഷാദമില്ലാതെയും വരാമെന്നും പറയുന്നു. ഇങ്ങനെ ഒരു പേർ തന്നെ ദേശഭേദം നിമിത്തം വിഭിന്നരാഗങ്ങൾക്ക് ഓരോരുത്തർ പറഞ്ഞുവരു

നുണ്ടെന്നർത്ഥം. അതുപോലെ, പൂർണ്ണം, ഷാഡവിതം, ഔഡവിതം എന്ന വിഷയത്തിലും ദേശഭേദത്താൽ രാഗങ്ങൾ മാറി മറിഞ്ഞുംകൊണ്ടാണിരിക്കുന്നത്. അങ്ങനെ ദേശീയരാഗങ്ങളെയെല്ലാംകൂടി നോക്കുമ്പോൾ പലതരം കുഴപ്പങ്ങളും വന്നുചേർന്നിട്ടുണ്ടെന്നു സാരം. "നാമസാമ്യന്തു കേഷാഞ്ചിൽ ഭിന്നാനാമപി ലക്ഷ്യതഃ". എന്ന ഗ്രന്ഥത്താൽ ഈ സംഗതി രത്നാകരകാരനും പറഞ്ഞിട്ടുള്ളതാണ്.

അങ്ങനെയാണെങ്കിലും രാഗങ്ങളെ ചുരുക്കത്തിൽ മൂന്നു വർഗ്ഗത്തിലുൾപ്പെടുത്താവുന്നതാണെന്നു പറയുന്നു—

സൂ—തഥാപി ശുദ്ധസാലഗസങ്കീർണ്ണഭേദാൽ ത്രിവിധാഃ. ൨

ഭാ—മേൽപ്രകാരമെല്ലാമാണെങ്കിലും രാഗങ്ങളെ ചില സാമാന്യധർമ്മങ്ങളനുസരിച്ച് ശുദ്ധങ്ങൾ, സാലഗങ്ങൾ, സങ്കീർണ്ണങ്ങൾ എന്നു മൂന്നു വകയായിത്തിരിക്കാവുന്നതാണ്. മററൊരു രാഗത്തിൻെറ ഛായ കലരാതെ സ്വഭാവത്താൽത്തന്നെ രഞ്ജനകാരിത്വമുള്ള രാഗങ്ങൾ ശുദ്ധങ്ങൾ. അന്യരാഗത്തിൻെറ ഛായയുള്ളവ സാലഗങ്ങൾ. ഛായാലഗമെന്ന പദത്തിൻെറ അപഭ്രംശരൂപമാണ് സാലഗമെന്നത്. ഒന്നിലധികം രാഗങ്ങളുടെ ഛായകൾ കലന്നിട്ടുള്ളവ സങ്കീർണ്ണങ്ങൾ.

വേറെ വിധത്തിലും രാഗങ്ങളുടെ സാമാന്യവിഭാഗം കാണിക്കുന്നു—

സൂ—ശുദ്ധഭിന്നഗൌഡവേസരസാധാരണഗീതിഭേദാച്ച പഞ്ചവിധാഃ. ൪

ഭാ—ഗീതികൾ അതായത് ഗാനരീതികൾ ശുദ്ധം, ഭിന്നം, ഗൌഡം, വേസരം, സാധാരണം ഇങ്ങനെ ചുരുക്കത്തിൽ അഞ്ചുതരത്തിലുണ്ട്. അതനുസരിച്ച് രാഗങ്ങളെയും ശുദ്ധഗീതിരാഗങ്ങൾ, ഭിന്നഗീതിരാഗങ്ങൾ, ഗൌഡഗീതിരാഗങ്ങൾ, വേസരഗീതിരാഗങ്ങൾ, സാധാരണഗീതിരാഗങ്ങൾ എന്നിങ്ങനെ അഞ്ചു വകയായിത്തിരിക്കാവുന്നതാണ്.

അവയിലോരോന്നിൻെറയും സ്വരൂപം വിവരിക്കുന്നു—

സൂ—തത്ര ലളിതാവക്രസ്വരാ ശുദ്ധാ ഗീതിഃ. ൫

ഭാ—അവയിൽ ശുദ്ധഗീതിയെന്നതു സ്വരങ്ങളെ ബലപ്പെടുത്താതെ ലളിതമായും ഗമകാദികളെക്കൊണ്ടു വക്രമാക്കാതെയും പ്രയോഗിക്കുന്നതാണ്. ലളിതമെന്നതിന്നു മനോഹരമെന്നർത്ഥം.

സൂ—സൂക്ഷ്മവക്രഗമകസ്വരാ ഭിന്നാ. ൬

ഭാ—സ്വരങ്ങളെ വളരെ സൂക്ഷ്മരൂപത്തിലും വക്രഗതിയോടുകൂടിയും സ്ഫുരിതാദിഗമകങ്ങൾ ചേർത്തും പ്രയോഗിക്കുന്നതാണ് ഭിന്നഗീതി.

സൂ—ഗാഢത്രിസ്ഥാനവ്യാപ്തഗമകസ്വരാ ഗൌഡീ. ൭

ഭാ—സ്വരങ്ങളെ ബലപ്പെടുത്തിയുറപ്പിച്ചും മന്ദ്രമദ്ധ്യതാരസ്ഥായികൾ മൂന്നിലും വ്യാപിപ്പിച്ചും പലതരം ഗമകങ്ങളോടുകൂടിയും പ്രയോഗിക്കുന്നതു ഗൌഡഗീതി.

സൂ—വേഗവൽസ്വരാ വേസരാ. ൮

ഭാ—സ്വരങ്ങളെ സ്ഥായി, ആരോഹി, അവരോഹി, സഞ്ചാരി എന്ന നാലുതരം വർണ്ണപ്രയോഗങ്ങളിലും വളരെ വേഗത്തിലും രഞ്ജനക്കു കുറവുവരാതെയും പ്രയോഗിക്കുന്നതാണ് വേസരഗീതി. വേഗവത്സര എന്ന ശബ്ദത്തിൻെറ അപഭ്രംശരൂപമാണ് വേസരയെന്നത്.

സൂ—സമചതുർവ്വിധലക്ഷണാ സാധാരണീ. ൯

ഭാ—മേൽപ്പറഞ്ഞ നാലുതരം ഗീതികളുടെ ലക്ഷണങ്ങളും തുല്യമായവിധത്തിൽ പ്രയോഗിക്കുന്നതു സാധാരണഗീതി. ഇങ്ങനെ അഞ്ചു തരത്തിലുള്ള ഗീതികളെ അവലംബിച്ചുള്ള പ്രയോഗവിശേഷം അടിസ്ഥാനമാക്കി രാഗങ്ങളെയും സാമാന്യമായി അഞ്ചു തരത്തിൽ തിരിക്കാമെന്നു താൽപര്യം.

പ്രായേണ എല്ലാ രാഗപ്രയോഗങ്ങളിലും മേൽക്കാണിച്ച ഗീതികൾ മിക്കതും ഉണ്ടായിരിക്കുന്നതിനാൽ ഈ രാഗവിഭാഗം എങ്ങനെ ശരിയാകും എന്ന ശങ്കക്കു സമാധാനം പറയുന്നു—

സൂ—ബാഹുല്യേന നിർദ്ദേശോ ഗ്രാമരാഗാദന്യത്രേതി സമ്പ്രദായവിദഃ. ൧൦

ഭാ—ഗ്രാമരാഗങ്ങളെന്നു പറയുന്ന അതിപ്രാചീനരാഗങ്ങളെ ഒഴിച്ചു മററുള്ള രാഗങ്ങളെപ്പററിയേടത്തോളമെല്ലാം ഏതുതരം ഗീതി പ്രയോഗത്തിൽ അധികമായിരിക്കുന്നുവോ അതിനെ ആസ്പദമാക്കിയാണ് ശുദ്ധമെന്നും ഭിന്നമെന്നും മററും നിർദ്ദേശിക്കേണ്ടത് എന്നാണ് പ്രാചീനസമ്പ്രദായജ്ഞന്മാർ പറഞ്ഞിട്ടുള്ളത്. എന്നു വെച്ചാൽ മിക്ക രാഗങ്ങളിലും എല്ലാത്തരം ഗീതിപ്രയോഗങ്ങളും ഉണ്ടായിരിക്കാമെങ്കിലും ഇന്നിന്ന രാഗങ്ങൾക്ക് ഇന്നതരത്തിലുള്ള ഗീതി അധികമായാലാണ് രഞ്ജകതാധിക്യം വരുന്നതെന്ന് അനുഭവസിദ്ധമാണ്. കല്യാണി മുതലായതിൽ ഭിന്നഗീതിക്കും കാംബോജി മുതലായതിൽ ഗൌഡഗീതിക്കുമാണ് രഞ്ജകത്വം അധികമുള്ളതെന്നു സൂക്ഷിച്ചു പരിശോധിച്ചാലറിയാം. ഗ്രാമരാഗങ്ങളുടെ സംഗതിയിലാകട്ടെ ഇന്നിന്ന രാഗങ്ങൾ ഇന്നിന്ന ഗീതിയിലേ പ്രയോഗിക്കാവൂ എന്നു വ്യവസ്ഥതന്നെ ചെയ്തിട്ടുണ്ട്.

സൂ—തത്ര മാർഗ്ഗരാഗാ ഗ്രാമരാഗോപരാഗസുരാഗഭാഷാരാഗവിഭാഷാരാഗാന്തരഭാഷാരാഗഭേദേന ഷോഢാ. ൧൧

ഭാ—അങ്ങനെ സാമാന്യസ്വരൂപമുള്ള രാഗങ്ങളിൽ മാർഗ്ഗപ്രസ്ഥാനമനുസരിച്ചുള്ള രാഗങ്ങൾ ഗ്രാമരാഗങ്ങൾ, ഉപരാഗങ്ങൾ, സുരാഗങ്ങൾ, ഭാഷാരാഗങ്ങൾ, വിഭാഷാരാഗങ്ങൾ, അന്തരഭാഷാരാഗങ്ങൾ ഇങ്ങനെ ആറു വകയായിട്ടുണ്ട്.

അവയിലോരോന്നിൻെറയും സ്വഭാവം പറയുന്നു—

സൂ—രാഗമൂലജാതിഷ്വേകസ്യാ ദ്വയോർവ്വാ പ്രധാനാംശൈഃഘടിതാ വ്യവസ്ഥിതഗീതിമൂർച്ഛനാവിശേഷാ ഗ്രാമരാഗാഃ. ൧൨

ഭാ—അവയിൽ ഗ്രാമരാഗങ്ങളെന്നതു രാഗമൂലജാതികളിൽ ഒരു ജാതിയിലുൾപ്പെട്ട ചില പ്രധാനാംശങ്ങളോ ഒന്നിലധികം ജാതികളിലെ പ്രധാനാംശങ്ങളോ രഞ്ജനക്കു ചേരുന്ന വിധം സ്വീകരിച്ചു നിർമ്മിച്ചവയും ശുദ്ധഭിന്നാദിഗീതിപ്രകാരഭേദങ്ങളിൽ ഇന്നത് ഇന്ന ഗീതിയിൽ പ്രയോഗിക്കണമെന്നു വ്യവസ്ഥയുള്ളവയും അതുപോലെ ഉത്തരമന്ദ്ര, സൌവീരി മുതലായ ഷഡ്ജഗ്രാമമദ്ധ്യമഗ്രാമമൂർച്ഛനകളിൽ ഇന്ന മൂർച്ഛനയെ അവലംബിച്ചു പ്രയോഗാരംഭം വേണമെന്നു നിയമമുള്ളവയും മൂലജാതികളിൽനിന്നു നേരെത്തന്നെ ഉണ്ടായവയുമായ രാഗങ്ങളാണ്. അങ്ങനെയുള്ള ഗ്രാമരാഗങ്ങൾ ശുദ്ധസാധാരിതം മുതലായി ഷഡ്ജഗ്രാമിയങ്ങൾ പതിമ്മൂന്നും പഞ്ചമരാഗം മുതലായി മദ്ധ്യമഗ്രാമിയങ്ങൾ പതിന്നാലും ദ്വൈഗ്രാമികങ്ങൾ മൂന്നുമായി മുപ്പതാണെന്നാണ് പ്രാചീനമതം. ആവക ഗ്രാമങ്ങൾ നാടകാഭിനയങ്ങളിൽ ഇന്നിന്ന സന്ദർഭങ്ങളിൽ പ്രയോഗിക്കേണ്ടവയാണെന്നും ഭരതാദ്യാചാര്യന്മാർ നിയമിച്ചിട്ടുണ്ട്.

"ഷഡ്ജമധ്യമയാ ജാതസ്താരഷഡ്ജഗ്രഹാംശകഃ
നിഗാല്പോ മധ്യമന്യാസഃ പൂർണ്ണഃ ഷഡ്ജാദിമൂർച്ഛനഃ
അവരോഹിപ്രസന്നാന്താലങ്കൃതോ രവിദൈവതഃ
വീരരൌദ്രരസേ ഗേയഃ പ്രഹരേ വാസരാദിമേ
വിനിയുക്തോ ഗർഭസന്ധൌ ശുദ്ധസാധാരിതോ ബുധൈഃ."

എന്നിവക രത്നാകരഗ്രന്ഥം നോക്കുക. ഇതിൻെറ അർത്ഥം ശുദ്ധസാധാരിതമെന്ന ഗ്രാമരാഗം ഷഡ്ജഗ്രാമീയയായ ഷഡ്ജമധ്യമയെന്ന മൂലജാതിയെ അവലംബിച്ചുള്ളതാണ്. ആ ജാതിയിൽ സപ്തസ്വരങ്ങളും അംശസ്വരങ്ങളായി വരുന്നതിൽ താരഷഡ്ജത്തെ അംശമായും ഗ്രഹസ്വരമായും സ്വീകരിച്ചുണ്ടായതാണ്. ഗാന്ധാരനിഷാദങ്ങൾ രണ്ടും ഇതിൽ അല്പപ്രയോഗങ്ങളാണ്. മധ്യമമാണ് ന്യാസസ്വരം. ഷഡ്ജാദിയായ ഉത്തരമന്ദ്രയാണ് ഇതിനുള്ള മൂർച്ഛന—പൂർണ്ണരാഗമാണിത്. അവരോഹിവർണ്ണവും പ്രസന്നാന്താലങ്കാരവുമാണ് പ്രധാനമായിരിക്കേണ്ടത്. ഈ രാഗത്തിൻെറ ദേവത സൂര്യനാണ്. വീരരൌദ്രരസദ്യോതകവും പകൽ ആദ്യത്തെ യാമത്തിൽ പാടേണ്ടതുമാണ്. നാടകത്തിൽ ഗർഭസന്ധി എന്ന സന്ദർഭത്തിൽ ആണ് ഈരാഗം പ്രയോഗിക്കേണ്ടത്. ഇങ്ങനെയാണല്ലോ. മതംഗമുനിയും ഈ ശുദ്ധസാധാരിതത്തെപ്പററി,

"ഷഡ്ജാംശോ മധ്യമന്യാസഃ സ്വല്പദ്വിശ്രുതികസ്വരഃ
സ്യാൽ ഷഡ്ജമധ്യമാജാതേഃ ശുദ്ധസാധാരിതസ്തഥാ.

അസ്യാർത്ഥഃ—ശുദ്ധസാധാരിതോ രാഗഃ ഷഡ്ജമധ്യമാസംബദ്ധഃ. ഷഡ്ജമധ്യമാജാതേരുൽപന്നത്വാൽ. താരഷഡ്ജോ ഗ്രഹോംശശ്ച. മധ്യമോ ന്യാസശ്ച. നിഷാദഗാന്ധാരയോരല്പത്വം. പൂർണ്ണശ്ചായം. ഗർഭസന്ധൌ വിനിയോഗഃ. വീരരൌദ്രാദികോ രസഃ. ഷഡ്ജാദിമൂർച്ഛനാ. അവരോഹീ വർണ്ണഃ. പ്രസന്നാന്തോലങ്കാരഃ. ദക്ഷിണേ കലാ, വൃത്തൌ കലാ, ചിത്രേ കലാ. സ്വരപദഗീതേഷു ചച്ചൽപുടാദിസ്താളഃ." എന്നിങ്ങനെ വ്യക്തമായി വിവരിച്ചിട്ടുണ്ട്. ഗ്രാമരാഗങ്ങളുടെയെല്ലാം സ്വഭാവം ചുരുക്കത്തിൽ ഈ വിധത്തിലാണ്.

സൂ—വിഭിന്നജാതീനാമംശൈഘ്ടിതാ ഉപരാഗാഃ. ൧൩൨

ഭാ—പല ജാതികളിലും ഉൾപ്പെട്ട ഭാഗങ്ങൾ രഞ്ജകമായവിധത്തിൽ ചേർത്തുണ്ടാക്കിയവയാണ് ഉപരാഗങ്ങൾ. അതിനാൽ ഉപരാഗങ്ങൾക്കും മൂലജാതികൾതന്നെയാണ് അവലംബമായിട്ടുള്ളത്. അങ്ങനെയുള്ള ഉപരാഗങ്ങൾ ശകതിലകം, ടക്കസൈന്ധവം മുതലായ എട്ടെണ്ണമാണ്.

സൂ—ജാതീനാമേവ ഭാഗാന്തരൈഘ്ടിതാസ്സുരാഗാഃ. ൧൩൪

ഭാ—ഗ്രാമരാഗങ്ങളിലും ഉപരാഗങ്ങളിലും ഉൾപ്പെടാത്ത ചില മൂലജാതിഭാഗങ്ങൾ രഞ്ജനക്കു യോജിച്ചവിധം ഘടിപ്പിച്ചിട്ടുള്ളവയാണ് സുരാഗങ്ങൾ. അതിനാൽ അവയും ജാതിമൂലകങ്ങൾതന്നെയാണ്. ഇവക്കു നിരുപപദരാഗങ്ങളെന്നും ശുദ്ധരാഗങ്ങളെന്നും പറയും. അങ്ങനെയുള്ള സുരാഗങ്ങൾ ശ്രീരാഗം, നട്ടം മുതലായി ഇരുപതാണെന്നും പ്രാചീനന്മാർ പറഞ്ഞിട്ടുണ്ട്. ഈ ശ്രീരാഗം ദക്ഷിണപ്രസിദ്ധമായ ശ്രീരാഗമല്ല, മറെറാന്നാണെന്നും ഗ്രഹിച്ചുകൊൾക.

സൂ—ഗ്രാമരാഗച്ഛായാതാരതമ്യാൽ ഭാഷാവിഭാഷാന്തരഭാഷാഃ. ൧൩൫

ഭാ—ഗ്രാമരാഗങ്ങളിൽ ചിലതിൻെറ ഛായമാത്രമുള്ള രാഗങ്ങൾക്കാണ് ഭാഷാരാഗങ്ങളെന്നും വിഭാഷാരാഗങ്ങളെന്നും അന്തരഭാഷാരാഗങ്ങളെന്നും പറയുന്നത്. അതിൽ അധികഭാഗങ്ങളിലും ഛായയുള്ളതു ഭാഷാരാഗം, കുറെ ഭാഗങ്ങളിൽ മാത്രം ഛായയുള്ളതു വിഭാഷാരാഗം, കുറച്ചുമാത്രം ഛായയുള്ളത് അന്തരഭാഷാരാഗം. ഭാഷ എന്ന പദത്തിന്നു പ്രകൃതത്തിൽ ഛായ അതായത് സാദൃശ്യമെന്നാണ് അൎത്ഥം. "ഗ്രാമരാഗാണാമേവ പ്രകാരവിശേഷാ ഭാഷാവ്യാഖ്യാഃ. ഭാഷാശബ്ദോത്ര പ്രകാരവാചീ." എന്നു മതംഗമുനിവചനം. അങ്ങനെയുള്ള രാഗങ്ങൾ അനേകങ്ങളാണ്.

സൂ—ഏതേ ഷഡ്വിധാ അപി ഗ്രാമരാഗാദയോ മാൎഗ്ഗരാഗാശ്ചിരാദേവ ലുപ്തപ്രയോഗാ ഇതി ലക്ഷണതോ ന വിവിച്യ പ്രദൎശ്യന്തേ. ൧൭

ഭാ—ഗ്രാമരാഗങ്ങൾ തുടങ്ങി മേൽകാണിച്ച ആറുവിധം മാൎഗ്ഗരാഗങ്ങളും വളരെക്കാലത്തിന്നു മുമ്പുതന്നെ പ്രയോഗമില്ലാതായിപ്പോയിരിക്കുന്നു. അതിനാൽ അവയിലോരോന്നിൻെറയും പ്രത്യേകലക്ഷണങ്ങളെയും മററും ഇവിടെ വിവരിച്ചു കാണിക്കുന്നില്ല. കേരളത്തിൽ ചാക്കിയാന്മാരുടെ നാടകാഭിനയത്തിൽ ടക്കം, ഹിന്ദോളം മുതലായി ചില ഗ്രാമരാഗങ്ങളുടെ ഭാഗങ്ങൾ അവശേഷിച്ചിട്ടുണ്ടെങ്കിലും അതും പൂൎണ്ണമായ വിധത്തിലല്ല. അങ്ങനെ പ്രയോജനമില്ലാതായിപ്പോയതുകൊണ്ടു ലക്ഷണാദികൾ വിവരിക്കുന്നില്ലെന്നു താൽപൎയ്യം.

സൂ—തന്മൂലകാ ദേശിരാഗാസ്തു രാഗാംഗോപാംഗഭാഷാംഗക്രിയാംഗഭേദാച്ചതുൎദ്ധാ. ൧൮

ഭാ—ആവക മാൎഗ്ഗരാഗങ്ങളെ ആസ്പദമാക്കിയും ദേശഭേദംകൊണ്ടുണ്ടാകുന്ന രഞ്ജനാവിശേഷത്തിന്നനുസരിച്ചുള്ള മാററത്തോടുകൂടിയും ഉണ്ടായവയാണ് ദേശീയരാഗങ്ങൾ. ഇന്ദ്രിയാനുഭവയോഗ്യങ്ങളായ രൂപരസഗന്ധാദിസകലവിഷയങ്ങൾക്കും ദേശവിശേഷത്താലുണ്ടാകുന്ന രുചിഭേദം വഴിക്ക് അല്പാല്പം വ്യത്യാസം വന്നുകൂടുന്നതു പ്രകൃതിസിദ്ധമാണെന്നു ശ്രുതിപ്രകാശത്തിൽത്തന്നെ സൂചിപ്പിച്ചിട്ടുണ്ട്. മാൎഗ്ഗരാഗങ്ങൾക്ക് ആ വിധത്തിൽ രുചിഭേദം നിമിത്തം വന്നുകൂടിയ മാററം കലൎന്നവയാണ് ദേശീയരാഗങ്ങൾ എന്നൎത്ഥം. അങ്ങനെയുള്ള ദേശീയരാഗങ്ങളാകട്ടേ രാഗാംഗരാഗങ്ങൾ, ഉപാംഗരാഗങ്ങൾ, ഭാഷാംഗരാഗങ്ങൾ, ക്രിയാംഗരാഗങ്ങൾ എന്നിങ്ങനെ നാലു വകയായിട്ടുണ്ട്.

അവയിലോരോന്നിൻെറയും സ്വഭാവം വിവരിക്കുന്നു—

സൂ—തത്ര ഗ്രാമരാഗോപരാഗസുരാഗച്ഛായാശ്രിതാ രാഗാംഗാഃ. ൧൯

ഭാ—അവയിൽ രാഗാംഗരാഗങ്ങളെന്നതു ഗ്രാമരാഗങ്ങൾ, ഉപരാഗങ്ങൾ, സുരാഗങ്ങൾ ഇവയിലേതിൻെറയും ഛായയെ അനുകരിച്ചിട്ടുള്ള രാഗങ്ങളാണ്. അംഗശബ്ദത്തിന്നു പ്രധാനാശ്രയമെന്നു പ്രകൃതത്തിൽ അൎത്ഥം. ഗ്രാമരാഗാദികളിലൊന്നു പ്രധാനാവലംബമായിട്ടുള്ള രാഗം രാഗാംഗരാഗം ഛായയെ ആശ്രയിക്കുന്നതു പല ഭാഗങ്ങളിലും സാദൃശ്യം വരുന്നതുകൊണ്ടാണ്. ആകൃതിയിൽ ഛായയുണ്ടായിരിക്കയും ശ്രുതിസ്വരാദികളിൽ ചില മാററങ്ങൾ വരികയും ചെയ്യുമ്പോഴാണ് അങ്ങനെയുള്ള സാദൃശ്യമുണ്ടാകുന്നത്. "മാൎഗ്ഗോക്തശ്രുതിസ്വരാദിനിയമേഷു കേഷാഞ്ചിൽ പരിത്യാഗാത്തച്ഛായാനുകാരിത്വം" എന്നു കല്ലിനാഥവചനം.

"ഗ്രാമോക്താനാം തു രാഗാണാം ഛായാമാത്രം ഭവേദിതി ഗീതജ്ഞൈഃ കഥിതാസ്സൎവ്വേ രാഗാംഗാസ്തേന ഹേതുനാ." എന്നു മതംഗമുനിഗ്രന്ഥവുമുണ്ട്.

സൂ—തത്സാമീപ്യാദുപാംഗാഃ. ൧൯

ഭാ—അങ്ങനെയുള്ള രാഗാംഗരാഗങ്ങളോടു സാമീപ്യമുള്ള രാഗങ്ങൾ ഉപാംഗരാഗങ്ങൾ. സാമീപ്യം വരുന്നതാകട്ടെ സാദൃശ്യത്തിന്റെ ആധിക്യംകൊണ്ടുമാണ്. ശ്രുതി സ്വരാദികൾക്കു വ്യത്യാസമില്ലാതെ ചില ഗതിഭേദമെന്നു പറയുന്ന പരസ്പരമേളനത്തിൽ മാത്രം അല്പമായ മാററം വരുമ്പോഴാണ് സാദൃശ്യാധിക്യമുണ്ടാകുന്നതെന്നറിക. ഉപാംഗമെന്നതിലെ അംഗശബ്ദത്തിന്നു രാഗാംഗരാഗമെന്നൎത്ഥം. രാഗാംഗത്തിന്റെ സാമീപ്യമുള്ളത് ഉപാംഗം. ഇങ്ങനെ അവയവാൎത്ഥം.

സൂ – ഭാഷാരാഗച്ഛായാശ്രിതാ ഭാഷാംഗാഃ. ൨൦

ഭാ—മൂലജാതികളോടു നേരെയുള്ള ബന്ധമില്ലാതെ ഗ്രാമരാഗങ്ങളുടെ സാദൃശ്യം മാത്രമുള്ള രാഗങ്ങളാണ് ഭാഷാരാഗങ്ങളെന്നു പറഞ്ഞിട്ടുണ്ടല്ലോ. അങ്ങനെയുള്ള ഭാഷാരാഗങ്ങളുടെ ഛായയെ അനുകരിച്ചുകൊണ്ടുള്ള ദേശീയരാഗങ്ങളാണ് ഭാഷാംഗരാഗങ്ങൾ.

"ഭാഷാച്ഛായാശ്രിതാ യേന ജായന്തേ സദൃശാഃ കില
ഭാഷാംഗാസ്തേന കഥ്യന്തേ ഗായകൈസ്സൈതികാദിഭിഃ"

എന്നു മതംഗമുനിവചനം.

സൂ—വീരരൌദ്രശൃംഗാരാദ്യഭിനയക്രിയാനുകൂലഘടനാഃ ക്രിയാംഗാഃ. ൨൧

ഭാ—വീരം, രൌദ്രം, ശൃംഗാരം, കരുണം മുതലായ രസങ്ങൾക്കും അവയുടെ അഭിനയക്രിയകൾക്കും യോജിക്കുന്നവിധത്തിൽ സ്വരമേളനം ചെയ്തിട്ടുള്ള രാഗങ്ങളാണ് ക്രിയാംഗരാഗങ്ങൾ. ഉത്സാഹകോപാദിമാനസക്രിയകൾക്കും അതനുസരിച്ചുണ്ടാകുന്ന ശാരീരക്രിയകൾക്കും അംഗമായിട്ടുള്ളത് എന്നു ക്രിയാംഗശബ്ദാൎത്ഥം.

"ഉത്സാഹശോകരത്യാദിപ്രബലാ യാ ക്രിയാ യതഃ
ജായന്തേ ച തതോ നാമ ക്രിയാംഗാ ഇതി കാരണാൽ."

എന്നു മതംഗമുനിഗ്രന്ഥം.

സൂ—തത്ര ദേശീയരാഗേഷു ദക്ഷിണേ രാഗാംഗാദയോ മേളപ്രകാശദൎശിതദിശാ ലക്ഷ്യന്തേ. ൨൨

ഭാ—അങ്ങനെയുള്ള രാഗാംഗാദിദേശീയരാഗങ്ങളെപ്പററിയേടത്തോളവും രാഗാംഗോപാംഗാദിവിഷയത്തിൽ മതഭേദമുണ്ട്. ഉത്തരദേശീയർ രാഗാംഗമായിക്കരുതുന്ന രാഗത്തെയല്ല ദക്ഷിണദേശീയർ രാഗാംഗമായിക്കരുതുന്നത്. മല്ലാരി എന്ന രാഗാംഗത്തിന്റെ ഉപാംഗമാണ് ശങ്കരാഭരണമെന്നു ചില ഔത്തരാഹന്മാരും ശങ്കരാഭരണം രാഗാംഗമാണെന്നു ദാക്ഷിണാത്യന്മാരും പറയുന്നു. ദക്ഷിണദേശീയത്തിലും ഭൈരവി രാഗാംഗവും രീതിഗൌളം ഉപാംഗവുമാണെന്നു ചിലരും നേരെ മറിച്ചാണെന്നു മററു ചിലരും പറയുന്നു. അതിന്നും പുറമെ ചില രാഗങ്ങളുടെ പേരിനെപ്പററിയും ദക്ഷിണോത്തരദേശീയങ്ങൾ തമ്മിൽ വ്യത്യാസങ്ങളുണ്ട്. അതിനാൽ ഓരോന്നിന്റെ ലക്ഷണസ്വരൂപങ്ങൾക്കും മാററവുമുണ്ട്. അതുകൊണ്ടു മേളപ്രകാശത്തിൽ കാണിച്ച ക്രമം മാത്രമനുസരിച്ചാണ് ഇവിടെ രാഗാംഗരാഗങ്ങൾ മുതലായതിന്റെ ലക്ഷണങ്ങൾ വിവരിക്കുന്നത്.

സൂ—തത്ര ജ്ഞാനഗണഃ ജ്ഞാനേ സഗ്രഹന്യാസാ ഗധാംശാ തോഡീ. രാഗാംഗഃ. ൨൩

ഭാ — അവയിൽ ജ്ഞാനമേളഗണത്തിലെ തോഡിരാഗത്തിന്നു ഗ്രഹസ്വരവും ന്യാസസ്വരവും ഷഡ്ജമാണ്. ഗാന്ധാരവും ധൈവതവും രാഗത്തിന്റെ ജീവസ്വരങ്ങളെന്നു പറയുന്ന അംശസ്വരങ്ങളാണ്. അതു രാഗാംഗരാഗവുമാണ്.

സൂ — സഗ്രഹന്യാസാ മാംശാ പവജ്ജിതാ ഛായാതോഡീ ഹനുമത്തോഡീ വാ. ഉപാംഗഃ. ൨൪

ഭാ — ഗ്രഹസ്വരവും ന്യാസസ്വരവും ഷഡ്ജമായും അംശസ്വരം മദ്ധ്യമമായും പഞ്ചമമില്ലാതെയും ഇരിക്കുന്ന ഷാഡവരാഗമാണ് ഛായാതോഡി. ഇതിന്നു ഹനുമത്തോഡിയെന്നും പറയാറുണ്ട്. ഇതു തോഡിയുടെ ഉപാംഗരാഗമാണ്.

സൂ — സഗ്രഹന്യാസാംശാ ആരോഹാവരോഹയോഃ പവക്രാ നാഗവരാളീ. തോഡ്യുപാംഗഃ. ൨൫

ഭാ — ഗ്രഹവും ന്യാസവും അംശവും ഷഡ്ജം. ആരോഹണത്തിലും അവരോഹണത്തിലും പഞ്ചമം വക്രം. അതായത് സരിഗമപമധനിസ, സനിധമപഗരിസ എന്ന് ആരോഹാവരോഹക്രമം. അങ്ങനെയുള്ളതാണ് നാഗവരാളിരാഗം. അതും തോഡ്യുപാംഗം.

സൂ — നിഗ്രഹാ ഗാംശാ സന്യാസാ പുന്നാഗവരാളീ. ഭാഷാംഗഃ. ൨൬

ഭാ — മന്ദ്രനിഷാദം ഗ്രഹസ്വരവും ഗാന്ധാരം അംശസ്വരവും ഷഡ്ജം ന്യാസസ്വരവുമായിട്ടുള്ളത് പുന്നാഗവരാളീരാഗം. അതു ഭാഷാംഗരാഗവുമാണ്. നിസരിഗമപധനി, നിധപമഗരിസനി എന്ന് ആരോഹാവരോഹക്രമം.

സൂ — ധഗ്രഹസ്സാംശന്യാസശ്ചാരോഹേ ഗനിഹീനോവരോഹേ നിഹീനഃ ശുദ്ധസാമന്തഃ. ഭാഷാംഗഃ. ൨൭

ഭാ — മന്ദ്രധൈവതം ഗ്രഹസ്വരവും ഷഡ്ജം അംശസ്വരവും ന്യാസസ്വരവുമായിട്ടുള്ളതും ആരോഹണത്തിൽ ഗാന്ധാരനിഷാദങ്ങളും അവരോഹണത്തിൽ നിഷാദവുമില്ലാത്തതുമായ ഔഡവഷാഡവരാഗമാണ് ശുദ്ധസാമന്തം. അത് ഭാഷാംഗരാഗവുമാണ്. ധസരിമപധ, ധപമഗരിസധ എന്ന് ആരോഹാവരോഹക്രമം.

സൂ — സഗ്രഹന്യാസാ മാംശാ ചാരോഹേ ഗനിഹീനാവരോഹേ പൂണ്ണാ ചാസാവേരീ. ഭാഷാംഗരാഗഃ. ൨൮

ഭാ — ഗ്രഹന്യാസങ്ങൾ ഷഡ്ജവും അംശം മദ്ധ്യമവും ആരോഹണത്തിൽ ഗാന്ധാരനിഷാദഹീനവും അവരോഹണത്തിൽ പൂണ്ണവുമായ ഭാഷാംഗരാഗമാണ് അസാവേരി. ഔഡവപൂണ്ണമാണത്. സരിമപധസ, സനിധപമഗരിസ എന്ന് ആരോഹാവരോഹങ്ങൾ.

സൂ — സഗ്രഹാംശന്യാസാ ചാരോഹാവരോഹയോന്നിഹീനാ ശുദ്ധസീമന്തിനി. ഉപാംഗഃ. ൨൯

ഭാ — ഗ്രഹവും അംശവും ന്യാസവും ഷഡ്ജമായിട്ടുള്ളതും ആരോഹണത്തിലും അവരോഹണത്തിലും നിഷാദമില്ലാത്തതുമാണ് ശുദ്ധസീമന്തിനീരാഗം. ഷാഡവം. തോഡ്യുപാംഗം. സരിഗമപധസ, സധപമഗരിസ എന്ന് ആരോഹാവരോഹങ്ങൾ.

സൂ — സഗ്രഹന്യാസാ ഗധന്യംശാ ആരോഹേ രിവക്രാ ചാഹരീ. ഭാഷാംഗഃ. ൩൦

ഭാ — ഗ്രഹവും ന്യാസവും ഷഡ്ജമായും ഗാന്ധാരധൈവതനിഷാദങ്ങൾ അംശങ്ങളായും ആരോഹണത്തിൽ ഋഷഭം വക്രമായും ഇരിക്കുന്നതാണ് ആഹരിരാഗം. ഇതു ഭാഷാംഗരാഗമാണ്. സരിസഗമപധനിസ, സനിധപമഗരിസ എന്ന് ആരോഹാവരോഹക്രമം.

ഈ രാഗത്തിൽ ഋഷഭം ധൈവതം ഇവ വികൃതങ്ങളായിട്ടുള്ളവയും ചിലപ്പോൾ പ്രയോഗത്തിൽ രഞ്ജകങ്ങളായി വരും. അതുപോലെ ഗാന്ധാരനിഷാദങ്ങളും വികൃതങ്ങളായി പ്രയോഗത്തിൽ വരും. അതിനാൽ ചിലർ ഈ രാഗത്തെ ഭൈരവിയുടെ മേളത്തിൽ ചേൎന്നതായും മററുവിധത്തിലും ഗണിക്കുന്നുണ്ട്. ഇതു ഭാഷാംഗരാഗവുമാണ്.

സൂ—സഗ്രഹന്ന്യാസാ ഗന്ന്യംശാ ചാരോഹേ രിധഹീനാ ധന്ന്യാശി. ഭാഷാംഗഃ. ഉപാംഗ ഇതി കേചിൽ. ൯൧

ഭാ—ഗ്രഹവും ന്യാസവും ഷഡ്ജമായിട്ടുള്ളതും ഗാന്ധാരനിഷാദങ്ങൾ അംശങ്ങളായിട്ടുള്ളതും ആരോഹണത്തിൽ ഋഷഭധൈവതങ്ങളില്ലാത്തതും അവരോഹണത്തിൽ പൂൎണ്ണമായിട്ടുള്ളതുമാണ് ധന്യാശിരാഗം. സഗാമപനീസാ, സനീധപമഗാരിസാ എന്ന് ആരോഹാവരോഹങ്ങൾ. ഔഡവപൂൎണ്ണം. ഈ രാഗത്തിലും ചിലപ്പോൾ വികൃതഷഭപ്രയോഗം രഞ്ജകമായതിനാൽ അതനുസരിച്ചു ഭൈരവിമേളത്തിൽ ചേൎന്നതാണ് ഈ രാഗമെന്നും ചിലൎക്ക പക്ഷമുണ്ട്. ഇതു ഭാഷാംഗരാഗമാണ്. ഉപാംഗരാഗംതന്നെയാണെന്നും ചിലർ പറയുന്നു.

സൂ—സഗ്രഹാംശന്ന്യാസോ മനിഹീനോ ഭൂപാള ഉപാംഗഃ. ൯൨

ഇതി ജ്ഞാനഗണഃ.

ഭാ—ഗ്രഹവും അംശവും ന്യാസവും ഷഡ്ജമായിട്ടുള്ളതും ആരോഹണത്തിലും അവരോഹണത്തിലും മദ്ധ്യമനിഷാദങ്ങളില്ലാത്തതുമായ ഔഡവരാഗമാണ് ഭൂപാളം. സരിഗപധസ, സധപഗരിസ എന്ന് ആരോഹാവരോഹങ്ങൾ. ഇത് ഉപാംഗരാഗമാണ്. ചിലർ ഈ രാഗത്തിലെ ഗാന്ധാരം വികൃതഗാന്ധാരമാണെന്നും അതിനാൽ വസന്തഭൈരവീമേളത്തിൽ ചേൎന്നതാണിതെന്നും പറയുന്നുണ്ട്. വെങ്കടമഖി, അമാത്യൻ മുതലായവർ ഇതു ഭിന്നഷഡ്ജമേളത്തിൽ ചേൎന്നതായി ഗണിച്ചിരിക്കുന്നു. എന്നാൽ ഭിന്നഷഡ്ജരാഗം നിഷാദം മാത്രം വികൃതവും മററു സ്വരങ്ങളെല്ലാം ശുദ്ധങ്ങളുമായിട്ടുള്ളതാകയാലും ഈ ഭൂപാളരാഗത്തിൽ നിഷാദംതന്നെയില്ലാത്തതിനാലും ഇതിനെ ആ മേളത്തിൽ ചേൎക്കുന്നതിനു പ്രത്യേകം സാധകമൊന്നും കാണുന്നില്ല. ഗോവിന്ദദീക്ഷിതാദികളാകട്ടെ ഭൂപാളത്തിൽ ചിലപ്പോൾ വികൃതഷഭവും വികൃതധൈവതവും രഞ്ജകമായി പ്രയോഗത്തിലുള്ളതുകൊണ്ടു ഹരപ്രിയമേളത്തിൽ, അവരുടെ മതത്തിൽ ശ്രീരാഗമേളത്തിൽ, ചേൎന്നതാണ് ഭൂപാളരാഗമെന്നു പറയുന്നു. സ്വരങ്ങളെപ്പററി ഇങ്ങനെ വന്നു കൂടുന്ന മതഭേദത്തിന്നെല്ലാം അടിസ്ഥാനം, വസ്തുസ്ഥിതിയിൽ ശുദ്ധസ്വരത്തിന്നും വികൃതസ്വരത്തിന്നും ഇടയിലുള്ള ശ്രുതികളിലാണ് പ്രസ്തുതരാഗത്തിലെ സ്വരമെന്നുള്ളതും അതിനെ ചിലർ പൂൎവ്വസ്വരത്തിന്റെ ഭാഗമായും ചിലർ ഉത്തരസ്വരത്തിന്റെ ഭാഗമായും കരുതുന്നതുമാണെന്നു പരമാൎത്ഥം സ്വരപ്രകാശത്തിൽ വിവരിച്ചിട്ടുള്ളതോൎത്തുകൊൾക. ഇങ്ങനെ ജ്ഞാനമേളഗണം.

അഥ രത്നഗണഃ.

സൂ—രത്നേ സഗ്രഹന്ന്യാസാ രിമധാംശാ ചാരോഹേ വികൃതധഘടിതാ ഭൈരവീ. രാഗാംഗഃ. ൯൩

ഭാ—രത്നഗണത്തിൽ ഗ്രഹന്യാസങ്ങൾ ഷഡ്ജവും ഋഷഭധൈവതമദ്ധ്യമങ്ങൾ അംശങ്ങളുമായിട്ടുള്ളതും ആരോഹണത്തിൽ പലപ്പോഴും വികൃതധൈവതം ഘടിച്ചിട്ടുള്ളതും അവരോഹണത്തിൽ അധികവും ശുദ്ധധൈവതമായിട്ടുള്ളതുമാണ് ഭൈരവിരാഗം. "ചതുശ്രുതിശ്ചാപി ച ധൈവതോത്ര ലക്ഷ്യേഷ്വ പലഭ്യതേ." എന്ന് ആചാൎയ്യവചനമുണ്ട്. ഇതു

രാഗാംഗരാഗമാണ്. സപ്തസ്വരങ്ങളും ഇതിൽ അംശങ്ങളാണെന്നും എന്നാൽ മുഖ്യങ്ങളായ അംശസ്വരങ്ങൾ ഗ്രഹമായ ഷഡ്ജം, ഋഷഭമധ്യമധൈവതങ്ങൾ ഇവ നാലുമാണെന്നും ലക്ഷ്യപ്രയോഗം തെളിയിക്കുന്നുണ്ട്. വെങ്കടമഖി ഈ ഭൈരവിരാഗത്തെ ഭാഷാംഗരാഗമായിഗ്ഗണിച്ചിരിക്കുന്നു. ഗോവിന്ദദീക്ഷിതാദികൾ രാഗാംഗരാഗമായിട്ടാണ് ഗണിച്ചിട്ടുള്ളത്. ആ മതമാണ് അധികം സംഗതമായിട്ടുള്ളതും.

സൂ—നിഗ്രഹന്യാസസ്സഗമാംശോ രിപധവക്രോ രീതിഗൌള ഉപാംഗഃ വികൃതധോപി ഗൃഹ്യതേ. ൯൪

ഭാ—ഗ്രഹവും ന്യാസവും മന്ദ്രനിഷാദവും ഷഡ്ജഗാന്ധാരമധ്യമങ്ങൾ അംശങ്ങളും ഋഷഭപഞ്ചമധൈവതങ്ങൾ വക്രങ്ങളുമായിട്ടുള്ളതാണ് രീതിഗൌളരാഗം. ഇത് ഭൈരവ്യുപാംഗരാഗവുമാണ്. നിസഗരിഗമപധപമനിധനിസ, സനിധമപമഗരിസനി എന്ന ആരോഹാവരോഹങ്ങൾ. ഇതിൽ ആരോഹണത്തിലും അവരോഹണത്തിലും വികൃതധൈവതത്തെയും സ്വീകരിക്കാറുണ്ട്.

സൂ—വസ്തുതസ്തു വികൃതധസ്യൈവ പ്രയോഗബാഹുല്യാദസ്യ രക്തിമേളഗതത്വമേവ ന്യായ്യം. അത്രോക്തം തു കേഷാഞ്ചിന്മതാനുസാരേണ. ൯൫

ഭാ—വസ്തുസ്വഭാവത്തിലാകട്ടേ ഈ രീതിഗൌളരാഗത്തിൽ ശുദ്ധധൈവതപ്രയോഗമുണ്ടെങ്കിലും വികൃതധൈവതപ്രയോഗത്തിന്നാണ് രഞ്ജകതാധിക്യവും ബാഹുല്യവുമുള്ളത്. അതിനാൽ ഈ രാഗം രക്തിമേളത്തിൽ അതായത് ഹരപ്രിയാമേളത്തിൽ ചേൎന്ന ഉപാംഗമാണെന്നു സ്വീകരിക്കുന്നതാണ് അധികം യുക്തം. അമാത്യൻ മുതലായി ശുദ്ധധൈവതം ത്രിശ്രുതികമാണെന്നു പറയുന്ന ചിലരുടെ മതമനുസരിച്ചാണ് ഭൈരവീമേളത്തിലുൾപ്പെട്ടതായി ഇവിടെഗ്ഗണിച്ചത്. ഗോവിന്ദദീക്ഷിതാദികൾ "വക്ഷ്യാമഹേ സമ്പ്രതി രീതിഗൌളം ശ്രീരാഗമേളഃ പുനരസ്യ മേളഃ." എന്നീവക ഗ്രന്ഥങ്ങളാൽ അവരുടെ പക്ഷത്തിൽ ശ്രീരാഗമേളമെന്നു പറയുന്ന ഹരപ്രിയാമേളത്തിൽ ചേൎന്നതായിത്തന്നെ ഈ രാഗത്തെ ഗണിച്ചിട്ടുമുണ്ട്.

സൂ—സഗ്രഹന്യാസാ മാംശാ രിഹീനാ ജയന്തസേനാ ഉപാംഗഃ. ൯൬

ഭാ—ഗ്രഹവും ന്യാസവും ഷഡ്ജമായും അംശം മധ്യമമായും ഋഷഭമില്ലാതെയും ഉള്ള ഷാഡവരാഗമാണ് ജയന്തസേന. ഇത് ഉപാംഗരാഗവുമാണ്. ഇതിന്നു ജയന്തശ്രീ എന്നും ചിലർ പറയുന്നുണ്ട്. സഗമപധനിസ, സനിധപമഗസ എന്ന സ്വരക്രമം. ചിലരുടെ പക്ഷത്തിൽ ആരോഹണത്തിൽ പഞ്ചമവുമില്ലെന്നു കാണുന്നു. ആ മതത്തിൽ ഔഡവഷാഡവരാഗം.

സൂ—സഗ്രഹാംശന്യാസോ രിപഹീനോ ഹിന്ദോളഃ. ഉപാംഗഃ. ൯൭

ഭാ—ഗ്രഹവും അംശവും ന്യാസവും ഷഡ്ജമായും ഋഷഭപഞ്ചമങ്ങളില്ലാതെയും ഇരിക്കുന്ന ഔഡവരാഗമാണ് ഹിന്ദോളം. ഉപാംഗരാഗം. ഈ രാഗത്തിൽ ഗാന്ധാരധൈവതങ്ങൾ വക്രങ്ങളായിരിക്കും. സമഗമനിധനിസ, സനിധമഗസ എന്നു സ്വരക്രമം. ഇതിന്ന് ഇന്ദളം എന്നു പ്രസിദ്ധനാമം.

സൂ—സഗ്രഹാംശന്യാസാ രിനിഹീനാരോഹേ ഗവക്രാവരോഹേ പൂൎണ്ണാ ചാഭേരി. ഉപാംഗഃ. ൯൮

ഭാ—ഗ്രഹവും അംശവും ന്യാസവും ഷഡ്ജമായും ആരോഹണത്തിൽ ഋഷഭനിഷാദങ്ങളില്ലാതെയും ഗാന്ധാരം വക്രമായും അവരോഹണത്തിൽ പൂൎണ്ണമായും ഇരിക്കുന്ന ഔഡ

വപൂൎണ്ണരാഗമാണ് ആഭേരി. ഉപാംഗരാഗം. സമഗമപധസ, സനിധപമഗരിസ എന്നു സ്വരക്രമം. ഇതിൽ ആരോഹണത്തിൽ ഋഷഭധൈവതങ്ങളാണില്ലാതിരിക്കേണ്ടതെന്നും ചിലർ പറയുന്നുണ്ട്.

സൂ—സഗ്രഹാംശന്യാസാ ചാരോഹാവരോഹയോ രിധഹീനാ രവിചന്ദ്രികാ. ഉപാംഗഃ. ൩൯

ഭാ—ഗ്രഹാംശന്യാസസ്വരം ഷഡ്ജമായും ആരോഹണത്തിലും അവരോഹണത്തിലും ഋഷഭധൈവതങ്ങളില്ലാതെയും ഇരിക്കുന്ന ഔഡവരാഗമാണ് രവിചന്ദ്രിക. ഉപാംഗരാഗം. ഇതിന്ന് ഉദയരവിചന്ദ്രികയെന്നും പറയും. സഗമപനിസ, സനിപമഗസ എന്നു സ്വരക്രമം.

സൂ—സഗ്രഹന്യാസാ രിമാംശാ ചാരോഹേ ഗവക്രാ നാഗഗാന്ധാരീ. ഉപാംഗഃ. ൪൦

ഭാ—ഗ്രഹന്യാസങ്ങൾ ഷഡ്ജവും ഋഷഭമധ്യമങ്ങൾ അംശങ്ങളും ആരോഹണത്തിൽ ഗാന്ധാരം വക്രവുമായിട്ടുള്ളതാണ് നാഗഗാന്ധാരി. ഉപാംഗരാഗം. സരിമഗമപധനിസ, സനിധപമഗരിസ എന്നു സ്വരക്രമം.

സൂ—സഗ്രഹാംശന്യാസ ആരോഹേ പവക്രോ രിഹീനോവരോഹേ നിപഹീനോ രിവക്രശ്ച മാൎഗ്ഗഹിന്ദോളഃ. ഉപാംഗഃ. ൪൧

ഭാ—ഗ്രഹവും അംശവും ന്യാസവും ഷഡ്ജമായും ആരോഹണത്തിൽ ഋഷഭമില്ലാത്തതും പഞ്ചമം വക്രമായും അവരോഹണത്തിൽ നിഷാദപഞ്ചമങ്ങളില്ലാത്തതും ഋഷഭം വക്രമായും ഇരിക്കുന്നതാണ് മാൎഗ്ഗഹിന്ദോളം (മുരളീന്ദളം എന്നു ഭാഷ.) ഉപാംഗരാഗം സഗമപമധനിസ, സധമഗരിഗസ എന്നു സ്വരക്രമം.

സൂ സഗ്രഹാംശന്യാസ ആരോഹേ രിപവക്രോവരോഹേ ധവക്രശ്ച ഹിന്ദോളവസന്തഃ. ഉപാംഗഃ. ൪൨

ഭാ—ഗ്രഹാംശന്യാസങ്ങൾ ഷഡ്ജമായും ആരോഹണത്തിൽ ഋഷഭപഞ്ചമങ്ങളും അവരോഹണത്തിൽ ധൈവതവും വക്രങ്ങളായും ഉള്ളതാണ് ഹിന്ദോളവസന്തം. ഉപാംഗരാഗം. സഗരിമപമധനിസ, സനിധനിപമഗരിസ എന്നു സ്വരക്രമം. ഈ രാഗത്തിൽ ആരോഹണത്തിൽ ഋഷഭം വൎജ്ജ്യമാണെന്നും ചിലർ പറയുന്നുണ്ട്. എന്നാൽ ലക്ഷ്യങ്ങളിൽ വക്രഗതിയായി ഋഷഭപ്രയോഗവും കാണുന്നുണ്ട്.

സൂ—സഗ്രഹാംശന്യാസ ആരോഹേ ധവക്രോവരോഹേ ഗവക്രോ നിഹീനശ്ച രത്നവിലാസഃ. ഉപാംഗഃ. ൪൩

ഭാ—ഗ്രഹവും അംശവും ന്യാസവും ഷഡ്ജമായും ആരോഹണത്തിൽ ധൈവതവും അവരോഹണത്തിൽ ഗാന്ധാരവും വക്രമായും നിഷാദഹീനമായും ഇരിക്കുന്ന ഷാഡവരാഗമാണ് രത്നവിലാസം. ഉപാംഗരാഗം. സരിഗമപധപസ, സധപമഗമരിസ എന്നു സ്വരക്രമം.

സൂ—രിഗ്രഹസ്സന്യാസോ ഗമപാംശശ്ചാരോഹേ ധവക്രോവരോഹേ രിവക്രശ്ച ഗോപികാവസന്തഃ. ഭാഷാംഗഃ. ൪൪

ഭാ—ഗ്രഹസ്വരം ഋഷഭവും ന്യാസസ്വരം ഷഡ്ജവും അംശസ്വരങ്ങൾ ഗാന്ധാരമധ്യമപഞ്ചമങ്ങളുമായും ആരോഹണത്തിൽ ധൈവതവും അവരോഹണത്തിൽ ഋഷഭവും

വക്രമായും ഇരിക്കുന്നതാണ് ഗൌരീകാവസന്തം. ഭാഷാംഗരാഗം. നിസരിഗമപധപനിസ, സനിധപമഗരിമഗസാ എന്നു സ്വരക്രമം. ആരോഹണത്തിൽ ഗാന്ധാരമില്ലെന്നും ഒരു പക്ഷമുണ്ട്.

സൂ—സഗ്രഹാംശന്യാസാ ആരോഹേ ഗഹീനാവരോഹേ മഹീനാ വസന്തവരാളീ. ഉപാംഗഃ. ൪൭

ഭാ—ഗ്രഹവും അംശവും ന്യാസവും ഷഡ്ജമായും ആരോഹണത്തിൽ ഗാന്ധാരവും അവരോഹണത്തിൽ മദ്ധ്യമവുമില്ലാതെയും ഇരിക്കുന്നതാണ് വസന്തവരാളി. ഉപാംഗരാഗം. സരിമപധനിസ, സനിധപഗരിസ എന്നു സ്വരക്രമം.

സൂ—സഗ്രഹാംശന്യാസ ആരോഹേ രിഹീനോ ധവക്രശ്ച കനകവസന്തഃ. ഉപാംഗഃ ൪൮

ഭാ—ഗ്രഹവും അംശവും ന്യാസവും ഷഡ്ജമായും ആരോഹണത്തിൽ ഋഷഭമില്ലാതെയും ധൈവതം വക്രമായും ഇരിക്കുന്നതാണ് കനകവസന്തം. ഉപാംഗരാഗം. സഗമപനിധസാ, സനിധപമഗരിസാ എന്നു സ്വരക്രമം.

സൂ—സഗ്രഹന്യാസഃ പാംശ ആരോഹേ ഗധഹീനോ മവക്രശ്ച സാരംഗകാപിരാഗഃ. ഭാഷാംഗഃ. ൪൯

ഭാ—ഗ്രഹവും ന്യാസവും ഷഡ്ജമായും അംശം പഞ്ചമമായും ആരോഹണത്തിൽ ഗാന്ധാരധൈവതങ്ങളില്ലാതെ മദ്ധ്യമം വക്രമായും ഇരിക്കുന്നതാണ് സാരംഗകാപി. ഭാഷാംഗരാഗം. സരിപമപനിസാ, സനിധപമഗരിസാ എന്നു സ്വരക്രമം.

സൂ—സഗ്രഹാംശന്യാസാ ആരോഹേ ഗഹീനാവരോഹേ പഹീനാ മാമൃതവാഹിനീ. ഭാഷാംഗഃ. ൫൦

ഭാ—ഗ്രഹവും അംശവും ന്യാസവും ഷഡ്ജവും ആരോഹണത്തിൽ ഗാന്ധാരവും അവരോഹണത്തിൽ പഞ്ചമവുമില്ലാതെയും ഇരിക്കുന്നതാണ് അമൃതവാഹിനി. ഭാഷാംഗരാഗം. സരിമപധനിസാ, സനിധമഗരിസാ എന്നു സ്വരക്രമം.

സൂ—സഗ്രഹന്യാസോ ഗന്യംശ ആരോഹേ മിളിതധപവക്രോ ജാംഗലരാഗഃ. ഭാഷാംഗഃ. ൫൧

ഇതി രത്നഗണഃ.

ഭാ—ഗ്രഹവും ന്യാസവും ഷഡ്ജമായും ഗാന്ധാരവും നിഷാദവും അംശങ്ങളായും ആരോഹണത്തിൽ ധൈവതപഞ്ചമങ്ങൾ ചേർന്നു വക്രമായും ഇരിക്കുന്നതാണ് ജാംഗലരാഗം. ഭാഷാംഗരാഗം. സരിഗാമപനിധപസാ, സനിധപമഗാരിസാ എന്നു സ്വരക്രമം.

ഇങ്ങനെ രത്നമേളഗണം.

അഥ ഗാനഗണഃ.

സൂ—ഗാനേ സഗ്രഹന്യാസാംശാ സ്വല്പപഞ്ചമാരോഹേവരോഹേ പവക്രാ വസന്തഭൈരവീ. രാഗാംഗഃ. ൧

ഭാ—ഗാനഗണത്തിൽ ഗ്രഹന്യാസാംശങ്ങൾ ഷഡ്ജവും ആരോഹണത്തിൽ സാമാന്യമായി പഞ്ചമമില്ലാതെയും ദുർല്ലഭം ചില പ്രയോഗങ്ങളിൽ പഞ്ചമത്തെ ഒന്നു കാണിച്ചു വിടുകമാത്രമായും അവരോഹണത്തിൽ പഞ്ചമം വക്രമായും ഇരിക്കുന്നതാണ് വസന്തഭൈരവി. രാഗാംഗരാഗം. സരിഗമധനിസാ, സനിധമഗമപമഗരിസാ എന്നു സ്വരക്രമം.

സൂ—സഗ്രഹന്യാസോ ഗാംശ ആരോഹേ രിപഹീനോ ലളിതപഞ്ചമഃ. ഉപാംഗഃ. ൫൧

ഭാ—ഗ്രഹവും ന്യാസവും ഷഡ്ജമായും അംശം ഗാന്ധാരമായും ആരോഹണത്തിൽ ഋഷഭപഞ്ചമങ്ങളില്ലാതെയും ഇരിക്കുന്നതാണ് ലളിതപഞ്ചമം. ഉപാംഗരാഗം. സഗാമ ധനിസാ, സനിധപമഗാരിസാ എന്നു സ്വരക്രമം.

സൂ—സഗ്രഹാംശന്യാസം ബകുളാഭരണം. ഉപാംഗഃ. ൫൨

ഭാ—ഗ്രഹവും അംശവും ന്യാസവും ഷഡ്ജമായ പൂർണ്ണരാഗമാണ് ബകുളാഭരണം. ഉപാംഗരാഗം. സാരിഗമപധനിസാ, സാനിധപമഗരിസാ എന്നു സ്വരക്രമം.

സൂ—സഗ്രഹാംശന്യാസ ആരോഹേ ഗഹീനോ ധവക്രോവരോഹേ പ വക്രശ്ച രാഗവസന്തഃ. ഉപാംഗഃ. ൫൩

ഭാ—ഗ്രഹവും അംശവും ന്യാസവും ഷഡ്ജമായും ആരോഹണത്തിൽ ഗാന്ധാരമില്ലാതെയും ധൈവതം വക്രമായും അവരോഹണത്തിൽ പഞ്ചമം വക്രമായും ഇരിക്കുന്നതാണ് രാഗവസന്തം. ഉപാംഗരാഗം. സാരിമപനിധസാ, സാനിധമപമഗരിസാ എന്നു സ്വരക്രമം.

സൂ—സഗ്രഹന്യാസോ മാംശ ആരോഹേ ഗഹീനഃ പവക്രോവരോഹേ പഹീനശ്ച സോമരാഗഃ. ഉപാംഗഃ. ൫൪

ഭാ—ഗ്രഹവും ന്യാസവും ഷഡ്ജമായും അംശം മദ്ധ്യമമായും ആരോഹണത്തിൽ ഗാന്ധാരമില്ലാതെയും പഞ്ചമം വക്രമായും അവരോഹണത്തിൽ പഞ്ചമമില്ലാതെയും ഇരിക്കുന്നതാണ് സോമരാഗം. ഉപാംഗരാഗം. സരിമാപമധനിസാ, സനിധമാഗരിസാ എന്നു സ്വരക്രമം.

സൂ—സഗ്രഹന്യാസാംശാ ആരോഹേ രിഹീനാ ഗവക്രാ ച വസന്തമുഖാരി. ഭാഷാംഗഃ. ൫൫

ഇതി ഗാനഗണഃ.

ഭാ—ഗ്രഹവും ന്യാസവും അംശവും ഷഡ്ജമായും ആരോഹണത്തിൽ ഋഷഭമില്ലാതെയും ഗാന്ധാരം വക്രമായും ഇരിക്കുന്നതാണ് വസന്തമുഖാരി. ഭാഷാംഗരാഗം. സമഗാമ പധനിസാ, സനിധപമഗാരിസാ എന്നു സ്വരക്രമം.

ഇങ്ങനെ ഗാനമേളഗണം.

അഥ ഘനഗണഃ.

സൂ—ഘനേ സഗ്രഹന്യാസർഷ്യംശാ ഭവപ്രിയാ. രാഗാംഗഃ. ൫൬

ഭാ—ഘനഗണത്തിൽ ഗ്രഹവും ന്യാസവും ഷഡ്ജമായും ഋഷഭം അംശമായും ഇരിക്കുന്നതാണ് ഭവപ്രിയ. രാഗാംഗരാഗം. സരിഗമപധനിസാ, സനിധപമഗരിസാ എന്നു സ്വരക്രമം.

സൂ—സഗ്രഹന്യാസാ ഗന്യംശാരോഹേ ധവക്രാ ഭവാനി. ഉപാംഗഃ. ൫൭

ഭാ—ഗ്രഹവും ന്യാസവും ഷഡ്ജമായും ഗാന്ധാരനിഷാദങ്ങൾ അംശങ്ങളായും ആരോഹണത്തിൽ ധൈവതം വക്രമായും ഇരിക്കുന്നതാണ് ഭവാനി. ഉപാംഗരാഗം. സരിഗാമപധനീസാ, സനീധപമഗാരിസ എന്നു സ്വരക്രമം.

സൂ—സഗ്രഹന്യാസോ ഗാംശ ആരോഹേ നിവക്രഃ പഹീനസ്സരസീരുഹഃ. ഉപാംഗഃ. ൫൮

ഇതി ഘനഗണഃ.

ഭാ—ഗ്രഹവും ന്യാസവും ഷഡ്ജമായും അംശം ഗാന്ധാരമായും ആരോഹണത്തിൽ നിഷാദം വക്രമായും പഞ്ചമം ആരോഹണത്തിലും അവരോഹണത്തിലും ഇല്ലാതെയുമിരിക്കുന്ന ഷാഡവരാഗമാണ് സരസീരുഹം. ഉപാംഗരാഗം. സാരിഗാമധനിധസാ, സാനിധമഗാരിസാ എന്നു സ്വരക്രമം.

ഇങ്ങനെ ഘനമേളഗണം.

അഥ താനഗണഃ.

സൂ—താനേ സഗ്രഹാംശന്യാസോ നടപ്രിയഃ. രാഗാംഗഃ. ൯൯

ഭാ—താനഗണത്തിൽ ഗ്രഹവും അംശവും ന്യാസവും ഷഡ്ജമായിരിക്കുന്നതാണ് നടപ്രിയരാഗം. ഇതു രാഗാംഗരാഗവുമാണ്. സാരിഗമപധനിസാ, സാനിധപഗകരിസാ എന്നു സ്വരക്രമം.

സൂ—സഗ്രഹന്യാസം പാംശം ആരോഹേ രിഹീനം ആരോഹാവരോഹയോർധ്വക്രം നടാഭരണം. ഉപാംഗഃ. ൱൦

ഭാ—ഗ്രഹവും ന്യാസവും ഷഡ്ജമായും അംശം പഞ്ചമമായും ആരോഹണത്തിൽ ഋഷഭമില്ലാതെയും ആരോഹണത്തിലും അവരോഹണത്തിലും ധൈവതം വക്രമായും ഇരിക്കുന്നതാണ് നടാഭരണം. ഉപാംഗരാഗം. സഗമപാനിധനിസാ, സനിധനിപാ മഗരിസാ എന്നു സ്വരക്രമം.

സൂ—സഗ്രഹന്യാസോ നിഗാംശോവരോഹേ ധവക്രോ ദീപകഃ. ഉപാംഗഃ. ൱൧

ഇതി താനഗണഃ.

ഭാ—ഗ്രഹവും ന്യാസവും ഷഡ്ജമായും ഗാന്ധാരവും നിഷാദവും അംശമായും അവരോഹണത്തിൽ ധൈവതം വക്രമായും ഇരിക്കുന്നതാണ് ദീപകരാഗം. ഉപാംഗരാഗം. സാരിഗാമപധനീസാ, സനിധനീപമഗാരീസാ എന്നു സ്വരക്രമം.

ഇങ്ങനെ താനമേളഗണം.

അഥ ചരനാഗണഃ.

സൂ—ചരന്നേ രിഗ്രഹാംശസ്സന്യാസോ ഭിന്നഷഡ്ജഃ. രാഗാംഗഃ. ൱൨

ഭാ—ചരന്നഗണത്തിൽ ഗ്രഹവും അംശവും ഋഷഭമായും ന്യാസം ഷഡ്ജമായും ഇരിക്കുന്നതാണ് ഭിന്നഷഡ്ജരാഗം. രാഗാംഗരാഗം. രിരസരിഗമപധനിസ, സനിധപമഗരിസാ എന്നു സ്വരക്രമം. ഈ ഭിന്നഷഡ്ജരാഗത്തിൽ ഋഷഭം വികൃതമാണെന്നും ചിലർ പറഞ്ഞുകാണുന്നുണ്ട്. എന്നാൽ ലക്ഷ്യങ്ങളിൽ നിഷാദം മാത്രം വികൃതമായിട്ടാണിരിക്കുന്നത്.

സൂ—സഗ്രാംശന്യാസാ ആരോഹേ മവക്രാവരോഹേ നിഹീനാ ധേനുകാ. ഉപാംഗഃ. ൱൩

ഭാ—ഗ്രഹവും അംശവും ന്യാസവും ഷഡ്ജമായും ആരോഹണത്തിൽ മധ്യമവും ധൈവതവും വക്രമായും അവരോഹണത്തിൽ നിഷാദമില്ലാതെയും ഇരിക്കുന്നതാണ് ധേനുകാരാഗം. ഉപാംഗരാഗം. സരിഗരിപമപനിധനിസാ, സധപമഗരിസാ എന്നു സ്വരക്രമം.

സൂ—സഗ്രഹന്യാസോ ഗാംശ ആരോഹാവരോഹയോർധ്വക്രോ രിഹീനശ്ച മോഹനനാടഃ. ഉപാംഗഃ. ൱൪

ഭാ—ഗ്രഹവും ന്യാസവും ഷഡ്ജമായും അംശം ഗാന്ധാരമായും ആരോഹണത്തിലും അവരോഹണത്തിലും ധൈവതം വക്രമായും ഋഷഭമില്ലാതെയും ഇരിക്കുന്നതാണ് മോഹനനാടരാഗം. ഉപാംഗരാഗം. സഗാമപനീധപനീസാ, സനിപധപമഗാസാ എന്നു സ്വരക്രമം.

സൂ—സഗ്രഹന്യാസാ് മാംശാ ആരോഹേ രിപഹീനാശോകവരാളി. ഭാഷാംഗഃ. ൻ൭

ഭാ—ഗ്രഹവും ന്യാസവും ഷഡ്ജമായും അംശം മദ്ധ്യമമായും ആരോഹണത്തിൽ ഋഷഭപഞ്ചമങ്ങളില്ലാതെയും ഇരിക്കുന്നതാണ് അശോകവരാളി. ഭാഷാംഗരാഗം. സാഗമാധനിസാ, സനിഗപമാഗരിസാ എന്നു സ്വരക്രമം.

സൂ—സഗ്രഹാംശന്യാസോ രിഹീന ആരോഹേ മനിവക്രശ്ചാവരോഹേ നിഹീനോ രിവക്രശ്ച ടക്കഃ. ഉപാംഗഃ. ൻ൮

ഇതി ഛന്നഗണഃ.

ഭാ—ഗ്രഹവും അംശവും ന്യാസവും ഷഡ്ജമായും ആരോഹണത്തിൽ ഋഷഭമില്ലാതെയും മദ്ധ്യമനിഷാദങ്ങൾ വക്രമായും അവരോഹണത്തിൽ നിഷാദമില്ലാതെയും ഋഷഭം വക്രമായും ഇരിക്കുന്ന ഷാഡവരാഗമാണ് ടക്കം. ഉപാംഗരാഗം. സഗപമധനിധസാ, സധപമഗരിഗസാ എന്നു സ്വരക്രമം.

ഇങ്ങനെ ഛന്നമേളഗണം.

അഥ രംഗഗണഃ.

സൂ—രംഗേ സഗ്രഹന്യാസാ ഗാംശാ ചാരുകേശീ.രാഗാംഗഃ. ൻ൯

ഭാ—രംഗഗണത്തിൽ ഗ്രഹവും ന്യാസവും ഷഡ്ജമായും അംശം ഗാന്ധാരമായും ഇരിക്കുന്നതാണ് ചാരുകേശി. രാഗാംഗരാഗം. സരിഗാമപധനിസാ, സനിധപമഗാരിസാ എന്നു് സ്വരക്രമം.

സൂ—സഗ്രഹാംശന്യാസാ ആരോഹേ മഹീനാ നിവക്രാവരോഹേ നിഹീനാ മാതിവക്രാ ച തരംഗിണി. ഉപാംഗഃ. ൻ൰

ഇതി രംഗഗണഃ.

ഭാ—ഗ്രഹവും ന്യാസവും ഷഡ്ജമായും ആരോഹണത്തിൽ മദ്ധ്യമമില്ലാതെയും നിഷാദം വക്രമായും അവരോഹണത്തിൽ നിഷാദമില്ലാതെയും മദ്ധ്യമം അതിവക്രമായും ഇരിക്കുന്നതാണ് തരംഗിണീ. അതിവക്രമെന്നതിന്ന് ഒന്നിലധികം സ്വരങ്ങൾ കഴിഞ്ഞതിന്നു ശേഷം മാത്രം വക്രമായി വരുന്നത് എന്നൎത്ഥം. ഉപാംഗരാഗം. സരിഗമപധനിധസാ, സധപഗരിസരിഗമഗരിസാ എന്നു സ്വരക്രമം.

ഇങ്ങനെ രംഗമേളഗണം.

അഥ രംഭാഗണഃ.

സൂ—രംഭായാം സഗ്രഹാംശന്യാസാ ഷണ്മുഖപ്രിയാ. രാഗാംഗഃ. ൻ൧

ഭാ—രംഭാഗണത്തിൽ ഗ്രഹവും അംശവും ന്യാസവും ഷഡ്ജമായിട്ടുള്ള പൂൎണ്ണരാഗമാണ് ഷണ്മുഖപ്രിയ. രാഗാംഗരാഗം. സാരിഗമപധനിസാ, സാനിധപമഗരിസാ എന്നു സ്വരക്രമം.

സൂ—സഗ്രഹന്യാസോ ധാംശോ രിവക്രശ്ചാരോഹേ ചാമരഃ. ഉപാംഗഃ. ൯൦

ഭാ—ഗ്രഹവും ന്യാസവും ഷഡ്ജമായും ധൈവതം അംശമായും ആരോഹണത്തിൽ ഋഷഭം വക്രമായും ഇരിക്കുന്നതാണ് ചാമരരാഗം. ഉപാംഗരാഗം. സഗരിഗമപധാനിസാ, സാനിധാപമഗരിസാ എന്നു സ്വരക്രമം.

സൂ—സഗ്രഹാംശന്യാസഃ പഹീനസ്ത്രിമൂർത്തിഃ. ഉപാംഗഃ. ൫൬

ഭാ—ഗ്രഹവും അംശവും ന്യാസവും ഷഡ്ജമായും ആരോഹണത്തിലും അവരോഹണത്തിലും പഞ്ചമമില്ലാതെയും ഇരിക്കുന്ന ഷാഡവരാഗമാണ് ത്രിമൂർത്തി. ഉപാംഗരാഗം. സാരിഗമധനിസാ, സാനിധമഗരിസാ എന്നു സ്വരക്രമം.

സൂ—സഗ്രഹാംശന്യാസാരോഹേ രിഹീനാവരോഹേ പരിഹീനാ ഷാഡവൌഡവിതാ വസുകരീ. ഉപാംഗഃ. ൫൭

ഭാ—ഗ്രഹവും അംശവും ന്യാസവും ഷഡ്ജമായും ആരോഹണത്തിൽ ഋഷഭവും അവരോഹണത്തിൽ പഞ്ചമഋഷഭങ്ങളുമില്ലാതെയും ഇരിക്കുന്ന ഷാഡവൌഡവിതരാഗമാണ് വസുകരി. ഉപാംഗരാഗം. സാഗമപധനിസാ, സനിധമഗസാ എന്നു സ്വരക്രമം.

സൂ—സഗ്രഹന്യാസാ ധാംശാരോഹേ രിവക്രാ സംഭാഷിണീ. ഉപാംഗഃ. ൫൮

ഭാ—ഗ്രഹവും ന്യാസവും ഷഡ്ജമായും അംശം ധൈവതമായും ആരോഹണത്തിൽ ഋഷഭം വക്രമായും ഇരിക്കുന്നതാണ് സംഭാഷിണി. ഉപാംഗരാഗം. സഗരീഗമപധാനിസാ, സനിധാപമഗരീസാ എന്നു സ്വരക്രമം.

സൂ—സഗ്രഹന്യാസം ന്യംശമാരോഹേ രിഹീനം ഗിരിഗീതം. ഭാഷാംഗഃ. ൫൯

ഇതി രംഭാഗണഃ.

ഭാ—ഗ്രഹവും ന്യാസവും ഷഡ്ജമായും അംശം നിഷാദമായും ആരോഹണത്തിൽ ഋഷഭമില്ലാതെയും ഇരിക്കുന്നതാണ് ഗിരിഗീതരാഗം. ഭാഷാംഗരാഗം. സാഗമപധനീസാ, സനിധപമഗരിസാ എന്നു സ്വരക്രമം.

ഇങ്ങനെ രംഭാമേളഗണം.

അഥ രക്തിഗണഃ. സൂ—രക്തൌ സഗ്രഹന്യാസാ രിമപന്യംശാ ഹരപ്രിയാ. രാഗാംഗഃ. ൬൦

ഭാ—രക്തിഗണത്തിൽ ഗ്രഹവും ന്യാസവും ഷഡ്ജമായും ഋഷഭം, മധ്യമം, പഞ്ചമം, നിഷാദം ഇവ അംശങ്ങളായും ഇരിക്കുന്നതാണ് ഹരപ്രിയ. രാഗാംഗരാഗം. സാരീഗമാപാധനീസാ, സാനീധപാമാഗരീസാ എന്നു സ്വരക്രമം.

സൂ—സഗ്രഹന്യാസോ രിമപന്യംശ ആരോഹേ ഗധഹീനോവരോഹേ ധഗവക്രഃ ശ്രീരാഗഃ. ഉപാംഗഃ. ൬൧

ഭാ—ഗ്രഹവും ന്യാസവും ഷഡ്ജമായും ഋഷഭം, മധ്യമം, പഞ്ചമം, നിഷാദം ഇവ അംശങ്ങളായും ആരോഹണത്തിൽ ഗാന്ധാരധൈവതങ്ങളില്ലാതെയും അവരോഹണത്തിൽ ധൈവതവും ഗാന്ധാരവും വക്രമായും ഇരിക്കുന്നതാണ് ശ്രീരാഗം. ഉപാംഗരാഗം. സാരീമാപാനീസാ, സനീപധനിപമരീഗരിസ എന്നു സ്വരക്രമം. ചിലർ ശ്രീരാഗത്തെ രാഗാംഗരാഗമായിട്ടാണ് ഗണിച്ചിട്ടുള്ളത്.

സൂ—സഗ്രഹന്യാസോ മന്ന്യംശോ ധഹീന ആരോഹേ ഗഹീനശ്ച മണിരംഗഃ. ഉപാംഗഃ. ൨൨

ഭാ—ഗ്രഹവും ന്യാസവും ഷഡ്ജമായും മദ്ധ്യമവും നിഷാദവും അംശങ്ങളായും ധൈവതമില്ലാതെയും ആരോഹണത്തിൽ ഗാന്ധാരവുമില്ലാതെയും ഇരിക്കുന്നതാണ് മണിരംഗരാഗം. ഉപാംഗരാഗം. സരിമാപനീസാ, സനീപമാഗരിസാ എന്നു സ്വരക്രമം.

സൂ സഗ്രഹാംശന്യാസാ ആരോഹേ ഗനിഹീനാ സാലഗഭൈരവീ. ഉപാംഗഃ. ൨൩

ഭാ—ഗ്രഹവും അംശവും ന്യാസവും ഷഡ്ജമായും ആരോഹണത്തിൽ ഗാന്ധാരനിഷാദങ്ങളില്ലാതെയും ഇരിക്കുന്നതാണ് സാലഗഭൈരവി. ഉപാംഗരാഗം. സാരിമപധസാ, സാനിധപമഗരിസാ എന്നു ക്രമം.

സൂ—സഗ്രഹന്യാസാ ഗമന്ന്യംശാ രിഹീനാ ആരോഹേ ധഹീനാ ച മാളവശ്രീഃ. ഉപാംഗഃ. ൨൪

ഭാ—ഷഡ്ജം ഗ്രഹവും ന്യാസവുമായും ഗാന്ധാരമദ്ധ്യമനിഷാദങ്ങൾ അംശങ്ങളായും ആരോഹണത്തിലും അവരോഹണത്തിലും ഋഷഭമില്ലാതെയും ആരോഹണത്തിൽ ധൈവതവുമില്ലാതെയും ഇരിക്കുന്നതാണ് മാളവശ്രീ. ഉപാംഗരാഗം. സഗാമാപനീസാ, സനീധപമാഗാസാ എന്നു ക്രമം. ആരോഹണത്തിൽ ധൈവതം വക്രമായി വരുമെന്നും ഒരു പക്ഷമുണ്ട്. ആ പക്ഷത്തിൽ സഗാമാപനീധനീസാ എന്നാരോഹണം.

സൂ—സഗ്രഹാംശന്യാസാ രിധഹീനാരോഹേ നിവക്രാ ച ശുദ്ധധന്യാശീ. ഉപാംഗഃ. ൨൫

ഭാ—ഷഡ്ജം ഗ്രഹവും അംശവും ന്യാസവുമായും ഋഷഭധൈവതങ്ങളില്ലാതെയും ആരോഹണത്തിൽ നിഷാദം വക്രമായും ഇരിക്കുന്നതാണ് ശുദ്ധധന്യാശി. ഉപാംഗരാഗം. സാഗമപനിപസാ, സാനിപാമഗസാ എന്നു ക്രമം.

സൂ—സഗ്രഹാംശന്യാസാ രിഹീനാ ആരോഹേ നിഹീനാ ച ജയശ്രീഃ. ഉപാംഗഃ. ൨൬

ഭാ—ഷഡ്ജം ഗ്രഹവും അംശവും ന്യാസവുമായും ആരോഹണത്തിലും അവരോഹണത്തിലും ഋഷഭമില്ലാതെയും ആരോഹണത്തിൽ നിഷാദവുമില്ലാതെയും ഇരിക്കുന്നതാണ് ജയശ്രീരാഗം. ഉപാംഗരാഗം. സാഗമപധസാ, സാനിധപമഗസാ എന്നു ക്രമം. ഇതിന്നു ജയന്തശ്രീരാഗമെന്നും ചിലർ പറയാറുണ്ട്.

സൂ—നിഗ്രഹാംശസ്സന്യാസോവരോഹേ ധഹീനഃ കന്നഡഗൌളഃ. ഉപാംഗഃ. ൨൭

ഭാ—നിഷാദം ഗ്രഹവും അംശവുമായും ഷഡ്ജം ന്യാസമായും അവരോഹണത്തിൽ ധൈവതമില്ലാതെയുമിരിക്കുന്നതാണ് കന്നഡഗൌളം. ഉപാംഗരാഗം. നീസരിഗമപധനീ, നീപമഗരിസനീസാ എന്നു സ്വരക്രമം.

സൂ—നിഗ്രഹാംശസ്സന്യാസ ആരോഹേ ധഹീനോവരോഹേ രിഹീനശ്ച ഗൌളകന്നഡഃ. ഉപാംഗഃ. ൨൮

ഭാ—നിഷാദം ഗ്രഹവും അംശവുമായും ഷഡ്ജം ന്യാസമായും ആരോഹണത്തിൽ ധൈവതവും അവരോഹണത്തിൽ ഋഷഭവുമില്ലാതെയും ഇരിക്കുന്നതാണ് ഗൌളകന്നഡം. ഉപാംഗരാഗം. നീസരിഗമപനീസാ, സനീധമഗസാനീസാ എന്നു സ്വരക്രമം.

സൂ—സഗ്രഹന്യാസാ മാംശാരോഹേ ഗഹീനാ ധവക്രാ പാവരോഹേ പവക്രാ ച ശുദ്ധദേശി. ഉപാംഗഃ. വ്യ൪

ഭാ—ഷഡ്ജം ഗ്രഹവും ന്യാസവുമായും മധ്യമം അംശമായും ആരോഹണത്തിൽ ഗാന്ധാരമില്ലാതെയും ധൈവതം വക്രമായും അവരോഹണത്തിൽ പഞ്ചമം വക്രമായും ഇരിക്കുന്നതാണ് ശുദ്ധദേശി. ഉപാംഗരാഗം. സരിമാപനിധനിധസാ, സനിധപധമാഗരിസാ എന്നു സ്വരക്രമം.

സൂ—സഗ്രഹന്യാസാ രിഗധാംശാരോഹേ രിധവക്രാ ദേവഗാന്ധാരീ. ഉപാംഗഃ. വ്യ൫

ഭാ—ഷഡ്ജം ഗ്രഹവും ന്യാസവുമായും ഋഷഭവും ഗാന്ധാരവും ധൈവതവും അംശങ്ങളായും ആരോഹണത്തിൽ ഋഷഭധൈവതങ്ങൾ വക്രങ്ങളായും ഇരിക്കുന്നതാണ് ദേവഗാന്ധാരി. ഉപാംഗരാഗം. സാരീസഗാമപധാപനീസാ, സാനിധാപമഗാരീസാ എന്നു സ്വരക്രമം.

സൂ—സഗ്രഹന്യാസാ ഗമപന്യംശാ ആരോഹേ രിഹീനാ ധവക്രാ ചാനന്ദഭൈരവീ. ഉപാംഗഃ. വ്യ൬

ഭാ—ഷഡ്ജം ഗ്രഹവും ന്യാസവുമായും ഗാന്ധാരം, മധ്യമം, പഞ്ചമം, നിഷാദം ഇവ അംശങ്ങളായും ആരോഹണത്തിൽ ഋഷഭമില്ലാതെയും ധൈവതം വക്രമായും ഇരിക്കുന്നതാണ് ആനന്ദഭൈരവി. ഉപാംഗരാഗം. സാഗാമാപാനീധനിസാ, സാനീധപാമാഗാരിസാ എന്നു സ്വരക്രമം.

സൂ—സഗ്രഹന്യാസാ മന്യംശാരോഹേ രിപഹീനാവരോഹേ പഹീനാ ധവക്രാ ശുദ്ധഭൈരവീ. ഉപാംഗഃ. വ്യ൭

ഭാ—ഷഡ്ജം ഗ്രഹവും ന്യാസവുമായും മധ്യമവും നിഷാദവും അംശങ്ങളായും ആരോഹണത്തിൽ ഋഷഭപഞ്ചമങ്ങളില്ലാതെയും ധൈവതം വക്രമായും അവരോഹണത്തിൽ പഞ്ചമമില്ലാതെയും ഇരിക്കുന്നതാണ് ശുദ്ധഭൈരവി. ഉപാംഗരാഗം. സഗമാനീധസാ, സനീധമാഗരിസാ എന്നു സ്വരക്രമം.

സൂ—ധഗ്രഹോ ഗമപന്യംശസ്സന്യാസോ രിധവക്രശ്ചാരോഹേ ഘണ്ടാരവഃ. ഉപാംഗഃ. വ്യ൮

ഭാ—ധൈവതം ഗ്രഹമായും ഗാന്ധാരം, മധ്യമം, പഞ്ചമം, നിഷാദം ഇവ അംശങ്ങളായും ഷഡ്ജം ന്യാസമായും ആരോഹണത്തിൽ ഋഷഭവും ധൈവതവും വക്രമായും ഇരിക്കുന്നതാണ് ഘണ്ടാരവം. ഉപാംഗരാഗം. ധാനീസഗാരിഗമാപധപനീധനിസാ, സാനീധപാമാഗാരിസാ എന്നു സ്വരക്രമം.

സൂ—സഗ്രഹാംശന്യാസ ആരോഹേ രിഹീനോ ധവക്രസ്സുരഘണ്ടാരവഃ. ഉപാംഗഃ. വ്യ൯

ഭാ—ഷഡ്ജം ഗ്രഹവും അംശവും ന്യാസവുമായും ആരോഹണത്തിൽ ഋഷഭമില്ലാതെയും ധൈവതം വക്രമായും ഇരിക്കുന്നതാണ് സുരഘണ്ടാരവം. ഉപാംഗരാഗം. സാഗമപധപനീസാ, സാനിധപമഗരിസാ എന്നു സ്വരക്രമം. ഈ സുരഘണ്ടാരവത്തിന്ന് ഇന്ദുഘണ്ടാരവമെന്നും ചിലർ പേർ പറയുന്നുണ്ട്.

സൂ—സഗ്രഹാംശന്യാസ ആരോഹേ രിധഹീനോവരോഹേ പഹീന ശ്ചാപഘണ്ടാരവഃ. ഉപാംഗഃ. ൻ൦

ഭാ—ഷഡ്ജം ഗ്രഹവും അംശവും ന്യാസവുമായും ആരോഹണത്തിൽ ഋഷഭധൈവതങ്ങളും അവരോഹണത്തിൽ പഞ്ചമവുമില്ലാതെയും ഇരിക്കുന്നതാണ് ചാപഘണ്ടാരവം. ഉപാംഗരാഗം. സാഗമപനീസാ, സാനിധാമഗരിസാ എന്നു സ്വരക്രമം.

സൂ—സഗ്രഹാംശന്യാസ ആരോഹേ രിഗനിവക്രോവരോഹേ രിഹീനശ്ച പൂൎണ്ണഷഡ്ജഃ. ഉപാംഗഃ. ൻ൧

ഭാ—ഷഡ്ജം ഗ്രഹവും അംശവും ന്യാസവുമായും ആരോഹണത്തിൽ ഋഷഭഗാന്ധാരങ്ങളും നിഷാദവും വക്രങ്ങളായും അവരോഹണത്തിൽ ഋഷഭമില്ലാതെയും ഇരിക്കുന്നതാണ് പൂൎണ്ണഷഡ്ജം. ഉപാംഗരാഗം. സാമാരിഗമാപാധസാനിസാ, സാനിധപാമഗസാ എന്നു സ്വരക്രമം. ആനന്ദഭൈരവി മുതൽ പൂൎണ്ണഷഡ്ജംവരെ പറഞ്ഞ ആറു രാഗങ്ങളും രത്നമേളത്തിൽ അതായത് ഭൈരവിരാഗത്തിന്റെ മേളത്തിൽ ചേൎന്നതാണെന്നു ചില ഗ്രന്ഥകാരന്മാർ പറയുന്നുണ്ട്. എന്നാൽ ലക്ഷ്യങ്ങളിലെല്ലാം ആനന്ദഭൈരവി മുതലായതിൽ ധൈവതം വികൃതധൈവതമാണെന്നും ശുദ്ധധൈവതമല്ലെന്നും സ്പഷ്ടമായതിനാൽ ആ മതം സ്വീകാൎയ്യമല്ലെന്നറിഞ്ഞുകൊൾക.

സൂ—സഗ്രഹന്യാസാ ഗധാംശാ ആരോഹേ നിഹീനാ ജയനാരായണീ. ഉപാംഗഃ. ൻ൨

ഭാ—ഷഡ്ജം ഗ്രഹവും ന്യാസവുമായും ഗാന്ധാരധൈവതങ്ങൾ അംശങ്ങളായും ആരോഹണത്തിൽ നിഷാദമില്ലാതെയും ഇരിക്കുന്നതാണ് ജയനാരായണി. ഉപാംഗരാഗം. സാരിഗാമപധാസാ, സാനിധാപമഗാരിസാ എന്നു സ്വരക്രമം.

സൂ—സഗ്രഹന്യാസാ മധാംശാ ആരോഹേ രിനിവക്രാവരോഹേ നിഹീനാ രിവക്രാ ച മനോഹരീ. ഉപാംഗഃ. ൻ൩

ഭാ—ഷഡ്ജം ഗ്രഹവും ന്യാസവുമായും മദ്ധ്യമവും ധൈവതവും അംശങ്ങളായും ആരോഹണത്തിൽ ഋഷഭവും നിഷാദവും വക്രമായും അവരോഹണത്തിൽ നിഷാദമില്ലാതെയും ഋഷഭം വക്രമായും ഇരിക്കുന്നതാണ് മനോഹരി. ഉപാംഗരാഗം. സാഗരിഗമാപാധാനിധാസാ, സാധാപമാഗാരിഗാസാ എന്നു സ്വരക്രമം. ഇതിൽ ഗാന്ധാരം വികൃതവും വരും.

സൂ—സഗ്രഹാംശന്യാസ ആരോഹാവരോഹയോഃ പനിഹീനശ്ചാഭോഗീ. ഉപാംഗഃ. ൻ൪

ഭാ—ഷഡ്ജം ഗ്രഹവും അംശവും ന്യാസവുമായും ആരോഹണത്തിലും അവരോഹണത്തിലും പഞ്ചമനിഷാദങ്ങളില്ലാതെയും ഇരിക്കുന്നതാണ് ആഭോഗിരാഗം. ഉപാംഗരാഗം. സാരിഗാമധാസാ, സാധമാഗരീസാ എന്നു സ്വരക്രമം.

സൂ—സഗ്രഹന്യാസാ മാംശാരോഹേ രിഹീനാ നിവക്രാ ചാവരോഹേ ധപവക്രാ ച മാരധനാശീ. ഉപാംഗഃ. ൻ൫

ഭാ—ഷഡ്ജം ഗ്രഹവും ന്യാസവുമായും മദ്ധ്യമം അംശമായും ആരോഹണത്തിൽ ഋഷഭമില്ലാതെയും നിഷാദം വക്രമായും അവരോഹണത്തിൽ ധൈവതപഞ്ചമങ്ങൾ ചേൎന്നു

വക്രമായും ഇരിക്കുന്നതാണ് മാരധനാശി. ഉപാംഗരാഗം. സഗമാപധനിധസാ, സാനിധ പമാധമാഗരിസാ എന്നു സ്വരക്രമം.

സൂ—ധഗ്രഹാംശസ്സന്യാസ ആരോഹേ പവക്രഃ കലാനിധിഃ. ഉപാംഗഃ. ൯൬

ഭാ—ധൈവതം ഗ്രഹവും അംശവുമായും ഷഡ്ജം ന്യാസമായും ആരോഹണത്തിൽ പഞ്ചമം വക്രമായും ഇരിക്കുന്നതാണ് കലാനിധി. ഉപാംഗരാഗം. ധാനിസരിഗമാപമധാ, സനിധപമഗരീസാ എന്നു സ്വരക്രമം. ഈ രാഗത്തിൽ ധാനിസരിഗമസപാമധാ എന്ന മാതിരി പ്രയോഗത്തിന്നാണ് പ്രാധാന്യം.

സൂ—സഗ്രഹന്യാസോ ധന്യംശ ആരോഹേ ഗമഹീനഃ പവക്രശ്ച പഞ്ചമരാഗഃ. ഉപാംഗഃ. ൯൭

ഭാ—ഷഡ്ജം ഗ്രഹവും ന്യാസവുമായും ധൈവതവും നിഷാദവും അംശങ്ങളായും ആരോഹണത്തിൽ ഗാന്ധാരവും മധ്യമവുമില്ലാതെയും പഞ്ചമം വക്രമായും ഇരിക്കുന്നതാണ് പഞ്ചമരാഗം. ഉപാംഗരാഗം. സരിധാപനീസാ, സാനീധാപമഗരീസാ എന്നു സ്വരക്രമം.

സൂ—സഗ്രഹാംശന്യാസ ആരോഹേ ഗനിഹീനോവരോഹേ നിഹീനശ്ച ശുദ്ധബംഗാളഃ. ഉപാംഗഃ. ൯൮

ഭാ—ഷഡ്ജം ഗ്രഹവും അംശവും ന്യാസവുമായും ആരോഹണത്തിൽ ഗാന്ധാരനിഷാദങ്ങളും അവരോഹണത്തിൽ നിഷാദവുമില്ലാതെയും ഇരിക്കുന്നതാണ് ശുദ്ധബംഗാളം. ഉപാംഗരാഗം. സാരിമപധസാ, സാധപമഗരീസാ എന്നു സ്വരക്രമം.

സൂ—സഗ്രഹന്യാസാ മാംശാ ആരോഹേ ഗനിഹീനാവരോഹേ ധവക്രാ ച ശുദ്ധവേലാവലീ. ഉപാംഗഃ. ൯൯

ഭാ—ഷഡ്ജം ഗ്രഹവും ന്യാസവുമായും മധ്യമം അംശമായും ആരോഹണത്തിൽ ഗാന്ധാരവും നിഷാദവുമില്ലാതെയും അവരോഹണത്തിൽ ധൈവതം വക്രമായും ഇരിക്കുന്നതാണ് ശുദ്ധവേലാവലി. ഉപാംഗരാഗം. സാരിമാപധാസാ, സാനിധാനിപമാഗരിസാ. എന്നു സ്വരക്രമം.

സൂ—ധഗ്രഹാ സന്യാസാ പധന്യംശാ ആരോഹേ രിധവക്രാ ച മഞ്ജരീ. ഭാഷാംഗഃ. ൧൦൦

ഭാ—ധൈവതം ഗ്രഹമായും ഷഡ്ജം ന്യാസമായും പഞ്ചമധൈവതനിഷാദങ്ങൾ അംശങ്ങളായും ആരോഹണത്തിൽ ഋഷഭവും ധൈവതവും വക്രങ്ങളായും ഇരിക്കുന്നതാണ് മഞ്ജരി. ഭാഷാംഗരാഗം. ധാനീസാഗരിഗമാപാനീധനിസാ,നീധാപാമഗരിസാ എന്നു സ്വരക്രമം.

സൂ—സഗ്രഹാംശന്യാസാ ആരോഹേ രിനിഹീനാവരോഹേ ഗവക്രാ ഫലമഞ്ജരീ. ഭാഷാംഗഃ. ൧൦൧

ഭാ—ഷഡ്ജം ഗ്രഹവും അംശവും ന്യാസവുമായും ആരോഹണത്തിൽ ഋഷഭനിഷാദങ്ങളില്ലാതെയും അവരോഹണത്തിൽ ഗാന്ധാരം വക്രമായും ഇരിക്കുന്നതാണ് ഫലമഞ്ജരി. ഭാഷാംഗരാഗം. സാഗമപധസാ, സാനിധപമഗമരിസാ എന്നു സ്വരക്രമം.

സൂ—നിഗ്രഹാ സന്യാസാ രിമപാംശാ മാഞ്ജീ. ഭാഷാംഗഃ. ൧൦൨

ഭാ—നിഷാദം ഗ്രഹവും ഷഡ്ജം ന്യാസവുമായും ഋഷഭം, മദ്ധ്യമം, പഞ്ചമം ഇവ അംശങ്ങളായും ഇരിക്കുന്നതാണ് മാഞ്ജീരാഗം. ഭാഷാംഗരാഗം. നീസരീഗമാപാധനി, സാനിധപാമാഗരീസാ എന്നു സ്വരക്രമം.

സൂ—സഗ്രഹന്യാസാ മാംശാ ആരോഹേ ഗഹീനാ ധവക്രാ ച മുഖാരീ. ഭാഷാംഗഃ. ൨൦൩

ഭാ—ഷഡ്ജം ഗ്രഹവും ന്യാസവുമായും മദ്ധ്യമം അംശമായും ആരോഹണത്തിൽ ഗാന്ധാരമില്ലാതെയും ധൈവതം വക്രമായും ഇരിക്കുന്നതാണ് മുഖാരി. ഭാഷാംഗരാഗം. സാരിമാപനിധസാ, സനിധപമാഗരിസാ എന്നു സ്വരക്രമം. ഇതിൽ ചിലപ്പോഠം ശുദ്ധധൈവതപ്രയോഗവും രഞ്ജകമാണ്. ചിലർ മാഞ്ജി, മുഖാരി എന്നി രാഗങ്ങളെയും രത്നമേളത്തിലുള്ളതായി ഗണിച്ചിരിക്കുന്നു.

സൂ—സഗ്രഹാംശന്യാസാ പഹീനാ ശ്രീരഞ്ജനീ. ഭാഷാംഗഃ. ൨൦൪

ഭാ—ഷഡ്ജം ഗ്രഹവും അംശവും ന്യാസവുമായും ആരോഹണത്തിലും അവരോഹണത്തിലും പഞ്ചമമില്ലാതെയും ഇരിക്കുന്ന ഷാഡവരാഗമാണ് ശ്രീരഞ്ജനി. ഭാഷാംഗരാഗം. സരിഗമധനിസാ, സനിധമഗരിസാ എന്നു സ്വരക്രമം.

സൂ—സഗ്രഹന്യാസോ രിഗന്യംശഃ കാപിരാഗഃ. ഭാഷാംഗഃ. ൨൦൫

ഭാ—ഷഡ്ജം ഗ്രഹവും ന്യാസവുമായും ഋഷഭവും ഗാന്ധാരവും നിഷാദവും അംശങ്ങളായും ഇരിക്കുന്നതാണ് കാപിരാഗം. ഭാഷാംഗരാഗം. സാരീഗാമപധനീസാ, സാനീധപമഗാരീസാ എന്നു സ്വരക്രമം.

സൂ—സഗ്രഹന്യാസാ മന്യംശാ ഉശാനീ. ഭാഷാംഗഃ. ൨൦൬

ഭാ—ഷഡ്ജം ഗ്രഹവും ന്യാസവുമായും മദ്ധ്യമവും നിഷാദവും അംശങ്ങളായും ഇരിക്കുന്നതാണ് ഉശാനീ. ഭാഷാംഗരാഗം. സാരിഗമാപധനീസാ, സാനീധപമാഗരിസാ എന്നു സ്വരക്രമം.

സൂ—രിഗ്രഹസ്സന്യാസോ രിന്യംശോ ഗധഹീനോ വൃന്ദാവനസാരംഗഃ. ഭാഷാംഗഃ. ൨൦൭

ഭാ—ഋഷഭം ഗ്രഹവും ഷഡ്ജം ന്യാസവുമായും ഋഷഭവും നിഷാദവും അംശങ്ങളായും ഗാന്ധാരവും ധൈവതവുമില്ലാതെയും ഇരിക്കുന്നതാണ് വൃന്ദാവനസാരംഗം. ഭാഷാംഗരാഗം. രിസരീമപനീസാ, സാനീപമരീസാ എന്നു സ്വരക്രമം. എന്നാൽ അവരോഹണത്തിൽ ചിലപ്പോഠം മഗരീസാ, പമഗരീസാ എന്നിങ്ങനെ ഗാന്ധാരവും അല്പപ്രയോഗമായി വരുന്ന സമ്പ്രദായമുണ്ട്.

സൂ—സഗ്രഹന്യാസാ രിഗന്യംശാ ആരോഹേ ധവക്രാ വാ സൈന്ധവീ. ഭാഷാംഗഃ. ൨൦൮

ഭാ—ഷഡ്ജം ഗ്രഹവും ന്യാസവുമായും ഋഷഭവും ഗാന്ധാരവും നിഷാദവും അംശങ്ങളായും ആരോഹണത്തിൽ ധൈവതം വക്രമായും ഇരിക്കുന്നതാണ് സൈന്ധവീ. ഭാഷാംഗരാഗം. സാരിഗാമപനീധനീസാ, സാനീധപമഗാരീസാ എന്നു സ്വരക്രമം. ഈ സൈന്ധവീരാഗത്തിൽ ചിലപ്പോഠം ശുദ്ധധൈവതവും 'നിധനിസാ' എന്നീവക പ്രയോഗങ്ങളിൽ വരും. അപ്പോഠം ധൈവതം വക്രമല്ലാതെയും ഇരിക്കും. അതുകൊണ്ടാണ് 'ധവക്രാ വാ' എന്നു പറഞ്ഞിട്ടുള്ളത്.

സൂ—സഗ്രഹന്യാസാ ഷ്യംശാരോഹേ ധവക്രാവരോഹേ പഹീനാ മാധവമനോഹരി. ഭാഷാംഗഃ. ൨൦൯

ഭാ—ഷഡ്ജം ഗ്രഹവും ന്യാസവുമായും ഋഷഭം അംശമായും ആരോഹണത്തിൽ ധൈവതം വക്രമായും അവരോഹണത്തിൽ പഞ്ചമമില്ലാതെയും ഇരിക്കുന്നതാണ് മാധവമനോഹരി. ഭാഷാംഗരാഗം. സാരീഗമപനിധനിസാ, സനിധമഗരിസാ എന്നു സ്വരക്രമം.

സൂ—സഗ്രഹന്യാസാ ന്യംശാ ഗഹീനാവരോഹേ ധവക്രാ ദേവമനോഹരി. ഭാഷാംഗഃ. ൨൧൦

ഭാ—ഷഡ്ജം ഗ്രഹവും ന്യാസവുമായും നിഷാദം അംശമായും ഗാന്ധാരമില്ലാതെയും അവരോഹണത്തിൽ ധൈവതം വക്രമായും ഇരിക്കുന്നതാണ് ദേവമനോഹരി. ഭാഷാംഗരാഗം. സാരിമാപധനീസാ, സാനീധനീപമാരിസാ എന്നു സ്വരക്രമം.

സൂ—മഗ്രഹാ രിമന്യംശാ സന്യാസാ ഗധഹീനാ മധ്യമാവതി. ഭാഷാംഗഃ. ൨൧൧

ഭാ—മധ്യമം ഗ്രഹമായും ഋഷഭവും മധ്യമവും നിഷാദവും അംശങ്ങളായും ഷഡ്ജം ന്യാസമായും ഗാന്ധാരവും ധൈവതവുമില്ലാതെയും ഇരിക്കുന്നതാണ് മധ്യമാവതി. ഭാഷാംഗരാഗം. മസരിമാപനിസാ, സനീപമാരീസാ എന്നു സ്വരക്രമം. ഇതിന്നു മധ്യമാദി എന്നാണ് പ്രാചീനസംജ്ഞ. മധ്യമാവതിയെന്നത് അതിൻെറ അപഭ്രംശമായി വന്നുകൂടിയതാണ്.

സൂ—സഗ്രഹന്യാസാ രിഗമന്യംശാവരോഹേ ധഹീനാ രുദ്രപ്രിയാ. ഭാഷാംഗഃ. ൨൧൨

ഭാ—ഷഡ്ജം ഗ്രഹവും ന്യാസവുമായും ഋഷഭവും ഗാന്ധാരവും മധ്യമവും നിഷാദവും അംശങ്ങളായും അവരോഹണത്തിൽ ധൈവതമില്ലാതെയും ഇരിക്കുന്നതാണ് രുദ്രപ്രിയ. ഭാഷാംഗരാഗം. സാരീഗാമാപധനീസാ, സാനീപമാഗാരീസാ എന്നു സ്വരക്രമം.

സൂ—സഗ്രഹന്യാസോ ദീഘ്ഗന്യംശോ ദുർവ്വാരഃ. ഭാഷാംഗഃ. ൨൧൩

ഭാ—ഷഡ്ജം ഗ്രഹവും ന്യാസവുമായും ദീഘ്ഘത്തോടുകൂടിയ ഗാന്ധാരനിഷാദങ്ങൾ അംശങ്ങളായും ഇരിക്കുന്നതാണ് ദുർവ്വാരരാഗം. ഭാഷാംഗരാഗം. സാരിഗാമപധനീസാ, സനീധപമഗാരിസാ എന്നു സ്വരക്രമം. ഈ രാഗത്തിന്നു ദുർവ്വാരമെന്നതിൻെറ അപഭ്രംശമായി ദുർബാർ എന്ന ശബ്ദമാണ് സാധാരണയായി പറഞ്ഞുവരുന്നത്.

സൂ—സഗ്രഹന്യാസാ ഗന്യംശാ നായകീ. ഭാഷാംഗഃ. ൨൧൪

ഭാ—ഷഡ്ജം ഗ്രഹവും ന്യാസവുമായും ഗാന്ധാരനിഷാദങ്ങൾ അംശങ്ങളായും ഇരിക്കുന്നതാണ് നായകി. ഭാഷാംഗരാഗം. സാരിഗാമപധനീസാ, സാനീധപമഗാരിസാ എന്നു സ്വരക്രമം.

സൂ—സഗ്രഹാംശന്യാസാ ആരോഹേ ഗനിഹീനാവരോഹേ ഗവക്രാ മന്ദാരീ. ഭാഷാംഗഃ. ൨൧൫

ഭാ—ഷഡ്ജം ഗ്രഹവും അംശവും ന്യാസവുമായും ആരോഹണത്തിൽ ഗാന്ധാരനിഷാദങ്ങളില്ലാതെയും അവരോഹണത്തിൽ ഗാന്ധാരം വക്രമായും ഇരിക്കുന്നതാണ് മന്ദാരി. ഭാഷാംഗരാഗം. സാരിമപധസാ, സാനിധപമരിഗസാ എന്നു സ്വരക്രമം.

സൂ—സഗ്രഹന്യാസാ ധാംശാരോഹേ നിഹീനാ രിവക്രാവരോഹേ പഗവക്രാ സിദ്ധസേനാ. ഭാഷാംഗഃ. ൨൧൬

ഭാ—ഷഡ്ജം ഗ്രഹവും ന്യാസവുമായും ധൈവതം അംശമായും ആരോഹണത്തിൽ നിഷാദമില്ലാതെയും ഋഷഭം വക്രമായും അവരോഹണത്തിൽ പഞ്ചമവും ഗാന്ധാരവും വക്രമായും ഇരിക്കുന്നതാണ് സിദ്ധസേന. ഭാഷാംഗരാഗം. സാഗരിഗമപധാസാ, സാനിധാമപമരിഗരിസാ എന്നു സ്വരക്രമം.

സൂ—സഗ്രഹന്യാസോ മാംശ ആരോഹേ നിഹീനോ ഗവക്രോവരോഹേ നിഗഹീനശ്ച മല്ലാരിഃ. ഭാഷാംഗഃ. ൧൧൭

ഭാ—ഷഡ്ജം ഗ്രഹവും ന്യാസവുമായും മദ്ധ്യമം അംശമായും ആരോഹണത്തിൽ നിഷാദമില്ലാതെയും ഗാന്ധാരം വക്രമായും അവരോഹണത്തിൽ നിഷാദവും ഗാന്ധാരവുമില്ലാതെയും ഇരിക്കുന്നതാണ് മല്ലാരി. ഭാഷാംഗരാഗം. സാരിമാഗമാപധസാ, സാധപമാരിസാ എന്നു സ്വരക്രമം.

സൂ—സഗ്രഹന്യാസോ രിമധമാംശ ആരോഹേ പധവക്രോവരോഹേ ഗവക്രശ്ച നാദചിന്താമണിഃ. ഭാഷാംഗഃ. ൧൧൮

ഭാ—ഷഡ്ജം ഗ്രഹവും ന്യാസവുമായും ഋഷഭം, മദ്ധ്യമം, ധൈവതം ഇവ അംശങ്ങളായും ആരോഹണത്തിൽ പഞ്ചമവും ധൈവതവും വക്രമായും അവരോഹണത്തിൽ ഗാന്ധാരം വക്രമായും ഇരിക്കുന്നതാണ് നാദചിന്താമണി. ഭാഷാംഗരാഗം. സാരീഗമാധപമനിധനിസാ, സാനിധാപമാഗമാരീസാ എന്നു സ്വരക്രമം.

സൂ—സഗ്രഹാംശന്യാസാരോഹേ രിഗധവക്രാ നാദവരാംഗീ. ഉപാംഗഃ. ൧൧൯

ഭാ—ഷഡ്ജം ഗ്രഹവും അംശവും ന്യാസവുമായും ആരോഹണത്തിൽ ഋഷഭഗാന്ധാരങ്ങൾ ചേൎന്നു ധൈവതവും വക്രങ്ങളായും ഇരിക്കുന്നതാണ് നാദവരാംഗി. ഉപാംഗരാഗം. സാമരിഗരിമപനിധനിസാ, സാനിധപമഗരിസാ എന്നു സ്വരക്രമം.

സൂ—സഗ്രഹാംശന്യാസാരോഹേ മനിവക്രാ ബലഘോഷിണി. ഭാഷാംഗഃ. ൧൨൦

ഇതി രക്തിഗണഃ.

ഭാ—ഷഡ്ജം ഗ്രഹവും അംശവും ന്യാസവുമായും ആരോഹണത്തിൽ മദ്ധ്യമവും നിഷാദവും വക്രമായും ഇരിക്കുന്നതാണ് ബലഘോഷിണി. ഭാഷാംഗരാഗം. സാരിഗപാമനീധസാ, സാനിധപമഗരിസാ എന്നു സ്വരക്രമം. ഇതിന്നു ബാലഘോഷി എന്നും പറഞ്ഞുവരാറുണ്ട്.

ഇങ്ങനെ രക്തിമേളഗണം.

അഥ രസഗണഃ.

സൂ—രസേ സഗ്രഹന്യാസാ രിന്യംശാ കീരവാണി. രാഗാംഗഃ. ൧൨൧

ഭാ—രസഗണത്തിൽ ഷഡ്ജം ഗ്രഹവും ന്യാസവുമായും ഋഷഭവും നിഷാദവും അംശങ്ങളായും ഇരിക്കുന്നതാണ് കീരവാണി. രാഗാംഗരാഗം. സാരീഗമപധനീസാ, സാനീധപമഗരീസാ എന്നു സ്വരക്രമം.

സൂ—സഗ്രഹാംശന്യാസാരോഹേ ഗഹീനാ പവക്രാ ചാവരോഹേ ധമവക്രാ കിരാണാവലിഃ. ഉപാംഗഃ. ൧൨൨

ഭാ—ഷഡ്ജം ഗ്രഹവും അംശവും ന്യാസവുമായും ആരോഹണത്തിൽ ഗാന്ധാരമില്ലാതെയും പഞ്ചമം വക്രമായും അവരോഹണത്തിൽ ധൈവതവും മദ്ധ്യമവും വക്രമായും

ഇരിക്കുന്നതാണ് കിരണാവലി. ഉപാംഗരാഗം. സാരിമപധപനിസാ, സാനിപധപമപ മഗരിസാ എന്നു സ്വരക്രമം.

സൂ—സഗ്രഹന്യാസാ മധാംശാവരോഹേ നിഹീനാ രവികിരണാവലിഃ. ഉപാംഗഃ. ൧൨൩

ഭാ—ഷഡ്ജം ഗ്രഹവും ന്യാസവുമായും മധ്യമവും ധൈവതവും അംശങ്ങളായും അവരോഹണത്തിൽ നിഷാദമില്ലാതെയും ഇരിക്കുന്നതാണ് രവികിരണാവലി. ഉപാംഗരാഗം. സാരിഗമാപധാനിസാ, സാധാപമാഗരിസാ എന്നു സ്വരക്രമം.

സൂ—സഗ്രഹന്യാസാ ഗധാംശാ ആരോഹേ നിവക്രാ വിജയശ്രീഃ. ഉപാംഗഃ. ൧൨൪

ഭാ—ഷഡ്ജം ഗ്രഹവും ന്യാസവുമായും ഗാന്ധാരവും ധൈവതവും അംശങ്ങളായും ആരോഹണത്തിൽ നിഷാദം വക്രമായും ഇരിക്കുന്നതാണ് വിജയശ്രീ. ഉപാംഗരാഗം. സാരിഗാമപധാനിധാസാ, സാനിധാപമഗാരിസാ എന്നു സ്വരക്രമം.

സൂ—സഗ്രഹാംശന്യാസാ ആരോഹേ രിഹീനാ ഗവക്രാവരോഹേ രിഗവക്രാ മാധവീ. ഭാഷാംഗഃ. ൧൨൫

ഭാ—ഷഡ്ജം ഗ്രഹവും അംശവും ന്യാസവുമായും ആരോഹണത്തിൽ ഋഷഭമില്ലാതെയും ഗാന്ധാരം വക്രമായും അവരോഹണത്തിൽ ഋഷഭഗാന്ധാരങ്ങൾ ചേൎന്നു വക്രങ്ങളായും ഇരിക്കുന്നതാണ് മാധവി. ഭാഷാംഗരാഗം. സാമഗാമപധനിസാ, സാനിധപമസമഗരിസാ എന്നു സ്വരക്രമം.

സൂ—സഗ്രഹാംശന്യാസ ആരോഹേ രിപഹീനഃ കല്യാണവസന്തഃ. ഭാഷാംഗഃ. ൧൨൬

ഭാ—ഷഡ്ജം ഗ്രഹവും അംശവും ന്യാസവുമായും ആരോഹണത്തിൽ ഋഷഭവും പഞ്ചമവുമില്ലാതെയും ഇരിക്കുന്നതാണ് കല്യാണവസന്തം. ഭാഷാംഗരാഗം. സാഗമധനിസാ, സാനിധപമഗരിസാ എന്നു സ്വരക്രമം.

സൂ—സഗ്രഹന്യാസാ മാംശാരോഹേ രിഹീനാ കൎണ്ണാടഗാന്ധാരി. ഭാഷാംഗഃ. ൧൨൭

ഇതി രസഗണഃ.

ഭാ—ഷഡ്ജം ഗ്രഹവും ന്യാസവുമായും മധ്യമം അംശമായും ആരോഹണത്തിൽ ഋഷഭമില്ലാതെയും ഇരിക്കുന്നതാണ് കൎണ്ണാടഗാന്ധാരി. ഭാഷാംഗരാഗം. സാഗമാപധനിസാ, സാനിധപമാഗരിസാ എന്നു സ്വരക്രമം.

ഇങ്ങനെ രസമേളഗണം.

അഥ ഗർഭഗണഃ.

സൂ—ഗർഭേ സഗ്രഹന്യാസാ ന്യംശാ നാരായണീ. രാഗാംഗഃ. ൧൨൮

ഭാ—ഗർഭഗണത്തിൽ ഷഡ്ജം ഗ്രഹവും ന്യാസവുമായും നിഷാദം അംശമായും ഇരിക്കുന്നതാണ് നാരായണി. രാഗാംഗരാഗം. സാരിഗമപധനീസാ, സാനീധപമഗരിസാ എന്നു സ്വരക്രമം. ഇതിന്നു നാമനാരായണി എന്നു ചിലരും നാമദേശി എന്നു മററു ചിലരും പറയുന്നുണ്ട്.

സൂ—സഗ്രഹാംശന്യാസാരോഹേ പഹീനാവരോഹേ പവക്രാ ച നമ്മ
ദാ. ഉപാംഗഃ. ൧൨൯

ഭാ—ഷഡ്ജം ഗ്രഹവും അംശവും ന്യാസവുമായും ആരോഹണത്തിൽ പഞ്ചമമില്ലാതെയും അവരോഹണത്തിൽ പഞ്ചമം വക്രമായും ഇരിക്കുന്നതാണ് നമ്മദ. ഉപാംഗരാഗം. സാരിഗമധനിസാ, സാനിധമപമഗരിസാ എന്നു സ്വരക്രമം.

സൂ—സഗ്രഹാംശന്യാസാ ധഹീനാ ശുദ്ധമന്ദാരി. ഉപാംഗഃ. ൧൩൦

ഭാ—ഷഡ്ജം ഗ്രഹവും അംശവും ന്യാസവുമായും ധൈവതമില്ലാതെയും ഇരിക്കുന്നതാണ് ശുദ്ധമന്ദാരി. ഉപാംഗരാഗം. സാരിഗമപനിസാ, സാനിപമഗരിസാ എന്നു സ്വരക്രമം.

സൂ—സഗ്രഹാംശന്യാസ ആരോഹേ രിഹീനോവരോഹേ ഗഹീനോരിവക്രശ്ച പ്രതാപഃ. ഉപാംഗഃ. ൧൩൧

ഇതി ഗഭഗണഃ.

ഭാ—ഷഡ്ജം ഗ്രഹവും അംശവും ന്യാസവുമായും ആരോഹണത്തിൽ ഋഷഭമില്ലാതെയും അവരോഹണത്തിൽ ഗാന്ധാരമില്ലാതെയും ഋഷഭം വക്രമായും ഇരിക്കുന്നതാണ് പ്രതാപം. ഉപാംഗരാഗം. സാഗമപധനിസാ, സാനിധപമസരിസാ എന്നു സ്വരക്രമം.

ഇങ്ങനെ ഗഭമേളഗണം.

അഥ ഗീതഗണഃ.

സൂ—ഗീതേ സഗ്രഹാംശന്യാസശ്ചക്രവാകഃ. രാഗാംഗഃ. ൧൩൨

ഭാ—ഗീതഗണത്തിൽ ഷഡ്ജം ഗ്രഹവും അംശവും ന്യാസവുമായിരിക്കുന്നതാണ് ചക്രവാകം. രാഗാംഗരാഗം. സാരിഗമപധനിസാ, സാനിധപമഗരിസാ എന്നു സ്വരക്രമം.

സൂ—സഗ്രഹന്യാസാ മപധന്യംശാ വേഗവാഹിനീ. ഉപാംഗഃ. ൧൩൩

ഭാ—ഷഡ്ജം ഗ്രഹവും ന്യാസവുമായും മദ്ധ്യമം, പഞ്ചമം, ധൈവതം, നിഷാദം ഇവ അംശങ്ങളായും ഇരിക്കുന്നതാണ് വേഗവാഹിനി. ഉപാംഗരാഗം. സാരീഗമാപാധാനിസാ, സാനീധാപാമാരിഗസാ എന്നു സ്വരക്രമം.

സൂ—രിഗ്രഹാംശാ സന്യാസാരോഹേ ഗനിഹീനാവരോഹേ നിഹീനാ രിവക്രാ ച കലാവതി. ഉപാംഗഃ. ൧൩൪

ഭാ—ഋഷഭം ഗ്രഹവും, അംശവുമായും ഷഡ്ജം ന്യാസമായും ആരോഹണത്തിൽ ഗാന്ധാരവും നിഷാദവുമില്ലാതെയും അവരോഹണത്തിൽ നിഷാദമില്ലാതെയും ഋഷഭം വക്രമായും ഇരിക്കുന്നതാണ് കലാവതി. ഉപാംഗരാഗം. രിമപധസാ, സാധപമഗസാരിസാ എന്നു സ്വരക്രമം.

സൂ—സഗ്രഹാംശന്യാസോ മഹീനോ മലയമാരുതഃ. ഉപാംഗഃ. ൧൩൫

ഭാ—ഗ്രഹവും അംശവും ന്യാസവും ഷഡ്ജം. ആരോഹണത്തിലും അവരോഹണത്തിലും മദ്ധ്യമമില്ല. ഇങ്ങനെയുള്ളതാണ് മലയമാരുതം. ഉപാംഗരാഗം. സാരിഗപധനിസാ, സാനിധപഗരിസാ എന്നു സ്വരക്രമം.

സൂ—സഗ്രഹാംശന്യാസാ പഹീനാ ഭുജംഗിനീ. ഉപാംഗഃ. ൧൩൬

ഇതി ഗീതഗണഃ.

ഭാ—ഷഡ്ജം ഗ്രഹവും. അംശവും ന്യാസവുമായും ആരോഹണത്തിലും അവരോഹണത്തിലും പഞ്ചമമില്ലാതെയും ഇരിക്കുന്നതാണ് ഭുജംഗിനി. ഉപാംഗരാഗം. സാരിഗമധനിസാ, സാനിധമഗരിസാ എന്നു സ്വരക്രമം.

ഇങ്ങനെ ഗീതമേളഗണം.

അഥ ഗാഥാഗണഃ.

സൂ—ഗാഥായാം സഗ്രഹന്യാസോ രിഗമന്യംശോ മാളവഗൌളഃ. രാഗാംഗഃ. ൧൩൧

ഭാ—ഗാഥാഗണത്തിൽ ഷഡ്ജം ഗ്രഹവും ന്യാസവുമായും ഋഷഭം, ഗാന്ധാരം, മദ്ധ്യമം, നിഷാദം ഇവ അംശങ്ങളായും ഇരിക്കുന്നതാണ് മാളവഗൌളം. രാഗാംഗരാഗം. സാരീഗാമാപധനീസാ, സാനീധപമാഗാരീസാ എന്നു സ്വരക്രമം.

സൂ—സഗ്രഹാംശന്യാസ ആരോഹേ ഗനിഹീനോവരോഹേ നിവക്രശ്ച സാരംഗനാടഃ. ഉപാംഗഃ. ൧൩൨

ഭാ—ഷഡ്ജം ഗ്രഹവും അംശവും ന്യാസവുമായും ആരോഹണത്തിൽ ഗാന്ധാരവും നിഷാദവുമില്ലാതെയും അവരോഹണത്തിൽ നിഷാദം വക്രമായും ഇരിക്കുന്നതാണ് സാരംഗനാടം. ഉപാംഗരാഗം. സാരിമപധസാ, സാനിസധപമഗരിസാ എന്നു സ്വരക്രമം. ഇതിന്നു സാലഗനാടമെന്നും പറയും.

സൂ—നിഗ്രഹസ്സാംശന്യാസ ആരോഹേ ഗഹീനോ നിവക്രോവരോഹേ രിവക്രശ്ച ഛായാഗൌളഃ. ഉപാംഗഃ. ൧൩൩

ഭാ—നിഷാദം ഗ്രഹമായും ഷഡ്ജം അംശവും ന്യാസവുമായും ആരോഹണത്തിൽ ഗാന്ധാരമില്ലാതെയും നിഷാദം വക്രമായും അവരോഹണത്തിൽ ഋഷഭം വക്രമായും ഇരിക്കുന്നതാണ് ഛായാഗൌളം. ഉപാംഗരാഗം. നീസാരിമപധസനീസാ, സാനീധപമഗസാരിസാ എന്നു സ്വരക്രമം.

സൂ—സഗ്രഹാംശന്യാസാരോഹേ രിഹീനാ ഗവക്രാ ച മംഗളകൈശികി. ഉപാംഗഃ. ൧൩൪

ഭാ—ഷഡ്ജം ഗ്രഹവും അംശവും ന്യാസവുമായും ആരോഹണത്തിൽ ഋഷഭമില്ലാതെയും ഗാന്ധാരം വക്രമായും ഇരിക്കുന്നതാണ് മംഗളകൈശികി. ഉപാംഗരാഗം. സാമഗമപധനിസാ, സാനിധപമഗരിസാ എന്നു സ്വരക്രമം. ആരോഹണത്തിലും ഋഷഭമുള്ളതായും ഗാന്ധാരമദ്ധ്യമങ്ങൾ വക്രങ്ങളായും സാരിഗമപമഗപധനിസാ, സാനിധപമഗരിസാ എന്ന ക്രമത്തിലും ആരോഹണത്തിൽ ഗാന്ധാരം വക്രമായും നിഷാദമില്ലാതെയും സാരിമഗപധസാ, സാനിധപമഗരിസാ എന്ന ക്രമത്തിലും വേറെ മംഗളകൈശികികളുമുണ്ട്.

സൂ—സഗ്രഹാംശന്യാസാ പധഹീനാവരോഹേ രിവക്രാ മേഘരഞ്ജനി. ഉപാംഗഃ. ൧൩൫

ഭാ—ഷഡ്ജം ഗ്രഹവും അംശവും ന്യാസവുമായും പഞ്ചമവും ധൈവതവുമില്ലാതെയും അവരോഹണത്തിൽ ഋഷഭം വക്രമായും ഇരിക്കുന്നതാണ് മേഘരഞ്ജനി. ഉപാംഗരാഗം. സാരിഗമനിസാ, സാനിമഗസാരിസാ എന്നു സ്വരക്രമം.

സൂ—സഗ്രഹാംശന്യാസാരോഹേ മനിഹീനാ മേചബൌളിഃ. ഉപാംഗഃ. ൧൩൬

ഭാ—ഷഡ്ജം ഗ്രഹവും അംശവും ന്യാസവുമായും ആരോഹണത്തിൽ മദ്ധ്യമവും നിഷാദവുമില്ലാതെയും ഇരിക്കുന്നതാണ് മേചബൌളി. ഉപാംഗരാഗം. സാരിഗപധസാ, സാനിധപമഗരിസാ എന്നു സ്വരക്രമം.

സൂ—സഗ്രഹന്യാസോ മാംശ ആരോഹേ രിപഹീനോവരോഹേ പഹീനോ രിവക്രശ്ച ടക്കഃ. ഉപാംഗഃ. ൫൪൩

ഭാ—ഗ്രഹവും ന്യാസവും ഷഡ്ജമായും അംശം മദ്ധ്യമമായും ആരോഹണത്തിൽ ഋഷഭവും പഞ്ചമവുമില്ലാതെയും അവരോഹണത്തിൽ പഞ്ചമമില്ലാതെയും ഋഷഭം വക്രമായും ഇരിക്കുന്നതാണ് ടക്കം. ഉപാംഗരാഗം. സാഗമാധനിസാ, സാനിധമാഗരിഗസാ എന്നു സ്വരക്രമം.

സൂ—സഗ്രഹാംശന്യാസ ആരോഹേ രിഹീനഃ പവക്രോവരോഹേ പരിവക്രശ്ച വീരടക്കഃ. ഉപാംഗഃ. ൫൪൪

ഭാ—ഷഡ്ജം ഗ്രഹവും അംശവും ന്യാസവുമായും ആരോഹണത്തിൽ ഋഷഭമില്ലാതെയും പഞ്ചമം വക്രമായും അവരോഹണത്തിൽ പഞ്ചമവും ഋഷഭവും വക്രമായും ഇരിക്കുന്നതാണ് വീരടക്കം. ഉപാംഗരാഗം. സാഗമപമധനിസാ, സാനിധമപമഗരിഗസാ എന്നു സ്വരക്രമം.

സൂ—സഗ്രഹന്യാസാ ഗമന്യംശാ നാദരാമക്രിയാ. ക്രിയാംഗഃ. ൫൪൫

ഭാ—ഷഡ്ജം ഗ്രഹവും ന്യാസവുമായും ഗാന്ധാരവും മദ്ധ്യമവും നിഷാദവും അംശങ്ങളായും ഇരിക്കുന്നതാണ് നാദരാമക്രിയ. ക്രിയാംഗരാഗം. സാരിഗാമാപധനിസാ, സാനീധപമാഗാരിസാ എന്നു സ്വരക്രമം. ഇതിന്നു നാഥനാമക്രിയ. നാഥരാമക്രിയ എന്നെല്ലാം പറയാറുണ്ട്.

സൂ—സഗ്രഹന്യാസാ രിധാംശാ ഗഹീനാ ധവക്രാ ച പാടി. ഉപാംഗഃ. ൫൪൬

ഭാ—ഷഡ്ജം ഗ്രഹവും ന്യാസവുമായും ഋഷഭവും ധൈവതവും അംശങ്ങളായും ഗാന്ധാരമില്ലാതെയും ധൈവതം വക്രമായും ഇരിക്കുന്നതാണ് പാടി. ഉപാംഗരാഗം. സാരീമപധാപനിസാ, സാനീപധാപമരീസാ എന്നു സ്വരക്രമം.

സൂ—രിഗ്രഹാ ഗാംശാ സന്യാസാ മനിഹീനാ രേവഗുപ്തിഃ. ഉപാംഗഃ. ൫൪൭

ഭാ—ഋഷഭം ഗ്രഹമായും ഗാന്ധാരം അംശമായും ഷഡ്ജം ന്യാസമായും മദ്ധ്യമവും നിഷാദവുമില്ലാതെയും ഇരിക്കുന്നതാണ് രേവഗുപ്തി. ഉപാംഗരാഗം. രീഗാപധസാരീ, സാധപഗാരീസാ എന്നു സ്വരക്രമം.

സൂ—സഗ്രഹന്യാസോ മാംശോ ഗപവക്രോ നിഹീനഃ കന്നടബംഗാളഃ. ഉപാംഗഃ. ൫൪൮

ഭാ—ഷഡ്ജം ഗ്രഹവും ന്യാസവുമായും മദ്ധ്യമം അംശമായും ഗാന്ധാരവും പഞ്ചമവും വക്രമായും നിഷാദമില്ലാതെയും ഇരിക്കുന്നതാണ് കന്നടബംഗാളം. ഉപാംഗരാഗം. സാരിമാഗമാധപധസാ, സാധപധമാഗമാരിസാ എന്നു സ്വരക്രമം.

സൂ—നിഗ്രഹസ്സാംശന്യാസോ ധഹീന ആരോഹേ ഗഹീനോവരോഹേ ഗവക്രോ ഗൌളഃ. ഉപാംഗഃ. ൫൪൯

ഭാ—നിഷാദം ഗ്രഹമായും ഷഡ്ജം അംശവും ന്യാസവുമായും ആരോഹണത്തിൽ ഗാന്ധാരഹീനമായും അവരോഹണത്തിൽ ഗാന്ധാരം വക്രമായും ധൈവതമില്ലാതെയും ഇരിക്കുന്നതാണ് ഗൌളം. ഉപാംഗരാഗം. നീസാരിമപനീസാ, സാനീപമഗമരീസാ എന്നു സ്വരക്രമം.

സൂ—സഗ്രഹാംശന്യാസാ പഹീനാ ലളിതാ. ഉപാംഗഃ. ൪൫൦

ഭാ—ഷഡ്ജം ഗ്രഹവും അംശവും ന്യാസവുമായും പഞ്ചമമില്ലാതെയും ഇരിക്കുന്നതാണ് ലളിത. ഉപാംഗരാഗം. സാരിഗമധനിസാ, സാനിധമഗരിസാ എന്നു സ്വരക്രമം.

സൂ—രിഗ്രഹാ ഗാംശാ സന്യാസാല്പമാ ഗുജ്ജരീ. ഉപാംഗഃ. ൪൫൧

ഭാ—ഋഷഭം ഗ്രഹമായും ഗാന്ധാരം അംശമായും ഷഡ്ജം ന്യാസമായും മധ്യമം അല്പപ്രയോഗമായും ഇരിക്കുന്നതാണ് ഗുജ്ജരി. രീഗാമപധനിസാരീ, സാനിധപമഗാരീസാ എന്നു സ്വരക്രമം.

സൂ—സഗ്രഹാംശന്യാസാവരോഹേ ധവക്രാ ഗുണ്ഡക്രിയാ. ക്രിയാംഗഃ. ൪൫൨

ഭാ—ഷഡ്ജം ഗ്രഹവും അംശവും ന്യാസവുമായും അവരോഹണത്തിൽ ധൈവതം വക്രമായും ഇരിക്കുന്നതാണ് ഗുണ്ഡക്രിയ. ക്രിയാംഗരാഗം. സാരിഗമപധനിസാ, സാനിപമധപമഗരിസാ എന്നു സ്വരക്രമം.

സൂ—സഗ്രഹാ ധാംശാ സന്യാസാ നിഹീനാരോഹേ ഗഹീനാ ച മലഹരി. ഉപാംഗഃ. ൪൫൩

ഭാ—ഷഡ്ജം ഗ്രഹവും ന്യാസവുമായും ധൈവതം അംശമായും നിഷാദമില്ലാതെയും ആരോഹണത്തിൽ ഗാന്ധാരവുമില്ലാതെയും ഇരിക്കുന്നതാണ് മലഹരി. ഉപാംഗരാഗം. സാരിമപധസാ, സാധാപമഗരിസാ എന്നു സ്വരക്രമം.

സൂ—സഗ്രഹാംശന്യാസാരോഹേ മനിഹീനാവരോഹേ മഹീനാ ബൌളിഃ. ഉപാംഗഃ. ൪൫൪

ഭാ—ഷഡ്ജം ഗ്രഹവും അംശവും ന്യാസവുമായും ആരോഹണത്തിൽ മധ്യമനിഷാദങ്ങളില്ലാതെയും അവരോഹണത്തിൽ മധ്യമമില്ലാതെയും ഇരിക്കുന്നതാണ് ബൌളി. ഉപാംഗരാഗം. സാരിഗപധസാ, സാനിധപഗരിസാ എന്നു സ്വരക്രമം.

സൂ—സഗ്രഹന്യാസാ ഗധാംശാ ചാന്ധ്രദേശീ. ഉപാംഗഃ. ൪൫൫

ഭാ—ഷഡ്ജം ഗ്രഹവും ന്യാസവുമായും ഗാന്ധാരവും ധൈവതവും അംശങ്ങളായും ഇരിക്കുന്നതാണ് ആന്ധ്രദേശി. ഉപാംഗരാഗം. സാരിഗാമപധാനിസാ, സാനിധാപമഗാരിസാ എന്നു സ്വരക്രമം.

സൂ—സഗ്രഹാംശന്യാസാ രിഗഹീനാ ദേവരഞ്ജനീ. ഉപാംഗഃ. ൪൫൬

ഭാ—ഷഡ്ജം ഗ്രഹവും അംശവും ന്യാസവുമായും ഋഷഭഗാന്ധാരങ്ങളില്ലാതെയും ഇരിക്കുന്നതാണ് ദേവരഞ്ജനി. ഉപാംഗരാഗം. സാമപധനിസാ, സാനിധപമസാ എന്നു സ്വരക്രമം.

സൂ—സഗ്രഹന്യാസം രിന്യംശം കദാചിദ്ദ്വികൃതധം ശുദ്ധനി ച സൌരാഷ്ട്രം. ഭാഷാംഗഃ. ൪൫൭

ഭാ—ഷഡ്ജം ഗ്രഹവും ന്യാസവുമായും ഋഷഭവും നിഷാദവും അംശങ്ങളായും ചില പ്പോഠം വികൃതധൈവതവും ശുദ്ധനിഷാദവും വരുന്നതായും ഇരിക്കുന്നതാണ് സൌരാഷ്ട്രം. ഭാഷാംഗരാഗം. സാരീഗമപധനീസാ, സാനീധപമഗരീസാ എന്നു സ്വരക്രമം.

സൂ—സഗ്രഹന്യാസാ ഗന്യംശാ പൂർവ്വി. ഭാഷാംഗഃ. ൨ദ്വ

ഭാ—ഷഡ്ജം ഗ്രഹവും ന്യാസവുമായും ഗാന്ധാരവും നിഷാദവും അംശങ്ങളായും ഇരിക്കുന്നതാണ് പൂർവ്വി. ഭാഷാംഗരാഗം. സാരീഗാമപധനീസാ, സാനീധപമഗാരിസാ എന്നു സ്വരക്രമം.

സൂ—സഗ്രഹന്യാസോ മന്യംശ ആരോഹേ ഗധഹിനോ ഗൌളബ ന്ധഃ. ഭാഷാംഗഃ. ൨ദൻ

ഭാ—ഷഡ്ജം ഗ്രഹവും ന്യാസവുമായും മദ്ധ്യമവും നിഷാദവും അംശങ്ങളായും ആ രോഹണത്തിൽ ഗാന്ധാരവും ധൈവതവുമില്ലാതെയും ഇരിക്കുന്നതാണ് ഗൌളപ്പന്ത്. ഭാ ഷാംഗരാഗം. സാരിമാപനീസാ, സാനീധപമാഗരിസാ എന്നു സ്വരക്രമം. ആരോഹണ ത്തിൽ ഗാന്ധാരധൈവതങ്ങഠം വക്രങ്ങളായി വരുമെന്നും ഒരു മതമുണ്ട്. ആ പക്ഷത്തിൽ സാരിഗരിമാപധനീസാ, സാനീധപമാഗരിസാ എന്നു സ്വരക്രമം.

സൂ—സഗ്രഹന്യാസോ മാംശ ആരോഹണേ രിഹീനോ മാരുവഃ. ഭാ ഷാംഗഃ. ൨ന്നാ

ഭാ—ഷഡ്ജം ഗ്രഹവും ന്യാസവുമായും മദ്ധ്യമം അംശമായും ആരോഹണത്തിൽ ഋ ഷഭമില്ലാതെയും ഇരിക്കുന്നതാണ് മാരുവം. ഭാഷാംഗരാഗം. സാഗമാപധനിസാ, സാനി ധപമാഗരിസാ എന്നു സ്വരക്രമം.

സൂ—സഗ്രഹന്യാസാ രിമധാംശാരോഹേ ഗനിഹീനാ സാവേരീ. ഭാ ഷാംഗഃ. ൨ന്നൂ

ഭാ—ഷഡ്ജം ഗ്രഹവും ന്യാസവുമായും ഋഷഭവും മദ്ധ്യമവും ധൈവതവും അംശങ്ങ ളായും ആരോഹണത്തിൽ ഗാന്ധാരവും നിഷാദവുമില്ലാതെയും ഇരിക്കുന്നതാണ് സാവേരി. ഭാഷാംഗരാഗം. സാരീമാപധാസാ, സാനിധാപമാഗരീസാ എന്നു സ്വരക്രമം.

സൂ—സഗ്രഹാംശന്യാസ ആരോഹേ ധഹീനോ മാളവപഞ്ചമഃ. ഭാ ഷാംഗഃ. കദാചിദാരോഹേപി ധൈവതോ ദൃശ്യതേ. ൨ന്നു

